# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### മൂന്നാം സമ്മേളനം

2021 ഒക്ടോബർ 13, ബുധൻ

സ്പീക്കർ

**ശ്രീ. എം. ബി. രാജേഷ്**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1468/2022

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ- ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി | : ശ്രീ. എം. വി. ഗോവിന്ദൻമാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി | : ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശു വികസനവകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ്ജ് |

# ഉള്ളടക്കം

*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...28

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...28

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...79

**II അടിയന്തരപ്രമേയം**

സിൽവർ ലൈൻ പദ്ധതി

- ഡോ. എം. കെ. മുനീർ

(അവതരണാനുമതി നിഷേധിച്ചു) ..394

**III ശ്രദ്ധ ക്ഷണിക്കൽ**

1. പ്ലാന്റേഷൻ കോർപ്പറേഷനിലെ തൊഴിലാളികൾക്ക് ആനുകൂല്യം

- ശ്രീ. ടി. പി. രാമകൃഷ്ണൻ ..417

2. പെട്രോളിയം ഉത്പന്നങ്ങളുടെ അമിതവില

- ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ..421

**IV സബ്മിഷൻ**

1. ലൈഫ് സർട്ടിഫിക്കറ്റ് അപ് ലോഡ് ചെയ്യൽ

- പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി.സതീശൻ) ..428

2. തൃപ്പാറ, മാത്തൂർ, ചിറ്റൂർകടവ് പാലം നിർമ്മാണം

- ശ്രീ. കെ. യു. ജനീഷ് കുമാർ ..430

3. ഇലക്ട്രിക് വാഹനങ്ങൾക്ക് സബ്സിഡി

- ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ..433

4. അൺ-എയ്ഡഡ് വിദ്യാലയങ്ങളിലെ ജീവനക്കാർക്ക് നിയമനിർമ്മാണം

- ശ്രീ. കെ. കെ. രാമചന്ദ്രൻ ..435

പേജ്


5. കുണ്ടുകടവ് പാലം

- ശ്രീ. പി. നന്ദകുമാർ ..437

6. തുരുത്തി പാലം

- ശ്രീമതി കെ. കെ. രമ ..438

7. പ്ലാമൂടി-ഊരംകുഴി റോഡ് നിർമ്മാണം

- ശ്രീ. ആന്റണി ജോൺ ..440

8. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

- ശ്രീ. അൻവർ സാദത്ത് ..441

9. ഇടമലക്കുടി, ചട്ടമൂന്നാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ

- ശ്രീ. എ. രാജ ..443

10. കൊണ്ടോട്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി

- ശ്രീ. ടി. വി. ഇബ്രാഹിം ..444

**V റിപ്പോർട്ട് സമർപ്പണം**

2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ്
ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ റിപ്പോർട്ട് ..447

**VI നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കാൻ അനുവാദം**

ശ്രീ. ഉമ്മൻ ചാണ്ടി, ഡോ. കെ.ടി. ജലീൽ എന്നിവർക്ക്
അനുമതി നൽകുന്നത് സംബന്ധിച്ച്. ..447

**VII നിയമനിർമ്മാണകാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2021-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ ..449

(ii) 2021-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി)ബിൽ ..449

*പേജ്*

**VIII ക്രമപ്രശ്നം**

(1) ബില്ലിന് അവതരണാനുമതി നൽകുന്നത് സംബന്ധിച്ച്

- ശ്രീ. യു. എ. ലത്തീഫ് ..449

(2) ബില്ലിന്റെ പരിഗണന മാറ്റിവയ്ക്കുന്നത് സംബന്ധിച്ച്

- ശ്രീ. എൻ. ഷംസുദ്ദീൻ ..450

**റൂളിംഗ്** ..454

**നിയമനിർമ്മാണകാര്യം (തുടർച്ച)** ..455

**IX ക്രമപ്രശ്നം**

ഓർഡിനൻസുകൾ നിയമമാക്കുന്നതിലെ കാലതാമസം

- ശ്രീ. രമേശ് ചെന്നിത്തല ..495

**റൂളിംഗ്** ..498

**നിയമനിർമ്മാണകാര്യം (തുടർച്ച)** ..499

**അനുബന്ധം** ..532

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### മൂന്നാം സമ്മേളനം

*2021 ഒക്ടോബർ 13, ബുധൻ*

വാല്യം 186] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 8

നിയമസഭ 2021 ഒക്ടോബർ മാസം 13-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹ്യ അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

<u>മി. സ്പീക്കർ</u>: ഓർഡർ...ഓർഡർ... ചോദ്യം നമ്പർ (*211)

### വന സംരക്ഷണത്തിന് നൂതന സാങ്കേതികവിദ്യ

1 (*211) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:</u>
<u>ശ്രീ. ടി. പി. രാമകൃഷ്ണൻ:</u>
<u>ശ്രീ. എ. രാജ:</u>
<u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനാശ്രിത സമൂഹത്തിന് പ്രതിസന്ധി സൃഷ്ടിക്കാത്ത രീതിയിലാണോ വന സംരക്ഷണത്തിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വനം സംരക്ഷണ സേനയുടെ ആധുനീകരണത്തിനും വനസംരക്ഷണത്തിന് നൂതന സാങ്കേതികവിദ്യാധിഷ്ഠിത മാർഗ്ഗങ്ങൾകൂടി പ്രയോജനപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ;

(സി) വനം സർവ്വേയ്ക്കും കാട്ടുതീയിൽനിന്നുള്ള സംരക്ഷണത്തിനും ഉപഗ്രഹാധിഷ്ഠിത വിദൂര സംവേദന സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ടുള്ള പ്രവർത്തനം നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ?

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, (എ) സംസ്ഥാനത്ത് വനാശ്രിത സമൂഹത്തിന് പ്രതിസന്ധി സൃഷ്ടിക്കാത്ത രീതിയിലാണ് വന സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നത്. 1988-ലെ കേന്ദ്ര വനനയത്തിന്റെ ഭാഗമായി കേരളത്തിൽ പങ്കാളിത്ത വനപരിപാലന പദ്ധതി (Participatory Forest Management) 1998 മുതൽ നടപ്പിലാക്കിവരുന്നു. തദ്ദേശീയരായ വനാശ്രിത സമൂഹത്തെക്കൂടി ഉൾപ്പെടുത്തി വനസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയെന്നതാണ് പങ്കാളിത്ത വനപരിപാലനത്തിന്റെ ഉദ്ദേശ്യ ലക്ഷ്യം. ഇതിന്റെ ഭാഗമായി ദേശീയ വനവൽക്കരണ പരിപാടി, ഗ്രീൻ ഇന്ത്യാ മിഷൻ പദ്ധതി, ദേശീയ ഔഷധസസ്യ ബോർഡിന്റെ പദ്ധതി എന്നിവയും ഇക്കോ-ടൂറിസം, ചെറുകിട വനവിഭവ ശേഖരണം, അവയുടെ മൂല്യവർദ്ധനവ്, വിപണനം മുതലായ പദ്ധതികളും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങളും വനാശ്രിത സമൂഹത്തെയുൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. ഇത്തരത്തിൽ ഏകദേശം അമ്പതിനായിരത്തോളം വനാശ്രിത കുടുംബങ്ങളെ വനവൽക്കരണ, വനസംരക്ഷണ പരിപാടികളിൽ പങ്കാളികളാക്കുകയും അതുവഴി അവരുടെ ജീവനോപാധി വർദ്ധനവിന് സാഹചര്യം ഒരുക്കുകയും ചെയ്യുന്നു.

(ബി) വനസംരക്ഷണത്തിന് നൂതന സങ്കേതികവിദ്യയിലധിഷ്ഠിതമായ മാർഗ്ഗങ്ങൾ സാമ്പത്തികവും പ്രായോഗികവുമായ പരിമിതികൾക്കുള്ളിൽനിന്ന് പ്രയോജനപ്പെടുത്തിവരുന്നുണ്ട്. ആയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന മാർഗ്ഗങ്ങളാണ് നിലവിൽ ഉപയോഗപ്പെടുത്തിവരുന്നത്. വിവരസാങ്കേതിക വിദ്യാധിഷ്ഠിതമായി HAWK (Hostile Activity Watching Kernel) എന്നൊരു ഓൺലൈൻ മൊഡ്യൂൾ വികസിപ്പിച്ചുവരുന്നു. ഈ സംവിധാനത്തിൽ പൊതുജനങ്ങളുടെ സഹകരണത്തോടുകൂടി വനം കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനും കുറ്റകൃത്യങ്ങൾ, സ്ഥിരം കുറ്റവാളികൾ എന്നിവയെ സംബന്ധിച്ച ഡേറ്റ ബേസും ലഭ്യമാകുന്നതാണ്. 'സർപ്പ' എന്ന പേരിൽ ഒരു ആൻഡ്രോയ്ഡ് മൊബൈൽ ആപ്പ് നിലവിൽ ലഭ്യമാക്കിയിട്ടുണ്ട്. പാമ്പുകളെ കണ്ടാൽ ആ വിവരം ടി മൊബൈൽ ആപ്പിലൂടെ പൊതുജനങ്ങൾക്ക് റിപ്പോർട്ട് ചെയ്യാവുന്നതാണ്. കൂടാതെ ഓരോ സ്ഥലത്തേയും ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ വിവരങ്ങളും ലഭ്യമാകുന്നതാണ്. പാമ്പിന്റെ ശല്യമുള്ള പ്രദേശത്ത് പാമ്പ് പിടിക്കുന്നതിന് പരിശീലനം ലഭിച്ച ആളുകളുടെ വിവരങ്ങളും ഈ ആപ്പ് മുഖേന പൊതുജനങ്ങൾക്ക് ലഭിക്കുന്നതാണ്. ഐ.ടി. മിഷന്റെ സഹായത്തോടെ

ലഭ്യമാക്കിയിട്ടുള്ള ജിയോ പോർട്ടൽ എന്ന സംവിധാനം, Geographic Information System ഉപയോഗപ്പെടുത്തി വനം വകുപ്പ് തയ്യാറാക്കിയിട്ടുള്ള ഭൂപടങ്ങൾ വനസംരക്ഷണത്തിനായി വനം സംരക്ഷണ വിഭാഗം ജീവനക്കാർക്ക് ലഭ്യമാക്കിയിട്ടുണ്ട്. കാട്ടുതീ പ്രതിരോധത്തിനും, കഞ്ചാവ് കൃഷി, വനം കയ്യേറ്റങ്ങൾ എന്നിവ യഥാസമയം കണ്ടെത്തുന്നതിനും ഡ്രോൺ ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷമുള്ള പ്രദേശങ്ങളിലും ഡ്രോൺ ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നുണ്ട്. കാട്ടുതീ യഥാസമയം കണ്ടെത്തുന്നതിനും പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനും ഉപഗ്രഹ സഹായത്തോടെ പ്രവർത്തിക്കുന്ന ഫോറസ്റ്റ് ഫയർ അലർട്ട് സിസ്റ്റം ഫോറസ്റ്റ് സർവ്വേ ഓഫ് ഇൻഡ്യ വികസിപ്പിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുള്ളതാണ്. ഈ സംവിധാനം കേരള വനം വകുപ്പും ഫലപ്രദമായി ഉപയോഗിച്ചുവരുന്നുണ്ട്.

(സി) കേരളത്തിലെ വനഭൂമിയുടെ അതിരുകൾ സർവ്വേ ചെയ്ത് ഡിജിറ്റൽ രൂപത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കാട്ടുതീ യഥാസമയം കണ്ടെത്തുന്നതിനും പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനും ഉപഗ്രഹ സഹായത്തോടെ പ്രവർത്തിക്കുന്ന ഫോറസ്റ്റ് ഫയർ അലർട്ട് സിസ്റ്റം ഫോറസ്റ്റ് സർവ്വേ ഓഫ് ഇൻഡ്യ വികസിപ്പിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ഈ സംവിധാനം കേരള വനം വകുപ്പും ഫലപ്രദമായി ഉപയോഗിച്ചുവരുന്നുണ്ട്. കൂടാതെ, വനം കുറ്റകൃത്യങ്ങളുടെ വിവര ശേഖരണത്തിനും അവയുടെ ഡേറ്റ ബേസിനായും HAWK (Hostile Activity Watching Kernel) എന്നൊരു ഓൺലൈൻ മൊഡ്യൂൾ ഉപയോഗിക്കൽ, ജി.പി.എസ്. സാങ്കേതികവിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന M-stripe സോഫ്റ്റ്‌വെയർ ഉപയോഗിച്ച് വനം-വന്യജീവി സംരക്ഷണ പ്രവൃത്തികൾ നടത്തൽ, പരിശീലനം ലഭിച്ച പാമ്പ് പിടുത്തക്കാരുടെ സേവനം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി സർപ്പ എന്ന ആൻഡ്രോയിഡ് മൊബൈൽ ആപ്പ് വഴി നടപടികൾ സ്വീകരിക്കൽ, ഐ.ടി മിഷൻ ലഭ്യമാക്കിയിട്ടുള്ള Geo Portal എന്ന സംവിധാനം, GIS എന്നീ സാങ്കേതിക വിദ്യകളുടെ സഹായത്തോടെ വികസിപ്പിച്ചെടുത്ത ഭൂപടങ്ങൾ ഉപയോഗിച്ച് വനസംരക്ഷണം കാര്യക്ഷമമാക്കൽ തുടങ്ങിയവ വഴി വനം വകുപ്പിന്റെ സേവനം കൂടുതൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി വിദൂര സംവേദന സാങ്കേതികവിദ്യ നിലവിൽ ഉപയോഗിച്ചുവരുന്നുണ്ട്.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, പുതിയ പദ്ധതികളുമായി മുന്നോട്ടുപോകുന്ന വനംവകുപ്പിനെ അഭിനന്ദിക്കുന്നു. 2006-ലെ വനാവകാശ നിയമത്തെക്കുറിച്ച് വ്യക്തമാക്കാമോ; ഈ നിയമപ്രകാരം എത്ര വ്യക്തിഗത അവകാശ രേഖകൾ, സാമൂഹികാവകാശ രേഖകൾ, വികസനാവകാശ രേഖകൾ സംസ്ഥാനത്ത് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, വിശദമായി ഉത്തരം ലഭ്യമാക്കേണ്ട ചോദ്യമാണ്. അത് പ്രത്യേകം പരിശോധിച്ചാലേ മറുപടി പറയാൻ സാധിക്കുകയുള്ളൂ.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, നിർത്തലാക്കിയ വടക്കാഞ്ചേരി മണ്ഡലത്തിലെ അകമല ഫോറസ്റ്റ് സ്റ്റേഷന്റെ പ്രവർത്തനം പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാമോ; വാഴാനിയുൾപ്പെടെ വനം വകുപ്പിന്റെ അധീനതയിലുള്ള അണക്കെട്ടുകളിൽ ഇന്ത്യൻ മേജർ കാർപ്പ് ഇനത്തിൽപ്പെട്ട മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുള്ള അനുമതി പുനഃസ്ഥാപിക്കാമോ? നിരോധനത്തിന്റെ ഭാഗമായി ഗിരിവർഗ്ഗക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും ഉപജീവനം വളരെ പ്രയാസത്തിലായിരിക്കുകയാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, നിർത്തലാക്കിയ ഫോറസ്റ്റ് സ്റ്റേഷനുകൾ പുനഃസ്ഥാപിക്കാമോ എന്നതാണ് അദ്ദേഹത്തിന്റെ ചോദ്യം. നിർത്തലാക്കിയ ഫോറസ്റ്റ് സ്റ്റേഷനുകൾ പുനഃസംഘടിപ്പിച്ച് ഒരെണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടുതൽ വർദ്ധിപ്പിക്കുന്ന ഘട്ടത്തിൽ, അത് അനിവാര്യമാണെങ്കിൽ അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്. രണ്ടാമത്തേത് മത്സ്യക്കുഞ്ഞുങ്ങളുമായി ബന്ധപ്പെട്ട ഉത്തരവിന്റെ കാര്യമാണ്. അത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, കാട്ടുതീ തടയുന്നതിനും മനുഷ്യ-വന്യജീവി സംഘർഷം തടയുന്നതിനും വനം വകുപ്പിൽ ഇപ്പോൾ നടപ്പിലാക്കിവരുന്ന സാങ്കേതികവിദ്യകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഏതെങ്കിലും വനമേഖലയിൽ കാട്ടുതീ ഉണ്ടാകുകയാണെങ്കിൽ ആയത് ഉപഗ്രഹത്തിന്റെ സഹായത്തോടെ കണ്ടെത്തി ബന്ധപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് വിവരം ലഭിക്കത്തക്കവിധം ഡെറാഡൂൺ ആസ്ഥാനമായി ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ ഒരുക്കിയിട്ടുള്ള ഫോറസ്റ്റ് ഫയർ അലർട്ട് സംവിധാനം ഉപയോഗപ്പെടുത്തിവരുന്നുണ്ട്. ഇതിലേയ്ക്കായി സംസ്ഥാനത്തെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും വൈൽഡ് ലൈഫ് വാർഡന്മാരും റേഞ്ച് ഫോറസ്റ്റ് ഓഫീസർമാരും ഫോറസ്റ്റ് സ്റ്റേഷന്റെ ചാർജ്ജുള്ള ഡെപ്യൂട്ടി ഫോറസ്റ്റ് റേഞ്ച് ഓഫീസർമാരും സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരും ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരും പേര് രജിസ്റ്റർ ചെയ്ത് പ്രസ്തുത സംവിധാനം ഉപയോഗപ്പെടുത്തിവരുന്നു. ഈ സംവിധാനത്തിൽ പൊതുജനങ്ങൾക്കും രജിസ്റ്റർ ചെയ്യാവുന്നതാണ്. അപ്രകാരം പൊതുജനങ്ങളും വനംവകുപ്പ് ജീവനക്കാരുമുൾപ്പെടെ കേരളത്തിൽനിന്നും 5054 പേർ നാളിതുവരെ ഈ സംവിധാനത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എഫ്.എസ്.ഐ. മുഖാന്തിരം ലഭിക്കുന്ന കാട്ടുതീ സാധ്യതകൾ അലർട്ടുകളിൽ ഭീതിയുണ്ടാക്കുന്നപക്ഷം അവയുടെ അലർട്ടുകളും അതത് ഡിവിഷൻ കൺട്രോൾ റൂമിൽ അറിയിച്ച് കാട്ടുതീ ഫലപ്രദമായി നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അഗ്നി

പ്രതിരോധ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനായി സംസ്ഥാന തലത്തിൽ വനം വകുപ്പ് ആസ്ഥാനത്ത് ഒരു Fire Monitoring Cell 2016 മുതൽ പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമേ ഫോറസ്റ്റ് സ്റ്റേഷൻ, ഫോറസ്റ്റ് സെക്ഷൻ, റേഞ്ച് ഡിവിഷൻ, സർക്കിൾ തലങ്ങളിൽ ഫയർ കൺട്രോൾ റൂമുകളും അടിയന്തര സാഹചര്യങ്ങൾ നേരിടാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നേതൃത്വത്തിൽ ക്രൈസിസ് മാനേജ്മെന്റ് ടീമും പ്രവർത്തിച്ചുവരുന്നു. ജനുവരി മുതൽ മെയ് വരെയുള്ള ഫയർ സീസണിൽ 24 മണിക്കൂറും ഫയർ കൺട്രോൾ റൂം പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

<u>ശ്രീ. എ. രാജ:</u> സർ, ഞാൻ പ്രതിനിധാനം ചെയ്യുന്ന ദേവികുളം മണ്ഡലത്തിൽ മാത്രമായി വന്യമൃഗാക്രമണത്തിൽ നാളിതുവരെ 39 ജീവനുകളാണ് നഷ്ടപ്പെട്ടിട്ടുള്ളത്. വന്യമൃഗാക്രമണം ഫലപ്രദമായി തടയുന്നതിനുവേണ്ടി വനം വകുപ്പിൽ ഉപയോഗിച്ചുവരുന്ന സാങ്കേതികവിദ്യകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ:</u> സർ, മനുഷ്യ-വന്യജീവി സംഘർഷം പലപ്പോഴായി സഭ ചർച്ച ചെയ്തിട്ടുള്ളതാണ്. ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന നടപടികൾ നേരത്തെ വ്യക്തമാക്കിയിട്ടുണ്ട്. വനാതിർത്തികൾ സംരക്ഷിക്കുന്നതിനായി വന്യമൃഗങ്ങൾ കടന്നുവരാതിരിക്കത്തക്ക വിധത്തിലുള്ള സുരക്ഷാ ക്രമീകരണം ഏർപ്പെടുത്തേണ്ടതുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ അദ്ദേഹത്തിന്റെ മണ്ഡലം സ്ഥിതി ചെയ്യുന്ന വനമേഖലകളിലും ഇത്തരത്തിലുള്ള ഫെൻസിംഗ്, ആനമതിൽ, സോളാർ ഫെൻസിംഗ്, ഹാങിംഗ് ഫെൻസ് തുടങ്ങിയ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. പക്ഷെ കഴിഞ്ഞ കുറെ ദിവസമായി നമ്മൾ ചർച്ച ചെയ്യുന്നതുപോലെ അത് തികച്ചും അപര്യാപ്തമാണ്. അത് വർദ്ധിപ്പിക്കാനുള്ള നടപടികൾ സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച് സ്വീകരിക്കുന്നതാണ്.

<u>ശ്രീ. ജി. സ്റ്റീഫൻ:</u> സർ, വനത്തെയും വനാശ്രിതരെയും വന്യ ജീവജാലങ്ങളെയും ശാസ്ത്രീയമായി സംരക്ഷിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുമെന്ന് സംസ്ഥാനതല വന്യജീവി വാരാഘോഷ സമാപനത്തിന്റെ ഭാഗമായി ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രി പ്രഖ്യാപിച്ചത് ഏറെ പ്രതീക്ഷ നൽകുന്ന കാര്യമാണ്. കാടിനുള്ളിൽ വന്യജീവികളെ വേട്ടയാടൽ, മരം മുറിക്കുന്നതുപോലുള്ള അനധികൃത പ്രവർത്തനങ്ങൾ തുടങ്ങിയവ നടക്കുമ്പോഴുണ്ടാകാൻ സാധ്യതയുള്ള ശബ്ദ വ്യതിയാനങ്ങൾ തിരിച്ചറിയുന്നതിന് നിശ്ചിത സ്ഥലങ്ങളിൽ സ്മാർട്ട് സെൻസറുകൾ സ്ഥാപിക്കുന്നതിനും അതിലൂടെ കാടിനുള്ളിൽ നടക്കുന്ന അനധികൃത പ്രവർത്തനങ്ങൾ തടയുന്നതിനും കഴിയുന്ന രീതിയിൽ സാങ്കേതികവിദ്യ നടപ്പിലാക്കുന്ന കാര്യം സർക്കാർ ആലോചിച്ചിട്ടുണ്ടോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇതൊരു ശരിയായ നിലപാടാണ്. ശാസ്ത്രീയമായ രീതികൾ സ്വീകരിച്ചുകൊണ്ടുമാത്രമേ നമുക്കിപ്പോൾ വനാതിർത്തികളിലെ കർഷകർ നേരിടുന്ന പ്രതിസന്ധിയിൽനിന്നും അവരെയും വന്യമൃഗങ്ങളെയും ഒരുപോലെ സംരക്ഷിക്കാൻ സാധിക്കുകയുള്ളൂ. അതിന്റെ സാധ്യതകളാണ് ഇപ്പോൾ ആരാഞ്ഞുകൊണ്ടിരിക്കുന്നത്. അത് ഫലപ്രദമായി നടപ്പിലാക്കുന്ന വിധത്തിൽ പ്രയോജനപ്പെടുത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, വന്യമൃഗ സംഘർഷം തടയുന്നതുമായി ബന്ധപ്പെട്ട് VSS (Vana Samrakshana Samithi) എന്ന പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇന്ന് പല മേഖലകളിലും VSS പ്രവർത്തനരഹിതമാണ്. മാത്രമല്ല, ഫോറസ്റ്റ് ഉദ്യോഗസ്ഥരും ജനങ്ങളുമായി സംഘർഷമുണ്ടാകുന്നത് വന്യമൃഗങ്ങൾ കൃഷിയിടങ്ങളിലേയ്ക്ക് ഇറങ്ങുമ്പോഴാണ്. ഫോറസ്റ്റ് ഉദ്യോഗസ്ഥരും ജനങ്ങളും യോജിച്ച് പ്രവർത്തിക്കേണ്ട ഒരു സമിതിയാണ് VSS. ആ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമായി നടപ്പാക്കുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, VSS-കളുടെ പ്രവർത്തനം ഫലപ്രദമായാൽ ഇത്തരത്തിലുള്ള സംഘർഷങ്ങൾ ഒഴിവാക്കാൻ കഴിയുമെന്ന് കേരളം തെളിയിച്ചുകൊണ്ടിരിക്കുകയാണ്. കാസർഗോഡ് ജില്ലയിൽ വനാതിർത്തിയുമായി ചേർന്ന പ്രദേശങ്ങളിലെ ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും അവിടത്തെ സന്നദ്ധ സംഘടനകളുമെല്ലാം ചേർന്ന് VSS-നെ ശക്തിപ്പെടുത്തി ഫലപ്രദമായ രൂപത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. അതിനുള്ള നിർദ്ദേശം ഇതിനകം തന്നെ ബന്ധപ്പെട്ട ഫോറസ്റ്റ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായം തദ്ദേശസ്വയംഭരണ വകുപ്പിന്റെ ചുമതലയുള്ള മന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. സംയുക്തമായി അത്തരം കാര്യങ്ങൾ ചെയ്യുന്നതിലൂടെ വളരെ നല്ല നിലയിൽ ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കർണ്ണാടക വനാതിർത്തി കടന്ന് ഒരു കൂട്ടം ആനകൾ കാസർഗോഡ് ജില്ലയുടെ വിവിധ ഗ്രാമങ്ങളിൽ വന്ന് എല്ലാം തകർത്ത് വലിയ നഷ്ടം വരുത്തിയിരിക്കുകയാണെന്ന് മന്ത്രിക്ക് നന്നായിട്ടറിയാം. കുറേ തവണ ഇക്കാര്യം ചർച്ച ചെയ്തുവെങ്കിലും അതിന് ശാശ്വതമായ പരിഹാരം അടുത്തെങ്ങും നടക്കാൻ പോകുന്നില്ല. ഇതിനൊരു ചെറിയ പരിഹാരമെന്ന നിലയിൽ ഒരു ഫോറസ്റ്റ് സ്റ്റേഷൻ കാസർഗോഡ് ജില്ലയിൽ അനുവദിക്കണം. നമ്മുടെ സംസ്ഥാനത്ത് ഫോറസ്റ്റ് സ്റ്റേഷൻ ഇല്ലാത്ത ഏക ജില്ല കാസർഗോഡാണ്. മാത്രമല്ല ഒരു അത്യാഹിതം നടന്നാൽ അവിടെയെത്താൻ ഫോറസ്റ്റ്

ഉദ്യോഗസ്ഥർക്ക് വാഹനവുമില്ല. അതുകൊണ്ട് അടിയന്തരമായി കാസർഗോഡ് ജില്ലയിൽ ഒരു ഫോറസ്റ്റ് സ്റ്റേഷൻ അനുവദിക്കുമോയെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കാനുള്ളത്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, പ്രശ്നമുണ്ടാകുന്ന സ്ഥലങ്ങളിലേയ്ക്ക് എത്താൻ ഫോറസ്റ്റ് ഉദ്യോഗസ്ഥർക്ക് വാഹന സൗകര്യം പരിമിതമാണ്. ആയത് ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. വാഹനങ്ങൾ കൊടുക്കുന്ന കാര്യത്തിൽ വളരെ പെട്ടെന്നുതന്നെ ശരിയായ തീരുമാനമെടുക്കാൻ കഴിയുമെന്നാണ് ഞാൻ വിചാരിക്കുന്നത്. ഫോറസ്റ്റ് സ്റ്റേഷൻ സംബന്ധിച്ച പ്രൊപ്പോസൽ ധന വകുപ്പിന്റെ പരിഗണനയിലാണ്. ഇപ്പോൾ അത് പരിഗണിക്കാൻ നിവൃത്തിയില്ല; ആയത് മാറ്റിവയ്ക്കണമെന്നാണ് അവിടെ നിന്ന് കിട്ടിയിട്ടുള്ള നിർദ്ദേശം. തീർച്ചയായും അത് ഇന്നല്ലെങ്കിൽ അടുത്ത ദിവസം ലഭിക്കുമെന്ന് തന്നെയാണ് എന്റെ പ്രതീക്ഷ. ആ സമയത്ത് ഒന്നാമത്തെ പരിഗണന ഫോറസ്റ്റ് സ്റ്റേഷനില്ലാത്ത കാസർഗോഡ് ജില്ലയ്ക്ക് നൽകുന്നതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, മണ്ണാർക്കാട് താലൂക്കിലുള്ള വന്യജീവി ആക്രമണത്തിന്റെ രൂക്ഷത ഞാൻ ഈ സഭയെയും അങ്ങയെയും ബോദ്ധ്യപ്പെടുത്തിയിട്ടുള്ളതാണ്. മണ്ണാർക്കാട് ഡി.എഫ്.ഒ.യുടെ പരിധിയിൽ വന്യജീവി ആക്രമണത്തിലുണ്ടായ ആൾനാശത്തിനും കൃഷിനാശത്തിനുമുള്ള നഷ്ടപരിഹാരമായി ഒന്നരക്കോടി രൂപ കൊടുക്കാനുണ്ട്. പല തവണ അത് സി.സി.എഫ്.-ന് എഴുതിയിട്ടും 2019 വരെയുള്ള നഷ്ടപരിഹാര സംഖ്യ ഇതുവരെ അയച്ചുകൊടുത്തിട്ടില്ലാത്തതുകൊണ്ട് ആളുകൾക്ക് കൊടുക്കാൻ കഴിയുന്നില്ല. തെങ്ങിനും വാഴയ്ക്കുമൊക്കെ വളരെ തുച്ഛമായ നഷ്ടപരിഹാരമാണ് നൽകുന്നത്. ആ സംഖ്യയെങ്കിലും യഥാവിധി കൊടുക്കണം. ആൾക്കാർ മരിച്ച കേസിൽ 10 ലക്ഷം രൂപയാണ് കൊടുക്കേണ്ടത്. ഇതിലൊക്കെ വലിയ വീഴ്ചയുണ്ട്. മണ്ണാർക്കാട് ഡി.എഫ്.ഒ. പരിധിയിലെ കുടിശ്ശികയായ ഒന്നരക്കോടി രൂപ പെട്ടെന്ന് കൊടുത്തുതീർക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, മണ്ണാർക്കാട് മേഖലയിലും കേരളത്തിന്റെ വിവിധ ജില്ലകളിലെ റേഞ്ചുകളിലും ഇത്തരത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരം നൽകുന്ന കാര്യത്തിൽ ചെറിയൊരു പോരായ്മ സംഭവിച്ചിട്ടുണ്ട്. ആ പോരായ്മ പരിഹരിക്കുന്നതിനുള്ള പ്രധാന ഘടകം ഞാൻ പലപ്പോഴായി സഭയിൽ അറിയിച്ചിട്ടുള്ളതുപോലെ സാമ്പത്തിക പരിമിതിയാണ്. പുതിയ വർഷത്തിൽ കുറേക്കൂടി പരിഗണന നൽകുന്നതിനാവശ്യമായ ഒരു പ്രൊപ്പോസൽ വനം വകുപ്പിന്റെ ഭാഗത്തുനിന്നും ബന്ധപ്പെട്ടവർക്ക് സമർപ്പിക്കുന്നതാണ്. ഏറ്റവും കൂടുതൽ പഴക്കമുള്ള കേസുകൾ സമയബന്ധിതമായി തീർക്കാനുള്ള നടപടികളും ആലോചിച്ചുവരികയാണ്.

ശ്രീ. പി. എസ്. സുപാൽ: സർ, ആദിവാസി സമൂഹമാണ് വനത്തിന്റെ യഥാർത്ഥ അവകാശികൾ. വന സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റവും നന്നായി സംഘടിപ്പിക്കാൻ കഴിയുന്നത് അവർക്കാണ്. VSS-ന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് അങ്ങ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. വന സംരക്ഷണ പ്രവർത്തനങ്ങൾ ശക്തമാക്കാനും വനമേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും VSS-ന്റെ പ്രവർത്തനങ്ങൾമൂലം കഴിയും. പലയിടത്തും VSS-ന്റെ പ്രവർത്തനങ്ങൾ ഫലപ്രദമായി നടക്കുന്നില്ല. ഇത് പ്രത്യേകമായെടുത്ത് വനസംരക്ഷണ പ്രവർത്തനങ്ങൾ ശക്തമായി നടത്താനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും VSS-കളെ ശക്തമാക്കാനുമാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. വന മേഖലയെയാണ് ഞാനും പ്രതിനിധീകരിക്കുന്നത്. ധാരാളം അംഗങ്ങൾ ഈ കാര്യങ്ങളെ സംബന്ധിച്ച് ഗൗരവമായ വിഷയങ്ങൾ ഉന്നയിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ഒരു മാസത്തിനിടയിൽ പത്ത് തവണയാണ് വന്യജീവി സംഘർഷം ആ മേഖലയിലുണ്ടായത്. കാട്ടുതീ തടയുന്നതിനും അതുപോലെതന്നെ മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനും നമുക്ക് വിപുലമായ പ്രവർത്തന പരിപാടി ആവിഷ്കരിച്ചേ മതിയാകൂ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആ കാര്യത്തിൽ മുൻകയ്യെടുക്കുന്നത് വളരെ സന്തോഷകരമായ കാര്യമാണ്. ഫണ്ടിന്റെയും ജീവനക്കാരുടെയും കുറവുണ്ട്. ഇത്തരത്തിലുള്ള ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനും ആധുനിക സംവിധാനം ഉൾപ്പെടെ ഏർപ്പെടുത്തിക്കൊണ്ട് വനസംരക്ഷണ പ്രവർത്തനങ്ങളും അതോടൊപ്പംതന്നെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനുമാവശ്യമായിട്ടുള്ള നടപടികളും സ്വീകരിക്കുന്നതിന് അങ്ങ് മുൻകയ്യെടുക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, തീർച്ചയായും. ഇപ്പോൾ വനമേഖല നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കൂടുതൽ ശാസ്ത്രീയവും ഫലപ്രദവുമായ കർമ്മപദ്ധതികൾ ആവിഷ്കരിച്ചേ മതിയാകൂ എന്ന കാര്യത്തിൽ ആർക്കും സംശയമില്ല. ആ തരത്തിലുള്ള നടപടികളുമായി സംസ്ഥാനം മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. വനസംരക്ഷണ സമിതികളുടെയും ബന്ധപ്പെട്ട ഫോറസ്റ്റ് ഉദ്യോഗസ്ഥരുടെയും യോഗങ്ങൾ അതാത് സ്ഥലത്തെ എം.എൽ.എ.-മാർ വിളിച്ചുകൂട്ടി ചർച്ച ചെയ്യാൻ വനാതിർത്തിയിലെ എം.എൽ.എ.-മാരോട് പ്രത്യേകം അഭ്യർത്ഥിക്കുകയാണ്. അതിലൂടെ വനസംരക്ഷണ സേനയെ ശക്തിപ്പെടുത്താൻ കഴിയും. ശാസ്ത്രീയമായ കാര്യങ്ങൾ വരാൻ കാത്തുനിൽക്കാതെ വന സംരക്ഷണ സേനയെ ശക്തിപ്പെടുത്തി ജനകീയ പങ്കാളിത്തത്തോടും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടുംകൂടി കാര്യങ്ങൾ

നിർവ്വഹിക്കുന്നതിന് മുൻകയ്യെടുത്താൽ കുറേയേറെ ആശ്വാസം ലഭിക്കും. അതാണ് ഞാൻ നേരത്തെ കാസർഗോഡ് ജില്ലയിലെ കാര്യത്തിലും പറഞ്ഞത്. ജില്ലാ പഞ്ചായത്തുൾപ്പെടെ ആ കാര്യത്തിൽ വലിയ താൽപ്പര്യം കാണിക്കുന്നുണ്ട്. അതുകൊണ്ട് ദയവായി ബഹുമാനപ്പെട്ട എം.എൽ.എ.മാർക്ക് യോഗം വിളിച്ചുകൂട്ടാവുന്നതാണ്. അത്തരം യോഗങ്ങളിൽ സംബന്ധിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതാണ്.

ശ്രീ. പി. ടി. തോമസ്: സർ, വനാശ്രിത സമൂഹത്തിന്റെ പലതരത്തിലുള്ള പ്രശ്നങ്ങളാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചത്. ഉദാഹരണത്തിന് ആനയിറങ്കൽ ഡാമിൽ വെള്ളം കുടിക്കാൻ വരുന്ന ആനകളുടെ കാര്യം. ബഹുമാനപ്പെട്ട മന്ത്രിക്കും അറിയാവുന്ന വിഷയമാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം ചോദ്യം ചുരുക്കി ചോദിച്ചാൽ മറ്റംഗങ്ങൾക്കുകൂടി അവസരം ലഭിക്കും.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ ശ്രീ. സുപാൽ എടുത്തതുപോലെ സമയമെടുക്കില്ല. ആനയിറങ്കൽ ഡാമിൽ വെള്ളം കുടിക്കാൻ വരുന്ന ആനകളുടെ ആക്രമണത്തെത്തുടർന്ന് നിരവധിപേർ മരണപ്പെട്ടിട്ടുണ്ട്. കാട്ടുമൃഗങ്ങളും മനുഷ്യരും തമ്മിലുള്ള സംഘർഷത്തെത്തുടർന്നുള്ള നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് തയ്യാറാകുമോ; കുരുമുളകും മറ്റ് വസ്തുക്കളുമൊക്കെ കയറ്റുമതി ചെയ്യുന്ന പോയിന്റിൽ ഒരു സെസ് ഏർപ്പെടുത്തിയാൽ ഈ കൃഷിക്കാരെ മുഴുവൻ സൗജന്യമായി ഇൻഷ്വർ ചെയ്യാനും കോമ്പൻസേഷൻ നൽകാനും സാധിക്കും. അതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇക്കാര്യത്തിൽ സർക്കാരിന്റെ പ്രത്യേക ഇൻഷ്വറൻസ് പദ്ധതി ആവശ്യമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. ആവശ്യമാണെങ്കിൽ അത് പരിശോധിക്കാം. ഇപ്പോൾ വിള ഇൻഷ്വറൻസ് പദ്ധതി നമ്മുടെ സംസ്ഥാനത്തുണ്ട്. ആ പദ്ധതിയിൽ കർഷകരെ ചേർക്കുന്നതിനാവശ്യമായ ഒരു ക്യാമ്പയിൻ അത്യാവശ്യമായി വന്നിട്ടുണ്ട്. നിലവിലുള്ള ഇൻഷ്വറൻസ് സ്കീമിനെ ശക്തിപ്പെടുത്തി മുന്നോട്ടുകൊണ്ടുപോകുകയാണ് വേണ്ടത്. പല തരത്തിലുള്ള ഇൻഷ്വറൻസ് പല രീതിയിൽ ജനങ്ങളുടെ മുമ്പാകെ അവതരിപ്പിക്കുന്നതിനേക്കാൾ ഉള്ള സംവിധാനം ശക്തിപ്പെടുത്തി അതിന്റെ പ്രയോജനം ജനങ്ങൾക്ക് ലഭ്യമാക്കുന്ന വിധത്തിലുള്ള ഒരു ക്യാമ്പയിൻ ആവശ്യമുണ്ട്. ഈ ചോദ്യം ആ ക്യാമ്പയിന്റെ ഭാഗമായി ഞാൻ കരുതുകയാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ അതത് പ്രദേശത്തെ പ്രശ്നങ്ങളിൽ ബഹുമാനപ്പെട്ട എം.എൽ.എ.-മാർ ശക്തമായി ഇടപെട്ടാൽ ഇക്കാര്യങ്ങൾക്ക് ഫലപ്രദമായി പരിഹാരം കാണാൻ സാധിക്കും.

ശ്രീമതി കെ. ശാന്തകുമാരി: സർ, കോങ്ങാട് നിയോജക മണ്ഡലത്തിലെ തച്ചമ്പാറ, കാഞ്ഞിരപ്പുഴ പഞ്ചായത്തുകളിലും പൂഞ്ചോല, അച്ചിലട്ടി തുടങ്ങിയ ആദിവാസി കോളനികൾക്കകത്തും കൈവശരേഖ ലഭ്യമായിട്ടുള്ള ആദിവാസി വിഭാഗക്കാർ കൃഷി ചെയ്തുവരുന്ന ചെറുമരങ്ങളും അടയ്ക്ക, വാഴ തുടങ്ങിയ പലതരം വിളകളും വനം വകുപ്പും മറ്റ് ഉദ്യോഗസ്ഥരും നശിപ്പിക്കുന്നതുമൂലം പലപ്പോഴും ആദിവാസി സമൂഹവും വനം വകുപ്പ് ഉദ്യോഗസ്ഥരും തമ്മിൽ സംഘർഷങ്ങളുണ്ടാകാൻ ഇടയാക്കുന്നതായി അടുത്ത കാലത്ത് വിവരങ്ങൾ ലഭിച്ചിട്ടുണ്ട്. എന്റെ ചോദ്യം, വനാതിർത്തിയിലുള്ള പ്രദേശങ്ങളിൽ ആദിവാസി സമൂഹത്തിന് സ്വൈര്യമായി ജീവിക്കാനുതകുന്ന വിധത്തിൽ വനം വകുപ്പ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും രമ്യമായ സമീപനമുണ്ടാകുന്നതിന് ഗവൺമെന്റ് നിർദ്ദേശം നൽകുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, വനം വകുപ്പ് മാത്രമല്ല, എല്ലാ വകുപ്പുകളിലെയും ഓരോ ഉദ്യോഗസ്ഥനും അവരവരുടെ പ്രവർത്തന മേഖലകളിൽ ജനങ്ങളെയും ജനങ്ങളുടെ ആവശ്യങ്ങളെയും മുന്നിൽ കണ്ടുകൊണ്ടുവേണം അത്തരം പ്രശ്നങ്ങളെ സമീപിക്കേണ്ടതെന്നാണ് സംസ്ഥാന ഗവൺമെന്റിന്റെ നിലപാട്. ആ നിലപാട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പലപ്പോഴായി ജനങ്ങളെ അറിയിച്ചിട്ടുള്ളതാണ്. അത്തരത്തിൽ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കാൻ മുൻകയ്യെടുക്കാൻ കഴിയുന്നത് അതത് സ്ഥലത്തെ ജനപ്രതിനിധികൾക്കാണ്. എം.എൽ.എ.മാരെന്ന നിലയിൽ അതിന് മുൻകയ്യെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വനത്തിൽനിന്നും ആനയിറങ്ങുന്നതിന്റെ പ്രധാന കാരണം അതിന് അവിടെ ജീവിക്കാൻ നിവൃത്തിയില്ലാത്തതിനാലാണ്. ആനയിറങ്കൽ ഡാമിനെക്കുറിച്ച് സൂചിപ്പിച്ചതിനാൽ അക്കാര്യം ഞാനിവിടെ ആവർത്തിക്കുന്നില്ല. കൂടാതെ അംഗങ്ങൾ ചോദ്യങ്ങൾ ചുരുക്കണമെന്ന ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗുമുണ്ട്. ആനയിറങ്ങുന്ന ആനത്താരയിൽ വീടുവച്ചത് നമ്മളാണ്. അത് ആന തകർക്കുന്നു. ആന താഴോട്ടുവരുന്നത് തിടമ്പെടുക്കുന്നതിനുള്ള സൗകര്യത്തിനല്ല. കാട്ടിൽ അതിന് ജീവിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടാണ്. മൃഗങ്ങൾക്ക് കാട്ടിനകത്ത് ജീവിക്കത്തക്ക വിധത്തിൽ അവയെ അവിടെത്തന്നെ നിലനിർത്തുന്നതിനുള്ള ആധുനിക സംവിധാനത്തെക്കുറിച്ച് ഇനിയെങ്കിലും ആലോചിക്കണം. അങ്ങനെ ചെയ്താൽ ജനവാസ മേഖലയിലേയ്ക്കുള്ള വന്യമൃഗങ്ങളുടെ ഒഴുക്ക് നിലയ്ക്കുകയും വന്യമൃഗങ്ങളെ വനത്തിനുള്ളിൽ നിലനിർത്താൻ സാധിക്കുകയും ചെയ്യുന്നതാണ്. ജനങ്ങൾക്ക് സംരക്ഷണം ലഭിക്കുകയും ചെയ്യും. ആയതിനുള്ള നടപടി സ്വീകരിക്കണം. ഫയർലൈൻ ക്ലിയറാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണം. എങ്കിൽ മാത്രമേ കാട്ടുതീ തടയാൻ സാധിക്കുകയുള്ളൂ.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, എന്നെക്കാൾ കൂടുതൽ കാലം വനം വകുപ്പിന്റെ ചുമതല നിർവ്വഹിച്ച അംഗമാണ് ചോദ്യകർത്താവ്. അക്കാലത്ത് തുടങ്ങിവച്ച പരിപാടികൾ തുടർച്ചയായി ശക്തിപ്പെടുത്തുകയാണ്. അതിനപ്പുറമുള്ള ശാസ്ത്രീയ മാർഗ്ഗങ്ങൾ നിർദ്ദേശിക്കാമെങ്കിൽ അത് പരിശോധിക്കാം.

ശ്രീ. ഇ. കെ. വിജയൻ: സർ, ജനങ്ങൾ വലിയ ആശങ്കയിലാണ്. വന്യജീവി ആക്രമണങ്ങൾമൂലം മരണംവരെ സംഭവിച്ച ഈ സാഹചര്യത്തിൽ വനത്തിനോടുചേർന്ന സ്ഥലങ്ങളിൽ താമസിക്കുന്ന, അവിടെ കൃഷിയിടങ്ങളുള്ളവർ വലിയ പ്രയാസത്തിലാണ്. അവിടെ ആറ് ആനകൾ നിത്യസന്ദർശകരായി നിൽക്കുകയാണ്. ആധുനിക സംവിധാനത്തിലൂടെ ആനയുടെ പ്രവേശനം അറിയുന്നതിനും അടിയന്തരമായി വനം വകുപ്പ് ഉദ്യോഗസ്ഥരെ അവിടെ എത്തിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുമുള്ള വഴികൾ കണ്ടെത്തിയിട്ടുണ്ടോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇപ്പോൾ സ്വീകരിച്ച പുതിയ നടപടിയുടെ ഭാഗമായി ആനകളുടെ ദേഹത്ത് ചിപ്പുകൾ ഘടിപ്പിച്ച് അവയുടെ സഞ്ചാരവും സഞ്ചാരമേഖലയും മനസ്സിലാക്കാനും അതിന്റെ അടിസ്ഥാനത്തിൽ മുന്നറിയിപ്പ് നൽകാനും സാധിക്കും. അത്തരത്തിൽ മുന്നറിയിപ്പ് നൽകി പ്രാദേശികമായ സംരക്ഷണ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഈ ശാസ്ത്രീയതയാണ് നിലവിൽ ഉപയോഗിച്ചിട്ടുള്ളത്. അത് എല്ലാ മേഖലകളിലേയ്ക്കും അടിയന്തരമായി വ്യാപിപ്പിക്കുന്നതാണ്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, മുട്ടിൽ മരംമുറിയുമായി ബന്ധപ്പെട്ട് സ്പെഷ്യൽ ടീം അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണല്ലോ? സർവ്വീസിൽ നിന്നും മാറ്റിനിർത്തണമെന്ന് ഈ സ്പെഷ്യൽ ടീം നിർദ്ദേശിച്ച ഉദ്യോഗസ്ഥർ ഇപ്പോഴും സർവ്വീസിൽ തുടരുകയാണ്. അടിമാലിയിൽ സർക്കാരിന്റെ മരം മുറിച്ചുകൊണ്ടുപോയ കേസിൽ, പി.ഡി.പി.പി. ആക്ട് ഉൾപ്പെടെയുള്ള കേസുകളിൽ പ്രതിയായ റേഞ്ച് ഓഫീസറെ അടിമാലിയിൽനിന്നും പത്തനംതിട്ടയിലേയ്ക്ക് സ്ഥലം മാറ്റി. അതുപോലെ റവന്യൂ ഉദ്യോഗസ്ഥരും തുടരുകയാണ്.

മി. സ്പീക്കർ: ചോദ്യം ചുരുക്കി ചോദിക്കണം.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ റിപ്പോർട്ട് കണ്ടുകാണുമെന്ന് തോന്നുന്നു. എന്തുകൊണ്ടാണ് മരം മുറി കേസ്സിൽ പ്രതികളായവർ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം നിർദ്ദേശിച്ചിട്ടും സർവ്വീസിൽ തുടരുന്നതെന്ന കാര്യം വ്യക്തമാക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ പരിശോധന പൂർത്തിയാക്കിയിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. പരിശോധന പൂർത്തിയാക്കുന്നതിനുമുമ്പ് തത്സമയ റിപ്പോർട്ടുകൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കൈമാറാറുണ്ടോ ഇല്ലയോയെന്ന് എനിക്ക് അറിയില്ല. ഇത്തരത്തിൽ പരാമർശിക്കപ്പെട്ട ഉദ്യോഗസ്ഥരെ സ്ഥലം മാറ്റുകയെന്ന പ്രാഥമിക നടപടിയാണ് ഇപ്പോൾ സ്വീകരിച്ചത്. അടുത്ത ഘട്ടത്തിലാണ് ശിക്ഷാ നടപടികൾ സ്വീകരിക്കുന്നത്. കുറ്റവാളികളെ ആരെയും സംരക്ഷിക്കാൻ ഗവൺമെന്റ് ശ്രമിക്കുകയില്ല. കുറ്റം ചെയ്തവർ ശിക്ഷിക്കപ്പെടുകതന്നെ ചെയ്യും.

ശ്രീ. ലിന്റോ ജോസഫ്: സർ, രണ്ട് ജില്ലാ വനാതിർത്തികൾ തമ്മിലുള്ള തർക്കം അടിയന്തരമായി പരിഹരിക്കേണ്ടതാണ്. എന്റെ മണ്ഡലത്തിൽ നിലമ്പൂർ ഫോറസ്റ്റ് റേഞ്ചും താമരശ്ശേരി ഫോറസ്റ്റ് റേഞ്ചും തമ്മിൽ തർക്കം നിലനിൽക്കുന്നുണ്ട്. ഇത് വന സംരക്ഷണ സമിതിയും ഫോറസ്റ്റ് ഉദ്യോഗസ്ഥരും തമ്മിലുള്ള ചെറിയ തർക്കങ്ങൾക്ക് ഇടയാക്കുന്നു. ഇത്തരം വിഷയങ്ങളിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, രണ്ട് റേഞ്ചുകളുടെ അതിർത്തികൾ തമ്മിലുള്ള തർക്കമാണെങ്കിൽ ഡി.എഫ്.ഒ.-യുടെയും ബഹുമാനപ്പെട്ട എം.എൽ.എ.യുടെയും നേതൃത്വത്തിൽ ഒരു ആലോചനായോഗം വിളിച്ചുകൂട്ടാവുന്നതും അവിടെവച്ച് ഇക്കാര്യം ചർച്ചചെയ്ത് പരിഹരിക്കാവുന്നതുമാണ്. അത്തരത്തിലുള്ള നിർദ്ദേശം ഇവിടെനിന്നും നൽകേണ്ടതുണ്ടെങ്കിൽ തീർച്ചയായും അത് നൽകുന്നതാണ്.

## എല്ലാ വീടുകളിലും ശുദ്ധജലം ലഭ്യമാക്കുന്നതിന് പുതിയ പദ്ധതികൾ

2 (*212) ശ്രീ. കെ. എം. സച്ചിൻദേവ് :
ശ്രീ. കെ.ഡി. പ്രസേനൻ :
ശ്രീ. വി. കെ. പ്രശാന്ത് :
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് എല്ലാ വീടുകളിലും ശുദ്ധജലം ലഭ്യമാക്കുന്ന തരത്തിൽ പുതിയ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ശുദ്ധജല വിതരണവുമായി ബന്ധപ്പെട്ട് നിലവിലുള്ള പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ശുദ്ധീകരണശാലകളില്ലാത്ത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളിൽ വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനും ഉറപ്പുവരുത്തുന്നതിനും ശുദ്ധീകരണശാലകൾ സ്ഥാപിക്കുന്നതിനും വികസിത രാജ്യങ്ങളിലേതിന് സമാനമായ നൂതന മാർഗ്ഗങ്ങൾ നടപ്പാക്കുന്നതിനും പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, (എ) 2024-ഓടുകൂടി സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും കുടിവെള്ള കണക്ഷൻ ലഭ്യമാക്കി ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിന് ലക്ഷ്യമിട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി ജല ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. എല്ലാ കുടുംബങ്ങൾക്കും കൃത്യമായ അളവിൽ കൃത്യമായ ഗുണനിലവാരമുള്ള ജലം ഉചിതമായ സമയങ്ങളിൽ ലഭ്യമാക്കുകയെന്നതാണ് പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. കേരളത്തിൽ ആകെയുള്ള 70 ലക്ഷം ഗ്രാമീണ ഭവനങ്ങളിൽ 1-4-2020 വരെ 17.5 ലക്ഷം കുടുംബങ്ങളിലാണ് ടാപ്പുവഴി കുടിവെള്ളം ലഭ്യമാക്കിയിരുന്നത്. 2020-21-ൽ 4 ലക്ഷവും 2021-22-ൽ (11-10-2021 വരെ) 4 ലക്ഷം കുടിവെള്ള കണക്ഷനുകൾ ജലജീവൻ മിഷൻ പദ്ധതിവഴി നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ള കുടുംബങ്ങൾക്കുകൂടി കുടിവെള്ള കണക്ഷൻ നൽകി 2024-ഓടെ 100% ഗ്രാമീണ ഭവനങ്ങൾക്കും കുടിവെള്ളം ഉറപ്പാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതുസംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു. കേന്ദ്ര സർക്കാർ 2020-21 ബഡ്ജറ്റിൽ നഗരമേഖലയിലെ കുടുംബങ്ങൾക്കും ശുദ്ധജലം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ അർബൻ ജലജീവൻ മിഷൻ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൂടി നടപ്പാക്കുന്നതോടെ 2024-ഓടെ ഗ്രാമീണ മേഖലയിലെയും 2026-ഓടെ നഗരമേഖലയിലെയും മുഴുവൻ കുടുംബങ്ങൾക്കും കുടിവെള്ളം ലഭ്യമാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) കുടിവെള്ള പദ്ധതികളുടെ നിർവ്വഹണത്തിന്റെ വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ നടത്തി പ്രവർത്തന പുരോഗതി വിലയിരുത്തുകയും പദ്ധതി പ്രവർത്തനങ്ങൾ നേരിടുന്ന തടസ്സങ്ങൾ വിശകലനം ചെയ്യുകയും ചെയ്യുന്നുണ്ട്. പൈപ്പ് ഇടുന്നതിനായുള്ള റോഡ് കട്ടിംഗിനായി പൊതുമരാമത്ത് വകുപ്പിന്റെ അനുമതി ലഭിക്കുന്നതിനും റെയിൽവേ ലൈൻ ക്രോസിംഗിന് റെയിൽവേയിൽനിന്ന് അനുമതി ലഭിക്കുന്നതിനും നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനും നേരിടുന്ന ബുദ്ധിമുട്ടുകളാണ് പദ്ധതി നിർവ്വഹണത്തിലെ പ്രധാന തടസ്സങ്ങൾ. ആയത് പരിഹരിക്കുന്നതിന് പ്രോജക്ട് മാനേജ്മെന്റ്

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

യൂണിറ്റുകൾ മുഖാന്തരം നടപടികൾ സ്വീകരിച്ചുവരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഏകോപനത്തിന് ജനപ്രതിനിധികളുടെ സഹായം തേടാറുണ്ട്. കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രതിവാര പുരോഗതി സംബന്ധിച്ചുള്ള വിവരങ്ങൾ "പാസ്ക് (PASK)" എന്ന സോഫ്റ്റ്‌വെയർ സംവിധാനത്തിൽ രേഖപ്പെടുത്തി വെബ്സൈറ്റിൽ അപ്ഡേറ്റ് ചെയ്യുന്നു. മുൻഗണനാ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള ജൽജീവൻ പദ്ധതിയുടെ തുടക്കം മുതൽ പ്രതിവാര പുരോഗതി എല്ലാ ശനിയാഴ്ചയും വൈകിട്ട് വെബ്സൈറ്റിൽ അപ്ഡേറ്റ് ചെയ്യുന്നുണ്ട്. പദ്ധതി പുരോഗതി കേന്ദ്ര സർക്കാരിന്റെയും കേരള വാട്ടർ അതോറിറ്റിയുടെയും വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുകവഴി പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും പദ്ധതി പുരോഗതി സ്വയം അവലോകനം ചെയ്യാൻ സാധിക്കുന്നതാണ്.

(സി) ശുദ്ധീകരിക്കാത്തതോ കുടിക്കാൻ യോഗ്യമല്ലാത്തതോ ആയ ജലം കേരള വാട്ടർ അതോറിറ്റി മുഖാന്തരം ലഭ്യമാക്കുന്നില്ല. സംസ്ഥാനത്ത് വിതരണം നടത്തുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുകയും ശുദ്ധവും സുരക്ഷിതവുമായ ജലമാണ് പൊതുജനങ്ങൾക്ക് എത്തുന്നതെന്ന് ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന് കീഴിൽ സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടും 14 ജില്ലാ ലാബുകളും 32 സബ് ജില്ലാ ലാബുകളും പ്രവർത്തിച്ചുവരുന്നു. സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടിനും 8 ജില്ലാ ലാബുകൾക്കും NABL അക്രെഡിറ്റേഷൻ ലഭ്യമായിട്ടുണ്ട്. 2021-22-ൽ പുതിയ 38 സബ് ജില്ലാ ലാബുകൾക്ക് അനുമതി നൽകുകയും NABL അക്രഡിറ്റേഷനുവേണ്ട നടപടികൾ സ്വീകരിച്ചുവരികയുമാണ്. ആലുവ, നെട്ടൂർ ശുദ്ധീകരണശാലയിൽ Internet of Things (IoT) അടിസ്ഥാനമാക്കിയുള്ള "തത്സമയ ഗുണനിലവാര നിരീക്ഷണ സംവിധാനം" ഏർപ്പെടുത്തുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. ശുദ്ധീകരണശാലകൾ ഇല്ലാത്ത ചെറുകിട പദ്ധതികളിൽ ഇൻഫിൽട്രേഷൻ ഗ്യാലറിവഴി ശുദ്ധീകരിക്കുന്ന കുടിവെള്ളം അണുവിമുക്തമാക്കി ക്ലോറിന്റെ സാന്നിദ്ധ്യം നിശ്ചിത അളവിൽ ഉറപ്പാക്കിയാണ് വിതരണം ചെയ്യുന്നത്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള എല്ലാ മാർഗ്ഗങ്ങളും നടപ്പാക്കിവരുന്നു.

ശ്രീ. കെ. എം. സച്ചിൻ ദേവ്: സർ, ജൽജീവൻ മിഷൻ പദ്ധതിയിൽ മൊത്തം പ്രോജക്ട് കോസ്റ്റിന്റെ 15 ശതമാനം ഗ്രാമപഞ്ചായത്തുകൾ വഹിക്കണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്. ഇത്തരം സാഹചര്യത്തിൽ തനത് ഫണ്ട് കുറഞ്ഞ ഗ്രാമപഞ്ചായത്തുകൾക്ക് അത് വഹിക്കാൻ കഴിയാത്ത സാഹചര്യമുണ്ടായാൽ അത്തരം പഞ്ചായത്തുകളെ സഹായിക്കുന്നതിനുള്ള പ്രത്യേക നടപടി സർക്കാർ സ്വീകരിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ജൽജീവൻ മിഷൻ പദ്ധതി നടപ്പിലാക്കേണ്ടത് സംസ്ഥാനത്തിന്റെ പൊതുതാൽപ്പര്യമാണ്. അതിന് എല്ലാവരുടെയും സഹകരണമാണ് പ്രധാനമായും വേണ്ടത്. ഏകദേശം 75 ശതമാനം തുക കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളും 15 ശതമാനം തുക ത്രിതല പഞ്ചായത്തുകളും 10 ശതമാനം തുക ഗുണഭോക്തൃവിഹിതവുമായാണ് നിലവിൽ നിശ്ചയിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെയുള്ള ചില സാങ്കേതിക ബുദ്ധിമുട്ടുകൾ പലഭാഗത്തുനിന്നും ഉയർന്നുവരുന്നുണ്ട്. അതെല്ലാം പരിശോധനാ വിധേയമാക്കേണ്ട കാര്യങ്ങളായതിനാൽ അതിനെപ്പറ്റി കൂടിയാലോചിക്കാം. എന്തായാലും ആ സ്കീം നടപ്പിലാക്കുന്നതിന് എല്ലാ പഞ്ചായത്തുകളും അനുമതി കൊടുക്കുകയും എത്രയും വേഗം ആ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ എല്ലാ സഹായവും എല്ലാവരുടെയും ഭാഗത്തുനിന്നുമുണ്ടാകേണ്ടതും അനിവാര്യമാണ്. 2024 ആകുമ്പോഴേയ്ക്കും എല്ലാ വീടുകളിലും വെള്ളമെത്തിക്കുകയെന്ന ലക്ഷ്യം സഫലീകരിക്കുന്നതിന് കൂട്ടായ പരിശ്രമമുണ്ടാകണം. ഒരു പഞ്ചായത്ത് മാത്രം വിചാരിച്ചാൽ എല്ലാ വീടുകളിലും 100 ശതമാനം പണംമുടക്കി മൈക്രോ പ്രോജക്ട് കൊണ്ടുവന്ന് കുടിവെള്ളം എത്തിക്കുകയെന്നത് അസാധ്യമായ കാര്യമാണ്. ഈ പദ്ധതി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിന് കാര്യമായ സഹകരണം ഉറപ്പുവരുത്തുകയാണ് ആദ്യഘട്ടത്തിൽ ചെയ്യേണ്ടത്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് മുന്നോട്ടുപോകുമ്പോൾ എന്തൊക്കെയാണ് ചെയ്യേണ്ടതെന്നുള്ളതിനെപ്പറ്റി ആ ഘട്ടത്തിൽ ആലോചിക്കാവുന്നതാണ്.

ശ്രീ. കെ. എം. സച്ചിൻ ദേവ്: സർ, ശുദ്ധജലം ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾക്കായി സംസ്ഥാന പ്ലാൻ ഫണ്ട് കൂടാത മറ്റ് ഏതൊക്കെ സാമ്പത്തിക സ്രോതസ്സുകൾ സർക്കാർ ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, സംസ്ഥാനത്ത് പ്ലാൻ ഫണ്ട് കൂടാതെ നബാർഡ്, 'അമൃത്' കുടിവെള്ള പദ്ധതി, ജൽജീവൻ മിഷൻ തുടങ്ങിയവ വഴി വിവിധ സ്കീമുകൾ നടപ്പിലാക്കിവരുന്നുണ്ട്. അതെല്ലാം വിവിധ ഘട്ടങ്ങളിലാണ്. ജൽജീവൻ മിഷൻ പദ്ധതിയുമായി കൂട്ടിച്ചേർത്തും നിലവിലുള്ള മറ്റ് ചില ഏജൻസികളെക്കൂടി പരിഗണിച്ചുകൊണ്ടുമാണ് 70 ലക്ഷം ഗ്രാമീണ കുടുംബങ്ങളിലും ശുദ്ധജലം എത്തിക്കുന്നതിനുവേണ്ട പദ്ധതി നടപ്പിലാക്കി വരുന്നത്. അതും ഉൾപ്പെടെയാണ് 2024 ആകുമ്പോൾ പൂർണ്ണമായും ശുദ്ധജലമെത്തിക്കുന്നതിനുള്ള പദ്ധതികൾ പൂർത്തീകരിക്കാൻ സാധിക്കുന്നത്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, കുടിവെള്ളത്തിനായി ആശ്രയിക്കുന്ന ഡാമുകളിലെ ജലസംഭരണശേഷി വർദ്ധിപ്പിക്കാതെ നിരവധി പഞ്ചായത്തുകളിലേയ്ക്ക് ഒറ്റയടിക്ക് ജലവിതരണം പ്രഖ്യാപിച്ച് പൈപ്പ് ലൈൻ സ്ഥാപിച്ചാൽ ഭാവിയിൽ അത് വലിയ പ്രതിസന്ധിക്ക് കാരണമാകുമെന്ന്

കരുതുകയാണ്. എന്റെ തൊട്ടടുത്ത മണ്ഡലമായ നെന്മാറ മണ്ഡലത്തിലെ പോത്തുണ്ടി ഡാമിനെ ആശ്രയിച്ച് പത്ത് പഞ്ചായത്തുകളിലേയ്ക്ക് ജൽജീവൻ മിഷൻ പദ്ധതിയുടെ പൈപ്പിടൽ ജോലികൾ നടക്കുന്നുണ്ട്. ഈ ഡാം ഇറിഗേഷനുവേണ്ടി ഉപയോഗിക്കുന്നതായതിനാൽ കൃഷിക്കാർക്ക് ആശങ്കയുണ്ട്. ഇത്തരം പ്രശ്നങ്ങൾ വരുമ്പോൾ ജനങ്ങളെയും തദ്ദേശഭരണ സ്ഥാപനങ്ങളെയുമെല്ലാം വിശ്വാസത്തിലെടുത്ത് അവരെ ബോദ്ധ്യപ്പെടുത്താൻ പ്രാദേശികമായ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, വളരെ പ്രധാനപ്പെട്ട കാര്യമാണ് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത്. ഈ കാര്യത്തിൽ ആദ്യം വേണ്ടത് ബോധവൽക്കരണമാണ്. ഡാമുകളുടെ ഇന്നത്തെ ജലവിതാന സാധ്യതകളും അവിടെനിന്നും ഇറിഗേഷനും കുടിവെള്ള ആവശ്യത്തിനും എത്ര എം.എൽ.ഡി. വെള്ളം വീതം വേണ്ടിവരുമെന്നതെല്ലാം വിലയിരുത്തിക്കൊണ്ടാണ് ഈ പദ്ധതി വിഭാവന ചെയ്യുന്നത്. പക്ഷെ തെറ്റിദ്ധാരണയുണ്ടാക്കുന്നതിനുള്ള ധാരാളം ശ്രമങ്ങൾ നടക്കുന്നുണ്ട്. ഏതൊരു പദ്ധതിയേയും കണ്ണടച്ച് എതിർക്കുന്നൊരു വിഭാഗമുണ്ട്. ശുദ്ധജല വിതരണം നല്ല നിലയിൽ നടത്തുന്നതിന് ഇപ്പോൾ സൂചിപ്പിച്ചതുപോലെ ഡാമുകളിൽ ജലത്തിന്റെ ലഭ്യതക്കുറവുണ്ടോ; ആവശ്യത്തിന് സോഴ്സുണ്ടോ എന്നെല്ലാം വളരെ കൃത്യമായി എഞ്ചിനീയറിംഗ് വിഭാഗം പരിശോധിച്ചതിനു ശേഷമാണ് പദ്ധതി വിഭാവന ചെയ്യുന്നത്. അതിനാവശ്യമായത്രയും അനുബന്ധ സൗകര്യങ്ങൾകൂടിയുണ്ടെങ്കിൽ മാത്രമേ ആ സ്കീം നടപ്പാക്കാൻ സാധിക്കുകയുള്ളൂ. അത്തരം തെറ്റിദ്ധാരണകൾ വന്നിട്ടുണ്ടെങ്കിൽ അത് മാറ്റുന്നതിനാവശ്യമായ നടപടികളാണ് വേണ്ടത്. എവിടെയെങ്കിലും അത്തരം തർക്കങ്ങളുണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട മെമ്പറും ബന്ധപ്പെട്ട ജനപ്രതിനിധി കളുമുൾപ്പെടെയുള്ളവർ ഒരുമിച്ച് ചേരുകയും നാടിന്റെ പൊതുവിഷയമെന്ന നിലയിൽ അതിന്റെ ഗൗരവം മനസ്സിലാക്കി പരിഹാരമാർഗ്ഗം കണ്ടെത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതുമാണ്. അതിന് ഗവൺമെന്റ് എല്ലാവിധ സഹായങ്ങളും ചെയ്യുന്നതായിരിക്കും.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന്റെ ഭാഗമായാണ് അരുവിക്കരയിൽ 75 എം.എൽ.ഡി. കപ്പാസിറ്റിയുള്ള പ്ലാന്റിന്റെ പണി പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചത്. അതിന് അങ്ങയെ പ്രത്യേകം അഭിനന്ദിക്കുകയാണ്. എന്നാൽ നഗരത്തിന്റെ പല ഭാഗങ്ങളിലും ഇപ്പോഴും കുടിവെള്ള പ്രശ്നം നേരിടുന്നുണ്ട്. പല പ്രദേശങ്ങളിലും പ്രത്യേകിച്ച് ഉയർന്ന പ്രദേശങ്ങളിൽ ഇടവിട്ടുള്ള ദിവസങ്ങളിലാണ് കുടിവെള്ളമെത്തുന്നത്. ഇത് പരിഹരിക്കുന്നതിന് ശാശ്വതമായ ഒരു നടപടി അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടാകുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ബഹുമാനപ്പെട്ട അംഗം കോർപ്പറേഷൻ മേയറായിരുന്നതിനാൽ തിരുവനന്തപുരം നഗരത്തെപ്പറ്റി നല്ല ബോദ്ധ്യമുള്ള ആളാണ്. തിരുവനന്തപുരം നഗരത്തിൽ നല്ല രീതിയിൽ ശുദ്ധജല വിതരണം ഉറപ്പാക്കേണ്ടതുണ്ട്. അതിന് നല്ല പദ്ധതികൾ ആവശ്യമാണ്. ഇപ്പോൾ സൂചിപ്പിച്ചത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. നിലവിൽ വെള്ളമെത്തിക്കാൻ കഴിയുന്ന സ്ഥലങ്ങളിൽപ്പോലും നല്ല രീതിയിൽ ജലവിതരണം നടത്താൻ കഴിയുന്നില്ലെന്നുള്ളതാണ് പ്രധാനമായും ഉയർന്നുവരുന്ന പ്രശ്നം. അതിനാൽ ഇവിടെ ശുദ്ധജലവിതരണം നടത്തുന്നതിനായി നല്ല കുടിവെള്ള പദ്ധതികൾകൂടി തയ്യാറാക്കേണ്ടതായിട്ടുണ്ട്. നെയ്യാറിൽനിന്നും വെള്ളംകൊണ്ടുവന്ന് തിരുവനന്തപുരം നഗരത്തിലെ ശുദ്ധജല ലഭ്യത ഉറപ്പുവരുത്താൻ ഒരു പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി അതിന്റെ ടെണ്ടർ നടപടികളിലേയ്ക്ക് പ്രവേശിക്കുകയാണ്. ഗവൺമെന്റ് അത്തരം കാര്യങ്ങളിൽ കാര്യമായി ഇടപെടും. ജൽജീവൻ മിഷൻ അർബൻ മേഖലകളിൽ എത്തിച്ചേരാത്ത സാഹചര്യത്തിൽ തിരുവനന്തപുരം പോലെ ഏറ്റവും പ്രധാനപ്പെട്ട സിറ്റിയിൽ ശുദ്ധജലവിതരണം പൂർണ്ണമാക്കുന്നതിനാവശ്യമായ മറ്റ് ചില പദ്ധതികളും ആസൂത്രണം ചെയ്തുകൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത്. നിലവിലുള്ള ടാങ്കുകളുടെ ജലനിരപ്പ് ഉയർത്തിയാൽ അംഗം പറഞ്ഞ പ്രശ്നങ്ങൾക്ക് കുറച്ചൊക്കെ പരിഹാരം കണ്ടെത്താൻ സാധിക്കും. അതിന്റെ സാധ്യതകളെക്കുറിച്ച് മനസ്സിലാക്കി, നിലവിലുള്ള ടാങ്കുകളുടെ ജലനിരപ്പ് ഉയർത്തിക്കൊണ്ട്, ഇപ്പോൾ ജലവിതരണം നടന്നുകൊണ്ടിരിക്കുന്ന മേഖലകളിൽ വെള്ളം ലഭിക്കുന്നതിന് തടസ്സമുണ്ടായിട്ടുണ്ടെങ്കിൽ അത് മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതാണ്.

ശ്രീ. പി. പി. സുമോദ്: സർ, കിണറുകളിൽനിന്നുള്ള കുടിവെള്ളം പരിശോധിക്കുന്നതിനുള്ള സംവിധാനം സർക്കാർ തലത്തിൽ ഇപ്പോൾ എവിടെയെല്ലാമുണ്ടെന്ന് അറിയിക്കുമോ; എല്ലാ നിയോജകമണ്ഡലങ്ങളും കേന്ദ്രീകരിച്ച് ഒരു ലാബിലെങ്കിലും ഇത്തരത്തിലുള്ള പരിശോധനാ സംവിധാനം ഒരുക്കുമോയെന്ന് വ്യക്തമാക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, എല്ലാ മേഖലകളിലും കുടിവെള്ള പരിശോധന നടത്തുകയെന്ന് പറയുന്നത് എത്രമാത്രം പ്രായോഗികമാക്കാൻ കഴിയുമെന്നുള്ളതിനെപ്പറ്റി സംശയമുണ്ടെങ്കിലും കേരളത്തെ സംബന്ധിച്ചിടത്തോളം ഭൂജല വകുപ്പിന്റെ കീഴിൽ 100 കേന്ദ്രങ്ങളിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ഹൈഡ്രോളജി പ്രോജക്ട് മുഖേന സംസ്ഥാനത്തെ ലബോറട്ടറികളിൽ ജല പരിശോധനാ സംവിധാനം സജ്ജമാക്കുന്നതിന് പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. നിലവിൽ വാട്ടർ അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന്റെ

കീഴിൽ 14 ജില്ലാ ലാബുകളും 32 സബ്ജില്ലാ ലാബുകളും പ്രവർത്തിക്കുന്നുണ്ട്. ഇവിടങ്ങളിലെല്ലാം കിണറുകളിൽനിന്നുള്ള കുടിവെള്ളം പരിശോധിക്കാൻ സംവിധാനമുണ്ട്. കൂടാതെ പുതിയതായി 38 സബ്ജില്ലാ ലാബുകളിൽക്കൂടി കുടിവെള്ളം പരിശോധിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുപ്രകാരം ജില്ലാതലത്തിൽ ജില്ലാ ലാബടക്കം ശരാശരി 6 ലാബുകൾ ഒരു ജില്ലയിൽ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ഈ ഭരണാനുമതി പ്രകാരമുള്ള പുതിയ സബ്ജില്ലാ ലാബുകൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി വാട്ടർ അതോറിറ്റി സ്വീകരിച്ചു വരികയാണ്. ഇതുകൂടാതെ കുടിവെള്ളം പരിശോധിച്ച് ശുദ്ധജലം വിതരണം ചെയ്യുന്നതിന് അധികമായി എന്തൊക്കെ ചെയ്യാൻ കഴിയുമെന്നുള്ള കാര്യം പരിശോധിക്കും. നിലവിലുള്ള ലബോറട്ടറികൾ കാര്യക്ഷമമായി നടത്തുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കും.

ശ്രീ. രമേശ് ചെന്നിത്തല: സർ, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന നല്ലൊരു പദ്ധതിയാണ് ജൽജീവൻ മിഷൻ. അതനുസരിച്ച് ഗ്രാമപ്രദേശങ്ങളിൽ കുടിവെള്ള കണക്ഷൻ കൊടുത്തു കൊണ്ടിരിക്കുകയാണ്. പക്ഷെ നിലവിലുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ കപ്പാസിറ്റിക്ക് അപ്പുറത്തേയ്ക്കും കണക്ഷൻ കൊടുത്തുകൊണ്ടിരിക്കുകയാണ്. അതിന്റെ ഫലമായി കുടിവെള്ള കണക്ഷൻ ലഭിച്ചവർക്കുപോലും ജലം ലഭിക്കാത്ത സാഹചര്യമുണ്ടാകുന്നു. നിലവിലുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ കപ്പാസിറ്റി പരിശോധിച്ച് കുടിവെള്ള വിതരണം നടത്താത്തതിനാൽ വലിയ തോതിലുള്ള പരാതികൾ ഇപ്പോൾ വന്നുകൊണ്ടിരിക്കുകയാണ്. ആ കാര്യത്തിൽ ഗവൺമെന്റ് എന്താണ് ചെയ്യാനുദ്ദേശിക്കുന്നത്?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, വളരെ പ്രധാനപ്പെട്ട കാര്യമാണിത്. പൈപ്പ് കണക്ഷൻ ചോദിച്ചാൽ കൊടുത്തില്ലെങ്കിൽ നാട്ടുകാരുണ്ടാക്കുന്ന പ്രശ്നം ഒരു വശത്തും അത് കൊടുത്താലുണ്ടാകുന്ന ബുദ്ധിമുട്ട് ഇവിടെ സൂചിപ്പിച്ചതുപോലെ ഗുരുതരവുമാണ്. ഏതായാലും ഈ രണ്ട് കാര്യങ്ങളും പരിശോധിക്കുന്നതാണ്. ജൽജീവൻ മിഷൻ പദ്ധതിയിലൂടെ പുതിയ കണക്ഷൻ കൊടുക്കുമ്പോൾ അതിനാവശ്യമായ സോഴ്സ് ഉറപ്പുവരുത്തും. 55 ലിറ്റർ വെള്ളമാണ് per day/per head എന്നുള്ളതാണ് standardisation. ആ നിലയിലാണ് വിലയിരുത്താൻ സാധിക്കുന്നത്. എന്നാൽ പല വീടുകളിലും അതിൽ കൂടുതൽ വെള്ളം ഉപയോഗിക്കുന്നതായി കാണാം. ഈ വിലയിരുത്തലുമായി ബന്ധപ്പെട്ട് നോക്കുമ്പോൾ ജലത്തിന്റെ ഉപയോഗവും കരുതിയിരിക്കുന്ന ജലത്തിന്റെ അളവും ചെറിയ വിഷയങ്ങൾക്ക് കാരണമാകുന്നുണ്ട്. എങ്കിലും വിതരണത്തിനായി ജലമുണ്ടെന്ന് ബോദ്ധ്യപ്പെടുത്തത്തക്ക നിലയിൽ എത്ര കണക്ഷനാണോ

ഉദ്ദേശിക്കുന്നത്, അതിനേക്കാൾ കൂടുതൽ വെള്ളം കൊടുക്കാൻ കഴിയുന്ന സാധ്യത പരിശോധനയ്ക്ക് വിധേയമാക്കിക്കൊണ്ടുമാത്രമേ ജൽജീവൻ മിഷന്റെ പ്രവർത്തനം പൂർത്തീകരിക്കുകയുള്ളൂ. ജൽജീവൻ മിഷനിലൂടെ വീടുകളിൽ വെള്ളം പൂർണ്ണമായും എത്തുമ്പോൾ ആശങ്കകൾ മാറും. താൽക്കാലികമായി കുടിവെള്ള കണക്ഷൻ ചോദിച്ചാൽ നിസ്സാര തടസ്സങ്ങളും തർക്കങ്ങളും പറഞ്ഞ് ഒഴിവാക്കുകയെന്നതല്ല, നേരെമറിച്ച് ജലത്തിന്റെ ലഭ്യതകൂട്ടി എല്ലാവീടുകളിലും സമയബന്ധിതമായി കുടിവെള്ളമെത്തിക്കുന്നതിന് കാര്യക്ഷമമായി ഇടപെടാൻ ഗവൺമെന്റ് തീർച്ചയായും ആവശ്യമായ നടപടികൾ സ്വീകരിക്കും.

ഡോ. എൻ. ജയരാജ്: സർ, ജൽജീവൻ മിഷന്റെ കപ്പാസിറ്റി ബിൽഡിംഗിനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. അതോടൊപ്പം വളരെ പ്രധാനപ്പെട്ടൊരു വിഷയം, പതിനേഴര ലക്ഷം വീടുകളിലുണ്ടായിരുന്ന പൈപ്പ് കണക്ഷൻ ഇപ്പോൾ 8 ലക്ഷംകൂടി കൊടുത്ത് 25 ലക്ഷത്തോളമെത്തി. അത് 70 ലക്ഷത്തിലേയ്ക്ക് എത്തിക്കുകയെന്നതാണ് 2024-ലെ ലക്ഷ്യമെന്ന് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. ഈ രംഗത്ത് നടത്തുന്ന പ്രവർത്തനങ്ങളെ വളരെ ആത്മാർത്ഥമായി അഭിനന്ദിക്കുകയാണ്. ഭാവിയിൽ ഏറ്റവും പ്രധാനപ്പെട്ട വിഷയമായി കുടിവെള്ളക്ഷാമം നമ്മുടെ മുമ്പിലെത്തുകയാണ്. അതിന് പരിഹാരമാകുന്ന ഒരു ദീർഘകാല പദ്ധതിയായി ഇതിനെ രൂപപ്പെടുത്തുകയാണ്. ഇതൊരു പ്രോജക്ടായി നടപ്പിലാക്കുമ്പോഴും മെയിന്റനൻസ് വിഭാഗമാണ് ഭാവിയിൽ ഈ കണക്ഷൻ മുഴുവൻ മുന്നോട്ടുകൊണ്ടുപോകേണ്ടത്. വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള സംവിധാനത്തിൽ മെയിന്റനൻസ് ജീവനക്കാരുടെ എണ്ണവും സബ് ഡിവിഷനുകളുടെ എണ്ണവും കുറവാണ്. വീടുകളിലേയ്ക്കുള്ള കണക്ഷൻ വർദ്ധിച്ചുവരുമ്പോൾ സ്വാഭാവികമായും മെയിന്റനൻസിനും മറ്റ് കാര്യങ്ങൾക്കുംവേണ്ടിയുള്ള ഇൻഫ്രാസ്ട്രക്ചർ കൂടുതലായി വാട്ടർ അതോറിറ്റിക്ക് ഡെവലപ്പ് ചെയ്യേണ്ടിവരും. ഇക്കാര്യത്തിൽ ഗവൺമെന്റ് എന്ത് നിലപാടാണ് സ്വീകരിക്കാൻ പോകുന്നത്?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, വളരെ പ്രധാനപ്പെട്ടൊരു കാര്യമാണിത്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് മെയിന്റനൻസിന്റെ വിഷയമാണ്. നിലവിലുള്ള കണക്ഷനുകൾ 2020 വരെ പരിശോധിക്കുമ്പോൾ 1749567 ആയിരുന്നു. എന്നാൽ 2020-2021 ആയപ്പോൾ 8 ലക്ഷം കൂടി വർദ്ധിച്ചു. അങ്ങനെ 25 ലക്ഷത്തിൽപ്പരം കണക്ഷൻ ഇപ്പോൾ കൊടുത്തിട്ടുണ്ട്. ബാലൻസ് വരുന്ന 53 ലക്ഷത്തിൽപ്പരം കണക്ഷൻ കൊടുക്കുന്നതിനുള്ള കാര്യങ്ങളാണ് മുന്നോട്ടുകൊണ്ടുപോകേണ്ടത്. ഇപ്പോൾ ഭരണാനുമതി കൊടുത്ത് മുന്നോട്ടുപോകുന്നത് ഏകദേശം 35 ലക്ഷത്തിൽപ്പരം കുടുംബങ്ങൾക്കാണ്. ആ നിലയിൽ ഇതിന്റെ പുരോഗതി

വരുമ്പോൾ നിലവിലുള്ള മെയിന്റനൻസ് സംവിധാനംകൊണ്ട് ഒരുപക്ഷെ ഇത് മുന്നോട്ടുപോകാൻ സാധിക്കുകയില്ലെന്നുള്ളത് എല്ലാവർക്കും ബോദ്ധ്യമുള്ള കാര്യമാണ്. അതിന് നവീകരണം ആവശ്യമുണ്ട്. ആവശ്യമുള്ള മേഖലകളിൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും സബ് ഡിവിഷൻസ് എങ്ങനെയാണ് കൃത്യതയോടെ ചെയ്യാൻ കഴിയുന്നതെന്നും നമുക്ക് കൂട്ടായി ആലോചിക്കാം. മാത്രമല്ല പ്രധാനപ്പെട്ട ഒരു കാര്യമായി കാണുന്നത് വാട്ടർ അതോറിറ്റിയുടെ ഘടനയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നില്ലെങ്കിലും അഡ്മിനിസ്ട്രേഷനിൽ ചില മാറ്റങ്ങൾ ഉണ്ടാകേണ്ടതുണ്ട്. റവന്യൂ ഡിസ്ട്രിക്ട് അടിസ്ഥാനത്തിലല്ല അഡ്മിനിസ്ട്രേഷൻ നടക്കുന്നത്. അതുകൊണ്ടുതന്നെ പലതരത്തിലുള്ള പ്രയാസങ്ങളുണ്ടാകുന്നുണ്ട്. രണ്ട് ജില്ലകളുടെ ഭാഗമായാണ് പൊതുവെ വാട്ടർ അതോറിറ്റിയുടെ കണക്ഷനും അതിന്റെ അഡ്മിനിസ്ട്രേഷനും നിലവിലുള്ളത്. റവന്യൂ ഡിസ്ട്രിക്ട് അടിസ്ഥാനത്തിൽ അഡ്മിനിസ്ട്രേഷൻ കൊണ്ടുവരാൻ സാധിക്കുമോയെന്നും താഴേയ്ക്കുള്ള ഓഫീസുകൾ എങ്ങനെ ക്രമപ്പെടുത്താമെന്നും നോക്കുന്നതാണ്. നിലവിൽ കൊടുക്കുന്ന കണക്ഷന്റെ അടിസ്ഥാനത്തിൽ മെയിന്റനൻസ് യൂണിറ്റിന്റെ പ്രവർത്തനത്തിനാവശ്യമായ ജീവനക്കാരുടെ എണ്ണം വിലയിരുത്തി അവരെ റീ-ഡിപ്ലോയ് ചെയ്തുകൊണ്ടും ജീവനക്കാരെ കൂടുതലായി എടുക്കേണ്ടിവന്നാൽ അത് പരിഗണിക്കത്തക്ക വിധത്തിൽ ചിന്തിക്കേണ്ടതിന്റെ ആവശ്യകത ഗവൺമെന്റിനെ ബോദ്ധ്യപ്പെടുത്തിക്കൊണ്ടും മുന്നോട്ടുപോകാനാണ് ഉദ്ദേശിക്കുന്നത്. റവന്യൂ ഡിവിഷൻ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റിയുടെ ഘടനയിൽ മാറ്റങ്ങൾ വരുത്തിക്കൊണ്ട് ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും സുഗമമായി ഇടപെടുന്നതിനും കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിനുമുള്ള അവസ്ഥ രൂപപ്പെടുത്തുകയും കൂടുതൽ മെയിന്റനൻസുകൾ ഭാവിയിൽ വരുമ്പോൾ അതിൽ 10 ശതമാനമെങ്കിലും ഒരു വർഷം നടത്തണമെന്നുള്ള സ്ഥിതി പരിശോധിച്ച് അതിനാവശ്യമായ അടിസ്ഥാന സൗകര്യംകൂടി മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്.

ശ്രീ. അനൂപ് ജേക്കബ്: സർ, വാട്ടർ അതോറിറ്റിയിൽ നിലവിൽ ഭരണാനുമതി ലഭിച്ച പൈപ്പ്ലൈനുകൾ മാറ്റുന്നതും പ്ലാന്റുകൾ അപ്ഗ്രേഡ് ചെയ്യുന്നതുമടക്കമുള്ള പല വർക്കുകളുടെയും പ്രവൃത്തി നടക്കുന്നില്ല. ജൽജീവൻ മിഷൻ വരുമ്പോൾ അതുമായി ബന്ധപ്പെട്ട് ഇനി മുന്നോട്ടുപോകേണ്ടതുകൊണ്ട് മറ്റ് ജോലികളുമായി മുന്നോട്ടുപോകേണ്ട എന്നൊരു നിലപാടാണ് ഉദ്യോഗസ്ഥർ സ്വീകരിച്ചിട്ടുള്ളത്. സർക്കാർ അത് പരിശോധിച്ച് അനുമതിയായ വർക്കുകൾ നടത്താനുള്ള സാഹചര്യമുണ്ടാക്കണം. ഗവൺമെന്റ് അനുവദിച്ച ഗുണനിലവാര ലാബുകൾ പലതും ഇതുവരെ ആരംഭിച്ചിട്ടില്ല. സർക്കാർതന്നെ പ്രഖ്യാപിച്ചതാണ്. അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, രണ്ടാമത്തെ ചോദ്യത്തിനുള്ള മറുപടി ആദ്യം പറയാം. ഗുണനിലവാര ലാബുകളുടെ കാര്യത്തിൽ ഒരു തടസ്സവുമുണ്ടാകില്ല. അത് പ്രധാനപ്പെട്ട കാര്യമാണ്. തീർച്ചയായും ഗവൺമെന്റ് നിശ്ചയിച്ചതും നടപ്പിലാക്കുന്നതുമായ വിഷയമായതിനാൽ അത് പൂർണ്ണതോതിൽ എത്തിക്കും. രണ്ട്, ജൽജീവൻ മിഷൻ ഉണ്ടെന്ന് വിചാരിച്ച് മറ്റ് പദ്ധതികൾ നിർത്തലാക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം കൊടുത്തിട്ടില്ല. ഉദ്യോഗസ്ഥർ സമയബന്ധിതമായി എഗ്രിമെന്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് തന്നെയാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. എന്നാൽ പലപ്പോഴും അതിന് ചില തടസ്സങ്ങൾ നേരിടാറുണ്ട്. പി.ഡബ്ല്യു.ഡി., എൻ.എച്ച്, റെയിൽവേ എന്നിവയുമായുള്ള വിഷയങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടിയും സ്വീകരിച്ചുവരുന്നുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പുമന്ത്രി കൊണ്ടുവന്ന പി.ഡബ്ല്യു.ഡി. പോർട്ടൽ ഫലപ്രദമായികൊണ്ടുപോകാൻ മുഖ്യമന്ത്രി താൽപ്പര്യം കാണിക്കുന്നുണ്ട്. വിവിധ ഡിപ്പാർട്ടുമെന്റുകൾ തമ്മിലുള്ള തർക്കങ്ങൾ പരിഹരിച്ച് സമയബന്ധിതമായി കൊണ്ടുപോകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. നിലവിലുള്ള പല വിഷയങ്ങൾക്കും എം.എൽ.എ.-മാരുടെ ആവശ്യപ്രകാരം കൂടിയ മീറ്റിംഗുകളിൽവച്ച് ഫലപ്രാപ്തിയുണ്ടായിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് ഇതിനോട് നല്ലരീതിയിൽ സഹകരിക്കുന്നുണ്ട്. ഭാവിയിലുണ്ടാകാൻ പോകുന്ന നിർമ്മാണങ്ങളെ സംബന്ധിച്ചിടത്തോളം ഇത്തരം കാര്യങ്ങൾ ആലോചിക്കാനും പുതിയ നിർമ്മാണങ്ങൾ ആരംഭിക്കുന്നതിനുമുമ്പ് റോഡിനടിയിൽ കിടക്കുന്ന 30 വർഷത്തിലധികം പഴക്കമുള്ള പൈപ്പ്ലൈൻ മാറ്റി പുതിയ സിസ്റ്റം രൂപപ്പെടുത്തിക്കൊണ്ടുതന്നെ പുതിയ റോഡുനിർമ്മാണം ആരംഭിക്കുന്ന ഘട്ടത്തിൽ വാട്ടർ അതോറിറ്റിയുംകൂടി സഹകരിച്ചുകൊണ്ടുള്ള നടപടികളാണ് ഭാവിയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്. നിലവിലുള്ള മറ്റ് ഇതര ഏജൻസികളുടെ ജോലികൾ തടസ്സപ്പെടുത്താതെ തന്നെ ജൽജീവൻ മിഷന്റെ ജോലികൾ മുന്നോട്ടുകൊണ്ടുപോകുന്നതിനാണ് ലക്ഷ്യമിടുന്നത്.

ശ്രീ. കെ. പി. മോഹനൻ: സർ, ശുദ്ധജല പദ്ധതികളുടെ, പ്രത്യേകിച്ച് കുടിവെള്ള പദ്ധതികളുടെ പൈപ്പ്ലൈൻ അടക്കമുള്ളവയുടെ സംരക്ഷണം കൂടുതൽ ശക്തമാക്കണം. പലയിടത്തും ശുദ്ധജല പദ്ധതികളുടെ പൈപ്പ് പൊട്ടി വെള്ളം റോഡിലൂടെ ഒഴുകുന്ന അവസ്ഥയുണ്ട്. അത് പെട്ടെന്ന് വിളിച്ചുപറഞ്ഞാൽപ്പോലും അതിന്റെ കേടുപാടുകൾ തീർക്കുന്നില്ല. വാട്ടർ അതോറിറ്റിയിൽ വിളിച്ചുപറഞ്ഞാൽ പെട്ടെന്ന് പണി ചെയ്യാൻ ജോലിക്കാർ എത്താത്തതിനാൽ പ്രദേശിക തലത്തിൽ കോൾ സെന്ററുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, നിലവിൽ കോൾ സെന്റർ സംവിധാനം തിരുവനന്തപുരത്തുണ്ട്. അവിടേയ്ക്കുവരുന്ന വിഷയങ്ങൾ അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് ഫോർവേഡ് ചെയ്ത് പ്രശ്നം പരിഹരിക്കാൻ സാധിക്കും. ഇങ്ങനെയൊരു കാര്യം സൂചിപ്പിച്ച സ്ഥിതിക്ക് അത് പരിശോധിക്കുകയും അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് അത്തരം കാര്യങ്ങൾ ശ്രദ്ധിക്കുന്നതിനാവശ്യമായ നിർദ്ദേശം കൊടുക്കുകയും ഇത്തരം പരാതികൾ വന്നാൽ അത് പരിഹരിക്കുന്നതിനുള്ള പ്രത്യേക സംവിധാനം അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ തലത്തിൽ രൂപപ്പെടുത്തുകയും ചെയ്യാം.

**കടൽ മത്സ്യബന്ധനത്തിലേർപ്പെടുന്നവരുടെ സുരക്ഷ**

3 (*213) ശ്രീ. എച്ച്. സലാം:
ഡോ. കെ. ടി. ജലീൽ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടൽ മത്സ്യബന്ധനത്തിലേർപ്പെടുന്നവരുടെ സുരക്ഷ ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; ഇതിനായി ഫിഷറീസ് കൺട്രോൾ റൂമുകളുടെ പ്രവർത്തനം എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) മത്സ്യബന്ധന യാനങ്ങൾ കടലിൽ പോകുന്നതും തിരികെയെത്തുന്നതും കൃത്യമായി നിരീക്ഷിക്കാൻ ഫലപ്രദമായ സംവിധാനം ഏർപ്പെടുത്താനായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ആപത്ഘട്ടത്തിൽ സത്വരമായി പ്രതികരിക്കുന്നതിന് കടൽ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിക്കുകയും മറൈൻ ആംബുലൻസുകൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, (എ) 1. നിലവിൽ മത്സ്യത്തൊഴിലാളികൾ ഉപയോഗിക്കുന്ന മറൈൻ പ്ലൈവുഡ് വള്ളങ്ങൾക്ക് (MPC) പകരമായി കൂടുതൽ ബലവത്തായ എഫ്.ആർ.പി. (ഫൈബർ റീഇൻഫോഴ്സ്ഡ് പ്ലാസ്റ്റിക്) വള്ളങ്ങൾ അനുവദിക്കുകയും ക്രമേണ മത്സ്യബന്ധന യാനങ്ങൾ FRP-യിലേയ്ക്ക് പൂർണ്ണമായും മാറ്റുന്നതിനും ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി ഓഖി പുനരധിവാസ

പദ്ധതിയിലുൾപ്പെടുത്തി 120 FRP യാനങ്ങൾ സൗജന്യമായും ബ്ലൂ റവല്യൂഷൻ പദ്ധതിയിലുൾപ്പെടുത്തി 200 FRP യാനങ്ങൾ 40% സബ്സിഡി നിരക്കിലും മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് അനുവദിച്ചുവരുന്നു.

2. 2018-19 വർഷം മുതൽ മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തി നടപ്പാക്കിവരുന്നു. ഇൻഷ്വറൻസ് തുകയുടെ 90%-വും സർക്കാർ ധനസഹായമാണ്.

3. മത്സ്യബന്ധനത്തിലേർപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി 40000 ലൈഫ് ജാക്കറ്റുകൾ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്.

4. ISRO വികസിപ്പിച്ചെടുത്തതും കടലിൽ 1500 കി.മീ. അകലത്തിൽവരെ വാർത്താ വിനിമയം സാധ്യമാക്കുന്ന 'നാവിക്' (NavIC - Navigation with Indian Constellation) മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു.

5. ആഴക്കടൽ മത്സ്യബന്ധനത്തിലേർപ്പെടുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് വാർത്താ വിനിമയം സാധ്യമാക്കുന്നതിന് 93,901 രൂപ വിലയുള്ള ഗ്ലോബൽ സാറ്റലൈറ്റ് ഫോൺ 1,000 രൂപ മാത്രം ഈടാക്കി അനുവദിച്ചു.

6. പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് ഗ്ലോബൽ പൊസിഷൻ സിസ്റ്റം (GPS), ഡിസ്ട്രസ്സ് അലർട്ട് ട്രാൻസ്മിറ്റർ (DAT) എന്നിവ 75% സബ്സിഡിയോടെ അനുവദിച്ചുവരുന്നു.

7. യന്ത്രവൽകൃത യാനങ്ങൾക്ക് ഹോളോഗ്രാഫിക് രജിസ്ട്രേഷൻ പ്ലേറ്റ് (HRP), 50% സബ്സിഡി നിരക്കിലും വെസ്സൽ മോണിറ്ററിംഗ് സിസ്റ്റം (VMS) 75% സബ്സിഡിയോടെയും അനുവദിച്ചുവരുന്നു.

8. കാലാവസ്ഥാ മുന്നറിയിപ്പ് യഥാസമയം SMS മുഖേന തൊഴിലാളികൾക്ക് നേരിട്ട് ലഭ്യമാക്കുന്നതിന് INCOIS-മായി ചേർന്ന് സംവിധാനം ഒരുക്കിയിട്ടുണ്ട്.

9. കടൽ രക്ഷാ പ്രവർത്തനങ്ങൾക്കായി വിഴിഞ്ഞം, ബേപ്പൂർ, വൈപ്പിൻ എന്നിവിടങ്ങളിൽ 3 മറൈൻ ആംബുലൻസുകളും ഇതര ജില്ലകളിൽ രക്ഷാപ്രവർത്തനത്തിന് 7 ബോട്ടുകളും സജ്ജമാക്കിയിട്ടുണ്ട്.

10. കടൽ രക്ഷാപ്രവർത്തനത്തിന് പരിശീലനം സിദ്ധിച്ച മത്സ്യത്തൊഴിലാളികളെ സീ റസ്ക്യൂ സ്ക്വാഡുകളായി ഫിഷറീസ് സ്റ്റേഷൻ കേന്ദ്രീകരിച്ച് നിയോഗിച്ചുവരുന്നു.

11. രക്ഷാപ്രവർത്തനങ്ങളുടെ ഏകോപനത്തിനും കാലാവസ്ഥാ മുന്നറിയിപ്പുകൾ യഥാസമയം മത്സ്യത്തൊഴിലാളികൾക്ക് എത്തിക്കുന്നതിനും ഫിഷറീസ് ഡയറക്ടറേറ്റിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം 24 മണിക്കൂറും പ്രവർത്തിക്കുന്ന മാസ്റ്റർ കൺട്രോൾ റൂമും കൂടാതെ വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നിവിടങ്ങളിൽ മേഖലാ കൺട്രോൾ റൂമുകളും ആരംഭിച്ചു. കാറ്റിന്റെ വേഗത, തിരമാലയുടെ ഉയരം, കടലിന്റെ ഒഴുക്കിലുണ്ടാകുന്ന വ്യത്യാസങ്ങൾ, ന്യൂനമർദ്ദ സാധ്യത, ചുഴലിക്കാറ്റ് മുന്നറിയിപ്പ്, മത്സ്യ ലഭ്യതയുള്ള സ്ഥാനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ IMD, SDMA, INCOIS തുടങ്ങിയ ഏജൻസികൾ പുറപ്പെടുവിക്കുന്ന മുന്നറിയിപ്പുകൾ യഥാസമയം മത്സ്യത്തൊഴിലാളികൾക്ക് എത്തിച്ചുകൊടുക്കുക എന്നതാണ് ഫിഷറീസ് കൺട്രോൾ റൂമുകളുടെ പ്രധാന ചുമതല. ചുഴലിക്കാറ്റ്, സുനാമി മുന്നറിയിപ്പുകളുണ്ടാകുമ്പോൾ കടലിൽ മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന മത്സ്യബന്ധന യാനങ്ങളെയെല്ലാം കോസ്റ്റ് ഗാർഡ്, ഇന്ത്യൻ നേവി എന്നിവയുടെകൂടി സഹായത്തോടെ അറിയിപ്പുകൾ നൽകി അവയെ ഏറ്റവും അടുത്തുള്ള സുരക്ഷിത ഹാർബറുകളിലേയ്ക്ക് എത്തിക്കുന്ന ശ്രമകരമായ പ്രവൃത്തിയും കൺട്രോൾ റൂമുകളാണ് നിർവ്വഹിക്കുന്നത്. ആയതിലേയ്ക്ക് ഇന്ത്യൻ നേവി, ഇന്ത്യൻ കോസ്റ്റ് ഗാർഡ്, കോസ്റ്റൽ പോലീസ്, മറൈൻ എൻഫോഴ്സ്മെന്റ്, മറ്റ് ദുരന്ത നിവാരണ ഏജൻസികൾ എന്നിവയുടെ ഏകോപനവും കൺട്രോൾ റൂമുകളുടെ ചുമതലയാണ്. കൂടാതെ സംസ്ഥാനത്തെ പ്രധാന ഹാർബറുകളിലെല്ലാം ഇപ്പോൾ CCTV ക്യാമറകൾ സ്ഥാപിക്കുന്നുണ്ട്. അത്യാധുനിക VHF റേഡിയോ സംവിധാനം, സാറ്റലൈറ്റ് ഫോൺ എന്നിവ കൺട്രോൾ റൂമുകളിൽ സ്ഥാപിക്കുന്നുണ്ട്. അതുപോലെതന്നെ മത്സ്യബന്ധന വകുപ്പ് നാഷണൽ ഇൻഫോർമാറ്റിക് സെന്ററുമായി ചേർന്ന് 'സാഗര' എന്ന മൊബൈൽ ആപ്ലിക്കേഷന് രൂപം കൊടുത്ത് മത്സ്യമേഖലയിൽ പ്രാവർത്തികമാക്കിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട 60 മത്സ്യഗ്രാമങ്ങളിൽ 300 യാനങ്ങളും ഒരു യാനത്തിൽ 3 മത്സ്യത്തൊഴിലാളികളും എന്ന കണക്കിൽ 900 മത്സ്യത്തൊഴിലാളികളെ റിക്രൂട്ട് ചെയ്തു. അവരെ ഇപ്പോൾ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ അയച്ച് കടൽ രക്ഷാ പ്രവർത്തനങ്ങളിലും പവർ ബോട്ട് കൈകാര്യം ചെയ്യുന്നതിലും 15 ദിവസത്തെ പരിശീലനം നൽകിവരുന്നു. 612 തൊഴിലാളികൾക്ക് പരിശീലനം കൊടുത്തു. 317 പേർക്ക് യൂണിഫോം നൽകി. യാനത്തിലേയ്ക്ക് ആവശ്യമായ ജി.പി.എസ്., ടോർച്ച്, ലൈഫ് ബോയ് എന്നിവയും വിതരണം ചെയ്തിട്ടുണ്ട്. ആ നിലയിൽ ആവശ്യമായ എല്ലാ സുരക്ഷാ പ്രവർത്തനങ്ങളും ചെയ്തിട്ടുണ്ട്.

മി. സ്പീക്കർ: മറുപടി കൂടുതലുണ്ടെങ്കിൽ മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

ശ്രീ. സജി ചെറിയാൻ: ബാക്കി മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു*.

ശ്രീ. എച്ച്. സലാം: സർ, സമുദ്രത്തിന്റെ താപനിലയിലും സ്വഭാവത്തിലുമുണ്ടാകുന്ന വ്യത്യാസംകൂടി പരിഗണിച്ച് പഠനം നടത്തുകയും കടൽ രക്ഷാപ്രവർത്തനത്തിൽ പരിശീലനം ലഭിച്ച മുഴുവൻ മത്സ്യത്തൊഴിലാളികളെ യുമുൾപ്പെടുത്തി മത്സ്യഗ്രാമങ്ങൾ കേന്ദ്രീകരിച്ച് അവരെ കടൽ രക്ഷാ സ്ക്വാഡ് എന്ന നിലയിൽ രക്ഷാപ്രവർത്തനത്തിന് നിയോഗിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, ഇപ്പോൾത്തന്നെ കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി കേരളത്തിലെ തെരഞ്ഞെടുത്ത 60 മത്സ്യഗ്രാമങ്ങളിൽ കടൽ രക്ഷാ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. 60 മത്സ്യഗ്രാമങ്ങൾക്കായി 300 യാനങ്ങളും ഒരു യാനത്തിൽ 3 തൊഴിലാളികളെന്ന കണക്കിൽ 900 മത്സ്യത്തൊഴിലാളികൾ കടൽ രക്ഷാ സ്ക്വാഡിലുൾപ്പെടുന്നു. കടൽ രക്ഷാ സ്ക്വാഡിലെ അംഗങ്ങളെ ഗോവയിലെ കേന്ദ്രസർക്കാർ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിലേയ്ക്ക് അയച്ച് കടൽ രക്ഷാപ്രവർത്തനങ്ങളിലും പവർ ബോട്ട് കൈകാര്യം ചെയ്യുന്നതിലും 15 ദിവസത്തെ പരിശീലനം നൽകിവരുന്നു. ഇതുവരെ 15 ബാച്ചുകളിലായി 9 തീരദേശ ജില്ലകളിൽനിന്നുള്ള 612 മത്സ്യത്തൊഴിലാളികൾ പരിശീലനം പൂർത്തീകരിച്ചു. കോവിഡ്-19-ന്റെ സാഹചര്യത്തിൽ ഇപ്പോൾ പരിശീലനം നിർത്തിവച്ചിരിക്കുകയാണ്. ആദ്യഘട്ട പരിശീലനം പൂർത്തിയാക്കിയ 317 പേർക്ക് യൂണിഫോം, യാനത്തിലേയ്ക്കാവശ്യമായ ജി.പി.എസ്., ടോർച്ച്, ലൈഫ് ബോയ് എന്നിവ വിതരണം ചെയ്തിട്ടുണ്ട്. കടലിൽ അപകടത്തിൽപ്പെടുന്നവരെ വളരെവേഗം രക്ഷിച്ച് കരയിലെത്തിച്ച് ചികിത്സ ലഭ്യമാക്കുന്നതിനും ജീവൻ രക്ഷിക്കുന്നതിനുമുതകുന്ന 3 മറൈൻ ആംബുലൻസുകളും ക്രമീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ ഹാർബറുകളിൽ ഇപ്പോൾ പരിശീലനം സിദ്ധിച്ച ആളുകളെ കൊടുക്കുന്നത് സംബന്ധിച്ച് സർക്കാർ പരിഗണിക്കുന്നുണ്ട്.

ശ്രീ. എച്ച്. സലാം: സർ, ഏറ്റവും കൂടുതൽ തീരദൈർഘ്യമുള്ള ജില്ലയാണ് ആലപ്പുഴ. തിരുവനന്തപുരം, ആലപ്പുഴ എന്നിവിടങ്ങളിലാണ് ഏറ്റവും കൂടുതൽ തൊഴിലാളികളുള്ളത്. ഇൻബോർഡ് വള്ളങ്ങളും കോരുവള്ളങ്ങളും ഏറ്റവും കൂടുതൽ ആലപ്പുഴ ജില്ലയിലാണ്. എന്റെ മണ്ഡലത്തിൽ മാത്രം 400 കോരുവള്ളങ്ങളുണ്ട്. അപകടം സംഭവിച്ചാൽ കൊല്ലത്തുനിന്നോ കൊച്ചിയിൽനിന്നോ ആണ് കോസ്റ്റ് ഗാർഡിന്റെ യൂണിറ്റ് വരേണ്ടത്. ഇവർ എത്തിച്ചേരാൻ ഏതാണ്ട് രണ്ടര മണിക്കൂർ ദൈർഘ്യമെടുക്കും. അതുകൊണ്ട് കോസ്റ്റ് ഗാർഡിന്റെ യൂണിറ്റ് ഉൾപ്പെടെയുള്ള റസ്ക്യൂ സംവിധാനം ആലപ്പുഴ ജില്ലയിൽ ആരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

ശ്രീ. സജി ചെറിയാൻ: സർ, ഇപ്പോൾ കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം ഭാഗങ്ങളിലായാണ് റസ്ക്യൂ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. ഇതിന്റെ മധ്യഭാഗം എന്നുള്ള നിലയിൽ തോട്ടപ്പള്ളി കേന്ദ്രീകരിച്ച് വലിയ ഹാർബർ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു. തീർച്ചയായും അവിടെ ഒരു റസ്ക്യൂ ഫോഴ്സിനെ എല്ലാവിധ സംവിധാനങ്ങളോടുംകൂടി ഉൾപ്പെടുത്തി കൈകാര്യം ചെയ്യാനാണ് ഗവൺമെന്റ് ആലോചിക്കുന്നത്.

ഡോ. കെ. ടി. ജലീൽ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, മത്സ്യബന്ധനത്തിന് പോകുന്നവരും തിരിച്ചെത്തുന്നവരുമായ മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്; നാളിതുവരെ എത്ര മത്സ്യത്തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എല്ലാ മത്സ്യബന്ധന യാനങ്ങളുടെയും മത്സ്യബന്ധനത്തിന് പോകുന്നവരുടെയും വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, സാഗര മൊബൈൽ ആപ്പ് വഴി വിവരങ്ങൾ ശേഖരിച്ചുവരുന്നു. 40000 ലൈഫ് ജാക്കറ്റുകൾ സൗജന്യമായി നൽകിയിട്ടുണ്ട്. അതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ഞാൻ വിശദീകരിക്കുന്നില്ല. 'നാവിക്' ഉപകരണങ്ങൾ 941 എണ്ണം വിവിധ ഘട്ടങ്ങളിലായി വിതരണം ചെയ്തിട്ടുണ്ട്. അതിൽ തൊഴിലാളികൾക്ക് ചെറിയൊരു പ്രയാസമുണ്ട്. ടൂ വേ കമ്മ്യൂണിക്കേഷൻ സാധ്യമല്ലാത്തതിനാൽ അതിനോട് അവർക്ക് താൽപ്പര്യം കുറവുണ്ട്. 168 പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് 93,901 രൂപ വിലയുള്ള ഗ്ലോബൽ സാറ്റലൈറ്റ് ഫോൺ 1,000 രൂപ ഈടാക്കി നൽകുന്നുണ്ട്. ജി.പി.എസ്. 75 ശതമാനം സബ്സിഡിയിൽ 1673 എണ്ണം നൽകിയിട്ടുണ്ട്. ലൈഫ് ബോയ് 75 ശതമാനം സബ്സിഡിയിൽ 1132 എണ്ണം കൊടുത്തിട്ടുണ്ട്. എക്കോ സൗണ്ടർ 76 എണ്ണവും DAT 64 എണ്ണവും കൊടുത്തിട്ടുണ്ട്. ഈ രൂപത്തിൽ മിക്കവാറും എല്ലാ സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്. പക്ഷേ ഇത് ഫലപ്രദമായി ഉപയോഗപ്പെടുത്തുന്ന കാര്യത്തിൽ പലപ്പോഴും വീഴ്ച സംഭവിക്കുന്നുണ്ട്. എങ്കിലും അവ പരിഹരിക്കാൻ കഴിയുന്ന തീരുമാനങ്ങളെടുത്ത് മുന്നോട്ടുപോകുകയാണ്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, തമിഴ്നാടിനോട് ചേർന്നുകിടക്കുന്ന തീരദേശ മേഖലകളായ പൊഴിയൂർ, കൊല്ലംകോട്, പൂവാർ പ്രദേശങ്ങൾ കേന്ദ്രമാക്കി ഫിഷറീസ് സ്റ്റേഷൻ ആരംഭിക്കാനാകുമോ; ഇതോടൊപ്പം മത്സ്യത്തൊഴിലാളികൾക്ക് മത്സ്യമേഖലയുമായി ബന്ധപ്പെട്ട സേവനങ്ങൾക്കും ആവശ്യങ്ങൾക്കുമായി ആരംഭിച്ച 'സാഗർ മിത്ര' പദ്ധതിയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, നാല് ഫിഷറീസ് സ്റ്റേഷനുകളിൽ ഉദ്യോഗസ്ഥരെ നിയമിക്കുന്ന കാര്യം കുറച്ചുകാലമായി ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം വീണ്ടും അതിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചില ഭേദഗതികൾ വേണമെന്ന് ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടതനുസരിച്ച് ആവശ്യമായ ഭേദഗതികൾ തയ്യാറാക്കി നൽകുകയും ചെയ്തിട്ടുണ്ട്. 'സാഗര'-യെ സംബന്ധിച്ചിടത്തോളം ഇവിടെ പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ 17067 രജിസ്ട്രേഷനാണ് നടന്നിട്ടുള്ളത്. തിരുവനന്തപുരം-5305, കൊല്ലം-1594, ആലപ്പുഴ-1177, എറണാകുളം-1342, തൃശ്ശൂർ-922, മലപ്പുറം-1233, കോഴിക്കോട്-2770, കണ്ണൂർ-1804, കാസർഗോഡ്- 920. ആകെ 17067 രജിസ്ട്രേഷനാണ് നടന്നിട്ടുള്ളത്.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഗുരുതര രോഗങ്ങൾക്ക് 5 വർഷത്തേയ്ക്ക് തുടർ ചികിത്സ നൽകുന്ന 'തീരാരോഗ്യം' പദ്ധതിയുടെ വിശദാംശങ്ങൾ വിശദീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, നിലവിൽ ഇപ്പോൾ ഇങ്ങനെയൊരു പദ്ധതി ക്ഷേമനിധി ബോർഡുവഴി നടക്കുന്നുണ്ട്. ആ പദ്ധതിയെ മോഡിഫൈ ചെയ്ത് ഭരണാനുമതി നൽകിയിട്ടുണ്ട്. ഗുരുതര രോഗങ്ങൾക്കുള്ള തുടർ ചികിത്സയ്ക്കാവശ്യമായ ധനസഹായം ക്ഷേമനിധി ബോർഡ് മുഖേനയാണ് അനുവദിക്കുന്നത്. ഹൃദ്രോഗം, വൃക്കരോഗം, കാൻസർ, ബ്രെയിൻ ട്യൂമർ എന്നിവയ്ക്ക് നിലവിൽ 50,000 രൂപയും കിടപ്പുരോഗികൾക്ക് 12,000 രൂപയുമാണ് നൽകുന്നത്. ഇത് ഒറ്റത്തവണയായിരുന്നു. ഇത്തരം രോഗങ്ങൾക്ക് തുടർ ചികിത്സ കൊടുക്കുന്ന 'തീരാരോഗ്യം' പദ്ധതി പിണറായി വിജയൻ ഗവൺമെന്റിന്റെ ഏറ്റവും ശ്രദ്ധേയമായൊരു പദ്ധതിയാണ്. ഇപ്പോൾ ഹൃദയ ശസ്ത്രക്രിയ കഴിഞ്ഞവർക്ക് 25,000 രൂപ, ഡയാലിസിസ് ചെയ്യുന്നവർക്ക് 50,000 രൂപ, കരൾ രോഗികൾക്ക് 20,000 രൂപ, കാൻസർ രോഗികൾക്ക് 50,000 രൂപ, ഭിന്നശേഷിക്കാരായ കുട്ടികളുള്ളവർക്ക് 10,000 രൂപ എന്നിങ്ങനെയാണ് നൽകുന്നത്. അതിന്റെ ഭാഗമായി ഇപ്പോൾത്തന്നെ 180 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതി കൂടുതൽ ശക്തമായി നടത്താൻ തന്നെയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. എം. വിൻസെന്റ്: സർ, മത്സ്യത്തൊഴിലാളികളുടെ സുരക്ഷിതത്വത്തിന് നിലവിലുള്ള സംവിധാനങ്ങൾ അപര്യാപ്തമാണെന്ന് അങ്ങേയ്ക്കും, അങ്ങ് അതിൽ നല്ല ഇടപെടലുകൾ നടത്തുന്നുണ്ടെന്നുള്ളത് എനിക്കും അറിയാവുന്ന കാര്യമാണ്. ഓരോ മത്സ്യഗ്രാമത്തിലെയും തീര സുരക്ഷാ സ്ക്വാഡുകളെ എല്ലാ പ്രദേശങ്ങളിലേയ്ക്കും വ്യാപിപ്പിക്കാനും അവർക്കാവശ്യമായ സുരക്ഷാ ഉപകരണങ്ങൾ നൽകാനും റസ്ക്യൂ ഓപ്പറേഷൻ നടത്തുമ്പോൾ അവർക്ക് റമ്യൂണറേഷൻ നൽകാനും നടപടി സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, ഇതുസംബന്ധിച്ച് ഒരു ഘട്ടത്തിൽ ഈ സഭയിൽ വന്നൊരു ചോദ്യത്തിന് ഞാൻ മറുപടി പറഞ്ഞിരുന്നു. ഈ സർക്കാർ വന്നതിനുശേഷം 20 ആളുകൾ 9 തീരപ്രദേശ ജില്ലകളിലായി മരണപ്പെട്ടിട്ടുണ്ട്. തീരത്തോടടുത്ത് ഏതാണ്ട് 3 നോട്ടിക്കൽ മൈലിനുള്ളിലാണ് ഈ മരണങ്ങളെല്ലാം സംഭവിച്ചിട്ടുള്ളത്. അപ്പോൾ സ്വാഭാവികമായും ഈ ഹാർബറുകളിൽ സുരക്ഷാ സംവിധാനം ഉറപ്പുവരുത്തുകയെന്നതും അതുപോലെതന്നെ തീരപ്രദേശവുമായി ബന്ധപ്പെട്ടുള്ള കേന്ദ്ര-സംസ്ഥാന പോലീസ് സംവിധാനങ്ങളെ യോജിപ്പിച്ചു കൊണ്ടുള്ള സമീപനം സ്വീകരിക്കുകയും അതിന്റെ ഭാഗമായി പരിശീലനത്തിനായി 900-ത്തോളം ആളുകളെ റിക്രൂട്ട് ചെയ്തതിൽ 600-ലധികം ആളുകളെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഞാൻ നേരത്തെ പറഞ്ഞതുപോലെ പുതിയ ആളുകളെ റിക്രൂട്ട് ചെയ്ത് ട്രെയിനിംഗ് നൽകി തീരത്തോട് ചേർന്ന പ്രദേശങ്ങളിലുണ്ടാകുന്ന അപകടങ്ങളിൽനിന്നും പെട്ടെന്ന് ആളുകളെ രക്ഷിക്കാനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. ഏറ്റവും വേഗം അത് പൂർത്തീകരിക്കും. ഞാൻ നേരത്തെ പറഞ്ഞ മൂന്ന് ഹാർബറുകളെ സംബന്ധിച്ച കാര്യം എത്രയുംവേഗം നടപ്പാക്കുന്നതാണ്.

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യോത്തര സമയം അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ

4 (*214) ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. പി. വി. അൻവർ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ ആധുനീകരിക്കുന്നതിനും പരിശീലന, പഠനനിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ മത്സരശേഷി വർദ്ധിപ്പിക്കുന്നതിനായി പരിശീലന കേന്ദ്രങ്ങളുടെ നിലവാരം കൂടുതൽ മെച്ചപ്പെടുത്താൻ പദ്ധതി തയ്യാറാക്കുമോ; വിശദമാക്കാമോ?

(എ&ബി) ഉണ്ട്. പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ ആധുനീകരിക്കുന്നതിനും പരിശീലന, പഠന നിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും നിലവിൽ പ്രത്യേക പദ്ധതികൾ ഇല്ല. വകുപ്പിന്റെ ബഡ്ജറ്റ് വിഹിതം പരമാവധി വിനിയോഗിച്ച് വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ ആധുനീകരിക്കുന്നതിനും പരിശീലന, പഠന നിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. വിവിധ ഐ.റ്റി.ഐ.-കളിൽ സ്മാർട്ട് ക്ലാസ്സ് റൂമുകൾ സജ്ജീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ ഐ.റ്റി.ഐ.-കളിലും ഇന്റർനെറ്റ് സൗകര്യത്തോടുകൂടിയ കമ്പ്യൂട്ടർ ലാബുകളും സജ്ജീകരിച്ചിട്ടുണ്ട്. ഐ.റ്റി.ഐ.-കളിൽ കൂടുതൽ മെച്ചപ്പെട്ടതും ഭാരത സർക്കാർ അംഗീകരിച്ച് DGT മുഖാന്തരം നടപ്പിലാക്കുന്നതുമായ സിലബസ്സാണ് നിലവിൽ പഠനത്തിനും പരിശീലനത്തിനും പിന്തുടരുന്നത്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ഇടുക്കി ജില്ലയിൽ നാടുകാണി ഐ.റ്റി.ഐ.-യിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, കമ്പ്യൂട്ടർ പ്രോഗ്രാമർ-കം-പ്രോഗ്രാമിംഗ്, സോളാർ ടെക്നീഷ്യൻ ഇലക്ട്രിക്കൽ, മെക്കാനിക്കൽ മോട്ടോർ വെഹിക്കിൾ എന്നീ 4 അധിക ട്രേഡുകൾ പ്രവർത്തിക്കുന്നതിനാവശ്യമായ വർക്ക്ഷോപ്പുകൾ, ഓഫീസ്, ക്ലാസ് മുറികൾ തുടങ്ങിയവയും പുതുതായി നിർമ്മിച്ചിട്ടുണ്ട്. നാടുകാണി ഐ.റ്റി.ഐ. വിപുലീകരണത്തിനും പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനാവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പരിശീലനം വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്കായി തൊഴിൽ മേളകൾ സംഘടിപ്പിക്കുന്നത് ഈ വിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ സാധ്യത സൃഷ്ടിക്കുമെന്ന വിഷയം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഐ.റ്റി.ഐ.-കളിൽനിന്നും വിജയകരമായി പരിശീലനം പൂർത്തിയാക്കിയ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ സാധ്യത ഒരുക്കുന്നതിനായി സംസ്ഥാന തലത്തിൽ തിരുവനന്തപുരത്തുവച്ച് 2016, 2017, 2019 എന്നീ വർഷങ്ങളിൽ തൊഴിൽമേളകൾ സംഘടിപ്പിച്ചിരുന്നു. വിവിധ തൊഴിൽ സ്ഥാപനങ്ങളും ഉദ്യോഗാർത്ഥികളും പ്രസ്തുത തൊഴിൽ മേളകളിൽ പങ്കെടുക്കുകയും സ്ഥാപനങ്ങളുടെ പ്രതിനിധികൾ ഉദ്യോഗാർത്ഥികളുമായി കൂടിക്കാഴ്ച നടത്തി വിവിധ സ്ഥാപനങ്ങളിൽ ജോലിക്കായി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. കോവിഡ്-19 അതിവ്യാപനത്തിന്റെ സാഹചര്യത്തിൽ 2020, 2021 വർഷങ്ങളിൽ തൊഴിൽ മേളകൾ സംഘടിപ്പിക്കുന്നതിന് സാധിച്ചിട്ടില്ല.

## സമഗ്ര ജലവിഭവ മാനേജ്മെന്റ്

5 (*215) ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെ സമഗ്ര ജലവിഭവ മാനേജ്മെന്റ് നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ശരാശരി 3000 മി.മീറ്റർ മഴ ലഭ്യതയുള്ള കേരളത്തിൽ, മഴക്കാലം കഴിയുന്നതോടുകൂടി ജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങളുണ്ട്. ഇത്തരം പ്രശ്നങ്ങൾ നേരിടുന്ന പ്രദേശങ്ങൾ വർദ്ധിക്കുന്നതായും കാണുന്നു. ഇതുപരിഗണിച്ച് ജലവിഭവ ആസൂത്രണവും മാനേജ്മെന്റും കൂടുതൽ ശാസ്ത്രീയവും ജനപങ്കാളിത്തത്തോടുകൂടിയതുമാക്കുന്നതിന് പ്രാധാന്യം നൽകിക്കൊണ്ട് നടപ്പാക്കുന്ന പ്രവർത്തനങ്ങൾ അനുബന്ധം (1)* ആയി ചേർക്കുന്നു.

(ബി) ജല സംരക്ഷണ പ്രവർത്തനങ്ങളുടെ ആസൂത്രണവും നിർവ്വഹണവും സംയോജിത നീർത്തടാടിസ്ഥാനത്തിൽ നടത്തി ജല ലഭ്യതയും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ?

സംയോജിത നീർത്തടാടിസ്ഥാനത്തിൽ ആസൂത്രണം ചെയ്തിട്ടുള്ള പ്രവൃത്തികളിൽപ്പെടുന്ന മണ്ണ് സംരക്ഷണ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിലും മണ്ണ് സർവ്വേ വകുപ്പിന്റെ പദ്ധതികളുടെ ഭാഗമായും നിർവ്വഹിക്കുന്നു. കുളങ്ങളുടെ സംരക്ഷണം, സംഭരണശേഷി വർദ്ധിപ്പിക്കൽ, തോടുകളിലെയും നദികളിലെയും നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, ഭൂജലപോഷണം സാധ്യമാകുംവിധമുള്ള ചെറുതടയണകൾ/ വെന്റഡ് ക്രോസ് ബാറുകൾ എന്നിവയുടെ നിർമ്മാണം എന്നതിനൊപ്പം നദികളെ ചെറു സംഭരണികളാക്കി പ്രാദേശിക ജലലഭ്യത വർദ്ധിപ്പിക്കാൻ സഹായിക്കുന്ന തടയണ/റെഗുലേറ്ററുകൾ എന്നിവയുടെ നിർമ്മാണവും നടത്തുന്നു. ഹരിതകേരളം മിഷൻവഴി ജലമേഖലയിലെ ഇടപെടലിന് സഹായകരമായ രീതിയിൽ എല്ലാ തദ്ദേശഭരണ സ്ഥാപനതലത്തിലും നീർത്തട പ്ലാനുകളും ബ്ലോക്കടിസ്ഥാനത്തിൽ നീർത്തട മാസ്റ്റർപ്ലാനുകളും തയ്യാറാക്കുന്ന പ്രവർത്തനം അവസാന ഘട്ടത്തിലാണ്. സംസ്ഥാനത്ത് ആകെയുള്ള 1034 തദ്ദേശഭരണ സ്ഥാപനങ്ങളിൽ 1013 ഇടത്തും നീർത്തട പ്ലാനുകൾ തയ്യാറാക്കിക്കഴിഞ്ഞു. 105 ബ്ലോക്കുകളിൽ നീർത്തട മാസ്റ്റർ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്ലാനുകൾ തയ്യാറായി. ‘ ഭൂജല സംരക്ഷണവും, സംപോഷണവും’ എന്ന പ്ലാൻ പദ്ധതി പ്രകാരം വിവിധ ഭൂജല സംപോഷണ പദ്ധതികൾ ഭൂജല വകുപ്പ് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. തുറന്ന കിണർ/റീചാർജ്ജ് പിറ്റ്/ കുഴൽക്കിണർ എന്നിവ വഴിയുള്ള ഭൂജല സംപോഷണം, ചെറുനീർത്തടാടി സ്ഥാനത്തിൽ ചെറിയ തടയണകളുടെ നിർമ്മാണം, അനുയോജ്യമായ പ്രദേശങ്ങളിൽ അടിയണകളുടെ നിർമ്മാണം, ചെറിയ കുളങ്ങളുടെ പുനരുജ്ജീവനം (0.1 ഹെക്ടറിൽ താഴെയുള്ളത്) എന്നീ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്.

(സി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന പ്രദേശങ്ങളെ പ്രത്യേക പഠനത്തിന് വിധേയമാക്കിയിട്ടുണ്ടോ; ഇതിനായി നിയോഗിച്ച സമിതിയുടെ കണ്ടെത്തൽ വിശദീകരിക്കുമോ?

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന പ്രദേശങ്ങളെക്കുറിച്ചുള്ള പ്രത്യേക പഠനം ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിയിട്ടില്ല.

(ഡി) ഭൂഗർഭ ജലത്തിന്റെ ശോഷണവും കടുത്ത വേനലും നേരിടേണ്ടി വരുന്ന പ്രദേശങ്ങളിൽ മഴവെള്ള സംഭരണം ഊർജ്ജിതമാക്കുന്നതിനുവേണ്ടി മഴവെള്ളം ഭൂമിക്കടിയിലേയ്ക്കെത്തിച്ച് ഭൂഗർഭ ജലവിതാനം വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

മഴവെള്ള സംഭരണം കാര്യക്ഷമമാക്കുന്നതിന് കുളങ്ങളുടെ സംഭരണശേഷി വർദ്ധിപ്പിക്കാനായി ചളി/എക്കൽ എന്നിവ മാറ്റുക, തോടുകളിൽ ചെറുതടയണകൾ നിർമ്മിക്കുക, നദികളുള്ള സ്ഥലങ്ങളിൽ തടയണകൾ നിർമ്മിക്കുക തുടങ്ങിയ പ്രവൃത്തികളിലൂടെ ഭൂജലപോഷണം സാധ്യമാകുന്നു. ഹരിതകേരളം മിഷന്റെ ഭാഗമായി വിവിധ വകുപ്പുകളുടെയും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടേയും നേതൃത്വത്തിൽ സംസ്ഥാനത്തൊട്ടാകെ 62921 കിണർ റീചാർജ്ജിംഗ് സംവിധാനം ഒരുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാനത്താകെ 412 കിലോമീറ്റർ നദികളും 45736 കിലോമീറ്റർ നീർച്ചാലുകളും പുനരുജ്ജീവിപ്പിച്ചു. 18883 കുളങ്ങൾ നിർമ്മിക്കുകയും 25241 കുളങ്ങൾ നവീകരിക്കുകയും ചെയ്തു. ജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിലെ ഭൂജലവിതാനം വർദ്ധിപ്പിക്കുന്നതിനായി ‘ ഭൂജല സംരക്ഷണവും സംപോഷണവും’ എന്ന പ്ലാൻ പദ്ധതി ഭൂജല വകുപ്പ് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. ജലനിധിയിൽ മഴവെള്ള സംഭരണം ഊർജ്ജിതമാക്കുന്നതിനായി കെ.ആർ.ഡബ്ല്യൂ.എസ്.എ.-യുടെ ഭാഗമായ ‘ മഴകേന്ദ്രം’ , പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി ‘ മഴവെള്ളസംഭരണം-ഭൂജലപരിപോഷണം പദ്ധതി' നടപ്പാക്കുന്നുണ്ട്. കിണർ റീചാർജ്ജിംഗും പുരപ്പുറ മഴവെള്ള ശേഖരണത്തിനായി മഴവെള്ള സംഭരണികൾ നിർമ്മിച്ചുനൽകുന്നതുമാണ് പ്രധാന പദ്ധതികൾ. സംസ്ഥാനത്തെ 10 ജില്ലകളിലായി 20 ഗ്രാമപഞ്ചായത്തുകളിലെ 8464 കിണറുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ, മഴവെള്ളം കടത്തിവിട്ടുള്ള റീചാർജ്ജിംഗ്, ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള

നടപടികൾ തുടങ്ങിയവ നടപ്പിലാക്കിവരുന്നു. ഇപ്രകാരം ഘട്ടംഘട്ടമായി പദ്ധതി നടപ്പിലാക്കുന്നതിലൂടെ കൂടുതൽ കിണറുകൾ സ്ഥായിയായ ജലസ്രോതസ്സുകളാക്കി മാറ്റി ഭൂഗർഭ ജലവിതാനം വർദ്ധിപ്പിക്കുന്നതിന് സാധിക്കുന്നതാണ്.

(ഇ) മെച്ചപ്പെട്ട ജലസംരക്ഷണ വിനിയോഗ സംസ്കാരം വളർത്തിയെടുക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്നും ഇതിന്റെ ഭാഗമായി ജലസംരക്ഷണത്തിന്റെ ആവശ്യകത ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനുവേണ്ടി വിപുലമായ പ്രചരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോയെന്നും വിശദമാക്കാമോ?

മെച്ചപ്പെട്ട ജലസംരക്ഷണ വിനിയോഗ സംസ്കാരം വളർത്തിയെടുക്കുന്നതിനു വേണ്ടി നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ചും ജലസംരക്ഷണത്തിന്റെ ആവശ്യകത ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനും വേണ്ടിയുള്ള പ്രചരണ പരിപാടികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം (2)* ആയി ചേർക്കുന്നു.

**പട്ടികജാതി- പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ**

6 (*216) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വി. ശശി:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വാശ്രയ കോളേജുകളിലെ ബിരുദ, ബിരുദാനന്തര തലങ്ങളിലുള്ള പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിലെ പ്രൊഫഷണൽ ആൻഡ് ജോബ് ഓറിയന്റഡ് കോഴ്സുകളുടെ ബിരുദ ബിരുദാനന്തരതലത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽനിന്നോ, ഡി.എം.ഇ, ഡി.എച്ച്.എസ്.ഇ, നഴ്സിംഗ് കൗൺസിൽ തുടങ്ങി സർക്കാർ അംഗീകൃത ഏജൻസികൾ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽനിന്നോ, സർക്കാർ അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിലെ മേൽപ്പറഞ്ഞ കോഴ്സുകളിൽ അലോട്ട്മെന്റ് വഴി പ്രവേശനം നേടുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യത്തിന് അർഹതയുണ്ട്. ഇത്തരത്തിലുള്ള വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് മുഖേന ആനുകൂല്യം നൽകുന്നു. മേൽ ഉത്തരവിന്റെ പരിധിയിൽ വരാത്ത അർഹരായ വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് ഓഫ് ഇന്ത്യാ സ്കോളർഷിപ്പ് പ്രകാരം വിദ്യാഭ്യാസാനുകൂല്യം നൽകുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രീ പ്രൈമറിതലം മുതൽ പ്രൊഫഷണൽ കോളേജുതലം വരെയുള്ള വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ ഉപകരണങ്ങൾ ആവശ്യമായ സാഹചര്യത്തിൽ നിലവിൽ അവർക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും വർദ്ധിപ്പിക്കുമോ; വിശദമാക്കുമോ?

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠനോപകരണങ്ങളും പഠന സൗകര്യങ്ങളും ലഭ്യമാക്കാൻ സർക്കാർ തലത്തിൽ നിരവധി പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഹയർ സെക്കണ്ടറി തലംവരെയുള്ള ഡിജിറ്റൽ പഠനോപകരണങ്ങൾ സ്വന്തമായി ലഭ്യമല്ലാത്തവരെന്ന് കണ്ടെത്തിയ 37717 വിദ്യാർത്ഥികൾക്ക്, പഠനാവശ്യത്തിനായി പൊതുവിദ്യാഭ്യാസ വകുപ്പ് KITE മുഖേന ലാപ്ടോപ്പ് നൽകുന്നതിന് നടപടികളാരംഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ സങ്കേതങ്ങളിൽ സാമൂഹ്യപഠനമുറി, പൊതുഇടങ്ങളിൽ സജ്ജീകരിച്ച പഠന കേന്ദ്രങ്ങൾ എന്നിവയിലൂടെ ഓൺലൈൻ പഠനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്ത് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും മുഖേന ലാപ്ടോപ്പ് വിതരണം നടത്തുന്നു. കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത്/TSP ഫണ്ടിൽനിന്നും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠനോപകരണങ്ങൾ വാങ്ങി നൽകുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് 23-6-2021-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യം മൂന്ന് വർഷത്തിലൊരിക്കൽ പരിഷ്കരിക്കണമെന്ന ബാബു വിജയനാഥ് കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രീ-മെട്രിക് പോസ്റ്റ്മെട്രിക് തലത്തിൽ 9-1-2020-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 1/2020 പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്. കാലോചിതമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) സ്വകാര്യ, സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റും മറ്റാനുകൂല്യങ്ങളും നിഷേധിക്കപ്പെടുന്നതായോ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വാശ്രയ കോളേജുകളിൽ വകുപ്പിന്റെ ചുമതലയിൽ പരിശോധനാ സംവിധാനം ഏർപ്പെടുത്തുമോ; വിശദമാക്കുമോ?

ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കേന്ദ്രസർക്കാർ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് വിതരണവുമായി ബന്ധപ്പെട്ട് ഇ-ഗ്രാന്റ്സ് പോർട്ടലിൽ വരുത്തിയ പരിഷ്കാരങ്ങൾ കാരണം നിലവിൽ പ്രസ്തുത പോർട്ടലിലൂടെയുള്ള സ്കോളർഷിപ്പ് വിതരണം തടസ്സപ്പെട്ടിട്ടുണ്ട്. ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തി തടസ്സം തീർക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) അൺ എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി- പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ വിദ്യാർത്ഥികളുടെ അക്കൗണ്ടുകളിൽ നേരിട്ട് എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നറിയിക്കുമോ?

അൺ എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന അർഹരായ പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടുകളിൽ നേരിട്ട് നൽകിവരുന്നു.

**പ്രണയത്തിന്റെ പേരിൽ യുവതികൾ കൊലചെയ്യപ്പെട്ട സംഭവങ്ങൾ**

7 (*217) ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രണയാഭ്യർത്ഥന നിരസിച്ചതിന്റെ പേരിൽ യുവാക്കൾ കൊലപാതകങ്ങൾ നടത്തുന്ന സംഭവങ്ങൾ കൂടിവരുന്ന സാഹചര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത കാരണത്താൽ പാലാ സ്വദേശിനി നിഥിനയും കണ്ണൂർ സ്വദേശിനി മാനസയും കൊലചെയ്യപ്പെട്ടതടക്കമുള്ള സംഭവങ്ങൾ വകുപ്പ് ഗൗരവത്തോടെ കാണുന്നുണ്ടോ?

ഗൗരവത്തോടെ കാണുന്നുണ്ട്.

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കില്ലെന്ന് ഉറപ്പുവരുത്താൻ ബോധവത്കരണം ഉൾപ്പെടെയുള്ള കർമ്മപദ്ധതികൾ ആവിഷ്കരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

കേരള സംസ്ഥാന യുവജന കമ്മീഷൻ ഉന്നതവിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് വ്യാപകമായി ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുവാൻ ആലോചിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് ക്യാമ്പസുകളിലും യുവജന ക്ലബ്ബുകളിലും യുവജനങ്ങൾക്ക് പ്രാതിനിധ്യമുള്ള മേഖലകളിലും ഗ്രന്ഥശാലാ പ്രസ്ഥാനങ്ങളുടെ സഹായത്തോടുകൂടി പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ കരിക്കുലത്തിനകത്ത് ജെൻഡർ എഡ്യൂക്കേഷൻ ഉൾപ്പെടുത്തണമെന്ന ശിപാർശ ഉന്നതവിദ്യാഭ്യാസ വകുപ്പിനും പൊതുവിദ്യാഭ്യാസ വകുപ്പിനും നൽകുവാൻ യുവജന കമ്മീഷൻ ഉദ്ദേശിക്കുന്നു. ബന്ധങ്ങൾക്കകത്ത് രൂപപ്പെടുത്തേണ്ട ജനാധിപത്യത്തെക്കുറിച്ചുള്ള ബോധവത്കരണം നടത്തുന്നതിനും യുവജന

കമ്മീഷൻ നിരവധി പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് സംസ്ഥാനത്തെ യുവജനങ്ങളുടെ ശാക്തീകരണം, ബോധവത്കരണം എന്നിവ ലക്ഷ്യമിട്ട് നിയമസഹായ സമിതി, കൗൺസിലിംഗ് സെന്റർ, സ്വയം പരിശീലനത്തിനുള്ള സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നതിനും വനിതാ വികസന പദ്ധതികളുടെ ഭാഗമായി സ്ത്രീധനം, ഗാർഹിക പീഡനം, ലൈംഗികാതിക്രമങ്ങൾ എന്നിവയ്ക്കെതിരെയുള്ള ബോധവത്കരണ പരിപാടികൾ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും സംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആത്മഹത്യാ പ്രവണതയും കൊലപാതകങ്ങളും റിപ്പോർട്ട് ചെയ്യപ്പെടുന്ന ദുരവസ്ഥയിൽനിന്നും കരകയറാനായി വിവാഹിതരാകാൻ പോകുന്ന യുവതി-യുവാക്കൾക്ക് കൗൺസിലിംഗ് നടത്തുന്നതിനുള്ള പരിപാടികളും 2022-23 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്. അപ്രകാരം യുവജനങ്ങളിൽ ബോധവത്കരണം നടത്തി ഇത്തരം അതിക്രമങ്ങൾ തടയുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നൽകുവാൻ സാധിക്കും. ആഭ്യന്തര വകുപ്പിനുകീഴിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന "Aparajitha.pol@ kerala.gov.in", പരാതികൾ നേരിട്ടറിയിക്കുന്നതിന് 9497996992 എന്ന നമ്പറിൽ സേവനം, 'സുരക്ഷിക്കണം ഇ-കാലം' എന്ന സോഷ്യൽ മീഡിയ ക്യാമ്പയിൻ, 'സെൽഫ് ഡിഫെൻസ് ട്രെയിനിംഗ്' എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെയുള്ള വിവിധതരം അതിക്രമങ്ങൾ ഫലപ്രദമായി തടയുന്നതിനായി വനിതാ -ശിശു വികസന വകുപ്പ് "കനൽ" കർമ്മ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. അനുദിനം മാറിക്കൊണ്ടിരിക്കുന്ന ആധുനിക ലോകത്തിൽ വിദ്യാർത്ഥികൾക്കുണ്ടാകുന്ന മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനും അവരുടെ ജീവിതത്തിൽ ഉണ്ടായേക്കാവുന്ന പ്രശ്നങ്ങൾ നേരിടുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുമായി ഉന്നത വിദ്യാഭ്യാസ വകുപ്പ് " JEEVANI-College Mental Awareness Programme" എന്ന പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു. പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള വിദ്യാലയങ്ങളിലെ ഒൻപതാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കായി ' കൗമാര വിദ്യാഭ്യാസം സ്കൂൾ കുട്ടികളിൽ' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. സാംസ്കാരിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ "സമം-സ്ത്രീ സമത്വത്തിനായി സാംസ്കാരിക മുന്നേറ്റം" എന്ന ഒരുവർഷക്കാലം നീണ്ടുനിൽക്കുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പദ്ധതിയുടെ സംഘാടനത്തിനായി ബഹു.മുഖ്യമന്ത്രി ചെയർമാൻ, സാംസ്കാരിക വകുപ്പുമന്ത്രി വൈസ് ചെയർമാൻ, സാംസ്കാരിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ജനറൽ കൺവീനർ, യുവജനക്ഷേമ ബോർഡ് വൈസ് ചെയർമാൻ ജോയിന്റ് കൺവീനർ, സാംസ്കാരിക വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടേയും സംഘടനകളുടേയും സംസ്ഥാന ചുമതലക്കാർ, 10 പ്രമുഖ വ്യക്തികൾ എന്നിവരെ ഉൾപ്പെടുത്തി സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. കൂടാതെ, പദ്ധതിയുടെ സംഘാടനത്തിനായി ജില്ലാതലം, പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ

തലം, വാർഡുതല സമിതികൾ രൂപീകരിച്ചുവരുന്നു. പദ്ധതിയുടെ ഭാഗമായി സമൂഹത്തിന്റെ വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച 1001 സ്ത്രീകളെ ആദരിക്കുന്നതിനും ലിംഗസമത്വവുമായി ബന്ധപ്പെട്ട്, ചലച്ചിത്ര ആവിഷ്കാരങ്ങൾ, മൾട്ടി മീഡിയ മ്യൂസിക് ആൽബം, ശില്പശാലകൾ, സംവാദങ്ങൾ, പോസ്റ്റർ പ്രചരണം, ചിത്ര പ്രദർശനം, ബോധവത്കരണ പരിപാടികൾ, കൗൺസിലിംഗ്, ഷീ-റേഡിയോ, മലയാള സാഹിത്യ രചനകൾ എന്നീ വ്യത്യസ്ത പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ബഹു.മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിച്ച പരിപാടിയുടെ അംബാസിഡറായി പത്മഭൂഷൻ കെ.എസ്. ചിത്രയെ പ്രഖ്യാപിച്ചിട്ടുണ്ട്.

## പട്ടികജാതി- പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയാൻ നടപടി

8 (*218) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) തിരുവനന്തപുരം ആറ്റിങ്ങലിൽ പട്ടികജാതിയിൽപ്പെട്ട പെൺകുട്ടിയേയും അച്ഛനേയും ഇല്ലാത്ത മോഷണക്കേസ് ആരോപിച്ച് പിങ്ക് പോലീസ് പീഡിപ്പിച്ച സംഭവത്തിൽ പട്ടികജാതി വികസന വകുപ്പ് എന്ത് നടപടി സ്വീകരിച്ചു?

അന്വേഷണത്തിൽ കേസ് അതിക്രമം തടയൽ നിയമത്തിന്റെ പരിധിയിൽ വരികയാണെങ്കിൽ വകുപ്പ് അടിയന്തര തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഇതുപോലെയുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പട്ടികജാതിക്കാർക്കെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ സംബന്ധിച്ച കേസുകൾക്കായി പ്രത്യേക കോടതികൾ സ്ഥാപിക്കുന്ന കാര്യം വകുപ്പ് പരിശോധനാവിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനെതിരെയുള്ള അതിക്രമം തടയുന്നതിനായി 1989-ലെ പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമം പ്രകാരം നിലവിൽ 4 പ്രത്യേക കോടതികൾ വയനാട് ജില്ലയിൽ മാനന്തവാടി, മലപ്പുറം ജില്ലയിൽ മഞ്ചേരി, പാലക്കാട് ജില്ലയിൽ മണ്ണാർക്കാട്, കൊല്ലം ജില്ലയിൽ കൊട്ടാരക്കര എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം, തൃശ്ശൂർ, എറണാകുളം എന്നീ ജില്ലകളിൽ സ്പെഷ്യൽ കോടതികൾ ആരംഭിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

## സ്വീവേജ് സിസ്റ്റം

9 (*219) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാം സ്വീവേജ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്; അറിയിക്കാമോ?

സംസ്ഥാനത്ത് താഴെപ്പറയുന്ന സ്ഥലങ്ങളിൽ സ്വീവേജ് പ്ലാന്റുകളും അനുബന്ധ സ്വീവേജ് സിസ്റ്റവും പ്രവർത്തിച്ചുവരുന്നു.

1. തിരുവനന്തപുരം മുട്ടത്തറ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (107 MLD):
തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിലെ 43 വാർഡുകളിലെ സ്വീവേജ് പൂർണ്ണമായോ ഭാഗികമായോ ശേഖരിച്ച് മുട്ടത്തറയിലുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ സംസ്കരിക്കുന്നു.

2. തിരുവനന്തപുരം മെഡിക്കൽ കോളേജ് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (5 MLD):

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ മലിന ജലം സംസ്കരിക്കുന്നതിനുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ക്യാമ്പസിൽ ത്തന്നെ പ്രവർത്തിച്ചുവരുന്നു.

3. കൊച്ചി സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (4.5 MLD):

കൊച്ചി കോർപ്പറേഷന്റെ 5 ഡിവിഷനുകളിൽ സ്വീവേജ് സംവിധാനം നിലവിലുണ്ട്.

4. ഗുരുവായൂർ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (3 MLD):

ഗുരുവായൂർ മുനിസിപ്പാലിറ്റിയിലെ ജനസാന്ദ്രമായ പ്രദേശങ്ങളിലെ സ്വീവേജ് സംസ്കരിക്കുന്നതിനായുള്ള പ്ലാന്റ് പൂർത്തീകരിച്ച് ഭാഗികമായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 7340 മീറ്റർ സ്വീവേജ് ലൈനുകളും സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ പൂർണ്ണമായ പ്രവർത്തനത്തിനായി യുദ്ധ കാലാടിസ്ഥാനത്തിൽ നെറ്റ് വർക്കിന്റെ അറ്റകുറ്റപ്പണികൾ പുരോഗമിക്കുന്നു. 30-9-2021-ന് സാങ്കേതികമായി പദ്ധതി കമ്മീഷൻ ചെയ്യുവെങ്കിലും പൂർണ്ണമായ പ്രവർത്തനം 30-10-2021-നകം പൂർത്തിയാക്കാനാകുമെന്ന് കരുതുന്നു.

(ബി) എല്ലാ ജില്ലകളിലും ഈ പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

എല്ലാ ജില്ലകളിലും സ്വീവേജ് ആൻഡ് സെപ്റ്റേജ് മാനേജ്മെന്റ് പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) കക്കൂസ് മാലിന്യം ജലസ്രോതസ്സുകളിലും കനാലുകളിലും തള്ളുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ അരുവിക്കര ഡാമിന്റെ റിസർവോയറിന് ചുറ്റുമുള്ള ഒരു കിലോമീറ്റർ നീളത്തിൽ വേലി കെട്ടുകയും ഡാമിൽ മാലിന്യം നിക്ഷേപിക്കുന്നത് ശിക്ഷാർഹമാണെന്ന് കാണിച്ചുകൊണ്ടുള്ള ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, റിസർവോയർ തീരത്ത് രണ്ട് സ്ഥലത്തായി അൺമാൻഡ് സെക്യൂരിറ്റി ടവർ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഡാമിന്റെ പരിസരപ്രദേശത്ത് നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്ന പദ്ധതിയും നിലവിൽ നടന്നുവരുന്നു. തിരുവനന്തപുരം നഗരപരിധിയിൽ സ്വീവറേജ് സിസ്റ്റം വിപുലീകരിക്കുവാനുള്ള ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. ഇതോടനുബന്ധിച്ച് നാഷണൽ ഗ്രീൻ ട്രിബ്യൂണൽ ഓർഡർ പ്രകാരം കരമനയാറ്റിൽ സ്വീവറേജ് തള്ളുന്നത് ഒഴിവാക്കാനായി കരമനയാറിനോട് ചേർന്നുള്ള 19 വാർഡുകളുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറായിക്കൊണ്ടിരിക്കുന്നു. ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്ക് 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമപ്രകാരമുള്ള പിഴയും ശിക്ഷയും വർദ്ധിപ്പിച്ചിട്ടുണ്ട്. ജല സ്രോതസ്സുകളെ മലിനപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ പോലീസ് അധികാരികളെയും അതത് തദ്ദേശഭരണ സ്ഥാപനങ്ങളെയും അറിയിച്ച് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**വന്യമൃഗ ആക്രമണത്തിൽനിന്നുള്ള സംരക്ഷണം**

10 (*220) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) വനമേഖലയോട് ചേർന്ന പ്രദേശങ്ങളിലെ ജനങ്ങൾ വന്യമൃഗ ആക്രമണഭീഷണിയിൽനിന്ന് സംരക്ഷണം നേടുന്നതിനുവേണ്ടി സ്വീകരിക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറത്തിറക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

പുറത്തിറക്കിയിട്ടില്ല. എന്നാൽ ജനജാഗ്രതാ സമിതികൾ മുഖേന ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്.

(ബി) നാട്ടിലിറങ്ങിയ കാട്ടാനയുടെ ചവിട്ടേറ്റ് കണ്ണൂർ ജില്ലയിലെ ഇരിട്ടി പെരുങ്കരി സ്വദേശി ജസ്റ്റിൻ മരണപ്പെട്ടതടക്കം നിരവധി സംഭവങ്ങൾ നടന്ന സാഹചര്യത്തിൽ ഇത്തരം സംഭവങ്ങൾ തടയാൻ നടപടികൾ സ്വീകരിക്കുന്നില്ലെന്ന ആക്ഷേപം ഗൗരവമായി കാണുന്നുണ്ടോ?

കർണ്ണാടകയിലെ മാക്കൂട്ടം വനമേഖലയിൽനിന്ന് ഇരിട്ടി, പായം ഗ്രാമ പഞ്ചായത്തിലെ വള്ളിത്തോട് പെരിങ്കരി ജനവാസ കേന്ദ്രത്തിൽ ഇറങ്ങിയ കാട്ടാനയുടെ ആക്രമണത്തിലാണ് ജസ്റ്റിൻ മരണപ്പെട്ടിട്ടുള്ളത്. ഈ പ്രദേശത്ത് മുമ്പ് കാട്ടാന ആക്രമണം റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതാണ്. മേൽ പ്രദേശങ്ങളിൽ തളിപ്പറമ്പ്, കൊട്ടിയൂർ റെയ്ഞ്ചുകളിലെ സംരക്ഷണ വിഭാഗം ജീവനക്കാരുടെ രാത്രികാല പട്രോളിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. കാട്ടാനശല്യം രൂക്ഷമായ ജനവാസ മേഖലകളിൽ അവയെ നിരീക്ഷിക്കുന്നതിനും പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനും തദ്ദേശീയരായ വാച്ചർമാരെ നിയോഗിച്ചിട്ടുണ്ട്. പായം ഗ്രാമപഞ്ചായത്തിലെ വള്ളിത്തോട് പെരിങ്കരി വരെയുള്ള പ്രദേശങ്ങളോടുചേർന്ന് 1.8 കിമീ. ദൂരത്തിൽ കർണ്ണാടക വനാതിർത്തിയിൽ സോളാർ ഫെൻസിംഗ് നിലവിലുണ്ട്. ബാക്കിവരുന്ന പേരട്ട മുതൽ കൂട്ടുപുഴ പാലംവരെയുള്ള 1.2 കി.മി. ദൂരം സോളാർ ഫെൻസിംഗ് ചെയ്യുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) കാട്ടാനകൾ നാട്ടിലിറങ്ങുന്നത് തടയാൻ സോളാർ ഫെൻസിംഗ് മുതൽ പാമൈറ ബയോഫെൻസിംഗ് വരെ പരാജയപ്പെട്ട സാഹചര്യത്തിൽ ആനമതിൽ അടക്കമുള്ളവ നിർമ്മിക്കണമെന്ന ആവശ്യം പരിഗണിക്കുമോ?

കാട്ടാനകൾ നാട്ടിലിറങ്ങുന്നത് തടയുന്നതിനായി സോളാർ ഫെൻസിംഗുകൾ സ്ഥാപിച്ചിട്ടുള്ളത് പലയിടത്തും ഫലപ്രദമാണ്. ആനമതിൽ സ്ഥാപിക്കുന്നതിന് ഭീമമായ ചെലവുണ്ടാകുന്നതും പാറയുടെ വർദ്ധിച്ച തോതിലുള്ള ഉപയോഗത്തിനും ആ വഴിയുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾക്കും കാരണമാകാവുന്നതുമാണ്. സോളാർ ഫെൻസിംഗ് യഥാവിധി പരിപാലിക്കുകയാണെങ്കിൽ ഫലപ്രദമാണ്. വളരെ കൂടുതലായി കാട്ടാനശല്യമുള്ള സ്ഥലങ്ങളിൽ സോളാർ ഫെൻസിംഗിന്റെ പരിഷ്കരിച്ച രൂപമായ തൂക്കുസൗരോർജ്ജവേലി ഫലപ്രദമായി വരാം.

## പട്ടിക ഗോത്രങ്ങളിൽപ്പെട്ടവരുടെ സമഗ്രവികസനം

11 (*221) ശ്രീ. കെ. ആൻസലൻ:
ശ്രീ. ഒ. ആർ. കേളു:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടിക ഗോത്രങ്ങളിൽപ്പെട്ടവരെ സാമൂഹിക, സാമ്പത്തിക, ആരോഗ്യ രംഗത്ത് മുഖ്യധാരയിലെത്തിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ സാമൂഹിക, സാമ്പത്തിക, ആരോഗ്യ രംഗത്ത് മുഖ്യധാരയിലെത്തിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ: വിദ്യാഭ്യാസ സ്കോളർഷിപ്പ്, ഹോസ്റ്റലുകൾ/എം.ആർ.എസ്സുകൾ, പ്രീപ്രൈമറി വിദ്യാഭ്യാസം, ഗോത്രബന്ധു പദ്ധതി, സാമൂഹിക പഠനമുറി, ലാപ്ടോപ്പ് വിതരണം, കോളനികളിൽ ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കൽ, വിദേശപഠനത്തിനുള്ള ധനസഹായം

ആരോഗ്യ സംരക്ഷണ പദ്ധതികൾ: സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി, അടിയന്തര ചികിത്സാ സഹായം, അരിവാൾ രോഗികൾക്കുള്ള സാമ്പത്തിക സഹായം, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ഒ.പി. ക്ലിനിക്കുകളും ആയുർവേദ ഡിസ്പെൻസറികളും, ആംബുലൻസ് സേവനം, ജനനി ജന്മരക്ഷാ പദ്ധതി, സാമൂഹിക-സാമ്പത്തിക വികസന പദ്ധതികൾ, ഭൂരഹിതരായ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കുന്നതിനായി പദ്ധതി എന്നിവ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ലൈഫ് മിഷൻ പദ്ധതി മുഖേന പട്ടികവർഗ്ഗക്കാർക്ക് വീട് അനുവദിച്ചുവരുന്നു. ഭവനരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം നടപ്പിലാക്കിവരുന്നു. പാലക്കാട്, മലമ്പുഴ പഞ്ചായത്തിലെ പട്ടികവർഗ്ഗക്കാർക്കായും ആലപ്പുഴ നിയോജകമണ്ഡലത്തിലെ ഉള്ളാട സമുദായങ്ങൾക്കായും പി.കെ. കാളൻ കുടുംബ പദ്ധതി നടപ്പിലാക്കിവരുന്നു.

ഭക്ഷ്യ സുരക്ഷാ പദ്ധതികൾ: എല്ലാ ജില്ലകളിലെയും പട്ടികവർഗ്ഗ മേഖലയിൽ ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഭക്ഷ്യ സഹായ പദ്ധതി,

അട്ടപ്പാടിയിൽ പട്ടികവർഗ്ഗക്കാർക്ക് ഭക്ഷ്യ സുരക്ഷയും ജീവനോപാധിയും ഉറപ്പുവരുത്തുന്നതിനായുള്ള മില്ലറ്റ് വില്ലേജ് പദ്ധതി, പട്ടികവർഗ്ഗ ജനസംഖ്യ കേന്ദ്രീകരിച്ചിട്ടുള്ള പ്രദേശങ്ങളിൽ നടപ്പിലാക്കിവരുന്ന ഹരിത രശ്മി, നമത് വെള്ളാമെ എന്നീ കാർഷിക പദ്ധതികൾ, നിലവിലുള്ള തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള തൊഴിലിനുപരിയായി 100 ദിവസത്തെ അധിക തൊഴിൽ നൽകുന്ന ട്രൈബൽ പ്ലസ് പദ്ധതി, പട്ടികവർഗ്ഗ യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ പ്രശ്നം ലഘൂകരിക്കുന്നതിനായി നടപ്പിലാക്കിവരുന്ന സ്വയംതൊഴിൽ പരിശീലന പരിപാടികളും നൈപുണ്യ വികസന പദ്ധതികളും. വനം-വന്യജീവി വകുപ്പിൽനിന്നും പട്ടികവർഗ്ഗ ക്ഷേമത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

പങ്കാളിത്ത വന പരിപാലന പദ്ധതി (Participatory Forest Management), ചെറുകിട വനവിഭവങ്ങളുടെ താങ്ങുവില (MSP for MFP - Minimum Support Price for Minor Forest Produce), വൻ ധൻ വികാസ കേന്ദ്ര (Van Dhan Vikas Kendra (VDVK).

(ബി) ഇവർക്കായുള്ള വിവിധ പദ്ധതികളുടെ ഫലപ്രാപ്തി വിലയിരുത്തി നീക്കിവയ്ക്കുന്ന തുക കൃത്യമായി വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

പട്ടികവർഗ്ഗക്കാർക്കായുള്ള വിവിധ ക്ഷേമപദ്ധതികളിൽ ലഭ്യമാകുന്ന തുകയുടെ ശരിയായ വിനിയോഗം ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. സംസ്ഥാനതലത്തിൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പദ്ധതി പുരോഗതി വിലയിരുത്തുന്നുണ്ട്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ മാസത്തിലൊരിക്കലും ബഹു. വകുപ്പുമന്ത്രി, വകുപ്പ് സെക്രട്ടറി, വകുപ്പ് ഡയറക്ടർ എന്നിവർ മാസംതോറും പദ്ധതി പുരോഗതി വിലയിരുത്താറുണ്ട്. മേൽപ്പറഞ്ഞവ കൂടാതെ ജില്ലാതലത്തിൽ ജില്ലാ കളക്ടർ അദ്ധ്യക്ഷനായ വർക്കിംഗ് ഗ്രൂപ്പും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി സംസ്ഥാനതലത്തിലും പദ്ധതി പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പും വനം-വന്യജീവി വകുപ്പും അതാത് വകുപ്പിൽനിന്നും നടപ്പിലാക്കിവരുന്ന പട്ടികവർഗ്ഗ ക്ഷേമപദ്ധതികളുടെ പുരോഗതി വകുപ്പുതലത്തിൽ അവലോകനം ചെയ്യുന്നുണ്ട്.

(സി) വനത്തിനുള്ളിൽ താമസിക്കുന്നവരുടെയും പ്രാക്തന ഗോത്രങ്ങളിൽപ്പെട്ടവരുടെയും സമഗ്ര വികസനത്തിനായി പ്രത്യേകം പദ്ധതികളുണ്ടോ; വ്യക്തമാക്കാമോ?

പ്രത്യേക ദുർബലഗോത്ര വിഭാഗങ്ങളുടെയും മറ്റ് ദുർബല വിഭാഗങ്ങളുടെയും വികസനത്തിനായി പ്രാദേശികാടിസ്ഥാനത്തിൽ പ്രത്യേക പദ്ധതിക്ക് രൂപം നൽകുന്നുണ്ട്. പരിസ്ഥിതിലോല പ്രദേശങ്ങളിലും വെള്ളപ്പൊക്കം/മണ്ണിടിച്ചിൽ സാധ്യതാ പ്രദേശങ്ങളിലും താമസിക്കുന്നവരുടെ പുനരധിവാസം ഘട്ടംഘട്ടമായി നടപ്പാക്കാൻ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. പ്രത്യേക ദുർബലഗോത്ര വിഭാഗക്കാരുടെ സംരക്ഷണത്തിനും വികസനത്തിനുമായുള്ള കേന്ദ്രസഹായം ഉപയോഗിച്ചും ആരോഗ്യം, അടിസ്ഥാന സൗകര്യ വികസനം എന്നീ മേഖലകളിൽ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഈ വിഭാഗത്തിൽപ്പെട്ട രോഗികൾക്കും മുതിർന്ന പൗരന്മാർക്കും സംരക്ഷണം നൽകുന്നതിനായി അട്ടപ്പാടി, മാനന്തവാടി, സുഗന്ധഗിരി എന്നിവിടങ്ങളിൽ അഗതിമന്ദിരങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്.

**വന്യമൃഗങ്ങളും പക്ഷികളും നാട്ടിലേയ്ക്കിറങ്ങുന്നത് തടയാൻ നടപടി**

12 (*222) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) കാടിനകത്ത് ആവശ്യത്തിന് ആഹാരവും നിലനിൽപ്പും ലഭ്യമല്ലാത്തതിനാൽ വന്യമൃഗങ്ങളും പക്ഷികളും കാട്ടിനുള്ളിൽനിന്ന് നാട്ടിലേയ്ക്കിറങ്ങുന്ന സംഭവങ്ങൾ കൂടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വന്യമൃഗങ്ങളും പക്ഷികളും നാട്ടിൽ കൂടുതലായി വരുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തൃശ്ശൂരിൽ റോഡിലേയ്ക്ക് മയിൽ പറന്നുവന്ന് നവദമ്പതികൾ സഞ്ചരിച്ച ബൈക്കിലിടിച്ചുണ്ടായ അപകടത്തിൽ പുന്നയൂർക്കുളം സ്വദേശി മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. 16-8-2021-ന് തൃശ്ശൂർ പുഴക്കലിൽനിന്നും അയ്യന്തോൾ ഭാഗത്തേയ്ക്ക് പോകുന്ന റോഡിന് സമീപമുള്ള പാടത്തുനിന്നും ഒരു മയിൽ താഴ്ന്ന പറന്ന് റോഡ് മറികടക്കാൻ ശ്രമിക്കുന്നതിനിടയിൽ തിരക്കേറിയ റോഡിലൂടെ കെ.എൽ. 46-റ്റി-511 നമ്പർ ബുള്ളറ്റിൽ സഞ്ചരിച്ചിരുന്ന ദമ്പതിമാരുടെ ദേഹത്തിടിക്കുകയും ടി വാഹനം നിയന്ത്രണം വിട്ട് മറ്റൊരു വാഹനത്തിൽ ഇടിക്കുകയും തുടർന്ന് സമീപത്തെ മതിലിൽ ഇടിച്ച് ദമ്പതിമാർക്ക് ഗുരുതരമായി പരിക്കേൽക്കുകയും പിന്നീട് ബൈക്കിലുണ്ടായിരുന്ന പുരുഷൻ മരണപ്പെടുകയും ചെയ്തിട്ടുള്ളതാണ്.

(സി) ഇത്തരം സംഭവങ്ങൾ തടയാൻ കഴിഞ്ഞ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഈ സർക്കാർ എന്തൊക്കെ നടപടികളാണ് ഇതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഇത് തികച്ചും യാദൃച്ഛികമായ ഒരു സംഭവമാണ്. ഇത്തരത്തിലുള്ള സംഭവം മുമ്പ് റിപ്പോർട്ട് ചെയ്തിട്ടില്ല. പക്ഷികൾ റോഡിലേയ്ക്ക് പറന്നുവന്ന് അപകടമുണ്ടാകുന്നത് തികച്ചും യാദൃച്ഛികമായ സംഭവമായതിനാൽ ഇതിന് ഒരു പരിഹാരം കാണുകയെന്നത് പ്രയാസമാണ്. ടി കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്നത് പരിശോധിച്ചുമാത്രമേ തീരുമാനിക്കാൻ കഴിയുകയുള്ളൂ.

(ഡി) ഇത്തരം അപകടങ്ങളിൽ മരണമടയുന്നവരുടെ കുടുംബങ്ങൾക്ക് മതിയായ സഹായധനവും തുടർസംരക്ഷണവും നൽകാൻ തയ്യാറാകുമോ; വ്യക്തമാക്കാമോ?

വന്യജീവി ആക്രമണംമൂലം ജീവഹാനി, പരിക്ക്, സ്വത്തുനാശം, അംഗവൈകല്യം എന്നിവ ഉണ്ടാകുന്നവർക്ക് 5-4-2018-ലെ സ.ഉ.(കൈ)നം. 17/2018/വനം എന്ന ഉത്തരവ് പ്രകാരമാണ് നഷ്ടപരിഹാരം നൽകിവരുന്നത്. മേൽപ്പറഞ്ഞ സംഭവത്തിൽ മരണപ്പെട്ട ആളുടെ ആശ്രിതരിൽനിന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അർഹതപ്പെട്ട കോമ്പൻസേഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**പുനർഗേഹം പദ്ധതി**

13 (*223) ശ്രീ. എം. മുകേഷ്:
ശ്രീ. കെ. ജെ. മാക്സി:
ശ്രീമതി ദെലീമ:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) പുനർഗേഹം പദ്ധതിയിൽ തീരദേശത്തെ എത്ര കുടുംബങ്ങൾക്ക് ഭൂമിയും സുരക്ഷിത വീടും ഉറപ്പാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്?

പുനർഗേഹം പദ്ധതിയിൽ തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങൾക്കും ഭൂമിയും സുരക്ഷിത വീടും ഉറപ്പാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) ഗുണഭോക്തൃ പട്ടിക തയ്യാറായിട്ടുണ്ടോ; അതിന് സ്വീകരിച്ച മാനദണ്ഡങ്ങളും എത്ര പേർ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും അറിയിക്കാമോ?

ഉണ്ട്. ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ തീരദേശ ജില്ലകളിൽ നടത്തിയ വിശദമായ സർവ്വേയുടെ അടിസ്ഥാനത്തിൽ 18685 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിയിൽ അധിവസിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇവരെല്ലാം തന്നെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇതിനുപുറമെ മേൽ ലിസ്റ്റിൽ ഉൾപ്പെടുകയും അതിൽ വെവ്വേറെ റേഷൻ കാർഡുള്ള കുടുംബങ്ങൾ താമസിക്കുന്നുണ്ടെങ്കിൽ അവരെയും വ്യത്യസ്തഗുണഭോക്താക്കളായി പരിഗണിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്കുപുറമെ തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന ഇതര വിഭാഗങ്ങളെയും ഗുണഭോക്താക്കളായി പരിഗണിച്ചിട്ടുണ്ട്.

(സി) പദ്ധതിയുടെ ഭാഗമായി കടലിനോടുചേർന്നുള്ള ഭൂമി കൈവശക്കാരുടെ പക്കൽനിന്നും ഏറ്റെടുക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ?

ഉദ്ദേശിക്കുന്നില്ല.

**പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനായി പദ്ധതികൾ**

14 (*224) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. കെ. പി. എ. മജീദ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനായി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനായി നടപ്പാക്കുന്നതിന് സാധ്യത പരിശോധിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. ജില്ലാ തലത്തിൽ മത്സര പരീക്ഷാ പരിശീലന കേന്ദ്രങ്ങൾ.
2. പ്രധാനപ്പെട്ട സർവ്വകലാശാലകളോടനുബന്ധിച്ച് പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ.
3. മേഖലാതലത്തിൽ അഡ്വാൻസ്ഡ് സ്കിൽ ട്രെയിനിംഗ് സെന്ററുകൾ.

4. ഒ.ബി.സി. വിഭാഗങ്ങൾക്ക് സി.പി.എൽ. (കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ്) അടക്കമുള്ള കൂടുതൽ തൊഴിൽസാധ്യതയുള്ള കോഴ്സുകളിൽ ഉയർന്ന നിരക്കിലുള്ള പ്രത്യേക സ്കോളർഷിപ്പ്.

5. പരമ്പരാഗത നെയ്ത്ത് സമൂഹങ്ങൾക്ക് ആധുനികവത്കരിച്ച നെയ്ത്ത് കേന്ദ്രങ്ങൾ.

6. ശ്രീനാരായണ ഗുരുവിന്റെ പേരിൽ വിജ്ഞാന കേന്ദ്രങ്ങൾ - സാമൂഹ്യ സംഘടനകൾക്ക് ഗ്രന്ഥശാലകളും ഇന്റർനെറ്റ് സൗകര്യത്തോടെയുള്ള വിജ്ഞാന കേന്ദ്രങ്ങളും ആരംഭിക്കുന്നതിനുള്ള ഗ്രാന്റ്.

7. ഏക വരുമാനദായകനായ രക്ഷിതാവ് മരണപ്പെട്ട കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ പഠനത്തിനായി സ്മാർട്ട് ഫോൺ, ലാപ്ടോപ് തുടങ്ങിയ ഡിജിറ്റൽ ഉപകരണങ്ങൾ അനുവദിക്കുന്ന പദ്ധതി.

8. ചെറുകിട കച്ചവടക്കാർക്ക് ഷോപ്പ് നവീകരിക്കുന്നതിന് 1 ലക്ഷം രൂപ വരെ ഗ്രാന്റ്.

9. തെരുവ് കച്ചവടക്കാരുടെ പുനരധിവാസ പദ്ധതി.

10. ഓൺലൈൻ/മൊബൈൽ സപ്പോർട്ട് ഫോർ ഒ.ബി.സി. സ്റ്റുഡൻസ്.

11. ഫിനിഷിംഗ് സ്കൂൾസ്-എഞ്ചിനീയറിംഗ് മറ്റ് സാങ്കേതിക കോഴ്സുകൾ കഴിഞ്ഞവർക്ക് പരമാവധി 5 മാസം വരെ പരിശീലനം, ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനം.

12. ബി. പി. എൽ. കുടുംബങ്ങളിൽപ്പെട്ട യുവതികൾക്ക് വിവാഹ ധനസഹായം.

13. നിർദ്ധനരായ പിന്നാക്ക വിഭാഗങ്ങൾക്ക് ചികിത്സാ ധനസഹായം.

14. ബാങ്ക് ലിങ്ക്ഡ് സ്വയംതൊഴിൽ വായ്പാ സബ്സിഡി.

15. സ്വാശ്രയ മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ പഠിക്കുന്ന മാതാപിതാക്കൾ നഷ്ടപ്പെട്ടവരോ മാതാവോ പിതാവോ നഷ്ടപ്പെട്ടവരുടെ പെൺകുട്ടികൾക്ക് നവോത്ഥാന സ്കോളർഷിപ്പ്.

16. പിന്നാക്ക വിഭാഗങ്ങളുടെ തൊഴിൽശേഷി വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ കാലികമായ വെല്ലുവിളികൾ നേരിടാൻ പ്രാപ്തിയുള്ള വിജ്ഞാന സമൂഹമായി രൂപപ്പെടുത്തുന്നതിന് സ്വതന്ത്ര വൈജ്ഞാനിക സോഫ്റ്റ് വെയർ തയ്യാറാക്കി കുറഞ്ഞ ചെലവിൽ ലഭ്യമാക്കൽ.

(ബി) പ്രസ്തുത വകുപ്പിന്റെ റീജിയണൽ ഓഫീസുകൾ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത്; വെളിപ്പെടുത്തുമോ?

കൊല്ലം, എറണാകുളം, കോഴിക്കോട്, പാലക്കാട് എന്നീ ജില്ലകളിലാണ് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ഓഫീസുകൾ പ്രവർത്തിക്കുന്നത്.

(സി) കൂടുതൽ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും എല്ലാ ജില്ലകളിലും ഓഫീസിന്റെ പ്രവർത്തനമാരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഇതുസംബന്ധിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

**സമം പദ്ധതി**

15 (*225) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽമേഖലയിലുൾപ്പെടെ സ്ത്രീകൾക്ക് സാമൂഹിക സമത്വം ഉറപ്പുവരുത്തുന്നതിനും സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനും സാംസ്കാരിക വകുപ്പിന്റെ ചുമതലയിൽ സമം എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കാമോ?

ഭരണഘടന വാഗ്ദാനം ചെയ്യുന്ന സ്ത്രീ-പുരുഷ തുല്യത നിരാകരിക്കുന്നതും സ്ത്രീകൾക്കെതിരെ അതിക്രമങ്ങൾ നടത്തുന്നതും ക്രിമിനൽ കുറ്റകൃത്യമാണെന്നതു പോലെ ഒരു സാംസ്കാരിക പ്രശ്നവുമാണ്. കുറ്റകൃത്യങ്ങളെ ശക്തമായ നിയമങ്ങൾകൊണ്ട് നേരിടാം. എന്നാൽ സാംസ്കാരിക അപചയത്തെ സാംസ്കാരിക ഇടപെടൽകൊണ്ടുമാത്രമേ പരിഹരിക്കാൻ കഴിയുകയുള്ളൂ. ഈ തിരിച്ചറിവിന്റെ പശ്ചാത്തലത്തിൽ സമൂഹത്തിന്റെ സമസ്ത മണ്ഡലങ്ങളിലും സാംസ്കാരിക ഇടപെടൽ നടത്തുന്നതിന് " സമം - സ്ത്രീ സമത്വത്തിനായി സാംസ്കാരിക മുന്നേറ്റം" എന്ന ഒരുവർഷം നീണ്ടുനിൽക്കുന്ന പദ്ധതി സാംസ്കാരികകാര്യ വകുപ്പ് ആവിഷ്കരിച്ചു നടപ്പിലാക്കിവരികയാണ്. സംസ്ഥാനത്തെ സ്കൂൾ/കോളേജ് വിദ്യാർത്ഥികൾ, യുവജനങ്ങൾ, തൊഴിലാളികൾ, മുതിർന്നവർ, എൻ.ജി.ഒ.-മാർ എന്നിങ്ങനെ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലേയ്ക്കും ഇറങ്ങിച്ചെല്ലുവാനുതകുന്ന തരത്തിലാണ് പരിപാടി വിഭാവനം ചെയ്തിട്ടുള്ളത്. സാംസ്കാരികകാര്യ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾക്കുപുറമെ യുവജനക്ഷേമ ബോർഡ്, യുവജന കമ്മീഷൻ, നെഹ്റു യുവകേന്ദ്ര, എൻ.എസ്.എസ്., എസ്.പി.സി., എൻ.സി.സി., സാമൂഹ്യ സന്നദ്ധ സേന, സർവ്വകലാശാലാ യൂണിയനുകൾ, കോളേജ് യൂണിയനുകൾ, ലൈബ്രറി

കൗൺസിൽ എന്നീ സ്ഥാപനങ്ങളെയെല്ലാം ഇതിൽ പങ്കാളികളാക്കിയാണ് പദ്ധതി നടപ്പിലാക്കുന്നത്. പരിപാടിയുടെ സംഘാടനത്തിനായി സംസ്ഥാന - ജില്ലാ - പഞ്ചായത്ത് - വാർഡ് തലങ്ങളിൽ സംഘാടക സമിതികൾ രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധം I* ആയി ഉള്ളടക്കം ചെയ്തിരിക്കുന്നു. 'സമം' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 2021 സെപ്റ്റംബർ 4-ന് ബഹു. മുഖ്യമന്ത്രി നിർവ്വഹിച്ചു. പ്രശസ്ത ഗായിക പത്മഭൂഷൺ കെ. എസ്. ചിത്രയെ 'സമം' പരിപാടിയുടെ അംബാസിഡറായി പ്രഖ്യാപിച്ചിട്ടുണ്ട്. ഭരണഘടനാധിഷ്ഠിതമായ അവകാശങ്ങളും സുരക്ഷയും സ്ത്രീകൾക്ക് നൽകുന്നതിനും നിയമപരമായി ഇപ്പോൾ നിലവിലുള്ള ചട്ടങ്ങളെപ്പറ്റി ബോദ്ധ്യപ്പെടുത്തുന്നതിനുമുള്ളതാണ് ഈ പരിപാടി.

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഇന്ത്യൻ ഭരണഘടന വാഗ്ദാനം ചെയ്യുന്ന സ്ത്രീ-പുരുഷ തുല്യത സമസ്ത മണ്ഡലങ്ങളിലും നടപ്പാക്കുകയെന്ന ഉദ്ദേശ്യത്തോടെയാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ജനാധിപത്യ മൂല്യങ്ങളുടെ അടിസ്ഥാന ഘടകമായി മാറേണ്ട കുടുംബം, പിന്തിരിപ്പൻ ആശയങ്ങളുടെ വിളഭൂമിയായി മാറാതിരിക്കാൻ പരിശ്രമിക്കേണ്ടതുണ്ട്. ഈ വർത്തമാനകാല ജീർണ്ണതയിൽനിന്നുള്ള സാംസ്കാരിക നവോത്ഥാനമാണ് 'സമം" ലക്ഷ്യമിടുന്നത്. സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങളും വിവേചനവും തടയുന്നതിന് തൊഴിലിടങ്ങൾ, പൊതു ഇടങ്ങൾ, വീടുകങ്ങൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിലെ വിദ്യാഭ്യാസ പ്രചരണ പരിപാടിയാണ് ലക്ഷ്യമിടുന്നത്. ഇതിൽ എല്ലാ സംഘടനകളെയും പ്രസ്ഥാനങ്ങളെയും സഹകരിപ്പിക്കുന്നതാണ്.

(സി) പദ്ധതി നടപ്പിലാക്കുന്നതിന് ഏതെല്ലാം സ്ഥാപനങ്ങളുടെ സഹകരണവും പങ്കാളിത്തവുമാണ് ഉറപ്പാക്കിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

സംസ്ഥാനത്തെ സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ, യുവജനങ്ങൾ, തൊഴിലാളികൾ, മുതിർന്നവർ, എൻ.ജി.ഒ.-മാർ എന്നിങ്ങനെ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലേയ്ക്കും ഇറങ്ങിച്ചെല്ലുവാനുതകുന്ന തരത്തിലാണ് പരിപാടി വിഭാവനം ചെയ്തിട്ടുള്ളത്. സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾക്കുപുറമെ യുവജന ക്ഷേമ ബോർഡ്, യുവജന കമ്മീഷൻ, നെഹ്റു യുവകേന്ദ്ര, എൻ.എസ്.എസ്., എസ്.പി.സി., എൻ.സി.സി., സാമൂഹ്യ സന്നദ്ധ സേന, സർവ്വകലാശാലാ യൂണിയനുകൾ, കോളേജ് യൂണിയനുകൾ, ലൈബ്രറി കൗൺസിൽ എന്നീ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ഥാപനങ്ങളെയും സമം പദ്ധതിയിൽ പങ്കാളികളാക്കുന്നതാണ്. പരിപാടിയുടെ സംഘാടനത്തിനായി സംസ്ഥാന – ജില്ലാ - പഞ്ചായത്ത് - വാർഡ് തലങ്ങളിൽ സംഘാടക സമിതികൾ രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. സാംസ്കാരിക വകുപ്പിനുകീഴിലെ വിവിധ സ്ഥാപനങ്ങൾ വ്യത്യസ്തമായ ക്യാമ്പയിൻ പ്രവർത്തനത്തിലൂടെ ഈ പരിപാടികൾക്ക് നേതൃത്വം കൊടുക്കുന്നുണ്ട്.

(ഡി) പദ്ധതിയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി വിവിധ മേഖലയിലുള്ളവരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു സാംസ്കാരിക മുന്നേറ്റം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

പദ്ധതിയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനതലത്തിൽ മുഖ്യമന്ത്രി ചെയർമാനായും, സാംസ്കാരിക വകുപ്പുമന്ത്രി വൈസ് ചെയർമാനായും, സാംസ്കാരിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ജനറൽ കൺവീനറായും യുവജനക്ഷേമ ബോർഡ് വൈസ് ചെയർമാൻ ജോയിന്റ് കൺവീനറായും ബന്ധപ്പെട്ട സ്ഥാപനങ്ങളുടെയും സംഘടനകളുടെയും സംസ്ഥാനതല ചുമതലക്കാരും കൂടാതെ 10 പ്രമുഖ വ്യക്തിത്വങ്ങൾ അംഗങ്ങളായും സംസ്ഥാനതല കമ്മിറ്റി നിലവിലുണ്ട്. ജില്ലാ തലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ജില്ലാ കളക്ടർ കൺവീനറായും ജില്ലയിലെ എം.പി.-മാർ, എം.എൽ.എ.-മാർ അല്ലെങ്കിൽ അവർ നിർദ്ദേശിക്കുന്ന വ്യക്തികൾ, ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ജില്ലാതല ചുമതലക്കാർ, കൂടാതെ ജില്ലയിലെ പ്രമുഖ വ്യക്തിത്വങ്ങൾ എന്നിവരടങ്ങിയ ജില്ലാതല കമ്മിറ്റി നിലവിലുണ്ട്. പഞ്ചായത്ത്/കോർപ്പറേഷൻ/മുനിസിപ്പാലിറ്റി തലത്തിലും തദ്ദേശഭരണ മേധാവികളുടെ നേതൃത്വത്തിൽ കമ്മിറ്റികൾ രൂപീകരിക്കും. കൂടാതെ വാർഡുതലങ്ങളിലും ജാഗ്രതാ സമിതികൾ രൂപീകരിക്കും. ഒരു വർഷം നീണ്ടുനിൽക്കുന്ന സമം പദ്ധതിയിൽ താഴെപ്പറയുന്ന 23 ഇനം പരിപാടികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

1. ഒരു വർഷം നീണ്ടുനിൽക്കുന്ന ക്യാമ്പയിനിൽ ലിംഗ സമത്വം അടിസ്ഥാന പൗരാവകാശമായി അംഗീകരിച്ച്, നിരവധി വിഷയങ്ങളിൽ സെമിനാറുകൾ.

2. സ്ത്രീ സ്വാതന്ത്ര്യത്തെയും ശാക്തീകരണത്തേയും അടയാളപ്പെടുത്തുന്ന–മൈക്രോഫിലിംസ്.

3. മൂന്ന് മിനിറ്റ് വരുന്ന കവിതയും, സംഗീതവും നൃത്തവും ഇഴചേർത്ത – ജിംഗിൾസ്.

4. വിഖ്യാത വ്യക്തിത്വങ്ങളുടെ വാക്കുകളിലൂടെയും കവിതകളിലൂടെയും ലിംഗനീതിക്കായുള്ള - മൾട്ടി മീഡിയ മ്യൂസിക് ആൽബം.

5. ചരിത്രത്തിലെയും പുരാവൃത്തങ്ങളിലെയും വീരാംഗനമാരുടെ പ്രാധാന്യത്തെ ഓർമ്മപ്പെടുത്തുന്ന - ഹ്രസ്വ ദൃശ്യാവിഷ്കാരങ്ങൾ.

6. പ്രതിസന്ധികളിൽ പതറാതെ വിജയം കൈവരിച്ച വർത്തമാനകാല സ്ത്രീകളെക്കുറിച്ചുള്ള മോട്ടിവേഷൻ ഫിലിംസ്.

7. കേരളത്തിലെ നവോത്ഥാന നാടകങ്ങളിലെയും ലോക പ്രശസ്ത നാടകങ്ങളിലെയും സ്ത്രീനീതിയുടെ തീവ്രതയാർന്ന രംഗങ്ങൾ ഉൾപ്പെടുത്തിയ-മൈക്രോ തിയേറ്റർ സ്കെച്ചസ്.

8. സമൂഹത്തിലെ സ്ത്രീകളുടെ ഇച്ഛാശക്തി വളർത്തിയെടുക്കുവാനായി പെൺ-കലാസംഘങ്ങൾ ഒരുക്കുന്ന മോട്ടിവേഷൻ മൈം.

9. ലിംഗനീതി പ്രമേയമാക്കി വിദ്യാർത്ഥികൾക്കും പൊതുവിഭാഗത്തിലും നടത്തുന്ന റേഡിയോ നാടക മത്സരം.

10. സമം-സാംസ്കാരിക ദൗത്യത്തിന്റെ ആശയം പ്രചരിപ്പിക്കുന്ന ആനിമേഷനുകൾ.

11. വനിതാ ചലച്ചിത്ര പ്രവർത്തകരുടെ ക്യാമ്പ് നടത്തി ഒരുക്കുന്ന - ഷോർട്ട് ഫിലിമുകൾ.

12. സമൂഹത്തിലേയ്ക്ക് നല്ല സന്ദേശം പകരുന്ന നായികാ പ്രാധാന്യമുള്ള ചലച്ചിത്രങ്ങളുടെ ടൂറിംഗ് തിയേറ്റർ പദ്ധതി.

13. മലയാള സാഹിത്യത്തിലെ പെണ്ണെഴുത്തിന്റെ ചരിത്രവും എഴുത്തുകാരികൾ അവതരിപ്പിക്കുന്ന വിവിധ സാംസ്കാരിക ആവിഷ്കാരങ്ങളും "അവൾ സാഹിത്യത്തിൽ "

14. രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക മേഖലകളിലെ സ്ത്രീ സംഭാവനകളെ അടയാളപ്പെടുത്തുന്ന ഇൻഫർമേറ്റീവ് വീഡിയോസ്.

15. ചലച്ചിത്രങ്ങളിലെ കരുത്താർന്ന സ്ത്രീ കഥാപാത്രങ്ങളിലൂടെയുള്ള ബോധവത്കരണ പരിപാടികൾ.

16. ഷീ-റേഡിയോ.

(1) സമകാലിക സ്ത്രീ നീതിക്കുവേണ്ടിയുള്ള ചിന്തകൾ അവതരിപ്പിക്കുന്ന പെൺ കവിയരങ്ങുകൾ.

(2) ഓഡിയോ ബുക്ക് - എന്റെ ശബ്ദം എന്ന പേരിൽ വിവിധ സാമൂഹിക വിഷയങ്ങളിലെ സ്ത്രീകളുടെ പ്രതികരണങ്ങൾ.

(3) സ്ത്രീ കേന്ദ്രീകൃത രചനകളുടെ ആവിഷ്കാരം.

17. ലിംഗസമത്വം എന്ന ആശയത്തെ മുൻനിർത്തി വിവിധ ഭാഗങ്ങളിലുള്ളവർക്കുവേണ്ടി സംസ്ഥാനതലത്തിൽ പോസ്റ്റർ മത്സരം.

18. ഒരു ഗ്യാലറിയിൽ 7 ദിവസം എന്ന ക്രമത്തിൽ ലളിതകലാ അക്കാദമിയുടെ 12 ആർട്ട് ഗ്യാലറികളിൽ ചിത്രകാരികളുടെ ചിത്രപ്രദർശനങ്ങൾ.

19. കേരളവും സ്ത്രീസമൂഹവും എന്ന പേരിലുള്ള കൈപ്പുസ്തകം.

20. നവോത്ഥാന വനിതാ സാഹിത്യ ശിൽപ്പശാല-ഫെല്ലോഷിപ്പുകളും ശിൽപ്പശാല ഒരുക്കി ലിംഗസമത്വത്തിനായുള്ള പദകോശവും (ലഘു വിജ്ഞാന കോശം).

21. കേരളത്തിലെ സിനിമ-സാംസ്കാരിക-സാമൂഹിക രംഗത്തെ പ്രമുഖ വ്യക്തിത്വങ്ങൾ പങ്കെടുക്കുന്ന സംവാദങ്ങൾ.

22. സ്ത്രീപക്ഷ നിയമ ബോധവത്കരണ പരിപാടികൾ.

23. സ്ത്രീകളുടെ സാമൂഹ്യ-സാംസ്കാരിക വളർച്ചകളുടെ വിവിധ ഘട്ടങ്ങൾ അവതരിപ്പിച്ചുകൊണ്ടുള്ള ക്യാമ്പയിനുകൾ. മേൽ പരിപാടികളുടെ നടത്തിപ്പിനായി ചുവടെപറയുന്ന രീതിയിൽ പ്രോഗ്രാം കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട ഉള്ളടക്ക രൂപീകരണം, അവയുടെ അംഗീകാരം, നടത്തിപ്പ് ചുമതലകൾ തുടങ്ങിയവ ഈ കമ്മിറ്റിയുടെ കൂട്ടായ തീരുമാനപ്രകാരം ആയിരിക്കും. ചെയർ പേഴ്സൺ - പ്രൊഫ. സുജ സൂസൻ ജോർജ്ജ് ഡയറക്ടർ, മലയാളം മിഷൻ കൺവീനർ ശ്രീമതി എൻ. മായ ഐ.എഫ്.എസ്, മാനേജിംഗ് ഡയറക്ടർ, കെ.എസ്.എഫ്.ഡി.സി. അംഗങ്ങൾ - ശ്രീ. പ്രമോദ് പയ്യന്നൂർ, മെമ്പർ സെക്രട്ടറി, ഭാരത് ഭവൻ പ്രൊഫ. വി. കാർത്തികേയൻ നായർ, ഡയറക്ടർ, കേരളഭാഷാ

ഇൻസ്റ്റിറ്റ്യൂട്ട്, ശ്രീ. അജോയ്, സെക്രട്ടറി, കേരള ചലച്ചിത്ര അക്കാദമി. പ്രോഗ്രാം കമ്മിറ്റിയുടെ അംഗീകാരത്തോടെ സമം പദ്ധതിയുടെ ആശയവുമായി പൊരുത്തപ്പെടുന്ന മറ്റു പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കും.

(ഇ) പദ്ധതിയുടെ വിപുലീകരണത്തിന്റെ ഭാഗമായി സമൂഹത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന സ്ത്രീകളെ ആദരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഒരു വർഷംകൊണ്ട് 1001 പ്രഗത്ഭ വനിതകളെ ആദരിക്കുന്നതാണ്. സമൂഹത്തിൽ വ്യത്യസ്ത മേഖലകളിൽ മികവുകൾ പ്രകടിപ്പിച്ചിട്ടുള്ള 1001 പ്രഗത്ഭ വനിതകളെ കണ്ടെത്തി ആദരിക്കുകയും അവരുടെ പ്രൊഫൈലുകൾ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നത് സമത്തിന്റെ ഒരു പ്രധാന പരിപാടിയാണ്. സമം പദ്ധതിയുടെ അംബാസിഡറായി പത്മഭൂഷൺ ശ്രീമതി കെ. എസ്. ചിത്രയെയാണ് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. താഴെ പറയുന്ന 12 പ്രഗത്ഭ വനിതകളെ ഇതിനോടകം ആദരിച്ചിട്ടുണ്ട്.

1. ശ്രീമതി നഞ്ചിയമ്മ - ഗോത്രകലാകാരി
2. പത്മശ്രീ ലക്ഷ്മിക്കുട്ടി - പാരമ്പര്യവൈദ്യം
3. പത്മശ്രീ എം.ഡി. വത്സമ്മ - കായികം
4. ജസ്റ്റിസ് ഫാത്തിമാ ബീവി - ആദ്യ വനിതാ സുപ്രീംകോടതി ജഡ്ജി
5. ശ്രീലേഖ ഐ.പി.എസ്. - കേരളത്തിലെ ആദ്യ വനിതാ ഐ.പി.എസ്. ഓഫീസർ
6. കുമാരി ആര്യ രാജേന്ദ്രൻ - മേയർ, തിരുവനന്തപുരം
7. ഡോ. കെ. ഓമനക്കുട്ടി - സംഗീതജ്ഞ
8. ശ്രീമതി സേതുലക്ഷ്മി - നാടക - സിനിമാതാരം
9. ശ്രീമതി ഫൗസിയ ഫാത്തിമ - ക്യാമറ വുമൺ
10. ശ്രീമതി ദീപ ജോസഫ് - ആംബുലൻസ് ഡ്രൈവർ
11. ശ്രീമതി കെ.സി. രേഖ - ആഴക്കടൽ മത്സ്യബന്ധനത്തിൽ ലൈസൻസ് നേടിയ ആദ്യ വനിത
12. ഡോ. എസ്. ഓമന - ശ്രീനാരായണ ദർശനം (ഗവേഷണം)

## പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവരുടെ സമഗ്ര ആരോഗ്യ സുരക്ഷ

16 (*226) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീമതി സി. കെ. ആശ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) ചികിത്സാ സൗകര്യങ്ങളുടെ കുറവും പോഷകാഹാരക്കുറവുംമൂലം പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ ഉയർന്ന മാതൃ-ശിശു മരണനിരക്ക് റിപ്പോർട്ട് ചെയ്യപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചികിത്സാ സൗകര്യങ്ങളുടെ കുറവും പോഷകാഹാര കുറവുംമൂലം പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ ഉയർന്ന മാതൃ-ശിശു മരണ നിരക്ക് നിലവിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വനാന്തരങ്ങളിൽ താമസിക്കുന്ന പട്ടിക ഗോത്രവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവരുടെ സമഗ്ര ആരോഗ്യ സുരക്ഷയ്ക്കുവേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളെന്തെല്ലാമെന്ന് വിശദമാക്കുമോ?

വനാന്തരങ്ങളിൽ താമസിക്കുന്ന പട്ടിക ഗോത്രവർഗ്ഗക്കാർ ഉൾപ്പെടെയുള്ള പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ സംരക്ഷണത്തിനായി ചുവടെ പറയുന്ന പദ്ധതികൾ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്നു:

സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി:

എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ എല്ലാ പട്ടികവർഗ്ഗക്കാർക്കും 10,000 രൂപ വരെ ചികിത്സാച്ചെലവ് സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജ് ആശുപത്രികളിലും സൗജന്യമായി ലഭിക്കുന്നു. ബി.പി.എൽ വിഭാഗത്തിൽപ്പെട്ട (വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ള) രോഗികൾക്ക് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികൾ, സർക്കാർ മെഡിക്കൽ കോളേജ്, ഇതുമായി ബന്ധപ്പെട്ട ആശുപത്രികൾ, കണ്ണൂരിലെ പരിയാരം സഹകരണ മെഡിക്കൽ കോളേജ്, തിരുവനന്തപുരത്തെ ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി, റീജിയണൽ കാൻസർ സെന്റർ, ശ്രീ അവിട്ടം തിരുനാൾ ആശുപത്രി, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജി എന്നീ സ്ഥാപനങ്ങൾവഴി സൗജന്യ ചികിത്സ നൽകിവരുന്നു. ചികിത്സാ ചെലവ് 50,000 രൂപയിൽ അധികരിക്കുകയാണെങ്കിൽ സർക്കാർ ഉത്തരവിലൂടെ ചികിത്സാച്ചെലവ് അനുവദിക്കുന്നു. അരിവാൾ

രോഗികൾക്കുള്ള സാമ്പത്തിക സഹായം വയനാട്, പാലക്കാട്, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ താമസിക്കുന്ന പട്ടിക വർഗ്ഗക്കാർക്കിടയിൽ കണ്ടുവരുന്ന പാരമ്പര്യ രോഗമായ സിക്കിൾസെൽ അനീമിയ അഥവാ അരിവാൾ രോഗം ബാധിച്ചവർക്ക് ധനസഹായം നൽകുന്നതിനുവേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണിത്. 30.03.2017-ലെ സ.ഉ.(സാധാ) നമ്പർ949/2017/പജ.പവ.വിവ. പ്രകാരം ടി തുക 2,500 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ഇടുക്കി, തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് എന്നിവിടങ്ങളിലായി ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. കൂടാതെ KMSCL (Kerala Medical Services Corporation Limited) മുഖേന തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട് (2 - എണ്ണം) കോഴിക്കോട്, മലപ്പുറം, കാസർഗോഡ്, കണ്ണൂർ, വയനാട് (2-എണ്ണം) എന്നീ ജില്ലകളിൽ ആകെ 14 ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഒ.പി. ക്ലിനിക്കുകളും ആയുർവ്വേദ ഡിസ്പെൻസറികളും പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 5 അലോപ്പതി ഒ.പി. ക്ലിനിക്കുകളും ആറളത്ത് ഒരു ആയുർവ്വേദ ആശുപത്രിയും സംസ്ഥാനത്താകെ 17 ആയുർവ്വേദ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നു. ഇടുക്കി ജില്ലയിൽ വെള്ളക്കയം, കോവിൽക്കടവ് എന്നീ സ്ഥലങ്ങളിൽ ഓരോ ഒ.പി. ക്ലിനിക്കുകളും തൃശ്ശൂർ ജില്ലയിൽ മലക്കപ്പാറയിൽ ഒരു ഒ.പി. ക്ലിനിക്കും അട്ടപ്പാടിയിൽ ഇലച്ചിവഴി, പാടവയൽ എന്നീ ഇടങ്ങളിൽ ഓരോ ഒ.പി. ക്ലിനിക്ക് വീതവും പ്രവർത്തിക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ 4 ANM സെന്ററുകൾ പ്രവർത്തിക്കുന്നു. (Auxiliary Nurse & Mid-wifery Centre)

(സി) പട്ടികവർഗ്ഗ വിഭാഗങ്ങളിലെ സ്ത്രീകളുടെ പ്രസവവും പ്രസവ ശുശ്രൂഷകളും പൂർണ്ണമായും ആശുപത്രിയിൽ നടത്തുന്നുവെന്ന് ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

പട്ടികവർഗ്ഗ വിഭാഗങ്ങളിലെ സ്ത്രീകളുടെ പ്രസവവും പ്രസവ ശുശ്രൂഷകളും ആശുപത്രികളിൽ നടക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനായി പട്ടികവർഗ്ഗ പ്രൊമോട്ടർമാർ, ആശാ വർക്കർമാർ, അങ്കണവാടി പ്രവർത്തകർ അതത് ഇടങ്ങളിലെ ചുമതലയുള്ള ജെ.പി.എച്ച്.എൻ.-മാർ, ഊര് മിത്രം എന്നിവരുടെ സേവനം ഉറപ്പുവരുത്തുന്നുണ്ട്. ബോധവത്കരണം, കൃത്യമായ നിരീക്ഷണം മുതലായ നടപടികളിലൂടെ കൃത്യസമയത്ത് ചികിത്സ ലഭ്യമാക്കുന്നുണ്ട്. അടിയന്തര സന്ദർഭങ്ങളിൽ ആവശ്യമായ വാഹന സൗകര്യം, ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ സേവനം മുതലായവ ലഭ്യമാക്കുന്നു.

(ഡി) വനാന്തര ഭാഗത്ത് താമസിക്കുന്ന ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ആരോഗ്യ ശുശ്രൂഷയ്ക്കായി പട്ടികവർഗ്ഗ വിഭാഗത്തിലെ സ്ത്രീകൾക്ക് ആവശ്യമായ പരിശീലനം നൽകി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വനാന്തരങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗ സ്ത്രീകളുടെ ശുശ്രൂഷയ്ക്കായി നിലവിൽ ഹെൽത്ത്/ഫീൽഡ് പ്രൊമോട്ടർമാർ, ആശാപ്രവർത്തകർ, സമീപത്തുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലെ വനിതാ ജീവനക്കാർ, അങ്കണവാടി ജീവനക്കാർ, വനം വകുപ്പ്, തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തിവരുന്നു. ഗോത്രഭാഷ അറിയുന്ന, പാരാമെഡിക്കൽ കോഴ്സുകൾ പ്രത്യേകിച്ച് ജനറൽ നഴ്സിംഗ് & മിഡ് വൈഫറി പഠിച്ചവരെ ഓണറേറിയം വ്യവസ്ഥയിൽ അടുത്തുള്ള പ്രാഥമികാരോഗ്യ കേന്ദ്രത്തിലോ, ആരോഗ്യ സ്ഥാപനങ്ങളിലോ നിയമിച്ചുകൊണ്ട് പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ആരോഗ്യ സേവനങ്ങൾ നൽകുന്നതിനായിട്ടുള്ള പദ്ധതിക്ക് (ഗോത്ര വർഗ്ഗ പാരാമെഡിക്സ്) ബഡ്ജറ്റിൽ അനുമതി നൽകിയിട്ടുണ്ട്.

**ജനജാഗ്രതാ സമിതികൾ**

17 (*227) ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

വന്യമൃഗ ആക്രമണം കുറയ്ക്കുന്നതിന് വനം വകുപ്പിന്റെ നേതൃത്വത്തിൽ ജനജാഗ്രതാ സമിതികളിലൂടെ എന്തെല്ലാം പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദമാക്കാമോ?

ജനജാഗ്രതാ സമിതികളുടെ ഉത്തരവാദിത്തങ്ങളും കടമകളും താഴെ പറയുന്നു:

1. വന്യജീവി ആക്രമണമുണ്ടാകുന്ന മേഖലകളിൽ വനം വകുപ്പിന്റെ ജനകീയ മുഖമായി പ്രവർത്തിച്ച് ജനങ്ങളെ സഹായിക്കുക.

2. പ്രദേശത്തിന് ഏറ്റവും യോജിച്ച പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ച് വനം വകുപ്പിനെ അറിയിക്കുക.

3. അടിയന്തര സാഹചര്യങ്ങളിലും അല്ലാത്തപക്ഷം ചുരുങ്ങിയത് 3 മാസത്തിലൊരിക്കലെങ്കിലും യോഗംകൂടി വേണ്ട ശിപാർശകൾ വനം വകുപ്പ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകുക.

4. നിലവിൽ നിർമ്മിച്ചിട്ടുള്ള പ്രതിരോധ മാർഗ്ഗങ്ങളായ സൗരോർജ്ജ കമ്പിവേലി, കിടങ്ങ്, മതിൽ എന്നിവയ്ക്ക് കേട്ടുപാടുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ആ വിവരം ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസറെ അറിയിക്കുകയും കമ്മറ്റിയിൽ ചർച്ച ചെയ്ത് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക.

5. വന്യജീവി ആക്രമണം ഉണ്ടാകുന്ന പക്ഷം, എത്രയും പെട്ടെന്ന് സ്ഥലത്തെത്തി വേണ്ട നടപടികൾ സ്വീകരിക്കാൻ വനം വകുപ്പിനെ സഹായിക്കുക.

6. വനാതിർത്തി പങ്കിടുന്ന മേഖലകളിൽ വന്യജീവികളെ ആകർഷിക്കാത്ത തരത്തിലുള്ള കൃഷി നടത്തുന്നതിന് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്ന വനം വകുപ്പിന്റെ നടപടികളിൽ പങ്കാളികളാകുക.

7. വന്യജീവികൾ കാടിനു പുറത്തേയ്ക്ക് വരുന്നത് ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശ വാസികളെ മുൻകൂട്ടി അറിയിക്കുന്നതിനുള്ള എസ്.എം.എസ്., അലർട്ട് സിസ്റ്റം തുടങ്ങിയ സംവിധാനങ്ങളുടെ പ്രവർത്തനം കുറ്റമറ്റ രീതിയിലുള്ളതാണെന്ന് ഉറപ്പുവരുത്തുക.

**വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനായി സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കൽ**

18 (*228) ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) വനവിസ്തൃതി വർദ്ധിപ്പിച്ച് സ്വാഭാവിക വനം പുനഃസ്ഥാപിക്കുന്നതിനുവേണ്ടി ഏറ്റെടുക്കുന്ന സ്വകാര്യ എസ്റ്റേറ്റ് ഭൂമിക്ക് പ്രതിഫലം നൽകുന്നതിന് വ്യവസ്ഥയുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതിയിൽ (RKDP) ഉൾപ്പെട്ടിട്ടുള്ള ഉപപദ്ധതിയാണ് സ്വകാര്യ എസ്റ്റേറ്റുകളുടെ ഏറ്റെടുക്കൽ. വനത്തിനകത്ത് സ്ഥിതിചെയ്യുന്ന സ്വകാര്യ എസ്റ്റേറ്റുകൾക്ക് അർഹമായ നഷ്ടപരിഹാരം നൽകി ഏറ്റെടുത്ത് സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനമാണ് പദ്ധതിവഴി ലക്ഷ്യമാക്കുന്നത്. കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രൈജൈൽ ലാൻഡ്സ്) ആക്ട്, 2003 സെക്ഷൻ 4(1) പ്രകാരം നഷ്ടപരിഹാരം നൽകിയോ, അല്ലെങ്കിൽ റൈറ്റ് റ്റു ഫെയർ കോമ്പൻസേഷൻ &

ട്രാൻസ്പാരൻസി ഇൻ ലാൻഡ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ & റീസെറ്റിൽമെന്റ് ആക്ട് 2013 പ്രകാരമോ സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനാണ് അനുമതിയുള്ളത്.

(ബി) ഈ പദ്ധതിയിലൂടെ സ്വകാര്യ എസ്റ്റേറ്റുകൾ വിട്ടൊഴിയുന്നതിന് ഉടമകൾ തയ്യാറായിട്ടുണ്ടോ; വിശദമാക്കാമോ?

സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ഡിവിഷൻ തലത്തിൽ സ്വകാര്യ എസ്റ്റേറ്റ് ഉടമകളുമായി പ്രാരംഭ ചർച്ചകൾ ആരംഭിക്കുകയും ബന്ധപ്പെട്ട രേഖകളുടെ പരിശോധനയും നടത്തിവരുന്നു. സ്വകാര്യ എസ്റ്റേറ്റുകൾ വിട്ടൊഴിയുന്നതിന് സന്നദ്ധരായ ഉടമകളുടെ സ്വകാര്യ എസ്റ്റേറ്റ് ഭൂമിയുടെ വിവരങ്ങൾ ഡിവിഷൻതലത്തിൽനിന്നും ശേഖരിച്ചു വരുന്നു. ടി പ്രൊപ്പോസലുകൾ റീ ബിൽഡ് കേരള ഡെവലപ്പ്മെന്റ് പദ്ധതിയുടെ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി (SLEC) മുമ്പാകെ സമർപ്പിച്ച് അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) സ്വകാര്യഭൂമി ഏറ്റെടുത്തുകൊണ്ട് വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ധനസഹായം ലഭിക്കുന്നുണ്ടോ; വിശദമാക്കാമോ?

വയനാട് വന്യജീവി സങ്കേതത്തിനുള്ളിലെ 14 സെറ്റിൽമെന്റുകളിൽ അധിവസിക്കുന്ന 800 കുടുംബങ്ങളെ വനത്തിന് പുറത്തേയ്ക്ക് മാറ്റി താമസിപ്പിക്കുന്നതിനുള്ള 80 കോടി രൂപയുടെ കേന്ദ്രധനസഹായത്തോട് കൂടിയുള്ള സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി 2011-12 മുതൽ നടന്നുവരുന്നു. യോഗ്യതയുള്ള ഓരോ കുടുംബത്തിനും 10 ലക്ഷം രൂപവീതം സാമ്പത്തിക സഹായം നൽകിയാണ് പദ്ധതി നടപ്പാക്കുന്നത്. ഈ പദ്ധതിക്കായി 38.94 കോടി രൂപ അനുവദിച്ചതിൽ 37.96 കോടി രൂപ ചെലവാക്കുകയും 339 കുടുംബങ്ങളെ ഇതിനോടകം മാറ്റിപ്പാർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനും വനപരിപാലനം കാര്യക്ഷമ മാക്കുന്നതിനും നടപ്പുവർഷം പരിഗണനയിലുള്ള പരിപാടികളുടെ വിശദാംശം വെളിപ്പെടുത്തുമോ?

വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനും വനപരിപാലനം കാര്യക്ഷമ മാക്കുന്നതിനും നടപ്പുവർഷം നിലവിൽ ചെയ്തുവരുന്നതും പരിഗണനയിലുള്ളതുമായ പരിപാടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

സംസ്ഥാനത്ത് വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ, പുറമ്പോക്കുകൾ, റിസർവ് വനമായി പ്രഖ്യാപിക്കാത്ത വനഭൂമികൾ എന്നിവ റിസർവ് വനമായി പ്രഖ്യാപിക്കുന്നതിനുള്ള

നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. റീബിൽഡ് കേരള പദ്ധതിയുടെ കീഴിൽ വനത്തിനുള്ളിലും വനത്തിനോടുചേർന്ന് കിടക്കുന്ന സ്വകാര്യ എസ്റ്റേറ്റുകളും ഏറ്റെടുക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. റീബിൽഡ് കേരള, കിഫ്ബി തുടങ്ങിയ പദ്ധതികൾ മുഖേന ഉൾവനങ്ങളിലെ സ്വകാര്യ ഭൂമികളിൽ താമസിക്കുന്നവർക്ക് മതിയായ നഷ്ടപരിഹാരം നൽകി അർഹരായ കുടുംബങ്ങൾക്ക് സ്വയം സന്നദ്ധത പ്രകാരമുള്ള പുനരധിവാസ പദ്ധതിയും പരിഗണനയിലുണ്ട്. ശോഷണം സംഭവിച്ച വനഭാഗങ്ങളിൽ ശോഷിക്കപ്പെട്ട വനങ്ങളുടെ പുനരുജ്ജീവനം, പ്രകൃതിദത്ത വനങ്ങളുടെ സഹായ വനവത്കരണം എന്നീ പദ്ധതികളിലൂടെ പുനരുജ്ജീവിപ്പിച്ച് സ്വാഭാവിക വനങ്ങളാക്കി മാറ്റുന്നതിനുള്ള ഇക്കോറെസ്റ്റോറേഷൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വനപരിപാലനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വനപരിപാലനത്തിനും വനസമ്പത്ത് കാത്തുസൂക്ഷിക്കുന്നതിനും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ, പ്ലാന്റേഷനുകൾ നട്ടുപിടിപ്പിക്കൽ, അവയുടെ സംരക്ഷണ പ്രവർത്തനങ്ങൾ കൂടാതെ മണ്ണൊലിപ്പ് തടയുന്നതിനും ജലസംരക്ഷണത്തിനുമുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. അധിനിവേശ സസ്യങ്ങളെ ഒഴിവാക്കി തദ്ദേശീയ വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചും പുൽമേടുകൾ സംരക്ഷിച്ചും ജൈവവൈവിധ്യ സംരക്ഷണം ഉറപ്പാക്കുന്നുണ്ട്. വനപ്രദേശങ്ങളിലെ നീരുറവകൾ വറ്റിപ്പോകുന്നത് തടയുവാനും വന്യജീവികൾക്ക് ജലലഭ്യത ഉറപ്പാക്കുവാനും കുളങ്ങൾ, തടയണകൾ എന്നിവ നിർമ്മിക്കുകയും ജലസ്രോതസ്സുകളിൽ മാലിന്യവും, ചെളിയും നീക്കി സംരക്ഷിച്ചും വനങ്ങളെ പുഷ്ടിപ്പെടുത്തിവരുന്നുണ്ട്. വനപ്രദേശങ്ങളിലും വനത്തിനുള്ളിലും പട്രോളിംഗ് ക്യാമ്പുകൾ, സംയുക്ത റെയ്ഡുകൾ, നൈറ്റ് പട്രോളിംഗ് എന്നിവ നടത്തിയും വനസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിയിട്ടുള്ളതാണ്. വനസംരക്ഷണ സമിതികളും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളും രൂപീകരിച്ച് പങ്കാളിത്ത വനപരിപാലനം നടപ്പാക്കി വന്യമൃഗവേട്ട തടയുന്നതിനും സംരക്ഷണം ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## നദീതട പരിപാലന അതോറിറ്റി രൂപീകരണം

19 (*229) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:

ശ്രീ. കടകംപള്ളി സുരേന്ദ്രൻ:

ശ്രീ. കെ. ഡി. പ്രസേനൻ:

ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അമിത മഴയും കടുത്ത വരൾച്ചയും ആവർത്തിക്കുന്ന സാഹചര്യത്തിൽ കുടിവെള്ളത്തിനും ജലസേചനത്തിനും ആവശ്യമായ ജലത്തിന്റെ

സുസ്ഥിര ലഭ്യത ഉറപ്പാക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നറിയിക്കാമോ?

സംസ്ഥാനത്ത് മഴക്കാലത്ത് ലഭ്യമാകുന്ന ജലത്തെ സംരക്ഷിച്ച് ജലസ്രോതസ്സുകളുടെ സംഭരണശേഷി വർദ്ധിപ്പിച്ച് ജലത്തിന്റെ ശാസ്ത്രീയമായ വിനിയോഗത്തിന് ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

ജലസംരക്ഷണത്തിനുള്ള പ്രകൃതിദത്ത യൂണിറ്റായ നീർത്തടാധിഷ്ഠിത ജലവിഭവ ആസൂത്രണത്തിനും മാനേജ്മെന്റിനും ഗ്രാമപഞ്ചായത്ത് തലത്തിൽ സംയോജിത നീർത്തട പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ജലവിഭവ ഉപയോഗ കാര്യക്ഷമത (Water use efficiency) വർദ്ധിപ്പിക്കുന്നതിനും മൈക്രോ ഇറിഗേഷൻ കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ജലലഭ്യതക്കുറവ് വരാൻ സാധ്യതയുള്ള കുടിവെള്ള പദ്ധതികളുടെ ഇൻ-ടേക്ക് പോയിന്റിന് സമീപം താൽക്കാലിക തടയണ, നീർച്ചാലുകൾ നിർമ്മിക്കൽ, ഗ്യാലറി വൃത്തിയാക്കൽ തുടങ്ങിയ പ്രവൃത്തികൾ നടത്തിവരുന്നു. ജലസേചന വകുപ്പിനുകീഴിലുള്ള ഡാമുകൾ, കെ.എസ്.ഇ.ബി.-യുടെ കീഴിലുള്ള ഡാമുകൾ എന്നിവ മുഖാന്തരം കുടിവെള്ള വിതരണ സ്രോതസ്സായി ഉപയോഗിക്കുന്ന പദ്ധതികളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സമന്വയിപ്പിച്ച് നടത്തുന്നു. ജലലഭ്യതയുള്ള സ്ഥലങ്ങളിൽ പൈപ്പ് ലൈനുകൾ ദീർഘിപ്പിച്ചും ലഭ്യമായ ജലം കഴിയുന്നതും തുല്യമായി വിതരണം ചെയ്യാനാവശ്യമായ വാൽവ് ക്രമീകരണങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഡാമുകൾ/തടയണകൾ/ റെഗുലേറ്ററുകൾ/കിണറുകൾ എന്നിവയിലെ ചെളിയും മണ്ണും നീക്കം ചെയ്ത് ജലസംഭരണശേഷി പുനഃസ്ഥാപിക്കുവാൻ ഡീസിൽറ്റേഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജലശുദ്ധീകരണ ശാലകളുടെ സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്ന രീതിയിൽ പുനരുദ്ധാരണ-നവീകരണ പ്രവൃത്തികൾ നടത്തി മഴക്കാലത്ത് ജലസ്രോതസ്സുകളിലുണ്ടാകുന്ന കലക്കൽ ജലവിതരണത്തെ ബാധിക്കാത്ത രീതിയിൽ മതിയായ ശുദ്ധീകരണം നടത്തിയ ജലം വിതരണം ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ട്. അടിയന്തര സാഹചര്യങ്ങളിൽ റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പുകളുടെ സഹകരണത്തോടെ ടാങ്കർ ലോറിയിൽ ജലവിതരണം നടത്തുന്നതിനായി ആവശ്യമായ സ്ഥലങ്ങളിൽ കിയോസ്കുകളും വെൻഡിംഗ് പോയിന്റുകളും ഏർപ്പെടുത്തി കുടിവെള്ളക്ഷാമം പരിഹരിക്കാനുള്ള പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

(ബി) കയ്യേറ്റവും അനധികൃത ഇടപെടലുകളും തടഞ്ഞ് സംസ്ഥാനത്തെ നദികളുടെ വീതിയും ആഴവും നിലനിർത്തുന്നതിനും മലിനീകരണം അവസാനിപ്പിക്കുന്നതിനും നദീതട പരിപാലന അതോറിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

സംസ്ഥാനത്തെ നദീജലവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഏകീകരിക്കുന്നതിനും നദികളുടെ ശരിയായ വിധത്തിലുള്ള സംരക്ഷണം, പരിപാലനം, പുനഃസ്ഥാപനം എന്നിവ ലക്ഷ്യമാക്കിയും റിവർബേസിൻ കൺസർവേഷൻ ആൻഡ് മാനേജ്മെന്റ് അതോറിറ്റി (RBCMA) രൂപീകരിക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(സി) നീരൊഴുക്കിന് ഗുരുതര ഭീഷണി നേരിടുന്ന ഭാരതപ്പുഴയ്ക്കായി പ്രത്യേക സംരക്ഷണ പദ്ധതി ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ?

"Development of River Basin Management Plan for Bharathapuzha under NHP" എന്ന പേരിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ കീഴിൽ ഭാരതപ്പുഴയുടെ ജലവിനിയോഗത്തിനും റിസർവ്വോയറുകളുടെ സംയോജിതവും ഫലപ്രദവുമായ പ്രവർത്തനത്തിനും പ്രളയം, വരൾച്ച തുടങ്ങിയ പരിതസ്ഥിതികൾക്കനുസൃതമാകുന്ന പ്രവർത്തനങ്ങൾക്കും സഹായമാകുന്ന ഒരു പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. ഈ പദ്ധതി കേരള സംസ്ഥാനത്തിലെ ഏക ഐ.ഐ.ടി. ആയ പാലക്കാട് ഐ.ഐ.ടി.-യുമായി ചേർന്ന് വികസിപ്പിക്കുവാനുള്ള അനുമതി 9-9-2021-ലെ സ.ഉ(സാധാ) നം.453/2021/ജ.വി.വ. പ്രകാരം നൽകുകയും പദ്ധതി ലോകബാങ്കിന്റെ അനുമതിക്കായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള കോച്ചിംഗ് സെന്ററുകൾ**

20 (*230) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>:
<u>ശ്രീ. പി. കെ. ബഷീർ</u>:
<u>ശ്രീ. കെ. പി. എ. മജീദ്</u>:
<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ മത്സര പരീക്ഷകൾക്കായി തയ്യാറെടുക്കുന്ന പട്ടികജാതി ഉദ്യോഗാർത്ഥികളെ സഹായിക്കുന്നതിനായി നിലവിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; വിശദമാക്കുമോ?

സംസ്ഥാനത്ത് വിവിധ മത്സര പരീക്ഷകൾക്കായി തയ്യാറെടുക്കുന്ന പട്ടികജാതി ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനായി വകുപ്പിനുകീഴിൽ നാല് പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ നാല് ജില്ലകളിലായി പ്രവർത്തിക്കുന്നു. ജില്ല PETC-യുടെ പേര് തിരുവനന്തപുരം മണ്ണന്തല PETC, എറണാകുളം ആലുവ PETC, പാലക്കാട് കുഴൽമന്ദം PETC, കോഴിക്കോട് PETC ഈ സെന്ററുകളിൽ പി.എസ്.സി, യു.പി.എസ്.സി., ബാങ്കിംഗ്, റെയിൽവേ എന്നിവ നടത്തുന്ന മത്സര പരീക്ഷകൾക്ക് പരിശീലനവും എഞ്ചിനീയറിംഗ്/മെഡിക്കൽ എൻട്രൻസ് പരിശീലനവും നൽകിവരുന്നു.

(ബി) ഈ പദ്ധതികളിലൂടെയുണ്ടായ നേട്ടം അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ഉണ്ട്. PETC-കളിൽനിന്നും പരിശീലനം ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് കേന്ദ്ര/സംസ്ഥാന സർക്കാർതലത്തിലും ബാങ്കുകൾ, റെയിൽവേ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളിലും തൊഴിൽ ലഭിക്കുന്നുണ്ട്.

(സി) ജില്ലകൾതോറും കോച്ചിംഗ് സെന്ററുകൾ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ഇത് എന്നുമുതൽ പ്രവർത്തനമാരംഭിക്കുമെന്നറിയിക്കുമോ?

എല്ലാ ജില്ലകളിലും കോച്ചിംഗ് സെന്ററുകളാരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## സ്ത്രീകൾ നേരിടുന്ന വിവേചനങ്ങൾ പരിഹരിക്കുന്നതിന് നടപടി

21 (*231) ശ്രീമതി യു. പ്രതിഭ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സ്ത്രീ സമൂഹം ഉൾപ്പെടെ സമൂഹത്തിലെ ഒരു വിഭാഗം ആളുകൾ സ്ത്രീകളെയും പെൺകുട്ടികളെയും രണ്ടാംതരക്കാരായി പരിഗണിക്കുന്ന സാംസ്കാരിക അപചയം ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള പ്രചരണത്തിന് സാംസ്കാരിക വകുപ്പ് മുൻകയ്യെടുക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള നടപടിക്ക് സാംസ്കാരിക കാര്യ വകുപ്പ് മുൻകയ്യെടുക്കുന്നുണ്ട്. സമീപകാലത്ത് കേരളത്തിൽ സ്ത്രീധന മരണങ്ങൾ ഉൾപ്പെടെ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന അതിക്രമങ്ങൾ സമൂഹ മനഃസാക്ഷിയെ ഞെട്ടിക്കുന്നതാണ്. നവോത്ഥാന സമരങ്ങളിലൂടെ കേരളം ആർജ്ജിച്ച മാനവികതയുടെയും തുല്യനീതിയുടെയും സ്ത്രീപക്ഷ കാഴ്ചപ്പാടുകളുടെയും സാംസ്കാരിക പാരമ്പര്യത്തെ നിരാകരിക്കുന്നതാണ് ഇത്തരം സംഭവ വികാസങ്ങൾ. ഭരണഘടന വാഗ്ദാനം ചെയ്യുന്ന സ്ത്രീ-പുരുഷ തുല്യത നിരാകരിക്കുന്നതും സ്ത്രീകൾക്കെതിരെ അതിക്രമങ്ങൾ നടത്തുന്നതും ക്രിമിനൽ കുറ്റകൃത്യമാണെന്നതു പോലെ ഒരു സാംസ്കാരിക പ്രശ്നവുമാണ്. കുറ്റകൃത്യങ്ങളെ ശക്തമായ നിയമങ്ങൾകൊണ്ട് നേരിടാം. എന്നാൽ സാംസ്കാരിക അപചയത്തെ സാംസ്കാരിക ഇടപെടൽ കൊണ്ടുമാത്രമേ പരിഹരിക്കാൻ കഴിയുകയുള്ളൂ. ഈ തിരിച്ചറിവിന്റെ പശ്ചാത്തലത്തിലാണ് സമൂഹത്തിന്റെ സമസ്ത മണ്ഡലങ്ങളിലും സാംസ്കാരിക ഇടപെടൽ നടത്തുന്നതിന് " സമം - സ്ത്രീ സമത്വത്തിനായി സാംസ്കാരിക മുന്നേറ്റം" എന്ന ഒരുവർഷം നീണ്ടുനിൽക്കുന്ന പദ്ധതി സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ചത്. സമീപ കാലത്തായി സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന അതിക്രമങ്ങൾക്കെതിരെ സർഗ്ഗാത്മകമായി പ്രതികരിച്ച് സമസ്ത മേഖലകളിലും സ്ത്രീ-പുരുഷ സമത്വം എന്ന ആശയം പ്രചരിപ്പിക്കുകയെന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. 'സമം' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 2021 സെപ്റ്റംബർ 4-ന് ബഹു. മുഖ്യമന്ത്രി നിർവ്വഹിച്ചു. പ്രശസ്ത ഗായിക പത്മഭൂഷൺ കെ. എസ്. ചിത്രയെ 'സമം' പരിപാടിയുടെ അംബാസിഡറായി പ്രഖ്യാപിച്ചിട്ടുണ്ട്. ഭരണഘടനാധിഷ്ഠിതമായ അവകാശങ്ങളും സുരക്ഷയും സ്ത്രീകൾക്ക് നൽകുന്നതിനും നിയമപരമായി ഇപ്പോൾ നിലവിലുള്ള ചട്ടങ്ങളെപ്പറ്റി ബോധ്യപ്പെടുത്തുന്നതിനു മുള്ളതാണ് ഈ പരിപാടി. കേരളത്തിൽ നടന്നിട്ടുള്ള നവോത്ഥാന മുന്നേറ്റത്തിന്റെ തുടർച്ചയുമാണിത്.

(ബി) വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആവിഷ്കരിച്ചിട്ടുള്ള സമം പ്രചരണ പരിപാടിയെക്കുറിച്ച് വിശദമാക്കാമോ;

സാംസ്കാരിക സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തുന്ന വിദ്യാഭ്യാസ സാംസ്കാരിക പരിപാടിയായ " സമം" വിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം, യുവജനക്ഷേമം, വനിതാ ശിശു വികസനം എന്നീ വകുപ്പുകളുടെ സഹകരണത്തോടെയാണ് നടപ്പാക്കുന്നത്. സമത്തിന്റെ ഉദ്ഘാടനം സെപ്തംബർ 4 ശനിയാഴ്ച ബഹു. മുഖ്യമന്ത്രി നിർവ്വഹിച്ചു. സമം പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് മുഖ്യമന്ത്രി അദ്ധ്യക്ഷനായും സാംസ്കാരിക വകുപ്പുമന്ത്രി

ഉപാദ്ധ്യക്ഷനായും സാംസ്കാരികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറായും യുവജന ക്ഷേമ ബോർഡ് വൈസ് ചെയർമാൻ ജോയിന്റ് കൺവീനറായും ഒരു സംസ്ഥാനതല സമിതി രൂപീകരിച്ചിട്ടുണ്ട്. സമാനമായി, ജില്ലകളിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കളക്ടർ എന്നിവരുടെ നേതൃത്വത്തിലും തദ്ദേശ സ്ഥാപനങ്ങളിൽ അതത് തദ്ദേശസ്ഥാപന മേധാവികൾ അദ്ധ്യക്ഷരായും സെക്രട്ടറി കൺവീനറായും സമിതികൾ രൂപീകരിച്ചുവരുന്നു. ഇതോടൊപ്പം ഗ്രാമപഞ്ചായത്ത് അംഗം/ഗ്രന്ഥശാലാ സംഘം പ്രസിഡന്റ്/ സാംസ്കാരിക പ്രവർത്തകൻ ചെയർമാനായി വാർഡുതല സമിതികളും രൂപീകരിച്ചുവരുന്നു. പോസ്റ്ററുകൾ വഴിയും സാമൂഹിക മാധ്യമങ്ങൾ വഴിയുമുള്ള പ്രചാരണം, വിവിധ കലാ സാംസ്കാരിക സാഹിത്യ പരിപാടികൾ, സ്ത്രീപക്ഷ നാടകങ്ങൾ, ചലച്ചിത്രങ്ങൾ, ഓഡിയോ ബുക്കുകൾ തുടങ്ങിയവ എല്ലാ വിഭാഗം ജനങ്ങളിലേയ്ക്കും എത്തിക്കത്തക്കവിധമുള്ള പരിപാടികൾ സംഘടിപ്പിക്കുക എന്നിവയാണ് മുഖ്യ പരിപാടികൾ. മൂന്ന് തരത്തിലുള്ള പരിപാടികളാണ് സമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്.

(1) ചരിത്ര – വർത്തമാനകാലത്തെ സ്ത്രീമികവുകൾ കണ്ടെത്തുകയും ആദരിക്കുകയും അവരെക്കുറിച്ചുള്ള ഡോക്യുമെന്റേഷൻ തയ്യാറാക്കുകയും ചെയ്യുക.

(2) കലാ- സാഹിത്യ - സാംസ്കാരിക പരിപാടികളിലൂടെ സ്ത്രീ സമത്വം എന്ന ആശയം പൊതുസമൂഹത്തിന്റെ ചർച്ചയിലേയ്ക്കും അവബോധത്തിലേയ്ക്കും എത്തിക്കുക. ഓരോ വീടും ഓരോ യൂണിറ്റ് എന്ന സങ്കൽപ്പത്തിലാണ് ഈ പരിപാടികൾ ആസൂത്രണം ചെയ്യുന്നത്.

(3) വീടുകളിലും സമൂഹത്തിലും സ്ത്രീക്ക് നേരിടേണ്ടിവരുന്ന വിവേചനങ്ങൾ പല മേഖലകളിലും സ്ത്രീയുടെ പ്രവേശനത്തെയും നൈപുണ്യത്തെയും നിഷേധിക്കുന്നു. ഇത്തരം മേഖലകൾ കണ്ടെത്തി സ്ത്രീകളെ ആ രംഗത്ത് എത്തിക്കുന്നതിനും മികവുറ്റവരാക്കുന്നതിനുംവേണ്ട സാംസ്കാരിക പിന്തുണ നൽകുകയാണ് ഉദ്ദേശിക്കുന്നത്. ഒരു വർഷംകൊണ്ട് വ്യത്യസ്ത മേഖലകളിൽ മികവുകൾ പ്രകടിപ്പിച്ചിട്ടുള്ള 1001 പ്രഗത്ഭ വനിതകളെ കണ്ടെത്തി ആദരിക്കുകയും അവരുടെ പ്രൊഫൈലുകൾ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നത് സമത്തിന്റെ ഒരു പ്രധാന പരിപാടിയാണ്. സമം പദ്ധതിയുടെ അംബാസിഡറായി പത്മഭൂഷൺ ശ്രീമതി കെ. എസ്. ചിത്രയെയാണ് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. താഴെപ്പറയുന്ന പ്രഗത്ഭ വനിതകളെ ഇതിനോടകം ആദരിച്ചിട്ടുണ്ട്.

(1) ശ്രീമതി നഞ്ചിയമ്മ – ഗോത്രകലാകാരി

(2) പത്മശ്രീ ലക്ഷ്മിക്കുട്ടി - പാരമ്പര്യവൈദ്യം

(3) പത്മശ്രീ എം.ഡി. വത്സമ്മ – കായികം

(4) ജസ്റ്റിസ് ഫാത്തിമാ ബീവി - ആദ്യ വനിതാ സുപ്രീംകോടതി ജഡ്ജി

(5) ശ്രീലേഖ ഐ.പി.എസ്. - കേരളത്തിലെ ആദ്യ വനിതാ (ഐ.പി.എസ്. ഓഫീസർ

(6) കുമാരി ആര്യ രാജേന്ദ്രൻ - മേയർ, തിരുവനന്തപുരം

(7) ഡോ. കെ. ഓമനക്കുട്ടി - സംഗീതജ്ഞ

(8) ശ്രീമതി സേതുലക്ഷ്മി - നാടക – സിനിമാതാരം

(9) ശ്രീമതി ഫൗസിയ ഫാത്തിമ – ക്യാമറ വുമൺ

(10) ശ്രീമതി ദീപ ജോസഫ് - ആംബുലൻസ് ഡ്രൈവർ

(11) ശ്രീമതി കെ.സി. രേഖ – ആഴക്കടൽ മത്സ്യബന്ധനത്തിൽ ലൈസൻസ് നേടിയ ആദ്യവനിത

(12) ഡോ.എസ്. ഓമന – ശ്രീനാരായണ ദർശനം (ഗവേഷണം).

സാംസ്കാരിക വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഭാരത് ഭവൻ, മലയാളം മിഷൻ, കേരള ചലച്ചിത്ര അക്കാദമി, കേരള ചലച്ചിത്ര വികസന കോർപ്പറേഷൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ശ്രീനാരായണ അന്തർദ്ദേശീയ പഠന ഗവേഷണകേന്ദ്രം ഉൾപ്പെടെ വിവിധ സാംസ്കാരിക സ്ഥാപനങ്ങളാണ് വ്യത്യസ്തമായ ക്യാമ്പയിൻ പ്രവർത്തനത്തിലൂടെ ഈ പരിപാടിക്ക് നേതൃത്വം കൊടുക്കുന്നത്. ഒരു വർഷം നീണ്ടുനിൽക്കുന്ന "സമം' ക്യാമ്പയിൻ പദ്ധതിയിൽ സാംസ്കാരിക വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സാംസ്കാരിക സ്ഥാപനങ്ങൾ, യുവജന ബോർഡ്, യുവജന കമ്മീഷൻ, നാഷണൽ സർവ്വീസ് സ്കീം, സ്കൗട്ട് & ഗൈഡ്, നെഹ്റു യുവ കേന്ദ്ര എന്നീ യുവജന പ്രസ്ഥാനങ്ങൾ, എസ്.പി.സി., സർവകലാശാലാ യൂണിയനുകൾ, കോളേജ് യൂണിയനുകൾ, ലൈബ്രറി കൗൺസിൽ എന്നിവരെക്കൂടി സജീവ പങ്കാളികളാക്കുന്നു. ഒരു വർഷം നീണ്ടുനിൽക്കുന്ന സമം പദ്ധതിയിൽ 23 ഇനം പരിപാടികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്. ആയതിന്റെ സർക്കാർ അനുമതി ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി* ഉള്ളടക്കം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെയ്യുന്നു. മലയാളം മിഷൻ ഡയറക്ടർ അദ്ധ്യക്ഷയും ചലച്ചിത്ര വികസന കോർപ്പറേഷൻ എം.ഡി. കൺവീനറും ഭാരത് ഭവൻ മെമ്പർ സെക്രട്ടറി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ, ചലച്ചിത്ര അക്കാദമി സെക്രട്ടറി എന്നിവർ അംഗങ്ങളായിട്ടുള്ള പ്രോഗ്രാം കമ്മിറ്റി സാംസ്കാരിക വകുപ്പിൽ പ്രവർത്തിച്ചുവരുന്നു.

(സി) തൊഴിലിടങ്ങൾ ഉൾപ്പെടെയുള്ള പൊതുസ്ഥലങ്ങളിലും സ്വന്തം ഗൃഹത്തിലും സ്ത്രീകൾ വിവേചനം നേരിടുന്ന സ്ഥിതി പരിഹരിക്കുന്നതിനുള്ള ബോധവത്കരണത്തിന് പ്രാധാന്യം നൽകുമോ; ഇതിൽ മത, സാമുദായിക സംഘടനകളുടെ പങ്കുകൂടി കണക്കിലെടുത്ത് ഉചിതമായ ഇടപെടൽ ഉണ്ടാകുമോ; വ്യക്തമാക്കുമോ?

തൊഴിലിടങ്ങൾ ഉൾപ്പെടെയുള്ള പൊതുസ്ഥലങ്ങളിലും ഗൃഹങ്ങളിലും ബോധവത്കരണ പരിപാടികൾ എത്തിച്ചേരത്തക്കവിധമാണ് സമം പരിപാടികൾ ആസൂത്രണം ചെയ്യുന്നത്. കേരളത്തിന്റെ സാമൂഹിക ചരിത്രത്തിലും വർത്തമാനഘട്ടത്തിലും മതങ്ങളുടെയും സമുദായങ്ങളുടെയും ഇടപെടലുകൾ ജീവിതത്തെ സ്വാധീനിക്കുന്നുണ്ട്. മത സാമുദായിക സംഘടനകളുടെകൂടി പങ്കാളിത്തത്തോടെ സ്ത്രീ-പുരുഷ സമത്വം എന്ന ആശയം നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**നദികൾ മാലിന്യമുക്തമാക്കാൻ നടപടി**

22 (*232) <u>ശ്രീ. പി. പി. സുമോദ്</u>:
<u>ശ്രീ. എ. സി. മൊയ്തീൻ</u>:
<u>ശ്രീ. പി. നന്ദകുമാർ</u>:
<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>) സദയം മറുപടി നൽകുമോ:

(എ) ഭാരതപ്പുഴ, പമ്പ, മണിമല തുടങ്ങിയ പ്രമുഖ നദികൾ ഉൾപ്പെടെ 21 നദികൾ കൂടുതലായി മലിനീകരിക്കപ്പെട്ടുവെന്ന ആക്ഷേപമുള്ളതിനാൽ നദികളെ മാലിന്യമുക്തമാക്കുന്നതിനുള്ള പ്രവർത്തനം ഊർജ്ജിതപ്പെടുത്തുമോ?

ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണലിന്റെ Original Application No.673/2018-ന്റെ ഉത്തരവിൽ രാജ്യത്ത് ഏറ്റവുമധികം മലിനീകരണ ഭീഷണി നേരിടുന്ന പുഴകൾ/പുഴകളുടെ ഭാഗങ്ങളുടെ പട്ടിക പ്രസിദ്ധീകരിച്ചിട്ടുള്ളതിൽ കേരളത്തിലെ 21 പുഴകൾ/പുഴകളുടെ ഭാഗങ്ങൾ ഉൾപ്പെടുന്നു. ഈ പട്ടികയിൽ ഭാരതപ്പുഴ, പമ്പ, മണിമല എന്നിവയും ഉൾപ്പെട്ടിട്ടുണ്ട്. ഭാരതപ്പുഴയിൽ പട്ടാമ്പി ഭാഗവും പമ്പാ നദിയിൽ മാന്നാർ-തകഴി ഭാഗവും മണിമലയാറ്റിൽ കല്ലൂർപ്പാറ-

തോൺട ഭാഗവുമാണ് കൂടുതലായി മലിനീകരിക്കപ്പെട്ട ഭാഗങ്ങൾ. ബഹു.നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെ ഉത്തരവിൻ പ്രകാരം പ്രത്യേക കമ്മിറ്റികൾ രൂപീകരിക്കുകയും (റിവർ റിജ്യുവനേഷൻ കമ്മിറ്റിയും ജില്ലാതല സാങ്കേതിക സമിതിയും) ഓരോ നദീഭാഗത്തേയും ശുചിയാക്കുന്നതിനുള്ള ആക്ഷൻ പ്ലാനുകൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. വിവിധ വകുപ്പുകളുടെ ഏകോപനത്തോടും സഹകരണത്തോടുംകൂടി തയ്യാറാക്കിയിട്ടുള്ള ആക്ഷൻ പ്ലാൻ നിർദ്ദേശങ്ങൾ വിവിധ വകുപ്പുകളുടെ ചുമതലയിൽ നിർവ്വഹിച്ചുവരുന്നു. സംസ്ഥാന ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി തുടങ്ങിയ ഉന്നത ഉദ്യോഗസ്ഥർ സമയബന്ധിതമായി റിവ്യൂ മീറ്റിംഗുകൾ നടത്തി പുരോഗതി വിലയിരുത്താറുണ്ട്. നദികളെ മാലിന്യമുക്തമാക്കുന്നതിന് വിവിധ വകുപ്പുകളുടെ ഏകോപനത്തോടു കൂടിയ പ്രവർത്തനം നിലവിൽ നടന്നുവരുന്നുണ്ട്. ജലസേചന വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശാസ്ത്രീയമാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ 44 നദികളുടെ/നദീഭാഗങ്ങളുടെ ചുമതല ഓരോ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകിയിട്ടുണ്ട്. 2018, 2019 വർഷങ്ങളിലെ പ്രളയ ശേഷം നദികൾക്ക് സംഭവിച്ചിട്ടുള്ള മാറ്റങ്ങൾ/നിലവിലെ സ്ഥിതി എന്നിവ നേരിട്ട് കണ്ട് വിവരശേഖരണം നടത്തി വിശദമായ റിപ്പോർട്ട് തയ്യാറാക്കി തുടർനടപടി സ്വീകരിക്കുകയാണ് ലക്ഷ്യം. കേരളത്തിൽ ഗുരുതരമായ മലിനീകരണം നേരിടുന്നുവെന്ന് കണ്ടെത്തിയ 21 നദികളെയും പുനർജ്ജീവിപ്പിക്കാനായി ഒരു വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കുന്നതിലേയ്ക്കായി ജലവിഭവ വകുപ്പ് കേരളത്തിലെ വിവിധ എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും സംയുക്ത പരിശ്രമത്തോടുകൂടി "Tie up between Engineering Colleges and Water Resources Department" എന്ന കർമ്മ പദ്ധതി രൂപകൽപ്പന ചെയ്തിരുന്നു. ടി പദ്ധതിയുടെ ആദ്യപടിയായി പുഴനടത്തം നടത്തി വെള്ളം ശേഖരിച്ച് അവലോകനം നടത്തി DPR തയ്യാറാക്കുകയെന്ന ലക്ഷ്യത്തോടെ ജില്ലകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ നോഡൽ ഓഫീസർമാരായി ചുമതലയേൽപ്പിക്കുകയും ടി 21 നദികൾ ഉൾപ്പെടുന്ന ജില്ലയിൽ വരുന്ന എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും ജലസേചന വകുപ്പിലെ ഉദ്യോഗസ്ഥരും മറ്റ് വികസന വകുപ്പുകളിലെ പ്രതിനിധികളും പ്രാദേശിക ജനപ്രതിനിധികളും പങ്കാളികളായിക്കൊണ്ടുള്ള പുഴ നടത്തം നടത്തി ജല സാമ്പിൾ ശേഖരിക്കുകയും ആയതിന്റെ ഗുണനിലവാര പരിശോധന

എഞ്ചിനീയറിംഗ് കോളേജുകളിലെ ലാബുകളിൽ നടത്തുകയും ചെയ്തു. അതിൻപ്രകാരം കേരളത്തിലെ 21 പുഴകളുടേയും പുനരുജ്ജീവനത്തിനും മലിനീകരണ നിർമ്മാർജ്ജനത്തിനുമാവശ്യമായ ഡി.പി.ആർ എഞ്ചിനീയറിംഗ് കോളേജുകളും ജലസേചന വകുപ്പും ചേർന്ന് തയ്യാറാക്കിയിട്ടുണ്ട്. ഈ സംരംഭത്തിൽ കേരളത്തിലെ 41 എഞ്ചിനീയറിംഗ് കോളേജുകൾ ജലസേചന വകുപ്പുമായി സഹകരിക്കുകയും ഈ കൂട്ടായ്മയിലൂടെ 21 ഡി.പി.ആർ, കേവലം 14 ആഴ്ചകളള്ളിൽത്തന്നെ പൂർത്തീകരിക്കുവാൻ സാധിക്കുകയും ചെയ്തു. ഇത്തരത്തിൽ തയ്യാറാക്കിയ ഡി.പി.ആർ.കളുടെ വിശകലനം ഐ.ഡി.ആർ.ബി. നടത്തുകയും അവയിൽ തിരുത്തലുകൾ വരുത്തി എഞ്ചിനീയറിംഗ് കോളേജുകളെ അറിയിക്കുകയും ചെയ്തു. പ്രസ്തുത തിരുത്തലുകൾ ഉൾക്കൊള്ളിച്ച പമ്പാ നദിയുടെ പുതുക്കിയ ഡി.പി.ആർ. ഐ.ഡി.ആർ.ബി. ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ മണിമല, ഭവാനി, രാമപുരം കല്ലായി എന്നീ നദികളുടെ ഡി.പി.ആർ.കളുടെ തിരുത്തലുകൾ വരുത്തുന്ന നടപടികൾ പുരോഗമിക്കുന്നു.

(ബി) പമ്പാനദിയുടെ പുനരുദ്ധാരണ പ്രവർത്തനത്തിനായി ആവിഷ്കരിച്ചിരുന്ന പമ്പാ ആക്ഷൻ പ്ലാനിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

പമ്പാ ആക്ഷൻ പ്ലാനിന്റെ രണ്ടാംഘട്ടത്തിൽ ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾക്കായി 25 ലക്ഷം രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് പമ്പാ നദി ഒഴുകുന്ന 68 പഞ്ചായത്തുകളിലെയും 3 മുനിസിപ്പാലിറ്റികളിലെയും ഹരിതകേരള പദ്ധതിയിൽ നടത്തിയ വാട്ടർ ഷെഡ്ഡിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് റിപ്പോർട്ടുകൾ, മലിനീകരണ നിയന്ത്രണ ബോർഡ് പമ്പയിലെ ജലം ടെസ്റ്റ് ചെയ്തു കഴിഞ്ഞ 3 വർഷത്തെ വിശദാംശങ്ങൾ, ശുചിത്വ മിഷന്റെ റിപ്പോർട്ടുകൾ, ജലസേചന വകുപ്പിന്റെ മുൻ പ്രോജക്ട് റിപ്പോർട്ടുകൾ തുടങ്ങിയവ ശേഖരിച്ച് DPR തയ്യാറാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റ്റി.കെ.എം. എഞ്ചിനീയറിംഗ് കോളേജിലെ അദ്ധ്യാപകർ, ജലവിഭവ വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ്, കേരള വാട്ടർ അതോറിറ്റി, തദ്ദേശ സ്വയംഭരണ വകുപ്പ് ശുചിത്വ മിഷൻ തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

(സി) അതിതീവ്ര മഴയുടെയും പ്രളയങ്ങളുടെയും ഫലമായി നദികളുടെ വാഹകശേഷിയിലുണ്ടായ ഇടിവ് പരിഹരിക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ?

2018-ലെ മഹാ പ്രളയത്തെത്തുടർന്നും 2019-ലെ പ്രളയാനന്തരവും നദികളുടെ വാഹകശേഷിയിൽ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. നദിയുടെ തീരങ്ങൾ ഇടിഞ്ഞും മലയിടിച്ചിലിന്റെ ഭാഗമായി നദികളിൽ എത്തിച്ചേർന്ന അവശിഷ്ടങ്ങൾ അടിഞ്ഞും നദിയുടെ അടിത്തട്ടിലുണ്ടായ മാറ്റങ്ങൾ കാരണവുമാണ് നദികളുടെ വാഹകശേഷിയിൽ പ്രധാനമായും മാറ്റങ്ങൾ സംഭവിച്ചിട്ടുള്ളത്. ഇത് പരിഹരിക്കുന്നതിന് നദികളിൽ അടിഞ്ഞുകൂടി തിട്ടകളായി മാറിയ എക്കൽ/ ചളി/മണൽ/മറ്റ് മാലിന്യങ്ങൾ എന്നിവ മാറ്റുന്നതിന് ബഡ്ജറ്റ് വിഹിതം ഉപയോഗിച്ചുള്ള നടപടികൾ ജലസേചന വകുപ്പ് സ്വീകരിച്ചുവരുന്നു. കൂടാതെ, ജലസേചന നിർമ്മിതികളായ തടയണ/റെഗുലേറ്റർ എന്നിവയുടെ സമീപം അടിഞ്ഞുകൂടിയ എക്കൽ/ചളി/മണൽ/മറ്റ് മാലിന്യങ്ങൾ എന്നിവ മൂലമുണ്ടായ സംഭരണശേഷിക്കുറവ് മാറ്റുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## തിരുവിതാംകൂർ ദേവസ്വം ബോർഡ്

23 (*233) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡ് സാമ്പത്തിക പ്രതിസന്ധിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാരിനോട് സാമ്പത്തിക സഹായം ആവശ്യപ്പെട്ട് ദേവസ്വം ബോർഡ് കത്ത് നൽകിയിട്ടുണ്ടോ?

(എ &ബി) ഉണ്ട്.

(സി) ശബരിമല ക്ഷേത്രനട ഈ മാസം തുറക്കാനിരിക്കെ മുന്നൊരുക്കങ്ങൾക്ക് പണമില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അക്കാര്യം ഗൗരവമായി കാണുന്നുണ്ടോ;

(ഡി) ദേവസ്വം ബോർഡിന്റെ പ്രസ്തുത ആവശ്യത്തിന്മേൽ അനുകൂല നിലപാട് സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

(സി&ഡി) പ്രളയം, കോവിഡ് അടക്കമുള്ള വിവിധ കാരണങ്ങളാൽ തിരുവിതാംകൂർ ദേവസ്വം ബോർഡിനുണ്ടായ വരുമാന നഷ്ടം പരിഹരിക്കുന്നതിനായി 2019-2020 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ആകെ 130 കോടി രൂപയുടെ പ്രത്യേക സാമ്പത്തിക സഹായം സർക്കാർ തിരുവിതാംകൂർ ദേവസ്വം ബോർഡിന് നൽകിയിട്ടുണ്ട്. കൂടാതെ ടി കാലയളവിൽ

വാർഷിക വിഹിതം ഇനത്തിൽ 1 കോടി 60 ലക്ഷം രൂപയും സർക്കാർ തിരുവിതാംകൂർ ദേവസ്വം ബോർഡിന് അനുവദിച്ചിട്ടുണ്ട്. 2021 നവംബർ 15-ന് ആരംഭിക്കുന്ന മണ്ഡല-മകരവിളക്ക് തീർത്ഥാടനത്തിനായി ശബരിമലയിലെത്തുന്ന തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുപോലും കഴിയാത്ത തരത്തിലുള്ള സാമ്പത്തിക സ്ഥിതിയിലാണ് തിരുവിതാംകൂർ ദേവസ്വം ബോർഡെന്നും ബോർഡിന് അടിയന്തര ധനസഹായമായി 100 കോടി രൂപ കൂടി അനുവദിക്കണമെന്നും ആവശ്യപ്പെട്ടുള്ള തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റിന്റെ അപേക്ഷ ലഭിച്ചിരുന്നു. ആയത് സർക്കാർ ഗൗരവപൂർവ്വം പരിശോധിച്ചുവരികയാണ്.

## സ്വകാര്യ തോട്ടങ്ങൾ ഏറ്റെടുക്കൽ

24 (*234) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ തോട്ടങ്ങൾ ഏറ്റെടുക്കാൻ വനംവകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏത് രീതിയിലാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. വനം വകുപ്പിനുകീഴിൽ നടപ്പിലാക്കിവരുന്ന റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ ഒരു ഉപപദ്ധതിയാണ് സ്വകാര്യ എസ്റ്റേറ്റുകളുടെ ഏറ്റെടുക്കൽ. 14-11-2019-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) 483/2018/പി&ഇഎ നമ്പർ പ്രകാരം ഈ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വനത്തിനകത്ത് സ്ഥിതിചെയ്യുന്ന സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുത്ത് സ്വാഭാവിക വനങ്ങളായി പുന:സ്ഥാപിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ആദ്യഘട്ടത്തിൽ 6 വനം ഡിവിഷനുകളിലായി 13 എസ്റ്റേറ്റുകളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത്തരത്തിൽ സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിന് 385.31 കോടി രൂപയാണ് ആകെ വകയിരുത്തിയിട്ടുള്ളത്.

(ബി) ഈ ഭൂമി ഏറ്റെടുക്കുന്നതിന് ഏത് മാനദണ്ഡപ്രകാരമാണ് വില നിശ്ചയിക്കുന്നതെന്ന് വ്യക്തമാക്കാമോ; ആയതിന്റെ സർവ്വെ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രജൈൽ ലാൻഡ്സ് ആക്ട്), 2003 സെക്ഷൻ 4(1) പ്രകാരം നഷ്ടപരിഹാരം നൽകിയോ അല്ലെങ്കിൽ റൈറ്റ് റ്റു ഫെയർ കോമ്പൻസേഷൻ & ട്രാൻസ്പാരൻസി ഇൻ ലാൻഡ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ & റീസെറ്റിൽമെന്റ് ആക്ട്, 2013

പ്രകാരമോ സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനാണ് ലക്ഷ്യമാക്കുന്നത്. ഇതിന്റെ ഭാഗമായി ഡിവിഷൻ തലത്തിൽ സ്വകാര്യ എസ്റ്റേറ്റ് ഉടമകളുമായി പ്രാരംഭ ചർച്ചകൾ ആരംഭിക്കുകയും ബന്ധപ്പെട്ട രേഖകളുടെ പരിശോധന നടത്തിവരികയും ചെയ്യുന്നു. ആയത് പൂർത്തീകരിച്ചശേഷം മാത്രമേ സർവ്വെ നടപടികൾ ഉൾപ്പെടെയുള്ള മറ്റ് നടപടിക്രമങ്ങൾ ആരംഭിക്കുകയുള്ളൂ.

**കിഫ്ബി ഫണ്ടുപയോഗിച്ചുള്ള ജലവിതരണ പദ്ധതികൾ**

25 (*235) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിഫ്ബി ഫണ്ടുപയോഗിച്ച് ജല അതോറിറ്റി എത്ര ജലവിതരണ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്നും ആകെ എത്ര തുകയുടെ പദ്ധതികൾക്ക് കിഫ്ബിയുടെ അംഗീകാരം ലഭ്യമായിട്ടുണ്ടെന്നും എത്ര പദ്ധതികൾ പൂർത്തീകരിച്ചുവെന്നും മറ്റുള്ളവയുടെ നിലവിലെ സ്ഥിതിയെന്താണെന്നും വിശദമാക്കാമോ?

ജല അതോറിറ്റിക്ക് നാളിതുവരെ 4453.743 കോടി രൂപയുടെ 71 കുടിവെള്ള പദ്ധതികൾക്ക് കിഫ്ബി അനുമതി നൽകിയിട്ടുണ്ട്. അവയിൽ 4046.123 കോടി രൂപയുടെ 60 കുടിവെള്ള പദ്ധതികളും 407.62 കോടി രൂപയുടെ (11 സർക്കിളുകളുടെ കീഴിലായി) പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികളും ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ വിശദ വിവരം അനുബന്ധമായി* ചേർത്തിട്ടുണ്ട്. 300.74 കോടി രൂപയുടെ 12 കുടിവെള്ള പദ്ധതികൾ ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) കടുത്ത കുടിവെള്ള ക്ഷാമം നേരിടുന്ന കുട്ടനാട്ടിലും ആലപ്പുഴ ജില്ലയിലാകെയും എല്ലാ വീടുകളിലും കുടിവെള്ളമെത്തിക്കാൻ കിഫ്ബി മുഖേന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

ആലപ്പുഴ ജില്ലയിൽ കിഫ്ബി ധനസഹായത്തോടുകൂടി താഴെപ്പറയുന്ന മൂന്ന് പദ്ധതികൾ നടപ്പിലാക്കിവരുന്നു.

- കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി രണ്ടാം ഘട്ടം
- ആലപ്പുഴ മുനിസിപ്പാലിറ്റി, ആര്യാട്, മണ്ണഞ്ചേരി, മാരാരിക്കുളം സൗത്ത് പഞ്ചായത്തുകളിലേയ്ക്കുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ ആധുനികവത്കരണവും വിപുലീകരണവും

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

- ആല, പുലിയൂർ, ബുധനൂർ പാണ്ടനാട്, മുളക്കുഴ, വെൺമണി പഞ്ചായത്തുകൾക്കും ചെങ്ങന്നൂർ മുനിസിപ്പാലിറ്റിക്കും വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി. നിലവിലുള്ള കുടിവെള്ള പദ്ധതികളും കിഫ്ബി പദ്ധതികളും ജൽ ജീവൻ മിഷൻ പദ്ധതികളും പൂർത്തീകരിക്കുന്ന മുറയ്ക്ക് കടുത്ത കുടിവെള്ള ക്ഷാമം നേരിടുന്ന കുട്ടനാട്ടിലും ആലപ്പുഴ ജില്ലയിലാകെയും എല്ലാ വീടുകളിലും കുടിവെള്ളമെത്തിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പുതിയ ജലവിതരണ പദ്ധതികൾക്കുപുറമെ നിലവിലുള്ള പൈപ്പുകളുടെ കാലപ്പഴക്കം മൂലമുള്ള ജലചോർച്ച പരിഹരിക്കാൻ കിഫ്ബി ധനസഹായത്തോടെ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോ; വിശദമാക്കാമോ?

2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ച എ.സി. പ്രിമോ ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി സ്ഥാപിക്കുന്ന പദ്ധതിയിലുൾപ്പെടുത്തി പൈപ്പുകളുടെ കാലപ്പഴക്കംമൂലം ചോർച്ചവഴി ജലം നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനായി പഴയതും കേടായതുമായ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി കിഫ്ബി 2016-17-ൽ ഉൾപ്പെടുത്തിയ 11 സർക്കിളുകളിലെ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, കൊച്ചി, മൂവാറ്റുപുഴ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ) പ്രവൃത്തികൾക്ക് 407.62 കോടി രൂപ ധനസഹായ അനുമതി ലഭ്യമായിട്ടുണ്ട്. ഇതിൽ 57.3 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. ഇവയുടെ നിലവിലെ സ്ഥിതിയും വിശദാംശവും അനുബന്ധം 2*-ൽ ചേർത്തിരിക്കുന്നു.

**ഭവന രഹിതരായ പട്ടികജാതി - പട്ടികഗോത്രവർഗ്ഗ കുടുംബങ്ങൾക്ക് വീട്**

26 (*236) ശ്രീ. പി. വി. അൻവർ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) ഭവനരഹിതരും ഭൂരഹിത ഭവനരഹിതരുമായ എത്ര പട്ടികജാതി പട്ടിക ഗോത്രവർഗ്ഗ കുടുംബങ്ങൾ ഉണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്; ഭൂരഹിത ഭവനരഹിതർക്ക് വീട് വയ്ക്കാൻ ഭൂമി വാങ്ങാൻ ധനസഹായം നൽകുന്നുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ - ഭൂരഹിത ഭവന രഹിതർ - 76332, ഭൂമിയുള്ള ഭവന രഹിതർ - 57302 പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ - ഭൂരഹിതരായ ഭവന രഹിതർ - 7930 ഭൂമിയുള്ള ഭവന രഹിതർ -16070 (വകുപ്പ് കണ്ടെത്തിയത്) വകുപ്പ് കണ്ടെത്തിയതിൽനിന്നുള്ളതും ലൈഫ് മാനദണ്ഡ പ്രകാരം അർഹരായതുമായ ഭൂമിയുള്ള ഭവനരഹിതർ - 10783 ലൈഫ് പട്ടികയിൽ ഉൾപ്പെട്ട ഭൂരഹിതരായ പട്ടികജാതി വിഭാഗത്തിൽ പ്പെട്ടവർക്ക് പട്ടികജാതി വികസന വകുപ്പ് ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ആദിവാസി പുനരധിവാസ മിഷൻ പ്രകാരവും ലൈഫ് മിഷൻ മുഖേനയും ധനസഹായം നൽകുന്നുണ്ട്.

(ബി) ലൈഫ് മിഷനിലും വികസന വകുപ്പുകൾ വഴിയും അനുവദിച്ച വീടുകളിൽ നിർമ്മാണം പൂർത്തിയാകാത്തവ എത്ര എണ്ണമുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കണക്കാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) പ്രസ്തുത വീടുകളുടെ നിർമ്മാണം പൂർത്തിയാക്കാൻ മുൻഗണനാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

പ്രസ്തുത വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി വകുപ്പിന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഫീൽഡുതല ഉദ്യോഗസ്ഥരും തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളും കൂട്ടായ ശ്രമം നടത്തിവരുന്നു.

### ജലസേചന പദ്ധതികൾ നവീകരിക്കാൻ നടപടി

27 (*237) ശ്രീ. കെ. പി. മോഹനൻ:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക മേഖലയ്ക്കും ഒരു പരിധിവരെ കുടിവെള്ള പ്രശ്നത്തിനും സഹായകരമായ ജലസേചന പദ്ധതികൾ നവീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള പദ്ധതികൾ വിപുലീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ & ബി) വിവിധ ജലസേചന പദ്ധതികൾക്കായി എല്ലാ വർഷവും പ്ലാൻ, നോൺ പ്ലാൻ ശീർഷകങ്ങളിൽ വകയിരുത്തുന്ന തുക ഉപയോഗപ്പെടുത്തി മുൻഗണനാക്രമം കണക്കാക്കി പദ്ധതികൾക്കാവശ്യമായ നവീകരണ പ്രവൃത്തികൾ നടത്തിവരുന്നു. കൂടാതെ 2018-2019 വർഷങ്ങളിലുണ്ടായ പ്രളയത്തിൽ തകർന്ന ആസ്തിവകകളുടെ പുനർനിർമ്മാണ പ്രവൃത്തികൾ SDRF, RKI എന്നീ ഫണ്ടുകൾ ഉപയോഗിച്ച് നിർവ്വഹിച്ചുവരുന്നുണ്ട്. അണക്കെട്ടുകളുടെ അഭിവൃദ്ധിപ്പെടുത്തലിനാവശ്യമായ പ്രവൃത്തികൾ DRIP മുഖേന നടത്തിവരുന്നുണ്ട്. വിവിധ ജലസേചന പദ്ധതികളുടെ നവീകരണത്തിനും വിപുലീകരണത്തിനും സ്വീകരിച്ചുവരുന്ന നടപടികൾ അനുബന്ധമായി* ചേർത്തിരിക്കുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പദ്ധതികൾ വിപുലീകരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(സി) പുതിയ ജലസേചന പദ്ധതികൾ ആരംഭിക്കാൻ എന്തെങ്കിലും നടപടിയുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

വയനാട് ജില്ലയിൽ കബനി ബേസിനിലെ വിവിധ തോടുകളിൽ/ അരുവികളിൽ ഏഴ് ഇടത്തരം പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. ആദ്യ ഘട്ടമായി കടമൻതോട്, തൊണ്ടാർ എന്നീ പദ്ധതികൾക്കായി DPR തയ്യാറാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. പാലക്കാട് ജില്ലയിൽ ചാലക്കുടി ബേസിനിൽ കാരപ്പാറ അരുവിയിൽ അണക്കെട്ട് നിർമ്മിച്ച് മഴനിഴൽ പ്രദേശങ്ങളിലേയ്ക്ക് ജലം എത്തിക്കാൻ കുരിയാർകുറ്റി കാരപ്പാറ പദ്ധതിക്ക് സുസ്ഥിര ബദൽ (SAKKIP) പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ഭവാനി ബേസിനിൽ ശിരുവാണി നദിക്ക് കുറുകെ അണക്കെട്ട് നിർമ്മിച്ച് ജലസേചനം സാധ്യമാക്കുന്നതിന് അട്ടപ്പാടിവാലി ജലസേചന പദ്ധതിയുടെ DPR തയ്യാറാക്കിയിട്ടുണ്ട്. പാമ്പാർ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി ചെങ്കലാർ സ്കീമിൽപ്പെട്ട പട്ടിശ്ശേരി ഡാമിന്റെ അനുബന്ധ പണികൾ നടന്നുവരുന്നു. തലയാർ സ്കീമിൽപ്പെട്ട ലോവർ ചട്ടമൂന്നാർ ഡാമിന്റെ രൂപകല്പനയ്ക്കുവേണ്ടിയുള്ള മണ്ണ് പര്യവേഷണ ജോലികളുടെ റിപ്പോർട്ടും മറ്റ് വിശദാംശങ്ങളും തയ്യാറാക്കിയിട്ടുണ്ട്. വട്ടവട സ്കീമിൽപ്പെടുത്തി ഒറ്റമരം ഡാം നിർമ്മാണത്തിനായുള്ള പ്രാരംഭ സർവ്വേ ജോലികൾ പൂർത്തിയായി. നിർദ്ദിഷ്ട സ്ഥലത്ത് മണ്ണ് പരിശോധിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിനായി ജിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കിഫ്ബി മുഖേന നടപ്പാക്കുന്ന സാംസ്കാരിക പദ്ധതികൾ

28 (*238) ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിഫ്ബി മുഖേന നടപ്പാക്കുന്ന സാംസ്കാരിക പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

700 കോടി രൂപ എസ്റ്റിമേറ്റിൽ 14 ജില്ലകളിൽ സാംസ്കാരിക നിലയങ്ങൾ നിർമ്മിക്കുവാനുള്ള പദ്ധതി, 100 കോടി രൂപ എസ്റ്റിമേറ്റിൽ സംസ്ഥാനത്ത് അനുയോജ്യമായ സ്ഥലങ്ങളിൽ തിയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതി, 150 കോടി രൂപ എസ്റ്റിമേറ്റിൽ ചിത്രാഞ്ജലി സ്റ്റുഡിയോയുടെ നവീകരണം, അന്താരാഷ്ട്ര ചലച്ചിത്രോത്സവം സംഘടിപ്പിക്കുന്നതിനായി 100 കോടി രൂപ എസ്റ്റിമേറ്റിൽ ഫിലിം ഫെസ്റ്റിവെൽ കോംപ്ലക്സ് പദ്ധതി എന്നിവയാണ് സംസ്ഥാനത്ത് കിഫ്ബി മുഖേന സാംസ്കാരിക വകുപ്പിൽ വിഭാവനം ചെയ്യുന്ന പദ്ധതികൾ.

(ബി) ഏതെല്ലാം പദ്ധതികൾക്കാണ് കിഫ്ബിയുടെ അനുമതി ലഭിച്ചിട്ടുള്ളത്; ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ?

കിഫ്ബിയുടെ അനുമതി ലഭിച്ച പദ്ധതികളും, ഓരോ പദ്ധതിക്കായി അനുവദിച്ച തുകയും അനുബന്ധമായി* ചേർക്കുന്നു.

(സി) ഏതെല്ലാം പദ്ധതികളാണ് ഇതിനകം ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ചുവടെപ്പറയുന്ന പദ്ധതികളാണ് നിർമ്മാണം ആരംഭിച്ചിട്ടുള്ളത്:

1. ശ്രീനാരായണ സാംസ്കാരിക സമുച്ചയം, കൊല്ലം.
2. വി.ടി. ഭട്ടതിരിപ്പാട് സാംസ്കാരിക സമുച്ചയം, പാലക്കാട്.
3. സുബ്രഹ്മണ്യ തിരുമുമ്പ് സാംസ്കാരിക സമുച്ചയം, കാസർഗോഡ്.
4. കായംകുളം തിയേറ്റർ സമുച്ചയം.
5. അളഗപ്പനഗർ തിയേറ്റർ സമുച്ചയം.
6. പയ്യന്നൂർ തിയേറ്റർ സമുച്ചയം.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ഏതെല്ലാം പദ്ധതികളാണ് ഇതിനകം പൂർത്തീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കൊല്ലം, കാസർഗോഡ് സാംസ്കാരിക സമുച്ചയങ്ങളുടെ ഒന്നാംഘട്ട നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തി.

(ഇ) ഏതെങ്കിലും പദ്ധതികൾ തുടങ്ങാനാവാത്ത അവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ; ഇവ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

തിരുവനന്തപുരത്ത് ഫിലിം ഫെസ്റ്റിവലിനായി ഒരു സ്ഥിരം വേദി സ്ഥാപിക്കുന്നതിനായി ചിത്രാഞ്ജലി സ്റ്റുഡിയോയിൽ സ്ഥലം കണ്ടെത്തിയെങ്കിലും അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നതിനുള്ള അസൗകര്യങ്ങൾ പരിഗണിച്ച് പ്രസ്തുത കോംപ്ലക്സിന് അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടെത്തുവാൻ തീരുമാനിച്ചു. ഈ പദ്ധതിക്കായി അനുയോജ്യമായ സ്ഥലം കണ്ടത്തുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. സാംസ്കാരിക സമുച്ചയ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മലപ്പുറം, കോഴിക്കോട്, തൃശ്ശൂർ, ആലപ്പുഴ, കോട്ടയം, കണ്ണൂർ ജില്ലകളിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. എറണാകുളം, തിരുവനന്തപുരം, പത്തനംതിട്ട, വയനാട്, ഇടുക്കി എന്നിവിടങ്ങളിൽ അനുയോജ്യമായ സർക്കാർ ഭൂമി ജില്ലാ ഭരണകൂടത്തിന്റെ സഹായത്തോടെ കണ്ടത്തുന്നതിനുള്ള ശ്രമം നടന്നുവരുന്നു.

**സമുദ്രമത്സ്യോല്പാദന മേഖലയിലെ പ്രശ്നങ്ങൾ**

29 (*239) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഭിച്ചുകൊണ്ടിരിക്കുന്ന സമുദ്രമത്സ്യത്തിന്റെ അളവിൽ സ്ഥിരമായി കുറവ് വരുന്നുവെന്നത് വസ്തുതയാണോ; എങ്കിൽ ഇതിന് പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

മുൻകാലങ്ങളെ അപേക്ഷിച്ച് കടൽമത്സ്യത്തിന്റെ ലഭ്യത കുറഞ്ഞു വരുന്നതായി വിലയിരുത്തിയിട്ടുണ്ട്. എന്നാൽ കെ.എം.എഫ്.ആർ. നിയമം 2017-ൽ കാലോചിതമായി പരിഷ്കരിക്കുകയും 2018-ൽ പുതിയ കെ.എം.എഫ്.ആർ. റൂൾ നടപ്പാക്കുകയും ചെയ്യുകവഴി ശാസ്ത്രീയ മത്സ്യബന്ധനം

ഉറപ്പാക്കുകയും CMFRI-യുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ തീരക്കടലിൽ സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം (MLS) നിശ്ചയിച്ച് നടപ്പിലാക്കിയതിന്റെയും ഫലമായി കടൽ മത്സ്യസമ്പത്ത് 2018-19-ൽ 6.09 ടണ്ണായി വർദ്ധിക്കുകയും ചെയ്തിരുന്നു. എന്നാൽ തുടർന്നുള്ള രണ്ടു വർഷങ്ങളിൽ കടൽ മത്സ്യലഭ്യത വീണ്ടും കുറയുന്നതായിട്ടാണ് കാണുന്നത്. കഴിഞ്ഞ രണ്ടുവർഷങ്ങളിൽ മത്സ്യലഭ്യത കുറയാനുള്ള പ്രധാന കാരണം കോവിഡ് പ്രതിസന്ധി, കാലാവസ്ഥാ മുന്നറിയിപ്പ് എന്നിവമൂലം മത്സ്യബന്ധന ദിവസങ്ങൾ കുറഞ്ഞതാണ്. വർദ്ധിച്ച മത്സ്യബന്ധന സമ്മർദ്ദം, ചെറു മത്സ്യങ്ങളെ പിടിക്കൽ, അശാസ്ത്രീയ മത്സ്യബന്ധനം, വിദേശ ട്രോളറുകളുടെ കടന്നുകയറ്റം, ജല മലിനീകരണം, കണ്ടൽക്കാടുകളുടെ തിരോധാനം, കാലാവസ്ഥാ വ്യതിയാനം, ആഗോള താപനം തുടങ്ങിയ നിരവധി കാരണങ്ങളാൽ മത്സ്യസമ്പത്തിന് ശോഷണം സംഭവിക്കുന്നു. ഓഖി, പ്രളയംപോലുള്ള പ്രകൃതി ദുരന്തങ്ങളും മത്സ്യസമ്പത്ത് കുറയുന്നതിന് ഒരു പരിധിവരെ കാരണമായി മാറിയിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി കടൽ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനും ഉതകുന്ന തരത്തിൽ വിവിധ മത്സ്യവർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥകൾ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുകയും നിയമലംഘനങ്ങൾക്ക് പിഴ ഈടാക്കുകയും ചെയ്യുന്നു.

(ബി) സമുദ്ര മത്സ്യോല്പാദന മേഖലയിലെ പ്രധാന പ്രശ്നങ്ങളായി കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയാണ്; ഇവ പരിഹരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വർദ്ധിച്ച മത്സ്യബന്ധന സമ്മർദ്ദം, ചെറുമത്സ്യങ്ങളെ പിടിക്കൽ, അശാസ്ത്രീയ മത്സ്യബന്ധനം, വിദേശ ട്രോളറുകളുടെ കടന്നുകയറ്റം, ജലമലിനീ കരണം, കണ്ടൽക്കാടുകളുടെ തിരോധാനം, കാലാവസ്ഥാ വ്യതിയാനം, ആഗോള താപനം തുടങ്ങിയവയാണ് സമുദ്ര മത്സ്യോത്പാദന മേഖലയിലെ പ്രധാന പ്രശ്നങ്ങൾ. ഇവയിൽ ചില കാരണങ്ങൾ മനുഷ്യജന്യവും മറ്റു ചിലവ പ്രകൃതിജന്യവുമാണ്. ഓഖി, പ്രളയം പോലുള്ള പ്രകൃതി ദുരന്തങ്ങളും പലപ്പോഴും മത്സ്യബന്ധന മേഖലയിൽ പ്രശ്നങ്ങളായി മാറാറുണ്ട്. ഇതുകൂടാതെ ഇന്ധനവില അടിക്കടി വർദ്ധിപ്പിക്കുന്നതും സംസ്ഥാനത്തിന് അർഹമായ മണ്ണെണ്ണ ക്വാട്ട വെട്ടിക്കുറയ്ക്കുന്നതും സബ്സിഡി മണ്ണെണ്ണ മൽസ്യത്തൊഴിലാളികൾക്ക് ലഭ്യമല്ലാതായതും ഈ മേഖലയിൽ വലിയ അതൃപ്തി സൃഷ്ടിച്ചിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി കടൽ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനുമുതകുന്ന തരത്തിൽ KMFR Act-ഉം Rules-ഉം കാലോചിതമായി പരിഷ്കരിക്കുകയും കാര്യക്ഷമമായി നടപ്പിലാക്കുകയും ചെയ്തുവരുന്നു. കടലിന്റെ

അടിത്തട്ടിൽ ടൺ കണക്കിന് പ്ലാസ്റ്റിക് മാലിന്യങ്ങൾ അടിഞ്ഞുകൂടുന്നത് മത്സ്യമേഖലയ്ക്ക് ഭീഷണിയാകുമെന്ന് മനസ്സിലാക്കി ഫിഷറീസ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുകളുടെ നേതൃത്വത്തിൽ ബോട്ടുടമകൾ, മത്സ്യത്തൊഴിലാളികൾ, സാഫ്, തദ്ദേശ ഭരണ സ്ഥാപനങ്ങൾ, ശുചിത്വ മിഷൻ, ക്ലീൻ കേരള മിഷൻ എന്നിവരുടെ സഹകരണത്തോടെ ശുചിത്വ സാഗരം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. വിവിധ മത്സ്യവർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥകൾ സംരക്ഷിക്കുന്നതിന് കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി ട്രോൾ നെറ്റുകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബ്ബന്ധമാക്കി. പ്രധാനപ്പെട്ട എല്ലാ വലകളുടെയും ആകെ വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്ററിന് മുകളിൽ നീളവും 250 എച്ച്.പി.-ക്ക് മുകളിൽ ഇന്ധനക്ഷമതയുള്ളതുമായ യാനങ്ങൾക്ക് തീരക്കടലിൽ (12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് നിരോധിച്ചു. ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യത്തീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നുവെന്ന് മനസ്സിലാക്കി കേരള തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം ഇറക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്തുവരുന്നു. കൂടാതെ ട്രോൾ ബാൻ 47 ദിവസത്തിൽ നിന്നും 52 ദിവസമായി വർദ്ധിപ്പിച്ചു. കടലിൽ കൃത്രിമ ആവാസ വ്യവസ്ഥയായ കൃത്രിമ പാര് നിക്ഷേപിക്കുന്ന പദ്ധതി പ്രാവർത്തികമാക്കി. സംസ്ഥാന സമുദ്ര മത്സ്യബന്ധന മേഖലയിൽ വിഭവ പരിപാലനവും നിരീക്ഷണവും സംരക്ഷണവും ഫലപ്രദമായി നടപ്പിലാക്കുന്നതിന് ത്രിതല മാനേജ്മെന്റ് സംവിധാനമായ സംസ്ഥാന, ജില്ലാ, വില്ലേജ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിക്കുന്നതിന് തീരുമാനിച്ചു. സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു. ജില്ല, വില്ലേജ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിക്കുന്ന പ്രവൃത്തി അന്തിമ ഘട്ടത്തിലാണ്. സബ്സിഡി മണ്ണെണ്ണയുടെ ലഭ്യത കുറഞ്ഞതുമൂലം പൊതുവിതരണ ശൃംഖല വഴി ഇപ്പോൾ മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി മണ്ണെണ്ണ ലഭിക്കുന്നില്ല. എന്നാൽ സംസ്ഥാന സർക്കാർ സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി സബ്സിഡിരഹിത മണ്ണെണ്ണയുടെ അളവിൽ ഇപ്പോൾ വർദ്ധനയുണ്ടായിട്ടുണ്ട്. ലിറ്ററിന് 41 രൂപ നിരക്കിൽ സബ്സിഡിരഹിത മണ്ണെണ്ണ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നുണ്ട്. കൂടാതെ മത്സ്യഫെഡ് വഴി നോൺ PDS മണ്ണെണ്ണ ലിറ്ററിന് 25 രൂപ സബ്സിഡി നിരക്കിൽ മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്നു.

(സി) മത്സ്യബന്ധന മേഖലയുടെ കാലോചിതമായ വികസനവും ഫലപ്രദമായ മാനേജ്മെന്റും ലക്ഷ്യമാക്കി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

സംസ്ഥാന സമുദ്രമത്സ്യബന്ധന മേഖലയിൽ വിഭവ പരിപാലനവും നിരീക്ഷണവും സംരക്ഷണവും ഫലപ്രദമായി നടപ്പിലാക്കുന്നതിന് ത്രിതല മാനേജ്മെന്റ് സംവിധാനമായ സംസ്ഥാന, ജില്ലാ, വില്ലേജ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിക്കുന്നതിന് തീരുമാനിച്ചു. സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ രൂപീകരിച്ചുവരുന്നു. ജില്ല, വില്ലേജ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിക്കുന്ന പ്രവൃത്തി അന്തിമ ഘട്ടത്തിലാണ്. കൂടാതെ മത്സ്യബന്ധന മേഖലയുടെ കാലോചിതമായ വികസനവും ഫലപ്രദമായ മാനേജ്മെന്റും ലക്ഷ്യമാക്കി ഫിഷറീസ് വകുപ്പും മത്സ്യഫെഡ്, മത്സ്യ ബോർഡ്, സാഫ് എന്നീ ഏജൻസികളും നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. പദ്ധതികളുടെ വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

## പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിലെ കോവിഡ് വ്യാപനം തടയാൻ നടപടി

30 (*240) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ കോവിഡ് വ്യാപനം രൂക്ഷമാകുന്നത് തടയുന്നതിന് ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ?

പട്ടികവർഗ്ഗ മേഖലകളിൽ കോവിഡ് രോഗ വ്യാപനം തടയുന്നതിന്റെ ഭാഗമായി വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു:

ബോധവത്കരണ പ്രവർത്തനങ്ങൾ: കോവിഡ് -19 രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിൽ പ്രത്യേക സെൽ പ്രവർത്തിക്കുന്നു. സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗ കോളനികളിലും തദ്ദേശഭരണ സ്ഥാപനങ്ങൾ, ആരോഗ്യ വകുപ്പ് എന്നിവയുമായി ചേർന്ന് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിപുലമായ ബോധവത്കരണം നടത്തിവരുന്നു. തുടർ സേവനം ലഭ്യമാകുന്നതിനുള്ള ഹെൽപ്പ് ലൈൻ നമ്പറുകളും ഇവർക്ക് നൽകിയിട്ടുണ്ട്. രോഗ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലക്ഷണങ്ങൾ സംശയിക്കുന്നവരെ ക്വാറന്റീനിലാക്കി നിരീക്ഷിക്കുകയും രോഗ ലക്ഷണങ്ങളുള്ളവരെ ടെസ്റ്റിന് വിധേയമാക്കുകയും ചെയ്തു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള മെഡിക്കൽ ക്യാമ്പുകൾ നടത്തിവരുന്നു. കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഗോത്രഭാഷയിലുള്ള ലഘുലേഖകളും, ഹ്രസ്വ ചിത്രങ്ങളും ബോധവത്കരണ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നു.

<u>ആരോഗ്യ പ്രവർത്തനങ്ങൾ:</u> ആരോഗ്യ വകുപ്പുമായി ചേർന്ന് തിരുവനന്തപുരം, വയനാട്, കോഴിക്കോട്, എറണാകുളം, കോട്ടയം തുടങ്ങിയ ജില്ലകളിൽ പട്ടികവർഗ്ഗക്കാർക്കായി പ്രത്യേക വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ കോളനികളിൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, പ്രൊമോട്ടർമാർ എന്നിവർ മുഖേന ബോധവത്കരണം നടത്തുകയും വാക്സിൻ രജിസ്ട്രേഷന് സഹായിക്കുകയും ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗക്കാർക്ക് വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നിവ മുഖേന മാസ്ക് വിതരണം നടത്തുകയും ആരോഗ്യ വകുപ്പിൽനിന്നും നൽകിയ നോട്ടീസുകൾ, ബാനറുകൾ, ലഘുലേഖകൾ എന്നിവ കോളനികളിൽ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ മേഖലകളിൽ ഭക്ഷ്യധാന്യങ്ങൾ, ശുദ്ധജലം എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോവിഡ് രോഗബാധിതരല്ലാത്ത മറ്റ് രോഗങ്ങൾക്ക് ചികിത്സയിൽ കഴിയുന്നവർക്കും നിത്യേന മരുന്ന് കഴിക്കുന്നവർക്കും ആവശ്യമായ മരുന്നുകൾ കൃത്യമായി എത്തിക്കുന്നതിനും കോവിഡിനുള്ള ഹോമിയോ പ്രതിരോധ മരുന്ന് വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വകുപ്പിന്റെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തുകയും ഒ.പി. ക്ലിനിക്കുകൾ, ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറികൾ എന്നിവയുടെ സേവനം, ചികിത്സാ സഹായം ആവശ്യമുള്ളവർക്ക് വാഹന സൗകര്യം എന്നിവയും നൽകിവരുന്നു. ഫുഡ് & ന്യൂട്രീഷ്യൻ സപ്പോർട്ട് പദ്ധതി, സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി എന്നിവ വകുപ്പ് നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾ CFLTC, DCC തുടങ്ങിയ കേന്ദ്രങ്ങളാക്കുന്നതിന് വിട്ടുനൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വ്യാജമദ്യത്തിന്റെ ഉപയോഗം തടയുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പട്ടികവർഗ്ഗക്കാർക്ക് MNREGS മുഖേന തൊഴിലും വരുമാനവും ഉറപ്പുവരുത്തുന്നു. വനവിഭവങ്ങൾ ശേഖരിക്കുന്ന പട്ടിക വർഗ്ഗക്കാർക്ക് ആയതിന്റെ വിപണനത്തിനായി വനം വകുപ്പിന്റെ സഹായത്തോടുകൂടി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ആദിവാസി മേഖലകളിൽ കോവിഡ് കാരണം മരണമടഞ്ഞവരുടെ വിവരങ്ങൾ ലഭ്യമാക്കാൻ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കോവിഡ് കാരണം മരണമടഞ്ഞ പട്ടികവർഗ്ഗക്കാരുടെ വിവരങ്ങൾ വകുപ്പുതലത്തിൽ ശേഖരിക്കുകയും നിലവിലെ സ്ഥിതി നിരീക്ഷിച്ചുവരുകയും ചെയ്യുന്നു.

(സി) കോവിഡ് കാരണം മരണമടഞ്ഞ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എല്ലാ വ്യക്തികളുടെയും വിവരം ആരോഗ്യ വകുപ്പിന്റെ കോവിഡ് മരണ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്നത് വകുപ്പ് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ?

പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ട, കോവിഡ് കാരണം മരണമടഞ്ഞ വ്യക്തികളുടെ കണക്കുകൾ വകുപ്പുതലത്തിൽ ശേഖരിച്ചുവരുന്നു. മരണപ്പെട്ട വ്യക്തികളുടെ വിവരം ആരോഗ്യ വകുപ്പിന്റെ കോവിഡ് മരണ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനായി നടപടി സ്വീകരിക്കുന്നതാണ്. പട്ടികജാതി വികസന വകുപ്പ് ഇക്കാര്യത്തിൽ കണക്കുകൾ ശേഖരിച്ചുവരുന്നുണ്ട്.

(ഡി) കോവിഡ് കാരണം മരണമടഞ്ഞ പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എല്ലാവരുടെയും കുടുംബങ്ങൾക്ക് ദുരിതാശ്വാസ തുക ഉറപ്പുവരുത്താൻ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കോവിഡ് - 19 മൂലം മരണപ്പെട്ട നിർദ്ധനരായ പട്ടികവർഗ്ഗക്കാരായ ആളുകൾക്ക് വകുപ്പിന്റെ ചികിത്സാ ധനസഹായ പദ്ധതിയിൽനിന്നും അടിയന്തര ചെലവുകൾക്കായി തുക നൽകുന്നുണ്ട്. കോവിഡ് ബാധിച്ച് മരണമടഞ്ഞ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരിൽ ഏകവരുമാനദായകരുണ്ടെങ്കിൽ അവരുടെ കുടുംബങ്ങൾക്ക് 2 ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്ന പദ്ധതി പ്രകാരം പട്ടികജാതി - പട്ടികവർഗ്ഗ വികസന വകുപ്പുകളിൽനിന്നും തുക അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നു.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഭൂരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കായി നടപ്പാക്കിയിട്ടുള്ള പദ്ധതികൾ

1(2664) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്കായി നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വനാവകാശ നിയമം, നിക്ഷിപ്തവനഭൂമി വിതരണം, റവന്യൂ ഭൂമി വിതരണം, ലാൻഡ് ബാങ്ക് എന്നീ പദ്ധതികളിലൂടെ ഭൂമി ലഭ്യമാക്കി വിതരണം ചെയ്തുവരുന്നു. റ്റി.ആർ.ഡി.എം മുഖേന നാളിതുവരെയായി 39,169 പേർക്ക് 48,109.44 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. കഴിഞ്ഞ അഞ്ചു വർഷങ്ങളിലെ ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ധനസഹായം നൽകിയ ഗുണഭോക്താക്കളുടെ വിശദവിവരങ്ങൾ അനുബന്ധത്തിൽ ചേർക്കുന്നു* .

(ബി) ഭൂരഹിതരായ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭൂമി വാങ്ങുന്നതിനായി നൽകിവരുന്ന സാമ്പത്തിക ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങുന്നതിനായി വകുപ്പ് മുഖേന വ്യക്തിഗത ഫണ്ട് അനുവദിക്കുന്നില്ല. പകരം ലാൻഡ് ബാങ്ക് വഴി ഭൂമി കണ്ടെത്തിയാണ് വിതരണം ചെയ്യുന്നത്.

(സി) സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് 7,930 ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങളാണുള്ളത്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധത്തിൽ ചേർക്കുന്നു*. പട്ടികജാതി വിഭാഗത്തിൽ ഭൂരഹിതരായി കണ്ടെത്തിയ കുടുംബങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധത്തിൽ ചേർക്കുന്നു*.

**പട്ടികജാതി വിഭാഗങ്ങൾക്കുള്ള ഭവന നിർമ്മാണം സംബന്ധിച്ച്**

2(2665) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വികസന വകുപ്പിൽനിന്ന് 2011-2012 സാമ്പത്തിക വർഷം മുതൽ 2020-2021 സാമ്പത്തിക വർഷം വരെ ഭവനരഹിതരായ എത്ര കുടുംബങ്ങൾക്ക് വീടുകൾ നൽകിയിട്ടുണ്ട്; വർഷം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി *ഉൾപ്പെടുത്തിയിരിക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ**

3(2666) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻകാലങ്ങളിൽ വിവിധ പാർപ്പിട പദ്ധതികളിലുൾപ്പെട്ട് ഭാഗികമായി പണം കൈപ്പറ്റുകയും എന്നാൽ ഭവനനിർമ്മാണം പൂർത്തിയാക്കാൻ കഴിയാതെ പോവുകയും ചെയ്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ട, ഇപ്പോഴും വാസയോഗ്യമായ വീട് ഇല്ലാത്തവരെ ലൈഫ് പാർപ്പിട പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) മുൻ പദ്ധതികൾ മുഖേന ഇവരെടുത്ത വായ്പകൾ ഒഴിവാക്കുന്നതിനും ഭവനം പൂർത്തീകരിക്കുന്നതിനും ആവശ്യമായ തുക അനുവദിച്ചുനൽകാൻ നടപടി സ്വീകരിക്കുമോ?

(എ & ബി)

1. ലൈഫ് പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 2007-08 മുതൽ 2015-16 വരെ വകുപ്പ് മുഖേന അനുവദിച്ചതിൽ പൂർത്തീകരിക്കാതെ അവശേഷിച്ചിരുന്ന വീടുകളുടെ പൂർത്തീകരണത്തിന് ധനസഹായം അനുവദിച്ച് 3844 സ്പിൽ ഓവർ വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

2. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ വിവിധ സർക്കാർ വകുപ്പുകൾ മുഖേന/ സ്വന്തമായി ഭവന നിർമ്മാണം നടത്തിയിട്ട് സാമ്പത്തിക ബുദ്ധിമുട്ട് കാരണം ഭവനനിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്ത പട്ടികജാതി വിഭാഗക്കാർക്ക് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പരമാവധി 1.5 ലക്ഷം രൂപ അനുവദിക്കുന്ന ഭവന പൂർത്തീകരണ പദ്ധതി 2020-21 വർഷം നടപ്പിലാക്കി. ടി പദ്ധതി പ്രകാരം 9564 പേർക്ക് ധനസഹായം അനുവദിച്ചു. നടപ്പുവർഷം 5000 പേർക്ക് ഭവന പൂർത്തീകരണ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ പട്ടികജാതി വികസന വകുപ്പ് സ്വീകരിച്ചുവരുന്നു.

3. പാർപ്പിട നിർമ്മാണത്തിനായെടുത്തിട്ടുള്ള വായ്പകൾ ഒഴിവാക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

**കൊല്ലം മണ്ഡലത്തിലെ ഭൂ-ഭവന രഹിതരായ പട്ടികജാതി കുടുംബങ്ങൾ**

4(2667) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം മണ്ഡലത്തിൽ ഭൂരഹിത-ഭവനരഹിതരായ എത്ര പട്ടികജാതി കുടുംബങ്ങളാണുള്ളത്; വിശദ വിവരം ലഭ്യമാക്കുമോ?

പ്രസ്തുത നിയോജകമണ്ഡലത്തിലെ ഭൂരഹിത-ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങളുടെ എണ്ണം തദ്ദേശഭരണ സ്ഥാപന അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

| തദ്ദേശഭരണ സ്ഥാപനം | ഭൂ-ഭവനരഹിതർ |
|---|---|
| പനയം | 90 |
| തൃക്കരുവ | 122 |
| കൊല്ലം കോർപ്പറേഷൻ | 196 |
| ആകെ | 408 |

(ബി) കൊല്ലം മണ്ഡല പരിധിയിൽ ഭവനരഹിതരായ എത്ര പട്ടികജാതി കുടുംബങ്ങളാണുള്ളത്; വിശദവിവരം ലഭ്യമാക്കുമോ?

പ്രസ്തുത നിയോജകമണ്ഡലത്തിലെ ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങളുടെ എണ്ണം തദ്ദേശഭരണ സ്ഥാപന അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

| തദ്ദേശ ഭരണ സ്ഥാപനം | ഭവനരഹിതർ |
|---|---|
| പനയം | 194 |
| തൃക്കരുവ | 186 |
| കൊല്ലം കോർപ്പറേഷൻ | 482 |
| ആകെ | 862 |

(സി) മുൻ സർക്കാരിന്റെ കാലത്ത് കൊല്ലം മണ്ഡലത്തിലെ എത്ര പട്ടികജാതി കുടുംബങ്ങൾക്കാണ് ഭൂമി വാങ്ങുന്നതിനും ഭവന നിർമ്മാണത്തിനുമായി ധനസഹായം അനുവദിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

മുൻ സർക്കാരിന്റെ കാലത്ത് കൊല്ലം കോർപ്പറേഷനിൽ ഉൾപ്പെട്ട 78 പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിക്കുകയും അതിൽ 18 ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

## കൽപ്പറ്റ മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലുള്ള ഭൂരഹിതരായ കുടുംബങ്ങൾക്ക് ഭൂമി അനുവദിക്കൽ

5(2668) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ മണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിതരായ എത്ര കുടുംബങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത നിയോജകമണ്ഡലത്തിൽ ഭൂരഹിതരായ 189 പട്ടികജാതി കുടുംബങ്ങളും 905 പട്ടികവർഗ്ഗ കുടുംബങ്ങളുമുണ്ട്.

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് പട്ടയമേളയിലൂടെ ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വനാവകാശ നിയമം, നിക്ഷിപ്ത വനഭൂമി വിതരണം, ലാൻഡ് ബാങ്ക് പദ്ധതി, റവന്യൂ ഭൂമി വിതരണം എന്നീ പദ്ധതികളിലൂടെ ഭൂമി കണ്ടെത്തി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ലൈഫ് മിഷൻ മുഖേനയും അർഹരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി അനുവദിച്ചുനൽകുന്നുണ്ട്. എന്നാൽ വകുപ്പ് മുഖാന്തരം പട്ടയമേള നടത്തുന്നില്ല.

## പാറശ്ശാല മണ്ഡലത്തിലെ ഭവനരഹിതരായ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ

6(2669) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ നിലവിൽ ഭവനരഹിതരായ എത്ര പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളാണുള്ളത്; ഇതിൽ ഭൂരഹിതരായ ഭവനരഹിതർ എത്ര; പഞ്ചായത്ത് അടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കി നൽകാമോ?

ഭവനരഹിതരായ 617 പട്ടികജാതി കുടുംബങ്ങളും 211 പട്ടികവർഗ്ഗ കുടുംബങ്ങളുമുണ്ട്. ഇതിൽ 138 പട്ടികജാതി കുടുംബങ്ങളും 4 പട്ടികവർഗ്ഗ കുടുംബങ്ങളും ഭൂരഹിത ഭവനരഹിതരാണ്. പഞ്ചായത്ത് അടിസ്ഥാനമാക്കിയുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു* .

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇവരിൽ എത്രപേർ ലൈഫ് മിഷൻ ഉൾപ്പെടെയുള്ള വിവിധ ഭവനനിർമ്മാണ പദ്ധതികളുടെ മുൻഗണനാപട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ഭൂരഹിതരായവരിൽ എത്രപേർ സ്ഥലം അനുവദിക്കുന്നതിനുള്ള ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്നുമുള്ള വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കി നൽകാമോ?

ഭവനരഹിതരായ 617 പട്ടികജാതി വിഭാഗക്കാരും 191 പട്ടികവർഗ്ഗ വിഭാഗക്കാരും ലൈഫ് മിഷൻ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 14 പേർക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിതരായ ആർക്കുംതന്നെ ഭൂമി അനുവദിച്ചിട്ടില്ല. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത മണ്ഡലത്തിൽ മുൻസർക്കാരിന്റെ കാലയളവിൽ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ചുവെന്നും ഇനി പൂർത്തീകരിക്കാനുള്ളവ, ആരംഭിക്കാനുള്ളവ എത്ര വീതമെന്നും വിശദമാക്കുമോ; വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ അറിയിക്കുമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

### കുന്നത്തുകാൽ പഞ്ചായത്തിലെ സ്ഥിരതാമസക്കാർക്ക് പട്ടയം

7(2670) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിലെ മൂവേരിക്കര വാർഡിൽ 1991-92 കാലഘട്ടത്തിൽ ഭൂരഹിതരായ ഭവനരഹിതർക്കായി പട്ടികജാതി വികസന വകുപ്പ് ആവിഷ്കരിച്ച പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിലെ ഒൻപത് പേർക്ക് ഭൂമിയും സർക്കാർ ഗ്രാന്റ് ഉപയോഗിച്ച് വീടും നൽകിയെങ്കിലും നാളിതുവരെ ഇവർക്ക് പട്ടയം ലഭ്യമാക്കിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

1989-90 കാലഘട്ടത്തിൽ ഭൂരഹിതരായ ഭവനരഹിതർക്കായി പട്ടികജാതി വികസന വകുപ്പ് മുഖേന ആവിഷ്കരിച്ച പദ്ധതി പ്രകാരം 46 സെന്റ് വസ്തു 4 സെന്റ് വീതം 10 പേർക്ക് നൽകിയിരുന്നു. എന്നാൽ പട്ടയം ലഭിച്ചിരുന്നില്ല. ശേഷം പ്രസ്തുത വസ്തുവിന് പട്ടയം ലഭ്യമാക്കാമെന്ന് വകുപ്പിൽനിന്നും അറിയിച്ചിരുന്നുവെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ അത് സാധിച്ചിരുന്നില്ല. 2020-ൽ ജില്ലാ പട്ടികജാതി വികസന ഓഫീസർ സ്ഥലം

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സന്ദർശിക്കുകയും പ്രദേശത്ത് നിലവിൽ താമസിക്കുന്നവരോട് വില്ലേജ് ഓഫീസിൽ പട്ടയം ലഭ്യമാക്കേണ്ട ഭൂമിയുടെ രേഖകളും അപേക്ഷയും നൽകാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ടി വിഷയത്തിന്മേൽ റവന്യൂ വകുപ്പ് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇവരിൽ എത്രപേർ പട്ടയത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; സ്ഥിരതാമസക്കാർക്ക് പട്ടയം ലഭ്യമാക്കി നൽകുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ആയതിന്റെ പുരോഗതി അറിയിക്കാമോ?

നിലവിൽ 3 പേർ പട്ടയത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇവർക്ക് അവകാശ രേഖകൾ ഹാജരാക്കുന്നതിന് നിർദ്ദേശം നൽകുന്നതിനായി കുന്നത്തുകാൽ വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും ടി രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് സത്വര നടപടികൾ സ്വീകരിക്കുമെന്ന് റവന്യൂ വകുപ്പ് അറിയിച്ചിട്ടുള്ളതുമാകുന്നു.

(സി) പ്രസ്തുത പ്രദേശങ്ങളിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും യഥാർത്ഥ ഉടമകൾക്ക് പട്ടയം ലഭ്യമാക്കി നൽകുന്നതിനും ശേഷിക്കുന്ന ഭൂമി ഏറ്റെടുത്ത് കുന്നത്തുകാൽ പഞ്ചായത്തിലെ ഭൂരഹിതരായ പട്ടികജാതി വിഭാഗത്തിലുള്ളവർക്ക് ലൈഫ് പദ്ധതി പ്രകാരമോ മണ്ണും വീടും പദ്ധതി പ്രകാരമോ വീട് നിർമ്മിച്ച് നൽകുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

പ്രസ്തുത വിഷയം സർക്കാർ ഗൗരവമായി പരിഗണിക്കുന്നതാണ്.

## എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവരുടെ വീടുകൾ പുനർനിർമ്മിക്കുന്നതിനുള്ള പദ്ധതി

8(2671) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവരുടെ വാസയോഗ്യമല്ലാത്തതും കേടുപാടുകൾ സംഭവിച്ചതുമായ വീടുകൾ പുനർനിർമ്മിക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

പട്ടികജാതി വികസന വകുപ്പ് മുഖേന ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ചവർക്ക് വീടിന്റെ അറ്റകുറ്റപ്പണിക്കായി 2016-17 സാമ്പത്തികവർഷം വരെ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. അതിനുശേഷം ടി പദ്ധതി നടപ്പിലാക്കിയിട്ടില്ല. സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽനിന്ന് കഴിഞ്ഞ 10 വർഷത്തിനുള്ളിൽ പട്ടികജാതി വിഭാഗക്കാർക്ക് അനുവദിച്ചുനൽകിയ ഭവനനിർമ്മാണ ധനസഹായ തുക പൂർണ്ണമായും കൈപ്പറ്റിക്കഴിഞ്ഞിട്ടും നിർമ്മാണം പൂർത്തീകരിക്കാത്തവരും നിർദ്ദിഷ്ട രീതിയിലുള്ള മേൽക്കൂര നിർമ്മിക്കാത്തതുമൂലം അവസാന ഗഡു

ലഭിക്കാത്തവരും സ്വന്തമായി വീട് നിർമ്മാണം ആരംഭിച്ച് നിർമ്മാണം പൂർത്തീകരിക്കാത്തവരുമായ പട്ടികജാതി കുടുംബങ്ങൾക്ക് പരമാവധി ഒന്നര ലക്ഷം രൂപ വരെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് പ്രത്യേകം ധനസഹായം അനുവദിക്കുന്നുണ്ട്. ആയതുപ്രകാരം 2020-21 സാമ്പത്തിക വർഷം 9564 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം 5000 പേർക്ക് ഭവനപൂർത്തീകരണ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് ലൈഫ് മിഷൻ മുഖേനയാണ് നിലവിൽ പട്ടികവർഗ്ഗ വിഭാഗക്കാർക്കും വീട് അനുവദിച്ചുവരുന്നത്. ലൈഫ് മിഷന്റെ അർഹതാ ലിസ്റ്റിൽ ഉൾപ്പെടാത്തതും എന്നാൽ ശോച്യമായ വീടുകളിൽ താമസിക്കുന്നതുമായ 16070 പട്ടികവർഗ്ഗക്കാരെ വകുപ്പ് സർവ്വെ നടത്തി കണ്ടെത്തുകയും ടി ലിസ്റ്റ് തുടർന്ന നടപടികൾക്കായി ലൈഫ് മിഷന് കൈമാറുകയും ആയതിൽ ലൈഫ് മിഷൻ അർഹരെന്ന് കണ്ടെത്തിയ 12931 പേരിൽ 10916 പേരുടെ അർഹത ലൈഫ് മിഷൻ അംഗീകരിച്ചിട്ടുമുണ്ട്. ആയതിൽ 5177 പേർ ഭവനനിർമ്മാണത്തിനായി കരാർ വച്ചിട്ടുണ്ട്.

**ഭൂരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ**

9(2672) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി* ഉൾപ്പെടുത്തിയിരിക്കുന്നു.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര എസ്.ടി. കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ടെന്നറിയിക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിവിധ പദ്ധതികളിലായി 5011 എസ്.ടി. കുടുംബങ്ങൾക്കായി 4146.50 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.

(സി) പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കൃഷി ഭൂമി വാങ്ങി നൽകുന്ന പദ്ധതിയിൽ എറണാകുളം ജില്ലയിൽ എത്ര പേർക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

എറണാകുളം ജില്ലയിൽ 31 പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കും 11 പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കും കൃഷി ഭൂമി വാങ്ങി നൽകിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പട്ടയമില്ലാത്ത ആദിവാസി കുടുംബങ്ങൾ

10(2673) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഇനി എത്ര ആദിവാസി കുടുംബങ്ങൾക്ക് പട്ടയം ലഭിക്കാനുണ്ടെന്ന കണക്ക് സർക്കാരിന്റെ പക്കലുണ്ടോ; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ?

സംസ്ഥാനത്ത് നിലവിൽ 7,930 ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങളാണുള്ളത്. ടി കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി പട്ടയം നൽകേണ്ടതുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

## ചാത്തന്നൂർ മണ്ഡലത്തിലെ ഭൂരഹിത ഭവനരഹിത പട്ടികജാതി കുടുംബങ്ങൾ

11(2674) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ ഭൂരഹിതരും ഭവനരഹിതരുമായ എത്ര പട്ടികജാതി കുടുംബങ്ങളുണ്ട്; പഞ്ചായത്ത് അടിസ്ഥാനത്തിൽ എണ്ണം അറിയിക്കാമോ?

വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) പ്രസ്തുത ഭൂരഹിത-ഭവനരഹിത പട്ടികജാതി കുടുംബങ്ങൾക്ക് വസ്തുവും വീടും അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

110 ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് വസ്തു ലഭ്യമാക്കിയിട്ടുണ്ട്. അതിൽ 55 പേർക്ക് വീട് അനുവദിക്കുകയും 25 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

## മണലൂർ മണ്ഡലത്തിലെ ഇറിഗേഷൻ പട്ടികജാതി കോളനിയിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതി

12(2675) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മണലൂർ പഞ്ചായത്തിലെ ഇറിഗേഷൻ പട്ടികജാതി കോളനിയിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം നടപ്പാക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണ്; വ്യക്തമാക്കുമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

(എ-സി) വീടുകളുടെ അറ്റകുറ്റപ്പണികൾ, റോഡ് ടാറിംഗ്, റീട്ടെയിനിംഗ് വാൾ നിർമ്മാണം എന്നീ പ്രവൃത്തികളാണ് പ്രസ്തുത പദ്ധതി പ്രകാരം നടപ്പാക്കുന്നത്. അതിൽ 20 വീടുകളുടെ അറ്റകുറ്റപ്പണികൾ, റോഡ് ടാറിംഗ് എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. റീട്ടെയിനിംഗ് വാൾ നിർമ്മാണം പഞ്ചായത്ത് മുഖേന ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ 20-10-2021-നള്ളിൽ പൂർത്തീകരിക്കുന്നതിന് 9-9-2021-ൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഇരിക്കൂർ മണ്ഡലത്തിലെ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി**

13(2676) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം നവീകരിച്ച പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) മേൽ പദ്ധതി പ്രകാരം നവീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ള പട്ടികജാതി- പട്ടികവർഗ്ഗ കോളനികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഇരിക്കൂർ മണ്ഡലത്തിൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം പട്ടികജാതി കോളനികൾ തെരഞ്ഞെടുത്തിട്ടില്ല. പട്ടികവർഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം ഇരിക്കൂർ നിയോജകമണ്ഡലത്തിലെ മാവുംതട്ട്, ചെമ്പുവച്ചമൊട്ട, പെരുവട്ടം, തോപ്പിലായി എന്നീ 4 പട്ടികവർഗ്ഗ കോളനികളുടെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും പ്രവൃത്തി പുരോഗമിച്ചുവരികയും ചെയ്യുന്നു. കരേത്തുംചാൽ പട്ടികവർഗ്ഗ കോളനിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 2020-21 വർഷം അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഇരിക്കൂർ മണ്ഡലത്തിൽനിന്നും ആനയടി-വാതിൽമട പട്ടികവർഗ്ഗ കോളനിയെ തെരഞ്ഞെടുത്തിട്ടുണ്ട്. ടി കോളനിയിൽ പദ്ധതി നടപ്പിലാക്കുന്നതിനായി നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പട്ടികജാതി കോളനികളുടെ വികസനത്തിനായി ആരംഭിച്ച പദ്ധതികൾ

14(2677) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംപര്യാപ്ത ഗ്രാമങ്ങൾ, അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമങ്ങൾ എന്നീ പേരുകളിൽ പട്ടികജാതി കോളനികളുടെ വികസനത്തിനായി ആരംഭിച്ച പദ്ധതികൾ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം എത്ര കോളനികൾ തെരഞ്ഞെടുത്തിട്ടുണ്ട്; എത്രയെണ്ണം ഇതുവരെ പൂർത്തീകരിച്ചു; എത്ര കോളനികളുടെ വികസന പ്രവർത്തനങ്ങൾ ഭരണാനുമതി നൽകിയശേഷം ഉപേക്ഷിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

(എ&ബി) പ്രസ്തുത പദ്ധതികൾ പ്രകാരം ആകെ 672 കോളനികളെ തെരഞ്ഞെടുത്തതിൽ 278 കോളനികളുടെ നിർമ്മാണ പ്രവൃത്തികൾ നാളിതുവരെ പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതി മാനദണ്ഡ പ്രകാരമല്ലാത്തതും മറ്റ് കാരണങ്ങൾകൊണ്ടും 23 കോളനികളെ പദ്ധതിയിൽനിന്നും റദ്ദ് ചെയ്തിട്ടുണ്ട്. ആയതിന്റെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* നിർവ്വഹണ ഏജൻസികൾ സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കാത്തതാണ് പ്രധാനമായും തടസ്സമായിട്ടുള്ളത്. എന്നാൽ എല്ലാ പ്രവൃത്തികളും 31-12-2021-ന് മുമ്പായി പൂർത്തീകരിക്കുന്നതിന് 9-9-2021-ൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ള സ്ഥാപനങ്ങൾ ഏതൊക്കെയാണ്; ഓരോ സ്ഥാപനവും പൂർത്തീകരിക്കാനുള്ള കോളനികളുടെ എണ്ണം വ്യക്തമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധം 2*ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

(ഡി) മേൽപ്പറഞ്ഞ സ്ഥാപനങ്ങൾക്ക് പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുക്കാനുള്ള സാങ്കേതിക പരിജ്ഞാനമോ സാങ്കേതിക ജീവനക്കാരോ സാമ്പത്തികശേഷിയോ ഇല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം സ്ഥാപനങ്ങളെ ഒഴിവാക്കി ഇതുവരെ തുടങ്ങാത്ത പദ്ധതികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) തുടങ്ങിയ പദ്ധതികൾ പൂർത്തീകരിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഏറ്റെടുത്ത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് 9-9-2021-ൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിൽ ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഇരിക്കൂർ കുനിയൻ പുഴ കോളനിയിലെ കുടിവെള്ള ക്ഷാമം**

15(2678) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിലെ എരുവേശ്ശി പഞ്ചായത്തിൽ കുനിയൻ പുഴ കോളനി പ്രദേശത്തെ കുടിവെള്ളക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അടിസ്ഥാന സൗകര്യങ്ങൾ കുറഞ്ഞ പ്രസ്തുത പട്ടികവർഗ്ഗ കോളനിയിൽ കുടിവെള്ളം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കുനിയൻ പുഴ കോളനിക്കടുത്തായി ഇറിഗേഷൻ വകുപ്പ് ജലസേചന പദ്ധതിക്കായി നിർമ്മിച്ച കുളത്തിന് ആഴം കൂട്ടി കോളനിക്കാരുടെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് എരുവേശ്ശി പഞ്ചായത്തുമായി സഹകരിച്ച് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

**ആലത്തൂർ മണ്ഡലത്തിൽ പട്ടികജാതി കോളനികളിലെ വീടുകളിൽ വൈദ്യുതി കണക്ഷൻ**

16(2679) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ എല്ലാ പട്ടികജാതി കോളനികളിലെ വീടുകളിലും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുണ്ടോ?

പുതുതായി നിർമ്മിക്കുന്ന വീടുകൾ/പണിതീരാത്ത വീടുകൾ എന്നിവ ഒഴികെയുള്ള ബാക്കി എല്ലാ വീടുകളിലും വൈദ്യുതി കണക്ഷൻ ഉണ്ട്.

(ബി) ഇല്ലെങ്കിൽ ഏതെല്ലാം കോളനികളിലാണ് വൈദ്യുതി കണക്ഷൻ നിലവിലില്ലാത്തത്; വിശദാംശങ്ങൾ അറിയിക്കാമോ?

എല്ലാ കോളനികളിലും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുണ്ട്.

## നാദാപുരം മണ്ഡലത്തിലെ വീടില്ലാത്ത പട്ടികവർഗ്ഗ കുടുംബങ്ങളുടെ പുനരധിവാസം

17(2680) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾ നാദാപുരം നിയോജകമണ്ഡലത്തിലുണ്ടെന്ന് പറയാമോ?

60 പട്ടികവർഗ്ഗ കുടുംബങ്ങൾ നിലവിലുണ്ട്.

(ബി) അവർക്ക് ഭൂമിയും വീടും അനുവദിക്കുന്നതിന് വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

കേന്ദ്ര വനാവകാശ നിയമം 2006 പ്രകാരം കൈവശ രേഖ വിതരണം ചെയ്യൽ, ഭൂമി വാങ്ങി വിതരണം ചെയ്യൽ, കേന്ദ്രാനുമതി ലഭിച്ച നിക്ഷിപ്ത വന ഭൂമി വിതരണം ചെയ്യൽ, റവന്യൂ ഭൂമി വിതരണം എന്നീ പദ്ധതികൾ മുഖേന സംസ്ഥാനത്തെ ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് ഭൂമി ലഭ്യമാക്കി ടി.ആർ.ഡി.എം. മുഖേന പുനരധിവാസ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. നാദാപുരം മണ്ഡലത്തിലെ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികവർഗ്ഗക്കാരെ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂമിയും വീടും ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ലാൻഡ് ബാങ്ക് പദ്ധതിയിൽ ഭൂമി വിലയ്ക്ക് വാങ്ങി വിതരണം ചെയ്യുന്നതുമാണ്.

## ചങ്ങനാശ്ശേരി മണ്ഡലത്തിലെ പട്ടികജാതി കോളനികൾ

18(2681) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ എത്ര പട്ടികജാതി കോളനികളാണുള്ളതെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(ബി) ഓരോ പട്ടികജാതി കോളനിയിലും എത്ര കുടുംബങ്ങളാണ് താമസിക്കുന്നതെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകാമോ?

(എ & ബി) വിശദാംശങ്ങൾ അനുബന്ധമായി* ഉൾപ്പെടുത്തിയിരിക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ആറ്റിങ്ങൽ മണ്ഡലത്തിലെ പട്ടികജാതി കോളനികളിലെ കുടിവെള്ള ലഭ്യത

19(2682) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ മണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി കോളനികളിലാണ് കുടിവെള്ളം സുലഭമായി ലഭ്യമല്ലാത്തതെന്ന് വിശദമാക്കുമോ?

കുടിവെള്ളം സുലഭമായി ലഭ്യമല്ലാത്ത പട്ടികജാതി കോളനികളുടെ വിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

## പട്ടിക വിഭാഗത്തിലെ വിദ്യാർത്ഥികൾക്കുള്ള അലോട്ട്മെന്റ്

20(2683) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംവരണത്തിന് അർഹരായ പട്ടികവിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ബിരുദ പ്രവേശനത്തിനുള്ള അലോട്ട്മെന്റിൽ പങ്കെടുക്കുവാൻ സാധിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷൻ കേസ് എടുത്തിട്ടുണ്ടോ?

(എ&ബി) ഉണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷൻ ഈ വിഷയത്തിൽ കേസ്സെടുത്തിട്ടുള്ളതായി ഉന്നത വിദ്യാഭ്യാസ വകുപ്പിൽനിന്നും അറിയിച്ചിട്ടുണ്ട്.

## എസ്.സി./എസ്.ടി./ഒ.ഇ.സി. വിദ്യാർത്ഥികളുടെ സ്പെഷ്യൽ ഫീസ്

21(2684) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡ്മിഷൻ & ഫീ റെഗുലേറ്ററി കമ്മിറ്റി 2019-20 വർഷം എസ്.സി./ എസ്.ടി./ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട ബി.ഡി.എസ്. വിദ്യാർത്ഥികൾക്ക് നിശ്ചയിച്ചിരുന്ന സ്പെഷ്യൽ ഫീസ് വിദ്യാർത്ഥികളിൽ നിന്നും ഈടാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത ഫീസ് കോളേജിന് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് "എഡ്യൂകെയർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെന്റൽ സയൻസ്, മലപ്പുറം"

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്ന സ്ഥാപനം ആരോഗ്യ വകുപ്പിന് നിവേദനം നൽകിയതുപ്രകാരം ടി വകുപ്പിന്റെ S3/266/2021 നമ്പർ കത്ത് വകുപ്പിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) അപേക്ഷ പരിശോധിച്ച് എസ്.സി./എസ്.ടി./ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ സ്പെഷ്യൽ ഫീസ് കോളേജിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; കാലതാമസം ഉണ്ടാകുമെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കുമോ?

(എ-സി) ലഭിച്ചിട്ടുണ്ട്. 2-7-2009-ലെ സ.ഉ. (അച്ചടി) നം.50/2009/ പജപവവിവ പ്രകാരം സ്വാശ്രയ സ്ഥാപനങ്ങളിലെ പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽനിന്നും പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട് ചെയ്യുന്ന പ്രകാരം പ്രവേശനം നേടുന്നവർക്കും ഡി.എം.ഇ., ഡി.എച്ച്.എസ്., നഴ്സിംഗ് കൗൺസിൽ തുടങ്ങിയ സർക്കാർ അംഗീകൃത ഏജൻസികൾ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽനിന്നും സർക്കാർ അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിലെ പ്രൊഫഷണൽ കോഴ്സുകൾക്ക് അലോട്ട്മെന്റ് വഴി പ്രവേശനം നേടുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്കും സർക്കാർ/സർക്കാർ ഏജൻസി/യൂണിവേഴ്സിറ്റി നിശ്ചയിക്കുന്ന ഫീസുൾപ്പെടെയുള്ള വിദ്യാഭ്യാസ ആനുകൂല്യമാണ് നൽകുന്നത്. "എഡ്യൂകെയർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെന്റൽ സയൻസ്, മലപ്പുറം" എന്ന സ്ഥാപനം ആരോഗ്യ വകുപ്പിന് നിവേദനം നല്കിയ S3/266/2021 നമ്പർ കത്തിന്മേൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ, ഉന്നത വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവരുടെ അഭിപ്രായം ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്. പട്ടികജാതി/പട്ടികവർഗ്ഗ/ഒ.ഇ.സി. വിഭാഗം വിദ്യാർത്ഥികളുടെ അപേക്ഷകൾ പരിശോധിച്ച് അർഹത ഉറപ്പുവരുത്തി കാലതാമസം വരാതെതന്നെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ പ്രിൻസിപ്പൽ നിയമനങ്ങൾ**

22(2685) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ പ്രിൻസിപ്പൽ നിയമനങ്ങൾ പി.എസ്.സി. മുഖാന്തരമാണോ നടത്തുന്നതെന്ന് വ്യക്തമാക്കാമോ?

പി.എസ്.സി. വഴി നിയമിതരായ അദ്ധ്യാപകരിൽനിന്നും സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ വകുപ്പാണ് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ പ്രിൻസിപ്പൽ നിയമനം നടത്തുന്നത്.

(ബി) പ്രസ്തുത സ്കൂളുകളിൽ എൽ.പി., യു.പി., എച്ച്.എസ്. വിഭാഗങ്ങളിലായി എത്ര അദ്ധ്യാപക ഒഴിവുകളാണ് നിലവിലുള്ളതെന്ന് തരം തിരിച്ച് ലഭ്യമാക്കാമോ?

വകുപ്പിന് കീഴിലുള്ള എം.ആർ.എസ്-കളിൽ എൽ.പി. വിഭാഗം നിലവിലില്ല. യു.പി., ഹൈസ്കൂൾ വിഭാഗങ്ങളിലായി നിലവിൽ ആകെ 14 ഒഴിവുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്.

(സി) പ്രസ്തുത സ്കൂളുകളിൽ പ്രിൻസിപ്പൽമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ?

വകുപ്പിന് കീഴിലുള്ള എം.ആർ.എസ്.-കളിലെ പ്രിൻസിപ്പൽ തസ്തികയിൽ നിലവിൽ ഒഴിവുകളില്ല.

## എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

23(2686) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇതര സംസ്ഥാനങ്ങളിലെ അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്ന എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് എന്തെങ്കിലും വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നിലവിൽ അനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അപ്രകാരം ഒരു പദ്ധതി തയ്യാറാക്കുമോ; വിശദാംശം നൽകുമോ?

ഉണ്ട്. 2-7-2009-ലെ സ.ഉ.(അച്ചടി) നമ്പർ 50/2009/പജപവവിവ പ്രകാരമാണ് അന്യസംസ്ഥാനത്ത് പഠനം നടത്തുന്ന പട്ടികജാതി- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നത്. കേന്ദ്ര സർക്കാർ/കേന്ദ്ര യൂണിവേഴ്സിറ്റികൾ/ബോർഡുകൾ എന്നിവ നടത്തുന്ന അഖിലേന്ത്യാ പ്രവേശന പരീക്ഷകൾ വഴിയോ CAT, MAT, JEF, JMET, XAT, ATMA എന്നീ പ്രവേശന പരീക്ഷകൾ വഴിയോ പ്രൊഫഷണൽ കോഴ്സുകൾക്ക് അലോട്ട്മെന്റ് ലഭിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കാണ് വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് അർഹതയുള്ളത്. സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തിയ കോഴ്സ് ഫീസ് സ്ട്രക്ചർ പ്രകാരമുള്ള ഫീസ്, ഹോസ്റ്റൽ ഫീസ്, ലംപ്സം ഗ്രാന്റ് എന്നിവയാണ് വിദ്യാർത്ഥികൾക്ക് അനുവദിക്കുന്നത്.

## ആദിവാസി മേഖലകളിലെ കുട്ടികളുടെ പഠനം പുനരാരംഭിക്കാൻ നടപടി

24(2687) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ടി. ജെ. വിനോദ്:
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡുമൂലം വിദ്യാഭ്യാസം ഓൺലനാക്കിയ സാഹചര്യത്തിൽ ആദിവാസി മേഖലകളിൽ പഠനം ഉപേക്ഷിക്കുന്ന കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോവിഡുമൂലം വിദ്യാഭ്യാസം ഓൺലൈനാക്കിയ പശ്ചാത്തലത്തിൽ എല്ലാ കുട്ടികൾക്കും ഓൺലൈൻ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനായി വകുപ്പിന്റെ കീഴിലുള്ള സാമൂഹ്യ പഠന മുറികൾ കൂടാതെ ഊരുകൾ കേന്ദ്രീകരിച്ച് അംഗൻവാടികൾ, ക്ലബ്ബുകൾ, കമ്മ്യൂണിറ്റി ഹാളുകൾ മുതലായ പൊതു ഇടങ്ങളിൽ സെന്ററുകൾ സജ്ജീകരിച്ച് ഫെസിലിറ്റേറ്റർമാരുടെ സേവനം ഉപയോഗിച്ച് ക്ലാസുകൾ കൈകാര്യം ചെയ്തുവരുന്നു.

(ബി) ഇതുസംബന്ധിച്ച് വകുപ്പ് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രധാനപ്പെട്ട കണ്ടെത്തലുകൾ എന്തൊക്കെയെന്നറിയിക്കാമോ?

ഇതുസംബന്ധിച്ച് പട്ടികവർഗ്ഗ വികസന വകുപ്പ് പരിശോധന നടത്തിവരുന്നുണ്ട്.

(സി) സ്കൂളുകൾ തുറക്കുന്ന സാഹചര്യത്തിൽ ഓൺലൈൻ വിദ്യാഭ്യാസം ലഭ്യമല്ലാത്തതിനാൽ പഠനം മുടങ്ങിപ്പോയ ആദിവാസി മേഖലകളിലെ കുട്ടികളുടെ പഠനം പുനരാരംഭിക്കാൻ പ്രത്യേക നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

സ്കൂളുകൾ തുറന്ന് പ്രവർത്തിക്കുന്നതോടെ എം.ആർ.എസ്./പ്രീമെട്രിക് ഹോസ്റ്റലുകൾ തുറന്ന് പ്രവർത്തിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഡിജിറ്റൽ പഠനോപകരണങ്ങൾ ഇല്ലാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വകുപ്പ് KITE മുഖേന ലാപ്ടോപ്/കമ്പ്യൂട്ടറുകൾ വിതരണം ചെയ്യുന്നതിന് നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) സ്കൂളുകൾ തുറക്കുമ്പോൾ ആദിവാസി മേഖലകളിലെ കുട്ടികളെ സ്കൂളുകളിൽ എത്തിക്കുന്നതിന് പ്രത്യേക വാഹനസൗകര്യം ഏർപ്പാടാക്കുമോ; വ്യക്തമാക്കുമോ?

വാഹന സൗകര്യമില്ലാത്ത കോളനികളിൽ കുട്ടികളെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ ഗോത്രസാരഥി പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ സാഹചര്യത്തിൽ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കാൻ പഞ്ചായത്ത്, നഗരകാര്യ വകുപ്പ് മേധാവികൾക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

## ഓൺലൈൻ വിദ്യാഭ്യാസം

25(2688) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും ഓൺലൈൻ വിദ്യാഭ്യാസം ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ നിലവിൽ ഓൺലൈൻ ക്ലാസ്സുകളാണ് നടന്നുവരുന്നത്. KITE Victers ചാനൽ മുഖേനയാണ് പ്രധാനമായും ക്ലാസ്സുകൾ നടക്കുന്നത്. പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ഓൺലൈൻ പഠനത്തിന് തടസ്സം നേരിടുന്ന ഒന്നാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ടാബ്‌ലെറ്റും ബിരുദം, ബിരുദാനന്തര ബിരുദം, മറ്റ് പോസ്റ്റ്മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പും വാങ്ങി നൽകുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. പട്ടികജാതി വിദ്യാർത്ഥികൾ താമസിക്കുന്ന എല്ലാ ഹോസ്റ്റലുകളിലും കമ്പ്യൂട്ടർ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) മൊബൈലിൽ റെയ്ഞ്ചില്ലാത്തതിനാൽ പഠനാവശ്യത്തിന് മൊബൈലുമായി കൂറ്റൻ മരത്തിൽ കയറിയ പന്നിയോട് ആദിവാസി കോളനിയിലെ വിദ്യാർത്ഥി മരത്തിൽനിന്നും വീണ് നട്ടെല്ലിന് പൊട്ടലേറ്റ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കണ്ണൂർ ജില്ലയിൽ ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ പന്നിയോട് കോളനിയിലെ ഒരു വിദ്യാർത്ഥി മരത്തിൽ നിന്ന് വീണ് പരിക്കേറ്റതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ പഠനാവശ്യത്തിനായി മൊബൈൽ കണക്റ്റിവിറ്റി ഇല്ലാത്തത് കാരണമാണോ ടി വിദ്യാർത്ഥിക്ക് അപകട സാഹചര്യം ഉണ്ടായതെന്നത് അന്വേഷിക്കേണ്ട വിഷയമാണ്. പ്രസ്തുത കോളനിയിൽ FTTH സംവിധാനം മുഖേന കണക്റ്റിവിറ്റി ലഭ്യമാക്കിയിട്ടുണ്ട്.

(സി) മൊബൈൽ നെറ്റ്‌വർക്ക് ലഭ്യമല്ലാത്ത ആയിരത്തോളം ആദിവാസി കോളനികളിലെ വിദ്യാർത്ഥികൾക്ക് അടക്കം ഓൺലൈൻ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിൽ വീഴ്ച സംഭവിച്ചു എന്നത് വസ്തുതയല്ലേ?

അല്ല. പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനസൗകര്യം മെച്ചപ്പെടുത്തുന്നതിന് നിരവധി പ്രവർത്തനങ്ങൾ സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുണ്ട്. ഡിജിറ്റൽ പഠനോപകരണങ്ങൾ ലഭ്യമല്ലാത്ത 37716 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് KITE മുഖേന ലാപ്ടോപ്/കമ്പ്യൂട്ടറുകൾ പഠനാവശ്യത്തിനായി നൽകുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഉന്നത വിദ്യാഭ്യാസ രംഗത്ത് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശ ഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേന ലാപ്ടോപ് വിതരണം ചെയ്തുവരുന്നുണ്ട്. 23-6-2021-ലെ തദ്ദേശസ്വയം ഭരണ വകുപ്പിന്റെ ഉത്തരവുപ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് തനത്/TSP ഫണ്ടിൽനിന്നും പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠനോപകരണങ്ങൾ വാങ്ങി നൽകാൻ അനുമതി നൽകിയിട്ടുണ്ട്.

(ഡി) ഇനിയും ഓൺലൈൻ വിദ്യാഭ്യാസം ലഭ്യമാക്കാൻ സാധിക്കാത്ത കുട്ടികൾക്ക് യുദ്ധകാലാടിസ്ഥാനത്തിൽ അത് ലഭ്യമാക്കാൻ മുൻകയ്യെടുക്കുമോ?

എല്ലാ വിദ്യാർത്ഥികൾക്കും ഓൺലൈൻ പഠനം ലഭ്യമാക്കാൻ സാധ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്.

## പട്ടികജാതി കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ വീടിനോടൊപ്പം പഠനമുറി നിർമ്മാണം

26(2689) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ നിലവിലുള്ള വീടിനോടൊപ്പം പഠനമുറി നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗവൺമെന്റ്/എയ്ഡഡ്/സ്പെഷ്യൽ/ ടെക്നിക്കൽ സ്കൂളുകളിൽ 8 മുതൽ 12-ാം ക്ലാസ്സുകളിൽ വരെ പഠിക്കുന്ന 800 ചതുരശ്ര അടിയിൽ താഴെ വിസ്തീർണ്ണമുള്ള വാസയോഗ്യമായ വീടുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഒരുക്കുന്നതിനായി 120 ചതുരശ്ര അടി വിസ്തൃതിയുള്ള പഠനമുറി അനുബന്ധ സൗകര്യങ്ങളോടെ നിർമ്മിക്കുന്നതിന് കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപവരെയുള്ളവർക്ക് 2 ലക്ഷം രൂപ ധനസഹായം നൽകുന്നു. ഗ്രാമസഭാ/വാർഡ് സഭാ ലിസ്റ്റിൽനിന്നുമാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. നിർമ്മാണ പുരോഗതിക്കനുസരിച്ച് 4 ഗഡുക്കളായി ധനസഹായം ബാങ്ക് അക്കൗണ്ടുവഴി നൽകുന്നു.

(ബി) കേന്ദ്രസർക്കാരിന്റെ കീഴിലുള്ള സെൻട്രൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഇതിന്റെ ആനുകൂല്യം ലഭ്യമാണോ; ഇല്ലെങ്കിൽ ആനുകൂല്യം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

കേന്ദ്രസർക്കാരിന്റെ കീഴിലുള്ള സെൻട്രൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഈ ആനുകൂല്യം ലഭ്യമല്ല. ഇതുസംബന്ധിച്ച പ്രൊപ്പോസലുകളൊന്നുംതന്നെ നിലവിൽ ലഭിച്ചിട്ടില്ല.

**പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനം**

27(2690) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗക്കാർക്കായി നടത്തുന്ന പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്. പട്ടികജാതി വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് സ്ഥലം എം.എൽ.എ. രക്ഷാധികാരിയായിട്ടുള്ള ഉപദേശക സമിതികളുണ്ട്. ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർ, മറ്റ് പട്ടികജാതി വികസന ഓഫീസർമാർ എന്നിവർ നിശ്ചിത ഇടവേളകളിൽ ഹോസ്റ്റലുകൾ സന്ദർശിക്കുകയും പ്രവർത്തനങ്ങൾക്കാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. കൂടാതെ വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർമാർ ഹോസ്റ്റൽ സന്ദർശനം നടത്തുകയും സ്ഥിതിഗതികൾ വിലയിരുത്തി സുഗമമായ പ്രവർത്തനങ്ങൾക്കാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകുകയും ചെയ്യുന്നുണ്ട്.

(ബി) ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ഹോസ്റ്റലുകളുടെ അടിസ്ഥാന ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുമായി അറ്റകുറ്റപ്പണികൾ, നവീകരണ പ്രവർത്തനങ്ങൾ എന്നിവ ആവശ്യമായ ഹോസ്റ്റൽ കെട്ടിടങ്ങൾക്ക് അനുമതി നൽകിവരുന്നു. ഹോസ്റ്റലും ഹോസ്റ്റൽ പരിസരവും ശുചിയായി സൂക്ഷിക്കുന്നതിന് പാർട്ട്ടൈം സ്വീപ്പർമാരുടെ സേവനം എല്ലാ ഹോസ്റ്റലുകളിലും ലഭ്യമാക്കിയിട്ടുണ്ട്. ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിന്

ഹോസ്റ്റലുകളിൽ വാട്ടർപ്യൂരിഫയർ അനുവദിച്ചുനൽകിയിട്ടുണ്ട്. കുടിവെള്ളക്ഷാമം നേരിടുന്ന ഹോസ്റ്റലുകളിൽ കുഴൽ കിണറുകൾ നിർമ്മിക്കുന്നതിനും കേരളാ വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് കുടിവെള്ള കണക്ഷനുകൾ എടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കുട്ടികളുടെ ആരോഗ്യ സുരക്ഷിതത്വത്തിനായി കൊതുകുവല സ്ഥാപിച്ചിട്ടുണ്ട്. ബെഡ്, ബെഡ് ഷീറ്റ്, ബെഡ് കവർ തുടങ്ങിയവ ആവശ്യപ്പെടുന്ന മുറയ്ക്ക് അനുവദിച്ചുവരുന്നു. ഹോസ്റ്റലുകളിൽ സോളാർ പാനലുകൾ സ്ഥാപിച്ചിട്ടുണ്ട്. വൃത്തിഹീനമായ അന്തരീക്ഷം ഒഴിവാക്കുന്നതിനും ഹോസ്റ്റലുകളിലെ മാലിന്യ നിർമ്മാർജ്ജനത്തിനുമായി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഹോസ്റ്റൽ പരിസരം വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള ശുചീകരണ പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ ഭൗതിക സാഹചര്യങ്ങൾ യൂണിസെഫ് നിഷ്കർഷിച്ച നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനാവശ്യമായ പരിഷ്കാരങ്ങൾ വകുപ്പ് നടപ്പിലാക്കിവരികയാണ്. ഹോസ്റ്റലുകളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുമായി സി.സി.ടി.വി, മിനിമാസ്റ്റ് ലൈറ്റ് എന്നിവ സ്ഥാപിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ സുരക്ഷയ്ക്കായി ഹോസ്റ്റലുകളിൽ അഗ്നിപ്രതിരോധ സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. ഹോസ്റ്റലിലെ അന്തേവാസികൾക്കിടയിൽ പകർച്ചവ്യാധികൾ വ്യാപിക്കുന്നത് തടയുന്നതിനായി 115 ഹോസ്റ്റലുകളിൽ ബയോ ഹസാർഡ് സ്പിൽ കിറ്റ് സ്ഥാപിച്ചിട്ടുണ്ട്. 30 ഹോസ്റ്റലുകളിൽ സ്റ്റീം ബെയ്സ്ഡ് കുക്കിംഗ് സിസ്റ്റം സ്ഥാപിച്ചിട്ടുണ്ട്. കുട്ടികളുടെ മാനസികശേഷി വർദ്ധിപ്പിക്കുക, വ്യക്തിത്വ വികസനം, പരീക്ഷയിൽ മികച്ച വിജയം കൈവരിക്കുന്നതിന് മാനസികമായി പ്രാപ്തരാക്കുക എന്നിവയ്ക്കായി സ്റ്റുഡന്റ് കൗൺസിലർമാരെ നിയമിച്ചിട്ടുണ്ട്. പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി ഹോസ്റ്റലുകളിൽ പാർട്ട് ടൈം ട്യൂട്ടർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

(സി) കൂടുതൽ കുട്ടികളെ ഈ ഹോസ്റ്റലുകളിലേയ്ക്ക് ആകർഷിക്കുവാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ മികച്ച താമസ സൗകര്യം ഉറപ്പുവരുത്തുന്നതോടൊപ്പം വിദ്യാർത്ഥികളുടെ രാത്രികാല പഠനത്തിന് മേൽനോട്ടം വഹിക്കുന്നതിനായി മേട്രൻ-കം-റസിഡന്റ് ട്യൂട്ടർമാരെ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് ട്യൂഷൻ സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്. ഭക്ഷണത്തിനായി ഒരു വിദ്യാർത്ഥിക്ക് പ്രതിമാസം 2500 രൂപ ചെലവഴിക്കുന്നതോടൊപ്പം പ്രതിമാസ പോക്കറ്റ് മണിയായി 200 രൂപയും അവധി

ദിവസങ്ങളിൽ വീട്ടിൽ പോയിവരുന്നതിനുള്ള യാത്രാപ്പടി ആനുകൂല്യങ്ങളും നൽകുന്നുണ്ട്. രണ്ട് സെറ്റ് യൂണിഫോം, നോട്ട് ബുക്ക്, സ്റ്റേഷനറി, ബാഗ്, ചെരുപ്പ്, നൈറ്റ് ഡ്രസ്സ് എന്നിവ വാങ്ങുന്നതിനും തുക അനുവദിച്ചുവരുന്നു. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് ഭക്ഷണത്തിന് പ്രതിമാസം 2875 രൂപയും 200 രൂപ പോക്കറ്റ് മണിയും അവധി ദിവസങ്ങളിൽ വീട്ടിൽ പോയിവരുന്നതിനുള്ള യാത്രാപ്പടിയും അനുവദിക്കുന്നുണ്ട്. കൂടാതെ കായിക വിനോദങ്ങൾക്കുള്ള സൗകര്യം, ലൈബ്രറി, കമ്പ്യൂട്ടർ സൗകര്യം എന്നിവയും ലഭ്യമാക്കിയിട്ടുണ്ട്. ടി പ്രവർത്തനങ്ങളിലൂടെ കൂടുതൽ വിദ്യാർത്ഥികളെ ഹോസ്റ്റലുകളിലേയ്ക്ക് ആകർഷിക്കാൻ കഴിയുന്നതാണ്. പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിൽ താമസിച്ച് കൊണ്ടുള്ള പഠനം പ്രോത്സാഹിപ്പിക്കുന്നതിനായി ഹോസ്റ്റലുകളുടെ സ്ഥിതിയും സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനായി പട്ടികവർഗ്ഗ വകുപ്പിനുകീഴിൽ പ്രീമെട്രിക് ഹോസ്റ്റൽ/എം.ആർ.എസ്/മൾട്ടി പർപ്പസ് ഹോസ്റ്റൽ എന്നിവയ്ക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും കുട്ടികളുടെ ആരോഗ്യം, മാനസിക ഉല്ലാസം എന്നിവയ്ക്കായി പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി പാർട്ട് ടൈം ട്യൂട്ടർമാരുടെ സേവനം കൂടുതൽ വിഷയങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്.

### ചിറ്റാരി-കണ്ടിവാതുക്കൽ റോഡ്

28(2691) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ ആർ.ഐ.ഡി.എഫ്. 20 സ്കീമിൽ ഉൾപ്പെടുത്തി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ പണി നിർത്തിയ ചിറ്റാരി - കണ്ടിവാതുക്കൽ റോഡിന്റെ പ്രവൃത്തി പുനരാരംഭിക്കാൻ വകുപ്പ് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനിൽ നിന്നും ചിറ്റാരി - കണ്ടിവാതുക്കൽ റോഡിന്റെ നിർമ്മാണ കരാർ ഏറ്റെടുത്ത M/s Delcon Engineering എന്ന കരാറുകാരൻ സാമ്പത്തിക ബാദ്ധ്യത കാരണം പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയില്ലായെന്ന് 23/06/2021-ന് കോഴിക്കോട് ഡെപ്യൂട്ടി ഡെവലപ്മെന്റ് കമ്മീഷണർ വിളിച്ചുചേർത്ത നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതികളുടെ അവലോകന യോഗത്തിൽ അറിയിച്ചതിനെത്തുടർന്ന് കെ.എസ്.സി.സി. കോഴിക്കോട് റീജിയണൽ മാനേജർ, കെ.എസ്.സി.സി. ജനറൽ മാനേജരോട് പ്രവൃത്തി റദ്ദാക്കി റീ-ടെണ്ടർ ചെയ്യാൻ

അഭ്യർത്ഥിച്ചിരുന്നു. 22-7-2021-ലെ കത്ത് പ്രകാരം ടി പദ്ധതി റീ-ടെണ്ടർ ചെയ്യുവാൻ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നിർദ്ദേശം നൽകിയിരുന്നു. നബാർഡ് ആർ.ഐ.ഡി.എഫ്.-20 സ്കീമിന്റെ കാലാവധി 30-9-2021-ന് അവസാനിച്ച സാഹചര്യത്തിൽ മുൻ കരാർ റദ്ദ് ചെയ്തിട്ടുണ്ടെങ്കിലും റീ-ടെണ്ടർ ചെയ്യുവാൻ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് കഴിഞ്ഞിട്ടില്ല.

(ബി) പ്രസ്തുത പ്രൊപ്പോസലിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ?

ചിറ്റാരി-കണ്ടിവാതുക്കൽ റോഡ് പ്രവൃത്തി 10/08/2016-ലെ എഗ്രിമെന്റ് പ്രകാരം 3.93 കിലോമീറ്റർ വരുന്ന റോഡിന്റെ ഉപരിതലം തയ്യാറാക്കുന്നതും സംരക്ഷണ ഭിത്തിയുടെയും 2 കൾവെർട്ടുകളുടെ പ്രവൃത്തികളും 1-ാം ലെയർ മെറ്റലിംഗ് പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്.

(സി) റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി എപ്പോൾ പുനരാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

കരാറുകാരൻ പ്രവൃത്തി ഉപേക്ഷിച്ച് പോയതിനാലും നബാർഡ് ആർ.ഐ.ഡി.എഫ്.-20 പ്രോജക്ടിന്റെ കാലാവധി 2021 സെപ്തംബർ 30-ന് അവസാനിച്ചതിനാലും ബാക്കി പ്രവൃത്തികൾ നബാർഡ് ആർ.ഐ.ഡി.എഫ്.-20 പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിയുന്നതല്ല. പരിശോധിക്കുന്നതാണ്.

## നാദാപുരം മണ്ഡലത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പഠനമുറി

29(2692) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ചുനൽകുന്ന പദ്ധതി പ്രകാരം നാദാപുരം മണ്ഡലത്തിൽ എത്ര അപേക്ഷ ലഭിച്ചിട്ടുണ്ടെന്നറിയിക്കാമോ?

നാദാപുരം മണ്ഡലത്തിൽ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച് നൽകുന്നതിനായി പട്ടികജാതി വികസന വകുപ്പ് നേരിട്ട് അപേക്ഷകൾ ക്ഷണിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തുകളിൽനിന്നും ലഭിക്കുന്ന ഗ്രാമസഭാ ലിസ്റ്റിൽ നിന്നാണ് പഠനമുറികൾക്കുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നത്. പട്ടികവർഗ്ഗ വികസന വകുപ്പ് വ്യക്തിഗത ആനുകൂല്യമായ പഠനമുറി പദ്ധതി നടപ്പിലാക്കുന്നില്ല.

(ബി) പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ തുക എത്രയെന്ന് വ്യക്തമാക്കാമോ?

പഠനമുറി പദ്ധതിക്കായി ഒരു ഗുണഭോക്താവിന് രണ്ട് ലക്ഷം രൂപ വച്ച് വകയിരുത്തുന്നു. നാദാപുരം മണ്ഡലത്തിൽ 10 ഗ്രാമപഞ്ചായത്തുകളിൽ നിന്നായി ഇതേവരെ 45 ഗുണഭോക്താക്കൾക്ക് പഠനമുറി ധനസഹായം അനുവദിച്ചിട്ടുണ്ട്. 90 ലക്ഷം രൂപയാണ് വകയിരുത്തിയത്.

(സി) ഇതുവരെ നിർമ്മിച്ച പഠനമുറികളുടെ എണ്ണവും ചെലവഴിച്ച തുകയും എത്രയെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

പട്ടികജാതി വികസന വകുപ്പ് പഠനമുറി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച പഠനമുറികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. *

(ഡി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള മാനദണ്ഡമെന്തെന്ന് വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പ് മുഖേനയുള്ള പഠനമുറിയുടെ മാനദണ്ഡങ്ങൾ ചുവടെ പറയുന്നു.

1. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളായിരിക്കണം.
2. ഹൈസ്കൂൾ/പ്ലസ് ടു ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ ആയിരിക്കണം.
3. നിലവിലുള്ള വീടിന്റെ വിസ്തീർണം 800 ചതുരശ്ര അടിയിൽ അധികരിക്കാൻ പാടില്ല.
4. കുടുംബ വാർഷിക വരുമാന പരിധി 1,00,000 രൂപയിൽ അധികരിക്കാൻ പാടില്ല.

**മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ മെച്ചപ്പെടുത്തുവാൻ നടപടി**

30(2693) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി പ്രവർത്തിച്ചുവരുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ?

പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന എം.ആർ.എസ്.-കളിൽ യൂണിസെഫ് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും ഹോസ്റ്റലുകളുടേയും നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തിയിട്ടുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളും പ്രീ-മെട്രിക് ഹോസ്റ്റലുകളും യൂണിസെഫ് അനുശാസിക്കുന്ന നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള പരിപാടികൾ ഘട്ടംഘട്ടമായി നടപ്പാക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും നിലവിലെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

പട്ടികജാതി വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെയും പ്രവർത്തനം വിലയിരുത്തുന്നതിന് വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർമാർ, ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ എന്നിവർ നിശ്ചിത ഇടവേളകളിൽ എം.ആർ.എസ്.-കളും ഹോസ്റ്റലുകളും സന്ദർശനം നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തുകയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനവും പഠന നിലവാരവും വിലയിരുത്തുന്നതിനും പ്രവർത്തനത്തിൽ വരുത്തേണ്ട മാറ്റങ്ങൾ വിലയിരുത്തുന്നതിനുമായി 2010-20 സാമ്പത്തിക വർഷം Integrated Rural Technology Centre, മുണ്ടൂർ, പാലക്കാട് മുഖേന പഠനങ്ങൾ നടത്തിയിട്ടുണ്ട്.

(സി) പ്രസ്തുത സ്ഥാപനങ്ങളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളെ സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വയനാട് ജില്ലയിൽ വിദ്യാഭ്യാസത്തിനായി പദ്ധതികൾ

31(2694) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പശ്ചാത്തലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് വയനാട് ജില്ലയിൽ വിദ്യാഭ്യാസത്തിനായി നടപ്പാക്കിയ പദ്ധതികൾ വിശദീകരിക്കാമോ?

പട്ടികവർഗ്ഗ കോളനികളിൽ ഓൺലൈൻ പഠനം ഉറപ്പാക്കുന്നതിനായി സാമൂഹ്യ പഠനമുറി കേന്ദ്രങ്ങൾ കൂടുതലായി ആരംഭിച്ചിട്ടുണ്ട്. പഠനമുറി നിലവിലുള്ള സങ്കേതങ്ങളിൽ ഫെസിലിറ്റേറ്റർമാർ മുഖേനയും മെന്റർ ടീച്ചർമാർ മുഖേനയും പഠനസഹായം നൽകിവരുന്നു. സ്വന്തമായി ഡിജിറ്റൽ പഠനോപകരണങ്ങൾ ഇല്ലാത്ത വിദ്യാർത്ഥികൾക്ക്, സാമൂഹ്യ പഠനമുറികൾ, സാംസ്കാരിക നിലയങ്ങൾ, ക്ലബ്ബുകൾ എന്നിവിടങ്ങളിൽ മെന്റർ ടീച്ചർമാർ മുഖേന പഠന സഹായം നൽകിവരുന്നു. നഴ്സറി സ്കൂളുകൾ, കിന്റർ ഗാർട്ടനുകൾ എന്നിവ മുഖേനയും പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന പുരോഗതിക്കായുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) പ്രസ്തുത ജില്ലയിൽനിന്നും ഈ വർഷം എസ്.എസ്.എൽ.സി. പരീക്ഷയിൽ വിജയം കൈവരിച്ച പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം എത്രയാണെന്നറിയിക്കുമോ?

വയനാട് ജില്ലയിൽനിന്നും ഈ വർഷം എസ്.എസ്.എൽ.സി. പരീക്ഷയിൽ വിജയം കൈവരിച്ച പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം 2,287 ആണ്.

## പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനം

32(2695) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠന സൗകര്യം ഒരുക്കുന്നതിന് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഓൺലൈൻ പഠന സൗകര്യം മെച്ചപ്പെടുത്തുന്നതിന് നിരവധി പ്രവർത്തനങ്ങൾ സർക്കാർ തലത്തിൽ

സ്വീകരിച്ചിട്ടുണ്ട്. ഡിജിറ്റൽ പഠനോപകരണങ്ങൾ ലഭ്യമല്ലാത്ത 37717 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് KITE മുഖേന ലാപ്ടോപ്പുകൾ പഠനാവശ്യത്തിനായി നൽകുന്നു. കൂടാതെ ഉന്നത വിദ്യാഭ്യാസ രംഗത്ത് പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേനയും ലാപ്ടോപ് വിതരണം ചെയ്തുവരുന്നുണ്ട്. ടെലികോം, ഇന്റർനെറ്റ് ദാതാക്കളുടെ യോഗം സർക്കാർ വിളിച്ചുചേർത്ത് കണക്റ്റിവിറ്റി ഇല്ലാത്ത പ്രദേശങ്ങളിൽ അനുയോജ്യമായ സാങ്കേതികവിദ്യകളുപയോഗിച്ച് കണക്റ്റിവിറ്റി ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ഐ.റ്റി. വകുപ്പ് എന്നീ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ ഏകോപിപ്പിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് ചുമതല നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് ഈ ആവശ്യത്തിന് ഉപയോഗിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് അനുമതി നൽകിയിട്ടുണ്ട്. കണക്റ്റിവിറ്റി ലഭ്യമാക്കുന്നത് സംബന്ധിച്ച പുരോഗതി ഐ.റ്റി.മിഷൻ ജില്ലാ പ്രോഗ്രാം മാനേജർമാരും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഉദ്യോഗസ്ഥരും സംയുക്തമായി വിലയിരുത്തുന്നുണ്ട്.

(ബി) എത്ര പേർക്കാണ് ഇതിന്റെ ഗുണം ലഭിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇനിയും ഓൺലൈൻ പഠന സൗകര്യം ലഭ്യമാകാത്ത പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ; അവർക്കും കൂടി ഓൺലൈൻ പഠന സൗകര്യം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

(ബി & സി) വിവരം ശേഖരിച്ചുവരുന്നു.

**മാവേലിക്കര ഉമ്പർനാട് ഐ.ടി.ഐ.**

33(2696) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ ഉമ്പർനാട് ഐ.ടി.ഐ. പട്ടികജാതി വികസന വകുപ്പിന്റെ കീഴിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഐ.ടി.ഐ.-ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പുതിയ കെട്ടിടം പൂർത്തീകരിക്കുന്നതിനായി എസ്റ്റിമേറ്റും പ്ലാനും ഉൾപ്പെടെ എം.എൽ.എ. നൽകിയ കത്തിൻപ്രകാരം തുക അനുവദിച്ച് നിർമ്മാണത്തിന് ഭരണാനുമതി നൽകുമോ; വ്യക്തമാക്കുമോ?

(എ-സി) ഉണ്ട്. മാവേലിക്കര ഐ.റ്റി.ഐ.-യിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ തയ്യാറാക്കി സമർപ്പിച്ച 200 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 9-1-2019-ലെ സ.ഉ (സാധാ)നമ്പർ 13/2019/പജ.പവ.വിവ. പ്രകാരം സർക്കാർ അംഗീകരിക്കുകയും തുക പൊതുമരാമത്ത് വകുപ്പിന് കൈമാറുകയും ചെയ്തിട്ടുള്ളതാണ്. ടി തുക മൂന്നുനില കെട്ടിട നിർമ്മാണത്തിന് മതിയാകില്ല. കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് 165.00 ലക്ഷം രൂപ കൂടി ആവശ്യമായി വരുമെന്നതിനാൽ 165.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അടങ്ങിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.-കൾ

34(2697) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിന് കീഴിൽ എത്ര ഐ.ടി.ഐ.-കളാണ് പ്രവർത്തിക്കുന്നതെന്നും ഓരോന്നിലും നിലവിൽ ഏതെല്ലാം കോഴ്സുകളാണുള്ളതെന്നും വിശദമാക്കുമോ?

പട്ടികജാതി വികസന വകുപ്പിന് കീഴിൽ 44 ഐ.റ്റി.ഐ.കൾ പ്രവർത്തിക്കുന്നുണ്ട്. ഓരോ ഐ.റ്റി.ഐ.യിലെയും കോഴ്സുകളുടെ വിവരം അനുബന്ധമായി* ചേർക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ 2 ഐ.ടി.ഐ.കളാണ് പ്രവർത്തിച്ചുവരുന്നത്. (തിരുവനന്തപുരം ജില്ലയിലെ കുട്ടമല ഐ.ടി.ഐ., ഇടുക്കി ജില്ലയിലെ നാടുകാണി ഐ.ടി.ഐ.) നിലവിൽ കുട്ടമല ഐ.ടി.ഐ.-യിൽ കാർപ്പന്ററി, ഇലക്ട്രീഷ്യൻ ട്രേഡുകളുടെ ഓരോ ബാച്ചുകളും നാടുകാണി ഐ.ടി.ഐ.-യിൽ ഇലക്ട്രീഷ്യൻ, പ്ലംബർ ട്രേഡുകളുടെ ഓരോ ബാച്ചുകളുമാണുള്ളത്.

## പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി തിരുവമ്പാടി മണ്ഡലത്തിൽ പ്രീമെട്രിക് ഹോസ്റ്റൽ

35(2698) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനസൗകര്യത്തിനായി പ്രീമെട്രിക് ഹോസ്റ്റലുകൾ പുതിയതായി ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പട്ടികവർഗ്ഗ വിഭാഗങ്ങൾ ധാരാളമായുള്ള തിരുവമ്പാടി മണ്ഡലത്തിൽ പ്രീമെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ നിലവിൽ 105 പ്രീമെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. പുതിയ ഹോസ്റ്റലുകൾ ആരംഭിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**കേന്ദ്ര സർക്കാർ ധനസഹായത്തോടുകൂടി നിർമ്മിക്കുന്ന പട്ടികവർഗ്ഗ ഹോസ്റ്റലുകൾ**

36(2699) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ 25-6-.2014-ലെ 11022/03/2008/Education നമ്പർ ഉത്തരവ് പ്രകാരം പതിനാറുകോടി മുപ്പതുലക്ഷം രൂപ അനുവദിച്ച 6 പട്ടികവർഗ്ഗ ഹോസ്റ്റലുകളുടെ നിർമ്മാണ പുരോഗതി വിശദാംശങ്ങൾ സഹിതം അറിയിക്കാമോ;

(ബി) ഇവയിൽ എത്ര ഹോസ്റ്റലുകളുടെ നിർമ്മാണം പൂർത്തിയായി പ്രവർത്തനം തുടങ്ങിയെന്ന് അറിയിക്കാമോ?

(എ&ബി) 25-6-2014-ലെ 11022/03/2008/Education നമ്പർ ഉത്തരവ് പ്രകാരം ആകെ 5 പട്ടികവർഗ്ഗ ഹോസ്റ്റലുകളുടെ നിർമ്മാണത്തിനാണ് കേന്ദ്രത്തിൽനിന്നും 16.30 കോടി രൂപ അനുവദിച്ചിട്ടുള്ളത്. പ്രസ്തുത ഹോസ്റ്റലുകളുടെ നിർമ്മാണ പുരോഗതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രീ-മെട്രിക് ഹോസ്റ്റൽ, വട്ടവട - 13% നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായി. വട്ടവട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 7-9-2016-ലെ സ്റ്റോപ്പ് മെമ്മോയുടെ അടിസ്ഥാനത്തിൽ തുടർനിർമ്മാണം നിർത്തിവച്ചു.

2. പ്രീ-മെട്രിക് ഹോസ്റ്റൽ, പുളൂർ (നിർമ്മാണം പിന്നീട് പാലക്കാട് ജില്ലയിലെ മീനാക്ഷിപുരത്തേയ്ക്ക് മാറ്റി) - നിർമ്മാണം പൂർത്തിയായി പ്രവർത്തനം ആരംഭിച്ചു.

3. മൾട്ടി പർപ്പസ് ഹോസ്റ്റൽ, മാറമ്പള്ളി, എറണാകുളം - നിർമ്മാണം പുരോഗമിക്കുന്നു. 68% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.

4. മൾട്ടി പർപ്പസ് ഹോസ്റ്റൽ, ഫോർഷോർ, എറണാകുളം - നിർമ്മാണം പൂർത്തിയായി. പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. മൾട്ടി പർപ്പസ് ഹോസ്റ്റൽ, പെട്ടിമുടി (നിർമ്മാണം പിന്നീട് കണ്ണൂർ ജില്ലയിലെ ആറളത്തേയ്ക്ക് മാറ്റി) (പ്രീ-മെട്രിക് ഹോസ്റ്റൽ). - നിർമ്മാണം പൂർത്തിയായി.

(സി) ഇവയിൽ നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത ഹോസ്റ്റലുകൾ ഉണ്ടോയെന്നും ഉണ്ടെങ്കിൽ അതിനായി എന്തെല്ലാം തടസ്സങ്ങളുണ്ടെന്നും ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കി വിശദാംശങ്ങൾ നൽകാമോ?

കേന്ദ്രത്തിൽനിന്നും ഫണ്ട് ലഭ്യമാക്കിയ 5 ഹോസ്റ്റലുകളുടെയും നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത ഹോസ്റ്റലുകളുടെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിച്ച് പ്രവർത്തനം തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

പ്രാദേശികമായ പ്രശ്നങ്ങൾമൂലം വട്ടവട ഗ്രാമപഞ്ചായത്തിന്റെ സ്റ്റോപ്പ് മെമ്മോയുടെ അടിസ്ഥാനത്തിൽ നിർമ്മാണം നിർത്തിവച്ച വട്ടവട പ്രീ-മെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണത്തിന് പുതിയ ഭരണാനുമതി ലഭ്യമാക്കി നടപടി സ്വീകരിക്കുന്നതാണ്.

(ഇ) നിർമ്മാണം പൂർത്തീകരിച്ച ഹോസ്റ്റലുകളുടെ പ്രവർത്തനം തുടങ്ങുന്നതിനാവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

തസ്തികകൾ സൃഷ്ടിച്ചിട്ടില്ല.

## പാലക്കാട് മെഡിക്കൽ കോളേജിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനം

37(2700) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലെ പാലക്കാട് മെഡിക്കൽ കോളേജിലെ അദ്ധ്യാപക നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിടുന്നതിനായുള്ള നിയമന രീതികൾ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ?

അനുബന്ധമായി ചേർത്തിട്ടുണ്ട്. *

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത കോളേജിലെ അനദ്ധ്യാപക നിയമനത്തിനായുള്ള സ്പെഷ്യൽ റൂൾ രൂപീകരണവുമായി ബന്ധപ്പെട്ട ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ?

അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(സി) മേൽപ്പറഞ്ഞ മെഡിക്കൽ കോളേജിലെ ഭരണച്ചെലവുകൾക്ക് 2225-01-277-54 ശീർഷകം വഴി ഫണ്ട് വകയിരുത്തുന്നതിന് പട്ടികജാതി വികസന വകുപ്പ് ധനകാര്യ വകുപ്പിന് നൽകിയ പ്രൊപ്പോസലുമായി ബന്ധപ്പെട്ട ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ?

അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഡി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലെ പാലക്കാട് മെഡിക്കൽ കോളേജിന്റെ കൈവശമുള്ള ഭൂമി വി.ടി. ഭട്ടതിരിപ്പാട് സ്മാരകം നിർമ്മിക്കുന്നതിനായി സാംസ്കാരിക വകുപ്പിന് കൈമാറിയതുമായി ബന്ധപ്പെട്ട ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ?

അനുബന്ധം 4* ആയി ചേർത്തിട്ടുണ്ട്.

**പി.ആർ.ടി.സി. മുഖേനയുള്ള തൊഴിൽ പരിശീലനം**

38(2701) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിയിൽപ്പെട്ട യുവതീ-യുവാക്കൾക്ക് പി.ആർ.ടി.സി. എന്ന സ്ഥാപനം മുഖേന തൊഴിൽ പരിശീലനം നൽകുന്നുണ്ടോ; കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ ഇപ്രകാരം എത്ര പേർക്ക് തൊഴിൽ പരിശീലനം നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) തൊഴിൽ പരിശീലനം ലഭിച്ചവരിൽ എത്ര പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്; പരിശീലനത്തിനായി നാളിതുവരെ ചെലവാക്കിയ തുകയുടെ വിശദാംശങ്ങൾ നൽകുമോ?

(എ&ബി) പട്ടികജാതിയിൽപ്പെട്ട യുവതി-യുവാക്കൾക്ക് പി.ആർ.ടി.സി എന്ന സ്ഥാപനം മുഖേന 2017-18-ലും 2019-20-ലും തൊഴിൽ പരിശീലനം നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനം മുഖേന കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ 2017-18-ൽ 300 പേർക്ക് പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് നൽകിയിട്ടുണ്ട്. കൂടാതെ 2019-20 വർഷം 100 പേർക്ക് സെക്യൂരിറ്റി ഗാർഡ് ട്രെയിനിംഗ് നൽകിയിട്ടുണ്ട്. ഇവരിൽ 76 പേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ട്. 2017-18 വർഷം 75 ലക്ഷം രൂപയും 2019-20 വർഷം 18.25 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വെർച്വൽ ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

39(2702) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടിക ഗോത്രവർഗ്ഗത്തിൽപ്പെട്ട ജനവിഭാഗങ്ങളിലെ യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനായി വെർച്വൽ ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

പട്ടിക ഗോത്രവർഗ്ഗത്തിൽപ്പെട്ട ജനവിഭാഗങ്ങളിലെ യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനായി "വെർച്വൽ ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഫോർ ട്രൈബൽ യൂത്ത്" എന്ന പദ്ധതി നടപ്പിലാക്കുന്നതിന് 26-2-2021-ലെ സ.ഉ.(ആർ.റ്റി.) നമ്പർ 445/2021/ പജപവവിവ പ്രകാരം അനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് K-DISC-മായി സഹകരിച്ചാണ് നടപ്പിലാക്കിവരുന്നത്. പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനുമായി അഡ്വൈസറി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി 21,20,000 രൂപയുടെ ഭരണാനുമതിയും ലഭിച്ചിട്ടുണ്ട്. പ്രാരംഭഘട്ടത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തിയ സാമൂഹിക/സാമ്പത്തിക അടിസ്ഥാന സർവ്വേ പ്രകാരം ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ വയനാട്, ഇടുക്കി, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിൽനിന്നും തെരഞ്ഞെടുക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 500 പട്ടികവർഗ്ഗ യുവതി-യുവാക്കളെയാണ് ഈ പദ്ധതിയുടെ ആദ്യഘട്ടത്തിലെ ഗുണഭോക്താക്കളായി എടുക്കുന്നത്.

## സർക്കാർ സർവ്വീസിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് മതിയായ പ്രാതിനിധ്യം

40(2703) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസിൽ പട്ടികജാതി- പട്ടികവർഗ്ഗക്കാർക്ക് മതിയായ പ്രാതിനിധ്യം ലഭിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. സംസ്ഥാനത്തെ സർക്കാർ വകുപ്പുകളിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഉദ്യോഗസ്ഥ പ്രാതിനിധ്യം എല്ലാവർഷവും ജനുവരി 1 അടിസ്ഥാനമാക്കി പരിശോധിക്കുന്നുണ്ട്. വകുപ്പ് തലവന്മാർ നൽകുന്ന വാർഷിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥരെ ഗസറ്റഡ്, നോൺ-ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് എന്നീ കാറ്റഗറികളായി തിരിച്ച് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് പ്രസ്തുത കാറ്റഗറികളിൽ മതിയായ പ്രാതിനിധ്യം (10%) ഉണ്ടോ എന്ന് ഓരോ വർഷവും പരിശോധിക്കുന്നുണ്ട്.

(ബി) സർക്കാർ സർവ്വീസിൽ ഈ വിഭാഗത്തിൽപ്പെട്ടവരുടെ പ്രാതിനിധ്യക്കുറവുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഗസറ്റഡ്, നോൺ-ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് കാറ്റഗറികളിൽ ഏതിലെങ്കിലും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് മതിയായ പ്രാതിനിധ്യമില്ലായെങ്കിൽ ആവശ്യമായ തസ്തികകൾ അതാത് കാറ്റഗറികളിൽനിന്നും കണ്ടെത്തി പ്രത്യേക നിയമനം (Special Recruitment) വഴി മതിയായ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

**പാലക്കാട് മെഡിക്കൽ കോളേജ് ജീവനക്കാരുടെ നിയമനം**

41(2704) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിലെ പാലക്കാട് മെഡിക്കൽ കോളേജിലെ അദ്ധ്യാപക നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിടുന്നതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

അദ്ധ്യാപക ജീവനക്കാരുടെ നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിടുന്നതിനായി 20-1-2021-ൽ സ.ഉ(കൈ)നം.9/2021/പജപവവിവ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കരട് നിയമന ചട്ടങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) പ്രസ്തുത മെഡിക്കൽ കോളേജിലെ അനദ്ധ്യാപക നിയമനത്തിനായുള്ള സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കുമോ?

അനദ്ധ്യാപക ജീവനക്കാരുടെ നിയമനത്തിനായുള്ള കരട് വിശേഷാൽ ചട്ടങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) പ്രസ്തുത മെഡിക്കൽ കോളേജിലെ ഭരണച്ചെലവുകൾക്ക് 2225-01-277-54 എന്ന ശീർഷകം വഴി ഫണ്ട് വകയിരുത്തുന്നതിന് പട്ടികജാതി വികസന വകുപ്പ് ധനകാര്യ വകുപ്പിന് നൽകിയ പ്രൊപ്പോസലിന്റെ വിശദാംശം ലഭ്യമാക്കാമോ?

2021-22 സാമ്പത്തിക വർഷം 2225-01-277-54 (N.P) ശീർഷകത്തിൽ തുക വകയിരുത്തുന്നതിന് 60.09 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. എന്നാൽ ടി ശീർഷകത്തിൽ 1,000 രൂപ ടോക്കൺ പ്രൊവിഷൻ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. നോൺ പ്ലാനിൽ ഉൾപ്പെടുത്തി ഭരണച്ചെലവുകൾ നിർവ്വഹിക്കുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) പ്രസ്തുത മെഡിക്കൽ കോളേജിന്റെ കൈവശമുള്ള ഭൂമി വി.ടി ഭട്ടതിരിപ്പാട് സ്മാരകം നിർമ്മിക്കുന്നതിനായി സാംസ്കാരിക വകുപ്പിന് കൈമാറിയിട്ടുണ്ടോ; വിശദമാക്കുമോ?

മെഡിക്കൽ കോളേജ് നിർമ്മാണത്തിനായി റവന്യൂ വകുപ്പ് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന് കൈമാറിയ 50 ഏക്കർ ഭൂമിയിൽനിന്നും സാംസ്കാരിക വകുപ്പിന് ഭൂമി കൈമാറിയതായി രേഖകൾ ലഭ്യമായിട്ടില്ല.

## മലമ്പുഴ മണ്ഡലത്തിലെ പട്ടികവർഗ്ഗ കോർപ്പസ് ഫണ്ട് വിനിയോഗിച്ചുള്ള പ്രവൃത്തികൾ

42(2705) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെയുള്ള കാലയളവിൽ പട്ടികവർഗ്ഗ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് മലമ്പുഴ മണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്നറിയിക്കാമോ;

(ബി) ഇതിൽ ഓരോ പ്രവൃത്തിയുടെയും പേരും അനുവദിച്ച തുകയും നിലവിലെ സ്ഥിതിയും അറിയിക്കാമോ?

(എ & ബി) 2016 മുതൽ 2021 വരെയുള്ള കാലയളവിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് മലമ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളും അനുവദിച്ച തുകയും നിലവിലെ സ്ഥിതിയും അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ളുങ്ങാംപാറ കോളനിയിലെ പട്ടികജാതി വകുപ്പിന്റെ കോർപ്പസ് ഫണ്ട്

43(2706) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പിന്റെ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് മാറനല്ലൂർ പഞ്ചായത്തിലെ ളുങ്ങാംപാറ കോളനിയിൽ നടപ്പിലാക്കുന്ന പ്രവൃത്തിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പട്ടികജാതി വകുപ്പിന്റെ കോർപ്പസ് ഫണ്ട് പദ്ധതി പ്രകാരം 2018-19 സാമ്പത്തിക വർഷത്തിൽ 2,70,000 രൂപയുടെ ഭരണാനുമതി നൽകിയ ളുങ്ങാംപാറ വടക്ക് വാഴപ്പള്ളി കുടിവെള്ള പദ്ധതിക്കായി കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും തുടർനടപടിയും വിശദമാക്കാമോ?

ടി പദ്ധതി പൂർത്തിയാക്കിയതായി എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ചതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുവാൻ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് അനുവദിച്ച പ്രവൃത്തികൾ

44(2707) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് അനുവദിച്ച പ്രവൃത്തികളുടെ പട്ടിക കോളനിയുടെ പേര്, ഇനം, അനുവദിച്ച തുക എന്നിവ തിരിച്ച് വ്യക്തമാക്കാമോ?

നിലമ്പൂർ നിയോജകമണ്ഡലത്തിൽ 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് മുഖേന അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മേൽ പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും പുരോഗതിയുമുൾപ്പെടെയുള്ള വിവരങ്ങളും വിശദമാക്കാമോ?

പ്രവൃത്തികളുടെ പുരോഗതി അനുബന്ധമായി* ചേർക്കുന്നു.

(സി) വർക്കിംഗ് ഗ്രൂപ്പുകൾ അംഗീകാരം നൽകിയിട്ടും പ്രവൃത്തികൾ ഇതുവരെ ആരംഭിക്കാത്തതോ പൂർത്തീകരിക്കാത്തതോ ആയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

1. ഭൂമിക്കുത്ത് കോളനി കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം - കരുളായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് തുക അനുവദിച്ചു.
2. നിലമ്പൂർ പ്രീ മെട്രിക് ഗേൾസ് ഹോസ്റ്റലിൽ കുഴൽ കിണർ നിർമ്മാണം - എഗ്രിമെന്റ് ഒപ്പുവച്ച് വർക്ക് ആരംഭിച്ചിട്ടില്ല.
3. പ്രീ-മെട്രിക് ഹോസ്റ്റലിൽ കമ്പ്യൂട്ടർ നൽകൽ - ഹോസ്റ്റൽ തുറക്കുന്ന ക്രമത്തിൽ പദ്ധതി നടപ്പിലാക്കും.
4. തണ്ടൻകല്ല് കോളനിയിൽ വാട്ടർ ടാങ്ക് നൽകൽ - പദ്ധതി ആരംഭിച്ചിട്ടില്ല.

(ഡി) 2021-22 വർഷത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് അനുവദിക്കുന്നതിനായി വർക്കിംഗ് ഗ്രൂപ്പ് ഇതുവരെ എത്ര തവണ യോഗം ചേർന്നുവെന്നും അടുത്ത യോഗം എന്നാണെന്നും അറിയിക്കാമോ?

ഒരു തവണ യോഗം ചേർന്നു. (16-6-2021). അടുത്തയോഗം 11-10-2021-ന് ചേരുന്നതാണ്.

(ഇ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗക്കാർക്കുള്ള ഏതെല്ലാം പദ്ധതികൾ അടുത്ത വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയിലുണ്ടെന്ന് വിശദാംശങ്ങൾ സഹിതം ലഭ്യമാക്കാമോ?

ചുവടെ ചേർക്കുന്ന രണ്ട് പദ്ധതികൾ അടുത്ത വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയിൽ സമർപ്പിക്കുന്നതാണെന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

1. വാണിയംപുഴ കോളനിയിൽ റെഡിമെയ്ഡ് ടോയ്‌ലെറ്റ് - 28883
2. പ്രളയ ദുരന്തത്തിൽപ്പെട്ട കവളപ്പാറക്കാരെ പുനരധിവസിപ്പിക്കുന്ന ഓഡിറ്റോറിയം വാടക + വൈദ്യുതി ചാർജ്ജ് - 516000

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയും ഇ-ഗ്രാന്റും

45(2708) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ-പിന്നാക്ക വിഭാഗക്ഷേമ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധി, ഇ-ഗ്രാന്റ് എന്നിവയെക്കുറിച്ച് വിശദീകരിക്കാമോ?

ദുരിതാശ്വാസ നിധി: പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം ചികിത്സാ ധനസഹായവും ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബത്തിന് 2,00,000 രൂപ വരെ ധനസഹായവും അനുവദിക്കുന്നുണ്ട്. കൂടാതെ തീപിടുത്തംമൂലം വീട് നഷ്ടപ്പെടൽ, പ്രകൃതി ക്ഷോഭംമൂലം വസ്തുവകകൾക്ക് നഷ്ടമുണ്ടാകൽ എന്നിവയ്ക്കും ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിക്കുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബത്തിലെ വരുമാനദായകനായ വ്യക്തി രോഗംമൂലമോ അപകടംമൂലമോ മരണപ്പെട്ട കുടുംബങ്ങൾക്ക് 2,00,000 രൂപ ധനസഹായം അനുവദിക്കുന്നു. അപകടത്തെത്തുടർന്ന് ചികിത്സയിൽ കഴിയുകയാണെങ്കിൽ 25,000 രൂപ അടിയന്തര ചികിത്സാ ധനസഹായം അനുവദിക്കുന്നുണ്ട്. ക്യാൻസർ, ഹൃദയശസ്ത്രക്രിയ, വൃക്കമാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി 1 ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്നുണ്ട്. മറ്റ് രോഗങ്ങൾക്ക് രോഗത്തിന്റെ തീവ്രതയനുസരിച്ച് ചികിത്സാ സഹായം അനുവദിച്ചുവരുന്നു.

ഇ-ഗ്രാന്റ്സ് പദ്ധതി: പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്ക് വിവിധ വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള വെബ്പോർട്ടൽ ആണ് ഇ-ഗ്രാന്റ്സ്. വിവിധ വിദ്യാഭ്യാസാനുകൂല്യങ്ങൾ ഒറ്റ പ്ലാറ്റ്ഫോം മുഖേന ഓൺലൈനായി ബന്ധപ്പെട്ട വിദ്യാർത്ഥികളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അക്കൗണ്ടിലേയ്ക്ക് വിതരണം ചെയ്യുന്ന പദ്ധതിയാണിത്.

(ബി) ഇവയുടെ ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ?

ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങളും ഇ-ഗ്രാന്റ്സ് പദ്ധതിയുടെ മാനദണ്ഡങ്ങളും അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) മുൻ സർക്കാരിന്റെ കാലത്ത് വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധി, ഇ-ഗ്രാന്റ് എന്നിവയുടെ ആനുകൂല്യ ഇനത്തിൽ വടക്കാഞ്ചേരി മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ; ഇവയുടെ പഞ്ചായത്ത്, ബ്ലോക്കുതല വിശദാംശം പട്ടികപ്പെടുത്തി ലഭ്യമാക്കാമോ?

ദുരിതാശ്വാസ നിധി: പട്ടികജാതി വികസന വകുപ്പിൽനിന്നും മുൻ സർക്കാരിന്റെ കാലത്ത് വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 55,67,500 രൂപ (അമ്പത്തിയഞ്ച് ലക്ഷത്തി അറുപത്തിയേഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) വടക്കാഞ്ചേരി മണ്ഡലത്തിൽ അനുവദിച്ചിട്ടുണ്ട്. വടക്കാഞ്ചേരി മണ്ഡലത്തിലെ പട്ടികവർഗ്ഗക്കാർക്ക് ടി കാലഘട്ടത്തിൽ തുകയൊന്നും അനുവദിച്ചിട്ടില്ല.

ഇ-ഗ്രാന്റ്സ്: ഇ-ഗ്രാന്റ്സ് പോർട്ടലിൽ നിലവിൽ മണ്ഡലം തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല. ജില്ലാതലത്തിലുള്ള സ്ഥാപനങ്ങൾക്കും ടി സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കും, സ്ഥാപനത്തിനും വിതരണം ചെയ്ത തുകയുടെ വിവരങ്ങളാണ് ഇ-ഗ്രാന്റ്സ് പോർട്ടലിൽനിന്നും ലഭ്യമാകുന്നത്. പട്ടികജാതി വിഭാഗക്കാർക്ക് ഇ-ഗ്രാന്റ്സ് മുഖേന നൽകുന്ന പ്രീ-മെട്രിക് വിദ്യാഭ്യാസ ആനുകൂല്യമായി വടക്കാഞ്ചേരി ബ്ലോക്ക് മുഖേന 64,76,450 രൂപയും പുഴയ്ക്കൽ ബ്ലോക്ക് മുഖേന 2,26,15,025 രൂപയും ഉൾപ്പെടെ ആകെ 2,90,91,475 രൂപ (രണ്ട് കോടി തൊണ്ണൂറ് ലക്ഷത്തി തൊണ്ണൂറ്റിയൊന്നായിരത്തി നാനൂറ്റി എഴുപത്തിയഞ്ച് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ/പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്ക് ഇ-ഗ്രാന്റ്സ് മുഖേന വടക്കാഞ്ചേരി മണ്ഡലത്തിൽ അനുവദിച്ച തുകയുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

**പട്ടിക സമുദായ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് കൊണ്ടോട്ടി മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ**

46(2709) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടിക സമുദായ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് കൊണ്ടോട്ടി മണ്ഡലത്തിൽ 2020-21, 2021-22 സാമ്പത്തിക വർഷം നടപ്പാക്കുന്നതിന് അനുമതി ലഭിച്ച വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികജാതി വികസന വകുപ്പ് 2020-21 സാമ്പത്തിക വർഷത്തിൽ കൊണ്ടോട്ടി മണ്ഡലത്തിൽ കോർപ്പസ് ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിവരം അനുബന്ധമായി* ചേർക്കുന്നു. 2021-22 വർഷത്തെ പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടുപയോഗിച്ച് കൊണ്ടോട്ടി മണ്ഡലത്തിൽ 2020-21, 2021-22 വർഷങ്ങളിൽ പദ്ധതികൾക്കൊന്നും അനുമതി നൽകിയിട്ടില്ല.

**കൊല്ലം മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ**

47(2710) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻ സർക്കാരിന്റെ കാലത്ത് കൊല്ലം നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ട്, അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി എന്നിവയ്ക്ക് കീഴിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്; സാമ്പത്തിക വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ കൊല്ലം നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി പദ്ധതികൾ ഏറ്റെടുത്തിട്ടില്ല. 2016-17 കാലഘട്ടത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ വരട്ടുച്ചിറ കോളനിയുടെ വിശദാംശം അനുബന്ധമായി* ചേർക്കുന്നു. കൊല്ലം നിയമസഭാ നിയോജക മണ്ഡലത്തിൽ പട്ടികവർഗ്ഗ കോളനികളില്ലാത്തതിനാൽ മുൻ സർക്കാരിന്റെ കാലത്ത് കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടില്ല.

**കോർപ്പസ് ഫണ്ട്**

48(2711) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷം കണ്ണൂർ ജില്ലയിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. കുണ്ടത്തിൽ കോളനി റോഡ് ടാറിംഗ് & കോൺക്രീറ്റിംഗ് (കുറ്റ്യാട്ടൂർ പഞ്ചായത്ത്)
2. പടപ്പക്കരി റോഡ് റീ ടാറിംഗ് (മലപ്പട്ടം ഗ്രാമപഞ്ചായത്ത്)
3. പടിഞ്ഞാറെക്കര കോളനിയിൽ സംരക്ഷണ ഭിത്തി (പടിയൂർ കല്ല്യാട്ട് ഗ്രാമപഞ്ചായത്ത്)
4. പാൽച്ചുരം കോളനിയിൽ സംരക്ഷണ ഭിത്തി (കൊട്ടിയൂർ ഗ്രാമപഞ്ചായത്ത്)
5. ശ്രീമതി ചെറുക്കിണിയൻ ശാന്ത എന്നിവർക്ക് കുടിവെള്ള കണക്ഷൻ (പയ്യന്നൂർ മുനിസിപ്പാലിറ്റി)
6. ഭഗത്സിംഗ് കോളനിയിൽ ഡ്രെയിനേജ് നിർമ്മാണം (അഴീക്കോട് ഗ്രാമ പഞ്ചായത്ത്)
7. ചിടങ്ങിൽ കോളനി ശ്മശാനം റോഡ് ടാറിംഗ് (ചെറുകുന്ന് ഗ്രാമ പഞ്ചായത്ത്)
8. ചിടങ്ങിൽ കോളനി ശ്മശാനം-അടിസ്ഥാന സൗകര്യം (ചെറുകുന്ന് ഗ്രാമ പഞ്ചായത്ത്).

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് 2021-22 വർഷം കണ്ണൂർ ജില്ലയിൽ കോർപ്പസ് ഫണ്ടുപയോഗിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(ബി) 2021-22 വർഷം എത്ര കോടി രൂപയാണ് കോർപ്പസ് ഫണ്ട് ഇനത്തിൽ നീക്കിവച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് 2021-22-ൽ കണ്ണൂർ ജില്ലയ്ക്ക് ഈ ഇനത്തിൽ 54,80,000 രൂപ വകയിരുത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് 2021-22 വർഷത്തിൽ കോർപ്പസ് ഫണ്ടിൽ ബഡ്ജറ്റ് വിഹിതമായി 40 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിൽ 8 കോടി രൂപ വിവിധ ജില്ലകൾക്ക് ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് അനുമതിയോടെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന 32 കോടി രൂപയിൽ 10.48 കോടി രൂപ മുൻ വർഷത്തെ വിവിധ പദ്ധതികൾ നടപ്പിലാക്കിയ ഇനത്തിൽ അനുവദിക്കേണ്ടതായിട്ടുണ്ട്. ബാക്കി വരുന്ന തുക ഉപയോഗിച്ച് നടപ്പ് വർഷം സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് ഭരണാനുമതിയോടുകൂടി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി**

49(2712) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ പുനലൂർ നിയമസഭാ മണ്ഡലത്തിലെ ഏതൊക്കെ പട്ടികവർഗ്ഗ സങ്കേതങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

2019-20 കാലയളവിൽ പുനലൂർ മണ്ഡലത്തിൽനിന്നും അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം കോളനികൾ തെരഞ്ഞെടുത്തിരുന്നില്ല. 2020-21 വർഷം പുനലൂർ മണ്ഡലത്തിൽനിന്നും ആര്യങ്കാവ്, മണിയാർ എന്നീ പട്ടികവർഗ്ഗ കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. ടി കോളനികളിൽ പദ്ധതി നടപ്പിലാക്കുന്നതിനായി ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത സങ്കേതങ്ങളിലെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദീകരിക്കാമോ?

2017-18 വർഷം പുനലൂർ മണ്ഡലത്തിൽനിന്നും തെരഞ്ഞെടുത്ത പെരുവഴിക്കാല, കുമ്പളി, രണ്ടാംമൈൽ, വട്ടക്കരിക്കകം ക്ലസ്റ്റർ; അച്ചൻകോവിൽ എസ്.റ്റി. കോളനി; ചെറുകര, ഇടത്തറ, കല്ലുപച്ച ക്ലസ്റ്റർ എന്നീ പട്ടികവർഗ്ഗ കോളനികളിലെ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ അനുബന്ധമായി* ചേർക്കുന്നു.

(സി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്നറിയിക്കാമോ?

മേൽ പദ്ധതികൾ 31-12-2021-നകം പൂർത്തിയാക്കാൻ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പടവുകൾ ദ്വൈവാരിക**

50(2713) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി ക്ഷേമ വകുപ്പ് പ്രസിദ്ധീകരിക്കുന്ന "പടവുകൾ"

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ദ്വൈവാരിക യഥാസമയം പ്രസിദ്ധീകരിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

കോവിഡ്-19 രോഗ വ്യാപനത്തെത്തുടർന്ന് 2021 മേയ് മുതൽ 2021 ആഗസ്റ്റ് വരെയുള്ള കാലയളവിൽ രണ്ട് ലക്കങ്ങൾ പ്രസിദ്ധീകരിച്ചിട്ടില്ല. 2021 സെപ്റ്റംബർ മുതൽ പ്രസിദ്ധീകരിച്ച് തുടങ്ങിയിട്ടുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര ലക്കങ്ങൾ പ്രസിദ്ധീകരിച്ചിരുന്നുവെന്നും ഓരോ ലക്കവും എത്ര കോപ്പിയാണ് അച്ചടിക്കുന്നതെന്നും ഒരു ലക്കം അച്ചടിക്കുന്നതിനുള്ള ചെലവ് എത്ര രൂപയാണെന്നും ഇവ വിതരണം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

23 ലക്കങ്ങൾ പ്രസിദ്ധീകരിച്ചു. ഓരോ ലക്കവും 10,000 കോപ്പികൾ വീതമാണ് അച്ചടിക്കുന്നത്. 2,86,944 (രണ്ട് ലക്ഷത്തി എൺപത്തി ആറായിരത്തി തൊള്ളായിരത്തി നാൽപത്തി നാല്) രൂപയാണ് ഒരു ലക്കം അച്ചടിക്കുന്നതിനുള്ള ചെലവ്. ജില്ലാ/ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകൾ വഴിയും എസ്.സി. പ്രൊമോട്ടർമാർ വഴിയുമാണ് വിതരണം നടത്തിവരുന്നത്.

(സി) ഇതിന്റെ അച്ചടി ഏത് സ്ഥാപനമാണ് നടത്തുന്നത്; മത്സരാധിഷ്ഠിത ടെണ്ടറിലൂടെയാണോ ഈ സ്ഥാപനത്തെ തെരെഞ്ഞെടുത്തിട്ടുള്ളത്; ഈ സ്ഥാപനം യഥാസമയം അച്ചടി പൂർത്തിയാക്കി നൽകാറുണ്ടോ; ഇല്ലെങ്കിൽ ഈ സ്ഥാപനത്തെ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

സി-ആപ്റ്റ് മുഖേനയാണ് അച്ചടിക്കുന്നത്. സർക്കാർ സ്ഥാപനമായതിനാൽ ടെണ്ടർ നടപടി സ്വീകരിച്ചിട്ടില്ല. യഥാസമയം അച്ചടിച്ച് നൽകാറുണ്ട്.

(ഡി) ഇപ്പോൾ അച്ചടി ഏറ്റെടുത്തിട്ടുള്ള സ്ഥാപനം മറ്റൊരു അച്ചടി സ്ഥാപനത്തിന് കരാർ മാറ്റി നൽകുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ഇ) മികച്ച ഗുണനിലവാരത്തിൽ സമയബന്ധിതമായി സാമ്പത്തിക ലാഭത്തിൽ മാസിക അച്ചടിച്ചുകിട്ടുന്നതിന്, മത്സരാധിഷ്ഠിത ടെണ്ടറിലൂടെ കരാർ നൽകുവാൻ നടപടി സ്വീകരിക്കുമോ?

പരിശോധിക്കുന്നതാണ്.

## ആലത്തൂർ മണ്ഡലത്തിൽ പട്ടികജാതി വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച തുക

51(2714) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ പട്ടികജാതി വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 2016 മുതൽ 2021 വരെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ആലത്തൂർ നിയോജകമണ്ഡലത്തിൽ പട്ടികജാതി വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 2016 മുതൽ 2021 വരെ 3,26,14,900 രൂപ (മൂന്ന് കോടി ഇരുപത്തിയാറ് ലക്ഷത്തി പതിനാലായിരത്തി തൊള്ളായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

(ബി) ആയതിന്റെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിശദാംശം നൽകാമോ?

പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(സി) എത്ര അപേക്ഷകൾക്ക് എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ചികിത്സാ ധനസഹായമായി 1471 അപേക്ഷകൾക്ക് 2,66,14,900 രൂപയും (രണ്ട് കോടി അറുപത്തിയാറ് ലക്ഷത്തി പതിനാലായിരത്തി തൊള്ളായിരം രൂപ മാത്രം) ഏകവരുമാനദായകന്റെ മരണത്തിന് ധനസഹായമായി 39 അപേക്ഷകൾക്ക് 60,00,000 രൂപയും (അറുപത് ലക്ഷം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

## പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ജില്ലാതല പരീക്ഷാ പരിശീലന കേന്ദ്രങ്ങൾ

52(2715) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് വിവിധ എൻട്രൻസ് പരീക്ഷകൾക്കുൾപ്പെടെ പരിശീലനം നൽകുന്നതിന് പര്യാപ്തമായ രീതിയിൽ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജില്ലാതലത്തിൽ പരീക്ഷാ പരിശീലന കേന്ദ്രങ്ങളാരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട എൻട്രൻസ് പരിശീലനം നടത്തുന്ന കുട്ടികൾക്ക് ആനുകൂല്യം അനുവദിച്ചുനൽകുന്ന 2 പദ്ധതികളാണുള്ളത്. ഉദ്യോഗാർത്ഥികൾക്കായി മത്സര പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിന് 4 പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ കേരള സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം നടത്തുന്ന വിദ്യാർത്ഥിക്ക് ICSETS (Institute for Civil Services Examination Training Society) മുഖേന ആനുകൂല്യങ്ങൾ അനുവദിച്ചുവരുന്നു. പ്രധാനപ്പെട്ട സ്ഥാപനങ്ങളിൽ സിവിൽ സർവ്വീസ് പരിശീലനം നടക്കുന്ന തെരഞ്ഞെടുക്കപ്പെട്ട 30 SC/ST വിദ്യാർത്ഥികൾക്ക് ലക്ഷ്യ സ്കോളർഷിപ്പ് പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ അനുവദിച്ചുവരുന്നു. എൻട്രൻസ് പരീക്ഷകൾക്ക് യോഗ്യത നേടിയതും മെരിറ്റ് അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ടവരുമായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സംസ്ഥാനതലത്തിൽ ദീർഘകാല, ഹ്രസ്വകാല എൻട്രൻസ് പരീക്ഷാ പരിശീലനം തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ മുഖേന നൽകുന്ന പദ്ധതി നിലവിലുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ ഹയർ സെക്കണ്ടറി സയൻസ് ബാച്ച് നിലവിലുള്ള 9 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും എൻട്രൻസ് പരിശീലന പദ്ധതി സംഘടിപ്പിക്കുന്നുണ്ട്. ജില്ലാതലത്തിൽ ഉന്നത പരീക്ഷാ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നത് പരിശോധിക്കുന്നതാണ്.

### കണ്ണവം ട്രൈബൽ സ്കൂളിന്റെ ചുറ്റുമതിൽ നിർമ്മാണം

53(2716) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പാട്യം പഞ്ചായത്തിൽ കണ്ണവം ട്രൈബൽ സ്കൂളിന് സംരക്ഷണം ഉറപ്പാക്കാൻ ചുറ്റുമതിൽ നിർമ്മിക്കുന്നതിന് സ്ഥലം അളന്ന് തിട്ടപ്പെടുത്താൻ സ്കൂൾ അധികൃതർ നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്ന പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുമെന്നും ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ?

(എ&ബി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പാട്യം പഞ്ചായത്തിൽ കണ്ണവം ട്രൈബൽ സ്കൂളിന് സംരക്ഷണം ഉറപ്പാക്കാൻ ചുറ്റുമതിൽ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## പട്ടികവർഗ്ഗ വകുപ്പിനുകീഴിൽ മാസ്ക് നിർമ്മാണത്തിനായി കരാർ

54(2717) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാസ്ക് നിർമ്മാണത്തിനായി പട്ടികവർഗ്ഗ വകുപ്പ് ഏതെങ്കിലും കമ്പനികളെ കരാർ ഏല്പിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ കമ്പനിയുടെയും കരാറിന്റെയും വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത കരാർ ഇ-ടെണ്ടർ മുഖേനയാണോ നൽകിയതെന്ന് വ്യക്തമാക്കാമോ; ആണെങ്കിൽ കരാറിൽ പങ്കെടുത്ത കമ്പനികളും അവർ മുന്നോട്ടുവച്ച തുകയും വിശദമാക്കാമോ?

(എ&ബി) മാസ്ക് നിർമ്മാണച്ചുമതല ഏതെങ്കിലും സ്ഥാപനത്തെ ഏൽപ്പിച്ചിട്ടില്ല. എന്നാൽ പട്ടികവർഗ്ഗക്കാരായവർക്ക് മാസ്ക് നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമായി പൊതുതാല്പര്യപത്രം ക്ഷണിച്ചതിൽ വിവിധ സ്ഥാപനങ്ങൾ നൽകിയ സാമ്പിളുകൾ ഒരു വിദഗ്ദ്ധ സമിതി പരിശോധിക്കുകയും സമിതിയുടെ നിർദ്ദേശപ്രകാരം "വീവേഴ്സ് വില്ലേജ്" എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിനായി ഇ-ടെണ്ടർ ക്ഷണിച്ചിട്ടില്ല. സ്ഥാപനങ്ങളും അവർ ക്വാട്ട് ചെയ്ത തുകയും അനുബന്ധമായി* ചേർക്കുന്നു.

(സി) പ്രസ്തുത കരാറിന്റെ ഭാഗമായി കരാർ ലഭിച്ച കമ്പനിക്ക് അഡ്വാൻസ് തുക നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദവിവരം നൽകാമോ?

മാസ്ക് നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനും നിർമ്മാണ വസ്തുക്കളുടെ വിതരണത്തിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ, 1,48,54,970 രൂപ അനുവദിച്ചതായി അറിയിച്ചിട്ടുണ്ട്.

(ഡി) പട്ടികവർഗ്ഗ വകുപ്പിന് മാസ്ക് നിർമ്മാണത്തിനായി സർക്കാർ അനുമതി നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

അനുമതി നൽകിയിട്ടില്ല. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പാലക്കാട് മെഡിക്കൽ കോളേജ് ഭരണച്ചെലവുകൾ**

55(2718) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള പാലക്കാട് മെഡിക്കൽ കോളേജിന്റെ ഭരണച്ചെലവുകൾക്കായി ബഡ്ജറ്റിൽ 2016-17 മുതൽ 2020-21 വരെ 2225-01-277-54 എന്ന ശീർഷകംവഴി വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2016-17 സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. 2017-18 സാമ്പത്തിക വർഷം മുതൽ 1000 രൂപയാണ് ടോക്കൺ പ്രൊവിഷനായി വകയിരുത്തിവന്നത്. മറ്റ് തുകകളൊന്നും 2225-01-277-54 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടില്ല.

(ബി) പ്രസ്തുത ഭരണച്ചെലവുകൾക്ക് 2225-01-277-54 എന്ന ശീർഷകം വഴി ആവശ്യമായ തുക നാളിതുവരെ വകയിരുത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ?

നിലവിൽ പാലക്കാട് മെഡിക്കൽ കോളേജിന്റെ ഭരണച്ചെലവുകൾക്ക് ആവശ്യമായ തുക കണ്ടെത്തുന്നത് 2225-01-277-57-00-34 other charges (P) എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ്. ഭരണച്ചെലവുകൾക്കായി 2225-01-277-54 എന്ന പദ്ധതിയേതര (NP) ശീർഷകത്തിൽ തുക വകയിരുത്തുന്നതിനായി സമർപ്പിച്ച ശിപാർശകളിന്മേൽ ആവശ്യപ്പെട്ടിട്ടുള്ള വിശദാംശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് അധിക ധനാനുമതിവഴി ആവശ്യമായ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(സി) പ്രസ്തുത മെഡിക്കൽ കോളേജ് പട്ടികജാതി വകുപ്പിനുകീഴിൽ നിന്ന് മാറ്റുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായാണ് ഭരണച്ചെലവുകൾക്ക് മതിയായ തുക വകയിരുത്താത്തതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിജസ്ഥിതി വെളിപ്പെടുത്തുമോ; ഇല്ലെങ്കിൽ ഭരണച്ചെലവുകൾക്ക് ആവശ്യമായ തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഭരണച്ചെലവുകൾക്കാവശ്യമായ തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## പാലക്കാട് മെഡിക്കൽ കോളേജിന്റെ ഭരണച്ചെലവുകൾക്കായി വകയിരുത്തിയ തുക

56(2719) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള പാലക്കാട് മെഡിക്കൽ കോളേജിന്റെ ഭരണച്ചെലവുകൾക്ക് ബഡ്ജറ്റിൽ 2016-17 മുതൽ 2020-21 വരെ 2225-01-277-54 ശീർഷകം വഴി വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2016-17 സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. 2017-18 സാമ്പത്തിക വർഷം മുതൽ 1000 രൂപയാണ് ടോക്കൺ പ്രൊവിഷനായി വകയിരുത്തിവന്നത്. മറ്റ് തുകകളൊന്നും 2225-01-277-54 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടില്ല.

(ബി) മേൽപ്പറഞ്ഞ ഭരണച്ചെലവുകൾക്ക് 2225-01-277-54 ശീർഷകം വഴി നാളിതുവരെ ആവശ്യമായ തുക വകയിരുത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ?

നിലവിൽ പാലക്കാട് മെഡിക്കൽ കോളേജിന്റെ ഭരണച്ചെലവുകൾക്ക് ആവശ്യമായ തുക കണ്ടെത്തുന്നത് 2225-01-277-57-00-34 other charges (P) എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ്. ഭരണച്ചെലവുകൾക്കായി 2225-01-277-54 എന്ന പദ്ധതിയേതര (NP) ശീർഷകത്തിൽ തുക വകയിരുത്തുന്നതിനായി സമർപ്പിച്ച ശിപാർശകളിന്മേൽ ആവശ്യപ്പെട്ടിട്ടുള്ള വിശദാംശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് അധിക ധനാനുമതിവഴി ആവശ്യമായ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(സി) പ്രസ്തുത ഭരണച്ചെലവുകൾക്ക് ആവശ്യമായ തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിക്കുന്നതാണ്.

## കുളത്തുപ്പുഴ ഗ്രാമപഞ്ചായത്തിൽപ്പെട്ട വിവിധ പട്ടികവർഗ്ഗ സങ്കേതങ്ങളിലെ റോഡിന്റെ ശോച്യാവസ്ഥ

57(2720) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയമസഭാ മണ്ഡലത്തിലെ കുളത്തുപ്പുഴ ഗ്രാമപഞ്ചായത്തിലെ പെരുവഴിക്കാലാ, വട്ടക്കരിക്കം, കുളമ്പി, രണ്ടാം മൈൽ എന്നീ പട്ടികവർഗ്ഗ സങ്കേതങ്ങളിലെ റോഡിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മേൽ പട്ടികവർഗ്ഗ സങ്കേതങ്ങളിലെ റോഡ് നിർമ്മാണത്തിനുള്ള പദ്ധതി പരിഗണനയിലുണ്ടോ; വിശദീകരിക്കുമോ;

(സി) എങ്കിൽ റോഡിന്റെ നിർമ്മാണം എന്ന് പൂർത്തീകരിക്കാനാകുമെന്നറിയിക്കാമോ?

(ബി&സി) 2017-18 അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കുളത്തുപ്പുഴ ഗ്രാമപഞ്ചായത്തിലെ പെരുവഴിക്കാല കോളനിയിലെ രതീഷ് പടിക്കൽ മുതൽ സദാനന്ദൻ പടിക്കൽ വരെയുള്ള 563 മീറ്റർ റോഡ് പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാംമൈൽ ക്ഷേത്രം വട്ടക്കരിക്കം റോഡ് വരെയുള്ള 645 മീറ്റർ റോഡ് നിർമ്മാണം പുരോഗമിക്കുന്നു. കൂടാതെ പെരുവഴിക്കാല, കുളമ്പി, വട്ടക്കരിക്കം, രണ്ടാംമൈൽ എന്നീ കോളനികളെ തമ്മിൽ ബന്ധിപ്പിക്കുന്നതും, നിലവിൽ ഗതാഗതം ദുർഘടവുമായ 5 കി.മീ. നീളമുള്ള റോഡ് നബാർഡ് ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി ഗതാഗത യോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കാൻ വകുപ്പുതലത്തിൽ പ്രൊപ്പോസൽ നൽകിയിട്ടുണ്ട്.

**അട്ടപ്പാടി മേഖലയിലെ ആദിവാസി സന്നദ്ധ സംഘടനകൾ**

58(2721) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ആദിവാസി മേഖലയിൽ എത്ര സന്നദ്ധ സംഘടനകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഏതെല്ലാമാണെന്നും വിശദമാക്കാമോ;

(ബി) 1988-ൽ പ്രവർത്തനം തുടങ്ങിയ അട്ടപ്പാടി സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ ഇതുവരെ എന്തെല്ലാം പ്രവർത്തനം നടത്തി; ഇത് സംബന്ധിച്ച വിലയിരുത്തൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾക്കായുള്ള ഫണ്ട് സർക്കാരിൽനിന്നോ നബാർഡിൽനിന്നോ ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയാണ് നൽകിയിട്ടുള്ളതെന്നും എന്ത് പ്രവർത്തനത്തിനാണ് നൽകിയതെന്നും വിശദമാക്കാമോ?

(എ-സി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സഹായത്തോടുകൂടി അട്ടപ്പാടി ആദിവാസി മേഖലയിൽ സന്നദ്ധ സംഘടനകൾ പ്രവർത്തിക്കുന്നില്ല.

## എസ്.സി./എസ്.ടി. കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ

59(2722) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല എസ്.സി/എസ്.ടി. കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും നിർജ്ജീവമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള 682 പട്ടികജാതി-പട്ടികവർഗ്ഗ സംഘങ്ങളിൽ 296 സംഘങ്ങൾ മാത്രമാണ് പ്രവർത്തനക്ഷമമായിട്ടുള്ളത്. ഇവയിൽത്തന്നെ 16 സംഘങ്ങൾ മാത്രം ലാഭത്തിൽ പ്രവർത്തിക്കുന്നു. ബാക്കി 386 സംഘങ്ങൾ നിർജ്ജീവാവസ്ഥയിലാണ്.

(ബി) പ്രസ്തുത സംഘങ്ങളുടെ പുനരുജ്ജീവനത്തിനായി പട്ടികജാതി വകുപ്പിന്റെ നേതൃത്വത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

നിർജ്ജീവ സംഘങ്ങളെ പ്രവർത്തനക്ഷമമാക്കുന്നതിനും നാമമാത്രമായി പ്രവർത്തിക്കുന്ന സംഘങ്ങളെ ഉദ്ധരിക്കുന്നതിനും കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ സംഘങ്ങൾക്കുവേണ്ടി ഒരു സമഗ്ര വികസന പുനരുദ്ധാരണ പരിശീലന പദ്ധതി നടപ്പാക്കുന്നതിനുള്ള ഒരു പദ്ധതി നിർദ്ദേശം സഹകരണ സംഘം രജിസ്ട്രാർ മുഖാന്തരം സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. സഹകരണ വകുപ്പ്, പട്ടികജാതി വികസന വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, സംസ്ഥാന സഹകരണ യൂണിയൻ എന്നീ സ്രോതസ്സുകളിൽനിന്നും ധനസമാഹരണം പ്രതീക്ഷിക്കുന്ന ഈ പദ്ധതിയുടെ ആകെ ചെലവ് കണക്കാക്കിയിട്ടുള്ളത് 360 ലക്ഷം രൂപയാണ്. ആകെ തുകയുടെ 30%-മായ ഒരു കോടി എട്ട് ലക്ഷം രൂപ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും പദ്ധതി വിഹിതമായി കണക്കാക്കിയാണ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്. ആയത് സഹകരണ വകുപ്പിന്റെ പരിഗണനയിലാണ്. മൂന്ന് വർഷക്കാലം നീണ്ടുനിൽക്കുന്ന ഈ സമഗ്ര വികസന പരിശീലന പദ്ധതി നടപ്പാക്കുന്നതോടെ നിർജ്ജീവമായ സംഘങ്ങളെ കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയും. നിലവിൽ പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിൽനിന്നും 4225-80-195-99 ശീർഷകത്തിൽ ഫെഡറേഷന് ബഡ്ജറ്റ് വിഹിതമായി 2 കോടി രൂപ വകയിരുത്തുന്നത് ലഭിച്ചുവരുന്നുണ്ട്. ഓഹരി മൂലധന ഇനത്തിൽ ലഭിക്കുന്ന ഈ തുക പട്ടികജാതി സഹകരണ സംഘങ്ങളുടെ വിവിധ പദ്ധതി നടത്തിപ്പുകൾക്കായി ഫെഡറേഷനിൽനിന്നും വിതരണം ചെയ്യുന്നു. ഈ സഹായം ലഭിക്കുന്ന സംഘങ്ങൾ സജീവമായി പ്രവർത്തിച്ചുവരുന്നുണ്ട്.

## പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ഓഫീസുകൾ

60(2723) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി- പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി പുതുതായി മേഖലാ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ടോ; തൊഴിൽ സംബന്ധമായ പദ്ധതികൾ ഉൾപ്പെടെയുള്ള വിഷയങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടേണ്ടതിനാൽ എല്ലാ ജില്ലയിലും മേഖലാ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ?

പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി, പുതുതായി രണ്ടു മേഖലാ ഓഫീസുകൾ കൊല്ലം, പാലക്കാട് എന്നീ ജില്ലകളിൽ അനുവദിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ ജില്ലകളിലും ഓഫീസുകൾ ആരംഭിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

(ബി) പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന വിദ്യാഭ്യാസ, വികസന ക്ഷേമ പദ്ധതികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ?

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന വിദ്യാഭ്യാസ, വികസന ക്ഷേമ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. ഒ.ഇ.സി. പ്രീമെട്രിക് ധനസഹായം
2. ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ് (50% CSS)
3. ഒ.ഇ.സി. പോസ്റ്റ്മെട്രിക് ധനസഹായം
4. ഒ.ബി.സി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് (100% CSS)
5. ഓവർസീസ് സ്കോളർഷിപ്പ്
6. എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം
7. അഡ്വക്കേറ്റ്സ് ഗ്രാന്റ്

8. പരമ്പരാഗത കരകൗശല പണിക്കാർക്കുള്ള നൈപുണ്യ വികസന പരിശീലനത്തിനും ടൂൾകിറ്റിനുമുള്ള ധനസഹായം

9. പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധനസഹായം.

10. പരമ്പരാഗത ബാർബർ തൊഴിലാളികൾക്കുള്ള ധനസഹായം

11. കരിയർ ഇൻ പ്രൈവറ്റ് ഇൻഡസ്ട്രി ത്രൂ പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ

12. വിശ്വകർമ്മജർക്കുള്ള പെൻഷൻ

13. കുംഭാര കോളനി അടിസ്ഥാന സൗകര്യ വികസന പദ്ധതി.

വിശദാംശങ്ങൾ, അനുബന്ധമായി* ചേർക്കുന്നു.

(സി) വിവിധ മേഖലകളിൽ തൊഴിൽ പരിശീലനത്തിനും തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും പദ്ധതിയുണ്ടോ; വിശദമാക്കുമോ?

നിലവിൽ നൈപുണ്യ വികസനത്തിനും, ടൂൾകിറ്റ് നല്കുന്നതിനുമായുള്ള പദ്ധതി, ആട്ടോമൊബൈൽ, ഹോട്ടൽ മാനേജ്മെന്റ്, ലോജിസ്റ്റിക് മാനേജ്മെന്റ് എന്നീ കോഴ്സുകൾ കഴിഞ്ഞവർക്ക് സ്റ്റൈപ്പന്റോടുകൂടി പരിശീലനം നൽകി സ്വകാര്യ മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്നതിനുള്ള പദ്ധതി എന്നിവ നടപ്പാക്കി വരുന്നു. കൂടുതൽ പദ്ധതികൾ നടപ്പിലാക്കാനുള്ള സാധ്യത പരിശോധിച്ചുവരുന്നു.

## വിജ്ഞാനവാടികളുടെ പ്രവർത്തനം

61(2724) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-ൽ കേരളത്തിൽ ആകെ സ്ഥാപിച്ച വിജ്ഞാനവാടികൾ എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) അവയിൽ എത്ര എണ്ണം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

(എ & ബി) 2014-ൽ സംസ്ഥാനത്ത് ആകെ 173 വിജ്ഞാൻവാടികൾ സ്ഥാപിച്ചിട്ടുണ്ട്. അതിൽ 133 എണ്ണം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) തുറന്ന് പ്രവർത്തിക്കാത്ത വിജ്ഞാനവാടികളിൽ കമ്പ്യൂട്ടർ ഓപ്പറേറ്ററെ നിയമിച്ച് പട്ടികവിഭാഗക്കാർക്ക് ഓൺലൈൻ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ;

(ഡി) പട്ടികജാതി കോളനികളിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ വിജ്ഞാനവാടികൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

(സി & ഡി) പ്രസ്തുത വിഷയം സർക്കാർ പരിശോധിക്കുന്നതാണ്.

**അംബേദ്കർ ഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തി കോളനികളുടെ നവീകരണം**

62(2725) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ അംബേദ്കർ ഗ്രാമപദ്ധതിയിൽ ഉൾപ്പെടുത്തിയ പാലമേൽ ആയിക്കോയത്തുവിള കോളനി, വള്ളിക്കുന്നം ഐ.കെ.എസ്. കോളനി എന്നിവയുടെ നവീകരണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിവരം ലഭ്യമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

9-9-2021-ൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ അവലോകന യോഗത്തിൽ ഏറ്റെടുത്ത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ചുനക്കര പാങ്കാവിൽ കോളനിയുടെ നവീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ആയതിന്റെ നിർമ്മാണം ആരംഭിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

പ്രസ്തുത കോളനിയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ട്. പ്രാരംഭ നടപടികൾ ആരംഭിക്കുവാൻ നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള ധനസഹായം

63(2726) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് എന്തൊക്കെ സ്കീമിൽ ധനസഹായം ലഭ്യമാക്കുന്നുണ്ടെന്നറിയിക്കാമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പട്ടികജാതി വികസന വകുപ്പ് മുഖേന ധനസഹായം അനുവദിക്കുന്ന പ്രധാനപ്പെട്ട പദ്ധതികൾ:-

1. പ്രീമെട്രിക്/പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസ ധനസഹായം
2. പഠനമുറി നിർമ്മാണ പദ്ധതി.
3. ഏകവരുമാനദായകന്റെ മരണത്തെത്തുടർന്ന് കുടുംബത്തിന് നൽകുന്ന ധനസഹായം
4. ചികിത്സാ ധനസഹായം
5. ഭൂരഹിത പുനരധിവാസ പദ്ധതി
6. ദുർബലവിഭാഗങ്ങൾക്കുള്ള പുനരധിവാസ പദ്ധതി
7. ഭവന പൂർത്തീകരണ പദ്ധതി
8. വിവാഹ ധനസഹായം
9. മിശ്രവിവാഹ ധനസഹായം
10. അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്
11. സ്വയംതൊഴിൽ പദ്ധതി
12. വിദേശപഠനത്തിനുള്ള സ്കോളർഷിപ്പ്.
13. ഫ്ലൈയിംഗ് കോഴ്സിന് ചേരുന്ന വിദ്യാർത്ഥികൾക്കുള്ള ധനസഹായം.

(ബി) കുറ്റ്യാടി മണ്ഡലത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ ഇത്തരം സ്കീമുകളിലായി ലഭിച്ച അപേക്ഷകൾ എത്രയാണ്; അതിൽ എത്ര അപേക്ഷകളിന്മേൽ ധനസഹായം ലഭ്യമാക്കാൻ സാധിച്ചുവെന്നറിയിക്കാമോ?

കുറ്റ്യാടി മണ്ഡലത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ പ്രധാനപ്പെട്ട വിവിധ പദ്ധതികളിലായി ലഭിച്ച അപേക്ഷകളുടേയും ധനസഹായം അനുവദിച്ചവരുടേയും എണ്ണം അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമഗ്ര പുരോഗതി

64(2727) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി - പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമഗ്ര പുരോഗതിക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

പട്ടികജാതി വിഭാഗങ്ങളുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ വിവരങ്ങളും പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമഗ്ര പുരോഗതിക്കായി നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ വിവരങ്ങളും അനുബന്ധമായി* ചേർക്കുന്നു.

## ആലുവ കാഞ്ഞൂർ പഞ്ചായത്തിലെ തിരുനാരായണപുരം പട്ടികജാതി കോളനിയിലെ പകൽ വീട്

65(2728) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി- പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ കാഞ്ഞൂർ പഞ്ചായത്തിലെ തിരുനാരായണപുരം പട്ടികജാതി കോളനിയിലെ പകൽ വീട് എല്ലാ സൗകര്യങ്ങളോടുംകൂടി പ്രവർത്തന സജ്ജമായിട്ടും അതിന്റെ പ്രവർത്തനം നാളിതുവരെ ആരംഭിക്കാത്തതിന് കാരണം വ്യക്തമാക്കുമോ?

പ്രസ്തുത പട്ടികജാതി കോളനിയിലെ പകൽവീട് 2008-ൽ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ SCP ഫണ്ടുപയോഗിച്ച് നിർമ്മിച്ചതാണ്. തുടർന്ന് സ്വയംപര്യാപ്ത ഗ്രാമം പദ്ധതി ഫണ്ടുപയോഗിച്ച് മെയിന്റനൻസ് നടത്തുകയും 2017-18-ലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് SCP-ഫണ്ടുപയോഗിച്ച് വീട്ടുപകരണങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. നിലവിൽ പകൽവീട് കെട്ടിടം ഗ്രാമപഞ്ചായത്തിന് വിട്ടുനൽകിയിട്ടുള്ളതിനാൽ ആയതിന്റെ പ്രവർത്തനവും നടത്തിപ്പും കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ അധികാര പരിധിയിലാണ്.

(ബി) ഈ വിഷയത്തിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് നൽകിയ നിവേദനത്തിന്മേൽ (നമ്പർ 017/2021/VIP/M(SC,ST&D) പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഈ പകൽ വീടിന്റെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കുമെന്നറിയിക്കുമോ?

(ബി&സി) പ്രസ്തുത നിവേദനത്തിന്മേൽ നടപടികൾ സ്വീകരിക്കുന്നതിനായി പട്ടികജാതി വികസന വകുപ്പിന് കൈമാറിയിട്ടുണ്ട്. നിലവിൽ പ്രസ്തുത വിഷയം പട്ടികജാതി വികസന വകുപ്പിന്റെ പരിഗണനയിലാണ്.

## പട്ടികവർഗ്ഗ വിഭാഗങ്ങളോടുള്ള വിവേചനം

66(2729) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വിഭാഗങ്ങൾക്ക് പട്ടികജാതി വകുപ്പ് നേരിട്ട് ടോയ്‌ലറ്റ് നിർമ്മാണം, മരണാനന്തര ചടങ്ങുകൾക്ക് ധനസഹായം തുടങ്ങിയവയ്ക്കായി വ്യക്തമായ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ദുർബ്ബല വിഭാഗമായ പട്ടികവർഗ്ഗ വിഭാഗക്കാർക്കായി പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ട് സമാന പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉണ്ട്. പട്ടികജാതി വിഭാഗങ്ങൾക്ക് പട്ടികജാതി വികസന വകുപ്പ് നിലവിൽ ടോയ്‌ലറ്റ് ഗ്രാന്റ് അനുവദിച്ച് നൽകുന്നില്ല. മരണാനന്തര ചടങ്ങുകൾക്ക് 5000 രൂപ ധനസഹായം നൽകിവരുന്നുണ്ട്. പട്ടികവർഗ്ഗക്കാർക്ക് മരണാനന്തര ചടങ്ങുകൾക്കുള്ള ധനസഹായം പ്രത്യേക പദ്ധതിയായി നടപ്പിലാക്കുന്നില്ല. എന്നാൽ വകുപ്പിന്റെ കീഴിലുള്ള ജില്ലാ ആഫീസുകൾ മുഖേന ഇത്തരം ആവശ്യങ്ങൾക്ക് അടിയന്തര ധനസഹായത്തിൽ ആവശ്യപ്പെട്ടിട്ടുള്ള തുക (പരമാവധി 5,000 രൂപ വരെ) അനുവദിച്ചുവരുന്നുണ്ട്. ടോയ്‌ലറ്റ് നിർമ്മാണത്തിന് പ്രത്യേക പദ്ധതികൾ നിലവിലില്ല. എന്നാൽ പുതിയ ഭവനനിർമ്മാണത്തിൽ ടോയ്‌ലറ്റ് നിർബന്ധമായും നിർമ്മിച്ചിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

## അംബേദ്കർ ഗ്രാമം പദ്ധതി

67(2730) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉണ്ണികുളം ഗ്രാമപഞ്ചായത്തിലെ കരിങ്കാളിമ്മൽ കോളനി നവീകരിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി കുടിവെള്ള വിതരണത്തിനായുള്ള ടാങ്ക് നിർമ്മിക്കുന്നതിനായി സ്ഥലം ലഭ്യമാകാതിരുന്നതിനാലാണ് പദ്ധതി പൂർത്തീകരിക്കുവാൻ കാലതാമസം നേരിട്ടത്. വകുപ്പ് ഉണ്ണിക്കുളം ഗ്രാമപഞ്ചായത്ത് അധികൃതരുമായി ബന്ധപ്പെട്ട് മേൽ ആവശ്യത്തിനായി സ്ഥലം ലഭ്യമാക്കി ടാങ്ക് നിർമ്മിക്കുന്നതിന് ജില്ലാ നിർമ്മിതി കേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ടാങ്ക് നിർമ്മാണ പ്രവൃത്തി പുരോഗമിക്കുന്നു.

(ബി) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന പ്രസ്തുത കോളനിയുടെ ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തിയായിട്ടുള്ളത്; ഇനി പൂർത്തീകരിക്കാൻ ഏതൊക്കെ പ്രവൃത്തികളാണുള്ളത്; വ്യക്തമാക്കാമോ?

പ്രസ്തുത കോളനിയിൽ ഭവന പുനരുദ്ധാരണം (40 എണ്ണം), ഫുട്പാത്ത് നിർമ്മാണം, റോഡ് നിർമ്മാണം, കിണർ നിർമ്മാണം എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കുടിവെള്ള ടാങ്ക്, പമ്പ് ഹൗസ്, പ്ലംബിംഗ്, ഇലക്ട്രിഫിക്കേഷൻ മോട്ടോർ എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതുണ്ട്.

(സി) പ്രസ്തുത കോളനിയുടെ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്നറിയിക്കാമോ?

09-9-2021-ൽ കൂടിയ അവലോകന യോഗത്തിൽ പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ 2021 ഡിസംബർ 31-നുള്ളിൽ പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് കർശനനിർദ്ദേശം നൽകിയിട്ടുണ്ട്.

## പട്ടിക ഗോത്രങ്ങളിൽപ്പെട്ടവരുടെ വികസനം

68(2731) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. ആന്റണി ജോൺ:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടിക ഗോത്രങ്ങളിൽപ്പെട്ടവരുടെ തനത് സംസ്കാരവും ഭാഷയും അറിവും പരിപോഷിപ്പിക്കുന്നതിനോടൊപ്പം അവരെ പൊതുസമൂഹത്തിന്റെ പുരോഗതിക്കൊപ്പം കണ്ണിചേർക്കുന്നതിനായി നടത്തുന്ന വികസനക്ഷേമ പ്രവർത്തനങ്ങൾ എന്തെല്ലാമെന്നറിയിക്കാമോ?

ഗോത്രവിഭാഗങ്ങളുടെ തനത് ഭാഷ, സംസ്കാരം, അറിവ് എന്നിവ പരിപോഷിപ്പിക്കുന്നതിനും വിദ്യാലയങ്ങൾ ഗോത്രഭാഷ/ഗോത്ര വിദ്യാർത്ഥി സൗഹൃദമാക്കുന്നതിനുമായി ഗോത്രഭാഷ അറിയാവുന്നവരും അദ്ധ്യാപക പരിശീലനം ലഭിച്ചവരുമായ പട്ടികവർഗ്ഗ യുവതീ-യുവാക്കളെ 'ഗോത്രബന്ധു' എന്ന പേരിൽ മെന്റർ ടീച്ചർമാരായി നിയോഗിച്ച് പഠനപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പാരമ്പര്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഇടുക്കി, വയനാട് ജില്ലകളിൽ 'ഹരിതരശ്മി' എന്നപേരിലും അട്ടപ്പാടിയിൽ 'നമത് വെള്ളാമെ' എന്ന പേരിലും കാർഷിക വികസന പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. വംശീയ വൈദ്യം പ്രോത്സാഹിപ്പിക്കുന്നതിനായി പാരമ്പര്യ വൈദ്യന്മാർക്ക് ധനസഹായം അനുവദിച്ചുവരുന്നുണ്ട്. ഇതിനുപുറമെ വംശീയ വൈദ്യം, വംശീയ ഭക്ഷണം, വംശീയ കലകൾ, പരമ്പരാഗത ഉത്പാദനം, പ്രദർശനം, വിപണനം എന്നിവയ്ക്കായി ഗദ്ദിക എന്ന പേരിൽ പ്രദർശന/വിപണന മേളകളും സംഘടിപ്പിച്ചു വരുന്നു.

(ബി) പട്ടിക ഗോത്രങ്ങളിൽപ്പെട്ടവരുടെ വികസനം സുസാദ്ധ്യമാക്കുന്നതിന് വിഘാതമായ ഭൂരാഹിത്യം പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ?

ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് അവർ തലമുറകളായി ഉപയോഗിച്ചിരുന്ന വന ഭൂമിയിന്മേൽ വനാവകാശ നിയമപ്രകാരം അവകാശം സാധൂകരിച്ച് നൽകി കൈവശാവകാശ രേഖകൾ നൽകുക വഴിയും, ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി പ്രകാരം ലഭ്യമായ നിക്ഷിപ്ത വനഭൂമിയിൽനിന്നും ഭൂമി വിതരണം നടന്നുവരുന്നു. ഇതിനുപുറമെ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിയ വിലകൊടുത്ത് ഭൂമി വാങ്ങി പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്ന 'ലാൻഡ് ബാങ്ക് പദ്ധതി വഴിയും ഭൂമി ലഭ്യമാക്കിവരുന്നുണ്ട്.

(സി) ഭക്ഷ്യോല്പാദനത്തിൽ സ്വാശ്രയത്വം നേടാൻ ഇവരെ പര്യാപ്തമാക്കുന്നതിനുള്ള പദ്ധതികളെക്കുറിച്ചറിയിക്കാമോ?

അട്ടപ്പാടി മേഖലകളിൽ കൃഷി വകുപ്പിന്റെ സഹകരണത്തോടെ നടപ്പാക്കിയ 'മില്ലറ്റ് വില്ലേജ്' പദ്ധതിവഴി പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും, തരിശ് ഭൂമികൾ കൃഷിയോഗ്യമാക്കി പാരമ്പര്യ വിളകൾ കൃഷി ചെയ്യുന്നതിനുവേണ്ടി തയ്യാറാക്കിയ 'നമത് വെള്ളാമെ' പദ്ധതി വഴി ഭക്ഷ്യോത്പാദനത്തിൽ സ്വാശ്രയത്വം കൈവരിക്കുവാനും സാധിച്ചിട്ടുണ്ട്. ഇടുക്കി, വയനാട് ജില്ലകളിൽ 2500 കർഷകരെ കണ്ടെത്തി ജൈവകൃഷി രീതി പ്രയോഗിച്ച് ഭക്ഷ്യോത്പാദനം നടത്തുന്നതിനായി 'ഹരിതരശ്മി - നിറവല്ലം' എന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു.

## മിശ്രവിവാഹം ചെയ്ത എസ്.സി. വിഭാഗത്തിൽപ്പെട്ടവർക്ക് സാമ്പത്തിക സഹായം

69(2732) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിശ്രവിവാഹം ചെയ്ത എസ്.സി. വിഭാഗത്തിൽപ്പെട്ടവർക്ക് വകുപ്പ് മുഖാന്തരം നൽകുന്ന സാമ്പത്തിക സഹായം എത്രയാണെന്ന് വിശദമാക്കാമോ?

മിശ്ര വിവാഹം ചെയ്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വകുപ്പ് മുഖാന്തരം 75,000 രൂപ ധനസഹായമായി അനുവദിക്കുന്നു.

(ബി) ഈ ആനുകൂല്യം ലഭിക്കുന്നതിനുള്ള അർഹതാ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും അപേക്ഷ എവിടെയാണ് നൽകേണ്ടതെന്നും അറിയിക്കുമോ; അപേക്ഷയോടൊപ്പം നൽകേണ്ട രേഖകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

മിശ്രവിവാഹ ധനസഹായം ലഭിക്കുന്നതിന് പങ്കാളികളിൽ ഒരാൾ പട്ടികജാതിയും മറ്റെയാൾ പട്ടികേതര സമുദായത്തിൽപ്പെട്ടതും ആയിരിക്കണം. വിവാഹശേഷം ഒരു വർഷം കഴിഞ്ഞ് മൂന്ന് വർഷത്തിനകം അപേക്ഷ ബന്ധപ്പെട്ട ബ്ലോക്ക്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസിൽ സമർപ്പിക്കണം. ഇതിനുപുറമെ അപേക്ഷ സമർപ്പിക്കാനായി ഒരു വർഷം കൂടി അധിക സമയമായി അനുവദിച്ച് നൽകിയിട്ടുണ്ട്. അപേക്ഷയോടൊപ്പം രണ്ട് പേരുടെയും ജാതി സർട്ടിഫിക്കറ്റ്, ദമ്പതികളിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടയാളുടെ വരുമാന സർട്ടിഫിക്കറ്റ്, ബാങ്ക് പാസ് ബുക്കിന്റെ കോപ്പി, ആധാർ, സഹവാസ സർട്ടിഫിക്കറ്റ്, വിവാഹ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം. വരുമാന പരിധി 1,00,000 രൂപയിൽ കവിയാൻ പാടില്ല.

(സി) കൊയിലാണ്ടി മണ്ഡലത്തിലെ പന്തലായനി ബ്ലോക്ക് എസ്.സി.ഡി. ഓഫീസ്, കൊയിലാണ്ടി നഗരസഭ എസ്.സി.ഡി. ഓഫീസ്, മേലടി എസ്.സി.ഡി. ഓഫീസ് എന്നിവിടങ്ങളിൽനിന്നും നൽകിയ അപേക്ഷകളിൽ എത്രയെണ്ണത്തിന് ധനസഹായം അനുവദിക്കാൻ ബാക്കിയുണ്ടെന്നും എന്നുമുതലുള്ള അപേക്ഷകൾക്കാണ് സഹായം നൽകാനുള്ളതെന്നും വിശദമാക്കാമോ?

കൊയിലാണ്ടി മണ്ഡലത്തിലെ പന്തലായനി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ നിന്നും ലഭിച്ച 30 അപേക്ഷകൾക്കും കൊയിലാണ്ടി നഗരസഭ പട്ടികജാതി വികസന ഓഫീസിൽനിന്നും ലഭിച്ച 8 അപേക്ഷകൾക്കും മേലടി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ നിന്നും ലഭിച്ച 16 അപേക്ഷകൾക്കും ധനസഹായം അനുവദിക്കാൻ ബാക്കിയുണ്ട്. 22-6-2020 മുതൽ ലഭിച്ച അപേക്ഷകൾക്കാണ് ധനസഹായം അനുവദിക്കാൻ ബാക്കിയുള്ളത്.

## മണ്ണാർക്കാട് മണ്ഡലത്തിലെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്കായുള്ള പദ്ധതികൾ

70(2733) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് മണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചെന്നും പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയെന്തെന്നും വിശദമാക്കാമോ?

(എ & ബി) പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ അനുബന്ധം -1 ആയും* പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ അനുബന്ധം-2 ആയും*ചേർക്കുന്നു.

## എസ്.സി./എസ്.റ്റി. വിഭാഗങ്ങൾക്ക് അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ

71(2734) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പ് മുഖേന എസ്.സി./എസ്.റ്റി. വിഭാഗങ്ങൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

പട്ടികജാതി വിഭാഗങ്ങൾക്ക് ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങളും, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങളും അനുബന്ധമായി* ചേർക്കുന്നു.

(ബി) 2020-21 വർഷം ഇതിനായി ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും ഇതിൽ എത്ര തുക ചെലവഴിച്ചെന്നും വ്യക്തമാക്കുമോ?

2020-21 സാമ്പത്തിക വർഷം പട്ടികജാതി വികസന വകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതികൾക്കായി 1,64,219 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. ടി സാമ്പത്തിക വർഷം 1,55,350.78 ലക്ഷം രൂപ ചെലവഴിച്ചു. 2020-21 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി 58098.00 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയതിൽ 55462.23 ലക്ഷം രൂപ ചെലവഴിച്ചു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പട്ടികജാതി ക്ഷേമപ്രവർത്തനങ്ങൾ

72(2735) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവരുടെ ഉന്നമനം ലക്ഷ്യമാക്കി നടപ്പാക്കുന്ന വിവിധ ക്ഷേമപ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദാംശം നൽകാമോ?

വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

## പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിൽ നടപ്പാക്കിയ പദ്ധതികളിലെ അഴിമതി

73(2736) ശ്രീ. അൻവർ സാദത്ത്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിൽ നടപ്പാക്കിയ ഏതെങ്കിലും പദ്ധതികളിൽ അഴിമതി നടന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭൂരഹിത പുനരധിവാസ പദ്ധതി, ഭവന നിർമ്മാണ ധനസഹായ പദ്ധതി, മിശ്രവിവാഹ ധനസഹായ പദ്ധതി, ദുർബല ജനവിഭാഗങ്ങളുടെ പ്രത്യേക പുനരധിവാസ പദ്ധതി എന്നീ പദ്ധതികളിൽ അഴിമതി നടന്നിട്ടുള്ളതായി പരാതി ലഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിൽ കളിക്കളം പദ്ധതി, ഓണക്കോടി വിതരണം, പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി, 2018-19 വർഷത്തെ ഫുഡ് സപ്പോർട്ട് പദ്ധതി എന്നീ പദ്ധതികളെക്കുറിച്ച് പരാതി ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത അഴിമതി ആരോപണത്തിന്മേൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടി വിശദമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികജാതി വികസന വകുപ്പിൽ അന്വേഷണം നടത്തി കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ പണം ദുരുപയോഗം ചെയ്തതായി കണ്ടെത്തിയ വിഷയത്തിൽ കുറ്റക്കാരായ ഉദ്യോഗസ്ഥരിൽനിന്നും പ്രസ്തുത തുക ഈടാക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. 2016-17-ലെ കളിക്കളം പദ്ധതിയിൽ വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടെങ്കിലും ഉദ്യോഗസ്ഥർ അഴിമതി നടത്തിയതായി കണ്ടെത്തിയിട്ടില്ല. വകുപ്പുതല പരിശോധനയുടെ ഭാഗമായി ക്രമക്കേട് കണ്ടെത്തിയതിനെത്തുടർന്ന് മറയൂർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറെ സസ്പെന്റ് ചെയ്ത് വകുപ്പുതല നടപടി സ്വീകരിച്ചു.

(സി) ഏതെങ്കിലും അഴിമതി ആരോപണത്തിന്മേൽ വിജിലൻസ് അന്വേഷണത്തിന് ഉത്തരവായിട്ടുണ്ടോ; വിശദാംശം നൽകുമോ?

'ജനനീ ജന്മ രക്ഷ' പദ്ധതി, പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി എന്നീ പദ്ധതികളിലെ അഴിമതി സംബന്ധിച്ച് ആരോപണ വിധേയരായ ഉദ്യോഗസ്ഥരെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് വിജിലൻസിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(ഡി) കിർത്താഡ്സിൽ നടന്നതായി പറയപ്പെടുന്ന നിയമനത്തട്ടിപ്പും അഴിമതിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കിർത്താഡ്സ് വകുപ്പിലെ സ്ഥിരം തസ്തികകളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയാണ് നിയമനം നടത്തുന്നത്. വകുപ്പിൽ മുൻകാലയളവിൽ കരാറടിസ്ഥാനത്തിൽ നിയമിതരായവരുടെ സർവ്വീസ് റെഗുലറൈസ് ചെയ്തിട്ടുണ്ട്.

## പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ പദ്ധതി

74(2737) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി- പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പട്ടികജാതി വിഭാഗത്തിലെ യുവതി-യുവാക്കൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്കായി സ്വയംതൊഴിൽ സബ്സിഡി പദ്ധതി, പട്ടികജാതി വിഭാഗത്തിൽപ്പെട്ട പത്തോ അതിലധികമോ അംഗങ്ങളുള്ള സ്വയംസഹായ സംഘങ്ങൾക്ക് പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി എന്നിവ നടപ്പാക്കിവരുന്നു. കൂടാതെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവസംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി ബിസിനസ്സിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിലേയ്ക്കായി സ്റ്റാർട്ട് അപ്പ് ഡ്രീംസ് എന്ന പേരിലും ഒരു പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ തൊഴിൽ സംരംഭങ്ങളും സ്റ്റാർട്ടപ്പുകളും പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

I. <u>സ്വയം തൊഴിൽ സബ്സിഡി പദ്ധതി</u>:- സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന പട്ടികജാതി വിഭാഗക്കാർക്ക് വകുപ്പുമുഖേന ഒരു ലക്ഷം രൂപ വരെയും (1/3 സബ്സിഡി) ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപ വരെയും (പ്രോജക്ട് കോസ്റ്റിന്റെ (75%) അനുവദിക്കുന്നു.

II. <u>സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതി</u>:- പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവസംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി സ്റ്റാർട്ടപ്പ് ഇൻക്യൂബേഷൻ, മെന്റർഷിപ്പ്, സപ്പോർട്ട് എന്നീ സേവനങ്ങൾ ലഭ്യമാക്കി Scalable Business ഉള്ള സംരംഭങ്ങളായി മാറ്റിയെടുക്കുന്നതിനുതകുന്ന പദ്ധതിയാണ് സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതി. ഇതിന്റെ നോഡൽ ഏജൻസി കേരള സ്റ്റാർട്ടപ്പ് മിഷനാണ്.

III. <u>റിവോൾവിംഗ് ഫണ്ട് പദ്ധതി</u>:- നൂതന ആശയത്തിനോ ഉൽപ്പന്നങ്ങളുടെ വികസനത്തിനോ അനുവദിക്കുന്ന പ്രത്യേക പലിശരഹിത സീഡ് ഫണ്ട് പദ്ധതിയാണിത്. കേരള സ്റ്റാർട്ട്അപ്പ് മിഷന്റെ എല്ലാ പദ്ധതികളുടെയും ആനുകൂല്യം സ്റ്റാർട്ടപ്പ് ഡ്രീംസിലുള്ളവർക്കും ലഭിക്കും. ഓരോ സ്റ്റാർട്ട്അപ്പിനുമായി അനുവദിക്കുന്ന അടിസ്ഥാന സൗകര്യങ്ങളിൽ അതിവേഗ ഇന്റർനെറ്റും പ്ലഗ് ആൻഡ് പ്ലേ വർക്ക് സ്റ്റേഷനും കോൺഫറൻസ് റൂം, മീറ്റിംഗ് റൂം ഉൾപ്പെടെയുള്ള കോമൺ ഫെസിലിറ്റീസും സ്റ്റാർട്ട്അപ്പ് ഡ്രീംസിൽ ലഭ്യമാണ്. 2016 മുതൽ ഇതുവരെ 36 സ്റ്റാർട്ടപ്പുകൾക്ക് ഇൻക്യൂബേഷൻ പിന്തുണയും 55 സ്റ്റാർട്ടപ്പുകൾക്ക് മെന്റർഷിപ്പ് പിന്തുണയും നൽകിയിട്ടുണ്ട്.

## എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് വായ്പ എഴുതിത്തള്ളൽ പദ്ധതി

75(2738) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ വിവിധ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും കുടിശ്ശികയായിട്ടുള്ളതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളുന്നതിന് നിലവിൽ പദ്ധതികളുണ്ടോയെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വിഭാഗക്കാർ കേരള സംസ്ഥാന പട്ടികജാതി -പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31-3-2010-ന് തിരിച്ചടവ് കാലയളവ് പൂർത്തിയായതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകളിൽ മുതലും പലിശയും ചേർത്ത് ഒരു ലക്ഷം രൂപ വരെ എഴുതിത്തള്ളുന്നതിന് 31-3-2015-ലെ സ.ഉ.(പി) നം. 24/2015/പജപവവിവ പ്രകാരം ഉത്തരവായിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് വിവിധ സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, ദേശസാൽകൃത ബാങ്കുകൾ, പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽനിന്നും പട്ടികവർഗ്ഗക്കാർ എടുത്തിട്ടുള്ളതും 1-4-2006 മുതൽ 31-3-2014 വരെ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായിരുന്നതുമായ പലിശയും പിഴപ്പലിശയും ഉൾപ്പെടെ ഒരു ലക്ഷം രൂപവരെയുള്ള വായ്പകൾ എഴുതിത്തള്ളുന്നതിന് 1-10-2015-ലെ സ.ഉ.(അ) നമ്പർ 71/2015/പജപവവിവ പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) പ്രളയങ്ങളുടെയും കോവിഡ് പ്രതിസന്ധിയുടെയും ഈ കാലഘട്ടത്തിൽ ജപ്തി നടപടികൾ ഒഴിവാക്കുന്നതിനായി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വായ്പ എഴുതിത്തള്ളൽ പദ്ധതി നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കാമോ?

ടി വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## പട്ടികജാതിക്കാരെന്ന വ്യാജരേഖ ചമച്ച് സർക്കാർ ജോലി നേടിയവർക്കെതിരെ നടപടി

76(2739) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാരെന്ന വ്യാജരേഖ ചമച്ച് സർക്കാർ ജോലി നേടിയ നിരവധി പേർ നിലവിൽ സർവീസിൽ തുടരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ വ്യാജ ജാതി സർട്ടിഫിക്കറ്റ് ചമച്ചും എസ്.എസ്.എൽ.സി. ബുക്കിൽ തിരുത്തൽ വരുത്തിയും മറ്റും പട്ടികജാതി വിഭാഗങ്ങൾക്ക് അർഹതപ്പെട്ട ഉദ്യോഗങ്ങൾ തട്ടിയെടുത്ത ഇത്തരക്കാർക്കെതിരെ നടപടി സ്വീകരിക്കാൻ വൈകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ?

വ്യാജ ജാതി സർട്ടിഫിക്കറ്റ് ഉപയോഗിച്ച് സർക്കാർ ജോലി നേടിയെന്ന ആരോപണത്തിന് വിധേയരായവരെക്കുറിച്ച് സർക്കാരിന്റെ വിദഗ്ദ്ധ ഏജൻസിയായ കിർത്താഡ്സ് വിശദമായ നരവംശശാസ്ത്ര പഠന റിപ്പോർട്ട് തയ്യാറാക്കാറുണ്ട്. ഈ റിപ്പോർട്ടിൽ ആരോപണ വിധേയരുടെ മുൻതലമുറക്കാർ, കുടുംബാംഗങ്ങൾ, ബന്ധുക്കൾ, ഇവരുടെ ജാതി, വിവാഹബന്ധങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ എന്നിവ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുകയും അതിന് ഉപോൽബലകമായ തെളിവുകളും മറ്റും ശേഖരിച്ചുമാണ് റിപ്പോർട്ട് തയ്യാറാക്കുന്നത്. ഇതിന് സ്വാഭാവികമായ കാലതാമസം ഉണ്ടാകാറുണ്ട്. ഇങ്ങനെ ലഭിക്കുന്ന റിപ്പോർട്ട് സ്ക്രൂട്ടിനി കമ്മിറ്റി വിശദമായി പരിശോധിക്കുകയും ആരോപണവിധേയർക്ക് നോട്ടീസ് നൽകി അവരെ നേരിൽ കേൾക്കുകയും അവരുടെ ഭാഗം വിശദീകരിക്കുവാനും തെളിവുകൾ ഹാജരാക്കുവാനും സമയം നൽകുന്നു. ആവശ്യമെങ്കിൽ സാക്ഷികളെ ക്രോസ് വിസ്താരം നടത്തുവാനും അനുവദിക്കാറുണ്ട്. മേൽ വിശദീകരിച്ച നടപടിക്രമങ്ങൾ സമയബന്ധിതമായി പാലിച്ചാണ് ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുത്തുവരുന്നത്.

## വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനും സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ

77(2740) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനും സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുമായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം കഴിഞ്ഞ അഞ്ചുവർഷക്കാലം നൽകിയ സഹായങ്ങളുടെ വിശദാംശങ്ങൾ ജില്ലതിരിച്ച് വ്യക്തമാക്കുമോ?

(എ&ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവസംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി സ്റ്റാർട്ടപ്പ് ഇൻക്യുബേഷൻ, മെന്റർഷിപ്പ്, സപ്പോർട്ട് എന്നീ സേവനങ്ങൾ ലഭ്യമാക്കി Scalable Business ഉള്ള സംരംഭങ്ങളായി

മാറ്റിയെടുക്കുന്നതിനുതകുന്ന സ്റ്റാർട്ടപ്പ് ഡ്രീംസ് എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. റിവോൾവിംഗ് ഫണ്ട് എന്ന പ്രത്യേക പലിശരഹിത സീഡ് ഫണ്ട് പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. സ്വയംതൊഴിൽ സംരംഭങ്ങളാരംഭിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതി-യുവാക്കൾക്ക് വകുപ്പ് മുഖേന ഒരു ലക്ഷം രൂപ വരെയും (1/3 സബ്സിഡി) ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപ വരെയും (പ്രോജക്ട് കോസ്റ്റിന്റെ 75%) സ്വയം തൊഴിൽ സബ്സിഡി അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. പട്ടികജാതി വികസന വകുപ്പിൽ 2016 മുതൽ പ്രവർത്തിച്ചുവരുന്ന സ്റ്റാർട്ടപ്പ് ഡ്രീംസിൽ ഇതുവരെ 36 സ്റ്റാർട്ടപ്പുകൾക്ക് ഇൻക്യുബേഷൻ പിന്തുണയും 55 സ്റ്റാർട്ടപ്പുകൾക്കും മെന്റർഷിപ്പ് പിന്തുണയും നൽകിയിട്ടുണ്ട്. 4 സംരംഭകർക്കായി 20 ലക്ഷം രൂപ ആദ്യഗഡുവായി പ്രത്യേക സീഡ് ഫണ്ടായി സ്റ്റാർട്ടപ്പുകൾക്ക് നൽകിയിട്ടുണ്ട്. വകുപ്പിന്റെ സ്വയം തൊഴിൽ പദ്ധതി പ്രകാരം ആരംഭിച്ച സംരംഭങ്ങളുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു. പട്ടികവർഗ്ഗക്കാർക്കിടയിൽ വ്യക്തിഗത വ്യവസായ സംരംഭങ്ങളെക്കാൾ ഗ്രൂപ്പ് അധിഷ്ഠിത സംരംഭങ്ങൾക്കാണ് പട്ടികവർഗ്ഗ വികസന വകുപ്പ് ധനസഹായം നൽകുന്നത്. പട്ടികവർഗ്ഗ വികസന വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾക്ക് തുക അനുവദിച്ച് നടപ്പിലാക്കിവരുന്നു.

1. ഗോത്ര ജീവിക: പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതി-യുവാക്കൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം നൽകി പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തി തൊഴിൽ സംരംഭകത്വം ആരംഭിക്കുന്നതിനായുള്ള പദ്ധതി.

2. അടാപ്പ് (ATAP) അപ്പാരൽ പാർക്കിൽ ആധുനിക പരിശീലനം പൂർത്തീകരിച്ച 291 പട്ടികവർഗ്ഗ യുവതികൾക്ക് തൊഴിൽ ഉറപ്പു വരുത്തുന്നതിനായി അട്ടപ്പാടിയിൽ വസ്ത്രനിർമ്മാണ ഫാക്ടറി ആരംഭിച്ചിട്ടുണ്ട്. വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂൾ/ഹോസ്റ്റലുകളിലെ കുട്ടികളുടെ യൂണിഫോം ഉൾപ്പെടെയുള്ള വസ്ത്രങ്ങളുടെ നിർമ്മാണത്തിനായി 25 ലക്ഷം രൂപ ചെലവഴിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. മലയടി ഗിരിജൻ സൊസൈറ്റി കൈത്തറി നെയ്ത്ത് വ്യവസായം പരിപോഷിപ്പിച്ചുകൊണ്ട് സംഘത്തിന്റെ അംഗങ്ങളായ ഗിരിജനങ്ങൾക്ക് തൊഴിൽ കൊടുത്ത് അവരുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിനും അവരെ സമൂഹത്തിന്റെ പൊതുധാരയിൽ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൊണ്ടുവരികയും ചെയ്യുകയെന്ന ലക്ഷ്യത്തോടുകൂടി ആരംഭിച്ച പ്രസ്ഥാനമാണിത്. വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. ടി സ്ഥാപനത്തിന് 39.367 ലക്ഷം രൂപ ജില്ലാ വ്യവസായ കേന്ദ്രം വഴി അനുവദിച്ചിട്ടുണ്ട്.

4. ക്ഷീരവ്യവസായ സംരംഭങ്ങൾ പട്ടികവർഗ്ഗക്കാർക്ക് സ്ഥിരം വരുമാനം ലഭിക്കുകയെന്ന ലക്ഷ്യം വച്ച് മിൽമയുമായി സഹകരിച്ച് വിവിധ ക്ഷീരവ്യവസായ യൂണിറ്റുകൾ ഗ്രൂപ്പ് അടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, കോഴിക്കോട്, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിൽ 2016-17 മുതൽ 2020-21 വരെ 13.88 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

## വ്യത്യസ്ത സൈറ്റുകൾവഴി നടപ്പാക്കുന്ന പദ്ധതികളുടെ ഏകീകരണം

78(2741) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിലെ പദ്ധതികൾ നടപ്പാക്കുന്നത് വ്യത്യസ്ത വെബ്സൈറ്റുകൾ വഴിയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വകുപ്പിലെ വ്യത്യസ്ത പദ്ധതികൾ ഒരു സൈറ്റിൽ തന്നെ വ്യത്യസ്ത പേജുകളിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇ- ഹൗസിംഗ്, ഇ-ഗ്രാന്റ്, ടി-ഗ്രാന്റ് മുതലായ ഒരേ വകുപ്പിലെ വ്യത്യസ്ത പദ്ധതികൾ വ്യത്യസ്ത സൈറ്റുകൾവഴി കൈകാര്യം ചെയ്യുന്നതുമൂലമുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മേൽപ്പറഞ്ഞവ ഏകീകരിക്കുന്നതിനും ഒരു സൈറ്റിൽ വ്യത്യസ്ത പേജുകളാക്കി ക്രമീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

(ബി & സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വകുപ്പിലെ വ്യത്യസ്ത പദ്ധതികൾ ഒരു സൈറ്റിൽത്തന്നെ വ്യത്യസ്ത പേജുകളിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഫണ്ട് ദുരുപയോഗം തടയുന്നതിനായി സോഷ്യൽ ഓഡിറ്റ്

79(2742) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വകയിരുത്തുന്ന ഫണ്ടിന്റെ ദുരുപയോഗം തടയുന്നതിനായി സോഷ്യൽ ഓഡിറ്റ് നടപ്പാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത ഓഡിറ്റ് എപ്രകാരം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) നിലവിൽ വകുപ്പിൽ അക്കൗണ്ടന്റ് ജനറലിന്റെ പരിശോധന, ആഭ്യന്തര വിഭാഗത്തിന്റെ വകുപ്പുതല പരിശോധന, നിയന്ത്രണ ഉദ്യോഗസ്ഥരുടെ പരിശോധന എന്നിവ മാത്രമേ നടത്തിവരുന്നുള്ളൂ. സോഷ്യൽ ഓഡിറ്റ് വകുപ്പിൽ നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട നിലവിലുള്ള ഊരുകൂട്ട സംവിധാനങ്ങളും വിവിധ പദ്ധതികളിൽ ജനപ്രതിനിധികളുംകൂടി അംഗങ്ങളായിട്ടുള്ള മോണിറ്ററിംഗ് സമിതികൾ മുഖേനയുള്ള പദ്ധതി വിലയിരുത്തലുകളും സോഷ്യൽ ആഡിറ്റിന്റെ പരിധിയിൽ ഉൾപ്പെടുന്നതാണ്. ഊരുകൂട്ടങ്ങളുടേയും ജനകീയ സമിതികളുടേയും പങ്കാളിത്തത്തോടെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ എല്ലാ പദ്ധതി പ്രവർത്തനങ്ങളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നത് വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് സഹായകമാകും.

### കോന്നി മണ്ഡലത്തിലെ കോളനികൾ അംബേദ്കർ പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി

80(2743) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി നിയോജകമണ്ഡലത്തിലെ ഇരുട്ടുതറ, ഇടുപ്പ്കല്ല്, പത്തരഏക്കർ എന്നീ കോളനികൾ അംബേദ്കർ പദ്ധതിയിൽ ഉൾപ്പെടുത്തി വികസനം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

കോന്നി നിയോജകമണ്ഡലത്തിലെ ഇരുട്ടുതറ, ഇടുപ്പ്കല്ല്, പത്തരഏക്കർ എന്നീ കോളനികളുടെ ഫീസിബിലിറ്റി പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### പട്ടികജാതി/പട്ടികവർഗ്ഗ മിശ്ര വിവാഹിതർക്കുള്ള ധനസഹായം

81(2744) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട മിശ്ര വിവാഹിതർക്ക് വിവാഹ ധനസഹായമായി നൽകുന്ന 75,000 രൂപ 2017 മുതൽ ഫണ്ടിന്റെ അപര്യാപ്തതമൂലം മുടങ്ങിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തതമൂലം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട മൂവായിരത്തി മുന്നൂറോളം മിശ്രവിവാഹ ധനസഹായ അപേക്ഷകൾ ധനസഹായം അനുവദിക്കാതെ മുടങ്ങിക്കിടക്കുന്നുണ്ട്.

(ബി) ഈ സഹായം എപ്പോൾ ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വിഭാഗത്തിൽ മിശ്രവിവാഹ ധനസഹായം, അതിക്രമത്തിന് ഇരയാകുന്നവർക്കുള്ള ആശ്വാസ ധനസഹായം എന്നിവ അനുവദിക്കുന്നതിനായി 2225-01-800-86 (പി) ശീർഷകത്തിൽ (50% CSS) 20 കോടി രൂപയാണ് 2021-22 വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. ടി തുക അപര്യാപ്തമായതിനാൽ നടപ്പ് വർഷം 10 കോടി രൂപകൂടി അനുവദിക്കുന്നതിനും അടുത്ത വർഷം ബഡ്ജറ്റ് വിഹിതം 30 കോടി രൂപയായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസലിൽ സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽ മിശ്രവിവാഹ ധനസഹായത്തിനായി നോൺ പ്ലാൻ ശീർഷകം 2225-02-198-50-ൽ പ്രതിവർഷം വകയിരുത്തുന്ന 25,00,000 രൂപകൊണ്ട് യഥാസമയം ധനസഹായം അനുവദിക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. ടി പ്രതിസന്ധി ഒഴിവാക്കുന്നതിനായി അതിക്രമം തടയൽ നിയമം നടപ്പാക്കുന്നതിലെ ഘടക പദ്ധതിയായ "മിശ്രവിവാഹ ധനസഹായം" 2225-02-800-68 (പ്ലാൻ) ശീർഷകത്തിൽ നിന്നുകൂടി മിശ്രവിവാഹ ധനസഹായം അനുവദിക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിനായുള്ള പ്രൊപ്പോസലിൽ സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു.

## വകുപ്പുമന്ത്രിയുടെ ചികിത്സാനിധിയിൽ നിന്നുള്ള ധനസഹായം

82(2745) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമ വകുപ്പുമന്ത്രിയുടെ ചികിത്സാനിധിയിൽ നിന്നുള്ള ധനസഹായം ലഭിക്കാൻ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ സാമ്പത്തിക വർഷം സെപ്റ്റംബർ 30 വരെ 4978 പേർക്ക് 8,82,50,659 രൂപ ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

(ബി) എം.എൽ.എ.-മാർ മുഖാന്തരം നൽകുന്ന അപേക്ഷകളുടെ തൽസ്ഥിതി എം.എൽ.എ.-മാർക്ക് പരിശോധിക്കാനാവശ്യമായ സംവിധാനം ഒരുക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് ഒരുക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പിൽ ഓൺലൈൻ മുഖേനയുള്ള ചികിത്സാ ധനസഹായ പദ്ധതിയിൽ എം.എൽ.എ-മാരുടെ ശിപാർശയോടെയുള്ള അപേക്ഷകൾ വകുപ്പിലെ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി, ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർമാർ നേരിട്ട് വകുപ്പുമന്ത്രിക്ക് ഓൺലൈൻ ആയി അയയ്ക്കുന്നതിനുള്ള സംവിധാനമാണ് നിലവിലുള്ളത്. അപേക്ഷകളുടെ തൽസ്ഥിതി എല്ലാവർക്കും പരിശോധിക്കുന്നതിനാവശ്യമായ സംവിധാനം സൈറ്റിൽ നിലവിലുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിൽ എം.എൽ.എ.-മാർ മുഖാന്തരം നൽകുന്ന അപേക്ഷകളുടെ തൽസ്ഥിതി അറിയാൻ നിലവിൽ ഓൺലൈൻ സംവിധാനങ്ങളില്ല. ഓൺലൈൻ ആപ്ലിക്കേഷൻ ആയ T-grants വകുപ്പിൽ പ്രവർത്തന സജ്ജമാകുന്ന മുറയ്ക്ക് ഇത് സാധ്യമാകുന്നതാണ്.

## പട്ടികജാതി- പട്ടികവർഗ്ഗ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധി

83(2746) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് നൽകേണ്ട അപേക്ഷയുടെ നടപടിക്രമങ്ങൾ എന്തൊക്കെയാണ്; സഹായമായി പരമാവധി ലഭിക്കുന്ന തുക എത്രയാണ്?

മാരകരോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരുമായ 1,00,000 രൂപയിൽ (ഒരു ലക്ഷം രൂപ മാത്രം) താഴെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം 50,000 രൂപ (അമ്പതിനായിരം രൂപ മാത്രം) വരെ ചികിത്സാ ധനസഹായം അനുവദിക്കുന്നുണ്ട്. ഹൃദയ ശസ്ത്രക്രിയ, ക്യാൻസർ, കിഡ്നി തകരാർ മുതലായ ഗുരുതര രോഗങ്ങൾക്ക് പരമാവധി 1,00,000 രൂപ (ഒരു ലക്ഷം രൂപ മാത്രം) വരെ ആശുപത്രി മുഖാന്തരം നൽകിവരുന്നുണ്ട്. കുടുംബത്തിലെ ഒരു ലക്ഷം രൂപയിൽത്താഴെ വാർഷിക വരുമാനമുള്ള ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങൾക്ക് പരമാവധി 2,00,000 രൂപയും, തീപിടുത്തംമൂലം വീട് നഷ്ടപ്പെടുക, പ്രകൃതിക്ഷോഭംമൂലം വസ്തുവകകൾക്ക് നഷ്ടമുണ്ടാകുക എന്നിവയ്ക്ക് 50,000 രൂപ വരെയും ധനസഹായം നൽകുന്നുണ്ട്. ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷ ഓൺലൈൻ (t-grants) വഴിയാണ് സമർപ്പിക്കേണ്ടത്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ധനസഹായം ലഭ്യമാക്കുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) അപേക്ഷ ഓൺലൈൻ മുഖേനയാണെങ്കിൽ സമർപ്പിക്കേണ്ട രേഖകൾ എന്തൊക്കെയാണെന്ന് പട്ടികപ്പെടുത്തി വ്യക്തമാക്കാമോ?

ചികിത്സാ ധനസഹായം ലഭ്യമാക്കാനായി ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള അപേക്ഷകർ നിശ്ചിത ഫോറത്തിലുള്ള അപേക്ഷയോടൊപ്പം ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, റേഷൻ കാർഡ്, ആധാർ കാർഡ്, ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്ക് ഇവയുടെ പകർപ്പുകൾ, ചികിത്സാ രേഖകൾ/ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നീ രേഖകൾ സഹിതം അക്ഷയ കേന്ദ്രങ്ങളിലൂടെ സൗജന്യമായി ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതോടൊപ്പം അക്ഷയ കേന്ദ്രങ്ങളിൽനിന്ന് ലഭിക്കുന്ന പ്രിന്റ് പ്രസ്തുത അപേക്ഷ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കണം. പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷ നിലവിൽ ഓൺലൈൻ മുഖേനയല്ല. ടി-ഗ്രാന്റ്സ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

(സി) നിയമസഭാ സാമാജികർക്ക് വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്കുള്ള അപേക്ഷ ഓൺലൈൻ മുഖേന സമർപ്പിക്കുന്നതിന് ഔദ്യോഗിക ലോഗിൻ സംവിധാനമുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

നിയമസഭാ സാമാജികർക്ക് വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്കുള്ള അപേക്ഷ നേരിട്ട് ഓൺലൈനായി സമർപ്പിക്കുന്നതിന് ലോഗിൻ സംവിധാനം നിലവിലില്ല. ബഹു. എം.എൽ.എ.-മാരുടെ ശിപാർശയോടെ ലഭിക്കുന്ന അപേക്ഷകൾ ബ്ലോക്ക്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻതല വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നേരിട്ട് വകുപ്പുമന്ത്രിയുടെ ലോഗിനിലേയ്ക്ക് അയയ്ക്കുന്നതിനുള്ള സംവിധാനമാണ് നിലവിലുള്ളത്.

## എസ്.സി.-എസ്.ടി. വിഭാഗക്കാർക്കായി ലോൺ സപ്പോർട്ട് സ്കീം

84(2747) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി.-എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്കായി സംസ്ഥാനത്ത് ലോൺ സപ്പോർട്ട് സ്കീം നടപ്പാക്കിയിട്ടുണ്ടോ?

പട്ടികജാതി വികസന വകുപ്പിന്റെ സ്വയംതൊഴിൽ സബ്സിഡി പദ്ധതി പ്രകാരം സംരംഭം ആരംഭിക്കുന്നതിനായി വായ്പയെടുക്കുന്ന ഗുണഭോക്താവിന്റെ 3 ലക്ഷം വരെയുള്ള വായ്പകൾക്ക് മൂന്നിലൊന്ന് തുക സബ്സിഡിയായി

നൽകിവരുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ അംഗങ്ങളായുള്ള സ്വാശ്രയ സംഘങ്ങൾക്ക് പരമാവധി 15 ലക്ഷം രൂപ മുതൽമുടക്കുള്ള പ്രോജക്ടുകൾക്ക് 75% തുക (പരമാവധി 10 ലക്ഷം രൂപ) അനുവദിക്കുന്ന സ്കീം നടപ്പിലാക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ലോൺ സപ്പോർട്ട് സ്കീം നടപ്പാക്കുന്നില്ല.

(ബി) എങ്കിൽ എത്ര തുകയുടെ ആനുകൂല്യമാണ് ഈ പദ്ധതി പ്രകാരം ലഭിക്കുന്നത്; പ്രസ്തുത തുക ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന പട്ടികജാതി വിഭാഗക്കാർക്ക് വകുപ്പു മുഖേന ഒരു ലക്ഷം രൂപവരെയും (1/3 സബ്സിഡി) ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപ വരെയും പ്രോജക്ട് കോസ്റ്റിന്റെ (75%) സ്വയം തൊഴിൽ സബ്സിഡി അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. തുക ഉയർത്തുന്നത് നിലവിൽ പരിഗണനയിലില്ല.

**മെഡിക്കൽ പി.ജി സീറ്റുകളിലെ എസ്.ഇ.ബി.സി/ഒ.ബി.സി. സംവരണം**

85(2748) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ പി.ജി. സീറ്റുകളിലെ എസ്.ഇ.ബി.സി./ഒ.ബി.സി. സംവരണം നിലവിലുള്ള ഒമ്പത് ശതമാനത്തിൽ നിന്ന് ഉയർത്തുന്നത് സംബന്ധിച്ച് സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷനിൽനിന്ന് ഉപദേശം തേടിയിരുന്നോ എന്നറിയിക്കാമോ?

ഉപദേശം തേടിയിരുന്നു.

(ബി) പ്രസ്തുത വിഷയത്തിൽ കമ്മീഷന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് എന്നാണ് ലഭിച്ചത്; അതിന്മേൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാം; റിപ്പോർട്ടിന്റെ പകർപ്പ് സഹിതം വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. 7-4-2021-ൽ റിപ്പോർട്ട് ലഭിച്ചു. പ്രസ്തുത റിപ്പോർട്ട് ഈ വിഷയം കൈകാര്യം ചെയ്യുന്ന ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പിന് കൈമാറിയിരുന്നു. തുടർനടപടിയെന്ന നിലയിൽ ഡെന്റൽ പി.ജി. കോഴ്സുകളിൽ എസ്.ഇ.ബി.സി. വിഭാഗത്തിന് 20% സംവരണം അനുവദിച്ചുള്ള പ്രോസ്പെക്ടസിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. മെഡിക്കൽ പി.ജി. സംബന്ധിച്ച് തുടർനടപടികൾ പ്രസ്തുത വകുപ്പിൽ സ്വീകരിച്ചുവരികയാണ്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പിന്നാക്ക വിഭാഗങ്ങളുടെ നിയമനം

86(2749) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക വിഭാഗങ്ങളുടെ നിയമനം സംബന്ധിച്ച പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് മുഖ്യമന്ത്രി അദ്ധ്യക്ഷനായി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ നിലവിലുള്ള കമ്മിറ്റിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ഉന്നതാധികാര സമിതി രൂപീകരിക്കുന്നതാണ്. നിലവിലെ അനൗദ്യോഗികാംഗങ്ങളെ മാറ്റി പുതിയ നിയമസഭാംഗങ്ങളെ ചേർത്ത് സമിതി പുനഃസംഘടിപ്പിക്കുന്നതിനായി ബി2/240/2020/ബിസിഡിഡി നമ്പർ ഫയലിൽ നടപടി സ്വീകരിച്ചുവരികയാണ്.

(ബി) 2016 മുതൽ ഈ കമ്മിറ്റി എത്ര യോഗങ്ങൾ ചേർന്നുവെന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

7-6-2018, 2-7-2019, 17-9-2020 തീയതികളിൽ ഉന്നതതലയോഗം കൂടിയിട്ടുണ്ട്. മിനിട്സിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) പിന്നാക്ക വിഭാഗങ്ങളുടെ നിയമനം സംബന്ധിച്ച പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ വകുപ്പ് സെക്രട്ടറിമാരുടെ യോഗം ചേരാറുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും പിന്നോക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം കണ്ടെത്താനുതകുന്ന വിധത്തിൽ e-CDESK (e-Caste Database of Employees in Service Kerala) എന്ന പേരിൽ പിന്നാക്കവിഭാഗ കമ്മീഷനുകീഴിൽ പ്രവർത്തിച്ചുവരുന്ന വെബ് പോർട്ടലിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി 27-10-2020, 17-12-2020 തീയതികളിൽ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിട്ടുണ്ട്. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ചേരുന്ന വകുപ്പ് സെക്രട്ടറിമാരുടെ പ്രതിമാസ യോഗത്തിൽ ടി വിഷയം ഒരു മുഖ്യ അജണ്ടയായി 18-2-2021 വരെയുള്ള മീറ്റിംഗിൽ ചേർത്തിരുന്നു. പ്രസ്തുത വെബ്പോർട്ടലിന്റെ പ്രവർത്തനം പുരോഗമിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ.

87(2750) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകിയിരുന്ന സ്കോളർഷിപ്പുകളിൽ മുടങ്ങിക്കിടക്കുന്നവ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

കേരള പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ വിവിധ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകിയിരുന്ന സ്കോളർഷിപ്പുകൾ മുടങ്ങിയത് ഫണ്ടിന്റെ അഭാവംമൂലമാണ്. പ്രസ്തുത സ്കോളർഷിപ്പ് തുക അനുവദിക്കുന്നതിനായി കോർപ്പറേഷൻ പ്രൊപ്പോസൽ സമർപ്പിക്കുകയും ആയത് ധനകാര്യ വകുപ്പിന്റെ പരിഗണനയിലുമാണ് (ഫയൽ നം എ 1/136/2021/പിവിവിവ).

(ബി) 2020-21 വർഷം ഈ സ്കോളർഷിപ്പുകൾ വിതരണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; 2020-21 വർഷം കോർപ്പറേഷന് എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ?

2018-19 സാമ്പത്തിക വർഷം മുടങ്ങിക്കിടന്ന സ്കോളർഷിപ്പ് തുക ഇനത്തിൽ 37.13 ലക്ഷം രൂപ 2020-21-ൽ വിതരണം ചെയ്തിട്ടുണ്ട്. കോവിഡ് സാഹചര്യത്തിൽ കുട്ടികളുടെ സർട്ടിഫിക്കറ്റ് ഇനിയും ലഭ്യമാകാനുള്ളത് പരിഗണിച്ച് 2019-2020-ലെ അപേക്ഷകൾ ഹാജരാക്കാനുള്ള അവസാന തീയതി 15-10-2021 വരെയാക്കി ദീർഘിപ്പിച്ചിട്ടുള്ളതും സ്കോളർഷിപ്പ് തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ അതിവേഗം സ്വീകരിച്ചുവരുന്നതുമാണ്. കോർപ്പറേഷന്റെ വിവിധ പദ്ധതികൾക്കായി 2020-21 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി 8.50 കോടി രൂപ അനുവദിച്ചിട്ടുമുണ്ട്.

(സി) പ്രസ്തുത തുകയിൽ പരിവർത്തിത ക്രൈസ്തവർക്കും റെക്കമെന്റഡ് കമ്മ്യൂണിറ്റിക്കും എത്ര തുക വീതം വകയിരുത്തിയെന്ന് വ്യക്തമാക്കാമോ?

2018-19 സാമ്പത്തിക വർഷം മുടങ്ങിക്കിടന്ന സ്കോളർഷിപ്പ് തുക ഇനത്തിൽ പരിവർത്തിത ക്രൈസ്തവർക്കായി 9,26,350 രൂപയും റെക്കമെന്റഡ് കമ്മ്യൂണിറ്റിക്കായി 27,86,500 രൂപയും, 2020-21 വർഷം നൽകിയിട്ടുണ്ട്.

(ഡി) 2021-22 വർഷത്തിൽ പരിവർത്തിത ക്രൈസ്തവ വിഭാഗങ്ങൾക്കായി പ്രത്യേക ക്ഷേമ പദ്ധതികളോ ഫണ്ടോ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ വിശദീകരിക്കാമോ?

2021-22 സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി കോർപ്പറേഷന് 5 കോടി രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്.

(ഇ) അൺ-എയ്ഡഡ് സ്കൂളുകളിലും സ്വാശ്രയ കോളേജുകളിലും പഠിക്കുന്ന ഈ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകുന്നുണ്ടോ; വിശദീകരിക്കാമോ?

നൽകുന്നുണ്ട്. 2018-19 അദ്ധ്യയന വർഷം വരെയുള്ള അൺ-എയ്ഡഡ് സ്കൂളുകളിലും, സ്വാശ്രയ കോളേജുകളിലും പഠിക്കുന്ന ഈ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകുകയും തുടർന്നുള്ള വർഷങ്ങളിലെ സ്കോളർഷിപ്പുകൾ നൽകാനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. കൂടാതെ പിന്നാക്കവിഭാഗ വികസന വകുപ്പ് മുഖേന അൺ-എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഒ.ഇ.സി ലംപ്സം ഗ്രാന്റും, ഫീ റീ - ഇംബേഴ്സ്മെന്റും പോസ്റ്റ് മെട്രിക് തലത്തിൽ സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് ആനുകൂല്യങ്ങളും നൽകുന്നുണ്ട്.

### ദേവസ്വം ബോർഡുകളിലെ നടവരവും സ്വർണ്ണ നിക്ഷേപവും

88(2751) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് രോഗബാധയ്ക്ക് മുമ്പും കോവിഡ് കാലത്തും സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളിലെ നടവരവ്, കാണിക്കയുൾപ്പെടെയുള്ള മറ്റുവരുമാനങ്ങൾ എന്നിവ ഒരു വർഷം ശരാശരി എത്രയാണെന്നറിയിക്കാമോ?

വിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) ഓരോ ദേവസ്വങ്ങളിലുമുള്ള സ്വർണ്ണ നിക്ഷേപങ്ങളുടെ കണക്ക് വ്യക്തമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഓരോ ദേവസ്വത്തിന്റെയും മേൽനോട്ട ചുമതല ആർക്കാണ്?

തിരുവിതാംകൂർ, കൊച്ചിൻ, മലബാർ ദേവസ്വങ്ങളുടെ ഭരണ മേൽനോട്ട ചുമതല പ്രസിഡന്റ് തലവനായുള്ള അതത് ദേവസ്വം ബോർഡിനാണ്. ഗുരുവായൂർ, കൂടൽമാണിക്യം ദേവസ്വങ്ങളുടെ ഭരണ മേൽനോട്ട ചുമതല ചെയർമാൻ തലവനായുള്ള അതത് ദേവസ്വം ഭരണസമിതിക്കാണ്.

(ഡി) ഇവിടങ്ങളിൽ സൂക്ഷിക്കുന്ന സ്വർണ്ണം ഉരുപ്പടിയായോ പണമായോ റിസർവ് ബാങ്കിലോ കേരള ബാങ്കിലോ കൃത്യമായും നിയമവിധേയമായും സംരക്ഷിക്കുന്നതിനും ആയതുവഴി വരുമാനം കൂട്ടുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

**വരുമാനം കുറഞ്ഞ ക്ഷേത്രങ്ങളുടെ സംരക്ഷണവും ജീവനക്കാരുടെ ആനുകൂല്യങ്ങളും**

89(2752) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരുമാനം തീരെ കുറഞ്ഞ ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള കാവുകൾ, കുളങ്ങൾ, ആൽത്തറകൾ എന്നിവയുടെ നവീകരണത്തിനായി സർക്കാർ ധനസഹായം നൽകിവരുന്നുണ്ട്. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള വരുമാനം കുറവുള്ള ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി മലബാർ ദേവസ്വം ബോർഡ് മുഖേന ജീർണ്ണോദ്ധാരണ ഗ്രാന്റ് നൽകുന്നുണ്ട്. കൂടാതെ കോവിഡ് മഹാമാരിമൂലം ക്ഷേത്രങ്ങളിൽ ഭക്തർക്ക് പ്രവേശന നിയന്ത്രണം ഏർപ്പെടുത്തിയതുമൂലമുണ്ടായ വരുമാന നഷ്ടം പരിഹരിക്കുന്നതിനായി വിവിധ ദേവസ്വം ബോർഡുകൾക്ക് സർക്കാർ പ്രത്യേക സാമ്പത്തിക സഹായം നൽകിയിരുന്നു.

(ബി) ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് സർക്കാർ എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിവരുന്നതെന്നും പ്രസ്തുത ജീവനക്കാർക്ക് പെൻഷൻ നൽകുന്നുണ്ടോയെന്നും വ്യക്തമാക്കാമോ?

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള 20 ലക്ഷം രൂപയിൽ താഴെ വരുമാനമുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് നിബന്ധനകൾക്ക് വിധേയമായി മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ടിൽനിന്ന് ശമ്പള ധനസഹായം, ഉത്സവബത്ത തുടങ്ങിയ ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. ക്ഷേത്രത്തിന്റെ അസസ്സിബിൾ വരുമാനത്തിന്റെ 50% തുക ശമ്പളത്തിനായി ചെലവഴിച്ചിട്ടും ബാക്കിയായ ശമ്പളം നൽകുന്നതിനുള്ള ധനസഹായമാണ് ഇപ്രകാരം നൽകിവരുന്നത്. ക്ഷേത്രങ്ങളിലെ അംഗീകൃത ജീവനക്കാർ മലബാർ ടെമ്പിൾ എംപ്ലോയീസ് വെൽഫയർ ഫണ്ട് ബോർഡിൽ അംഗങ്ങളാണെങ്കിൽ അവർ വിരമിക്കുമ്പോൾ പെൻഷൻ - ഗ്രാറ്റുവിറ്റി ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. നിലവിൽ 1,500 രൂപ പ്രതിമാസം പെൻഷനാണ് വിരമിച്ച ക്ഷേത്രജീവനക്കാർക്ക് നൽകുന്നത്. മറ്റ് ദേവസ്വം ബോർഡുകളിലെ ക്ഷേത്ര ജീവനക്കാർക്ക് ശമ്പളം, പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ അതത് ദേവസ്വങ്ങളുടെ തനത് ഫണ്ടിൽനിന്നാണ് നൽകിവരുന്നത്.

(സി) ക്ഷേത്രങ്ങളുടെ സംരക്ഷണത്തിനും വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിനും ഏത് രീതിയിലാണ് തുക കണ്ടെത്തുന്നതെന്ന് വിശദമാക്കാമോ?

ദേവസ്വങ്ങളുടെ വഴിപാട്, വഴിപാടിതര വരുമാനത്തിൽനിന്നുമാണ് പ്രധാനമായും ക്ഷേത്രങ്ങളുടെ സംരക്ഷണത്തിനും വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിനുമുള്ള തുക കണ്ടെത്തുന്നത്. മലബാർ ദേവസ്വം ബോർഡ് മുഖേനയുള്ള ജീർണ്ണോദ്ധാരണ ഗ്രാന്റും, മലബാർ ദേവസ്വം ബോർഡിലെ ക്ഷേത്രജീവനക്കാർക്ക് മാനേജ്മെന്റ് ഫണ്ടിൽനിന്നും ശമ്പള ധനസഹായം നൽകുന്നതിനുള്ള ഗ്രാന്റും പൂർണ്ണമായും സർക്കാരിൽനിന്നുള്ള ഗ്രാന്റ്-ഇൻ-എയ്ഡ് ആയാണ് നൽകുന്നത്. പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്ന മലബാർ ടെമ്പിൾ എംപ്ലോയീസ് വെൽഫയർ ഫണ്ട് ബോർഡിന്റെ പ്രവർത്തനം ജീവനക്കാരുടെ വിഹിതം, ക്ഷേത്രങ്ങളിൽനിന്നും അനുവദിക്കുന്ന വിഹിതം, സർക്കാർ വിഹിതം എന്നിവ പ്രയോജനപ്പെടുത്തിയുള്ളതാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡ്, പത്മനാഭസ്വാമി ക്ഷേത്രം എന്നിവയ്ക്കുള്ള വാർഷിക വിഹിതം, ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതിക്കായുള്ള ഗ്രാന്റ് എന്നിവ സഞ്ചിതനിധിയിൽ നിന്നുമാണ് നൽകുന്നത്. കൂടാതെ കോവിഡ് മഹാമാരിമൂലം ക്ഷേത്രങ്ങളിൽ ഭക്തർക്ക് പ്രവേശന നിയന്ത്രണം ഏർപ്പെടുത്തിയതുമൂലമുണ്ടായ വരുമാന നഷ്ടം പരിഹരിക്കുന്നതിനായി വിവിധ ദേവസ്വം ബോർഡുകൾക്ക് സർക്കാർ പ്രത്യേക സാമ്പത്തിക സഹായം നൽകിയിരുന്നു.

## ശബരിമല കാനനപാതയിൽ ഇടത്താവളം നിർമ്മിക്കാൻ നടപടി

90(2753) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ കോരുത്തോട് ഗ്രാമപഞ്ചായത്തിലെ മടുക്ക ശ്രീ മഹാവിഷ്ണു മഹാദേവ ക്ഷേത്രത്തോടനുബന്ധിച്ച് അയ്യപ്പഭക്തർക്കായി ഇടത്താവളവും വിശ്രമകേന്ദ്രവും ശൗചാലയവും നിർമ്മിക്കുന്നതിനായി ക്ഷേത്ര ഭാരവാഹികൾ സമർപ്പിച്ച അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ക്ഷേത്ര ഭാരവാഹികൾ സമർപ്പിച്ചതായി പറയപ്പെടുന്ന അപേക്ഷ വകുപ്പിൽ ലഭിച്ചതായി കാണുന്നില്ല. ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

(ബി) ശബരിമല തീർത്ഥാടകരുടെ പരമ്പരാഗത കാനനപാതയോട് ചേർന്ന് സ്ഥിതിചെയ്യുന്ന പ്രസ്തുത ക്ഷേത്ര പരിസരത്ത് ശബരിമല ഇടത്താവളം അനുവദിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ദേവസ്വം ബോർഡുകൾക്ക് കീഴിൽ നിലവിലുള്ള ഇടത്താവളങ്ങൾ പൂർത്തിയായതിനുശേഷം മാത്രമേ പുതിയ ഇടത്താവളങ്ങൾ പരിഗണിക്കാൻ സാധിക്കുകയുള്ളൂ. കൂടാതെ സ്വകാര്യ ക്ഷേത്രങ്ങളിൽ ശബരിമല ഇടത്താവളങ്ങൾ നിർമ്മിക്കുന്നതിന് നിലവിൽ സർക്കാർ തീരുമാനിച്ചിട്ടില്ല.

## ശബരിമല തീർത്ഥാടനം സുഗമമാക്കാൻ നടപടികൾ

91(2754) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനം സുഗമമാക്കാൻ ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) തീർത്ഥാടകർക്ക് ഇടത്താവളങ്ങളിലുൾപ്പെടെ വിപുലമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടികൾ ഉണ്ടാകുമോ?

(എ&ബി) ശബരിമല തീർത്ഥാടകർക്ക് യാത്രാസൗകര്യത്തിനുള്ള റോഡ് മെയിന്റനൻസ് വർക്കുകൾ, കുടിവെള്ള ലഭ്യത, ചികിത്സാ സൗകര്യം,

വിശ്രമത്തിനും പ്രാഥമിക കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനുമുള്ള സൗകര്യങ്ങൾ തുടങ്ങിയ കാര്യങ്ങൾക്ക് വേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങളൊരുക്കി തീർത്ഥാടനം സുഗമമാക്കുന്നതിനുള്ള പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിന് ദേവസ്വം വകുപ്പുമന്ത്രി 16-6-2021-നും 7-9-2021-നും തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ്, ഉദ്യോഗസ്ഥർ എന്നിവരുമായും 28-6-2021-ന് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും 6-7-2021-ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും 7-7-2021-ന് ബഹുമാനപ്പെട്ട പൊതുമരാമത്തും ടൂറിസവും വകുപ്പുമന്ത്രിയുടെയും ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയുടേയും സാന്നിദ്ധ്യത്തിലും ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടെയും തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റിന്റെയും ഉദ്യോഗസ്ഥരുടേയും യോഗം ചേർന്ന് അതത് വകുപ്പുകളെടുക്കേണ്ട നടപടികൾ സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നു. അതിൻപ്രകാരമുള്ള അറ്റകുറ്റപ്പണികളും നിർമ്മാണ പ്രവർത്തനങ്ങളും നടന്നുവരുന്നു. ശബരിമല മണ്ഡല മകരവിളക്ക് തീർത്ഥാടനത്തിനുള്ള പ്രവൃത്തികൾ അവലോകനം ചെയ്യുന്നതിനും പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 7-10-2021-ന് യോഗം ചേർന്ന് തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. ശബരിമല ഇടത്താവളങ്ങളിലെല്ലാം മുൻവർഷങ്ങളിലെ പോലെ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നു. പ്രത്യേകിച്ചും നിലയ്ക്കൽ, എരുമേലി, ചെങ്ങന്നൂർ, ഏറ്റുമാനൂർ തുടങ്ങിയ ഇടത്താവളങ്ങളിലെല്ലാം മുൻവർഷങ്ങളിലെപ്പോലെ തീർത്ഥാടകർക്ക് ആവശ്യമായ വിശ്രമ സൗകര്യം, കുടിവെള്ളം, ടോയ്‌ലെറ്റ് സൗകര്യങ്ങളുൾപ്പെടെ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**ശബരിമല മാസ്റ്റർ പ്ലാൻ**

92(2755) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശബരിമല മാസ്റ്റർ പ്ലാനുമായി ബന്ധപ്പെട്ട് വനം വകുപ്പുമായുള്ള തർക്കത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്നറിയിക്കുമോ; ഈ മണ്ഡലകാലത്തുതന്നെ പ്രസ്തുത വിഷയം പരിഹരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ശബരിമലയിൽ വനം വകുപ്പുമായി നിലവിലുള്ള ഭൂമി സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുന്നതിന് 28-6-2021-ന് വനം വകുപ്പുമന്ത്രിയുടെ

സാന്നിദ്ധ്യത്തിൽ യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ 29-6-2021-ന് വനം, ദേവസ്വം പ്രിൻസിപ്പൽ സെക്രട്ടറിമാരുടെ ഉദ്യോഗസ്ഥ തലത്തിലുള്ള സംയുക്ത യോഗം ചേർന്ന് തീരുമാനം കൈക്കൊള്ളാൻ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 29-6-2021-നും 9-7-2021-നും 19-7-2021-നും പ്രിൻസിപ്പൽ സെക്രട്ടറിമാരുടെ തലത്തിൽ യോഗം ചേർന്നിരുന്നു. തുടർന്ന് 2-8-2021-ന് വനം വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും ദേവസ്വം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗം ചേർന്നതിൽ ശബരിമല വികസനത്തിനാവശ്യമായ ഭൂമി വിട്ടുനൽകുന്നതിന് വനം വകുപ്പിന് എതിർപ്പില്ലെന്നറിയിച്ചത് ഇരുവകുപ്പുകളുടെയും അഭിപ്രായ സമന്വയമായി ബഹു.ഹൈക്കോടതി മുമ്പാകെ അറിയിക്കുന്നതിന് സംയുക്ത യോഗം തീരുമാനമെടുത്തു.

## ശബരിമല മാസ്റ്റർ പ്ലാൻ, ശബരിമല ഇടത്താവളം എന്നിവയുടെ പ്രവർത്തന പുരോഗതി

93(2756) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. എം. നൗഷാദ്:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മാസ്റ്റർ പ്ലാൻ, ശബരിമല ഇടത്താവളം പ്രോജക്ട് എന്നിവയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ശബരിമല മാസ്റ്റർപ്ലാൻ അനുസരിച്ചുള്ള ചുവടെ വിവരിക്കുന്ന നാല് വർക്കുകൾ ഇപ്പോൾ നടന്നുവരുന്നു.

(1) ഭസ്മക്കുളം അപ്ഗ്രഡേഷൻ

(2) സന്നിധാനം ബയോ ഗ്യാസ് പ്ലാന്റ്

(3) സന്നിധാനം ഡ്രിങ്കിംഗ് വാട്ടർ ഫൗണ്ടൻ

(4) ഇൻഫ്രാസ്ട്രക്ചർ ഫോർ പോലീസ് ആൻഡ് കെ.എസ്.ആർ.ടി.സി പേഴ്സണൽ.

ശബരിമല ഇടത്താവളം പദ്ധതികളിൽ എരുമേലി, ചെങ്ങന്നൂർ, നിലയ്ക്കൽ, കഴക്കൂട്ടം എന്നീ പദ്ധതികൾ നടപ്പിലാക്കുവാനാവശ്യമായ സ്ഥലം പ്രസ്തുത വർക്കിന്റെ പി.എം.സി. ആയ എൻ.ബി.സി.സി.-ക്ക് കൈമാറാൻ തയ്യാറായിക്കഴിഞ്ഞു.

ശ്രീകപുരം പദ്ധതി - ടി സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മരങ്ങൾ മുറിച്ച് മാറ്റേണ്ടതുണ്ട്.

ചിറങ്ങര പദ്ധതി - ടി സ്ഥലത്ത് കെട്ടിടങ്ങൾ പൊളിച്ചും മരങ്ങൾ മുറിച്ചും മാറ്റുന്നതിനോടൊപ്പം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാവുന്നതാണ്.

മണിയൻകോട് പദ്ധതി - ടി സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മരങ്ങൾ മുറിച്ചുമാറ്റേണ്ടതുണ്ട്.

(ബി) ശബരിമല വികസന പ്രവർത്തനങ്ങളുടെ ഏകോപനത്തിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ;

(സി) ഇതിനായി രൂപീകരിച്ചിട്ടുള്ള എസ്.പി.വി.-യുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

(ബി&സി) ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതി പ്രകാരമുള്ള വികസന പ്രവർത്തനങ്ങൾക്ക് പ്രതിവർഷം സർക്കാർ ധനസഹായം നൽകിവരുന്നു. ഇതുവരെ സർക്കാർ 134.5 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. ഈ വർഷം 28 കോടി രൂപ സംസ്ഥാന ബഡ്ജറ്റിലെ പ്ലാൻ ഫണ്ടിൽ വകയിരുത്തിയിട്ടുണ്ട്. മാസ്റ്റർപ്ലാൻ അനുസരിച്ചുള്ള ഒരു ലേ-ഔട്ട് പ്ലാൻ തയ്യാറാക്കുന്നതിന് തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ശബരിമല മാസ്റ്റർ പ്ലാൻ അനുസരിച്ച് സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലെ വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നത് ബഹുമാനപ്പെട്ട ഹൈക്കോടതി നിയോഗിച്ച ഉന്നതാധികാര സമിതിയുടെ പൂർണ്ണമായ ഉത്തരവാദിത്വത്തിലും മേൽനോട്ടത്തിലുമാണ്.

(ഡി) ശബരിമല തീർത്ഥാടന കാലയളവിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ശബരിമലയിലേയ്ക്കുള്ള പ്രധാന കുടിവെള്ള സ്രോതസ്സുകളായ കുന്നാർ, കുമ്പളംതോട് ചെക്ക് ഡാം എന്നിവയിലെ എക്കലും മണ്ണും മാറ്റി വൃത്തിയാക്കിയിട്ടുണ്ട്. സന്നിധാനത്ത് നിലവിൽ 260 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള വാട്ടർ ടാങ്കുകളാണുള്ളത്. ഇവ സീസണ് മുമ്പ് വൃത്തിയാക്കി അണുവിമുക്തമാക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു. ശരണ പാത, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ കേരള വാട്ടർ അതോറിറ്റിയുടെ ചുമതലയിലാണ് ജല വിതരണം നടക്കുന്നത്. ഇതിനായി പമ്പയിൽ പ്രതിദിനം 130 ലക്ഷം ലിറ്റർ ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിനുള്ള പ്ലംബിംഗ് സിസ്റ്റവും ഫിൽട്ടർ യൂണിറ്റുകളും

പ്രവർത്തനസജ്ജമാണ്. കൂടാതെ പമ്പയിൽനിന്ന് നിലയ്ക്കലിലേയ്ക്ക് ആവശ്യാനുസരണം ജലം ടാങ്കർ ലോറിയിൽ എത്തിക്കുന്ന വാട്ടർ അതോറിറ്റി സംവിധാനവും പൂർണ്ണസജ്ജമാണ്.

**തിരുവിതാംകൂർ ദേവസ്വം ബോർഡിൽ സാമ്പത്തിക പ്രതിസന്ധി**

94(2757) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡ് അഞ്ഞൂറ് കിലോ സ്വർണ്ണം ഗോൾഡ് മോണിറ്റൈസേഷൻ സ്കീം പ്രകാരം റിസർവ് ബാങ്കിൽ നിക്ഷേപിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ നടവരവായി ലഭിച്ചിട്ടുള്ള സ്വർണ്ണത്തിൽ ഉത്സവങ്ങൾ, നിത്യോപയോഗം, വിശേഷാൽ ഉപയോഗം എന്നിവയ്ക്ക് ഉപയോഗിക്കാത്തതായ സ്വർണ്ണ വകകൾ ഗോൾഡ് മോണിറ്റൈസേഷൻ സ്കീം പ്രകാരം റിസർവ് ബാങ്കിൽ നിക്ഷേപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഇതിന് മുൻകൂർ അനുമതി നല്കിയിട്ടുണ്ടോ?

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽനിന്നും അനുമതി ലഭിച്ചതിനുശേഷം മാത്രമേ ഗോൾഡ് മോണിറ്റൈസേഷൻ സ്കീം പ്രകാരം റിസർവ് ബാങ്കിൽ നിക്ഷേപിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയുള്ളൂവെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(സി) ക്ഷേത്രാചാരങ്ങൾക്ക് ഉപയോഗിക്കുന്ന സ്വർണ്ണം ഇപ്രകാരം നിക്ഷേപിക്കുന്നതിൽ ഉൾപ്പെടുമോ; വിശദമാക്കുമോ?

ഇല്ല.

(ഡി) തിരുവിതാംകൂർ ദേവസ്വം ബോർഡിന് ഇത്ര വലിയ സാമ്പത്തിക പ്രതിസന്ധി ഉണ്ടായതിന്റെ കാരണം വ്യക്തമാക്കുമോ?

2018-ലെയും 2019-ലെയും പ്രളയം, കോവിഡ് വ്യാപനംമൂലമുണ്ടായ നിയന്ത്രണങ്ങൾ തുടങ്ങിയ കാരണങ്ങളാൽ ശബരിമലയടക്കമുള്ള ക്ഷേത്രങ്ങളിൽb നിന്നുള്ള വരുമാനം കുറഞ്ഞതാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് സാമ്പത്തിക പ്രതിസന്ധി നേരിടാൻ കാരണം.

## മലബാർ ദേവസ്വം ബോർഡിന് ആസ്ഥാന മന്ദിരം

95(2758) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി- പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ അഴകൊടി ദേവീ ക്ഷേത്രത്തിന്റെ കൈവശമുള്ള ഭൂമി മലബാർ ദേവസ്വം ബോർഡിന് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനായി വിട്ടുനൽകണമെന്ന് മലബാർ ദേവസ്വം ബോർഡ് ആവശ്യപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീ അഴകൊടി ദേവീ ക്ഷേത്രത്തിന്റെ ഉടമസ്ഥതയിലുണ്ടായിരുന്നതും നിലവിൽ PWD-യുടെ കൈവശത്തിലുള്ളതുമായ ഭൂമി, ശ്രീ അഴകൊടി ദേവീ ക്ഷേത്രത്തിന് തിരികെ ലഭിക്കുന്ന മുറയ്ക്ക് മലബാർ ദേവസ്വം ബോർഡിന്റെ ആസ്ഥാനമന്ദിരം നിർമ്മിക്കുന്നതിന് അനുമതി നൽകണമെന്ന് മലബാർ ദേവസ്വം ബോർഡ് സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. ടി വിഷയവുമായി ബന്ധപ്പെട്ട് റവന്യൂ-പൊതുമരാമത്ത് വകുപ്പ് മേധാവികൾ 17-3-2021-ന് ദേവസ്വം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ, PWD കൈവശം വച്ചിട്ടുള്ള പ്രസ്തുത ഭൂമി ശ്രീ അഴകൊടി ദേവസ്വത്തിന് തിരികെ ലഭിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കാൻ കോഴിക്കോട് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പട്ടാമ്പി ബ്ലോക്കിലെ ദേവസ്വം ബോർഡിന് കീഴിലുള്ള അമ്പലങ്ങൾ

96(2759) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടാമ്പി ബ്ലോക്കിൽ ദേവസ്വം ബോർഡിന് കീഴിൽ എത്ര അമ്പലങ്ങളുണ്ടെന്നും അവ ഏതെല്ലാം ദേവസ്വത്തിന് കീഴിൽ പ്രവർത്തിക്കുന്നതാണെന്നും വിശദമാക്കാമോ?

പട്ടാമ്പി ബ്ലോക്കിൽ മലബാർ ദേവസ്വം ബോർഡിന് കീഴിൽ 46 ക്ഷേത്രങ്ങളാണുള്ളത്. ആയത് താഴെ ചേർക്കുന്നു:

1. ആമയൂർ ദേവസ്വം
2. അന്തിമാഹാകാളൻ ദേവസ്വം, കള്ളാടിപ്പറ്റ
3. അണ്ടലാടി ദേവസ്വം, മരുതൂർ
4. ചെങ്ങണാംകുന്ന് ദേവസ്വം, കൊണ്ടൂർക്കര
5. ചേന്ദംപറ്റ ദേവസ്വം, കാരേക്കാട്
6. ചിറ്റമംഗലൂർ ദേവസ്വം
7. എടപ്പറ്റ വനദുർഗ്ഗാ ക്ഷേത്രം
8. കടപ്പറമ്പത്ത് ക്ഷേത്രം
9. കൈത്തളി ക്ഷേത്രം
10. കാലടി അയ്യപ്പ ക്ഷേത്രം
11. കരുമുടി ക്ഷേത്രം
12. കൊടലൂർ ക്ഷേത്രം
13. കൊടിക്കുന്ന് ക്ഷേത്രം
14. മരുതൂർ തളി ക്ഷേത്രം
15. ഓങ്ങല്ലൂർ തളി ക്ഷേത്രം
16. പടിഞ്ഞാറെ മഠം ക്ഷേത്രം
17. പാലക്കോവിൽ ക്ഷേത്രം
18. പാറയിൽ നരസിംഹമൂർത്തി ക്ഷേത്രം
19. പിണ്ടാലിക്കര ക്ഷേത്രം
20. തിരുവളയനാട് ക്ഷേത്രം
21. തൃത്താംതോന്നി ക്ഷേത്രം
22. വാസുദേവപുരം ക്ഷേത്രം
23. വെള്ളാക്കുളങ്ങര ക്ഷേത്രം

24. വെള്ളിലപ്പെട്ടി ക്ഷേത്രം

25. വെള്ളൂർ ക്ഷേത്രം

26. അമ്മന്നൂർ സുബ്രഹ്മണ്യ ക്ഷേത്രം

27. മുതല ഗണപതി ക്ഷേത്രം

28. കോഴിക്കോട്ടിരി ക്ഷേത്രം

29. ചെറുമണ്ണിൽ വിഷ്ണു ക്ഷേത്രം

30. എടപ്പലം തൃക്കോവിൽ

31. വടക്കെ മുത്തശ്ശിയാർക്കാവ്

32. നിലയങ്കോട് ക്ഷേത്രം

33. രണരാഘരനെല്ലൂരക്ഷേത്രം

34. രായിരനല്ലൂർ ക്ഷേത്രം

35. ചെറുനീർക്കര ക്ഷേത്രം

36. മേതൃക്കോവിൽ സുബ്രഹ്മണ്യ ക്ഷേത്രം

37. പെരുമുടിയൂർ ക്ഷേത്രം

38. കരിപ്പമണ്ണ ക്ഷേത്രം

39. പഴനെല്ലിപ്പുറം വിഷ്ണു ക്ഷേത്രം

40. തിരുവേഗപ്പുര മഹാക്ഷേത്രം

41. ചോലക്കര ശിവക്ഷേത്രം

42. പുലാക്കാട് വിഷ്ണു ക്ഷേത്രം

43. പനങ്ങാട് വിഷ്ണു ക്ഷേത്രം

44. പേരടിയൂർ വിഷ്ണു ക്ഷേത്രം

45. കളരി ഭഗവതി ക്ഷേത്രം

46. കരേക്കാട് ദേവസ്വം

## മലബാർ ദേവസ്വം ബോർഡിലെ ശമ്പള പരിഷ്കരണം

97(2760) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിലെ ശമ്പളപരിഷ്കരണ ഉത്തരവ് എന്നാണിറക്കിയതെന്നും ആയത് നടപ്പാക്കിയിട്ടുണ്ടോയെന്നുമുള്ള വിവരം നല്കാമോ;

(ബി) ശമ്പളപരിഷ്കരണം നടപ്പാക്കിയിട്ടില്ലെങ്കിൽ കാരണമെന്താണെന്നും എന്നുമുതൽ പുതുക്കിയ നിരക്കിൽ ശമ്പളം വിതരണം ചെയ്യുമെന്നും വ്യക്തമാക്കാമോ?

(എ&ബി) 12-2-2021-ലെ G.O.(Ms)57/2021/റവ ഉത്തരവ് പ്രകാരമാണ് മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ച് ഉത്തരവായിട്ടുള്ളത്. ശമ്പളപരിഷ്കരണം നടത്തുന്നതിനുള്ള ശമ്പള ഫിക്സേഷൻ റൂൾ അംഗീകരിച്ച് 18-8-2021-ലെ GO(Ms) No.161/2021 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ക്ഷേത്ര ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 14-9-2021-ൽ ബോർഡ് കമ്മീഷണർ സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ശമ്പള പരിഷ്കരണത്തിനുള്ള അപേക്ഷകൾ ഒരു മാസത്തിനകം സമർപ്പിക്കുന്നതിന് ക്ഷേത്ര ഭരണാധികാരികൾക്കും അപേക്ഷ ലഭിച്ച് ഒരു മാസത്തിനകം ശമ്പള പരിഷ്കരണം നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഡിവിഷണൽ അസിസ്റ്റന്റ് കമ്മീഷണർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം ശമ്പള പരിഷ്കരണ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാനാകുമെന്നും അതോടൊപ്പം ജീവനക്കാർക്ക് അനുവദിക്കേണ്ട ക്ഷാമബത്ത അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പുതുക്കിയ നിരക്കിലുള്ള ശമ്പളം ജീവനക്കാർക്ക് ലഭ്യമാകുന്നതുമാണ്.

(സി) ക്ഷാമബത്ത അനുവദിക്കുമ്പോഴുള്ള അനോമലിയിൽ തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇതിനായി കമ്മിറ്റി രൂപീകരിച്ചിരുന്നോയെന്നും പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് നൽകിയിരുന്നോ എന്നും വ്യക്തമാക്കാമോ; തുടർനടപടികൾ എന്തായിരിക്കുമെന്നത് അറിയിക്കാമോ?

ശമ്പള പരിഷ്കരണ ഉത്തരവ് ഖണ്ഡിക (14) പ്രകാരം, പരിഷ്കരിച്ച ശമ്പളത്തോടൊപ്പം അനുവദിക്കേണ്ട ക്ഷാമബത്ത തീരുമാനിക്കുന്നത് മലബാർ

ദേവസ്വം ബോർഡ് ആയിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ക്ഷാമബത്ത നിർണ്ണയം ശമ്പള പരിഷ്കരണ അനോമലിയുടെ ഭാഗമല്ലാത്തതിനാൽ, ഇക്കാര്യത്തിൽ അനോമലി കമ്മിറ്റി രൂപീകരിച്ചിട്ടില്ലായെന്ന് ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. 01-01-2019 മുതൽ ക്ഷേത്ര ജീവനക്കാർക്ക് അനുവദിക്കേണ്ട ക്ഷാമബത്ത സംബന്ധിച്ച് മലബാർ ദേവസ്വം ബോർഡ് തീരുമാനമെടുത്ത് സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ഡി) മലബാർ ദേവസ്വം ബോർഡ് രൂപീകരിച്ചത് എപ്പോഴാണെന്നും എത്ര പ്രാവശ്യം ബോർഡിൽ ശമ്പളം പരിഷ്കരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

2008 ഒക്ടോബർ 2-നാണ് മലബാർ ദേവസ്വം ബോർഡ് നിലവിൽ വന്നത്. താഴെ പറയും പ്രകാരം രണ്ട് പ്രാവശ്യം മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട്.

1) 28-2-2009-ലെ G.O.(Ms)No. 116/2009/RD - 1-3-2009 മുതൽ പ്രാബല്യത്തിൽ.
2) 12-2-2021-ലെ G.O.(Ms)No. 57/2021/RD - 1-1-2019 മുതൽ പ്രാബല്യത്തിൽ.

(ഇ) വരുമാനം കുറഞ്ഞ ക്ഷേത്ര ജീവനക്കാർക്ക് ബോർഡിന്റെ മാനേജ്മെന്റ് ഫണ്ടിൽനിന്ന് ശമ്പളം നൽകാറുണ്ടോയെന്ന് അറിയിക്കാമോ; ഈ ഇനത്തിൽ കുടിശ്ശികയുണ്ടോയെന്ന് വിശദമാക്കാമോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള, വാർഷിക അസസ്സിബിൾ വരുമാനം 20 ലക്ഷത്തിന് താഴെയുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് നിബന്ധനകൾക്ക് വിധേയമായി മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ടിൽ നിന്നും ശമ്പള ധനസഹായം അനുവദിക്കുന്നുണ്ട്. ഇത്തരം ക്ഷേത്രങ്ങളിൽ വാർഷിക അസസ്സിബിൾ വരുമാനത്തിന്റെ 50% തുക ജീവനക്കാരുടെ ശമ്പളത്തിനായി നീക്കിവച്ചിട്ടും പൂർണ്ണമായ ശമ്പളത്തിന് തികയാതെ വരുന്ന സംഖ്യയാണ് മാനേജ്മെന്റ് ഫണ്ടിൽനിന്നും അനുവദിക്കുന്നത്. പൂർണ്ണമായും സർക്കാർ ഗ്രാന്റ് ഉപയോഗപ്പെടുത്തിയാണ് മാനേജ്മെന്റ് ഫണ്ട് പ്രവർത്തിക്കുന്നത്. മാനേജ്മെന്റ് ഫണ്ടിൽനിന്നുള്ള ശമ്പള ധനസഹായം നാല് മാസം കൂടുമ്പോഴോ അല്ലെങ്കിൽ വർഷത്തിൽ ഒരുമിച്ചോ ആണ് വിതരണം ചെയ്യുന്നത്. ഈ ഇനത്തിൽ ബഡ്ജറ്റ് അലോട്ട്മെന്റ് പ്രകാരം നീക്കിവയ്ക്കപ്പെട്ട തുക ഗഡുക്കളായാണ് സർക്കാരിൽനിന്നും അനുവദിക്കപ്പെടുന്നത്, ആയതിനാൽ കുടിശ്ശിക ഉണ്ടാകാറുണ്ട്.

**മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം**

98(2761) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവ് 12-2-2021-ൽ വന്നിട്ടും ഫിക്സേഷൻ ചട്ടങ്ങൾ, ക്ഷാമബത്ത നിർണ്ണയം തുടങ്ങിയ കാര്യങ്ങളിൽ തീരുമാനമാകാത്തതുകൊണ്ട് നടപ്പിലായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം 1-1-2019 പ്രാബല്യത്തിൽ പരിഷ്കരിച്ച് 12-2-2021-ലെ GO(Ms)57/2021/റവ പ്രകാരമാണ് ഉത്തരവായിട്ടുള്ളത്. ഫിക്സേഷൻ ചട്ടങ്ങൾ അംഗീകരിച്ച് 18-8-2021-ലെ GO(Ms)161/2021/റവ പ്രകാരവും ഉത്തരവായിട്ടുണ്ട്. മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ശമ്പളപരിഷ്കരണ നടപടികൾ ആരംഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 14-9-2021-ന് മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ജീവനക്കാർക്ക് പരിഷ്കരിച്ച ശമ്പളം എപ്പോൾ നൽകുമെന്ന് വ്യക്തമാക്കാൻ കഴിയുമോ?

പുതുക്കിയ ശമ്പളത്തോടൊപ്പം അനുവദിക്കേണ്ട ക്ഷാമബത്ത സംബന്ധിച്ചുള്ള ബോർഡ് തീരുമാനം സർക്കാർ പരിശോധിച്ചുവരികയാണ്. നിലവിൽ, ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്നത് കണക്കിലെടുത്ത് ക്ഷേത്രജീവനക്കാർക്ക് 2000 രൂപ വീതം ഇടക്കാലാശ്വാസം അനുവദിച്ചിട്ടുണ്ട്.

(സി) ശമ്പള പരിഷ്കരണ ഉത്തരവ് പ്രാബല്യത്തിൽ വരുത്താൻ ധനസഹായം നൽകണമെന്ന് ദേവസ്വം ബോർഡ് ആവശ്യപ്പെട്ടിട്ടുണ്ടോ?

ശമ്പളപരിഷ്കരണ ഉത്തരവ് നടപ്പിലാക്കുന്നതുവഴി, മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ടിന് 25 കോടി രൂപയുടെ അധിക ബാദ്ധ്യത പ്രതീക്ഷിക്കുന്നതായും ഈ അധിക ബാദ്ധ്യതയുൾപ്പെടെയുള്ള സംഖ്യ ഗ്രാന്റായി അനുവദിക്കണമെന്ന് ശമ്പള പരിഷ്കരണ ശിപാർശയിൽ മലബാർ ദേവസ്വം ബോർഡ് അഭ്യർത്ഥിച്ചിരുന്നു.

(ഡി) ഉണ്ടെങ്കിൽ എന്ത് തീരുമാനമാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സർക്കാർ വളരെ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കാലഘട്ടമാണിത്. ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ടുള്ള അധിക ബാദ്ധ്യത കണ്ടെത്തുന്നതിന് ഓരോ ക്ഷേത്രവും മുൻകയ്യെടുക്കേണ്ടതുണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള വരുമാനം കുറഞ്ഞ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതിന് ഇതേവരെ 49,12,13,000 രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ആചാരസ്ഥാനികർക്കും കോലധാരികൾക്കുമുള്ള ധനസഹായമായി 1.25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

## വയനാട് ജില്ലയിലെ ക്ഷേത്രം ജീവനക്കാർക്ക് ദേവസ്വം ബോർഡ് നൽകിയ സഹായങ്ങൾ

99(2762) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിസന്ധി കാലഘട്ടത്തിൽ വയനാട് ജില്ലയിലെ ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള അമ്പലങ്ങളിലെ ജീവനക്കാർക്ക് ശമ്പളം മുടങ്ങുന്ന സ്ഥിതി ഉണ്ടായിട്ടുണ്ടോ; വിശദീകരിക്കാമോ?

വയനാട് ജില്ലയിലെ മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള, 20 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് നിബന്ധനകൾക്ക് വിധേയമായി മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ടിൽനിന്നും ശമ്പള ധനസഹായം അനുവദിച്ചുവരുന്നുണ്ട്. എന്നാൽ കോവിഡ് - 19 മഹാമാരി സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധിമൂലം, ക്ഷേത്ര ജീവനക്കാർക്ക് അതത് ക്ഷേത്രങ്ങളിൽനിന്നും അനുവദിക്കേണ്ട ശമ്പള വിഹിതം നൽകാൻ സാധിക്കാത്ത സ്ഥിതിവിശേഷം പല ക്ഷേത്രങ്ങൾക്കും ഉണ്ടായിട്ടുണ്ട്.

(ബി) വയനാട് ജില്ലയിലെ ക്ഷേത്രം ജീവനക്കാർക്ക് കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ ദേവസ്വം ബോർഡ് നൽകിയ സഹായങ്ങൾ വ്യക്തമാക്കാമോ?

കോവിഡ്-19 മഹാമാരി സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധിമൂലം ക്ഷേത്ര ജീവനക്കാർക്കുണ്ടായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും സർക്കാരും മലബാർ ദേവസ്വം ബോർഡും സ്വീകരിച്ചിട്ടുണ്ട്. മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ടിൽനിന്നും ശമ്പള ധനസഹായം കൈപ്പറ്റിവരുന്ന ക്ഷേത്രങ്ങളിലെ ഓരോ ജീവനക്കാരനും അർഹതപ്പെട്ട ശമ്പളകുടിശ്ശിക

അനുവദിക്കുമ്പോൾ തിരിച്ചു പിടിക്കുന്നതാണെന്ന വ്യവസ്ഥയിൽ രണ്ട് തവണകളായി ആകെ 30,000 രൂപ വീതം അനുവദിച്ചിട്ടുണ്ട്. കൂടാതെ ഇത്തരം ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക്, ക്ഷേത്ര വരുമാനം അടിസ്ഥാനപ്പെടുത്തി, അർഹതപ്പെട്ട ശമ്പള കുടിശ്ശികയും അനുവദിക്കുന്നുണ്ട്. മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ടിൽനിന്നും ശമ്പള കുടിശ്ശിക ലഭിക്കാൻ അർഹതയില്ലാത്ത ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക്, മതിയായ ഫണ്ടോ നിക്ഷേപങ്ങളോ ക്ഷേത്രത്തിനില്ലാത്തതിനാൽ ശമ്പളം ലഭിക്കാത്ത സാഹചര്യമുണ്ടെങ്കിൽ, അത്തരം ക്ഷേത്രങ്ങളിലെ ഓരോ ജീവനക്കാരനും പരമാവധി 1,00,000 രൂപ വീതം മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ടിൽനിന്നും അനുവദിച്ചിട്ടുണ്ട്.

**മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പളം**

100(2763) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പളം മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മുടങ്ങിയ ശമ്പളം അടിയന്തരമായി വിതരണം ചെയ്യാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്ര ജീവനക്കാരുടെ ശമ്പളം അതത് ക്ഷേത്രങ്ങളുടെ ഫണ്ടിൽനിന്നുമാണ് നൽകേണ്ടത്, എന്നാൽ വാർഷിക വരുമാനം 20 ലക്ഷം രൂപയിൽ താഴെയുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് നിബന്ധനകൾക്ക് വിധേയമായി മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ടിൽനിന്നും ശമ്പള ധനസഹായം അനുവദിക്കുന്നുണ്ട്. വാർഷിക അസസ്സിബിൾ വരുമാനത്തിന്റെ 50% തുക ജീവനക്കാർക്ക് ശമ്പളമായി നൽകണമെന്നും ഇപ്രകാരം വിനിയോഗിച്ചിട്ടും ശമ്പളയിനത്തിൽ ബാക്കി നിൽക്കുന്ന തുക മാനേജ്മെന്റ് ഫണ്ടിൽനിന്നും അനുവദിക്കുമെന്നുമാണ് വ്യവസ്ഥ. മറ്റ് വരുമാന മാർഗ്ഗങ്ങളൊന്നുമില്ലാത്ത മലബാർ ദേവസ്വം ബോർഡിന് സർക്കാരിൽനിന്നും ഗ്രാന്റ് ലഭിക്കുന്ന മുറയ്ക്ക്, മാനേജ്മെന്റ് ഫണ്ടിൽനിന്നുള്ള ധനസഹായം, നാലുമാസം കൂടുമ്പോഴോ, വർഷത്തിൽ ഒരുമിച്ചോ, ക്ഷേത്ര ഭരണാധികാരിയുടെ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അനുവദിച്ചുവരുന്നുണ്ട്. മാനേജ്മെന്റ് ഫണ്ടിൽനിന്നും ശമ്പള ധനസഹായം അനുവദിക്കുന്നതിന് സ്വാഭാവികമായ കാലതാമസം ഉണ്ടാകാറുണ്ട്. കോവിഡ്-19 മഹാമാരി സാമ്പത്തിക പ്രതിസന്ധിമൂലം ക്ഷേത്ര ജീവനക്കാർക്ക് ക്ഷേത്രങ്ങളിൽനിന്നും അനുവദിക്കേണ്ട ശമ്പള വിഹിതത്തിന് തടസ്സം നേരിടുകയും ശമ്പളം മുടങ്ങുന്നതിന് ഇടയാകുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള നിബന്ധനകൾ

പ്രകാരം മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ടിൽനിന്നുള്ള ശമ്പള ധനസഹായത്തിന് അർഹതയില്ലാത്ത ക്ഷേത്രങ്ങൾക്കുപോലും, ജീവനക്കാർക്ക് ശമ്പളം ലഭിക്കാത്ത സാഹചര്യം പരിഗണിച്ച് കഴിയാവുന്ന തരത്തിലുള്ള സാമ്പത്തിക സഹായം നൽകുവാൻ ബോർഡ് ശ്രമിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം, സർക്കാർ ഗ്രാന്റിന് പുറമെ, മലബാർ ദേവസ്വം ബോർഡിന്റെ തനത് ഫണ്ടിൽനിന്ന് മാത്രം 8.2 കോടി രൂപ ക്ഷേത്രജീവനക്കാരുടെ ശമ്പളം നൽകുന്നതിന് ഇതിനകം വിനിയോഗിച്ചിട്ടുണ്ട്.

**മലബാർ ദേവസ്വം ബോർഡ് ക്ഷേത്ര ജീവനക്കാരുടെ ശമ്പള പരിഷ്കരണം**

101(2764) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡ് ക്ഷേത്ര ജീവനക്കാരുടെ ശമ്പള പരിഷ്കരണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്ര ജീവനക്കാരുടെ ശമ്പളം 12-2-2021-ലെ G.O.(Ms) No.57/2021/RD പ്രകാരവും ശമ്പളപരിഷ്കരണം നടത്തുന്നതിനുള്ള ശമ്പള ഫിക്സേഷൻ റൂൾ അംഗീകരിച്ച് 18-08-2021-ലെ G.O.(Ms) 161/2021 പ്രകാരവും അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ക്ഷേത്ര ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 14-9-2021-ൽ ബോർഡ് കമ്മീഷണർ സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ശമ്പള പരിഷ്കരണത്തിനുള്ള അപേക്ഷകൾ ഒരു മാസത്തിനകം സമർപ്പിക്കുന്നതിന് ക്ഷേത്ര ഭരണാധികാരികൾക്കും അപേക്ഷ ലഭിച്ച് ഒരു മാസത്തിനകം ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് ഡിവിഷണൽ അസിസ്റ്റന്റ് കമ്മീഷണർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം ശമ്പള പരിഷ്കരണ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാനാകുമെന്നും അതോടൊപ്പം ജീവനക്കാർക്ക് അനുവദിക്കേണ്ട ക്ഷാമബത്ത അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പുതുക്കിയ നിരക്കിലുള്ള ശമ്പളം ജീവനക്കാർക്ക് ലഭ്യമാകുന്നതുമാണ്.

(ബി) ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്ന റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. ധനകാര്യ വകുപ്പിന്റെ റിമാർക്കിന്റെ അടിസ്ഥാനത്തിലാണ് ശമ്പള പരിഷ്കരണ ഉത്തരവും ശമ്പളം പരിഷ്കരിക്കുന്നതിനുള്ള ഫിക്സേഷൻ ചട്ടങ്ങളും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

(സി) ദേവസ്വം ബോർഡ് ക്ഷേത്ര ജീവനക്കാരുടെ ശമ്പള പരിഷ്കരണം സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശമ്പളം പരിഷ്കരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 14-9-2021-ൽ ബോർഡ് കമ്മീഷണർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ശമ്പള പരിഷ്കരണത്തിനുള്ള അപേക്ഷകൾ ഒരു മാസത്തിനകം സമർപ്പിക്കുന്നതിന് ക്ഷേത്ര ഭരണാധികാരികൾക്കും അപേക്ഷ ലഭിച്ച് ഒരു മാസത്തിനകം ശമ്പള പരിഷ്കരണം നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഡിവിഷണൽ അസിസ്റ്റന്റ് കമ്മീഷണർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം ശമ്പള പരിഷ്കരണ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാനാകുമെന്നും അതോടൊപ്പം ജീവനക്കാർക്ക് അനുവദിക്കേണ്ട ക്ഷാമബത്ത അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പുതുക്കിയ നിരക്കിലുള്ള ശമ്പളം ജീവനക്കാർക്ക് ലഭ്യമാകുന്നതുമാണ്.

**മാവേലിക്കര മണ്ഡലത്തിലെ ക്ഷേത്രക്കുളങ്ങൾ നവീകരിക്കൽ**

102(2765) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ മാവേലിക്കര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ വലിയകുളവും കണ്ടിയൂർ മഹാദേവ ക്ഷേത്രക്കുളവും നവീകരിക്കുവാൻ ദേവസ്വം ബോർഡ് തുക അനുവദിക്കുമോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കുളങ്ങൾ നവീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മാവേലിക്കര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ വലിയകുളവും കണ്ടിയൂർ മഹാദേവ ക്ഷേത്രക്കുളവും നവീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

**കല്ല്യാശ്ശേരി മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കൽ**

103(2766) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് മാടായിപ്പാറയിൽ സ്ഥലം

അനുവദിക്കണമെന്നാവശ്യപ്പെട്ട് നൽകിയ നിവേദനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; മലബാർ ദേവസ്വം ബോർഡിൽനിന്നും റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ?

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലുള്ള മാടായിപ്പാറയിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ, ടി സ്ഥലം ചിറക്കൽ കോവിലകം ദേവസ്വത്തിന്റെ ഉടമസ്ഥതയിലുള്ളതായതിനാൽ ക്ഷേത്രം ട്രസ്റ്റിയുടെ ഇപ്പോഴത്തെ നിലപാട് സംബന്ധിച്ച് ട്രസ്റ്റിയുമായി ചർച്ച ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുന്നതിന് മലബാർ ദേവസ്വം ബോർഡ് തലശ്ശേരി ഡിവിഷൻ അസിസ്റ്റന്റ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

## ചക്കുളത്തുകാവ് ക്ഷേത്രത്തിലെ തീർത്ഥാടകർക്ക് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി

104(2767) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചക്കുളത്തുകാവ് ദേവീക്ഷേത്രത്തിലെ പൊങ്കാലയോടനുബന്ധിച്ച് തീർത്ഥാടർക്ക് കൂടുതൽ സൗകര്യങ്ങളേർപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ചക്കുളത്തുകാവ് ക്ഷേത്രത്തിലെത്തുന്ന തീർത്ഥാടകർക്ക് യാത്രാ സൗകര്യങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) ചക്കുളത്തുകാവ് ദേവീക്ഷേത്രത്തിലെ പൊങ്കാലയോടനുബന്ധിച്ച് ടി പ്രദേശത്തെ ക്രമസമാധാന പരിപാലനവും പൊതുജന സുരക്ഷയും ഉറപ്പുവരുത്തുന്നതിനായി സ്വീകരിക്കേണ്ട അടിയന്തര നടപടികളെക്കുറിച്ച് എല്ലാ വർഷവും ആലപ്പുഴ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട വകുപ്പ് മേധാവികളുടെ യോഗം ചേർന്നാണ് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തുവരുന്നത്. ചക്കുളത്തുകാവ് ക്ഷേത്രത്തിലെ പൊങ്കാലയോടനുബന്ധിച്ചെത്തുന്ന തീർത്ഥാടകർക്ക് മെച്ചപ്പെട്ട യാത്രാസൗകര്യം ഒരുക്കുന്നതിനായി ജില്ലാ ട്രാൻസ്പോർട്ട് ഓഫീസർ, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ എന്നിവർക്ക് നിർദ്ദേശം നൽകുന്നതാണെന്നും അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തി ആവശ്യമെങ്കിൽ വേണ്ട ക്രമീകരണങ്ങൾ നടത്തുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകുന്നതാണെന്നും ആലപ്പുഴ ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

## ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങൾ

105(2768) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിക്കോട് മണ്ഡലത്തിൽ പാപ്പിനിശ്ശേരി, വളപട്ടണം, നാറാത്ത്, ചിറക്കൽ, അഴിക്കോട് എന്നീ പഞ്ചായത്തുകളിലും പുഴാതി, പള്ളികുന്ന് (കണ്ണൂർ കോർപ്പറേഷൻ സോൺ) എന്നിവയിലുമായി ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

ക്ഷേത്രങ്ങളുടെ പേര് അനുബന്ധമായി* ചേർക്കുന്നു.

(ബി) ക്ഷേത്രങ്ങളിൽ 2016 മുതൽ 2021 വരെയുള്ള കാലയളവിൽ നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ക്ഷേത്രങ്ങളിൽ 2016 മുതൽ 2021 വരെ നടത്തിയ വികസന പ്രവർത്തനങ്ങൾ അനുബന്ധമായി*ചേർക്കുന്നു.

## മങ്കട നിയോജകമണ്ഡലത്തിലെ ക്ഷേത്രങ്ങളിലെ വികസന പ്രവർത്തനങ്ങൾ

106(2769) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ നടന്നുവരുന്ന വിവിധ വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ?

മങ്കട മണ്ഡലത്തിൽ, മലബാർ ദേവസ്വം ബോർഡിന് കീഴിൽ 15 ക്ഷേത്രങ്ങളാണുള്ളത്. ഇവയിൽ അങ്ങാടിപ്പുറം ശ്രീ തിരുമാന്ധാംകുന്ന് ദേവസ്വത്തിലാണ് പ്രധാനമായും നവീകരണ പ്രവൃത്തികൾ നടന്നുവരുന്നത്. ഊട്ടുപുര നിർമ്മാണം, ആഡിറ്റോറിയം നവീകരണം, ശ്രീകോവിൽ പുനരുദ്ധാരണം, മലിനജല സംസ്കരണ പ്ലാന്റ് നവീകരണം എന്നീ വികസന പ്രവർത്തനങ്ങൾ പ്രസ്തുത ക്ഷേത്രത്തിൽ നടന്നുവരുന്നുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ നവീകരണം ആവശ്യമുള്ള ക്ഷേത്രങ്ങളും ക്ഷേത്രക്കുളങ്ങളും ഏതൊക്കെയാണ്; ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മങ്കട മണ്ഡലത്തിൽ, ശ്രീ തിരുമാന്ധാംകുന്ന് ദേവസ്വം, ശ്രീ മാണിക്യപുരം വിഷ്ണുക്ഷേത്രം, ശ്രീ മേൽതൃക്കോവിൽ ആൻഡ് കീഴ് തൃക്കോവിൽ ദേവസ്വം, ശ്രീ ശിവമംഗലം ദേവസ്വം, ശ്രീ പനങ്ങാങ്ങര ക്ഷേത്രം, ശ്രീ രാമപുരം ദേവസ്വം, ശ്രീ വെള്ളിയമ്പ്രം ശിവക്ഷേത്രം തുടങ്ങിയ ക്ഷേത്രങ്ങളിലാണ് നവീകരണ പ്രവൃത്തികൾ ആവശ്യമുള്ളത്. ക്ഷേത്രങ്ങളുടെ സംരക്ഷണത്തിനും നവീകരണത്തിനും സംസ്ഥാന സർക്കാരിൽനിന്നും അനുവദിക്കുന്ന ഗ്രാന്റ് ഉപയോഗപ്പെടുത്തി ജീർണ്ണോദ്ധാരണ ഗ്രാന്റ്, ബോർഡിൽനിന്നും അനുവദിക്കുന്നുണ്ട്. ഇതിനായി ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് സർക്കാരിന്റെ അംഗീകാരത്തോടെ ഇത്തരം ക്ഷേത്രങ്ങൾക്ക് ബോർഡിൽനിന്ന് ജീർണ്ണോദ്ധാരണത്തിനായി ഫണ്ട് അനുവദിക്കുന്നു. കുളം-കാവ്-ആൽത്തറ സംരക്ഷിക്കുന്നതിനായി അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് സംസ്ഥാന സർക്കാരിന്റെ കുളം-കാവ്-ആൽത്തറ സംരക്ഷണത്തിന് ധനസഹായം അനുവദിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നത് പരിഗണിച്ചുവരുന്നു.

(സി) അങ്ങാടിപ്പുറം തിരുമാന്ധാംകുന്ന് ക്ഷേത്രത്തിലെ ചാവേർത്തറ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; പ്രസ്തുത ക്ഷേത്രത്തിന്റെ സമഗ്ര വികസനത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

അങ്ങാടിപ്പുറം ശ്രീ തിരുമാന്ധാംകുന്ന് ക്ഷേത്രത്തിലെ ചാവേർത്തറ സംരക്ഷണത്തിനായി, പിൽഗ്രിം ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി, ടൂറിസം വകുപ്പ് മുഖേന 1.5 കോടി രൂപയുടെ നവീകരണ പ്രവർത്തനങ്ങൾക്കുള്ള ഭരണാനുമതി ലഭിച്ചിട്ടുള്ളതായും പ്രവൃത്തി നടന്നുവരുന്നതായും മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. ശ്രീ തിരുമാന്ധാംകുന്ന് ഭഗവതി ക്ഷേത്രത്തിൽ, ഊട്ടുപുര നിർമ്മാണം, ഓഡിറ്റോറിയം നവീകരണം, ശ്രീകോവിൽ പുനരുദ്ധാരണം, മലിനജല സംസ്കരണ പ്ലാന്റ് നവീകരണം തുടങ്ങിയ വികസന പ്രവർത്തനങ്ങൾ ദേവസ്വം ഫണ്ട് ഉപയോഗിച്ച് നടന്നുവരുന്നുണ്ട്.

## മുട്ടിൽ മരം മുറി കേസുമായി ബന്ധപ്പെട്ട് സസ്പെൻഡ് ചെയ്തവരെ തിരിച്ചെടുത്ത സംഭവം

107(2770) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. പി. ടി. തോമസ് :
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുട്ടിൽ മരം മുറി കേസുമായി ബന്ധപ്പെട്ട് സസ്പെൻഡ് ചെയ്ത ലക്കിടി ചെക്ക് പോസ്റ്റിലെ സെക്ഷൻ ഫോറസ്റ്റ് ഓഫീസറെയും ബീറ്റ് ഫോറസ്റ്റ് ഓഫീസറെയും സർവ്വീസിൽ തിരിച്ചെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത ജീവനക്കാരെ സർവ്വീസിൽ തിരിച്ചെടുത്തിട്ടില്ല.

(ബി) ഇവരെ സസ്പെൻഡ് ചെയ്യാനുണ്ടായ സാഹചര്യവും ആ സാഹചര്യത്തിൽ ഇപ്പോൾ എന്തെങ്കിലും മാറ്റം സംഭവിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

മുട്ടിൽ വില്ലേജിൽനിന്നും അനധികൃതമായി മുറിച്ച മരത്തടികൾ ആവശ്യമായ പരിശോധന നടത്താതെ ലക്കിടി ചെക്ക് പോസ്റ്റ് വഴി കടത്തിക്കൊണ്ടുപോകുന്നതിന് അനുവാദം നൽകിയത് ശ്രദ്ധയിൽപ്പെട്ടതിനെ ത്തുടർന്നാണ് ഇവരെ സസ്പെൻഡ് ചെയ്തിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട അന്വേഷണം പൂർത്തിയായിട്ടില്ല.

(സി) പ്രസ്തുത ഓഫീസർമാർ വനം കൊള്ളയ്ക്ക് കൂട്ടുനിന്നുവെന്ന് തെളിഞ്ഞിട്ടും അവരെ തിരിച്ചെടുക്കാനുള്ള കാരണം വിശദമാക്കാമോ;

(ഡി) കേസ് അന്വേഷണം നടക്കുന്ന സാഹചര്യത്തിൽ ഉദ്യോഗസ്ഥരെ തിരിച്ചെടുക്കുന്നത് അന്വേഷണത്തെ ബാധിക്കുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(സി&ഡി) ബാധകമല്ല.

**ഗവേഷണപ്രവർത്തനങ്ങൾക്കായി വനം വകുപ്പിന്റെ അനുമതി**

108(2771) <u>ശ്രീ. ടി. പി.രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ യൂണിവേഴ്സിറ്റികളിലെയും കോളേജുകളിലെ റിസർച്ച് സെന്ററുകളിലെയും ജൈവവൈവിധ്യവും ടാക്സോണമിയുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ ഭാഗമായിട്ടുള്ള ഗവേഷണ പ്രവർത്തനങ്ങൾക്കായി വനം വകുപ്പിന്റെ അനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; ഇത് ലഭിക്കുന്നതിനുള്ള സമയദൈർഘ്യം എത്രയാണെന്ന് വിശദമാക്കാമോ?

ഗവേഷണ പ്രവർത്തനങ്ങൾക്കായി വനം വകുപ്പിന്റെ അനുമതി ലഭിക്കുന്നതിന് ഗവേഷകൻ വനം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള നിശ്ചിത മാതൃകയിലുള്ള അപേക്ഷാ ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയിൽ ഗവേഷണത്തിന്റെ ഉദ്ദേശ്യലക്ഷ്യം, മെത്തഡോളജി, ലിറ്ററേച്ചർ റിവ്യൂ, വർക്ക് പ്ലാൻ, ബഡ്ജറ്റ്, ഫണ്ടിംഗ് സ്രോതസ്സ്,

ഗവേഷണത്തിന്റെ പ്രതീക്ഷിക്കുന്ന പരിണിതഫലം, ഗവേഷണത്തിന്റെ സമയ ദൈർഘ്യം, ഗവേഷണം നടത്താനുദ്ദേശിക്കുന്ന വനമേഖല, ശേഖരിക്കാൻ ഉദ്ദേശിക്കുന്ന സ്പെസിമൻ എന്നിവ രേഖപ്പെടുത്തി ചീഫ് വൈൽഡ് ലൈഫ് വാർഡന് സമർപ്പിക്കേണ്ടതാണ്. ഗവേഷകന്റെ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്ററിന്റെ അപേക്ഷയും, വനമേഖലകളിലേയ്ക്ക് ഗവേഷണ വിദ്യാർത്ഥിയോടൊപ്പം അനുഗമിക്കുന്ന ഗവേഷകരുടെ അപേക്ഷകളും ഗവേഷണ പ്രബന്ധത്തിന്റെ ലഘുരൂപവും (Synopsis) അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. സംരക്ഷിത വനമേഖലകളിൽ ഗവേഷണം നടത്താനുദ്ദേശിച്ച് നൽകുന്ന അപേക്ഷകൾ കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റിയിൽവച്ച് അനുമതി നേടേണ്ടതാണ്. 4-4-2008-ലെ സ.ഉ.(സാധാ) 188/2008/വനം പ്രകാരം ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം 3 മാസത്തിലൊരിക്കലെങ്കിലും ടെക്നിക്കൽ കമ്മിറ്റി യോഗം ചേരേണ്ടതും ടി യോഗത്തിന് 15 ദിവസം മുമ്പുവരെ ലഭിച്ച അപേക്ഷകൾ പരിഗണിക്കേണ്ടതുമാണ്. അവസാനമായി ടെക്നിക്കൽ കമ്മിറ്റി യോഗം ചേർന്നിരിക്കുന്നത് 15-9-2021-നാണ്. എന്നാൽ, ശാസ്ത്ര സാങ്കേതിക വകുപ്പ്, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം, ബയോടെക്നോളജി വകുപ്പ്, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കീഴിലുള്ള ശാസ്ത്ര വകുപ്പുകളുടെ അനുമതി ലഭിച്ച ഗവേഷണ പദ്ധതികൾ ടെക്നിക്കൽ കമ്മിറ്റിയിൽ വയ്ക്കേണ്ടതില്ല. ഗവേഷണത്തിന് അപേക്ഷിക്കുന്ന സ്ഥാപനങ്ങൾ 5,000 രൂപയുടെ കരുതൽ തുക ട്രഷറി അക്കൗണ്ടിൽ ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ പേരിൽ നിക്ഷേപിക്കേണ്ടതാണ്. ഈ തുക ഗവേഷണത്തിനുശേഷം ബാദ്ധ്യത ഇല്ലാത്തപക്ഷം തിരികെ നൽകുന്നതും, അല്ലാത്തപക്ഷം കണ്ടുകെട്ടുന്നതുമാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കീഴിലുള്ള സ്ഥാപനങ്ങൾക്കും സ്വയംഭരണ സ്ഥാപനങ്ങൾക്കും കരുതൽ തുക ഒഴിവാക്കിയിട്ടുണ്ട്. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശ പ്രകാരം ഗവേഷണ അനുമതിക്കായുള്ള അപേക്ഷകളിന്മേൽ തീരുമാനം എടുക്കുന്നതിനുള്ള കാലയളവ് അനുബന്ധമായി* ചേർക്കുന്നു.

(ബി) വനങ്ങളുടെ സംരക്ഷിത മേഖലയിലേയ്ക്ക് ഗവേഷണത്തിന് അനുമതി നൽകുന്നതിനുള്ള മാനദണ്ഡം വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വന്യജീവി (സംരക്ഷണ) നിയമം 1972, സെക്ഷൻ 12 (ബി) (സി) ആധാരമാക്കിയാണ് ചീഫ് വൈൽഡ് ലൈഫ് വാർഡൻ ഗവേഷണ അനുമതി നൽകുന്നത്. ജൈവ സാമ്പിളുകൾ ശേഖരണം സെക്ഷൻ 12 (സി) പ്രകാരമാണ് അനുമതി നൽകുന്നത്. വന്യജീവി (സംരക്ഷണ) നിയമം 1972-ലെ ഷെഡ്യൂൾ പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്ന ഏതെങ്കിലും ജീവിവർഗ്ഗവുമായി ബന്ധപ്പെട്ട ഗവേഷണത്തിന് കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതിയും മറ്റു ഷെഡ്യൂളുകളിൽ ഉൾപ്പെട്ട (Schedule I to IV) ജീവവർഗ്ഗവുമായി ബന്ധപ്പെട്ട ഗവേഷണത്തിന് സംസ്ഥാന സർക്കാരിന്റെ മുൻകൂർ അനുമതിയും ആവശ്യമാണ്. വനത്തിനുപുറത്ത് കാണുന്ന സസ്യജന്തുജാലങ്ങളുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾക്കോ വനത്തിനു പുറത്ത് നടത്താവുന്ന ഗവേഷണങ്ങൾക്കോ അനുമതി കൊടുക്കാറില്ല.

(സി) നിശ്ചിത സമയപരിധിക്കുള്ളിൽ തീർക്കേണ്ട ഗവേഷണ പ്രവർത്തനങ്ങൾ, വനം വകുപ്പിന്റെ അനുമതി ലഭിക്കാൻ വൈകുന്നതുമൂലം നീണ്ടുപോകുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഉണ്ടെങ്കിൽ നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കേണ്ട ഗവേഷണ പ്രവർത്തനങ്ങൾക്ക് പ്രസ്തുത അനുമതി വേഗത്തിൽ ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ചീഫ് വൈൽഡ് ലൈഫ് വാർഡന് ലഭിക്കുന്ന, നിശ്ചിത സമയ പരിധിക്കുള്ളിൽ പൂർത്തീകരിക്കേണ്ട ഗവേഷണത്തിനായുള്ള അപേക്ഷകൾക്ക് മുൻഗണന നൽകി അനുമതി നൽകിയും ഗവേഷണത്തിനുള്ള അപേക്ഷകൾക്ക് അനുമതി നൽകാൻ ഓൺലൈൻ സംവിധാനം വികസിപ്പിച്ചും അനുമതി വേഗത്തിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ദേശീയ ഹരിത ട്രൈബ്യൂണലിന് വിശദീകരണം

109(2772) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയ ഭൂമിയിൽനിന്ന് മരം മുറിച്ച കേസിൽ ദേശീയ ഹരിത ട്രൈബ്യൂണൽ കേരള സർക്കാരിൽനിന്നും വിശദീകരണം തേടുകയുണ്ടായോ?

വിശദീകരണം തേടുകയുണ്ടായി.

(ബി) ഈ വിശദീകരണം സമർപ്പിക്കുന്നതിന് ട്രൈബ്യൂണൽ അനുവദിച്ച സമയപരിധി എന്നുവരെ ആയിരുന്നുവെന്ന് വെളിപ്പെടുത്താമോ?

വിശദീകരണം സമർപ്പിക്കുന്നതിന് ട്രൈബ്യൂണൽ അനുവദിച്ച സമയപരിധി 31-8-2021 വരെ ആയിരുന്നു.

(സി) മാധ്യമ വാർത്തകളുടെ അടിസ്ഥാനത്തിൽ ഹരിത ട്രൈബ്യൂണൽ ഈ വിഷയത്തിൽ സ്വമേധയാ കേസ്സെടുക്കുകയും മരംമുറി പരിസ്ഥിതിക്ക് ദോഷം ഉണ്ടാക്കിയെന്ന് പ്രാഥമികമായി വിലയിരുത്തുകയുമുണ്ടായോ?

മാധ്യമ വാർത്തകളുടെ അടിസ്ഥാനത്തിൽ ഹരിത ട്രൈബ്യൂണൽ ഈ വിഷയത്തിൽ സ്വമേധയാ ഒ.എ. 157/2021 നമ്പരായി കേസെടുത്ത് റിപ്പോർട്ട് തേടി, മരംമുറിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ വിലയിരുത്തിവരികയാണ്.

(ഡി) ട്രൈബ്യൂണൽ ആവശ്യപ്പെട്ടത് പ്രകാരമുള്ള വിശദീകരണം ഇതിനോടകം നൽകിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാകുമോ?

വിശദീകരണം അഡ്വക്കേറ്റ് ജനറലിന് അയച്ചുകൊടുത്തിട്ടുണ്ട്. ആയത് അഡ്വക്കേറ്റ് ജനറൽ പരിശോധിച്ചുവരുന്നു

**വനവൽക്കരണ പദ്ധതികളും സഹായവും**

110(2773) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനവൽക്കരണ പ്രവർത്തനങ്ങൾക്കായി പൊതുജനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവയ്ക്ക് വനം വകുപ്പ് നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

1. ഹരിത കേരളം പദ്ധതി പ്രകാരം 2021 ജൂൺ 5 മുതൽ ഒരു മാസക്കാലയളവിൽ വിദ്യാർത്ഥികൾ, സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ, സർക്കാർ ഇതരസംഘടനകൾ തുടങ്ങിയവയ്ക്ക് സൗജന്യമായി തൈകൾ വിതരണം ചെയ്തുവരുന്നുണ്ട്. അതിനുശേഷം സർക്കാർ നിശ്ചയിച്ച നിരക്കിൽ പൊതുജനങ്ങൾക്ക് തൈ വിതരണം ചെയ്യുന്നു.

2. സ്വകാര്യ സ്ഥലങ്ങളിൽ വൃക്ഷവത്കരണം പ്രോത്സാഹിപ്പിക്കുന്നതിനും കാവുകളുടെയും കണ്ടലുകളുടെയും സംരക്ഷണത്തിനുമുള്ള പദ്ധതികൾ നടത്തുന്നുണ്ട്. സംസ്ഥാനത്തെ സ്വകാര്യ ഭൂമികളിൽ തടി ഉത്പാദനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി 2012 വർഷം മുതൽ നടപ്പിലാക്കിവരുന്നുണ്ട്. 29-9-2012-ലെ സ.ഉ.(സാധാ) 486/12/വനം എന്ന സർക്കാർ ഉത്തരവ് പ്രകാരമാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. ഈ പദ്ധതി പ്രകാരം തേക്ക്, ചന്ദനം, മഹാഗണി, ആഞ്ഞിലി, പ്ലാവ്, ഈട്ടി, കമ്പകം, കുമ്പിൾ, കുന്നിവാക,

തേമ്പാവ് എന്നിങ്ങനെ പത്തിനം വൃക്ഷത്തൈകൾ നട്ടുപരിപാലിക്കുന്നവർക്ക് തൈകളുടെ എണ്ണം അനുസരിച്ച് മൂന്ന് തലങ്ങളിലായാണ് ധനസഹായം നൽകുന്നത്. 50 തൈകൾ മുതൽ 200 തൈകൾ വരെ തൈ ഒന്നിന് 50 രൂപ നിരക്കിലും, 201 മുതൽ 400 എണ്ണം തൈകൾക്ക് തൈ ഒന്നിന് 40 രൂപ നിരക്കിലും, 401 മുതൽ 625 എണ്ണം തൈകൾക്ക് തൈ ഒന്നിന് 30 രൂപ നിരക്കിലുമാണ് ധനസഹായം നൽകുന്നത്.

3. വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കുമായി പരിസ്ഥിതി അവബോധ ക്ലാസുകൾ, ക്യാമ്പുകൾ, പ്രദർശനങ്ങൾ, സെമിനാറുകൾ എന്നിവ നടത്തിവരുന്നുണ്ട്.

**കാട്ടുതീ ഒഴിവാക്കുന്നതിനുള്ള നടപടി**

111(2774) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലുണ്ടാകുന്ന കാട്ടുതീ ഭൂരിപക്ഷവും മനുഷ്യനിർമ്മിതമാണെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ ഇപ്രകാരം കാട്ടുതീ ഉണ്ടാകുന്നത് ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ?

ഉണ്ട്. കാട്ടുതീ തടയുന്നതിനുള്ള വിവിധ പദ്ധതികൾ വനം വകുപ്പ് നടപ്പിലാക്കുന്നുണ്ട്. കാട്ടുതീക്കെതിരെ ജനങ്ങളെ ബോധവാന്മാരാക്കുന്നതിന് വിവിധ വനം ഡിവിഷനുകളിൽ ബോധവൽക്കരണ പരിപാടികളും, ലഘുലേഖ വിതരണം, റാലികൾ/തെരുവ് നാടകം/പരിസ്ഥിതി മാജിക്/റോഡ്ഷോ തുടങ്ങിയവയും സംഘടിപ്പിക്കാറുണ്ട്. കൂടാതെ പ്രാദേശിക ടെലിവിഷൻ ചാനലിലൂടെ കാട്ടുതീ പ്രതിരോധ സന്ദേശം നൽകുന്ന ഹ്രസ്വചിത്രങ്ങൾ പ്രദർശിപ്പിക്കുകയും എക്സിബിഷനുകൾ അടക്കമുള്ള പ്രചരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. കാട്ടുതീ സാധ്യതയുള്ള പ്രദേശങ്ങളിൽ ഫയർലൈൻ/ഫയർ ബ്രേക്ക് നിർമ്മാണം, നിയന്ത്രിത കത്തിക്കൽ, മുൻകൂർ കത്തിക്കൽ എന്നിവ ചെയ്യുന്നതിനോടൊപ്പം ഫീൽഡ് പട്രോളിംഗ് ശക്തമാക്കി എല്ലാ ജീവനക്കാരും വാച്ചർമാരും കാട്ടുതീ സാധ്യതാ പ്രദേശങ്ങളിൽ ഉണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. സാമൂഹ്യവിരുദ്ധർ വനപ്രദേശത്ത് പ്രവേശിക്കുന്നത് തടയുന്നതിന് സ്റ്റാഫിന്റെ പട്രോളിംഗ് ഊർജ്ജിതപ്പെടുത്തുകയും താൽക്കാലിക വാച്ച് ടവർ ഉൾപ്പെടെ നിർമ്മിച്ച് നിരീക്ഷണം ശക്തമാക്കുകയും ചെയ്യുന്നുണ്ട്.

(ബി) കാട്ടുതീ സൃഷ്ടിച്ചതിന്റെ പേരിൽ കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ എത്ര പേർക്കെതിരെ കേസെടുത്തിട്ടുണ്ട്; ഇതിൽ എത്ര പേർക്ക് ശിക്ഷ ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

കാട്ടുതീ സൃഷ്ടിച്ചതിന്റെ പേരിൽ കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ 107 പേർക്കെതിരെ കേസെടുക്കുകയും 4 പേരെ ശിക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ വനം സർക്കിൾ, കേസെടുത്തവരുടെ എണ്ണം, ശിക്ഷിക്കപ്പെട്ടവരുടെ എണ്ണം എന്ന ക്രമത്തിൽ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| സതേൺ സർക്കിൾ, കൊല്ലം | -16 | -0 |
| ഹൈറേഞ്ച് സർക്കിൾ, കോട്ടയം | -06 | -0 |
| സെൻട്രൽ സർക്കിൾ, തൃശ്ശൂർ | -19 | -2 |
| ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | -36 | -0 |
| നോർത്തേൺ സർക്കിൾ, കണ്ണൂർ | -16 | -2 |
| വൈൽഡ് ലൈഫ് സർക്കിൾ, പാലക്കാട് | -8 | -0 |
| ഫീൽഡ് ഡയറക്ടർ (പി.റ്റി), കോട്ടയം | -6 | -0 |

**സ്ഥാപനങ്ങളിലെ വനവൽക്കരണ പദ്ധതികൾ**

112(2775) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ഥാപനങ്ങളിലെ വനവൽക്കരണ പദ്ധതിയുടെ വിശദാംശം നൽകുമോ; ഇതിനായി പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്നറിയിക്കുമോ?

സ്ഥാപന വനവൽക്കരണത്തിന് താൽപ്പര്യമറിയിക്കുന്ന സ്ഥാപനങ്ങളിൽ വനം വകുപ്പ് പരിശോധന നടത്തി സ്ഥാപന മേധാവികളുമായി ചർച്ച ചെയ്ത് MoU-ന്റെ അടിസ്ഥാനത്തിലാണ് സ്ഥാപന വനവൽക്കരണ പദ്ധതി നടപ്പിലാക്കിവരുന്നത്. സ്ഥാപന വനവൽക്കരണത്തിന് ഹെക്ടർ ഒന്നിന് ഉദ്ദേശം 2.12 ലക്ഷം രൂപ ചെലവ് വരുന്നുണ്ട്. സാധാരണഗതിയിൽ 3 വർഷം വരെ വനം വകുപ്പുതന്നെ നടീലും പരിചരണ പ്രവൃത്തികളും നടത്തിവരുന്നു. ചില സ്ഥാപനങ്ങൾ അവരുടെ സ്വന്തം ചെലവിൽത്തന്നെ സ്ഥാപനവനവൽക്കരണവും പരിപാലനവും നടത്തിവരുന്നുണ്ട്. കൂടാതെ സ്കൂൾ വിദ്യാർത്ഥികളിൽ വനവൽക്കരണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും വൃക്ഷങ്ങളെക്കുറിച്ച് അറിവ്

നൽകുന്നതിനുംവേണ്ടി 2020-21 സാമ്പത്തിക വർഷം മുതൽ 'വിദ്യാവനം' എന്ന പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിവരുന്നുണ്ട്. ഒരു വിദ്യാവനത്തിന് ഏകദേശം 2 ലക്ഷം രൂപയാണ് ചെലവ് വകയിരുത്തിയിട്ടുള്ളത്.

(ബി) വിദ്യാവനം പദ്ധതിയുമായി നിലവിൽ എത്ര വിദ്യാലയങ്ങൾ സഹകരിച്ച് പ്രവർത്തിക്കുന്നുണ്ട്; എത്ര വിദ്യാലയങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നത്; അറിയിക്കുമോ?

സംസ്ഥാനത്തൊട്ടാകെ 2020-21 വർഷത്തിൽ 14 ജില്ലകളിലായി 21 വിദ്യാവനങ്ങൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. 2021-22 വർഷത്തിൽ 14 ജില്ലകളിലായി 26 വിദ്യാവനങ്ങൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിക്കായി ഓരോ വിദ്യാലയവും ചെലവഴിക്കേണ്ട തുക എത്ര; ജില്ല തിരിച്ച് വിശദമാക്കുമോ?

ഈ പദ്ധതി വനം വകുപ്പ് നേരിട്ടാണ് നടപ്പാക്കുന്നത്. ആയതിന് 5 സെന്റ് സ്ഥലത്ത് പദ്ധതി നടപ്പിലാക്കുന്നതിന് 2 ലക്ഷം രൂപ ചെലവ് വരുന്നതാണ്. ആയതിനാൽ വിദ്യാലയങ്ങൾ പരിപാലനത്തിനുള്ള ചെലവുകൾ മാത്രം നടത്തിയാൽ മതി.

(ഡി) പാലക്കാട് സിൽവികൾച്ചറൽ യൂണിറ്റ് നടപ്പിലാക്കിയിട്ടുള്ള നഗരവനം പദ്ധതി പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; നിലവിൽ നടപ്പാക്കിയിട്ടുള്ള നഗര വനങ്ങൾ ഏതെല്ലാമാണെന്നും അവയുടെ സംരക്ഷണം എപ്രകാരമാണെന്നും വ്യക്തമാക്കുമോ?

തൃശ്ശൂർ വനം ഡിവിഷന് കീഴിൽ വടക്കാഞ്ചേരി റെയ്ഞ്ചിൽ പൂങ്ങോട് ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ ഓട്ടുപാറയിൽ 5.78 സെന്റ് വിസ്തൃതിയിൽ സ്ഥിതിചെയ്യുന്ന ഈ പ്രദേശത്ത് തൃശ്ശൂർ (നോർത്ത്) റിസർച്ച് ഡിവിഷന് കീഴിലുള്ള പാലക്കാട് സിൽവികൾച്ചറൽ യൂണിറ്റ് നടപ്പിലാക്കുന്ന നഗരവനം പദ്ധതി 2-7-2020-ന് ആരംഭിച്ച് ആയതിന്റെ പ്രവർത്തനം നല്ല രീതിയിൽ പുരോഗമിച്ചുവരുന്നു. നിലവിൽ നടപ്പിലാക്കിയിട്ടുള്ള നഗരവനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്. ടി നഗരവനങ്ങൾ സംരക്ഷിക്കുന്നതിനുള്ള ചുമതല അതാത് ടെറിട്ടോറിയൽ റെയ്ഞ്ചുകളിലെ ജീവനക്കാർക്കാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വനങ്ങളുടെ പരിപാലനം

113(2776) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാഭാവിക വനങ്ങളുടെ പരിപാലനത്തിനായി എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ?

സ്വാഭാവിക വനങ്ങളുടെ പരിപാലനത്തിനായി നിരവധി കർമ്മ പദ്ധതികൾ നിലവിൽ നടപ്പിലാക്കിവരുന്നുണ്ട്. ശോഷണം സംഭവിച്ച വനഭാഗങ്ങളിൽ ശോഷിക്കപ്പെട്ട വനങ്ങളുടെ പുനരുജ്ജീവനം, പ്രകൃതിദത്ത വനങ്ങളുടെ സഹായ വനവൽക്കരണം എന്നീ പദ്ധതികളിലൂടെ പുനരുജ്ജീവിപ്പിച്ച് സ്വാഭാവിക വനങ്ങളാക്കി മാറ്റുന്നതിനുള്ള ഇക്കോറെസ്റ്റോറേഷൻ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. വനപരിപാലനത്തിനും വനസമ്പത്ത് കാത്തുസൂക്ഷിക്കുന്നതിനും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ, തദ്ദേശീയ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കലും അവയുടെ സംരക്ഷണ പ്രവർത്തനങ്ങളും കൂടാതെ മണ്ണൊലിപ്പ് തടയുന്നതിനും ജലസംരക്ഷണത്തിനുമുള്ള പദ്ധതികൾ എന്നിവ ആവിഷ്കരിച്ചിട്ടുണ്ട്. അധിനിവേശ സസ്യങ്ങളെ ഒഴിവാക്കി തദ്ദേശീയ വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചും പുൽമേടുകൾ സംരക്ഷിച്ചും ജൈവവൈവിദ്ധ്യ സംരക്ഷണം ഉറപ്പാക്കുന്നുണ്ട്. കൂടാതെ വനപ്രദേശങ്ങളിലെ നീരുറവകൾ വറ്റിപ്പോകുന്നത് തടയുവാനും വന്യജീവികൾക്ക് ജലലഭ്യത ഉറപ്പാക്കാനും കുളങ്ങൾ, തടയണകൾ എന്നിവ നിർമ്മിക്കൽ, ജലസ്രോതസ്സുകളിലെ മാലിന്യവും ചെളിയും നീക്കം ചെയ്ത് സംരക്ഷിക്കൽ, വനങ്ങളെ പുഷ്ടിപ്പെടുത്തുന്നതിനുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നുണ്ട്.

(ബി) വനാതിർത്തികൾ സംരക്ഷിക്കുന്നതിലേയ്ക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; പ്രസ്തുത പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

വനാതിർത്തി പുനർനിർണ്ണയം നടത്തി സ്ഥിരം ജണ്ടകൾ സ്ഥാപിച്ചും സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നുണ്ട്. സംസ്ഥാനത്തെ വനാതിർത്തി ഉദ്ദേശം 16,846 കിലോമീറ്ററാണ്. 2016-17-ൽ 12,500 ജണ്ടകളും (ഉദ്ദേശം 550 കി.മീ. വനാതിർത്തി), 2017-18-ൽ 14,416 ജണ്ടകളും (ഉദ്ദേശം 680 കി.മീ. വനാതിർത്തി), 2018-19-ൽ 14,618 ജണ്ടകളും (ഉദ്ദേശം 700 കി.മീ. വനാതിർത്തി), 2019-20-ൽ 11,779 ജണ്ടകൾ

(ഉദ്ദേശം 530 കി.മീ. വനാതിർത്തി) നിർമ്മിക്കുകയുണ്ടായി. 2020-21 സാമ്പത്തിക വർഷത്തിൽ 16993 ജണ്ടകളും (ഉദ്ദേശം 700 കി.മീ. വനാതിർത്തി) നിർമ്മിച്ചുകഴിഞ്ഞിട്ടുണ്ട്. അവശേഷിക്കുന്ന വനാതിർത്തിയിലെ ജണ്ടകളുടെ നിർമ്മാണം അടുത്ത 2 വർഷങ്ങൾക്കുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) വനപ്രദേശങ്ങളിന്മേലുള്ള കയ്യേറ്റങ്ങൾ ഒഴിപ്പിച്ചെടുക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

സർക്കാർ ഉടമസ്ഥതയിലുള്ള വനഭൂമി സർവ്വേ നടത്തി അതിർത്തി നിർണ്ണയം പൂർത്തിയാക്കി ജണ്ടകൾ നിർമ്മിച്ച് സംരക്ഷിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കിയിട്ടുണ്ട്. കോടതി വ്യവഹാരങ്ങളിൽ വസ്തുതകളും നിയമവശങ്ങളും കോടതിയുടെ മുമ്പാകെ ബോദ്ധ്യപ്പെടുത്തി അനുകൂല വിധികൾ സമ്പാദിക്കുന്നതിന് നടപടികളെടുത്തുവരുന്നുണ്ട്. പുതുതായിട്ടുള്ള കയ്യേറ്റ ശ്രമങ്ങൾ തടയുന്നതിനുള്ള കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**കുട്ടനാട്ടിലെ തരിശ് പ്രദേശങ്ങളിൽ കണ്ടൽക്കാട് വച്ചുപിടിപ്പിക്കൽ**

114(2777) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാടിലെ ജനവാസമില്ലാത്ത മേഖലകളിൽ കണ്ടൽക്കാട് വച്ചുപിടിപ്പിക്കുന്നതിന് എന്തെങ്കിലും നടപടികൾ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ജനവാസ മേഖലയല്ലാത്ത വീയപുരം, പുറക്കാട് ഗാന്ധിവനം, പള്ളിത്തോട് എന്നിവിടങ്ങളിൽ ആകെ 15000 എണ്ണം കണ്ടൽത്തൈകൾ വച്ചുപിടിപ്പിക്കുന്ന പദ്ധതി ഈ വർഷം നടപ്പിലാക്കുവാൻ ആലോചിച്ചിട്ടുണ്ട്.

(ബി) ജനജീവിതത്തെ ബാധിക്കാത്ത തരിശ് പ്രദേശങ്ങളിൽ മാത്രം ഇത്തരം പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ജനജീവിതത്തെ ബാധിക്കാത്തവിധം പുറംബണ്ട് ബലപ്പെടുത്തുന്നതിനും മണ്ണ്-ജല സംരക്ഷണം, ആവാസ വ്യവസ്ഥയുടെ സുസ്ഥിര വികസനം, പരിപാലനം മുതലായവയും ലക്ഷ്യമിട്ട് പൊതുജന പങ്കാളിത്തത്തോടെ വരുംവർഷങ്ങളിൽ ടി പദ്ധതി നടപ്പിലാക്കുന്നത് പരിശോധിച്ചുവരുന്നു.

**കണ്ടൽക്കാട് സംരക്ഷണ പദ്ധതി**

115(2778) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ കണ്ടൽക്കാടുകൾ എവിടെയെല്ലാമാണുള്ളതെന്ന് മണ്ഡലങ്ങൾ തിരിച്ച് വ്യക്തമാക്കാമോ?

കണ്ണൂർ ജില്ലയിൽ അഴീക്കോട്, കല്ല്യാശ്ശേരി, തളിപ്പറമ്പ്, പയ്യന്നൂർ, ധർമ്മടം മണ്ഡലങ്ങളിൽ 89 ബിറ്റുകളിലായി 237.105 ഹെക്ടർ കണ്ടൽ റിസർവ് നിലവിലുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

കണ്ണൂർ ജില്ലയിൽ റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി കണ്ടൽക്കാടുകൾ വിട്ടുനൽകുന്നതിന് സന്നദ്ധരായ സ്വകാര്യ വ്യക്തികളിൽ നിന്നും കണ്ടൽ വനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പ്രാഥമിക ഘട്ടത്തിലാണ്. നിലവിൽ റിസർവ്വായി പ്രഖ്യാപിച്ച കണ്ടൽ വനങ്ങൾ പില്ലറുകൾ സ്ഥാപിച്ച് സംരക്ഷിച്ചുവരുന്നു.

(സി) നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

കേരള ഫോറസ്റ്റ് (വെസ്റ്റിംഗ് ആൻഡ് മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രജൈൽ ലാൻഡ്സ്, 2003) ആക്ട് 4 പ്രകാരം സ്വകാര്യ കണ്ടലുകൾ ഏറ്റെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കണ്ടൽക്കാടുകളിൽ നിക്ഷേപിക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്തുവരുന്നുണ്ട്. കൂടാതെ കണ്ടൽ സംരക്ഷണത്തിനായി വാച്ചർമാരെ നിയോഗിച്ചിട്ടുമുണ്ട്. ജൈവ വൈവിദ്ധ്യങ്ങളുടെ കലവറയായ കണ്ടൽക്കാടുകളുടെ സംരക്ഷണത്തിന് കേന്ദ്ര സഹായത്തോടെ Conservation and Management of Mangroves (60% CSS) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം സാമൂഹ്യ വനവൽക്കരണ വിഭാഗം വിവിധയിനം കണ്ടൽച്ചെടികളും അനുബന്ധ ചെടികളും ഉൽപ്പാദിപ്പിച്ച് പൊതുജനങ്ങൾക്ക് വിതരണം ചെയ്തുവരുന്നു. ഗാർഹിക ഇന്ധന ആവശ്യങ്ങൾക്ക് കണ്ടൽച്ചെടികൾ നശിപ്പിക്കപ്പെടാതിരിക്കാൻ തദ്ദേശീയർക്ക് സൗകര്യപ്രദമായ രീതിയിൽ ഗ്യാസ്

കണക്ഷൻ, ബയോ ഗ്യാസ് പ്ലാന്റ് നിർമ്മാണം എന്നീ പ്രവൃത്തികളും നടത്തിവരുന്നു.

(ഡി) മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് അഴീക്കോട് മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കണ്ണൂർ ജില്ലയിൽ റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി കണ്ടൽക്കാടുകൾ വിട്ടുനൽകുന്നതിന് സന്നദ്ധരായ സ്വകാര്യ വ്യക്തികളിൽ നിന്നും കണ്ടൽവനങ്ങൾ ഏറ്റെടുക്കുന്ന പദ്ധതി അഴീക്കോട് മണ്ഡലത്തിലും നടപ്പിലാക്കിവരുന്നുണ്ട്. ഇത്തരത്തിൽ കണ്ടൽക്കാടുകൾ വിട്ടുനൽകുന്നതിന് സന്നദ്ധരായ സ്വകാര്യവ്യക്തികളിൽനിന്നും അപേക്ഷകൾ സ്വീകരിച്ചുവരുന്നുണ്ട്.

**വനമേഖലകളിൽ താമസിക്കുന്നവർക്ക് പട്ടയം**

116(2779) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ വനമേഖലയോട് ചേർന്ന് താമസിക്കുന്നവർക്ക് പട്ടയം വിതരണം ചെയ്യുന്ന കാര്യത്തിൽ വനം വകുപ്പിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വനാതിർത്തി നിർണ്ണയിച്ച് ജണ്ട കെട്ടി തിരിച്ചിട്ടുള്ളതും, വന ഭൂമി ഇല്ലെന്ന ഉത്തമ ബോദ്ധ്യമുള്ളതുമായ റവന്യൂ/സ്വകാര്യ ഭൂമിക്ക് നിയമാനുസൃതമായ നടപടിക്രമങ്ങൾ പാലിച്ച് പട്ടയം നൽകുന്നതിന് വനം വകുപ്പിന് തടസ്സമില്ല.

(ബി) ഇത്തരം തടസ്സങ്ങൾ പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

തടസ്സങ്ങൾ പരിഹരിക്കുന്നതിനായി റവന്യൂ - വനം വകുപ്പുകളുടെ സംയുക്ത സർവ്വേ നടത്തി പരിഹാരനടപടികൾ സ്വീകരിച്ചുവരുന്നു.

**റാന്നി നിയോജകമണ്ഡലത്തിലെ വനാതിർത്തി നിർണ്ണയ സർവ്വേ**

117(2780) <u>ശ്രീ. പ്രമോദ് നാരായൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിൽ റവന്യൂ - വനം വകുപ്പുകളുടെ സംയുക്ത നേതൃത്വത്തിലുള്ള വനാതിർത്തി നിർണ്ണയ സർവ്വേ പൂർത്തിയാകാത്തതിനാൽ പ്രദേശത്തെ കർഷകർക്കും തലമുറകളായി താമസിച്ചുവരുന്ന കൈവശാവകാശികൾക്കും അർഹതപ്പെട്ട പട്ടയം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

റാന്നി നിയോജകമണ്ഡലത്തിലുൾപ്പെട്ട പത്തനംതിട്ട ജില്ലയിലെ 1-1-1977-ന് മുൻപുള്ള വനഭൂമി കയ്യേറ്റം കണ്ടെത്തുന്നതിനുള്ള വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന 1988-89 കാലഘട്ടത്തിൽത്തന്നെ പൂർത്തിയാക്കിയിട്ടുള്ളതാണ്. അപ്രകാരം പൂർത്തിയായ സംയുക്ത പരിശോധനാ ലിസ്റ്റിലുൾപ്പെടുന്ന 6362 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുവേണ്ടിയുള്ള കേന്ദ്രസർക്കാരിന്റെ അനുമതിക്കായി നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) ഏയ്ഞ്ചൽവാലി അതിർത്തി നിർണ്ണയം പൂർത്തിയാക്കുവാനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കുമോ?

ലഭ്യമായ വിവരങ്ങൾ പ്രകാരം ഏയ്ഞ്ചൽവാലി പ്രദേശത്തെ വനാതിർത്തി നിർണ്ണയം പൂർത്തിയാക്കിയിട്ടുള്ളതാണ്.

(സി) റാന്നി നിയോജകമണ്ഡലത്തിൽ വനാതിർത്തി നിർണ്ണയ സർവ്വേ പൂർത്തിയായ പ്രദേശങ്ങൾ, പൂർത്തിയാക്കാനുള്ള പ്രദേശങ്ങൾ എന്നിവ പട്ടികയായി നൽകാമോ?

റാന്നി നിയോജകമണ്ഡലത്തിൽ വരുന്ന റാന്നി വനം ഡിവിഷനിലെ വനാതിർത്തി നിർണ്ണയം പൂർത്തീകരിച്ചിട്ടുള്ളതാണ്. ആയത് പ്രകാരമുള്ള വനവിസ്തൃതി ഇനം തിരിച്ച് അനുബന്ധമായി * ചേർക്കുന്നു.

(ഡി) വനാതിർത്തി നിർണ്ണയ സർവ്വേ പൂർത്തിയാകുന്നതുവരെ റവന്യൂ-വനം വകുപ്പുകളുടെ സംയുക്ത ഉദ്യോഗസ്ഥതല സ്ഥിരം സമിതിയെ (Special Survey Task Force) നിയോഗിക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കുമോ?

പത്തനംതിട്ട ജില്ലയിലെ റാന്നി നിയോജകമണ്ഡലത്തിലെ റവന്യൂ-വനം വകുപ്പുകളുടെ സംയുക്ത സർവ്വേ പൂർത്തിയാക്കിയിട്ടുള്ളതാണ്. ആകയാൽ ഈ വിഷയത്തിൽ നടപടിയുടെ ആവശ്യമില്ലെന്ന് കാണുന്നു.

**വനപ്രദേശങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്ന പ്രവണത**

118(2781) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനപ്രദേശങ്ങളിൽ വൻതോതിൽ മാലിന്യം നിക്ഷേപിക്കുന്ന പ്രവണത വർദ്ധിച്ചുവരുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വനപ്രദേശങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിലെ വനത്തിലൂടെ കടന്നുപോകുന്ന റോഡുകളിൽ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മാലിന്യങ്ങൾ നിക്ഷേപിക്കുന്ന 121-ഓളം സ്ഥലങ്ങളെ മാപ്പ് ചെയ്തിട്ടുണ്ട് (പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു*).

(ബി) നിലവിലെ വന നിയമപ്രകാരം വനമേഖലയിൽ മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ നടപടി സ്വീകരിക്കാൻ പര്യാപ്തമല്ലാത്തതിനാൽ 1961-ലെ കേരള വനനിയമം സെക്ഷൻ 27-ൽ ഭേദഗതി വരുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

നിലവിലെ വനനിയമം വനമേഖലയിൽ മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ നടപടി സ്വീകരിക്കാൻ പര്യാപ്തമല്ലാത്തതിനാൽ 1961-ലെ കേരള വനനിയമം സെക്ഷൻ 27-ൽ ഭേദഗതി വരുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) നിലവിൽ നിക്ഷേപിക്കപ്പെട്ട മാലിന്യം നീക്കംചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

കേരളത്തിലെ വനത്തിലൂടെ കടന്നുപോകുന്ന റോഡുകളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്ന 121-ഓളം സ്ഥലങ്ങളെ മാപ്പ് ചെയ്തിട്ടുണ്ട്. പ്രോജക്ട് ഗ്രീൻ ഗ്രാസ്സ് പദ്ധതി വഴി വനസംരക്ഷണ സമിതി/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി അംഗങ്ങൾ മുഖേന ടി സ്ഥലങ്ങളിൽ നിക്ഷേപിക്കപ്പെട്ട മാലിന്യം ശേഖരിച്ച് ശാസ്ത്രീയമായി ഖരം, ജൈവം, പ്ലാസ്റ്റിക് എന്നിങ്ങനെ തരം തിരിക്കുന്നു. ഇങ്ങനെ തരം തിരിച്ചവയിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ അതാത് പഞ്ചായത്തുകൾക്ക് കൈമാറുകയും ബാക്കിയുള്ളവ ശാസ്ത്രീയമായി സംസ്കരിക്കുകയും ചെയ്യുന്നു. തദ്ദേശഭരണ വകുപ്പ്, ശുചിത്വ മിഷൻ, ടൂറിസം വകുപ്പ്, പൊതുമരാമത്ത് വകുപ്പ് തുടങ്ങി മറ്റ് സർക്കാർ വകുപ്പുകളുടെ സഹായത്തോടെയാണ് ടി പദ്ധതി നടപ്പിലാക്കി വരുന്നത്. ഈ പദ്ധതിപ്രകാരം വനം വകുപ്പ് വനമേഖലയിൽനിന്നും 31-8-2021 വരെ 1875 ടൺ മാലിന്യം നീക്കം ചെയ്തിട്ടുണ്ട്.

**ബഫർ സോൺ രൂപീകരണം**

119(2782) <u>ശ്രീ. എൻ ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും ഒരു കിലോമീറ്റർ ചുറ്റളവിൽ ബഫർസോൺ രൂപീകരിക്കുമ്പോൾ ഉൾപ്പെടുന്ന ജനസാന്ദ്രത കൂടിയ മേഖലകളെ ഒഴിവാക്കുന്നതിനുള്ള കേരളത്തിന്റെ നിർദ്ദേശത്തിൽ കേന്ദ്രസർക്കാർ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും ബഫർസോൺ (ഇക്കോ സെൻസിറ്റീവ് സോൺ) രൂപീകരിക്കുന്നതിനായി 6 ദേശീയോദ്യാനങ്ങൾക്കും 15 വന്യജീവി സങ്കേതങ്ങൾക്കും 2 കടുവാ സങ്കേതങ്ങൾക്കുമായി 17 കരട് വിജ്ഞാപന ശിപാർശകളാണ് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ളത്. അതിൽ മതികെട്ടാൻഷോല ദേശീയോദ്യാനത്തെ സംബന്ധിച്ച് അന്തിമ വിജ്ഞാപനം 28-12-2020-ൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റ് 16 ശിപാർശകളിൽ പെരിയാർ ടൈഗർ റിസർവ്, നെയ്യാർ & പേപ്പാറ വന്യജീവി സങ്കേതങ്ങളും ഒഴികെയുള്ള കരട് വിജ്ഞാപനങ്ങൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവയുടെ അന്തിമ വിജ്ഞാപനം ആയിട്ടില്ല. പെരിയാർ ടൈഗർ റിസർവ്, നെയ്യാർ, പേപ്പാറ വന്യജീവി സങ്കേതങ്ങൾ എന്നിവയുടെ കരട് വിജ്ഞാപനം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം നാളിതുവരെ പ്രസിദ്ധീകരിച്ചിട്ടില്ല. ഇക്കോ സെൻസിറ്റീവ് സോൺ രൂപീകരിക്കുന്നതിനായി ആദ്യം തയ്യാറാക്കി സമർപ്പിച്ചിരുന്ന കരട് വിജ്ഞാപന നിർദ്ദേശങ്ങളിൽനിന്നും ജനസാന്ദ്രത കൂടിയ പ്രദേശങ്ങൾ ഒഴിവാക്കിക്കൊണ്ട് 15 പ്രൊപ്പോസലുകളിൽ ഭേദഗതി വരുത്തിയ വിജ്ഞാപന ശിപാർശകൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ജനസാന്ദ്രതാ കേന്ദ്രങ്ങൾ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ഇരവികുളം, ചിന്നാർ, കുറിഞ്ഞിമല, പാമ്പാടും ഷോല, ആനമുടി ഷോല എന്നിവ ഉൾപ്പെട്ട ഒരു പ്രൊപ്പോസലിന് ഭേദഗതി വരുത്തേണ്ട ആവശ്യം വന്നിട്ടില്ലാത്തതിനാൽ ഭേദഗതി വരുത്തിയ പ്രൊപ്പോസൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടില്ല. ഇക്കോസെൻസിറ്റീവ് സോൺ രൂപീകരണം സംബന്ധിച്ച് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ എക്സ്പെർട്ട് കമ്മിറ്റി മീറ്റിംഗുകൾ ഈ ഭേദഗതി വരുത്തിയ ശിപാർശകൾ ചർച്ച ചെയ്യുകയും നിർദ്ദേശങ്ങളിൽ വിശദീകരണം ആരായുകയും കൂടുതൽ രേഖകൾ സമർപ്പിക്കുന്നതിനായി നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ആയതുപ്രകാരമുള്ള വിശദീകരണങ്ങളും രേഖകളും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചുവരികയാണ്.

## വനഭൂമിയോട് ചേർന്ന് കൃഷിഭൂമി കൈവശമുള്ള കർഷകർ നേരിടുന്ന പ്രശ്നങ്ങൾ

120(2783) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമിയോട് ചേർന്ന് കൃഷിഭൂമി കൈവശമുള്ള കർഷകർ നേരിടുന്ന പ്രശ്നങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

വിലയിരുത്തിയിട്ടുണ്ട്. വനഭൂമിയോട് ചേർന്ന് കൃഷിഭൂമി കൈവശമുള്ള കർഷകർ നേരിടുന്ന പ്രധാന പ്രശ്നം വന്യമൃഗങ്ങൾ കാരണമുള്ള കൃഷിനാശമാണ്. ആയത് തടയുന്നതിന് താഴെപ്പറയുന്ന പ്രതിരോധമാർഗ്ഗങ്ങളും പരിഹാര മാർഗ്ഗങ്ങളുമാണ് നടപ്പിലാക്കിവരുന്നത്. സോളാർ പവർ ഫെൻസിംഗ്, കിടങ്ങുകൾ, പ്രതിരോധ മതിലുകൾ, ഹാങ്ങിംഗ് ഫെൻസ് എന്നിവ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നിർമ്മിച്ചുവരുന്നുണ്ട്. വന്യമൃഗശല്യംമൂലം ഉണ്ടാകുന്ന കൃഷിനാശത്തിന് നിയമാനുസൃതം അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. വന്യമൃഗ ആക്രമണങ്ങളിൽ ജീവഹാനി സംഭവിക്കുകയോ അംഗവൈകല്യം സംഭവിക്കുകയോ ചികിത്സ നടത്തേണ്ടിവരികയോ ചെയ്താൽ നഷ്ടപരിഹാരവും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നൽകിവരുന്നുണ്ട്. കൃഷിയിടങ്ങളിലെ കാട്ടുപന്നി ശല്യം ഒഴിവാക്കുന്നതിന്റെ ഭാഗമായി സർക്കാർ നിർദ്ദേശാനുസരണം കാട്ടുപന്നികളെ നിയന്ത്രിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. വന്യജീവികൾ ജലലഭ്യതയ്ക്കായി കൃഷി പ്രദേശങ്ങളിൽ പ്രവേശിക്കുന്നത് തടയാൻ വനത്തിനകത്ത് കുളങ്ങൾ, ചെക്ക്ഡാം, സോസർപിറ്റ് എന്നിവ നിർമ്മിച്ചിട്ടുള്ളതുമാണ്. കൃഷിയിടങ്ങളിൽ ഇറങ്ങുന്ന വന്യമൃഗങ്ങളെ തിരികെ കാട്ടിലേയ്ക്ക് കയറ്റി വിടുന്നതിന് ദ്രുതകർമ്മസേനയുടെ പ്രവർത്തനവും വാച്ചർമാരുടെ സേവനവും ലഭ്യമാക്കിവരുന്നുണ്ട്.

(ബി) വനഭൂമിയോട് ചേർന്നതും നിയമാനുസൃതം രേഖകളുമുള്ള ഭൂമിയിൽ പ്രസ്തുത കർഷകർക്ക് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

വനാതിർത്തി നിർണ്ണയിച്ചിട്ടുള്ളതും വനഭൂമിയോട് ചേർന്നതും നിയമാനുസൃതം രേഖകളുമുള്ള സ്വകാര്യഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് വനം വകുപ്പിന് തടസ്സമില്ല. വനാതിർത്തി നിർണ്ണയിച്ചിട്ടില്ലാത്തതും വനമാണോ അല്ലയോ എന്ന് തർക്കമുള്ള ഭൂമിയിലും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് റവന്യൂ - വനം വകുപ്പുകളുടെ സർവ്വേയിലൂടെ പരിശോധന നടത്തി പ്രശ്നം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) പ്രസ്തുത കർഷകർക്ക് സഹായമെത്തിക്കുന്നതിനായി ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികളുടെ പ്രവർത്തനം വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് പങ്കാളിത്ത വനപരിപാലനത്തിലൂടെ വനവൽക്കരണ-വനസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നതിന്റെ ഭാഗമായി വനസംരക്ഷണ

സമിതികൾ (VSSs), ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ (EDCs) രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. വനത്തിന്റെ അഭിവൃദ്ധി, വനവിഭവങ്ങളുടെ സ്ഥിരലഭ്യത ഉറപ്പാക്കുക, നിയമാനുസൃതവും നീതിപൂർവ്വവുമായവിധം വനവിഭവങ്ങൾ വിനിയോഗിക്കുക, വനങ്ങൾ സംരക്ഷിക്കുക, വനത്തിലും വനത്തോട് ചേർന്ന് താമസിക്കുന്ന ജനങ്ങളുടെ സഹകരണത്തോടെ പങ്കാളിത്ത വനപരിപാലനം നടത്തുക, വനാശ്രിത സമൂഹങ്ങളുടെ സാമ്പത്തികനില മെച്ചപ്പെടുത്തുക, പങ്കാളിത്ത വനപരിപാലന പ്രദേശത്തെ കയ്യേറ്റം, കാലിമേച്ചിൽ, കാട്ടുതീ, വേട്ടയാടൽ, മോഷണം എന്നിവയിൽനിന്നും സംരക്ഷിക്കുക, ഗ്രാമീണർക്ക് പ്രകൃതി സംരക്ഷണത്തിന്റെയും വനസംരക്ഷണത്തിന്റെയും പ്രാധാന്യം മനസ്സിലാക്കി കൊടുക്കുക മുതലായവയാണ് വനസംരക്ഷണ സമിതികളുടെയും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളുടെയും പ്രധാന ചുമതലകൾ. കർഷകരടക്കമുള്ള വനാശ്രിത സമൂഹത്തിന് ഗുണകരമായ രീതിയിൽ VSS/EDC-കളുടെ പങ്കാളിത്ത വനപരിപാലന പ്രവർത്തനങ്ങൾ കാലാനുസൃതമായി വിപുലീകരിക്കാറുണ്ട്. ഇതിന്റെ ഭാഗമായി VSS/EDC-കളുടെ സൂക്ഷ്മാസൂത്രണ രേഖകൾ (Micro Plans) പുതുക്കിവരുന്നു.

## വനഭൂമിക്ക് പട്ടയം നൽകുന്നതിന് റവന്യൂ-വനം വകുപ്പുകളുടെ സംയുക്ത പരിശോധന

121(2784) <u>ശ്രീ. പി. ഉബൈദുള്ള</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമിക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് റവന്യൂ-വനം വകുപ്പുകൾ സംയുക്ത പരിശോധന നടത്തി കൈവശക്കാരുടെ പട്ടിക സംസ്ഥാനത്തെ എല്ലാ ജില്ലകളിലും തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

വനം സർക്കിൾ കൺസർവേറ്റർമാർ നൽകിയ റിപ്പോർട്ടുപ്രകാരം സ്വാഭാവിക വനമേഖല ഇല്ലാത്ത ആലപ്പുഴ ജില്ല ഒഴികെ മറ്റെല്ലാ ജില്ലകളിലും വനഭൂമിക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് റവന്യൂ-വനം വകുപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടുണ്ട്. കൈവശക്കാരുടെ പട്ടിക തയ്യാറാക്കുന്നത് റവന്യൂ വകുപ്പാണ്. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാക്കാൻ പത്തനംതിട്ട ജില്ലയിലെ സംയുക്ത പരിശോധനാ പട്ടിക സമ്പൂർണ്ണമായി ഉൾപ്പെടുത്തിയിട്ടുള്ള അപേക്ഷ ജില്ലാ കളക്ടർ PARIVESH ONLINE PORTAL മുഖേന അപ്‌ലോഡ് ചെയ്തിട്ടുള്ളതാണ്. മറ്റ് ജില്ലകളിലെ ജില്ലാ കളക്ടർമാർ യഥാവിധി പട്ടിക തയ്യാറാക്കി PARIVESH ONLINE PORTAL മുഖേന അപ്‌ലോഡ് ചെയ്തിട്ടില്ല.

(ബി) ഇപ്രകാരം തയ്യാറാക്കിയ പട്ടിക കേന്ദ്രാനുമതിക്ക് അയച്ചിട്ടുണ്ടോ; എങ്കിൽ കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികൾ വിശദീകരിക്കാമോ?

പത്തനംതിട്ട ജില്ലയിലെ 1-1-1977-ന് മുമ്പുള്ള വനഭൂമി കയ്യേറിയവരുടെ സംയുക്ത പരിശോധനാ ലിസ്റ്റ് 1980-ലെ കേന്ദ്ര വനസംരക്ഷണ നിയമമനുസരിച്ച് കേന്ദ്രാനുമതി ലഭിക്കുന്നതിനായുള്ള പ്രൊപ്പോസൽ ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുണ്ട്. ടി പ്രോപ്പോസലിൽ 6362 കുടുംബങ്ങൾ സംയുക്ത പരിശോധനാ ലിസ്റ്റ് പ്രകാരം ഉൾപ്പെടുന്നതും മൊത്തമായി 1970.04 ഹെക്ടർ വനഭൂമി ഉൾപ്പെട്ടുവരുന്നതും നിലവിൽ കേന്ദ്രാനുമതി ലഭ്യമായിട്ടില്ലാത്തതുമാണ്. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയ സംഘം 15-9-2021, 16-9-2021 തീയതികളിലായി ഈ കയ്യേറ്റ പ്രദേശങ്ങൾ പരിശോധിച്ചിട്ടുള്ളതാണ്. കേന്ദ്രസർക്കാരിന്റെ പരിഗണനയിലിരിക്കുന്ന ടി പ്രൊപ്പോസലിന്മേലുള്ള നടപടികൾ ത്വരിത ഗതിയിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്. മറ്റ് ജില്ലകളിലെ ജില്ലാ കളക്ടർമാർ യഥാവിധി അപേക്ഷകൾ നാളിതുവരെ സമർപ്പിച്ചിട്ടില്ല.

(സി) 1-1-1977-ന് മുമ്പ് വനഭൂമി കയ്യേറിയതാണെന്ന് സ്ഥിരീകരിച്ചിട്ടുള്ള പ്രദേശങ്ങളിൽ അതിർത്തി നിർണ്ണയം പൂർത്തിയാക്കിയിട്ടുണ്ടോ; അർഹതപ്പെടാത്തവർ പട്ടയ ലിസ്റ്റിൽ കടന്നുകൂടിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

1-1-1977-ന് മുമ്പുള്ള വനഭൂമി കയ്യേറിയതാണെന്ന് സ്ഥിരീകരിച്ചിട്ടുള്ള പ്രദേശങ്ങളിൽ അതിർത്തി നിർണ്ണയം പുരോഗമിക്കുന്നു. അർഹതപ്പെടാത്തവർ പട്ടയ ലിസ്റ്റിൽ കടന്നുകൂടിയെന്ന ആക്ഷേപം ചിലയിടങ്ങളിൽ ഉയർന്നുവന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിച്ച് തുടർനടപടികളെടുത്തുവരുന്നുണ്ട്.

**വൃക്ഷത്തൈകൾ പരിപാലനം**

122(2785) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സാമൂഹ്യ വനവൽക്കരണത്തിന്റെയും പരിസ്ഥിതി ദിനാചരണത്തിന്റെയും ഭാഗമായി നടുന്ന വൃക്ഷത്തൈകൾ പരിപാലിക്കുന്നതിന് നിലവിൽ എന്ത് സംവിധാനമാണുള്ളതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് വനമഹോത്സവത്തിന്റെയും പരിസ്ഥിതി ദിനാചരണത്തിന്റെയും ഭാഗമായി വിതരണം ചെയ്യുന്ന വൃക്ഷത്തൈകളുടെ സംരക്ഷണവും പരിപാലനവും സ്ഥലത്തിന്റെ ഉടമസ്ഥതയിലുള്ള വകുപ്പുകളിലും സംഘടനകളിലും

വ്യക്തികളിലുമാണ് നിക്ഷിപ്തമായിരിക്കുന്നത്. എന്നാൽ വിദ്യാർത്ഥികൾക്കും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നൽകുന്ന തൈകളുടെ അതിജീവനം ഉറപ്പാക്കാൻ പൊതു വിദ്യാഭ്യാസ വകുപ്പും ഉന്നതവിദ്യാഭ്യാസ വകുപ്പും തദ്ദേശ സ്വയംഭരണവകുപ്പും എല്ലാ കൊല്ലവും സർക്കുലറുകൾ ഇറക്കുന്നുണ്ട്. സ്കൂൾതലത്തിൽ അദ്ധ്യാപകർ, പി.റ്റി.എ പ്രതിനിധി, വിദ്യാർത്ഥി പ്രതിനിധി, വാർഡ് മെമ്പർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയും കോളേജുതലത്തിൽ പ്രിൻസിപ്പലിന്റെ പ്രതിനിധിയും പരിസ്ഥിതി പ്രവർത്തകർ, പഞ്ചായത്ത് പ്രസിഡന്റ്/നോമിനി, എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയും പഞ്ചായത്തുതലത്തിൽ പഞ്ചായത്ത് പ്രസിഡന്റ്, ക്ഷേമകാര്യ സ്ഥിരം സമിതി അദ്ധ്യക്ഷൻ എന്നിവരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർ, സ്കൂൾ ഹെഡ്മാസ്റ്റർമാർ, സന്നദ്ധ സംഘടനാ പ്രതിനിധികൾ, പൊതുപ്രവർത്തകർ എന്നിവർ അംഗങ്ങളായ 15-ൽ കൂടാത്ത അംഗസംഖ്യയുള്ള കമ്മിറ്റിയുമാണ് നട്ടുപിടിപ്പിച്ച തൈകളുടെ നിലനിൽപ്പും വളർച്ചയും വിലയിരുത്തുന്നതിനും അതിജീവന ശതമാനം ഉറപ്പിക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്. ഇപ്രകാരമുള്ള കമ്മിറ്റികൾ പഞ്ചായത്തുതലത്തിലും സ്കൂൾ, കോളേജ് തലങ്ങളിലും രൂപീകരിച്ച് നടപ്പിലാക്കാനുള്ള സംവിധാനം വനം വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിതരണം ചെയ്ത തൈകളുടെ എണ്ണം, നടീൽ, അതിജീവനം എന്നിവ സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. രജിസ്റ്ററുകൾ സോഷ്യൽ ഫോറസ്ട്രി വിഭാഗം പരിശോധനാവിധേയമാക്കി തുടർനിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. സർക്കാർ വക സ്ഥാപനങ്ങളോടനുബന്ധിച്ച് നട്ടുപിടിപ്പിക്കുന്ന വൃക്ഷത്തൈകളുടെ പരിപാലനത്തിന് MoU തയ്യാറാക്കി അതാത് സ്ഥാപനങ്ങളെ ചുമതലയേൽപ്പിച്ച് അതിജീവനം ഉറപ്പാക്കുന്നു.

**കുറ്റ്യാടി മണ്ഡലത്തിൽ സാമൂഹ്യ വനവത്കരണ പദ്ധതി**

123(2786) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷത്തിൽ കുറ്റ്യാടി മണ്ഡലത്തിൽ സാമൂഹ്യവനവത്കരണം പദ്ധതി എത്ര വിസ്തൃതിയിൽ നടപ്പിലാക്കിയിട്ടുണ്ടെന്നറിയിക്കാമോ?

സാമൂഹ്യ വനവത്കരണ പദ്ധതി കുറ്റ്യാടി മണ്ഡലത്തിൽ വനം വകുപ്പ് നേരിട്ട് നടത്തിയിട്ടില്ല. സാമൂഹ്യവനവൽക്കരണ വിഭാഗം ഉൽപ്പാദിപ്പിച്ച തൈകൾ പഞ്ചായത്തുകൾ ഏറ്റുവാങ്ങി വച്ചുപിടിപ്പിക്കുന്നുണ്ട്. ദേശീയപാതാ വികസനത്തിനായി മുറിച്ച മരങ്ങൾക്കുപകരം മരങ്ങൾ വച്ചുപിടിപ്പിക്കുന്ന പ്രവൃത്തി

കുറ്റ്യാടി മണ്ഡലത്തിനകീഴിൽ കോട്ടപ്പള്ളി എന്ന സ്ഥലത്ത് കനാൽ പരിസരത്ത് നടത്തിയിട്ടുണ്ട്. ഇവിടെ 7328 തൈകൾ ഉദ്ദേശം 6 ഹെക്ടർ സ്ഥലത്ത് വച്ചുപിടിപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി ഏതൊക്കെ പ്രദേശങ്ങളിലാണ് നടപ്പിലാക്കിയതെന്നറിയിക്കാമോ;

(സി) ഈ മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്ന പ്രദേശങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

(ബി&സി) ഭാവിയിൽ തൈകൾ നട്ടുപിടിപ്പിക്കാനുള്ള സ്ഥലങ്ങൾ നിലവിൽ തീരുമാനിച്ചിട്ടില്ല.

**സാമൂഹ്യ വനവൽക്കരണ പ്രവർത്തനങ്ങളുടെ കണക്ക്**

124(2787) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ വനവൽക്കരണവുമായി ബന്ധപ്പെട്ട് കഴിഞ്ഞ പത്ത് വർഷത്തെ പ്രധാന പ്രവർത്തനങ്ങളും ചെലവാക്കിയ തുകയും എത്രത്തോളം വനവൽക്കരണം നടത്തിയെന്നതും സംബന്ധിച്ച കണക്ക് വർഷം തിരിച്ച് ലഭ്യമാക്കുമോ?

1. ഹരിതകേരളം പദ്ധതിവഴി വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു.

2. കാവുകൾ സംരക്ഷിക്കുന്നതിനായി ഉടമകൾക്ക് ധനസഹായം നൽകിവരുന്നു.

3. കണ്ടൽ വനങ്ങൾ വച്ചുപിടിപ്പിച്ച് സംരക്ഷണം നൽകുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകിവരുന്നു. കൂടാതെ അനുയോജ്യമായ സ്ഥലങ്ങളിൽ കണ്ടൽച്ചെടികൾ വച്ചുപിടിപ്പിക്കുന്നതിന് കണ്ടൽച്ചെടികൾ ഉൽപ്പാദിപ്പിച്ച് നൽകിവരുന്നു.

4. കടലോരം, കായലോരം, പുഴയോരം, കനാൽത്തീരം, പാതയോരങ്ങൾ, റെയിൽവേയുടെ അധീനതയിലുള്ള ഭൂമി, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളുടെ തരിശായ സ്ഥലം എന്നിവിടങ്ങളിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നുണ്ട്.

5. കടലാമ സംരക്ഷണം, പക്ഷി സംരക്ഷണം എന്നീ പ്രവർത്തനങ്ങൾ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ നടപ്പാക്കിവരുന്നു.

6. പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ വർഷവും വനമിത്ര പുരസ്കാരം നൽകിവരുന്നു.

7. സ്വകാര്യ ഭൂമികളിൽ തടിയുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി 10 ഇനം വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകിവരുന്നു.

8. സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ ജലാശയ പുനരുദ്ധാരണവും മറ്റ് പരിസ്ഥിതി ശുദ്ധീകരണ പ്രവർത്തനങ്ങളും നടപ്പാക്കിവരുന്നു.

9. സ്കൂൾ, കോളേജ് തലത്തിൽ ഫോറസ്ട്രി ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. സ്കൂളുകൾ കേന്ദ്രീകരിച്ച് വിദ്യാവനം എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഔഷധ സസ്യ ഉദ്യാനം, ചിത്രശലഭ പാർക്ക് എന്നിവ ക്ലബ്ബിന്റെ ഭാഗമായി ചില സ്ഥാപനങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്.

10. നേച്ചർ സ്റ്റഡി സെന്റർ കാലടിയിൽ മംഗളവനം പക്ഷിസങ്കേതം സോഷ്യൽ ഫോറസ്ട്രിയുടെ കീഴിൽ പ്രവർത്തിച്ചുവരുന്നു.

11. വിദ്യാർത്ഥികൾ, കുടുംബശ്രീ പ്രവർത്തകർ, റസിഡന്റ്സ് അസോസിയേഷൻ അംഗങ്ങൾ എന്നിവർക്ക് പരിസ്ഥിതി സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനായി ക്ലാസ്സുകളും ക്യാമ്പ്, സെമിനാർ, എക്സിബിഷൻ എന്നിവയും നടത്തിവരുന്നു.

12. സ്കൂളുകൾ കേന്ദ്രീകരിച്ച് വിദ്യാവനം എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

13. പൊതുജനങ്ങളെയും വിദ്യാർത്ഥികളെയും പരിസ്ഥിതി സംരക്ഷണം, വനം-വന്യജീവി സംരക്ഷണം എന്നിവയുടെ പ്രാധാന്യത്തെപ്പറ്റി ബോധവൽക്കരിക്കുന്നതിനായി അരണ്യം മാസിക പ്രസിദ്ധീകരിച്ചു വരുന്നു. സംസ്ഥാനത്ത് സാമൂഹ്യ വനവത്കരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ചെലവാക്കിയ തുക അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ കാലയളവിൽ പ്രസ്തുത വനൽക്കരണപ്രവർത്തനം നടത്താതെ കോൺട്രാക്ടർമാർ വഴി സർക്കാരിന്റെ പണം ദുരുപയോഗം ചെയ്യുന്നത് സംബന്ധിച്ച എത്ര പരാതികൾ ഓരോ വർഷവും ലഭ്യമായി; അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെ; വിശദാംശം നൽകുമോ;

(സി) ഇപ്രകാരം നഷ്ടപ്പെട്ട ധനം വീണ്ടെടുത്തതെത്ര; വിശദാംശം ലഭ്യമാക്കുമോ?

(ബി&സി) വനം വകുപ്പിൽ കരാർ വ്യവസ്ഥ നിലവിൽ വന്നതിനുശേഷം കൊല്ലം സോഷ്യൽ ഫോറസ്ട്രി റീജിയന് കീഴിലുള്ള ആലപ്പുഴ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ ഒരു പരാതി ലഭിച്ചിട്ടുണ്ട്. ആയത് പുനലൂർ ഫ്ലൈയിംഗ് സ്ക്വാഡ് വിഭാഗം അന്വേഷണം നടത്തി പരാതി വ്യാജമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കൂടാതെ കോഴിക്കോട് റീജിയന് കീഴിലുള്ള മലപ്പുറം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ 2018-ൽ ഒരു പരാതി ലഭിച്ചിട്ടുണ്ട്. ഈ പരാതിയിൽ കോഴിക്കോട് ഫ്ലൈയിംഗ് സ്ക്വാഡ് ഡി.എഫ്.ഒ. അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ടിൽ നഴ്സറികൾ നിർമ്മിക്കാതെ വെള്ളപ്പൊക്കത്തിൽ തൈകൾ നഷ്ടപ്പെട്ടു എന്നുപറഞ്ഞുകൊണ്ട് തട്ടിപ്പ് നടത്തിയിട്ടില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്.

**കാവുകൾ സംരക്ഷിക്കുന്നതിനായുള്ള പദ്ധതികൾ**

125(2788) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാവുകൾ സംരക്ഷിക്കുന്നതിനായി സോഷ്യൽ ഫോറസ്ട്രി വഴി നടത്തിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കാമോ?

കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി 24/12/2016-ലെ സ.ഉ.(സാധാ)നമ്പർ 485/16/വനം പ്രകാരം ഒരു പദ്ധതി നിലവിലുണ്ട്. ടി പദ്ധതി പ്രകാരം കാവുകളുടെ സംരക്ഷണ/പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിലേയ്ക്കായി എല്ലാ വർഷവും അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് പത്രക്കുറിപ്പ് നൽകുകയും അപ്രകാരം ലഭ്യമാകുന്ന അപേക്ഷകളിൽ സ്ഥലപരിശോധന നടത്തി ഏറ്റവും അനുയോജ്യമായതും നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ നിശ്ചിത എണ്ണം കാവുകളുടെ പേരുവിവരങ്ങൾ സംസ്ഥാനതല വിദഗ്ദ്ധ സമിതിക്ക് സമർപ്പിക്കുകയും ചെയ്യുന്നു. ആയതിൽനിന്നും തെരഞ്ഞെടുക്കുന്ന കാവുകൾ അടുത്ത 5 വർഷത്തെ പ്രവർത്തന വിവരങ്ങൾ അടങ്ങിയതും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരമുള്ളതുമായ സൂക്ഷ്മാസൂത്രണരേഖ തയ്യാറാക്കി

സമർപ്പിക്കുകയും ആയത് അംഗീകരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പുമായി ചേർന്ന് ധാരണാപത്രം ഒപ്പുവയ്ക്കുകയും അടുത്ത 5 വർഷത്തേയ്ക്ക് ടി കാവുകൾക്ക് ദീർഘകാലാടിസ്ഥാനത്തിൽ ധനസഹായം നൽകിവരികയും ചെയ്യുന്നതാണ് പദ്ധതി.

(ബി) കോഴിക്കോട് ജില്ലയിൽ 2020-21 വർഷത്തിൽ ഏതെല്ലാം കാവുകളാണ് സംരക്ഷിക്കാൻ സർക്കാർ ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കോഴിക്കോട് ജില്ലയിൽ 2020-21-ൽ 3 കാവുകൾക്ക് ധനസഹായം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. എങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം നൽകിയിട്ടില്ല. കാവുകൾ - പന്തലായനി അയ്യപ്പൻകാവ്, കക്കോടി, ചാലോറ ക്ഷേത്രം, പന്തലായനി, വരിശ്യക്കുനി ക്ഷേത്രം, ചോറോട്.

(സി) ബാലുശ്ശേരി മണ്ഡലത്തിൽ ഉൾപ്പെടുന്ന ഏതെങ്കിലും കാവുകൾ സംരക്ഷിക്കുന്നതിനായി 2020-21 വർഷത്തിൽ അപേക്ഷ ലഭിച്ചിരുന്നോ; വിശദാംശം നൽകാമോ?

2020-21-ൽ ബാലുശ്ശേരി മണ്ഡലത്തിൽ ഉൾപ്പെടുന്ന മാതോങ്കണ്ടി അത്തിക്കോട് കോട്ട, ഉള്ള്യേരി എന്ന കാവിന്റെ അപേക്ഷ ലഭിച്ചിട്ടുണ്ട്.

**ചാത്തന്നൂർ മണ്ഡലത്തിലെ സാമൂഹ്യ വനവത്കരണ പരിപാടികൾ**.

126(2789) <u>ശ്രീ. ജി. എസ്. ജയലാൽ</u>**:** താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമൂഹ്യ വനവത്കരണത്തിന്റെ ഭാഗമായി ചാത്തന്നൂർ മണ്ഡലത്തിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

ചാത്തന്നൂർ മണ്ഡലത്തിൽപ്പെടുന്ന ചാത്തന്നൂർ എസ്. എൻ. കോളേജ് കോമ്പൗണ്ടിൽ സ്ഥാപന വനവൽക്കരണത്തിന്റെ ഭാഗമായി നട്ടു പിടിപ്പിക്കുന്നതിന് 2000 വൃക്ഷത്തൈകൾ നൽകിയിട്ടുള്ളതും വനമഹോത്സവത്തിന്റെ ഭാഗമായി നട്ടുപിടിപ്പിച്ചിട്ടുള്ളതുമാണ്. മണ്ഡലത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ, എൻ.ജി.ഒ.-കൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ മുഖാന്തരം പരിസ്ഥിതി ദിനം മുതൽ വനമഹോത്സവം വരെയുള്ള കാലയളവിൽ നട്ടുപിടിപ്പിക്കുന്നതിനായി വൃക്ഷത്തൈകൾ സൗജന്യമായി വിതരണം ചെയ്തിട്ടുള്ളതാണ്. ജില്ലയിലെ മറ്റ് നിയമസഭാ മണ്ഡലങ്ങളിലെന്ന പോലെ ചാത്തന്നൂർ മണ്ഡലത്തിലും അർഹരായ കാവ്/കണ്ടൽ ഉടമസ്ഥർക്ക് ധനസഹായം നൽകുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. മണ്ഡലത്തിലെ

വിവിധ വികസന ആവശ്യങ്ങൾക്കായി മരങ്ങൾ മുറിക്കുന്നതിനുള്ള അനുമതി നൽകുന്നതും വില നിർണ്ണയ റിപ്പോർട്ട് നൽകുന്നതും ജില്ലയിലെ സാമൂഹിക വനവൽക്കരണ വിഭാഗമാണ്. ഇതിനുപുറമെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. മണ്ഡലത്തിലെ വിവിധ സ്കൂളുകളിലും സ്ഥാപനങ്ങളിലും നക്ഷത്രവന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

### നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കാവും കുളവും പദ്ധതി

127(2790) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാവും കുളവും പദ്ധതിയിൽ നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ ഏതൊക്കെ സ്ഥലങ്ങളിലാണ് ഫണ്ട് നൽകിയതെന്ന് വിശദമാക്കാമോ;

(ബി) 2016 മുതൽ 2021 മാർച്ച് വരെ ഓരോ സ്ഥലത്തും അനുവദിച്ച തുകയും പേരുവിവരവും വ്യക്തമാക്കാമോ?

(എ&ബി) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2016 മുതൽ ഫണ്ട് അനുവദിച്ച കാവുകളുടെ വിശദാംശവും തുകയും അനുബന്ധമായി* ചേർക്കുന്നു.

### വിദ്യാവനം പദ്ധതി

128(2791) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം സ്കൂളുകളിലാണ് വിദ്യാവനം പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

സംസ്ഥാനത്തൊട്ടാകെ 2020-21 വർഷത്തിൽ 14 ജില്ലകളിലായി 21 വിദ്യാവനങ്ങൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. 2021-22 വർഷത്തിൽ 14 ജില്ലകളിലായി 26 വിദ്യാവനങ്ങൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. (ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.)

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

വിദ്യാലയങ്ങളിൽ വളരെ ചുരുങ്ങിയ സ്ഥലത്ത് സ്വാഭാവിക വനങ്ങളുടെ സാദൃശ്യമുള്ള, അതിസാന്ദ്രതയിൽ നട്ടുവളർത്തിയെടുക്കുന്ന ചെറുവനങ്ങളാണ്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിദ്യാവനങ്ങൾ. ചുരുങ്ങിയ ചെലവിൽ വിഭവങ്ങൾ ഫലപ്രദമായി പ്രയോജനപ്പെടുത്തി വിദ്യാർത്ഥികളിൽ ജൈവവൈവിദ്ധ്യ സംരക്ഷണ ബോധം വളർത്തിയെടുക്കുന്നതിനും വൃക്ഷങ്ങൾ നട്ടുവളർത്തുന്നതിനുള്ള പ്രായോഗിക പരിശീലനം നൽകുകയെന്ന് ഉദ്ദേശിച്ചാണ് വിദ്യാവനങ്ങൾ നിർമ്മിക്കുന്നത്. കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലേയും കോളേജുകളിലേയും ഫോറസ്ട്രി ക്ലബ്ബുകളിലൂടെ വിദ്യാർത്ഥികളുടെ സജീവ പങ്കാളിത്തത്തോടെയാണ് ഈ പരിപാടിയുടെ ആസൂത്രണവും നടത്തിപ്പും തുടർന്നുള്ള പരിപാലനവും വിലയിരുത്തലും നിർവ്വഹിക്കുന്നത്. ജൈവ രീതികളിലൂടെ മണ്ണിന്റെ ഫലഭ്രയിഷ്ഠി വർദ്ധിപ്പിക്കുക, ജല ആഗിരണശേഷി വർദ്ധിപ്പിക്കുക, വൃക്ഷാവരണങ്ങളുടെ വിവിധ തട്ടുകളിൽ വരുന്ന തദ്ദേശീയ ഇനങ്ങളായ ഔഷധികൾ, കുറ്റിച്ചെടികൾ, വള്ളിച്ചെടികൾ, മരങ്ങൾ എന്നിവ അതിസാന്ദ്രതയിൽ നട്ടുപിടിപ്പിച്ച് പരിപാലിക്കുകയാണ് ഈ പദ്ധതിയുടെ പ്രത്യേകത. ഇതുമൂലം ഉദ്ദേശം പത്തുപതിനഞ്ച് വർഷങ്ങൾക്കുള്ളിൽത്തന്നെ ജൈവവൈവിദ്ധ്യ സമ്പുഷ്ടമായ പൂർണ്ണ വളർച്ചയെത്തിയ വനങ്ങൾ ചുരുങ്ങിയ സ്ഥലത്ത് നിർമ്മിച്ചെടുക്കാൻ സാധിക്കുന്നു. തദ്ദേശീയ സസ്യങ്ങൾ തെരഞ്ഞെടുക്കുമ്പോൾ പ്രദേശിക കാലാവസ്ഥയും മണ്ണിന്റെ ഘടനയും യോജിക്കുന്ന ഫലവൃക്ഷങ്ങൾക്കും ഔഷധ സസ്യങ്ങൾക്കും പ്രത്യേക പരിഗണന നൽകുന്നു.

(സി) പ്രസ്തുത പദ്ധതി സ്കൂളുകളിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഈ പദ്ധതിയുടെ നടത്തിപ്പിന് ഒരു വിദ്യാവനത്തിന് ഏറ്റവും കുറഞ്ഞത് 5 സെന്റ് സ്ഥലമെങ്കിലും ആവശ്യമാണ്. ഈ പദ്ധതിയുടെ നടത്തിപ്പിനായി ഒരു വിദ്യാവനത്തിന് വനം വകുപ്പ് പരമാവധി 2 ലക്ഷം രൂപ വരെ ചെലവുകൾക്കായി നൽകുന്നു. പ്രസ്തുത ഫോറസ്ട്രി ക്ലബ്ബുകളുടെ ഉത്തരവാദിത്വത്തിലായിരിക്കും വിദ്യാവനങ്ങളുടെ തുടർന്നുള്ള പരിചരണവും മേൽനോട്ടവും.

## ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി

129(2792) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം എന്താണെന്നറിയിക്കുമോ; സംസ്ഥാനത്ത് എവിടെയെല്ലാമാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ?

കാലാവസ്ഥാ വ്യതിയാനം രാജ്യത്തെ വനങ്ങൾ ഉൾപ്പെടെയുള്ള പ്രകൃതി സമ്പത്തിന് കാതലായ മാറ്റം വരുത്തുമെന്നും സർവ്വോപരി ജനജീവിതത്തേയും പ്രകൃതിയുടെ നിലനിൽപ്പിനെത്തന്നെയും സാരമായി ബാധിക്കുമെന്നുമുള്ള തിരിച്ചറിവിലൂടെയാണ് കാലാവസ്ഥാ വ്യതിയാനത്തെ ഫലപ്രദമായി നേരിടുന്നതിനായി കേന്ദ്രസർക്കാർ വിഭാവനം ചെയ്ത എട്ട് മിഷനുകളിലുൾപ്പെടുത്തി ഗ്രീൻ ഇന്ത്യ മിഷൻ എന്ന പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിവരുന്നത്. രാജ്യത്തെ വനസമ്പത്ത് വർദ്ധിപ്പിക്കൽ, പരിസ്ഥിതി സംരക്ഷണം, വനവിസ്തൃതി വർദ്ധനവ്, സോഷ്യൽ ഫോറസ്ട്രി-അഗ്രോ ഫോറസ്ട്രിയുടെ വിപുലീകരണം, തണ്ണീർത്തട സംരക്ഷണം എന്നിവയാണ് പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ. അതോടൊപ്പം പദ്ധതി പ്രവർത്തനങ്ങളിലെ പങ്കാളിത്തത്തിലൂടെ വനാശ്രിത സമൂഹത്തിന്റെ ജീവിത നിലവാരം മെച്ചപ്പെടുത്തുക, കാവുസംരക്ഷണം, ജലസ്രോതസ്സുകളുടെ സംരക്ഷണം, പുനരുപയോഗക്ഷമമായ ഇന്ധനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കൽ എന്നിവയും പദ്ധതി ലക്ഷ്യങ്ങളാണ്. നീർത്തടാധിഷ്ഠിത പദ്ധതിയായി വിഭാവനം ചെയ്തതിലൂടെ ദീർഘകാല അടിസ്ഥാനത്തിൽ തണ്ണീർത്തടങ്ങളുടെയും നീർമറി പ്രദേശങ്ങളുടെയും സംരക്ഷണവും അതിലൂടെ വനമേഖലയിൽ ഉൾപ്പെടെ വർഷം മുഴുവൻ ജലലഭ്യത ഉറപ്പുവരുത്താനും പദ്ധതി ലക്ഷ്യമിടുന്നു. പദ്ധതി പ്രവർത്തനങ്ങളിൽ തദ്ദേശീയരായ വനാശ്രിതരെ നിയോഗിച്ചുവരുന്നതിലൂടെ അവരുടെ ഉപജീവനം മെച്ചപ്പെടുത്തുന്നതിനും ജീവിത നിലവാരം ഉയർത്തുന്നതിനും സഹായകരമാകുന്നു. ഗ്രീൻ ഇൻഡ്യ മിഷൻ പദ്ധതി സംസ്ഥാനത്തെ 36 വന വികാസ ഏജൻസികൾ (FDAs) വഴി സംസ്ഥാനമൊട്ടാകെ നടപ്പിലാക്കിവരുന്നു. ഇപ്രകാരം ലഭിക്കുന്ന ഫണ്ട് വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടുകൂടി വന സംരക്ഷണ സമിതി/ ഇക്കോഡെവലപ്മെന്റ് കമ്മിറ്റികൾ അംഗീകൃത പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നതിനായി വിനിയോഗിക്കുന്നു. തന്മൂലം ആദിവാസികളടക്കമുള്ള വനാശ്രിത സമൂഹത്തിന് തൊഴിൽ ലഭ്യമാക്കുന്നതിനോടൊപ്പം വനവൽക്കരണ-വനസംരക്ഷണ പ്രവൃത്തികൾ ജനപങ്കാളിത്തത്തോടുകൂടി നടപ്പിലാക്കാനും കഴിയുന്നു.

(ബി) രണ്ട് മഹാപ്രളയമുണ്ടായിട്ടും കാലാവസ്ഥാ വ്യതിയാനം ഉയർത്തുന്ന വെല്ലുവിളികളെ പ്രതിരോധിക്കാൻ സഹായിക്കുന്ന ഈ ഫണ്ട് സംസ്ഥാനത്തിന് ഫലപ്രദമായി ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യമുണ്ടോ; എങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ; ഈ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ?

കാലാവസ്ഥാ വ്യതിയാനം ഉയർത്തുന്ന വെല്ലുവിളികളെ പ്രതിരോധിക്കാൻ ഗ്രീൻ ഇൻഡ്യാ മിഷൻ പദ്ധതിക്കായി അനുവദിച്ചിട്ടുള്ള ഫണ്ട് ഉപകാരപ്രദമാണ്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം കുറയ്ക്കുന്നതിനായി പരമാവധി കാർബൺ സംഭരണത്തോടൊപ്പം ജൈവവൈവിദ്ധ്യം, ജല സംരക്ഷണം തുടങ്ങിയ പാരിസ്ഥിതിക സേവനങ്ങൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള സമഗ്രമായ ഹരിതവത്കരണത്തിന് ഊന്നൽ നൽകിക്കൊണ്ടാണ് ഗ്രീൻ ഇൻഡ്യാ മിഷൻ പദ്ധതി രാജ്യത്ത് നടപ്പാക്കിവരുന്നത്. ഈ പദ്ധതി കാര്യക്ഷമമമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി പദ്ധതി പ്രവർത്തനങ്ങളുടെ അവലോകന യോഗങ്ങൾ വിവിധതലങ്ങളിൽ യഥാസമയം നടത്തുകയും ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുകയും പ്രവർത്തനങ്ങളുടെ ഫണ്ട് വിനിയോഗ സർട്ടിഫിക്കറ്റുകൾ ഫീൽഡുതലത്തിൽ ശേഖരിച്ച് ക്രോഡീകരിച്ച് യഥാസമയം കേന്ദ്രസർക്കാരിന് സമർപ്പിക്കുകയും വരും വർഷത്തേയ്ക്കുള്ള പദ്ധതി അടങ്കൽ സമർപ്പിക്കുകയും ചെയ്തുവരുന്നുണ്ട്.

**മാവോയിസ്റ്റ് സാന്നിദ്ധ്യമുള്ള വനമേഖലയിലെ സംരക്ഷണം**

130(2793) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവോയിസ്റ്റ് സാന്നിദ്ധ്യമുള്ള വനപ്രദേശങ്ങളുടെ പട്ടികയിൽ നിലമ്പൂർ സൗത്ത്, നിലമ്പൂർ നോർത്ത് ഫോറസ്റ്റ് സ്റ്റേഷനുകൾ ഉൾപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം വനപ്രദേശങ്ങളിലാണ് മാവോയിസ്റ്റ് സാന്നിദ്ധ്യം സ്ഥിരീകരിച്ചതെന്നും വെളിപ്പെടുത്തുമോ?

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, ഈസ്റ്റേൺ സർക്കിൾ, ഒലവക്കോട് സമർപ്പിച്ച റിപ്പോർട്ടുപ്രകാരം നിലമ്പൂർ സൗത്ത്, നിലമ്പൂർ നോർത്ത് ഡിവിഷനുകളിൽ മാവോയിസ്റ്റ് സാന്നിദ്ധ്യം സ്ഥിരീകരിച്ച വനപ്രദേശങ്ങളുടെ പട്ടിക അനുബന്ധമായി* ചേർക്കുന്നു.

(ബി) ഈ മേഖലയിൽ മാവോയിസ്റ്റ് സാന്നിദ്ധ്യത്തെ ചെറുക്കുന്നതിന് വനം വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

ആദിവാസി കോളനികളിൽ മാവോയിസ്റ്റ് സാന്നിദ്ധ്യം അനുഭവപ്പെടുന്നതിനാൽ, വനം വകുപ്പും ആദിവാസി സമൂഹവും തമ്മിൽ നല്ലൊരു ബന്ധം കെട്ടിപ്പടുക്കുന്നതിന് ആദിവാസി ക്ഷേമപ്രവർത്തനങ്ങളും അടിസ്ഥാന

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സൗകര്യവികസന പ്രവർത്തനങ്ങളും വിവിധ വകുപ്പുകളുടെ സഹായ സഹകരണത്തോടെ നടപ്പാക്കിവരുന്നുണ്ട്. ഓരോ ആദിവാസി ഊരിലും ഊരുമിത്ര പദ്ധതിയിൽ ഒരു വനം വകുപ്പ് ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്. അദ്ദേഹം പ്രസ്തുത ഊരിലെ ജനങ്ങൾക്കാവശ്യമായ അടിസ്ഥാന രേഖകളും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിന് സഹായം ചെയ്തുവരുന്നുണ്ട്. ആദിവാസി ഊരുകളിൽ വനസംരക്ഷണ സമിതികൾ രൂപീകരിച്ച് അവരെ വനസംരക്ഷണ പ്രവർത്തനങ്ങളിൽ ഭാഗഭാക്കാക്കുകയും ചെയ്യുന്നുണ്ട്. ആദിവാസി യുവാക്കളെ ദിവസവേതനാടിസ്ഥാനത്തിൽ ഫോറസ്റ്റ് വാച്ചർമാരായി നിയോഗിച്ചിട്ടുണ്ട്. ആദിവാസി യുവാക്കളെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ, വാച്ചർ എന്നീ തസ്തികകളിൽ നിയമിച്ചിട്ടുണ്ട്. മാവോയിസ്റ്റ് സാന്നിദ്ധ്യം കണ്ടെത്തിയാൽ ഉടനടി മേലധികാരികളെയും പോലീസിനെയും അറിയിക്കുകയും പോലീസ് വകുപ്പിന്റെ സേവനം ലഭ്യമാക്കിവരികയും ചെയ്യുന്നുണ്ട്. മാവോയിസ്റ്റ് സാന്നിദ്ധ്യമുള്ള മേഖലയിൽ ജോലി ചെയ്തുവരുന്ന ജീവനക്കാർക്ക് മതിയായ വാഹന സൗകര്യങ്ങളും ആയുധങ്ങളും ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വനസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് വയർലസ് സംവിധാനം ശക്തിപ്പെടുത്തുകയും വനഭാഗങ്ങളിൽ സംരക്ഷണ വാച്ചർമാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇത്തരം വനമേഖലയിലെ ആദിവാസി കോളനികളിൽ വന സംരക്ഷണ സമിതികൾ മുഖേന പ്രത്യേക വികസന പാക്കേജ് നടപ്പാക്കാൻ വനം വകുപ്പിന് സാധിക്കുമോ; മാവോയിസ്റ്റ് സാന്നിദ്ധ്യം പ്രതിരോധിക്കുന്നതിനുള്ള കേന്ദ്ര ഫണ്ട് ഈ മേഖലയിൽ ഉപയോഗപ്പെടുത്തുന്നുണ്ടോ; വിശദമാക്കാമോ?

ഇത്തരം വനമേഖലയിലെ ആദിവാസി കോളനികളിൽ വനസംരക്ഷണ സമിതികൾ രൂപീകരിക്കുകയും പ്രസ്തുത സമിതികളിൽ ജനറൽ ബോഡി, എക്സിക്യൂട്ടീവ് കമ്മിറ്റികളിൽ ഉരുത്തിരിയുന്ന തീരുമാനങ്ങൾ പ്രകാരം ആവശ്യമായ വികസന പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നുണ്ട്. മാവോയിസ്റ്റ് സാന്നിദ്ധ്യം പ്രതിരോധിക്കുന്നതിനുള്ള കേന്ദ്ര ഫണ്ട് വനം വകുപ്പിൽ ലഭ്യമല്ല.

(ഡി) നിലമ്പൂർ നോർത്ത്, സൗത്ത് വനം ഡിവിഷനുകൾക്ക് കീഴിൽ സുരക്ഷാ ഭീഷണിയുള്ള വനം വകുപ്പ് ജീവനക്കാർക്ക് പോലീസ് സേനയിലെ പോലെ പ്രത്യേക സംരക്ഷണ പാക്കേജ് പരിഗണിക്കുന്നതിന് സന്നദ്ധമാകുമോ എന്നറിയിക്കുമോ?

തൽക്കാലം പരിഗണനയിലില്ല.

(ഇ) ഇത്തരം മേഖലകൾ പ്രത്യേകമായി പരിഗണിച്ച് താൽക്കാലിക വാച്ചർമാർക്ക് ഓരോ മാസവും ഇരുപത് ദിവസത്തെ മസ്റ്റർ റോൾ എങ്കിലും ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ നിർദ്ദേശം നൽകുമോ?

വനം വകുപ്പിൽ ലഭ്യമായ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**അകമല, പൂങ്ങോട് സ്റ്റേഷനുകൾ പുന:സ്ഥാപിക്കൽ**

131(2794) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊള്ളയും കാട്ടുതീയും മറ്റും തടയുന്നതടക്കമുള്ള പ്രവർത്തനങ്ങൾ നടത്തിയിരുന്ന അകമല, പൂങ്ങോട് സ്റ്റേഷനുകളുടെ പ്രവർത്തനം പുന:സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

വടക്കാഞ്ചേരി റെയ്ഞ്ചിലെ പൂങ്ങോട് ഫോറസ്റ്റ് സ്റ്റേഷൻ ഉൾപ്പെടുത്തി തൃശ്ശൂർ, പീച്ചി ഫോറസ്റ്റ് ഡിവിഷനുകളിലെ ഫോറസ്റ്റ് സ്റ്റേഷനുകൾ പുനഃസ്ഥാപിക്കുന്നതിന് വനം വകുപ്പ് മേധാവി പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഇതിനായി വകുപ്പുതലത്തിൽ ഏതെങ്കിലും കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കാമോ?

(ബി & സി) കമ്മിറ്റിയെ നിയോഗിച്ചിട്ടില്ല.

**ഇക്കോ ടൂറിസം പദ്ധതി**

132(2795) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്ന രീതിയിൽ വനം വകുപ്പ് മുൻകയ്യെടുത്തുകൊണ്ട് ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കുന്നുണ്ടോ?

വിദേശികളടക്കമുള്ള സഞ്ചാരികളെ ആകർഷിക്കുന്ന രീതിയിലാണ് വനം വകുപ്പ് ഇക്കോ ടൂറിസം പദ്ധതികൾ നടപ്പിലാക്കിവരുന്നത്.

(ബി) എങ്കിൽ ഇതിലേയ്ക്ക് സ്വദേശികളെയും വിദേശികളെയും ആകർഷിക്കാൻ സഞ്ചാരികൾക്ക് നൽകുന്ന സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഇക്കോ-ടൂറിസം കേന്ദ്രങ്ങളിലേയ്ക്ക് വരുന്ന വിദേശികളടക്കമുള്ള സന്ദർശകരെ ആകർഷിക്കുന്നതിലേയ്ക്കായി ട്രക്കിംഗ്, ബോട്ട് സർവ്വീസ്, മുള കൊണ്ടുള്ള ചങ്ങാടങ്ങൾ, ഗൈഡുകളുടെ സഹായം, സന്ദർശകർക്ക് അവരുടെ സൗകര്യപ്രദമായ സമയം തെരഞ്ഞെടുത്ത് സന്ദർശനം നടത്തുന്നതിന് ഓൺലൈൻ ടിക്കറ്റ് ബുക്കിംഗ് മുതലായവ നടപ്പിലാക്കിവരുന്നു. കൂടാതെ കഫറ്റീരിയ, ടോയ്‌ലറ്റ് സംവിധാനങ്ങൾ, വിശ്രമ സങ്കേതങ്ങൾ തുടങ്ങിയവ പ്രകൃതിക്ക് അനുയോജ്യമാംവിധം സജ്ജീകരിച്ചിട്ടുണ്ട്. ഇക്കോടൂറിസം കേന്ദ്രങ്ങളെക്കുറിച്ചുള്ള ബ്രോഷറുകൾ, ചിത്രങ്ങളടങ്ങിയ ബുക്ക്‌ലെറ്റുകൾ മുതലായവയും സന്ദർശകർക്ക് ലഭ്യമാക്കുന്നുണ്ട്. അംഗീകൃത വർക്കിംഗ് പ്ലാൻ, മാനേജ്മെന്റ് പ്ലാൻ, ടൈഗർ കൺസർവേഷൻ പ്ലാൻ എന്നിവയും 1980-ലെ ഫോറസ്റ്റ് (കൺസർവേഷൻ) ആക്ടിനും മറ്റു വനനിയമങ്ങൾക്കും അനുസൃതമായിട്ടാണ് വനം വകുപ്പിനുകീഴിലുള്ള ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ നടത്തിവരുന്നത്. പ്രകൃതിക്കും വന്യജീവികളുടെ ആവാസ വ്യവസ്ഥയ്ക്കും കോട്ടം തട്ടാത്ത രീതിയിലുള്ളതും വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടു കൂടിയുള്ളതുമായ പ്രവർത്തനങ്ങളാണ് വനം വകുപ്പിന്റെ ഇക്കോ ടൂറിസം പ്രോഗ്രാമുകളുടെ മുഖമുദ്ര.

**താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തൽ**

133(2796) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻ സർക്കാരിന്റെ കാലത്ത് വനം വകുപ്പിൽ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുകവഴി എത്ര പേരെയാണ് ഇതുവരെ സ്ഥിരപ്പെടുത്തിയിട്ടുള്ളതെന്നും ഏതെല്ലാം തസ്തികകളിലാണ് സ്ഥിരപ്പെടുത്തൽ നടത്തിയിട്ടുള്ളതെന്നും അതിനായി സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്തെന്നും വെളിപ്പെടുത്തുമോ?

മുൻ സർക്കാരിന്റെ കാലത്ത് (2016-2021) വനംവകുപ്പിൽ 20 വർഷത്തിലധികമായി ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കിയ 51 പേരെ ഫോറസ്റ്റ് വാച്ചറായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിയിട്ടുണ്ട്. കൂടാതെ രണ്ടുപേരെ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് സ്ഥിര നിയമനം നടത്തുകയും ഒരാൾക്ക് നിലവിലുണ്ടായിരുന്ന പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിര നിയമനം നൽകിയിട്ടുള്ളതുമാണ്. ഇത്തരത്തിൽ 2016-2021 കാലയളവിൽ 54 പേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

## കമ്പമലയിലെ തോട്ടം തൊഴിലാളികൾ

134(2797) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ വനം വികസന കോർപ്പറേഷന്റെ കീഴിലുള്ള കമ്പമലയിലെ തോട്ടത്തിൽ എത്ര സ്ഥിരം തൊഴിലാളികളാണ് നിലവിലുള്ളതെന്നറിയിക്കുമോ?

107

(ബി) ഈ തോട്ടത്തിൽ എത്ര താൽക്കാലിക ജീവനക്കാർ ജോലി ചെയ്തു വരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

38

(സി) താൽക്കാലിക വ്യവസ്ഥയിൽ 10 വർഷത്തിലധികമായി ജോലി ചെയ്തുവരുന്ന എത്ര തൊഴിലാളികൾ ഈ തോട്ടത്തിലുണ്ടെന്ന് വ്യക്തമാക്കുമോ?

15

(ഡി) താൽക്കാലിക തൊഴിലാളികൾക്ക് ഇപ്പോൾ നൽകിവരുന്ന സേവന-വേതന വ്യവസ്ഥകൾ വ്യക്തമാക്കാമോ?

മിനിമം വേതനവും ക്ഷാമബത്തയും നൽകിവരുന്നു.

## സബോർഡിനേറ്റ് സർവ്വീസ് റൂൾ നിയമന ചട്ടങ്ങൾ

135 (2798) ശ്രീ. പി മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിലെ സബോർഡിനേറ്റ് സർവ്വീസ് റൂൾ നിയമനങ്ങൾക്ക് ജില്ലാതല നിയമന ചട്ടങ്ങൾ പാലിക്കുന്നുണ്ടോ; എല്ലാ തസ്തികകളിലും ഇത് പാലിക്കുന്നുണ്ടോ എന്നറിയിക്കുമോ?

വനം വകുപ്പിലെ സബോർഡിനേറ്റ് സർവ്വീസ് റൂളിൽ, ജില്ലാതല നിയമനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള ബീറ്റ് ഫോറസ്റ്റ് ഓഫീസർ, ഫോറസ്റ്റ് ഡ്രൈവർ, ഫോറസ്റ്റ് ബോട്ട് ഡ്രൈവർ തസ്തികകളിൽ ചട്ടങ്ങൾ പാലിക്കപ്പെടുന്നുണ്ട്. ടി റൂളിൽ ഉൾപ്പെട്ട എല്ലാ തസ്തികകളിലും പ്രസ്തുത ചട്ടങ്ങൾ പാലിക്കുന്നുണ്ട്.

(ബി) ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ നിയമനവുമായി/പ്രൊമോഷനുമായി ബന്ധപ്പെട്ട് പ്രസ്തുത ചട്ടങ്ങൾ ലംഘിക്കപ്പെട്ടതായി എപ്പോഴെങ്കിലും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ നിയമനവുമായി/പ്രൊമോഷനുമായി ബന്ധപ്പെട്ട് പ്രസ്തുത ചട്ടങ്ങൾ ലംഘിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ബീറ്റ് ഫോറസ്റ്റ് ഓഫീസർ

136(2799) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് നിലവിൽ ജോലി നോക്കിവരുന്ന ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി* ചേർക്കുന്നു.

(ബി) കേരളത്തിലെ വനമേഖലയുടെ വിസ്തൃതി എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

വനം ഡിവിഷന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ വനമേഖലയുടെ വിസ്തൃതി കണക്കാക്കിയിട്ടുള്ളത്. ജില്ല തിരിച്ചുള്ള വിസ്തൃതി കണക്കാക്കിയിട്ടില്ല. ആയതിനാൽ, 2018-19 വർഷത്തെ വനം വകുപ്പ് ഭരണ റിപ്പോർട്ടുപ്രകാരമുള്ള വനം ഡിവിഷന്റെ വിസ്തൃതി തിരിച്ചുള്ള കണക്ക് അനുബന്ധം* ആയി ചേർക്കുന്നു.

(സി) എല്ലാ ജില്ലകളിലും ഫോറസ്റ്റ് സ്റ്റേഷനുകൾ ഉണ്ടോയെന്ന് വ്യക്തമാക്കാമോ?

വനം വകുപ്പിൽ തിരുവനന്തപുരം, ആലപ്പുഴ, കാസർഗോഡ് എന്നീ മൂന്ന് ജില്ലകളിലൊഴികെ 11 ജില്ലകളിൽ ഫോറസ്റ്റ് സ്റ്റേഷനുകൾ ഉണ്ട്.

## മരങ്ങൾ മുറിക്കുന്നതിന് അനുമതി നൽകുന്നതിലെ കാലതാമസം

137(2800) <u>ശ്രീ. കെ. ആൻസലൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ വലിയകുളത്തിന് സമീപം രണ്ട് മരങ്ങൾ മുറിക്കുന്നതിന് ചെങ്കൽ പഞ്ചായത്ത് നൽകിയ കത്തിന്മേൽ വാല്യൂവേഷൻ നടപടി പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ മരം മുറി അപേക്ഷ സോഷ്യൽ ഫോറസ്ട്രി അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ 1-10-2021-ന് ലഭിക്കുകയും ആയത് 6-10-2021-ന് അനന്തര നടപടികൾക്കായി ഇ-മെയിൽ മുഖാന്തരം തിരുവനന്തപുരം സോഷ്യൽ ഫോറസ്ട്രി ഡിവിഷന് കൈമാറുകയും ചെയ്തിട്ടുണ്ട്. ടി അപേക്ഷയിൽ 7-10-2021-ന് തിരുവനന്തപുരം സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ തുടർനടപടികൾ സ്വീകരിക്കുകയും 08-10-2021-ന് ബന്ധപ്പെട്ട നെയ്യാറ്റിൻകര സോഷ്യൽ ഫോറസ്ട്രി റെയ്ഞ്ചാഫീസർക്ക് അടിയന്തര

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റിപ്പോർട്ടിനായി നൽകുകയും 11-10-2021-ന് വനം വകുപ്പ് ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം സന്ദർശിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ഒരു ഔദ്യോഗിക റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ട്രീ കമ്മിറ്റി അംഗങ്ങളുടെ സാന്നിദ്ധ്യം 15-11-2021-ന് മാത്രമേ ലഭ്യമാകുകയുള്ളു എന്ന വിവരം റെയ്ഞ്ചാഫീസർ ഫോൺ മുഖാന്തരം അറിയിച്ചിട്ടുണ്ട്. ട്രീ കമ്മിറ്റി റിപ്പോർട്ട് ലഭ്യമായാലുടൻ ഇക്കാര്യത്തിൽ നടപടി കൈക്കൊള്ളുന്നതാണെന്ന് തിരുവനന്തപുരം സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ അറിയിച്ചിട്ടുണ്ട്.

(ബി) നഗരസഭ-പഞ്ചായത്തുകളിൽനിന്നും മരങ്ങൾ മുറിക്കുന്നതിന് സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിൽ അനുമതിക്ക് വരുന്ന കത്തുകളിന്മേൽ യഥാസമയം നടപടി പൂർത്തീകരിക്കുന്നതിന് കാലതാമസം വരുന്നതിന്റെ കാരണം വിശദമാക്കാമോ?

മരങ്ങൾ മുറിക്കുന്നതിന് അനുമതി നൽകുന്നതിന് മുന്നോടിയായി 10-2-2010-ലെ സ.ഉ.(സാധാ) 68/2010/വനം ഉത്തരവുപ്രകാരം അംഗീകരിച്ചിട്ടുള്ള പട്ടികയിലെ ട്രീ കമ്മിറ്റി അംഗങ്ങളുടെ സാന്നിദ്ധ്യം ആവശ്യമാണ്. പല മേഖലയിൽപ്പെട്ട അംഗങ്ങൾ ആയതിനാൽ ഇവരുടെ സാന്നിദ്ധ്യത്തോടെ കമ്മിറ്റി കൂടുവാൻ ചിലപ്പോഴെങ്കിലും കാലതാമസം നേരിടാറുണ്ട്. എന്നിരുന്നാലും അനുദിനം ലഭിക്കുന്ന അപേക്ഷകളുടെ തീർപ്പാക്കലിന് താമസമുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്നുണ്ട്.

### ഇക്കോ ടൂറിസം പ്രോജക്ട്

138(2801) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇക്കോ ടൂറിസം പ്രോജക്ടുകളുടെ വിശദവിവരം ലഭ്യമാക്കാമോ?

അംഗീകൃത വർക്കിംഗ് പ്ലാൻ, മാനേജ്മെന്റ് പ്ലാൻ, ടൈഗർ കൺസർവേഷൻ പ്ലാൻ എന്നിവയും 1980-ലെ ഫോറസ്റ്റ് (കൺസർവേഷൻ) ആക്ടിനും മറ്റ് വന നിയമങ്ങൾക്കും അനുസൃതമായിട്ടാണ് വനം വകുപ്പ് ഇക്കോ ടൂറിസം പദ്ധതികൾ നടപ്പിലാക്കിവരുന്നത്. ഇത്തരത്തിൽ കേരളത്തിന്റെ വിവിധ പ്രദേശങ്ങളിലായി നിലവിൽ 56 ഇക്കോ ടൂറിസം കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ആയതിന്റെ പട്ടിക ഇതോടൊപ്പം അനുബന്ധമായി* ചേർക്കുന്നു. കൂടാതെ, ഇക്കോ ടൂറിസം വകുപ്പിന്റെ മേൽനോട്ടത്തിൽ നേച്ചർ അപ്രീസിയേഷൻ & ഇന്റർപ്രെട്ടേറ്റീവ് ഇക്കോ ടൂറിസം പ്രോഗ്രാംസ് ഇൻ സൈലന്റ് വാലി നാഷണൽ പാർക്ക്, സന്ദർശക വാഹകശേഷി പഠനം, ചെറുചക്കിചോല ഇക്കോടൂറിസം പദ്ധതി, ലൈറ്റ് & സൗണ്ട് ഷോ അറ്റ് തെന്മല, മാൻ പുനരധിവാസ കേന്ദ്രം, തെന്മല നവീകരണം, മുണ്ടേരിക്കടവ്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇക്കോടൂറിസം പദ്ധതി, തെന്മല വെർച്വൽ റിയാലിറ്റി ഷോ, അപ്ഗ്രഡേഷൻ ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ അറ്റ് തെന്മല, പ്രകൃതി പഠനം, അരിപ്പ ഇക്കോ ടൂറിസം പദ്ധതി വിപുലീകരണം, മിയാവാക്കി എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ട്.

(ബി) പുതിയ ഇക്കോ ടൂറിസം പ്രോജക്ടുകൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

പുതിയ ഇക്കോ ടൂറിസം പ്രോജക്ടുകൾ ആരംഭിക്കുന്നത് നിലവിൽ പരിഗണനയിലില്ല. വന നിയമങ്ങൾക്കനുസൃതമായും ഫണ്ടിന്റെ ലഭ്യതയനുസരിച്ചും നിലവിലുള്ള ഇക്കോ ടൂറിസം കേന്ദ്രങ്ങൾ നവീകരിക്കുന്ന പ്രോജക്ടുകൾ നടപ്പിലാക്കിവരുന്നു. ഇതിനായി 2020-21 സാമ്പത്തിക വർഷത്തിൽ 4406-01-800-91 Eco Tourism (Capital) എന്ന ബഡ്ജറ്റ് ശീർഷകത്തിൽ അഞ്ച് കോടി (50,000,000) രൂപ അനുവദിച്ചിട്ടുണ്ട്. ആയതിൽ ഒരു കോടി മുപ്പത്തൊൻപത് ലക്ഷത്തി അമ്പത്തി ഏഴായിരത്തി എഴുപത്തി അഞ്ച് രൂപ (1,39,57,075) ചെലവഴിച്ചിട്ടുണ്ട്.

(സി) ഇക്കോ ടൂറിസം പ്രോജക്ടുകളുടെ നടത്തിപ്പിനായി ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

വനം വകുപ്പിന് കീഴിലുള്ള ഇക്കോ ടൂറിസം പദ്ധതികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ (EDC), വന സംരക്ഷണ സമിതികൾ (VSS) എന്നിവ മുഖേനയാണ് നടപ്പിലാക്കിവരുന്നത്. ടി ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി/ വനസംരക്ഷണ സമിതി അംഗങ്ങൾ വനസംരക്ഷണ പ്രവർത്തനങ്ങളോടൊപ്പം ഇക്കോടൂറിസം പരിപാടികളുടെ പ്രവർത്തനത്തിലും പരിപാലനത്തിലും വനം വകുപ്പിനെ സഹായിച്ചുവരുന്നു.

## കർഷകർ നട്ടുവളർത്തിയ മരങ്ങൾ മുറിക്കുന്നതിനുള്ള തടസ്സം

139(2802) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ചെയ്യുന്ന പ്രദേശങ്ങളിൽ കർഷകർ നട്ടുവളർത്തിയ മരങ്ങൾ മുറിക്കുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടോ?

കൃഷി ചെയ്യുന്ന പ്രദേശങ്ങളിൽ കർഷകർ നട്ടുവളർത്തിയ മരങ്ങൾ മുറിക്കുന്നതിന് 2005-ലെ THE KERALA PROMOTION OF TREE GROWTH IN NON-FOREST AREAS ACT-ലെ വ്യവസ്ഥകൾ പ്രകാരം അനുവദനീയമാണ്. എന്നാൽ ഭൂമി സ്ഥിതി ചെയ്യുന്ന വില്ലേജ് നോട്ടിഫൈഡ് ആണോ അല്ലയോ എന്നതിന്റെ അടിസ്ഥാനത്തിൽ ടി നിയമത്തിൽ അനുശാസിക്കുന്ന പ്രകാരം വനം വകുപ്പിന്റെ സമ്മതം ആവശ്യമുണ്ട്.

(ബി) ഇത്തരം പ്രദേശങ്ങളിൽ മരം മുറിക്കുന്നതിന് വനംവകുപ്പ് ഉദ്യോഗസ്ഥർ തടസ്സം നിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

മേൽ നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം മരം മുറിക്കുന്നതിന് ഇത്തരം പ്രദേശങ്ങളിൽ വനം വകുപ്പ് ഉദ്യോഗസ്ഥർ തടസ്സം നിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വനം വകുപ്പ് ഉദ്യോഗസ്ഥർ ആദിവാസികളുടെ താമസ സ്ഥലത്തെ കൃഷി നശിപ്പിച്ചതായ ആരോപണം**

140(2803) <u>ശ്രീ. എം. എം. മണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ വനഭൂമിയിൽ കൃഷി ചെയ്തുവെന്നാരോപിച്ച് വനം വകുപ്പ് ഉദ്യോഗസ്ഥർ ആദിവാസികളും മറ്റും താമസിക്കുന്ന സ്ഥലത്തെ കൃഷി ദേഹണ്ഡങ്ങൾ വെട്ടി നശിപ്പിച്ചതായും കാർഷിക ഉത്പന്നങ്ങൾ സൂക്ഷിക്കുന്ന പുര തീയിട്ട് നശിപ്പിച്ചതായുമുള്ള പരാതി ലഭിച്ചിട്ടുണ്ടോ?

പരാതി ലഭിച്ചിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് വനം വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെയോ കൃഷിക്കാർക്കെതിരെയോ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

നിയമവിരുദ്ധമായി വനഭൂമി കയ്യേറി കൃഷി ചെയ്ത സ്ഥലങ്ങൾ ഒഴിപ്പിക്കുകയും അപ്രകാരം വനഭൂമി കയ്യേറി കൃഷി നടത്തിയതിനും മറ്റ് വനകുറ്റകൃത്യങ്ങൾക്കുമായി കേരള വനനിയമവും ചട്ടങ്ങളും പ്രകാരം ഇടുക്കി ജില്ലയിൽ ഉൾപ്പെട്ട മൂന്നാർ, കോട്ടയം ഡിവിഷനുകളിലെ വിവിധ റെയ്ഞ്ചുകളിലായി നിരവധി വനം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. നിയമാനുസൃതം സ്വന്തം ഉടമസ്ഥതയിലും കൈവശത്തിലുമുള്ള ഭൂമിയിൽ കൃഷി നടത്തിയിട്ടുള്ള കൃഷിക്കാർക്കെതിരെ വനം വകുപ്പ് നടപടികളൊന്നും തന്നെ സ്വീകരിച്ചിട്ടില്ല. നിയമാനുസൃതം കൈവശം വച്ചിട്ടുള്ള കൃഷി ഭൂമിയിലെ കൃഷി ദേഹണ്ഡങ്ങൾ വെട്ടിനശിപ്പിച്ചിട്ടില്ലെന്നതിനാൽ നിയമം നടപ്പാക്കിയ വന ഉദ്യോഗസ്ഥർക്കെതിരെയും നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. മേൽ വിഷയത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വനം കേസുകളുടെ പട്ടിക അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കാവ് സംരക്ഷണ പദ്ധതികൾ

141(2804) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന് കീഴിൽ കാവുകളുടെ സംരക്ഷണത്തിന് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണെന്നും ആയതിനുള്ള ധനസഹായങ്ങളും വിശദീകരിക്കാമോ?

24-12-2016-ലെ സ.ഉ.(സാധാ)നമ്പർ 485/16/വനം പ്രകാരം കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി ഒരു പദ്ധതി നിലവിലുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവുകളിലെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി ജൈവ വൈവിദ്ധ്യ സംരക്ഷണത്തിന്റെ ഭാഗമായി കാവുകളുടെ സംരക്ഷണ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യതയനുസരിച്ച് ജില്ലാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന കാവുകൾക്ക് എല്ലാ വർഷവും ധനസഹായം നൽകിവരുന്നുണ്ട്. ടി പദ്ധതി പ്രകാരം കാവുകളുടെ സംരക്ഷണ/പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിലേയ്ക്കായി അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് പത്രക്കുറിപ്പ് നൽകുകയും അപ്രകാരം ലഭ്യമാകുന്ന അപേക്ഷകളിൽ സ്ഥലപരിശോധന നടത്തി ഏറ്റവും അനുയോജ്യമായതും നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ നിശ്ചിത എണ്ണം (സാധാരണയായി ഒരു ജില്ലയിൽ നിന്നും ഒരു സാമ്പത്തിക വർഷം 5 കാവുകൾക്ക്) കാവുകളുടെ പേരുവിവരങ്ങൾ സംസ്ഥാനതല വിദഗ്ദ്ധ സമിതിക്ക് സമർപ്പിക്കുന്നു. ആയതിൽനിന്നും സംസ്ഥാനതല വിദഗ്ദ്ധ സമിതി തെരഞ്ഞെടുക്കുന്ന കാവുകൾക്ക് അംഗീകരിക്കപ്പെട്ട സൂക്ഷ്മാസൂത്രണരേഖ പ്രകാരം വനം വകുപ്പുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയും തുടർന്ന് അംഗീകരിച്ച സൂക്ഷ്മാസൂത്രണരേഖ പ്രകാരമുള്ള അടങ്കലിന്റെ 10% തുക ആദ്യഗഡുവായി നൽകുകയും ടി തുകയുടെ വിനിയോഗം ബന്ധപ്പെട്ട സോഷ്യൽ ഫോറസ്ട്രി ഉദ്യോഗസ്ഥർ വിലയിരുത്തുകയും ബാക്കി തുക തുടർന്ന് നൽകുകയും ചെയ്തുവരുന്നു.

(ബി) കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ ധനസഹായം അനുവദിച്ച കാവുകളുടെ പേരും തുകയും വെളിപ്പെടുത്താമോ; പ്രസ്തുത മണ്ഡലത്തിൽ 2021 വർഷത്തിൽ ലഭിച്ച അപേക്ഷകളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കൂത്തുപറമ്പ് മണ്ഡലത്തിൽ കഴിഞ്ഞ 3 വർഷത്തിൽ കാവുകൾക്ക് ധനസഹായം നൽകിയിട്ടില്ല. 2021-ൽ കാവുകളുടെ ധനസഹായത്തിനായി ലഭിച്ച അപേക്ഷകൾ പരിശോധിച്ച് നടപടി സ്വീകരിച്ചുവരുന്നു.

### ആറളം പുനരധിവാസ മേഖലയിൽ ആനമതിൽ നിർമ്മാണം

142(2805) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറളം പുനരധിവാസ മേഖലയിലും ജനവാസ കേന്ദ്രങ്ങളിലും വന്യജീവി ശല്യം തടയുന്നതിന് ആനമതിൽ നിർമ്മാണത്തിന് ഫണ്ട് അനുവദിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും മതിലിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ മതിലിന്റെ നിർമ്മാണം നടത്തുന്നതിനുള്ള എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ആറളം പുനരധിവാസ മേഖലയിലും ജനവാസ കേന്ദ്രങ്ങളിലും വന്യജീവി ശല്യം തടയുന്നതിന് ആനമതിൽ നിർമ്മിക്കുന്നതിന് ട്രൈബൽ റീഹാബിലിറ്റേഷൻ ഡവലപ്മെന്റ് മിഷൻ (ടി.ആർ.ഡി.എം.) ആണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ ആനമതിലിന്റെ നിർമ്മാണച്ചുമതലയും ടി.ആർ.ഡി.എം-ന് തന്നെയാണ്. ആയതുപ്രകാരം ആറളം പുനരധിവാസ മേഖലയിൽ പുനരധിവസിപ്പിച്ച പട്ടികവർഗ്ഗക്കാരെ വന്യമൃഗശല്യത്തിൽ നിന്നും സംരക്ഷിക്കുന്നതിനായി ആന പ്രതിരോധ മതിൽ നിർമ്മിക്കുന്നതിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി ലിമിറ്റഡ് സമർപ്പിച്ച 22 കോടി രൂപയുടെ എസ്റ്റിമേറ്റിന് 28-3-2020-ലെ സ.ഉ.(സാധാ) നമ്പർ 390/2020/ പജപവവിവ പ്രകാരം ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പ്രവൃത്തി ഏറ്റെടുക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി അറിയിച്ചതിനാൽ ടി പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിരുന്നില്ല. പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും ടി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനോ സാങ്കേതിക മേൽനോട്ടം വഹിക്കുന്നതിനോ ഉള്ള സങ്കേതിക വൈദഗ്ദ്ധ്യമുള്ള ഉദ്യോഗസ്ഥരില്ലാത്തതിനാൽ 8-9-2021-ലെ സ.ഉ.(സാധാ) നമ്പർ 789/2021/പജപവവിവ പ്രകാരം പൊതുമരാമത്ത് വകുപ്പിനെക്കൊണ്ട് ടി പ്രവൃത്തി ചെയ്യിപ്പിക്കാനും അടങ്കൽ തുകയുടെ 50% (11 കോടി രൂപ) ആദ്യഗഡുവായി പൊതുമരാമത്ത് വകുപ്പിന്റെ "8443-00-108-00" ശീർഷകത്തിൽ ഡെപ്പോസിറ്റ് ചെയ്യുവാനും ബാക്കി തുക നിർമ്മാണ പുരോഗതി ഓരോ ഘട്ടത്തിലും പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെടുന്നതനുസരിച്ച് നൽകുവാനും ഉത്തരവായിട്ടുണ്ട്.

(ബി) പ്രസ്തുത മേഖലയിൽ ആനമതിൽ നിർമ്മാണത്തിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമാണ് തടസ്സങ്ങൾ; ആയത് പരിഹരിച്ച് മതിലിന്റെ പൂർത്തീകരണം നടത്താനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

നിലവിൽ ആനമതിൽ നിർമ്മാണത്തിന് തടസ്സങ്ങളില്ല. ഈ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് 29.09.2021-ന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കാട്ടുപന്നികളുടെ ഇറച്ചി മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കാൻ നടപടി**

143(2806) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഫോറസ്റ്റ് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ വെടിവച്ച് കൊല്ലുന്ന കാട്ടുപന്നികളെ കുഴിച്ച് മൂടുന്നതിനുപകരം മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി വിപണനം ചെയ്യുന്ന സംവിധാനം ഒരുക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോയെന്ന് വ്യക്തമാക്കുമോ?

കാട്ടുപന്നി 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ വന്യമൃഗമാണ്. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി വിപണനം ചെയ്യുന്നത് നിലവിലെ നിയമപ്രകാരം അനുവദനീയമല്ല.

**കർഷകർക്ക് നൽകുന്ന നഷ്ടപരിഹാരം**

144(2807) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വന്യമൃഗങ്ങളുടെ ആക്രമണംമൂലം കൃഷി നശിക്കുന്നതിന് കർഷകർക്ക് നൽകുന്ന നഷ്ടപരിഹാരം അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വന്യമൃഗങ്ങൾ മൂലമുണ്ടാകുന്ന കൃഷിനാശത്തിന് 8-1-2015-ലെ സ.ഉ(കൈ) നം.2/2015/വനം ഉത്തരവിൽ പറയുംപ്രകാരം 27 ഇനം കാർഷിക വിളകൾക്ക് നഷ്ടപരിഹാരം അനുവദിച്ചുവരുന്നുണ്ട്. നിലവിൽ 5-4-2018-ലെ. സ.ഉ.(കൈ) നമ്പർ 17/2018/വനം ഉത്തരവ് പ്രകാരം വന്യജീവി ആക്രമണം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് കണക്കാക്കപ്പെടുന്ന തുകയുടെ 100%, പരമാവധി ഒരു ലക്ഷം രൂപ എന്ന നിരക്കിൽ ഓരോ നാശനഷ്ടത്തിനും നൽകിവരുന്നു. ഇപ്രകാരമുള്ള നഷ്ടപരിഹാരം ഒരാൾക്ക് ഒരു വർഷത്തിൽ നാല് തവണ മാത്രമേ അനുവദിക്കുകയുള്ളൂ.

## ആലത്തൂർ മണ്ഡലത്തിലെ വന്യജീവി ആക്രമണം

145(2808) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ നിരവധി കൃഷി സ്ഥലങ്ങളിൽ വന്യജീവികളുടെ ശല്യം രൂക്ഷമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇവയുടെ ആക്രമണത്തിൽനിന്നും കൃഷിയെ സംരക്ഷിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ആലത്തൂർ മണ്ഡലത്തിലെ നിരവധി കൃഷി സ്ഥലങ്ങളിൽ വന്യജീവികളുടെ ആക്രമണമുണ്ട്. ആയതിൽനിന്നും കൃഷിയെ സംരക്ഷിക്കുന്നതിനായി താഴെപ്പറയുന്ന കാര്യങ്ങൾ ആലത്തൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന സ്ഥലങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്.

1. സൗരോർജ്ജ വേലിയുടെ നിർമ്മാണം: പനങ്കുറ്റി - പുല്ലംപരുത - 4.6 കി.മീ., തളികക്കല്ല് കോളനിക്ക് ചുറ്റുമുള്ള പ്രദേശങ്ങൾ - 3.2 കി.മീ., 2020-21 വർഷത്തിൽ ടി മണ്ഡലത്തിൽ ഉൾപ്പെടുന്ന കവ, വി.ആർ.ടി. എന്നീ ഭാഗങ്ങളിൽ ഓരോ കിലോമീറ്റർ വീതം സോളാർ പവർ ഫെൻസിംഗ് ടെണ്ടർ നടപടികൾ പൂർത്തിയാവുകയും നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുള്ളതുമാണ്.

2. ജനജാഗ്രതാ സമിതികളുടെ രൂപീകരണം: വണ്ടാഴി, കിഴക്കഞ്ചേരി പഞ്ചായത്തുകളിൽ ജനജാഗ്രതാ സമിതികൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഓരോ മൂന്ന് മാസംതോറും സമിതി യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്.

3. കാട്ടുപന്നിശല്യം: ആലത്തൂർ നിയോജകമണ്ഡലത്തിൽ കാട്ടുപന്നിശല്യം രൂക്ഷമായ പ്രദേശങ്ങൾ താഴെപ്പറയുന്നു:

കാട്ടുപന്നികളെ വെടിവച്ച് കൊല്ലുന്നതിന് 13 പേരെ എം.പാനൽ ചെയ്തിട്ടുണ്ട്. ടിയാൻമാരുടെ സേവനം ഉപയോഗിച്ച് നാളിതുവരെയായി ശല്യക്കാരായ 21 പന്നികളെ വെടിവച്ചുകൊന്നിട്ടുണ്ട്. 08-1-2015-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 02/2015/വനം പ്രകാരം കൃഷിനാശം സംഭവിക്കുന്ന 27 ഇനം കാർഷിക വിളകൾക്ക് നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. 5-4-2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 17/2018/വനം പ്രകാരം കണക്കാക്കപ്പെടുന്ന നഷ്ടത്തിന്റെ 100%, പരമാവധി ഒരു ലക്ഷം രൂപ എന്ന നിരക്കിൽ ഓരോ നാശനഷ്ടത്തിനും നൽകുന്നുണ്ട്. ഒരു വർഷത്തിൽ ഒരാൾക്ക് 4 തവണ കൃഷിനാശത്തിന് നഷ്ടപരിഹാരം ലഭിക്കുന്നതിന് അർഹതയുണ്ട്.

## ഇരിക്കൂർ നിയോജകമണ്ഡലത്തിലെ വന്യമൃഗ ആക്രമണ പ്രതിരോധ നടപടികൾ

146(2809) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗശല്യം രൂക്ഷമായ ഇരിക്കൂർ നിയോജകമണ്ഡലത്തിലെ വനമേഖലകളിൽ ഫെൻസിംഗും മറ്റ് പ്രതിരോധ നടപടികളും പൂർത്തീകരിക്കാത്ത ഭാഗങ്ങളിൽ അവ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

വന്യമൃഗശല്യം രൂക്ഷമായ ഇരിക്കൂർ നിയോജകമണ്ഡലത്തിലെ വനമേഖലകളിൽ ഫെൻസിംഗും മറ്റ് പ്രതിരോധ നടപടികളും പൂർത്തീകരിക്കാത്ത ഭാഗങ്ങളിൽ അവ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഫെൻസിംഗില്ലാത്ത പേരട്ട മുതൽ കൂട്ടുപുഴ വരെ 1.2 കി.മീ. സോളാർ ഫെൻസിംഗിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പയ്യാവൂർ പഞ്ചായത്തിന്റെ വനാതിർത്തികളിൽ ഹാങ്ങിംഗ് സോളാർ ഫെൻസ് സ്ഥാപിക്കുന്നതിന് ത്രിതല പഞ്ചായത്തിന്റെ ഫണ്ടോടുകൂടി പദ്ധതി തയ്യാറാക്കിവരുന്നുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ വന്യമൃഗ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുമോ എന്നറിയിക്കുമോ?

ദീർഘകാല പദ്ധതികൾ നടപ്പിലാക്കുവാനുള്ള നടപടികൾ പരിശോധിച്ച് സ്വീകരിക്കുന്നതാണ്.

(സി) വന്യമൃഗങ്ങളുടെ ആക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബത്തിനുള്ള ധനസഹായം വർദ്ധിപ്പിക്കുമോയെന്ന് വ്യക്തമാക്കുമോ?

വന്യമൃഗങ്ങളുടെ ആക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബത്തിന് 05.04.2018-ലെ സ.ഉ. (കൈ) നം.17/2018/വനം എന്ന ഉത്തരവുപ്രകാരം 10 ലക്ഷം രൂപ നഷ്ടപരിഹാരമായി വനം വകുപ്പ് നൽകി വരുന്നുണ്ട്. ഈ ഉത്തരവുപ്രകാരം വനത്തിന് പുറത്തുവച്ച് പാമ്പുകടിയേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് 2 ലക്ഷം രൂപയാണ് നൽകിവരുന്നത്. നിലവിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബത്തിനുള്ള ധനസഹായം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

**കാട്ടുപന്നിയെ വെടിവയ്ക്കാൻ കർഷകരെ അനുവദിക്കൽ**

147(2810) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി നശിപ്പിക്കുന്ന കാട്ടുപന്നികളെ വെടിവച്ച് കൊല്ലാൻ നിലമ്പൂർ സൗത്ത്, നോർത്ത് ഫോറസ്റ്റ് ഡിവിഷന് കീഴിൽ ലൈസൻസുള്ള തോക്ക് കൈവശമുള്ള കർഷകരുടെ പാനൽ തയ്യാറാക്കിയിട്ടുണ്ടോ; വിവരം നൽകാമോ?

പാനൽ തയ്യാറാക്കിയിട്ടുണ്ട്. നിലമ്പൂർ സൗത്ത് ഡിവിഷനുകീഴിൽ 23 പേരും നിലമ്പൂർ നോർത്ത് ഡിവിഷനുകീഴിൽ 13 പേരും ഈ പാനലിൽ ഉൾപ്പെട്ടിട്ടുണ്ട്.

(ബി) കാട്ടുപന്നിയെ വെടിവയ്ക്കാൻ പ്രസ്തുത ഡിവിഷനിൽ വനം വകുപ്പ് അനുമതി നൽകിയ കർഷകരുടെ പേര്, വിലാസം, ബന്ധപ്പെടേണ്ട നമ്പർ എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ?

നിലമ്പൂർ നോർത്ത്, നിലമ്പൂർ സൗത്ത് ഡിവിഷനുകീഴിൽ കാട്ടുപന്നിയെ വെടിവയ്ക്കാൻ അനുമതി ലഭിച്ചവരുടെ വിവരം അനുബന്ധമായി* ചേർക്കുന്നു.

(സി) 2021 ഒക്ടോബർ-2 വരെ കൃഷി നാശം വരുത്തിയ എത്ര കാട്ടുപന്നികളെ പ്രസ്തുത ഡിവിഷനുകളിൽ വെടിവച്ച് കൊലപ്പെടുത്തിയെന്ന് റെയ്ഞ്ച് ഫോറസ്റ്റ് ആഫീസ് അടിസ്ഥാനത്തിൽ വിശദമാക്കാമോ?

പ്രസ്തുത ഡിവിഷനുകളിൽ ആകെ 2021 ഒക്ടോബർ - 2 വരെ കൃഷി നാശം വരുത്തിയ 122 കാട്ടുപന്നികളെ വെടിവച്ചുകൊന്ന് നശിപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ഡി) കൃഷിയിടത്തിലിറങ്ങിയ കാട്ടുപന്നിയെ വെടിവച്ച് കൊല്ലുന്ന കർഷകർക്ക് വനം വകുപ്പ് പാരിതോഷികം നൽകുന്നുണ്ടോ; വിശദമാക്കാമോ?

മനുഷ്യജീവനും സ്വത്തിനും കൃഷിക്കും നാശനഷ്ടം വരുത്തുന്ന കാട്ടുപന്നികളെ വനേതര ഭൂമികളിൽ വെടിവച്ച് കൊല്ലുവാൻ ഉദ്യോഗസ്ഥർക്കും കർഷകർക്കും നടപടി സ്വീകരിക്കാവുന്നതാണ്. ആയതിനായി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ എന്നിവർക്ക് അപേക്ഷ സമർപ്പിക്കുന്ന

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എല്ലാ കർഷകർക്കും അനുമതി ലഭ്യമാക്കുന്നതാണ്. തോക്കുപയോഗിക്കുവാൻ ലൈസൻസുള്ള വ്യക്തികളെ കാട്ടുപന്നികളെ വെടിവയ്ക്കുന്നതിനായി എം.പാനൽ ചെയ്യുന്നതാണ്. ഇപ്രകാരം എംപാനൽ ചെയ്യപ്പെടുന്ന വ്യക്തിക്ക് കാട്ടുപന്നിയെ വെടിവച്ച് കൊല്ലുന്ന മുറയ്ക്ക് പന്നി ഒന്നിന് 1,000 രൂപാ നിരക്കിൽ പ്രതിഫലം അനുവദിക്കുന്നതാണ്. എം-പാനൽ ചെയ്യപ്പെടുന്ന വ്യക്തികളിൽ തോക്കുപയോഗിക്കുവാൻ ലൈസൻസുള്ള കർഷകരും ഉൾപ്പെട്ടുവരാം.

**വന്യമൃഗാക്രമണ ലഘൂകരണ പദ്ധതികൾ**

148(2811) ശ്രീ. എം. എം. മണി:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനപ്രതിനിധികൾ, പൊതുജനങ്ങൾ, വ്യത്യസ്ത മേഖലകളിലെ വിദഗ്ദ്ധർ തുടങ്ങിയവരുടെ അഭിപ്രായം ആരാഞ്ഞ് ഫലപ്രദമായ വന്യമൃഗാക്രമണ ലഘൂകരണ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നറിയിക്കുമോ?

ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്ത് ഉയർന്ന തോതിൽ മനുഷ്യ-വന്യജീവി സംഘർഷം നിലനിൽക്കുന്ന മേഖലകൾ കണ്ടെത്തി, നിലവിൽ ഇത്തരം സംഘർഷങ്ങൾ നേരിടുന്നതിനായി അനുവർത്തിച്ചുവരുന്ന പ്രതിരോധ പരിഹാരമാർഗ്ഗങ്ങൾ വിശകലനം ചെയ്ത്, മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി വിശദമായ ഒരു കർമ്മപദ്ധതി തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തുകയുണ്ടായി. തുടർന്ന് വെബ്സൈറ്റ്, പത്രങ്ങൾ, റേഡിയോ എന്നിവയിലൂടെ പൊതുജനാഭിപ്രായം തേടുകയും 1600-ഓളം അഭിപ്രായങ്ങൾ രേഖാമൂലം ലഭ്യമാവുകയും ചെയ്തു. വിശദമായ പഠനങ്ങളുടെയും ബഹു. എം.പി.-മാർ, എം.എൽ.എ.-മാർ, ഇതര ജനപ്രതിനിധികൾ, ശാസ്ത്രജ്ഞർ, കർഷക സംഘടനകൾ, പൊതുജനങ്ങൾ തുടങ്ങിയവരിൽനിന്നും ലഭിച്ച അഭിപ്രായങ്ങളുടെയും ഉദ്യോഗസ്ഥതല ചർച്ചകളുടെയും അടിസ്ഥാനത്തിൽ 5 വർഷത്തേയ്ക്കുള്ള ഒരു സമഗ്ര പദ്ധതി തയ്യാറാക്കി പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ 2021 സെപ്തംബറിൽ സമർപ്പിച്ചത് സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) വന്യജീവികളുടെ ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തി അവ നാട്ടിലിറങ്ങുന്നത് നിരുത്സാഹപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; അറിയിക്കുമോ?

സ്വീകരിച്ചിട്ടുണ്ട്. ശോഷണം സംഭവിച്ച വനഭാഗങ്ങളിൽ ശോഷിക്കപ്പെട്ട വനങ്ങളുടെ പുനരുജ്ജീവനം, പ്രകൃതിദത്തവനങ്ങളുടെ സഹായ വനവൽക്കരണം എന്നീ പദ്ധതികളിലൂടെ പുനരുജ്ജീവിപ്പിച്ച് സ്വാഭാവിക വനങ്ങളാക്കി മാറ്റുന്നതിനുള്ള ഇക്കോറെസ്റ്റോറേഷൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വനപരിപാലനത്തിനും വനസമ്പത്ത് കാത്ത് സൂക്ഷിക്കുന്നതിനും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ, പ്ലാന്റേഷനുകൾ നട്ടുപിടിപ്പിക്കലും, അവയുടെ സംരക്ഷണ പ്രവർത്തനങ്ങളും കൂടാതെ മണ്ണൊലിപ്പ് തടയുന്നതിനും ജലസംരക്ഷണത്തിനുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. അക്കേഷ്യ, യൂക്കാലിപ്റ്റസ്, മാഞ്ചിയം, വാറ്റിൽ എന്നീ വിദേശീയ ഇനം തോട്ടങ്ങളെ ഘട്ടംഘട്ടമായി വെട്ടിനീക്കി തദ്ദേശീയ വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചും പുൽമേടുകൾ സംരക്ഷിച്ചും ജൈവവൈവിദ്ധ്യസംരക്ഷണം ഉറപ്പാക്കുന്നുണ്ട്. വനപ്രദേശങ്ങളിലെ നീരുറവകൾ വറ്റിപ്പോകുന്നത് തടയുവാനും വന്യജീവികൾക്ക് ജലലഭ്യത ഉറപ്പാക്കാനും കുളങ്ങൾ, തടയണകൾ എന്നിവ നിർമ്മിക്കുകയും ജലസ്രോതസ്സുകളെ മാലിന്യവും ചെളിയും നീക്കി സംരക്ഷിച്ചും വനങ്ങളെ പുഷ്ടിപ്പെടുത്തിവരുന്നുണ്ട്.

(സി) കിഫ്ബി ഫണ്ടുപയോഗിച്ചുള്ള വന്യമൃഗാക്രമണ ലഘൂകരണ പദ്ധതികൾ കാര്യക്ഷമമായി പ്രാവർത്തികമാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കുന്നതിനുവേണ്ടി വിവിധ വനം ഡിവിഷനുകളിൽ കിഫ്ബി ധനസഹായത്തോടെ രണ്ട് ഘട്ടങ്ങളിലായി പദ്ധതികൾ നടപ്പാക്കിവരുന്നു. ഒന്നാം ഘട്ട പദ്ധതിയിൽ പുനലൂർ, തെന്മല, തിരുവനന്തപുരം, മണ്ണാർക്കാട്, പാലക്കാട് എന്നീ വനം ഡിവിഷനുകളിലായി 101.50 കി.മീറ്റർ ദൂരം സൗരോർജ്ജവേലി നിർമ്മാണത്തിനായി 1.83 കോടി രൂപയും വയനാട് വൈൽഡ് ലൈഫ് ഡിവിഷനുകീഴിൽ 0.41 കി.മീറ്റർ ദൂരത്തിൽ ആന പ്രതിരോധ മതിൽ നിർമ്മാണത്തിനായി 0.57 കോടി രൂപയും 10 കി.മീറ്റർ ദൂരത്തിൽ റെയിൽ ഫെൻസിംഗ് പ്രവൃത്തികൾ നടത്തുന്നതിനായി 15 കോടി രൂപയും വകയിരുത്തിയിട്ടുള്ളതും ആയതിന് ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്. രണ്ടാംഘട്ട പദ്ധതിയിലുൾപ്പെടുത്തി പുനലൂർ, തെന്മല, തിരുവനന്തപുരം, മണ്ണാർക്കാട്, പാലക്കാട് എന്നീ വനം ഡിവിഷനുകളിലായി 136.70 കി.മീറ്റർ ദൂരത്തിൽ സൗരോർജ്ജവേലി നിർമ്മാണത്തിനായി 2.47 കോടി രൂപയും പാലക്കാട് വനംഡിവിഷനു കീഴിൽ 0.30 കി.മീറ്റർ ദൂരത്തിൽ ആന പ്രതിരോധ മതിൽ നിർമ്മാണത്തിനായി 0.45

കോടി രൂപയും നിലമ്പൂർ സൗത്ത്, വയനാട് സൗത്ത്, വയനാട് നോർത്ത്, വയനാട് വൈൽഡ് ലൈഫ് എന്നീ വനം ഡിവിഷനുകളിലായി 48 കി.മീറ്റർ ദൂരത്തിൽ ക്രാഷ് ഗാർഡ് സ്റ്റീൽ റോപ് ഫെൻസിംഗ് നിർമ്മാണത്തിനായി 24 കോടി രൂപയും കൂടാതെ തിരുവനന്തപുരം, വയനാട് സൗത്ത്, കണ്ണൂർ എന്നീ ഡിവിഷനുകളിൽ വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസി ഇതര കുടുംബങ്ങളെ അവരുടെ സമ്മതത്തോടുകൂടി മാറ്റി പാർപ്പിക്കൽ പദ്ധതിക്കായി 75.15 കോടി രൂപയും വകയിരുത്തുകയും ആയതിന് ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്.

(ഡി) വനത്തിനോട് ചേർന്നുള്ള പ്രദേശങ്ങളിൽ കൃഷി സമ്പ്രദായത്തിൽ യുക്തമായ മാറ്റത്തിന് വനം വകുപ്പ് മുൻകയ്യെടുക്കുമോ എന്നറിയിക്കുമോ?

ജനജാഗ്രതാ സമിതികളുടെ ആഭിമുഖ്യത്തിൽ വനാതിർത്തി പങ്കിടുന്ന മേഖലകളിൽ വന്യജീവികളെ ആകർഷിക്കാത്ത തരത്തിലുള്ള കൃഷി ചെയ്യുന്നതിന് ജനങ്ങളിൽ അവബോധം വളർത്തുന്നതിന് നടപടികളെടുക്കുന്നതാണ്.

## കാട്ടാനകളുടെ ആക്രമണം കൂടിവരുന്നതിന്റെ കാരണം

149(2812) ശ്രീ. എൻ. ഷംസുദ്ദീൻ:
ഡോ. എം. കെ. മുനീർ:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മലയോര മേഖലകളിൽ ആളുകൾ കാട്ടാനകളുടെ ആക്രമണത്തെത്തുടർന്ന് മരണപ്പെടുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കാട്ടാനകൾ കൂട്ടമായി ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് കടന്നുവരുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഡെറാഡൂണിലെ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയും കേരള വനം വകുപ്പിലെ പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും ചേർന്ന് കാട്ടാനയുൾപ്പെടെയുള്ള വന്യജീവികൾ ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങുന്നതിനുള്ള കാരണത്തെയും പ്രതിരോധ മാർഗ്ഗങ്ങളെയും കുറിച്ച് പഠനം നടത്തിവരുന്നുണ്ട്. ഇതിന്റെ അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല. ആനകളെ ആകർഷിക്കുന്ന രീതിയിലുള്ള കൃഷികൾ വനാതിർത്തികളിൽ ചെയ്യുന്നത് ഒരു മുഖ്യ കാരണമാകാം.

(സി) കാട്ടാനകളുടെ ആക്രമണത്തിൽനിന്നും സംരക്ഷിക്കുന്നതിന് ഫലപ്രദമായ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ജനവാസ കേന്ദ്രങ്ങളിൽ കാട്ടാനയുടെ ആക്രമണം തടയുന്നതിനായി താഴെപ്പറയുന്ന പ്രതിരോധമാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്:

1. വനാതിർത്തികളിൽ സൗരോർജ്ജ വേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ് എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നുമുണ്ട്.

2. കാട്ടാനയുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിത്തുടങ്ങിയിട്ടുണ്ട്.

3. നാട്ടിലേയ്ക്ക് ഇറങ്ങുന്ന കാട്ടാനകളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി വിവിധ പ്രദേശങ്ങളിൽ 13 സ്ഥിരം/താൽക്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ചുവരുന്നു.

4. പ്രശ്നക്കാരായ കാട്ടാനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തി വരുന്നുണ്ട്.

5. കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നുണ്ട്.

6. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങി നാശനഷ്ടം വരുത്തുന്ന കാട്ടാനകളെ മയക്കുവെടിവച്ച് പിടികൂടി ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്.

7. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള 246 ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

8. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി കാട്ടാനയടക്കമുള്ള വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ്-ജലസംരക്ഷണ പ്രവൃത്തികൾ, ചെക്ക് ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്.

9. കാട്ടാന അടക്കമുള്ള വന്യജീവികളുടെ ആവാസ വ്യവസ്ഥയ്ക്ക് ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസ മേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

10. കാട്ടാന ആക്രമണംമൂലം കൃഷി നാശം സംഭവിച്ച കർഷകർക്ക് 8-1-2015-ലെ സ.ഉ. നമ്പർ (കൈ) 2/2015/വനം, 5-4-2018-ലെ സ.ഉ. നമ്പർ (കൈ) 17/2018/വനം എന്നീ ഉത്തരവുകൾ പ്രകാരം നഷ്ടപരിഹാരം നൽകി വരുന്നുണ്ട്.

11. കാട്ടാന ആക്രമണംമൂലം ജീവഹാനി, പരിക്ക്, സ്വത്തുനാശം, അംഗവൈകല്യം എന്നിവ ഉണ്ടാകുന്നവർക്ക് 5-4-2018-ലെ സ.ഉ. നമ്പർ(കൈ) 17/2018/വനം എന്ന ഉത്തരവുപ്രകാരം നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

12. കാട്ടാന അടക്കമുള്ള വന്യജീവികളുടെ ആക്രമണം രൂക്ഷമായ പ്രദേശങ്ങളിലെ ഫോറസ്റ്റ് സെറ്റിൽമെന്റുകളിലെ താമസക്കാരെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിപ്രകാരം കാടിന് പുറത്തേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**പൂഞ്ഞാർ മണ്ഡലത്തിലെ വന്യമൃഗശല്യം ഒഴിവാക്കാൻ നടപടി**

150(2813) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ, വന്യമൃഗശല്യം രൂക്ഷമായ എരുമേലി പഞ്ചായത്തിലെ കാളകെട്ടി പ്രദേശത്ത് സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

അഴുതയാറിനോട് ചേർന്ന് അഴുതക്കടവ് മുതൽ മൂക്കൻപെട്ടി വരെയുള്ള ഭാഗങ്ങളിൽ ചിലയിടങ്ങളിലൂടെയാണ് കാട്ടാനകൾ അഴുതയാറിലൂടെ കാളകെട്ടി മേഖലകളിലേയ്ക്ക് എത്തുന്നത്. 3 കിലോമീറ്ററോളം വരുന്ന അഴുതക്കടവ് മുതൽ

മൂക്കൻപെട്ടി വരെയുള്ള ഭാഗം സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങളാണ്. രണ്ട് വർഷങ്ങൾക്കുമുമ്പ് സൗരോർജ്ജവേലിക്കായി ഫണ്ട് അനുവദിച്ചെങ്കിലും ടി പ്രദേശത്തെ സ്ഥലമുടമകളുടെ എതിർപ്പുമൂലമാണ് ഇത് നടപ്പാക്കാൻ കഴിയാതെ വന്നത്. ടി. 3 കി.മീ. സ്ഥലത്തുകൂടി സൗരോർജ്ജവേലി സ്ഥാപിച്ചാൽ വന്യമൃഗശല്യത്തിന് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയും. ജനസഹകരണമുണ്ടാകുന്ന പക്ഷം ആയതുകൂടി പൂർത്തിയാക്കുന്നതാണ്.

(ബി) എരുമേലി പഞ്ചായത്തിലെ ഏയ്ഞ്ചൽവാലി, പമ്പാവാലി, മൂക്കൻപെട്ടി പ്രദേശങ്ങളിലെയും മുണ്ടക്കയം പഞ്ചായത്തിലെ കണ്ണിമല പ്രദേശത്തെയും തകരാറിലായ സോളാർ ഫെൻസിംഗ് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

എരുമേലി ഗ്രാമപഞ്ചായത്തിലെ ഏയ്ഞ്ചൽവാലി, പമ്പാവാലി, മൂക്കൻപെട്ടി എന്നീ സ്ഥലങ്ങളിലെ തകരാറിലായ സൗരോർജ്ജവേലികൾ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. മുണ്ടക്കയം പഞ്ചായത്തിലെ കണ്ണിമല മേഖലയിലെ തകരാറിലായ സൗരോർജ്ജവേലി അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നതാണ്.

**വാനര ശല്യം തടയൽ**

151(2814) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഗ്രാമപഞ്ചായത്തുകളായ അമ്പൂരി, വെള്ളറട, കള്ളിക്കാട്, ഒറ്റശേഖരമംഗലം എന്നിവിടങ്ങളിലെ വർദ്ധിച്ചുവരുന്ന വാനര ശല്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അമ്പൂരി പഞ്ചായത്തിൽ 22-9-2021-ൽ നെയ്യാർ അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ ജനജാഗ്രതാ സമിതി വിളിച്ചുകൂട്ടി ഇക്കാര്യം ചർച്ച ചെയ്യുകയും വാനര ശല്യം പരിഹരിക്കുന്നതിന് റാപ്പിഡ് റെസ്പോൺസ് ടീം മുഖേന നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) വാനര ശല്യത്തിൽനിന്നും പൊതുജനങ്ങളെ സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നറിയിക്കാമോ?

വാനര ശല്യം കുറയ്ക്കുന്നതിന് ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ ജനജാഗ്രതാ സമിതികൾ വഴി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആക്രമണകാരികളായ വാനരന്മാരെ റാപ്പിഡ് റെസ്പോൺസ് ടീം മുഖേന പിടിച്ച് വനത്തിനുള്ളിൽ കൊണ്ടുവിടുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വാനരന്മാർ കൃഷി നശിപ്പിക്കുന്നതുമൂലം പ്രതിസന്ധി നേരിടുന്ന കർഷകർക്ക് നഷ്ടപരിഹാരം നൽകിവരുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

വന്യജീവികളുടെ ആക്രമണംമൂലം നാശനഷ്ടം നേരിട്ടവർക്ക് 1980-ലെ ദി കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് അനിമൽസ് പ്രകാരം നഷ്ടപരിഹാരം നൽകുന്നുണ്ട്. 8-1-2015-ലെ സ.ഉ. (കൈ) നമ്പർ 02/2015/വനം ഉത്തരവുപ്രകാരം കൃഷിനാശം സംഭവിക്കുന്ന 27 ഇനം കാർഷിക വിളകൾക്ക് നഷ്ടപരിഹാരം നൽകിവരുന്നു. 5-4-2018-ലെ സ.ഉ. (കൈ) നമ്പർ 17/2018/വനം ഉത്തരവുപ്രകാരം കണക്കാക്കപ്പെടുന്ന നഷ്ടത്തിന്റെ 100%, പരമാവധി ഒരു ലക്ഷം രൂപ എന്ന നിരക്കിൽ ഓരോ നാശനഷ്ടത്തിനും നൽകുന്നതാണ്. ഒരു വർഷത്തിൽ ഒരാൾക്ക് 4 തവണ കൃഷിനാശത്തിന് നഷ്ടപരിഹാരം ലഭിക്കുന്നതിന് അർഹതയുണ്ട്.

(ഡി) പാറശ്ശാല നിയോജകമണ്ഡലത്തിലെ വനാതിർത്തി പ്രദേശങ്ങളിൽ വന്യജീവി ആക്രമണങ്ങൾ വർദ്ധിച്ചുവരുന്നത് തടയാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

സ്വീകരിച്ചിട്ടുണ്ട്. വന്യജീവി സങ്കേതത്തിന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ വന്യജീവി ആക്രമണങ്ങൾ തടയുന്നതിന് ട്രഞ്ച്, സോളാർ ഫെൻസിംഗ് എന്നിവ നിർമ്മിച്ച് വന്യജീവി ആക്രമണങ്ങൾ തടയാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കാട്ടുപന്നികളുടെ വംശവർദ്ധനവ് തടയൽ**

152(2815) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടുപന്നികളെ ശല്യക്കാരായ മൃഗങ്ങളുടെ ഗണത്തിൽപ്പെടുത്തിയാൽ ഇവയുടെ വംശവർദ്ധനവ് തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്നറിയിക്കുമോ?

കാട്ടുപന്നികളെ ശല്യക്കാരായ മൃഗങ്ങളുടെ ഗണത്തിൽപ്പെടുത്തിയാൽ ജനവാസ മേഖലയിലും കൃഷിയിടങ്ങളിലും ഇറങ്ങുന്ന കാട്ടുപന്നികളുടെ വംശവർദ്ധനവ് തടയുന്നതിന് ജനങ്ങൾക്കുതന്നെ സാധിക്കുന്നതാണ്.

## ജനവാസ കേന്ദ്രങ്ങളിലെ വന്യമൃഗങ്ങളുടെ ശല്യം

153(2816) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജനവാസ കേന്ദ്രങ്ങളിലെ വന്യമൃഗശല്യം തടയുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ജനവാസ കേന്ദ്രങ്ങളിലെ വന്യമൃഗശല്യം തടയുന്നതിന് ചുവടെ പറയുന്ന മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്.

വന്യമൃഗങ്ങളുടെ നാട്ടിലേയ്ക്കുള്ള പ്രവേശനം തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജ വേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ് എന്നിവ നിർമ്മിച്ച് കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തന ക്ഷമമാക്കുന്നുണ്ട്.

വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോടുചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്.

നാട്ടിലേയ്ക്കിറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി വിവിധ പ്രദേശങ്ങളിൽ 13 സ്ഥിരം/താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ചുവരുന്നു.

പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നുണ്ട്. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടിവച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച്, ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്.

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള 246 ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ്-ജലസംരക്ഷണ പ്രവൃത്തികൾ, ചെക്ക് ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്. വന്യജീവികൾക്കും അവയുടെ ആവാസ വ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസ മേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കാട്ടുപന്നികൾ ജനവാസ മേഖലയിലും കൃഷിയിടങ്ങളിലും നാശം വരുത്തുകയും മനുഷ്യർക്ക് പരിക്ക്, ജീവഹാനി എന്നിവ ഉണ്ടാക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ അവയെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിനും നശിപ്പിക്കുന്നതിനും 18-5-2020-ലെ സ.ഉ.(സാധാ) നമ്പർ 111/2020/വനം, 11-1-2021-ലെ സ.ഉ.(സാധാ) നമ്പർ 5/2021/വനം, 28-1-2021-ലെ സ.ഉ.(സാധാ) നമ്പർ 25/2021/വനം എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്. 29-5-2021-ലെ സ.ഉ.(സാധാ) നമ്പർ 159/2021/വനം പ്രകാരം മേൽ ഉത്തരവുകളുടെ കാലാവധി 17-5-2022 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 8-1-2015-ലെ സ.ഉ. നമ്പർ (കൈ) 2/2015/വനം, 5-42018-ലെ സ.ഉ. നമ്പർ (കൈ) 17/2018/വനം എന്നീ ഉത്തരവുകൾ പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. വന്യജീവി ആക്രമണംമൂലം ജീവഹാനി, പരിക്ക്, സ്വത്തുനാശം, അംഗവൈകല്യം എന്നിവ ഉണ്ടാകുന്നവർക്ക് 5-4-2018-ലെ സ.ഉ.നം. (കൈ) 17/2018/വനം എന്ന ഉത്തരവുപ്രകാരം നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ഫോറസ്റ്റ് സെറ്റിൽമെന്റുകളിലെ താമസക്കാരെ സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം കാടിന് പുറത്തേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**വന്യജീവി സെൻസസ്**

154(2817) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എന്നാണ് അവസാനമായി വന്യജീവി സെൻസസ് നടന്നിട്ടുള്ളതെന്നറിയിക്കുമോ?

കാട്ടുപോത്ത്, മ്ലാവ്, പുള്ളിമാൻ, കാട്ടുപന്നി എന്നിവയുടെ കണക്കെടുപ്പ് 2011-ലും വരയാടുകളുടെ കണക്കെടുപ്പ് 2020-ലും, ആനകളുടെ കണക്കെടുപ്പ് 2017-ലും കടുവകളുടെ കണക്കെടുപ്പ് 2018-ലുമാണ് അവസാനമായി നടന്നത്.

(ബി) അടുത്ത വന്യജീവി സെൻസസ് എന്ന് നടക്കുമെന്ന് വ്യക്തമാക്കുമോ?

ഓൾ ഇന്ത്യ ടൈഗർ എസ്റ്റിമേഷൻ ഇപ്പോൾ നടന്നുവരുന്നുണ്ട്.

(സി) വന്യജീവി സെൻസസ് പ്രകാരം ഏതെങ്കിലും മൃഗങ്ങളുടെയോ വന്യജീവികളുടെയോ എണ്ണം ക്രമാതീതമായി കൂടുകയോ കുറയുകയോ ചെയ്തിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**കണ്ണൂർ ജില്ലയിൽ ഭരണാനുമതി നൽകിയ മൈനർ ഇറിഗേഷൻ പദ്ധതികൾ**

155(2818) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ മൈനർ ഇറിഗേഷൻ വകുപ്പിന് കീഴിൽ 2021-22 സാമ്പത്തിക വർഷം ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) 2021-22 സാമ്പത്തിക വർഷം മൈനർ ഇറിഗേഷൻ വകുപ്പിന് എത്ര കോടി രൂപയാണ് പദ്ധതികൾക്കായി നീക്കിവച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

(എ & ബി) വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**കോവളം -ബേക്കൽ ജലപാത**

156(2819) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം-ബേക്കൽ ജലപാത വികസനത്തിന്റെ പുരോഗതി വ്യക്തമാക്കാമോ?

കോവളം മുതൽ ബേക്കൽ വരെ 616 കി. മീ. നീളത്തിലാണ് സംസ്ഥാനത്ത് പശ്ചിമതീര ജലപാത വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൽ കൊല്ലം മുതൽ കോഴിക്കോട് വരെ ദേശീയ ജലപാത NW-3 ആയി പ്രഖ്യാപിച്ചിട്ടുള്ളതാണ്. കൊല്ലം മുതൽ കോട്ടപ്പുറം വരെ 168 കി.മീ. ദേശീയ ജലപാത ഗതാഗതയോഗ്യമാണ്. എന്നാൽ കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭാഗത്ത് 160 കി.മീ. ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും പൂർണ്ണ തോതിൽ ഗതാഗത യോഗ്യമാക്കുന്നതിനായി നിരവധി പാലങ്ങളും റെഗുലേറ്ററുകളും നിർദ്ദിഷ്ട മാനദണ്ഡമനുസരിച്ച് പൊളിച്ചുമാറ്റുകയോ പുതുക്കിപ്പണിയുകയോ ചെയ്യേണ്ടതായിട്ടുണ്ട്. സംസ്ഥാന ജലപാത കോവളം മുതൽ കൊല്ലം വരെയും കോഴിക്കോട് മുതൽ നീലേശ്വരം വരെയുമാണ്. ഇതോടൊപ്പം 1200 കി.മീ. ഓളം നീളത്തിൽ അംഗീകൃത ഫീഡർ കനാലുകളും ഉൾനാടൻ ജലഗതാഗതത്തിനായുണ്ട്. കോവളം മുതൽ കൊല്ലം വരെയുള്ള സംസ്ഥാന ജലപാത ഭാഗികമായി ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. കോഴിക്കോട് - പയ്യോളി റൂട്ടിൽ ജലപാത വികസനത്തിന് തടസ്സമായി നിലകൊള്ളുന്ന കോഴിക്കോട് പട്ടണത്തിന്റെ ഹൃദയ ഭാഗത്തുകൂടി കടന്നുപോകുന്ന കനോലി കനാലിന്റെ വികസന പദ്ധതികൾക്ക് രൂപരേഖ തയ്യാറാക്കുന്നതിനായി കേരള വാട്ടർ വേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലി. (ക്വിൽ)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വടകര – മാഹി 17.61 കി.മീ. ഭാഗത്ത് കനാൽ നിർമ്മാണ പ്രവർത്തനങ്ങൾ ദേശീയ ജലപാതാ നിലവാരത്തിൽ ഉൾനാടൻ ജലഗതാഗത വകുപ്പിന്റെ നേതൃത്വത്തിൽ പുരോഗമിക്കുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികൾ അവസാന ഘട്ടത്തിലേയ്ക്ക് എത്തിയിട്ടുണ്ട്. മാഹി മുതൽ വളപട്ടണം വരെയുള്ള 58.5 കി.മീറ്ററിൽ 26 കി.മീറ്ററിൽ കനാൽ പുതുതായി നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് അലൈൻമെന്റ് ക്രമപ്പെടുത്തൽ പ്രവൃത്തി പുരോഗമിക്കുന്നു. നീലേശ്വരം മുതൽ ബേക്കൽ വരെയുള്ള 26 കി. മീ. ഭാഗത്ത് 20 കി. മീ. പൂർണ്ണ തോതിൽ ഗതാഗതയോഗ്യമാണ്. എന്നാൽ 6 കി.മീ. നീളത്തിൽ പുതുതായി കനാൽ ദീർഘിപ്പിക്കേണ്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) പ്രസ്തുത പദ്ധതി നിലവിൽ വരുമ്പോൾ എത്ര കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ടിവരുമെന്നും അവരുടെ പുനരധിവാസം ഏതുരീതിയിൽ നടത്തുമെന്നും വ്യക്തമാക്കാമോ?

കോവളം മുതൽ വർക്കല വരെയുള്ള ഭാഗത്ത് ഏകദേശം 1275-ഓളം കുടുംബങ്ങളെ കുടിയൊഴിപ്പിക്കുന്നതിനും മാറ്റിപാർപ്പിക്കുന്നതിനുമായി 247.2 കോടി രൂപയുടെ പുനരധിവാസ പദ്ധതി കിഫ്ബിയുടെ ധനസഹായത്തോടെ നടപ്പാക്കാൻ സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. വടകര-മാഹി കനാൽ നിർമ്മാണവുമായി ബന്ധപ്പെട്ട് 75 ഏക്കറോളം ഭൂമി ഏറ്റെടുക്കൽ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. എന്നാൽ ടി ഭാഗത്ത് കുടിയൊഴിപ്പിക്കലോ പുനരധിവാസമോ വേണ്ടിവരുന്നില്ല. മാഹി - വളപട്ടണം കനാൽ നിർമ്മാണവുമായി ബന്ധപ്പെട്ട് കനാൽ അലൈൻമെന്റിനുള്ള കല്ലുകൾ സ്ഥാപിക്കൽ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു. സാമൂഹ്യാഘാത

പഠനം നടത്തുന്നതിന് കോഴിക്കോട് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കുടിയൊഴിപ്പിക്കലും പുനരധിവാസവും വേണ്ടിവരുന്നവരുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു. നീലേശ്വരം - ബേക്കൽ കനാൽ നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രാഥമിക പ്രവർത്തനങ്ങൾ നടന്നുവരുന്നു. പ്രാഥമിക പഠനത്തിനുശേഷം DPR തയ്യാറാക്കുന്ന മുറയ്ക്ക് മാത്രമേ കുടിയൊഴിപ്പിക്കലും പുനരധിവാസവും തീരുമാനിക്കാൻ കഴിയുകയുള്ളൂ.

(സി) പ്രസ്തുത ജലപാതയിൽ ഗതാഗതം നടത്താൻ കഴിയുന്നത് എവിടെ മുതൽ എവിടെ വരെയാണെന്ന് വ്യക്തമാക്കാമോ; ഒന്നാം ഘട്ടത്തിൽ എത്ര കിലോമീറ്റർ പൂർത്തിയാക്കി; അടുത്ത ഘട്ടത്തിൽ എത്ര ദൂരം പൂർത്തിയാക്കുമെന്നറിയിക്കാമോ?

കോവളം മുതൽ കൊല്ലം വരെ ഭാഗികവും കൊല്ലം മുതൽ കോട്ടപ്പുറം വരെ പൂർണ്ണ തോതിലും കോട്ടപ്പുറം മുതൽ കോഴിക്കോട് വരെ ഭാഗികവും കോഴിക്കോട് കല്ലായി മുതൽ ഇരഞ്ഞിക്കൽവരെയുള്ള കനോലി കനാലൊഴികെ വടകര വരെ ഭാഗികമായും ഗതാഗത യോഗ്യമാണ്. വടകര മുതൽ മാഹി വരെ പൂർണ്ണതോതിൽ ഗതാഗത യോഗ്യമാക്കുന്ന പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു. വളപട്ടണം മുതൽ നീലേശ്വരം വരെ പൂർണ്ണതോതിൽ ഗതാഗത യോഗ്യമാണ്. ഒന്നാം ഘട്ടത്തിൽ 616 കി.മീ. ദൂരമുള്ള പശ്ചിമതീര കനാലിന്റെ വിവിധ ഭാഗങ്ങളിലായി 520 കി.മീ. ദൂരം ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ പൂർണ്ണതോതിൽ സഞ്ചാരയോഗ്യമാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**വള്ളിക്കുന്ന് മണ്ഡലത്തിലെ കടക്കാട്ടുപാറ ആലുംകടവ് റെഗുലേറ്റർ പദ്ധതി**

157(2820) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ കടക്കാട്ടുപാറ ആലുംകടവ് റെഗുലേറ്റർ പദ്ധതിയുടെ രൂപകൽപ്പന പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) ഐ.ഡി.ആർ.ബി. രൂപകൽപ്പന പൂർത്തിയാക്കുന്ന മുറയ്ക്ക് ഡി.പി.ആർ. കിഫ്ബിക്ക് സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

(എ&ബി) കടക്കാട്ടുപാറ ആലുംകടവ് റെഗുലേറ്റർ പദ്ധതിയുടെ രൂപകൽപ്പന പൂർത്തിയായിട്ടില്ല. ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി.യിൽനിന്ന്

രൂപകൽപ്പന ലഭിക്കുന്ന മുറയ്ക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി തത്വത്തിൽ അംഗീകാരം നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

(സി) കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭിച്ചാൽ പദ്ധതി നിർവ്വഹണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത പദ്ധതി നിർമ്മാണം ഏത് ഏജൻസി/വകുപ്പ് മുഖേനയാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ?

(സി&ഡി) പ്രസ്തുത പദ്ധതി നിർവ്വഹണം കെ.ഐ.ഐ.ഡി.സി. (KIIDC) മുഖേനയാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്. DPR-ന് തത്വത്തിൽ അംഗീകാരം നൽകുകയാണെങ്കിൽ, ആയത് സൂക്ഷ്മപരിശോധനയ്ക്കും സാമ്പത്തികാനുമതിക്കായും കിഫ്ബിയിൽ സമർപ്പിക്കുകയും കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭ്യമായാൽ ടി പദ്ധതി കിഫ്ബി മാനദണ്ഡപ്രകാരം കെ.ഐ.ഐ.ഡി.സി. മുഖേന നടപ്പിലാക്കുവാനുള്ള നടപടികൾ പരിശോധിക്കാവുന്നതാണ്.

## കൊടുങ്ങല്ലൂർ മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതികൾ

158(2821) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊടുങ്ങല്ലൂർ മണ്ഡലത്തിൽ ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിയതും നടപ്പിലാക്കുന്നതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ?

കൊടുങ്ങല്ലൂർ മണ്ഡലത്തിൽ ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

## കൊടുങ്ങല്ലൂർ മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ പ്രവൃത്തികൾ

159(2822) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊടുങ്ങല്ലൂർ മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ മൈനർ ഇറിഗേഷൻ വകുപ്പിന് കീഴിൽ അനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവയ്ക്ക് അനുവദിച്ച തുക എത്രയെന്നും പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൊടുങ്ങല്ലൂർ മണ്ഡലത്തിൽ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ മൈനർ ഇറിഗേഷൻ വകുപ്പിനുകീഴിൽ അനുമതി നൽകിയ പ്രവൃത്തികളും അനുവദിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ ഇതോടൊപ്പം അനുബന്ധമായി* ചേർക്കുന്നു.

**കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടന്നുവരുന്ന വിവിധ പദ്ധതികൾ**

160(2823) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ കീഴിൽ കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടന്നുവരുന്ന വിവിധ പദ്ധതികൾ ഏതെല്ലാമാണെന്ന് പഞ്ചായത്ത്/നഗരസഭ തിരിച്ച് വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും എസ്റ്റിമേറ്റ് തുക എത്രയെന്നും ഗുണഭോക്താക്കൾ എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) ഓരോ പദ്ധതിയുടെയും പ്രവർത്തനപുരോഗതി അറിയിക്കാമോ?

(എ - സി) ജലവിഭവ വകുപ്പിന്റെ കീഴിൽ കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടന്നുവരുന്ന വിവിധ പദ്ധതികളുടെ വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു. ഭൂജലവകുപ്പ് മുഖേന കാഞ്ഞങ്ങാട് മണ്ഡലത്തിൽ മടിക്കൈ ഗ്രാമപഞ്ചായത്തിലെ ഗവ. യു. പി. സ്കൂൾ, ആലംപാടിയിൽ കൃത്രിമ ഭൂജല സംപോഷണ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. പ്രസ്തുത പദ്ധതിക്കായുള്ള എസ്റ്റിമേറ്റ് തുക 1,63,520 ആണ്. ഇതിന്റെ ഗുണഭോക്താക്കൾ 151 പേരാണ് (സ്കൂളിലെ വിദ്യാർത്ഥികളും അദ്ധ്യാപകരും) കൂടാതെ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന പരിസര പ്രദേശങ്ങളിലുള്ളവർക്കും ഇതിന്റെ ഗുണം ലഭിക്കുന്നതാണ്. പ്രസ്തുത പദ്ധതിയുടെ ടെണ്ടർ നടപടി പുരോഗമിച്ചുവരുന്നു. കാഞ്ഞങ്ങാട് മണ്ഡലത്തിനുകീഴിലുള്ള കോടോം-ബേളൂർ ഗ്രാമപഞ്ചായത്തിൽ ജലനിധി ഒന്നാംഘട്ടത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ പുനരുദ്ധാരണ പ്രവൃത്തികൾ സുസ്ഥിരതാ പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്തുവരുന്നുണ്ട്. കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഐ.ഡി.ആർ.ബി.-യുടെ കീഴിൽ നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ ഭാഗമായി മടിക്കൈ പഞ്ചായത്തിൽ Automatic Rain Gauge സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി പൂർത്തീകരിച്ചു. മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 4,53,710 രൂപ. ഇൻസ്ട്രുമെന്റ് ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ജൽജീവൻ മിഷൻ വഴി പൂർത്തീകരിക്കുന്ന പദ്ധതികളുടെ തുടർനടത്തിപ്പ്**

161(2824) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷൻ വഴി പൂർത്തീകരിക്കുന്ന പദ്ധതികളുടെ തുടർ നടത്തിപ്പ് എങ്ങനെ നടത്താനാണുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) സാങ്കേതിക പരിജ്ഞാനം കുറവായ തദ്ദേശഭരണ സ്ഥാപനങ്ങളെ, നടത്തിപ്പുചുമതല ഏൽപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

(എ&ബി) ജൽജീവൻ മിഷൻ മാർഗ്ഗരേഖപ്രകാരം കുടിവെള്ള പദ്ധതികളുടെ തുടർ പരിപാലനം പഞ്ചായത്തുകളുടെ/വില്ലേജ് വാട്ടർ ആൻഡ് സാനിറ്റേഷൻ കമ്മിറ്റികളുടെ ചുമതലയിലാണ്. ഇതിനായുള്ള കരാറിന്മേൽ തീരുമാനം പരിഗണനയിലാണ്.

**ചാത്തന്നൂർ മണ്ഡലത്തിലെ മേജർ ഇറിഗേഷൻ പ്രവൃത്തികൾ**

162(2825) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ മേജർ ഇറിഗേഷൻ വകുപ്പിന്റെ ചുമതലയിൽ നടത്തിവരുന്ന പ്രവൃത്തികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ&ബി) ചാത്തന്നൂർ മണ്ഡലത്തിൽ മേജർ ഇറിഗേഷൻ വകുപ്പ് മുഖാന്തരം നടത്തിവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**പെരിയാർ വാലി പദ്ധതി**

163(2826) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയാർ വാലി പദ്ധതിക്കുള്ള 2021-22-ലെ ബഡ്ജറ്റ് വിഹിതം അറിയിക്കാമോ?

പെരിയാർ വാലി പദ്ധതിക്കുള്ള 2021-22-ലെ ബഡ്ജറ്റ് വിഹിതം (N/P)-2700-01-101-98-18-Mace (V): 650 Lakhs

(N/P) - 2700-01-101-98-82-Garden : 7.5 Lakhs

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ സാമ്പത്തിക വർഷം ഏതെല്ലാം പ്രവൃത്തികൾക്കാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ആക്ഷൻ പ്ലാൻ ഫേസ് ഒന്നും രണ്ടും പ്രകാരം അംഗീകാരം കിട്ടിയ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

(ബി & സി) ചീഫ് എഞ്ചിനീയറുടെ 31-8-2021-ലെ നടപടിക്രമം നമ്പർ ഡബ്ല്യൂ.പി2-2331/2019/ഡി 1 പ്രകാരം അംഗീകരിക്കപ്പെട്ട 2021-22-ലെ ആക്ഷൻ പ്ലാൻ. നിലവിലെ സ്ഥിതി അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഡി) കനാൽ ബണ്ട് റോഡുകളുടെ സംരക്ഷണത്തിനായി തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

തുക വകയിരുത്തിയിട്ടില്ല.

**കുന്ദമംഗലം മണ്ഡലത്തിലെ ചെറുകിട ജലസേചന പദ്ധതി**

164(2827) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ പദ്ധതിയിലുൾപ്പെടുത്തി കുന്ദമംഗലം നിയോജകമണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികൾക്കാണ് നിലവിൽ ഭരണാനുമതിയുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ ഓരോന്നിന്റെയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ&ബി) മൈനർ ഇറിഗേഷൻ പദ്ധതിയിലുൾപ്പെടുത്തിയ കുന്ദമംഗലം നിയോജകമണ്ഡലത്തിലെ പ്രവൃത്തികളുടെ നിലവിലെ വിവരങ്ങൾ അനുബന്ധമായി*ചേർക്കുന്നു.

**നാദാപുരം മണ്ഡലത്തിലെ തുണേരി വേറ്റുമ്മൽ ടെയിൽ -എൻഡ് പദ്ധതി**

165(2828) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിന്റെ കീഴിലുള്ള തുണേരി-വേറ്റുമ്മൽ ടെയിൽ എൻഡ് പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുറ്റ്യാടി ജലസേചന പദ്ധതിയുടെ തുണേരി ബ്രാഞ്ച് കനാലിന്റെ വാലറ്റത്തുനിന്നാണ് ടെയ്ൽ എൻഡ് ഡിസ്ട്രിബ്യൂട്ടറി കനാൽ ആരംഭിക്കുന്നത്. പ്രസ്തുത കനാലിനുവേണ്ടി ചെയിനേജ് 4/250 കി.മീറ്റർ ദൂരം വരെ സ്ഥലം ഏറ്റെടുത്ത് ചെയിനേജ് 2/000 കി.മീറ്റർ വരെ കനാൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത ഭാഗത്ത് കരിങ്കൽ ഫ്ളൂം തകർന്നിട്ടുള്ളതിനാൽ അതിലൂടെ ജലവിതരണം സാധ്യമായിട്ടില്ല. കനാൽ പൂർണ്ണമായും സർവ്വേ ചെയ്താൽ മാത്രമേ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി കനാൽ പ്രവർത്തനക്ഷമമാക്കാൻ സാധിക്കുകയുള്ളൂ. കനാൽ ഭൂമി സർവ്വേ ചെയ്യുന്നതിനായി വടകര തഹസിൽദാർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) പദ്ധതി പൂർത്തീകരണത്തിനുവേണ്ടി എം.എൽ.എ. നൽകിയ കത്തിന്മേൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ?

പ്രവൃത്തിക്കായുള്ള റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി സർവ്വേ ചെയ്യുന്നതിനുള്ള അപേക്ഷ വടകര തഹസീൽദാർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി കായപ്പനച്ചിവരെ നീട്ടാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സർവ്വേ നടപടികൾ പൂർത്തിയായതിനുശേഷം പ്രസ്തുത പദ്ധതി കായപ്പനച്ചിവരെ നീട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

**മണ്ണാർക്കാട് മണ്ഡലത്തിൽ ജൽജീവൻ മിഷൻ പദ്ധതി**

166(2829) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണ്ണാർക്കാട് മണ്ഡലത്തിൽ ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി പ്രവൃത്തി നടന്നുവരുന്ന പഞ്ചായത്തുകളുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പഞ്ചായത്തുകളിൽ എത്ര ഉപഭോക്താക്കൾക്ക് കുടിവെള്ള കണക്ഷൻ നൽകുവാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ?

മണ്ണാർക്കാട് മണ്ഡലത്തിൽ ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു. പ്രസ്തുത പഞ്ചായത്തുകളിൽ 30865 ഉപഭോക്താക്കൾക്ക് കുടിവെള്ള കണക്ഷൻ നൽകുവാനാണ് ലക്ഷ്യമിടുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കാസർഗോഡ് ജില്ലയിലെ മൂന്നാം കടവ് ജലസേചന പദ്ധതി

167(2830) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മൂന്നാം കടവ് ജലസേചന പദ്ധതി ആദ്യം വിഭാവനം ചെയ്ത വലിയ ഡാമിൽനിന്നും വ്യത്യസ്തമായി ഉയരം കുറച്ച് നടപ്പിലാക്കാൻ സാധിക്കുമെന്നത് വകുപ്പ് പഠനവിധേയമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി വെള്ളം സംഭരിച്ച് വയ്ക്കാൻ ഏറ്റവും ചെലവ് കുറഞ്ഞ രീതിയിൽ അനുയോജ്യമായ ഉയരം കുറഞ്ഞ തടയണ നിർമ്മിക്കുന്നത് പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

(എ&ബി) മൂന്നാം കടവ് ജലസേചന പദ്ധതി ആദ്യം വിഭാവനം ചെയ്തതിൽനിന്നും വ്യത്യസ്തമായി ഉയരം കുറച്ച് നടപ്പിലാക്കാൻ സാധിക്കുമോയെന്നത് സംബന്ധിച്ച് പ്രാഥമിക വിവരങ്ങൾ പരിശോധിച്ചു വരികയാണ്. ഇൻവെസ്റ്റിഗേഷൻ നടത്തി തുടർതീരുമാനങ്ങൾ എടുക്കാവുന്നതാണ്.

## പുഴകളിലെയും ഡാമുകളിലെയും മണലും എക്കലും നീക്കം ചെയ്യുന്നതിനുള്ള പദ്ധതി

168(2831) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയംമൂലവും സ്വാഭാവിക കാരണങ്ങളാലും സംസ്ഥാനത്തെ അണക്കെട്ടുകളിലും പുഴകളിലും വൻതോതിൽ അടിഞ്ഞുകൂടിയിട്ടുള്ള മണലും എക്കലും നീക്കം ചെയ്യുന്നതിന് പദ്ധതിയുണ്ടോ; ഇതുസംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ?

ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) ഡാമുകളിൽ അടിഞ്ഞുകൂടിയ മണലും എക്കലും വേർതിരിച്ചെടുക്കുന്നതിന് നിലവിലെ സാങ്കേതികവിദ്യകൾ പര്യാപ്തമാണോ; വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിലെ സാങ്കേതികവിദ്യയനുസരിച്ച് ചെളിയും മണലും എക്കലും റിസർവ്വോയറിൽനിന്നും പമ്പ് ചെയ്ത് ഡമ്പിംഗ് യാർഡിൽ ശേഖരിച്ച് അവിടെനിന്നും സെഗ്രിഗേഷൻ യൂണിറ്റിൽ കൊണ്ടുപോയി മണലും ചരലും ചെളിയും വേർതിരിച്ചെടുക്കുന്ന സെഗ്രിഗേഷൻ പ്രവർത്തനങ്ങളാണ് നടക്കുന്നത്. സ്ഥലപരിമിതിയുള്ള ഇടങ്ങളിൽ ഇത് പ്രായോഗികമല്ല. ആയതിനാൽ പമ്പ് ചെയ്യുന്ന സെഡിമെന്റ്സ് നേരിട്ട് വേർതിരിച്ചെടുക്കുന്ന സാങ്കേതികവിദ്യ പരിഗണിക്കാവുന്നതാണ്.

(സി) പുഴകളിലേയും ഡാമുകളിലേയും മണൽ ശേഖരിച്ച് വിൽപ്പന നടത്തി സർക്കാരിന്റെ നികുതിയിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിനായി വിവര ശേഖരണം നടത്തിയിട്ടുണ്ടോ?

മണൽവാരി വിൽക്കുന്നതുവഴിയുള്ള വരുമാനം നികുതിയേതര വരുമാനമായി കണക്കാക്കാവുന്നതാണ്. ഡാമുകളിൽനിന്നും നടത്തുന്ന ഡീസിൽറ്റേഷൻ പ്രവൃത്തികളുടെ എക്കലിന്റെയും ചെളിയുടെയും തരംതിരിച്ചുള്ള അളവ് കണ്ടുപിടിച്ച്, വിശദമായ പദ്ധതിരേഖ (ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് - DPR ) തയ്യാറാക്കിയാണ് പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നത്. കൂടാതെ, നദികളിലെ നിർമ്മിതികളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണ്ണിന്റെയും എക്കലിന്റെയും ചെളിയുടെയും മണലിന്റെയും ആകെയുള്ള അളവ് കണ്ടുപിടിച്ചതിനുശേഷമാണ് ടെണ്ടർ നടപടികൾ സ്വീകരിച്ചത്.

(ഡി) പുഴകളിലും അഴിമുഖങ്ങളിലും അടിഞ്ഞുകൂടുന്ന മണലും എക്കലുംമൂലം ജലനിർഗ്ഗമനം തടസ്സപ്പെടുന്നതൊഴിവാക്കി പുഴകളുടെ സ്വാഭാവിക നീരൊഴുക്ക് പുന:സ്ഥാപിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കാമോ?

പുഴകളിലും അഴിമുഖങ്ങളിലും അടിഞ്ഞുകൂടുന്ന മണലും ചെളിയും എക്കലും നീക്കംചെയ്ത് പുഴകളുടെ നീരൊഴുക്ക് സുഗമമാക്കുന്നതിന് SDRF/FC എന്നീ ശീർഷകങ്ങളിൽ ഉൾപ്പെടുത്തി വിവിധ പ്രവൃത്തികൾ പൂർത്തീകരിക്കുകയും നടപ്പിലാക്കിവരികയും ചെയ്യുന്നുണ്ട്. കൂടാതെ, ഇത്തരം പ്രവൃത്തികൾ ജില്ലാ കളക്ടറുടെ/ദുരന്തനിവാരണ അതോറിറ്റിയുടെ ഫണ്ട്, വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, എം.എൽ.എ. ഫണ്ട് തുടങ്ങിയവ ഉപയോഗിച്ചും നടപ്പാക്കിവരുന്നു. അഴിമുഖങ്ങളിൽ എല്ലാ വർഷത്തേയുംപോലെ കാലവർഷത്തിന് മുന്നോടിയായി പൊഴിമുറിച്ച് ജല നിർഗ്ഗമനത്തിനുള്ള സൗകര്യം ആവശ്യാനുസരണം ഒരുക്കാറുണ്ട്.

## ചങ്ങനാശ്ശേരി മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

169(2832) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ ചങ്ങനാശ്ശേരി മണ്ഡലത്തിൽ മേജർ ഇറിഗേഷൻ വകുപ്പ് മുഖാന്തരം എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(എ & ബി) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ ഇറിഗേഷൻ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

## കൽപ്പറ്റ മണ്ഡലത്തിലെ മേജർ - മൈനർ ഇറിഗേഷൻ പദ്ധതികൾ

170(2833) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ മണ്ഡലത്തിൽ നിലവിൽ പുരോഗമിക്കുന്ന മേജർ - മൈനർ ഇറിഗേഷൻ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ;

(എ&ബി) കൽപ്പറ്റ മണ്ഡലത്തിലെ ഇറിഗേഷൻ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കരാറുകാർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയാക്കാത്ത പദ്ധതികൾക്ക് ആയത് പൂർത്തിയായ ഉടൻ വർക്ക് അവാർഡ് ചെയ്ത് സമയബന്ധിതമായി തീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## തിരൂർ പുഴയുടെ നിലവിലെ സാഹചര്യം

171(2834) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർപുഴ മാലിന്യം നിറഞ്ഞും വശങ്ങൾ ഇടിഞ്ഞും വലിയ ഭീഷണി നേരിടുന്ന നിലവിലെ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരൂർപുഴ ശുദ്ധീകരിച്ച് വശങ്ങൾ കെട്ടി സംരക്ഷിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(എ&ബി) തിരൂർ പുഴയിൽ തലക്കടത്തൂർ മുതൽ നടുവിലങ്ങാടി വരെയുള്ള ഭാഗങ്ങൾ മലിനീകരിക്കപ്പെട്ടതായി നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ കണ്ടെത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തിരൂർ പുഴയിലേയ്ക്ക് എത്തിച്ചേരുന്ന താഴെപ്പാലത്ത് പഴയ പൊന്നാനി തോട് വൃത്തിയാക്കുന്നതിനും വശങ്ങൾ കെട്ടി സംരക്ഷിക്കുന്നതിനും തോട്ടിൽ നിന്ന് പുഴയിലേയ്ക്ക് വരുന്ന മാലിന്യം തടയുന്നതിനും തോട് പുഴയിലേയ്ക്ക് സംഗമിക്കുന്ന സ്ഥാനത്ത് ഒരു ഗ്രേറ്റിംഗ് കൊടുക്കുന്നതിനും പോറ്റൂർ ഭാഗത്ത് വശങ്ങൾ ഇടിഞ്ഞ പുഴയുടെ ഭാഗം കെട്ടി സംരക്ഷിക്കുന്നതിനുമുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. പനമ്പാലത്ത് വശംകെട്ടി സംരക്ഷിക്കുന്നതിന് എസ്.ഡി.ആർ.എഫ്. പദ്ധതിയിലുൾപ്പെടുത്തി 25 ലക്ഷം രൂപയുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. എന്നാൽ കാലാവസ്ഥ അനുകൂലമല്ലാത്തതിനാൽ പ്രവൃത്തി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുന്നില്ല. കാലാവസ്ഥ അനുകൂലമാകുന്ന മുറയ്ക്ക് പ്രവൃത്തി പുനരാരംഭിക്കാവുന്നതുമാണ്.

## കുട്ടനാട്ടിലെ പോള ശല്യം തടയാൻ നടപടി

172(2835) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ നീരൊഴുക്ക് തടഞ്ഞും ബോട്ടുകൾക്കും വള്ളങ്ങൾക്കും സഞ്ചരിക്കാൻ കഴിയാതെയും കൃഷിക്ക് തടസ്സമായും പോള നിറയുന്നത് തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കുട്ടനാട്ടിലെ ജലാശയങ്ങളിൽ ചെളിയും മാലിന്യങ്ങളും പോളയും നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തികൾ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കുട്ടനാട് പാക്കേജ്

ഫണ്ട് ഉപയോഗിച്ച് പാടശേഖരങ്ങളുടെ ബണ്ട് ബലപ്പെടുത്തുന്ന പ്രവൃത്തികളിൽ ബന്ധപ്പെട്ട ജലസ്രോതസ്സുകൾ ആഴം കൂട്ടുമ്പോൾ എസ്റ്റിമേറ്റിൽ ഒരു നിശ്ചിത തുക ആവശ്യമെങ്കിൽ പോള വാരലിനായി അനുവദിക്കാറുണ്ട്. പോള വാരുന്നതിന് ബന്ധപ്പെട്ട വകുപ്പുകളിൽനിന്ന് നിർദ്ദേശം നൽകുന്നതിനനുസരിച്ച് ഇറിഗേഷൻ വീഡ് ഹാർവെസ്റ്റർ ഉപയോഗിച്ച് പ്രസ്തുത സൈറ്റിൽനിന്നും പായലുകൾ നീക്കം ചെയ്യാൻ പറ്റുമോ എന്ന സാധ്യതാ പഠനം നടത്തുകയും സാധ്യമാണെങ്കിൽ ആയതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതി നൽകുന്ന മുറയ്ക്ക് പോളകൾ നീക്കം ചെയ്യുകയുമാണ് ചെയ്യുന്നത്. കൂടാതെ കുട്ടനാട്ടിലെ നദികളിലേയും തോടുകളിലേയും പോള നീക്കി, അടിഞ്ഞുകൂടിയ മണ്ണും മറ്റ് മാലിന്യങ്ങളും മാറ്റി ഒഴുക്ക് സുഗമമാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ 105 കോടി രൂപയുടെ 216 പ്രവൃത്തികൾ കണ്ടെത്തിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പോള അധികമുള്ള പ്രദേശങ്ങളിൽ സ്ഥല പരിശോധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കാവുന്നതാണ്.

(ബി) പോള വാരലിന് കുട്ടനാട്ടിൽ നടപ്പാക്കുന്ന പദ്ധതികൾ വിശദമാക്കുമോ?

കുട്ടനാട് നിയോജകമണ്ഡലത്തിലെ നദികളിലും തോടുകളിലും അടിഞ്ഞുകൂടി കിടക്കുന്ന പോളകൾ നീക്കം ചെയ്യുന്നതിനുവേണ്ടി ഡി.പി.ആർ. തയ്യാറാക്കുന്നതിന്റെ വിവരശേഖരണത്തിലേയ്ക്കായി നിയോജകമണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകൾക്കും നിർദ്ദേശം നൽകിയിരുന്നു. ടി പഞ്ചായത്തുകളിൽനിന്ന് മറുപടി ലഭ്യമാകുന്ന മുറയ്ക്ക് ഡി.പി.ആർ. തയ്യാറാക്കി അനന്തര നടപടികൾ സ്വീകരിക്കാവുന്നതാണ്.

(സി) പോള പൂർണ്ണമായും നീക്കം ചെയ്യുന്നതിന് കൂടുതൽ തുക അനുവദിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

പോള പൂർണ്ണമായും നീക്കം ചെയ്യുന്നതിന് കൂടുതൽ തുക അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## കണ്ണൂർ പാലക്കോട് അഴിമുഖത്തെ ഡ്രെഡ്ജിംഗ് കരാറും മണൽ വിൽപ്പനയും

173(2836) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ, രാമന്തളി പഞ്ചായത്തിലെ പാലക്കോട് അഴിമുഖത്തുനിന്നും മണൽ ഡ്രെഡ്ജ് ചെയ്യുന്നതിന് ഏതെങ്കിലും കമ്പനിയെ

ചുമതലപ്പെടുത്തിയിട്ടുണ്ടോ; പ്രസ്തുത കമ്പനിയുമായി ഉണ്ടാക്കിയ കരാറിന്റെ വിശദാംശങ്ങൾ നൽകുമോ?

രാമന്തളി പാലക്കോട് അഴിമുഖത്ത് അടിഞ്ഞുകൂടിയ മണൽത്തിട്ട നീക്കം ചെയ്യുന്നതിനും അത് ഫിൽറ്റർ ചെയ്ത് വിൽപ്പന നടത്തുന്നതിനും 1-1-2020-ലെ സ.ഉ.(കൈ) 01/2020/വ്യവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കേരള സർക്കാർ പൊതുമേഖലാ സ്ഥാപനമായ കെംഡൽ എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ നീക്കം ചെയ്ത് ഫിൽറ്റർ ചെയ്ത 25000 ഘന അടി മണൽ അടിയന്തരമായി വിൽപ്പന നടത്തുന്നതിനും, തുടർന്ന് നീക്കം ചെയ്യുന്ന മണൽത്തിട്ട നീക്കം ചെയ്യുന്ന മുറയ്ക്ക് ഫിൽറ്റർ ചെയ്ത് വിൽപ്പന നടത്തുന്നതിനുമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. സബ് കളക്ടറുടെ നേതൃത്വത്തിലുള്ള മോണിറ്ററിംഗ് കമ്മിറ്റിയുടെ നിരീക്ഷണത്തിലാണ് പ്രസ്തുത പ്രവർത്തനം നടക്കുന്നത്. പി.ഡബ്ല്യു.ഡി. റേറ്റ്, കോസ്റ്റ് ഇൻഡക്സ് എന്നിവയുടെ കൂടെ റോയൽറ്റി, ഗ്രാമപഞ്ചായത്ത് വിഹിതം, സർക്കാർ വിഹിതം എന്നിവയടക്കം അടിസ്ഥാന വിലയായി 1114 രൂപ കണക്കാക്കി ടെണ്ടർ നടപടികളിലൂടെ മണൽ വിൽപ്പന നടത്തുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്.

(ബി) ഡ്രെഡ്ജ് ചെയ്ത മണൽ ശേഖരിക്കുന്നതിനാണോ കരാർ നൽകിയിട്ടുള്ളത്; മണൽ വിൽപ്പനയ്ക്ക് ഈ കരാറിൽ വ്യവസ്ഥ ഉണ്ടോ; അറിയിക്കുമോ?

മണൽത്തിട്ട നീക്കം ചെയ്യുന്നതിനും അത് ഫിൽറ്റർ ചെയ്ത് വിൽപ്പന നടത്തുന്നതിനുമാണ് പ്രസ്തുത കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുള്ളത്.

(സി) പ്രസ്തുത സ്ഥലത്തുനിന്നും ഡ്രെഡ്ജ് ചെയ്ത മണൽ വിൽപ്പന നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കരാർ വ്യവസ്ഥയ്ക്ക് വിപരീതമായി മണൽ കടത്തി കൊണ്ടുപോകുന്നത് തടയുന്നതിനും കരാറുകാരനെ ശിക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

വിൽപ്പന നടത്തുന്നതിന് പ്രസ്തുത സ്ഥാപനത്തിനെ ചുമതലപ്പെടുത്തിയതുപ്രകാരം മാനദണ്ഡങ്ങൾ പാലിച്ചുതന്നെയാണ് വിൽപ്പന നടത്തിവരുന്നത്. കരാർ വ്യവസ്ഥകൾക്ക് വിപരീതമായി മണൽ കടത്തി കൊണ്ടുപോകുന്നതും വിൽപ്പന നടത്തുന്നതും നിലവിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കരാർ വ്യവസ്ഥകൾക്ക് വിപരീതമായി മണൽ കടത്തി കൊണ്ടുപോകുന്നതും വിൽപ്പന നടത്തുന്നതും ശ്രദ്ധയിൽപ്പെടുന്ന പക്ഷം കമ്പനിക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

## ഇരിക്കൂർ മണ്ഡലത്തിലെ ചുണ്ടച്ചാൽ പുഴയുടെ സംരക്ഷണ ഭിത്തി നിർമ്മാണം

174(2837) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ ചെങ്ങളായി പഞ്ചായത്തിൽ പരിപ്പായി ചുണ്ടച്ചാൽ കടവിൽ കാലവർഷത്തെത്തുടർന്ന് പുഴഭിത്തിയിടിഞ്ഞ് സമീപ റോഡ് അപകടാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുഴഭിത്തി സംരക്ഷണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; പുഴയോട് ചേർന്നുള്ള റോഡും അപകടാവസ്ഥയിൽ ആയതിനാൽ പ്രസ്തുത പ്രവൃത്തി കൂടി ചെയ്യുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ?

എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. റോഡിനുകൂടി സംരക്ഷണം ലഭിക്കത്തക്കവിധത്തിൽ റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പുഴഭിത്തി സംരക്ഷണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കി 26-2-2021-ന് സൈറ്റ് കരാറുകാരന് കൈമാറുകയും Material collection ആരംഭിക്കുകയും ചെയ്തിരുന്നു. 2021 ജൂൺ മാസത്തിലെ ശക്തമായ മഴയിൽ സമീപ റോഡ് വരെ കൂടുതലായി കരയിടിഞ്ഞു. 30-6-2021-ന് MLA-യുടെ സാന്നിദ്ധ്യത്തിൽ സ്ഥലം പരിശോധിക്കുകയും സമീപ റോഡിനുകൂടി സംരക്ഷണം ലഭിക്കത്തക്കവിധത്തിൽ എസ്റ്റിമേറ്റ് പുനഃക്രമീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. അപ്രകാരം തയ്യാറാക്കിയ revised estimate-ന് അംഗീകാരം നൽകിയിട്ടുണ്ട്.

## പഴശ്ശി കനാൽ നവീകരണ പദ്ധതി

175(2838) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴശ്ശി കനാൽ പദ്ധതി നവീകരണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രദേശത്തെ സർക്കാർ ഭൂമി സ്വകാര്യ വ്യക്തികൾ കയ്യേറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. കയ്യേറ്റം അറിയുന്ന മുറയ്ക്ക് ആയത് ഒഴിപ്പിക്കാനുള്ള വകുപ്പുതല നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പദ്ധതി പ്രദേശത്തെ ഈ ഭൂമി സർക്കാരിന്റെ ആവശ്യത്തിന് വേണ്ടി ഉപയോഗിക്കുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ സർക്കാർ ഭൂമിയിൽ എന്തെങ്കിലും വികസന പദ്ധതികൾ നടപ്പിലാക്കുമോയെന്നറിയിക്കുമോ?

(സി&ഡി) സർക്കാർ കെട്ടിടങ്ങളും മറ്റും നിർമ്മിക്കുന്നതിനായി സർക്കാർ അനുമതി പ്രകാരം വിവിധ വകുപ്പുകൾക്ക് ഉപയോഗാനുമതി നൽകിയിട്ടുണ്ട്.

**തിരൂർ മണ്ഡലത്തിലെ വൈശ്യം നടപ്പാലം**

176(2839) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ മണ്ഡലത്തിലെ വെട്ടം ഗ്രാമപഞ്ചായത്തിൽ പടിയത്ത്പറമ്പ്-ആശാൻപടിയെ ബന്ധിപ്പിക്കുന്ന കനോലി കനാലിലെ വൈശ്യം നടപ്പാലം ജീർണ്ണിച്ച് അപകടാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) അപകടാവസ്ഥയിലുള്ള പ്രസ്തുത നടപ്പാലം നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ജീർണ്ണാവസ്ഥയിലുള്ള വൈശ്യം നടപ്പാലത്തിന്റെ സ്ഥാനത്ത് പുതിയ പാലം നിർമ്മിക്കുന്നതിനുവേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. വെട്ടം - ചിറ്റേപ്പുറത്ത് നടപ്പാലം എന്ന പേരിലാണ് പ്രസ്തുത പാലത്തിന്റെ പ്രോജക്ട് തയ്യാറാക്കിവരുന്നത്.

**മണലൂർ മണ്ഡലത്തിലെ ഓർക്കായൽ തോട്, പള്ളിയറ തോട് സംരക്ഷണം**

177(2840) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പഞ്ചായത്തിലെ ഓർക്കായൽ തോട്, പള്ളിയറ തോട് എന്നിവ വശങ്ങൾ കെട്ടി സംരക്ഷിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ?

(എ&ബി) മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പഞ്ചായത്തിലെ ഓർക്കായൽ തോട്, പള്ളിയറ തോട് എന്നിവ വശങ്ങൾ കെട്ടി സംരക്ഷിക്കുന്നതിനായി ഇതുവരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(സി) ഇല്ലെങ്കിൽ പ്രസ്തുത പ്രവൃത്തികൾക്കാവശ്യമായ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

പ്രവൃത്തിയുടെ ആവശ്യകതയും ഫണ്ടിന്റെ ലഭ്യതയുമനുസരിച്ച് ആയത് പരിശോധിക്കുന്നതാണ്.

**കനോലി കനാലിന്റെ ആഴം കൂട്ടുന്ന പദ്ധതി**

178(2841) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോർപ്പറേഷനിലെ വെള്ളക്കെട്ട് ഒഴിവാക്കാനായി കനോലി കനാലിന്റെ ആഴം കൂട്ടുന്ന പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദീകരിക്കാമോ?

കനോലി കനാലിന്റെ ആഴം കൂട്ടുന്ന പ്രവൃത്തി 2019-ൽ കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (ക്വിൽ)-ന്റെ നേതൃത്വത്തിൽ ഭാഗികമായി നടപ്പിലാക്കിയിട്ടുണ്ട്. കനാലിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങളും കുളവാഴയും കനാൽ ഭിത്തികളിൽ വളർന്ന് പന്തലിച്ചുനിൽക്കുന്ന ചെടികളും കനാലിലൂടെയുള്ള ഒഴുക്കിന് തടസ്സം സൃഷ്ടിക്കുന്നത് ഒഴിവാക്കുന്നതിനായി 2021-22 വർഷത്തിൽ ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് സാമ്പത്തികാനുമതി നൽകിയ പ്രവൃത്തി നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പൂനൂർ പുഴയിൽനിന്നും വേങ്ങേരി, ചേവായൂർ, കക്കോടി, ചെലവൂർ വില്ലേജുകളിൽപ്പെട്ട പ്രദേശങ്ങളിൽ വെള്ളം കയറുന്നത് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) പൂനൂർ പുഴയുടെ ഭിത്തികൾ ഇടിഞ്ഞ് ആഴം കുറഞ്ഞത് സംബന്ധിച്ച് CWRDM മുഖാന്തരം പഠനം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

(ബി&സി) പൂനൂർ പുഴയിൽ മഴക്കാലത്തുണ്ടാകുന്ന വെള്ളപ്പൊക്കത്തെത്തുടർന്ന് സമീപ പ്രദേശങ്ങളിലെ ജനവാസ കേന്ദ്രങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി ഉചിതമായ തുടർനടപടികൾ നിർദ്ദേശിക്കുന്നതിനും പൂനൂർ പുഴയുടെ ആഴം കുറഞ്ഞത് സംബന്ധിച്ചുമുള്ള പഠനം കോഴിക്കോട് CWRDM മുഖേന നടന്നുവരുന്നുണ്ട്.

**നെന്മാറ മണ്ഡലത്തിലെ കനാൽ നവീകരണം**

179(2842) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ മെയിൻ കനാലുകളുടെയും കാഡാ കനാലുകളുടെയും നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

നെന്മാറ മണ്ഡലത്തിലെ മെയിൻ കനാലുകളുടെയും കാഡാ കനാലുകളുടെയും നവീകരണത്തിനായി 12 കോടി രൂപയുടെയും ഗായത്രി പ്രോജക്ടിന് കീഴിലുള്ള മെയിൻ കനാലുകളുടെയും കാഡാ കനാലുകളുടെയും നവീകരണ പ്രവൃത്തികൾക്കായി 13 കോടി രൂപയുടെയും ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

(ബി) നിലവിൽ ഇത്തരം പ്രവർത്തനങ്ങൾക്കായി തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

2021-22 ബഡ്ജറ്റ് അനുബന്ധം 2, വാല്യം 2, സീരിയൽ നമ്പർ 344 പ്രകാരം ചുള്ളിയാർ, മീൻകര, പോത്തുണ്ടി ഡാമുകളിലെ മെയിൻ കനാലുകളുടെയും കാഡാ കനാലുകളുടെയും നവീകരണ പ്രവൃത്തികൾക്കായി ആകെ 25 കോടി രൂപ വകയിരുത്തുകയും 100 രൂപയുടെ ടോക്കൺ പ്രൊവിഷൻ വയ്ക്കുകയും ചെയ്തിട്ടുണ്ട്.

**തിരൂരങ്ങാടി മണ്ഡലത്തിലെ കുണ്ടൂർ തോട് നവീകരണം**

180(2843) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ കുണ്ടൂർ തോട് നവീകരണത്തിന് കിഫ്ബിയുടെ അനുമതി ലഭ്യമായിട്ടുണ്ടോയെന്ന് അറിയിക്കാമോ?

കുണ്ടൂർ തോട് നവീകരണ പദ്ധതിക്ക് കിഫ്ബിയിൽനിന്നും തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി ഏത് വർഷത്തെ ബഡ്ജറ്റിലാണ് പ്രഖ്യാപിച്ചതെന്നറിയിക്കാമോ; ഈ പ്രവൃത്തി വൈകുന്നതിനുള്ള കാരണങ്ങൾ വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തി 2016-17 വർഷത്തെ ബഡ്ജറ്റ് മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ചുള്ളതാണ്. 2016-17 ലെ ബഡ്ജറ്റ് മറുപടി പ്രസംഗത്തിൽ ഉൾപ്പെട്ട

കുണ്ടൂർതോട് നവീകരണത്തിനായി 27-10-2016-ലെ G.O. (Rt) No.300/2018/ WRD, 28-10-2016-ലെ G.O. (Rt) No.850/2016/WRD പ്രകാരം ഡി.പി.ആർ. തയ്യാറാക്കുന്നതിനും സാധ്യതാ പഠനം നടത്തുന്നതിനുമുള്ള അംഗീകാരം കേരള വാട്ടർ അതോറിറ്റിക്ക് നൽകി. എന്നാൽ കേരള വാട്ടർ അതോറിറ്റി ഇത്തരത്തിലുള്ള പദ്ധതികൾ നടത്തിയിട്ടില്ലാത്തതിനാൽ 23-4-2018-ലെ G.O. (Rt) No.300/ 2018/WRD പ്രകാരം ഈ പ്രവൃത്തി കെ.ഐ.ഐ.ഡി.സി.-യെ ഏൽപ്പിച്ച് തത്വത്തിൽ അംഗീകാരം നൽകി. പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. കിഫ്ബിയുടെ മാനദണ്ഡപ്രകാരം തയ്യാറാക്കുന്നതിന് വിശദാംശങ്ങൾ, തോടിന്റെ ഹൈഡ്രോളിക് വിശദാംശങ്ങൾ, മണ്ണ് നീക്കം ചെയ്യൽ, മണ്ണ് നിക്ഷേപം ചെയ്യാനുള്ള സ്ഥലത്തിന്റെ അഭാവം എന്നിവമൂലം കാലതാമസം നേരിട്ടു. ഇവ പരിഹരിച്ച് ഡി.പി.ആർ. തയ്യാറാക്കിയെങ്കിലും കിഫ്ബിയുടെ മാനദണ്ഡങ്ങൾ പ്രകാരം പുതുക്കിയ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിരുന്നു. 6-1-2021-ലെ സർക്കാർ ഉത്തരവ് നമ്പർ G.O. (Rt) No.16/2021/WRD പ്രകാരം പ്രസ്തുത പ്രവൃത്തി കിഫ്ബി ധനസഹായത്തോടെ കെ.ഐ.ഐ.ഡി.സി. മുഖേന നടപ്പിലാക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകി. അതനുസരിച്ച് ഡി.പി.ആർ. കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്നും അംഗീകാരം ലഭിച്ചാൽ ഉടൻ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്ക് പ്രളയവും കോവിഡ്-19-ഉം കാരണം കാലതാമസമുണ്ടായിട്ടുണ്ട്.

**നെയ്യാർ ഡാം, മലമ്പുഴ ഡാം ടൂറിസം വികസനം**

181(2844) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർ ഡാം, മലമ്പുഴ ഡാം എന്നിവിടങ്ങളിലെ ഗാർഡന്റെയും മറ്റ് അനുബന്ധ സൗകര്യങ്ങളുടെയും മേൽനോട്ട ചുമതല ആർക്കാണെന്ന് അറിയിക്കാമോ?

നെയ്യാർ ഡാം ഗാർഡന്റെയും മറ്റ് അനുബന്ധ സൗകര്യങ്ങളുടെയും മേൽനോട്ട ചുമതല നെയ്യാർ ഡാം അസിസ്റ്റന്റ് എഞ്ചിനീയർക്കാണ്. മലമ്പുഴ ഡാം ഗാർഡന്റെയും മറ്റ് അനുബന്ധ സൗകര്യങ്ങളുടെയും മേൽനോട്ട ചുമതല എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ ഡിവിഷൻ മലമ്പുഴയ്ക്കാണ്.

(ബി) പ്രസ്തുത സ്ഥലങ്ങളിലെ ടൂറിസം വികസനത്തിന് ടൂറിസം വകുപ്പ് നേരിട്ട് വികസന-നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് എന്തെങ്കിലും നിയമപരമായ തടസ്സമുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കാമോ?

നെയ്യാർ ഡാമും പരിസരവും 1974-ലെ ഡിഫൻസ് ഓഫ് ഇൻഡ്യ ആക്ട് അനുസരിച്ച് സംരക്ഷിത മേഖലയായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. ആയതിനാൽ ഈ പ്രദേശത്ത് മറ്റ് ഏജൻസികളെ ചുമതലപ്പെടുത്തി പ്രവൃത്തികൾ നടപ്പിലാക്കുവാൻ സാധ്യമല്ല. എന്നിരുന്നാലും ടൂറിസം വികസനത്തിന്റെ ഭാഗമായി ടൂറിസം ഫണ്ടുപയോഗിച്ച് ടൂറിസം വകുപ്പ് വിഭാവന ചെയ്യുന്ന പദ്ധതികൾ ഇറിഗേഷൻ വകുപ്പ് മുഖേന നടപ്പാക്കാവുന്നതാണ്. മലമ്പുഴ ഡാം പ്രദേശത്തെ ടൂറിസം വികസനത്തിനായി ടൂറിസം വകുപ്പ് നേരിട്ട് വികസന-നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് കേരള ഇറിഗേഷൻ ആൻഡ് വാട്ടർ കൺസർവേഷൻ (അമെന്റ്മെന്റ്) റൂൾസ് 2018, കേരള ഡാം സേഫ്റ്റി അതോറിറ്റിയുടെ മാനദണ്ഡങ്ങൾ എന്നിവ പാലിച്ചുകൊണ്ടുള്ള ഇറിഗേഷൻ വകുപ്പിന്റെ NOC ആവശ്യമാണ്. കേരള ഇറിഗേഷൻ ആൻഡ് വാട്ടർ കൺസർവേഷൻ (അമെന്റ്മെന്റ്) റൂൾസ് 2018-ന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

**ഡാമുകളുടെ സുരക്ഷ**

182(2845) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടർച്ചയായുണ്ടാകുന്ന കനത്തമഴയും അതിനെ തുടർന്നുണ്ടാകുന്ന പ്രളയത്തിന്റെയും മറ്റ് പ്രകൃതി ദുരന്തങ്ങളുടെയും സാഹചര്യത്തിൽ സംസ്ഥാനത്തെ ഡാമുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഉണ്ട്.

(ബി) ഡാം സേഫ്റ്റി അതോറിറ്റി പ്രളയാനന്തരം ഡാമുകളുടെ സുരക്ഷ സംബന്ധിച്ച എന്തെങ്കിലും പരിശോധനകളോ പഠനങ്ങളോ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പ്രളയാനന്തരം ഡാം സേഫ്റ്റി അതോറിറ്റി ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഡാമുകളിൽ 20 തവണയും കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള ഡാമുകളിൽ 34 തവണയും കേരള വാട്ടർ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അതോറിറ്റിയുടെ നിയന്ത്രണത്തിലുള്ള ഡാമുകളിൽ 6 തവണയും പരിശോധന നടത്തിയിട്ടുണ്ട്. സംസ്ഥാനത്തെ ഡാമുകളുടെ സുരക്ഷയും സംരക്ഷണവും ഉറപ്പാക്കുന്നതിനായി കൃത്യമായ ഇടവേളകളിൽ കേരള ഡാം സേഫ്റ്റി അതോറിറ്റി, ഡാമുകൾ സന്ദർശിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ ഡാമിന്റെ ചുമതലയുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകുകയും തുടർനടപടികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിശോധനാ റിപ്പോർട്ട് സർക്കാരിലേയ്ക്കും ഡാമിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥർക്കും ലഭ്യമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു.

(സി) നിലവിൽ സംഭരണ ശേഷിക്കനുസരിച്ചാണോ ഡാമുകളിൽ ജലസംഭരണം നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

നിലവിൽ സംസ്ഥാനത്തെ ഡാമുകളിൽ സംഭരണ ശേഷിക്കനുസരിച്ചാണ് ജലസംഭരണം നടത്തിയിട്ടുള്ളത്. മൺസൂണിന് മുന്നോടിയായി എല്ലാ ജലസംഭരണികളുടെയും സ്ഥിതിഗതികൾ പരിശോധിച്ച് ദിവസേന ഓരോ മണിക്കൂറിലെയും ജലനിരപ്പ് നിരീക്ഷിക്കുകയും ഓരോ ദിവസത്തെയും 24 മണിക്കൂർ ഇൻഫ്ലോ, ഔട്ട് ഫ്ലോ, ജലനിരപ്പ് എന്നിവ അടങ്ങിയ റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യുന്നുണ്ട്.

(ഡി) പരമാവധി സംഭരണവും ക്രമാതീതമായ നീരൊഴുക്കുമൂലവും ഉണ്ടാകാനിടയുള്ള ഗുരുതരാവസ്ഥ കണക്കിലെടുത്ത് കൃത്യമായ മോണിറ്ററിംഗ് ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

പരമാവധി സംഭരണവും ക്രമാതീതമായ നീരൊഴുക്കുംമൂലം ഉണ്ടാകാനിടയുള്ള ഗുരുതരാവസ്ഥ കണക്കിലെടുത്ത് എല്ലാ ഡാമുകളിലും/ബാരേജുകളിലും കൃത്യമായ മോണിറ്ററിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ അണക്കെട്ടുകളുടെയും ബാരേജുകളുടെയും വിശദമായ പരിശോധന മഴക്കാലത്തിനുമുമ്പ് തന്നെ ഡാം എഞ്ചിനീയർമാർ നടത്തുകയും ഡാമിന്റെ സുരക്ഷ ഉറപ്പുവരുത്തുകയും ചെയ്യാറുണ്ട്. മഴയെത്തുടർന്ന് ഡാമുകളിലേയ്ക്കുള്ള നീരൊഴുക്ക് വർദ്ധിക്കുന്ന സാഹചര്യത്തിൽ, ഡാമുകളിലെ ജലനിരപ്പ് കൃത്യമായ ഇടവേളകളിൽ പരിശോധിക്കുന്നതിനും, അനുവദനീയമായ ജലനിരപ്പിന് മുകളിലേയ്ക്ക് സംഭരണികളിലെ ജലനിരപ്പ് ഉയരാതിരിക്കാൻ ആവശ്യമായ നടപടികൾ അംഗീകൃത ചട്ടങ്ങളുടെയും മാർഗ്ഗനിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ സ്വീകരിക്കാനുമുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഡാം എഞ്ചിനീയർമാർക്ക് നൽകിയിട്ടുണ്ട്. ഓരോ ഡാമിലേയും ജലനിരപ്പ്, വൃഷ്ടി പ്രദേശത്ത് രേഖപ്പെടുത്തിയ മഴയുടെ തീവ്രത, കാലാവസ്ഥാ

വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള കാലാവസ്ഥാ പ്രവചനം എന്നിവ ദിവസേന പരിശോധിക്കുകയും മറ്റ് വകുപ്പുകളെക്കൂടി ഏകോപിപ്പിച്ചുകൊണ്ട് ദിവസേന നദീതടാടിസ്ഥാനത്തിലും സ്ഥിതിഗതികൾ വിലയിരുത്തിവരുന്നു. ഇതിനായി ഡാമുകളിൽ 24 മണിക്കൂറും ഉദ്യോഗസ്ഥരുടെ സാന്നിധ്യം ഉറപ്പുവരുത്തിയിട്ടുണ്ട്. ഡാമുകളിലെ ജലനിരപ്പും മറ്റ് ബന്ധപ്പെട്ട വിവരങ്ങളും ദിവസേന വിലയിരുത്തുന്നത് കൂടാതെ സാഹചര്യത്തിന്റെ തീവ്രത കണക്കിലെടുത്ത് ആവശ്യമെങ്കിൽ ഓരോ മണിക്കൂറിലെ സ്ഥിതിഗതികളും വിലയിരുത്താറുണ്ട്. സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ വിഭാഗങ്ങളിലെ ഉദ്യോഗസ്ഥർ മൺസൂണിന് മുന്നോടിയായി ഡാം ഷട്ടറിന്റെ പരിശോധന നടത്തുകയും സുരക്ഷിതത്വം ഉറപ്പാക്കുകയും ചെയ്യാറുണ്ട്. 200Mm3-ൽ അധികം സംഭരണശേഷിയുള്ള ഡാമുകൾക്ക് റൂൾ കർവ് സംവിധാനവും അതിൽ താഴെ സംഭരണശേഷിയുള്ള നദികൾക്ക് ബ്ലൂ, ഓറഞ്ച്, റെഡ് എന്നീ മൂന്ന് തലത്തിലുള്ള അലെർട്ട് ലെവൽ നിശ്ചയിച്ചിട്ടുള്ളതും ആയത് പാലിച്ചുകൊണ്ട് ജില്ലാ ഭരണകൂടത്തിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് വേണ്ട മുന്നറിയിപ്പുകൾ നൽകിയതിനുശേഷം സ്പിൽവേ ഷട്ടറുകൾ ആവശ്യാനുസരണം പ്രവർത്തിപ്പിച്ച് ജലനിരപ്പ് ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റൂൾ കർവ് അനുസരിച്ച് ഡാമിൽ ശേഖരിക്കുന്ന വെള്ളം എമർജൻസി ആക്ഷൻ പ്ലാൻ, ഓറഞ്ച് ബുക്ക് എന്നിവ പ്രകാരം നിയന്ത്രിതമായും പുഴയിലെ ജലനിരപ്പ് നിരീക്ഷിച്ചും വേണ്ട മുന്നറിയിപ്പുകൾ നൽകിയശേഷം സ്പിൽവേ ഷട്ടറുകൾ പ്രവർത്തിപ്പിച്ച് ജലനിരപ്പ് ക്രമീകരിച്ചുവരുന്നു. ഇതുകൂടാതെ കനാലുകൾ, റിവർ സ്ല്യൂയിസുകൾ എന്നിവയിൽക്കൂടിയും ആവശ്യാനുസരണം ജലം പുറത്തേയ്ക്കൊഴുക്കി ജലനിരപ്പ് ക്രമീകരിക്കുന്നു.

## വള്ളിക്കുന്ന് മണ്ഡലത്തിൽ പുല്ലിപുഴയിലെ സാൾട്ട് എക്സ്ക്ലൂഷൻ ചെക്ക് ഡാം നിർമ്മാണം

183(2846) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയ പുല്ലിപുഴയിലെ സാൾട്ട് എക്സ്ക്ലൂഷൻ ചെക്ക് ഡാം നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിയുമായി ബന്ധപ്പെട്ട് വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ രൂപകൽപ്പന, ഡി.പി.ആർ. തയ്യാറാക്കൽ, ഭരണാനുമതി, സാങ്കേതികാനുമതി, നിർമ്മാണം എന്നീ ഘട്ടങ്ങളെക്കുറിച്ച് ഭാവിയിൽ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) പദ്ധതിയുടെ ഭരണാനുമതി അടക്കമുള്ള നടപടികൾക്ക് കാലതാമസം നേരിട്ടതിന്റെ കാരണം വ്യക്തമാക്കാമോ?

(എ-ഡി) വള്ളിക്കുന്ന് മണ്ഡലത്തിൽ പുല്ലിപുഴയിലെ സാൾട്ട് എക്സ്ക്ലൂഷൻ ചെക്ക് ഡാം നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടില്ല. പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടം എന്ന നിലയിൽ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള എസ്റ്റിമേറ്റ് അംഗീകാരം ലഭിക്കുന്നതിനായി ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ടെണ്ടർ ചെയ്ത് ഇൻവെസ്റ്റിഗേഷൻ നടത്തി റിപ്പോർട്ട് രൂപകൽപ്പനയ്ക്കായി ഐ.ഡി.ആർ.ബി.-ക്ക് നൽകുകയും ഐ.ഡി.ആർ.ബി. തയ്യാറാക്കി നൽകുന്ന രൂപകൽപ്പനയ്ക്കുശേഷം ഡി. പി. ആർ. തയ്യാറാക്കി ചീഫ് എഞ്ചിനീയർ ഭരണാനുമതിക്കായി സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതുമുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**പമ്പയാറ്റിൽ ചെക്ക് ഡാം കം കോസ്‌വേ**

184(2847) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലി പഞ്ചായത്ത് പന്ത്രണ്ടാം വാർഡിലെ മൂലക്കയം പ്രദേശവും റാന്നി മണ്ഡലത്തിലെ പെരുനാട് പഞ്ചായത്തിലെ എട്ടാം വാർഡിലെ കിസുമം പ്രദേശവും ബന്ധിപ്പിച്ച് പമ്പയാറ്റിൽ ഒരു ചെക്ക് ഡാം കം കോസ്‌വേ നിർമ്മിക്കണമെന്ന പ്രദേശവാസികളുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ നടത്തിപ്പിലേയ്ക്കായി ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ നടത്തിയതിനുശേഷം ഐ.ഡി.ആർ.ബി.-യിൽ നിന്നും ഡിസൈൻ ലഭ്യമാക്കുന്നതിനും അതിൻപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുമുള്ള തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

## മലപ്പുറം ജില്ലയിലെ റൂം ഫോർ റിവർ പദ്ധതി

185(2848) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ചുങ്കത്തറ പഞ്ചായത്തിൽ പുന്നപ്പുഴയ്ക്ക് കുറുകെ ആറംപുളിക്കൽ കടവിൽ ജലവിഭവ വകുപ്പ് നിർമ്മിച്ച ചെക്ക് ഡാം കം ബ്രിഡ്ജിന്റെ അപ്രോച്ച് റോഡ് 2019-ലെ പ്രളയത്തിൽ തകർന്ന് പുഴ ഗതിമാറി ഒഴുകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രളയത്തിൽ പുഴ കരകവിഞ്ഞ് ഗതിമാറി ഒഴുകിയത് കാരണം, പുന്നപ്പുഴയ്ക്ക് കുറുകെയുള്ള പ്രസ്തുത പാലത്തിന്റെ പ്രയോജനം പൊതുജനങ്ങൾക്കോ കർഷകർക്കോ ലഭിക്കുന്നില്ലെന്നും ഇപ്പോൾ പുഴയുടെ ഇരുകരകളെയും ബന്ധിപ്പിക്കാതെ മുക്കാൽ ഭാഗത്ത് മാത്രമേ നിലവിലുള്ള ചെക്ക് ഡാം-കം-ബ്രിഡ്ജ് ഉള്ളൂ എന്നുമുള്ള വിവരം ശ്രദ്ധിക്കുമോ; വിശദമാക്കാമോ?

2019-ലെ പ്രളയത്തിൽ തകർന്ന അപ്രോച്ച് റോഡ് മണ്ണിട്ട് നികത്തി സഞ്ചാര യോഗ്യമാക്കിയിട്ടുണ്ട്. വേനൽക്കാലത്ത് ചെക്ക് ഡാമിൽ വെള്ളം സംഭരിക്കുന്നതിനാൽ കൃഷിക്കാർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ട്. എന്നാൽ ശക്തമായ മഴയിൽ പുന്നപ്പുഴയിൽ ജലനിരപ്പ് ക്രമാതീതമായി ഉയരുന്ന അവസരങ്ങളിൽ ഈ അപ്രോച്ച് റോഡ് മുങ്ങിപ്പോകുന്നതിനാൽ അത്തരം സന്ദർഭങ്ങളിൽ ഈ പാലത്തിലൂടെ യാത്ര ചെയ്യാൻ പറ്റാത്ത സ്ഥിതി ഉണ്ടാകാറുണ്ട്.

(സി) റൂം ഫോർ റിവർ പദ്ധതി പ്രകാരം പുഴ ഗതിമാറി ഒഴുകുന്ന പ്രദേശം പൂർവ്വസ്ഥിതിയിലാക്കി സംരക്ഷിക്കുന്നതിനും ആറംപുളിക്കൽ ചെക്ക് ഡാം കം ബ്രിഡ്ജിന്റെ അപ്രോച്ച് റോഡ് വരെയുള്ള ഭാഗം നിർമ്മിക്കുന്നതിനും ജലവിഭവ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം ഇതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; തുക അടക്കമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഈ ഫയൽ ഇപ്പോൾ ഏത് കാര്യാലയത്തിന്റെ പരിഗണനയിലാണെന്നും നിലവിലെ സ്ഥിതിയും അറിയിക്കാമോ?

(സി&ഡി) റൂം ഫോർ റിവർ പദ്ധതി പ്രകാരം പുഴ ഗതിമാറി ഒഴുകുന്ന പ്രദേശം പൂർവ്വസ്ഥിതിയിലാക്കി സംരക്ഷിക്കുന്നതിനും ആറംപുളിക്കൽ ചെക്ക് ഡാം കം ബ്രിഡ്ജിന്റെ അപ്രോച്ച് റോഡുവരെയുള്ള ഭാഗം നിർമ്മിക്കുന്നതിന് പദ്ധതിരേഖ തയ്യാറാക്കിക്കൊണ്ടുമുള്ള 150 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിന്റെ പരിഗണനയിലാണ്.

## കോട്ടയ്ക്കൽ മണ്ഡലത്തിൽ പുഴ സംരക്ഷണ ഭിത്തി നിർമ്മാണം

186(2849) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുഴ സംരക്ഷണഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് കോട്ടയ്ക്കൽ മണ്ഡലത്തിൽ നിന്നും 2021 വർഷത്തിൽ തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ എത്ര എണ്ണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്; ഏതെല്ലാമെന്ന് വിശദമാക്കാമോ?

പുഴ സംരക്ഷണ ഭിത്തിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് കോട്ടയ്ക്കൽ മണ്ഡലത്തിൽ 2021 വർഷത്തിൽ തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ 3 പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. എസ്.ഡി.ആർ.എഫ്., ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിൽ വാർഡ്-7 പുറമണ്ണൂരിൽ ഭൂതപ്പുഴയുടെ വലതുകര സംരക്ഷണം - 20 ലക്ഷം രൂപ.
2. എസ്.ഡി.ആർ.എഫ്., ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിൽ കൊട്ടുമുടി വിഷ്ണുക്ഷേത്രത്തിന് സമീപം തിരുവേഗപ്പുറ പാലത്തിന് താഴ്ഭാഗത്ത് ഭൂതപ്പുഴയുടെ വലതുകര സംരക്ഷണം - 35 ലക്ഷം രൂപ.
3. എസ്.ഡി.ആർ.എഫ്., കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിൽ പേരശ്ശെന്നൂർ പിഷാരിക്കൽ ദുർഗ്ഗാക്ഷേത്രത്തിന് സമീപം ഭാരതപ്പുഴയുടെ വലതുകര സംരക്ഷണം - 40 ലക്ഷം രൂപ.

(ബി) ഭരണാനുമതിക്കായി നിലവിൽ എത്ര പ്രൊപ്പോസലുകൾ പെൻഡിംഗ് ഉണ്ടെന്ന് അറിയിക്കുമോ; പ്രസ്തുത പ്രവൃത്തികൾക്ക് അടിയന്തരമായി ഭരണാനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ഭരണാനുമതിക്കായി ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്, ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(1) പ്രവൃത്തി - ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിലെ വാർഡ് നമ്പർ 4-ലെ തോണിക്കടവിൽ ഭൂതപ്പുഴയുടെ വലതുകര സംരക്ഷണം. - എസ്റ്റിമേറ്റ് തുക - 47 ലക്ഷം രൂപ. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതിക്കുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കൊണ്ടോട്ടി മണ്ഡലത്തിൽ ചാലിയാർ പുഴയുടെ സംരക്ഷണ ഭിത്തി

187(2850) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിൽ ചാലിയാർ പുഴയുടെ തീരത്ത് സ്ഥിതി ചെയ്യുന്ന വാഴയൂർ, വാഴക്കാട്, ചീക്കോട് പഞ്ചായത്തുകളിൽ പുഴ കരകവിഞ്ഞും വെള്ളപ്പൊക്കത്തിലും മറ്റും നാശനഷ്ടം സംഭവിച്ച പ്രദേശങ്ങളിൽ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് ഏതെല്ലാം പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

കൊണ്ടോട്ടി മണ്ഡലത്തിൽ വാഴയൂർ, വാഴക്കാട്, ചീക്കോട് പഞ്ചായത്തുകളിൽ ചാലിയാർ പുഴ കര കവിഞ്ഞും വെള്ളപ്പൊക്കത്തിലും മറ്റും നാശനഷ്ടം സംഭവിച്ച പ്രദേശങ്ങളിൽ തീരം പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്ന പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) ഇവയിൽ ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചുവെന്നും എത്ര തുക അനുവദിച്ചുവെന്നും വിശദമാക്കാമോ?

ഭരണാനുമതി ലഭിച്ച പ്രവൃത്തി ആർ.എം.എഫ്. വാഴക്കാട് പഞ്ചായത്തിലെ വാർഡ്-5-ൽ ആമക്കോട് ഭാഗത്ത് ആർ.എസ്.നമ്പർ 23/1 നമ്പറിൽ ചാലിയാറിന്റെ ഇടതുകര സംരക്ഷണം - 52 ലക്ഷം. ടെണ്ടറുകളും ക്വട്ടേഷനുകളും ക്ഷണിച്ചെങ്കിലും കരാറുകാരിൽനിന്നും പ്രതികരണം ലഭിക്കാത്തതിനാൽ പ്രവൃത്തി നടപ്പിലായിട്ടില്ല. 2020 ഒക്ടോബറിൽ പ്രവൃത്തിയുടെ ഭരണാനുമതി കാലാവധി അവസാനിച്ചതിനാൽ ഭരണാനുമതി പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## തലശ്ശേരി മണ്ഡലത്തിലെ കടൽഭിത്തി നിർമ്മാണം

188(2851) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നത് സംബന്ധിച്ച് ഇറിഗേഷൻ വകുപ്പ് തയ്യാറാക്കി സമർപ്പിച്ച ഡി.പി.ആർ.-ൽ എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമായോ; ഇല്ലെങ്കിൽ ആയതിന്റെ കാരണമെന്താണെന്നും ആയതിന് ഭരണാനുമതി ലഭ്യമാക്കുന്നതിന് ഇനി എന്തൊക്കെ നടപടിക്രമങ്ങളാണുള്ളതെന്നും വ്യക്തമാക്കാമോ?

(എ&ബി) തലശ്ശേരി നിയോജകമണ്ഡലത്തിലെ കടലാക്രമണ പ്രതിരോധ പ്രവൃത്തികളുടെ അവലോകന യോഗവുമായി ബന്ധപ്പെട്ട് ഡി.എസ്.ആർ. 2016 പ്രകാരം 1435 ലക്ഷം രൂപയുടെ 12 പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ ഡി.എസ്.ആർ-2018 നിലവിൽ വന്നതിനാൽ എസ്റ്റിമേറ്റ് പുതുക്കി സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്ക് ഡി.എസ്.ആർ. 2018 പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തികൾ ഏറ്റെടുക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**അഴീക്കോട് മണ്ഡലത്തിലെ നീർക്കടവ് പ്രദേശത്ത് പുലിമുട്ട്**

189(2852) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിലെ നീർക്കടവ് പ്രദേശത്ത് പുലിമുട്ട് നിർമ്മിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

അഴീക്കോട് മണ്ഡലത്തിന്റെ നീർക്കടവ് പ്രദേശത്ത് പുലിമുട്ട് നിർമ്മിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് നിലവിൽ പഠനം നടത്തിയിട്ടില്ല.

(ബി) നീർക്കടവ് പ്രദേശത്ത് പുലിമുട്ട് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രദേശത്തെ ആവശ്യകതയനുസരിച്ച് പഠനത്തിനുശേഷം പുലിമുട്ട് നിർമ്മിക്കുന്നതിനുള്ള തുടർനടപടികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സ്വീകരിക്കാവുന്നതാണ്.

**തൃക്കുന്നപ്പുഴ -ആറാട്ടുപുഴ പഞ്ചായത്തുകളിലെ പുലിമുട്ട് നിർമ്മാണം**

190(2853) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കുന്നപ്പുഴ-ആറാട്ടുപുഴ പഞ്ചായത്തുകളിൽ ശേഷിക്കുന്ന പ്രദേശങ്ങളിലെ പുലിമുട്ടുകളുടെ നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഹരിപ്പാട് നിയോജകമണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടുകൂടി പതിയങ്കരയിൽ 1.50 കി.മീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണത്തിനുവേണ്ടി 13 പുലിമുട്ടുകളുടെയും ആറാട്ടുപുഴയിൽ 1.20 കി.മീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണത്തിനുവേണ്ടി 21 പുലിമുട്ടുകളുടെയും വട്ടച്ചാലിൽ 1.70 കി.മീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണത്തിനുവേണ്ടി 16 പുലിമുട്ടുകളുടെയും നിർമ്മാണമാണ് പുരോഗമിച്ചുകൊണ്ടിരിക്കുന്നത്. കൂടാതെ ആറാട്ടുപുഴ പഞ്ചായത്തിലെ നെല്ലാനിക്കലിൽ 510 മീറ്റർ നീളത്തിലുള്ള കടൽത്തീരത്ത് 9.56 കോടി രൂപ അടങ്കൽ തുക വരുന്ന മൂന്ന് പുലിമുട്ടുകൾ കിഫ്ബിയുടെ ധനസഹായത്തോടുകൂടി നിർമ്മിക്കുന്നതിനായി തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. (G.O.(Rt)N0.365/2021/WRD dated 13-7-2021) ശേഷിക്കുന്ന ആറാട്ടുപുഴ-തൃക്കുന്നപ്പുഴ പ്രദേശങ്ങളിൽ രൂക്ഷമായ കടലാക്രമണം അനുഭവപ്പെടുന്ന പ്രദേശങ്ങൾ തിരിച്ചറിയുകയും പുലിമുട്ടുകളുടെ നിർമ്മാണത്തിനായുള്ള പ്രവൃത്തികൾ സർക്കാരിന്റെ പരിഗണനയിലുമാണ്.

(ബി) പ്രസ്തുത പ്രദേശങ്ങളിൽ എത്ര കിലോമീറ്റർ ദൂരത്താണ് ഇനിയും പുലിമുട്ടുകൾ നിർമ്മിക്കാനുള്ളതെന്നും ഇതിൽ ഏതെല്ലാം ഭാഗത്തെ പുലിമുട്ട് നിർമ്മാണത്തിനുള്ള പുതിയ പ്രൊപ്പോസലുകളാണ് പരിഗണനയിലുള്ളതെന്നും അറിയിക്കാമോ?

പ്രസ്തുത പ്രദേശങ്ങളിൽ 6.628 കി.മീ. നീളത്തിൽ പുലിമുട്ടുകളോ/ കടൽഭിത്തിയോ നിർമ്മിക്കേണ്ടത് ആവശ്യമാണ്. ഇതിലേയ്ക്കായി 89.63 കോടി രൂപയുടെ 11 പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. ശേഷിക്കുന്ന പ്രദേശങ്ങളിൽപ്പെട്ട രൂക്ഷമായ കടലാക്രമണം അനുഭവപ്പെടുന്ന ആറാട്ടുപുഴ പഞ്ചായത്തിൽ പെരുമ്പള്ളിയിൽ 550 മീറ്റർ കടൽത്തീരത്തേയ്ക്ക് 10.62 കോടി രൂപയ്ക്കും കാർത്തിക ജംഗ്ഷൻ മുതൽ പതിയങ്കര വരെയുള്ള 2.30 കി.മീറ്റർ കടൽത്തീരത്തേയ്ക്ക് 41.97 കോടി രൂപയ്ക്കും തൃക്കുന്നപ്പുഴ പഞ്ചായത്തിൽ പതിയങ്കര മുതൽ കോട്ടമുറി വരെ 600 മീറ്റർ കടൽത്തീരത്തേയ്ക്ക് 11.51 കോടി രൂപയ്ക്കും തൃക്കുന്നപ്പുഴ ജംഗ്ഷനിൽ 700 മീറ്റർ കടൽത്തീരത്തേയ്ക്ക് 13.31 കോടി രൂപയ്ക്കും പള്ളിപാട്ടുമുറി മുതൽ പല്ലന വരെ 2.8 കി.മീറ്റർ കടൽത്തീരത്തേയ്ക്ക് 50.93 കോടി രൂപയ്ക്കുമുള്ള എസ്റ്റിമേറ്റിന് തത്വത്തിലുള്ള ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) പ്രസ്തുത പ്രദേശങ്ങളിലെ പുലിമുട്ട്-കടൽഭിത്തി നിർമ്മാണത്തിനുള്ള ഐ.ഐ.ടി. പഠന റിപ്പോർട്ട് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പ്രദേശത്ത് Bathymetric survey നടത്തി ഐ.ഐ.ടി. പഠന റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കടൽഭിത്തികളും പുലിമുട്ടുകളും സംബന്ധിച്ച ശാസ്ത്രീയ പഠനം

191(2854) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ കടൽഭിത്തികളും പുലിമുട്ടുകളും രൂക്ഷമായ കടൽക്ഷോഭത്തെ പ്രതിരോധിക്കുന്നതിന് പര്യാപ്തമല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പരിസ്ഥിതിക്കനുയോജ്യമായ തരത്തിൽ കടൽഭിത്തികളും പുലിമുട്ടുകളും നിർമ്മിക്കുന്നത് സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിലെ കടൽത്തീരം മുൻകാലത്തെ അപേക്ഷിച്ച് രൂക്ഷമായ കടൽക്ഷോഭം അനുഭവപ്പെടുന്ന തീരമായി മാറുകയാണ്. സമുദ്രോപരിതലത്തിലെ താപനിലയിൽ വന്നിട്ടുള്ള വ്യതിയാനവും ചുഴലിക്കാറ്റുകളുടെ ആവർത്തിച്ചുള്ള പ്രഭാവവും ഇതിന് ആക്കം കൂട്ടുന്നതായി ശാസ്ത്രജ്ഞർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇന്ത്യയിലെ തീരദേശ സംസ്ഥാനങ്ങളിൽ പൊതുവിൽ അനുഭവപ്പെടുന്ന തിരമാലയുടെ ശക്തിയുമായി താരതമ്യം ചെയ്യുമ്പോൾ കേരളതീരത്ത് അനുഭവപ്പെടുന്ന തിരമാലയുടെ ശക്തി വളരെ കൂടുതലാണ്. ഇതോടൊപ്പം, കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായുള്ള മാറ്റങ്ങളും അനുഭവപ്പെടുന്നുണ്ട്. മേൽപ്പറഞ്ഞിട്ടുള്ള കാരണങ്ങളാൽ നിലവിലുള്ള കടൽഭിത്തികൾ/കടൽഭിത്തിയും പുലിമുട്ടും ചേർന്നുള്ള നിർമ്മിതികൾ തകർത്തുകൊണ്ട് കടൽജലം കരയിലേയ്ക്ക് കയറുകയും വെള്ളക്കെട്ട് ഉണ്ടാക്കുകയും ചെയ്യുന്നുണ്ട്. ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമായ ശിപാർശകൾ അനുസരിച്ചാണ് നിലവിലുള്ള കടൽഭിത്തികളും പുലിമുട്ടുകളും നിർമ്മിച്ചിട്ടുള്ളത്. മാറിയ പരിതസ്ഥിതിയിൽ, നിലവിലുള്ള നിർമ്മിതികൾ എങ്ങനെ സംരക്ഷിക്കാമെന്നും പുതുതായി ഏതുതരം നിർമ്മിതികളാണ് ആവശ്യമെന്ന് നിർദ്ദേശിക്കുന്നതിനും കടൽക്ഷോഭം രൂക്ഷമായ പ്രദേശങ്ങളിൽ ശാസ്ത്രീയമായ പഠനം നടത്തി അവിടെ തീരസംരക്ഷണം ഉറപ്പാക്കുന്നതിനും അനുയോജ്യമായ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ആദ്യപടിയായി പത്ത് ഹോട്ട്സ്പോട്ടുകൾ ഐഡന്റിഫൈ ചെയ്ത് അവിടെ പഠനം നടത്താൻ NCCR (National Centre for Coastal Research)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആദ്യ ഹോട്ട്സ്പോട്ടായ ചെല്ലാനത്ത് കടൽഭിത്തിയുടെയും പുലിമുട്ടിന്റെയും ഡിസൈൻ പൂർത്തിയാക്കിയിട്ടുണ്ട്. പരിസ്ഥിതിക്ക് അനുയോജ്യമായതും കാലാവസ്ഥാ വ്യതിയാനത്തെ തുടർന്ന് ഉണ്ടാകാനിടയുള്ള പ്രശ്നങ്ങളെ പ്രതിരോധിക്കാൻ കഴിയുന്നതുമായ നിർമ്മിതികൾ രൂപകൽപ്പന ചെയ്യുകയെന്ന ലക്ഷ്യത്തോടെ, ശാസ്ത്രീയമാർഗ്ഗങ്ങൾ അവലംബിച്ച് അവശ്യമായ വിവരശേഖരണം ഉൾപ്പെടെ നടത്തിയുള്ള പരിഹാര നിർദ്ദേശമാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

**വൈപ്പിൻ മണ്ഡലത്തിലെ കടലാക്രമണം രൂക്ഷമാകുന്ന പ്രദേശങ്ങൾ**

192(2855) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും അഞ്ച് വർഷം കൊണ്ട് പൂർത്തീകരിക്കുവാൻ കഴിയുന്നതുമായ അയ്യായിരത്തി മുന്നൂറ് കോടി രൂപയുടെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങളുടെ ആദ്യഘട്ടമായി കിഫ്ബി ധനസഹായത്തോടെ ആയിരത്തി അഞ്ഞൂറ് കോടി രൂപ ചെലവിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതിയുടെ നിജസ്ഥിതി വിശദമാക്കാമോ?

2021-22 സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച 5 വർഷംകൊണ്ട് പൂർത്തീകരിക്കുവാൻ കഴിയുന്ന 5300 കോടി രൂപയുടെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങളുടെ ആദ്യഘട്ടമായി കിഫ്ബി ധനസഹായത്തോടെ 1500 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ തീരുമാനിക്കുകയുണ്ടായി. ഇതിനെത്തുടർന്ന് കടലാക്രമണം ഏറ്റവും രൂക്ഷമായ ചെല്ലാനം പ്രദേശത്ത് National Centre for Coastal Research (NCCR) പഠനം നടത്തി ഒരു ഹൈബ്രിഡ് പദ്ധതി (സംയോജിത കടൽഭിത്തിയുടെയും പുലിമുട്ടുകളുടെയും നിർമ്മാണം) അവലംബിക്കുകയും പ്രസ്തുത ഡിസൈൻ പ്രകാരം തയ്യാറാക്കിയ 254.20 കോടി രൂപയുടെ കടൽഭിത്തി നിർമ്മാണത്തിന്റെയും 90 കോടി രൂപയുടെ പുലിമുട്ട് നിർമ്മാണത്തിന്റെയും (ആകെ തുക: 344.20 കോടി രൂപ) വിശദമായ രൂപരേഖ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്നതിനായി 29-7-2021-ലെ സ.ഉ(സാധാ)നം.395/2021/WRD പ്രകാരം ഭരണാനുമതി നൽകുകയുണ്ടായി. കടലാക്രമണം രൂക്ഷമായ മറ്റ് പ്രദേശങ്ങളിൽ അനുയോജ്യമായ പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പരിസ്ഥിതിക്ക് അനുയോജ്യമായ തരത്തിൽ കടൽഭിത്തിയുടെയും പുലിമുട്ടുകളുടെയും പുതുക്കിയ ഡിസൈനിനുവേണ്ടി എൻ.സി.സി.ആർ. എന്ന വിദഗ്ധ സ്ഥാപനം പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് എന്നത്തേയ്ക്ക് സമർപ്പിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

കേരളത്തിലെ തീരപ്രദേശത്തെക്കുറിച്ച് പൊതുവിലും ഹോട്ട്സ്പോട്ട് ആയ പത്ത് സ്ഥലങ്ങളെക്കുറിച്ച് പ്രത്യേകിച്ചും പഠിച്ച് സുസ്ഥിരമായ തീരസംരക്ഷണ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി ചെന്നൈ ആസ്ഥാനമായ National Centre for Coastal Research എന്ന സ്ഥാപനവുമായി ചർച്ചകൾ നടത്തുകയും

ധാരണാപത്രം ഒപ്പിടുന്നതിനുള്ള കരട് തയ്യാറാക്കി സർക്കാർ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. എൻ.സി.സി.ആർ. എന്ന സ്ഥാപനവുമായുള്ള കരാർ കാലാവധി മൂന്ന് വർഷമായാണ് നിലവിൽ നിജപ്പെടുത്തിയിട്ടുള്ളത്. കടലാക്രമണം ഏറ്റവും രൂക്ഷമായ ചെല്ലാനം പ്രദേശത്ത് പ്രസ്തുത സ്ഥാപനം മുഖേന പഠനം പൂർത്തിയാക്കി വിശദമായ രൂപരേഖ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്നതിന് 29-7-2021-ലെ സ.ഉ.(സാധാ) നമ്പർ 395/2021/ WRD പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. അടുത്ത ഘട്ടമായി ശംഖുമുഖം, കൊല്ലങ്കോട് എന്നീ ഹോട്ട് സ്പോട്ടുകളുടെ പഠനമാണ് ചെയ്യാൻ തീരുമാനിച്ചിട്ടുള്ളത്. മറ്റ് പ്രദേശങ്ങളിൽ പഠനം നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വൈപ്പിൻ മണ്ഡലത്തിലെ കടലാക്രമണം രൂക്ഷമാവുന്ന പ്രദേശങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ഡി) പ്രസ്തുത സ്ഥലങ്ങളിൽ എന്നത്തേയ്ക്ക് കടൽഭിത്തിയും പുലിമുട്ടും സ്ഥാപിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ഇ) കടൽഭിത്തിയുടെയും പുലിമുട്ടിന്റെയും നിർമ്മാണം സംബന്ധിച്ച് മേജർ ഇറിഗേഷൻ വകുപ്പ് പഠനം നടത്തി സമർപ്പിച്ചിട്ടുള്ളതും ഇറിഗേഷൻ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ എസ്റ്റിമേറ്റുള്ളതുമായ പ്രസ്തുത ഫയലിന്മേൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസം നേരിടുന്നതിനുള്ള കാരണം വിശദമാക്കാമോ?

(സി-ഇ) വൈപ്പിൻ മണ്ഡലത്തിൽ കടലാക്രമണം രൂക്ഷമാകുന്ന പ്രദേശങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു:

- എടവനക്കാട് പഞ്ചായത്ത് - പഴങ്ങാട് CESCP1132-1137 (850 മീറ്റർ) അണിയിൽ CESCP 1124-1132 (1510 മീറ്റർ)
- നായരമ്പലം പഞ്ചായത്ത് CESCP.1116-1124 (1427 മീറ്റർ)
- വെളിയത്താപറമ്പ് CESCP 1111-1116 (885 മീറ്റർ)
- ഞാവൽ CESCP.1101-1103 & 1105-1111(1030 മീറ്റർ)
- പള്ളിപ്പുറം പഞ്ചായത്ത് CESCP 1152 -1176 (4614 മീറ്റർ)
- കുഴിപ്പിള്ളി പഞ്ചായത്ത് CESCP 1142-1152 (1940 മീറ്റർ)

പ്രസ്തുത പ്രദേശത്ത് മുൻകാലങ്ങളിൽ പഠനങ്ങൾ നടന്നിട്ടുണ്ടെങ്കിലും കാലാവസ്ഥാ വ്യതിയാനവും മറ്റ് പ്രകൃതി പ്രതിഭാസങ്ങളും കാരണം തീരത്തിന്റെ ഘടനയ്ക്ക് സാരമായ മാറ്റം സംഭവിച്ചിട്ടുണ്ട്. ആയതുകൂടി പരിഗണിച്ച് അടിക്കടി അനുഭവപ്പെടുന്ന ന്യൂനമർദ്ദവും ചുഴലിക്കാറ്റും മൂലമുണ്ടാകുന്ന കടലാക്രമണത്തെ ചെറുക്കുവാൻ കഴിയുന്ന അനുയോജ്യമായ നിർമ്മിതികൾ അവലംബിക്കേണ്ടതായിട്ടുണ്ട്. കടൽക്ഷോഭവും ന്യൂനമർദ്ദവും അടിക്കടിയുണ്ടാകുന്ന സാഹചര്യത്തിൽ വൈപ്പിൻ ദ്വീപിലെ 24 കി.മീ. ദൈർഘ്യമുള്ള കടൽത്തീരം സംരക്ഷിക്കുന്നതിന്റെ പര്യവേഷണം (Bathymetry ഉൾപ്പെടെ) നടത്തുന്നതിനായി ഒരു എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റ് ഡി.എസ്.ആർ. 2018-ലേയ്ക്ക് മാറ്റി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പര്യവേഷണം നടത്തി പഠനം പൂർത്തിയാക്കി അനുയോജ്യമായ കടലാക്രമണ പ്രതിരോധ പ്രവൃത്തികൾ നടപ്പിലാക്കാവുന്നതാണ്.

## കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ കോയറോഡ് പ്രദേശത്തെ പുലിമുട്ട് നിർമ്മാണം

193(2856) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ കോയറോഡ് പ്രദേശത്തെ പുലിമുട്ട് നിർമ്മാണ പുരോഗതി വിശദമാക്കുമോ?

കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ കോയറോഡ് പ്രദേശത്തെ ഭട്ട് റോഡ് ബീച്ചിൽ സി.പി 1845-നും സി.പി 1848 -നും ഇടയിൽ പുലിമുട്ടുകളുടെ ശ്രേണി നിർമ്മാണത്തിന് 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പുലിമുട്ടുകളുടെ രൂപകൽപ്പന തയ്യാറാക്കുന്നതിനുള്ള പഠനം നടത്തുന്നതിനുവേണ്ടി Indian Institute of Technology, Chennai-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക്, അതിൻപ്രകാരം എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകി പ്രവൃത്തി നടപ്പിലാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിന്റെ ഭാഗമായ പാലത്തിന്റെ പുനർനിർമ്മാണം

194(2857) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിന്റെ ഭാഗമായ തണ്ണീർപന്തൽ-അരൂർ റോഡിൽ സ്ഥിതി ചെയ്യുന്ന പാലത്തിന്റെ അപകടാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടി പാലത്തിന്റെ അപകടാവസ്ഥ ഒഴിവാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(സി) പാലം പുനർനിർമ്മിക്കുന്നതിന് പദ്ധതിയുണ്ടോ എന്നറിയിക്കാമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി പാലം പൊളിച്ചുമാറ്റി പുനർനിർമ്മിക്കുന്നതിന് പ്രാഥമിക വിലയിരുത്തൽ പ്രകാരം ഏകദേശം 25 ലക്ഷം രൂപ ചെലവ് വരും. ആവശ്യമായ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**നാദാപുരം മണ്ഡലത്തിലെ ഫീൽഡ് ചാനൽ പദ്ധതി**

195(2858) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം മണ്ഡലത്തിൽ എടച്ചേരി ഗ്രാമപഞ്ചായത്തിലെ കച്ചേരി പാറപ്പുറത്ത്-മലയംകുളം ഫീൽഡ് ചാനൽ നിർമ്മാണ പദ്ധതി സാധ്യമാക്കാൻ നാളിതുവരെ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

നാദാപുരം നിയോജകമണ്ഡലത്തിൽ എടച്ചേരി ഗ്രാമപഞ്ചായത്തിൽ കച്ചേരി പാറപ്പുറത്ത്-മലയംകുളം ഫീൽഡ് ചാനൽ നഗരസഞ്ചയ പദ്ധതിയിൽ ഉൾപ്പെടുത്തുകയും കൂടാതെ എടച്ചേരി ഗ്രാമപഞ്ചായത്ത് 2020-21 വാർഷിക പദ്ധതിയിൽ 158/2 നമ്പർ ഡെപ്പോസിറ്റ് വർക്കായി ഉൾപ്പെടുത്തിയിട്ടുമുണ്ട്. ഇതിന്റെ നിർമ്മാണ പ്രവൃത്തിക്കായി 17.08 ലക്ഷം രൂപ നഗരസഞ്ചയ പദ്ധതിയിലും 3.125 ലക്ഷം രൂപ പഞ്ചായത്തിന്റെ തനത് ഫണ്ട് വിഹിതമായും ആകെ 20.205 ലക്ഷം രൂപയാണ് ഇത്തവണ വകയിരുത്തിയത്. ആകെ 800 മീറ്റർ നീളമുള്ള കച്ചേരി - പാറപ്പുറത്ത് ഫീൽഡ് ചാനലിന്റെ 109 മീറ്റർ ഫീൽഡ് ചാനൽ നിർമ്മിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ ഫണ്ട് ഇറിഗേഷൻ വകുപ്പിലേയ്ക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടില്ല. പ്രവൃത്തിയുടെ ഫണ്ട് ഇറിഗേഷൻ വകുപ്പിലേയ്ക്ക് കൈമാറുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കല്ല്യാശ്ശേരി മണ്ഡലത്തിലെ നട്ടിക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ്**

196(2859) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2020-21-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ കല്ല്യാശ്ശേരി മണ്ഡലത്തിലെ നട്ടിക്കടവ് റഗുലേറ്റർ കം ബ്രിഡ്ജിന്റെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന്

സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് എത്രയും വേഗം ലഭ്യമാക്കി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ?

കല്ല്യാശ്ശേരി മണ്ഡലത്തിലെ നട്ടിക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ Investigation Estimate-ന് 15,30,000 (പതിനഞ്ച് ലക്ഷത്തി മുപ്പതിനായിരം) രൂപയുടെ സാമ്പത്തികാനുമതി നൽകിയിരുന്നു. എന്നാൽ ഡിസൈൻ വിഭാഗത്തിന്റെ സ്ഥല പരിശോധനയിൽ എസ്റ്റിമേറ്റ് പുതുക്കി സമർപ്പിക്കുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ എസ്റ്റിമേറ്റിന് സാമ്പത്തികാനുമതി നല്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**പെരുഞ്ചേരി കടവിലെ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം**

197(2860) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര - കുറ്റ്യാടി മണ്ഡലങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കുറ്റ്യാടി പുഴയ്ക്ക് കുറുകെ പെരുഞ്ചേരി കടവിൽ നിർമ്മിക്കുന്ന റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഇത് എത്ര കോടി രൂപയുടെ പ്രവൃത്തിയാണെന്നും കരാർ എടുത്തിരിക്കുന്നത് ആരാണെന്നും കരാർ കാലാവധി എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) ഇതുവരെ എന്തൊക്കെ പ്രവൃത്തി പൂർത്തീകരിച്ചു എന്ന വിശദാംശം നൽകുമോ?

(എ-സി) പേരാമ്പ്ര - കുറ്റ്യാടി മണ്ഡലങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കുറ്റ്യാടി പുഴയ്ക്ക് കുറുകെ പെരുഞ്ചേരി കടവിൽ നിർമ്മിക്കുന്ന റെഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ 17-9-2020-ന് ആരംഭിച്ചു. പുഴയിൽ പൈലിംഗ് ജോലികൾ ആരംഭിക്കുന്നതിനായി റിംഗ് ബണ്ട് രൂപീകരണം ആരംഭിക്കുകയും 10-3-2021-ന് പൂർത്തീകരിക്കുകയും ചെയ്തു. എന്നാൽ ടൗട്ടെ ചുഴലിക്കാറ്റിന്റെ പ്രഭാവംമൂലം വെള്ളപ്പൊക്ക സാഹചര്യം ഒഴിവാക്കാൻ ബണ്ട് നീക്കം ചെയ്യാൻ ജില്ലാ കളക്ടർ നിർദ്ദേശിച്ചതിനാൽ നദിയിൽ ഒരു പ്രവൃത്തിയും നിർവ്വഹിക്കാനായില്ല, മഴക്കാലത്തിന്റെ ആരംഭവും പുരോഗതിയെ ബാധിച്ചു. എന്നിരുന്നാലും, മഴയുടെ പ്രഭാവം കുറഞ്ഞതിനുശേഷം പൈലിംഗ് പ്രവർത്തനങ്ങളുമായി നദിയുടെ വലത് കരയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആർ.സി.ബി.-ക്കായി 135 പൈലുകൾ ഉള്ളതിൽ 12 പൈലുകളുടെ കോൺക്രീറ്റിംഗ് പൂർത്തിയായി. ഇടതുവശത്തുള്ള റിംഗ് ബണ്ട് രൂപീകരണം

പുരോഗമിക്കുന്നു. 100 മീ. നീളത്തിൽ റിംഗ് ബണ്ട് പൂർത്തിയായി. ഐ.ഡി.ആർ.ബി. ഡിസൈൻ നിർവ്വഹിച്ച പ്രസ്തുത പദ്ധതിയുടെ നാവിഗേഷൻ ലോക്കിന്റെ ഭാഗത്ത് ലെവൽ വ്യത്യാസംമൂലം ഡിസൈനിൽ മാറ്റം വരുത്തുകയും ആയത് അംഗീകരിക്കുന്നതിനായി KIIDC ഐ.ഡി.ആർ.ബി.-യിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിയുടെ കരാർ തുക - ₹ 61,13,34,133.00 കരാറുകാരൻ-ടി.ബി.എ.എസ്. & ഇ.കെ.കെ. ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡിന്റെ ജോയിന്റ് വെഞ്ച്വർ - കരാർ കാലാവധി - 18 മാസം.

(ഡി) ഈ പ്രവൃത്തിയുടെ മേൽനോട്ട ചുമതല ആർക്കാണെന്ന് വ്യക്തമാക്കാമോ?

പേരാമ്പ്ര - കുറ്റ്യാടി മണ്ഡലങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കുറ്റ്യാടി പുഴയ്ക്ക് കുറുകെ പെരുഞ്ചേരി കടവിൽ നിർമ്മിക്കുന്ന റഗുലേറ്റർ കം ബ്രിഡ്ജ് പ്രവൃത്തി ജലസേചന വകുപ്പിന്റെ വിശേഷാൽ ലക്ഷ്യോപാധിയായ (Special Purpose Vehicle) കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (KIIDC) മുഖേനയാണ് നടപ്പിലാക്കുന്നത്.

## കോഴിക്കോട് ജില്ലയിൽ മണ്ണിലിടംകടവ് റഗുലേറ്റർ- കം -ബ്രിഡ്ജ്

198(2861) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ജലസേചന വകുപ്പ് മുഖേന മണ്ണിലിടംകടവ് റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഈ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിൽ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; വിശദമാക്കാമോ ?

(എ & ബി) കോഴിക്കോട് ജില്ലയിൽ ചാത്തമംഗലം പഞ്ചായത്തിൽ ചെറുപുഴയ്ക്ക് കുറുകെ മണ്ണിലിടം കടവിൽ റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള 31 കോടി രൂപയുടെ വിശദ പദ്ധതി രേഖ RKI-ൽ ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുണ്ടായിരുന്നു. എന്നാൽ പുതിയ നിർമ്മാണ പ്രവൃത്തിയായതിനാൽ മാനദണ്ഡങ്ങൾ പ്രകാരം RKI-യിൽ ഉൾപ്പെടുത്തി സമർപ്പിക്കുന്നതിന് കഴിയാത്തതിനാൽ നബാർഡ് മാനദണ്ഡങ്ങൾക്കനുസരിച്ച് ഫണ്ട് ലഭ്യമാക്കുന്നതിനായി ഡി.പി.ആർ. പുനർസമർപ്പിക്കുന്നതിന് ജലസേചന വകുപ്പ് സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കുന്ദമംഗലം, ചാത്തമംഗലം, ഓമശ്ശേരി എന്നീ പഞ്ചായത്തുകളിലും കൊടുവള്ളി

മുനിസിപ്പാലിറ്റിയിലും കൃഷിക്കും കുടിവെള്ളത്തിനും വേണ്ടിയാണ് പ്രസ്തുത പ്രവൃത്തി വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ നബാർഡ് മാനദണ്ഡ പ്രകാരം മേൽ പ്രവൃത്തിക്ക് ആവശ്യമായ ബെനിഫിറ്റ് കോസ്റ്റ് റേഷ്യോ (BC Ratio) ലഭിക്കാൻ സാധ്യതയില്ലാത്തതിനാൽ മേൽ പ്രവൃത്തി നബാർഡ് പദ്ധതിയിലുൾപ്പെടുത്തി പുനർസമർപ്പിക്കാൻ കഴിഞ്ഞിട്ടില്ല. കൂടാതെ ഡി.എസ്.ആർ. 2018 നിലവിൽ വന്നതിനാൽ ആയതുപ്രകാരം പുതുക്കി ഉചിതമായ ശീർഷകത്തിൽ ഉൾപ്പെടുത്തി ഭരണാനുമതിക്കായി സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**ആറ്റിങ്ങൽ മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ പുതിയ സെക്ഷൻ**

199(2862) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ മണ്ഡലത്തിലെ കിളിമാനൂർ കേന്ദ്രീകരിച്ച് കേരള വാട്ടർ അതോറിറ്റിയുടെ പുതിയ സെക്ഷൻ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; അറിയിക്കാമോ?

കേരള വാട്ടർ അതോറിറ്റിയുടെ പുനഃസംഘടനയുമായി ബന്ധപ്പെട്ട് എല്ലാ ഡിവിഷൻ ഓഫീസുകളുടെയും പുനഃക്രമീകരണം ആവശ്യമായതിനാൽ ബോർഡ് തീരുമാനപ്രകാരം വിവിധ ജില്ലകളിൽ നിന്നും പ്രൊപ്പോസലുകൾ സ്വീകരിച്ചുവരുന്നു. പുനഃസംഘടന സംബന്ധിച്ച തീരുമാനപ്രകാരം മാത്രമേ പുതിയ സെക്ഷൻ ആരംഭിക്കുന്ന കാര്യം പരിഗണിക്കാൻ സാധിക്കുകയുള്ളൂ.

**ജലസേചന വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ്**

200(2863) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് കുറ്റമറ്റതും കൃത്യമായതുമായ സീനിയോറിറ്റി ലിസ്റ്റ് നിലവിലില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 2015-ൽ നിലവിൽ വന്ന സീനിയോറിറ്റി ലിസ്റ്റിൽ വകുപ്പ് മാറിപ്പോയവരും റിട്ടയേഡായവരും മരണപ്പെട്ടുപോയവരും ഉൾപ്പെട്ടിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ന്യൂനതകൾ പരിഹരിച്ച് സമയബന്ധിതമായി പുതുക്കിയ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കാനാവശ്യമായ നിർദ്ദേശം നൽകുമോ?

31-3-2013 വരെ ജലസേചന വകുപ്പിൽ ജോലിയിൽ പ്രവേശിച്ച ജീവനക്കാരെ ഉൾപ്പെടുത്തിയാണ് 17-8-2015-ൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയത്. പ്രസ്തുത ലിസ്റ്റ് ഇപ്പോൾ പരിശോധിക്കുമ്പോൾ വകുപ്പ് മാറിപ്പോയവരും, റിട്ടയർ ചെയ്തവരും, മരണപ്പെട്ടുപോയവരും ഉണ്ടെങ്കിലും പ്രസ്തുത ലിസ്റ്റിൽ നിന്നും സ്ഥാനക്കയറ്റ ഉത്തരവ് പരിഗണിക്കുമ്പോൾ ഇവരെ ഒഴിവാക്കി നിലവിൽ ജലസേചന വകുപ്പിലുള്ള ജീവനക്കാരെ മാത്രം ഉൾപ്പെടുത്തിയാണ് സ്ഥാനക്കയറ്റ ഉത്തരവ് തയ്യാറാക്കുന്നത്. ആയതിനാൽ ചീഫ് എഞ്ചിനീയർ (ഐ&എ) പുറപ്പെടുവിച്ച 17-8-2015-ലെ ഐ.സി.5-16895/2014 നമ്പർ സീനിയോറിറ്റി ലിസ്റ്റിൽ ന്യൂനതയുള്ളതായി കണക്കാക്കാൻ കഴിയില്ല.

(ഡി) ജലസേചന വകുപ്പിൽ 1992 മുതൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് റേഷ്യോ പ്രമോഷൻ നൽകിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് സർക്കാരിന് പരാതി എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് ചീഫ് എഞ്ചിനീയർ (ഐ&എ)-യ്ക്ക് നിവേദനം ലഭിച്ചിട്ടുണ്ട്. എന്നാൽ സർക്കാരിൽ ഇതുസംബന്ധിച്ച് യാതൊരു പരാതിയും ലഭിച്ചിട്ടില്ല.

(ഇ) ഉണ്ടെങ്കിൽ അതിൽ എന്തുനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതുൾപ്പെടെയുള്ള നടപടികൾ വകുപ്പിൽ സ്വീകരിച്ചുവരുന്നു.

**കാസർഗോഡ് ജില്ലയിൽ ഇറിഗേഷൻ മെക്കാനിക്കൽ വിഭാഗം**

201(2864) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഇറിഗേഷൻ മെക്കാനിക്കൽ വിഭാഗം ഉദ്യോഗസ്ഥരുടെ ഓഫീസ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ എവിടെയാണ് സ്ഥിതി ചെയ്യുന്നത്?

ഇല്ല.

(ബി) പ്രസ്തുത ജില്ലയിൽ ഇറിഗേഷൻ മെക്കാനിക്കൽ വിഭാഗം പരിശോധിച്ച് ആവശ്യമുള്ള അറ്റകുറ്റപ്പണികൾ നടത്തേണ്ടതായ എത്ര സ്കീമുകൾ നിലവിലുണ്ട്;

നിർമ്മാണം പുരോഗമിക്കുന്നവയുടെയും പുതിയ പ്രൊപ്പോസലുകളുടെയും എണ്ണം തരം തിരിച്ച് നൽകാമോ?

(1) നിർമ്മാണം പുരോഗമിക്കുന്നവ - 1

1. പാലായി വളവ് NABARD RIDFXXI കാസർഗോഡ് ജില്ലയിലെ പാലായി വളവിൽ കാര്യങ്കോട് പുഴയ്ക്ക് കുറുകെ സാൾട്ട് വാട്ടർ എക്സ്ക്ലൂഷൻ റെഗുലേറ്റർ -കം- ബ്രിഡ്ജ്.

(2) അറ്റകുറ്റപ്പണികൾ നടത്തേണ്ടതായ സ്കീമുകൾ - 6 എണ്ണം

1. കാസർഗോഡ് ജില്ലയിലെ ബദിയടുക്ക പഞ്ചായത്തിൽ പയസ്വിനി പുഴയ്ക്ക് കുറുകെ പാണ്ടിക്കണ്ടത്ത് റെഗുലേറ്റർ -കം- ബ്രിഡ്ജ്
2. പടന്ന പഞ്ചായത്തിലെ ഇടിച്ചൈക്കെ ആനിക്കട്ടിന്റെ ഒരു റെഗുലേറ്റർ ഷട്ടർ
3. മംഗൽപ്പാടി പഞ്ചായത്തിലെ ബംബ്രാണ ആനിക്കട്ടിന്റെ റെഗുലേറ്റർ ഷട്ടറുകൾ
4. ഉപ്പള ആനിക്കട്ടിന്റെ റെഗുലേറ്റർ ഷട്ടറുകൾ
5. ഷിറിയ ആനിക്കട്ടിന്റെ റെഗുലേറ്റർ ഷട്ടറുകൾ
6. കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിലെ നമ്പ്യാർക്കൽ ആനിക്കട്ടിന്റെ റഗുലേറ്റർ ഷട്ടറുകൾ .

(3) പുതിയ പ്രൊപ്പോസലുകൾ - 7 എണ്ണം

1. പടന്ന പഞ്ചായത്തിലെ ഇടിച്ചൈക്കെയിലെ മനക്കര തോടിനുകുറുകെ വി.സി.ബി.-യുടെ റെഗുലേറ്റർ ഷട്ടറുകൾ.
2. ചെറുവത്തൂർ ഗ്രാമപഞ്ചായത്തിലെ രാമഞ്ചിറ ആനിക്കട്ടിന്റെ റെഗുലേറ്റർ ഷട്ടറുകൾ.
3. കാസർഗോഡ് ജില്ലയിലെ ചിറ്റാരി റിവറിന് കുറുകെ പഴയ ചിറ്റാരി SWE RCB-യുടെ അപ്സ്ട്രീം സൈഡിൽ SWE റെഗുലേറ്റർ നിർമ്മാണം.
4. കാസർഗോഡ് ജില്ലയിലെ കുമ്പള പഞ്ചായത്തിലെ ബംബ്രാണയിൽ ഷിറിയ റിവറിനുകുറുകെ RCB നിർമ്മാണം.

5. കാസർഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി പഞ്ചായത്തിലെ മാങ്കോട് പുഴയ്ക്ക് കുറുകെ എരുമക്കയം RCB-യുടെ ഷട്ടറുകളുടെ നിർമ്മാണം.

6. കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിലെ നമ്പ്യാർക്കലിൽ - നീലേശ്വരം ബേക്കൽ നാവിഗേഷൻ റൂട്ട് ലോക്ക് കം ബ്രിഡ്ജ് നിർമ്മാണം.

7. കാസർഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിൽ ചെമ്മാരംകയത്തിൽ കരിയംകോട് പുഴയ്ക്ക് കുറുകെ RCB നിർമ്മാണം.

(സി) ടി വിഭാഗം ഉദ്യോഗസ്ഥർ വെള്ളപ്പൊക്കംപോലെയുള്ള അടിയന്തര സാഹചര്യങ്ങളിലും എസ്. ഡബ്ല്യൂ. ഇ. സി. ബി., റെഗുലേറ്ററുകൾ തുടങ്ങിയവയിലെ മെക്കാനിക്കൽ ഷട്ടറുകളുടെ സമയബന്ധിത അറ്റകുറ്റപ്പണികൾക്കും മറ്റ് ജില്ലകളിലെ ഓഫീസിൽനിന്ന് വന്ന് ജോലി ചെയ്യുന്നതുമൂലം എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഈ പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

(സി&ഡി) ഉദ്യോഗസ്ഥർക്ക് പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ആലപ്പുഴ ജില്ലയിൽ ജലവിഭവ വകുപ്പിലെ എൽ.ഡി. ടൈപ്പിസ്റ്റ് ഒഴിവുകൾ**

202(2865) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ ജലവിഭവ വകുപ്പിന് കീഴിൽ എൽ.ഡി. ടൈപ്പിസ്റ്റിന്റെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത തസ്തികയിൽ ദിവസ വേതനം, കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ?

ജലസേചന വകുപ്പിൽ ആലപ്പുഴ ജില്ലയിൽ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ ഒരൊഴിവുണ്ട്. പ്രസ്തുത തസ്തികയിൽ ദിവസവേതനം/കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചിട്ടില്ല. കേരള വാട്ടർ അതോറിറ്റി, ആലപ്പുഴ PH സർക്കിൾ കാര്യാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന PH സബ്ഡിവിഷൻ ചേർത്തല കാര്യാലയത്തിൽ എൽ.ഡി. ടൈപ്പിസ്റ്റിന്റെ ഒരൊഴിവ് നിലവിലുണ്ട്. പ്രസ്തുത കാര്യാലയത്തിൽ ടൈപ്പിംഗ് ജോലികൾ നിർവ്വഹിക്കുന്നതിനായി ഒരാളെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

കേരളാ വാട്ടർ അതോറിറ്റിയിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് സംസ്ഥാനമൊട്ടാകെ ഒറ്റ യൂണിറ്റായി കണക്കാക്കിയാണ്. മേൽ ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ജലസേചന വകുപ്പിലെ ഒഴിവ് 22-1-2021-ന് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## മങ്കട മണ്ഡലത്തിലെ തോടുകളും കുളങ്ങളും മാലിന്യമുക്തമാക്കാൻ നടപടി

203(2866) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽമഴയിൽ പ്ലാസ്റ്റിക് മാലിന്യവും പാഴ് വസ്തുക്കളും വന്നടിഞ്ഞ് മങ്കട തോട്ടിലെ ജലസേചന ചിറകൾ മലിനമാക്കപ്പെടുകയും നീരൊഴുക്ക് തടസ്സപ്പെടുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവ നീക്കം ചെയ്ത് തോട് സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിന്റെയും ജലസേചന വകുപ്പിന്റെയും തനതായ ഫണ്ടുകൾ ഉപയോഗിച്ച് മാലിന്യങ്ങൾ നീക്കം ചെയ്ത് തോട് സംരക്ഷിക്കുന്ന പ്രവൃത്തികൾ ചെയ്തുവരുന്നു.

(ബി) മങ്കട മണ്ഡലത്തിലെ തോടുകളും കുളങ്ങളും മാലിന്യമുക്തമാക്കി ജലസേചനം സാധ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; എങ്കിൽ ഏതെല്ലാം കുളങ്ങൾ ഇത്തരത്തിൽ നവീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

മങ്കട മണ്ഡലത്തിലെ തോടുകളും കുളങ്ങളും മാലിന്യ മുക്തമാക്കി ജലസേചനം സാധ്യമാക്കുന്നതിനുവേണ്ട നടപടികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പരിശോധിക്കുന്നതാണ്. മങ്കട മണ്ഡലത്തിൽ നടപ്പിലാക്കിവരുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ തീക്കോയി ആറിൽ റെഗുലേറ്റർ- കം-ബ്രിഡ്ജ്

204(2867) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ തീക്കോയി പഞ്ചായത്ത് പതിമൂന്നാം വാർഡിൽ മീനച്ചിൽ ആറിന്റെ കൈവഴികളായ തീക്കോയി ആറും കളത്തുക്കടവ് ആറും ചേരുന്ന ഭാഗത്ത് ചേരിപ്പാട്-മക്കൊള്ളി-രണ്ടാറ്റുമുന്നി എന്ന സ്ഥലത്ത് ഒരു റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ & ബി) ചേരിപ്പാട് തീക്കോയി ആറും കളത്തുകടവ് ആറും ചേരുന്ന ഭാഗത്ത് റെഗുലേറ്ററോടുകൂടിയ മിനിഡാമിന്റെ നിർമ്മാണത്തിനായുള്ള പ്രോജക്ട് പരിഗണനയിലാണ്. പ്രസ്തുത പദ്ധതിക്കുവേണ്ടി മണ്ണുപര്യവേഷണ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. പര്യവേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ രൂപകല്പന നിർവ്വഹിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

## കുറ്റ്യാടി പഞ്ചായത്തിലെ ജലവിഭവ വകുപ്പിന്റെ സ്ഥലം

205(2868) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി പഞ്ചായത്ത് ഓഫീസിനോട് ചേർന്നുള്ള ജലവിഭവ വകുപ്പിന്റെ സ്ഥലം ദീർഘകാലമായി ഉപയോഗിക്കാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പ്രസ്തുത സ്ഥലം ജലവിഭവ വകുപ്പിന്റെ വിവിധ ആവശ്യങ്ങൾക്കായി ഏറ്റെടുത്തിട്ടുള്ളതാണ്.

(ബി) പ്രസ്തുത സ്ഥലം എത്ര വിസ്തൃതിയിലാണുള്ളതെന്ന് അറിയിക്കാമോ?

വടകര താലൂക്ക് കുറ്റ്യാടി വില്ലേജ് തൊണ്ടിപൊയിൽ ദേശം റീ.സ.11/11-ൽ പ്പെട്ട 67.28 സെന്റ് സ്ഥലത്തിന്റെ ഭാഗമാണിത്. ടി ഭൂമിയുടെ 17.28 സെന്റ് മാത്രമേ ജലവിഭവ വകുപ്പിന്റെ കൈവശമുള്ളൂ.

(സി) പ്രസ്തുത സ്ഥലത്ത് ഗ്രാമ ന്യായാലയത്തിനായി കെട്ടിടമുണ്ടാക്കി കൊടുക്കുവാൻ കുറ്റ്യാടി ഗ്രാമപഞ്ചായത്തിന് വിട്ടുനൽകുന്നതിനുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഗണിക്കാൻ സാധിക്കുമോ?

ഇക്കാര്യം പരിശോധിച്ചുവരികയാണ്.

## ജലത്തിന്റെ ഗുണനിലവാരം

206(2869) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയത്തിനുശേഷം ജലഗുണനിലവാരവും അതിന്റെ വ്യതിയാനവും പരിശോധിക്കപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദവിവരം നൽകാമോ?

നിലവിൽ നടത്തിവരുന്ന ഗുണനിലവാര പരിശോധനകളിൽ മഴക്കാലങ്ങളിൽ കാണാറുള്ള വ്യതിയാനങ്ങൾക്കുപരിയായി പ്രളയത്തിന് ശേഷം ജലത്തിന്റെ ഗുണനിലവാരത്തിൽ വ്യതിയാനം വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അപേക്ഷ

207(2870) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂജല വകുപ്പിന്റെ കോഴിക്കോട് ജില്ലാ ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ആയ മുഹമ്മദ് പി.എ.-യുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അപേക്ഷയുമായി ബന്ധപ്പെട്ട് ജലവിഭവ വകുപ്പിന്റെ GW1/4/2019/WRD നമ്പർ ഫയലിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് തുകയുടെ 80 ശതമാനം ധനകാര്യ വകുപ്പിന്റെ അംഗീകാരത്തോടെ അപേക്ഷകന് അനുവദിച്ച് നൽകാൻ ഭൂജല വകുപ്പിന് ആരോഗ്യവകുപ്പിൽനിന്ന് നിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ തുക മുഹമ്മദ് പി.എ.-ക്ക് അനുവദിച്ച് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

(എ-സി) ശ്രീ. മുഹമ്മദ് പി.എ.-യ്ക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അനുവദിക്കുന്ന കാര്യം ആരോഗ്യ വകുപ്പുമായും ധനകാര്യ വകുപ്പുമായും കൂടി ആലോചിക്കുകയും ടിയാന് റീ-ഇംബേഴ്സ്മെന്റ് അനുവദിക്കുവാൻ ആരോഗ്യ വകുപ്പിന് സമ്മതം നൽകുകയും ചെയ്തിട്ടുണ്ട്. നിലവിലെ KGSMA Rules, 1960-ന് ഇളവ് നൽകി ഒരു പ്രത്യേക കേസായി പരിഗണിച്ച് അനുവദനീയമായ തുകയുടെ 80% റീ-ഇംബേഴ്സ്മെന്റ് ആയി അനുവദിക്കാനാണ് സമ്മതം നൽകിയിട്ടുള്ളത്. ആയതിന് അനുവദനീയമായ തുക ആരോഗ്യ വകുപ്പ് ഡയറക്ടർ വെരിഫൈ ചെയ്യേണ്ടതും ധനകാര്യ വകുപ്പ് അംഗീകരിക്കേണ്ടതുമുണ്ട്. അതിനുള്ള നടപടികൾ സർക്കാർ തലത്തിൽ നടന്നുവരുന്നു.

## കുന്നംകുളം മണ്ഡലത്തിലെ ജലജീവൻ മിഷൻ

208(2871) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ പദ്ധതിയിൽ കുന്നംകുളം മണ്ഡലത്തിൽ ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ?

(എ & ബി) കുന്നംകുളം മണ്ഡലത്തിൽ ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

## ജൽജീവൻ പദ്ധതി

209(2872) ശ്രീ. ഡി. കെ. മുരളി:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. എം. നൗഷാദ്:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൽജീവൻ പദ്ധതി പ്രകാരം ആകെ എത്ര ഗ്രാമീണ കുടുംബങ്ങൾക്ക് പുതിയ പൈപ്പ് കണക്ഷൻ നൽകേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്; ഈ വർഷം എത്ര കുടുംബങ്ങൾക്ക് കണക്ഷൻ നൽകാനുള്ള ലക്ഷ്യം നിറവേറ്റാനാണ് നിശ്ചയിച്ചിരിക്കുന്നത്; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് 70,68,682 ഗ്രാമീണ ഭവനങ്ങൾ ഉള്ളതായാണ് കണക്കാക്കിയിട്ടുള്ളത്. 6-10-2021-ലെ കണക്കനുസരിച്ച് 25,10,010 വീടുകൾക്ക് നിലവിൽ കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്. ജലജീവൻ മിഷൻ പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിനായി 2024-ഓടെ 45,58,672 കുടിവെള്ള കണക്ഷനുകൾകൂടി നൽകേണ്ടിവരും. 2021-22-ൽ 29,37,564 കുടിവെള്ള കണക്ഷനുകൾ നൽകുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) പദ്ധതി നിർവ്വഹണത്തിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വിശദമാക്കാമോ; ജനപ്രതിനിധികൾക്കും പൊതുജനങ്ങൾക്കും പദ്ധതിയുടെ പുരോഗതി മനസ്സിലാക്കാൻ കഴിയുംവിധം പ്രതിവാര അവലോകനം നടത്തി വിവരം വെബ്സൈറ്റിൽ നൽകിവരുന്നുണ്ടോ; വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജൽജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാനതലം മുതൽ ഗ്രാമതലം വരെ വിവിധ കമ്മിറ്റികൾ രൂപീകരിച്ച് അവയുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. ഇതിനായി സംസ്ഥാന തലത്തിൽ സ്റ്റേറ്റ് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷനും (SWSM), ജില്ലാതലത്തിൽ ഡിസ്ട്രിക്ട് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷനും (DWSM), പഞ്ചായത്തുതലത്തിൽ വില്ലേജ് വാട്ടർ ആൻഡ് സാനിറ്റേഷൻ കമ്മിറ്റിയും (VWSC) നിലവിലുണ്ട്. കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറാണ് പദ്ധതിയുടെ മിഷൻ ഡയറക്ടർ. ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികൾ ഗ്രാമതലത്തിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഡിസ്ട്രിക്ട് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷന്റെയും അംഗീകാരത്തോടെ സ്റ്റേറ്റ് ലെവൽ സ്കീം സാങ്ഷനിംഗ് കമ്മിറ്റി (SLSSC)-യുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നു. SLSSC അനുമതി നൽകുന്ന പദ്ധതികൾ സ്റ്റേറ്റ് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷൻ അംഗീകരിച്ച് ഭരണാനുമതി നൽകുന്നു. സംസ്ഥാനത്ത് കേരള വാട്ടർ അതോറിറ്റിക്കുപുറമെ ജലനിധി, ഭൂജല വകുപ്പ് എന്നിവയും പദ്ധതി നിർവ്വഹണത്തിൽ സഹകരിക്കുന്നുണ്ട്. ജലജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി നിർവ്വഹണ സഹായ ഏജൻസികളെ തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികളുടെ ഗുണമേന്മ പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനായി സ്വതന്ത്ര ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട് (Third Party Agency). ഇപ്രകാരം പദ്ധതി നിർവ്വഹണത്തിനായി വിപുലമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്. മുൻഗണനാ പദ്ധതികളിൽ ഉൾപ്പെട്ട ജലജീവൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി നിരന്തരം വിലയിരുത്തുന്നുണ്ട്. പ്രതിവാര മോണിറ്ററിംഗ് നടത്തി കേന്ദ്ര സർക്കാരിന്റെയും കേരള വാട്ടർ അതോറിറ്റിയുടെയും കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതിയുടെയും വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. ഇതിലൂടെ പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും പദ്ധതി പുരോഗതി സ്വയം അവലോകനം ചെയ്യുവാൻ സാധിക്കുന്നതാണ്.

### ജൽജീവൻ പദ്ധതി

210(2873) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ പദ്ധതിയുടെ വിശദാംശം വ്യക്തമാക്കാമോ?

രാജ്യത്തെ എല്ലാ ഗ്രാമീണ ഭവനങ്ങൾക്കും 2024 -ഓടുകൂടി പ്രവർത്തന ക്ഷമമായ ടാപ്പുകളിലൂടെ ശുദ്ധമായ കുടിവെള്ളം നൽകി ജനങ്ങളുടെ ജീവിത ഗുണനിലവാരം മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് ജൽജീവൻ മിഷൻ പദ്ധതി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്നതിനോടൊപ്പം വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യ കേന്ദ്രങ്ങൾ, പൊതുസ്ഥാപനങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിലും കുടിവെള്ള കണക്ഷനുകൾ നൽകുന്നതും പദ്ധതിയുടെ ഭാഗമാണ്. ഇതിനുപുറമെ ജലസ്രോതസ്സുകളുടെ വികസനവും വിപുലീകരണവും മലിനജല ശുദ്ധീകരണ - പുനരുപയോഗ പദ്ധതികൾ, ജലഗുണനിലവാര പരിശോധനാ സംവിധാനങ്ങൾ, മാനവശേഷി വികസന പരിശീലന പരിപാടികൾ, വിവര വിദ്യാഭ്യാസ ആശയ വിനിമയ പരിപാടികൾ എന്നീ പ്രവർത്തനങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നു.

(ബി) ഈ പദ്ധതി പ്രകാരം ഒരു ഗുണഭോക്താവ് എത്ര തുക ചെലവഴിക്കേണ്ടിവരുമെന്ന് വെളിപ്പെടുത്തുമോ; പ്രതിമാസം ഇവർ ഉപയോഗിക്കുന്ന ജലത്തിന് ചാർജ്ജ് ഈടാക്കുന്നുണ്ടോ; വിശദമാക്കാമോ?

ജൽജീവൻ മിഷൻ പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം പദ്ധതി ചെലവിന്റെ 10% ഗുണഭോക്താക്കൾ വഹിക്കേണ്ടതാണ്. ഓരോ പദ്ധതിയുടെയും എസ്റ്റിമേറ്റ് തുകയ്ക്കനുസരിച്ച് ഗുണഭോക്തൃ വിഹിതത്തിന്റെ തുകയിൽ വ്യത്യാസം വരാം. ജൽജീവൻ മിഷൻ പദ്ധതി പ്രകാരം നൽകുന്ന കുടിവെള്ള കണക്ഷനുകൾക്ക് നിലവിലെ നിരക്കനുസരിച്ചുള്ള ചാർജ്ജ് ഈടാക്കുന്നതാണ്.

(സി) കേന്ദ്ര സർക്കാർ ഈ പദ്ധതിക്കായി നാളിതുവരെ എത്ര തുക സംസ്ഥാനത്തിന് അനുവദിച്ചുവെന്നും ഇത് ചെലവഴിച്ചത് എപ്രകാരമെന്നും ജില്ലാടിസ്ഥാനത്തിൽ വിശദമാക്കുമോ?

2019-20 സാമ്പത്തിക വർഷം കേന്ദ്രസർക്കാർ ജൽജീവൻ പദ്ധതികളുടെ നടത്തിപ്പിന് 101.29 കോടി രൂപയും 2020-21 സാമ്പത്തിക വർഷം 303.18 കോടി രൂപയും കേന്ദ്രവിഹിതമായി അനുവദിച്ചിരുന്നു. 2021-22 സാമ്പത്തിക വർഷം 7-10-2021 വരെ 45114.77 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ചെലവഴിച്ച തുകയുടെ (കേന്ദ്ര വിഹിതം) ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ഈ പദ്ധതി പ്രകാരം നാളിതുവരെ എത്ര കുടിവെള്ള കണക്ഷൻ അനുവദിച്ചിട്ടുണ്ട്; ജില്ലതിരിച്ച് വ്യക്തമാക്കാമോ?

ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി 2020-21-ൽ 404464 കുടിവെള്ള കണക്ഷനുകളും 2021-22-ൽ 6-10-2021 വരെ 355979 കണക്ഷനുകളും നൽകിയിട്ടുണ്ട് (ആകെ 760443). ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധ മായി* ചേർക്കുന്നു.

**തിരൂർ മണ്ഡലത്തിലെ ജലജീവൻ മിഷൻ**

211(2874) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ജല അതോറിറ്റി തിരൂർ മണ്ഡലത്തിൽ യു.ഡബ്ല്യൂ.എസ്.എസ്. മുഖേന നാല് പാക്കേജുകളായി നടപ്പിലാക്കുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പ്രസ്തുത പദ്ധതി പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണമെന്താണ്; പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കുമോ?

4 പാക്കേജുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

- പാക്കേജ് 1; തിരുനാവായ കൊടയ്ക്കൽ ജംഗ്ഷൻ മുതൽ തിരൂർ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുവരെയുള്ള പഴയ പ്രിമോ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു.
- പാക്കേജ് 2; water treatment പ്ലാന്റിൽനിന്നും മുത്തൂർ സമ്പിലേയ്ക്കും തലക്കടത്തൂർ സമ്പിലേയ്ക്കും ഗ്രാവിറ്റി മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തി. - പ്രസ്തുത പ്രവൃത്തി എഗ്രിമെന്റ് റേറ്റിൽ പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ പ്രവൃത്തി തടസ്സപ്പെട്ടിരിക്കുകയാണ്. തിരൂർ കുറ്റിക്കല്ലത്താണി റോഡിൽ 620 മീറ്റർ 400 എം.എം.ഡി.ഐ. പൈപ്പും ഇന്റർ കണക്ഷൻ പ്രവൃത്തിയായി 110 മീറ്റർ പൈപ്പും സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് തലക്കാട് പഞ്ചായത്തിലെ ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 1460 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.
- പാക്കേജ് 3; പള്ളിപ്പടി പമ്പ് ഹൗസിൽ പമ്പ് സെറ്റും ട്രാൻസ്ഫോർമറുകളും സ്ഥാപിക്കുന്ന ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തി പൂർത്തീകരിച്ചു. കെ.എസ്.ഇ.ബി കണക്ഷനുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

- പാക്കേജ് 4; തിരൂർ മുനിസിപ്പാലിറ്റിയിലെ പഴയ വിതരണ ശൃംഖലകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി 3 തവണ ടെണ്ടർ ചെയ്തെങ്കിലും ആരും പങ്കെടുത്തില്ല. എസ്റ്റിമേറ്റ് പുതുക്കി നിശ്ചയിക്കുന്ന നടപടികൾ പുരോഗമിക്കുന്നു. പദ്ധതിയുടെ അവസാന 3 പാക്കേജുകളും പൂർത്തിയാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി ആതവനാട്, തിരുനാവായ പഞ്ചായത്തുകളിലെ ഗ്രാമീണ ഭവനങ്ങളിൽ കുടിവെള്ളമെത്തിക്കുന്ന പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാനാകുമെന്നറിയിക്കുമോ?

ആതവനാട് പഞ്ചായത്തിലെ 2000 ഗാർഹിക കണക്ഷനുകൾ നൽകുന്നതിനായുള്ള 300 ലക്ഷം രൂപയുടെ ഒന്നാം ഘട്ടം പ്രവൃത്തി പൂർത്തീകരിച്ചു. തിരുനാവായ പഞ്ചായത്തിലെ 2000 ഗാർഹിക കണക്ഷനുകൾ നൽകുന്നതിനായുള്ള 300 ലക്ഷം രൂപയുടെ ഒന്നാം ഘട്ട പ്രവൃത്തി പൂർത്തീകരിച്ചു. ആതവനാട് പഞ്ചായത്തിലെ 4595 ഗാർഹിക കണക്ഷനുകൾ നൽകുന്നതിനായുള്ള 2100 ലക്ഷം രൂപയുടെ രണ്ടാം ഘട്ട പ്രവൃത്തി ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. തിരുനാവായ പഞ്ചായത്തിലെ രണ്ട് സോണുകളിലായി 6237 ഗാർഹിക കണക്ഷനുകൾ നൽകുന്നതിനായി 2926 ലക്ഷം രൂപയുടെ രണ്ടാംഘട്ട പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ബാക്കിവരുന്ന ആതവനാട് പഞ്ചായത്തിലെ 1902 ഗാർഹിക കണക്ഷനുകളും തിരുനാവായ പഞ്ചായത്തിലെ 2856 ഗാർഹിക കണക്ഷനുകളും നൽകുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ട്. ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2024-ഓടുകൂടി എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ നൽകുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി വളവന്നൂർ, കൽപ്പകഞ്ചേരി എന്നീ പഞ്ചായത്തുകളിൽ കുടിവെള്ള വിതരണ ശൃംഖല ദീർഘിപ്പിച്ച് എല്ലാ ഗ്രാമീണ ഭവനങ്ങളിലും ഗാർഹിക കണക്ഷനുകൾ നൽകി കുടിവെള്ളം ലഭ്യമാക്കുന്ന പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കുമോ?

വളവന്നൂർ പഞ്ചായത്തിൽ 7466 (ഭരണാനുമതി- 1043 ലക്ഷം രൂപ) ഗാർഹിക കണക്ഷനും കൽപ്പകഞ്ചേരി പഞ്ചായത്തിൽ (ഭരണാനുമതി- 1053.99

ലക്ഷം രൂപ) 7568 ഗാർഹിക കണക്ഷനും നൽകുന്നതിനുള്ള പ്രവൃത്തികളുടെ ഭാഗമായി രണ്ട് പഞ്ചായത്തുകളിലും 15 കി. മീ. പൈപ്പ്ലൈൻ വീതം സ്ഥാപിച്ചു. വളവന്നൂർ പഞ്ചായത്തിൽ 2231-ഉം കൽപ്പകഞ്ചേരി പഞ്ചായത്തിൽ 1637-ഉം ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ട്. നിലവിലുള്ളതും പുതുതായി സ്ഥാപിച്ചതുമായ പൈപ്പ്ലൈനുകളിൽ നിന്നുമായി നൽകാൻ കഴിയുന്ന കണക്ഷനുകൾ (വളവന്നൂർ പഞ്ചായത്ത്- 4200, കൽപ്പകഞ്ചേരി പഞ്ചായത്ത്- 4000) 2021 ഡിസംബർ മാസത്തോടെ പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു. പൂർണ്ണമായും കണക്ഷനുകൾ നൽകുന്നതിന് അധികമായി വളവന്നൂർ പഞ്ചായത്തിൽ 30 കി.മീ.-ഉം കൽപ്പകഞ്ചേരി പഞ്ചായത്തിൽ 45 കി.മീ.-ഉം പൈപ്പ്ലൈൻകൂടി സ്ഥാപിക്കാനുള്ള എസ്റ്റിമേറ്റും പ്രോജക്ട് റിപ്പോർട്ടും തയ്യാറായിവരുന്നു.

(ഡി) കെ.ആർ.ഡബ്ല്യൂ.എസ്.എ. മുഖേന വെട്ടം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി ഏത് ഘട്ടത്തിലാണ്; പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കാനാകുമെന്നറിയിക്കുമോ?

വെട്ടം ഗ്രാമപഞ്ചായത്തിൽ കുടിവെള്ള പദ്ധതിയുടെ പ്രവൃത്തികൾ കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതി മുഖേന നടപ്പിലാക്കുന്ന സുസ്ഥിരത വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. ടി പദ്ധതികൾ 2022 മാർച്ച് 31-നുള്ളിൽ പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു

(ഇ) ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി വെട്ടം, തലക്കാട്, മംഗലം, പുറത്തൂർ, തൃപ്രങ്ങോട് എന്നീ പഞ്ചായത്തുകളിലെ എല്ലാ വീടുകളിലും കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള സമഗ്രപദ്ധതിക്ക് അംഗീകാരം ലഭ്യമാക്കുന്ന നടപടി ഏത് ഘട്ടത്തിലാണ്; പ്രസ്തുത പദ്ധതിക്ക് ഉടനെ അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്നറിയിക്കുമോ?

ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി വെട്ടം, തലക്കാട്, മംഗലം, പുറത്തൂർ, തൃപ്രങ്ങോട് എന്നീ പഞ്ചായത്തുകളിലെ എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള സമഗ്ര പദ്ധതിക്ക് 34,460 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

### ന്യൂ മാഹി കുടിവെള്ള പദ്ധതി

212(2875) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി മണ്ഡലത്തിൽ 2020-21 വർഷത്തിൽ അനുവദിച്ച ന്യൂ മാഹി കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് ഇതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

2020-21 സാമ്പത്തിക വർഷം 12-2-2020-ലെ സ. ഉ. (സാധാ). 1185/2020/ധനപ്രകാരം ന്യൂ മാഹി ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതിക്കായി 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടായിരുന്നു. എന്നാൽ ഈ തുക അപര്യാപ്തമായതിനാൽ പദ്ധതി നടപ്പിലാക്കുവാൻ സാധിച്ചില്ല. ഈ പദ്ധതിക്കുപകരം ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ന്യൂ മാഹി പഞ്ചായത്തിലെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും കുടിവെള്ളം ലഭ്യമാക്കുന്നതിനായി 2534 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

### പാറശ്ശാല മണ്ഡലത്തിലെ ജൽജീവൻ മിഷൻ

213(2876) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി പാറശ്ശാല മണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലായി എത്ര ഗാർഹിക കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ടെന്നും ആയതിലേയ്ക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) പാറശ്ശാല മണ്ഡലത്തിലെ ജൽജീവൻ പദ്ധതിയുടെ പുരോഗതി പഞ്ചായത്ത് അടിസ്ഥാനത്തിൽ അറിയിക്കാമോ; പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്നുള്ള വിവരം ലഭ്യമാക്കാമോ?

(എ&ബി) പാറശ്ശാല നിയോജകമണ്ഡലത്തിൽ ജൽജീവൻ മിഷൻ പദ്ധതിയുടെ പഞ്ചായത്തടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പാറശ്ശാല മണ്ഡലത്തിൽ വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കിയിട്ടുള്ളതും അനുമതി ലഭിച്ചിട്ടുള്ളതുമായ പദ്ധതികളുടെ പ്രവർത്തന പുരോഗതി, ചെലവഴിച്ച തുക, തൽസ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ചങ്ങനാശ്ശേരി മണ്ഡലത്തിലെ ജലജീവൻ മിഷൻ

214(2877) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചങ്ങനാശ്ശേരി മണ്ഡലത്തിൽ ജലജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുള്ള ഗാർഹിക കണക്ഷനുകളുടെ എണ്ണം അറിയിക്കാമോ; വിശദാംശം ലഭ്യമാക്കുമോ?

ചങ്ങനാശ്ശേരി മണ്ഡലത്തിൽ ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി നൽകുവാൻ ലക്ഷ്യമിട്ടിട്ടുള്ള കുടിവെള്ള കണക്ഷനുകളുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

## അമൃത് പദ്ധതി

215(2878) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്ര സർക്കാരിന്റെ അമൃത് പദ്ധതിയിൽനിന്നുള്ള തുക ഉപയോഗിച്ച് കേരള ജല അതോറിറ്റി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും ഈ പദ്ധതികളുടെ നിലവിലെ അവസ്ഥയെന്തെന്നും വ്യക്തമാക്കാമോ; സംസ്ഥാനത്ത് എവിടെയെല്ലാമാണ് ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

കേന്ദ്ര സർക്കാരിന്റെ അമൃത് പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്ത് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ 9 നഗരങ്ങളിൽ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനായി കേരള ജല അതോറിറ്റിക്ക് ഭരണാനുമതി ലഭിച്ച 1127.20 കോടി രൂപയിലുൾപ്പെട്ട 173 കുടിവെള്ള വിതരണ പ്രവൃത്തികളിൽ, 441.97 കോടി രൂപയുടെ 124 പ്രവൃത്തികൾ പൂർത്തീകരിച്ചു. കൂടാതെ തിരുവനന്തപുരം, കൊല്ലം, കൊച്ചി എന്നീ നഗരങ്ങളിലെ സ്വീവറേജ് പ്രവൃത്തികൾക്കായി 318.42 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച 116 പ്രവൃത്തികളിൽ 24.35 കോടി രൂപയുടെ 84 പ്രവൃത്തികൾ പൂർത്തീകരിച്ചു. അമൃത് പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ആലത്തൂർ മണ്ഡലത്തിലെ ജലജീവൻ മിഷൻ

216(2879) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ ജലജീവൻ മിഷൻ പദ്ധതികളുടെ വിശദാംശം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ജലജീവൻ മിഷൻ പദ്ധതികളുടെ നിലവിലെ സ്ഥിതി പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

(എ&ബി) ആലത്തൂർ മണ്ഡലത്തിലെ ജലജീവൻ മിഷൻ പദ്ധതികളുടെ വിശദാംശം പഞ്ചായത്ത് തിരിച്ച് അനുബന്ധമായി* ചേർക്കുന്നു.

## കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണം

217(2880) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വാട്ടർ അതോറിറ്റിയിൽ പ്രത്യേക പ്രോജക്ട് ഡിവിഷനുകൾ രൂപീകരിച്ചിട്ടുണ്ട്. നിശ്ചിത ഇടവേളകളിൽ പ്രോജക്ടിന്റെ പൂർത്തീകരണത്തെ സംബന്ധിച്ചുള്ള കൃത്യമായ അവലോകനങ്ങളും മറ്റ് വകുപ്പുകളിൽനിന്നും അനുമതികൾ ലഭിക്കുന്നതിന് തടസ്സങ്ങളുണ്ടെങ്കിൽ, ആയത് നീക്കി അനുമതി ലഭ്യമാക്കുന്നതിനാവശ്യമായ അടിയന്തര നടപടികളും കൈക്കൊള്ളുന്നുണ്ട്. പദ്ധതി പുരോഗതിയെ പ്രതികൂലമായി ബാധിക്കുന്ന പ്രധാന ഘടകം റോഡ് മുറിക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിനായി നേരിടുന്ന കാലതാമസമാണ്. ജില്ലാതലത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തിനുവേണ്ടി കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ജില്ലാവികസന കൗൺസിലിന്റെയും ഏകോപന പ്രവർത്തനങ്ങളിലൂടെ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് ജല അതോറിറ്റിയിൽ പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റുകൾ ജില്ലാ തലത്തിലും കേന്ദ്ര കാര്യാലയത്തിലും രൂപീകരിച്ചിട്ടുണ്ട്. ആരംഭിച്ച പദ്ധതികൾ ഷെഡ്യൂൾ പ്രകാരം പൂർത്തീകരിക്കാൻ കോൺട്രാക്ടർമാർക്ക്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കർശന നിർദ്ദേശം നൽകിവരുന്നു. പദ്ധതികളുടെ നിർവ്വഹണ പുരോഗതി നിരീക്ഷിക്കുന്നതിനും സംസ്ഥാനതലത്തിൽ മേൽനോട്ടം വഹിക്കുന്നതിനുമായി കേരള വാട്ടർ അതോറിറ്റി വികസിപ്പിച്ചിട്ടുള്ള സോഫ്റ്റ്‌വെയർ ആണ് PASK (Project - Status Alert System of Kerala Water Authority). പദ്ധതി നിർവ്വഹണത്തിന് വിഘാതമായി നിലകൊള്ളുന്ന തടസ്സങ്ങൾ സമയബന്ധിതമായി പരിഹരിക്കാൻ പ്രസ്തുത ആപ്ലിക്കേഷൻ വഴി സാധ്യമാകുന്നു. കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസി മുഖാന്തരം നടപ്പിലാക്കുന്ന 'ജലനിധി പദ്ധതി', സാമൂഹ്യ ഉടമസ്ഥതയിലുള്ള കുടിവെള്ള പദ്ധതികളുടെ സുസ്ഥിരത ഉറപ്പുവരുത്തുന്നതിനുവേണ്ടിയുള്ള 'സുസ്ഥിരത പദ്ധതി' , 'ജല ജീവൻ' മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 37,296 പ്രവർത്തനക്ഷമമായ ഗാർഹിക കുടിവെള്ള കണക്ഷനുകൾ (FHTCs) നൽകുന്നതിനുള്ള പ്രവൃത്തി തുടങ്ങിയവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി പദ്ധതികളുടെ പുരോഗതി യഥാസമയം റീജിയണൽ/സംസ്ഥാന തലങ്ങളിൽ അവലോകനം ചെയ്ത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇത്തരം പദ്ധതികൾ അനന്തമായി നീണ്ടുപോകുന്നതിനാൽ അടങ്കൽ തുക ക്രമാതീതമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കുടിവെള്ള പദ്ധതികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചതിനുശേഷം കാലതാമസം കൂടാതെ ടെണ്ടർ നടപടികൾ ആരംഭിക്കുകയും തുടർന്ന് പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്യുന്നു. പദ്ധതികൾക്കായി സ്ഥലം ലഭ്യമാകുന്നതിൽവരുന്ന കാലതാമസം, ടാർ കട്ടിംഗിനായി പൊതുമരാമത്ത് വകുപ്പ്/നാഷണൽ ഹൈവേ അതോറിറ്റി തുടങ്ങിയവയുടെ അനുമതി കിട്ടാനുള്ള താമസം, മഴക്കാലവും മറ്റ് പ്രതികൂല കാലാവസ്ഥയുംമൂലം റോഡ് മുറിക്കുന്നതിനുള്ള അനുമതിക്ക് നിരോധനം ഏർപ്പെടുത്തുന്നത്, വരൾച്ച എന്നീ ഘടകങ്ങൾ വിവിധ പ്രവൃത്തികളുടെ സ്വാഭാവികമായ പുരോഗതിക്ക് വിഘാതം സൃഷ്ടിക്കാറുണ്ട്. ഇത്തരത്തിൽ കാലതാമസമുണ്ടാകുന്ന സന്ദർഭങ്ങളിൽ എസ്റ്റിമേറ്റ് പുതുക്കേണ്ട സാഹചര്യം ഉണ്ടാകാറുണ്ട്. മറ്റ് വകുപ്പുകളുടെ സഹകരണം ഉറപ്പാക്കിക്കൊണ്ട് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ജപ്പാൻ കുടിവെള്ള പദ്ധതി, എൽ.ഐ.സി. കുടിവെള്ള പദ്ധതി എന്നീ മാതൃകയിൽ കൂടുതൽ പദ്ധതികൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ 24*7 ജലവിതരണ സംവിധാനം ഏർപ്പെടുത്തുവാൻ ലക്ഷ്യമിട്ട് വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണ് ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് (ADB) സഹായത്തോടുകൂടിയ കേരള അർബൻ വാട്ടർ സപ്ലൈ ഇംപ്രൂവ്മെന്റ് പ്രോജക്ട് (KUWSIP). 7-2-2020-ലെ സ.ഉ (കൈ) നം. 13/2020/ജ.വി.വ പ്രകാരം പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി 2511 കോടി രൂപയുടെ ഭരണാനുമതി നൽകി (സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു). നിലവിൽ ടി പദ്ധതിക്കായി ADB-യുമായി കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## തിരൂരങ്ങാടി വാട്ടർ സപ്ലൈ സ്കീം

218(2881) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ ഡബ്ല്യൂ.എസ്.എസ്. പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിലേയ്ക്ക് വാട്ടർ അതോറിറ്റി അടയ്ക്കേണ്ട റോഡ് പുനരുദ്ധാരണ തുക അടിയന്തരമായി അടയ്ക്കുന്നതിന് ജലവിഭവ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 10-8-2021-ൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിരുന്നോ; വ്യക്തമാക്കാമോ?

യോഗത്തിൽ തീരുമാനിച്ചിരുന്നു. തിരൂരങ്ങാടി മണ്ഡലത്തിലെ ഡബ്ല്യൂ.എസ്.എസ്. പദ്ധതിയുടെ ഭാഗമായി പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിലേയ്ക്ക് വാട്ടർ അതോറിറ്റി അടയ്ക്കേണ്ട റോഡ് പുനരുദ്ധാരണ തുക അടിയന്തരമായി അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത തീരുമാനം നടപ്പിലാക്കിയോ; യോഗ തീരുമാനപ്രകാരം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

റോഡ് കട്ടിംഗിനുള്ള അനുമതിക്കായി പുതിയ അപേക്ഷ ആർ.ഒ.ഡബ്ല്യൂ. പ്രകാരം 23-9-2021-ന് പി.ഡബ്ല്യൂ.ഡി.-ക്ക് സമർപ്പിക്കുകയും 8-10-2021-ന് സംയുക്ത പരിശോധന നടത്തുകയും ചെയ്തു. റോഡ് കട്ടിംഗ് ഉൾപ്പെടെ ഇതുവരെ ഏറ്റെടുത്ത എല്ലാ പ്രവൃത്തികളും സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി ക്രമീകരിക്കുന്നതിനും ബാക്കി തിരൂരങ്ങാടി മുനിസിപ്പാലിറ്റിയിൽ വരുന്ന പ്രദേശങ്ങൾ അർബൻ ജൽ ജീവൻ മിഷനിൽ ഉൾപ്പെടുത്തുവാനും തീരുമാനിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പേരാമ്പ്ര മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

219(2882) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ കീഴിൽ എത്ര കോടി രൂപയുടെ ഏതൊക്കെ കുടിവെള്ള പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതികളുടെ പുരോഗതി പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(സി) പദ്ധതികൾ എപ്പോൾ പൂർത്തിയാകുമെന്നറിയിക്കാമോ?

(എ-സി) പേരാമ്പ്ര മണ്ഡലത്തിന് കീഴിലുള്ള 3 ഗ്രാമപഞ്ചായത്തുകളിലായി സുസ്ഥിരതാ പദ്ധതികളിലൂടെ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദ വിവരങ്ങളും പദ്ധതി പുരോഗതിയും അനുബന്ധമായി* ചേർത്തിരിക്കുന്നു. ടി പദ്ധതി 2022 മാർച്ച് മാസത്തോടെ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. പേരാമ്പ്ര മണ്ഡലത്തിൽ ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി കീഴരിയൂർ, മേപ്പയൂർ, തുറയൂർ, അരികുളം, ചക്കിട്ടപാറ, പേരാമ്പ്ര, ചങ്ങരോത്ത്, കൂത്താളി, നൊച്ചാട് എന്നീ പഞ്ചായത്തുകളിലായി ആകെ 437.306 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ കിഫ്ബി സഹായത്തോടെ പേരാമ്പ്ര, ചക്കിട്ടപാറ, ചങ്ങരോത്ത്, കൂത്താളി ശുദ്ധജല പദ്ധതിയുടെ നവീകരണത്തിനായി 18.23 കോടി രൂപയുടെ പ്രവൃത്തിയും നടന്നുവരുന്നു. ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*. ജലജീവൻ മിഷൻ പദ്ധതി 2024 മാർച്ച് മാസത്തോടെ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. കിഫ്ബി സഹായത്തോടെയുള്ള പേരാമ്പ്ര, ചക്കിട്ടപാറ, ചങ്ങരോത്ത്, കൂത്താളി ശുദ്ധജല പദ്ധതിയുടെ നവീകരണ പ്രവൃത്തി 1% പൂർത്തിയായിട്ടുണ്ട്. ഇത് 2021 ഡിസംബറോടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

(ഡി) പ്രസ്തുത മണ്ഡലത്തിൽ ആരംഭിക്കുന്ന കുടിവെള്ള ബോട്ടിലിംഗ് പ്ലാന്റിന്റെ വിശദാംശം ലഭ്യമാക്കുമോ?

കോഴിക്കോട് ജില്ലയിൽ പെരുവണ്ണാമൂഴി റിസർവോയറിന് സമീപം ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പ്രദേശത്ത് ഒരു കുപ്പിവെള്ള നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനായി സർക്കാർ 3.55 ഏക്കർ ഭൂമി കേരള ഇറിഗേഷൻ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷന് കൈമാറുവാൻ ഉത്തരവ് നൽകിയിട്ടുണ്ട്. 15-9-2021-ൽ ചേർന്ന കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷന്റെ ബോർഡ് മീറ്റിംഗിൽ പ്ലാന്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുകയും വിശദമായ പദ്ധതി രേഖ തയ്യാറാക്കി സമർപ്പിക്കുന്നതിന് കെ.ഐ.ഐ.ഡി.സി.-ക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

**തിരൂരങ്ങാടി നന്നമ്പ്ര പഞ്ചായത്തിലെ ജൽജീവൻ പദ്ധതി**

220(2883) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്തിൽ ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിക്ക് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

തിരൂരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്തിൽ ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിക്ക് 6218 ലക്ഷം രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിനായുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതിയുടെ ഉൽപ്പാദന ഘടകങ്ങൾ മാത്രം ഉൾപ്പെടുത്തിയ 2929 ലക്ഷം രൂപയുടെ പ്രവൃത്തി നബാർഡ് കുടിവെള്ള സ്കീമിലുൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു.

(ബി) ഈ പ്രവൃത്തിയുടെ നിർമ്മാണം എപ്പോൾ ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

കുടിവെള്ള പദ്ധതിയുടെ നിർമ്മാണം അടിയന്തരമായി നടപ്പിലാക്കുവാനുതകുന്ന തരത്തിലുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**നെന്മാറ മണ്ഡലത്തിലെ എലവഞ്ചേരി, പല്ലശ്ശന കുടിവെള്ള പദ്ധതികൾ**

221(2884) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ എലവഞ്ചേരി, പല്ലശ്ശന കുടിവെള്ള പദ്ധതികളുടെ പ്രവർത്തനങ്ങൾ ഏത് ഘട്ടംവരെയായെന്ന് വിശദമാക്കുമോ?

പോത്തുണ്ടി ഡാം സ്രോതസ്സായ ഈ പദ്ധതികളുടെ ഘടകങ്ങൾ നെന്മാറ പഞ്ചായത്തിലെ പോത്തുണ്ടിയിൽ 26 ദശലക്ഷം ലിറ്റർ ജല ശുദ്ധീകരണ ശാല, 600 ഡി.ഐ.കെ., 9-280 മീറ്റർ റോ വാട്ടർ പമ്പിംഗ് മെയിൻ, 43 എച്ച്. പി. റോ വാട്ടർ പമ്പ് സെറ്റുകൾ -2 എണ്ണം, 630 കെ.വി.എ. ട്രാൻസ്ഫോർമർ എന്നിവയാണ്. പദ്ധതി 52% പൂർത്തീകരിച്ചു. ഈ പദ്ധതിയുടെ രണ്ടാം ഘട്ടമായി ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 24-12-2020-ന് എലവഞ്ചേരി പഞ്ചായത്തിൽ 2017 ഗാർഹിക കണക്ഷനുകൾ നൽകുന്നതിനായി 3900 ലക്ഷം രൂപയുടെയും പല്ലശ്ശന പഞ്ചായത്തിൽ 6058 ഗാർഹിക കണക്ഷനുകൾ നൽകുന്നതിനായി 5800 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകി. ഈ പദ്ധതിയുടെ ഘടകങ്ങൾ എലവഞ്ചേരി വെങ്കായപ്പാറയിൽ 10 ലക്ഷം ലിറ്റർ ഉന്നതതല സംഭരണി, പല്ലശ്ശന കാരോട്ടുമലയിൽ 33 ലക്ഷം ലിറ്റർ ഉന്നതതല സംഭരണി, 700 മി. മീ. ഡി. ഐ. കെ., 9 കോമൺ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ - 9650 മീറ്റർ, എലവഞ്ചേരിക്കായി 250 മി. മീ. ഡി. ഐ. കെ., 9 കോമൺ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ-2800 മീറ്റർ, പല്ലശ്ശനയ്ക്കായി 600 മി.മീ.ഡി.ഐ. കെ., 9 കോമൺ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ - 4400 മീറ്റർ, 217 എച്ച്.പി കോമൺ ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ - 3 എണ്ണം, എലവഞ്ചേരിയിൽ 500 മി.മീ. ഡി. ഐ. കെ., 9 മുതൽ 90 മി.മീ.പി.വി.സി. വരെയുള്ള 94.698 കി. മീ. വിതരണ ശൃംഖല, പല്ലശ്ശനയിൽ 500 മി.മീ.ഡി.ഐ. കെ., 9 മുതൽ 90 മി. മീ.പി.വി.സി. വരെയുള്ള 121.303 കി.മീ വിതരണ ശൃംഖല എന്നിവയാണ്.

(ബി) ഈ പദ്ധതികളുമായി ബന്ധപ്പെട്ട് നാളിതുവരെ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

I. <u>കിഫ്ബി പദ്ധതിയുടെ വിശദാംശങ്ങൾ</u>

1. 2 ക്ലാരിഫയറുകളുടെ പ്ലാസ്റ്ററിംഗ് വർക്കുകൾ പൂർത്തീകരിച്ചു.
2. ഫിൽറ്റർ ബെഡ്ഡുകളുടെ വാക്‌വേയ്ക്ക് മുകളിലുള്ള കോളം പ്രവൃത്തികളുടെ കോൺക്രീറ്റ് പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.
3. ക്ലോറിൻ റൂമിന്റെ കോർബെൽ ബീം പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.
4. കെമിക്കൽ ഹൗസിന്റെ ഫൗണ്ടേഷൻ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.
5. പമ്പ് ഹൗസിന്റെ ബ്രിക്സ് വർക്സ് പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. കൂടാതെ റോ വാട്ടർ പമ്പിംഗ് മെയിനിനുള്ള 600 എം.എം.ഡി.ഐ. പൈപ്പിനുള്ള സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി 31-12-2021-ഓടെ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

II. ജൽജീവൻ മിഷൻ പദ്ധതിയുടെ വിശദാംശങ്ങൾ

1. നിലവിൽ 85 കി. മീ. നീളത്തിൽ പൈപ്പ് ലൈൻ സ്ഥാപിച്ചു.

2. 10 ലക്ഷം ലിറ്റർ ഉന്നതതല സംഭരണിയുടെ പി.വി.സി. വർക്കുകൾ പുരോഗമിക്കുന്നു.

**സ്നേഹതീർത്ഥം പദ്ധതി**

222(2885) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്നേഹതീർത്ഥം പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാം; പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) പദ്ധതി പ്രകാരം വാട്ടർ കണക്ഷൻ ലഭിക്കുന്നതിനായി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകളുടെ വിശദാംശങ്ങൾ നൽകുമോ; പ്രസ്തുത പദ്ധതിക്കായി സമർപ്പിക്കേണ്ട അപേക്ഷയുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിലൂടെ എത്ര കണക്ഷനുകൾ നൽകുന്നതിനാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ-സി) നിർദ്ധന കുടുംബത്തിലെ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സൗജന്യമായി കുടിവെള്ളം നൽകുന്ന പദ്ധതിയാണ് 'സ്നേഹതീർത്ഥം'. ധനാഭ്യർത്ഥന ചർച്ചയുടെ ഭാഗമായി നിയമസഭയിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതിയാണിത്. നിലവിൽ ഇതിനായി പ്രത്യേക ഫണ്ട് വകയിരുത്തിയിട്ടില്ല. കേരള വാട്ടർ അതോറിറ്റിയിലെ എഞ്ചിനീയർമാരുടെ സംഘടനയായ എഫ്ക്വയും റോട്ടറി ക്ലബ്ബുമാണ് പദ്ധതി നടത്തിപ്പ് ഏറ്റെടുത്തിരിക്കുന്നത്. ഭിന്നശേഷിക്കാരായ കുട്ടികളുള്ളതും എന്നാൽ കുടിവെള്ള കണക്ഷനെടുക്കുവാൻ സാമ്പത്തിക ശേഷിയില്ലാത്തതുമായ കുടുംബമാകണമെന്നതാണ് ഈ പദ്ധതി വഴി കണക്ഷൻ എടുക്കുന്നതിനുള്ള മാനദണ്ഡം. പ്രസ്തുത മാനദണ്ഡം തെളിയിക്കുന്ന രേഖകളുടെ അടിസ്ഥാനത്തിലാണ് കണക്ഷനുകൾ നൽകുന്നത്. സംസ്ഥാനത്തെ ഭിന്നശേഷിക്കാരായ കുട്ടികളുള്ള എല്ലാ നിർദ്ധന കുടുംബത്തിനും ഈ പദ്ധതി വഴി കണക്ഷൻ നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്.

**ആനക്കയം പഞ്ചായത്തിലെ കുടിവെള്ള പദ്ധതികൾ**

223(2886) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആനക്കയം പഞ്ചായത്തിലെ കുടിവെള്ള പദ്ധതികളുടെ വിശദാംശം നൽകുമോ?

ആനക്കയം പഞ്ചായത്തിൽ ആനക്കയം അർബൻ കുടിവെള്ള പദ്ധതി (8 എം.എൽ.ഡി. പ്ലാന്റ്) നിലവിലുണ്ട്. പ്രസ്തുത പദ്ധതിയിൽനിന്നും ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ആനക്കയം, പന്തല്ലൂർ വില്ലേജുകളിൽ പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതുമായ പ്രവൃത്തികളും നിലവിലുള്ള പദ്ധതിയുടെ പുനരുദ്ധാരണവും നടന്നുവരുന്നുണ്ട്. വീടുകളിലേയ്ക്ക് കണക്ഷൻ നൽകുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു.

(ബി) ജലജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി പൈപ്പ്ലൈൻ മാറ്റുന്ന നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്നും ഇതിനായി അനുവദിച്ച ഫണ്ട് എത്രയെന്നും പൈപ്പ്ലൈൻ മാറ്റി സ്ഥാപിക്കുന്ന ജോലികൾ ത്വരിതപ്പെടുത്തുമോയെന്നും വിശദമാക്കാമോ?

ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി ആനക്കയം പഞ്ചായത്തിനായി ഭരണാനുമതി നൽകിയ 2653 ലക്ഷം രൂപയുടെ പ്രവൃത്തിയിൽ ഇതുവരെ 5000 മീറ്റർ പൈപ്പ്ലൈൻ മാറ്റുകയും 1551 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി പുരോഗമിച്ചുവരുന്നു.

(സി) ആനക്കയം പഞ്ചായത്തിലെ ഇരുമ്പുഴി കരുമാഞ്ചേരി കുടിവെള്ള പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ ഫണ്ട് അനുവദിക്കുമോ; വ്യക്തമാക്കാമോ?

ആനക്കയം പഞ്ചായത്തിലെ ഇരുമ്പുഴി കരുമാഞ്ചേരിപ്പറമ്പ് ഉൾപ്പെട്ട പഞ്ചായത്തിലെ വാർഡ് 1, 2, 3, 17 മുതൽ 23 വരെയുള്ള പ്രദേശങ്ങളിൽ നിലവിലെ പദ്ധതിയിൽനിന്നും കുടിവെള്ള വിതരണം നടത്താൻ സാധിക്കില്ല. ആ പ്രദേശങ്ങളിലേയ്ക്ക് കുടിവെള്ളം എത്തിക്കുന്നതിനായി കടലുണ്ടിപ്പുഴയിൽ പുതിയ കിണറും ജലശുദ്ധീകരണശാലയും വിതരണ ശൃംഖലയും കൂടാതെ വിതരണശൃംഖല പൂർത്തീകരിക്കുവാൻ ബാക്കിയുള്ള മറ്റുമേഖലകളെയും ഉൾപ്പെടുത്തി പുതിയ പദ്ധതിക്കുവേണ്ട വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

**കൂത്തുപറമ്പ് മണ്ഡലത്തിലെ ജലജീവൻ മിഷൻ**

224(2887) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലജീവൻ മിഷൻ നടപ്പിലാക്കുന്ന കുടിവെള്ള വിതരണ പദ്ധതികളിൽ തനതു വരുമാനം കുറഞ്ഞ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്

പദ്ധതി വിഹിതം അടയ്ക്കാൻ സാധിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഹിതം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ജലജീവൻ മിഷൻ പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം പദ്ധതി ചെലവിന്റെ 15% തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്. ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾ യോജിച്ച് ഈ തുക കണ്ടെത്താവുന്നതാണ്. കൂടാതെ, ജലജീവൻ മിഷൻ പദ്ധതി നടപ്പിലാക്കാനായി പഞ്ചായത്തുവിഹിതവും ഗുണഭോക്തൃവിഹിതവും കണ്ടെത്തുവാൻ കഴിയാതെവരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എം.എൽ.എ.-മാരുടെ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽനിന്നും തുക അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ ജലജീവൻ മിഷൻ നടപ്പിലാക്കുന്ന കുടിവെള്ള വിതരണ പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ?

കൂത്തുപറമ്പ് മണ്ഡലത്തിൽ ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) പദ്ധതി വിഹിതം ഒഴിവാക്കുന്നതിനായി പ്രസ്തുത മണ്ഡലത്തിലെ കോട്ടയം ഗ്രാമപഞ്ചായത്ത് നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ?

കോട്ടയം പഞ്ചായത്തിൽ ജലജീവൻ മിഷൻ പദ്ധതിക്കായി 696 ലക്ഷം രൂപയുടെ അനുമതിയാണ് നൽകിയത്. ഇതുപ്രകാരം 104.4 ലക്ഷം രൂപ പഞ്ചായത്ത് വിഹിതമായി കോട്ടയം ഗ്രാമപഞ്ചായത്ത് കണ്ടെത്തേണ്ടതുണ്ട്. പ്രസ്തുത തുക കണ്ടെത്തുവാൻ ഗ്രാമപഞ്ചായത്തിന് കഴിയാത്ത സാഹചര്യം നിലവിലുണ്ടെങ്കിൽ എം.എൽ.എ.- യുടെ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽനിന്നും തുക കണ്ടെത്തുവാനുള്ള നടപടി സ്വീകരിക്കാവുന്നതാണെന്നുള്ള വിവരം പ്രസ്തുത ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്.

(ഡി) മണ്ഡലത്തിലെ ജലജീവൻ മിഷൻ പദ്ധതികൾ എപ്പോൾ പൂർത്തീകരിക്കുമെന്ന് വിശദമാക്കാമോ?

2024-ഓടുകൂടി പൂർത്തീകരിക്കത്തക്ക തരത്തിലാണ് പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ളത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## അമ്പലപ്പുഴ മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പദ്ധതികൾ

225(2888) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ 5 വർഷമായി ജലവിഭവ വകുപ്പ് നടപ്പാക്കിയ വിവിധ പദ്ധതികളുടെ വിശദാംശങ്ങളും ഇപ്പോഴത്തെ അവസ്ഥയും വിശദമാക്കാമോ?

അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ 5 വർഷമായി ജലവിഭവ വകുപ്പ് നടപ്പാക്കിയ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു. ജലസേചന വകുപ്പ് മെക്കാനിക്കൽ വിഭാഗവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

(1) തോട്ടപ്പള്ളി സ്പിൽവേയുടെ സുഗമമായ പ്രവർത്തനത്തിനായി 4,48,00,000 രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നതിൽ 3,77,85,000 രൂപയുടെ സാങ്കേതികാനുമതി മെക്കാനിക്കൽ പ്രവൃത്തികൾക്കാണ് അനുവദിച്ചിരുന്നത്.

(2) 2021 മേയ് മാസത്തിലുണ്ടായ ശക്തമായ വേലിയേറ്റ – ഇറക്ക വ്യതിയാനങ്ങളെത്തുടർന്ന് ഗ്രൂവിൽനിന്നും തെന്നിമാറിയ തോട്ടപ്പള്ളി സ്പിൽവേയുടെ ഏഴാം നമ്പർ ഷട്ടറും അനുബന്ധ സാമഗ്രികളും റിപ്പെയർ ചെയ്യുകയും യുദ്ധകാലാടിസ്ഥാനത്തിൽ പുനഃക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന് 1,37,000 രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്.

(3) തോട്ടപ്പള്ളി സ്പിൽവേയുടെ അടിയന്തര അറ്റകുറ്റപ്പണികൾക്ക് 25,00,000 രൂപയ്ക്ക് സാമ്പത്തികാനുമതി നൽകുകയും 21,89,819 രൂപയ്ക്ക് ടെണ്ടർ അംഗീകരിക്കുകയും കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്.

കെ.ഐ.ഐ.ഡി.സി മുഖാന്തരം കിഫ്ബി ഫണ്ടുപയോഗിച്ച് താഴെപ്പറയുന്ന പ്രവൃത്തികൾ നടന്നുവരുന്നു.

1. ആലപ്പുഴ ടൗൺ കനാലുകളിലെയും ഉപകനാലുകളായ കാവിത്തോട്, ഷഡാമണി തോടുകളിലെയും ചെളിയും പായലും നീക്കം ചെയ്ത് ആഴംകൂട്ടി ജലഗതാഗതം സുഗമമാക്കുന്നതിനായി 48 കോടി രൂപയുടെ പ്രവൃത്തികൾ നടന്നുവരുന്നു. 95% പ്രവൃത്തികൾ പൂർത്തീകരിച്ചു.

2. അമ്പലപ്പുഴ എ.ടി.എം. ജംഗ്ഷൻ മുതൽ കാക്കാഴം വരെയും വളഞ്ഞവഴി മുതൽ പുന്നപ്ര ഫിഷ് ലാൻഡിംഗ് സെന്റർ വരെയുള്ള 2.30 കിലോമീറ്റർ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കടൽത്തീരത്ത് 51.3 കോടി രൂപ അടങ്കൽ തുക വരുന്ന 30 പുലിമുട്ടുകളുടെയും 305 മീറ്റർ നീളത്തിലുള്ള കടൽ ഭിത്തിയുടെയും നിർമ്മാണം പുരോഗമിച്ചുവരുന്നു. 48% പ്രവൃത്തികൾ പൂർത്തീകരിച്ചു. ഐ.ഡി.ആർ.ബി മുഖാന്തരം അമ്പലപ്പുഴ നിയമസഭാ മണ്ഡലത്തിൽ എസ്.ഡി.ആർ.എഫ്. പദ്ധതിയിലുൾപ്പെടുത്തി തോട്ടപ്പള്ളി, കരുമാടി, തകഴി എന്നീ ഗേജിംഗ് സ്റ്റേഷനുകളിൽ വെള്ളത്തിന്റെ അളവ് രേഖപ്പെടുത്തുന്നതിനുവേണ്ടി സ്കെയിലും ബെഞ്ച്മാർക്കും സ്ഥാപിച്ചിട്ടുണ്ട്.

**ബാലുശ്ശേരി മണ്ഡലത്തിലെ ജൽജീവൻ മിഷൻ**

226(2889) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാവർക്കും കുടിവെള്ളം ലഭ്യമാക്കുന്നതിനായി സർക്കാർ നടപ്പിലാക്കിവരുന്ന ജൽജീവൻ മിഷൻ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2024-ഓടുകൂടി എല്ലാ ഗ്രാമീണ ഭവനങ്ങളിലും ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കി കുടിവെള്ള ലഭ്യത ഉറപ്പാക്കാൻ ലക്ഷ്യമിട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ജലജീവൻ മിഷൻ പദ്ധതി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 50:50 എന്ന അനുപാതത്തിലാണ് പദ്ധതിയുടെ ഫണ്ടിംഗ് വിഭാവനം ചെയ്തിട്ടുള്ളത്. സംസ്ഥാനത്ത് ആകെ 7068682 ഗ്രാമീണ വീടുകളാണ് നിലവിലുള്ളത്. ഇതിൽ 06-10-2021-ലെ കണക്കനുസരിച്ച് 2510010 വീടുകൾക്ക് ഇതിനകം ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയിൽ കേരള വാട്ടർ അതോറിറ്റിക്ക് പുറമെ ജലനിധി, ഭൂജല വകുപ്പ് എന്നിവയും നിർവ്വഹണ ഏജൻസികളാണ്. പദ്ധതി പുരോഗതി സംബന്ധിച്ച് പഞ്ചായത്ത് തിരിച്ചുള്ള തൽസ്ഥിതി വിവരങ്ങൾ കേരള വാട്ടർ അതോറിറ്റിയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചുവരുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം ബാലുശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളാണ് ആദ്യഘട്ടത്തിൽ പദ്ധതിയുടെ ഗുണഭോക്താക്കളാവുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ബാലുശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത മണ്ഡലത്തിൽ ജലജീവൻ പദ്ധതിയുടെ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ; വീടുകളിലേയ്ക്ക് കണക്ഷൻ നൽകുന്നതിനുള്ള സർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ ആരംഭിക്കുമെന്നറിയിക്കാമോ?

കോട്ടൂർ, നടുവണ്ണൂർ എന്നീ പഞ്ചായത്തുകളിലെ പ്രവൃത്തികളുടെ ദർഘാസ് കരാറുകാരന് അനുവദിച്ചെങ്കിലും കരാറുകാരൻ ഉടമ്പടിയിൽ ഏർപ്പെടാത്തതുകാരണം ദർഘാസ് റദ്ദ് ചെയ്തു. റീ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഒന്നാം ഘട്ടത്തിൽ ഭരണാനുമതി നൽകിയ മറ്റുപ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. രണ്ടാംഘട്ടത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ ദർഘാസ് നടപടികൾ പൈപ്പുകളുടെയും അനുബന്ധ സാമഗ്രികളുടെയും വില നിശ്ചയിക്കുന്ന മുറയ്ക്ക് സ്വീകരിക്കുന്നതാണ്.

**കൊണ്ടോട്ടി മണ്ഡലത്തിലെ ചീക്കോട് കുടിവെള്ള പദ്ധതി**

227(2890) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിൽ ചീക്കോട് കുടിവെള്ള പദ്ധതിയുടെ ഭാഗമായതും ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നതുമായ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും എത്ര രൂപയുടെ പദ്ധതികൾ വിഭാവനം ചെയ്തുവെന്നും പദ്ധതി പ്രവൃത്തികൾ നിലവിൽ ഏതുഘട്ടത്തിലാണെന്നുമുള്ള വിശദാംശങ്ങൾ പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് വിശദമാക്കുമോ?

(എ & ബി) 2020-21 സാമ്പത്തിക വർഷത്തിൽ സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ചീക്കോട് കുടിവെള്ള പദ്ധതിക്കായി വിതരണ ശൃംഖല സ്ഥാപിക്കുന്നതിനായി 40 കോടി രൂപയുടെ ഭരണാനുമതി നൽകി. പദ്ധതി 4 പാക്കേജുകളായിട്ടാണ് നടപ്പിലാക്കുന്നത്. അതിൽ ടോപോഗ്രാഫിക്കൽ സർവ്വേ പ്രവൃത്തി പൂർത്തീകരിച്ചു. ബാക്കിയുള്ള മൂന്ന് പാക്കേജുകളിലായി ആകെ 251.5 കിലോമീറ്റർ പൈപ്പ് സ്ഥാപിക്കുന്നതിൽ 69 കിലോമീറ്റർ പൂർത്തീകരിച്ചു. ബാക്കി പൈപ്പിടുന്ന പ്രവൃത്തി പുരോഗമിക്കുകയും ചെയ്യുന്നു. ജലജീവൻ മിഷന്റെ ഫണ്ടുപയോഗിച്ചുള്ള ഭരണാനുമതി തുകയും കുടിവെള്ള കണക്ഷനുകളുടെ എണ്ണവും (FHTC) താഴെപ്പറയുന്നു:

1. ചീക്കോട് - 1800 ലക്ഷം - FHTC - 5748 എണ്ണം - പ്രവൃത്തി ടെണ്ടർ ചെയ്ത് പ്രീ ക്വാളിഫിക്കേഷൻ ഘട്ടത്തിലാണ്.

2. ചെറുകാവ് - 1800 ലക്ഷം - FHTC - 5091 എണ്ണം - പ്രവൃത്തി പുരോഗമിച്ചുവരുന്നു.

3. മുതുവല്ലൂർ - 1800 ലക്ഷം - FHTC - 3380 എണ്ണം - ഒന്നാം ഘട്ടം പ്രവൃത്തി പുരോഗമിച്ചുവരുന്നു. രണ്ടാംഘട്ട പ്രവൃത്തിയുടെ ടെണ്ടർ പ്രീ ക്വാളിഫിക്കേഷൻ ഘട്ടത്തിലാണ്

4. പുളിക്കൽ - 1800 ലക്ഷം - FHTC - 6054 എണ്ണം - പ്രവൃത്തി പുരോഗമിച്ചുവരുന്നു.

5. വാഴക്കാട് - 1800 ലക്ഷം - FHTC - 6746 എണ്ണം - പ്രവൃത്തി പുരോഗമിച്ചുവരുന്നു.

6. വാഴയൂർ - 1800 ലക്ഷം - FHTC - 5746 എണ്ണം - പ്രവൃത്തി പുരോഗമിച്ചുവരുന്നു.

(സി) പ്രവൃത്തിയുടെ കരാർ തുകയുമായി ബന്ധപ്പെട്ട് പൈപ്പിന്റെ വില നിശ്ചയിക്കാത്തത് കാരണം ടെണ്ടർ നടപടി പൂർത്തിയാക്കാത്ത അവസ്ഥ നിലവിലുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതികളുടെ ടെണ്ടർ നടപടികളാണ് പൂർത്തീകരിക്കാനുള്ളത്; വ്യക്തമാക്കാമോ?

ഉണ്ട്.

1. ചീക്കോട് പഞ്ചായത്തിനായുള്ള ഗാർഹിക കുടിവെള്ള കണക്ഷൻ നൽകലും അനുബന്ധ പ്രവൃത്തികളും.

2. മുതുവല്ലൂർ പഞ്ചായത്തിനായുള്ള ഗാർഹിക കുടിവെള്ള കണക്ഷൻ നൽകലും അനുബന്ധ പ്രവൃത്തികളും.

(ഡി) പ്രസ്തുത നടപടി എപ്പോൾ പൂർത്തീകരിച്ച് പദ്ധതി യാഥാർത്ഥ്യമാക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ?

പൈപ്പ് സാമഗ്രികളുടെ നിരക്ക് പുതുക്കി നിശ്ചയിക്കുന്നത് പരിഗണനയിലാണ്. നിരക്ക് പുതുക്കുന്ന മുറയ്ക്ക് ടെണ്ടർ ചെയ്ത് തുടർപ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണ്.

**വടകര താലൂക്കിലെ കുന്നുമ്മൽ കുടിവെള്ള പദ്ധതി**

228(2891) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര താലൂക്കിലെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന കുന്നുമ്മൽ കുടിവെള്ള പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

കുന്നുമ്മൽ കുടിവെള്ള പദ്ധതിയുടെ കോവുക്കുന്നിലെ മാസ്റ്റർ ബാലൻസിംഗ് റിസർവോയറിൽനിന്ന് പുതിയ പദ്ധതിയുടെ ഭാഗമായി പെരുവാണിയിൽ നിർമ്മിക്കേണ്ട 9 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ടാങ്കിലേയ്ക്ക് ജലമെത്തിക്കുന്നതിനുള്ള 2300 മീറ്റർ ഗ്രാവിറ്റി മെയിനിന്റെ പ്രവൃത്തിയും മൊത്തം വിതരണ ശൃംഖലയുടെ ഭാഗമായി സ്ഥാപിക്കേണ്ട 77048 മീറ്റർ വിതരണ ശൃംഖലയിൽ 70620 മീറ്ററും പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി നിർമ്മിക്കേണ്ട ശുദ്ധജല സംഭരണിയുടെ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ, ഗ്രാവിറ്റി മെയിനിൽനിന്ന് വിതരണ കുഴലുകൾ ഇന്റർ ലിങ്ക് ചെയ്ത് മുന്നൂറോളം വീടുകളിൽ ശുദ്ധജല വിതരണം നടത്തിവരുന്നുണ്ട്. പദ്ധതിയുടെ ഭാഗമായി പെരുവാണിയിൽ നിർമ്മിക്കേണ്ട 9 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ടാങ്ക് സ്ഥാപിക്കുന്നതിനുള്ള സൈറ്റ് ക്ലിയറിംഗ് നടന്നുവരുന്നു.

(ബി) പദ്ധതി വഴി എത്ര കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കാൻ സാധിക്കുമെന്നും പദ്ധതി എന്ന് പൂർത്തിയാക്കുമെന്നും അറിയിക്കാമോ?

ഈ പദ്ധതികൊണ്ട് പഞ്ചായത്തിലെ 23346-ഓളം കുടുംബങ്ങൾക്ക് കുടിവെള്ളം ലഭിക്കുന്നതാണ്. 31-3-2022-ൽ പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) ഈ പദ്ധതിക്കായി എടുത്ത ട്രെഞ്ചുകൾ കാരണം തകരാറിലായ റോഡുകൾ പുനരുദ്ധരിക്കുന്നതിനായുള്ള നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

പദ്ധതിയുടെ ഭാഗമായി വിതരണ ശൃംഖല സ്ഥാപിക്കുമ്പോൾ എടുത്ത ട്രെഞ്ചുകൾ കാരണം തകരാറിലായ റോഡുകൾ പുനരുദ്ധരിക്കുന്നതിന് വേണ്ടിയുള്ള തുകകൾ റിസ്റ്റൊറേഷൻ നിർവ്വഹിക്കേണ്ട ഏജൻസികൾക്ക് കൈമാറിയിട്ടുണ്ട്.

**പാലാ മണ്ഡലത്തിലെ കുടിവെള്ള കണക്ഷനുകൾ**

229(2892) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അപേക്ഷിച്ച എല്ലാവർക്കും കുടിവെള്ള കണക്ഷൻ ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ സമയബന്ധിതമായി പൂർത്തീകരിച്ച് കുടിവെള്ളം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിയമാനുസരണവും ഫീസിബിൾ ആയതുമായ കുടിവെള്ള കണക്ഷനുള്ള അപേക്ഷകൾക്ക് നിശ്ചിത സമയത്തിനുള്ളിൽ കണക്ഷനുകൾ നൽകിവരുന്നു. ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി 2024 മാർച്ച് മാസത്തോടുകൂടി എല്ലാ ഗ്രാമീണ ഭവനങ്ങളിലും കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. നഗരപ്രദേശങ്ങളിലെ എല്ലാ ഭവനങ്ങളിലും കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള അർബൻ ജലജീവൻ പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്.

(ബി) പാലാ മണ്ഡലത്തിൽ അപേക്ഷിച്ച എല്ലാവർക്കും കുടിവെള്ള കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ തടസ്സം നീക്കി കുടിവെള്ളം ലഭ്യമാക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

ജല അതോറിറ്റിയുടെ കണക്ഷനുകൾക്ക് അപേക്ഷ സമർപ്പിക്കുന്നവർക്ക് വിതരണ ശൃംഖലകൾ സ്ഥാപിച്ചിട്ടുള്ള ഇടങ്ങളിൽ ഫീസിബിലിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാലതാമസം കൂടാതെ നിശ്ചിത സമയത്തിനുള്ളിൽ കണക്ഷനുകൾ നൽകുന്നുണ്ട്. അപേക്ഷിച്ച എല്ലാവർക്കും കുടിവെള്ള കണക്ഷൻ നൽകുന്നതിനായി പുതിയ പദ്ധതികളും നിലവിലെ പദ്ധതികളിലെ വിതരണ ശൃംഖല മെച്ചപ്പെടുത്തലും നടപ്പിലാക്കിവരുന്നു. ജലനിധി പദ്ധതികൾക്ക് കീഴിൽ പാലാ മണ്ഡലത്തിൽ നൽകുന്ന കണക്ഷനുകളുടെ വിശദവിവരം അനുബന്ധമായി* ചേർക്കുന്നു. മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്നതും നടപ്പിലാക്കാനുദ്ദേശിക്കുന്നതുമായ പദ്ധതികളുടെ പൂർത്തീകരണത്തോടെ ഈ മണ്ഡലത്തിലെ എല്ലായിടങ്ങളിലും ശുദ്ധജല ലഭ്യത ഉറപ്പാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ശുദ്ധജല ക്ഷാമം**

230(2893) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനുഭവപ്പെടുന്ന ശുദ്ധജല ക്ഷാമത്തിന്റെ രൂക്ഷത ജില്ല തിരിച്ച് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ശുദ്ധജലക്ഷാമം നേരിടുന്ന പ്രദേശങ്ങൾ, ശുദ്ധജല ക്ഷാമത്തിന്റെ രൂക്ഷത എന്നിവ സംബന്ധിച്ച ജില്ല തിരിച്ചുള്ള വിവരശേഖരണം കേരള വാട്ടർ അതോറിറ്റി നടത്തിവരുന്നു. നിലവിൽ ശുദ്ധജലക്ഷാമം നേരിടുന്ന പ്രദേശങ്ങൾ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം ജില്ല - കുടപ്പനക്കുന്ന്, ആറ്റിങ്ങൽ.

കൊല്ലം ജില്ല - ശൂരനാട് നോർത്ത്, നീണ്ടകര, കുലശേഖരപുരം, ആലപ്പാട്, പെരിനാട്, പനയം, തൃക്കരുവാ, കല്ലുവാതുക്കൽ, കിഴക്കേ കല്ലട, പൂയപ്പള്ളി, എഴുകോൺ, കരീപ്ര, നെടുവത്തൂർ, പവിത്രേശ്വരം, ഇളമ്പള്ളൂർ, കുളക്കട, മൈലം, ഉമയനല്ലൂർ, പത്തനാപുരം, പിറവന്തൂർ, പട്ടാഴി വടക്കേക്കര, വിളക്കുടി, ഇടമുളയ്ക്കൽ, ചിതറ, കുളത്തൂപ്പുഴ, കൊട്ടാരക്കര മുനിസിപ്പാലിറ്റി.

കോട്ടയം ജില്ല - പൂഞ്ഞാർ, തെക്കേക്കര, കടനാട്, രാമപുരം മേലുകാവ്, മൂന്നിലവ്, തലനാട്, തീക്കോയി, തിടനാട്, മീനച്ചിൽ, കൂട്ടിക്കൽ, മുണ്ടക്കയം പാറത്തോട്, കാഞ്ഞിരപ്പള്ളി, കുമരകം, തിരുവാർപ്പ്, ചെമ്പ്, ടി വി പുരം, മറവൻതുരുത്ത്, വെച്ചൂർ, വെള്ളൂർ.

പത്തനംതിട്ട ജില്ല - റാന്നി, കോന്നി തുടങ്ങിയ നിയോജകമണ്ഡലങ്ങളിലെ ഉയർന്ന പ്രദേശങ്ങൾ.

ആലപ്പുഴ ജില്ല - ജില്ലയുടെ 35% പ്രദേശങ്ങളിൽ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നുണ്ട്.

എറണാകുളം ജില്ല - ജില്ലയുടെ 45% പ്രദേശങ്ങളിൽ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. കൊച്ചി കോർപ്പറേഷൻ ഡിവിഷനുകളായ 5, 20, 22, 31, 42, 56, 57-ലും ചെല്ലാനം പഞ്ചായത്തിലെ 15, 16 വാർഡുകളിലും, ചേരാനല്ലൂർ പഞ്ചായത്തിലെ 1, 2, 6, 8, 13 എന്നീ വാർഡുകളിലും മുളവുകാട് പഞ്ചായത്തിലെ 2, 3, 4 എന്നീ വാർഡുകളിലും കടമക്കുടി പഞ്ചായത്തിലെ 8, 9 വാർഡുകളിലുംപെട്ട പ്രദേശങ്ങൾ, തീരദേശ പഞ്ചായത്തുകളായ ഞാറയ്ക്കൽ, എടവനക്കാട്, നായരമ്പലം, എളങ്കുന്നപ്പുഴ, കുഴപ്പിള്ളി എന്നീ പ്രദേശങ്ങളിലും മാമല (തിരുവാണിയൂർ), പഴന്തോട്ടം, കടമറ്റം (ഐക്കരനാട്), കരിമുകൾ (വടവുകോട്), അമ്പലമുകൾ എന്നിവിടങ്ങളിലും പ്രദേശങ്ങളിലും തൃക്കാക്കര മുനിസിപ്പാലിറ്റിയിലും വേനൽക്കാലത്ത് കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.

ഇടുക്കി ജില്ല - ജില്ലയിലെ 52 പഞ്ചായത്തുകളിൽ 37-ലും 2 മുനിസിപ്പാലിറ്റികളിൽ ഒന്നിലും ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നുണ്ട്.

തൃശ്ശൂർ ജില്ല - ജില്ലയുടെ 48% പ്രദേശങ്ങളിൽ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. പഞ്ചായത്തുകളായ ഒല്ലൂർ 30%, തൃക്കൂർ 30%, നെന്മണിക്കര 10%, അളഗപ്പനഗർ 20%, വരന്തരപ്പിള്ളി 10%, ആളൂർ 50%, മറ്റത്തൂർ 25%, കൊടകര 20%, പറപ്പൂക്കര 30%, കൊരട്ടി 50%, കാടുകുറ്റി 30%, പരിയാരം 30%, മേലൂർ 50%, കോടശ്ശേരി 10% പടിയൂർ പഞ്ചായത്തിലെ മുഴവൻഞ്ചേരിതുരുത്ത്, വൈക്കം, പണ്ടാര തറ, താന്ന്യം പഞ്ചായത്തിലെ ആഴിരാവുകാവ്, ചെന്നപള്ളി, പുലികോട്ടൂർ, ശിപായിമുക്ക്, അന്തിക്കാട് പഞ്ചായത്തിലെ കല്ലിട വഴി, കൊട്ടാര പറമ്പ്, ആൽകാവ്, കാരമാക്കാൻ, പുലാപ്പുഴ, മതിലകം പഞ്ചായത്തിലെ പടിഞ്ഞാറ് മേഖല, ശ്രീനാരായണപുരം പഞ്ചായത്തിലെ പടിഞ്ഞാറ് പ്രദേശം, പഞ്ചായത്തുകളായ പോർക്കുളം 30%, കട്ടകമ്പാൽ 20%, പുത്തൂർ 30%, ഒരുമനയൂർ 40%, കടപ്പുറം 40%, പാഞ്ഞാൽ 30% ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നുണ്ട്.

പാലക്കാട് ജില്ല - ജില്ലയുടെ കിഴക്കൻ മേഖലയായ അട്ടപ്പാടി മേഖലയിൽ (ഷോളയൂർ, പുതൂർ പഞ്ചായത്തുകൾ), മഴനിഴൽ പ്രദേശങ്ങളായ കൊഴിഞ്ഞാമ്പാറ, വടകരപ്പതി, എരുത്തേമ്പതി എന്നീ പഞ്ചായത്തുകൾ, മുതലമട പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങൾ, വാഴി, കിഴക്കഞ്ചേരി, വടക്കഞ്ചേരി എന്നീ പഞ്ചായത്തുകളിലെ ഉയർന്ന പ്രദേശങ്ങൾ.

മലപ്പുറം ജില്ല - വട്ടക്കുളം, നന്നംമുക്ക്, ആലംകോട്, ഇരിമ്പിളിയം, അരീക്കോട്, ഊർങ്ങാട്ടിരി, ആനക്കയം, മൂർക്കനാട്, പെരുവള്ളൂർ, വള്ളിക്കുന്ന് എന്നീ പഞ്ചായത്തുകൾ, കോട്ടക്കൽ, വളാഞ്ചേരി, മലപ്പുറം എന്നീ മുനിസിപ്പാലിറ്റികൾ.

കോഴിക്കോട് ജില്ല - വടകര, കൊയിലാണ്ടി, താമരശ്ശേരി താലൂക്കുകളിലെ ഉയർന്ന പ്രദേശങ്ങൾ.

വയനാട് ജില്ല - മുള്ളൻകൊല്ലി, പുൽപ്പള്ളി, തിരുനെല്ലി, നൂൽപ്പുഴ, നെന്മേനി, മൂപ്പൈനാട്, കോട്ടത്തറ, പൊഴുതന, മേപ്പാടി പ്രദേശങ്ങൾ.

കണ്ണൂർ ജില്ല - പയ്യന്നൂർ താലൂക്കിലെ കരിവെള്ളൂർ-പെരളം, കാങ്കോൽ - ആലപ്പടമ്പ്, പെരിങ്ങോം-വയക്കര, ചെറുപുഴ, എരമം കുറ്റൂർ എന്നീ പഞ്ചായത്തുകളിലെ ചില പ്രദേശങ്ങൾ, തളിപ്പറമ്പ് താലൂക്കിലെ ആലക്കോട്, ഉദയഗിരി, നടുവിൽ, ചെങ്ങളായി, പയ്യാവൂർ, എരുവേശ്ശി, പടിയൂർ, കല്യാട്, മയ്യിൽ, കുറ്റ്യാട്ടൂർ, കുടാളി എന്നീ പഞ്ചായത്തുകളിലെ ചില പ്രദേശങ്ങൾ, ഇരിട്ടി

താലൂക്കിലെ ഉളിക്കൽ പഞ്ചായത്തിലെ ചില പ്രദേശങ്ങൾ, കണ്ണൂർ കോർപ്പറേഷനിലെ വളപട്ടണം, അഴീക്കോട് തലശ്ശേരി താലൂക്കിലെ അയ്യൻകുന്ന്, പന്ന്യന്നൂർ, കേളകം, തൃപ്പങ്ങോട്ടൂർ, പേരാവൂർ എന്നീ പഞ്ചായത്തുകളിലെ ചില പ്രദേശങ്ങൾ.

കാസർഗോഡ് ജില്ല - മഞ്ചേശ്വരം, കാസർഗോഡ് താലൂക്കുകളിലെ ഉയർന്ന പ്രദേശങ്ങൾ, വെള്ളരിക്കുണ്ട് താലൂക്കിലെ കള്ളാർ, പനത്തടി, ബളാൽ, കിനാനൂർ, കരിന്തളം വില്ലേജുകൾ, ജില്ലയിലെ, തീരപ്രദേശങ്ങളിലെ ജലവിതരണ പദ്ധതികൾ ഇല്ലാത്ത പ്രദേശങ്ങൾ.

(ബി) ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് നടപ്പാക്കിക്കൊണ്ടിരിക്കുന്നതും നടപ്പിലാക്കാനുദ്ദേശിക്കുന്നതുമായ പദ്ധതികൾ ഏതൊക്കെയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

കേരള വാട്ടർ അതോറിറ്റി നിർവ്വഹണ ഏജൻസിയായ പദ്ധതികൾ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയായ ജലജീവൻ, ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന സ്റ്റേറ്റ് പ്ലാനിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന കുടിവെള്ള പദ്ധതികൾ, നബാർഡ് സഹായത്തോടെയുള്ള പദ്ധതികൾ, ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ ധനസഹായത്താൽ നടപ്പിലാക്കുന്ന ചെറുകിട കുടിവെള്ള പദ്ധതികൾ, കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ, എ.സി. പ്രിമോ ട്രാൻസ്മിഷൻ മെയിനുകൾ മാറ്റിസ്ഥാപിക്കുന്ന പദ്ധതി, കേന്ദ്ര സർക്കാരിന്റെ അമൃത് പദ്ധതി, സംസ്ഥാന സർക്കാരിന്റെ റീ-ബിൽഡ് കേരള (RKI)-യിലുൾപ്പെട്ട പദ്ധതികൾ തുടങ്ങിയവയുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു. കേരള ഗ്രാമീണ ശുദ്ധജലവിതരണ ശുചിത്വ ഏജൻസി നിർവ്വഹിക്കുന്ന പദ്ധതികൾ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി കേരള ഗ്രാമീണ ശുദ്ധജലവിതരണ ശുചിത്വ ഏജൻസി (കെ.ആർ.ഡബ്ല്യൂ.എസ്.എ.) മുഖേന ജലനിധി പദ്ധതി, സാമൂഹ്യ ഉടമസ്ഥതയിൽ ഗുണഭോക്താക്കൾ തന്നെ തുടർനടത്തിപ്പും പരിപാലനവും നടത്തുന്ന കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുംവേണ്ടി ആവിഷ്കരിച്ച സുസ്ഥിരത പദ്ധതി, സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ മുഴുവൻ കുടുംബങ്ങൾക്കും 2024-ഓടുകൂടി കുടിവെള്ളം ലഭ്യമാക്കുന്നതിനായി വിഭാവനം ചെയ്ത ജലജീവൻ മിഷൻ പദ്ധതി എന്നിവയാണ് നടപ്പിലാക്കുന്നത്.

പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭൂജല വകുപ്പ് നിർവ്വഹിക്കുന്ന കുടിവെള്ള പദ്ധതികൾ: ഭൂജല വകുപ്പ് നിർവ്വഹിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 3 ആയി* ചേർക്കുന്നു.

(സി) ഏറ്റവും കൂടുതൽ ശുദ്ധജലക്ഷാമം നേരിടുന്ന ജില്ലകൾ ഏതൊക്കെയാണെന്നും അതിനുള്ള കാരണവും വ്യക്തമാക്കാമോ?

കേരള വാട്ടർ അതോറിറ്റിയുടെ കണക്കുകൾ പ്രകാരം എറണാകുളം, തൃശ്ശൂർ, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ മറ്റുജില്ലകളെ അപേക്ഷിച്ച് തീവ്രമായ ശുദ്ധജലക്ഷാമം നേരിടുന്നു. വേണ്ടത്ര ജലവിതരണ പദ്ധതികൾ നിലവിലില്ലാത്തതും സ്രോതസ്സുകളിൽ മതിയായ ജലലഭ്യത ഇല്ലാത്തതുമാണ് ശുദ്ധജലക്ഷാമത്തിന് നിദാനമായ പ്രധാന ഘടകങ്ങൾ.

(ഡി) ജലവിഭവ വകുപ്പിന്റെ പദ്ധതികൾ മുഖേനയുള്ള ജലം ലഭ്യമാകാത്ത വീടുകളുണ്ടോയെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ജലവിഭവ വകുപ്പിന്റെ കുടിവെള്ള പദ്ധതികൾ മുഖേന ജലം ലഭ്യമാകാത്ത ഗ്രാമീണ വീടുകളുടെ ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി* ചേർക്കുന്നു.

(ഇ) എങ്കിൽ എന്തുകൊണ്ടാണ് ഇവർക്ക് വെള്ളം നൽകാൻ സാധിക്കാത്തതെന്നും പരിഹാര നടപടികൾ ആലോചനയിലുണ്ടോയെന്നും വ്യക്തമാക്കാമോ?

പര്യാപ്തമായ എണ്ണം ജലവിതരണ പദ്ധതികൾ നിലവിലില്ലാത്തതാണ് ഇതിന് കാരണം. ഗ്രാമീണ മേഖലയിലെ മുഴുവൻ വീടുകളിലും കുടിവെള്ള പൈപ്പ് കണക്ഷനുകൾ നൽകുന്നതിനായി ആവിഷ്കരിച്ച 'ജൽ ജീവൻ മിഷൻ' പദ്ധതി സംസ്ഥാനത്ത് പുരോഗമിക്കുന്നു. 'ജൽ ജീവൻ മിഷൻ' പദ്ധതി പൂർത്തിയാകുന്നതോടെ എല്ലാ ഗ്രാമീണ വീടുകളിലും കുടിവെള്ളം നൽകുവാൻ സാധിക്കുന്നതാണ്. നഗരപ്രദേശങ്ങളിൽ നിലവിലുള്ള പദ്ധതി വഴി പുതിയ കണക്ഷനുകൾ നൽകിവരുന്നു. കൂടാതെ 'ജൽ ജീവൻ അർബൻ' പദ്ധതി നടപ്പിലാകുന്നതോടെ നഗരപ്രദേശങ്ങളിലെ എല്ലാ വീടുകൾക്കും കുടിവെള്ളം എത്തിക്കുവാൻ സാധിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പുതുക്കാട് മണ്ഡലത്തിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പുകളുടെ നവീകരണം

231(2894) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ടുപയോഗിച്ച് നവീകരിക്കുന്നതിന് അനുമതി ലഭിച്ച വിവിധ റോഡുകളിലുള്ള വാട്ടർ അതോറിറ്റിയുടെ കേടുവന്നതും പഴയതുമായ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

കിഫ്ബി ഫണ്ടുപയോഗിച്ച് നവീകരിക്കുന്നതിന് അനുമതി നൽകിയ ഒല്ലൂർ - എടക്കുന്നി റോഡിലും, മുരിങ്ങൂർ - ഏഴാറ്റുമുഖം റോഡിലും പൈപ്പ് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു. കൊടകര - വെള്ളിക്കുളങ്ങര റോഡിലെ പൈപ്പ് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിക്കുള്ള അടങ്കൽ തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പുതുക്കാട് മണ്ഡലത്തിലെ നന്തിപുലം - വരന്തരപ്പിള്ളി, പുതുക്കാട് - മുപ്ലിയം, കല്ലൂർ - തൃശ്ശൂർ, ചങ്ങാലൂർ - മണ്ണംപേട്ട - മാവിൻചോട്, പൂച്ചിന്നിപ്പാടം - ചാത്തക്കുടം എന്നീ റോഡുകളിലെ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

പുതുക്കാട് മണ്ഡലത്തിലെ പുതുക്കാട്-മുപ്ലിയം റോഡിൽ പൈപ്പുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. നന്തിപുലം - വരന്തരപ്പിള്ളി, കല്ലൂർ - തൃശ്ശൂർ, ചങ്ങാലൂർ - മണ്ണംപേട്ട - മാവിൻചോട് എന്നീ റോഡുകളിൽ ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പൂച്ചിന്നിപ്പാടം - ചാത്തക്കുടം റോഡിലെ പഴയ പൈപ്പുകൾ പഞ്ചായത്തിന്റെ നിക്ഷേപ പ്രവൃത്തികളിൽപ്പെടുത്തി മാറ്റിസ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

## പൂമല ഡാമിന്റെ സംഭരണശേഷി

232(2895) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെയും 2019-ലെയും കാലവർഷക്കെടുതിയുടെ ഭാഗമായി ഒഴുകിവന്ന മണ്ണ് അടിഞ്ഞ് വടക്കാഞ്ചേരി മണ്ഡലത്തിലെ മുളങ്കുന്നത്തുകാവ് പഞ്ചായത്തിലെ പൂമല ഡാമിന്റെ സംഭരണശേഷി കുറഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം ഒഴുകി വന്ന മണ്ണ് നീക്കംചെയ്യുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കാമോ?

(എ&ബി) വടക്കാഞ്ചേരി മണ്ഡലത്തിലെ മുളങ്കുന്നത്തുകാവ് പഞ്ചായത്തിലെ പൂമല ഡാമിൽ 2018-ലെയും 2019-ലെയും കാലവർഷക്കെടുതിയുടെ ഭാഗമായി ഒഴുകിവന്ന മണ്ണടിഞ്ഞ് സംഭരണശേഷി കുറഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിൽ 6,576.02m3 ചെളി എസ്.ഡി.ആർ.എഫ്. ഫണ്ടുപയോഗിച്ച് നീക്കം ചെയ്ത് സംഭരണശേഷി വർദ്ധിപ്പിച്ചിട്ടുണ്ട്.

**നദീതട പരിപാലന അതോറിറ്റി**

233(2896) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ചെറുതും വലുതുമായ എല്ലാ നദികളുടെയും പരിപാലനത്തിനായി വിപുലമായ അധികാരങ്ങളോടെ നദീതട പരിപാലന അതോറിറ്റി രൂപീകരിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ?

സംസ്ഥാനത്തെ നദീജലവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഏകീകരിക്കുന്നതിനും നദികളുടെ ശരിയായ വിധത്തിലുള്ള സംരക്ഷണം, പരിപാലനം, പുനഃസ്ഥാപനം എന്നിവ ലക്ഷ്യമാക്കിയും റിവർബേസിൻ കൺസർവേഷൻ ആൻഡ് മാനേജ്മെന്റ് അതോറിറ്റി (RBCMA) രൂപീകരിക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി) കേരള പുനർനിർമ്മാണ പദ്ധതിയുടെ രണ്ടാംഘട്ടത്തിന് വായ്പ നൽകുന്നതിനായി ലോകബാങ്ക് മുന്നോട്ടുവച്ച നിബന്ധനയുടെ അടിസ്ഥാനത്തിലാണോ ഈ അതോറിറ്റി രൂപീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കേരള പുനർനിർമ്മാണ പദ്ധതിയുടെ രണ്ടാംഘട്ടത്തിന് വായ്പ നൽകുന്നതിനായി ലോകബാങ്ക് നിർദ്ദേശിച്ച നിബന്ധനയുടെ അടിസ്ഥാനത്തിലല്ല നദീതട അതോറിറ്റി രൂപീകരിക്കുന്നത്.

**നദികൾ മാലിന്യമുക്തമാക്കാൻ നടപടി**

234(2897) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികൾ ഉൾപ്പെടെയുള്ള പല ജലസ്രോതസ്സുകളും അമിതമായ രീതിയിൽ മലിനീകരിക്കപ്പെടുന്ന സാഹചര്യം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ?

സംസ്ഥാനത്തെ നദികൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകളിലെ ജലഗുണനിലവാരം താഴ്ന്ന നിലയിലാണെന്ന പഠന റിപ്പോർട്ടുകൾ ജലസേചന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം വളരെ ഗൗരവമായിത്തന്നെയാണ് കാണുന്നത്. മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് വിവിധ വകുപ്പുകളുടെ/ഏജൻസികളുടെ കൂട്ടായ പ്രവർത്തനം അനിവാര്യമാണ്.

(ബി) ജലസ്രോതസ്സുകൾ മലിനമാക്കുന്നവരെ കണ്ടെത്തി തക്കതായ ശിക്ഷ ഉറപ്പുവരുത്താൻ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്കെതിരെ നേരിട്ട് നടപടി എടുക്കുന്നതിനും പിഴ ചുമത്തുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവർക്ക് അധികാരമുണ്ട്. ജലസ്രോതസ്സുകളിൽ മാലിന്യനിക്ഷേപം ശ്രദ്ധയിൽപ്പെട്ടാൽ പോലീസിൽ പരാതി നൽകുന്നതിന് ജലസേചന വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ മുതലുള്ള ഉദ്യോഗസ്ഥർക്ക് അധികാരം നൽകിയിരിക്കുന്നു. ഇങ്ങനെ നൽകുന്ന പരാതികൾ അന്വേഷിച്ച് കുറ്റക്കാരെ കണ്ടെത്തി, ബഹുമാനപ്പെട്ട ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിൽ കേസ് ഫയൽ ചെയ്ത് ശിക്ഷ വിധിക്കുകയാണ് ചെയ്യുന്നത്. ഇത്തരം കേസ്സുകളിൽ 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമപ്രകാരമുള്ള പിഴ/ശിക്ഷയാണ് നൽകുക. മൂന്ന് വർഷംവരെ പരമാവധി തടവും 2 ലക്ഷം രൂപവരെ പിഴയും ഈടാക്കാൻ കഴിയുംവിധമാണ് 2018-ൽ നിയമ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്.

(സി) സംസ്ഥാനത്തെ ഏതെല്ലാം നദികളെയാണ് മാലിന്യ മുക്തമാക്കിയതെന്നറിയിക്കാമോ; വിശദാംശം നൽകാമോ?

സംസ്ഥാനത്തെ നദികളെ മാലിന്യമുക്തമാക്കുന്നതിനുള്ള ജനകീയ പ്രവർത്തനം ഹരിതകേരളം മിഷന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ഏറ്റെടുത്ത് നിർവ്വഹിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വരട്ടാർ നദി, കാനാമ്പുഴ, കുട്ടമ്പേരൂർ പുഴ, കിള്ളിയാർ, കോലറയാർ, പെരുംതോട്, പുന്നൂർപ്പുഴ, കൊട്ടാരക്കര പാണ്ടിവയൽ തോട് എന്നിവ ശുദ്ധീകരിച്ച് നീരൊഴുക്ക് സാധ്യമാക്കി. ഇതിനോടൊപ്പം, ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രിബ്യൂണലിന്റെ ഉത്തരവുപ്രകാരം സംസ്ഥാനത്തെ 21 നദീഭാഗങ്ങൾ ശുചിയാക്കുന്നതിനുള്ള പ്രത്യേക ആക്ഷൻ പ്ലാൻ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ആക്ഷൻ പ്ലാൻ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ വിവിധ വകുപ്പുകൾ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നിർവ്വഹിച്ചുവരുന്നു.

(ഡി) മാലിന്യമുക്തമാക്കുന്ന നദികൾ മാസങ്ങൾക്കകം വീണ്ടും മലിനമാകുന്ന സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ?

മാലിന്യമുക്തമാക്കുന്ന നദികൾ/കുളങ്ങൾ തുടങ്ങിയ ജലസ്രോതസ്സുകൾ മാസങ്ങൾക്കകം വീണ്ടും പലവിധ കാരണങ്ങളാൽ മലിനമാകുന്ന സാഹചര്യം ജലസേചന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജലഗുണനിലവാരത്തിൽ വ്യതിയാനം വരുന്നുവെന്നതിനൊപ്പം പായൽ/കുളവാഴ എന്നിവയുടെ അതിദ്രുത വ്യാപനവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൃഷിയിടങ്ങളിൽനിന്ന് ഒഴുകിയെത്തുന്ന രാസവളങ്ങളുടെ അവശിഷ്ടവും, നഗര-ഗ്രാമ വ്യത്യാസമില്ലാതെ, റോഡിനോട് ചേർന്നുള്ള ഓടകളിൽനിന്ന് ഒഴുകിയെത്തുന്ന മറ്റ് മാലിന്യങ്ങളും കാരണമാണ് ശുചീകരിച്ച നദികൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾ വളരെ വേഗത്തിൽ വീണ്ടും മലിനമാകുന്നത്.

(ഇ) സംസ്ഥാനത്തെ നദികൾ ശാശ്വതമായി മാലിന്യമുക്തമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

നദികളിലെ ജലഗുണനിലവാരം ഉയർന്ന നിലയിൽ സ്ഥായിയായി നിലനിർത്തുന്നതിന് വിവിധ നടപടികൾ ആവശ്യമാണ്. ഇതിൽ ഏറ്റവും പ്രാധാന്യമുള്ള രണ്ട് ഘടകങ്ങൾ (1) നദികളിലേയ്ക്ക് മാലിന്യം എത്തിച്ചേരാതിരിക്കുക. (2) നീരൊഴുക്ക് സ്ഥായിയായി നിലനിൽക്കുക എന്നതാണ്. പ്രത്യേക സ്രോതസ്സുകളിൽനിന്ന് എത്തിച്ചേരുന്ന മാലിന്യം നിയന്ത്രിക്കാൻ സാധിക്കുമെങ്കിലും മഴ വെള്ളത്തോടൊപ്പം എത്തിച്ചേരുന്ന മാലിന്യത്തെ നിയന്ത്രിക്കുക ബുദ്ധിമുട്ടേറിയ പ്രക്രിയയാണ്. വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടിയ പ്രവർത്തനം ആവശ്യമാണ്. നദികളിലെ നീരൊഴുക്ക് സ്ഥായിയാക്കുന്നതിന് ചെറുനീർത്തടാധിഷ്ഠിത പ്രവർത്തനം ഹരിതകേരളം മിഷന്റെ ഉപമിഷനായ " ജലസമൃദ്ധി"-യുടെ ഭാഗമായി ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ തടയണകൾ, റെഗുലേറ്ററുകൾ എന്നിവ നിർമ്മിക്കുന്നതുവഴി നദികളിലെ നീരൊഴുക്ക് സ്ഥായിയാക്കുന്ന പ്രവർത്തനവും സാധ്യമാക്കിവരുന്നു. ഇതിനുപുറമേ, നദികൾ, തോടുകൾ എന്നിവ മാലിന്യമുക്തമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, പൊതുജനങ്ങൾ എന്നിവരെക്കൂടി പങ്കാളികളാക്കി വിവിധ വകുപ്പുകളുടെ സാങ്കേതിക സഹകരണത്തോടെ നദികൾ/ തോടുകൾ/ മറ്റ് ജലസ്രോതസ്സുകൾ എന്നിവ ശുചിയാക്കുന്ന പ്രവർത്തനം തുടർന്നു കൊണ്ടുപോകുന്നതിന് നവകേരളം കർമ്മ പദ്ധതി-11 ലക്ഷ്യമിടുന്നു.

## ഓൺലൈൻ ബില്ലുകളിലെ അപാകതകൾ

235(2898) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വീടുകളിൽ ഉപയോഗിക്കുന്ന കുടിവെള്ളത്തിന് സ്പോട്ട് ബില്ലുകൾ നിർത്തി ഓൺലൈനായി ബിൽ തുക ലഭ്യമാക്കുമ്പോൾ ഉപഭോക്താവിൽനിന്ന് അമിത ബില്ലുകൾ ഈടാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരത്തിലുള്ള പിഴവ് പരിഹരിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ആദ്യഘട്ടമായി തിരുവനന്തപുരം നഗര (North&South) ഡിവിഷനുകളിലാണ് ഹരിത പ്രോട്ടോക്കോളിന്റെ ഭാഗമായി പ്രിന്റഡ് ബില്ലിന് പകരം എസ്.എം.എസ്. സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. ഇവിടങ്ങളിലൊഴികെ മറ്റെല്ലാ സ്ഥലങ്ങളിലും ദ്വൈമാസ ബില്ലിംഗ് സംവിധാനമാണ് നിലവിലുള്ളത്. ബിൽ സംബന്ധിച്ച് ചില പരാതികൾ തുടക്കത്തിൽ ഉണ്ടായിരുന്നത് പരിഹരിക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ വീടുകളിലും ഓൺലൈൻ ബില്ലുകൾ നൽകുമ്പോൾ അവരുടെ നിലവിലെ ഫോൺ നമ്പരുകൾ, ഇ-മെയിൽ ഐഡികൾ എന്നിവ അപ്ഡേറ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ യഥാർത്ഥ ഉപഭോക്താവിന് ബിൽ ലഭ്യമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്?

എല്ലാ ഉപഭോക്താക്കളുടെയും ഫോൺ നമ്പരുകൾ, ഇ-മെയിൽ ഐ.ഡി. എന്നിവ അപ്ഡേറ്റ് ചെയ്യുന്ന നടപടികൾ പൂർത്തിയായിവരുന്നു. വാട്ടർ ചാർജ്ജ് ബില്ലുകൾ ഓൺലൈനായി ഡൗൺലോഡ് ചെയ്ത് പ്രിന്റെടുക്കാനുള്ള സംവിധാനം വാട്ടർ അതോറിറ്റിയുടെ ഓൺലൈൻ പേമെന്റ് സൈറ്റിൽ (quick pay) നൽകിയിട്ടുണ്ട്. എല്ലാ ഉപഭോക്താക്കൾക്കും അവസാന ബിൽ ഈ സംവിധാനം ഉപയോഗിച്ച് എടുക്കുവാൻ സാധിക്കുന്നതാണ്. കൂടാതെ ഉപഭോക്താക്കൾക്ക് ബില്ലുകൾ നേരിട്ട് നൽകിവരുന്നുമുണ്ട്.

(സി) ഉപഭോക്താവിന്റെ നിലവിലെ ഫോൺ നമ്പരുകൾ, ഇ-മെയിൽ ഐ.ഡി.-കൾ എന്നിവ അപ്ഡേറ്റ് ചെയ്യാത്തതുമൂലമുണ്ടാകുന്ന പിഴത്തുക ഒഴിവാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഫോൺ നമ്പർ, ഇ-മെയിൽ ഐ.ഡി. എന്നിവ അപ്ഡേറ്റ് ചെയ്യാത്തതുമൂലം പിഴ ചുമത്തുന്നില്ല.

**കുടിവെള്ള മീറ്ററുകളുടെ വില**

236(2899) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ള മീറ്ററുകൾക്ക് വില നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; സ്വകാര്യ വ്യാപാരികൾ പ്രസ്തുത മീറ്ററുകൾക്ക് വ്യത്യസ്ത വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് ഏകീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

നിലവിൽ സംസ്ഥാനത്ത് കുടിവെള്ള മീറ്ററുകൾക്ക് വില നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല. വാട്ടർ മീറ്ററിന്റെ ഗ്യാരണ്ടി, ക്ലാസ് എന്നിവയിലുണ്ടാകുന്ന വ്യത്യാസം കാരണവും ബാഹ്യവും ആന്തരികവുമായ നിർമ്മാണത്തിന് ഉപയോഗിച്ചിരിക്കുന്ന പദാർത്ഥങ്ങളിൽ വരുന്ന വ്യത്യാസം കാരണവും സ്വകാര്യ വ്യാപാരികൾ മീറ്ററുകൾക്ക് വ്യത്യസ്ത വില ഈടാക്കുന്ന സാഹചര്യം നിലവിലുണ്ട്. ഉന്നത നിലവാരം പുലർത്തുന്നതും കൂടുതൽ കാലം നിലനിൽക്കുന്നതുമായ വാട്ടർ മീറ്റർ മാർക്കറ്റിൽ ലഭ്യമാക്കണമെന്ന ഉദ്ദേശ്യത്തിലാണ് കേരള വാട്ടർ അതോറിറ്റി പുതുതായി മീറ്റർ പോളിസി കൊണ്ടുവന്നത്. ഇതുവഴി മാർക്കറ്റിലെ മീറ്ററുകളുടെ ഗുണനിലവാരവും ഒരു പരിധിവരെ വിലയും ഏകീകരിച്ച് കൊണ്ടുവരുവാൻ സാധിക്കുമെന്ന് കരുതുന്നു.

(ബി) കുടിവെള്ള മീറ്ററുകളിലെ കൃത്രിമം തടയാൻ ഉപഭോക്താവിന് സർക്കാർ ചെലവിൽ മീറ്ററിന്റെ കൃത്യത ഉറപ്പുവരുത്തി നൽകാൻ നടപടി സ്വീകരിക്കുമോ?

വാട്ടർ മീറ്ററുകളുടെ കൃത്യത, നിലവാരം എന്നിവ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായാണ് Fluid Control Research Institute (FCRI)-യുമായി സഹകരിച്ച് കേരള വാട്ടർ അതോറിറ്റി മീറ്റർ പോളിസി കൊണ്ടുവന്നത്. നിലവിൽ വാട്ടർ മീറ്ററുകൾ 'ഫോൾട്ടി' എന്ന് കാണുമ്പോൾ റിപ്പയർ ചെയ്യാറില്ല. പകരം മാറ്റിവയ്ക്കുവാൻ നിർദ്ദേശിക്കാറാണ് പതിവ്. മീറ്ററിന്റെ കൃത്യത ഉറപ്പുവരുത്തുന്നതിന് നിലവിൽ ഡിവിഷൻ ഓഫീസുകളുമായി ബന്ധപ്പെടുത്തി ടെസ്റ്റിംഗ് സെന്റർ പ്രവർത്തിക്കുന്നുണ്ട്. സെൻട്രൽ റീജിയന് കീഴിലുള്ള സബ്ഡിവിഷൻ/ഡിവിഷൻ ഓഫീസുകളിൽ നടത്തുന്ന മീറ്റർ പരിശോധനയിൽ ഉപഭോക്താവിന് തർക്കം നിലനിൽക്കുന്നുവെങ്കിൽ എസ്.ആർ.ഐ, കൊച്ചി ഒരു അപ്പലേറ്റ് അതോറിറ്റിയായി പ്രവർത്തിച്ച് മീറ്ററുകളുടെ കൃത്യത പരിശോധിക്കാറുണ്ട്. കൂടാതെ സെൻട്രൽ റീജിയന്റെ കീഴിലുള്ള എല്ലാ മീറ്റർ ടെസ്റ്റിംഗ് യൂണിറ്റുകളുടെയും മാസ്റ്റർ മീറ്റർ 6 മാസത്തിലൊരിക്കൽ എസ്.ആർ.ഐ-ൽ കാലിബ്രേറ്റ് ചെയ്യണമെന്നും

നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ടി ടെസ്റ്റിംഗ് കേന്ദ്രങ്ങൾ ഉന്നതനിലവാരം പുലർത്തുന്നവയല്ല. സംസ്ഥാന ലീഗൽ മെട്രോളജി, FCRI എന്നിവയുമായി സഹകരിച്ച് കൂടുതൽ മികച്ച ടെസ്റ്റിംഗ് സെന്ററുകൾ സ്ഥാപിക്കുവാൻ ഉദ്ദേശ്യമുണ്ട്. പുതിയ മീറ്റർ പോളിസി വാട്ടർ മീറ്ററുകൾക്ക് കൂടുതൽ കൃത്യത വരുത്തുകയെന്ന ലക്ഷ്യത്തോടെയുള്ളതാണ്. കുടിവെള്ള കണക്ഷനുകളിൽ സ്ഥാപിക്കേണ്ട മീറ്ററുകൾ ഇന്ത്യൻ സ്റ്റാൻഡേർഡ് നിഷ്കർഷിക്കുന്നതും കുടിവെള്ള മീറ്ററുകൾ നിർമ്മിക്കുന്ന നിർമ്മാതാക്കൾ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭ്യമാക്കിയവരാകണം എന്നുകൂടി കണക്കിലെടുത്തിട്ടുള്ളതായതിനാൽ ഇതുവഴി കുടിവെള്ള മീറ്ററുകളിലെ കൃത്രിമം ഒരു പരിധിവരെ തടയുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## വാട്ടർ അതോറിറ്റിയിലെ ഇലക്ട്രോ മെക്കാനിക്കൽ വിഭാഗത്തിന്റെ പ്രവർത്തനം

237(2900) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിൽ ഇലക്ട്രോ മെക്കാനിക്കൽ വിഭാഗത്തിന്റെ പ്രവർത്തനം നിലവിൽ ഏതൊക്കെ സ്ഥലങ്ങളിലാണുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഭാഗത്തിന്റെ പ്രവർത്തനം സാമ്പത്തിക നേട്ടവും പ്രവർത്തനമികവും നൽകുന്നതാണെന്ന വിലയിരുത്തൽ വകുപ്പിനുണ്ടോ; എങ്കിൽ കൂടുതൽ ജില്ലകളിൽ പ്രവർത്തനം വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) കേരള വാട്ടർ അതോറിറ്റിയിൽ ഇലക്ട്രിക്കൽ/മെക്കാനിക്കൽ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി ഇലക്ട്രോ മെക്കാനിക്കൽ വിഭാഗം അരുവിക്കര, കൊല്ലം, സുൽത്താൻ ബത്തേരി എന്നീ ഡിവിഷനുകളിൽ പ്രവർത്തിച്ചുവരുന്നു. വാട്ടർ അതോറിറ്റിയുടെ 17-9-2021-ലെ ഉത്തരവുപ്രകാരം കേരള വാട്ടർ അതോറിറ്റിയുടെ പമ്പ് ഹൗസുകൾ, ശുദ്ധീകരണ ശാലകൾ തുടങ്ങിയ പ്രതിഷ്ഠാപനങ്ങളിൽ എനർജി ഓഡിറ്റ് നടത്തുന്നതിനും ഇലക്ട്രോ മെക്കാനിക്കൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുമായി ഒരു വിഭാഗം രൂപീകരിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം 2022 ഡിസംബറോടുകൂടി എല്ലാ പ്രതിഷ്ഠാപനങ്ങളിലും എനർജി ഓഡിറ്റ് നടത്തുവാനും പ്രാദേശികമായി ഇലക്ട്രോ മെക്കാനിക്കൽ യൂണിറ്റ് ഇല്ലാത്ത സ്ഥലങ്ങളിൽ രൂപീകരണം പൂർത്തിയാക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. സാമ്പത്തിക നേട്ടവും പ്രവർത്തന മികവും വിലയിരുത്തുന്ന തുടർപ്രക്രിയ ഇതോടൊപ്പം നടത്തുന്നതാണ്.

## ജല അതോറിറ്റിയുടെ ബില്ലിംഗ് സംവിധാനത്തിലെ പിഴവുകൾ

238(2901) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റി നിലവിൽ പിന്തുടരുന്ന ബില്ലിംഗ് സംവിധാനം എപ്രകാരമാണെന്ന് വെളിപ്പെടുത്തുമോ?

രണ്ട് മാസം കൂടുമ്പോൾ ഉപഭോക്താവിന്റെ റീഡിംഗ് അനുസരിച്ച് ബിൽ നൽകുന്ന ദ്വൈമാസ ബില്ലിംഗ് സംവിധാനമാണ് ജല അതോറിറ്റിയിൽ നിലവിലുള്ളത്. ഉപഭോക്താക്കൾക്ക് വാട്ടർ ബിൽ നൽകുന്നതിനുപകരം ഫോണിലേയ്ക്ക് എസ്.എം.എസ് അയയ്ക്കുന്ന സംവിധാനം തിരുവനന്തപുരം നഗര (North & South) ഡിവിഷനുകളിൽ പരീക്ഷണാർത്ഥം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ബില്ലിംഗ് സംവിധാനത്തിലെ പിഴവുകൾമൂലം ഉപഭോക്താക്കൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ബില്ലിംഗ് സംവിധാനത്തിൽ എന്തെങ്കിലും പിഴവുകളുണ്ടെങ്കിൽ ആ വിവരം ഉപഭോക്താക്കൾക്ക് 1916 എന്ന ടോൾ ഫ്രീ നമ്പരിൽ പരാതിയായി അറിയിക്കാവുന്നതാണ്. പ്രസ്തുത പരാതിയുടെ സ്ഥിതി വിവരം ഉപഭോക്താവിനെ എസ്.എം.എസ്. ആയി അറിയിക്കുന്നതാണ്. കൂടാതെ ഉപഭോക്താക്കൾ സെക്ഷൻ, സബ്ഡിവിഷൻ, സർക്കിൾ തലങ്ങളിൽ നേരിട്ട് ബന്ധപ്പെട്ട് സമർപ്പിക്കുന്ന പരാതികൾ സമയബന്ധിതമായി പരിഹരിക്കാറുണ്ട്.

## വാട്ടർ അതോറിറ്റിയുടെ കമ്പനിവൽക്കരണം

239(2902) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയെ കമ്പനിയാക്കി മാറ്റുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ നിർദ്ദിഷ്ട കമ്പനി സർക്കാർ നിയന്ത്രിത കമ്പനിയായിട്ടാണോ വിഭാവനം ചെയ്തിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) കെ.എസ്.ഇ.ബി. മാതൃകയിൽ ഉൽപ്പാദനം, വിതരണം, നിയന്ത്രണം എന്നിങ്ങനെ മൂന്ന് കമ്പനികളാക്കി മാറ്റുന്നതിനാണോ ആലോചിക്കുന്നത്; അറിയിക്കാമോ;

(സി) ഇത്തരമൊരു കമ്പനിവൽക്കരണം മുഖേന എന്തെല്ലാം നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ;

(ഡി) ഇതുമുഖേന വാട്ടർ അതോറിറ്റി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളിൽ ഉണ്ടായേക്കാവുന്ന മാറ്റങ്ങൾ എന്തെല്ലാമാണെന്നുള്ള വിശദാംശങ്ങൾ നൽകാമോ?

(എ-ഡി) വാട്ടർ അതോറിറ്റിയെ കമ്പനിയാക്കി മാറ്റുന്ന കാര്യം പരിഗണനയിലില്ല.

## കിണറുകളിൽ നിന്നുള്ള കുടിവെള്ള പരിശോധനാ സംവിധാനം

240(2903) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിണറുകളിൽനിന്നുള്ള കുടിവെള്ളം പരിശോധിക്കുന്നതിനുള്ള സംവിധാനം സർക്കാർതലത്തിൽ ഇപ്പോൾ എവിടെയൊക്കെയുണ്ടെന്ന് അറിയിക്കാമോ?

കിണറുകളിൽനിന്നുള്ള കുടിവെള്ളം പരിശോധിക്കുന്നതിനായി ഭൂജലവകുപ്പിൽ മൂന്ന് ജലപരിശോധനാ ലബോറട്ടറികൾ നിലവിലുണ്ട്.

1) അനലറ്റിക്കൽ ലബോറട്ടറി (Level II +), തിരുവനന്തപുരം.

2) റീജിയണൽ ലബോറട്ടറി (Level II), എറണാകുളം.

3) റീജിയണൽ ലബോറട്ടറി (Level II), കോഴിക്കോട്. കിണറുകൾ ഉൾപ്പെടെയുള്ള ഗ്രാമീണ കുടിവെള്ള സ്രോതസ്സുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി വാട്ടർ അതോറിറ്റിയുടെ കീഴിൽ 32 സബ് ജില്ലാ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. ആയത് അനുബന്ധമായി* ചേർത്തിരിക്കുന്നു. കൂടാതെ ഓരോ പഞ്ചായത്തിലും കുടുംബശ്രീ മുഖേന ഫീൽഡ് ടെസ്റ്റ് കിറ്റ് ഉപയോഗിച്ച് ഇത്തരം സ്രോതസ്സുകളിലെ വെള്ളത്തിന്റെ ഗുണനിലവാരം ഈ വർഷം പരിശോധിക്കുന്നുണ്ട്. ജനുവരിയോടുകൂടി ടി പ്രവൃത്തി തീർക്കുവാനാണ് ഉദ്ദേശിക്കുന്നത്. പൊതുജനങ്ങൾ നേരിട്ട് എത്തിക്കുന്ന കിണറുകൾ ഉൾപ്പെടെയുള്ള സ്രോതസ്സുകളിലെ ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കാൻ ജല അതോറിറ്റിയുടെ എല്ലാ ലാബുകളിലും സംവിധാനമുണ്ട്. സംസ്ഥാനത്ത് കേരള വാട്ടർ അതോറിറ്റിയുടെ ലാബുകൾ, പബ്ലിക്ക് ഹെൽത്ത് ലബോറട്ടറികൾ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ് ലാബ് എന്നീ ലാബുകൾക്ക് പുറമേ കേരള ഗ്രാമീണ ശുദ്ധജല വിതരണ ഏജൻസിയുമായി ബന്ധപ്പെട്ട് CWRDM, RRL, CMFRI തുടങ്ങിയ ഏജൻസികൾക്കും ആധുനിക ഗുണനിലവാരമുള്ള ലാബുകളുണ്ട്. ഇതുകൂടാതെ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിരവധി NABL അംഗീകാരമുള്ള സ്വകാര്യ ലാബുകളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ജലജീവൻ മിഷൻ മാർഗ്ഗരേഖ പ്രകാരം ജലഗുണനിലവാര പരിശോധനാ ലാബുകൾ NABL അംഗീകാരം നേടുന്നതിനും ലാബുകൾ ആധുനികവൽക്കരിക്കുന്നതിനും പുതിയ ലാബുകൾ സ്ഥാപിക്കുന്നതിനും നിർദ്ദേശമുണ്ട്. ജലജീവൻ മിഷന്റെ ഒരു ഘടകമായ Water Quality Monitoring and Surveillance (WQM&S) മാർഗ്ഗനിർദ്ദേശപ്രകാരം എല്ലാ കുടിവെള്ള സ്രോതസ്സുകളും വർഷത്തിൽ രണ്ടുതവണ Field Test Kit (FTK) ഉപയോഗിച്ച് പരിശോധന നടത്തുന്നതിന് നിർദ്ദേശമുണ്ട്. ഇതിൻപ്രകാരം സ്വകാര്യ കുടിവെള്ള സ്രോതസ്സുകൾ ഉൾപ്പെടെയുള്ളവ പരിശോധിക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) എല്ലാ നിയോജകമണ്ഡലങ്ങളും കേന്ദ്രീകരിച്ച് ഒരു ലാബിലെങ്കിലും ഇത്തരത്തിൽ പരിശോധനാ സംവിധാനം ഒരുക്കാമോയെന്ന് വ്യക്തമാക്കാമോ?

എല്ലാ നിയോജകമണ്ഡലങ്ങളും കേന്ദ്രീകരിച്ച് ജലപരിശോധനാ ലബോറട്ടറികൾ സ്ഥാപിക്കുന്നത് നിലവിൽ ഭൂജലവകുപ്പിന് അപ്രായോഗികമാണ്. എന്നാൽ വകുപ്പ് നടപ്പിലാക്കിവരുന്ന 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ഹൈഡ്രോളജി പ്രോജക്ട് മുഖേന സംസ്ഥാനത്തെ 28 ഹയർ സെക്കണ്ടറി സ്കൂളുകളിലെ ലബോറട്ടറികളിൽ ജലപരിശോധനാ സംവിധാനങ്ങൾ സജ്ജമാക്കുന്ന പദ്ധതി വകുപ്പ് ആസൂത്രണം ചെയ്തിട്ടുണ്ട്. നിലവിൽ വാട്ടർ അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന് കീഴിൽ 14 ജില്ലാ ലാബും 32 സബ് ജില്ലാ ലാബും ഉണ്ട്. ഇവിടങ്ങളിലെല്ലാംതന്നെ കിണറുകളിൽനിന്നുള്ള കുടിവെള്ളം പരിശോധിക്കുന്നതിനുള്ള സംവിധാനവുമുണ്ട്. കൂടാതെ 38 പുതിയ സബ് ജില്ലാ ലാബുകൾക്കുകൂടി ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുപ്രകാരം ജില്ലാതലത്തിൽ ജില്ലാ ലാബ് അടക്കം ശരാശരി 6 ലാബുകൾ ഉണ്ടായിരിക്കുന്നതാണ്. ഈ ഭരണാനുമതി പ്രകാരമുള്ള പുതിയ സബ് ജില്ലാ ലാബുകൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള തുടർനടപടികൾ വാട്ടർ അതോറിറ്റി സ്വീകരിച്ചുവരികയാണ്.

**ജലവിഭവ വകുപ്പിന്റെ പ്രവർത്തനങ്ങൾ**

241(2904) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനും വകുപ്പിൽ കാലാകാലങ്ങളായുള്ള അഴിമതിയും അനാസ്ഥയും തടയുവാനുമായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നറിയിക്കാമോ?

ജലവിഭവ വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനും വകുപ്പിൽ കാലാകാലങ്ങളായുള്ള അനാസ്ഥകൾ തടയുവാനുമായി സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) പ്രസ്തുത സർക്കാർ നയം നടപ്പാക്കാനായി വകുപ്പിന്റെ സേവനങ്ങൾ ഓൺലൈൻ ആക്കാനും ജനങ്ങളോടുള്ള ജീവനക്കാരുടെ സമീപനം മെച്ചപ്പെട്ടതാക്കാനും ജനങ്ങൾക്കുവേണ്ട സേവനങ്ങൾ യഥാസമയം ഉറപ്പുവരുത്താനുമായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

വകുപ്പിന്റെ സേവനങ്ങൾ ഓൺലൈൻ ആക്കാനും ജനങ്ങളോടുള്ള ജീവനക്കാരുടെ സമീപനം മെച്ചപ്പെട്ടതാക്കാനും ജനങ്ങൾക്കുവേണ്ട സേവനങ്ങൾ യഥാസമയം ഉറപ്പുവരുത്താനുമായി വിപുലമായ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. കുടിവെള്ളത്തിനും സീവറേജിനുമുള്ള പുതിയ കണക്ഷൻ എടുക്കുക, പണം അടയ്ക്കുക, വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള ഫീസ് അടയ്ക്കുക, ഉപഭോക്താക്കളുടെ പരാതികൾ പരിഹരിക്കുക, മീറ്ററുകൾ മാറ്റി വയ്ക്കുക, ഉടമസ്ഥാവകാശം മാറ്റുക, കണക്ഷൻ വിച്ഛേദിക്കുകയും പുനഃസ്ഥാപിക്കുകയും ചെയ്യുക, ഗാർഹിക-ഗാർഹികേതര മാറ്റം തുടങ്ങിയ സേവനങ്ങളാണ് ഓൺലൈനായി ലഭ്യമാക്കുന്നത്. ഉപഭോക്താക്കൾക്ക് വാട്ടർചാർജ്ജ് അടയ്ക്കുന്നതിനും അക്വാലൂം എന്ന പരിഹാര ജാലകത്തിലൂടെ പരാതികൾ സമർപ്പിക്കുന്നതിനും ഓൺലൈൻ സംവിധാനത്തിലൂടെ സാധ്യമാണ്. ഉപഭോക്താക്കൾ നൽകിയ പരാതികൾ ഏതുഘട്ടത്തിലാണെന്നും ജലഅതോറിറ്റി നടപ്പിലാക്കുന്ന പദ്ധതികൾ, പദ്ധതിയുടെ വിശദാംശങ്ങൾ, നിർമ്മാണഘട്ടങ്ങൾ, വിവിധതലത്തിലുള്ള ഉദ്യോഗസ്ഥർ, അവരുടെ പ്രവർത്തനപരിധികൾ തുടങ്ങിയ വിവരങ്ങളും സമഗ്രമായും സംക്ഷിപ്തമായും പൊതുജനങ്ങൾക്ക് നേരിട്ട് പരിശോധിക്കാവുന്ന വിധത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ വെബ്സൈറ്റ് ആധുനികവത്കരിച്ചിട്ടുണ്ട്. ജലസേചന വകുപ്പിന്റെ കീഴിലുള്ള പ്രധാന 4 സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിലേയ്ക്കായുള്ള നടപടികൾ നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ (NIC)-ന്റെ സഹായത്തോടെ സ്വീകരിച്ചിട്ടുണ്ട്. ഇത് പൂർത്തിയാകുന്നതോടെ ജനങ്ങൾക്കുവേണ്ട സേവനങ്ങൾ യഥാസമയം നൽകുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) നഗരമേഖലയിൽ എല്ലാവർക്കും കുടിവെള്ള കണക്ഷൻ ഉറപ്പുവരുത്തുന്നതിനും തുടർന്ന് മറ്റിതര മേഖലകളിലും ആയത് ഉറപ്പുവരുത്താനുമായി സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

നഗരപ്രദേശങ്ങളിലെ എല്ലാവീടുകൾക്കും ഗാർഹിക കണക്ഷൻ നൽകുന്നതിനുവേണ്ടി അർബൻ ജലജീവൻ മിഷൻ പദ്ധതിയിൽ പ്രവൃത്തികൾ വിഭാവനം ചെയ്തുകൊണ്ടിരിക്കുന്നു. ആയതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഗ്രാമീണ മേഖലയിൽ മാർച്ച് 2024-ഓടുകൂടി എല്ലാ വീടുകൾക്കും കുടിവെള്ള കണക്ഷനുകൾ ഉറപ്പുവരുത്തുന്നതിനായുള്ള ജലജീവൻ മിഷൻ പദ്ധതിയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. ഭൂജലവകുപ്പിന്റെ നേതൃത്വത്തിൽ ഹ്രസ്വകാലാടിസ്ഥാനത്തിൽ ചെറുകിട കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണം, കൈപ്പമ്പ് പദ്ധതികളുടെ അറ്റകുറ്റപ്പണികൾ തുടങ്ങിയ പ്രവൃത്തികളും കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിന് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

## വൈപ്പിൻ പള്ളിപ്പുറത്ത് കുടിവെള്ള ടാങ്ക് നിർമ്മാണം

242(2905) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ കരുത്തലയിൽ ജല അതോറിറ്റിക്ക് സ്വന്തമായി സ്ഥലമുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

വില്ലേജ് - പള്ളിപ്പുറം പഴയ സർവ്വേ നമ്പർ - 571/8 റീ സർവ്വേ നമ്പർ- 340/10 വിസ്തീർണ്ണം - 0.21 ഏക്കർ (0.084 ഹെക്ടർ) ഉടമസ്ഥാവകാശം - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കേരള ജല അതോറിറ്റി, നോർത്ത് പറവൂർ

(ബി) പ്രസ്തുത സ്ഥലത്ത് ജല അതോറിറ്റി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

വാട്ടർ അതോറിറ്റിയുടെ ബൂസ്റ്റിംഗ് സ്റ്റേഷൻ കരുത്തലയിൽ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ ഈ സ്ഥലത്ത് കേരള വാട്ടർ അതോറിറ്റി പുതിയ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

(സി) പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം കണക്കിലെടുത്ത് പ്രസ്തുത സ്ഥലത്ത് കുടിവെള്ള ടാങ്ക് നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ഭാവിയിൽ പദ്ധതി ആവിഷ്കരിക്കുമ്പോൾ പ്രസ്തുത പദ്ധതിയുടെ ആവശ്യകത അനുസരിച്ച് ഈ സ്ഥലം പര്യാപ്തമാണെങ്കിൽ പ്രസ്തുത സ്ഥലം ഉപയോഗപ്പെടുത്താവുന്നതാണ്.

## വൈപ്പിൻ മണ്ഡലത്തിലെ വല്ലാർപാടത്ത് ടാങ്ക് നിർമ്മിക്കുന്നതിന് നടപടി

243(2906) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ മുളവുകാട് ഗ്രാമപഞ്ചായത്തിൽ വല്ലാർപാടം ദേശത്ത് ജല അതോറിറ്റിക്ക് സ്വന്തമായി സ്ഥലം ഉണ്ടോ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

വൈപ്പിൻ മണ്ഡലത്തിലെ മുളവുകാട് ഗ്രാമപഞ്ചായത്തിൽ വാട്ടർ അതോറിറ്റിക്ക് പനമ്പുകാട്-10 സെന്റ്, പൊന്നാരിമംഗലം -10 സെന്റ് വീതം സ്ഥലം സ്വന്തമായിട്ടുണ്ട്.

(ബി) മുളവുകാട് ഗ്രാമപഞ്ചായത്തിൽ അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം കണക്കിലെടുത്ത് പ്രസ്തുത സ്ഥലത്ത് ടാങ്ക് നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പനമ്പുകാടും പൊന്നാരിമംഗലത്തും പുതിയ ടാങ്ക് നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ സ്ഥലങ്ങളിൽ നിലവിലുള്ള കാലഹരണപ്പെട്ട ടാങ്കുകൾ പൊളിച്ചുനീക്കിയശേഷം പുതിയവ സ്ഥാപിക്കാവുന്നതാണ്. കൊച്ചി മേഖലയിലെ കുടിവെള്ള ലഭ്യത വർദ്ധിപ്പിക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള 143 എം.എൽ.ഡി ശുദ്ധീകരണ ശാല പൂർത്തിയാകുന്നമുറയ്ക്ക് മാത്രമേ ഈ ടാങ്കുകളിലേയ്ക്ക് കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുവാൻ സാധിക്കുകയുള്ളൂ. ഗ്രാമപഞ്ചായത്തിന്റെ ഡെപ്പോസിറ്റ് പ്രവൃത്തിയായി ടാങ്കുകൾ നിർമ്മിക്കുന്നതിനുള്ള പ്രാരംഭനടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

## വാട്ടർ അതോറിറ്റിയുടെ സ്ഥലം പെരുമണ്ണ ഗ്രാമപഞ്ചായത്തിന് വിട്ടുനൽകൽ

244(2907) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമണ്ണ ഗ്രാമപഞ്ചായത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ കൈവശമുള്ളതും ഇപ്പോൾ ഉപയോഗമില്ലാതെ കിടക്കുന്നതുമായ സ്ഥലം പഞ്ചായത്തിന് വിട്ടുനൽകണമെന്ന ആവശ്യം പരിഗണനയിലുണ്ടോ;

(ബി) ഡബ്ല്യൂ.എസ്.സി. 2/68/2021/ജ.വി.വ. കത്തിന്മേലുള്ള റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

(എ-സി) കോഴിക്കോട് ജില്ലയിൽ, കോഴിക്കോട് താലൂക്കിൽ, പെരുമണ്ണ വില്ലേജിൽപ്പെട്ട റീ സർവ്വേ നമ്പർ 97/4-ൽ (33 സെന്റ്) സ്ഥലം ജിക്ക പദ്ധതിക്ക് ഭാവിയിൽ ബൂസ്റ്റിംഗ് സ്റ്റേഷൻ സ്ഥാപിക്കുവാൻവേണ്ടി ഏറ്റെടുത്തതാണ്. ജിക്ക പദ്ധതിക്കുവേണ്ടി അക്വയർ ചെയ്തതിനാലും ടി സ്ഥലം ബൂസ്റ്റിംഗ് സ്റ്റേഷന് ആവശ്യമായതിനാലും ടി പദ്ധതിയുടെ പൈപ്പുകളും വാൽവുകളും മറ്റും പ്രസ്തുത സ്ഥലത്ത് ചുറ്റുമതിൽ കെട്ടി സുരക്ഷിതമായി സൂക്ഷിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നതിനാലും സ്ഥലം വിട്ടുനൽകുന്നതിനുള്ള ആവശ്യം പരിഗണനയിലില്ല. ഇക്കാര്യത്തിൽ സർക്കാർ ആവശ്യപ്പെട്ട റിപ്പോർട്ട് ഇതുവരെയും ലഭ്യമായിട്ടില്ല.

**നെന്മാറ മണ്ഡലത്തിലെ ജലജീവൻ മിഷൻ**

245(2908) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജലജീവൻ പദ്ധതിയിലൂടെ നെന്മാറ മണ്ഡലത്തിൽ എത്ര കുടിവെള്ള കണക്ഷനുകളാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ; പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ജലജീവൻ പദ്ധതിയിലൂടെ 7-10-2021 വരെ നെന്മാറ മണ്ഡലത്തിൽ 12457 കുടിവെള്ള കണക്ഷനുകളാണ് നൽകിയിട്ടുള്ളത്. പഞ്ചായത്ത് തിരിച്ചുള്ള കണക്ക് അനുബന്ധമായി* ചേർക്കുന്നു.

**ആലപ്പുഴ കുടിവെള്ള പദ്ധതിമൂലം തകർന്ന റോഡുകൾ**

246(2909) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ കുടിവെള്ള പദ്ധതിയുടെ പൈപ്പ് സ്ഥാപിക്കലുമായി ബന്ധപ്പെട്ട് ആലപ്പുഴ നഗരത്തിൽ വൈറ്റ് ടോപ്പിംഗ് സംവിധാനത്തിൽ നവീകരിച്ച റോഡുകൾ തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) റോഡുകളുടെ പൊളിഞ്ഞ ഭാഗങ്ങൾ പൂർവ്വസ്ഥിതിയിലാക്കുന്നതിനും കായലിന്റെ ഭാഗം സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുമായി എത്ര തുകയുടെ എസ്റ്റിമേറ്റാണ് പൊതുമരാമത്ത് വിഭാഗം നൽകിയിട്ടുള്ളത്; ഈ തുക അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) ഇതിന്റെ നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ?

(എ - സി) ആലപ്പുഴ കുടിവെള്ള പദ്ധതിയുടെ പൈപ്പ് സ്ഥാപിക്കലുമായി ബന്ധപ്പെട്ട് ആലപ്പുഴ നഗരത്തിൽ വൈറ്റ് ടോപ്പിംഗ് സംവിധാനത്തിൽ നവീകരിച്ച റോഡുകൾ തകർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വൈറ്റ് ടോപ്പിംഗ് ചെയ്തതിനുശേഷം പ്രസ്തുത റോഡുകളിൽ കേരള വാട്ടർ അതോറിറ്റി പൈപ്പ്ലൈൻ സ്ഥാപിച്ചിട്ടില്ല. ആയതിനാൽ ടോപ്പിംഗ് ചെയ്ത റോഡുകളിൽ വാട്ടർ അതോറിറ്റി പൈപ്പ് സ്ഥാപിച്ചതുവഴി നാശനഷ്ടം സംഭവിച്ചിട്ടില്ല.

**ആലുവ ചൂർണ്ണിക്കര പഞ്ചായത്തിലെ പൈപ്പ്ലൈൻ റോഡ്**

247(2910) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ ചൂർണ്ണിക്കര പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പൈപ്പ്ലൈൻ റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് 6-9-2021-ൽ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് 2566/VIP/M(WR)/2021 നമ്പർ പ്രകാരം കൈമാറിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പൈപ്പ്ലൈൻ റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(എ&ബി) ആലുവ മുനിസിപ്പാലിറ്റിയുടെയും ചൂർണ്ണിക്കര പഞ്ചായത്തിന്റെയും പരിധിയിൽ വരുന്ന പൈപ്പ്ലൈൻ റോഡ് ഗതാഗത യോഗ്യമല്ലാത്തവിധം തകർന്ന അവസ്ഥയിലാണെന്നും ജലവിഭവ വകുപ്പിന് കീഴിൽ വരുന്ന ഈ റോഡ് പുനരുദ്ധരിക്കുന്നതിനായി എസ്റ്റിമേറ്റ് എടുത്ത് ആവശ്യമായ ഫണ്ട് അനുവദിച്ച് ഉത്തരവ് നൽകണമെന്നുമുള്ള ആവശ്യം ഉന്നയിച്ചുകൊണ്ട് ബഹുമാനപ്പെട്ട ആലുവ M.L.A.-യുടെ നിവേദനം 10-9-2021-ൽ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത നിവേദനം പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനും വിശദമായ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുന്നതിനും 7-10-2021-ന് മധ്യമേഖല ചീഫ് എഞ്ചിനീയർക്ക് മാനേജിംഗ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൊച്ചി കോർപ്പറേഷനിലേയ്ക്കും അനുബന്ധ പഞ്ചായത്തിലേയ്ക്കും കുടിവെള്ള വിതരണം നടത്തുവാൻ ആലുവ ജലശുദ്ധീകരണശാല മുതൽ പൈപ്പ്ലൈൻ വിന്യസിക്കുവാൻ 20 കിലോമീറ്റർ നീളത്തിലും ശരാശരി 18 മീറ്റർ വീതിയിലും ജല അതോറിറ്റി പൊന്നുംവിലയ്ക്ക്

വാങ്ങിയിട്ടുള്ള സ്ഥലമാണ് പൈപ്പ്ലൈൻ റോഡ്. 50 വർഷത്തിലേറെ പഴക്കമുള്ള 900 എം.എം., 1050 എ.എം കാസ്റ്റ് അയൺ പമ്പിംഗ് മെയിൻ, 2002 കാലയളവിൽ സ്ഥാപിച്ച 1200 എം.എം.എം.എസ്. പമ്പിംഗ് മെയിൻ എന്നിവ പ്രസ്തുത റോഡിലൂടെ കടന്നുപോകുന്നു. പൈപ്പ് ലൈനുകൾ പല സ്ഥലങ്ങളിലും പരിശോധന നടത്തുന്നതിനായി തറനിരപ്പിന് മുകളിലായി സ്ഥാപിച്ചിട്ടുണ്ട്. ആയതിനാൽ ഭാരവണ്ടികൾ പൈപ്പ്ലൈനിന് മുകളിലൂടെ കയറിയിറങ്ങുന്നത് വൻഅപകടങ്ങൾക്ക് വഴിയൊരുക്കും. കാലപ്പഴക്കം ചെന്ന അതിമർദ്ദ പൈപ്പ് ലൈനുകൾ സ്ഥാപിച്ചിരിക്കുന്ന റോഡായതിനാൽ ഭാരവണ്ടികളുടെ ഗതാഗതംമൂലം പൈപ്പുകൾക്ക് സംഭവിച്ചേക്കാവുന്ന ഏതൊരുതരത്തിലുള്ള ആഘാതവും പരിസരവാസികളുടെ ജീവനും സ്വത്തിനും നാശനഷ്ടങ്ങൾ വരുത്തുന്നതുകൂടാതെ പൈപ്പ് വെള്ളത്തെമാത്രം ആശ്രയിക്കുന്ന ലക്ഷക്കണക്കിന് ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാകാത്ത അവസ്ഥയുണ്ടാകും. 6 ടൺ ഭാരം മാത്രമാണ് ടി റോഡിൽ കയറ്റാവുന്ന പരമാവധി ഭാരപരിധി. പൈപ്പ്ലൈൻ റോഡ് ജല അതോറിറ്റിയുടെ പരിശോധനകൾക്ക് മാത്രമായി നിർമ്മിച്ചിട്ടുള്ളതാണ്. എന്നിരുന്നാലും ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ആവശ്യപ്രകാരം റോഡ് പുനരുദ്ധരിക്കുന്നതിനായി എസ്റ്റിമേറ്റ് എടുക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി ആരംഭിച്ചിട്ടുണ്ട്.

## അനധികൃത മത്സ്യബന്ധനം തടയുന്നതിന് നടപടി

248(2911) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യബന്ധനമേഖലയിൽ അനധികൃത മത്സ്യബന്ധനം നടക്കുന്നതും അവർ മത്സ്യസമ്പത്ത് കൊള്ളയടിക്കുന്നതും ആയത് സംസ്ഥാനത്തെ ചെറുകിട മത്സ്യത്തൊഴിലാളി മേഖലയെയാകെ ബാധിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. രാത്രികാലങ്ങളിൽ കൃത്രിമ ലൈറ്റുകൾ ഉപയോഗിച്ചും തീരത്തോട് ചേർന്ന് റിംഗ് വലകൾ ഉപയോഗിച്ചുമുള്ള അനധികൃത മത്സ്യബന്ധനവും, ചെറുമത്സ്യങ്ങളെ പിടിക്കൽ, പെയർ ട്രോളിംഗ് തുടങ്ങിയ അശാസ്ത്രീയ മത്സ്യബന്ധന രീതികളാണ് പ്രധാനമായും റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(ബി) പ്രസ്തുത അനധികൃത മത്സ്യബന്ധനം തടയുവാനും ചെറുകിട മത്സ്യബന്ധന മേഖലയ്ക്ക് സംരക്ഷണം നൽകുവാനുമായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും പ്രസ്തുത പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ എന്തെല്ലാം തുടർനടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ?

അനധികൃത മത്സ്യബന്ധനങ്ങൾ നിയന്ത്രിക്കുന്നതിനും തടയുന്നതിനും ഫിഷറീസ് വകുപ്പ് മറൈൻ എൻഫോഴ്സ്മെന്റുമായി ചേർന്ന് ശക്തമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. KMFR Act-ന്റെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കാനും കടൽ പട്രോളിംഗ് ശക്തമാക്കാനും KMFR Act ലംഘിച്ച് അനധികൃത മത്സ്യബന്ധനം നടത്തുന്ന യാനങ്ങളെ കണ്ടുകെട്ടി ഉയർന്ന പിഴ ചുമത്തുന്നതടക്കമുള്ള ശിക്ഷാനടപടികൾ സ്വീകരിക്കുവാനും മറൈൻ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്കും എല്ലാ തീരദേശ ജില്ലാ ഓഫീസർമാർക്കും ഫിഷറീസ് സ്റ്റേഷൻ അസിസ്റ്റന്റ് ഡയറക്ടർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കടൽ പട്രോളിംഗ് ശക്തമാക്കുന്നതിന്റെ ഭാഗമായി 9 തീരദേശ ജില്ലകളിലും പട്രോൾ ബോട്ടുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. പുതുക്കിയ KMFR റൂൾ പ്രകാരം തിരുവനന്തപുരം ജില്ലയിലെ കൊല്ലംകോട് മുതൽ കൊല്ലം ജില്ലയിലെ പറവൂർ പൊഴിക്കരവരെ 20 മീറ്റർ ആഴംവരെയും പറവൂർ പൊഴിക്കര മുതൽ കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം വരെ 30 മീറ്റർ ആഴം വരെയും മെക്കനൈസ്ഡ് ഫിഷിംഗ് നിരോധിച്ചിട്ടുണ്ട്. പേഴ്സ്-സീൻ, പെലാജിക് ട്രാൾ, മിഡ് വാട്ടർ ട്രാൾ, ബുൾ ട്രാൾ (പെയർ ട്രാൾ) മുൻകൂർ അനുമതി വാങ്ങാത്ത മറ്റ് പുതിയതരം വലകൾ, 12 വാട്സിൽ കൂടുതലുള്ള ലൈറ്റുകൾ എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധനം എന്നിവ KMFR Act-ന്റെയും KMFR Rules-ന്റെയും അടിസ്ഥാനത്തിൽ കേരളതീരത്ത് നിരോധിച്ചിട്ടുണ്ട്. ഇതുകൂടാതെ റിംഗ്സീൻ, ബോട്ടം ട്രാൾ എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധനം സർക്കാർ വിജ്ഞാപനം ചെയ്യുന്ന പ്രദേശങ്ങളിലും സമയങ്ങളിലും തടഞ്ഞിട്ടുണ്ട്. കടൽ പട്രോളിംഗ് ശക്തിപ്പെടുത്തുകയും നിരോധിത വലകൾ ഉപയോഗിക്കുന്നതു കൊണ്ടുണ്ടാകുന്ന ദോഷഫലങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് ബോദ്ധ്യപ്പെടുത്തി ക്കൊടുക്കുന്നതിനുള്ള ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്.

**വെങ്കിടങ്ങ് ഉൾനാടൻ മത്സ്യത്തൊഴിലാളി സഹകരണ സംഘത്തിന് സ്ഥലം വിട്ടുകിട്ടുന്നതിന് നടപടി**

249(2912) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കണ്ടഴിയൂർ വില്ലേജിലെ ബി.റ്റി.ആർ. പ്രകാരവും പുറമ്പോക്ക് രജിസ്റ്റർ പ്രകാരവും 148/4B എന്ന സർവ്വേ നമ്പരിൽപ്പെട്ട ഇരുപത്തിയഞ്ച് സെന്റ് സ്ഥലം ഏകദേശം ഇരുപത്തിയഞ്ച് വർഷം മുമ്പുവരെ പ്രവർത്തിച്ചിരുന്ന ഫിഷറീസ് സ്കൂളിന്റേതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ സ്ഥലം വെങ്കിടങ്ങ് ഉൾനാടൻ മത്സ്യത്തൊഴിലാളി സഹകരണ സംഘത്തിന്റെ പ്രവർത്തനത്തിനായി വിട്ടുകിട്ടുന്നതിന് മണലൂർ എം.എൽ.എ.യുടെ ശിപാർശയോടുകൂടി പ്രസ്തുത സംഘത്തിന്റെ അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ എന്ത് തുടർനടപടികളാണ് സ്വീകരിച്ചതെന്നറിയിക്കാമോ?

(ബി & സി) ഉണ്ട്. പ്രസ്തുത അപേക്ഷയിന്മേൽ ഫിഷറീസ് ജോയിന്റ് ഡയറക്ടർ, എറണാകുളം ലഭ്യമാക്കിയ അന്വേഷണ റിപ്പോർട്ട് പ്രകാരം പ്രസ്തുത സ്ഥലത്ത് 90 വർഷം മുമ്പ് മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പഠിക്കാൻവേണ്ടി സ്കൂൾ സ്ഥാപിച്ചിരുന്നുവെന്നും ടി സ്കൂൾ ഫിഷറീസ് സ്കൂൾ എന്നാണ് അറിയപ്പെട്ടിരുന്നതെങ്കിലും ഇപ്പോൾ ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിലല്ലായെന്നും സ്കൂളിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ ഒന്നുംതന്നെ ലഭ്യമല്ലായെന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം റവന്യൂ അധികാരികളുമായി ബന്ധപ്പെട്ട് പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂരിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

**ശുചിത്വ സാഗരം പദ്ധതി**

250(2913) ഡോ. കെ. ടി. ജലീൽ:
ശ്രീ വി. ജോയി:
ശ്രീമതി ദെലീമ:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിലും കടൽത്തീരത്തും അടിഞ്ഞുകൂടിയിട്ടുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുകയെന്ന ഉദ്ദേശ്യത്തോടെ കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ നീണ്ടകര ഹാർബറിൽ ആരംഭിച്ച ശുചിത്വ സാഗരം പദ്ധതി സംബന്ധിച്ച് ലോക സാമ്പത്തിക ഫോറത്തിന്റെ വെബ്സൈറ്റിലും ഐക്യരാഷ്ട്രസഭയിലും ശ്ലാഘനീയമായ പരാമർശങ്ങൾ വന്നതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മുഴുവൻ ഹാർബറുകളിലും പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

ശുചിത്വ സാഗരം പദ്ധതി ഘട്ടംഘട്ടമായി മറ്റ് ഹാർബറുകളിൽക്കൂടി നടപ്പാക്കുന്നത് പരിശോധിച്ചുവരുന്നു.

(ബി) മത്സ്യത്തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും തൊഴിൽ നൽകുന്നതിനും അവരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും അതിലൂടെ അവരുടെ സാമൂഹ്യ ഉന്നമനം സാധ്യമാക്കുകയും ചെയ്യുകയെന്ന ലക്ഷ്യം നേടാനാകുന്ന തരത്തിൽ പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിൽ ചെയ്യുന്നവരുടെയും സഹകരണത്തോടെയാണ് പദ്ധതി നീണ്ടകര ഹാർബറിൽ നടപ്പിലാക്കിവരുന്നത്. ഇതുമായി ബന്ധപ്പെട്ട് സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവുമൺ (സാഫ്)-ന്റെ കീഴിലുള്ള ആക്ടിവിറ്റി ഗ്രൂപ്പിലെ 23 വനിതകൾ ദിവസവേതന അടിസ്ഥാനത്തിൽ നീണ്ടകര ഷ്രെഡിംഗ് യൂണിറ്റിൽ തൊഴിൽ ചെയ്തുവരുന്നു. കൂടാതെ രണ്ട് ജീവനക്കാർ കരാർ വ്യവസ്ഥയിൽ പദ്ധതിയുടെ ഭാഗമായി പ്രോസസിംഗ് യൂണിറ്റിൽ ജോലി ചെയ്തുവരുന്നുണ്ട്. 2017 നവംബറിൽ പദ്ധതി ആരംഭിച്ചത് മുതൽ 2021 ഓഗസ്റ്റ് വരെ 110.236 ടൺ ഉപേക്ഷിക്കപ്പെട്ട വലകൾ, പ്ലാസ്റ്റിക് റോപ്പുകൾ, മറ്റു പ്ലാസ്റ്റിക് ഇനങ്ങൾ എന്നിവ മത്സ്യത്തൊഴിലാളികളുടെ സഹകരണത്തോടെ കടലിൽനിന്നും നീക്കം ചെയ്തിട്ടുണ്ട്. കൂടാതെ പ്രസ്തുത ഷ്രെഡിംഗ് യൂണിറ്റിൽ സമീപ പഞ്ചായത്തുകളിൽനിന്നും ശേഖരിച്ച 23.323 ടൺ പ്ലാസ്റ്റിക് മാലിന്യങ്ങളും ഷ്രെഡിംഗിനായി ലഭ്യമാക്കിയിട്ടുണ്ട്. ഇപ്രകാരം നീണ്ടകര യൂണിറ്റിൽ ലഭ്യമാക്കിയിട്ടുള്ള 133.556 ടൺ പ്ലാസ്റ്റിക് വേസ്റ്റിൽ 90.351 ടൺ പ്ലാസ്റ്റിക് വേസ്റ്റുകളുടെ ഷ്രെഡിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവ ഷ്രെഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 78.848 ടൺ പ്ലാസ്റ്റിക് ഗ്രാന്യൂൾസ് കിലോയ്ക്ക് 22 രൂപ നിരക്കിൽ റോഡ് ടാറിംഗിന് PWD, HED, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവർക്ക് നൽകിയിട്ടുണ്ട്. പ്ലാസ്റ്റിക് ഗ്രാന്യൂളിന്റെ വിൽപ്പനയിലൂടെ 21.470 ലക്ഷം രൂപയും പ്ലാസ്റ്റിക് ബോട്ടിൽസ്, നെറ്റ്, മറ്റിനങ്ങൾ എന്നിവയുടെ വിൽപ്പനയിലൂടെ 2.8 ലക്ഷം രൂപയും വരുമാനമായി ലഭിച്ചിട്ടുണ്ട്. മേൽപ്രവർത്തനങ്ങളിലൂടെ കടലിന്റെ അടിത്തട്ടിൽ അടിഞ്ഞുകൂടുന്ന അജൈവമാലിന്യങ്ങൾ ശേഖരിച്ച് ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിനും അതുവഴി കടലിലെ മത്സ്യസമ്പത്തിനെ സംരക്ഷിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗം സംരക്ഷിക്കുന്നതിനും സാധ്യമാകുന്നു.

**ആവിയിൽ തോട് നവീകരണത്തിന് പദ്ധതി**

251(2914) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽപ്പെട്ട ആവിയിൽ തോട് നവീകരണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ടി പദ്ധതിക്ക് ഡി.എസ്.ആർ. 2018 പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

**തീരദേശത്തിന്റെ പൊതുവികസനത്തിനായി പ്രത്യേക പാക്കേജ്**

252(2915) ശ്രീ. സനീഷ്കുമാർ ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശത്തിന്റെ പൊതുവികസനത്തിനായി ഈ സർക്കാർ പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിരുന്നോ; എങ്കിൽ പ്രസ്തുത പാക്കേജിൽ ഏതെല്ലാം പദ്ധതികളാണുള്ളത്; വിശദവിവരം നൽകാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിവരം നൽകാമോ?

(എ&ബി) തീരദേശത്തിന്റെ സമഗ്രവികസനം ലക്ഷ്യമിട്ട് 5 വർഷം കൊണ്ട് അയ്യായിരം കോടി രൂപയുടെ പാക്കേജ് നടപ്പാക്കുമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്. തീരദേശത്തിന്റെ സമഗ്ര വികസനത്തിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുമുതകുന്ന പദ്ധതികളാണ് ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും പാക്കേജിന്റെ ഭാഗമായി നടപ്പാക്കിവരുന്നത്. തീരദേശത്തിന്റെ വികസനം ലക്ഷ്യമാക്കി മാർക്കറ്റുകളുടെ നവീകരണം, സ്കൂളുകൾ, ആശുപത്രികളുടെ പശ്ചാത്തല സൗകര്യ വികസനം തുടങ്ങിയവയാണ് ഇതിൽ പ്രധാനമായും ഉൾപ്പെട്ടുവരുന്നത്. കൂടാതെ തീരദേശത്ത് കടലാക്രമണ ഭീഷണിയിൽ വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ കഴിയുന്ന 18685 മത്സ്യത്തൊഴിലാളികളെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതിയും ഉൾപ്പെടുന്നു. 2,450 കോടി രൂപ അടങ്കൽ വരുന്ന പദ്ധതിയിൽ 1,398 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 1,052 കോടി രൂപ സംസ്ഥാന പദ്ധതി വിഹിതവുമാണ്. തീരദേശ സമഗ്ര വികസനം ലക്ഷ്യംവച്ചുള്ള പാക്കേജിന്റെ ഭാഗമായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന 518.94 കോടി രൂപയുടെ പദ്ധതികൾ പുരോഗമിക്കുന്നു.

1. തീരദേശത്തെ 57 സ്കൂളുകളുടെ നവീകരണം - 66.35 കോടി രൂപ

2. 51 മാർക്കറ്റുകളുടെ നവീകരണം - 120.57 കോടി രൂപ

3. തീരസംരക്ഷണ പദ്ധതികൾ - 101.59 കോടി രൂപ

4. ഹാർബർ നിർമ്മാണം - 230.43 കോടി രൂപ പാക്കേജിന്റെ ഭാഗമായി ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി 100.18 കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കിവരുന്നു. വിശദാംശങ്ങൾ അനുബന്ധം-1* ആയി ചേർക്കുന്നു.

(സി) ഹാർബറുകളുടെ വിപുലീകരണത്തിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളെക്കുറിച്ച് അറിയിക്കാമോ?

ഹാർബറുകളുടെ വിപുലീകരണത്തിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ഡി) തീരസംരക്ഷണത്തിനായി നടത്തുന്ന പ്രവർത്തനങ്ങളും വേലിയേറ്റ പരിധിയിൽനിന്ന് അമ്പത് മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനായുള്ള പദ്ധതിയുടെ പുരോഗതിയും വിശദമാക്കാമോ?

തീരസംരക്ഷണ പ്രവൃത്തികൾ പ്രധാനമായും ഇറിഗേഷൻ വകുപ്പ് മുഖേനയാണ് നടത്തുന്നത്. കൂടാതെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ എന്നിവ മുഖേനയും തീരസംരക്ഷണ പ്രവൃത്തി നടപ്പിലാക്കിയിട്ടുണ്ട്. തീരദേശശോഷണം കുറയ്ക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി കിഫ്ബി ഫണ്ടുപയോഗിച്ച് 101.51 കോടി രൂപയുടെ പ്രവൃത്തികൾ മുതലപ്പൊഴി, ചേറ്റുവ, മഞ്ചേശ്വരം, തോട്ടപ്പള്ളി, കായംകുളം, കൊല്ലം-താന്നി, പൂന്തുറ-വലിയതുറ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ NABARD RIDF XXV1-ൽ ഉൾപ്പെടുത്തി 7.14 കോടി രൂപയുടെ തീരസംരക്ഷണ പ്രവൃത്തി പുറത്തൂർ പഞ്ചായത്തിലെ പള്ളിക്കടവിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ പൂന്തുറ മുതൽ വലിയതുറ വരെയുള്ള പ്രദേശത്തെ തീരസംരക്ഷണത്തിന് 1,957.43 ലക്ഷം രൂപയ്ക്ക് ജിയോട്യൂബ് ഉപയോഗിച്ചുള്ള ഓഫ് ഷോർ ബ്രേക്ക് വാട്ടർ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നിർമ്മിക്കുന്നു. തീരദേശത്ത്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന കുടുംബങ്ങളെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന 2,450 കോടി രൂപയുടെ പദ്ധതിയാണ് പുനർഗേഹം. 2019-20 മുതൽ 2021-22 വരെയാണ് പദ്ധതി കാലയളവ്. 2,450 കോടി രൂപ അടങ്കൽ തുക വരുന്ന പ്രസ്തുത പദ്ധതിയിൽ 1,398 കോടി രൂപ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ബാക്കി 1,052 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. 6-10-2021-വരെ തീരദേശ ജില്ലകളിലെ 10949 ഗുണഭോക്താക്കളെ ജില്ലാതല അപ്രൂവൽ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ഇതിൽ മാറിത്താമസിക്കാൻ തയ്യാറായ 7682 ഗുണഭോക്താക്കളിൽ 2362 പേരുടെ ഭൂമി വില അംഗീകരിച്ചിട്ടുണ്ട്. 1791 ഗുണഭോക്താക്കൾ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതും 1298 പേർ ഭവന നിർമ്മാണം ആരംഭിച്ചിട്ടുള്ളതുമാണ്. 625 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 276 പേർ ടി പദ്ധതി പ്രകാരം ഫ്ലാറ്റിലേയ്ക്ക് താമസം മാറിയിട്ടുമുണ്ട്. 898 പേരുടെ ഫ്ലാറ്റ് നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്.

## കണ്ണപുരം, പഴയങ്ങാടി മത്സ്യമാർക്കറ്റുകൾ തുടങ്ങുവാൻ നടപടി

253(2916) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തീരദേശ വികസന കോർപ്പറേഷൻ മുഖേന പ്രോജക്ട് സമർപ്പിച്ച് കിഫ്ബിയിൽനിന്നും ധനകാര്യ അനുമതി ലഭിച്ച കണ്ണപുരം മത്സ്യമാർക്കറ്റ്, പഴയങ്ങാടി മത്സ്യമാർക്കറ്റ് എന്നിവയുടെ പ്രവൃത്തികൾ ഉടൻ തുടങ്ങുവാനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

തീരദേശ വികസന കോർപ്പറേഷൻ മുഖേന കണ്ണപുരം മത്സ്യമാർക്കറ്റ്, പഴയങ്ങാടി മത്സ്യമാർക്കറ്റ് എന്നിവയുടെ നിർമ്മാണത്തിനായി യഥാക്രമം 99.396 ലക്ഷം രൂപയും 126.514 ലക്ഷം രൂപയും കിഫ്ബിയുടെ അനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ DSR rate-ന് revision വന്നിരിക്കുന്നതിനാൽ ടി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പുതുക്കി കിഫ്ബിയുടെ അംഗീകാരം ലഭ്യമാക്കി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കായംകുളം മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ

254(2917) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിൽനിന്നും തുക അനുവദിച്ച് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പാക്കുന്ന കായംകുളം നഗരസഭയിലെ ചെറുകാവ്-ഇല്ലത്ത് റോഡ്, ക്ലാപ്പന മരങ്ങാട്ട് റോഡ്, ഒന്നാം കുറ്റി ഗുരുമന്ദിരം റോഡ്, ആലയ്ക്കമുറി പട്ടശ്ശേരി റോഡ് എന്നീ റോഡുകൾ ഭരണാനുമതി ലഭിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിഞ്ഞില്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണമെന്തെന്നും റോഡുകളുടെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വിശദമാക്കുമോ?

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

1. ചെറുകാവ് ഇല്ലത്ത് റോഡ് - റോഡ് പ്രവൃത്തിക്കുവേണ്ടി കരാറുകാരന് സൈറ്റ് കൈമാറി, സൈറ്റിൽ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരവെ റോഡ് ഉയർത്തുന്നതുമായി ബന്ധപ്പെട്ടും ഡ്രെയിനിന്റെ ഔട്ട്‌ലറ്റുമായി ബന്ധപ്പെട്ടും തർക്കങ്ങൾ ഉണ്ടാവുകയും പ്രവൃത്തി തടസ്സപ്പെടുകയും ചെയ്തു. ഒക്ടോബർ ആദ്യവാരത്തോടുകൂടി പ്രവൃത്തികൾ പുനരാരംഭിച്ച് ഇപ്പോൾ ഏകദേശം 490 മീറ്റർ ഓടയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ കാലാവസ്ഥ അനുയോജ്യമെങ്കിൽ 31-3-2022 - നുള്ളിൽ പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്.

2. ക്ലാപ്പന - മരങ്ങാട്ട് റോഡ് - 12-6-2019-ൽ ഭരണാനുമതി നൽകിയ ടി റോഡ് പ്രവൃത്തിക്കുവേണ്ടി 3 പ്രാവശ്യം ദർഘാസ് ക്ഷണിച്ചെങ്കിലും കരാറുകാർ ആരും പ്രവൃത്തി ഏറ്റെടുത്തില്ല. തുടർന്ന് 4-ാം പ്രാവശ്യം നടത്തിയ ദർഘാസിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരനുമായി കരാറിലേർപ്പെട്ടുവെങ്കിലും റോഡിന് ഭൂമി ലഭ്യമല്ലെന്ന് ആരോപിച്ച് കരാറുകാരൻ പ്രവൃത്തി ഏർപ്പാടാക്കിയിരുന്നില്ല. നിലവിൽ വാർഡ് മെമ്പറുടെ സാന്നിദ്ധ്യത്തിൽ അതിർത്തി വ്യക്തമാക്കി റോഡിന് കുറ്റിയടിച്ച് നൽകിയിട്ടുണ്ട്. കാലാവസ്ഥ അനുയോജ്യമെങ്കിൽ 31-3-2022-ഓടുകൂടി പൂർത്തീകരിക്കാവുന്നതാണ്.

3. ഒന്നാംകുറ്റി ഗുരുമന്ദിരം റോഡ് - കരാറിൽ ഏർപ്പെട്ട ടി പ്രവൃത്തിയുടെ സൈറ്റ് 6-11-2020-ൽ കരാറുകാരന് കൈമാറിയിരുന്നു. ടി റോഡിൽ ഓടയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മഴമൂലമാണ് ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിക്കാത്തത്. ശേഷിക്കുന്ന മറ്റുപ്രവൃത്തികൾ കാലാവസ്ഥ അനുയോജ്യമെങ്കിൽ 30-11-2021-നുള്ളിൽ പൂർത്തീകരിക്കുന്നതാണ്.

4. ആലയ്ക്കമുറി പട്ടശ്ശേരി റോഡ് - കരാറിൽ ഏർപ്പെട്ട ടി പ്രവൃത്തിയുടെ സൈറ്റ് 1-8-2020-ൽ കരാറുകാരന് കൈമാറിയിരുന്നു. ടി റോഡിൽ ഓട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ കാലാവസ്ഥ അനുയോജ്യമാണെങ്കിൽ 30-10-2021-നുള്ളിൽ പൂർത്തീകരിക്കുന്നതാണ്.

## വാടാനപ്പള്ളി പഞ്ചായത്തിലെ തകർന്ന റോഡുകളുടെ പുനർനിർമ്മാണം

255(2918) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പഞ്ചായത്തിലുണ്ടായ രൂക്ഷമായ കടലാക്രമണത്തിൽ തീരദേശ റോഡ് തകർന്ന് പൊക്കാഞ്ചേരി ഭാഗം രണ്ടായി പിളർന്ന് 16, 17, 18 വാർഡുകളിലെ ജനങ്ങളുടെ യാത്രാ സൗകര്യം തടസ്സപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത ഭാഗത്തെ തീരദേശ റോഡും തകർന്ന പൈപ്പ് ലൈനുകളും പുനർനിർമ്മിക്കാൻ നടപടിയെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

പ്രസ്തുത ഭാഗത്തെ തീരദേശ റോഡിന്റെ നിർമ്മാണത്തിന് 90 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നുവെങ്കിലും പഞ്ചായത്ത് ലഭ്യമാക്കിയ സ്ഥലം സീവാളിനോട് ചേർന്ന് കടലാക്രമണം നേരിടുന്ന സ്ഥലമായതിനാൽ ഭരണാനുമതി റദ്ദാക്കേണ്ടിവന്നു. തകർന്ന പൈപ്പുലൈനുകളുടെ നിർമ്മാണം ഈ വകുപ്പുമായി ബന്ധപ്പെട്ടതല്ല.

## വെട്ടിയാർ ആറ്റുതീരം റോഡ് നിർമ്മാണ പദ്ധതി

256(2919) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ വെട്ടിയാർ ആറ്റുതീരം റോഡ് നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ തുക അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) വള്ളിക്കുന്നം പഞ്ചായത്തിലെ കാഞ്ഞിപ്പുഴ പള്ളിമുക്ക് പറയന്റെ കിഴക്കതിൽ ജംഗ്ഷൻ റോഡിന്റെ സെക്കന്റ് റീച്ച് നിർമ്മിക്കുന്നതിനാവശ്യമായ തുക അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റോഡുകളുടെ നിർമ്മാണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കാമോ; വിശദമാക്കാമോ?

(എ-സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

**ചാത്തന്നൂർ മണ്ഡലത്തിലെ തീരദേശ റോഡുകളുടെ നവീകരണം**

257(2920) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ പദ്ധതിയിൽ 2018-2021 കാലയളവിൽ ചാത്തന്നൂർ മണ്ഡലത്തിലെ ഏതെല്ലാം റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡുകളിൽ പണി പൂർത്തീകരിക്കാത്തവയുടെയും നിലവാരമുയർത്തൽ പ്രവൃത്തി ആരംഭിക്കാത്ത റോഡുകളുടെയും വിശദാംശങ്ങൾ അറിയിക്കാമോ?

(എ & ബി) തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ പദ്ധതിയിൽ 2018-21 കാലയളവിൽ ചാത്തന്നൂർ മണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച റോഡുകളുടെയും പ്രസ്തുത റോഡുകളിൽ പണി പൂർത്തീകരിക്കാത്തവയുടെയും നിലവാരമുയർത്തൽ പ്രവൃത്തി ആരംഭിക്കാത്ത റോഡുകളുടെയും വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) ചാത്തന്നൂർ മണ്ഡലത്തിലെ ഏതെല്ലാം തീരദേശ റോഡുകളാണ് നവീകരണ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി നിലവിൽ വകുപ്പിന്റെ പരിഗണനയിലുള്ളതെന്ന് വിശദമാക്കാമോ?

1. ആദിച്ചനല്ലൂർ പഞ്ചായത്തിലെ ആദിച്ചനല്ലൂർ ചിറകുണ്ടുമൺ റോഡ്.

2. ചിറക്കര പഞ്ചായത്തിലെ കൊച്ചാലുംമൂട്-പോളച്ചിറ ഒഴുകുംപാറ റോഡ്.

3. കല്ലുവാതുക്കൽ പഞ്ചായത്തിലെ വട്ടക്കുഴിയിൽ മണ്ണയം റോഡ്.

4. പരവൂർ മുനിസിപ്പാലിറ്റിയിലെ മണിയംകുളം - കോട്ടപ്പുറം - തൊടിയിൽ മുക്കറോഡും പൊതുവഴിയും സംരക്ഷണം.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മത്സ്യവ്യാപാരത്തിനായി മൊബൈൽ ആപ്ലിക്കേഷൻ

258(2921) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡ് തയ്യാറാക്കിയിട്ടുള്ള മൊബൈൽ ആപ്ലിക്കേഷൻ ചില്ലറ വിൽപ്പനക്കാരായ മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനകരമാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ചില്ലറ വിൽപ്പനക്കാർക്ക് കൂടുതൽ പ്രയോജനകരമാകുന്ന രീതിയിൽ പ്രസ്തുത ആപ്ലിക്കേഷൻ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) ചില്ലറ വിൽപ്പനക്കാർ മൊബൈൽ ആപ്പിന്റെ ഭാഗമല്ലാത്തതിനാൽ അതിന്റെ പ്രയോജനം സംബന്ധിച്ച വിലയിരുത്തൽ നടത്തിയിട്ടില്ല. മത്സ്യഫെഡ് ഫിഷ്മാർട്ടുകൾ, ഫ്രാഞ്ചൈസി മാർട്ടുകൾ, അന്തിപച്ച യൂണിറ്റുകൾ എന്നിവിടങ്ങളിലേയ്ക്കുള്ള മത്സ്യവിപണനത്തിനാണ് മത്സ്യഫെഡ് മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചിട്ടുള്ളത്.

## വാമനപുരം മണ്ഡലത്തിലെ ഫിഷ്മാർട്ടുകൾ

259(2922) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ മത്സ്യഫെഡിന്റെ ഫിഷ്മാർട്ടുകൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് എവിടെയൊക്കെയാണെന്ന് അറിയിക്കാമോ?

(എ & ബി) വാമനപുരം മണ്ഡലത്തിൽ നിലവിൽ മത്സ്യഫെഡിന്റെ നേരിട്ടുള്ള ഫിഷ്മാർട്ട് പ്രവർത്തിക്കുന്നില്ല. കല്ലറ ഗ്രാമപഞ്ചായത്തിൽ ഒരു മത്സ്യഫെഡ് ഫിഷ്മാർട്ട് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത ഫിഷ്മാർട്ടുകൾ അനുവദിക്കുന്നതിന് മണ്ഡലത്തിന്റെ പരിധിക്കുള്ളിൽനിന്നും ഇതുവരെ ലഭിച്ച അപേക്ഷകളുടെ വിവരങ്ങൾ നൽകാമോ;

(ഡി) ഈ അപേക്ഷകളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(സി & ഡി) വെഞ്ഞാറമൂട് കേന്ദ്രീകരിച്ച് നെടുമങ്ങാട് താലൂക്ക് ടൂറിസം പ്രൊമോഷൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നം.2179-ൽനിന്നും ഫ്രാഞ്ചൈസി ഫിഷ്മാർട്ട് തുടങ്ങുന്നതിനുള്ള അപേക്ഷ ലഭിക്കുകയും അതിൽ തീരുമാനമെടുത്ത് 5-10-2021-ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

**മത്സ്യത്തൊഴിലാളികൾക്കുള്ള സഹായം**

260(2923) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് സാഹചര്യത്തിൽ നഷ്ടത്തിലായ മത്സ്യമേഖലയിലെ തൊഴിലാളികളെ സഹായിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പ്രകൃതിക്ഷോഭങ്ങൾ സംബന്ധിച്ച് ദുരന്തനിവാരണ വകുപ്പിന്റെ കാലാവസ്ഥാ മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിലും കോവിഡ്-19 മഹാമാരി പ്രകാരമുള്ള ലോക്ഡൗൺമൂലവും തൊഴിൽദിനങ്ങൾ നഷ്ടമായ മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം നൽകുന്നതിനായി SDRF പ്രകാരം 31.126 കോടി രൂപയും CMDRF പ്രകാരം 5 കോടി രൂപയും ഉൾപ്പെടെ 36.126 കോടി രൂപ അനുവദിച്ച് വിതരണം നടത്തിയിരുന്നു. കടലിൽ മത്സ്യബന്ധനത്തിലേർപ്പെട്ടിരുന്ന തൊഴിലാളികളുടെ കുടുംബങ്ങൾക്ക് 2,000 രൂപ വീതവും കോവിഡ് -19 മൂലം തൊഴിൽ നഷ്ടപ്പെട്ട ഉൾനാടൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2,000 രൂപ വീതവും അനുബന്ധ വിഭാഗങ്ങൾക്ക് 1,000 രൂപ വീതവും ധനസഹായം നൽകിയിട്ടുണ്ട്. 207104 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഈ സാമ്പത്തിക സഹായം ലഭ്യമായിരുന്നു. ടൗട്ടെ ചുഴലിക്കാറ്റിന്റെ തീവ്രതയിൽ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തിയ ആറ് ദിവസത്തേയ്ക്ക് ധനസഹായം തിട്ടപ്പെടുത്തി ഒരു കുടുംബത്തിന് 1,200 രൂപ വീതം നൽകുന്നതിന് 18.36 കോടി രൂപ അനുവദിച്ച് വിതരണം നടത്തിയിട്ടുണ്ട്. പ്രസ്തുത ധനസഹായം 124970 കടൽ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും 28070 അനുബന്ധ തൊഴിലാളി കുടുംബങ്ങൾക്കും ലഭിച്ചിട്ടുണ്ട്. കോവിഡിന്റെ രണ്ടാം വരവിനോടനുബന്ധിച്ച് മത്സ്യബന്ധന നിയന്ത്രണം ഏർപ്പെടുത്തിയിരുന്നില്ലെങ്കിലും ചുഴലിക്കാറ്റിന്റെ പ്രഭാവത്തിൽ മത്സ്യബന്ധനം നടത്തുന്നതിന് വിലക്കേർപ്പെടുത്തിയതിനാൽ അവരുടെ ജീവനോപാധി നഷ്ടപ്പെട്ട സാഹചര്യത്തിൽ കടൽ/നാടൻ/അനുബന്ധ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് അരി, പയർവർഗ്ഗങ്ങൾ, പലവ്യഞ്ജന സാധനങ്ങൾ സോപ്പ്, മാസ്ക്, sanitizer തുടങ്ങിയ 20 ഇനങ്ങൾ ഉൾപ്പെട്ട കിറ്റ് റേഷൻ കടകൾവഴി വിതരണം ചെയ്തിട്ടുണ്ട്. 122377 കുടുംബങ്ങൾക്ക് പ്രസ്തുത ഭക്ഷ്യക്കിറ്റ് വിതരണം നടത്തിയിട്ടുണ്ട്. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 240211 മത്സ്യത്തൊഴിലാളികൾക്കും 84531 അനുബന്ധ തൊഴിലാളികൾക്കും 1,000 രൂപ നിരക്കിൽ നൽകുന്നതിനായി 32.47 കോടി രൂപ ക്ഷേമനിധി ബോർഡ് മുഖാന്തരം മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും അനുവദിച്ച്

നൽകിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം മറൈൻ ഗുണഭോക്താക്കൾക്ക് മേയ്, ജൂൺ മാസങ്ങളിലായി പദ്ധതിയുടെ ഒന്നും രണ്ടും ഗഡുക്കളും ഉൾനാടൻ ഗുണഭോക്താക്കൾക്ക് ജൂലൈ, ഓഗസ്റ്റ് മാസങ്ങളിലായി പദ്ധതിയുടെ ഒന്നും രണ്ടും ഗഡുക്കളും വിതരണം ചെയ്തിട്ടുണ്ട്.

**കുണ്ടറ നിയോജകമണ്ഡലത്തിലെ കണ്ണനല്ലൂർ മത്സ്യമാർക്കറ്റ്**

261(2924) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുണ്ടറ നിയോജകമണ്ഡലത്തിലെ കണ്ണനല്ലൂരിൽ മത്സ്യമാർക്കറ്റ് അനുവദിച്ചിട്ടുണ്ടോ; അനുവദിച്ചിട്ടുണ്ടെങ്കിൽ അനുവദിച്ചിരുന്ന സമയത്ത് നിർമ്മാണത്തിനായി സ്ഥലം ലഭ്യമായിരുന്നോ; സ്ഥലം ലഭ്യമല്ലെങ്കിൽ സ്ഥലം ഏറ്റെടുക്കുന്നതും മറ്റുനിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

കുണ്ടറ നിയോജകമണ്ഡലത്തിലെ കണ്ണനല്ലൂരിൽ ആധുനിക മത്സ്യമാർക്കറ്റ് നിർമ്മിക്കുന്നതിനായി നബാർഡ് ആർ.ഐ.ഡി.എഫ്. സ്കീമിൽ 502.00 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി രൂപീകരണ സമയത്ത് നിർമ്മാണത്തിനായി സ്ഥലം ലഭ്യമായിരുന്നു. (റവന്യൂ രേഖകളിൽ സർക്കാർ പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു). ദർഘാസ് ക്ഷണിച്ച് നിർമ്മാണം ആരംഭിക്കുന്ന ഘട്ടമായപ്പോഴേയ്ക്കും കോടതി വ്യവഹാരം നിമിത്തം നിർമ്മാണം ആരംഭിക്കുവാൻ കഴിഞ്ഞില്ല. പ്രവൃത്തി ഏർപ്പാടാക്കുന്നതിന് ഉദ്ദേശിച്ചിരുന്ന സ്ഥലം ഇപ്പോൾ വേലികെട്ടി സംരക്ഷിച്ചിരിക്കുകയാണ്. പ്രവൃത്തി നടപ്പിലാക്കുന്നതിന് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി ബഹുമാനപ്പെട്ട കൊല്ലം ജില്ലാ കളക്ടറോടും തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോടും അഭ്യർത്ഥിച്ചിരിക്കുകയാണ്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കാവുന്നതാണ്.

**സംസ്ഥാനത്ത് ഫിഷറീസ് കൺട്രോൾ റൂം സജ്ജമാക്കുന്നതിന് നടപടി**

262(2925) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫിഷറീസ് കൺട്രോൾ റൂം സജ്ജമാക്കിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണ് ഇതിന്റെ പ്രവർത്തനങ്ങളെന്നറിയിക്കുമോ?

ഉണ്ട്. കാറ്റിന്റെ വേഗത, തിരമാലയുടെ ഉയരം, കടലിന്റെ ഒഴുക്കിലുണ്ടാകുന്ന വ്യത്യാസങ്ങൾ, ന്യൂനമർദ്ദ സാധ്യത, ചുഴലിക്കാറ്റ് മുന്നറിയിപ്പ്, മത്സ്യലഭ്യതയുള്ള സ്ഥാനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ IMD, SDMA, INCOIS തുടങ്ങിയ ഏജൻസികൾ പുറപ്പെടുവിക്കുന്ന മുന്നറിയിപ്പുകൾ യഥാസമയം മത്സ്യത്തൊഴിലാളികൾക്ക് എത്തിച്ചുകൊടുക്കുകയെന്നതാണ് ഫിഷറീസ് കൺട്രോൾ റൂമുകളുടെ പ്രധാന ചുമതല. ചുഴലിക്കാറ്റ്, സുനാമി മുന്നറിയിപ്പുകൾ ഉണ്ടാകുമ്പോൾ കടലിൽ മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന മത്സ്യബന്ധന യാനങ്ങളെയെല്ലാം കോസ്റ്റ് ഗാർഡ്, ഇന്ത്യൻ നേവി എന്നിവയുടെകൂടി സഹായത്തോടെ അറിയിപ്പുകൾ നൽകി അവയെ ഏറ്റവും അടുത്തുള്ള സുരക്ഷിത ഹാർബറുകളിലേയ്ക്ക് എത്തിക്കുന്ന ശ്രമകരമായ പ്രവൃത്തിയും കൺട്രോൾ റൂമുകളാണ് നിർവ്വഹിക്കുന്നത്.

(ബി) രാസപദാർത്ഥം കലർത്തിയ മത്സ്യം വിപണനം ചെയ്യുന്നതിനെതിരെ വ്യാപകമായ പരാതികൾ പതിവായിട്ടും ഇത് തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ കഴിയാത്തതെന്തുകൊണ്ടാണ്; നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആർക്കൊക്കെ എതിരെ, വ്യക്തമാക്കുമോ;

(സി) മത്സ്യത്തിൽ രാസപദാർത്ഥങ്ങൾ കലർത്തി വിപണനം നടത്തുന്നത് തടയുന്നതിന് പ്രത്യേക സ്ക്വാഡുകളുടെ പരിശോധനാ സംവിധാനം സജ്ജമാക്കിയിട്ടുണ്ടോ; എങ്കിൽ ഇത്തരം സ്ക്വാഡുകളുടെ പ്രവർത്തനം വിപുലമാക്കുമോ; വ്യക്തമാക്കുമോ?

(ബി&സി) ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ 28-7-2021 വരെയുള്ള റിപ്പോർട്ട് പ്രകാരം കോവിഡ്-19 ഒന്നാം തരംഗത്തിൽ ചെക്ക്പോസ്റ്റുകൾ, മത്സ്യമാർക്കറ്റുകൾ എന്നിവ കേന്ദ്രീകരിച്ച് സംസ്ഥാനത്തൊട്ടാകെ നടത്തിയ പരിശോധനകളിൽ 201 മെട്രിക് ടൺ കേടായ മത്സ്യം പിടിച്ചെടുത്ത് നശിപ്പിച്ചിട്ടുണ്ട്. കോവിഡ് രണ്ടാം തരംഗത്തിൽ സംസ്ഥാനത്തൊട്ടാകെ 1652 പരിശോധനകൾ നടത്തുകയും 407 മത്സ്യസാമ്പിളുകൾ ശേഖരിക്കുകയും 128 പേർക്ക് നോട്ടീസ് നൽകുകയും 16 പേർക്ക് പിഴ അടയ്ക്കുന്നതിനായി നോട്ടീസ് നൽകുകയും 502.3 കിലോഗ്രാം കേടായ മത്സ്യം പിടിച്ചെടുത്ത് നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഫോർമാലിൻ/അമോണിയ കിറ്റ് ഉപയോഗിച്ച് നടത്തിയ തത്സമയ പരിശോധനകളിൽ ഫോർമാലിന്റെ സാന്നിദ്ധ്യം കണ്ടെത്തിയതിനെത്തുടർന്ന് 247 കിലോഗ്രാം മത്സ്യം നശിപ്പിച്ചിട്ടുണ്ട്. 407 സാമ്പിളുകളിൽ 298 സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കിയതിൽ 26 മത്സ്യ സാമ്പിളുകൾ ഭക്ഷ്യയോഗ്യമല്ലായെന്ന് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ ലബോറട്ടറി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. മത്സ്യത്തിൽ മായം ചേർക്കലും രാസവസ്തുക്കൾ ഉപയോഗിച്ച മത്സ്യവില്പന പ്രവണതകൾ തടയുന്നതിനും പൊതുജനങ്ങൾക്ക് ഇതുമായി

ബന്ധപ്പെട്ട് അവരുടെ പരാതികൾ സമയബന്ധിതമായി വകുപ്പിനെ അറിയിക്കുന്നതിനുമായി ടോൾ ഫ്രീ നമ്പർ (18004253183) ഏർപ്പെടുത്തിയിട്ടുണ്ട്. മത്സ്യത്തിൽ മായം ചേർക്കലും രാസവസ്തുക്കൾ ഉപയോഗിച്ച് കൂടുതൽ കാലം മത്സ്യം കേടുകൂടാതെ വയ്ക്കുന്നതും രാസവസ്തു ഉപയോഗിച്ചുള്ള മത്സ്യവില്പന പ്രവണതകൾ എന്നിവ നിയന്ത്രിക്കുന്നതിനുമായി ഫുഡ് സേഫ്റ്റി വിഭാഗവും ഫിഷറീസ് വകുപ്പും ചേർന്ന് എല്ലാ ജില്ലകളിലും ജോയിന്റ് ഇൻസ്പെക്ഷൻ സ്ക്വാഡുകൾ-ടാസ്ക് ഫോഴ്സ് രൂപീകരിച്ച് ചെക്ക് പോസ്റ്റുകൾ, മത്സ്യ മൊത്ത/ചില്ലറ വ്യാപാര കേന്ദ്രങ്ങൾ, റയിൽവേ സ്റ്റേഷനുകൾ, ഫിഷിംഗ് ഹാർബറുകൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ എന്നിവിടങ്ങളിൽ പരിശോധനകൾ നടത്തിവരുന്നു. പ്രസ്തുത പരിശോധനയിൽ രാസപദാർത്ഥങ്ങൾ കലർന്നതോ പഴക്കം ചെന്നതോ ആയ മത്സ്യം കണ്ടെത്തുന്ന സാഹചര്യത്തിൽ അവ അതേ സംസ്ഥാനത്തേയ്ക്കുതന്നെ തിരിച്ചയയ്ക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്നു. അമോണിയ, ഫോർമാലിൻ എന്നിവ ചേർത്ത മത്സ്യവില്പന തത്സമയം കണ്ടെത്തുന്നതിന് CIFT (Central Institute of Fisheries Technology)-മായി ചേർന്ന് വികസിപ്പിച്ച പേപ്പർ സ്ട്രിപ്പ് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ടെസ്റ്റ് കിറ്റ് വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിച്ച് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യങ്ങൾ ലഭ്യമാക്കാൻ സഹായകരമായിട്ടുണ്ട്.

**ഓൺലൈൻ മത്സ്യവ്യാപാരം**

263(2926) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡ് വഴി തിരുവനന്തപുരം ജില്ലയിൽ ആരംഭിച്ച ഓൺലൈൻ മത്സ്യവ്യാപാരം വിജയപ്രദമാണോ; വിശദാംശം നൽകുമോ; ഇതിലെ ഗുണഭോക്താക്കളായ വ്യാപാരികളെ കണ്ടെത്തുന്നതെങ്ങനെയാണ്; ഇതുമൂലം എത്ര തൊഴിലവസരങ്ങളാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്; വ്യക്തമാക്കുമോ?

തിരുവനന്തപുരം ജില്ലയിൽ 2020 നവംബർ 6-ന് മത്സ്യഫെഡിന്റെ ഓൺലൈൻ മത്സ്യവിപണനം 'മത്സ്യഫെഡ് ഫ്രഷ് മീൻ' എന്ന പേരിൽ ആനയറയിൽ പ്രവർത്തനം ആരംഭിക്കുകയും വെബ്സൈറ്റ്/മൊബൈൽ ആപ്ലിക്കേഷൻ മുഖാന്തരം ഉപഭോക്താക്കളെ കണ്ടെത്തുകയും ചെയ്യുന്നു. ടി സ്ഥാപനത്തിൽ 14 തൊഴിലവസരങ്ങളാണ് നിലവിൽ സൃഷ്ടിച്ചിട്ടുള്ളത്. നിലവിൽ സ്ഥാപനം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) പ്രസ്തുത സേവനം മറ്റുജില്ലകളിൽക്കൂടി വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കുമോ;

(സി) തിരുവനന്തപുരം ജില്ലയിൽ കെ.എസ്.ആർ.ടി.സി.-യുമായി സഹകരിച്ച് നടത്തുന്ന സമുദ്ര പദ്ധതി മറ്റുജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇതിന് എത്ര ചെലവ് പ്രതീക്ഷിക്കുന്നുണ്ട്; എത്ര ഗുണഭോക്താക്കൾക്ക് ഇതുമൂലം തൊഴിലും സേവനവും നൽകാൻ സാധിക്കുമെന്ന് അറിയിക്കുമോ?

(ബി&സി) എല്ലാ ജില്ലകളിലും ഓൺലൈൻ മത്സ്യവിപണനം ആരംഭിക്കുന്നത് പരിശോധിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കിയ പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയും ഫണ്ടിന്റെ ലഭ്യതയുമനുസരിച്ച് സമുദ്ര പദ്ധതി മറ്റുജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നത് പരിശോധിക്കുന്നതാണ്. നിലവിൽ ഒരു ബസ്സിന് പ്രതിവർഷം 22.5 ലക്ഷം രൂപ ചെലവ് വരുന്നുണ്ട്. തിരുവനന്തപുരം ജില്ലയിൽ 3 സമുദ്ര ബസ് സർവ്വീസുകൾ മുഖേന ഏകദേശം 150 മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് നേരിട്ട് പ്രതിദിനം പ്രയോജനം ലഭിക്കുന്നുണ്ട്. കൂടാതെ ഒരു ബസ്സിന് രണ്ട് ഡ്രൈവർ എന്ന കണക്കിൽ 6 പേർക്ക് തൊഴിലും ലഭിക്കുന്നുണ്ട്.

**സംസ്ഥാനത്തെ മത്സ്യ ഉല്പാദനം**

264(2927) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. എച്ച്. സലാം:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനും ഇവയുടെ സംരക്ഷണം, പരിപാലനം എന്നിവയ്ക്കുമായി എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പിലാക്കിവരുന്നത്?

കെ.എം.എഫ്.ആർ. ആക്ട് കാലോചിതമായി പരിഷ്കരിച്ച് കേരള തീരക്കടലിലെ അശാസ്ത്രീയമായ മത്സ്യബന്ധനം തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ട്രോൾവലകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബന്ധമാക്കിയിട്ടുണ്ട്. പ്രധാന വലകളുടെ പരമാവധി വലിപ്പവും കുറഞ്ഞ കണ്ണിവലിപ്പവും നിശ്ചയിച്ചിട്ടുണ്ട്. പേഴ്സിൻ, പെലാജിക് ട്രോൾ, മിഡ് വാട്ടർ ട്രോൾ, ബുൾ ട്രോൾ (പെയർ ട്രോൾ) എന്നിവ പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ തീരക്കടലിൽ മത്സ്യബന്ധനം നടത്തുന്നതിനുള്ള ലൈസൻസ് 20 മീറ്റർവരെ നീളവും 250 എച്ച്.പി. വരെ എഞ്ചിൻ കപ്പാസിറ്റിയുമുള്ള യാനങ്ങൾക്ക് മാത്രമായി

നിജപ്പെടുത്തിയിട്ടുണ്ട്. മത്സ്യസമ്പത്ത് സംരക്ഷിച്ച് ഉപയോഗപ്പെടുത്തുന്നതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുന്നതിന് പുതുതായി രൂപീകരിച്ചിട്ടുള്ള ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനവും പ്രയോജനപ്പെടുത്തുന്നുണ്ട്. സി.എം.എഫ്.ആർ.ഐ.-യുടെ പഠന റിപ്പോർട്ടിന്റെയും ശിപാർശയുടെയും അടിസ്ഥാനത്തിൽ കേരളതീരത്ത് സുലഭമായ 58 ഇനം മത്സ്യ ഇനങ്ങളുടെ കാര്യത്തിൽ നിയമപരമായി പിടിച്ചെടുക്കാവുന്ന ഏറ്റവും കുറഞ്ഞ വലിപ്പം (MLS) നിശ്ചയിച്ച് സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. അശാസ്ത്രീയ മത്സ്യ ബന്ധനത്തിലേർപ്പെടുന്ന മത്സ്യബന്ധന യാനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവരുന്നു. ഫിഷറീസ് സ്റ്റേഷൻ വഴിയും മത്സ്യഭവനുകൾ വഴിയും ബോധവൽക്കരണം നടത്തുകയും ചെറുമത്സ്യങ്ങളെയും മത്സ്യക്കുഞ്ഞുങ്ങളെയും പിടിക്കുന്നതുവഴി മത്സ്യസമ്പത്ത് നശിക്കുന്നതുമായി ബന്ധപ്പെട്ട് അവബോധം സൃഷ്ടിക്കുകയും ചെയ്തുവരുന്നുണ്ട്. മത്സ്യസമ്പത്ത് പരിപാലിക്കുന്നതിന്റെ ഭാഗമായി 2018 വർഷം മുതൽ ട്രോൾ ബാൻ കാലാവധി 47 ദിവസത്തിൽനിന്നും 52 ദിവസമായി വർദ്ധിപ്പിച്ചിട്ടുണ്ട്. നീല വിപ്ലവം പദ്ധതിയിലുൾപ്പെട്ട സീ കേജ് ഫാമിംഗ് പദ്ധതിയും റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ബയോഫ്ലോക് അക്വാകൾച്ചർ സിസ്റ്റം എന്നീ നൂതന മത്സ്യകൃഷി രീതികളും കൂടിലെ മത്സ്യകൃഷി പദ്ധതിയും നടപ്പിലാക്കിവരുന്നു. പൊതുജലാശയങ്ങളിലും പുഴകളിലും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന ഫിഷ് സ്റ്റോക്ക് എൻഹാൻസ്മെന്റ് പ്രോഗ്രാം (റാഞ്ചിംഗ്) പദ്ധതി നടപ്പിലാക്കിവരുന്നു. മത്സ്യ വിഭവങ്ങളുടെ സംരക്ഷണത്തിനായി നിയമവിരുദ്ധ മത്സ്യബന്ധനം കണ്ടെത്തുന്നതിനും തടയുന്നതിനുമായി കായൽ പട്രോളിംഗ് നടത്തിവരുന്നു. അനധികൃതമായി സ്ഥാപിച്ചിട്ടുള്ള ഊന്നി/ചീന വലകൾ നീക്കം ചെയ്യുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വേമ്പനാട് കായലിലെ ഉൾനാടൻ മത്സ്യവിഭവങ്ങളുടെ സംരക്ഷണം, വർദ്ധനവ് ലക്ഷ്യമാക്കി 2019-20 സാമ്പത്തിക വർഷം 248 ലക്ഷം രൂപയുടെ വേമ്പനാട് കായൽ മത്സ്യ സംരക്ഷണ പദ്ധതിയും അഷ്ടമുടി കായലിലെ ഉൾനാടൻ മത്സ്യവിഭവങ്ങളുടെ സംരക്ഷണവും വർദ്ധനവും ലക്ഷ്യമാക്കി 2019-20 മുതൽ അഷ്ടമുടി കായൽ മത്സ്യസംരക്ഷണ പദ്ധതിയും നടപ്പിലാക്കിവരുന്നു.

(ബി) മത്സ്യോല്പാദനവുമായി ബന്ധപ്പെട്ട് അക്വാകൾച്ചർ വികസനത്തിനായി പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉണ്ട്. PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷം 63.40 കോടി രൂപയുടെ ബയോഫ്ലോക്ക് കൃഷി, റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ഓരുജല കൂട് കൃഷി, കുളങ്ങളിലെ ഓരുജല കൃഷി എന്നീ 4 പദ്ധതികളും

അഡാക്ക് വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 12 കോടി രൂപയുടെ റിസർവോയർ വികസന പദ്ധതിയും കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി പദ്ധതിക്കായി 98 കോടി രൂപയുടെ ഭരണാനുമതി നൽകിയതനുസരിച്ച് നടപ്പാക്കിവരുന്ന വിവിധ മത്സ്യക്കൃഷി രീതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**പ്രകൃതിദുരന്തങ്ങൾ മത്സ്യബന്ധന മേഖലയ്ക്കുണ്ടാക്കിയ നാശനഷ്ടങ്ങൾ**

265(2928) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകമാനം ഈ അടുത്തകാലത്ത് അടിക്കടിയുണ്ടായ ന്യൂനമർദ്ദങ്ങളും അതിന്റെ ഭാഗമായ ചുഴലിക്കാറ്റും കനത്തമഴയും കടൽക്ഷോഭവും മത്സ്യമേഖലയ്ക്കും മത്സ്യബന്ധനത്തിനും മത്സ്യബന്ധന ഉപകരണങ്ങൾക്കും ഉണ്ടാക്കിയ നാശനഷ്ടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി എത്ര മത്സ്യത്തൊഴിലാളികൾക്ക് ജീവഹാനി സംഭവിച്ചു; എത്ര മത്സ്യബന്ധനോപാധികളും ബോട്ടുകളും വള്ളങ്ങളും കാണാതാകുകയും കേടുപാടുകൾക്ക് വിധേയമാകുകയും ചെയ്തു; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(എ&ബി) ഉണ്ട്. ഫിഷറീസ് വകുപ്പിന്റെ കണക്കുകൾപ്രകാരം ന്യൂനമർദ്ദത്തിലും ചുഴലിക്കാറ്റിലും 186 വീടുകൾ പൂർണ്ണമായും 2432 വീടുകൾ ഭാഗികമായും തകർന്നു. മൂവായിരത്തോളം മത്സ്യത്തൊഴിലാളി കുടുംബങ്ങളെ ജില്ലകളിൽ പ്രവർത്തിച്ചിരുന്ന റിലീഫ് ക്യാമ്പുകളിലേയ്ക്ക് മാറ്റിയിരുന്നു. ഇതുകൂടാതെ മത്സ്യബന്ധന ഉപകരണങ്ങളുടെയും മത്സ്യക്കൃഷി ഫാമുകളുടെയും നഷ്ടം SDRF മാനദണ്ഡപ്രകാരം കണക്കാക്കി 140.90 ലക്ഷം രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനായി ദുരന്തനിവാരണ വകുപ്പിന് നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി* ചേർക്കുന്നു. നൂതന കൃഷിരീതികളായ Biofloc, Recirculatory Aquaculture System, Cage farming, Intensive farming in Padutha എന്നിവയിൽ 398.58 ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. 2021 ജനുവരി മുതൽ ഓഗസ്റ്റ് മാസംവരെയുള്ള കാലയളവിൽ കടലിലുണ്ടായിട്ടുള്ള അപകടത്തിൽ 24 പേർക്ക് ജീവഹാനി സംഭവിച്ചിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഇത്തരത്തിൽ പ്രകൃതിദുരന്തങ്ങൾക്ക് വിധേയരായി മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും ജീവനോപാധികൾ നഷ്ടപ്പെടുകയോ കേടുപാടുകൾ സംഭവിക്കുകയോ ചെയ്തവർക്കും എന്തുസഹായം സർക്കാർ നൽകിവരുന്നുവെന്നും വ്യക്തമാക്കുമോ?

പ്രകൃതി ദുരന്തങ്ങൾമൂലം മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേനയാണ് ധനസഹായം നൽകിവരുന്നത്. പ്രകൃതി ദുരന്തങ്ങളിൽ മത്സ്യ ബന്ധനോപകരണങ്ങൾക്കുണ്ടാകുന്ന നാശനഷ്ടങ്ങളുടെ കണക്കെടുത്ത് പ്രൊപ്പോസലുകൾ തയ്യാറാക്കി അതത് കാലഘട്ടങ്ങളിൽ സംസ്ഥാന പ്രകൃതി ദുരന്ത പ്രതികരണ നിധിയിലേയ്ക്ക് സമർപ്പിക്കുകയും പ്രൊപ്പോസൽ പ്രകാരമുള്ള തുക അനുവദിച്ചിട്ടുള്ളതുമാണ്. ഇപ്രകാരം 2018 പ്രളയത്തിൽ മത്സ്യബന്ധന ഉപകരണങ്ങൾക്കുണ്ടായ നാശനഷ്ടങ്ങൾക്ക് 1,43,11,000 രൂപയും 2019 പ്രളയത്തിൽ മത്സ്യബന്ധന ഉപകരണങ്ങൾക്കുണ്ടായ നാശനഷ്ടത്തിന് 28,86,600 രൂപയും നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. കൂടാതെ പ്രളയരക്ഷാ പ്രവർത്തനത്തിലേർപ്പെട്ട മത്സ്യത്തൊഴിലാളികളുടെ 485 എഞ്ചിനുകൾക്കും 592 വള്ളങ്ങൾക്കും സംഭവിച്ച കേടുപാടുകൾ തീർത്ത് നൽകുകയും ചെയ്തിരുന്നു. പൂർണ്ണമായും നാശനഷ്ടം സംഭവിച്ച 13 വള്ളങ്ങൾക്കും 10 എഞ്ചിനുകൾക്കും പകരം പുതിയവ നൽകിയിട്ടുണ്ട്. ഈയിനത്തിൽ ഇന്ധനച്ചെലവുൾപ്പെടെ 2,59,46,436 രൂപ ചെലവഴിച്ചിട്ടുണ്ട്. കടൽക്ഷോഭ ദുരന്തത്തിലകപ്പെട്ട് മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടമാകുന്ന മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് മത്സ്യബന്ധനോപകരണങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷാ പദ്ധതി 2018 മുതൽ നടപ്പിലാക്കിവരുന്നുണ്ട്. വകുപ്പിൽ രജിസ്റ്റർ ചെയ്ത എല്ലാ യാനങ്ങളെയും ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഓഖി ദുരന്തത്തിൽപ്പെട്ട് മത്സ്യബന്ധനോപാധികൾ പൂർണ്ണമായും ഭാഗികമായും നഷ്ടപ്പെട്ട 481 പേർക്ക് 7,13,33,612 രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. 2018, 2019 കാലഘട്ടത്തിലെ സംസ്ഥാനത്തെ 9 തീരദേശ ജില്ലകളിലായി കടൽക്ഷോഭത്തിൽപ്പെട്ട് മത്സ്യബന്ധനോപകരണങ്ങൾക്ക് പൂർണ്ണമായും ഭാഗികമായുമുണ്ടായ നഷ്ടത്തിന് ജില്ലകളിൽ രൂപീകൃതമായിട്ടുള്ള ഇവാല്യുവേഷൻ കമ്മിറ്റി (ഓഖി ഇവാല്യുവേഷൻ കമ്മിറ്റി) ശിപാർശ ചെയ്തുനൽകിയ അപേക്ഷകളുടെ അടിസ്ഥാനത്തിൽ 122 പേർക്ക് 5.53 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. ടൗട്ടേ ചുഴലിക്കാറ്റിന്റെ ഭാഗമായി നാശനഷ്ടം സംഭവിച്ച മത്സ്യബന്ധന ഉപകരണങ്ങളുടെ നഷ്ടം കണക്കാക്കി പ്രൊപ്പോസൽ കേന്ദ്രസർക്കാരിന് സമർപ്പിക്കുന്നതിന് ദുരന്തനിവാരണ വകുപ്പിന് നൽകിയിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുക വിതരണം ചെയ്യുന്നതാണ്.

## സുനാമി പാക്കേജിൽ ആറാട്ടുപുഴ പഞ്ചായത്തിലെ വീടുകളുടെ പൂർത്തീകരണം

266(2929) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി പാക്കേജിന്റെ ഭാഗമായി വീട് നഷ്ടപ്പെട്ട തീരദേശ കുടുംബങ്ങളുടെ പുനരധിവാസത്തിനായി ആറാട്ടുപുഴ പഞ്ചായത്തിൽ നിർമ്മാണം ആരംഭിച്ചതും എന്നാൽ പാതിവഴിയിൽ ഉപേക്ഷിച്ചതുമായ വീടുകളുടെ പൂർത്തീകരണത്തിന് പ്രത്യേക നടപടികൾ സ്വീകരിക്കുമോ;

(ബി) ഇക്കാര്യത്തിൽ നടത്താനുദ്ദേശിക്കുന്ന തുടർപ്രവർത്തനങ്ങൾ വിശദമാക്കാമോ?

(എ & ബി) സുനാമി പാക്കേജിന്റെ ഭാഗമായി വീട് നഷ്ടപ്പെട്ട തീരദേശ കുടുംബങ്ങളുടെ പുനരധിവാസത്തിനായി ആറാട്ടുപുഴ പഞ്ചായത്തിൽ ഫിഷറീസ് വകുപ്പ് മുഖാന്തരം ഭവന നിർമ്മാണ പദ്ധതികൾ ഒന്നുംതന്നെ നടപ്പിലാക്കിയിട്ടില്ല.

## പ്രകൃതിക്ഷോഭങ്ങൾ മൂലമുള്ള മത്സ്യബന്ധന മേഖലയിലെ പ്രതിസന്ധി

267(2930) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തുടർച്ചയായ പ്രകൃതിക്ഷോഭങ്ങൾമൂലം മത്സ്യബന്ധന മേഖല പ്രതിസന്ധിയിലാകുന്ന സാഹചര്യത്തിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ സ്ത്രീകൾക്ക് ഇതര ഉപജീവനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനായി കുറഞ്ഞ പലിശയ്ക്ക് വായ്പ അനുവദിക്കുന്ന പദ്ധതി ആവിഷ്കരിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ സ്ത്രീകൾക്ക് ഇതര ഉപജീവന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനായി 2010 മുതൽ സ്റ്റാഫ് തീരമൈത്രി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. ബദൽ ജീവനോപാധി മേഖലയിൽ 9 തീരദേശ ജില്ലകളിലും കോട്ടയം ജില്ലയിലുമായി മത്സ്യത്തൊഴിലാളി വനിതകൾക്ക് ഏറ്റവും അനുയോജ്യമായ ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിന് 75% (ഗ്രാന്റായി) 5 ലക്ഷം രൂപ വരെ ഒരു ഗ്രൂപ്പിന് അനുവദിക്കുന്നു. കൂടാതെ വനിതാ ഗ്രൂപ്പുകൾക്ക് പ്രവർത്തന മൂലധനം നൽകുന്നതിനായി 25,000 രൂപ മുതൽ 75,000 രൂപ വരെയും സൂപ്പർ മാർക്കറ്റുകൾക്ക് ഒരു ലക്ഷം രൂപവരെയും 20 തവണകളായി തിരിച്ചടവ് കണക്കാക്കി പലിശരഹിത റിവോൾവിംഗ് ഫണ്ട് നൽകുന്നു. 2021-22

വർഷത്തിൽ 750 മത്സ്യത്തൊഴിലാളി വനിതാ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പദ്ധതി തയ്യാറാക്കിവരുന്നു. ടി യൂണിറ്റുകൾക്ക് പദ്ധതി തുകയുടെ 75% ഗ്രാന്റും പലിശരഹിത വായ്പയായി വർക്കിംഗ് ക്യാപ്പിറ്റൽ റിവോൾവിംഗ് ഫണ്ടും കേരളാ ബാങ്ക് മുഖേന പദ്ധതി തുകയുടെ 20% ബാങ്ക് ലോൺ കുറഞ്ഞ പലിശ നിരക്കിൽ ലഭ്യമാക്കുന്നതിനും ഉദ്ദേശിക്കുന്നു.

- 3R Project (3R Package For Ensuring Sustainable Livelihoods of Fisherwomen in Kerala (Rebuilding, Revival, Reforms), JLG Project (JLG Project for Ensuring Livelihood Security of Fisherwomen in Kerala 2020-21) എന്നീ പദ്ധതികളിലൂടെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം ജില്ലകളിലായി മത്സ്യവിപണനത്തിലേർപ്പെടുന്ന 504 വനിതാ JLG-കൾക്ക് 50,000 രൂപ വീതം നിലവിൽ പലിശയില്ലാത്ത വർക്കിംഗ് ക്യാപ്പിറ്റൽ റിവോൾവിംഗ് ഫണ്ട് അനുവദിച്ചിട്ടുണ്ട്. തിരിച്ചടവ് പൂർത്തീകരിക്കുന്ന മുറയ്ക്ക് JLG-കൾക്ക് റിവോൾവിംഗ് ഫണ്ട് വീണ്ടും അനുവദിച്ചുവരുന്നു. കൊല്ലം ജില്ലയിലെ 32 ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് കുറഞ്ഞ പലിശ നിരക്കിൽ KCC ലോണും അനുവദിച്ചു. 2021-22 വർഷത്തിൽ 400 മത്സ്യത്തൊഴിലാളി വനിതാ JLG യൂണിറ്റുകൾക്ക് പലിശയില്ലാത്ത റിവോൾവിംഗ് ഫണ്ടായി 200 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള പദ്ധതി പരിശോധിച്ചുവരുന്നു.

- 359 തീരമൈത്രി യൂണിറ്റുകൾക്കായി 5 കോടി രൂപ (ഒരംഗത്തിന് 50,000 രൂപ എന്ന കണക്കിൽ 2 ലക്ഷം രൂപ വരെ) കൂട്ടുത്തരവാദിത്ത വായ്പ കണക്കെ 3 വർഷ തിരിച്ചടവ് കാലാവധിയിൽ കേരളാ ബാങ്കിൽനിന്നും കുറഞ്ഞ പലിശ നിരക്കിൽ വായ്പ അനുവദിച്ചു. ഈ വർഷത്തിൽ 224 തീരമൈത്രി യൂണിറ്റുകൾക്കായി 262 ലക്ഷം രൂപ ദീർഘകാല വായ്പ അനുവദിക്കുന്നതിനായുള്ള പദ്ധതി പരിശോധിച്ചുവരുന്നു.

- സീഫുഡ് റസ്റ്റോറന്റ്, തീരമൈത്രി എന്നീ പദ്ധതികളിലെ യൂണിറ്റുകൾക്ക് 194.18 ലക്ഷം രൂപ കേരളാ ബാങ്ക് കുറഞ്ഞ പലിശ നിരക്കിൽ ലോൺ അനുവദിച്ചിട്ടുണ്ട്.

- 69 തീരമൈത്രി ഗുണഭോക്താക്കൾക്കും 160 JLG അംഗങ്ങൾക്കുംകൂടി ആകെ 229 ഗുണഭോക്താക്കൾക്കായി കുറഞ്ഞ പലിശ നിരക്കിൽ 60.26 ലക്ഷം രൂപ KCC വായ്പ അനുവദിച്ചിട്ടുണ്ട്.

- സാഫിലെ ഗുണഭോക്താക്കളിൽ ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് National Minority Development & Finance Corporation (NMDFC)-യുടെ കുറഞ്ഞ പലിശ നിരക്കിലുള്ള 10 ലക്ഷം രൂപയുടെ വായ്പ KSWDC മുഖേന അനുവദിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽനിന്നും സാഫിന് കീഴിൽ പ്രവർത്തിക്കുന്ന 6 യൂണിറ്റുകളിൽ നിന്നുള്ള 16 ഗുണഭോക്താക്കൾക്ക് അവരുടെ സംരംഭം വിപുലീകരിക്കുന്നതിനായാണ് വായ്പ അനുവദിച്ചത്. കൂടാതെ National Backward Classes Finance and Development Corporation (NBCFDC)- യുടെ കുറഞ്ഞ പലിശ നിരക്കിലുള്ള 50 ലക്ഷം രൂപയുടെ വായ്പ അനുവദിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

## റിപ്പയർ ഫണ്ട്

268(2931) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപ്പ് കലർന്ന കടൽക്കാറ്റും മറ്റുപ്രതികൂല സാഹചര്യങ്ങളുംമൂലം തീരദേശമേഖലയിലെ വീടുകൾക്ക് വളരെ വേഗത്തിൽ കേടുപാടുകൾ സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇപ്രകാരം കേടുപാട് സംഭവിക്കുന്ന വീടുകൾക്ക് 2011-2016 കാലത്തെ സർക്കാർ നൽകിയിരുന്ന റിപ്പയർ ഫണ്ട് പുനഃസ്ഥാപിക്കുമോ; വ്യക്തമാക്കുമോ?

ലൈഫ് പദ്ധതിയിലൂടെ ഭവനരഹിതരായ എല്ലാവർക്കും ഭവനം ലഭ്യമാക്കുന്നതിനാണ് മുഖ്യപരിഗണന. റിപ്പയർ ഫണ്ട് പുനഃസ്ഥാപിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

## മത്സ്യബന്ധനയാനങ്ങൾ അഴിമുഖത്ത് അപകടത്തിൽപ്പെടുന്നത് തടയാൻ നടപടി

269(2932) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി തുറമുഖത്തോടും അഴിമുഖത്തോടും ചേർന്നുകിടക്കുന്ന മുനമ്പം, കാളമുക്ക്, തോപ്പുംപടി തുടങ്ങിയ ഫിഷിംഗ് ഹാർബറുകളിൽനിന്നും മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യബന്ധന യാനങ്ങൾ അഴിമുഖത്ത്

അപകടത്തിൽപ്പെട്ട് നീക്കംചെയ്യാതെ കിടക്കുന്ന ബോട്ടിന്റെ അവശിഷ്ടങ്ങളിൽ തട്ടി തുടർച്ചയായി അപകടത്തിൽപ്പെടുന്നത് തടയാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

മേയ് മാസം 29-ാം തീയതി കൊച്ചി അഴിമുഖത്തോട് ചേർന്ന് കപ്പൽ ചാലിന് സമീപമായി 'പൂർണ്ണശ്രീ' എന്ന യന്ത്രവൽകൃതബോട്ട് മുങ്ങുകയുണ്ടായി. മുങ്ങിയ ബോട്ടിന്റെ അവശിഷ്ടങ്ങളിൽ തട്ടി മറ്റു യാനങ്ങൾക്ക് അപകടം ഉണ്ടാകാതിരിക്കുവാൻ മറൈൻ ആംബുലൻസ് പ്രസ്തുത സ്ഥലത്ത് ആങ്കർ ചെയ്യുകയും മുങ്ങൽ വിദഗ്ധരെ ഏർപ്പാടാക്കി അടിയന്തരമായി ജലോപരിതലത്തിന് മുകളിൽ കാണുന്ന രീതിയിൽ ബോയയും സിഗ്നൽ ലൈറ്റും സ്ഥാപിച്ചു. 31-8-2021-ന് പ്രസ്തുത ബോട്ടിന്റെ അവശിഷ്ടങ്ങളിൽത്തട്ടി St. Antony (ഇൻബോർഡ് വള്ളം), Jud Salam Ashikman (ട്രോളർ) എന്നീ യാനങ്ങൾകൂടി കടലിൽ മുങ്ങി. 'പൂർണ്ണശ്രീ' ബോട്ടിന്റെ അവശിഷ്ടങ്ങളിൽ സ്ഥാപിച്ചിരുന്ന സിഗ്നൽ ലൈറ്റും ബോയയും വിച്ഛേദിച്ചതായി പരിശോധനയിൽനിന്നും മനസ്സിലായി. പ്രസ്തുത സ്ഥലത്ത് പുതുതായി ബോയയും സിഗ്നൽ ലൈറ്റും സ്ഥാപിക്കുകയും 31-8-2021-ൽ മുങ്ങിയ 2 യാനങ്ങളുടെ അവശിഷ്ടങ്ങളിൽ സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. എന്നാൽ തുടർച്ചയായി സിഗ്നൽ ലൈറ്റും ബോയയും മോഷണം പോകുന്നതിനാൽ ഫൈബർ ഗ്ലാസ്സിൽ തീർത്ത വലിയ ബോയയും സിഗ്നൽ ലൈറ്റും ഉരുക്ക് ചങ്ങല ഉപയോഗിച്ച് ബോട്ടിന്റെ അവശിഷ്ടങ്ങളുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 1-10-2021-ൽ തമിഴ്നാട് രജിസ്ട്രേഷനുള്ള 'കുട്ടിയാണ്ടവൻ' (IYYAPPAN) (IND-TN-06-MM-7507) എന്ന ബോട്ട് കൊച്ചി അഴിമുഖത്തോടുചേർന്ന് മണൽതിട്ടയിൽ ഇടിച്ച് മുങ്ങിയിരുന്നു. പ്രസ്തുത ബോട്ട് ഇപ്പോഴും സംഭവസ്ഥലത്ത് മുങ്ങിക്കിടക്കുകയാണ്. ഇത് മാറ്റുന്നതിനുള്ള നടപടി ബോട്ടുടമകളും തമിഴ്നാട് ഫിഷറീസ് വകുപ്പും നടത്തിവരുന്നു.

(ബി) അഴിമുഖത്ത് അപകടത്തിൽപ്പെട്ട് നീക്കം ചെയ്യപ്പെടാതെ കിടക്കുന്ന ബോട്ടുകൾ നീക്കം ചെയ്യേണ്ട ഉത്തരവാദിത്തം ആർക്കൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ നീക്കം ചെയ്യാതെ കിടക്കുന്ന ബോട്ടുകൾ ഏതെല്ലാമെന്നും ഇവ നീക്കം ചെയ്യാത്തതിന് കാരണം എന്തെന്നും നീക്കം ചെയ്യാനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്നും വിശദമാക്കാമോ?

(ബി&സി) അഴിമുഖത്ത് അപകടത്തിൽപ്പെട്ട് നീക്കംചെയ്യാതെ കിടക്കുന്ന ബോട്ടുകൾ നീക്കംചെയ്യേണ്ട ഉത്തരവാദിത്തം ബോട്ടുടമകൾക്കാണ്. കടലിൽ മുങ്ങിക്കിടക്കുന്ന ബോട്ടുകൾ നീക്കം ചെയ്യാൻ ഉടമകൾക്ക് നോട്ടീസ്

നൽകിയെങ്കിലും അവർ ഇതുവരെയും അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. പ്രസ്തുത വിവരം കൊച്ചിൻ പോർട്ട് ട്രസ്റ്റിനെ അറിയിക്കുകയും മുങ്ങിയ ബോട്ട് ഉയർത്തി നീക്കം ചെയ്യുന്നതിന് പോർട്ട് ട്രസ്റ്റിന്റെ സഹായം അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത ബോട്ടുകൾ മുങ്ങിയത് കപ്പൽ ചാലിൽ അല്ലാത്തതിനാലും കപ്പലുകൾക്ക് തടസ്സമല്ലാത്തതിനാലും മുങ്ങിയ ബോട്ടിന്റെ ഉടമ സ്വന്തം ചെലവിൽ ബോട്ടിന്റെ അവശിഷ്ടങ്ങൾ നീക്കം ചെയ്യണമെന്നാണ് പോർട്ട് ട്രസ്റ്റിന്റെ നിലപാട്. അതുപ്രകാരം മുങ്ങിയ ബോട്ടിന്റെ ഉടമയ്ക്ക് പോർട്ട് ട്രസ്റ്റിൽനിന്നും നോട്ടീസും നൽകിയിരുന്നു. കടലിൽ മുങ്ങിക്കിടക്കുന്ന സ്റ്റീൽ നിർമ്മിതമായ ബോട്ടിന്റെ അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിനുള്ള സാങ്കേതിക സംവിധാനങ്ങൾ ഫിഷറീസ് വകുപ്പിനില്ലാത്തതിനാൽ ഇത് നീക്കം ചെയ്യാൻ സാധിച്ചിട്ടില്ല. മുങ്ങിയ ബോട്ട് നീക്കം ചെയ്യാത്തതും മണൽത്തിട്ട നീക്കം ചെയ്യാത്തതും കൂടുതൽ അപകടങ്ങൾക്ക് കാരണമാകുമെന്നതിനാൽ ഇക്കാര്യങ്ങൾ എറണാകുളം ജില്ലാ കളക്ടറുടെയും ജില്ലാ ദുരന്ത നിവാരണ വിഭാഗത്തിന്റെയും ശ്രദ്ധയിൽക്കൊണ്ടുവരികയും അവർ കൊച്ചിൻ പോർട്ട് ട്രസ്റ്റുമായി സംസാരിച്ച് മത്സ്യബന്ധന ബോട്ടുകൾക്ക് അപകടമുണ്ടാകും വിധം മുങ്ങിക്കിടക്കുന്ന ബോട്ടുകളും മണൽത്തിട്ടയും പോർട്ട് ട്രസ്റ്റിന്റെ സാങ്കേതിക ഉപകരണങ്ങളുടെ സഹായത്തോടെ നീക്കം ചെയ്യുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരികയുമാണ്. നിലവിൽ അഴിമുഖത്ത് അപകടത്തിൽപ്പെട്ട് നീക്കം ചെയ്യാതെ കിടക്കുന്ന ബോട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:-

| ക്രമ നം. | അപകടത്തിൽപ്പെട്ട ബോട്ടിന്റെ പേരും രജിസ്ട്രേഷൻ നമ്പരും | നീക്കം ചെയ്യാതിരിക്കാനുള്ള കാരണം |
|---|---|---|
| 1 | പൂർണ്ണശ്രീ, IND-KL-04-MM-1983 | നീക്കം ചെയ്യാൻ ഉടമയ്ക്ക് നോട്ടീസ് നൽകിയെങ്കിലും അവർ നീക്കം ചെയ്യുന്നതിന് തയ്യാറായിട്ടില്ല. |
| 2 | 2St.Antony,IND-KL-04-MM-3280 | നീക്കം ചെയ്യാൻ ഉടമയ്ക്ക് നോട്ടീസ് നൽകിയെങ്കിലും അവർ നീക്കം ചെയ്യുന്നതിന് തയ്യാറായിട്ടില്ല. |
| 3 | Jud Salam (Ashikmon), IND-KL-305-MM-1812 | നീക്കം ചെയ്യാൻ ഉടമയ്ക്ക് നോട്ടീസ് നൽകിയെങ്കിലും അവർ നീക്കം ചെയ്യുന്നതിന് തയ്യാറായിട്ടില്ല. |
| 4 | കുട്ടിയാണ്ടവൻ (IYYAPPAN), IND-TN-06-MM-7507 | നീക്കം ചെയ്യുന്നതിനുള്ള നടപടികൾ തമിഴ്നാട് സർക്കാരും ബോട്ടുടമയും ചേർന്ന് സ്വീകരിച്ചുവരുന്നു. |

(ഡി) ഇങ്ങനെ അപകടത്തിൽപ്പെട്ട് ജീവനോപാധികൾ നഷ്ടമാകുന്ന മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം ലഭ്യമാക്കേണ്ട ഉത്തരവാദിത്തം ആർക്കാണെന്ന് വ്യക്തമാക്കാമോ?

ജീവനോപാധികൾ നഷ്ടമാകുന്ന മത്സ്യത്തൊഴിലാളികൾക്ക് സംസ്ഥാന ദുരന്തനിവാരണ ഫണ്ടിൽ നിന്നുമാണ് നഷ്ടപരിഹാരം നൽകിവരുന്നത്.

(ഇ) അഴിമുഖത്ത് നീക്കംചെയ്യാതെ കിടക്കുന്ന ബോട്ടുകൾ നീക്കം ചെയ്യേണ്ടത് സംബന്ധിച്ച കേസ്സുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

19-9-2017-ൽ IND-KL-04-MM-2157 എന്ന രജിസ്ട്രേഷൻ നമ്പറുള്ള 'നീതിമാൻ' എന്ന ട്രോളർ ഷിപ്പിംഗ് ചാനലിൽ മുങ്ങിയതുമായി ബന്ധപ്പെട്ട് കൊച്ചിൻ പോർട്ട് ട്രസ്റ്റ് കൊച്ചി സബ് കോടതി മുമ്പാകെ OS 40/2020 നമ്പർ കേസ് ഫയൽ ചെയ്തിട്ടുണ്ട്.

**ടൗട്ടെ ചുഴലിക്കാറ്റുമൂലം തകർന്ന റോഡുകളുടെ പുനഃസ്ഥാപനം**

270(2933) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൗട്ടെ ചുഴലിക്കാറ്റിന്റെ ഭാഗമായി സംസ്ഥാനത്തെ തീരപ്രദേശങ്ങളിൽ പൂർണ്ണമായും തകർന്ന റോഡുകളുടെ പുനഃസ്ഥാപനത്തിന് പ്രത്യേക പാക്കേജ്/പദ്ധതികൾ ഫിഷറീസ് വകുപ്പ് പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല.

(ബി) ചുഴലിക്കാറ്റിന്റെ ഭാഗമായി തകർന്ന കൊയിലാണ്ടി ഹാർബർ-കാപ്പാട് തീരദേശ റോഡ് പുനർനിർമ്മിക്കാൻ വകുപ്പ് മുൻകയ്യെടുക്കുമോ; വിശദമാക്കാമോ?

ചുഴലിക്കാറ്റിന്റെ ഭാഗമായി തകർന്ന റോഡ് പുനർനിർമ്മിക്കുന്നതിന് 2018 DSR പ്രകാരം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

**മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട ബി.ഡി.എസ്. വിദ്യാർത്ഥികളുടെ സ്പെഷ്യൽ ഫീസ്**

271(2934) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡ്മിഷൻ ആൻഡ് ഫീ റെഗുലേറ്ററി കമ്മിറ്റി നിർദ്ദേശിച്ച പ്രകാരം 2019-20 വർഷം മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട ബി.ഡി.എസ്. വിദ്യാർത്ഥികൾക്ക് നിശ്ചയിച്ചിരുന്ന സ്പെഷ്യൽ ഫീസ് ഫിഷറീസ്

വകുപ്പുകളിൽനിന്ന് വിതരണം ചെയ്യുമെന്ന പ്രതീക്ഷയിൽ വിദ്യാർത്ഥികളിൽനിന്നും ഈടാക്കാതിരുന്നതിനാൽ പ്രസ്തുത ഫീസ് കോളേജിന് ലഭ്യമാക്കണമെന്ന് മലപ്പുറം ജില്ലയിലെ Educare Institute Of Dental Science-ന്റെ നിവേദനവുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പിന്റെ S3/266/2021 നമ്പർ കത്ത് വകുപ്പിന് ലഭിച്ചിട്ടുണ്ടോ;

(ബി) നിവേദനത്തിന്മേൽ ഫിഷറീസ് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) അപേക്ഷ പരിശോധിച്ച് പ്രസ്തുത വിദ്യാർത്ഥികളുടെ സ്പെഷ്യൽ ഫീസ് കോളേജിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) സ്പെഷ്യൽ ഫീസ് കോളേജിന് ലഭ്യമാക്കുന്നതിന് കാലതാമസം ഉണ്ടാകുമോ; ഉണ്ടാകുമെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ?

(എ - ഡി) ഉണ്ട്. നിവേദനം പരിശോധിച്ചുവരുന്നു.

**മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസം**

272(2935) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് പ്രതിസന്ധിമൂലം മത്സ്യത്തൊഴിലാളി മേഖലകളിലെ കുട്ടികൾ പഠനം ഉപേക്ഷിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് വകുപ്പ് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പഠനത്തിന്റെ പ്രധാനപ്പെട്ട കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു; വ്യക്തമാക്കാമോ;

(ബി) സ്കൂളുകൾ തുറക്കുന്ന സാഹചര്യത്തിൽ ഓൺലൈൻ വിദ്യാഭ്യാസം ലഭ്യമല്ലാത്തതുകാരണം പഠനം മുടങ്ങിപ്പോയ മത്സ്യത്തൊഴിലാളി മേഖലകളിലെ കുട്ടികളുടെ പഠനം പുനരാരംഭിക്കാൻ പ്രത്യേക നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഫിഷറീസ് വകുപ്പ് ഇതുസംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടില്ല. ഫിഷറീസ് വകുപ്പിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന

10 ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിലെ എല്ലാ വിദ്യാർത്ഥികൾക്കും പഠന സൗകര്യം ഉറപ്പാക്കിയിട്ടുണ്ട്.

(സി) മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസരംഗത്തെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായി എന്തെല്ലാം ആനുകൂല്യങ്ങളാണ് ഈ സർക്കാർ അനുവദിച്ചതെന്നും അവർക്കായി എന്തെല്ലാം പ്രത്യേക പരിപാടികളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

വിദ്യാഭ്യാസ പ്രോത്സാഹനത്തിലൂടെ മത്സ്യത്തൊഴിലാളികളുടെ മക്കളെ വികസന മുഖ്യധാരയിലെത്തിക്കുന്നതിന് ഫിഷറീസ് വകുപ്പ് ' വിദ്യാതീരം' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങളായ ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ്, ട്യൂഷൻ ഫീസ്, പോക്കറ്റ് മണി, മെസ്സ് ഫീസ്, ഹോസ്റ്റൽ ഫീസ്, പരീക്ഷാ ഫീസ്, സ്പെഷ്യൽ ഫീസ് മുതലായവ നൽകിവരുന്നു. +2 മുതലുള്ള ക്ലാസ്സുകളിലെ വിദ്യാഭ്യാസാനുകൂല്യങ്ങൾ 2017-18 മുതൽ 'ഇ-ഗ്രാന്റ്സ്' പദ്ധതി വഴി അനുവദിച്ചുവരുന്നു. തീരദേശത്തെ 10 ഗവൺമെന്റ് ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനത്തിനാവശ്യമായ എല്ലാ ധനസഹായവും നൽകിവരുന്നു. ടി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള സമഗ്ര പരിപാടി നടപ്പിലാക്കിവരുന്നു. കൂടാതെ ' വിദ്യാതീരം' പദ്ധതിയിലുൾപ്പെടുത്തി മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് റെസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ് പരിശീലനം, ബാങ്ക് പരിശീലനം, സിവിൽ സർവ്വീസ് (ഐ.എ.എസ്.) കോച്ചിംഗ്, പി.എസ്.സി. പരിശീലനം എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. 2015-16 മുതൽ 2020-21 വരെ 331 വിദ്യാർത്ഥികൾക്ക് മെഡിക്കൽ എൻട്രൻസ് പരിശീലനം നൽകി. ഇതിൽ 49 വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ്.-നും 84 പേർക്ക് ഇതര കോഴ്സുകൾക്കും അഡ്മിഷൻ ലഭിച്ചിട്ടുണ്ട്. 2021-22-ൽ പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. മത്സ്യത്തൊഴിലാളികളുടെ മക്കളുടെ പഠന നിലവാരം ഉയർത്തുന്നതിനായി ടി മേഖലയിലെ 75 ലൈബ്രറികൾക്ക് കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ടി.വി, പ്രൊജക്ടർ, പ്രിന്റർ എന്നീ ആധുനിക പഠന സഹായ ഉപകരണങ്ങൾ നൽകുന്നതിന് ഫിഷറീസ് വകുപ്പ് ' പ്രതിഭാതീരം' എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ നടപടികൾ പൂർത്തീകരിച്ചുവരുന്നു. ഓൺലൈൻ പഠന സൗകര്യം ലഭ്യമല്ലാത്ത 2000 മത്സ്യത്തൊഴിലാളി കുട്ടികൾക്ക് ടാബ് വാങ്ങി നൽകുന്ന ' ജ്യോതിർഗമയ' പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## മത്സ്യത്തൊഴിലാളികൾക്കുള്ള ഇൻഷ്വറൻസ്

273(2936) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തുകളിലെ മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് കവറേജ്, ക്ഷേമനിധി അംഗത്വം തുടങ്ങിയവയ്ക്കായി പ്രത്യേക ക്യാമ്പയിനോ അദാലത്തോ സംഘടിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇവ എത്രയും വേഗം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ & ബി) ഉണ്ട്. ജില്ല കേന്ദ്രീകരിച്ച് 2016 മുതൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തുകളിലെ മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് കവറേജ്, ക്ഷേമനിധി അംഗത്വം തുടങ്ങിയവയെ സംബന്ധിച്ചും മത്സ്യബന്ധന വകുപ്പിന്റേയും മറ്റ് അനുബന്ധ ഏജൻസികളുടേയും പദ്ധതികളെക്കുറിച്ചും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ഒരു ബോധവൽക്കരണ ക്ലാസ് നടത്തിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ സംശയ നിവാരണത്തിനും പദ്ധതി വിശദാംശങ്ങൾ പരിചയപ്പെടുത്തുന്നതിനും ഇത് സഹായകരമാകും.

## മത്സ്യത്തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ്

274(2937) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് നൽകിവരുന്നതിൽ പക്ഷാഘാതം വന്ന് തൊഴിലെടുക്കാൻ കഴിയാതെ കഷ്ടപ്പെടുന്നവരെക്കൂടി പരിഗണിക്കുമോ?

നിലവിൽ ഫിഷറീസ് വകുപ്പ് ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി മുഖേനയാണ് അംഗങ്ങളെ ഇൻഷ്വർ ചെയ്തിട്ടുള്ളത്. അപകടംമൂലമുള്ള ക്ലെയിമുകൾ മാത്രമാണ് ടി പദ്ധതി പരിരക്ഷയിൽ ഉൾപ്പെടുന്നത്. തനതുവർഷം അംഗീകാരം ലഭിച്ച തീരാരോഗ്യം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പക്ഷാഘാതം വന്നവർക്ക് തുടർചികിത്സാ സഹായം ലഭ്യമാക്കുന്നത് പരിശോധിച്ചുവരുന്നു.

(ബി) മത്സ്യത്തൊഴിലാളികൾക്കുള്ള അപകട ഇൻഷ്വറൻസ് സമയ ബന്ധിതമായി വിതരണം ചെയ്യപ്പെടുന്നുണ്ടോ; എന്നുവരെയുള്ള നഷ്ടപരിഹാരം വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ട് ?

മത്സ്യത്തൊഴിലാളികളുടെ അപകട ഇൻഷ്വറൻസ് അപേക്ഷകളിൽ കൃത്യമായ രേഖകൾ ഉള്ളവ സമയബന്ധിതമായി തീർപ്പാക്കി നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിന് സാധിച്ചിട്ടുണ്ട്. 2021 ആഗസ്റ്റുവരെ ഇൻഷ്വറൻസ് കമ്പനി അനുവദിച്ച ക്ലെയിം തുകകൾ വിതരണം ചെയ്തിട്ടുണ്ട്.

## വള്ളം മറിഞ്ഞ് മരിച്ച മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്കുള്ള ധനസഹായം

275(2938) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറാട്ടുപുഴ പഞ്ചായത്തിലെ അഴീക്കൽ തറയിൽ കടവിൽ ഓംകാരം എന്ന മത്സ്യബന്ധന വള്ളം മറിഞ്ഞ് മരിച്ച മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് എത്ര രൂപ വീതം സർക്കാർ ധനസഹായം അനുവദിച്ചുവെന്ന കാര്യം അറിയിക്കാമോ?

ആറാട്ടുപുഴ പഞ്ചായത്തിലെ അഴീക്കൽ തറയിൽ കടവിൽ ഓംകാരം എന്ന മത്സ്യബന്ധന വള്ളം മറിഞ്ഞ് ശ്രീകുമാർ, സുദേവൻ, തങ്കപ്പൻ, സുനിൽ ദത്ത് എന്നീ 4 മത്സ്യത്തൊഴിലാളികളാണ് മരിച്ചത്. അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേനയാണ് ധനസഹായം നൽകുന്നത്. മരണപ്പെട്ട ശ്രീകുമാറിന് മാത്രമാണ് ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ളത്. അപകടത്തിൽ മരണപ്പെട്ട തറയിൽകടവ് മത്സ്യഗ്രാമത്തിലെ 1538-ാം അംഗമായ ശ്രീകുമാറിന്റെ ആശ്രിതയ്ക്ക് 10,000 രൂപയും സുദേവൻ, തങ്കപ്പൻ, സുനിൽ ദത്ത് എന്നിവരുടെ കുടുംബങ്ങൾക്ക് 5,000 രൂപ വീതവും മത്സ്യബോർഡ് ചെയർമാന്റെ റിലീഫ് ഫണ്ടിൽനിന്നും അടിയന്തര ധനസഹായമായി നൽകിയിട്ടുണ്ട്. കൂടാതെ മത്സ്യബോർഡ് അംഗമായിരുന്ന ശ്രീകുമാറിന്റെ ആശ്രിതയ്ക്ക് 10 ലക്ഷം രൂപ അപകട ഇൻഷ്വറൻസ് ക്ലെയിം ലഭ്യമാക്കുന്നതിന് ഇൻഷ്വറൻസ് കമ്പനിക്ക് ഇന്റിമേഷൻ നൽകിയിട്ടുണ്ട്. ഇതുകൂടാതെ ആശ്രിതയ്ക്ക് ക്ഷേമനിധി അംഗത്വവും വിധവാ പെൻഷനും അനുവദിക്കുന്നതിനുവേണ്ട നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ മരണപ്പെട്ട 4 പേരുടെയും കുടുംബങ്ങൾക്ക് 10,000 രൂപ വീതവും പരിക്കേറ്റ് ആശുപത്രിയിൽ എത്തിയ 12 പേർക്ക് 5,000 രൂപ വീതവും ചേർത്ത് ആകെ 1,00,000 രൂപയുടെ അടിയന്തര ധനസഹായം നൽകുകയും ചെയ്തിട്ടുണ്ട്. പരിക്കേറ്റവരുടെ ചികിത്സാ ചെലവ് സൗജന്യമാക്കുകയും ചെയ്തിരുന്നു.

(ബി) പ്രസ്തുത അപകടത്തിന്റെ പശ്ചാത്തലത്തിൽ ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ മറൈൻ ആംബുലൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

കടലിൽ അപകടത്തിൽപ്പെടുന്നവരെ വളരെ വേഗം രക്ഷിച്ച് കരയിലെത്തിച്ച് ചികിത്സ ലഭ്യമാക്കുന്നതിനും ജീവൻ രക്ഷിക്കുന്നതിനും ഉതകുന്ന പ്രതീക്ഷ, പ്രത്യാശ, കാരുണ്യ എന്നീ 3 മറൈൻ ആംബുലൻസുകൾ യഥാക്രമം വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഇതുകൂടാതെ രക്ഷാപ്രവർത്തനങ്ങൾക്കായി തിരുവനന്തപുരത്ത് മുതലപ്പൊഴി, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ തീരദേശ ജില്ലകളിൽ വാടകയ്ക്കെടുത്ത് പ്രവർത്തിപ്പിക്കുന്ന 7 രക്ഷാബോട്ടുകളും ഫിഷറീസ് വകുപ്പ് സജ്ജമാക്കിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ അഴീക്കൽ കേന്ദ്രീകരിച്ച് റെസ്ക്യൂ ബോട്ടും കടൽസുരക്ഷാ സേനാംഗങ്ങളെയും സജ്ജമാക്കിയിട്ടുണ്ട്.

### കടൽക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ട കുടുംബങ്ങൾ

276(2939) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ കടൽക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ട എത്ര കുടുംബങ്ങൾക്കാണ് സർക്കാർ വീട് വച്ചുനൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ കടൽക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ട 780 കുടുംബങ്ങൾക്ക് വീട് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ തൃശ്ശൂർ ജില്ലയിൽ എത്ര പേർക്കാണ് വീട് നിർമ്മിച്ച് നൽകിയതെന്ന് വ്യക്തമാക്കാമോ?

തൃശ്ശൂർ ജില്ലയിൽ 125 ഭവനങ്ങൾ നിർമ്മിച്ചുനൽകിയിട്ടുണ്ട്.

### മത്സ്യമേഖലയിലെ പാർപ്പിട പ്രശ്നം

277(2940) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ മത്സ്യമേഖലയിലെ പാർപ്പിട പ്രശ്നം പരിഹരിക്കാൻ നടപടികളായിട്ടുണ്ടോ; സ്വന്തമായി വീടില്ലാത്ത എത്ര മത്സ്യത്തൊഴിലാളികൾ കേരളത്തിലുണ്ടെന്ന് വ്യക്തമാക്കാമോ?

ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റിന്റെ (എൻ.ഐ.ആർ.ഡി.) 2010-ലെ പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് ആകെ 29209 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവനരഹിതരെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 16359 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവനരഹിതരും 12850 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭൂരഹിത/ഭവനരഹിതരുമായിരുന്നു. ഫിഷറീസ് വകുപ്പ് വിവിധ പദ്ധതികളിലായി 15603 പേർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകിയിട്ടുണ്ട്. അർഹരായ എല്ലാവർക്കും സമ്പൂർണ്ണ പാർപ്പിടം ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ലൈഫ് മിഷൻ പദ്ധതി വഴിയാണ് നിലവിൽ മത്സ്യത്തൊഴിലാളികൾക്ക് ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നത്. ഇതിന്റെ ഭാഗമായി ഫിഷറീസ് വകുപ്പ് കണ്ടെത്തിയ 7778 ഭവനരഹിതരായവരുടെയും 7346 ഭൂരഹിത/ഭവനരഹിതരുമായ മത്സ്യത്തൊഴിലാളികളുടെ വിവരം ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്.

**പട്ടയം ലഭിക്കാത്ത മത്സ്യത്തൊഴിലാളി കുടുംബങ്ങൾ**

278(2941) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ തീരപ്രദേശത്ത് പട്ടയം ലഭ്യമായിട്ടില്ലാത്ത എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

പട്ടയവിതരണം ഫിഷറീസ് വകുപ്പുമുഖേന നടപ്പിലാക്കുന്നില്ല.

**വലിയതുറയിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട്**

279(2942) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വലിയതുറ യു.പി. സ്കൂളിൽ വർഷങ്ങളായി അന്തിയുറങ്ങുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകാനുള്ള പദ്ധതി വൈകിപ്പിച്ചത് നീതിനിഷേധമാണെന്നും എത്രയുംവേഗം പരാതിക്കാരെ പുനരധിവസിപ്പിക്കണമെന്നും മനുഷ്യാവകാശ കമ്മീഷൻ സർക്കാരിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇക്കാര്യത്തിൽ അടിയന്തര തുടർനടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

വലിയതുറയിൽ യു.പി.സ്കൂളിൽ നിലവിൽ താമസിക്കുന്ന 15 കുടുംബങ്ങളിൽ മാറി താമസിക്കാൻ തയ്യാറായ 11 കുടുംബങ്ങളെ പുനർഗേഹം പദ്ധതി മാനദണ്ഡ പ്രകാരം ഉൾപ്പെടുത്തുകയും പരാതിക്കാരിയായ ശ്രീമതി രേണുക കിരണിന് പുനർഗേഹം പദ്ധതി പ്രകാരം ഭവന നിർമ്മാണ ധനസഹായം അനുവദിച്ചിട്ടുമുണ്ട്. ബാക്കി കുടുംബങ്ങളെ വലിയതുറയിൽ നിർമ്മിക്കുന്ന ഫ്ളാറ്റിലോ അല്ലെങ്കിൽ അവർ സ്വന്തമായി ഭൂമി കണ്ടെത്തുന്ന മുറയ്ക്കോ പുനരധിവസിപ്പിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

**സ്വന്തമായി വീടില്ലാത്ത മത്സ്യത്തൊഴിലാളി കുടുംബങ്ങൾ**

280(2943) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളുണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ?

2020-ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് പട്ടിക പ്രകാരം സംസ്ഥാനത്ത് 1,91,873 മത്സ്യത്തൊഴിലാളി കുടുംബങ്ങളുണ്ട്. ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി* ചേർക്കുന്നു.

(ബി) ഇവരിൽ സ്വന്തമായി വീടില്ലാത്ത എത്ര കുടുംബങ്ങളുണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ?

സ്വന്തമായി വീടില്ലാത്ത കുടുംബങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി* ചേർക്കുന്നു.

(സി) എങ്കിൽ എത്ര കാലമായി ഇവർ ഭവനരഹിതരായി തുടരുന്നുവെന്നും അതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ?

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റിന്റെ (NIRD-യുടെ) 2010-ലെ പഠന റിപ്പോർട്ട് പ്രകാരം 29209 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവനരഹിതരെന്ന് കണ്ടെത്തിയിരുന്നു. മത്സ്യത്തൊഴിലാളികളുടെ പ്രത്യേക സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ പിന്നോക്കാവസ്ഥയാകാം ഇതിന് കാരണം.

(ഡി) ഭവനരഹിതരായ ഇവരുടെ വാസം ഇപ്പോൾ എങ്ങനെയാണെന്നും സ്വന്തമായി വീട് എന്ന ഇവരുടെ സ്വപ്നം എപ്പോൾ സാക്ഷാത്കരിക്കപ്പെടുമെന്നും വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിൽ ഭവനരഹിതരായിട്ടുള്ളവർ കൂട്ടുകുടുംബങ്ങളായും വാടക വീടുകളിലും താമസിച്ചുവരുന്നു. ഫിഷറീസ് വകുപ്പ് മുഖേന നിലവിൽ തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നവരെ പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതി നടപ്പാക്കിവരുന്നു. അടുത്ത അഞ്ച് വർഷംകൊണ്ട് ഭവനരഹിതരായ അർഹരായ മുഴുവൻ ആളുകൾക്കും ഭവനം ലഭ്യമാക്കുന്നതിനായി ലൈഫ് മിഷൻ പദ്ധതി തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പാക്കിവരുന്നു.

(ഇ) ഭവനരഹിതരായതുകൊണ്ട് അർഹതപ്പെട്ട ആനുകൂല്യങ്ങൾ ഇവർക്ക് ലഭിക്കാത്ത സാഹചര്യമുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ പരിഹാര നടപടികളെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഭവനരഹിതരായതുകൊണ്ട് അർഹതപ്പെട്ട ആനുകൂല്യം ലഭിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**മത്സ്യത്തൊഴിലാളികൾക്ക് വേതനസഹായം**

281(2944) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രകൃതിക്ഷോഭങ്ങൾ സംബന്ധിച്ചും മറ്റുമുള്ള സർക്കാർ മുന്നറിയിപ്പുകൾമൂലം മത്സ്യബന്ധനത്തിന് പോകാൻ സാധിക്കാത്ത ദിവസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് വേതന സഹായം അനുവദിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

പ്രകൃതിക്ഷോഭങ്ങൾ സംബന്ധിച്ച് ദുരന്തനിവാരണ വകുപ്പിന്റെ കാലാവസ്ഥാ മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിലും കോവിഡ്-19 മഹാമാരി പ്രകാരമുള്ള ലോക്ഡൗൺമൂലവും തൊഴിൽദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് SDRF പ്രകാരം 31.126 കോടി രൂപയും CMDRF പ്രകാരം 5 കോടി രൂപയും ഉൾപ്പെടെ ആകെ 36.126 കോടി രൂപ ധനസഹായമായി വിതരണം നടത്തിയിട്ടുണ്ട്. കടലിൽ മത്സ്യബന്ധനത്തിലേർപ്പെട്ടിരുന്ന തൊഴിലാളികളുടെ കുടുംബങ്ങൾക്ക് 2,000 രൂപ വീതവും കോവിഡ്മൂലം തൊഴിൽ നഷ്ടപ്പെട്ട ഉൾനാടൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2000 രൂപ വീതവും അനുബന്ധ വിഭാഗങ്ങൾക്ക് 1,000 രൂപ വീതവും ധനസഹായം നൽകിയിട്ടുണ്ട്. 2,07,104 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഈ സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ട്. ടൗട്ടെ ചുഴലിക്കാറ്റിന്റെ തീവ്രതയിൽ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തിയ ആറുദിവസത്തേയ്ക്ക് ധനസഹായം തിട്ടപ്പെടുത്തി ഒരു

കുടുംബത്തിന് 1,200 രൂപ വീതം നൽകുന്നതിന് 18.36 കോടി രൂപ അനുവദിച്ച് വിതരണം നടത്തിയിട്ടുണ്ട്. പ്രസ്തുത ധനസഹായം 1,24,970 കടൽ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും 28,070 അനുബന്ധ തൊഴിലാളി കുടുംബങ്ങൾക്കും ലഭ്യമായിട്ടുണ്ട്. കോവിഡിന്റെ രണ്ടാം വരവിനോടനുബന്ധിച്ച് മത്സ്യബന്ധന നിയന്ത്രണം ഏർപ്പെടുത്തിയിരുന്നില്ലെങ്കിലും ചുഴലിക്കാറ്റിന്റെ പ്രഭാവത്തിൽ മത്സ്യബന്ധനം നടത്തുന്നതിന് വിലക്കേർപ്പെടുത്തിയതിനാൽ അവരുടെ ജീവനോപാധി നഷ്ടപ്പെട്ട സാഹചര്യത്തിൽ കടൽ, ഉൾനാടൻ, അനുബന്ധം തുടങ്ങി എല്ലാ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും അരി, പയർ വർഗ്ഗങ്ങൾ, പലവ്യഞ്ജന സാധനങ്ങൾ, സോപ്പ്, മാസ്ക്, സാനിറ്റൈസർ തുടങ്ങിയ 20 ഇനങ്ങൾ അടങ്ങിയ കിറ്റ് റേഷൻ കടകൾ വഴി വിതരണം ചെയ്തിട്ടുണ്ട്. 1,22,377 കുടുംബങ്ങൾക്ക് പ്രസ്തുത ഭക്ഷ്യക്കിറ്റ് വിതരണം നടത്തിയിട്ടുണ്ട്. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 2,40,211 മത്സ്യത്തൊഴിലാളികൾക്കും 84,531 അനുബന്ധ തൊഴിലാളികൾക്കും 1000 രൂപ നിരക്കിൽ നൽകുന്നതിനായി 32.47 കോടി രൂപ ക്ഷേമനിധി ബോർഡ് മുഖാന്തരം മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും അനുവദിച്ച് നൽകിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം സമ്പാദ്യ സമാശ്വാസ പദ്ധതി (2020-21) പ്രകാരം മറൈൻ ഗുണഭോക്താക്കൾക്ക് മേയ്, ജൂൺ മാസങ്ങളിലായി പദ്ധതിയുടെ ഒന്നും രണ്ടും ഗഡുക്കളും ഉൾനാടൻ ഗുണഭോക്താക്കൾക്ക് ജൂലൈ, ഓഗസ്റ്റ് മാസങ്ങളിലായി പദ്ധതിയുടെ ഒന്നും രണ്ടും ഗഡുക്കളും വിതരണം ചെയ്തിട്ടുണ്ട്.

**മത്സ്യത്തൊഴിലാളികൾക്കായി പ്രത്യേക ഉപജീവന പാക്കേജ്**

282(2945) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യത്തൊഴിലാളികൾക്ക് ബോട്ട്, വല തുടങ്ങിയ ഉപകരണങ്ങൾ വാങ്ങുന്നതിനായി പ്രത്യേക ഉപജീവന പാക്കേജ് ഏർപ്പെടുത്തുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

മത്സ്യബന്ധനത്തിലേർപ്പെടുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ബലവത്തായ മത്സ്യബന്ധന യാനങ്ങൾ വിതരണം ചെയ്യുകയെന്ന ലക്ഷ്യത്തോടെ ഓഖി പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി 120 ഗ്രൂപ്പുകൾക്ക് 8 ലക്ഷം രൂപ വീതം ചെലവുവരുന്ന FRP യൂണിറ്റ് സൗജന്യമായി വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിവരികയാണ്. 2 ലക്ഷം രൂപ വിലമതിക്കുന്ന FRP

ബോട്ടും 6 ലക്ഷം രൂപ ചെലവിൽ എഞ്ചിനും വലയും ജീവൻരക്ഷാ ഉപകരണങ്ങളും അടങ്ങുന്നതാണ് ഒരു യൂണിറ്റ്. 9.88 കോടി രൂപയാണ് പദ്ധതിയുടെ അടങ്കൽ തുക. ഇതിൽ 1.94 കോടി രൂപ ബ്ലൂ റവല്യൂഷൻ പദ്ധതി വിഹിതവും ബാക്കി തുക CMDRF-ൽ നിന്നുമാണ് കണ്ടെത്തിയിട്ടുള്ളത്. കൂടാതെ Replacement of Marine Plywood canoe with FRP എന്ന ബ്ലൂ റവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 40% സബ്സിഡിയിൽ 200 FRP യാനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി മത്സ്യഫെഡുവഴി നടപ്പിലാക്കി വരുന്നു. 4.12 കോടി രൂപയാണ് പദ്ധതി തുക. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിന് PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി 40% സബ്സിഡിയോടുകൂടി 10 ആഴക്കടൽ മത്സ്യബന്ധ ബോട്ടുകൾ 10 പേർ അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന പദ്ധതിയും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി) ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി വഴി മത്സ്യഫെഡ്, മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിന് സബ്സിഡിയോടുകൂടി പലിശരഹിത വായ്പ നൽകിവരുന്നു. ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ, ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ എന്നിവയുടെ ധനസഹായത്തോടുകൂടിയുള്ള ടേം വായ്പാ പദ്ധതി വഴി മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിന് പലിശരഹിത വായ്പ നൽകിവരുന്നുണ്ട്. 2021-2022 സാമ്പത്തിക വർഷത്തെ Motorization of country crafts- ‘ suitable components for fishing gear' പദ്ധതിയിലുൾപ്പെടുത്തി 10 HP വരെ എഞ്ചിൻക്ഷമതയുള്ള യാനങ്ങൾക്ക് വല വാങ്ങുന്നതിന് സബ്സിഡി നൽകിവരുന്നു. 10,000 രൂപ വരെയാണ് പരമാവധി സബ്സിഡി തുക. നടപ്പുസാമ്പത്തിക വർഷം 40 ലക്ഷം രൂപയാണ് ടി പദ്ധതിക്കായി വക കൊള്ളിച്ചിട്ടുള്ളത്. കൂടാതെ 10 HP വരെയുള്ള എഞ്ചിൻ വാങ്ങുന്നതിന് പരമാവധി 30,000 രൂപ വരെ സബ്സിഡി അനുവദിക്കുന്നുണ്ട്. ഈ ഇനത്തിൽ നടപ്പുവർഷം 60 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**മത്സ്യത്തൊഴിലാളികളുടെ സാമൂഹികസുരക്ഷ**

283(2946) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ സാമൂഹികസുരക്ഷയും ഉപജീവനോപാധിയും ഉറപ്പുവരുത്തുന്നതിന് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ?

വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന എന്തൊക്കെ പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്നും തിരൂർ മണ്ഡലത്തിൽ എന്തെങ്കിലും പ്രവൃത്തികൾ പരിഗണനയിലുണ്ടോയെന്നും വിശദവിവരം ലഭ്യമാക്കുമോ?

മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സാമൂഹ്യ-സാമ്പത്തിക പുരോഗതിക്കായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന മത്സ്യത്തൊഴിലാളി അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും പദ്ധതി, നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി, ദേശീയ മത്സ്യ വികസന ബോർഡിന്റെ ധനസഹായത്തോടെയുള്ള ആധുനിക മത്സ്യ മാർക്കറ്റുകൾ സ്ഥാപിക്കൽ എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. നിലവിൽ തിരൂർ മണ്ഡലത്തിലെ പദ്ധതികളൊന്നും കേരള തീരദേശ വികസന കോർപ്പറേഷൻ ഏറ്റെടുത്തിട്ടില്ല.

**മത്സ്യബന്ധനത്തിന് മണ്ണെണ്ണ സബ്സിഡി**

284(2947) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരമ്പരാഗത രീതിയിൽ മത്സ്യബന്ധനത്തിലേർപ്പെടുന്ന മത്സ്യത്തൊഴിലാളികൾ മണ്ണെണ്ണ ഇന്ധനമായി ഉപയോഗിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഭൂരിഭാഗം പരമ്പരാഗത മത്സ്യത്തൊഴിലാളികളും മണ്ണെണ്ണ ഇന്ധനമായി ഉപയോഗിക്കുന്ന വള്ളങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള എഞ്ചിനുകളാണ് (ഔട്ട് ബോർഡ് മെഷീനുകൾ) മത്സ്യബന്ധനത്തിനായി ഉപയോഗിക്കുന്നത്. 2015-ലെ ജോയിന്റ് വെരിഫിക്കേഷൻ പ്രകാരം 20,329 എഞ്ചിനുകൾ മത്സ്യബന്ധനത്തിനായി മണ്ണെണ്ണ ഇന്ധനമായി ഉപയോഗിച്ചുവരുന്നുണ്ട്.

(ബി) ഇത്തരം യന്ത്രങ്ങളുടെ പ്രവർത്തനങ്ങൾക്കായി സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന മണ്ണെണ്ണ അവരുടെ ആവശ്യം നിറവേറ്റാൻ പര്യാപ്തമാണോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന സർക്കാർ മത്സ്യഫെഡ് മുഖേന സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം ചെയ്തുവരുന്നത് ലിറ്ററിന് 25 രൂപ നിരക്കിൽ 10 എച്ച്.പി.-യിൽ താഴെ വരെയുള്ള എഞ്ചിനുകൾക്ക് 140 ലിറ്ററും 10 മുതൽ 15 എച്ച്.പി. വരെയുള്ള എഞ്ചിനുകൾക്ക് 150 ലിറ്ററും 15 എച്ച്.പി.-ക്ക് മുകളിലുള്ള എഞ്ചിനുകൾക്ക് 190

ലിറ്ററും എന്ന തോതിൽ പ്രതിമാസം ഓരോ പെർമിറ്റ് ഉടമകൾക്കും മത്സ്യഫെഡിന്റെ മണ്ണെണ്ണ ബങ്കുകൾ വഴി നൽകിവരുന്നു. ഇതുകൂടാതെ വിപണി നിരക്കിൽ 10 എച്ച്.പി. വരെ 231 ലിറ്ററും 15 എച്ച്.പി. വരെ 464 ലിറ്ററും 15 എച്ച്.പി.-ക്ക് മുകളിൽ 630 ലിറ്ററും വരെ നൽകിവരുന്നു. പ്രതിമാസം ഒരു എഞ്ചിൻ/യാനത്തിന് ഏകദേശം 500 മുതൽ 1000 ലിറ്റർ മണ്ണെണ്ണ (10 എച്ച്.പി. - വരെ 500 ലിറ്റർ, 10 എച്ച്.പി മുതൽ 15 എച്ച്.പി. വരെ 750 ലിറ്റർ, 15 എച്ച്.പി.-ക്ക് മുകളിൽ 1000 ലിറ്റർ) മത്സ്യബന്ധനത്തിനായി ആവശ്യമാണെന്നിരിക്കെ നിലവിലെ സാഹചര്യത്തിൽ ആയതിന് ലഭ്യമാക്കുന്ന മണ്ണെണ്ണ അപര്യാപ്തമാണ്.

(സി) അടിക്കടിയുണ്ടാകുന്ന ഇന്ധന വിലവർദ്ധനവ് പരമ്പരാഗത മത്സ്യബന്ധനം നഷ്ടത്തിലാക്കുന്നുവെന്ന പരാതി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ഡി) സബ്സിഡി നിരക്കിൽ കൂടുതൽ മണ്ണെണ്ണ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

**കടലിൽ നിരന്തരമായി ഉണ്ടാകുന്ന അപകടങ്ങൾ**

285(2948) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കടലിൽ നിരന്തരമായുണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിന് തീരദേശ സംരക്ഷണ സേനയുമായി ചേർന്ന് പ്രതിരോധ പദ്ധതി തയ്യാറാക്കുമോ; വിശദാംശങ്ങൾ നൽകുമോ?

കടലിൽ അപകടങ്ങളുണ്ടാകുമ്പോൾ കഴിയുന്നത്ര വേഗം രക്ഷാ പ്രവർത്തനം സാധ്യമാക്കുംവിധം മൂന്ന് മറൈൻ ആംബുലൻസുകൾ സജ്ജമാക്കുകയും അവ വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരികയുമാണ്. കൂടാതെ മറൈൻ ജില്ലകളിലായി ഏഴ് റെസ്ക്യൂ ബോട്ടുകളും കടൽ രക്ഷാ സേനാംഗങ്ങളെയും സജ്ജമാക്കിയിട്ടുണ്ട്. ഫിഷറീസ് സ്റ്റേഷൻ കേന്ദ്രീകരിച്ച് കടൽ രക്ഷാപ്രവർത്തനത്തിന് റസ്ക്യൂ ഗാർഡുമാരെ നിയോഗിച്ചിട്ടുണ്ട്. ഓഖി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി 900

മത്സ്യത്തൊഴിലാളികളെ ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്ട്സിൽ അയച്ച് പ്രത്യേക പരിശീലനം നൽകി കടൽരക്ഷാ പ്രവർത്തനത്തിന് സജ്ജമാക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 612 പേരുടെ പരിശീലനം ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. ആവശ്യാനുസരണം യാനം ഉൾപ്പെടെ രക്ഷാപ്രവർത്തനത്തിന് നിയോഗിക്കുന്നതാണ് പദ്ധതി. കൂടാതെ മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെടുമ്പോൾ കടൽ രക്ഷാപ്രവർത്തനം അടിയന്തരമായി ഏർപ്പെടുത്തുന്നതിനും ആവശ്യമെങ്കിൽ കോസ്റ്റ് ഗാർഡ്, ഇന്ത്യൻ നേവി എന്നിവരുടെ സഹായം തേടി പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് ഫിഷറീസ് ഡയറക്ടറേറ്റ് കേന്ദ്രീകരിച്ച് ഒരു മാസ്റ്റർ കൺട്രോൾ റൂമും വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് 3 റീജണൽ കൺട്രോൾ റൂമുകളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ചുഴലിക്കാറ്റ്, സുനാമി അടിയന്തര മുന്നറിയിപ്പുകളുണ്ടാകുമ്പോൾ കടലിൽ മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് കോസ്റ്റ് ഗാർഡ്, ഇന്ത്യൻ നേവി എന്നിവരുടെ സഹായത്തോടെ അറിയിപ്പുകൾ നൽകി അവരെ ഏറ്റവും അടുത്തുള്ള സുരക്ഷിത ഹാർബറുകളിലേയ്ക്ക് എത്തിക്കുന്ന പ്രവൃത്തികൾ കൺട്രോൾ റൂം വഴി നടത്താൻ സാധിക്കും. ആയതിലേയ്ക്ക് ഇന്ത്യൻ കോസ്റ്റ് ഗാർഡ്, ഇന്ത്യൻ നേവി, കോസ്റ്റൽ പോലീസ്, മറൈൻ എൻഫോഴ്സ്മെന്റ്, മറ്റ് ദുരന്ത നിവാരണ ഏജൻസികൾ എന്നിവരുടെ ഏകോപനവും കൺട്രോൾ റൂം വഴി സാധിക്കും. നിലവിലെ രക്ഷാ സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് തീരദേശ സംരക്ഷണ സേനയുമായി ചർച്ച നടത്തിവരുന്നുമുണ്ട്.

**അഴീക്കോട് പഞ്ചായത്ത് നേരിടുന്ന കടലാക്രമണ ഭീഷണി**

286(2949) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കടലോര പഞ്ചായത്തുകളിൽ ഒന്നായ അഴീക്കോട് പഞ്ചായത്ത് നേരിടുന്ന കടലാക്രമണ ഭീഷണി പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പള്ളിയാംമൂല മുതൽ നീർക്കടവ് വരെയുള്ള രണ്ടുകിലോമീറ്റർ വരുന്ന കടൽത്തീരത്ത് കടൽഭിത്തികൾ താഴ്ന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് നവീകരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

(എ&ബി) അഴീക്കോട് ഗ്രാമപഞ്ചായത്തിൽ നിരന്തരം കടലാക്രമണത്തിന് വിധേയമാകുന്ന അഴീക്കൽ പുലിമുട്ടിന് സമീപം 20 ലക്ഷം രൂപ അടങ്കലിൽ 82 മീറ്റർ ദൈർഘ്യത്തിൽ കടൽഭിത്തിയുടെയും 15 ലക്ഷം രൂപ അടങ്കലിൽ 37 മീറ്റർ ദൈർഘ്യത്തിൽ റിട്ടേൺ സീവാളിന്റെയും പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 25 ലക്ഷം രൂപ അടങ്കലിൽ 98 മീറ്റർ ദൈർഘ്യത്തിൽ കടൽഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തി നിർവ്വഹണ ഘട്ടത്തിലാണ്. പള്ളിയാംമൂല മുതൽ നീർക്കടവ് വരെയുള്ള കടൽത്തീരത്തിൽ ഉൾപ്പെടുന്ന മീൻകുന്ന് കടപ്പുറത്ത് കടൽഭിത്തി താഴ്ന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. താഴ്ന്നുപോയ കടൽഭിത്തി നവീകരിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തി നടപ്പിലാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ

287(2950) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ നിലവിലുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത കമ്മീഷന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത കമ്മീഷന്റെ പ്രവർത്തനഫലമായി മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

(ബി&സി) 3-12-2008 വരെ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും മത്സ്യബന്ധനോപകരണങ്ങൾ വാങ്ങുവാനും ഭവന നിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സ, പെൺമക്കളുടെ വിവാഹം എന്നീ ആവശ്യങ്ങൾക്ക് മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള വായ്പകളിന്മേൽ കമ്മീഷൻ അർഹത കണ്ടെത്തി കടാശ്വാസം ശിപാർശ ചെയ്യുന്നു. തുടങ്ങിവച്ചതോ തുടർന്ന് വരുന്നതോ ആയ ജപ്തി നടപടികൾ ഉൾപ്പെടെയുള്ള റിക്കവറി നടപടികൾ നിർത്തിവയ്ക്കാനും വായ്പാ തിരിച്ചടവിന് സാവകാശം നൽകാനും കമ്മീഷൻ ബന്ധപ്പെട്ട ധനകാര്യ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നു. അത്തരം വായ്പകളിൽ ജപ്തി നടപടികൾ ഉൾപ്പെടെയുള്ള റിക്കവറി നടപടികളിൽനിന്ന് മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിന് മൊറട്ടോറിയത്തിന്റെ കാലാവധി വിവിധ

കാലഘട്ടങ്ങളിലായി ദീർഘിപ്പിക്കുവാൻ ശിപാർശ ചെയ്തുവരുന്നു. മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനായി ഉപയോഗിക്കുന്ന വലയ്ക്കോ, പരമ്പരാഗതമോ യന്ത്രവത്കൃതമോ ആയ യാനങ്ങൾക്ക് കടൽക്ഷോഭമോ മറ്റ് ദുരന്തങ്ങൾമൂലം നഷ്ടപ്പെടുകയോ കേടുപാടുകൾ തീർക്കാനാവാത്ത വിധം അവയ്ക്ക് നാശമുണ്ടാവുകയോ ചെയ്യുകയാണെങ്കിൽ ജില്ലയിലെ ബന്ധപ്പെട്ട ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ കമ്മീഷന് റിപ്പോർട്ട് ചെയ്യുന്ന പക്ഷം വായ്പാ തിരിച്ചടവ് സംബന്ധിച്ച കടാശ്വാസത്തിന്റെ പരിധിയിൽ കാലാകാലങ്ങളിൽ ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന പരമാവധി തുകയിൽ കവിയാതെ ഏറ്റെടുക്കുന്നതിന് ശിപാർശ ചെയ്യുന്നു. ഏതെങ്കിലും ജില്ലകളെയോ ജില്ലയെയോ അതിന്റെ ഭാഗങ്ങളിൽപ്പെടുന്ന മത്സ്യത്തൊഴിലാളി മേഖലയെയോ നിർദ്ദിഷ്ട കാലത്തേയ്ക്ക് ദുരന്തബാധിത പ്രദേശമായി പ്രഖ്യാപിക്കുന്നതിന് ശിപാർശ ചെയ്യുക, ദുരന്തബാധിത പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികളുടെ വായ്പകൾ എഴുതിത്തള്ളുക, പലിശ നിരക്കിൽ ഇളവുനൽകുക, മത്സ്യത്തൊഴിലാളികൾക്ക് നൽകേണ്ടതായ കടാശ്വാസം നിർണ്ണയിക്കുക, കടം പൂർണ്ണമായോ ഭാഗികമായോ ഏറ്റെടുക്കുന്നതിനും കടത്തിന്റെ അനന്തരഫലങ്ങളിൽനിന്നും മത്സ്യത്തൊഴിലാളികളെ വിമുക്തരാക്കുന്നതിനുംവേണ്ടി സർക്കാരിനോടോ സർക്കാർ ഏജൻസികളോടോ ശിപാർശ ചെയ്യുക, മത്സ്യത്തൊഴിലാളികളുടെ കടവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ആനുകാലിക റിപ്പോർട്ടുകൾ സർക്കാരിന് നൽകുക എന്നിങ്ങനെയുള്ള കമ്മീഷന്റെ പ്രവർത്തനങ്ങൾമൂലം മത്സ്യത്തൊഴിലാളികൾക്ക് അപ്രകാരമുള്ള നേട്ടങ്ങൾ ലഭ്യമാകുന്നു.

**മത്സ്യത്തൊഴിലാളികൾക്കായി ഡീസൽ, പെട്രോൾ, മണ്ണെണ്ണ സബ്സിഡി**

288(2951) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്കായി ഡീസൽ, പെട്രോൾ, മണ്ണെണ്ണ സബ്സിഡി ലഭ്യമാക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

നിലവിൽ സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്ക് മത്സ്യ ബന്ധനത്തിനായി മണ്ണെണ്ണ സബ്സിഡി മാത്രമാണ് നൽകിവരുന്നത്. ഡീസൽ എഞ്ചിൻ ഉപയോഗിച്ച് പ്രവർത്തിക്കുന്ന മെക്കനൈസ്ഡ് യാനങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ ഡീസൽ സബ്സിഡി അനുവദിച്ചു വന്നിരുന്നുവെങ്കിലും തുടർന്ന് സബ്സിഡി ബി.പി.എൽ. വിഭാഗങ്ങൾക്ക് മാത്രമായി കേന്ദ്രസർക്കാർ ചുരുക്കിയതിനാൽ നിലവിൽ ഡീസൽ സബ്സിഡി

ലഭിക്കുന്നില്ല. മത്സ്യബന്ധന യാനങ്ങൾക്ക് Non PDS മണ്ണെണ്ണ (വെള്ള മണ്ണെണ്ണ) 2015 ജൂലൈ മാസം മുതൽ മത്സ്യഫെഡുവഴി വിതരണം ചെയ്തുവരുന്നു. അർഹരായ മത്സ്യത്തൊഴിലാളികൾക്ക് എഞ്ചിൻ ക്ഷമതയുടെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന അളവുപ്രകാരം മണ്ണെണ്ണ ലിറ്ററിന് 25 രൂപ സബ്സിഡി നിരക്കിൽ (ഡി.ബി.റ്റി.) നൽകിവരുന്നുണ്ട്. 10 എച്ച്. പി. വരെ - 140 ലിറ്റർ, 10 -ന് മുകളിൽ 15 എച്ച്. പി. വരെ - 150 ലിറ്റർ, 15 എച്ച്. പി.-ക്ക് മുകളിൽ - 190 ലിറ്റർ, 2021-22 നോൺ പ്ലാൻ ബഡ്ജറ്റിൽ 56.25 കോടി രൂപയുടെ മണ്ണെണ്ണ സബ്സിഡിക്കായി വകയിരുത്തിയിട്ടുണ്ട്. ജൂലൈ മാസം വരെ സബ്സിഡി നൽകുന്നതിനായി 6.28 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

## പരമ്പരാഗത മത്സ്യബന്ധന രീതി പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ

289(2952) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പരമ്പരാഗത മത്സ്യബന്ധന രീതി പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

കടൽ മത്സ്യബന്ധനത്തിലേർപ്പെടുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ബലവത്തായ മത്സ്യബന്ധന യാനങ്ങൾ വിതരണം ചെയ്യുകയെന്ന ലക്ഷ്യത്തോടെ ഓഖി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി (2017-18) 120 ഗ്രൂപ്പുകൾക്ക് 8 ലക്ഷം രൂപ വീതം ചെലവുവരുന്ന FRP യൂണിറ്റ് സൗജന്യമായി വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിവരികയാണ്. കൂടാതെ Replacement of marine Plywood canoe with FRP എന്ന ബ്ലൂ റെവല്യൂഷൻ പദ്ധതിയിൽ (2018-19) ഉൾപ്പെടുത്തി 40% സബ്സിഡിയിൽ 200 FRP യാനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി മത്സ്യഫെഡുവഴി നടപ്പിലാക്കിവരുന്നു. 4.12 കോടി രൂപയാണ് പദ്ധതി തുക. 2021-22 സാമ്പത്തിക വർഷത്തെ Motorization of country crafts - ‘ Suitable components for fishing gear’ പദ്ധതിയിലുൾപ്പെടുത്തി 10 HP വരെ എഞ്ചിൻക്ഷമതയുള്ള യാനങ്ങൾക്ക് വല വാങ്ങുന്നതിന് സബ്സിഡി നൽകി വരുന്നു. 10,000 രൂപ വരെയാണ് പരമാവധി സബ്സിഡി തുക. കൂടാതെ, 10 HP വരെയുള്ള എഞ്ചിൻ വാങ്ങുന്നതിന് പരമാവധി 30,000 രൂപ വരെ സബ്സിഡി അനുവദിക്കുന്നുണ്ട്. കൂടാതെ, മത്സ്യം ശീതീകരിച്ച് കേടുകൂടാതെ സൂക്ഷിക്കാൻ ഉതകുന്നവിധം 220 ഇൻസുലേറ്റഡ് ഐസ് ബോക്സ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കടൽ സുരക്ഷാ

ഉപകരണങ്ങളായ GPS, DAT എന്നിവയും 75% സബ്സിഡി നിരക്കിൽ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിന് PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി 40% സബ്സിഡിയോടുകൂടി 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 പേർ അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന പദ്ധതി നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

## മത്സ്യവും മത്സ്യോല്പന്നങ്ങളും ഉപഭോക്താക്കളിലേയ്ക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

290(2953) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. വി. ജോയി:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാസവസ്തുക്കൾ ചേർക്കാത്തതും ഉയർന്ന ഗുണനിലവാരമുള്ളതുമായ മത്സ്യവും മത്സ്യോല്പന്നങ്ങളും ഉപഭോക്താക്കളിലേയ്ക്കെത്തിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

മത്സ്യത്തിൽ മായം ചേർക്കൽ, രാസവസ്തുക്കൾ ഉപയോഗിച്ച് കൂടുതൽ കാലം മത്സ്യം കേടുകൂടാതെ വയ്ക്കുന്നത്, രാസവസ്തു ഉപയോഗിച്ചുള്ള മത്സ്യവിൽപ്പന പ്രവണത എന്നിവ നിയന്ത്രിക്കുന്നതിനായി ഫുഡ് സേഫ്റ്റി വിഭാഗവും ഫിഷറീസ് വകുപ്പും ചേർന്ന് എല്ലാ ജില്ലകളിലും ജോയിന്റ് ഇൻസ്പെക്ടർ സ്ക്വാഡുകൾ-ടാസ്ക് ഫോഴ്സ് രൂപീകരിച്ച് ചെക്ക് പോസ്റ്റുകൾ, മത്സ്യ മൊത്ത/ചില്ലറ വ്യാപാര കേന്ദ്രങ്ങൾ, റെയിൽവെ സ്റ്റേഷനുകൾ, ഫിഷിംഗ് ഹാർബറുകൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ എന്നിവിടങ്ങളിൽ പരിശോധനകൾ നടത്തിവരുന്നു. പ്രസ്തുത പരിശോധനയിൽ രാസ പദാർത്ഥങ്ങൾ കലർന്നതോ പഴക്കം ചെന്നതോ ആയ മത്സ്യം കണ്ടെത്തുന്ന സാഹചര്യത്തിൽ അവ അതേ സംസ്ഥാനത്തേയ്ക്കുതന്നെ തിരിച്ച് അയയ്ക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്നുണ്ട്. അമോണിയ, ഫോർമാലിൻ എന്നിവ ചേർത്ത മത്സ്യവിൽപ്പന കണ്ടെത്തുന്നതിന് CIFT (Central Institute of Fisheries Technology)-യുമായി ചേർന്ന് പേപ്പർ സ്ട്രിപ്പ് സാങ്കേതികവിദ്യ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി High Media Company വ്യാവസായികാടിസ്ഥാനത്തിൽ ടെസ്റ്റിംഗ് കിറ്റ് ഉൽപ്പാദനം സാധ്യമാക്കിയിട്ടുണ്ട്.

സ്ലിപ്പ് വാങ്ങി പരിശോധന ശക്തമാക്കുന്നതിന് എല്ലാ ജില്ലാ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ മത്സ്യത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തുന്നു. ടി ലാബുകളിൽ മത്സ്യത്തിലെ രാസവസ്തുക്കളുടെ സാന്നിദ്ധ്യം കണ്ടുപിടിക്കുന്നതിന് Gas Chromatograph Coupled with Mass Spectrophtometer (GCMS), High Performance Liquid Chromatograph (HPLC) എന്നീ ഉപകരണങ്ങൾ ഉപയോഗിച്ചുള്ള പരിശോധനകൾ നടത്തിവരുന്നു. ഇപ്രകാരം നടത്തുന്ന പരിശോധനകളിൽ കുറ്റക്കാർക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 പ്രകാരം നിയമനടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യങ്ങൾ ലഭ്യമാക്കാൻ സഹായകരമായിട്ടുണ്ട്. മത്സ്യത്തിൽ മായം ചേർക്കലും രാസവസ്തുക്കൾ ഉപയോഗിച്ച് മത്സ്യവില്പന പ്രവണതകൾ തടയുന്നതിനും പൊതുജനങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ട് അവരുടെ പരാതികൾ സമയബന്ധിതമായി വകുപ്പിനെ അറിയിക്കുന്നതിനുമായി ടോൾ ഫ്രീ നമ്പർ (18004253183) ഏർപ്പെടുത്തിയിട്ടുമുണ്ട്. ഗുണനിലവാരമുള്ള മത്സ്യം ശുചിത്വമായ സാഹചര്യത്തിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് സർക്കാർ ധനസഹായത്തോടെ മത്സ്യഫെഡ് മുഖാന്തരം എയർകണ്ടീഷൻ ചെയ്ത 50 ഫിഷ് മാർട്ടുകൾ പ്രവർത്തിപ്പിച്ചുവരുന്നു. കൂടാതെ സർവ്വീസ് സഹകരണ ബാങ്ക്/ സംഘങ്ങളുമായി ചേർന്ന് 59 ഫ്രാഞ്ചൈസി ഫിഷ്ബൂത്തുകളും പ്രവർത്തിക്കുന്നു. അന്നന്നുള്ള മത്സ്യം ഗുണനിലവാരത്തോടെ ഉപഭോക്താക്കൾക്ക് നേരിട്ട് എത്തിക്കുന്നതിന് 'അന്തിപച്ച' എന്ന നാമധേയത്തിൽ 10 മൊബൈൽ യൂണിറ്റുകളും പ്രവർത്തിപ്പിക്കുന്നു. മത്സ്യഫെഡിന്റെ റെഡി റ്റു കുക്ക് ഉൽപ്പന്നങ്ങളായി Chilled 7 Dressed Fish, മത്സ്യകട്‌ലറ്റ്, മത്സ്യ അച്ചാർ, ചെമ്മീൻ അച്ചാർ, ചെമ്മീൻ ചമ്മന്തിപ്പൊടി, ചെമ്മീൻ റോസ്റ്റ്, ഫിഷ് ഫ്രൈ മസാല, ഫിഷ് കറിക്കൂട്ട്, ചെമ്മീൻതോടിൽനിന്ന് ഉല്പാദിപ്പിച്ച കൈറ്റോൺ ഗുളികകളും മത്സ്യഫെഡ് ഫിഷ്മാർട്ട് വഴി വിപണനം നടത്തിവരുന്നു.

(ബി) മൊബൈൽ ആപ്ലിക്കേഷൻ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും വിപണന ശൃംഖലയിലുള്ളതായി പറയപ്പെടുന്ന പോരായ്മ പരിഹരിക്കാൻ ശ്രദ്ധപതിപ്പിക്കുമോ?

നിലവിലെ മൊബൈൽ ആപ്പ് സംവിധാനത്തിൽ കൃത്യമായ മത്സ്യവില രേഖപ്പെടുത്തുന്നതിന് കാലതാമസം അനുഭവപ്പെടുന്ന ഒരു പോരായ്മ പരിഹരിക്കുന്നതിന് ശ്രദ്ധ പതിപ്പിക്കുന്നതാണ്.

(സി) കിഫ്ബി സഹായത്തോടെ ആധുനിക രീതിയിലുള്ള മത്സ്യ ചന്തകൾ സ്ഥാപിക്കുന്ന പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ?

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖാന്തരം കിഫ്ബി ധനസഹായത്തോടെ 51 ആധുനിക മൽസ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതിനായി 120.57 കോടി രൂപയുടെ കിഫ്ബി അംഗീകാരം ലഭ്യമായിട്ടുണ്ട്. നിലവിൽ ഡി.എസ്.ആർ. റേറ്റ് റിവിഷൻ വന്ന സാഹചര്യത്തിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പുതുക്കിയ കിഫ്ബി അംഗീകാരം ലഭ്യമാക്കി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കിഫ്ബിയുടെ നിർദ്ദേശമനുസരിച്ച് KIIFB, LSGD, LSGI എന്നിവയുമായി റവന്യൂ ഷെയറിംഗ് എഗ്രിമെന്റിൽ ഏർപ്പെടുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

(ഡി) മത്സ്യഭവനുകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

മത്സ്യഭവനുകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെയും മെച്ചപ്പെടുത്തുന്നതിന്റെയും ഭാഗമായി 100 മത്സ്യഭവനുകൾ തുടങ്ങാൻ സർക്കാർ ഉത്തരവായതിൽ 67 മത്സ്യഭവനുകൾ രൂപീകരിക്കുകയും കാര്യക്ഷമമായ ഭരണ നിർവ്വഹണത്തിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പദ്ധതികളുടെ നിർവ്വഹണത്തിനും നിലവിലുള്ള 67 മത്സ്യഭവനുകളുടെ അധികാര പരിധി പുനഃക്രമീകരിച്ച് 100 ക്ലസ്റ്ററുകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലേയ്ക്ക് വ്യാപിപ്പിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ ഉൾനാടൻ മേഖലയിലെ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഉൾനാടൻ മേഖലയിൽ 33 മത്സ്യഭവനുകൾ ആരംഭിക്കുന്നതിനാവശ്യമുള്ള തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു.

## കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ പരിവർത്തനം പദ്ധതി

291(2954) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് സാങ്കേതിക പിന്തുണയും അടിസ്ഥാന സൗകര്യവികസനവും ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നത്; വിശദമാക്കാമോ?

മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ അടിസ്ഥാന സൗകര്യ വികസനം ഉറപ്പുവരുത്തുന്നതിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന മത്സ്യത്തൊഴിലാളി അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും പദ്ധതി, നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി, ദേശീയ മത്സ്യ വികസന ബോർഡിന്റെ ധനസഹായത്തോടെയുള്ള ആധുനിക മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കൽ എന്നിവ നടപ്പിലാക്കിവരുന്നു. മേൽ പദ്ധതികളിൽ വ്യക്തിഗത ഫ്ലാറ്റുകൾ, വിദ്യാഭ്യാസ ആരോഗ്യ സ്ഥാപനങ്ങൾ, മത്സ്യമാർക്കറ്റുകൾ, ഫിഷ് ഫാമുകൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ എന്നിവയുടെ നിർമ്മാണവും ഉൾപ്പെടുന്നു.

(ബി) കോർപ്പറേഷന്റെ പരിവർത്തനം പദ്ധതിക്കുകീഴിൽ മത്സ്യം ഉപഭോക്താക്കൾക്ക് എത്തിക്കുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; മത്സ്യത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണത്തിനും വിതരണത്തിനും പദ്ധതിയുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

കോർപ്പറേഷന്റെ പരിവർത്തനം പദ്ധതി പ്രകാരം സിഫ്റ്റിന്റെ സാങ്കേതിക സഹായത്തോടെ ശുദ്ധമായ മത്സ്യം, മൂല്യവർദ്ധിത മത്സ്യോല്പന്നങ്ങൾ എന്നിവയുടെ വിതരണം ആരംഭിച്ചിട്ടുണ്ട്. ആദ്യഘട്ടമായി കൊല്ലം ജില്ലയിലാണ് ഇവ ലഭ്യമാക്കിയിരിക്കുന്നത്.

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലൂടെ മത്സ്യബന്ധനം, വിതരണം, തൊഴിൽമേഖല, തീരദേശ ജനജീവിതം എന്നിവയിൽ പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കൊല്ലം ജില്ലയിൽ മത്സ്യമാർക്കറ്റ് കേന്ദ്രീകരിച്ച് മത്സ്യത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിതരണം ചെയ്യുന്നതിനായി പൈലറ്റ് വ്യവസ്ഥയിലാണ് പരിവർത്തനം എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. ഈ പദ്ധതിയിലൂടെ പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ പരിശോധിച്ചുവരുന്നു.

**നീല സമ്പദ്‌വ്യവസ്ഥ**

292(2955) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് നടപ്പാക്കുന്ന നീല സമ്പദ്‌വ്യവസ്ഥയുടെ കരടിൽ ഉൾപ്പെട്ടിരിക്കുന്ന കേരളത്തിലെ മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കുന്ന വിഷയങ്ങൾ സംബന്ധിച്ച് സംസ്ഥാനത്തിന്റെ ആശങ്ക കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ഈ കാര്യത്തിനായി കേന്ദ്ര സർക്കാരിന് നൽകിയ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

കത്ത് അനുബന്ധമായി* ചേർക്കുന്നു.

**മത്സ്യവിഭവങ്ങളുടെ ലഭ്യതക്കുറവ്**

293(2956) ശ്രീ. പി. കെ. ബഷീർ:
ഡോ. എം. കെ. മുനീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സമുദ്ര മേഖലയിൽ മത്സ്യങ്ങളുടെ ലഭ്യതക്കുറവ് സംസ്ഥാനത്തുനിന്നുള്ള മത്സ്യക്കയറ്റുമതിയെ ബാധിച്ചിട്ടുണ്ടോ; എങ്കിൽ എത്രത്തോളമെന്ന് വ്യക്തമാക്കുമോ?

Marine Products Export Development Authority (MPEDA)-യിൽ നിന്ന് ലഭ്യമായ കണക്കുകളനുസരിച്ച് കഴിഞ്ഞ അഞ്ചുവർഷത്തിൽ കേരളത്തിലെ സമുദ്രമേഖലയിൽ നിന്നുള്ള കയറ്റുമതിയിൽ കാര്യമായ കുറവ് സംഭവിച്ചിട്ടുണ്ട്. ആകെ കയറ്റുമതി ഈ കാലയളവിനുള്ളിൽ 21 ശതമാനമായി കുറഞ്ഞതായും വില യു.എസ് ഡോളറിൽ 30 ശതമാനം വരെ കുറഞ്ഞതായും കണക്കുകൾ സൂചിപ്പിക്കുന്നു. കഴിഞ്ഞ അഞ്ചുവർഷത്തെ കണക്ക് അനുബന്ധമായി* ചേർക്കുന്നു.

**മത്സ്യങ്ങളുടെ സ്വാഭാവിക പ്രജനന ആവാസകേന്ദ്രങ്ങൾ**

294(2957) ശ്രീ. എം. രാജഗോപാലൻ: താഴെകാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യങ്ങളുടെ സ്വാഭാവിക പ്രജനന ആവാസകേന്ദ്രങ്ങൾ സംരക്ഷിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; മഴക്കാലങ്ങളിൽ ഉൾനാടൻ ജലാശയങ്ങളിലേയ്ക്ക് പ്രജനനത്തിനായി വരുന്ന മത്സ്യ സമ്പത്തിന്റെ നാശത്തിനുതകുന്ന തരത്തിലുള്ള മണലൂറ്റ് നിർത്തിവയ്ക്കാൻ നടപടി സ്വീകരിക്കുമോ?

ഉണ്ട്. മഴക്കാലങ്ങളിൽ ഉൾനാടൻ ജലാശയങ്ങളിലേയ്ക്ക് പ്രജനനത്തിനായി വരുന്ന മത്സ്യസമ്പത്തിന്റെ നാശത്തിനുതകുന്ന തരത്തിലുള്ള മണലൂറ്റ് ഫിഷറീസ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പുനർഗേഹം പദ്ധതി

295(2958) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനർഗേഹം പദ്ധതി പ്രകാരം അൻപത് മീറ്റർ കടൽത്തീരത്തിനുള്ളിൽ വസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ ഇരുന്നൂറ് മീറ്റർ പുറത്തേയ്ക്ക് സുരക്ഷിതമായി പുനരധിവസിപ്പിക്കുന്നതിനുള്ള ഫിഷറീസ് വകുപ്പിന്റെ നടപടി ഏതുഘട്ടം വരെയായെന്ന് വിശദമാക്കുമോ; പ്രസ്തുത പദ്ധതി പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളെയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്ന പദ്ധതിയാണ് പുനർഗേഹം. 06.10.2021 വരെ തീരദേശ ജില്ലകളിലെ പദ്ധതിയിൽ അംഗങ്ങളാകാൻ തയ്യാറായ 10,949 ഗുണഭോക്താക്കളെ ജില്ലാതല അപ്രൂവൽ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ഇതിൽ മാറിത്താമസിക്കാൻ തയ്യാറായ 7682 ഗുണഭോക്താക്കളിൽ 2362 പേരുടെ ഭൂമിവില അംഗീകരിച്ചിട്ടുണ്ട്. 1791 ഗുണഭോക്താക്കൾ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതും 1298 പേർ ഭവന നിർമ്മാണം ആരംഭിച്ചിട്ടുള്ളതുമാണ്. 625 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുമുണ്ട്. 276 പേർ ടി പദ്ധതി പ്രകാരം ഫ്ലാറ്റിലേയ്ക്ക് താമസം മാറിയിട്ടുണ്ട്. 898 പേരുടെ ഫ്ലാറ്റ് നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. ഫിഷറീസ് വകുപ്പുമുഖേന തീരദേശത്ത് നടത്തിയ സർവ്വേ റിപ്പോർട്ടുപ്രകാരം വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്നതായി കണ്ടെത്തിയ 18685 മത്സ്യത്തൊഴിലാളി കുടുംബങ്ങളും ടി പ്രദേശത്ത് അധിവസിക്കുന്ന ഇതര വിഭാഗക്കാരും ഇതിൽ ഉൾപ്പെടാത്തവരും എന്നാൽ വ്യത്യസ്ത റേഷൻ കാർഡിന് ഉടമകളായിട്ടുള്ളവരെ വ്യത്യസ്ത ഗുണഭോക്താക്കളായും പരിഗണിച്ച് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിച്ചിരുന്നവരും എന്നാൽ ഫിഷറീസ് വകുപ്പ് തയ്യാറാക്കിയ ലിസ്റ്റിൽ ഉൾപ്പെടാത്തവരുമുണ്ടെങ്കിൽ അതത് ഡെപ്യൂട്ടി ഡയറക്ടർമാരുടെ വ്യക്തവും വിശദവുമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ DLAC അംഗീകാരത്തിന് വിധേയമായി ജില്ലയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തി ആനുകൂല്യം അനുവദിക്കുന്നതാണ്.

(ബി) ഈ പദ്ധതിയുടെ ഭാഗമായി മത്സ്യത്തൊഴിലാളി കുടുംബങ്ങളെ ഇരുന്നൂറ് മീറ്റർ സുരക്ഷിത സ്ഥാനത്തേയ്ക്ക് മാറ്റുമ്പോൾ നേരത്തെയുള്ള അൻപത് മീറ്റർ തീരപ്രദേശത്ത് ജൈവകവചം സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കടലാക്രമണ ഭീഷണി നേരിടുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതുവഴി തീരത്ത് ലഭ്യമാകുന്ന ഭൂപ്രദേശത്ത് ജൈവകവചം ഒരുക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്.

**അമിതമായി ലേലം ഫീസ് ഈടാക്കുന്നത് തടയുന്നതിന് നടപടി**

296(2959) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യത്തൊഴിലാളികളിൽനിന്ന് അമിതമായി ലേലം ഫീസ് ഈടാക്കുന്നതും മറ്റുചൂഷണങ്ങൾക്ക് വിധേയമാക്കുന്നതും തടയുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

സ്വീകരിക്കുന്നതാണ്. മത്സ്യത്തിന്റെ വില നിശ്ചയിക്കുന്നതിനുള്ള അവകാശം മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിനും അവർക്ക് ന്യായവില ഉറപ്പാക്കുന്നതിനും ആയതിലൂടെ ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും ഒഴിവാക്കുന്നതിനും ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യം ലഭ്യമാകുന്നതിനുമുള്ള ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. മത്സ്യലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും അവയുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നതിനും ഉതകുന്നതാണ് ഓർഡിനൻസ്. 2020 സെപ്റ്റംബർ 23-ന് പ്രസ്തുത ഓർഡിനൻസ് പ്രസിദ്ധപ്പെടുത്തുകയും തുടർന്ന് പുനർവിജ്ഞാപനം ചെയ്യുകയുമുണ്ടായി. പ്രസ്തുത ഓർഡിനൻസിന്റെ കരട് ചട്ടങ്ങൾ രൂപീകരണഘട്ടത്തിലാണ്. ചട്ടങ്ങൾ നിലവിൽ വരുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**മത്സ്യങ്ങൾക്കുള്ള തീറ്റ**

297(2960) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യങ്ങൾക്ക് തീറ്റയായി കോഴിവേസ്റ്റ് നൽകുന്നുണ്ടോയെന്ന് വിശദമാക്കാമോ?

ഫിഷറീസ് വകുപ്പുവഴി നടപ്പിലാക്കുന്ന മത്സ്യകൃഷി പദ്ധതിയിൽ

മത്സ്യങ്ങൾക്ക് തീറ്റയായി കോഴി വേസ്റ്റ് നൽകുന്നില്ല. എന്നാൽ ഫിഷറീസ് വകുപ്പിന്റെ സഹായമില്ലാതെ കൃഷി ചെയ്യുന്നവർ കോഴി വേസ്റ്റ് തീറ്റയായി നൽകുന്നത് ശ്രദ്ധയിൽപ്പെടുകയും അത്തരത്തിലുള്ള കർഷകരോട് മത്സ്യങ്ങൾക്ക് തീറ്റയായി കോഴിവേസ്റ്റ് നൽകരുതെന്ന് നിർദ്ദേശിച്ചിട്ടുമുണ്ട്.

(ബി) എങ്കിൽ ഇത്തരത്തിൽ തീറ്റ നൽകി വളർത്തുന്ന മത്സ്യങ്ങൾ കഴിക്കുന്നതുകൊണ്ട് എന്തെങ്കിലും ആരോഗ്യപ്രശ്നങ്ങളുണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇതുസംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ?

(ബി & സി) ഇല്ല.

**മത്സ്യക്കൂട് പദ്ധതി**

298(2961) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലാനോട് എസ്.സി. സൊസൈറ്റി മുഖേന സർക്കാർ നടപ്പിലാക്കിവരുന്ന മത്സ്യക്കൂട് പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പെരുവണ്ണാമൂഴി ഡാമിൽ നടപ്പിലാക്കിവരുന്ന മത്സ്യക്കൂട് പദ്ധതിയിൽ എത്ര പേർക്കാണ് തൊഴിൽ ലഭ്യമാക്കാൻ കഴിയുന്നത്; പ്രസ്തുത പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത് എന്താണെന്നറിയിക്കാമോ?

(എ & ബി) കോഴിക്കോട് ജില്ലയിൽ കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഭാഗമായി വരുന്ന പെരുവണ്ണാമൂഴി ജലസംഭരണിയിൽ 100 മത്സ്യക്കൂടുകൾ സ്ഥാപിക്കുകയും പെരുവണ്ണാമൂഴി (കല്ലാനോട്) പട്ടികജാതി, പട്ടികവർഗ്ഗ സഹകരണ സംഘത്തിലെ അംഗങ്ങളെ ഗുണഭോക്താക്കളാക്കിക്കൊണ്ട് മത്സ്യകൃഷി പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. 6:4:4 മീറ്റർ വലിപ്പത്തിലുള്ള 100 കൂടുകൾ സ്ഥാപിച്ചുകൊണ്ടാണ് മത്സ്യകൃഷി നടത്തിവരുന്നത്. ഗിഫ്റ്റ് മത്സ്യങ്ങളെക്കൂടാതെ, പെരുവണ്ണാമൂഴി ജലസംഭരണിയിലെ മത്സ്യകൃഷിക്ക് അനുയോജ്യമെന്നുകണ്ട പങ്കേഷ്യസ് (ആസാം വാള), അനാബാസ് ഉൾപ്പെടെ 3 ലക്ഷത്തോളം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് മത്സ്യകൃഷി പ്രവർത്തനങ്ങൾ നടത്തിവരുന്നു. പെരുവണ്ണാമൂഴി പട്ടികജാതി, പട്ടികവർഗ്ഗ മത്സ്യത്തൊഴിലാളി സഹകരണ സംഘത്തിലെ അംഗങ്ങളായ 100 ഗുണഭോക്താക്കളെയാണ് കൂടുമത്സ്യകൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തികൾക്കായി തെരഞ്ഞെടുത്തിട്ടുള്ളത്. പദ്ധതിയുമായി സഹകരിക്കുന്ന ഗുണഭോക്താക്കൾക്ക് ദിവസവേതനമായി 600 രൂപയാണ് നിശ്ചയിച്ചിരിക്കുന്നത്. മത്സ്യവിളവെടുപ്പും വിപണനവും ആരംഭിക്കുന്ന

മുറയ്ക്ക് ലാഭത്തിന്റെ നിശ്ചിത വിഹിതവും ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നതാണ്. മത്സ്യകൃഷി പ്രവർത്തനങ്ങൾക്കാവേണ്ട പരിശീലനം ഗുണഭോക്താക്കൾക്ക് അഡാക്ക് മുഖേന നൽകിവരുന്നു. ജലസംഭരണികളിലെ മത്സ്യകൃഷിയുടെ ഒരു സംയോജിത വികസനമാണ് മേൽ പരാമർശിച്ച പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. മത്സ്യകൃഷി വഴി ഉല്പാദിപ്പിക്കുന്ന മത്സ്യം കേട്ടുകൂടാതെ സൂക്ഷിക്കുന്നതിനും അവ വിപണനം ചെയ്യുന്നതിനുംവേണ്ടിയുള്ള അടിസ്ഥാന സൗകര്യ വികസനവും പദ്ധതിയിലുൾപ്പെടുന്നു. ജലസംഭരണികളെ ആശ്രയിച്ച് ജീവിക്കുന്ന മത്സ്യത്തൊഴിലാളികളുടെയും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെയും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും ജലസംഭരണികളുടെ സുസ്ഥിര വികസനത്തിനും റിസർവോയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളെ ശക്തിപ്പെടുത്തുന്നതിനും 100 ടൺ മത്സ്യോൽപ്പാദനവും ടി പദ്ധതി മുഖേന ലക്ഷ്യമിടുന്നു.

(സി) മത്സ്യക്കൂട് പദ്ധതിയുടെ മത്സ്യ വിപണന സാധ്യതകൾ ഏത് രീതിയിലാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

മത്സ്യവിപണന സ്റ്റാളുകൾ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുന്ന കാര്യവും കൂടിലെ മത്സ്യങ്ങളെ ജീവനോടെ വിപണനം നടത്തുന്നതിനുള്ള "ലൈഫ് ഫിഷ് മാർക്കറ്റിംഗ്"-നുള്ള സാധ്യതയും പരിശോധിക്കുന്നതാണ്.

**ഉൾനാടൻ മത്സ്യങ്ങളിൽ നിന്നും മൂല്യവർദ്ധിത ഭക്ഷ്യ ഉൽപ്പന്നങ്ങൾ**

299(2962) <u>ശ്രീ. പി. ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയറ്റുമതി അധിഷ്ഠിതമായ ഉൾനാടൻ മത്സ്യഫാമുകൾ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കുമോ?

കയറ്റുമതി അധിഷ്ഠിതമായ മത്സ്യവിഭവമായ ചെമ്മീൻ ഇനങ്ങളുടെ കൃഷി ഫാമുകൾ പ്രോത്സാഹിപ്പിക്കുന്നതിന് സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്.

(ബി) ഉൾനാടൻ മത്സ്യങ്ങളിൽനിന്നും മൂല്യവർദ്ധിത ഭക്ഷ്യ ഉൽപ്പന്നങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ഫുഡ് പാർക്കുകൾ ആരംഭിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉൾനാടൻ മത്സ്യങ്ങളിൽനിന്നും മൂല്യവർദ്ധിത ഭക്ഷ്യ ഉൽപ്പന്നങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ഫുഡ്പാർക്കുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## മത്സ്യക്കൃഷി പദ്ധതികൾ

300(2963) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ കൽപ്പറ്റ മണ്ഡലത്തിൽ മത്സ്യക്കൃഷി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ കൽപ്പറ്റ മണ്ഡലത്തിൽ ജനകീയ മത്സ്യകൃഷി, സുഭിക്ഷ കേരളം, പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജന എന്നിവയുടെ ഭാഗമായി കർഷകർ വിജയകരമായി മത്സ്യക്കൃഷി നടത്തിവരുന്നു. 2020-21 വർഷത്തിൽ ജനകീയ മത്സ്യക്കൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി 17.06 ഹെക്ടർ ശാസ്ത്രീയ കാർപ്പ് കൃഷി, 3.148 ഹെക്ടർ ആസ്സാം വാള കൃഷി, 35.79 ഹെക്ടർ വിശാല മത്സ്യക്കൃഷി എന്നിവയിലായി ആകെ 60 ഹെക്ടർ കൃഷി നടത്തിയിട്ടുണ്ട്. കൂടാതെ 7 ശുദ്ധജല കൂട് കൃഷി യൂണിറ്റുകളും 6 RAS മത്സ്യക്കൃഷി യൂണിറ്റുകളും നടപ്പിലാക്കിയിട്ടുണ്ട്. 2020-21 സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഫിഷറീസ് വകുപ്പിന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും സംയുക്ത ഫണ്ട് വിനിയോഗിച്ച് 105 വീട്ടുവളപ്പിലെ പടുതാക്കുളം മത്സ്യക്കൃഷി യൂണിറ്റുകളും 41 ബയോഫ്ളോക്ക് യൂണിറ്റുകളും നടപ്പിലാക്കി പൂർത്തീകരിച്ചുവരുന്നു. പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജന പദ്ധതി 2020-21-ൽ ഉൾപ്പെടുത്തി 3 ബയോഫ്ളോക്ക് യൂണിറ്റുകളിലും 1 RAS മത്സ്യക്കൃഷി യൂണിറ്റിലും മത്സ്യക്കൃഷി നടപ്പിലാക്കിവരുന്നു. ഇതിനുപുറമേ 2021-22 സാമ്പത്തിക വർഷത്തിൽ സുഭിക്ഷ കേരളം-ജനകീയ മത്സ്യക്കൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി 0.42 ഹെക്ടർ ശാസ്ത്രീയ കാർപ്പ് കൃഷി, 35.79 ഹെക്ടർ വിശാല മത്സ്യക്കൃഷി എന്നിവയിലായി ആകെ 36.21 ഹെക്ടർ മത്സ്യക്കൃഷി നടത്തുന്നുണ്ട്. കൂടാതെ 89 വീട്ടുവളപ്പിലെ പടുതാക്കുളം മത്സ്യക്കൃഷി യൂണിറ്റുകളും, 36 ബയോഫ്ളോക് യൂണിറ്റുകളും, 1 ശുദ്ധജല കൂടുകൃഷി യൂണിറ്റും, 2 RAS മത്സ്യക്കൃഷി യൂണിറ്റും സ്ഥാപിച്ച് മത്സ്യക്കൃഷി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഉൾനാടൻ മത്സ്യകൃഷിയിലെ നൂതന കൃഷിരീതികൾ

301(2964) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധജല മത്സ്യകൃഷിക്കായി ഏതെല്ലാം പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നതെന്നും പദ്ധതികളുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ?

ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷം സുഭിക്ഷകേരളം ജനകീയ മത്സ്യക്കൃഷി പദ്ധതിക്കായി 98 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആയതനുസരിച്ച് ശുദ്ധജല മത്സ്യക്കൃഷിയും ഓരുജല മത്സ്യക്കൃഷിയും നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) ഉൾനാടൻ മത്സ്യകൃഷിയിലെ നൂതന കൃഷിരീതികൾ പരിചയപ്പെടുത്തുന്നതിനും പരിശീലിപ്പിക്കുന്നതിനും നിലമ്പൂരിൽ പ്രവർത്തിക്കുന്ന ഫിഷറീസ് വകുപ്പിന്റെ മത്സ്യഭവനിൽ സംവിധാനങ്ങളുണ്ടോ; ഏതെല്ലാം നൂതന കൃഷിരീതികളാണ് പ്രദേശത്ത് വ്യാപിപ്പിക്കുന്നതെന്നും അറിയിക്കാമോ?

മത്സ്യകർഷകർക്ക് നിലമ്പൂർ മത്സ്യഭവൻ വഴി സാങ്കേതിക സഹായം നൽകുന്നതിനുള്ള സംവിധാനമുണ്ട്. 2021-22 വർഷത്തിൽ നിലമ്പൂർ മത്സ്യഭവന് കീഴിൽ ജനകീയ മത്സ്യക്കൃഷി പദ്ധതി പ്രകാരം നടപ്പിലാക്കുന്ന നൂതന കൃഷി രീതികൾ ചുവടെ ചേർക്കുന്നു.

- റീ-സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (50 ക്യൂ.മീ),
- റീ-സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (100 ക്യൂ.മീ),
- വരാൽ മത്സ്യവിത്തുൽപ്പാദന യൂണിറ്റ്,
- കരിമീൻ മത്സ്യവിത്തുൽപ്പാദന യൂണിറ്റ്,
- അർദ്ധ ഊർജ്ജിത ശുദ്ധജല മത്സ്യക്കൃഷി,
- വിശാല കാർപ്പ് മത്സ്യക്കൃഷി.

(സി) ഉൾനാടൻ മത്സ്യക്കൃഷിയിൽനിന്നും ലഭിക്കുന്ന മത്സ്യങ്ങൾക്ക് നിലമ്പൂർ നിയോജകമണ്ഡലത്തിൽ പൊതുവിപണന കേന്ദ്രം ആരംഭിച്ചിട്ടുണ്ടോ; മത്സ്യഭവന് കീഴിൽ ലൈവ് ഫിഷ് മാർട്ടുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

നിലവിൽ ആരംഭിച്ചിട്ടില്ല. നിലമ്പൂർ മുനിസിപ്പാലറ്റിയുടെയും മത്സ്യഫെഡിന്റെയും സഹകരണത്തോടെ നിലമ്പൂരിൽ മത്സ്യ വിപണന കേന്ദ്രം ആരംഭിക്കുന്നതിനുള്ള ചർച്ചകൾ നടത്തിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ആറാട്ടുപുഴ ഫിഷ് മീൽ ഫാക്ടറിയുടെ പ്രവർത്തനം

302(2965) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറാട്ടുപുഴ ഫിഷ് മീൽ ഫാക്ടറിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് നിലവിൽ നേരിടുന്ന തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് പരിഹരിക്കുന്നതിനും പ്രസ്തുത ഫാക്ടറിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനും സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

(എ&ബി) ആറാട്ടുപുഴ ഫിഷ് മീൽ പ്ലാന്റിൽ 3 ട്രയൽ റൺ നടത്തിയിരുന്നു. അതുമായി ബന്ധപ്പെട്ട് പ്രദേശവാസികൾക്ക് മത്സ്യത്തിന്റെ ഗന്ധം ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്ന പരാതി ഉന്നയിക്കുകയുണ്ടായി. മത്സ്യത്തിന്റെ ഗന്ധം ഇല്ലാതാക്കുന്നതിനായി ബയോ ഫിൽറ്റർ സംവിധാനം മത്സ്യഫെഡ് ഫിഷ് മീൽ പ്ലാന്റിൽ ക്രമീകരിച്ചിട്ടുണ്ട്. മത്സ്യം പുഴുങ്ങി പ്രസ്സ് ചെയ്തുവരുന്ന വെള്ളത്തിൽനിന്നും ഖര പദാർത്ഥങ്ങൾ വേർതിരിക്കുന്ന ഡീകാൻഡർ, സ്റ്റിക്ക് വാട്ടറിൽനിന്നും ഖര പദാർത്ഥവും മീൻ എണ്ണയും വേർതിരിച്ചെടുക്കുന്ന സെൻട്രിഫ്യൂജ് സംവിധാനം പ്രവർത്തിക്കുന്ന ഭാഗത്ത് മത്സ്യത്തിന്റെ ഗന്ധം നിർവീര്യമാക്കുന്നതിനുള്ള ക്രമീകരണം എന്നിവ സജ്ജമാക്കിയിട്ടുണ്ട്. ഫിഷ് മീൽ പ്ലാന്റ് പ്രവർത്തിക്കുന്നതിന് ഫാക്ടറീസ് & ബോയിലേഴ്സ്, മലിനീകരണ നിയന്ത്രണ ബോർഡ്, അഗ്നിശമനസേന, പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നുള്ള അനുമതിയും ലഭ്യമാക്കിയിട്ടുണ്ട്.

## കീഴൂരിലെ ഫിഷറീസ് സ്റ്റേഷൻ

303(2966) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഹാർബറിന് സമീപത്തുള്ള ചെമ്മനാട്, പള്ളിക്കര കടപ്പുറങ്ങളിൽ തുടർച്ചയായി മത്സ്യബന്ധന തോണികൾ അപകടത്തിൽപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെങ്കിലും മുൻകരുതലുകൾ സ്വീകരിക്കുന്ന വിഷയം പഠനവിധേയമാക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

പഠനവിധേയമാക്കിയിട്ടുണ്ട്. കാസർഗോഡ് ഫിഷിംഗ് ഹാർബറിലേയ്ക്ക് മത്സ്യബന്ധന യാനങ്ങൾക്ക് സുഗമമായി പ്രവേശിക്കുന്നതിന് ബുദ്ധിമുട്ട് കണ്ടതിനാൽ നിലവിലുള്ള പുലിമുട്ടുകളുടെ നീളവും അകലവും വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് CWPRS മുഖേന പഠനം നടത്തിയിരുന്നു. പഠനത്തിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പുതുക്കിയ അലൈൻമെന്റ് പ്രകാരമുള്ള വടക്കെ പുലിമുട്ടിന്റെ 165 മീറ്റർ നീളം വരുന്ന നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(സി) അപകടത്തിൽപ്പെടുന്നവരെ സഹായിക്കുന്നതിനായി കീഴൂരിൽ സ്ഥാപിച്ച ഫിഷറീസ് സ്റ്റേഷൻ ഇതുവരെ പ്രവർത്തനസജ്ജമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് എത്രയും വേഗം യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

(സി&ഡി) ഉണ്ട്. കാസർഗോഡ് കീഴൂരിൽ ഫിഷറീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനായി കെട്ടിടവും മറ്റ് പശ്ചാത്തല സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. ഫിഷറീസ് സ്റ്റേഷൻ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കുന്നതിനായുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

## പാറശ്ശാല മണ്ഡലത്തിലെ മാർക്കറ്റുകളിൽ മത്സ്യത്തിൽ മായം കലർത്തുന്നത് കണ്ടെത്താൻ നടപടി

304(2967) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ വിവിധ മാർക്കറ്റുകളിൽ വിൽപ്പനയ്ക്കെത്തുന്ന മത്സ്യത്തിൽ മായം കലർത്തുന്നത് കണ്ടെത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; തദ്ദേശ സ്ഥാപനങ്ങൾ വഴി ഇത്തരം വില്പന തടയുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിലെ വിവിധ മാർക്കറ്റുകൾ കേന്ദ്രീകരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പ് 2020-21 കാലയളവിൽ ആകെ 153 പരിശോധനകൾ നടത്തിയതിൽ ഫോർമാലിൻ/അമോണിയ തുടങ്ങിയ രാസ വസ്തുക്കളുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടില്ല. തദ്ദേശ സ്ഥാപനങ്ങൾ വഴി ഇത്തരം മത്സ്യങ്ങളുടെ വിൽപ്പന തടയുന്നതിന് പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല.

(ബി) 2016-21 വരെയുള്ള കാലയളവിൽ നെയ്യാറ്റിൻകര, കാട്ടാക്കട താലൂക്കുകളിൽ മത്സ്യത്തിൽ രാസവസ്തുക്കൾ കലർത്തുന്നതുമായും പഴക്കമുള്ള മത്സ്യം വിൽക്കുന്നതുമായും ബന്ധപ്പെട്ട് എത്ര കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്; അവയുടെ വിശദാംശം പഞ്ചായത്ത് അടിസ്ഥാനത്തിൽ അറിയിക്കാമോ?

2016-2021 വരെയുള്ള കാലയളവിൽ നെയ്യാറ്റിൻകര, കാട്ടാക്കട താലൂക്കുകളിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് മുഖേന പഞ്ചായത്ത് അടിസ്ഥാനത്തിൽ നടത്തിയ മത്സ്യ പരിശോധനകളുടെ വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(സി) ഇതര സംസ്ഥാനങ്ങളിൽനിന്നും അതിർത്തി കടത്തി നെയ്യാറ്റിൻകര, കാട്ടാക്കട താലൂക്കുകളിലേയ്ക്ക് കൊണ്ടുവരുന്ന മത്സ്യങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ നിലവിൽ എന്തൊക്കെ സൗകര്യങ്ങളാണ് ലഭ്യമായിട്ടുള്ളത്; ഇതുസംബന്ധിച്ച് നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണോ; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് രാസപദാർത്ഥങ്ങൾ കലർത്തിയ മത്സ്യം വിൽപ്പന നടത്തുന്നത് തടയുന്നതിനായി ഹാർബറുകൾ, മത്സ്യ മൊത്തവിതരണ കേന്ദ്രങ്ങൾ, മത്സ്യ മാർക്കറ്റുകൾ, ചെക്ക്പോസ്റ്റുകൾ എന്നിവിടങ്ങളിൽ ഭക്ഷ്യ സുരക്ഷാ വകുപ്പുമായി ചേർന്ന് നിരന്തരം പരിശോധനകൾ നടത്തുന്നുണ്ട്. ആയതിന്റെ ഫലമായി രാസപദാർത്ഥങ്ങൾ കലർന്ന മത്സ്യത്തിന്റെ വരവ് ഗണ്യമായി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. എന്നാൽ ഇതര സംസ്ഥാനങ്ങളിൽനിന്നും അതിർത്തി കടത്തി നെയ്യാറ്റിൻകര, കാട്ടാക്കട താലൂക്കുകളിലേയ്ക്ക് കൊണ്ടുവരുന്ന മത്സ്യങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ചെക്ക്പോസ്റ്റുകളിൽ സ്ഥിരം സംവിധാനം നിലവിലില്ല.

(ഡി) പാറശ്ശാല മണ്ഡലത്തിലെ ഏതെല്ലാം മത്സ്യ മാർക്കറ്റുകളാണ് ആധുനിക മത്സ്യ മാർക്കറ്റുകളായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പനച്ചമൂട് മത്സ്യമാർക്കറ്റ് നവീകരണ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പാറശ്ശാല മണ്ഡലത്തിലെ പനച്ചമൂട് മത്സ്യമാർക്കറ്റ് നിർമ്മാണത്തിനായി അനുമതി ലഭിച്ചുപ്രകാരം 25/09/2020-ൽ ടെണ്ടർ ചെയ്തു. പ്രവൃത്തി നടപ്പിലാക്കുന്നതിനായി കരാറുകാരനുമായി കരാറിലേർപ്പെട്ടുകയും ചെയ്തു. എന്നാൽ ഗ്രാമപഞ്ചായത്തിൽനിന്നും പദ്ധതി നിർവ്വഹണത്തിനായി അനുയോജ്യമാംവിധം സ്ഥലം കൈമാറുന്നതിനുണ്ടായ കാലതാമസം കാരണം കരാർ റദ്ദ് ചെയ്തിരുന്നു. പദ്ധതി നിർവ്വഹണത്തിനായി പഞ്ചായത്തിൽനിന്നും സ്ഥലം കൈമാറി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**തിരൂരങ്ങാടി മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേനയുള്ള റോഡ് നവീകരണം**

305(2968) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലത്ത് തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമുഖേന നവീകരിക്കുന്നതിന് അനുമതി നൽകിയ റോഡുകളുടെ പേരുകളും അനുവദിച്ച തുകകളും സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

തീരദേശ റോഡുകളുടെ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ബഹു.എം.എൽ.എ.-മാർ സമർപ്പിച്ച നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു. ഉടൻ ഭരണാനുമതി നൽകുന്നതാണ്.

**പൊന്നാനി മണ്ഡലത്തിൽ ഭരണാനുമതി നൽകിയ റോഡുകൾ**

306(2969) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിൽ 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ഏതെല്ലാം റോഡുകൾക്കാണ് ഭരണാനുമതി നൽകിയതെന്ന് വിശദീകരിക്കാമോ?

2020-21-ൽ 10 റോഡുകൾക്കാണ് പൊന്നാനി നിയോജകമണ്ഡലത്തിൽ അനുമതി നൽകിയത്. അവയുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ 11-10-2021 വരെ റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഭരണാനുമതി നൽകിയ റോഡുകളുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

സ്ഥലം ലഭ്യമായ 8 റോഡുകളിൽ 5 എണ്ണം പൂർത്തീകരിച്ചു. ബാക്കിയുള്ളവയുടെ പ്രവൃത്തികൾ പുരോഗമിക്കുന്നു.

(സി) റോഡുകളുടെ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

സ്വീകരിച്ചിട്ടുണ്ട്.

**പുതുപൊന്നാനിയിൽ ഫിഷ് ലാന്റിംഗ് സെന്റർ**

307(2970) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി ഫിഷിംഗ് ഹാർബർ പരിസരത്തും പുതുപൊന്നാനിയിലും അടിഞ്ഞുകൂടിയ മണ്ണ് അടിയന്തരമായി നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

പൊന്നാനി ഫിഷിംഗ് ഹാർബർ പരിസരത്ത് മണ്ണ് നീക്കം ചെയ്യുന്ന പ്രവൃത്തിക്ക് 134.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പുതുപൊന്നാനിയിൽ അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്യുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിക്കേണ്ടത് ഇറിഗേഷൻ വകുപ്പാണ്.

(ബി) പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഏറെയുള്ള പുതുപൊന്നാനിയിൽ ഫിഷ് ലാൻഡിംഗ് സെന്റർ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാണെന്നതിനാൽ ആയത് സ്ഥാപിക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ?

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പുതുപൊന്നാനിയിൽ ഫിഷ് ലാൻഡിംഗ് സെന്റർ സ്ഥാപിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

**വൈപ്പിൻ നിയോജകമണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ**

308(2971) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന വൈപ്പിൻ നിയോജകമണ്ഡലത്തിൽ നിലവിൽ നടന്നുവരുന്ന നിർമ്മാണ പ്രവൃത്തികളുടെ

നിർവ്വഹണം, പുരോഗതി, ഇനി ടെണ്ടർ ചെയ്യാനുള്ള പ്രവൃത്തികൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) തുക അനുവദിച്ച പ്രവൃത്തികൾ ആരംഭിക്കുന്നതിനും പൂർത്തിയാക്കുന്നതിനുമുള്ള കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(സി) തുക വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾ ആരംഭിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

(എ - സി) വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ഡി) ജനങ്ങൾ അനുഭവിക്കുന്ന യാത്രാക്ലേശം കണക്കിലെടുത്ത് തുക വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

നടപടി സ്വീകരിച്ചുവരുന്നു.

**ഹാർബർ മാനേജ്മെന്റ് കമ്മിറ്റി**

309(2972) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീൻപിടുത്ത ഹാർബറുകളുടെ പരിപാലനം മത്സ്യത്തൊഴിലാളികൾക്കു കൂടി പങ്കാളിത്തമുള്ള ഹാർബർ മാനേജ്മെന്റ് കമ്മിറ്റികളെ ഏൽപ്പിക്കാനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

2021-ലെ മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ഓർഡിനൻസ് പ്രകാരം മത്സ്യത്തൊഴിലാളികൾക്കുകൂടി പങ്കാളിത്തമുള്ള ഹാർബർ മാനേജ്മെന്റ് സൊസൈറ്റി പുനഃസംഘടിപ്പിക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഫിഷറീസ് ഹാർബറുകളിൽ ശീതീകരണ സംവിധാനം ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കുമോ; വ്യക്തമാക്കാമോ?

ഹാർബറുകളോടനുബന്ധിച്ച് ശീതികരണ സംവിധാനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ കായംകുളം അഴീക്കൽ ഹാർബറിൽ ശീതീകരണ സംവിധാനം പൂർത്തീകരിച്ചിട്ടുണ്ട്. ശക്തികുളങ്ങര ഹാർബറിൽ ശീതീകരണ സംവിധാനം സജ്ജമാക്കിവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കൊയിലാണ്ടി ഫിഷിംഗ് ഹാർബറിലെ ഡീസൽ ബങ്കിന്റെ പ്രവൃത്തി**

310(2973) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി ഫിഷിംഗ് ഹാർബറിലെ ഡീസൽ ബങ്കിന്റെ പ്രവൃത്തി എന്ന് പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യാൻ കഴിയും; വിശദമാക്കാമോ?

2021 അവസാനത്തോടെ നിർമ്മാണം പൂർത്തീകരിച്ച് ബങ്കിന്റെ ഉദ്ഘാടനം നടത്താൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തിയിൽ ഇത്രയധികം കാലതാമസം വരാനുണ്ടായ കാരണങ്ങൾ വിശദമാക്കാമോ?

കൊയിലാണ്ടി ഫിഷിംഗ് ഹാർബറിനുള്ളിൽ മത്സ്യഫെഡിന് ഡീസൽ ബങ്ക് നിർമ്മിക്കാൻ അനുവദിച്ച സ്ഥലത്ത് വാർഫ് ലഭ്യമല്ലാത്തതും ചതുപ്പ് നിലം നികത്തേണ്ടതിനാലും ടെണ്ടർ ലഭ്യമാക്കുന്നതിനുവന്ന കാലതാമസവും കോവിഡ് പ്രതിസന്ധിയുമാണ് ബങ്കിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസത്തിനിടയാക്കിയത്.

**ചെറുവത്തൂർ ഫിഷറീസ് ഹാർബറിന്റെ ഭാഗമായി പണിത പുലിമുട്ട് പുതുക്കി പണിയുന്നതിന് നടപടി**

311(2974) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലാക്രമണത്തെത്തുടർന്ന് തകർന്ന തൃക്കരിപ്പൂർ മണ്ഡലത്തിലെ ചെറുവത്തൂർ ഫിഷറീസ് ഹാർബറിന്റെ ഭാഗമായി പണിത പുലിമുട്ട് പുതുക്കി പണിയാൻ നടപടി സ്വീകരിക്കുമോ?

കടലാക്രമണത്തെത്തുടർന്ന് തകർന്ന ചെറുവത്തൂർ ഫിഷിംഗ് ഹാർബറിന്റെ ഭാഗമായി പണിത പുലിമുട്ട് പുതുക്കി പണിയുന്നതിനും പുലിമുട്ടിന്റെ കടൽഭാഗം ടെട്രാപോഡ് ഉപയോഗിച്ച് സംരക്ഷിക്കുന്നതിനുമായി 10.05 കോടിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പരിശോധിച്ചുവരുന്നു.

(ബി) ഈ ഹാർബറിൽ ചെറിയ വാഹനങ്ങൾക്കായി ജെട്ടി അടുപ്പിക്കുന്നതിന് ലോ ലെവൽ ജെട്ടി നിർമ്മിക്കാനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ചെറുവത്തൂർ ഫിഷറീസ് ഹാർബറിൽ ലോലെവൽ ജെട്ടി നിർമ്മിക്കുന്നതിനായി 116 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

**കല്ല്യാശ്ശേരി മണ്ഡലത്തിലെ തീരദേശ റോഡ് പ്രവൃത്തി**

312(2975) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ തീരദേശ റോഡായ പട്ടുവം ഗ്രാമപഞ്ചായത്തിലെ പരണ്ടൽ റോഡ് പുനരുദ്ധാരണ പ്രവൃത്തി, ചെറുകുന്ന് ഗ്രാമപഞ്ചായത്തിലെ ചെറുകുന്ന്-ശക്തി ടാക്കീസ് ദാൽ റോഡ് നവീകരണ പ്രവൃത്തി എന്നിവ പൂർത്തിയാക്കാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണ്; ഇത് പൂർത്തിയാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

പട്ടുവം ഗ്രാമപഞ്ചായത്തിലെ പരന്നൂൽ തീരദേശ റോഡിന്റെ നിർമ്മാണ പ്രവൃത്തി - കരാറുകാരന്റെ ഉദാസീനതമൂലമാണ് ടി പ്രവൃത്തി വൈകിയത്. മഴക്കാലത്തിനുശേഷം പ്രവൃത്തി പുനരാരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അതുപ്രകാരം പൂർത്തീകരിക്കാത്തപക്ഷം ഉടമ്പടി അനുസരിച്ചുള്ള നടപടികൾ സ്വീകരിച്ച് കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുന:ക്രമീകരിക്കുന്നതാണ്.

ശ്രീശക്തി ടാക്കീസ് ദാൽ റോഡ് - ചെറുകുന്ന് ഗ്രാമപഞ്ചായത്ത് - ടി പ്രവൃത്തിക്ക് പുരോഗതിയില്ലാത്തതിനെത്തുടർന്ന് കരാറുകാരനെ ടെർമിനേറ്റ് ചെയ്തിരുന്നു. എന്നാൽ ടെർമിനേഷനുശേഷം പ്രവൃത്തി പുനരാരംഭിച്ചതിനാൽ ടെർമിനേഷൻ റിവോക്ക് ചെയ്തു. തുടർന്ന് പ്രവൃത്തി 900 മീറ്റർ നീളത്തിൽ ടാർ ചെയ്ത് 70% പൂർത്തീകരിച്ചു. യഥാസമയം അത് പൂർത്തീകരിക്കാത്ത പക്ഷം ഉടമ്പടിയനുസരിച്ചുള്ള നടപടികൾ സ്വീകരിച്ച് കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനഃക്രമീകരിക്കുന്നതാണ്.

**നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണം**

313(2976) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. എം. മുകേഷ്:
ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലകളിൽ നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് കഴിഞ്ഞ സർക്കാർ തുടക്കം കുറിച്ച പദ്ധതി ഏതുവരെയായെന്ന് വിശദമാക്കാമോ?

നവോത്ഥാന സാംസ്കാരിക നായകരുടെ നാമധേയത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുമെന്ന് 2016-2017 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതുപ്രകാരം, പദ്ധതി നടപ്പിലാക്കിവരുന്നു. സർക്കാരിന്റെ കിഫ്ബി പദ്ധതി പ്രകാരമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണത്തിന് ഓരോ ജില്ലയിലും 50 കോടി രൂപ വീതം മൊത്തം 700 കോടി രൂപയിൽ നിജപ്പെടുത്തി 27-04-2017-ലെ സ. ഉ. (സാധാ) നമ്പർ. 318/2017/സാം.കാ.വ. പ്രകാരം ഭരണാനുമതി പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത സാംസ്കാരിക സമുച്ചയ നിർമ്മാണത്തിനായി ഓരോ ജില്ലയിലും 3.5 മുതൽ 5 ഏക്കർ വരെ ഭൂമിയാണ് ആവശ്യമായിട്ടുള്ളത്. ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങളും ഭൂമിയേറ്റെടുക്കുന്ന നടപടികളും വിവിധ ജില്ലകളിൽ വിവിധ ഘട്ടങ്ങളിലാണ്. കൊല്ലം, കാസർഗോഡ് ജില്ലകളിലെ സാംസ്കാരിക സമുച്ചയങ്ങളുടെ ഒന്നാംഘട്ട നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തി. തുടർന്നുള്ള നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. പാലക്കാട് ജില്ലയിലെ സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. മലപ്പുറം ജില്ലയിലെ സാംസ്കാരിക സമുച്ചയത്തിന്റെ സാങ്കേതികാനുമതിക്കായുള്ള നടപടികൾ നടന്നുവരുന്നു. തൃശ്ശൂർ, ആലപ്പുഴ എന്നീ ജില്ലകളിൽ പദ്ധതിക്കായി സർക്കാർ ഭൂമി കണ്ടെത്തുകയും ഭൂമിയുടെ കൈമാറ്റ നടപടികൾ അന്തിമ ഘട്ടത്തിലെത്തുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ സാംസ്കാരികസമുച്ചയ നിർമ്മാണത്തിനായി സ്വകാര്യ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. കോഴിക്കോട്, കോട്ടയം എന്നീ ജില്ലകളിൽ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. കണ്ണൂർ, തൃശ്ശൂർ, ആലപ്പുഴ, കോട്ടയം എന്നിവിടങ്ങളിലെ സാംസ്കാരിക സമുച്ചയത്തിന്റെ പ്രോജക്ട് റിപ്പോർട്ടുകൾ കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. വയനാട്, എറണാകുളം, ഇടുക്കി, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിൽ അനുയോജ്യമായ ഭൂമി ജില്ലാ ഭരണകൂടത്തിന്റെ സഹായത്തോടെ കണ്ടെത്താനുള്ള ശ്രമം നടന്നുവരികയാണ്.

(ബി) പാലക്കാട്, കാസർഗോഡ് സാംസ്കാരികസമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തിയായോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

പാലക്കാട്, കാസർഗോഡ് ജില്ലകളിലെ സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

(സി) ഒന്നാം ഘട്ടം ഉദ്ഘാടനം ചെയ്ത കൊല്ലത്തെ സ്മാരകം പ്രവർത്തന സജ്ജമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് പ്രവർത്തനമാരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഇല്ല. പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) സ്മാരകങ്ങളുടെ പ്രവർത്തനം സംബന്ധിച്ച രൂപരേഖ സാംസ്കാരിക വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

**ഡിജിറ്റൽ ക്രിയേറ്റീവ് ഇൻഡസ്ട്രിക്ക് പ്രത്യേക പദ്ധതി**

314(2977) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഡിജിറ്റൽ ക്രിയേറ്റീവ് ഇൻഡസ്ട്രിയെ പ്രോത്സാഹിപ്പിക്കുന്നതിനും ഡിജിറ്റൽ ആർട്ട് പ്രൊഫഷണലുകളുടെ നൈപുണ്യ വികസനത്തിനുമായി പ്രത്യേക പദ്ധതി ആവിഷ്കരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

കലാ-സാംസ്കാരിക മേഖലകളിലെ സമസ്ത ജനവിഭാഗങ്ങളെയും ഓൺ ലൈൻ പ്ലാറ്റ് ഫോമിൽ അണിനിരത്തിക്കൊണ്ട് വിവിധ കലകൾ പ്രദർശിപ്പിക്കുന്നതിനും അവർക്ക് സാമ്പത്തിക സഹായം എത്തിക്കുന്നതിനും 'മഴമിഴി' എന്ന പേരിൽ നവമാധ്യമ കലാസംഗമം സാംസ്കാരിക വകുപ്പ് സംഘടിപ്പിച്ചുവരുന്നു. ഭാരത് ഭവന്റെ നേതൃത്വത്തിലാണ് ഈ പദ്ധതി നടത്തുന്നത്. ആനിമേഷൻ, വിഷ്വൽ ഇഫക്ട്സ് എന്നിവയിൽ അന്താരാഷ്ട്ര നിലവാരമുള്ള സ്റ്റുഡിയോകൾ ഉപയോഗിച്ച് സംസ്ഥാനത്ത് ഈ മേഖലയിൽ ഒരു മികവിന്റെ കേന്ദ്രം സ്ഥാപിക്കാനുദ്ദേശിച്ചുള്ള "ഗെയിമിംഗ് ആനിമേഷൻ ഹാബിറ്റാറ്റ്" എന്ന പദ്ധതിയും വിഭാവനം ചെയ്തിട്ടുണ്ട്. പ്രസ്തുത കേന്ദ്രത്തിൽ പരിശീലന പരിപാടികളും ഹ്രസ്വകാല കോഴ്സുകളും നടത്തുന്നതിന് വിവിധ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു. ഈ പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷം 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**സിനിമ റെഗുലേറ്ററി അതോറിറ്റി**

315(2978) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സിനിമാ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കാനുള്ള തീരുമാനത്തിൽ നിന്നും സർക്കാർ പിന്മാറിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

സിനിമാ റെഗുലേറ്ററി അതോറിറ്റി/സിനിമാ മേഖലയിലെ തർക്ക പരിഹാരത്തിനായി ട്രിബ്യൂണൽ രൂപീകരിക്കുക തുടങ്ങിയ നിർദ്ദേശങ്ങളുടെ നിയമവശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു. ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ടിന്മേലുള്ള തുടർനടപടികളുടെ ഭാഗമായാണ് ഇപ്രകാരം ചെയ്യുന്നത്.

**നാട്ടരങ്ങ് പദ്ധതി**

316(2979) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ മേഖലകളിൽ മതിയായ സ്ഥല സൗകര്യങ്ങളുള്ള പാതയോരങ്ങൾ കണ്ടെത്തി നാട്ടരങ്ങ് എന്ന പേരിൽ രംഗവേദികൾ സ്ഥാപിക്കുന്ന പദ്ധതി വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ നടപ്പാക്കാൻ സാംസ്കാരിക വകുപ്പ് ഡയറക്ടർ സർക്കാരിലേയ്ക്ക് നൽകിയ ശിപാർശയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ നാട്ടരങ്ങ് സ്ഥാപിക്കുന്നത് സംബന്ധിച്ച് സാംസ്കാരിക വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) നടപ്പ് സാമ്പത്തിക വർഷം ഈ പദ്ധതിക്കായി തുക നീക്കി വച്ചിട്ടുണ്ടോ?

നടപ്പ് സാമ്പത്തിക വർഷം നാട്ടരങ്ങ് പദ്ധതിക്കായി 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) പദ്ധതി നിർവ്വഹണത്തിനായുള്ള അനുമതിക്കായി സർക്കാർ തലത്തിൽ ഭരണാനുമതി ലഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്ന് വ്യക്തമാക്കാമോ?

ഒരു നാട്ടരങ്ങിന്, സ്ഥല ലഭ്യതയ്ക്കനുസരിച്ച് ഒരു തുറന്ന സ്റ്റേജ്, ഒരു ചമയമുറി, ഗാർഡൻ ബഞ്ചുകൾ എന്നിവയും സൗന്ദര്യവൽക്കരണത്തിനായി ചുവർചിത്രങ്ങൾ, ചെറുശില്പങ്ങൾ, റിലീഫ് വർക്കുകൾ തുടങ്ങിയവയും പദ്ധതിയിൻകീഴിൽ വിഭാവനം ചെയ്യുന്നു. സർക്കാർ തലത്തിലാണ് പദ്ധതിക്ക് ഭരണാനുമതി നൽകുന്നത്. നടപ്പു സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി ഘടകങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു നാട്ടരങ്ങിന് 20 ലക്ഷം രൂപ വീതം 2 നാട്ടരങ്ങ് സ്ഥാപിക്കുന്നതിന് 26-7-2021-ലെ സ.ഉ.(സാധാ)നമ്പർ 276/2021/സാം.കാ.വ. നമ്പർ ഉത്തരവ് (അനുബന്ധം I ആയി* ചേർക്കുന്നു) പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്ക് അനുയോജ്യമായ സ്ഥലത്തിന്റെ ലഭ്യത, പദ്ധതി നിർവഹണത്തിന് ആവശ്യമായ തുക, പ്ലാൻ എന്നിവയുടെ അടിസ്ഥാനത്തിൽ പ്രൊപ്പോസൽ പരിശോധിച്ച് പദ്ധതി സ്ഥലങ്ങൾ നിർണ്ണയിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വയനാട് ജില്ലയിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിന് നടപടി

317(2980) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ നടപടിക്രമങ്ങൾ എവിടെവരെയായെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിക്കായി അടിയന്തരമായി സ്വീകരിക്കേണ്ട നടപടികൾ വ്യക്തമാക്കാമോ?

(ബി & സി) നവോത്ഥാന സാംസ്കാരിക നായകരുടെ നാമധേയത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള കിഫ്ബി പദ്ധതി പ്രകാരം വയനാട് ജില്ലയിൽ നവോത്ഥാന നായകൻ എടച്ചേന കുങ്കന്റെ നാമധേയത്തിൽ സമുച്ചയം നിർമ്മിക്കുന്നതിന് അനുയോജ്യമായ സർക്കാർ/സ്വകാര്യ ഭൂമി ജില്ലാ ഭരണകൂടത്തിന്റെ സഹായത്തോടെ കണ്ടെത്തുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. അനുയോജ്യമായ ഭൂമി ലഭ്യമാക്കുന്നമുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ

318(2981) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എല്ലാ ജില്ലാ കേന്ദ്രങ്ങളിലും സ്ഥാപിക്കുന്ന നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും നടത്തിപ്പിനുമായി എന്തുസംവിധാനമാണ് സർക്കാർ ഏർപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദവിവരം ലഭ്യമാക്കുമോ?

സാംസ്കാരിക സമുച്ചയങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് നടത്തിപ്പിനുള്ള സംവിധാനങ്ങളും സജ്ജീകരിക്കുന്നതാണ്. ഇതുസംബന്ധിച്ച പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ചുവരുന്നു.

## പൂന്താനം സ്മാരക കെട്ടിടത്തിന്റെ നിർമ്മാണം

319(2982) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ കീഴാറ്റൂരിൽ പൂന്താനം സ്മാരക കെട്ടിടത്തിന്റെ നിർമ്മാണം പാതിവഴിയിൽ നിലച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മഞ്ചേരി നിയോജകമണ്ഡലത്തിലെ കീഴാറ്റൂരിൽ പ്രവർത്തിക്കുന്ന പൂന്താനം സ്മാരക സമിതിയുടെ നിയന്ത്രണത്തിലുള്ള പൂന്താനം സ്മാരക നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയത്തിൽ സർക്കാരിലെ ടൂറിസം വകുപ്പാണ് നടപടി സ്വീകരിച്ചുവരുന്നത്. 25/03/2017-ലെ സർക്കാർ ഉത്തരവ് നം.165/2017/ടൂറിസം പ്രകാരം പൂന്താനം സാംസ്കാരിക നിലയം ഫേസ്-2 എന്ന പദ്ധതിക്ക് 90 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും മലപ്പുറം ഡി.റ്റി.പി.സി.യെ ഇതിന്റെ എക്സിക്യൂട്ടിംഗ് ഏജൻസിയായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഇംപ്ലിമെന്റിംഗ് ഏജൻസിയായി 31/05/2017-ന് മലപ്പുറം ജില്ലാ നിർമ്മിതി കേന്ദ്രയെ മലപ്പുറം ജില്ലാ ഡി.റ്റി.പി.സി ചുമതലപ്പെടുത്തിയിട്ടുണ്ട്. സെമിനാർ ബിൽഡിംഗ്, ടോയ്ലറ്റ് ബ്ലോക്ക്, ഗ്രീൻ റൂം, എൻട്രൻസ് ഗേറ്റ് എന്നിവയാണ് പ്രധാന ഘടകങ്ങൾ. ഈ പദ്ധതിക്കായി ടൂറിസം വകുപ്പ് ഒന്നാം ഘട്ടമായി 18//05/2017-ൽ 18 ലക്ഷം രൂപയും രണ്ടാം ഘട്ടമായി 17,21,779 രൂപയും 29/11/2020-ൽ മലപ്പുറം ഡി.റ്റി.സി.പി.ക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി നിലയ്ക്കാനുള്ള കാരണം വ്യക്തമാക്കാമോ?

കോവിഡ് 19-മായി ബന്ധപ്പെട്ട ലോക്ക്ഡൗൺ കാരണമാണ് പദ്ധതി പ്രവൃത്തികൾ താൽക്കാലികമായി നിർത്തിവയ്ക്കേണ്ടിവന്നത്.

(സി) പ്രസ്തുത പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തി എന്ന് പുനരാരംഭിക്കും; എന്നത്തേയ്ക്ക് പൂർത്തീകരിക്കും; വിശദമാക്കാമോ?

(സി&ഡി) രണ്ടുമാസം മുമ്പ് നിർമ്മാണപ്രവൃത്തികൾ പുനരാരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ 40 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. സ്ട്രക്ച്ചറൽ വർക്കുകൾ ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. ഇന്റീരിയർ ഫിനിഷിംഗ് വർക്കുകളാണ് കൂടുതൽ അവശേഷിക്കുന്നത്. പ്രവൃത്തി നാല് മാസത്തിനകം പൂർത്തീകരിക്കാൻ കഴിയുമെന്ന് മലപ്പുറം ജില്ലാ നിർമ്മിതി കേന്ദ്രം അറിയിച്ചിട്ടുണ്ട്.

## ഡിജിറ്റൽ ആർട്ട് മ്യൂസിയങ്ങൾ

320(2983) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ കലാ-സാംസ്കാരിക പൈതൃകങ്ങളിലേയ്ക്ക് യുവതലമുറയേയും സഞ്ചാരികളെയും ആകർഷിക്കുന്നതിനായി ഡിജിറ്റൽ ആർട്ട് മ്യൂസിയങ്ങൾ ആരംഭിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ; വിശദാംശം നൽകുമോ?

കേരളത്തിന്റെ പുരാതനവും സമ്പന്നവുമായ സംസ്കൃതിയുടെ അടയാളങ്ങൾ ഭാവി തലമുറയ്ക്കായി കാത്തുസൂക്ഷിക്കുന്നതിന് സമഗ്രവും സചേതനവുമായ ഒരു കേരള സംസ്കാര മ്യൂസിയം സ്ഥാപിക്കുകയെന്ന പദ്ധതി സാംസ്കാരിക വകുപ്പ് നടപ്പിലാക്കിവരികയാണ്. സംസ്ഥാനത്തെ വിനോദ സഞ്ചാര കേന്ദ്രങ്ങളെയും നിലവിലുള്ള മ്യൂസിയങ്ങളെയും കോർത്തിണക്കി ഒരു മ്യൂസിയം ശൃംഖല സ്ഥാപിക്കുകയെന്ന ലക്ഷ്യവും ഈ പദ്ധതിക്കുണ്ട്. കേരളത്തിന്റെ സാംസ്കാരിക വൈവിദ്ധ്യം, ചരിത്രം, കല തുടങ്ങിയവ പ്രദർശിപ്പിക്കുന്ന ഒരു കേരള ബ്രാൻഡ് സാംസ്കാരിക മ്യൂസിയം സ്ഥാപിക്കുകയും നിലവിലുള്ളവയെ അതിനോട് ബന്ധിപ്പിക്കുകയും ചെയ്യുന്നത് വിനോദസഞ്ചാര മേഖലയെ പുഷ്ടിപ്പെടുത്തുമെന്നും ചരിത്ര- സാംസ്കാരിക-ഗവേഷണ വിദ്യാർത്ഥികൾക്ക് പഠന കേന്ദ്രമായി മാറുമെന്നും പ്രതീക്ഷിക്കുന്നു. പ്രസ്തുത മ്യൂസിയം സ്ഥാപിക്കുന്നതിന് സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. വിനോദസഞ്ചാര വകുപ്പ് ഡിജിറ്റൽ ആർട്ട് മ്യൂസിയങ്ങൾക്കായുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ആയത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം കനകക്കുന്ന് പാലസിലെ ഡിജിറ്റൽ മ്യൂസിയം പദ്ധതിക്ക് 6.88 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

തിരുവനന്തപുരം ചെമ്പഴന്തി ശ്രീനാരായണ ഗുരുകുലത്തിൽ ഡിജിറ്റൽ മ്യൂസിയത്തിനും കൺവെൻഷൻ സെന്ററിനുമായി 9 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

## കലാകാരന്മാർക്കുവേണ്ടി ആവിഷ്കരിച്ച പദ്ധതികൾ

321(2984) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കലാ-സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിച്ച് ഉപജീവനം നടത്തിവന്ന കലാകാരന്മാർക്ക് കോവിഡിന്റെ ഭാഗമായി തൊഴിലില്ലാതെ വന്നപ്പോൾ അവരെ സംരക്ഷിക്കാനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കോവിഡിന്റെ പശ്ചാത്തലത്തിൽ കലാകാരന്മാർക്ക് പൊതുവേദികൾ നഷ്ടപ്പെടുന്നതുകൊണ്ട് കലാസമൂഹത്തിന് കൈത്താങ്ങാകുവാൻ വിവിധ പദ്ധതികൾ സാംസ്കാരികകാര്യ വകുപ്പ് നടപ്പിലാക്കിവരുന്നു. കേരള സർക്കാരിന്റെ സാംസ്കാരിക വിനിമയ കേന്ദ്രമായ ഭാരത് ഭവൻ മുഖേന വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ സഹകരണത്തോടെ കലാ സമൂഹത്തിന് നവമാധ്യമത്തിലൂടെ വേദി ഒരുക്കുവാനും സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുമായി കോവിഡ് ലോക്ഡൗൺ അനുബന്ധ സമാശ്വാസ പദ്ധതി - ' മഴമിഴി ' നവമാധ്യമ കലാസംഗമം 2021 ഓഗസ്റ്റ് 28 മുതൽ നവംബർ 1 വരെ 65 ദിവസം നീണ്ടുനിൽക്കുന്ന സാംസ്കാരികോത്സവം സാംസ്കാരിക വകുപ്പ് സംഘടിപ്പിക്കുന്നുണ്ട്. ഗോത്രകലകൾ, നാടൻകലകൾ, അനുഷ്ഠാനകലകൾ, ക്രിസ്തീയകലകൾ, മാപ്പിളകലകൾ, ക്ഷേത്രകലകൾ, ശാസ്ത്രീയ നൃത്തം, ശാസ്ത്രീയ സംഗീതം, ഉപകരണ സംഗീതം, നാടകം, ചിത്രകല, ശില്പകല, ഫോട്ടോഗ്രഫി തുടങ്ങി 135-ഓളം കലാരൂപങ്ങളെയും ഭിന്നശേഷി, ട്രാൻസ്ജെൻഡേഴ്സ്, അന്ധ, ബധിര, മൂക കലാസംഘങ്ങൾ അടക്കമുള്ളവരെ ഉൾപ്പെടുത്തി 380-ഓളം സംഘങ്ങളിലൂടെ 3500-ൽപ്പരം കലാപ്രവർത്തകർക്ക് ധനസഹായവും സർഗ്ഗ പ്രകാശനങ്ങൾക്കുള്ള നവമാധ്യമ വേദിയും നൽകുവാൻ ഇതുവഴി സാധിക്കും. കോവിഡ് മഹാമാരിമൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട് ജീവിതം വഴിമുട്ടിയവരും കുറഞ്ഞത് 10 വർഷക്കാലം തുടർച്ചയായി കലാരംഗത്ത് പ്രവർത്തിക്കുന്നവരും കേരളത്തിൽ സ്ഥിരതാമസമാക്കിയിട്ടുള്ളവരുമായ 32000 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും ആകെ 640 ലക്ഷം രൂപ ചെലവഴിച്ച് പ്രതിമാസം 1,000 രൂപാ വീതം 2 മാസത്തേയ്ക്ക് അടിയന്തര ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമേ സാംസ്കാരിക വകുപ്പും അക്കാദമികളും മുഖേനയുള്ള സമാശ്വാസ ധനസഹായത്തിന് യഥാസമയം അപേക്ഷിക്കാൻ കഴിയാതെപോയവരും അതുവരെ മറ്റ് യാതൊരുവിധ ധനസഹായങ്ങൾ ലഭിച്ചിട്ടില്ലാത്തവരുമായ 29050 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കുംകൂടി സമാശ്വാസ ധനസഹായമായി 1,000 രൂപ വീതം ആകെ 290.5 ലക്ഷം രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും വിതരണം ചെയ്തിട്ടുണ്ട്. സാംസ്കാരിക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവർക്ക് കഴിഞ്ഞ വർഷം 2000 രൂപ വീതം നൽകി. ഈ വർഷം 1,000 രൂപ വീതം ധനസഹായം നൽകിവരുന്നു. കൂടാതെ ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് പെൻഷൻ, ചികിത്സാ ധനസഹായം, അംഗങ്ങളുടെ അവകാശികൾക്ക് മരണാനന്തര ധനസഹായം, കുടുംബപെൻഷൻ എന്നിവ നൽകിവരുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പ്രതിസന്ധിയിലകപ്പെട്ട കേരളത്തിലെ നിർധനരായ കലാകാരന്മാരെ സാമ്പത്തികമായി സഹായിക്കുന്നതിന് കേരള

സംഗീത നാടക അക്കാദമി നടപ്പിലാക്കിയ 'സർഗ്ഗഭൂമിക' എന്ന ഓൺലൈൻ പരിപാടിയിൽ 250 കലാകാരന്മാർ പങ്കെടുത്തു. ആയതിന് 5,03,300 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 25 അമച്വർ കലാസമിതികൾക്ക് 2 ലക്ഷം രൂപാ വീതം ധനസഹായം നൽകുന്ന പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾ കേരള സംഗീത നാടക അക്കാദമിയുടെ നേതൃത്വത്തിൽ നടന്നുവരുന്നു. വൈലോപ്പിള്ളി സംസ്കൃതി ഭവൻ, മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി എന്നിവർ ഓൺലൈൻ പ്ലാറ്റ് ഫോം ഒരുക്കി വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. കേരള ലളിത കലാ അക്കാദമി, കോവിഡ് കാലത്ത് കേരളത്തിലെ 14 ജില്ലകളിലെ 105 ചിത്രകാരന്മാർ സ്വന്തം വീടുകളിലിരുന്ന് ചിത്രം വരയ്ക്കുന്ന 'നിറകേരളം' (വർക്ക് അറ്റ് ഹോം) എന്ന പേരിൽ ദശദിന ചിത്രകലാ ക്യാമ്പ് സംഘടിപ്പിച്ചിരുന്നു. കലാകാരന്മാർക്ക് 25,000 രൂപ വീതം ഓണറേറിയവും ക്യാൻവാസും നിറങ്ങൾക്കായി 2,000 രൂപയും നൽകിക്കൊണ്ട് മഹാമാരിക്കാലത്ത് അക്കാദമി കലാകാരന്മാരെ ചേർത്തുനിർത്തുകയായിരുന്നു. മലയാളം മിഷൻ, ആദിവാസി ഗോത്ര സമുദായങ്ങളിലെ കലാകാരന്മാരെ ഉൾപ്പെടുത്തി ഓൺലൈൻ റേഡിയോയായ "റേഡിയോ മലയാള"ത്തിൽ "പയമേ പണലി" എന്ന പരിപാടി പ്രക്ഷേപണം ചെയ്തുവരുന്നു. ഇതിലൂടെ കലാകാരന്മാർക്ക് 1,000 രൂപ വീതം പ്രതിഫലവും നൽകിവരുന്നു. കവിയരങ്ങ്, കഥോത്സവം, ഓഡിയോ ബുക്കുകൾ കൂടാതെ വിവിധ കലാകാരന്മാരെ ഉൾപ്പെടുത്തി നവോത്ഥാന നാടകപരമ്പര റേഡിയോ മലയാളത്തിൽ പ്രക്ഷേപണം ചെയ്തുവരുന്നു.

### കലാകാരന്മാരെ സഹായിക്കുന്നതിനായി പുതിയ പദ്ധതി

322(2985) ഡോ. എം. കെ. മുനീർ:

ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് കാലഘട്ടത്തിൽ ഏറ്റവും ദുരിതം അനുഭവിക്കേണ്ടിവന്ന കലാകാരന്മാരെ സഹായിക്കുന്നതിനായി എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

കോവിഡിന്റെ പശ്ചാത്തലത്തിൽ കലാകാരന്മാർക്ക് പൊതുവേദികൾ നഷ്ടപ്പെടുന്നതുകൊണ്ട് കലാസമൂഹത്തിന് കൈത്താങ്ങാകുവാൻ വിവിധ പദ്ധതികൾ സാംസ്കാരികകാര്യ വകുപ്പ് നടപ്പിലാക്കിവരുന്നു. കേരള സർക്കാരിന്റെ

സാംസ്കാരിക വിനിമയ കേന്ദ്രമായ ഭാരത് ഭവൻ മുഖേന വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ സഹകരണത്തോടെ കലാ സമൂഹത്തിന് നവമാധ്യമത്തിലൂടെ വേദി ഒരുക്കുവാനും സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുമായി കോവിഡ് ലോക്ഡൗൺ അനുബന്ധ സമാശ്വാസ പദ്ധതി -' മഴമിഴി ' നവമാധ്യമ കലാസംഗമം 2021 ഓഗസ്റ്റ് 28 മുതൽ നവംബർ 1 വരെ 65 ദിവസം നീണ്ടുനിൽക്കുന്ന സാംസ്കാരികോത്സവം സാംസ്കാരിക വകുപ്പ് സംഘടിപ്പിക്കുന്നുണ്ട്. ഗോത്രകലകൾ, നാടൻകലകൾ, അനുഷ്ഠാനകലകൾ, ക്രിസ്തീയകലകൾ, മാപ്പിളകലകൾ, ക്ഷേത്രകലകൾ, ശാസ്ത്രീയ നൃത്തം, ശാസ്ത്രീയ സംഗീതം, ഉപകരണ സംഗീതം, നാടകം, ചിത്രകല, ശില്പകല, ഫോട്ടോഗ്രഫി തുടങ്ങി 135-ഓളം കലാരൂപങ്ങളെയും ഭിന്നശേഷി, ട്രാൻസ്ജെൻഡേഴ്സ്, അന്ധ, ബധിര, മൂക കലാസംഘങ്ങൾ അടക്കമുള്ളവരെ ഉൾപ്പെടുത്തി 380-ഓളം സംഘങ്ങളിലായി 3500-ൽപ്പരം കലാപ്രവർത്തകർക്ക് ധനസഹായവും സർഗ്ഗ പ്രകാശനങ്ങൾക്കുള്ള നവമാധ്യമ വേദിയും നൽകുവാൻ ഇതുവഴി സാധിക്കും. കോവിഡ് മഹാമാരിമൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട് ജീവിതം വഴിമുട്ടിയവരും കുറഞ്ഞത് 10 വർഷക്കാലം തുടർച്ചയായി കലാരംഗത്ത് പ്രവർത്തിക്കുന്നവരും കേരളത്തിൽ സ്ഥിരതാമസമാക്കിയിട്ടുള്ളവരുമായ 32000 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും ആകെ 640 ലക്ഷം രൂപ ചെലവഴിച്ച് പ്രതിമാസം 1000 രൂപാ വീതം 2 മാസത്തേയ്ക്ക് അടിയന്തര ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമേ സാംസ്കാരിക വകുപ്പും അക്കാദമികളും മുഖേനയുള്ള സമാശ്വാസ ധനസഹായത്തിന് യഥാസമയം അപേക്ഷിക്കാൻ കഴിയാതെപോയവരും അതുവരെ മറ്റ് യാതൊരുവിധ ധനസഹായങ്ങൾ ലഭിച്ചിട്ടില്ലാത്തവരുമായ 29050 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കുംകൂടി സമാശ്വാസ ധനസഹായമായി 1000 രൂപ വീതം ആകെ 290.5 ലക്ഷം രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും വിതരണം ചെയ്തിട്ടുണ്ട്. സാംസ്കാരിക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവർക്ക് കഴിഞ്ഞ വർഷം 2000 രൂപ വീതം നൽകി. ഈ വർഷം 1000 രൂപ വീതം ധനസഹായം നൽകിവരുന്നു. കൂടാതെ ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് പെൻഷൻ, ചികിത്സാ ധനസഹായം, അംഗങ്ങളുടെ അവകാശികൾക്ക് മരണാനന്തര ധനസഹായം, കുടുംബപെൻഷൻ എന്നിവ നൽകിവരുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പ്രതിസന്ധിയിലകപ്പെട്ട

കേരളത്തിലെ നിർധനരായ കലാകാരന്മാരെ സാമ്പത്തികമായി സഹായിക്കുന്നതിന് കേരള സംഗീത നാടക അക്കാദമി നടപ്പിലാക്കിയ 'സർഗ്ഗഭ്രമിക' എന്ന ഓൺലൈൻ പരിപാടിയിൽ 250 കലാകാരന്മാർ പങ്കെടുത്തു. ആയതിന് 5,03,300 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വൈലോപ്പിള്ളി സംസ്കൃതി ഭവൻ, മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി ഓൺലൈൻ പ്ലാറ്റ് ഫോം ഒരുക്കി വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. കേരള ലളിത കലാ അക്കാദമി, കോവിഡ് കാലത്ത് കേരളത്തിലെ 14 ജില്ലകളിലെ 105 ചിത്രകാരന്മാർ സ്വന്തം വീടുകളിലിരുന്ന് ചിത്രം വരയ്ക്കുന്ന 'നിറകേരളം' (വർക്ക് അറ്റ് ഹോം) എന്ന പേരിൽ ദശദിന ചിത്രകലാ ക്യാമ്പ് സംഘടിപ്പിച്ചിരുന്നു. കലാകാരന്മാർക്ക് 25000 രൂപ വീതം ഓണറേറിയവും, ക്യാൻവാസും നിറങ്ങൾക്കായി 2000 രൂപയും നൽകിക്കൊണ്ട് മഹാമാരിക്കാലത്ത് അക്കാദമി കലാകാരന്മാരെ ചേർത്തുനിർത്തുകയായിരുന്നു. മലയാളം മിഷൻ, ആദിവാസി ഗോത്ര സമുദായങ്ങളിലെ കലാകാരന്മാരെ ഉൾപ്പെടുത്തി ഓൺലൈൻ റേഡിയോയായ "റേഡിയോ മലയാള"ത്തിൽ "പയമേ പണലി" എന്ന പരിപാടി പ്രക്ഷേപണം ചെയ്തുവരുന്നു. ഇതിലൂടെ കലാകാരന്മാർക്ക് 1000 രൂപ വീതം പ്രതിഫലവും നൽകിവരുന്നു. കവിയരങ്ങ്, കഥോത്സവം, ഓഡിയോ ബുക്കുകൾ കൂടാതെ വിവിധ കലാകാരന്മാരെ ഉൾപ്പെടുത്തി നവോത്ഥാന നാടക പരമ്പര റേഡിയോ മലയാളത്തിൽ പ്രക്ഷേപണം ചെയ്തുവരുന്നു.

(ബി) കലാകാരന്മാരുടെ വാസനയും നൈപുണ്യവും പ്രോത്സാഹിപ്പിക്കുന്നതിന് റൂറൽ ആർട്ട് ഹബ്ബുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

ഗ്രാമീണ കലാകാരന്മാരുടെയും കരകൗശല വിദഗ്ധരുടെയും നൈപുണ്യം ശക്തിപ്പെടുത്തുക, ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുക, അവർക്ക് ഉപജീവന സുസ്ഥിരത ഉറപ്പാക്കുക, സർവ്വോപരി സമ്പന്നമായിരുന്ന കേരളത്തിന്റെ ഗ്രാമീണ കരകൗശല പൈതൃകത്തെ സംരക്ഷിക്കുക തുടങ്ങിയ ലക്ഷ്യപ്രാപ്തിക്കായി സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന ഒരു പദ്ധതിയാണ് ഗ്രാമീണ കലാകേന്ദ്രം (Rural Art Hub) പദ്ധതി. സംസ്ഥാനത്തെ തെരഞ്ഞെടുത്ത 20 കരകൗശല പൈതൃക ഗ്രാമങ്ങളിൽ ഈ പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നു. ഈ പദ്ധതി കേരള ലളിതകലാ അക്കാദമിയെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് കൂടുതൽ വിപുലമായ രീതിയിൽ നടപ്പിലാക്കുന്നതാണ്.

(സി) കലാകാരന്മാരുടെ കഴിവ് പ്രകടിപ്പിക്കുന്നതിനായി പൊതു വേദികൾ സൃഷ്ടിക്കുന്നതിനുള്ള സ്കീമുകൾ ആരംഭിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഗ്രാമീണ മേഖലയിലും ചെറു പട്ടണങ്ങളിലും സാംസ്കാരിക പ്രവർത്തനങ്ങൾക്ക് വേദികൾ ലഭ്യമല്ലാത്തിടങ്ങളിൽ മതിയായ സ്ഥല സൗകര്യമുള്ള പാതയോരങ്ങളോ പൊതുയിടങ്ങളോ കണ്ടെത്തി നാട്ടരങ്ങ് എന്ന പേരിൽ രംഗവേദികൾ സ്ഥാപിക്കുന്ന സാംസ്കാരിക വകുപ്പിന്റെ പദ്ധതിയാണ് നാട്ടരങ്ങ്. ഈ പദ്ധതി കൂടുതൽ വിപുലമായ രീതിയിൽ നടപ്പിലാക്കുന്നതാണ്. വകുപ്പിന് കീഴിൽ 14 ജില്ലകളിൽ നവോത്ഥാന നായകരുടെ നാമധേയത്തിൽ സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതിയുണ്ട്. നിലവിൽ കൊല്ലം, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണം പുരോഗമിച്ചുവരികയാണ്. നാടക ശാലകളും, സംഗീതശാലകളും, ഓപ്പൺഹൗസും, ആർട്ട് ഗ്യാലറികളും പണിശാലകളും റിഹേഴ്സൽ സൗകര്യങ്ങളുമുള്ള പ്രസ്തുത സാംസ്കാരിക സമുച്ചയങ്ങളിൽ കലാകാരന്മാരുടെ കഴിവ് തെളിയിക്കുന്നതിനുള്ള നിരവധി പൊതുവേദികൾ ലഭ്യമാകുന്നതാണ്. കേരള സർക്കാരിന്റെ സാംസ്കാരിക വിനിമയ കേന്ദ്രമായ ഭാരത് ഭവനും വിവിധ സാംസ്കാരിക സ്ഥാപനങ്ങളും ഓൺലൈൻ കലാ അവതരണങ്ങൾ സംഘടിപ്പിച്ചുവരുന്നു.

**കലാ സാംസ്കാരിക രംഗത്തെ ഉന്നമനം**

323(2986) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമൂഹിക സുസ്ഥിതി ഉറപ്പാക്കുന്നതിൽ കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്കുള്ള പ്രാധാന്യം പരിഗണിച്ചുകൊണ്ട് സംസ്ഥാനത്തെ പ്ലാൻ ഫണ്ടിന്റെ ഒരു ശതമാനം കലാ സാംസ്കാരിക രംഗത്തെ ഉന്നമനത്തിനായി നീക്കിവയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

നിലവിൽ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല. കലാ സാംസ്കാരിക രംഗത്തിന്റെ ഉന്നമനത്തിന് ഈ സർക്കാർ പ്രാമുഖ്യം നൽകുന്നതാണ്.

**ലിംഗസമത്വം അടിസ്ഥാന പൗരാവകാശം പദ്ധതി**

324(2987) ശ്രീ. എം. എം. മണി:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'ലിംഗസമത്വം അടിസ്ഥാന പൗരാവകാശം' എന്ന മുദ്രാവാക്യം ഉയർത്തി സാംസ്കാരിക വകുപ്പ് പ്രത്യേകമായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

ഉണ്ട്. സമീപകാലത്തായി സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന അതിക്രമങ്ങൾക്കെതിരെ സർഗ്ഗാത്മകമായി പ്രതികരിച്ച് സമസ്ത മേഖലകളിലും സ്ത്രീ-പുരുഷ സമത്വം എന്ന ആശയം പ്രചരിപ്പിക്കുന്നതിനായി സാംസ്കാരിക വകുപ്പ് വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയാണ് "സമം". വൈവിദ്ധ്യപൂർണ്ണമായ പ്രവർത്തനങ്ങളാണ് സ്ത്രീ സമത്വത്തിനായുള്ള "സമം" എന്ന പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്. സാംസ്കാരിക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഭാരത് ഭവൻ, മലയാളം മിഷൻ, കേരള ചലച്ചിത്ര അക്കാദമി, കേരള ചലച്ചിത്ര വികസന കോർപ്പറേഷൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങളാണ് വ്യത്യസ്തമായ ക്യാമ്പയിൻ പ്രവർത്തനത്തിലൂടെ ഈ പരിപാടികൾക്ക് നേതൃത്വം കൊടുക്കുന്നത്. ഒരു വർഷം നീണ്ടുനിൽക്കുന്ന "സമം" ക്യാമ്പയിൻ പദ്ധതിയിൽ സാംസ്കാരിക വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മറ്റ് സാംസ്കാരിക സ്ഥാപനങ്ങൾ, യുവജന ബോർഡ്, യുവജന കമ്മീഷൻ, നാഷണൽ സർവ്വീസ് സ്കീം, സ്കൗട്ട് & ഗൈഡ് എന്നീ യുവജന പ്രസ്ഥാനങ്ങൾകൂടി സജീവമായി പങ്കാളികളാകുന്നു. സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ, യുവജനങ്ങൾ, മുതിർന്നവർ എല്ലാവരുടെയും മനസ്സറിഞ്ഞു കൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഉൾച്ചേർന്നിട്ടുള്ളത്. 'സ്ത്രീ സമത്വത്തിനായി സാംസ്കാരിക മുന്നേറ്റം' എന്ന ലക്ഷ്യവുമായി സാംസ്കാരിക വകുപ്പിന് കീഴിൽ സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കുന്ന ജനകീയ സാംസ്കാരിക വിദ്യാഭ്യാസ പദ്ധതിയാണ് 'സമം'. 'സമം' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 2021 സെപ്റ്റംബർ 4-ന് ബഹു. മുഖ്യമന്ത്രി നിർവ്വഹിച്ചു. പ്രശസ്ത ഗായിക പത്മഭൂഷൺ കെ. എസ് ചിത്രയെ 'സമം' പരിപാടിയുടെ അംബാസിഡറായി പ്രഖ്യാപിച്ചിട്ടുണ്ട്. ഭരണഘടനാധിഷ്ഠിതമായ അവകാശങ്ങളും സുരക്ഷയും സ്ത്രീകൾക്ക് നൽകുന്നതിനും നിയമപരമായി ഇപ്പോൾ നിലവിലുള്ള ചട്ടങ്ങളെപ്പറ്റി

ബോധ്യപ്പെടുത്തുന്നതിനുമുള്ളതാണ് ഈ പരിപാടി. കേരളത്തിൽ നടന്നിട്ടുള്ള നവോത്ഥാന മുന്നേറ്റത്തിന്റെ തുടർച്ചയുമാണിത്. സമീപകാലത്ത് കേരളത്തിൽ സ്ത്രീധന മരണങ്ങൾ ഉൾപ്പെടെ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന അതിക്രമങ്ങൾ സമൂഹ മനസ്സാക്ഷിയെ ഞെട്ടിക്കുന്നതാണ്. നവോത്ഥാന സമരങ്ങളിലൂടെ കേരളമാർജ്ജിച്ച മാനവികതയുടെയും തുല്യനീതിയുടെയും സ്ത്രീപക്ഷ മുന്നേറ്റങ്ങളുടെയും സാംസ്കാരിക പാരമ്പര്യത്തെ നിരാകരിക്കുന്നതാണ് ഈ സംഭവ വികാസങ്ങൾ. ഭരണഘടന വാഗ്ദാനം ചെയ്യുന്ന സ്ത്രീപുരുഷ തുല്യത നിരാകരിക്കുന്നതും സ്ത്രീകൾക്കെതിരെ അതിക്രമങ്ങൾ നടത്തുന്നതും ക്രിമിനൽ കുറ്റകൃത്യമാണ് എന്നതുപോലെ ഒരു സാംസ്കാരിക പ്രശ്നവുമാണ്. കുറ്റകൃത്യങ്ങളെ ശക്തമായ നിയമങ്ങൾകൊണ്ട് നേരിടാം. എന്നാൽ സാംസ്കാരിക അപചയത്തെ സാംസ്കാരിക ഇടപെടൽ കൊണ്ടുമാത്രമേ മറികടക്കാൻ കഴിയുകയുള്ളൂ. ഈ തിരിച്ചറിവിൽ നിന്നാണ് സമൂഹത്തിന്റെ സമസ്ത മണ്ഡലങ്ങളിലും സാംസ്കാരിക ഇടപെടൽ നടത്തുന്നതിന് " സമം - സ്ത്രീ സമത്വത്തിനായി സാംസ്കാരിക മുന്നേറ്റം" എന്ന ഒരു വർഷം നീണ്ടുനിൽക്കുന്ന പദ്ധതി സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ചത്.

(ബി) സ്ത്രീധന പീഡനങ്ങളും സ്ത്രീകൾക്കെതിരായ അതിക്രമങ്ങളും അവസാനിപ്പിക്കുന്നതിന് പ്രസ്തുത പദ്ധതി എത്രത്തോളം സഹായകരമാണ്; വിശദമാക്കാമോ?

വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തുന്ന വിദ്യാഭ്യാസ സാംസ്കാരിക പരിപാടിയായ " സമം" വിദ്യാഭ്യാസം, തദ്ദേശഭരണം, യുവജനക്ഷേമം, സാമൂഹികക്ഷേമം എന്നീ വകുപ്പുകളുടെ കൂടി സഹകരണത്തോടെയാണ് നടപ്പാക്കുന്നത്. സമം പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായും സംസ്കാരിക വകുപ്പുമന്ത്രി ഉപാദ്ധ്യക്ഷനായും സാംസ്കാരികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറായും യുവജന ക്ഷേമ ബോർഡ് വൈസ് ചെയർമാൻ ജോയിന്റ് കൺവീനറായും ഒരു സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ജില്ലകളിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കളക്ടർ എന്നിവരുടെ നേതൃത്വത്തിലും തദ്ദേശഭരണ സ്ഥാപനങ്ങളിൽ അതാത് തദ്ദേശ സ്ഥാപന മേധാവികൾ അദ്ധ്യക്ഷരായും സെക്രട്ടറി കൺവീനറായും സമിതികൾക്ക് രൂപം നൽകിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ വാർഡ് മെമ്പർ കൺവീനർമാരായും ഗ്രന്ഥശാലാ പ്രസിഡന്റ്/ സെക്രട്ടറി, വാർഡിലെ സാംസ്കാരിക സ്ഥാപനങ്ങളുടെ സെക്രട്ടറി/പ്രസിഡന്റ് എന്നിവരെ ഉൾപ്പെടുത്തി വാർഡുതല സമിതികളും രൂപീകരിച്ചുവരുന്നു. എല്ലാ തലങ്ങളിലും സന്നദ്ധ - വനിതാ - യുവജന സംഘടനകളെയും

സഹകരിപ്പിക്കുന്നതാണ്. മലയാളം മിഷൻ ഡയറക്ടർ അദ്ധ്യക്ഷയും ചലച്ചിത്ര വികസന കോർപ്പറേഷൻ എം.ഡി. കൺവീനറും ഭാരത് ഭവൻ മെമ്പർ സെക്രട്ടറി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ, ചലച്ചിത്ര അക്കാദമി സെക്രട്ടറി എന്നിവർ അംഗങ്ങളായിട്ടുള്ള പ്രോഗ്രാം കമ്മിറ്റിയും പ്രവർത്തിച്ചുവരുന്നു. പോസ്റ്ററുകൾ വഴിയും സാമൂഹിക മാധ്യമങ്ങൾ വഴിയുമുള്ള പ്രചാരണം, വിവിധ കലാ സാംസ്കാരിക സാഹിത്യ പരിപാടികൾ ആവിഷ്കരിക്കുക, സ്ത്രീപക്ഷ നാടകങ്ങൾ, ചലച്ചിത്രങ്ങൾ, ഓഡിയോ ബുക്കുകൾ തുടങ്ങിയ എല്ലാ വിഭാഗം ജനങ്ങളിലേയ്ക്കും എത്തിക്കത്തക്കവിധമുള്ള പരിപാടികൾ സംഘടിപ്പിക്കുക എന്നിവയാണ് മുഖ്യ പരിപാടികൾ. ഒരു വർഷത്തോളം നീണ്ടുനിൽക്കുന്ന സമം പദ്ധതിയിൽ 23 -ഓളം പരിപാടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

1. ഒരു വർഷം നീണ്ടുനിൽക്കുന്ന ക്യാമ്പയിനിൽ ലിംഗ സമത്വം അടിസ്ഥാന പൗരാവകാശമായി അംഗീകരിച്ച നിരവധി വിഷയങ്ങളിൽ സെമിനാറുകൾ.

2. സ്ത്രീ സ്വാതന്ത്ര്യത്തെയും ശാക്തീകരണത്തെയും അടയാളപ്പെടുത്തുന്ന മൈക്രോ ഫിലിംസ്.

3. മൂന്ന് മിനിറ്റ് വരുന്ന കവിതയും സംഗീതവും നൃത്തവും ഇഴചേർത്ത ജിംഗിൾസ്.

4. വിഖ്യാത വ്യക്തിത്വങ്ങളുടെ വാക്കുകളിലൂടെയും കവിതകളിലൂടെയും ലിംഗനീതിക്കായുള്ള - മൾട്ടി മീഡിയ മ്യൂസിക് ആൽബം.

5. ചരിത്രത്തിലെയും പുരാവൃത്തങ്ങളിലെയും വീരാംഗനമാരുടെ പ്രാധാന്യത്തെ ഓർമ്മപ്പെടുത്തുന്ന - ഹ്രസ്വ ദൃശ്യാവിഷ്കാരങ്ങൾ.

6. പ്രതിസന്ധികളിൽ പതറാതെ വിജയം കൈവരിച്ച വർത്തമാനകാല സ്ത്രീകളെക്കുറിച്ചുള്ള മോട്ടിവേഷൻ ഫിലിംസ്.

7. കേരളത്തിലെ നവോത്ഥാന നാടകങ്ങളിലെയും ലോക പ്രശസ്ത നാടകങ്ങളിലെയും സ്ത്രീ നീതിയുടെ തീവ്രതയാർന്ന രംഗങ്ങൾ ഉൾപ്പെടുത്തിയ മൈക്രോ തീയേറ്റർ സ്കെച്ചസ്.

8. സമൂഹത്തിലെ സ്ത്രീകളുടെ ഇച്ഛാശക്തി വളർത്തിയെടുക്കുവാനായി പെൺ-കലാസംഘങ്ങൾ ഒരുക്കുന്ന മോട്ടിവേഷൻ പാന്റോ മൈം.

9. ലിംഗനീതി പ്രമേയമാക്കി വിദ്യാർത്ഥികൾക്കും പൊതു വിഭാഗത്തിലും നടത്തുന്ന റേഡിയോ നാടക മത്സരം.

10. സമം-സാംസ്കാരിക ദൗത്യത്തിന്റെ ആശയം പ്രചരിപ്പിക്കുന്ന ആനിമേഷനുകൾ.

11. വനിതാ ചലച്ചിത്ര പ്രവർത്തകരുടെ ക്യാമ്പ് നടത്തി ഒരുക്കുന്ന ഷോർട്ട് ഫിലിമുകൾ.

12. സമൂഹത്തിലേയ്ക്ക് നല്ല സന്ദേശം പകരുന്ന നായികാ പ്രാധാന്യമുള്ള ചലച്ചിത്രങ്ങളുടെ ടൂറിംഗ് തിയേറ്റർ പദ്ധതി.

13. മലയാള സാഹിത്യത്തിലെ പെണ്ണെഴുത്തിന്റെ ചരിത്രവും എഴുത്തുകാരികൾ അവതരിപ്പിക്കുന്ന വിവിധ സാംസ്കാരിക ആവിഷ്കാരങ്ങളും 'അവൾ സാഹിത്യത്തിൽ '.

14. രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക മേഖലകളിലെ സ്ത്രീ സംഭാവനകളെ അടയാളപ്പെടുത്തുന്ന ഇൻഫർമേറ്റീവ് വീഡിയോസ്.

15. ചലച്ചിത്രങ്ങളിലെ കരുത്താർന്ന സ്ത്രീ കഥാപാത്രങ്ങളിലൂടെയുള്ള ബോധവൽക്കരണ പരിപാടികൾ.

16. ഷീ-റേഡിയോ

- സമകാലിക സ്ത്രീ നീതിക്കുവേണ്ടിയുള്ള ചിന്തകൾ അവതരിപ്പിക്കുന്ന പെൺ കവിയരങ്ങുകൾ.
- ഓഡിയോ ബുക്സ്-എന്റെ ശബ്ദം എന്ന പേരിൽ വിവിധ സാമൂഹിക വിഷയങ്ങളിലെ സ്ത്രീകളുടെ പ്രതികരണങ്ങൾ.
- സ്ത്രീ കേന്ദ്രീകൃത രചനകളുടെ ആവിഷ്കാരം.

17. ലിംഗസമത്വം എന്ന ആശയത്തെ മുൻനിർത്തി വിവിധ ഭാഗങ്ങളിലുള്ളവർക്കുവേണ്ടി സംസ്ഥാനതലത്തിൽ പോസ്റ്റർ മത്സരം.

18. ഒരു ഗ്യാലറിയിൽ 7 ദിവസം എന്ന ക്രമത്തിൽ ലളിതകലാ അക്കാദമിയുടെ 12 ആർട്ട് ഗ്യാലറികളിൽ ചിത്രകാരികളുടെ ചിത്ര പ്രദർശനങ്ങൾ.

19. കേരളവും സ്ത്രീ സമൂഹവും എന്ന പേരിലുള്ള കൈ പുസ്തകം.

20. നവോത്ഥാന വനിതാ സാഹിത്യ ശിൽപ്പശാല - ഫെല്ലോഷിപ്പുകളും ശിൽപ്പശാല ഒരുക്കി ലിംഗ സമത്വത്തിനായുള്ള പദകോശവും (ലഘു വിജ്ഞാന കോശം)

21. കേരളത്തിലെ സിനിമാ-സാംസ്കാരിക-സാമൂഹിക രംഗത്തെ പ്രമുഖ വ്യക്തിത്വങ്ങൾ പങ്കെടുക്കുന്ന സംവാദങ്ങൾ.

22. സ്ത്രീപക്ഷ നിയമ ബോധവൽക്കരണ പരിപാടികൾ.

23. സ്ത്രീകളുടെ സാമൂഹ്യ-സാംസ്കാരിക വളർച്ചകളുടെ വിവിധ ഘട്ടങ്ങൾ അവതരിപ്പിച്ചുകൊണ്ടുള്ള ക്യാമ്പയിനുകൾ.

ഇപ്രകാരം സമൂഹത്തിലെ സ്ത്രീകളുടെ ഇച്ഛാശക്തി വളർത്തിയെടുക്കുന്നതിനായി സംഘടിപ്പിക്കുന്ന സ്ത്രീപക്ഷ നിയമ ബോധവൽക്കരണ പരിപാടികളിലൂടെ സ്ത്രീധന പീഡനങ്ങൾക്കെതിരെയും സ്ത്രീകൾക്കെതിരായ അക്രമങ്ങൾക്കെതിരെയും ശബ്ദമുയർത്താൻ സ്ത്രീകളെ പ്രാപ്തരാക്കാൻ കഴിയും.

(സി) അടുക്കളപ്പണിയും വയോജന - ശിശു പരിപാലനവും സ്ത്രീകൾതന്നെ നിർവ്വഹിക്കണമെന്ന പൊതുബോധം മാറ്റുന്നതിനുതകുന്ന എന്തെല്ലാം ബോധവൽക്കരണ പരിപാടികളാണ് സമം ക്യാമ്പയിനിന്റെ ഭാഗമായി ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദമാക്കാമോ?

സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങളും വിവേചനവും തടയുന്നതിന് തൊഴിലിടങ്ങൾ, പൊതു ഇടങ്ങൾ, വീടുകൾ എന്നിവ കേന്ദ്രീകരിച്ചുള്ള സാംസ്കാരിക പ്രചരണ പരിപാടിയാണ് ലക്ഷ്യമിടുന്നത്. ഇതിൽ എല്ലാ സംഘടനകളെയും പ്രസ്ഥാനങ്ങളെയും സഹകരിപ്പിക്കുന്നതാണ്. പോസ്റ്ററുകൾ വഴിയും സാമൂഹിക മാധ്യമങ്ങൾ വഴിയുമുള്ള പ്രചാരണം, വിവിധ കലാ സാംസ്കാരിക സാഹിത്യ പരിപാടികൾ ആവിഷ്കരിക്കുക, സ്ത്രീപക്ഷ നാടകങ്ങൾ, ചലച്ചിത്രങ്ങൾ, ഓഡിയോ ബുക്കുകൾ തുടങ്ങിയവ എല്ലാ വിഭാഗം ജനങ്ങളിലേയ്ക്കും എത്തിക്കുക എന്നിവയാണ് മുഖ്യ പരിപാടികൾ. വീടുകളിലും സമൂഹത്തിലും സ്ത്രീക്ക് നേരിടേണ്ടിവരുന്ന വിവേചനങ്ങൾ പല മേഖലകളിലേയ്ക്കുമുള്ള സ്ത്രീയുടെ പ്രവേശനത്തെയും നൈപുണ്യത്തെയും നിഷേധിക്കുന്നു. ഇത്തരം മേഖലകൾ കണ്ടെത്തി സ്ത്രീകളെ ആ രംഗത്ത് പ്രവേശിപ്പിക്കുന്നതിനും മികവുറ്റവരാക്കുന്നതിനും വേണ്ട സാംസ്കാരിക പിന്തുണ ലക്ഷ്യമിടുന്നു. ലിംഗനീതിക്കായുള്ള മൾട്ടീമീഡിയ മ്യൂസിക് ആൽബം, ലിംഗനീതി പ്രമേയമാക്കി വിദ്യാർത്ഥികൾക്കും പൊതുവിഭാഗത്തിലുംപെടുന്ന റേഡിയോ നാടകമത്സരം, ലിംഗസമത്വം എന്ന ആശയം മുൻനിർത്തി സംസ്ഥാനതലത്തിൽ നടത്തുന്ന പോസ്റ്റർ മത്സരം എന്നീ പരിപാടികൾ സമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം സമൂഹത്തിലെ സാധാരണക്കാർക്കിടയിൽ സമം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും ആശയങ്ങളും പരിചിതമാക്കുക വഴി സമൂഹത്തിൽ നിലനിൽക്കുന്ന പ്രതിലോമകരമായ ചിന്തകളിലും കാഴ്ചപ്പാടുകളിലും ഗുണപരമായ മാറ്റം പ്രതീക്ഷിക്കുന്നു.

## വടക്കാഞ്ചേരി മണ്ഡലത്തിലെ അന്തരിച്ച സാംസ്കാരിക വ്യക്തിത്വങ്ങളുടെ സ്മരണയ്ക്കായുള്ള പദ്ധതികൾ

325(2988) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി മണ്ഡലത്തിലെ അന്തരിച്ച സാംസ്കാരിക വ്യക്തിത്വങ്ങളായ ഭരതൻ, കലാമണ്ഡലം ഹൈദരാലി, ഒടുവിൽ ഉണ്ണികൃഷ്ണൻ, പി.എൻ. മേനോൻ തുടങ്ങിയവരുടെ സ്മരണ നിലനിർത്തുന്നതിനായി സാംസ്കാരിക വകുപ്പ് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

വിശദ വിവരം ചുവടെ ചേർക്കുന്നു:

1) ഭരതൻ സ്മാരകം

ശ്രീ. ഭരതന്റെ സ്മരണാർത്ഥം സ്മാരകം നിർമ്മിക്കണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് പാലക്കാട് ജില്ലയിൽ ആലത്തൂരിൽ പ്രവർത്തിക്കുന്ന ജനനന്മ യുവകലാ സാംസ്കാരിക സമിതിയുടെ നിവേദനം ലഭിക്കുകയുണ്ടായി. തുടർന്ന് സിനിമാ മേഖലയിലെ പ്രതിഭകളുടെ സ്മരണാർത്ഥമുള്ള ഉത്തരവാദപ്പെട്ട സംഘടനകൾ/ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ തുടങ്ങിയവർ അനുയോജ്യമായ സ്മാരക നിർമ്മാണ പദ്ധതികൾ തയ്യാറാക്കുകയാണെങ്കിൽ സാംസ്കാരിക വകുപ്പ് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകുന്നത് പരിഗണിക്കുന്നതാണെന്ന വിവരം അപേക്ഷകരെ അറിയിച്ചിട്ടുണ്ട്.

2) കലാമണ്ഡലം ഹൈദരാലി സ്മാരകം

2021-2022 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ 2205-00-102-00-77-82- നോൺ പ്ലാൻ എന്ന ശീർഷകത്തിൽ പ്രസ്തുത സ്മാരക നിർമ്മാണത്തിനായി 50,00,000 രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്മാരക നിർമ്മാണത്തിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

3) ഒടുവിൽ ഉണ്ണികൃഷ്ണൻ സ്മാരകം

സാംസ്കാരിക വകുപ്പിൽനിന്നും നൽകിയ ധനസഹായം വിനിയോഗിച്ചുകൊണ്ട് പാലക്കാട് കേരളശ്ശേരിയിൽ 21,16,697 രൂപ ചെലവിൽ ഒടുവിൽ ഉണ്ണികൃഷ്ണൻ സ്മാരകം പാലക്കാട് ജില്ലാ കളക്ടർ മുഖാന്തരം നിർമ്മിച്ചിട്ടുണ്ട്.

ചലച്ചിത്ര പ്രതിഭയായിരുന്ന ശ്രീ. പി. എൻ. മേനോന്റെ സ്മരണ നിലനിർത്തുന്നതിനുള്ള പദ്ധതികൾ നിലവിൽ പരിഗണനയിലില്ല.

## കലാകാരന്മാരെ സഹായിക്കുന്നതിന് നടപടി

326(2989) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയെത്തുടർന്ന് ലോക്ക്ഡൗണും ഉത്സവങ്ങളും മറ്റ് കലാപരിപാടികളും അവതരിപ്പിക്കുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതോടെ ഈ രംഗത്ത് പ്രവർത്തിച്ചുവന്നിരുന്ന കലാകാരന്മാർ തൊഴിൽരഹിതരാകുകയും അവരുടെ കുടുംബങ്ങൾ പട്ടിണിയിലാകുകയും ചെയ്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരെ സഹായിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(എ&ബി) കോവിഡിന്റെ പശ്ചാത്തലത്തിൽ കലാകാരന്മാർക്ക് പൊതുവേദികൾ നഷ്ടപ്പെടുന്നതുകൊണ്ട് കലാസമൂഹത്തിന് കൈത്താങ്ങാകുവാൻ വിവിധ പദ്ധതികൾ സാംസ്കാരികകാര്യ വകുപ്പ് നടപ്പിലാക്കിവരുന്നു. കേരള സർക്കാരിന്റെ സാംസ്കാരിക വിനിമയ കേന്ദ്രമായ ഭാരത് ഭവൻ മുഖേന വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ സഹകരണത്തോടെ കലാസമൂഹത്തിന് നവമാധ്യമത്തിലൂടെ വേദി ഒരുക്കുവാനും സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുമായി കോവിഡ് ലോക്ഡൗൺ അനുബന്ധ സമാശ്വാസ പദ്ധതി- ' മഴമിഴി ' നവമാധ്യമ കലാസംഗമം 2021 ഓഗസ്റ്റ് 28 മുതൽ നവംബർ 1 വരെ 65 ദിവസം നീണ്ടുനിൽക്കുന്ന സാംസ്കാരികോത്സവം സാംസ്കാരിക വകുപ്പ് സംഘടിപ്പിക്കുന്നുണ്ട്. ഗോത്രകലകൾ, നാടൻകലകൾ, അനുഷ്ഠാനകലകൾ, ക്രിസ്തീയകലകൾ, മാപ്പിളകലകൾ, ക്ഷേത്രകലകൾ, ശാസ്ത്രീയ നൃത്തം, ശാസ്ത്രീയ സംഗീതം, ഉപകരണ സംഗീതം, നാടകം, ചിത്രകല, ശില്പകല, ഫോട്ടോഗ്രഫി തുടങ്ങി 135-ഓളം കലാരൂപങ്ങളിൽ ഭിന്നശേഷി, ട്രാൻസ്ജെൻഡേഴ്സ്, അന്ധ, ബധിര, മൂക കലാസംഘങ്ങൾ തുടങ്ങിയവരെ ഉൾപ്പെടുത്തി 380-ഓളം സംഘങ്ങളിലായി 3500-ൽപ്പരം കലാപ്രവർത്തകർക്ക് ധനസഹായവും സർഗ്ഗ പ്രകാശനങ്ങൾക്കുള്ള നവമാധ്യമ വേദിയും നൽകുവാൻ ഇതുവഴി സാധിക്കും. കോവിഡ് മഹാമാരിമൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട് ജീവിതം വഴിമുട്ടിയവരും കുറഞ്ഞത് 10 വർഷക്കാലം തുടർച്ചയായി കലാരംഗത്ത് പ്രവർത്തിക്കുന്നവരും കേരളത്തിൽ സ്ഥിരതാമസമാക്കിയിട്ടുള്ളവരുമായ 32000 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും ആകെ 640 ലക്ഷം രൂപ ചെലവഴിച്ച് പ്രതിമാസം

1,000 രൂപ വീതം 2 മാസത്തേയ്ക്ക് അടിയന്തര ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമെ സാംസ്കാരിക വകപ്പും അക്കാദമികളും മുഖേനയുള്ള സമാശ്വാസ ധനസഹായത്തിന് യഥാസമയം അപേക്ഷിക്കാൻ കഴിയാതെപോയവരും അതുവരെ മറ്റ് യാതൊരുവിധ ധനസഹായങ്ങൾ ലഭിച്ചിട്ടില്ലാത്തവരുമായ 29050 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കുംകൂടി സമാശ്വാസ ധനസഹായമായി 1,000 രൂപ വീതം ആകെ 290.5 ലക്ഷം രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും വിതരണം ചെയ്തിട്ടുണ്ട്. സാംസ്കാരിക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവർക്ക് കഴിഞ്ഞ വർഷം 2,000 രൂപ വീതം നൽകി. ഈ വർഷം 1,000 രൂപ വീതം ധനസഹായം നൽകിവരുന്നു. കൂടാതെ ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് പെൻഷൻ, ചികിത്സാ ധനസഹായം, അംഗങ്ങളുടെ അവകാശികൾക്ക് മരണാനന്തര ധനസഹായം, കുടുംബപെൻഷൻ എന്നിവ നൽകിവരുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പ്രതിസന്ധിയിലകപ്പെട്ട കേരളത്തിലെ നിർധനരായ കലാകാരന്മാരെ സാമ്പത്തികമായി സഹായിക്കുന്നതിന് കേരള സംഗീത നാടക അക്കാദമി നടപ്പിലാക്കിയ 'സർഗ്ഗഭൂമിക' എന്ന ഓൺലൈൻ പരിപാടിയിൽ 250 കലാകാരന്മാർ പങ്കെടുത്തു. ആയതിന് 5,03,300 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 25 അമച്വർ കലാസമിതികൾക്ക് 2 ലക്ഷം രൂപാ വീതം ധനസഹായം നൽകുന്ന പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾ കേരള സംഗീത നാടക അക്കാദമിയുടെ നേതൃത്വത്തിൽ നടന്നുവരുന്നു. വൈലോപ്പിള്ളി സംസ്കൃതി ഭവൻ, മഹാകവി മോയിൻകുട്ടി വൈദ്യർ, മാപ്പിളകലാ അക്കാദമി എന്നീ സ്ഥാപനങ്ങൾ ഓൺലൈൻ പ്ലാറ്റ് ഫോം ഒരുക്കി വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. കേരള ലളിതകലാ അക്കാദമി, കോവിഡ് കാലത്ത് കേരളത്തിലെ 14 ജില്ലകളിലെ 105 ചിത്രകാരന്മാർ സ്വന്തം വീടുകളിലിരുന്ന് ചിത്രം വരയ്ക്കുന്ന 'നിറകേരളം' (വർക്ക് അറ്റ് ഹോം) എന്ന പേരിൽ ദശദിന ചിത്രകലാ ക്യാമ്പ് സംഘടിപ്പിച്ചിരുന്നു. കലാകാരന്മാർക്ക് 25,000 രൂപ വീതം ഓണറേറിയവും ക്യാൻവാസും നിറങ്ങൾക്കായി 2,000 രൂപയും നൽകിക്കൊണ്ട് മഹാമാരിക്കാലത്ത് അക്കാദമി കലാകാരന്മാരെ ചേർത്ത് നിർത്തുകയായിരുന്നു. മലയാളം മിഷൻ, ആദിവാസി ഗോത്ര സമുദായങ്ങളിലെ കലാകാരന്മാരെ ഉൾപ്പെടുത്തി ഓൺലൈൻ റേഡിയോയായ "റേഡിയോ മലയാള"ത്തിൽ "പയമേ പണലി" എന്ന പരിപാടി പ്രക്ഷേപണം ചെയ്തുവരുന്നു. ഇതിലൂടെ കലാകാരന്മാർക്ക് 1,000 രൂപ വീതം പ്രതിഫലം നൽകിവരുന്നു. കവിയരങ്ങ്, കഥോത്സവം, ഓഡിയോ ബുക്കുകൾ കൂടാതെ വിവിധ കലാകാരന്മാരെ ഉൾപ്പെടുത്തി നവോത്ഥാന നാടകപരമ്പര റേഡിയോ മലയാളത്തിൽ പ്രക്ഷേപണം ചെയ്തുവരുന്നു.

**കാസർഗോഡ് ജില്ലയിലെ സാംസ്കാരിക വകുപ്പ് പദ്ധതികൾ**

327(2990) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സാംസ്കാരിക വകുപ്പിനുകീഴിൽ ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് നിയോജകമണ്ഡലം തിരിച്ച് വിശദമാക്കാമോ?

2018-ൽ സാംസ്കാരിക വകുപ്പിനുകീഴിൽ തുടങ്ങിയ യുവകലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി കാസർഗോഡ് ജില്ലയിലും നടപ്പിലാക്കിവരുന്നു. കാസർഗോഡ് ജില്ലയിൽ പദ്ധതിയുടെ ഭാഗമായി കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിന് കീഴിലുള്ള ബ്ലോക്കുകളിൽ 9-ഉം, ഉദുമ നിയോജകമണ്ഡലത്തിന് കീഴിലുള്ള ബ്ലോക്കുകളിൽ 6-ഉം, കാസർഗോഡ് നിയോജകമണ്ഡലത്തിന് കീഴിലുള്ള ബ്ലോക്കുകളിൽ 5-ഉം, തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിന് കീഴിലുള്ള ബ്ലോക്കുകളിൽ 8-ഉം കലാകാരന്മാരെ വിന്യസിക്കുകയും പ്രസ്തുത കലാകാരന്മാർ അതാത് ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള വിവിധ കേന്ദ്രങ്ങളിൽ വിവിധ കലാരൂപങ്ങളിൽ കലാപരിശീലനം നൽകുകയും ചെയ്യുന്നുണ്ട്. ഓരോ കലാകാരനും 10,000 രൂപ സാംസ്കാരിക വകുപ്പിൽനിന്നും 5,000 രൂപ തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും ഉൾപ്പെടെ ആകെ 15,000 രൂപ വീതം ഫെല്ലോഷിപ്പായി പ്രതിമാസം നൽകിവരുന്നുണ്ട്. കേരളത്തിലെ 14 ജില്ലകളിലും നവോത്ഥാന നായകരുടെ നാമധേയത്തിൽ സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്ന ഒരു പദ്ധതി സർക്കാർ നടപ്പിലാക്കിവരുന്നുണ്ട്. നവോത്ഥാന നായകൻ സുബ്രഹ്മണ്യൻ തിരുമുമ്പിന്റെ നാമധേയത്തിൽ കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ ഹോസ്ദുർഗ് താലൂക്കിൽ ഈ പദ്ധതിയുടെ കീഴിൽ സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു.

(ബി) കാഞ്ഞങ്ങാട് മടിക്കൈയിലെ ടി.എസ്.തിരുമുമ്പ് സാംസ്കാരിക സമുച്ചയ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ് താലൂക്കിൽ മടിക്കൈ പഞ്ചായത്തിൽ നാല് ഏക്കർ ഭൂമിയിൽ നവോത്ഥാന നായകൻ സുബ്രഹ്മണ്യൻ തിരുമുമ്പിന്റെ നാമധേയത്തിലുള്ള സാംസ്കാരിക സമുദായത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി കിഫ്ബി 41.95

കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. അഡ്മിഷൻ ബ്ലോക്ക്, എക്സിബിഷൻ ബ്ലോക്ക്, ആഡിറ്റോറിയം ബ്ലോക്ക്, പെർഫോമൻസ് ബ്ലോക്ക്, ഓപ്പൺ എയർ തിയറ്റർ, കഫറ്റേരിയ ബ്ലോക്ക് എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എൻട്രൻസ് ബ്ലോക്കിന്റെ മെഷീനറി വർക്കുകളും പ്ലാസ്റ്ററിംഗ് വർക്കുകളും എക്സിബിഷൻ ബ്ലോക്കിന്റെ ഫസ്റ്റ് ഫ്ലോർ കോളം വർക്കുകളും ഗ്രൗണ്ട് ഫ്ലോറിന്റെ റൂഫ്/സ്ലാബ് മെഷീനറി, പ്ലാസ്റ്ററിംഗ് വർക്കുകളും പുരോഗമിക്കുന്നു. പദ്ധതിയുടെ ഒന്നാംഘട്ട ഉദ്ഘാടനം 19-2-2020-ന് നിർവ്വഹിച്ചു.

## സ്മാരകങ്ങളുടെ പൂർത്തീകരണം

328(2991) ശ്രീ. കെ. ആൻസലൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ സാംസ്കാരിക വകുപ്പിന്റെ ധനസഹായത്തോടെ നിർമ്മാണം ആരംഭിച്ച സ്മാരകങ്ങളുടെ പൂർത്തീകരണം സംബന്ധിച്ച പരിശോധന നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ?

പരിശോധന നടത്തുന്നതിനുള്ള സംവിധാനം രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം സ്മാരകങ്ങളുടെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തുവെന്ന് വ്യക്തമാക്കുമോ?

ഉദ്ഘാടനം സജ്ജമായിട്ടില്ല.

(സി) സാംസ്കാരിക വകുപ്പ് സാമ്പത്തിക സഹായം അനുവദിച്ചതും നിർമ്മാണം നടന്നുവരുന്നതുമായ സ്മാരകങ്ങളുടെ പേരുവിവരം നൽകാമോ; ഇവ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

സാംസ്കാരിക വകുപ്പ് സാമ്പത്തിക സഹായം അനുവദിച്ചതും നിർമ്മാണം നടന്നുവരുന്നതുമായ സ്മാരകങ്ങളുടെ പേരുവിവരങ്ങൾ താഴെ പറയും പ്രകാരമാണ്.

1. മലയിൻകീഴ് മാധവ കവി സംസ്കൃതി കേന്ദ്രം, തിരുവനന്തപുരം
2. ഒളപ്പമണ്ണ സ്മാരകം, പാലക്കാട്
3. ചാവറ കുരിയാക്കോസ് ഏലിയാസ് അച്ചൻ സ്മാരകം, എറണാംകുളം
4. പി.സ്മാരക സാംസ്കാരിക കേന്ദ്രം, പാലക്കാട്
5. കവി തിലകൻ പണ്ഡിറ്റ് കറുപ്പൻ സ്മാരകം, എറണാകുളം
6. കെ.പി.പി. നമ്പ്യാർ സ്മാരകം, കണ്ണൂർ
7. പണ്ഡിറ്റ് കറുപ്പൻ മെമ്മോറിയൽ, ആലപ്പുഴ
8. ഇടശ്ശേരി സ്മാരകം, മലപ്പുറം

സാംസ്കാരിക ഡയറക്ടർ മുഖേന മേൽ സൂചിപ്പിച്ച സ്മാരകങ്ങളുടെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിനും അവ പ്രവർത്തന സജ്ജമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

**അന്താരാഷ്ട്ര ചലച്ചിത്ര മേളയ്ക്ക് സ്ഥിരം വേദി**

329(2992) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ സ്വന്തം ചലച്ചിത്ര മേളയായ തിരുവനന്തപുരം അന്താരാഷ്ട്ര ചലച്ചിത്ര മേളയ്ക്ക് സ്ഥിരം വേദി നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

അന്താരാഷ്ട്ര ചലച്ചിത്ര മേളയ്ക്ക് സ്ഥിരം വേദി സ്ഥാപിക്കുന്നതിനായി ചിത്രാഞ്ജലി സ്റ്റുഡിയോയിൽ സ്ഥലം കണ്ടെത്തിയെങ്കിലും അന്താരാഷ്ട്ര ചലച്ചിത്രമേള സംഘടിപ്പിക്കുന്നതിനുള്ള അസൗകര്യങ്ങൾ പരിഗണിച്ച് പ്രസ്തുത കോംപ്ലക്സിന് അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടെത്തുവാൻ തീരുമാനിച്ചു. തുടർന്ന് അനുയോജ്യമായ സ്ഥലം തിരുവനന്തപുരത്തുതന്നെ കണ്ടെത്തുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

(ബി) ഈ വർഷത്തെ ചലച്ചിത്ര മേള തിരുവനന്തപുരത്തുതന്നെ നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; ഇതിന്റെ നടത്തിപ്പിനുള്ള മുന്നൊരുക്കങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഈ വർഷത്തെ അന്താരാഷ്ട്ര ചലച്ചിത്രമേളയുടെ തീയതിയും നടത്തിപ്പും സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. എന്നാൽ മേളയിലേയ്ക്കുള്ള സിനിമകളുടെ തെരഞ്ഞെടുപ്പിനായി ജ്യൂറിയെ നിശ്ചയിക്കുകയും സെലക്ഷൻ നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു.

**യുവജനങ്ങളുടെ സംരംഭകത്വശേഷി**

330(2993) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങൾ തൊഴിൽ ദാതാക്കളാകണം എന്ന കാഴ്ചപ്പാടോടെ യുവജനങ്ങളുടെ സംരംഭകത്വശേഷിയെ പരമാവധി ഉപയോഗപ്പെടുത്തി സമ്പദ്‌വ്യവസ്ഥയ്ക്കനുയോജ്യമായ തൊഴിൽ സംസ്കാരം രൂപപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സംരംഭകരാകാൻ താൽപ്പര്യമുള്ള യുവജനങ്ങൾക്കുവേണ്ട പരിശീലനവും സഹായവും നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

(എ&ബി) യുവജന കൂട്ടായ്മകൾ രൂപപ്പെടുത്തി പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയെന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് 2022-23 വർഷത്തെ പ്ലാൻ പ്രൊപ്പോസലിൽ എൽ.ഇ.ഡി ബൾബ് നിർമ്മാണം, ഡെലിവറി മൈക്രോ സംരംഭങ്ങൾ, ഹാർബർ സെക്യൂരിറ്റി സർവ്വീസ്, വേസ്റ്റ് മാനേജ്മെന്റ് എന്നീ പദ്ധതികൾ പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. കേരള സംസ്ഥാന യുവജന കമ്മീഷൻ യുവജനങ്ങളെ തൊഴിൽ ദാതാക്കളാക്കുന്നതിനും സമ്പദ്‌വ്യവസ്ഥയ്ക്ക് അനുയോജ്യമായ തൊഴിൽ സംസ്കാരം രൂപപ്പെടുത്തുന്നതിലേയ്ക്കുമായി 'വിർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്' എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ ഭാഗമായി കെൽട്രോൺ മുഖേന ജോബ് പോർട്ടൽ എന്ന പേരിൽ തൊഴിൽ ദാതാക്കൾക്കും തൊഴിലന്വേഷകർക്കും ടി പോർട്ടൽ വഴി രജിസ്റ്റർ ചെയ്യുന്നതിനും സംവിധാനമൊരുക്കിയിട്ടുണ്ട്. ആയതിലേയ്ക്കായി ജോബ് ഫെസ്റ്റ് വിപുലമായ രീതിയിൽ, പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ചുവരുന്നു. സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിൽ നൂതന വ്യവസായ സംരംഭങ്ങൾ തുടങ്ങാനെത്തുന്ന യുവസംരംഭകർക്കുവേണ്ടി വ്യവസായ വാണിജ്യ വകുപ്പ് മുഖേന ബ്ലോക്ക്, താലൂക്ക്, ജില്ലാ തലങ്ങളിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിലും എറണാകുളം കളമശ്ശേരിയിലെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റിന്റെ (കീഡ്) നേതൃത്വത്തിലും സംരംഭകത്വത്തിന്റെ വിവിധ മേഖലകൾ ഉൾപ്പെടുത്തി പരിശീലന പരിപാടികൾ

നടത്തിവരുന്നുണ്ട്. കെ.എസ്.ഐ.ഡി.സി. പ്രാരംഭമൂലധന സഹായം (സീഡ് ഫണ്ട് സഹായം), "സ്റ്റേയിൽ അപ്പ് സപ്പോർട്ട്" എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ മേഖലയിൽ യുവജനങ്ങളെ സഹായിക്കുന്നതിന് 2021-22 വർഷത്തിലേയ്ക്കായി Innovation Acceleration Scheme-ൽ ഉൾപ്പെടുത്തി നൂതന സംരംഭങ്ങൾ ആവിഷ്കരിക്കുന്നതിന് സംസ്ഥാന ബഡ്ജറ്റിൽ 1,100 ലക്ഷം രൂപ ചെലവിടാൻ കെ.എസ്.ഐ.ഡി.സി.-ക്ക് അനുവാദം നൽകിയിട്ടുണ്ട്. വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്ന സംരംഭക സഹായ പദ്ധതി, നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി, ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണി ഗ്രാന്റ്, കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി എന്നിവയിലൂടെയും യുവസംരംഭകർക്ക് പ്രോൽസാഹനവും സഹായവും അനുവദിക്കുന്നുണ്ട്.

(സി) പച്ചക്കറിക്കൃഷി, മൽസ്യക്കൃഷി, മൃഗസംരക്ഷണം എന്നീ മേഖലകളിൽ താൽപ്പര്യമുള്ള യുവസംരംഭകരെ കണ്ടെത്തുന്നതിന് സർക്കാർ യൂത്ത് സർവ്വെ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ 50 ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം വഴി പുതുതായി രൂപീകരിക്കുകയും നിലവിലുള്ള 50 കർഷക ഉത്പാദന സംഘടനകളെ ശാക്തീകരിക്കുകയും ചെയ്യുന്നു. ഇതിൽ യുവാക്കൾക്ക് ഭാഗമാകാവുന്നതാണ്. കൂടാതെ സംരംഭക പ്രോത്സാഹനത്തിനായും യുവാക്കളെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനായും, കാർഷിക ഉത്പന്നങ്ങളുടെ സംസ്കരണം, മൂല്യ വർദ്ധനവ് എന്നിവയുമായി ബന്ധപ്പെട്ട കൃഷി വകുപ്പിന്റെയും സഹകരണ വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ സംഭരണ സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നു. സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം മുഖേന കാർഷിക മേഖലയിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ രൂപീകരിക്കൽ എന്നിവ നടപ്പിലാക്കുന്നു. മത്സ്യക്കൃഷിയിൽ താല്പര്യമുള്ള യുവസംരംഭകരെ കണ്ടെത്തുന്നതിന് ഫിഷറീസ് വകുപ്പുമുഖേന യൂത്ത് സർവ്വെ സംഘടിപ്പിച്ചിട്ടില്ല. എന്നാൽ നിലവിൽ ഉപയോഗശൂന്യമായി കിടക്കുന്ന പൊതുജലാശയങ്ങൾ കണ്ടെത്തി യുവസംരംഭകരുടെ നേതൃത്വത്തിൽ ശുദ്ധീകരിച്ച് മത്സ്യക്കൃഷിക്കായി ഉപയുക്തമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മൃഗസംരക്ഷണ മേഖലയിൽ താല്പര്യമുള്ള യുവസംരംഭകരെ കണ്ടെത്തുന്നതിന് മൃഗസംരക്ഷണ വകുപ്പിൽനിന്നും യൂത്ത് സർവ്വെ സംഘടിപ്പിച്ചിട്ടില്ല.

## യുവജനങ്ങളിൽ ആത്മഹത്യയും മാനസിക സംഘർഷവും കൂടിവരുന്നത് തടയാൻ നടപടി

331(2994) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിസന്ധിയും ലോക്ഡൗണും മൂലം യുവാക്കളിൽ മാനസിക പ്രശ്നങ്ങളും ആത്മഹത്യയും കൊലപാതക പ്രവണതയും വർദ്ധിച്ച് വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോവിഡ് പ്രതിസന്ധിയും ലോക്ഡൗണും കാരണം യുവാക്കൾ നേരിടുന്ന പ്രശ്നങ്ങൾ പഠന വിധേയമാക്കിയിട്ടുണ്ടോ;

(സി) ലോക്ക്ഡൗൺ കാലത്തെ ഏകാന്തതയും ഒറ്റപ്പെടലും കാരണം ദുരിതമനുഭവിക്കുന്ന യുവാക്കളെ കണ്ടെത്താനും അവർക്ക് ആശ്വാസം നൽകാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) യുവാക്കളിലെ ആത്മഹത്യയും മാനസിക പ്രശ്നങ്ങളും വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ ബോധവൽക്കരണമടക്കമുള്ള പ്രത്യേക കർമ്മ പദ്ധതി ആവിഷ്കരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

(എ-ഡി) കോവിഡ് പ്രതിസന്ധിയും ലോക്ക്ഡൗണുംമൂലം യുവാക്കളിൽ മാനസിക പ്രശ്നങ്ങളും ആത്മഹത്യയും കൊലപാതക പ്രവണതയും മയക്കുമരുന്ന്-ലഹരി ഉപയോഗവും വർദ്ധിച്ചുവരുന്നതായി റിപ്പോർട്ടുകൾ വന്നിട്ടുള്ള സാഹചര്യത്തിൽ, ഇത്തരം കാര്യങ്ങളിൽനിന്നും യുവാക്കളെ പിന്തിരിപ്പിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി അടുത്ത സാമ്പത്തിക വർഷം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് പ്ലാനിംഗ് ബോർഡിന് പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. കേരള സംസ്ഥാന യുവജന കമ്മീഷൻ കോവിഡ് മഹാമാരിമൂലം മാനസിക പിരിമുറുക്കം അനുഭവിക്കുന്ന വ്യക്തികൾക്ക് ടെലി കൗൺസലിംഗ് സംഘടിപ്പിക്കുന്ന പരിപാടി തൃശ്ശൂർ ജില്ലാ കോ-ഓർഡിനേറ്ററുടെ നേതൃത്വത്തിൽ ഇരിങ്ങാലക്കുട, സെന്റ് ജോസഫ് കോളേജിലെയും ക്രൈസ്റ്റ് കോളേജിലെയും വിദ്യാർത്ഥികൾ മുഖേന നടത്തിയിട്ടുണ്ട്. ഇതിലൂടെ കോവിഡ് ബാധിതരായവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും മാനസിക പിന്തുണയും മറ്റുതരത്തിലുള്ള സഹായങ്ങളും നൽകിയിട്ടുണ്ട്. യുവാക്കളിലെ ആത്മഹത്യയും

മാനസിക പ്രശ്നങ്ങളും കുറയ്ക്കുന്നതിനായി, കോവിഡ് പ്രതിസന്ധിയിൽ തൊഴിൽ നഷ്ടപ്പെട്ടതോ, ലോക്ക്ഡൗൺമൂലം വീട്ടിൽ അടച്ചിരുന്നതിനാൽ സ്വഭാവ വൈകല്യങ്ങൾ ബാധിച്ചതോ ആയ യുവാക്കളെ കണ്ടെത്തി അവർക്കുവേണ്ട സാമ്പത്തിക സഹായം, മാനസിക പിന്തുണ എന്നിവ നൽകുക; എല്ലാ പഞ്ചായത്തുകളിലും ഇത്തരക്കാരെ കണ്ടെത്തി അവർക്കുവേണ്ട കൗൺസലിംഗ് നടത്തി മാനസിക പിന്തുണ നൽകുക എന്നീ പരിപാടികൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കർമ്മ പദ്ധതി തയ്യാറാക്കി 2022-23 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പഞ്ചായത്തുതലത്തിൽ യുവജന കൂട്ടായ്മകൾ**

332(2995) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിൽ വർദ്ധിച്ചുവരുന്ന സാമൂഹിക തിന്മകൾക്കെതിരെ പഞ്ചായത്തുതലത്തിൽ സ്ഥിരം യുവജന കൂട്ടായ്മകൾ രൂപീകരിക്കുന്നതിന് നടപടികളുണ്ടാകുമോ; വ്യക്തമാക്കുമോ?

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ 2022-23 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ സംസ്ഥാനത്തെ യുവതികളുടെ ശാക്തീകരണം ലക്ഷ്യമിട്ട് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും കീഴിൽ ഓരോ യുവതി ക്ലബ്ബുകൾ രൂപീകരിക്കുന്നതിനുള്ള പദ്ധതി അനുമതിക്കായി പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. പഞ്ചായത്തുതലത്തിൽ യുവജന കൂട്ടായ്മകൾ സംഘടിപ്പിക്കുന്ന പദ്ധതി കേരള സംസ്ഥാന യുവജന കമ്മീഷന്റെ 2022-23 സാമ്പത്തിക വർഷത്തെ പദ്ധതിയിനത്തിൽ ഉൾപ്പെടുത്തുന്നത് പരിഗണനയിലുണ്ട്.

(ബി) അപ്രകാരം രൂപീകരിക്കപ്പെടുന്ന യുവജന സംഘടനകളെ സാമൂഹ്യ വിപത്തുകൾക്കെതിരെ ബോധവത്ക്കരണം നടത്തി സന്നദ്ധപ്രവർത്തകരായി നിലനിർത്താൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് രൂപീകരിക്കാനുദ്ദേശിക്കുന്ന യുവതി ക്ലബ്ബുകളിൽ അടിസ്ഥാന സൗകര്യ വികസനം, ലൈബ്രറി, നിയമസഹായ സമിതി, കൗൺസലിംഗ് സെന്റർ, സ്വയം പരിശീലനത്തിനുള്ള സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നു. കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ് നടപ്പിലാക്കുന്ന വനിതാ വികസന പദ്ധതികൾ, സ്ത്രീധനം, ഗാർഹിക പീഡനം, ലൈംഗികാതിക്രമങ്ങൾ എന്നിവയ്ക്ക് എതിരെയുള്ള ബോധവൽക്കരണ പരിപാടികൾ, കലാ-കായിക വികസന പരിപാടികൾ, സ്വയം സംരംഭകത്വ

തൊഴിൽ പരിശീലന നൈപുണ്യ വികസന പദ്ധതികൾ തുടങ്ങിയവയും ഈ ക്ലബ്ബുകൾ വഴി നടപ്പിലാക്കുന്നു. കേരള സംസ്ഥാന യുവജനകമ്മീഷൻ യുവജനങ്ങളിൽ സാമൂഹിക തിന്മകൾക്കെതിരെ ജില്ലകൾ കേന്ദ്രീകരിച്ചും ലൈബ്രറി കൗൺസിൽ മുഖേന ലൈബ്രറികൾ കേന്ദ്രീകരിച്ചും, ക്ലബ്ബുകൾ, കോളേജുകൾ, കോളനികൾ, യുവജനങ്ങൾക്ക് പ്രാതിനിധ്യമുള്ള മേഖലകൾ എന്നിവിടങ്ങളിലും സാമൂഹിക വിപത്തുകൾക്കെതിരെ ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു.

**വാമനപുരം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

333(2996) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ 2016-17 മുതൽ 2020-21 വരെയുള്ള കാലഘട്ടത്തിൽ യുവജനകാര്യവകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ വിശദവിവരങ്ങൾ നൽകാമോ?

(എ&ബി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് സംഘടിപ്പിക്കുന്ന പരിപാടികൾ സംസ്ഥാനതലത്തിലും ജില്ലാ യുവജന കേന്ദ്രങ്ങൾ വഴിയുമാണ് നടപ്പിലാക്കിവരുന്നത്. നിയമസഭാ മണ്ഡലങ്ങൾ കേന്ദ്രീകരിച്ച് ബോർഡ് പ്രത്യേകം പദ്ധതികൾ/ പരിപാടികൾ നടപ്പിലാക്കുന്നില്ല. കേരള സംസ്ഥാന യുവജന കമ്മീഷൻ സംസ്ഥാനമൊട്ടാകെയാണ് പദ്ധതികൾ നടപ്പിലാക്കിവരുന്നത്.

**ആലത്തൂർ മണ്ഡലത്തിലെ പദ്ധതികൾ**

334(2997) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ മണ്ഡലത്തിൽ 2016-21 കാലയളവിൽ യുവജനകാര്യ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ?

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് സംഘടിപ്പിക്കുന്ന പരിപാടികൾ സംസ്ഥാനതലത്തിലും ജില്ലാ യുവജന കേന്ദ്രങ്ങൾ വഴിയുമാണ് നടപ്പിലാക്കിവരുന്നത്. നിയമസഭാ മണ്ഡലങ്ങൾ കേന്ദ്രീകരിച്ച് ബോർഡ് പ്രത്യേകം പദ്ധതികൾ/പരിപാടികൾ നടപ്പിലാക്കുന്നില്ല. കേരള സംസ്ഥാന യുവജന കമ്മീഷൻ സംസ്ഥാനമൊട്ടാകെയാണ് പദ്ധതികൾ നടപ്പിലാക്കിവരുന്നത്.

## വനിതാ യൂത്ത് ഹോസ്റ്റലുകൾ

335(2998) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനിതാ യൂത്ത് ഹോസ്റ്റലുകൾ പ്രവർത്തിച്ച് വരുന്നുണ്ടോ;

(ബി) എല്ലാ ജില്ലകളിലും വനിതാ യൂത്ത് ഹോസ്റ്റൽ നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ & ബി) കായികയുവജനകാര്യ വകുപ്പിന് കീഴിൽ വനിതാ യൂത്ത് ഹോസ്റ്റലുകൾ നിലവിലില്ല.

(സി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ യാത്ര ചെയ്യുന്ന യുവതീ-യുവാക്കൾക്ക് താമസിക്കുന്നതിനായി ഹോസ്റ്റൽ ആരംഭിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

2022-23 സാമ്പത്തിക വർഷം ഒരു ജില്ലയിൽ ഒരു വനിതാ യൂത്ത് ഹോസ്റ്റൽ വീതം ആരംഭിക്കുന്നതിനുള്ള കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പദ്ധതി പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ വനിതാ ശിശു വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ Working Women's -ന് താമസിക്കുന്നതിനായി കേന്ദ്ര സർക്കാർ പദ്ധതിയായ Working Women's Hostel പദ്ധതി വനിതാ വികസന കോർപ്പറേഷൻ, സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് എന്നീ സ്ഥാപനങ്ങൾ മുഖേന സംസ്ഥാനത്ത് നടപ്പാക്കുന്നു. കൂടാതെ രാത്രികാലങ്ങളിൽ സ്ത്രീകൾക്കും കൂടെയുള്ള 12 വയസ്സിന് താഴെ പ്രായമുള്ള ആൺകുട്ടികൾക്കും സൗജന്യമായി സംരക്ഷണം നൽകുന്നതിനുള്ള "എന്റെ കൂട്" പദ്ധതി തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലും സ്ത്രീകൾക്ക് പരമാവധി 3 ദിവസംവരെ താമസിക്കുന്നതിന് കുറഞ്ഞ നിരക്കിൽ തുക ഈടാക്കി One Day Home പദ്ധതി തിരുവനന്തപുരം ജില്ലയിലും പ്രവർത്തിക്കുന്നുണ്ട്.

(ഡി) നിലവിൽ പ്രവർത്തിക്കുന്ന യൂത്ത് ഹോസ്റ്റലുകളിൽ പ്രവേശനം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ?

കായിക യുവജനകാര്യ വകുപ്പിന് കീഴിൽ വനിതാ യൂത്ത് ഹോസ്റ്റലുകൾ നിലവിലില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

[10.00 am]

## II അടിയന്തരപ്രമേയം

സിൽവർ ലൈൻ പദ്ധതി

മി. സ്പീക്കർ: സർക്കാരിന് സാമ്പത്തികബാദ്ധ്യത വരുന്നതും നെൽവയൽ-തണ്ണീർത്തട മേഖലകളിലൂടെയും ജനവാസ കേന്ദ്രങ്ങളിലൂടെയും കടന്നു പോകുന്നതുമായ നിർദ്ദിഷ്ട സിൽവർ ലൈൻ പദ്ധതി സ്വാഭാവിക ആവാസ വ്യവസ്ഥയ്ക്ക് കോട്ടം വരുത്തുന്നതും പരിസ്ഥിതിനാശം വരുത്തുന്നതുമാകയാൽ അതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഡോ. എം. കെ. മുനീർ, സർവ്വശ്രീ എ. പി. അനിൽ കുമാർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നമ്മുടെ സംസ്ഥാനത്തിന്റെ ഭാവിയെക്കുറിച്ച് ചിന്തിക്കുന്ന ഏതൊരാളും ഏറ്റവും ഗൗരവമായി കണക്കിലെടുക്കുന്ന ഒരു പദ്ധതിയെക്കുറിച്ചാണ് ഇത്തരത്തിൽ പ്രമേയം വന്നിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്തെ റോഡുകളിലുണ്ടാകുന്ന ഗതാഗതക്കുരുക്ക്, റോഡപകടങ്ങൾ എന്നിവയെക്കുറിച്ച് എല്ലാവർക്കും അറിയാം. ഇതെല്ലാം പൊതുവിൽ ആളുകളിൽ വലിയ ആശങ്കയുളവാക്കുന്ന കാര്യമാണ്. അതോടൊപ്പം റോഡിലെ അനിയന്ത്രിതമായ വാഹനപ്പെരുപ്പം മൂലമുണ്ടാകുന്ന അന്തരീക്ഷ മലിനീകരണവും ഒരു പ്രശ്നമായി നിൽക്കുകയാണ്. നമ്മുടെ നാട്ടിൽ റെയിൽ വികസനം വളരെ മന്ദഗതിയിലുമാണ്. സംസ്ഥാനത്തിന്റെ ഒരറ്റം മുതൽ മറ്റേയറ്റംവരെ യാത്ര ചെയ്യാൻ 16 മണിക്കൂർവരെ സമയമെടുക്കുന്ന അവസ്ഥയുണ്ടാകുന്നു. ഇതിന് മാറ്റം ആവശ്യമാണ്. നമ്മുടെ സംസ്ഥാനത്തിന്റെ സാഹചര്യംവച്ച് നോക്കിയാൽ അതിനുള്ള ഏറ്റവും നല്ല പരിഹാരമാർഗ്ഗം അർദ്ധ അതിവേഗ റെയിലാണ്. അതിവേഗ റെയിൽ ഓടാൻ മാത്രമുള്ള ഒരു സംസ്ഥാനമല്ല നമ്മുടേത്. അതുകൊണ്ടാണ് അർദ്ധ അതിവേഗ റെയിലാകുന്നത്. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ 4 മണിക്കൂറിൽ യാത്ര ചെയ്യാൻ കഴിയുന്നൊരു പദ്ധതിയാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ഇത് യാഥാർത്ഥ്യമാകുന്നതോടെ നമ്മുടെ സംസ്ഥാനത്തിന്റെ പശ്ചാത്തലസൗകര്യ മേഖലയിൽ വലിയ മാറ്റങ്ങളാണ് ഉണ്ടാവുകയെന്നതിൽ ഒരു തർക്കവുമില്ല. ഓരോ സംസ്ഥാനത്തിന്റേയും ആവശ്യത്തിനനുസരിച്ച് റെയിൽവേ പദ്ധതികൾ ആസൂത്രണം ചെയ്യാനും അത് നടപ്പിലാക്കാനുമാണ് സംസ്ഥാന സർക്കാരിന്റേയും

കേന്ദ്ര സർക്കാരിന്റേയും സംയുക്ത സംരംഭങ്ങൾ ആരംഭിച്ചത്. നമ്മുടേതുൾപ്പെടെ 8 സംസ്ഥാനങ്ങൾ ഇത്തരം സംരംഭങ്ങൾ രൂപീകരിച്ചിട്ടുണ്ട്. 2017 ജനുവരിയിൽ 49 ശതമാനം ഓഹരി റെയിൽവേയും 51 ശതമാനം ഓഹരി സംസ്ഥാന സർക്കാരും എന്ന നിലയിൽ 100 കോടി രൂപ ഇതിനായി വകയിരുത്തുകയുണ്ടായി. Kerala Rail Development Corporation (K-Rail) എന്നൊരു സംയുക്ത സംരംഭം ഇതിനായി രൂപീകരിക്കുകയും ചെയ്തു. നിർദ്ദിഷ്ട റെയിൽവേ ലൈൻ കടന്നുപോകുന്ന മണ്ഡലങ്ങളിലെ പദ്ധതിയുടെ വിശദാംശങ്ങൾ ബഹുമാനപ്പെട്ട നിയമ സഭാംഗങ്ങളുടെ മുമ്പാകെ നേരത്തെ സർക്കാർ വിശദീകരിച്ചതുമാണ്. ഇക്കാര്യത്തിൽ സുതാര്യമായ സമീപനമാണ് സർക്കാരിനുള്ളത്. ഭൂമി ഏറ്റെടുക്കാനുള്ള സർവ്വേ നടത്തുന്നതിനായി ഏറ്റവും ആധുനിക സാങ്കേതികവിദ്യയായ Lidar (Light Detection and Ranging) എന്ന റിമോട്ട് സെൻസിംഗ് സംവിധാനമാണ് പ്രയോജനപ്പെടുത്തുന്നത്. ഇത് സർവ്വേയ്ക്കായുള്ള സമയം വളരെയേറെ ലാഭിക്കാൻ ഇടയാക്കുന്നതാണ്. ഭൂമിയുടെ പ്രതലത്തിൽനിന്നും വളരെയേറെ കൃത്യതയോടെ വിവരങ്ങൾ ശേഖരിക്കുന്ന സാങ്കേതികവിദ്യയാണിത്. ഭൂമിയേറ്റെടുക്കലിനായി 18 പോസ്റ്റുകളുള്ള 11 സ്പെഷ്യൽ തഹസിൽദാർ ഓഫീസുകളും 7 പോസ്റ്റുകളുള്ള ഒരു സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ ഓഫീസും 205 പുതിയ തസ്തികകളും സർക്കാർ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. കാസർഗോഡ് ഒഴികെ 10 സ്പെഷ്യൽ ഓഫീസർമാർക്കും ചുമതല നൽകിയിട്ടുണ്ട്. ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട് 6 ജില്ലകളിൽ 6(1) നോട്ടിഫിക്കേഷനും പുറത്തിറക്കിയിട്ടുണ്ട്. ഭൂമിയേറ്റെടുക്കലിന് നിലവിലുള്ള എല്ലാ നിയമങ്ങളും ചട്ടങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും കൃത്യമായി പാലിക്കും. അർഹമായ നഷ്ടപരിഹാരം സമയബന്ധിതമായി നൽകുന്നതാണ്. അലൈൻമെന്റിന്റെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തുന്നുണ്ട്. ഈ നിർദ്ദിഷ്ട പാത കടന്നുപോകുന്ന 11 ജില്ലകളിലെ ആരാധനാലയങ്ങൾ, പാടങ്ങൾ, കാവുകൾ എന്നിവയെ പരമാവധി ബാധിക്കാത്ത രീതിയിലാണ് ഈ പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്. ഈ പദ്ധതി സംസ്ഥാനത്തൊട്ടാകെ വീടുകളുൾപ്പെടെ 9314 കെട്ടിടങ്ങളെയാണ് ബാധിക്കുന്നത്. ഇതാണ് ഇതുമായി ബന്ധപ്പെട്ട് കണ്ടെത്താനായിട്ടുള്ളത്. 63,941 കോടി രൂപയാണ് ഈ പദ്ധതിക്ക് ചെലവ് പ്രതീക്ഷിക്കുന്നത്. 1383 ഹെക്ടർ ഭൂമിയാണ് പുനരധിവാസത്തിനുൾപ്പെടെ ആവശ്യമായി വരുന്നത്. ഇതിൽ 1198 ഹെക്ടർ സ്വകാര്യ ഭൂമിയാണ്. ഈ സ്ഥലം ഏറ്റെടുക്കുന്നതിന് മാത്രം 13362.32 കോടി 13362.1198 രൂപ ആവശ്യമാണ്. കിഫ്ബി വഴി 2100 കോടി രൂപ ഭൂമി ഏറ്റെടുക്കലിനായി വകയിരുത്തുന്നുണ്ട്. സ്ഥലം ഏറ്റെടുക്കലുമായി മുന്നോട്ടുപോകാൻ കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന് അനുമതി നൽകിയിട്ടുണ്ട്. റെയിൽവേ ബോർഡ് പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ മുന്നോട്ടുനീക്കാൻ നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര ധനകാര്യ

വകുപ്പുമന്ത്രി 2021 ജനവരി 15-ന് നൽകിയ കത്തിൽ ആവശ്യപ്പെട്ടിട്ടുമുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിനായി സാമ്പത്തിക സഹായം നൽകാൻ അന്താരാഷ്ട്ര സാമ്പത്തിക സ്ഥാപനങ്ങളായ ജിക്കയുൾപ്പെടെ മുന്നോട്ട് വന്നിട്ടുണ്ട്. എ.ഐ.ഐ.ബി., കെ.എഫ്.ഡബ്ല്യൂ. എ.ഡി.ബി. എന്നീ ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ചകൾ പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതിക്കായി ഇത്തരം സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്തുന്നതിന് നീതി ആയോഗും കേന്ദ്ര ധനമന്ത്രാലയവും റെയിൽവേ മന്ത്രാലയവും അംഗീകാരം നൽകിയിട്ടുമുണ്ട്. പദ്ധതി സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ തകർക്കുമെന്ന് പറയുന്നത് അടിസ്ഥാനരഹിതമാണ്. പശ്ചാത്തല സൗകര്യ വികസന പദ്ധതികൾക്കായി കടമെടുക്കാത്ത ഒരു സർക്കാരും ലോകത്ത് എവിടെയുമില്ല. പശ്ചാത്തല സൗകര്യ വികസനം സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കും. അതോടൊപ്പം വരുമാനം വർദ്ധിപ്പിക്കുന്നതിനും ഉതകുമെന്ന കാര്യം എല്ലാവരും അംഗീകരിക്കുന്നതാണ്. സംസ്ഥാനത്തിനുള്ളിലെ യാത്രാസമയം നാലിലൊന്നായി ചുരുങ്ങുന്നത് ബിസിനസ്സ്, സാങ്കേതിക, ടൂറിസം മേഖലകളുൾപ്പെടെയുള്ള സമസ്ത മേഖലകളേയും പരിപോഷിപ്പിക്കുമെന്ന കാര്യത്തിൽ രണ്ട് അഭിപ്രായമുണ്ടാകില്ല. ഏറ്റവും സാങ്കേതികമായും സാമ്പത്തികമായും അതിലുപരി സാമൂഹിക പ്രശ്നങ്ങൾക്ക് മുൻതൂക്കം നൽകിക്കൊണ്ടും ജനസാന്ദ്രത കുറഞ്ഞ പ്രദേശങ്ങളിലൂടെയാണ് ഈ പദ്ധതിയുടെ അലൈൻമെന്റ് നിശ്ചയിച്ചിരിക്കുന്നത്. ഒരു ഹെക്ടറിന് ഏകദേശം 9 കോടി രൂപ നഷ്ടപരിഹാരമായി കണക്കാക്കുന്നു. മാത്രമല്ല ജനവാസം കുറഞ്ഞ പ്രദേശങ്ങളിലൂടെയാണ് പാതയുടെ ഭൂരിഭാഗവും കടന്നുപോകുന്നത്. ഇതും വിസ്മരിക്കാൻ പാടില്ലാത്ത കാര്യമാണ്. റെയിൽവേ പാതയ്ക്ക് സമാന്തരമായി പാത നിർമ്മിക്കാൻ കഴിയുന്ന കാസർഗോഡ് മുതൽ തിരൂർ വരെയുള്ള റൂട്ടിൽ പരമാവധി അതിന് സമാന്തരമായാണ് പുതിയ അലൈൻമെന്റ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. ഇത് ജനങ്ങൾക്കുള്ള അസൗകര്യവും പരിസ്ഥിതി ആഘാതവും ഗണ്യമായി കുറയാനിടയാകും. തിരൂർ മുതൽ തിരുവനന്തപുരം വരെയുള്ള അലൈൻമെന്റിൽ നെൽവയൽ തണ്ണീർത്തട പ്രദേശങ്ങൾ പരമാവധി ഒഴിവാക്കി എലിവേറ്റഡ് പാതയാണ് ഉദ്ദേശിക്കുന്നത്. ഇവിടെ ശ്രദ്ധിക്കേണ്ട ഒരു കാര്യം, 115 കിലോമീറ്റർ പാടശേഖരങ്ങളിൽ 88 കിലോമീറ്റർ ആകാശ പാതയിലൂടെയാണ് കടന്നുപോകുന്നത്. ജലാശയങ്ങളും തണ്ണീർത്തടങ്ങളും സംരക്ഷിക്കാൻ പാലങ്ങളും കൾവെർട്ടുകളും ഇതിനായി നിർമ്മിക്കുന്നതാണ്. പദ്ധതിക്കായുള്ള വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് 'സിസ്ട്ര' എന്ന ഏജൻസിയാണ് തയ്യാറാക്കിയിട്ടുള്ളത്. ഈ പദ്ധതിക്ക് പരിസ്ഥിതി ആഘാത പഠനം അനിവാര്യമല്ല. എന്നിരുന്നാലും പരിസ്ഥിതി ആഘാത പഠനം സെന്റർ ഫോർ എൻവയോൺമെന്റ് ആൻഡ് ഡെവലപ്മെന്റ് മുഖേന നടത്തിക്കഴിഞ്ഞു. സർക്കാർ അതീവ ജാഗ്രതയാണ് ഇതിൽ പുലർത്തുന്നത്

എന്നതിന്റെ ഉദാഹരണമാണിത്. പദ്ധതി ആരംഭിക്കുന്നതിന് മുമ്പ് ഭൂമി ഏറ്റെടുക്കുന്നതിലൂടെ ആയിരക്കണക്കിന് കുടുംബങ്ങൾ ഭവനരഹിതരാകുന്നു എന്നാണ് പ്രമേയാവതാരകൻ ഉന്നയിച്ചിട്ടുള്ളത്. മേൽപ്പറഞ്ഞതുപോലെ അർഹമായ നഷ്ട പരിഹാരം നൽകിക്കൊണ്ടാണ് ഏറ്റെടുക്കൽ നടപ്പിലാക്കാനുദ്ദേശിക്കുന്നത്. അതുകൊണ്ടുതന്നെ ഒരാൾപോലും ഇതിനാൽ ഭവനരഹിതരാകുന്ന പ്രശ്നം ഉദിക്കുന്നില്ല. ഇത്തരം പദ്ധതികൾ നിലവിൽ വരുമ്പോൾ തുടക്കത്തിലുണ്ടായ പ്രചരണവും ആശങ്കയും മറികടന്നുകൊണ്ട് അവ നടപ്പിലാക്കാൻ കഴിഞ്ഞ അനുഭവം നമ്മുടെ മുന്നിലുണ്ടെന്ന യാഥാർത്ഥ്യവും കാണാതിരുന്നുകൂട. പദ്ധതി സംബന്ധിച്ച് ജനങ്ങൾക്കുണ്ടാകുന്ന ആശങ്കകളും പ്രശ്നങ്ങളും ദൂരീകരിക്കുന്നതിന് ജനപ്രതിനിധികളുടെ അഭിപ്രായങ്ങൾ കണക്കിലെടുക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചുവരികയാണ്. പ്രശ്നങ്ങൾ കേൾക്കാനും പരിഹാരങ്ങൾ കണ്ടെത്താനും പബ്ലിക് ഹിയറിംഗ് നടത്തുന്നതാണ്. ഇതുകൂടാതെ വിവിധ സാമൂഹിക-സാംസ്കാരിക സംഘടനകൾ നടത്തുന്ന സെമിനാറുകളിലും കൂടിക്കാഴ്ചകളിലും പ്രസ്തുത വിഷയം അവതരിപ്പിക്കുകയും ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതുമാണ്. ഇതെല്ലാം ഭൂമി ഏറ്റെടുക്കലിന് മുമ്പാണ്. അതുകൊണ്ടുതന്നെ അനാവശ്യമായ ആശങ്കകൾ ജനങ്ങളുടെയിടയിൽ സൃഷ്ടിക്കുന്ന പ്രചരണങ്ങൾ നടത്തരുതെന്നാണ് ഈ ഘട്ടത്തിൽ അഭ്യർത്ഥിക്കാനുള്ളത്. നാടിന്റെ പൊതുവായ വികസനത്തിന് യോജിച്ചു നിൽക്കുന്നതിന് നമുക്ക് കഴിയേണ്ടതുണ്ട്. അതിനുപകരം തെറ്റായ പ്രചരണങ്ങൾ നടത്തി പദ്ധതിയെത്തന്നെ അട്ടിമറിക്കാനുള്ള ശ്രമങ്ങൾ നാടിന്റെ വികസനത്തെ പിന്നോട്ട് നയിക്കാനേ സഹായിക്കൂ എന്ന കാര്യം ഓർക്കേണ്ടതുണ്ട്. ഈ ഒരു ഘട്ടത്തിൽ ഇതുമായി ബന്ധപ്പെട്ട പ്രശ്നം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു ആവശ്യവും ഉദിക്കുന്നില്ല.

ഡോ. എം. കെ. മുനീർ: സർ, വികസന പദ്ധതികൾക്ക് തുരങ്കം വയ്ക്കുകയാണ് പ്രതിപക്ഷം എന്ന രീതിയിലുള്ള ബഹുമാനപ്പെട്ട അങ്ങയുടെ സൂചന തികച്ചും ദൗർഭാഗ്യകരമാണ്. അങ്ങ് പറഞ്ഞു ജനങ്ങളിൽ നിങ്ങൾ ആശങ്കയുണ്ടാക്കരുത് എന്ന്. എന്നാൽ ജനങ്ങളുടെ ആശങ്കയാണ് ഞങ്ങൾ ഇവിടെ പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നതെന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അങ്ങ് ദേശീയ പാതയിലൂടെയോ അല്ലെങ്കിൽ മറ്റേതെങ്കിലും വഴിയിലൂടെയോ പോകുമ്പോൾ അവിടെയെല്ലാം ആളുകൾ കുടുംബത്തോടുകൂടി വന്നിരുന്നുകൊണ്ട് അവരുടെ ഉപജീവനത്തിനുവേണ്ടിയും അവരുടെ ഭൂമിക്കുവേണ്ടിയും നടത്തുന്ന സമരങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടാതെ പോയത് എന്തുകൊണ്ടാണെന്ന് ഞങ്ങൾക്കറിയില്ല. അങ്ങനെ ആരെങ്കിലും സമരം ചെയ്താൽ ചില ജില്ലകളിൽ അവർ തീവ്രവാദികൾ, ചില ജില്ലകളിൽ അവർ മാവോയിസ്റ്റുകൾ, ചിലയിടങ്ങളിൽ അവർ വലതുപക്ഷത്തിന്റെ

പിണിയാളുകൾ എന്നൊക്കെ പ്രചരിപ്പിക്കുന്നത് ശരിയല്ല. അവർ സാധാരണ ജനങ്ങളാണ്. വീട് നഷ്ടപ്പെടുന്നവരെയാണ് നമുക്ക് ആ റോഡുകളിൽ കാണാൻ സാധിക്കുന്നത്. ഭൂമിക്കുവേണ്ടിയുള്ള സമരത്തിൽനിന്നാണ് ഇന്ത്യയിൽ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ വളരുകയും കരുത്താർജ്ജിക്കുകയും ചെയ്തിട്ടുള്ളത്. അതേ ഭൂമിക്കുവേണ്ടിയുള്ള പ്രക്ഷോഭം തന്നെയാണ് പശ്ചിമ ബംഗാളിൽ ഇടതു ഭരണത്തിന്റെ അന്ത്യത്തിന് കാരണമായതെന്ന് അങ്ങ് മനസ്സിലാക്കണം. ഭൂവിനിയോഗവും വിതരണവും സംബന്ധിച്ച് പുതിയകാല പ്രതിസന്ധികളെയും ചോദ്യങ്ങളെയും ശരിയായ രീതിയിൽ അഭിമുഖീകരിക്കാൻ നമുക്ക് സാധിക്കുന്നില്ലെങ്കിൽ അത് വലിയ പ്രത്യാഘാതങ്ങളുണ്ടാക്കും. കെ-റെയിലും തുരങ്ക പാതയും പോലുള്ള മഹാനിർമ്മിതികൾ സംസ്ഥാനത്തിന്റെ പ്രകൃതി വിഭവങ്ങൾ ഊറ്റിക്കുടിച്ച് കൊണ്ടാകരുതെന്നുള്ളത് മാത്രമാണ് ഞങ്ങൾ മുന്നോട്ടുവയ്ക്കുന്ന കാര്യം. ഇപ്പോൾത്തന്നെ നമുക്ക് 38863 ചതുരശ്ര കിലോമീറ്റർ ഭൂമിയുണ്ട്. അതിൽ ആറിലൊന്ന് നിർമ്മിത പ്രദേശമാണ് (ബിൽഡ് അപ് ഏരിയ). ശരാശരി കൈവശഭൂമി 2001-ൽ 0.24 ഹെക്ടർ ആണെങ്കിൽ 2020-ൽ അത് 0.18 ഹെക്ടറാണ്. അതിൽനിന്നാണ് 1383 ഹെക്ടർ സ്ഥലംകൂടി കവർന്നെടുക്കാൻ പോകുന്നതെന്നുള്ളത് നമ്മൾ മനസ്സിലാക്കണം. ചില അക്കാഡമിഷ്യൻസ് ഉണ്ട്, അവർ പ്രാക്ടിക്കലായി കാര്യങ്ങൾ അറിയുന്നവരല്ല. അവരുടെ ഉപദേശങ്ങളിൽ അങ്ങ് വീണുപോകരുത്. കാരണം ബുദ്ധദേവ് ഭട്ടാചാര്യയെ ഉപദേശിച്ച അതേ ആളുകൾ തന്നെ കേരളത്തിൽ വന്ന് നമ്മളെ ഉപദേശിക്കാൻ തുടങ്ങിയിരിക്കുകയാണ്. പല അക്കാഡമിഷ്യൻസും അവരുടെ എഴുത്തിൽ, അവരുടെ പ്രഭാഷണങ്ങളിൽ ഇടതുപക്ഷ മുദ്രാവാക്യം മുഴക്കുമെങ്കിലും അവരുടെ ആസൂത്രണത്തിൽ അവർ നവലിബറലുകളാണെന്ന് സൂചിപ്പിക്കുന്നതാണ് പല പ്രവർത്തനങ്ങളിലും നമ്മൾ കാണുന്നത്. "നമ്മൾ കൊയ്യും വയലെല്ലാം നമ്മുടേതാകും പൈങ്കിളിയേ" എന്ന മാർക്സിസ്റ്റ് പാർട്ടിയുടെ മുദ്രാവാക്യം 1959 കാലഘട്ടത്തിൽ നമ്മൾ കേട്ടു. പക്ഷെ ഇന്നത്തെ മുദ്രാവാക്യം "നിങ്ങൾ കൊയ്യും വയലെല്ലാം ജിക്കേഡ് കൊണ്ടുപോകും പൈങ്കിളിയേ" എന്നായി മാറിയിരിക്കുന്നു. ജിക്കയ്ക്ക് നമ്മൾ കൊടുത്താൽ ജപ്പാന് നമ്മൾ നമ്മുടെ ഭൂമി പണയപ്പെടുത്തുന്നതിന് സമമല്ലേ?

മാത്രമല്ല ജിക്ക പറയുന്നൊരു കാര്യമുണ്ട്. ഞങ്ങൾ പണം തരണമെങ്കിൽ ഞങ്ങൾ തരുന്ന സാധനങ്ങൾ ഉപയോഗിച്ചുമാത്രമേ നിങ്ങൾ റെയിൽ ഉണ്ടാക്കാൻ പാടുള്ളൂ, ഞങ്ങളുടെ ട്രെയിനേ അവിടെ ഓടാൻ പാടുള്ളൂ എന്നൊരു വ്യവസ്ഥകൂടി അതിലുണ്ട്. അത് പരിശോധിച്ചിട്ടുണ്ടോയെന്ന് എനിക്കറിയില്ല. നമ്മുടെ സംസ്ഥാനത്ത് അല്ലെങ്കിലേ പ്രകൃതിക്ഷോഭമാണ്. ഇന്ന് നമ്മൾ കണ്ടു, റെഡ്

അലേർട്ട്. ഇനി വെള്ളപ്പൊക്കം, അതുപോലെ കടൽക്ഷോഭം, മലയിടിച്ചിൽ ഇതെല്ലാം നടക്കുന്ന സംസ്ഥാനമാണ് കേരളം. ആ കേരളത്തിൽ ഇനിയും 8 മീറ്റർ ഉയരത്തിലുള്ള എംബാങ്ക്മെന്റുകൾ ഉണ്ടാക്കിക്കഴിഞ്ഞാൽ എന്തായിരിക്കും നമ്മുടെ സ്ഥിതി? അങ്ങ് പറയുന്നു ഇത് സാധാരണ സംഭവമാണ്, ആഗ്രയിലുണ്ട്, ഡൽഹിയിലുണ്ട് എന്ന്. അവിടത്തെപ്പോലെയാണോ കേരളം? കേരളം ഒരു ചെറിയ തുണ്ടുഭൂമിയല്ലേ? ആ ഭൂമിയിൽ പ്രകൃതിക്ഷോഭം വന്ന് എത്ര പ്രാവശ്യം ദുരിതം അനുഭവിച്ചു. അതിൽ നിന്നും നമ്മൾ കരകയറിയോ? ഇപ്പോൾത്തന്നെ നമ്മൾ എല്ലാ ഡാമുകളുടെയും ബാറുകളുടെയും ഷട്ടറുകൾ ഉയർത്തിക്കഴിഞ്ഞു. എന്നിട്ടും വെള്ളം ഒലിച്ചുവരികയാണ്. ഇന്നലെ പ്രകൃതി ദുരന്തത്തിൽ 5 പേർ മരിച്ചു. അങ്ങനെയുള്ള സാഹചര്യങ്ങളുണ്ടാകുമ്പോൾ ഈ തുരങ്കപാതകൾ കേരളത്തിന്റെ പരിസ്ഥിതിക്ക് അനുകൂലമായ കാര്യമാണോ? തുരങ്കപാതയിൽപ്പെട്ട് ഒരു സ്ത്രീ കാർ ആക്സിഡന്റിൽ മരിച്ചുപോയതുവരെ നമ്മൾ പത്രങ്ങളിൽ വായിക്കുന്നുണ്ട്. ഇതുപോലെയുള്ള സംഭവ വികാസങ്ങൾ നമ്മുടെ കേരളത്തിലുണ്ടാകുമ്പോൾ വീണ്ടും ദുരന്തങ്ങൾ വിതയ്ക്കുന്ന അവസ്ഥയിലേയ്ക്ക് പോകാതെ ബദൽ മാർഗ്ഗങ്ങൾ നമ്മൾ കാണണം. മെഗാ പ്രോജക്ടുകൾക്ക് നമ്മൾ എതിരല്ല, മെഗാ പ്രോജക്ടുകൾ പലതും കൊണ്ടുവന്ന മുന്നണിയാണ് ഐക്യജനാധിപത്യ മുന്നണി. പക്ഷേ ജനപക്ഷത്തുനിന്നും ജനങ്ങളുടെ വികാരത്തെ നമ്മൾ മാനിക്കണ്ടേ? എക്സ്പ്രസ് ഹൈവേ എന്ന ആശയം ഞങ്ങൾ കൊണ്ടുവന്നെങ്കിലും ജനങ്ങൾ അവരുടെ ആശങ്ക പറഞ്ഞപ്പോൾ ഞങ്ങൾ അത് മാറ്റിവച്ചു, അതുപോലെ ചെയ്യാൻ നിങ്ങൾ തയ്യാറാണോ? ആ പദ്ധതി ജനങ്ങൾക്ക് അപകടകരമാകുമെന്ന ഭയപ്പാടുണ്ടെന്ന് അവർ ഞങ്ങളോട് പറഞ്ഞപ്പോൾ ഞങ്ങളത് മാറ്റിവച്ചു, എന്നാൽ നിങ്ങളോ? ജനങ്ങൾ ഞങ്ങൾക്കൊരു പ്രശ്നമല്ലെന്നാണ് പറയുന്നത്. പദ്ധതി വരുമ്പോൾ നേരിട്ട് ബാധിക്കുന്നവർ കാര്യമറിയണ്ടേ? ഞങ്ങൾ ഇത്തരം ചില വീടുകളിൽ ചെന്നപ്പോൾ മഞ്ഞ ഗുണന ചിഹ്നം ഇട്ടിരിക്കുന്നതായാണ് കണ്ടത്. രാവിലെ എഴുന്നേറ്റ് നോക്കുമ്പോൾ ഒരു മഞ്ഞ മാർക്കിംഗാണ് കാണുന്നത്. ഈ വീടും പദ്ധതികൊണ്ട് നഷ്ടപ്പെടാൻ പോകുകയാണെന്നാണ് വീട്ടുകാർ പറഞ്ഞത്. നിർദ്ദിഷ്ടപാത വരുന്ന സ്ഥലത്ത് ഒരു പ്രവാസി ഇരുനില വീട് പണിതുകൊണ്ടിരിക്കുകയാണ്. അതിന്റെ മുകളിലും ഒരു മഞ്ഞ ഗുണനചിഹ്നമുണ്ട്. ഈ വീടുനിർമ്മാണം പൂർത്തിയാക്കണോ അതോ ഇട്ടേച്ചുപോകണോ എന്നാണ് അയാൾ ചോദിക്കുന്നത്. ഈ സാഹചര്യത്തിൽ എന്താണ് ചെയ്യേണ്ടത്?

ശ്രീ. എ. എൻ. ഷംസീർ: സർ, നഷ്ടപരിഹാരമായി പണം കിട്ടുമല്ലോ.

ഡോ. എം. കെ. മുനീർ: സർ, ശ്രീ. എ. എൻ. ഷംസീർ, പണം കിട്ടിക്കഴിഞ്ഞാൽ എല്ലാമായിയെന്നുള്ള ധാരണ തെറ്റാണ്. അങ്ങ് നാവിന് മാത്രം എക്സർസൈസ് ചെയ്താൽപ്പോരാ ദേഹത്തിനും കൂടി ചെയ്യണം.

പണമാണോ വലുതെന്ന കാര്യമാണ് ഞാൻ ചോദിക്കുന്നത്; പണം നൽകിയാലും അവർ എങ്ങോട്ടുപോകും? അവർക്ക് താമസിക്കാൻ എവിടെയാണ് ഭൂമിയുള്ളത്? വയനാട് കയറാൻ പറ്റുമോ; ഇടുക്കി കയറാൻ പറ്റുമോ; അവരെ മറ്റേതെങ്കിലും രാജ്യത്തേയ്ക്ക് മാറ്റിക്കൊടുത്താൽ മതിയോ? മാത്രമല്ല, കുടിയൊഴിപ്പിക്കപ്പെട്ടവരേക്കാൾ കഷ്ടതയനുഭവിക്കുന്നത് കുടിയൊഴിപ്പിക്കപ്പെടാത്തവരാണ്. ലാബരിംത് (labyrinth) എന്ന് പറയുന്നതുപോലെ ഒരുവശത്ത് കടലും മറുവശത്ത് റെയിലും മറ്റൊരുവശത്ത് റോഡും എന്ന രീതിയിൽ ഇതിനിടയിൽ കുടുങ്ങിപ്പോകുന്ന ഒരു ജനവിഭാഗമുണ്ട്. ആ വിഭാഗത്തിന് നമ്മൾ ഒന്നും കൊടുക്കുന്നില്ലെന്ന് മാത്രമല്ല അവർ അവസാനം വരെയും അതിനകത്ത് കുടുങ്ങിക്കിടക്കുകയാണ്, labyrinth എന്ന പദമാണ് ഈ അവസ്ഥയെ വിശേഷിപ്പിക്കാൻ നല്ലത്.

അതുപോലെ നിർദ്ദിഷ്ടപാത ബ്രോഡ്ഗേജിൽനിന്നും സ്റ്റാന്റേർഡ് ഗേജിലേയ്ക്ക് മാറ്റേണ്ട ആവശ്യമെന്താണ്? ബ്രോഡ്ഗേജ് പാതയുടെ നിർമ്മാണച്ചെലവ് ഇപ്പോഴുള്ളതിനേക്കാൾ തുലോം കുറവാണ്. കിലോമീറ്ററിന് 80 കോടി രൂപയാണ് അതിന് ചെലവെങ്കിൽ ഇതിപ്പോൾ കിലോമീറ്ററിന് 120 കോടി രൂപയാകും. അഥവാ ചെലവ് വീണ്ടും വർദ്ധിക്കുകയാണെങ്കിൽ 240 കോടി രൂപവരെയാകുമെന്നാണ് നീതി ആയോഗ് പറയുന്നത്. മാത്രമല്ല, അഞ്ച് വർഷംകൊണ്ട് പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കാൻ പറ്റുമോയെന്നും ചോദിച്ചു. ആറേഴ് വർഷംകൊണ്ട് നിർമ്മാണം പൂർത്തീകരിക്കുന്ന വിധത്തിലാണ് നിങ്ങൾ ഷെഡ്യൂൾ കൊടുത്തിരിക്കുന്നത്. ഏതെങ്കിലും ഒരഭിപ്രായത്തിൽ ഉറച്ചുനിൽക്കാൻ കേന്ദ്രഗവൺമെന്റ് ആവശ്യപ്പെട്ടിരിക്കുകയാണ്. പദ്ധതി നാല് കൊല്ലംകൊണ്ട് തീർക്കുമോ, അതോ നൽകിയ ഷെഡ്യൂൾപ്രകാരം ആറോ ഏഴോ കൊല്ലംകൊണ്ട് പൂർത്തിയാക്കുമോ, ഏതാണ് നിങ്ങളുടെ ശരിയായ ഉദ്ദേശ്യമെന്ന് അറിയിക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. മാത്രമല്ല, അങ്ങ് ഒരു കത്തിനെക്കുറിച്ച് പറഞ്ഞല്ലോ, അത് ആരുടേതായിരുന്നു? ആ കത്ത് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയുടേതായിരുന്നു. കത്തിന്റെ തുടക്കത്തിൽ പറഞ്ഞിരിക്കുന്നത് " Ongoing proposals worth approximately five thousand crores and eight projects in the pipeline worth approximate thirty seven thousand three hundred crores. The screening committee decided to drop the proposal, advising the State Government that existing pipeline projects may be conducted before taking up new projects. " അവർ അതിൽ പറഞ്ഞത്, നിങ്ങൾക്ക് അനുവദിക്കപ്പെട്ട പ്രോജക്ട് ആദ്യം തീർക്കു, അതിനുശേഷം മാത്രം ഇത് മതിയെന്നാണ്. We are dropping it എന്നാണ് ആദ്യമായി പറഞ്ഞിരിക്കുന്നത്. അതിനുശേഷം കത്തിൽപ്പറഞ്ഞ കാര്യം മാത്രമേ

അദ്ദേഹം ഇവിടെ പറഞ്ഞിട്ടുള്ളൂ. മാത്രവുമല്ല, അങ്ങുതന്നെ ഇവിടെ മറുപടി നൽകിയതിൽ പറഞ്ഞിട്ടുള്ളത്, നമ്മൾ കടമെടുക്കാൻ പോകുകയാണെന്നാണ്. പദ്ധതി ചെലവിന്റെ 90 ശതമാനവും കടമെടുക്കുകയാണ്. പ്രസ്തുത പദ്ധതിക്കായി ജിക്കയിൽനിന്നും (Japan International Co-operation Agency (JICA))കടമായി ചോദിച്ചിരിക്കുന്നത് 33000 കോടി രൂപയാണ്. ഇത് ഫീസിബിളാകില്ലെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. 637 ആളുകൾക്ക് മാത്രമേ ഇതിൽ ഒരേസമയത്ത് യാത്രചെയ്യാൻ സാധിക്കുകയുള്ളൂ. മാത്രമല്ല, അതിലെ ടിക്കറ്റ് ചാർജ് 1400 രൂപയാണ്. എത്രപ്രാവശ്യം അങ്ങോട്ടുമിങ്ങോട്ടും പോയാലും നിങ്ങൾ കിഫ്ബിയിൽ നിന്നുമെടുക്കുന്ന കടത്തിന്റെ പലിശപോലും കൊടുക്കാൻ തികയില്ല. അപ്പോൾ എന്തുസംഭവിക്കുമെന്നുള്ളത് സംബന്ധിച്ച് ചോദിച്ച ചോദ്യത്തിന് അങ്ങുതന്നെ മറുപടി നൽകിയിട്ടുണ്ട്. ഒരു മിനുട്ടുകൂടി തരണം .... സബ്ജക്റ്റ് മാത്രമേ പറയുന്നുള്ളൂ....

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, വണ്ടിയിലേയ്ക്ക് കയറിയിട്ടില്ല... (മൈക്ക് ഓഫ്...)

<u>മി. സ്പീക്കർ</u>: കയറിയാൽ ചിലപ്പോൾ ഇറങ്ങില്ല.

<u>ഡോ. എം. കെ. മുനീർ</u>: സർ, സാമ്പത്തിക മന്ത്രാലയത്തിന്റെ സ്ക്രീനിംഗ് കമ്മിറ്റി പദ്ധതി പരിശോധിക്കുകയും പദ്ധതിയുടെ വായ്പാ തിരിച്ചടവുമായി ബന്ധപ്പെട്ട് പദ്ധതിയുടെ Special Purpose Vehicle (SPV) വായ്പാ തിരിച്ചടവിൽ പരാജയപ്പെട്ടാൽ ആ ബാധ്യത സംസ്ഥാന സർക്കാർ ഏറ്റെടുക്കുമെന്ന Undertaking നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ബാധ്യത നമ്മുടെ ഗവൺമെന്റിനെ ബാധിക്കില്ലെന്നല്ലേ പറഞ്ഞത്? ഇക്കാര്യം SPV കൊണ്ടുനടക്കുമെന്നാണല്ലോ പറഞ്ഞത്. SPV-യ്ക്ക് തുക തിരിച്ചടയ്ക്കാൻ പറ്റില്ലെന്ന കാര്യം ഉറപ്പാണ്. അവർ തുക തിരിച്ചടച്ചില്ലെങ്കിൽ ഇത് കേരള ഗവൺമെന്റിന്റെ ബാധ്യതയാണ്. ഭാവിയെക്കുറിച്ച് ഓർക്കണമെന്ന് അങ്ങിവിടെ പറഞ്ഞല്ലോ! ഈ 33000 കോടി രൂപയും ഇപ്പോൾ നിലവിലുള്ള എല്ലാ കോടികളും ഒരുമിച്ചുകൂട്ടിയാൽ ഇവിടെ ഇനിയും ജനിക്കാനിരിക്കുന്ന, ഭാവിയിൽ ജനിക്കാനിരിക്കുന്ന ഓരോ കുട്ടിയും പത്ത് ലക്ഷം രൂപയുടെ ബാദ്ധ്യതയോട് കൂടിയായിരിക്കും ഈ ഭൂമിയിൽ പിറന്നുവീഴുക. ആ സാഹചര്യം ഒഴിവാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. നമുക്ക് പ്രായോഗികമായ പദ്ധതികൾ കൊണ്ടുവരാം. ശ്രീ. ഉമ്മൻ ചാണ്ടി ഭരണത്തിലുണ്ടായിരുന്നപ്പോൾ അദ്ദേഹം സബർബൻ റെയിൽ എന്ന കാര്യം പറഞ്ഞിരുന്നു. നൂറ് ഏക്കർ ഭൂമി മാത്രമാണ് അതിനായി ഏറ്റെടുക്കേണ്ടിയിരുന്നത്. അതുപോലെതന്നെ ചെങ്ങന്നൂരിൽ നിന്നും റെയിൽ

എക്സ്റ്റന്റ് ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കാമല്ലോ. അതല്ലെങ്കിൽ മറ്റുപല മാർഗ്ഗങ്ങളെപ്പറ്റിയും ചർച്ച ചെയ്യാം. അങ്ങയോട് ഞങ്ങൾ പറയുന്നത് ഇതുസംബന്ധിച്ച് ചർച്ച ചെയ്യാമെന്നാണ്. ഞങ്ങൾ സംസാരിക്കുന്നത് ഈ പ്രോജക്റ്റിന്റെ പ്രായോഗികതയെക്കുറിച്ച് മാത്രമാണ്. അല്ലാതെ ഇവിടെ വികസനമേ വേണ്ട എന്നല്ല പറയുന്നത്. ഒരു ബദൽ മാർഗ്ഗം ചർച്ചയിലൂടെ ഉണ്ടാക്കാമോ എന്നാണ് ചോദിക്കുന്നത്. അങ്ങനെ ചർച്ച ചെയ്യാൻ പ്രതിപക്ഷം തയ്യാറാണ്. ബഹുമാന്യരായ പ്രതിപക്ഷനേതാവും ഉപനേതാവുമടക്കം അതിന് തയ്യാറായിരിക്കുന്നവരാണ്. ഇതുസംബന്ധിച്ച് ചർച്ച സംഘടിപ്പിക്കുകയാണെങ്കിൽ ഇതിന്റെ ബദൽ സാധ്യതകളെക്കുറിച്ച് ആലോചിക്കാം, കേരളത്തെ പുരോഗതിയിലേയ്ക്ക് കൊണ്ടുവരാനായി വളരെ വേഗത്തിൽ സഞ്ചരിക്കാൻ കഴിയുന്ന പല പദ്ധതികളെക്കുറിച്ചും നമുക്ക് ആലോചിക്കാം. ഈ സാഹചര്യത്തിൽ അങ്ങ് പദ്ധതി നിർത്തിവയ്ക്കണമെന്നും പ്രസ്തുത പദ്ധതിയെക്കുറിച്ച് ജനങ്ങൾക്ക് വലിയ തോതിലുള്ള ആശങ്ക നിലനിൽക്കുന്നുണ്ടെന്നതിനാൽ പദ്ധതി പുനഃപരിശോധി ക്കണമെന്നും ആവശ്യപ്പെടുകയാണ്. അതുകൊണ്ട് സഭ നിർത്തിവച്ച് ഇക്കാര്യം ചർച്ച ചെയ്യണമെന്ന് ശക്തമായ ഭാഷയിൽ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ബഹുമാന്യനായ ഡോ. എം. കെ. മുനീറിൽനിന്ന് ഇത്തരമൊരു വാദഗതി കേൾക്കാനിടയായത് അങ്ങേയറ്റം വിഷമമുണ്ടാക്കുന്ന കാര്യമാണ്. പൊതുജനസൗഹൃദ ബന്ധങ്ങളൊക്കെ വരുന്നതിന്റെ ഭാഗമായി അങ്ങനെയൊരു നിലപാട് വന്നതാണോയെന്ന് എനിക്കറിയില്ല. ഏതായാലും ഞാൻ ഇത്തവണ നിയമസഭയിൽ വരുന്നതിനുമുമ്പ്, അതായത് ഒരു ഇടവേളയ്ക്ക് ശേഷമാണല്ലോ ഞാൻ നിയമസഭാംഗമായി കഴിഞ്ഞ തവണ വരുന്നത്. ആ സമയത്ത് ഒരു കൂട്ടരുമായി എനിക്കൊരു സംസാരമുണ്ടായിരുന്നു. അത് ഡോ. എം. കെ. മുനീർ മനസ്സിലാക്കുന്നത് നല്ലതാണ്. ഒരു പ്രശ്നം ചർച്ച ചെയ്യാനാണ് അവർ വന്നത്. ചർച്ചചെയ്യാൻ വന്നപ്പോൾ, ഇവരെ അറിയുമോ; ഇവർ ഞങ്ങളുടെ യുവജന വിഭാഗമാണെന്ന് പറഞ്ഞ് പരിചയപ്പെടുത്തി. ഇവരാണോ; ഇവരല്ലേ എല്ലാവിധത്തിലുമുള്ള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളും നടത്തുന്നത്; നാടിന്റെ നല്ല കാര്യങ്ങളെ എതിർക്കാനല്ലേ ഇവർ നടക്കുന്നത്? ഞാൻ പറയാതെ തന്നെ അവർ ആരാണെന്ന് അങ്ങേയ്ക്ക് മനസ്സിലാകും. ആ തരത്തിലേയ്ക്ക് അങ്ങ് മാറുന്നത് അങ്ങേയറ്റം വേദനാജനകമായ കാര്യമാണ്. അതാണിവിടെ ഇതുമായി ബന്ധപ്പെട്ട് ആദ്യമായി പറയാനുള്ളത്. യു.ഡി.എഫ്.ന്റെ കാലത്ത് നല്ലൊരു നിർദ്ദേശം നേരത്തെ വച്ചിരുന്നുവെന്ന് അദ്ദേഹം ഇവിടെ പറഞ്ഞിരുന്നു. അത് ശരിയാണ്. യു.ഡി.എഫ്. ഇത്തരമൊരു പാത നേരത്തെ ആലോചിച്ചിരുന്നു. പക്ഷെ അത് സെമി ഹൈസ്പീഡ്

അല്ല, ഹൈസ്പീഡ് റെയിൽവേ ആയിരുന്നു. എന്തുകൊണ്ടാണ് ഹൈസ്പീഡ് അല്ലാതെ സെമി ഹൈസ്പീഡ് റെയിൽവേ ആയത്; ഈ പ്രോജക്ട് മുന്നോട്ടുവയ്ക്കുന്ന ഘട്ടത്തിൽ ഡോ. എം. കെ. മുനീർ മന്ത്രിസഭയിലെ അംഗമായിരുന്നുവെന്നാണ് എന്റെ ഓർമ്മ. ഹൈ സ്പീഡ് റെയിൽവേയാണ് വന്നതെങ്കിൽ അതിന്റെ ഭാഗമായി ഉണ്ടാകുന്ന ആഘാതത്തെക്കുറിച്ച് അദ്ദേഹം അറിയാതിരിക്കില്ല. സാമ്പത്തിക കാര്യത്തെക്കുറിച്ച് പറയാം. ഒരു കി.മീ. ഹൈസ്പീഡ് റെയിൽവെ നിർമ്മിക്കണമെങ്കിൽ 280 കോടി രൂപയാണ് ചെലവ് വരുന്നത്. ഇപ്പോൾ ഞങ്ങൾ വിഭാവനം ചെയ്യുന്ന സെമിഹൈസ്പീഡ് റെയിൽവേയ്ക്ക് 120 കോടി രൂപയാണ് ചെലവ് വരുന്നത്. ഹൈസ്പീഡ് റെയിൽവേയുടെ ടിക്കറ്റ് നിരക്ക് അന്ന് കിലോമീറ്ററിന് ആറ് രൂപയാണ്. ഇപ്പോൾ സെമിഹൈസ്പീഡ് റെയിൽവെയുടെ ടിക്കറ്റ് നിരക്ക് രണ്ട് രൂപയാണ്. കേരളം പോലുള്ള സംസ്ഥാനത്ത് ജനസാന്ദ്രത കൂടുതലാണല്ലോ; ഹൈസ്പീഡ് റെയിൽവെ പുറപ്പെട്ടിട്ട് നിർത്താനൊരു സ്ഥലം കാണുമല്ലോ, ട്രെയിൻ ആ സ്പീഡിലാണല്ലോ വരുന്നത്. നമുക്ക് കൂടുതൽ സ്റ്റോപ്പ് വേണമല്ലോ; തുടങ്ങുന്നതിനും അവസാനിക്കുന്നതിനും ഇടയ്ക്ക് കൂടുതൽ സ്റ്റോപ്പ് വേണ്ടിവരും. ഒന്നോ രണ്ടോ സ്റ്റോപ്പുകൊണ്ട് തൃപ്തരാകാൻ പറ്റില്ലല്ലോ; അതിനുപുറമെ ഹൈസ്പീഡ് ആകുമ്പോൾ അതിന് സാധ്യതയുണ്ടാകും. സ്റ്റോപ്പുകൾ കൂടുതൽ അനുവദിക്കേണ്ടിവരുമെന്നത് നാം കാണേണ്ട കാര്യമാണ്. അതുകൊണ്ടാണ് ഹൈസ്പീഡ് റെയിൽ പദ്ധതി കേരളത്തിൽ പ്രായോഗികമല്ലായെന്ന് കണ്ടത്. കേരളം പോലെയുള്ളൊരു സംസ്ഥാനത്ത് ഓരോ 50 കി.മീ.-ലും സ്റ്റോപ്പുകളുള്ളതിനാൽ അർദ്ധ അതിവേഗ റെയിൽവെ പദ്ധതിയാണ് പ്രായോഗികമായിട്ടുള്ളത്. 11 സ്റ്റോപ്പുകളാണ് വിഭാവനം ചെയ്തിട്ടുള്ളത്. സ്റ്റേഷനുകൾ തമ്മിലുള്ള കുറഞ്ഞ അകലം കാരണം ഹൈസ്പീഡ് ട്രെയിനിന് 300 മുതൽ 500 കി.മീ.വരെ വേഗത കൈവരിച്ചുകൊണ്ട് ഓടാൻ കഴിയുന്ന ദൂരം വളരെ പരിമിതമായിരിക്കും. ഇക്കാരണത്താൽ ഇരു ട്രെയിനുകളും തമ്മിൽ വലിയ വ്യത്യാസമുണ്ടായിരിക്കും. ഉദാഹരണമായി എറണാകുളം-തിരുവനന്തപുരം ഹൈസ്പീഡ് റെയിൽവേയ്ക്ക് എല്ലാ സ്റ്റോപ്പുകളുമടക്കം 62 മിനിറ്റ് വേണ്ടിവരും. ഇതേ ദൂരം 85 മിനിറ്റുകൊണ്ട് സെമി ഹൈസ്പീഡിൽ ട്രെയിൻ സഞ്ചരിക്കും. ഇതാണ് നാം കാണേണ്ട കാര്യം. മിനിറ്റുകളുടെ ചെറിയ തോതിലുള്ള വ്യത്യാസം മാത്രമാണ് ഇവിടെ വരുന്നത്. ഇത്തരത്തിലുള്ള പല കാരണങ്ങൾ കൊണ്ടാണ് നിങ്ങളുടെ ഹൈസ്പീഡ് പദ്ധതി വേണ്ടായെന്നും അർദ്ധ അതിവേഗ റെയിൽ (സെമി ഹൈസ്പീഡ് റെയിൽ) മതിയെന്നുമുള്ള തീരുമാനമെടുത്തത്. ഇത്തരത്തിൽ ഇവിടെ എതിർക്കുന്ന ആളുകളെക്കുറിച്ച് എന്തോ തെറ്റായ ചിത്രീകരണം ഞങ്ങൾ നടത്തുന്നുവെന്ന് പറയുകയുണ്ടായി. ഭൂമിക്കുവേണ്ടി സ്വാഭാവികമായും നമ്മുടെ നാട്ടിൽ വലിയ തോതിലുള്ള വികാരപരമായ ഇടപെടലുകളുണ്ട്. ഭൂമി അധികമില്ല,

ഉള്ള ഭൂമി നഷ്ടപ്പെടുന്നതിനോട് ആർക്കായാലും പെട്ടെന്ന് യോജിപ്പുണ്ടാകില്ല. അതെല്ലാം വസ്തുതയാണ്. പക്ഷെ നാം കാണേണ്ടത് ഇത്തരമൊരു പദ്ധതി ആവശ്യമല്ലേ എന്നുള്ളതാണ്. പദ്ധതി ആവശ്യമാണെങ്കിൽ നമുക്ക് ചെയ്യാൻ കഴിയുന്നതെന്താണ്; ജനങ്ങൾക്കുണ്ടാകുന്ന പ്രയാസം ലഘൂകരിക്കുകയെന്നതാണ്. നിങ്ങൾ പ്രയാസപ്പെട്ടോളൂ, ഞങ്ങൾ ഭൂമി എടുക്കുകയാണെന്ന മനോഭാവം സ്വീകരിക്കാൻ കഴിയില്ല. അവരുടെ പ്രയാസം പൂർണ്ണമായി ഉൾക്കൊണ്ടു കൊണ്ടുതന്നെ ആ പ്രയാസം ലഘൂകരിച്ച് ഭൂമി ഏറ്റെടുക്കാനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. അതുകൊണ്ട് ഏതെങ്കിലും തരത്തിലുള്ള കവർന്നെടുക്കൽ എന്ന നിലയില്ല. അവരിൽ പലരും നല്ല മനസ്സോടെതന്നെ ഇത് നാടിന്റെ ആവശ്യത്തിനുവേണ്ടി, ഞാൻ ചെയ്യുന്നൊരു നല്ല കാര്യമാണ്, എനിക്ക് വിഷമമുണ്ടെങ്കിലും നാടിന്റെ ഭാവിക്ക് ഇത് ആവശ്യമാണെന്ന ചിന്തയോടെ സ്വമേധയാ ഏൽപ്പിക്കാൻ തയ്യാറാകുന്ന നല്ലൊരു ഭാഗം ആളുകൾ ഇക്കൂട്ടത്തിലുണ്ടാകുമെന്നതാണ് നാം കാണേണ്ടത്. ഇവിടെ ചെലവുകളുടെ കാര്യം പറഞ്ഞു. വിശദമായ റിപ്പോർട്ടനുസരിച്ച് ഇത് സ്ഥാപിക്കുന്നതിന് 63,940 കോടി 67 ലക്ഷം രൂപയാണ് ചെലവ്. ഇതിൽ 6085 കോടി രൂപ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകേണ്ട നികുതി ഒഴിവുകളാണ്. 975 കോടി രൂപ റെയിൽവെ ഭൂമിയുടെ വിലയാണ്. ഇതിനുപുറമെ 2150 കോടി രൂപയാണ് കേന്ദ്ര റെയിൽവെ വിഹിതം. സംസ്ഥാന സർക്കാർ 3225 കോടി രൂപയാണ് വഹിക്കുന്നത്. 4252 കോടി രൂപ പൊതുജന ഓഹരി പങ്കാളിത്തത്തോടുകൂടി സമാഹരിക്കും. അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് 33,700 കോടി രൂപ സമാഹരിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ വളരെ ചുരുങ്ങിയ പലിശയിൽ വായ്പ തരുന്ന എ.ഡി.ബി., ജിക്ക, എ.ഐ.ബി., കെ.എഫ്.ഡബ്ല്യൂ. എന്നിവരെ കേന്ദ്ര ധനകാര്യമന്ത്രാലയംവഴി സമീപിച്ചിട്ടുണ്ട്. വിശദമായ പദ്ധതി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ധനസമാഹരണത്തിനുള്ള ചർച്ച പുരോഗമിക്കുകയാണ്. ഭൂമി ഏറ്റെടുക്കലിന് ആവശ്യമായ 13362 കോടി രൂപയ്ക്കായി സംസ്ഥാന സർക്കാർ ഹഡ്കോ, കിഫ്ബി, ഇന്ത്യൻ റെയിൽവെ, ഫിനാൻസ് കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളുമായി ചർച്ചകൾ പുരോഗമിച്ചുവരുന്നു. കൊച്ചുവേളി മുതൽ ചെങ്ങന്നൂർ വരെയുള്ള ഭാഗത്ത് ഒന്നാംഘട്ട ഭൂമി ഏറ്റെടുക്കലിനായി ഹഡ്കോ ഇതിനോടകം തന്നെ 3000 കോടി രൂപയുടെ വായ്പ അനുവദിച്ചുകഴിഞ്ഞു. കണ്ണൂർ-കൊച്ചി വിമാനത്താവള വികസന മാതൃകയിൽ പൊതുജന നിക്ഷേപവും കൊണ്ടുവരാൻ സാധിക്കുന്നതാണ്. ഇതിന്റെ ഭാഗമായി എത്ര കെട്ടിടങ്ങളാണ് ഒഴിവാക്കേണ്ടി വരികയെന്നത് സംബന്ധിച്ച് ഞാൻ നേരത്തെ തന്നെ വ്യക്തമാക്കിയിരുന്നു. പക്ഷെ ബഹുമാന്യനായ ഡോ. എം. കെ. മുനീർ അത് വീണ്ടും ആവർത്തിക്കുകയുണ്ടായി. വീടുകളും കെട്ടിടങ്ങളും വൻതോതിൽ തകരുമെന്നത് ഒരു

പ്രചരണം മാത്രമാണ്. ഇപ്പോൾ 9314-ഓളം കെട്ടിടങ്ങളാണ് ഈ പാതയിൽ വരുന്നത്. ഇവ തന്നെ പരമാവധി കുറയ്ക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. അതിൽ വീടുകളും കെട്ടിടങ്ങളും പരമാവധി ഒഴിവാക്കാനാകുമോയെന്ന് നോക്കുന്നുണ്ട്. വീടുകൾ പൊളിക്കാതെ മാറ്റി സ്ഥാപിക്കുന്നതുൾപ്പെടെയുള്ള സാങ്കേതികവിദ്യ പ്രായോഗികമാണോയെന്നത് പരിശോധിക്കുന്നുണ്ട്. ഭൂമി ഏറ്റെടുക്കൽ കുറയ്ക്കുന്നതിന്റെ ഭാഗമായി cut and cover നിർമ്മാണ രീതിയാണ് ഇതിൽ അവലംബിക്കാനുദ്ദേശിക്കുന്നത്. പുനരധിവാസ നിയമപ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ ഗ്രാമപ്രദേശങ്ങളിൽ വിപണിവിലയുടെ പരമാവധി നാലിരട്ടിയും നഗരങ്ങളിൽ രണ്ടിരട്ടിയുമുള്ള തുകയാണ് നഷ്ടപരിഹാരമായി ലഭിക്കുക. 13265 കോടി രൂപയാണ് സ്ഥലമേറ്റെടുക്കലിനും നഷ്ടപരിഹാരത്തിനുമായി കണക്കാക്കിയിട്ടുള്ളത്. ഇതിൽ 1730 കോടി രൂപ പുനരധിവാസത്തിനും 4460 കോടി രൂപ വീടുകളുടെ നഷ്ടപരിഹാരത്തിനുമാണ് നീക്കിവച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് ധനകാര്യ സ്ഥാപനങ്ങളുമായുള്ള ചർച്ച ആരംഭിച്ചുകഴിഞ്ഞുവെന്ന് നേരത്തേതന്നെ ഞാൻ വ്യക്തമാക്കിയിട്ടുണ്ട്. പ്രായോഗിക അനുഭവമില്ലാത്ത അക്കാഡമിഷ്യൻസിന്റെ ഉപദേശങ്ങൾ ശ്രദ്ധിക്കണമെന്ന് ഇവിടെ ബഹുമാന്യനായ ഡോ. എം. കെ. മുനീർ പറയുകയുണ്ടായി. ആ ഉപദേശത്തിന് നന്ദി.

ശ്രീ. രമേശ് ചെന്നിത്തല: സർ, 63000 കോടി രൂപയാണ് ഇതിന് ചെലവുവരുന്നത്. നീതി ആയോഗ് 125000 കോടി രൂപയാണ് പറയുന്നത്. ഇത് അതിനേക്കാൾ കൂടുതലാണ്. ഇവിടത്തെ പ്രശ്നം, റെയിൽവേ മന്ത്രാലയം ഇതിന് അനുമതി നിഷേധിച്ചുവെന്നും പാരിസ്ഥിതികാഘാത പഠനം നടത്തിയിട്ടില്ലെന്നുമുള്ള വാർത്തകളാണ് പുറത്തുവരുന്നതെന്നതാണ്. റെയിൽവേ മന്ത്രാലയം ഈ പദ്ധതിക്ക് അനുമതി നിഷേധിച്ചിട്ടുണ്ടോ; ആ വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നത് വ്യക്തമാക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതുമായി ബന്ധപ്പെട്ട് ഞാൻ നേരത്തെ തന്നെ വ്യക്തമാക്കുകയുണ്ടായി. റെയിൽവേ ഇക്കാര്യത്തിൽ തത്വത്തിൽ അനുമതി നൽകിക്കഴിഞ്ഞു. ബാക്കി അനുമതിയുടെ കാര്യങ്ങൾ നെഗറ്റീവായ നിലയിലല്ല, അങ്ങേയറ്റം പോസിറ്റീവായിത്തന്നെ നീങ്ങുകയാണ്. അനുമതി ലഭിക്കുമെന്ന കാര്യത്തിൽ ഒരു തരത്തിലും സംശയിക്കേണ്ടതായിട്ടില്ല. പാരിസ്ഥിതിക പ്രശ്നത്തിന്റെ നിലയും നേരത്തെ ഞാൻ വ്യക്തമാക്കിയതാണ്. ലോകത്തിൽ ഏറ്റവും സുരക്ഷിതവും സുഖപ്രദവും അന്തരീക്ഷ മലിനീകരണം കുറഞ്ഞതുമായ ഗതാഗത സംവിധാനമാണ് റെയിൽവേ. അതുകൊണ്ടുതന്നെയാണ് റെയിൽവേ പദ്ധതിക്ക് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ MOEF (Ministry of

Environment, Forests-ന്റെ ഗൈഡ്‌ലൈൻ പ്രകാരം പരിസ്ഥിതി ആഘാത പഠനം ആവശ്യമില്ലാത്തത്. അത് കേന്ദ്ര നിർദ്ദേശം തന്നെയാണ്. എങ്കിലും വികസനം പാരിസ്ഥിതിക പ്രശ്നങ്ങൾ കൂടി പരിഗണിച്ചുകൊണ്ടാകണമെന്നതുകൊണ്ടാണ് ഇത്തരമൊരു പഠനം ഇതുമായി ബന്ധപ്പെട്ട് നടത്താൻ നാം തയ്യാറായത്. മാത്രമല്ല, പശ്ചിമഘട്ട മലനിരകളെയും അതുപോലെയുള്ള പരിസ്ഥിതി ലോല പ്രദേശങ്ങളെയും പൂർണ്ണമായും ഒഴിവാക്കിക്കൊണ്ടാണ് ഈ പാത ഒരുക്കിയിട്ടുള്ളത്. CRZ സോണുകളെയും കണ്ടൽക്കാടുകളെയും കുറിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കാൻ കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള നാഷണൽ സെന്റർ ഫോർ സസ്റ്റെയിനബിൾ കോസ്റ്റൽ മാനേജ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. നമ്മുടെ ദേശീയപാതയെക്കാൾ കൂടുതൽ യാത്രക്കാരെ ഉൾക്കൊള്ളാൻ സിൽവർലൈൻ പദ്ധതിക്ക് കഴിയുമെന്ന് മാത്രമല്ല ഭൂമിയുടെ പകുതി മാത്രമേ ഇതിനാവശ്യമായി വരികയുള്ളൂ. റെയിൽവേയുണ്ടായാൽ ഉണ്ടാകുന്ന സൗകര്യം നാം ആലോചിക്കേണ്ടതല്ലേ? ബഹുമാന്യനായ ഡോ. എം. കെ. മുനീർ പറഞ്ഞതുപോലെ ഇതിന്റെ ഭാഗമായി ഭാവിക്ക് നഷ്ടമല്ല ഉണ്ടാകാൻ പോകുന്നത്. കേരളത്തിലെ പ്രധാനപ്പെട്ട നഗരങ്ങളായ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവ നല്ലതുപോലെ വികസിച്ച മൂന്നുകേന്ദ്രങ്ങളാണ്. ഇവിടെനിന്നെല്ലാം അങ്ങോട്ടുമിങ്ങോട്ടും പോകുന്നവരുണ്ട്. തിരുവനന്തപുരത്തു നിന്നും ഒരാൾ എറണാകുളത്തുള്ള സ്ഥാപനത്തിൽ ജോലിയെടുക്കുകയാണെന്ന് വിചാരിക്കുക. അവിടെ താമസിച്ചുമാത്രമേ ജോലിയെടുക്കാൻ സാധിക്കുകയുള്ളൂ. ഇത് യാഥാർത്ഥ്യമായാൽ രാവിലെ വീട്ടിൽനിന്ന് പുറപ്പെട്ടാൽ എറണാകുളത്തെ ജോലി സ്ഥലത്ത് രണ്ടുമണിക്കൂർകൊണ്ട് എത്തിച്ചേരും. വൈകുന്നേരം അവിടെനിന്നും പുറപ്പെട്ടാൽ വീട്ടിലേയ്ക്കും തിരിച്ചെത്തും. ഇതാണ് നടക്കാൻ പോകുന്നത്. നമ്മുടെ നാട്ടിൽ വരുന്ന യാത്രക്കാരും വിവിധ ആവശ്യങ്ങൾക്ക് വരുന്നവരുമെല്ലാം ഈ യാത്ര നല്ലതുപോലെ നടത്താൻ തയ്യാറാകും. എതിർക്കാനുള്ള മനഃസ്ഥിതി വന്നാൽപ്പിന്നെ എന്തിനെയും എതിർക്കുകയെന്ന നില വരും. അതിന്റെ ഭാഗമായാണ് പിറുപിറുക്കലുകൾ വരുന്നത്. അതൊരു പ്രത്യേക മനഃസ്ഥിതിയുടെ ഭാഗമാണ്. യഥാർത്ഥത്തിൽ നാട്ടിൽവരുന്ന മാറ്റമാണ് നാം കാണേണ്ടത്. റോഡുകളുടെ വികസന കാര്യത്തിൽ നേരത്തെ ചില എതിർപ്പുകളുണ്ടായിരുന്നു. പക്ഷേ കാര്യങ്ങൾ പറയാനും ബോദ്ധ്യപ്പെടുത്താനും കഴിഞ്ഞതിന്റെ ഫലമായി നാടിന്റെ വികസനം കൂടുതലാകുമ്പോൾ വികസിച്ചുവന്ന റോഡിൽത്തന്നെയുള്ള വാഹനങ്ങളുടെ പെരുപ്പമാണുണ്ടാകുന്നത്. അതിന്റെ ഭാഗമായി വലിയ തോതിലുള്ള സമയം ഈ പറഞ്ഞ വികസിത റോഡുകളിൽപ്പോലും ഉണ്ടാകാനാണ് പോകുന്നത്. ഇത്തരം റെയിൽവേ എന്നത് ഒഴിച്ചുകൂടാനാകാത്തൊരു കാര്യമാണ്. റെയിൽവേയുടെ നിലവിലുള്ള

വികസനത്തിന്റെ കാര്യം പറയുകയുണ്ടായി. നിലവിലുള്ള പാത ഇരട്ടിപ്പിക്കൽ പൂർത്തിയാകുന്നതോടെ ഇപ്പോൾ ഓടുന്ന ട്രെയിനുകൾക്ക് കൃത്യസമയം പാലിക്കാൻ കഴിയും. ചില പുതിയ ട്രെയിനുകളും ഓടിക്കാൻ കഴിയുമായിരിക്കും. പക്ഷേ കൂടുതൽ വേഗതയിലോടിക്കാൻ കഴിയില്ല. അതാണ് നമ്മുടെ നാടിന്റെ വിഷമകരമായ സാഹചര്യം. ഇതിന് സമാന്തരമായി പാതയുണ്ടാക്കിയാൽ വളവുകളും തിരിവുകളും കയറ്റിറക്കങ്ങളുമെല്ലാം കൂടുതലായി പല പ്രദേശത്തുമുണ്ട്. അതുകൊണ്ടുതന്നെ കൂടുതൽ വേഗത്തിൽ ട്രെയിനിന് നീങ്ങാൻ കഴിയാത്ത അവസ്ഥയുണ്ട്. വേഗത ലഭ്യമാകണമെങ്കിൽ നല്ല രീതിയിൽ വളവുകളും തിരിവുകളുമില്ലാത്ത പാത ആവശ്യമായി വരും. അതുകൊണ്ടാണ് പുതിയ പാതയെക്കുറിച്ച് ആലോചിക്കേണ്ടിവന്നത്. തിരൂരിന് ഇപ്പുറത്തേയ്ക്ക് വിഷമകരമായ സാഹചര്യമുള്ളതുകൊണ്ടാണ് അതിൽനിന്നും കുറച്ച് വിട്ടുകൊണ്ടുള്ള പാത എടുക്കേണ്ടിവന്നത്. എന്നാൽ കാസർഗോഡ് മുതൽ തിരൂർ വരെ ഏറെക്കുറെ സമാന്തരമായി വരാൻ കഴിയുമെന്നുള്ളതുകൊണ്ടാണ് സമാന്തരമായി ആ പാതയുണ്ടായത്. അതുകൊണ്ട് ഒരു ആശങ്കയുമുണ്ടാകേണ്ടതില്ല. ഇത് നമ്മുടെ നാടിന് ഏറ്റവും അനുയോജ്യമായ, നല്ല രീതിയിൽ നാട് സ്വീകരിക്കുന്ന ഒന്നായിരിക്കും. ഇവിടെ യാത്രക്കാരുണ്ടാകുമോയെന്ന ആശങ്കയൊന്നും ഉണ്ടാകേണ്ടതില്ല. നല്ലതുപോലെ നിറഞ്ഞ് യാത്രക്കാരുണ്ടാകുമെന്നതിൽ ഒരു സംശയവുമുണ്ടാകേണ്ടതായിട്ടില്ല. ഇന്ന് ലോകത്തിന്റെ പലഭാഗങ്ങളിലും നമ്മുടെ രാജ്യത്ത് ചിലയിടങ്ങളിലും ഇത്തരത്തിലുള്ള റെയിലുകൾ വന്നുകഴിഞ്ഞു. നമ്മൾ ഇനിയും പുറകോട്ടുപോകണമെന്ന് ചിന്തിക്കരുത്. കാലത്തിനനുസരിച്ച് മാറാൻ തയ്യാറാകണം. ആ സൗകര്യങ്ങൾ നമ്മുടെ നാട്ടിലുമുണ്ടാകണമെന്ന് നമ്മൾ ചിന്തിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുകൊണ്ട് ഇതുമായി എല്ലാ രീതിയിലും സഹകരിക്കണം. ഇത്തരത്തിൽ ഈ പ്രശ്നം നിയമസഭയിലൂടെ നാടിന്റെ ശ്രദ്ധയിൽക്കൊണ്ടുവരാൻ ഒരവസരം സൃഷ്ടിക്കുന്നതിന് ഈ പ്രമേയംകൊണ്ട് സാധിച്ചുവെന്നത് നന്ദിപൂർവ്വം ഓർത്തുകൊണ്ട് ഇത് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു പ്രശ്നമല്ലെന്നാണ് അറിയിക്കാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇത് കേരളമാണ്. പരിസ്ഥിതിലോല പ്രദേശമാണ്. ഇടനാടൻ കുന്നുകളും മലകളും പുഴകളും

അരുവികളും കായലുകളും ചതുപ്പുകളും വയലുകളും നൂറുകണക്കിന് നീരുറവകളും ജലസ്രോതസ്സുകളും നിറഞ്ഞ വളരെ വ്യത്യസ്തമായൊരു പ്രദേശമാണ്. ഈ സംസ്ഥാനത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളൊന്നും പരിഗണിക്കാതെയുള്ള ഒരു വികസനത്തിന്റെ പേരിൽ നടക്കുന്ന ബുൾഡോസിംഗാണ് യഥാർത്ഥത്തിൽ ഈ സിൽവർ ലൈൻ പദ്ധതി. ഈ പ്രോജക്ടിന്റെ പാരിസ്ഥിതിക സാമ്പത്തിക-സാമൂഹ്യ പ്രത്യാഘാതങ്ങളാണ് ഞങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കാൻ ശ്രമിച്ചത്. അത് ജനശ്രദ്ധയിലെത്തിക്കാനും സർക്കാരിന്റെ ശ്രദ്ധയിലെത്തിക്കാനും ഈ പദ്ധതി സുതാര്യമല്ലാതിരിക്കുന്നതു കൊണ്ടാണ് ഈ വിഷയം ഞങ്ങൾ നിയമസഭയിൽ ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടത്. ഇവിടെ പ്രമേയം അവതരിപ്പിച്ച ഡോ. എം. കെ. മുനീറിനും ഞങ്ങൾക്കും ചില സാമൂഹ്യവിരുദ്ധരുമായും ദേശവിരുദ്ധരുമായും ബന്ധമുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിച്ചപ്പോൾ പറഞ്ഞു. ഇതുതന്നെയാണ് ശ്രീ. നരേന്ദ്ര മോദി എപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നത്. അദ്ദേഹത്തെ ആരെങ്കിലും വിമർശിച്ചാൽ അവർ ദേശവിരുദ്ധരാണെന്ന് പറയും. അതെല്ലാം സ്വന്തം അഭിപ്രായങ്ങൾ മറ്റുള്ളവരിൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്ന ഏകാധിപതികളുടെ പൊതുസ്വഭാവമാണ്. എതിർക്കുന്നവരെല്ലാം മാവോയിസ്റ്റുകളും തീവ്രവാദികളും സാമൂഹ്യവിരുദ്ധരുമാണെന്ന് വരുത്തിത്തീർക്കാനുള്ള ഈ ശ്രമം ഇവിടെ എന്തായാലും വിലപ്പോകില്ല. എന്തിനെയും എതിർക്കുന്ന സ്വഭാവത്തിന്റെ ആ തൊപ്പി ഞങ്ങളുടെ തലയിൽ വയ്ക്കേണ്ട, നിങ്ങളുടെ തലയിൽ വച്ചാൽ മതി. 1970-കളുടെ തുടക്കം മുതൽ ഈ സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങളെയും നാടിന്റെ പുരോഗതിയെയും നിസ്സാരമായ കാരണങ്ങൾ പറഞ്ഞ് അട്ടിമറിച്ച ആളുകൾ പുതിയ വികസനത്തിന്റെ സന്ദേശവുമായി ഞങ്ങളെ പഠിപ്പിക്കാൻ വരണ്ട എന്ന് ആമുഖമായി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ സർക്കാരിന്റെ ഒരു കണക്ക് പറഞ്ഞു. 64,941 കോടി രൂപയുടെ പദ്ധതി എന്നതാണ് ഇതിന്റെ ഇക്കണോമിക് ഇംപാക്ട്. വലിയ കടമാണ് നമ്മൾ എടുക്കേണ്ടത്. കേന്ദ്രത്തിന്റേത് 13,000 കോടി രൂപയാണ്. ബാക്കിയുള്ള മുഴുവൻ തുകയും ഈ സംസ്ഥാനം വഹിക്കണം. ഒരു പ്രോജക്ട് ചെയ്യുമ്പോൾ അത് കോസ്റ്റ് ഇഫക്ടീവാണോയെന്നാണ് ആലോചിക്കേണ്ടത്. ഭാവിയിലേയ്ക്കുള്ള നമ്മുടെ കാര്യങ്ങൾകൂടി പരിഗണിച്ചു കൊണ്ടാണ് ചെയ്യേണ്ടത്. ഈ 64,000 കോടി രൂപ ഏത് കണക്കാണ്? ഒരു കിലോമീറ്ററിന് 120 കോടി രൂപയാണ് കണക്കാക്കിയിട്ടുള്ളത്. ഒരു കിലോമീറ്ററിന് 270 കോടി രൂപയാണ് നീതി ആയോഗ് പറഞ്ഞിരിക്കുന്നതെന്ന് ശ്രീ. രമേശ് ചെന്നിത്തല ഇവിടെ സൂചിപ്പിച്ചു. അത് ബുള്ളറ്റ് ട്രെയിനല്ല. ബുള്ളറ്റ് ട്രെയിനിന് ഹൈസ്പീഡിന് ഒരു കിലോമീറ്ററിന് 280 കോടി രൂപയാണെന്ന് ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. ഹൈസ്പീഡ് ബുള്ളറ്റ് ട്രെയിനിന്

ഡൽഹി-മീററ്റ് ലൈനിൽ ചെലവാക്കുന്നത് ഒരു കിലോമീറ്ററിന് 370 കോടി രൂപയാണ്. നീതി ആയോഗ് കൃത്യമായി കണക്കാക്കിയതുപോലെ, ഇപ്പോൾ പറയുന്നതിന്റെ ഏകദേശം ഇരട്ടി തുകയായ 1,24,000 കോടി രൂപ ഈ സംസ്ഥാനത്തുനിന്ന് നമ്മൾ കണ്ടെത്തണം. ഇത് സംസ്ഥാനത്തിന്റെ ബാദ്ധ്യതയാണ്. ഏറ്റവും പ്രധാനപ്പെട്ട ഒരു നാഷണൽ ഹൈവേപോലും കൃത്യമായി വീതി കൂട്ടാത്ത നമ്മളാണ് 1,24,000 കോടി രൂപയ്ക്ക് സിൽവർ ലൈൻ പ്രോജക്ട് ചെയ്യുന്നത്. ഇതിന്റെ പെർമിഷനെക്കുറിച്ച് പറഞ്ഞു. ഭരണഘടനയുടെ ഏഴാം പട്ടികയിൽ യൂണിയൻ ലിസ്റ്റിലാണ് റെയിൽവേ ഉൾപ്പെടുന്നത്. ഇവിടെ എന്ത് പദ്ധതി നടപ്പാക്കണമെങ്കിലും 1989-ലെ റെയിൽവേസ് ആക്ടിന്റെ സെക്ഷൻ 21 അനുസരിച്ച് റെയിൽവേയുടെ അനുമതി വേണം. 2018-ൽ റെയിൽവേ ഇൻ-പ്രിൻസിപ്പിൾ അനുമതി തന്നിരിക്കുന്നത് സ്റ്റാൻഡ് എലോൺ എലിവേറ്റഡ് റെയിൽ കോറിഡോറിനാണ്. ഇതുസംബന്ധിച്ചുള്ള ശ്രീ. പിയൂഷ് ഗോയലിന്റെ കത്ത് എന്റെ കയ്യിലുണ്ട്. കോഴിക്കോട്ടുള്ള ഒരാൾക്ക് എളുപ്പത്തിൽ എറണാകുളത്ത് വന്ന് ജോലിചെയ്ത് പോകാൻ സാധിക്കുമെന്ന് ഇവിടെ പറഞ്ഞു. കോഴിക്കോട് മുതൽ എറണാകുളംവരെ ടിക്കറ്റിന് ഒരു ദിവസം അറുനൂറ് രൂപയാകും. ടിക്കറ്റിനുവേണ്ടി മാത്രം മാസത്തിൽ 18,000 രൂപ മുടക്കാൻ കഴിയുന്ന എത്ര ആളുകൾ എറണാകുളത്തുവന്ന് ജോലി ചെയ്ത് പോകുന്നുണ്ട്? പറയുമ്പോൾ ഇത്തരം കാര്യങ്ങൾകൂടി ശ്രദ്ധിക്കണം. ഇതിന്റെ സാമൂഹ്യ പ്രത്യാഘാതം എന്താണ്? ഏരിയൽ സർവേ നടത്തിയാണ് കെട്ടിടങ്ങളുടെ കണക്കെടുത്തിരിക്കുന്നത്. നാഷണൽ ഹൈവേയ്ക്കായി ഇപ്പോൾ ഏരിയൽ സർവേ നടത്തി. ആദ്യം ഏരിയൽ സർവേ നടത്തിയപ്പോൾ ലഭ്യമായ സർവേ റിപ്പോർട്ടും അതിനുശേഷം മാന്വലായി നടത്തിയ സർവേ റിപ്പോർട്ടും തമ്മിൽ ഗൗരവതരമായ വ്യത്യാസമുണ്ട്. ..... (ബഹളം).....

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിക്കട്ടെ.

ശ്രീ. വി. ഡി. സതീശൻ: സർ, കൃത്യത ഒട്ടുമില്ലാത്ത ഒന്നാണ് ഏരിയൽ സർവേ. നാഷണൽ ഹൈവേയുടെ സർവേ നടത്തിയത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരിശോധിച്ചു നോക്കണം. ആദ്യം നടത്തിയ ഏരിയൽ സർവേയും രണ്ടാമത് നടത്തിയ സർവേയും തമ്മിൽ വലിയ വ്യത്യാസമുണ്ട്. പല പ്രദേശങ്ങളെയുംകുറിച്ച് കൃത്യതയില്ലാത്ത ഒന്നാണ് ഏരിയൽ സർവേ. ഇവിടെ ഏരിയൽ സർവേയാണ് നടത്തിയിരിക്കുന്നത്. 1383 ഹെക്ടർ സ്ഥലം അക്വയർ ചെയ്യേണ്ടിവരും. ഇവിടെ 9000-ത്തിലധികം കെട്ടിടങ്ങളാണ് ഉൾപ്പെടുന്നത്. 20000-ത്തിലധികം കുടുംബങ്ങൾ കുടിയൊഴിപ്പിക്കപ്പെടുമെന്ന് ഞങ്ങൾ ഉറപ്പുപറയുന്നു. ധാരാളം കച്ചവട സ്ഥാപനങ്ങൾ പൊളിച്ചുനീക്കേണ്ടിവരും.

145 ഹെക്ടർ നെൽവയൽ നികത്തണം. ആയിരത്തിലധികം മേൽപ്പാലങ്ങളും അടിപ്പാതകളും നിർമ്മിക്കണം. പ്രതിദിനം റോഡ് ഉപയോഗിക്കുന്ന 46000-ത്തിലധികം ആളുകൾ ഈ ട്രെയിനിൽ കയറുമെന്നാണ് പറയുന്നത്. അങ്ങനെയാവണമെങ്കിൽ ഓരോ രണ്ട് മണിക്കൂറിലും 675 ആളുകൾ വീതം കയറുന്ന മൂന്ന് തീവണ്ടികൾ നിറയെ യാത്രക്കാരുമായി പോകണം. ഇന്ത്യയിലെ ഏറ്റവും തിരക്കുള്ള മുംബൈ-സൂററ്റ്-അഹമ്മദാബാദ് റൂട്ടിൽ പ്രതീക്ഷിക്കുന്ന യാത്രക്കാർ 37500 ആണ്. ഇന്ത്യയിലെ ഏറ്റവും വലിയ ബിസിനസ് കോറിഡോറാണത്. ഇവിടെ തിരുവനന്തപുരം-കാസർഗോഡ് റൂട്ടിൽ പ്രതീക്ഷിക്കുന്നത് 46000 യാത്രക്കാരെയാണ്. ഇതൊക്കെ വെറുതെ പ്രൊജക്റ്റ് ചെയ്ത് കാണിച്ചിരിക്കുകയാണ്. ഇതൊന്നും ഒരു കണക്കിന്റെയും അടിസ്ഥാനത്തിലല്ല. ചരക്കുനീക്കത്തിന്റെ കാര്യം നോക്കാം. സാധാരണ പാസഞ്ചർ ട്രെയിനിന് പതിനേഴ് ടൺ ആക്സിൽ ലോഡ് മതി. ഇവിടെ ചരക്കുനീക്കത്തിന് ഇരുപത്തിയഞ്ച് ടൺ ആക്സിൽ ലോഡ് വേണം. നമ്മുടെ ഈ പ്രൊപ്പോസലിലുള്ളത് പതിനേഴ് ടൺ മാത്രമാണ്. ചരക്കുനീക്കം അതുവഴി നടക്കുമെന്ന് പറയുന്നത് ശരിയല്ല. ഇതിന്റെ എൻവയോൺമെന്റ് ഇംപാക്ട് എന്താണ്? കഴിഞ്ഞ അഞ്ചുവർഷം അങ്ങ് മുഖ്യമന്ത്രിയായിരുന്ന സമയത്ത് എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഒരു സ്റ്റേറ്റ്മെന്റ് "room for the river" എന്ന് അങ്ങ് പറഞ്ഞതാണ്. നെതർലൻഡ്സിൽ പോയി തിരിച്ചുവന്നിട്ടാണ് അങ്ങ് ഇത് പറഞ്ഞത്. വെള്ളത്തിന് സ്പേസ് വേണം. അങ്ങ് നടത്തിയ ഏറ്റവും മനോഹരമായ ഒരു സ്റ്റേറ്റ്മെന്റാണിത്. എനിക്ക് അന്ന് വലിയ സന്തോഷം തോന്നി. അങ്ങനെ പറഞ്ഞ മുഖ്യമന്ത്രിയാണോ ഈ സിൽവർ ലൈൻ പദ്ധതി നടപ്പാക്കാൻ പോകുന്നത്? മൂന്ന് ദിവസം അടുപ്പിച്ച് മഴ പെയ്തപ്പോൾ എല്ലായിടത്തും പ്രളയമായി. കേരളത്തിന്റെ പ്രത്യേകത അതാണ്. കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് 195 രാജ്യങ്ങളിലെ ഇന്റർ ഗവൺമെന്റ് റിപ്പോർട്ട് വന്നപ്പോൾ അതിൽ ഏറ്റവും അപകടകരമായ മേഖലയിൽ നിൽക്കുന്ന ഒരു സംസ്ഥാനമാണ് കേരളമെന്ന് നമ്മൾ അറിയണം. ഇന്നലെ നമ്മൾ പറഞ്ഞല്ലോ, കിഴക്ക് പശ്ചിമഘട്ട മലനിരകൾ, ഇടയ്ക്ക് നെൽവയൽ - നീർത്തട നിയമം ബാധകമാകുന്ന കുറച്ച് സ്ഥലങ്ങൾ, അതിനപ്പുറത്ത് കോസ്റ്റൽ റെഗുലേഷൻ സോൺ. അതിനിടയിൽ വളരെ കുറച്ച് സ്ഥലം മാത്രമാണ് കേരളത്തിലുള്ളത്. ഡി.പി.ആർ. ആരും കണ്ടിട്ടില്ല. കേരളത്തിൽ ഇതുപോലുള്ള ഒരു പ്രോജക്ട് ചെയ്യുമ്പോൾ എൻവയോൺമെന്റൽ ഇംപാക്ട് സ്റ്റഡി നടത്തിയിട്ടുണ്ടോയെന്ന് ഇവിടെ ചോദിച്ചു. കോംപീറ്റന്റ് അല്ലാത്ത ഒരു ഏജൻസിയെക്കൊണ്ടാണ് സ്റ്റഡി നടത്തിയിരിക്കുന്നത്. കോംപീറ്റന്റ് അല്ലാത്ത ഒരു ഏജൻസിയെക്കൊണ്ട് നടത്തിയത് Rapid Environmental Impact Assessment (ദ്രുതഗതിയിലുള്ള പാരിസ്ഥിതിക ആഘാതം വിലയിരുത്തൽ) ആണെന്ന് ഞാൻ ആധികാരികമായി പറയുന്നു. ഇത് ഒട്ടും സമഗ്രമല്ല. Comprehensive Environmental Impact Assessmnt (സമഗ്രമായ

പാരിസ്ഥിതിക ആഘാത വിലയിരുത്തൽ) ആണ് ശരിക്കും ആവശ്യമായിട്ടുള്ളത്. അതോടൊപ്പം ഇക്കാര്യത്തിൽ സോഷ്യൽ ഇംപാക്ട് അസസ്മെന്റും വേണം. ഇതെല്ലാം ഇപ്പോൾ മെഗാ പ്രോജക്ടുകൾക്ക് നിർബന്ധമായിട്ടുള്ള കാര്യമാണ്. ഈ ദ്രുതഗതിയിലുള്ള പാരിസ്ഥിതിക ആഘാത വിലയിരുത്തൽ റിപ്പോർട്ടിൽപ്പോലും ഒരുപാട് സംശയങ്ങൾ അവർ പറയുന്നുണ്ട്. ഇത് കേരളത്തിന്റെ തെക്ക്-വടക്ക് ഒരു വൻമതിലായി മാറുമെന്നുള്ളതാണ് ഇതിന്റെ ഏറ്റവും ഗൗരവമുള്ള വിമർശനം. ഇതിന്റെ 55 ശതമാനം എംബാങ്ക്മെന്റ് ആണെന്ന് ഇവിടെ നേരത്തെ സംസാരിച്ചപ്പോൾ പറഞ്ഞു. അതായത് സാധാരണ ഭൂമിയിൽനിന്നും ഉയരത്തിൽ വീതിയുള്ള ഒരു വൻമതിൽ പോലെ കെട്ടിപ്പൊക്കുന്ന നിർമ്മാണം. ഇതിന്റെ ഉയരം 15 മുതൽ 30 മീറ്റർ വരെയും വീതി നാല് മുതൽ പത്ത് മീറ്റർ വരെയുമാണ്. അതായത് പത്ത് അടി മുതൽ മുപ്പത് അടിവരെ ഉയരത്തിൽ കെട്ടിപ്പൊക്കുന്ന എംബാങ്ക്മെന്റിലാണ് ഈ റെയിൽ പോകുന്നത്. 55 ശതമാനം സ്ഥലത്തുകൂടി അത് പോയിക്കൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ തെക്ക്-വടക്ക് ഈ 55 ശതമാനം ദൂരം ഒരു വൻമതിൽ നിർമ്മിക്കപ്പെടുമെന്നാണ് മനസ്സിലാക്കുന്നത്. ബാക്കിയുള്ളത് 101.74 കിലോമീറ്ററിൽ 19 ശതമാനവും കട്ടിംഗ് ആയിട്ടാണ് പറഞ്ഞിരിക്കുന്നത്. കുന്നുകളും മലകളും വെട്ടിമുറിച്ച് അതിന്റെ വശങ്ങൾ ഒൻപത് മീറ്റർ ഉയരത്തിലെങ്കിലും റീട്ടെയ്നിംഗ് വാൾ കെട്ടിപ്പൊക്കിയതാണ്. പിന്നെയുള്ള 4.6 ശതമാനം ദൂരം അതായത് 25 കിലോമീറ്റർ കട്ട് ആൻഡ് കവറാണ്. ഇത് നേരത്തെ പറഞ്ഞതുപോലെ കുന്നുകളെ മുറിച്ച് റീട്ടെയ്നിംഗ് വാൾ കെട്ടി ഒൻപത് മീറ്ററിന് മുകളിലുള്ള പ്രദേശം അടച്ചെടുക്കുന്ന രീതിയിലായിരിക്കും. ഇതെല്ലാംകൂടി 80 ശതമാനം ദൂരമുണ്ടാകും. പിന്നെയുള്ളത് മല തുരന്നുണ്ടാക്കുന്ന തുരങ്കങ്ങളാണ്. ഇത് 11.53 കിലോമീറ്റർ വരും. അതായത് ഈ പാതയുടെ 80% ദൂരവും കേരളത്തിന്റെ കിഴക്കും പടിഞ്ഞാറും വേർപെടുന്ന രീതിയിൽ ഒരു വലിയ കോട്ടയാണ് ഈ പദ്ധതിയെന്ന് ഈ റിപ്പോർട്ടിൽത്തന്നെ പറയുകയാണ്. കൂടാതെ ഇതിന്റെ ഹൈറ്റിനെക്കുറിച്ചും പറഞ്ഞിരിക്കുകയാണ്. കേരളത്തിൽ ഇത്രയും ദൂരം സ്ഥലം ഒരു മതിലുപോലെ, ഒരു വൻകോട്ടപോലെയായി മാറുകയാണ്. നമുക്കിത് സഹിക്കാൻ കഴിയും, പക്ഷെ വെള്ളത്തിനോ? Where is the room for the river? മഴ കുത്തിയൊലിച്ചുവന്നാൽ, പ്രളയം വന്നാൽ, സാധാരണ മഴ പെയ്താൽ ഈ വെള്ളം എങ്ങോട്ടുപോകും? ഇത് പെട്ടെന്നുണ്ടാക്കിയ റിപ്പോർട്ടാണ്.

[11.00 am]

കേരളത്തിൽ എംബാങ്ക്മെന്റ് കെട്ടിപ്പൊക്കുന്ന ഇടങ്ങളിലെല്ലാംതന്നെ ഭൂമിക്കടിയിൽ മണ്ണിന്റെ കുഴലുകൾ (soil piping) രൂപപ്പെടാനും അതൊരു geological issue ആയി മാറി ഭൂമി ഇടിഞ്ഞ് താഴാനും ഉരുൾപൊട്ടൽ പോലുള്ളവയുണ്ടാകാനും സാധ്യതകളുണ്ടെന്ന് സർക്കാർ തയ്യാറാക്കിയ ഈ

റിപ്പോർട്ടിൽ പറയുന്നുണ്ട്. വേറൊരു കാര്യം പറയുന്നത്, ഇത് പോകുന്ന സ്ഥലങ്ങളിൽ ഭൂവിനിയോഗത്തിൽ (land use change) മാറ്റം വരുമെന്നാണ്. അതായത് ഈ പാതയുടെ 500 മീറ്റർ കിഴക്കോട്ടും 500 മീറ്റർ പടിഞ്ഞാറും ഭൂമിയുടെ വിനിയോഗത്തിൽ മാറ്റം വരും. അത്തരത്തിൽ 1000 മീറ്റർ ആയി. ഇതൊരു വലിയ പ്രദേശമാണ്. അതുകൊണ്ട് ഭൂമി നഷ്ടപ്പെടുന്നവർ മാത്രമല്ല ഇതിന്റെ ഇരകളെന്ന് പറയുന്നത്. അതിലും എത്രയോ മടങ്ങ് വീടുകളും കൃഷിയിടങ്ങളും തൊഴിലും വരുമാനവും നഷ്ടപ്പെടാം. ഈ എംബാങ്ക്മെന്റിന് വേണ്ട കല്ലും മണ്ണും എവിടെനിന്നും കൊണ്ടുവരും? ഇന്നലെ ഇവിടെ വിഴിഞ്ഞം തുറമുഖത്തെപ്പറ്റി പറഞ്ഞു, വിഴിഞ്ഞം തുറമുഖത്തിന് മൊത്തം വേണ്ടത് 75 ലക്ഷം ടൺ കല്ലാണ്. ഇപ്പോൾ ആകെ കിട്ടിയിരിക്കുന്നത് 13 ലക്ഷം ടൺ കല്ലാണ്. ഇനി അതിന്റെ അഞ്ചിരട്ടി കല്ല് വിഴിഞ്ഞം പോർട്ടിന് ആവശ്യമാണ്. ഈ എംബാങ്ക്മെന്റിന് എല്ലാംകൂടി എവിടെനിന്നാണ് ഇത്രയും കല്ലും മണ്ണും കൊണ്ടുവരിക? നമ്മുടെ പ്രകൃതി വിഭവങ്ങൾ മുഴുവൻ ഉപയോഗിക്കേണ്ടിവരും. ഈ റെയിൽവെ ലൈൻ പശ്ചിമഘട്ട മലനിരകളിലേയ്ക്ക് പോകുന്നില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ശരിയാണ്. പക്ഷെ ഈ പദ്ധതി പൂർത്തിയാക്കണമെങ്കിൽ പശ്ചിമഘട്ടത്തിന്റെ നാലിൽ മൂന്ന് ഭാഗവും എംബാങ്ക്മെന്റ് ഉണ്ടാക്കാൻ ഇങ്ങോട്ട് കൊണ്ടുവരണം. പണ്ട് ഹനുമാൻ മരുത്വാമല എടുത്തുകൊണ്ടുപോയതുപോലെ പശ്ചിമഘട്ട മലനിരകളുടെ ഒരു ഭാഗം എടുത്ത് ഇപ്പുറത്തേയ്ക്ക് വയ്ക്കണം. അതാണ് എംബാങ്ക്മെന്റ് എന്നുപറയുന്നത്. അത്രമാത്രം പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാക്കുന്ന വളരെ പ്രധാനപ്പെട്ടൊരു വിഷയമാണിത്. ഈ പദ്ധതി പോകുന്ന 164 ഇടങ്ങൾ ഹൈഡ്രോളജിക്കലി സെൻസിറ്റീവായ, ജലലഭ്യതയ്ക്ക് ഗുരുതര പ്രശ്നങ്ങളുണ്ടാകുന്ന പ്രദേശങ്ങളാണെന്നാണ് ഈ റിപ്പോർട്ടിൽ പറയുന്നത്. ഈ പ്രദേശങ്ങളിൽ ജലനിർഗ്ഗമന മാർഗ്ഗങ്ങൾ തടസ്സപ്പെടാം, പ്രളയംപോലുള്ള വലിയ ദുരന്തങ്ങളുടെ ആഘാതമുണ്ടാക്കാം. ഈ പദ്ധതികൊണ്ട് കേരളത്തിൽ വരാവുന്ന എല്ലാ പാരിസ്ഥിതിക-സാമൂഹിക പ്രശ്നങ്ങളും ഇനിയും പഠിക്കേണ്ടതുണ്ട്. അതിന് മൂന്ന് കാര്യങ്ങളാണ് നമുക്കാവശ്യം. ഒന്ന്, DPR (Detailed Project Report) പുറത്തുവിടണം. ഞങ്ങളുടെ ഡിമാന്റാണ്. രണ്ടാമതായി ഇതിന് ഒരു Comprehensive Environmental Impact Study നടത്തണം. മൂന്ന്, ഒരു Social Impact Study നടത്തണം. നാല്, കേന്ദ്രത്തിന്റെയും റെയിൽവേയുടെയും അനുമതി കിട്ടിയതിനുശേഷം കൃത്യമായ സർവ്വേ നടത്തി എത്ര കെട്ടിടങ്ങൾ, എത്ര സ്ഥലം, ഏത് സർവ്വേ നമ്പറിൽ, ആരുടെ സ്ഥലം പോകും എന്നിവ കൃത്യമായി അറിഞ്ഞിട്ടുമാത്രമേ സ്ഥലമെടുപ്പ് നടപടികളുമായി മുന്നോട്ടുപോകാൻ പാടുള്ളൂ. ഇതെല്ലാം വളരെ ഗൗരവതരമായ വിഷയങ്ങളായാണ് ഞങ്ങൾ അവതരിപ്പിക്കുന്നത്. ഇവിടെ സമരം ചെയ്യുന്നവരൊന്നും തീവ്രവാദികളും

സാമൂഹിക വിരുദ്ധരുമല്ല. സാമ്പത്തികമായ പ്രായോഗികതയുണ്ടാകണം. നമ്മുടെ പ്രതീക്ഷയ്ക്കപ്പുറത്ത് ഒട്ടും പ്രായോഗികമല്ലാത്ത ഒരു പ്രോജക്ടിനുവേണ്ടി അതിന് ആനുപാതികമല്ലാത്ത രീതിയിലുള്ള വലിയൊരു തുക നമ്മുടെ സംസ്ഥാനത്തിന്റെയും വരാനിരിക്കുന്ന തലമുറയുടെയും തലയിൽ കെട്ടിവയ്ക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടി നിരാശാജനകമാണ്. അദ്ദേഹം ഞങ്ങൾ ഉയർത്തിയ പ്രധാനപ്പെട്ട പ്രശ്നങ്ങൾക്ക് മറുപടി പറയാത്തതിലും വരാനിരിക്കുന്ന കേരളത്തിന്റെ 50 വർഷക്കാലത്തെ സാമ്പത്തികമായി ബാധിക്കുന്ന, പാരിസ്ഥിതികമായി കേരളത്തിന്റെ ബാലൻസ് തെറ്റിപ്പോകുന്ന, ഒട്ടും സുസ്ഥിരമല്ലാത്ത ഈ വികസന പദ്ധതിക്കെതിരായി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള സമീപനം തെറ്റായതുകൊണ്ട് ഒരു alternative proposal ചർച്ച ചെയ്യണമെന്നുള്ള ഞങ്ങളുടെ നിർദ്ദേശം പരിഗണിക്കാത്തതിലും ഈ വിഷയം ഗൗരവത്തോടുകൂടി സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിലും പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഒരു alternative proposal ചർച്ച ചെയ്യണമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അവസാനം പറഞ്ഞ ഭാഗത്താണ് പ്രതിപക്ഷം നിൽക്കുന്നത്. അല്ലാതെ പ്രോജക്ട് അപ്പടി വേണ്ട എന്നല്ല. ഇതിന്റെ ഫീസിബിലിറ്റി സംബന്ധിച്ച് ഞങ്ങൾക്ക് സംശയമുണ്ട്. യു.ഡി.എഫ്.-ന്റെ കാലത്താണ് കൊച്ചി മെട്രോയുടെ കാര്യമായ പ്രവൃത്തികൾ തുടങ്ങിയത്. മെട്രോ സ്ഥാപിച്ചുകഴിഞ്ഞപ്പോഴുള്ള അനുഭവം നമുക്കത്ര തൃപ്തികരമാണോ? എത്രയാളുകൾ അതിൽ സഞ്ചരിക്കുന്നുണ്ട്? ആലുവയിൽനിന്ന് ഇത്ര കുറഞ്ഞ ദൂരത്തിലുള്ള ഒരു മെട്രോ ഫീസിബിളാണോയെന്നുള്ള കാര്യത്തിൽ ഇപ്പോൾ നമുക്ക് സംശയമുണ്ട്. എന്നാൽ അതിൽ പുരോഗതിയുണ്ടാകുമെന്ന് ഇപ്പോഴും പ്രതീക്ഷിക്കുകയാണ്. അങ്ങനെയൊരു പ്രതീക്ഷയുടെ പുറത്ത്, സിൽവർ ലൈൻ റെയിൽവെ പണിത് വലിയ കടവും ഈ പറഞ്ഞ പ്രത്യാഘാതങ്ങളുമൊക്കെ വരുത്തിവച്ചാൽ പിന്നെ എന്തുണ്ടാകുമെന്നുള്ള ആശങ്കയുടെ അടിസ്ഥാനത്തിലാണ് ഇത് ഒന്നുകൂടി ചർച്ച ചെയ്യണമെന്ന് ഞങ്ങൾ പറയുന്നത്. രണ്ടുമൂന്ന് ആൾട്ടർനേറ്റീവ്സ് പറഞ്ഞിട്ടുണ്ട്. യു.ഡി.എഫ്.-ന്റെ കാലത്ത് ഇത് കോ-ഓർഡിനേറ്റ് ചെയ്തിരുന്നത് വ്യവസായ വകുപ്പാണ്. ആ സമയത്ത് ഹൈ സ്പീഡ് റെയിൽവേയ്ക്കുവേണ്ടി നിരവധി ചർച്ചകളിൽ പങ്കെടുത്തത് എനിക്ക് ഓർമ്മയുണ്ട്. അന്ന് അത് പ്രായോഗികമാകുമോയെന്ന് സംശയിച്ചുകൊണ്ട് തന്നെയാണ്

മുന്നോട്ടുപോയത്. വാസ്തവത്തിൽ അന്ന് ഇത്രയും വലിയ വെള്ളപ്പൊക്കത്തിന്റെ അനുഭവം നമുക്കുണ്ടായിരുന്നില്ല. ഇതിന്റെ ഫീസിബിലിറ്റി അതുപോലെ നിലവിലുള്ള കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ എന്ത് സംഭവിക്കും എന്നുതുടങ്ങി അനവധി കാര്യങ്ങൾ ചർച്ച ചെയ്യാനുണ്ട്. വേറൊരു കാര്യമെന്ന് പറയുന്നത്, ആർക്കാണ് ഇത്ര സ്പീഡിൽ കോഴിക്കോടോ കാസർഗോഡോ എത്തേണ്ടതായിട്ടുള്ളത്? അതിനനുസരിച്ച് സംസ്ഥാനം മറ്റ് മേഖലകളിൽ വളരുന്നുണ്ടോ; ഇക്കോണമി വളരുന്നുണ്ടോ? അതും പ്രശ്നമാണ്. അത്തരമൊരു സാഹചര്യത്തിൽ രാവിലെതന്നെ ബാഗുംകൊണ്ട് ഇത്ര വേഗം എത്താൻ എത്രയാളുകളുണ്ടാകും? അതാണ് പ്രശ്നം. ടോക്കിയോയിൽനിന്നും പോകുന്ന ഹൈ സ്പീഡ് റെയിൽവേ അടുത്ത സ്റ്റേഷനിലെത്തുമ്പോൾ അവിടെ ആളുകൾക്ക് എത്തേണ്ടുന്നതായ അത്ര ഇൻഡസ്ട്രിയൽ ഡെവലപ്മെന്റും ബാക്കി കാര്യങ്ങളും സംഭവിച്ചിട്ടുണ്ട്. Economic activity ഉണ്ട്. നമ്മുടെ സംസ്ഥാനം ആ രീതിയിൽ വികസിച്ചിട്ടില്ലല്ലോ. ഈ ഒരു പശ്ചാത്തലത്തിൽ വളരെ കുറച്ച് യാത്രക്കാരുമായി പോകുന്ന ഈ സെമി ഹൈസ്പീഡ് പദ്ധതി മുഖേന സംസ്ഥാനത്തിന് വലിയ കടം വന്ന് ഭവിക്കുമോ എന്നതാണ് ഞങ്ങളുടെ സംശയം. ഞങ്ങൾ ഇതിനെ എതിർക്കുകയല്ല, ചർച്ച ചെയ്യാനാണ് പറയുന്നത്. നിലവിലുള്ള റെയിൽവെ പാതയിലൂടെ പോകുന്ന ചില കാര്യങ്ങളാണ് ആൾട്ടർനേറ്റീവായി പറഞ്ഞത്. അതിന് ചെലവ് കുറവാണ്. ഞങ്ങളുടെ കാലത്ത് ആലോചിച്ചിരുന്ന ഹൈ സ്പീഡ് റെയിൽവെ ഏതായാലും നടക്കില്ല, പത്തമ്പത് കോടി രൂപ പ്രോജക്ടിനുവേണ്ടി ചെലവഴിച്ചു, സെപ്പറേറ്റ് ഓഫീസ് ഉണ്ടാക്കി, കുറേക്കാലം അത് കൊണ്ടുനടന്നത് വെറുതെയായി. അത് നടക്കുകയില്ല. സെമി ഹൈസ്പീഡ് എന്നത് കുറച്ചുകൂടി ചെലവ് കുറഞ്ഞതാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ശരിയാണ്. പക്ഷെ അതും കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ നടക്കുമോയെന്നുള്ള ആശങ്കയുണ്ട്. അത് തള്ളിക്കളയാവുന്ന കാര്യമല്ല. അതുകൊണ്ട് മറ്റ് മാർഗ്ഗങ്ങളുണ്ടോയെന്ന് ചർച്ച ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്. ഗവൺമെന്റുമായി സംസാരിക്കാൻ ഞങ്ങൾ തയ്യാറാണ്, ഇവിടെ ഡോ. എം. കെ. മുനീർ അത് പറഞ്ഞതാണ്. ഒന്നുംവേണ്ട എന്നുള്ള അഭിപ്രായം ആർക്കുമില്ല. പുറകോട്ടല്ല, മുന്നോട്ടുതന്നെയാണ് പോകേണ്ടത്. പക്ഷെ മുന്നോട്ടുപോകുമ്പോൾ നമുക്കുണ്ടായിട്ടുള്ള അനുഭവത്തിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ കാണണം. കടം ഇങ്ങനെ കൂടുകയാണ്. ഇതിന്റെ കൂടെ പറയുകയല്ല, ഇവിടെ പ്ലസ് ടു ബാച്ചുകൾ അനുവദിക്കുന്ന കാര്യം പറഞ്ഞപ്പോൾ സാമ്പത്തികമാണ് പ്രശ്നം എന്നുപറഞ്ഞു, അത്യാവശ്യത്തിനുപോലും നമ്മുടെ

കയ്യിൽ കാശില്ല. അങ്ങനെ വരുമ്പോൾ ഇനിയും വലിയ ചെലവ് വരുത്തിവയ്ക്കുന്നത് അതിനനുസരിച്ച് സംസ്ഥാനത്തിന് ആവശ്യമുള്ളതാണെന്നുകൂടി ഉറപ്പു വരുത്തിയശേഷം വേണമെന്നാണ് പ്രതിപക്ഷത്തിന്റെ അഭിപ്രായം. ഹൈസ്പീഡിനെ അനുകൂലിക്കുന്ന അനവധിയാളുകൾ ഈ സ്റ്റാൻഡ് എടുക്കാമോയെന്നുള്ളത് സംബന്ധിച്ച് ഞങ്ങളോട് ആർഗ്യുമെന്റ്സ് നടത്തുന്നുണ്ട്. പക്ഷെ കൺവിൻസിംഗായിട്ടുള്ള ഒരു മറുപടിയിലെത്തിയതിനുശേഷമേ മേൽ നടപടികൾ സ്വീകരിക്കാവൂ എന്നുമാത്രമേ ഞങ്ങൾക്ക് അഭിപ്രായമുള്ളൂ. അത് ചർച്ച ചെയ്യണം. ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. മോൻസ് ജോസഫ്: സർ, ഡോ. എം. കെ. മുനീറിന്റെ നേതൃത്വത്തിൽ ഈ പദ്ധതിയെക്കുറിച്ച് കേരളമെമ്പാടും യു.ഡി.എഫ്. ഒരു ജനകീയാഭിപ്രായം തേടുന്നതിനുള്ള ശ്രമം നടത്തുകയുണ്ടായി. ഞാനും ആ സമിതിയിൽ അംഗമായിരുന്നു. പോയ സ്ഥലങ്ങളിലെല്ലാം ജനങ്ങളുടെ വലിയ ആശങ്കയും ആളുകളുടെ എതിർപ്പും വളരെ വ്യാപകമായ നിലയിൽ കാണാനിടയായി. അതുകൊണ്ടാണ് ഗവൺമെന്റ് ഈ വിഷയം തുറന്ന മനസ്സോടെ ചർച്ച ചെയ്യണമെന്ന നിലപാട് പ്രതിപക്ഷം സ്വീകരിച്ചത്. വിവിധ അനുഭവങ്ങൾ നമ്മുടെ മുമ്പിലുണ്ട്. അങ്കമാലിയിൽനിന്ന് തുടങ്ങുന്ന ശബരി റയിൽവേ വലിയ പ്രതീക്ഷയോടെ കേരളം കൊണ്ടുവന്ന പദ്ധതിയാണ്. ഇന്നത് ഒന്നുമല്ലാത്ത അവസ്ഥയിലാണ്. ഇവിടെ വച്ച ബദൽ നിർദ്ദേശം നിലവിലുള്ള റെയിൽവേ ലൈനിലൂടെ തന്നെയാണ്. കാസർഗോഡ് മുതൽ തിരൂർ വരെയുള്ള റെയിൽവേ ലൈനിലൂടെ തന്നെയാണ് ഗവൺമെന്റ് ഈ പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്. തിരുവനന്തപുരംവരെ ആ രീതിയിലാണ് വരാൻ കഴിയുന്നതെങ്കിൽ ഈ ആശങ്ക ഒഴിവാക്കാൻ കഴിയും. കേരളത്തിൽ റെയിൽവെയുടെ ഇത്തരം കാര്യങ്ങളുടെ അതോറിറ്റി ശ്രീ. ഇ. ശ്രീധരനാണ്. അദ്ദേഹം ഈ പദ്ധതി പ്രായോഗികമല്ലായെന്ന് അഭിപ്രായം പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമായി ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഇത്തരം വിഷയങ്ങൾ ഗവൺമെന്റ് ഗൗരവമായി പരിശോധിക്കേണ്ടതായിട്ടുണ്ട്. 1,25,000 കോടി രൂപ കട ബാദ്ധ്യതയുണ്ട്. ജനങ്ങൾക്ക് ആശങ്കയുള്ള പദ്ധതിയെന്ന നിലയിൽ ഗവൺമെന്റ് ഇത് ചർച്ച ചെയ്യേണ്ടതായിരുന്നു. ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി).

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഇത് സാമൂഹികവും പാരിസ്ഥിതികവും സാമ്പത്തികവുമായ വലിയ പ്രത്യാഘാതം കേരളത്തിൽ സൃഷ്ടിക്കുന്ന ഒന്നാണ്. അതുകൊണ്ടാണ് ഇതിന്റെ ആൾട്ടർനേറ്റീവ്സിനെക്കുറിച്ച് ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് പറഞ്ഞത്. ഡി.പി.ആർ. പുറത്തു വിടണമെന്നതിനെ സംബന്ധിച്ച്, വിശദമായ പാരിസ്ഥിതിക പഠനം ഇക്കാര്യത്തിൽ ആവശ്യമാണ്. ഇതിൽ വലിയ ആശങ്ക കേരളത്തിലെ ജനങ്ങൾക്കുണ്ട്. ഇതുമായി ബന്ധപ്പെട്ട ധാരാളം പാർട്ടികളെ ഞങ്ങൾ നേരിട്ട് കണ്ടതാണ്. ജനങ്ങളുടെയിടയിൽ കടുത്ത ആശങ്കയും പ്രതിഷേധവും ഇക്കാര്യത്തിലുണ്ട്. സർക്കാർ ഇതിൽ പാരിസ്ഥിതിക പഠനം വിശദമായി നടത്താതെ ഈ പദ്ധതിയുമായി മുന്നോട്ടുപോകരുതെന്ന് ശക്തമായി ആവശ്യപ്പെടുകയാണ്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

<u>ശ്രീമതി കെ. കെ. രമ</u>: സർ, കെ-റെയിലിന്റെ സെമി ഹൈസ്പീഡ് പദ്ധതി സർക്കാർ ഉപേക്ഷിക്കണമെന്നാണ് പറയാനുള്ളത്. കേരളത്തിൽ ചെറുന്യൂനപക്ഷങ്ങൾക്ക് മാത്രം പ്രയോജനം ലഭിക്കുന്ന ഒരു പദ്ധതിയാണിത്. വലിയ തുക മുടക്കി നാല് മണിക്കൂർകൊണ്ട് എത്രപേർക്ക് തിരുവനന്തപുരത്ത് എത്തണമെന്നുള്ളതാണ് സർക്കാർ പറയുന്നത്? അതുപോലെതന്നെ സർക്കാർ നഷ്ടപരിഹാരം കൊടുത്ത് ഇത് അവസാനിപ്പിക്കുമെന്നാണ് പറയുന്നത്. ഭൂമിയും വീടും നഷ്ടപ്പെടുന്ന പാവപ്പെട്ട ആളുകൾ എവിടേയ്ക്കാണ് പോകേണ്ടത്? അതുകൂടി സർക്കാർ പറയേണ്ടതാണ്. നഷ്ടപരിഹാരം കൊടുത്തുകൊണ്ട്, പണം കൊടുത്തുകൊണ്ട്, എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ കഴിയുന്ന സർക്കാരായി ഇടതുപക്ഷ സർക്കാർ മാറുന്നത് എങ്ങനെയാണെന്ന് മനസ്സിലാകുന്നില്ല. തീർച്ചയായും വലിയ ആശങ്കയുള്ളതാണ് ഈ പദ്ധതി. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭവിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ ഹാജരായി.)

## III ശ്രദ്ധ ക്ഷണിക്കൽ

(1) പ്ലാന്റേഷൻ കോർപ്പറേഷനിലെ തൊഴിലാളികൾക്ക് ആനുകൂല്യം

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, കേരളത്തിൽ തോട്ടം മേഖലയിൽ പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട പൊതുമേഖലാ സ്ഥാപനമാണ് പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്. എട്ട് ജില്ലകളിലായി 15000 ഹെക്ടറിൽ തോട്ടവിള കൃഷി ചെയ്തുവരുന്നു. റബ്ബർ, എണ്ണപ്പന, കശുമാവ് എന്നിവയാണ് പ്രധാനപ്പെട്ട കൃഷി. ഏകദേശം 6000 തൊഴിലാളികൾ ജോലി ചെയ്തുവരുന്നു. തോട്ടംമേഖല നേരിടുന്ന പ്രതിസന്ധി പ്ലാന്റേഷൻ കോർപ്പറേഷനെ സാരമായി ബാധിച്ചിട്ടുണ്ട്. പി.എൽ.സി.യിൽ കൂലി വർദ്ധനവിനെക്കുറിച്ച് ചർച്ച നടന്നുകൊണ്ടിരിക്കുമ്പോൾ പ്ലാന്റേഷൻ കോർപ്പറേഷൻ ഭരണസമിതി ട്രേഡ് യൂണിയൻ സംഘടനകളുമായി ചർച്ച നടത്തി 80 രൂപ ഇടക്കാലാശ്വാസം നൽകാൻ തീരുമാനിച്ചു. എന്നാൽ പി.എൽ.സി. എഗ്രിമെന്റ് വന്നതിനുശേഷവും പ്ലാന്റേഷൻ കോർപ്പറേഷനിൽ വർദ്ധിപ്പിച്ച തുക കൂലിയുടെ ഭാഗമായി മാറിയിട്ടില്ല. ഇതുകാരണം തൊഴിലാളികളുടെ മറ്റ് ആനുകൂല്യങ്ങളിലും വലിയ കുറവാണ് അനുഭവപ്പെടുന്നത്. 80 രൂപ കൂലിയുടെ ഭാഗമാക്കി മാറ്റാൻ ഉടനെ തീരുമാനം കൈക്കൊള്ളണം. തൊഴിലാളികളുടെ ബോണസിലും മറ്റ് ആനുകൂല്യങ്ങളിലും തർക്കം തുടരുകയാണ്. ട്രേഡ് യൂണിയൻ സംഘടനകളുമായി ചർച്ച നടത്തി ഈ പ്രശ്നങ്ങളിലെല്ലാം അഭിപ്രായ സമന്വയമുണ്ടാക്കണം. പ്ലാന്റേഷൻ ലേബർ ആക്ടിന് വിധേയമായ ചികിത്സാ ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് ലഭിക്കുന്നില്ല. ഈ പ്രശ്നത്തിൽ പരിഹാരമുണ്ടാകാതിരിക്കുന്നത് ഒരു തരത്തിലും ന്യായീകരിക്കാൻ കഴിയുന്നതല്ല. ലേബർ ലൈനുകളും ടോയ്‌ലെറ്റുകളും ഉപയോഗ യോഗ്യമാക്കുന്നതിനും നവീകരിക്കുന്നതിനും പദ്ധതി തയ്യാറാക്കണം. ഭവന രഹിതരായ തോട്ടം തൊഴിലാളികൾക്ക് വീട് ഉറപ്പുവരുത്തുന്നതിൽ പ്ലാന്റേഷൻ കോർപ്പറേഷൻ മാതൃക കാണിക്കണം. തോട്ടങ്ങളിൽ വന്യമൃഗശല്യം അതിരൂക്ഷമാണ്. കാലടി ഗ്രൂപ്പിൽ ഇതിനകം മൂന്ന് തൊഴിലാളികൾ മരണപ്പെട്ടു. 20000-ത്തിലധികം എണ്ണപ്പനകൾ നശിപ്പിച്ചു. വൻതോതിൽ റബ്ബർ മരങ്ങളും തകർത്തിട്ടുണ്ട്. പേരാമ്പ്ര എസ്റ്റേറ്റിൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ 18000-ത്തിൽപ്പരം റബ്ബർ മരങ്ങൾ നശിപ്പിച്ചിട്ടുണ്ട്. കാട്ടുപന്നി, മുള്ളൻപന്നി, കുരങ്ങ് തുടങ്ങിയ ക്ഷുദ്രജീവികളുടെ ആക്രമണത്താൽ കൃഷി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നില്ല. വന്യമൃഗശല്യം തടയാനും തൊഴിലാളികളുടെ ജീവനും തോട്ടത്തിന്റെ സംരക്ഷണവും ഉറപ്പുവരുത്താനും പ്ലാന്റേഷൻ കോർപ്പറേഷനും വനം വകുപ്പും സംയുക്തമായി പരിപാടികൾ ആവിഷ്കരിക്കണം. കോർപ്പറേഷൻ മാനേജ്മെന്റാണ് ഈ

കാര്യത്തിൽ മുൻകയ്യെടുക്കേണ്ടത്. പേരാമ്പ്ര എസ്റ്റേറ്റിൽ മാവോയിസ്റ്റുകളെന്ന് പറയപ്പെടുന്ന, ആയുധധാരികളായ അഞ്ച് പേർ പകൽ വെളിച്ചത്തിൽ തോട്ടത്തിലിറങ്ങി എസ്റ്റേറ്റ് മാനേജരുടെ ക്വാർട്ടേഴ്സിൽ ചെന്ന് അദ്ദേഹത്തെ ഭീഷണിപ്പെടുത്തി തൊഴിലാളികളിൽനിന്ന് പണം പിരിച്ചുനൽകാൻ ആവശ്യപ്പെട്ടു. പേരാമ്പ്ര ഏരിയ എസ്റ്റേറ്റ് ലേബർ യൂണിയൻ സി.ഐ.ടി.യു. ജനറൽ സെക്രട്ടറിയും ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമായ ശ്രീ. കെ. സുനിലിനെതിരെ അവർ ഭീഷണി മുഴക്കിയിരിക്കുകയാണ്. ഇത് പേരാമ്പ്ര എസ്റ്റേറ്റിലെ തൊഴിലാളികളിൽ വലിയ ഭീതി സൃഷ്ടിച്ചിരിക്കുകയാണ്. തോട്ടം മേഖലയിലെ പ്രതിസന്ധിക്ക് പരിഹാരമുണ്ടാക്കാൻ വിവിധ തലങ്ങളിൽ സംസ്ഥാന ഗവൺമെന്റ് സ്വാഗതാർഹമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. എന്നാൽ ഇതൊന്നും ബാധകമല്ലെന്ന നിലയിലാണ് പ്ലാന്റേഷൻ കോർപ്പറേഷനിൽ അവിടത്തെ മാനേജ്മെന്റ് നിലപാടുകൾ സ്വീകരിക്കുന്നത്. അവിടത്തെ മിസ്മാനേജ്മെന്റ് തോട്ടങ്ങളെ തകർക്കുകയാണ്. തൊഴിലാളി സംരക്ഷണത്തിലും തോട്ടംമേഖലയുടെ വളർച്ചയ്ക്കും പ്ലാന്റേഷൻ കോർപ്പറേഷന് കേരളത്തിൽ മാതൃകയാകാൻ കഴിയും. സ്ഥിതിഗതികളുടെ ഗൗരവം പരിഗണിച്ച് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയും കൃഷി വകുപ്പും അടിയന്തര ഇടപെടൽ നടത്തി പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണമെന്ന് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം റവന്യൂ - ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചിട്ടുള്ളത്. ആ അർത്ഥത്തിൽത്തന്നെ സർക്കാർ അതിനെ കാണുകയും ചെയ്യുന്നു. പ്ലാന്റേഷൻ കോർപ്പറേഷൻ തൊഴിലാളികളുടെ കൂലി, ചികിത്സ, ബോണസ്, ലേബർ ലൈനുകളുടെ നവീകരണം, വന്യമൃഗങ്ങളിൽനിന്നുള്ള സംരക്ഷണം തുടങ്ങിയ വിഷയങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിതന്നെ 20-9-2021-ൽ തൊഴിലാളി യൂണിയൻ പ്രതിനിധികളുമായി ഒരു യോഗം ചേരുകയും പ്ലാന്റേഷൻ കോർപ്പറേഷന്റെ അടിയന്തര പ്രാധാന്യമുള്ള വിഷയങ്ങൾ പരിഹരിക്കുന്നത് സംബന്ധിച്ച് പ്രായോഗിക നിർദ്ദേശങ്ങളുൾപ്പെടുത്തി ആക്ഷൻ പ്ലാൻ തയ്യാറാക്കി ഒരു മാസത്തിനുള്ളിൽ സമർപ്പിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ആയതിന്മേലുള്ള നടപടി പുരോഗമിച്ചുവരികയാണ്. അതുപോലെ പ്ലാന്റേഷൻ കോർപ്പറേഷൻ തൊഴിലാളികളുടെ കൂലി 16-2-2021 മുതൽ 52 രൂപ വരെ വർദ്ധിപ്പിച്ച് പ്ലാന്റേഷൻ ലേബർ സെറ്റിൽമെന്റ് പ്രകാരം ഉത്തരവായിട്ടുണ്ട്. 2018 ജൂലൈ മുതൽ നിലവിലുള്ള പ്രതിദിന വേതനത്തോടുകൂടി 80 രൂപ ഇടക്കാലാശ്വാസമായി അനുവദിച്ച് നൽകിവരുന്നുണ്ട്. കൂലി വർദ്ധനവ് സംബന്ധിച്ച

അറിയിപ്പ് കോർപ്പറേഷന് ലഭിക്കുന്നത് 2021-ൽ ഇലക്ഷൻ പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനുശേഷമാണ്. തുടർന്ന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 30/05/2021-ന് ബോർഡിലെ അനൗദ്യോഗികാംഗങ്ങൾ രാജിവച്ചു. നിലവിൽ ഭരണ സമിതിയില്ലാത്തതിനാലും ഈ വിഷയത്തിന്മേൽ നയപരമായ തീരുമാനം എടുക്കേണ്ടതിനാലും ബോർഡ് പുനഃസംഘടിപ്പിച്ചതിനുശേഷം ഇതിന്മേൽ തീരുമാനമെടുത്ത് ഉത്തരവ് പ്രാബല്യത്തിൽ വരുത്തി തൊഴിലാളികൾക്ക് പി.എൽ.സി. സെറ്റിൽമെന്റ് പ്രകാരമുള്ള പ്രതിദിന വേതന വർദ്ധനവ് നടപ്പിലാക്കുന്നതാണ്. ബോണസ് 2020 വർഷത്തെപ്പോലെതന്നെ 2021-ലും 20 ശതമാനം അനുവദിച്ചു. ട്രേഡ് യൂണിയനുകളുമായി ചർച്ച ചെയ്ത് കോർപ്പറേഷന്റെ ഇപ്പോഴത്തെ സാമ്പത്തികസ്ഥിതിയിലും ഇതിന്റെ 50 ശതമാനം വിതരണം ചെയ്തുകഴിഞ്ഞു. ശേഷിച്ച തുക വിതരണം ചെയ്യാനുണ്ട്. മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും കോർപ്പറേഷന് തിരികെ ലഭിക്കാനുള്ള തുക ലഭ്യമായാൽ കോർപ്പറേഷന്റെ പ്രവർത്തനം കുറച്ചുകൂടി സുഗമമാക്കാൻ കഴിയും. ബോണസ് ഇനത്തിൽ ഇനിയും നൽകാനുള്ള 50 ശതമാനം തുക 2021 ഡിസംബർ മാസത്തിനുള്ളിൽ വിതരണം ചെയ്യുന്നതാണ്. സാമ്പത്തിക പ്രതിസന്ധിമൂലം 1-4-2020 മുതൽ കോർപ്പറേഷനിൽ ആർക്കുംതന്നെ ചികിത്സാ ധനസഹായം അനുവദിച്ചിട്ടില്ല. ചികിത്സാ ധനസഹായ ബില്ലുകൾ പി.സി.കെ.എൽ.-ന്റെ എസ്റ്റേറ്റ് തലത്തിലും ഹെഡ് ഓഫീസിലും പരിശോധന പൂർത്തീകരിച്ചിട്ടുണ്ട്. ആവശ്യമായ തുക കണ്ടെത്തി നവംബർ മുതൽ അഞ്ച് മാസങ്ങളിലായി കുടിശ്ശികയുള്ള ചികിത്സാ ധനസഹായം വിതരണം ചെയ്യുന്നതാണ്. അത്യാവശ്യവും ഒഴിച്ചുകൂടാൻ കഴിയാത്തതുമായ സന്ദർഭങ്ങളിൽ ഭാഗികമായി മെഡിക്കൽ അഡ്വാൻസ് അനുവദിച്ചു നൽകുന്നുണ്ട്. പ്ലാന്റേഷൻ കോർപ്പറേഷന്റെ സാമ്പത്തിക പ്രതിസന്ധികാരണം ലേബർ ലൈനുകൾ യഥാസമയം നവീകരിക്കാൻ കഴിയുന്നില്ല. എന്നാൽ ചെറിയ അറ്റകുറ്റപ്പണികൾ ചെയ്തുനൽകുന്നുണ്ട്. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതിനനുസരിച്ച് ലേബർ ലൈനുകൾ നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. വനാതിർത്തി പങ്കുവയ്ക്കുന്നതിനാൽ കോർപ്പറേഷൻ എസ്റ്റേറ്റുകളിൽ എല്ലായ്പ്പോഴും വന്യമൃഗങ്ങളുടെ ശല്യമുണ്ടാകാറുണ്ട്. ഇതിലൂടെ വിളനാശവും ഒപ്പം തൊഴിലാളികൾക്ക് അപകടവുമുണ്ടായിട്ടുണ്ട്. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോർപ്പറേഷന് നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ചെയ്യാൻ കഴിയുന്ന പരമാവധി കാര്യങ്ങളായ വൈദ്യുത വേലിയുടെ അറ്റകുറ്റപ്പണികൾ, തൊഴിലാളികളെ നിയോഗിച്ചുള്ള കാവൽ എന്നിവ ഏർപ്പെടുത്തുന്നുണ്ടെങ്കിലും അത് പൂർണ്ണമായും ഫലപ്രദമാകുന്നില്ല. 6 കി.മീറ്റർ വൈദ്യുതവേലിയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. വനംവകുപ്പിന്റെ ക്രിയാത്മക സഹകരണത്തോടുകൂടി വന്യമൃഗശല്യം സംബന്ധിച്ച

വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. സംസ്ഥാനത്തിന്റെ വളർച്ചയ്ക്ക് ഏറ്റവും വലിയ പങ്ക് വഹിക്കാനുള്ളത് ജീവനക്കാരും തൊഴിലാളികളുമാണ്. തൊഴിലാളികൾ തോട്ടവിളയിൽനിന്നും ഉയർന്ന ഉൽപ്പാദനക്ഷമത കൈവരിക്കേണ്ടതുണ്ട്. സംസ്ഥാനത്തിന്റെ വൈവിദ്ധ്യവൽക്കരണം വലിയ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. അതോടൊപ്പം അവർക്ക് നല്ല തൊഴിലും നല്ല കൂലിയും നല്ല ആനുകൂല്യങ്ങളും ജീവിത സാഹചര്യങ്ങളും നൽകണമെന്ന് തന്നെയാണ് സർക്കാരിന്റെ നയം. പ്ലാന്റേഷൻ കോർപ്പറേഷന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ഇവ എപ്രകാരം നടപ്പിലാക്കാൻ കഴിയുമെന്ന് പരിശോധിച്ചുവരികയാണ്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നങ്ങൾ വളരെ ഗൗരവതരവും തൊഴിലാളികളെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ടതായി നിൽക്കുന്ന കാര്യങ്ങളുമാണ്. എൻഡോസൾഫാൻ റീഹാബിലിറ്റേഷൻ ഫണ്ടിലേയ്ക്ക് രണ്ട് തവണയായി സർക്കാർ തന്നെ നിശ്ചയിച്ചതനുസരിച്ച് 53 കോടി രൂപ പ്ലാന്റേഷൻ കോർപ്പറേഷൻ ഇതിനകം നൽകിയിട്ടുണ്ട്. ആ തുക കീടനാശിനി ഉൽപ്പാദകരായ കമ്പനികളിൽനിന്ന് തിരിച്ചുപിടിക്കാൻ കേന്ദ്ര ഗവൺമെന്റുമായി ചർച്ച ചെയ്യുകയും ഇപ്പോൾ ഫലപ്രദമായ തരത്തിൽ കേസ്സുകൾ മുന്നോട്ടുകൊണ്ടുപോകുകയും ചെയ്യുന്നുണ്ട്. ഇക്കാര്യങ്ങൾകൂടി പരിശോധിച്ചതിനുശേഷം അങ്ങ് ഇവിടെ ആവശ്യപ്പെട്ടതുപോലെ പുതിയ ബോർഡുകൂടി നിലവിൽ വരുന്നതിനനുസരിച്ച് തൊഴിലാളികൾക്ക് ഏറ്റവും അനുകൂലമായ തരത്തിലുള്ള കാര്യങ്ങൾ ആലോചിച്ച് നമുക്ക് തീരുമാനിക്കാവുന്നതാണ്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, തൊഴിലാളികളുടെ ജീവിതാന്തരീക്ഷം വളരെ മോശമാണ്. ആറായിരത്തോളം തൊഴിലാളികൾ ജോലി ചെയ്യുന്ന ഈ പൊതുമേഖലാ സ്ഥാപനത്തിലെ തൊഴിലാളികൾക്ക് അസംതൃപ്തി വളർന്നുവരുന്നതിന് ഇടവരുത്തുന്ന ഒരു നടപടിയും സ്വീകരിക്കാൻ പാടില്ല. പ്രശ്നങ്ങളുടെ ഗൗരവം മനസ്സിലാക്കി തൊഴിലാളികളെ ബോദ്ധ്യപ്പെടുത്തി ഭാവി നടപടികൾ സ്വീകരിക്കാൻ കഴിയണം. കോർപ്പറേഷന്റെ എല്ലാ തലങ്ങളിലുമുള്ള വളർച്ചയ്ക്ക് തൊഴിലാളികളുടെ പിന്തുണ ഉറപ്പിച്ചെടുക്കാൻ കഴിയും. ഈ ആവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി പ്ലാന്റേഷൻ കോർപ്പറേഷനിലെ ട്രേഡ് യൂണിയൻ സംഘടനകളുമായി ചർച്ച നടത്തി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള സമയപരിധി നിശ്ചയിക്കുന്നതിന് സർക്കാർ മുൻകയ്യെടുക്കുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. കെ. രാജൻ: സർ, അങ്ങിപ്പോൾ ഉന്നയിച്ച കാര്യം വളരെ പ്രസക്തമാണെന്ന് ഞാൻ നേരത്തെ സൂചിപ്പിച്ചു. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന 20-9-2021-ലെ യോഗത്തിന്റെ ധാരണയനുസരിച്ച് നിലവിലുള്ള ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ സമഗ്രമായ ഒരു പ്ലാൻ തയ്യാറാക്കി സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. പത്ത് ദിവസമെന്ന്

തീരുമാനിച്ചെങ്കിലും യഥാർത്ഥത്തിൽ ഒരു മാസക്കാലത്തെ സമയമാണ് സർക്കാർ ആലോചിക്കുന്നത്. ഒരു മാസക്കാലത്തിനുള്ളിൽ ആ റിപ്പോർട്ട് വാങ്ങിയതിനുശേഷം അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ റിപ്പോർട്ടിന്റെകൂടി അടിസ്ഥാനത്തിൽ ട്രേഡ് യൂണിയൻ പ്രതിനിധികളുമായി വിശദമായ ഒരു യോഗം നടത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അങ്ങനെയൊരു യോഗം നടത്തുകയും ചെയ്യാം. തീർച്ചയായും പ്ലാന്റേഷൻ തൊഴിലാളികളുടെ മാനസികമായുള്ള പ്രശ്നംകൂടി തൊഴിലിനെ ബാധിക്കുന്നുവെന്ന അങ്ങയുടെ അഭിപ്രായം വളരെ ശരിയാണ്. അതുകൊണ്ട് അക്കാര്യംകൂടി പരിശോധിച്ച് തൊഴിലാളികൾക്ക് അനുകൂലമായ തരത്തിൽ യോഗം ചേരാൻ കഴിയും. റിപ്പോർട്ട് ലഭ്യമായ ഉടനെ തൊഴിലാളികളുടെ ഒരു യോഗം ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിതന്നെ വിളിച്ചുചേർക്കുമെന്ന് അങ്ങേയ്ക്ക് ഉറപ്പുനൽകുകയാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ

ശ്രീ. എം. രാജഗോപാലൻ)

(2) <u>പെട്രോളിയം ഉത്പന്നങ്ങളുടെ അമിത വില</u>

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, നമ്മുടെ സംസ്ഥാനത്തെ ജനങ്ങളെയാകമാനം ഒരുപോലെ വിഷമിപ്പിക്കുന്ന ഇന്ധനവില വർദ്ധനവാണ് ഞാൻ ഇവിടെ ശ്രദ്ധക്ഷണിക്കലിന്റെ വിഷയമായി അവതരിപ്പിക്കുന്നത്. ഇന്നത്തെ മനോരമ ചാനലിലെ ജനജീവിതം പോയിന്റ് ബ്ലാങ്കിൽ അതാണ് പ്രമുഖമായി പറയുന്നത്. ഒരു മാധ്യമം മാത്രമല്ല, കേരളത്തിലെ എല്ലാ വർത്തമാന പത്രങ്ങളും മാധ്യമങ്ങളും അമിതമായ ഇന്ധനവില വർദ്ധനവിൽ ജനങ്ങൾ നട്ടം തിരിഞ്ഞ് നിൽക്കുന്നുവെന്നുള്ള നിഗമനത്തിലാണ്. ഇന്ധനവില ഓരോ ദിവസവും കൂടിക്കൊണ്ടിരിക്കുകയാണ്. ഒരു കട്ട് ഓഫ് ഡേറ്റായി 30-9-2021-ലെ കണക്ക് ഞാൻ പറയാം. ഒരു ലിറ്റർ പെട്രോളിന്റെ ബേസിക് പ്രൈസ് 41.55 രൂപയാണ്. എക്സൈസ് ഡ്യൂട്ടി പെർ ലിറ്ററിന് 32.9 രൂപയും ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് 20 പൈസയുമാണ്. അതിനുശേഷം കേരള സംസ്ഥാനം ഏർപ്പെടുത്തുന്നത് സെയിൽസ് ടാക്സാണ്. അത് 30.08 ശതമാനമാണ് അതായത് 22.45 രൂപ. അഡീഷണൽ സെയിൽസ് ടാക്സ് ഒരു രൂപ. അങ്ങനെ മൊത്തം കൂട്ടുമ്പോൾ 23 രൂപയാണ്. അതിനുപുറമേ ചെറിയൊരു തുക സെസ്സായിട്ടുമുണ്ട്. എല്ലാംകൂടി വരുമ്പോൾ ജനങ്ങൾക്ക് കൊടുക്കേണ്ടിവരുന്നത് ഒരു ലിറ്റർ പെട്രോളിന് 101 രൂപയാണ്. ബേസിക് പ്രൈസ് 41.55 രൂപ വിലയുള്ള ഒരു സാധനം നമ്മുടെ വണ്ടിക്കകത്ത് ഒഴിച്ചുകഴിയുമ്പോൾ നമ്മൾ കൊടുക്കേണ്ടിവരുന്നത് 101.82 രൂപയാണ്. സെയിൽസ് ടാക്സും അഡീഷണൽ സെയിൽസ് ടാക്സും സെസ്സുമുൾപ്പെടെയുള്ള സംസ്ഥാന നികുതിയാണ് 23.47 രൂപ. ഒരു ലിറ്റർ പെട്രോളിന്റെ ആകെ നികുതി 56.37 രൂപയായി നിൽക്കുകയാണ്. ഈ വലിയ

അന്തരമാണ് ഇവിടത്തെ പ്രധാനപ്പെട്ട പ്രശ്നം. സ്വർണ്ണത്തിന് 3 ശതമാനവും പെട്രോളിന് 56 ശതമാനവുമാണ് നികുതി. സാധാരണക്കാരായ ആളുകൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന പെട്രോളിയം ഉത്പന്നങ്ങൾ - അത് ഡീസലാകാം, പെട്രോളാകാം, പാചകവാതകമാകാം, ഏത് രൂപത്തിലുമാകട്ടെ, നമ്മുടെ സംസ്ഥാനത്തിലെ ഒരു കുടുംബത്തിലെങ്കിലും ഇതിന്റെ ആഘാതം ഏൽക്കാതിരിക്കുന്നില്ലെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ഇപ്പോൾ ഞാൻ പെട്രോളിന്റെ കണക്കാണ് പറഞ്ഞത്. ഇനി ഡീസലിന്റെ വില കണക്കാക്കുകയാണെങ്കിൽ ബേസിക് പ്രൈസ് 42.41 രൂപയാണ്. എക്സൈസ് ഡ്യൂട്ടി 31.8 രൂപയും ട്രാൻസ്പോർട്ടേഷൻ ചെലവ് 0.20 പൈസയുമാണ്. സെയിൽസ് ടാക്സ് 22.76 രൂപയും അഡീഷണൽ സെയിൽസ് ടാക്സ് ഒരു രൂപയും എല്ലാംകൂടി കൂട്ടുമ്പോൾ ഒരു ലിറ്റർ ഡീസൽ നമ്മൾ അടിക്കുന്നതിന് 30-9-2021-ൽ 94.77 രൂപ വരുകയാണ്. ഇവിടെ രണ്ടാമത്തെ പ്രശ്നമെന്നുപറയുന്നത് എക്സൈസ് ഡ്യൂട്ടിക്ക് മുകളിലും നമ്മൾ ടാക്സ് ഏർപ്പെടുത്തുന്നുവെന്നതാണ്. നികുതിക്കുപുറത്ത് നികുതി ഏർപ്പെടുത്താൻ പറ്റുമോ? അത് സാമാന്യ നീതിക്കുതന്നെ എതിരല്ലേ? ഒരു നികുതി ഏർപ്പാടാക്കുന്നു എന്നിട്ട് അതുകൂടി കാൽക്കുലേറ്റ് ചെയ്തിട്ട് അതിന് പുറത്ത് സംസ്ഥാന നികുതി ഏർപ്പെടുത്തുന്നു. ഒരു സാധനത്തിന് ഇരട്ട നികുതി പറ്റുമോ? ആ ഇരട്ട നികുതി പെട്രോളിന്റെ കാര്യത്തിലും ഡീസലിന്റെ കാര്യത്തിലും ഇപ്പോൾ ഏർപ്പെടുത്തുന്നുണ്ട്. അതുകൊണ്ട് അമിതമായ വില സംസ്ഥാനത്തെ ജനങ്ങൾ കൊടുക്കേണ്ടി വരികയാണ്. എല്ലാംകൂടി വരുമ്പോൾ 52 ശതമാനം ഡീസലിന് മാത്രമായി നികുതി ഇനത്തിൽനിന്ന് ഗവൺമെന്റ് ഈടാക്കുകയാണ്. 2021 ഫെബ്രുവരി മാസത്തിൽ പാചകവാതക സിലിണ്ടറിന് 726 രൂപയാണുണ്ടായിരുന്നത്. 180 രൂപ വർദ്ധിപ്പിച്ച് ഇപ്പോൾ 906 രൂപയായി മാറി. ഈ വർഷം മാത്രം പാചകവാതക സിലിണ്ടറിന് വർദ്ധിച്ചത് 206 രൂപയാണ്. അതാണ് വീട്ടമ്മമാർക്ക് കിട്ടിയിട്ടുള്ള അടി. ഞങ്ങൾ ഇത് പറയുമ്പോൾ സ്വാഭാവികമായും കേന്ദ്ര ഗവൺമെന്റ്, ശ്രീ. നരേന്ദ്ര മോദി അവരെയും ഇവരെയും സഹായിച്ചുവെന്ന് പറയും. വാചകംപോലും ശ്രദ്ധിച്ച് പറഞ്ഞില്ലെങ്കിൽ, ആ വാചക ഘടനയ്ക്കകത്ത് എന്തെങ്കിലും ഒരു വ്യത്യാസം വന്നാൽ ഇത് ബി.ജെ.പി.യെ സഹായിക്കാനാണ് എന്നൊരു വാദഗതി ദയവായി കൊണ്ടുവരരുത്. ഇത് ജനങ്ങളെ സഹായിക്കുന്നതിന് വേണ്ടിയാണ് പറയുന്നത്. കേരളത്തിലെ ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഈ വിഷമത്തിൽനിന്ന് അവരെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള ഒരു നടപടിയാണ്. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ 2014-ൽ ഒരു ലിറ്റർ ഡീസലിന് 9.48 രൂപയായിരുന്ന എക്സൈസ് ഡ്യൂട്ടിയാണ് ഇപ്പോൾ ലിറ്ററിന് 31.8 രൂപയായി വർദ്ധിപ്പിച്ചിരിക്കുന്നത്. ഇതാണ് നമ്മുടെ നാട്ടിലെ സാധനങ്ങളുടെ വില വർദ്ധനവിന്റെ രൂപം. ബാഹ്യസമ്മർദ്ദമില്ലെങ്കിൽ നമ്മുടെ സംസ്ഥാനത്തെ ജനങ്ങൾ അനുഭവിക്കുന്ന വിഷമത്തിൽനിന്ന് മാറുന്നതിനുവേണ്ടി എല്ലാ കക്ഷികളും ഇത് ജി.എസ്.ടി.യിൽ ഉൾപ്പെടുത്തണമെന്ന് ഒരുപോലെ ആവശ്യപ്പെട്ടേയ്ക്കുമെന്നാണ് എന്റെ വിശ്വാസം. ജി.എസ്.ടി.യിൽ ഉൾപ്പെടുത്തണമെന്ന് ഒരു കാലത്ത് അങ്ങയുടെ

പാർട്ടിയും പറഞ്ഞിരുന്നു. ഇന്ന് പറയുന്നില്ലായെന്ന് എനിക്കറിയാം. പക്ഷെ ജി.എസ്.ടി.യിൽ വന്നാൽ മാക്സിമം ടാക്സ് വരുന്നത് 28 ശതമാനമാണ്. അതിനപ്പുറത്തേയ്ക്ക് പോകാൻ പറ്റില്ല. അതേസമയം ഇപ്പോൾ 55 ശതമാനം വരെ വരികയാണ്. അതിൽനിന്ന് കുറച്ചുകൊണ്ടുവന്ന് അതിന്റെ ഗുണം ഈ നാട്ടിലെ പാവപ്പെട്ട ജനങ്ങൾക്ക് നൽകുന്നതിനുവേണ്ട നടപടിയുണ്ടാകണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. കഴിഞ്ഞ പ്രാവശ്യം കോടതിയുടെ നിഗമനത്തിന്റെ അടിസ്ഥാനത്തിൽ ജി.എസ്.ടി.യിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടിയെക്കുറിച്ച് ആലോചിക്കണമെന്നുള്ള ഒരു ഒബ്സർവേഷനുണ്ടായിരുന്നു. കേരളമടക്കം കഴിഞ്ഞ ജി.എസ്.ടി. കൗൺസിലിൽ പങ്കെടുത്തു. അതിൽ പോസിറ്റീവായ തീരുമാനമുണ്ടാകുമെന്ന് നമ്മൾ പ്രതീക്ഷിച്ചു. പക്ഷെ നെഗറ്റീവായിയെന്ന് മാത്രമല്ല മറ്റ് സംസ്ഥാനങ്ങളെക്കൂടി ജി.എസ്.ടി.-ക്ക് എതിരായി നമ്മൾ ചെറുതായി സംഘടിപ്പിച്ചു. നമ്മളായിരുന്നു അതിന്റെ കോ-ഓർഡിനേഷൻ. അതിൽ നമ്മൾ നന്നായി വിജയിച്ചു. അങ്ങ് ചെയ്ത പ്രവർത്തിയെ ഞാൻ അഭിനന്ദിക്കുകയാണ്. പക്ഷെ ആ അഭിനന്ദനം കേരളത്തിന് ഗുണകരമല്ലായെന്ന് എനിക്കറിയാം. വില കുറയ്ക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടേയില്ല. കേരളത്തിന്റെ പഴയ പശ്ചാത്തലത്തെക്കുറിച്ച് ഞാൻ ഓർമ്മിപ്പിക്കുന്നില്ല. പൊളിറ്റിക്സ് ആണെന്ന് അങ്ങ് തെറ്റിദ്ധരിച്ചാലോ; ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന യു.ഡി.എഫ്. ഭരണകാലത്ത് ഇതുപോലൊരു സാഹചര്യം വന്നപ്പോൾ വില കുറയ്ക്കണം, കേരളത്തിന് ലഭിക്കുന്ന ടാക്സ് ഒഴിവാക്കണമെന്ന് പറഞ്ഞ് ഏറ്റവും കൂടുതൽ സമരം നടത്തിയത് അങ്ങയുടെ പാർട്ടിയാണ്. ആ കാര്യത്തിൽ അങ്ങ് വളരെ വിജയകരമായി നിന്നു. നിങ്ങളുടെ വാദഗതികളോട് ഞങ്ങൾ യോജിക്കുകയും ഞങ്ങൾക്ക് ലഭിക്കുന്ന അഡീഷണൽ ടാക്സ് വേണ്ടെന്ന് തീരുമാനിക്കുകയും ചെയ്തു. അതിന്റെ ആശ്വാസം കേരളത്തിലെ ജനങ്ങൾക്കുണ്ടായി. ഇത് നടപ്പാക്കണമെന്നാണ് അന്ന് നിങ്ങൾ വാദിച്ചത്. കേരളത്തിന് ലഭിക്കുന്ന അഡീഷണൽ ടാക്സ് ഒഴിവാക്കുന്നതിന് വിജയകരമായി സമരം ചെയ്ത നിങ്ങൾ വീണ്ടും ഭരണത്തിൽ വരുമ്പോൾ ആ തീരുമാനത്തിൽ നിൽക്കണ്ടേ; ആ തീരുമാനത്തിൽനിന്ന് പുറകോട്ട് പോകുന്നത് ഒട്ടും ശരിയല്ലെന്ന് ഓർമ്മിപ്പിക്കുകയാണ്. ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. അമിതമായ വിലവർദ്ധനവിൽനിന്ന് കേരളത്തെ രക്ഷിക്കുന്നതിനുള്ള നടപടിയുണ്ടാകണം. അതുമായി ബന്ധപ്പെട്ട് അങ്ങ് നിയമസഭയിൽ നൽകിയ ചോദ്യത്തിനുള്ള ഉത്തരങ്ങൾ എന്റെ കൈവശമുണ്ട്. അങ്ങയുടെ കയ്യിലും ആ മറുപടിയുണ്ടാകുമെന്ന് എനിക്കറിയാം. അതിനെക്കുറിച്ച് ഞാൻ പറയുന്നില്ല. സമയത്തിന്റെ പരിമിതി ഇതിനെ ബാധിക്കരുത്. ഇതിന് കൃത്യമായ തീരുമാനമുണ്ടാകണം. അഡീഷണൽ ടാക്സിൽനിന്ന് കേരള ജനതയെ രക്ഷിക്കുന്നതിനുള്ള നടപടിയെടുക്കണം. പൂർവ്വകാല പ്രാബല്യത്തിൽ പഴയ കാര്യങ്ങളെക്കുറിച്ച് ഓർക്കാൻ കഴിയണം. അതിന്റെയെല്ലാം അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ഗവൺമെന്റ് പ്രത്യേകിച്ച് അങ്ങ് മാതൃകാപരമായ തീരുമാനം എടുക്കണമെന്ന അഭ്യർത്ഥനയാണുള്ളത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ശ്രദ്ധക്ഷണിക്കലിന് ചുരുക്കി മറുപടി പറയുന്നതായിരിക്കും നല്ലതെന്ന് തോന്നുന്നു. പെട്രോളിയം ഉല്പന്നങ്ങളുടെയും പാചക വാതകത്തിന്റെയും വില നിയന്ത്രിക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിനില്ല. 2010-ൽ ശ്രീ. മൻമോഹൻ സിംഗ് പ്രധാനമന്ത്രിയായിരുന്ന കാലത്താണ് പെട്രോൾ വിലനിർണ്ണയാവകാശം കമ്പോളത്തിന് വിട്ടുകൊടുത്തത്. 2014-ൽ ശ്രീ. നരേന്ദ്ര മോദി അധികാരത്തിൽ വന്നപ്പോൾ എണ്ണക്കമ്പനികൾക്ക് ഡീസലിന്റെ വിലനിർണ്ണയാവകാശം വിട്ടുകൊടുത്തു. ഗ്യാസിന്റെ സബ്സിഡി 2013 ജൂൺ 1 മുതൽ ഘട്ടംഘട്ടമായി ഡയറക്ട് ബെനിഫിറ്റ് സ്കീമിലാക്കി. എന്നാൽ ഇപ്പോൾ ഗ്യാസിന് സബ്സിഡി നൽകാത്ത സ്ഥിതിയാണുള്ളത്. ഫലത്തിൽ ഗ്യാസിന്റെ വിലനിർണ്ണയം പൂർണ്ണമായും കമ്പോള നിയന്ത്രണത്തിലാകുകയും കേന്ദ്ര ഗവൺമെന്റ് നേരിട്ട് നിശ്ചയിക്കുന്ന വിധത്തിലാകുകയും ചെയ്തു. പെട്രോളിന്റെയും ഡീസലിന്റെയും വില നിർണ്ണയാവകാശം കമ്പോളത്തിന് വിട്ടുകൊടുത്തതാണ് വിലവർദ്ധനവിന്റെ യഥാർത്ഥ കാരണം. എന്നാൽ കമ്പോളവിലയിലെ നിലയനുസരിച്ചല്ല ഇപ്പോൾ വില നിർണ്ണയിക്കുന്നത്. പകരം കമ്പോളവിലയിലും വളരെ ഉയർന്ന നിരക്കിൽ സെസ് വർദ്ധിപ്പിച്ച് ഈടാക്കുന്ന നയമാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികുതി 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം പെട്രോളിന് 31.80 ശതമാനവും ഡീസലിന് 24.52 ശതമാനവുമായിരുന്നു. എന്നാൽ 2018-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികുതി യഥാക്രമം 30.8 ശതമാനമായും 22.76 ശതമാനമായും കുറച്ചിട്ടുണ്ട്. അതിനുശേഷം ആ നികുതി ശതമാനം കൂട്ടിയിട്ടില്ല. യു.ഡി.എഫ്. സർക്കാർ ഭരണത്തിലിരുന്നപ്പോൾ ഉണ്ടായിരുന്നതിനെക്കാളും നികുതിയുടെ ശതമാനം കുറച്ചത് എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോഴാണ്. പിന്നീട് മാറ്റം വരുത്തിയിട്ടില്ല. 2014 മേയ് മാസത്തിൽ ഓരോ ലിറ്റർ പെട്രോളിന്മേലും ഡീസലിന്മേലും യഥാക്രമം 9.47 രൂപയും 3.56 രൂപയുമാണ് എക്സൈസ് തീരുവയുണ്ടായിരുന്നത്. അഡീഷണൽ എക്സൈസ് തീരുവ അഗ്രികൾച്ചറൽ സെസ് എല്ലാമുൾപ്പെടെയാണ് അന്ന് വാങ്ങിച്ചിരുന്നത്. എന്നാൽ നിലവിൽ അവ യഥാക്രമം 32.9 രൂപയും 31.8 രൂപയുമാണ്. രണ്ട് ദിവസത്തിനുമുമ്പുള്ള കണക്കാണ് ഞാൻ പറയുന്നത്. ഓരോ ദിവസവും ഇത് കൂടിക്കൊണ്ടിരിക്കുകയാണ്. എക്സൈസിന്റെ സ്പെഷ്യൽ സെസുകളെല്ലാംകൂടി ചേർത്ത് ഇപ്പോൾ ഒരു ലിറ്ററിന് 32.9 രൂപയും 31.8 രൂപയുമാണ് കേന്ദ്ര ഗവൺമെന്റ് ചുമത്തിയിരിക്കുന്നത്. ഞാൻ നേരത്തെ പറഞ്ഞ കണക്കനുസരിച്ച് 2014-ൽനിന്നും 247.41 ശതമാനമാണ് പെട്രോളിന്റെമേലുള്ള വർദ്ധനവ്. 792 ശതമാനമാണ് ഒരു ലിറ്റർ ഡീസലിന്റെ മുകളിലുള്ള അല്ലെങ്കിൽ കേന്ദ്രഗവൺമെന്റിന്റെ സെസിന്റെ വർദ്ധനവ്. കമ്പോളത്തിൽ ക്രൂഡോയിൽ വില കുറയുന്ന അവസരങ്ങളിൽ കേന്ദ്രം ചുമത്തുന്ന അധിക തീരുവകളിൽ

ആനുപാതികമായി വർദ്ധനവ് വരുത്തി. അന്താരാഷ്ട്ര നിലവാരത്തിൽ വില കുറയുമ്പോൾ സെസ് വർദ്ധിപ്പിച്ച് വില കുറവിന്റെ ഗുണം ജനങ്ങൾക്ക് ലഭിക്കാത്ത നയമാണ് ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇതുകൊണ്ടാണ് വില വർദ്ധനവുണ്ടാകുന്നത്. മേൽപ്പറഞ്ഞ അധിക തീരുവ സെസ്സുകളിൽനിന്നുള്ള വരുമാനം കേന്ദ്രത്തിന് മാത്രമുള്ളതാണ്. സംസ്ഥാനങ്ങൾക്കുള്ള divisible pool of taxes തരുന്നതല്ല. ആയത് സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടതില്ലാത്തതുമാണ്. അതിനാൽ പെട്രോൾ-ഡീസൽ വില കുറയണമെങ്കിൽ കേന്ദ്രം ചുമത്തുന്ന അധിക തീരുവകൾ ഒഴിവാക്കുകയാണ് വേണ്ടത്. നിലവിൽ പെട്രോളിനും ഡീസലിനും സംസ്ഥാന വിൽപ്പന നികുതി നിയമം 1963 പ്രകാരമാണ് നികുതി ഈടാക്കുന്നത്. ചരക്കുസേവന നികുതി നിയമത്തിന്റെ കീഴിൽ പുറപ്പെടുവിച്ച വിജ്ഞാപനപ്രകാരം ചുമത്താവുന്ന പരമാവധി നികുതി നിരക്ക് 28 ശതമാനമാണ്. അങ്ങ് പറഞ്ഞത് ശരിയാണ്. സംസ്ഥാന വിഹിതമായി ഇതിന്റെ പകുതിയാണ് നമുക്ക് ലഭിക്കുന്നത്. 14 ശതമാനം മാത്രമേ നമുക്ക് ലഭിക്കുകയുള്ളു. സംസ്ഥാനങ്ങൾക്ക് ദീർഘകാലമായി ലഭിക്കുന്ന വരുമാനത്തിൽ വലിയ നഷ്ടമുണ്ടാകുന്നതിന് ഇത് കാരണമാകും. 2017 ആഗസ്റ്റ് 1-ന് 524 രൂപയായിരുന്നു വീടുകളിൽ ലഭിച്ചിരുന്ന ഒരു ഗ്യാസ് സിലിണ്ടറിന്റെ വില. എന്നാൽ ഇപ്പോഴത് 910 രൂപയാണ്. പക്ഷേ വീടുകളിൽ ലഭിക്കുമ്പോൾ 970/980 രൂപയാകുന്നു. ഗാർഹിക ഉപയോഗത്തിനുള്ള എൽ.പി.ജി.-ക്ക് ജി.എസ്.ടി.യിൽ അഞ്ച് ശതമാനം നികുതിയേയുള്ളൂ. വലിയ വിലയാണ് നമ്മൾ കൊടുക്കേണ്ടിവരുന്നത്. കുറഞ്ഞ ജി.എസ്.ടി. നിരക്കായിട്ടും ഗ്യാസ് വില കുത്തനെ എങ്ങനെയാണ് വർദ്ധിക്കുന്നത്? കേന്ദ്ര ഗവൺമെന്റിന്റെ ഇഷ്ടംപോലെയാണ് വില വർദ്ധിപ്പിക്കുന്നത്. അതിനാൽ ജി.എസ്.ടി.-യിലുൾപ്പെടുത്തിയാൽ വില കുറയുമെന്ന് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം.എൽ.എ. പറഞ്ഞ അഭിപ്രായത്തിനോട് എനിക്ക് യോജിപ്പില്ല. കാരണം ഇപ്പോൾ ഒരു ഗ്യാസ് സിലിണ്ടറിന്റെ നികുതി അഞ്ച് ശതമാനം മാത്രമാണ്. എന്നുപറഞ്ഞാൽ ഒരു ഗ്യാസ് സിലിണ്ടർ നമ്മൾ വാങ്ങിക്കുമ്പോൾ 45 രൂപ മാത്രമാണ് ടാക്സായി ഏർപ്പെടുത്തുന്നത്. 2017 ആഗസ്റ്റ് 1-ന് 524 രൂപയായിരുന്നത് ഒറ്റയടിക്ക് 900 രൂപയ്ക്ക് മുകളിൽ വില എങ്ങനെ വന്നു? അന്തർദേശീയ മാർക്കറ്റിൽ ഗ്യാസിന്റെ വില വർദ്ധിച്ചിട്ടില്ല. ടാക്സ് അഞ്ച് ശതമാനമേയുള്ളു. ബാക്കി ടാക്സ് പ്രത്യേകം സെസ്സായി ഏർപ്പെടുത്താൻ കേന്ദ്ര ഗവൺമെന്റിന് അവകാശമുണ്ട്. അങ്ങ് പറഞ്ഞൊരു കാര്യം ഞാൻ അംഗീകരിക്കുന്നു. ജി.എസ്.ടി. നിയമത്തിൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില ജി.എസ്.ടി.യിലേയ്ക്ക് കൊണ്ടുവരണമെന്നുള്ള ആവശ്യം പരിഗണിക്കണം, പരിശോധിക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞിരുന്നു. ജി.എസ്.ടി. കൗൺസിൽ കൂടിയപ്പോൾ അത് പ്രത്യേകം അജണ്ടയായി പരിഗണിക്കുകയും ചെയ്തു. പക്ഷെ ജി.എസ്.ടി. കൗൺസിലിൽ പങ്കെടുത്ത എല്ലാ സംസ്ഥാനങ്ങളും ഇക്കാര്യം ഇപ്പോൾ പരിഗണിക്കണ്ടെന്നാണ് പറഞ്ഞത്. കേരളം അങ്ങനെയൊരു നിലപാടെടുത്തതിൽ എനിക്ക് അഭിമാനമുണ്ട്. കേരളം

ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാനാണ് ഞാൻ ജി.എസ്.ടി. കൗൺസിലിലേയ്ക്ക് നിങ്ങളെയെല്ലാവരേയും പ്രതിനിധീകരിച്ച് പോകുന്നത്. രാജസ്ഥാൻ, പഞ്ചാബ്, ഛത്തീസ്ഗഢ് ഉൾപ്പെടെ കോൺഗ്രസ് ഭരിക്കുന്ന എല്ലാ സംസ്ഥാനങ്ങളും ഇതേ നിലപാടാണ് സ്വീകരിച്ചത്. ഇത്തരമൊരു വേദിയിൽ കണക്കുകളെല്ലാം വീണ്ടും ആവർത്തിക്കേണ്ടെന്ന് കരുതിയാണ് ഞാൻ ഇത് പറഞ്ഞത്. അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. ഒരു ലിറ്റർ ഡീസലിന് സംസ്ഥാന ഗവൺമെന്റ് പിരിക്കുന്നത് 17 രൂപയും കേന്ദ്ര ഗവൺമെന്റ് വാങ്ങിക്കുന്നത് 33 രൂപയുമാണ്. അതിനെ സംബന്ധിച്ച് നമുക്ക് വേദന തോന്നേണ്ടതല്ലേ? എൽ.ഡി.എഫ്. സർക്കാരെന്നോ യു.ഡി.എഫ്. സർക്കാരെന്നോ ഉള്ള താരതമ്യം ഇത്തരം കാര്യങ്ങളിൽ ഞാൻ എടുക്കില്ല. യു.പി. ഉൾപ്പെടെയുള്ള എല്ലാ സംസ്ഥാനങ്ങളിലും ഒരു പ്രശ്നമുണ്ട്. നമ്മൾ പിരിക്കുന്നതിന്റെ ഇരട്ടിയാണ് കേന്ദ്രത്തിലേയ്ക്ക് പോകുന്നത്. അങ്ങനെ കൊടുക്കുന്ന ടാക്സിന്റെ വിഹിതം നമുക്ക് വരുന്നില്ല. ആ തരത്തിലേയ്ക്ക് നമ്മുടെ ടാക്സ് കുറച്ചതുകൊണ്ട് ഗുണമുണ്ടാകില്ല. കാരണം ഇത് കളക്ട് ചെയ്തുകൊണ്ടിരിക്കുകയാണ്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പന്ത്രണ്ട് പ്രാവശ്യം വില കൂട്ടിയെന്നും എത്ര പ്രാവശ്യം വില കുറച്ചുവെന്ന കണക്കും എന്റെ കൈവശമുണ്ട്. ഞാൻ കണക്കുകളിലേയ്ക്ക് പോകുന്നില്ല. ഏറ്റവും ഒടുവിൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിലിരുന്ന സമയത്ത് 31.8 ശതമാനമായിരുന്നു സർക്കാരിന്റെ നികുതി. അതിനുശേഷം എൽ.ഡി.എഫ്. സർക്കാർ അത് 30.08 ശതമാനമായി കുറച്ചു. ആ കുറവാണ് ഇപ്പോൾ നിലനിൽക്കുന്നത്. പണ്ട് മുതലേ എക്സൈസ് നികുതിയുൾപ്പെടെയുള്ള വിലയുടെ മുകളിലാണ് ഈ നികുതി ഏർപ്പെടുത്തുന്നത്. അത് തുടരുന്നുവെന്നേയുള്ളൂ. ഒരു കാര്യം സത്യമാണ്. ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന നയപരിപാടിയാണിത്. കേന്ദ്ര ഗവൺമെന്റ് ടാക്സ്സേഷനും അഡീഷണൽ സെസ്സും ചുമത്തുന്ന നടപടി അങ്ങേയറ്റം പ്രതിഷേധാർഹമാണ്. സംസ്ഥാന ഗവൺമെന്റ് കളക്ട് ചെയ്യുന്നതിനേക്കാൾ അധികമാണ് കേന്ദ്ര ഗവൺമെന്റ് ചുമത്തുന്നത്. ഇത് ജി.എസ്.ടി.യിൽ ഉൾപ്പെടുത്തുന്നതല്ല അതിനുള്ള പരിഹാരം. സംസ്ഥാനങ്ങളുടെ താൽപ്പര്യവും ജനങ്ങളുടെ താൽപ്പര്യവും ഹനിക്കുന്ന തരത്തിലുള്ള അശാസ്ത്രീയമായ നിലപാടുകൾ ഇപ്പോൾ നിലനിൽക്കുന്നു. ആ നിലപാടുകൾക്കെതിരെ ജോയിന്റായിട്ടുള്ള മൂവ്മെന്റാണ് വേണ്ടത്. സംസ്ഥാനം 17 രൂപ വാങ്ങിക്കുമ്പോൾ കേന്ദ്ര ഗവൺമെന്റ് 33 രൂപ ടാക്സ് വാങ്ങിക്കുന്നതിനെ സംബന്ധിച്ച് പറയുകയും ആ ടാക്സ് ഇങ്ങനെ വർദ്ധിപ്പിച്ച് പോകരുതെന്ന സംസ്ഥാനങ്ങളുടെ അവകാശങ്ങൾകൂടി കണക്കിലെടുത്ത് നമുക്ക് ഈ കാര്യം ഉന്നയിക്കണം. ഇത് രാഷ്ട്രീയമായി മാത്രം പറയേണ്ട പ്രശ്നമല്ല.

മി. ചെയർമാൻ: പ്ലീസ്....... പ്ലീസ്......

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇന്ത്യയിലെ സംസ്ഥാനങ്ങളെ ഒരുമിപ്പിച്ചുനിർത്തി ഇക്കാര്യം പറയാൻ നമ്മൾ ആ സമയം ഉപയോഗിച്ചിട്ടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പറയുന്നത് കേട്ടാൽ നമ്മളെന്തോ കുഴപ്പം കാണിച്ചതുകൊണ്ടാണ് ഇത് ഉയർന്നുകൊണ്ടിരിക്കുന്നതെന്ന് തോന്നും. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നിയമസഭയിൽ ശ്രീ. പി. മമ്മിക്കുട്ടി, ശ്രീ. ടി. പി. രാമകൃഷ്ണൻ, ശ്രീ. പി. പി. ചിത്തരഞ്ജൻ, ശ്രീ. കെ. ജെ. മാക്സി എന്നിവർക്ക് 5-10-2021-ൽ നൽകിയ മറുപടിയിൽ പറയുന്നത് എക്സൈസ് തീരുവ സംസ്ഥാനങ്ങളുമായി കേന്ദ്രം പങ്കുവയ്ക്കുന്നുണ്ടെന്നാണ്.

Mr Chairman: Question Please...

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എനിക്കൊരു ചോദ്യം ചോദിക്കാം. അത് എന്റെ അവകാശമാണ്. ഒരു പ്രശ്നം കൂടിയുണ്ട്, ഞങ്ങൾ ഇത് കൂട്ടി എന്ന് പറയുമ്പോൾ ആകെ വരുമാനം 5378 കോടി രൂപയാണ്. നിങ്ങൾ ഇതെല്ലാം കുറയ്ക്കാനായി നടപടിയെടുത്തു എന്ന് പറഞ്ഞപ്പോൾ ഇപ്പോഴുള്ള വരുമാനം 2074 കോടി രൂപയാണ്. അതെങ്ങനെയാണ് ആ വ്യത്യാസം വരുന്നത്? അങ്ങ് പറഞ്ഞതുപോലെ പല പ്രാവശ്യം കുറച്ചു, അങ്ങയുടെ വാക്ക് സത്യവിരുദ്ധം എന്ന് പറയുന്നില്ല.

മി. ചെയർമാൻ: പ്ലീസ്... പ്ലീസ്... ബഹുമാനപ്പെട്ട മെമ്പർ ചോദ്യം ചോദിക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇഷ്ടമില്ലാത്ത കാര്യങ്ങളാണെങ്കിലും കേട്ടിരിക്കാതെ നിവർത്തിയില്ല.

മി. ചെയർമാൻ: ശ്രദ്ധ ക്ഷണിക്കലിന് തന്നെ ബഹുമാനപ്പെട്ട അംഗം ധാരാളം സമയമെടുത്തിട്ടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, 2019-2020-ൽ ലഭിച്ചിരുന്നത് 2074 കോടി രൂപയാണ്. ഈ കുറഞ്ഞ കാലത്തെങ്ങനെയാണ് വരുമാനം കൂടിയത്. അതുകൊണ്ട് ഈ ചോദ്യങ്ങൾക്ക് അങ്ങ് മറുപടി നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് സത്യമാണ്. ആ ചോദ്യത്തിന് ഞാൻ നൽകിയ മറുപടിയാണ്. എക്സൈസ് ഡ്യൂട്ടി സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കുന്നുണ്ടോ? ഡീസലിന് 1.80 രൂപയും പെട്രോളിന് 3 രൂപയും (എന്റെ ഓർമ്മയിൽനിന്നും പറയുന്നതാണ്) ആണ് ബേസിക് എക്സൈസ് ഡ്യൂട്ടി. അത് പങ്കുവയ്ക്കുന്നുണ്ട്. അത് ഡിവിസിബിൾ പൂളിലേയ്ക്ക് പോകും. പക്ഷേ ഇത് വരുന്നത് സ്പെഷ്യൽ എക്സൈസ് ഡ്യൂട്ടിയാണ്. 33 രൂപയിൽ 31 രൂപയിലധികവും കേന്ദ്ര ഗവൺമെന്റിന്റെ പൂളിലേയ്ക്കാണ് പോകുന്നത്. അത് പങ്ക് വയ്ക്കുന്നില്ല. സ്പെഷ്യൽ എന്നൊരു പേര് വന്നാൽ ആ സെസ് പങ്കുവയ്ക്കേണ്ടതില്ല. അവിടെയാണ് ഈ കള്ളക്കളി. ഇത് എല്ലാ സംസ്ഥാനങ്ങളുടേയും പ്രശ്നമാണ്. അതുകൂടി പങ്കുവയ്ക്കുകയാണെങ്കിൽ ഈ പ്രശ്നമില്ലായിരുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇത് കുറച്ചിട്ടും നമുക്ക് വരുമാനം കൂടിയിട്ടുണ്ട്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അതിനെക്കുറിച്ച് ഞാൻ പറയാം. ഇത് കുറച്ചിട്ടും വരുമാനം കൂടിയിട്ടുണ്ട്. നമുക്ക് ആകെ കിട്ടുന്ന ടാക്സിൽ ജി.എസ്.ടി. വന്നതിനുശേഷം 50 ശതമാനത്തോളം ടാക്സ് ജി.എസ്.ടി. ഇനങ്ങളിലും ബാക്കി 50 ശതമാനത്തോളം ടാക്സ് മദ്യത്തിന്റെയും പെട്രോളിയത്തിന്റെയുമാണ്. ഇതെല്ലാ സംസ്ഥാനങ്ങളുടേതുമാണ്. ഇതിനകത്ത് ഓരോ കാലം കഴിയുന്തോറും വിലകൂടും. പതിനഞ്ച് വർഷം മുമ്പ് ഗവൺമെന്റ് അഡീഷണൽ സെക്രട്ടറിക്ക് 25,600 രൂപയായിരുന്നു അടിസ്ഥാന ശമ്പളമെങ്കിൽ ഇന്നത് 1,40,000-ന് അടുത്താണ് അല്ലെങ്കിൽ 1,30,000 ന് മുകളിലാണ്. ഞാൻ ഈ പറഞ്ഞത് എല്ലാ ചെലവുകളും കൂടുന്നു എന്നുള്ളതാണ്. പെട്രോളിന്റെ വില, കൂലി എല്ലായിടത്തും പത്തും, പതിനഞ്ചും വർഷം വരുമ്പോൾ ഇൻഫ്ലേഷൻ വരുന്നുണ്ട്. എല്ലാത്തിനും ആ വിലയുണ്ട്. പത്ത് വർഷം മുമ്പ് 2000 കോടി രൂപയാണ് ലഭിച്ചിരുന്നത്. 10 വർഷം കഴിയുമ്പോൾ 6000 കോടി രൂപയോ 5000 കോടി രൂപയോ 4000 കോടി രൂപയോ ആണെന്ന് പറയുന്നതിൽ കാര്യമില്ല. അതിലെല്ലാം ഇൻഫ്ലേഷന്റെ ആസ്പക്ടുണ്ട്. ഞാൻ ധനകാര്യ വകുപ്പുമന്ത്രി എന്ന നിലയിൽ മറുപടി പറയുമ്പോഴും, നേരത്തെ യു.ഡി.എഫ്.-ന്റെയോ അല്ലെങ്കിൽ എൽ.ഡി.എഫ്.-ന്റെയോ വിവിധ സംസ്ഥാനങ്ങളിലെ ധനകാര്യ വകുപ്പുമന്ത്രിമാരുടെയെല്ലാം പ്രശ്നം, സംസ്ഥാനങ്ങൾക്ക് ലഭിക്കുന്ന വരുമാനം അതിഭീകരമായി കുറയുന്നുവെന്നാണ്. അതാണ് ജി.എസ്.ടി. കൗൺസിലിൽ ഇപ്രാവശ്യം വന്ന ഏറ്റവും വലിയ പ്രശ്നം. അതുകൊണ്ട് ജി.എസ്.ടി. കൗൺസിലിൽ വരുമാനക്കുറവിന്റെ പ്രശ്നത്തിൽ രണ്ട് സമിതികളെ നിശ്ചയിക്കുകയും ചെയ്തു. അതുകൊണ്ട് ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ നിലപാടിനെ നമ്മൾ ശക്തമായി തിരുത്തിയേ കഴിയൂ.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): ഒരു ചോദ്യം ചോദിക്കട്ടെ?

മി. ചെയർമാൻ: വേണ്ട. ശ്രദ്ധ ക്ഷണിക്കലിന്റെ ചോദ്യമാണ് ചോദിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞ് അവസാനിപ്പിക്കണം.

## IV സബ്മിഷൻ

### (1) ലൈഫ് സർട്ടിഫിക്കറ്റ് അപ് ലോഡ് ചെയ്യൽ

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, സാമൂഹ്യ സുരക്ഷാ/ക്ഷേമ പെൻഷനുകൾ വാങ്ങുന്നവർ 2019 നവംബർ 30-നുള്ളിൽ ബയോമെട്രിക് മസ്റ്ററിംഗ് പൂർത്തിയാക്കണമെന്ന് സർക്കാർ ഉത്തരവിറക്കിയിരുന്നു. എന്നാൽ മസ്റ്ററിംഗ് സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാതെ വന്നതിനാൽ 2020 മാർച്ചുമാസം വരെ സമയം നീട്ടിനൽകിയിരുന്നു. പിന്നീട് കോവിഡ്-19 വ്യാപനം രൂക്ഷമായതോടുകൂടി മസ്റ്ററിംഗ് നിർത്തിവച്ചു. വിവിധ

കാരണങ്ങളാൽ മസ്റ്ററിംഗ് പൂർത്തിയാക്കാൻ സാധിക്കാതിരുന്നവരോ മസ്റ്ററിംഗ് പരാജയപ്പെട്ടവരോ (അതായത് ഫിംഗർ പ്രിന്റ് വയ്ക്കുമ്പോൾ അത് മാഞ്ഞുപോകുന്ന ആളുകളുണ്ട്) ആയ ആയിരക്കണക്കിന് ആളുകൾക്ക് 2019 ഡിസംബർ മുതൽ 20 മാസക്കാലമായി സാമൂഹ്യ സുരക്ഷാ/ക്ഷേമ പെൻഷനുകൾ മുടങ്ങിക്കിടക്കുകയാണ്. മസ്റ്ററിംഗ് നടത്തണമെന്ന് അറിയാതെ പോയ, മസ്റ്ററിംഗ് പരാജയപ്പെട്ട പാവപ്പെട്ട ആളുകൾക്ക് 20 മാസമായി പെൻഷൻ ലഭിക്കുന്നില്ല. അതിനൊരു സംവിധാനം വേറെയുണ്ടായിരുന്നു. സേവന പെൻഷൻ വെബ്സൈറ്റിൽ അവർ ജീവിച്ചിരിക്കുന്നുവെന്ന ലൈഫ് സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്താൽ മസ്റ്ററിംഗ് പരാജയപ്പെട്ടവർക്ക് അത് ഹാജരാക്കാൻ പറ്റാവുന്നൊരു സംവിധാനമുണ്ടായിരുന്നു. ഇപ്പോൾ ആ ലിങ്ക് നിലവിലില്ല. അത് സർക്കാർ മരവിപ്പിച്ചിരിക്കുകയാണ്. വളരെ ദയനീയമായ സാഹചര്യമാണ്. എനിക്ക് കോഴിക്കോട് നിന്ന് ഒരു സ്ത്രീ അയച്ച കത്താണ് ഞാൻ ഇതേക്കുറിച്ച് അന്വേഷിക്കാനുള്ള കാരണം. അവർ അയച്ചിരിക്കുന്നത് ഞാൻ 83 വയസ്സ് കഴിഞ്ഞ തീർത്തും കണ്ണ് കാണാത്ത സ്ത്രീയാണ്. കട്ടിലിൽനിന്നിറങ്ങി പ്രാഥമിക കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് പരസഹായം ആവശ്യമാണ്. ഒന്നര സെന്റ് സ്ഥലത്ത് കോർപ്പറേഷന്റെ ധനസഹായത്തോടെ നിർമ്മിച്ച വീട്ടിൽ മകളോടൊപ്പമാണ് ഇപ്പോൾ താമസം. അവരുടെ മസ്റ്ററിംഗ് പരാജയപ്പെട്ടതാണ്. അതുപോലെ ഒരു നിവൃത്തിയും ഗതിയുമില്ലാത്ത ആയിരക്കണക്കിനാളുകൾക്ക് വിവിധ കാരണങ്ങളാൽ മസ്റ്ററിംഗ് നടത്താനാകാതെ പോയിട്ടുണ്ട്. ഗവൺമെന്റ് അടിയന്തരമായി ഈ സേവന പെൻഷൻ വെബ്സൈറ്റ് ഒന്ന് ലൈവ് ആക്കി അവരുടെ ലൈഫ് സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്ത് പെൻഷൻ ലഭിക്കാനുള്ള സൗകര്യവും അവരുടെ 20 മാസക്കാലത്തെ കുടിശ്ശിക തുകയും ലഭ്യമാക്കാനായി നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സർ, വളരെ ഗൗരവമുള്ളൊരു പ്രശ്നമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ചത്. ഞാൻ അതിന്റെ ഇപ്പോഴത്തെ സ്ഥിതികൂടി പറയാം. സംസ്ഥാനത്തെ സാമൂഹ്യ സുരക്ഷ/ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കളിൽ മരണപ്പെട്ടവരും അനർഹമായി പെൻഷൻ കൈപ്പറ്റുന്നവരും ഉൾപ്പെട്ടിരുന്നുവെന്നത് പൊതുവിൽ ബോദ്ധ്യപ്പെട്ട കാര്യമാണ്. അതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തൊട്ടാകെയുള്ള സാമൂഹ്യ സുരക്ഷ/ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾക്കായി മസ്റ്ററിംഗ് ഏർപ്പെടുത്തിയത്. സംസ്ഥാനത്തെ അക്ഷയ കേന്ദ്രങ്ങൾ മുഖേന നടത്തിയ മസ്റ്ററിംഗിൽ 2019 ഡിസംബർ 31 വരെ പെൻഷൻ അനുവദിക്കപ്പെട്ടവർക്ക് മസ്റ്റർ ചെയ്യുന്നതിനും, ആധാർ ഇല്ലാത്തവർക്ക് ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച് മസ്റ്ററിംഗ് പൂർത്തിയാക്കുന്നതിനും അവസരം നൽകിയിരുന്നു. കിടപ്പുരോഗികൾ, 80 വയസ്സ് കഴിഞ്ഞ വൃദ്ധജനങ്ങൾ, മറ്റ്

ശാരീരിക/മാനസിക വെല്ലുവിളികൾ നേരിടുന്നവർ തുടങ്ങിയവർക്ക് വീട്ടിൽ ചെന്ന് മസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിരുന്നു. മസ്റ്ററിംഗിന്റെ പൂർണ്ണ ചെലവും സർക്കാരാണ് വഹിക്കുന്നത്. എന്നാൽ മസ്റ്റർ ചെയ്യുന്നതിന് 2020 ഫെബ്രുവരി 15 വരെ ആയിരുന്നു ആദ്യം സമയം അനുവദിച്ചിരുന്നത്. അത് പൂർത്തിയാക്കാത്തവർക്ക് 2020 ജൂൺ 29 മുതൽ ജൂലൈ 15 വരെ സംസ്ഥാനത്തെ വിവിധ അക്ഷയ കേന്ദ്രങ്ങൾ മുഖേന മസ്റ്ററിംഗ് നടത്താനും ബയോമെട്രിക് മസ്റ്ററിംഗ് പരാജയപ്പെടുന്നവർക്ക് ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകൾ/ ഗുണഭോക്താക്കൾ അംഗങ്ങളായിട്ടുള്ള ക്ഷേമനിധി ബോർഡുകൾ മുഖേന ജൂലൈ 16 മുതൽ 22 വരെ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച് മസ്റ്ററിംഗ് പൂർത്തിയാക്കാനും അനുമതി നൽകിയിരുന്നു. പിന്നീട് ഹോട്ട് സ്പോട്ടുകളിലും കണ്ടെയിൻമെന്റ് സോണുകളിലും ഉള്ളവർക്ക് യാത്രാ നിയന്ത്രണങ്ങളിൽ അയവ് ലഭിക്കുന്ന തീയതി മുതൽ ഒരാഴ്ച കാലയളവിലും മസ്റ്ററിംഗിനായി സമയം അനുവദിച്ചിരുന്നു. തുടർന്ന് 2020 ആഗസ്റ്റ് 10 മുതൽ 16 വരെയും 2020 ഒക്ടോബർ 1 മുതൽ 15 വരെയും മസ്റ്ററിംഗിനായി സമയം ദീർഘിപ്പിച്ച് നൽകിയിരുന്നു. സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ നിലവിൽ ഇതെല്ലാം കഴിഞ്ഞിട്ടും 3,42,985 പേരും വിവിധ ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കളിൽ 1,07,541 പേരും മസ്റ്ററിംഗ് പൂർത്തിയാക്കാൻ അവശേഷിക്കുന്നുണ്ടെന്നാണ് കണക്ക്. ഇത്തരത്തിൽ ദീർഘിപ്പിച്ച് നൽകിയ കാലയളവിലൊന്നും മസ്റ്റർ ചെയ്തിട്ടില്ലാത്തവരുടെ പെൻഷനാണ് തടഞ്ഞുവയ്ക്കപ്പെട്ടിട്ടുള്ളത്. കോവിഡ് കാലഘട്ടത്തിലുണ്ടായ പരിമിതികൾകൂടി പരിഗണിച്ച് ഇവർക്ക് ക്ഷേമനിധി ബോർഡുകൾ മുഖേന ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച് മസ്റ്ററിംഗ് പൂർത്തിയാക്കാൻ ഒരവസരം കൂടി നൽകുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. മസ്റ്ററിംഗ് പൂർത്തിയാക്കുന്ന മുറയ്ക്ക് പെൻഷൻ തുടർന്ന് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

### (2) തുപ്പാറ, മാത്തൂർ, ചിറ്റൂർകടവ് പാലം നിർമ്മാണം

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, കോന്നി മണ്ഡലത്തിലെ മൂന്ന് പാലങ്ങളുടെ നിർമ്മാണം പാതിവഴിയിൽ മുടങ്ങിയിരിക്കുകയാണ്. കോന്നി പഞ്ചായത്തിലെ ചിറ്റൂർകടവ്, വള്ളിക്കോട് പഞ്ചായത്തിലെ മാത്തൂർ, കൈപ്പട്ടൂർ എന്നീ പാലങ്ങളുടെ നിർമ്മാണമാണ് മുടങ്ങിക്കിടക്കുന്നത്. റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ചായിരുന്നു മുമ്പ് നിർമ്മാണം ആരംഭിച്ചത്. മതിയായ ഫണ്ട് വകയിരുത്താതെയാണ് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയത്. ഇതിന്റെ നിർമ്മാണ ചുമതല ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നൽകിയെങ്കിലും പാലം നിർമ്മിക്കാനാവശ്യമായ സാങ്കേതിക പരിജ്ഞാനമില്ലാത്തത് കാരണം നിർമ്മാണം ഇടയ്ക്കുവച്ച് ഉപേക്ഷിച്ചിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലാവധി

പൂർത്തിയാകുന്ന സമയത്ത് അന്നത്തെ റവന്യൂ വകുപ്പുമന്ത്രി രണ്ടുതവണ ഇതുമായി ബന്ധപ്പെട്ട് യോഗം ചേരുകയും മുടങ്ങിക്കിടക്കുന്ന പാലം പുനർ നിർമ്മിക്കുന്നതിനുവേണ്ടി ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുവാൻ തീരുമാനിക്കുകയും ചെയ്തിരുന്നു. സാങ്കേതിക പഠനം നടത്താനായി തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനെ ചുമതലപ്പെടുത്തിയിരുന്നു. ഇതിന്റെ റിപ്പോർട്ട് ലഭ്യമാകാൻ കാലതാമസം നേരിടുകയാണ്. ഈ റിപ്പോർട്ട് വേഗത്തിൽ ലഭ്യമാക്കുന്നതിനും മൂന്ന് പാലങ്ങളുടെയും നിർമ്മാണം അടിയന്തരമായി പുനരാരംഭിക്കുന്നതിനും ഗവൺമെന്റ് ഇടപെടുമോ എന്നുള്ളതാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് വളരെയേറെ ഗൗരവവും പ്രാധാന്യവുമുള്ള പ്രശ്നമാണ്. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി അവരുടെ നിയോജകമണ്ഡലമായ ആറന്മുളയിലെ മാത്തൂർ, തൃപ്പാറ എന്നീ രണ്ട് പാലങ്ങൾകൂടി ഇതിന്റെ ഭാഗമായിവരുന്നുണ്ടെന്നും അതിൽ ഒരു കര അവരുടെ മണ്ഡലത്തിലാണെന്നും കാണിച്ച് കത്ത് നൽകിയിരുന്നു. തൃപ്പാറ, മാത്തൂർ, ചിറ്റൂർക്കടവ് ഉൾപ്പെടെ കേരളത്തിൽ വിവിധ ജില്ലകളിലായി ഒൻപത് പാലങ്ങൾ 32 കോടി രൂപ ചെലവിൽ നിർമ്മിക്കുന്നതിന് 19-11-2015-ലെ ജി.ഒ. (ആർ.ടി.) നമ്പർ 6032/2015/ആർ.ഡി. പ്രകാരം ഭരണാനുമതി നൽകുകയും പ്രസ്തുത പാലങ്ങളുടെ നിർമ്മാണ നടത്തിപ്പിനുള്ള നോഡൽ ഏജൻസിയായി പത്തനംതിട്ട നിർമ്മിതി കേന്ദ്രത്തെയും അതത് ജില്ലാ നിർമ്മിതി കേന്ദ്രങ്ങളെ പദ്ധതി നിർവ്വഹണത്തിന്റെ മേൽനോട്ടം വഹിക്കുന്നതിനും നിശ്ചയിച്ച് ഉത്തരവായിട്ടുള്ളതാണ്. 3-12-2015-ലെ ഡി.എൻ.കെ/2015-16 പ്രകാരം സാങ്കേതികാനുമതി ലഭിക്കുകയും ഇ.പി.സി. കോൺട്രാക്ട് വ്യവസ്ഥകൾ ഉൾപ്പെടുത്തി ഇ-ടെണ്ടർ വിളിച്ചതുപ്രകാരം Serms Infrastructure Private Limited എന്ന കമ്പനിയുമായി 4-2-2016-ൽ 28.58 കോടി രൂപയ്ക്ക് കരാറിൽ ഏർപ്പെടുകയും ചെയ്തു. ടി പദ്ധതിക്കുവേണ്ടി ഒരു ടെക്നിക്കൽ സപ്പോർട്ടിനായി ഇന്റഗ്രൽ സൊല്യൂഷൻ, കൊച്ചിയെയാണ് നിയമിച്ചത്. പ്രീസ്ട്രസ്ഡ് സെഗ്മെന്റുകൾ സ്ലാബുകളായി പ്രത്യേക യാർഡുകളിൽ നിർമ്മിക്കുകയും സൈറ്റിൽ പൂർത്തീകരിച്ചിട്ടുള്ള തൂണുകളിൽ സ്ഥാപിക്കുന്ന രീതിയിലാണ് ടി പാലങ്ങളുടെ നിർമ്മാണം രൂപകൽപ്പന ചെയ്തിരിക്കുന്നത്. പാലങ്ങളുടെ ആകെ നിർമ്മാണ ചെലവായ 32 കോടി രൂപയിൽ മലപ്പുറം ജില്ലയിൽ നിന്നുള്ള വിഹിതമായി 20 കോടി രൂപ റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും പത്തനംതിട്ട ജില്ലാ കളക്ടർക്ക് നൽകുന്നതിന് 28-12-2015-ലെ ജി.ഒ. (ആർ.ടി.) നമ്പർ 6887/15/ആർ.ഡി. പ്രകാരം സർക്കാർ ഉത്തരവായിരുന്നു. തുടർന്ന് റിവർ മാനേജ്മെന്റ് ഫണ്ടുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 8-2-2017-ന് വിളിച്ചുചേർത്ത യോഗത്തിൽ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് പാലം പണി നടത്താനുള്ള ഭരണാനുമതി ലഭിച്ചിട്ടും

സമയബന്ധിതമായി പണി തുടങ്ങാത്ത നാല് പാലങ്ങളുടെ പ്രവൃത്തികൾ ഇനിയൊരു ഉത്തരവുണ്ടാകുന്നതുവരെ ആരംഭിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുള്ളതാണ്. നിർമ്മാണം ആരംഭിച്ചിട്ടുള്ള തൃപ്പാറ, ചിറ്റൂർക്കടവ് ഉൾപ്പെടെയുള്ള അഞ്ച് പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കണമെങ്കിൽ സാങ്കേതികാനുമതി ലഭിച്ച് എസ്റ്റിമേറ്റ് പ്രകാരം 11,90,52,480 രൂപ ആവശ്യമാണ്. പാലങ്ങളുടെ എണ്ണം ഒമ്പതിൽനിന്നും അഞ്ചായി കുറച്ചതിനെ തുടർന്ന് ഡിസൈൻ ചേഞ്ച്, റേറ്റ് റിവിഷൻ എന്നിവയിൽ തീരുമാനമുണ്ടാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് Serms Infrastructure Private Limited ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ W.P.C 3178/2018 ഫയൽ ചെയ്യുകയും 30-1-2018-ലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവുപ്രകാരം നിരക്ക് വർദ്ധനവ്, സപ്ലിമെന്ററി എഗ്രിമെന്റ്, റീ-ഡിസൈൻ എന്നിവയിൽ ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. Serms Infrastructure Pvt. Ltd. 29-10-2018, 5-11-2018 എന്നീ തീയതികളിൽ ടെർമിനേഷൻ നോട്ടീസ് നൽകുകയും ആയതിന് മറുപടിയായി നിർമ്മാണം തുടങ്ങിയ അഞ്ച് പാലങ്ങളുടെ പ്രവൃത്തി പൂർത്തീകരിക്കണമെന്ന് 7-11-2018-ൽ ജില്ലാ നിർമ്മിതികേന്ദ്രം നിർദ്ദേശിച്ചിട്ടുള്ളതുമാണ്. എന്നാൽ ടി കമ്പനി പ്രവൃത്തി പുനരാരംഭിക്കാതെ ആർബിട്രേഷൻ നടപടിയിലേയ്ക്ക് പോകുകയാണ് ചെയ്തത്. ആർബിട്രേഷൻ കേസിൽ 17-10-2020-ൽ 3,72,81,524 രൂപ അവാർഡ് തീയതി മുതൽ പണം കൊടുക്കുന്നതുവരെ ആയതിന് ഒമ്പത് ശതമാനം പലിശയും Serms Infrastructure Pvt. Ltd.-ന് നൽകുന്നതിന് വിധിച്ചിരുന്നതും ആയതിനെതിരെ പത്തനംതിട്ട സിവിൽ കോടതി മുമ്പാകെ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതുമാണ്. 22-10-2020-ൽ ബഹുമാനപ്പെട്ട റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാന ഉന്നതതല സമിതിയുടെ യോഗതീരുമാനപ്രകാരം ടി അഞ്ച് പാലങ്ങളുടെ ഡിസൈൻ സ്ലാബ് ചെയ്യുന്നത് സംബന്ധിച്ച് സങ്കേതിക പഠനം നടത്തുന്നതിന് തിരുവനന്തപുരത്തെ കോളേജ് ഓഫ് എഞ്ചിനീയറിംഗിനെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ഇതുസംബന്ധിച്ച് 5-7-2021-ൽ ചേർന്ന യോഗം ഡിസൈൻ സ്ലാബ് ചെയ്ത് സാങ്കേതിക പഠനം നടത്തുന്നതിനാവശ്യമായ ഡോക്യുമെന്റ്സ് ഇന്റഗ്രൽ സൊല്യൂഷനിൽനിന്നും നേരിട്ട് ശേഖരിച്ച് കോളേജ് ഓഫ് എഞ്ചിനീയറിംഗിന് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ ഇന്റഗ്രൽ സൊല്യൂഷന്റെ ഓഫീസിൽ നേരിട്ട് ഹാജരായി ഡോക്യുമെന്റ് ശേഖരിക്കുന്നതിനായി നിർമ്മിതി കേന്ദ്രം പ്രോജക്ട് മാനേജരെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. ടി വിശദാംശങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നില്ലെങ്കിൽ നിയമ നടപടി സ്വീകരിക്കേണ്ടിവരുമെന്ന് കാണിച്ച് ബഹുമാനപ്പെട്ട അംഗം നേരത്തെ നോട്ടീസ് നൽകിയതനുസരിച്ച് 10-8-2021-ൽ ഇന്റഗ്രൽ സൊല്യൂഷനിൽ കത്ത് നൽകിയിട്ടുള്ളതാണ്. ഡെക്ക് സ്ലാബ് ഡിസൈൻ സംബന്ധിച്ച വിശദാംശങ്ങൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരത്തിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പഠനം പൂർത്തിയാക്കി എത്രയും വേഗം പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാവുന്നതാണെന്ന് അറിയിക്കുന്നു.

## (3) ഇലക്ട്രിക് വാഹനങ്ങൾക്ക് സബ്സിഡി

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഇലക്ട്രിക് വാഹനങ്ങൾക്ക് സർക്കാർ സബ്സിഡി നൽകണമെന്നതാണ് എന്റെ ആവശ്യം. പെട്രോളിന്റെയും ഡീസലിന്റെയും വില ലിറ്ററിന് 100 രൂപയിൽ കടന്നിരിക്കുകയാണ്. ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളം മറ്റേത് സംസ്ഥാനത്തെക്കാളും ഇന്ധന വിലയിൽ ശ്വാസംമുട്ടുകയാണ്. ജനങ്ങളുടെ പ്രയാസം പരിഹരിക്കാനുള്ള ഭരണ-പ്രതിപക്ഷ സമരങ്ങളെയും സ്വരങ്ങളെയും കേന്ദ്രസർക്കാർ പുച്ഛിക്കുകയാണ്. കുതിരവണ്ടിയുടെയും കാളവണ്ടിയുടെയും യുഗത്തിലേയ്ക്ക് ഇനി നമുക്ക് പിന്തിരിഞ്ഞ് നടക്കാനാകില്ല. പെട്രോളും ഡീസലുമൊക്കെ പുനഃസ്ഥാപിക്കാൻ കഴിയാത്ത ഊർജ്ജ സ്രോതസ്സുകളുമാണ്. അതിനാൽ ഇവയെ ഭാവിയുടെ ഇന്ധനമായി കരുതാനും സാധിക്കില്ല. പുതിയ ശ്രേണിയിലിറങ്ങുന്ന ഇലക്ട്രിക് വാഹനങ്ങൾ കൂടുതൽ ക്ഷമതയുള്ളതും വേഗതയുള്ളതും ഭാരം കുറവായതിനാൽ സൗകര്യപ്രദവുമാണ്. അതിനേക്കാൾ ഉപരിയായി പരിസ്ഥിതി സൗഹൃദവുമാണ്. ആയതിനാൽ ഇത്തരത്തിലുള്ള ഇലക്ട്രിക് വാഹനങ്ങൾക്ക് സംസ്ഥാന സർക്കാർ സബ്സിഡി നൽകുകയോ ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകളുടെ എണ്ണം വർദ്ധിപ്പിക്കുകയോ ചെയ്യണമെന്നതാണ് എന്റെ ആവശ്യം. ഇത് പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, ഇന്ധനവില ക്രമാതീതമായി കുതിച്ചുയരുന്ന ഈ കാലഘട്ടത്തിൽ വളരെ ശ്രദ്ധേയമായ വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചിരിക്കുന്നത്. സംസ്ഥാനത്ത് 'ഇലക്ട്രിക് വാഹന നയം' രൂപീകരിച്ച് നവീനമായ പദ്ധതികളാണ് ഇപ്പോൾ നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നത്. ആകർഷകമായ ഇൻസെന്റീവുകൾ, ഫോസിൽ ഇന്ധന വാഹനങ്ങൾക്കായി സബ്സിഡികൾ, വൈദ്യുതി വാഹനങ്ങൾ കരസ്ഥമാക്കൽ, ചാർജ്ജിംഗ് അടിസ്ഥാന സൗകര്യങ്ങൾ, റിട്രോഫിറ്റ്മെന്റ് പ്രോത്സാഹന നടപടികളായ ഷെയേർഡ് മൊബിലിറ്റി, അനുബന്ധ ഗതാഗത സംവിധാനം എന്നിവയ്ക്കുപുറമേ മറ്റ് പദ്ധതികളും ഇലക്ട്രിക് വാഹന നയത്തിൽ വിഭാവന ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുന്ന സ്വകാര്യ ഇലക്ട്രിക് മോട്ടോർ സൈക്കിൾ, ഇലക്ട്രിക് മോട്ടോർ കാർ, പ്രൈവറ്റ് സർവ്വീസ് വെഹിക്കിൾസ്, ഇലക്ട്രിക് ത്രീ വീലേഴ്സ് എന്നിവയുടെ ഒറ്റത്തവണ നികുതി, വിലയുടെ 5 ശതമാനമായി 2020-ലെ ഫിനാൻസ് ആക്ട് പ്രകാരം നിജപ്പെടുത്തിയിട്ടുണ്ട്. മറ്റ് വാഹനങ്ങൾക്ക് 9 ശതമാനം മുതൽ 21 ശതമാനം വരെയാണ് ഒറ്റത്തവണ നികുതി. 1-4-2021 മുതൽ രജിസ്റ്റർ ചെയ്യുന്ന ഇലക്ട്രിക് വാഹനങ്ങളുടെ നികുതിയിൽ രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ അഞ്ച്

വർഷം തുകയുടെ 50 ശതമാനത്തിന് ഇളവ് അനുവദിച്ചിട്ടുണ്ട്. ഇലക്ട്രിക് ഓട്ടോറിക്ഷകളുടെ നികുതി രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ അഞ്ച് വർഷത്തേയ്ക്ക് പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. മൂന്നു ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ള ഇലക്ട്രിക് ഓട്ടോറിക്ഷകളുടെ ഉടമസ്ഥർക്ക് 30,000 രൂപ സബ്സിഡിയായും നൽകിവരുന്നു. ഇലക്ട്രിക് വാഹനങ്ങളെ പെർമിറ്റ് എടുക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇലക്ട്രിക് വാഹനങ്ങൾക്ക് രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കിക്കൊണ്ട് കേന്ദ്ര മോട്ടോർ വാഹന ചട്ടം 81-ൽ ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങളുടെ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയത് പ്രകാരം തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലായി ആറ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചുകഴിഞ്ഞു. 26 സ്ഥലങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. 2021-2022-ലെ ബഡ്ജറ്റിൽ ഇലക്ട്രിക് വാഹനങ്ങളെ ജനപ്രിയമാക്കുന്നതിന് 12 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ 2021-2022-ലെ റിവൈസ്ഡ് ബഡ്ജറ്റ് പ്രസംഗത്തിൽ ഇരുചക്രവാഹനം ഉപയോഗിച്ച് വിവിധ തരത്തിലുള്ള സാധാരണ തൊഴിലുകളിൽ ഏർപ്പെടുന്ന പത്രവിതരണക്കാർ, മത്സ്യക്കച്ചവടക്കാർ, ചെറുകിട കച്ചവടക്കാർ, ഹോം ഡെലിവറി നടത്തുന്നവർ ഉൾപ്പെടെയുള്ളവർക്ക് ഇന്ധനച്ചെലവ് കുറഞ്ഞതും പരിസ്ഥിതി സൗഹൃദവുമായ ഇലക്ട്രിക് ഇരുചക്ര വാഹനങ്ങളും ഇലക്ട്രിക് ഓട്ടോറിക്ഷകളും ലഭ്യമാക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളുമായിച്ചേർന്ന് ഒരു വായ്പാ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ പതിനായിരം ഇരുചക്ര വാഹനങ്ങളും അയ്യായിരം ഓട്ടോറിക്ഷകളും വാങ്ങാനായി 200 കോടി രൂപയുടെ വായ്പാ പദ്ധതിയാണ് നടപ്പിലാക്കാൻ ശ്രമിക്കുന്നത്. പലിശയുടെ ഒരു ഭാഗം സർക്കാർ വഹിക്കും. പലിശയിളവ് നൽകുന്നതിന് 15 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ആദ്യഘട്ടത്തിൽ തിരുവനന്തപുരം നഗരത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ ഫീഡർ സർവ്വീസ് തുടങ്ങുന്നതിനായി 30 ഇലക്ട്രിക് ഓട്ടോകൾ കെ.ടി.ഡി.എഫ്.സി. വഴി വാങ്ങി വിതരണം ചെയ്യുന്നതിനും രണ്ടാം ഘട്ടത്തിൽ 500 ഇലക്ട്രിക് ഓട്ടോകൾ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിലും മൂന്നാം ഘട്ടത്തിൽ ഇലക്ട്രിക് കാറുകളും ഓട്ടോറിക്ഷകളും പൊതുജനങ്ങളുടെയും സർക്കാർ വകുപ്പുകളുടെയും ഉപയോഗത്തിനായി വാങ്ങുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. കിഫ്ബിയുടെ ധനസഹായത്തോടെ കെ.എസ്.ആർ.ടി.സി. തിരുവനന്തപുരം സിറ്റിക്കായി 50 ഇലക്ട്രിക് ബസ്സുകൾ വാങ്ങും. ഇതിനായി 47.5 കോടി രൂപ കിഫ്ബി വഴി ധനസഹായം അനുവദിച്ചിട്ടുണ്ട്.

12.00 Noon]

(4) അൺ-എയ്ഡഡ് വിദ്യാലയങ്ങളിലെ ജീവനക്കാർക്ക് നിയമനിർമ്മാണം

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, സംസ്ഥാനത്ത് അൺ-എയ്ഡഡ് സ്കൂളുകളിൽ ജോലിയെടുക്കുന്ന രണ്ടരലക്ഷത്തോളം വരുന്ന അദ്ധ്യാപകർക്കും ജീവനക്കാർക്കും വളരെ തുച്ഛമായ വേതനമാണ് ലഭ്യമായിക്കൊണ്ടിരിക്കുന്നത്. മാത്രമല്ല അവരെ ഏതുസമയത്തും ഒരു മാനദണ്ഡവും കൂടാതെ പിരിച്ചുവിടുന്ന സ്ഥിതിവിശേഷവും സംസ്ഥാനത്ത് വ്യാപകമായി ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. തൃശ്ശൂർ ജില്ലയിലെ പഴവിൽ ശ്രീഗോകുലം പബ്ലിക് സ്കൂളിൽ 26 വർഷം വരെ ജോലി ചെയ്തിട്ടുള്ള അദ്ധ്യാപകർക്ക് ക്വാളിഫിക്കേഷനില്ലെന്നാണ് ഇപ്പോൾ പറയുന്നത്. നെറ്റും സെറ്റുമൊക്കെ പാസ്സായി അഭിമുഖത്തിലൂടെ ജോലിയിൽ പ്രവേശിച്ച് 26 വർഷം ജോലിചെയ്ത അദ്ധ്യാപകരെയും ഇത് ചോദ്യം ചെയ്ത അദ്ധ്യാപകരെയുൾപ്പെടെ 45 പേരെ പുറത്താക്കിയിരിക്കുകയാണ്. 105 ദിവസമായി അവിടെ അദ്ധ്യാപക പട്ടിണി സമരം നടക്കുകയാണ്. അതുപോലെതന്നെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലും നടക്കുന്നുണ്ട്. എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറയിലെ ചോയിസ് സ്കൂളിൽനിന്നും 35 അദ്ധ്യാപകരെ പുറത്താക്കിയിരിക്കുന്നു. അവിടെ 52 ദിവസമായി സമരം നടക്കുകയാണ്. കഴിഞ്ഞ പിണറായി സർക്കാരിന്റെ കാലത്ത് നിരവധി ഘട്ടങ്ങളിൽ, ഇപ്പോൾ സഭ നിയന്ത്രിച്ചുകൊണ്ടിരിക്കുന്ന ശ്രീ. എം. രാജഗോപാലൻ ഉൾപ്പെടെയുള്ള വിവിധ അംഗങ്ങൾ ടി വിഷയം നിയമസഭയിൽ ഉന്നയിക്കുകയും ടി മേഖലയിലെ ചൂഷണം അവസാനിപ്പിക്കുന്നതിനാവശ്യമായ നിയമനിർമ്മാണം നടപ്പിലാക്കുമെന്നും അത് ഗവൺമെന്റിന്റെ പരിഗണനയിലാണെന്നും ഗവൺമെന്റ് മറുപടി പറയുകയും ചെയ്തിരുന്നു. അതിന്റെ ഭാഗമായി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപകർക്കും ജീവനക്കാർക്കും മതിയായ സുരക്ഷിതത്വം ഉറപ്പാക്കുന്ന ഓർഡിനൻസ് ഇറക്കുകയും ഈ സമ്മേളനത്തിൽ അത് നിയമമാക്കുകയും ചെയ്തു. അത്തരത്തിൽ അഭിനന്ദനാർഹമായ ഇടപെടലാണ് ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ നടന്നിരിക്കുന്നത്. ആ നല്ല പ്രവർത്തനത്തെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. അതോടൊപ്പം ഈ മേഖലയിലെ ചൂഷണം അവസാനിപ്പിക്കുന്നതിനാവശ്യമായ നിയമനിർമ്മാണം അടിയന്തരമായി ഉണ്ടാകേണ്ടതുണ്ട്. അൺ എയ്ഡഡ് മേഖലകളിൽ സ്കൂളുകൾ ആരംഭിക്കുന്നതിന് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് കൊടുക്കുമ്പോൾ പാലിക്കപ്പെടേണ്ട മാനദണ്ഡങ്ങൾ ലംഘിക്കുന്നുണ്ടോയെന്നുള്ള പരിശോധനയും ആവശ്യമായ ഇടപെടലുകളും സംസ്ഥാന സർക്കാർ നടത്തേണ്ടതുണ്ട്. ഈ മേഖലയിൽ ജോലിയെടുത്തു കൊണ്ടിരിക്കുന്ന അദ്ധ്യാപകർക്കും ജീവനക്കാർക്കും അർഹമായ സേവന-വേതന വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള അടിയന്തര ഇടപെടലുകൾ നടത്തണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ശ്രീ. കെ. കെ. രാമചന്ദ്രൻ ഉന്നയിച്ചിട്ടുള്ളത് വളരെ ഗൗരവമുള്ള വിഷയം തന്നെയാണ്. അദ്ദേഹം ഇവിടെ സൂചിപ്പിച്ച പല കാര്യങ്ങളും ഇന്ന് നടന്നുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളാണ്. 30-03-2009-ലെ 2287/09/Rt. ഹർജിയിന്മേലുള്ള ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 14-02-2011-ലെ ഗവൺമെന്റ് ഓർഡർ MS/No.36/ 11 പൊ.വി.വ. പ്രകാരം സംസ്ഥാനത്തെ അൺ എയ്ഡഡ് മേഖലകളിലെ വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും സേവന-വേതന വ്യവസ്ഥകൾ നിശ്ചയിച്ചുകൊണ്ട് ഉത്തരവാകുകയും അതനുസരിച്ച് ഹെഡ്മാസ്റ്റർ 7,000 രൂപ, ഹൈസ്കൂൾ അസിസ്റ്റന്റ് 6,000 രൂപ, പ്രൈമറി ടീച്ചർ 5,000 രൂപ, ക്ലാർക്ക് 4,000 രൂപ, പ്യൂൺ - ക്ലാസ് IV 3,500 രൂപ എന്നിങ്ങനെ മിനിമം വേതനം നിശ്ചയിക്കുകയുമുണ്ടായി. ഈ വിഷയത്തിൽ ബഹു. കേരള ഹൈക്കോടതി തുടർന്ന് ഇടപെടുകയും ഹയർ സെക്കണ്ടറി, ഹൈസ്കൂൾ, പ്രൈമറി അദ്ധ്യാപകർക്ക് യഥാക്രമം 20,000 രൂപ, 15,000 രൂപ, 10,000 രൂപ എന്നീ ക്രമത്തിൽ പ്രതിമാസം വേതനം നൽകണമെന്ന് ഉത്തരവിടുകയും ചെയ്തു. മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിന്റെയും ഹൈക്കോടതി വിധിയുടെയും അടിസ്ഥാനത്തിൽ സ്കൂളുകളിൽ പൊതുവിൽ നടത്തുന്ന പരിശോധനകളിൽ ജീവനക്കാർക്ക് ഇപ്രകാരം വേതനം അനുവദിക്കുന്നുണ്ടോയെന്ന കാര്യവും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പരാതികൾ ലഭിക്കുന്ന സാഹചര്യത്തിലും നടപടി സ്വീകരിച്ചുവരികയാണ്. ഇനിയും അത്തരം കാര്യങ്ങൾ സംബന്ധിച്ച് പരാതിയുണ്ടെങ്കിൽ അൺ എയ്ഡഡ് സ്ഥാപനങ്ങളിൽ ഇടപെടാനുള്ള പരിമിതിയിൽ നിന്നുകൊണ്ട് മേൽനടപടികൾ കൈക്കൊള്ളാൻ ഗവൺമെന്റ് തയ്യാറാണ്. അൺ എയ്ഡഡ് സ്കൂളുകളിലെ അനദ്ധ്യാപകർക്ക് നൽകേണ്ടതായ മിനിമം വേതനവും സേവന വ്യവസ്ഥകളും നിശ്ചയിച്ചുകൊണ്ട് 11-02-2021-ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം 22/2021/LBR നമ്പരായി അന്തിമ വിജ്ഞാപനം തൊഴിലും നൈപുണ്യവും വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവ് ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. 1961-ലെ മെറ്റേർണിറ്റി ബെനിഫിറ്റ് ആക്ടിലെ എല്ലാ വ്യവസ്ഥകളും അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർ അടക്കമുള്ളവർക്ക് ബാധകമാക്കി 6-3-2020-ലെ G.O.P/No.35/2021 തൊഴിൽ പ്രകാരമുള്ള വിജ്ഞാപനം തൊഴിലും നൈപുണ്യവും വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ പഴവിൽ ശ്രീഗോകുലം പബ്ലിക് സ്കൂളിലെ 45 അദ്ധ്യാപകരെ പിരിച്ചുവിട്ടത് സംബന്ധിച്ച് തൃശ്ശൂർ ജില്ലാ ലേബർ ഓഫീസർ മുഖേന നൽകിയ അന്വേഷണത്തിൽ കോവിഡ് കാലഘട്ടത്തിൽ ഏകദേശം 45 അദ്ധ്യാപകരെ മുൻകൂർ നോട്ടീസോ അറിയിപ്പോ കൂടാതെ പിരിച്ചുവിട്ടിട്ടുള്ളതായും ഇവർക്ക് യാതൊരു ആനുകൂല്യവും നൽകിയിട്ടില്ലെന്നും അറിഞ്ഞിട്ടുണ്ട്. മേൽ സ്ഥാപനത്തിൽനിന്ന് അദ്ധ്യാപകേതര ജീവനക്കാരെ പിരിച്ചുവിട്ടതായ പരാതികളൊന്നും തൃശ്ശൂർ ജില്ലാ ലേബർ

ഓഫീസർക്ക് ലഭിച്ചിട്ടില്ല. 26 വർഷം ജോലി ചെയ്തവരെ പിരിച്ചുവിട്ട് പുതിയ അദ്ധ്യാപകരെ നിയമിച്ചത് ന്യായീകരിക്കാൻ കഴിയില്ല. 1947-ലെ വ്യവസായ തർക്ക നിയമ വകുപ്പ് 2 (എസ്) പ്രകാരമുള്ള തൊഴിലാളി എന്ന നിർവചനത്തിൽ അദ്ധ്യാപകർ വരുന്നില്ലെന്നും പ്രസ്തുത വിഷയത്തിന്മേൽ നടപടി സ്വീകരിക്കുവാൻ നിർവ്വാഹമില്ലെന്നും പരാതിക്കാരെ അറിയിച്ചിട്ടുള്ളതായി തൃശ്ശൂർ ജില്ലാ ലേബർ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ വ്യക്തമായ നിയമത്തിന്റെ അഭാവത്തിൽ ഇക്കാര്യത്തിൽ ഇടപെടുന്നതിന് സർക്കാരിന് പരിമിതികളുണ്ട്. ആയതിനാൽ സംസ്ഥാനത്ത് അംഗീകാരമുള്ള അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ നേരിടുന്ന തൊഴിൽ ചൂഷണവും തൊഴിൽ സുരക്ഷിതത്വമില്ലായ്മയും പരിഹരിക്കുകയും അദ്ധ്യാപകർക്ക് മിനിമം വേതനമെങ്കിലും ഉറപ്പുവരുത്തുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ ഒരു പുതിയ നിയമനിർമ്മാണം നടത്തുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## (5) കുണ്ടുകടവ് പാലം

ശ്രീ. പി. നന്ദകുമാർ: സർ, പൊന്നാനി മണ്ഡലത്തിൽ ഏറ്റവും പ്രധാനപ്പെട്ട പി.ഡബ്ല്യു.ഡി പാതയായ പൊന്നാനി-ആൽത്തറ-ഗുരുവായൂർ റോഡിൽ ബിയ്യം കായലിന് കുറുകെ കുണ്ടുകടവ് പാലം അപകടാവസ്ഥയിലായിട്ട് വർഷങ്ങളായി. നൂറുകണക്കിന് കണ്ടെയ്നർ ലോറികളടക്കമുള്ള വാഹനങ്ങൾ നിത്യേന പോയിക്കൊണ്ടിരിക്കുന്ന ഈ പാലത്തിന്റെ പൈലിംഗ് വർക്കുകളും വിയറുകളും ബീമുകളും കോൺക്രീറ്റുമെല്ലാം അടർന്നുവീണുകൊണ്ടിരിക്കുകയാണ്. ദ്രവിച്ച കമ്പികളെല്ലാം തന്നെ പുറത്തുകാണാം. പാലം അപകടത്തിലാണ്. അതുകൊണ്ട് ഈ പാലം പുതുക്കിപ്പണിയണമെന്ന് നിരന്തരമായി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഒരു ടോക്കൺ എമൗണ്ട് ഈ ബഡ്ജറ്റിൽ വച്ചിരുന്നെങ്കിലും ആ ടോക്കൺ എമൗണ്ട് കുറവായതുകൊണ്ട് ഭരണാനുമതി ലഭിക്കാത്ത അവസ്ഥയിൽ ഇതുമായി ബന്ധപ്പെട്ട് ഒരു നടപടിയും സ്വീകരിക്കുകയുണ്ടായില്ല. അത് മാറ്റിവയ്ക്കപ്പെട്ടിരിക്കുകയാണ്. ഈ പാലം തകർന്നുപോയാൽ ആ മേഖലയിലെ ഗതാഗതമാകെ സ്തംഭിക്കുന്ന അവസ്ഥ വരും. ഏറ്റവും വലിയ ഒരു പ്രശ്നമായി ഇത് മാറാൻ പോകുകയാണ്. അതുകൊണ്ട് അടിയന്തരമായി ഈ പ്രശ്നത്തിലിടപെട്ട് പുതിയ പാലം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ഗൗരവതരമായ ഈ അവസ്ഥ ബന്ധപ്പെട്ട വകുപ്പ് കാണണം. അതിനാവശ്യമായ സംവിധാനം ഉറപ്പുവരുത്തണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

പൊതുമരാമത്ത്-വിനോദസഞ്ചാരവകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട അംഗംശ്രീ. പി. നന്ദകുമാർ ഇവിടെ ഉന്നയിച്ചിട്ടുള്ളത് പൊന്നാനി നിയോജകമണ്ഡലത്തിലെ കുണ്ടുകടവ് പാലത്തിന്റെ പ്രവൃത്തി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നമാണ്. അംഗം പറഞ്ഞതുപോലെ ഈ പാലം അപകടാവസ്ഥയിലാണ്. പൊന്നാനി-മാടഞ്ചേരി എന്നീ പ്രദേശത്തെ

ബന്ധിപ്പിക്കുന്നതാണ് ഈ പാലം. ഏകദേശം 60 വർഷം പഴക്കമുള്ള പാലമാണ്. പാലത്തിന്റെ നിലവിലുള്ള അവസ്ഥ മനസ്സിലാക്കുവാൻ പൊതുമരാമത്ത് വകുപ്പ് Bridges Condition Index Study നടത്തിയിരുന്നു. ആ പരിശോധനയിൽ Bridges condition Index value-1 എന്നാണ് ലഭിച്ചത്. അതായത്, Index value-I എന്നുപറഞ്ഞാൽ അതിന്റെ ഏറ്റവും അപകടകരമായ സ്ഥിതി എന്നുള്ളതുതന്നെയാണ്. പാലം പുനർനിർമ്മാണം ആവശ്യമാണെന്നാണ് പഠനത്തിൽനിന്നും മനസ്സിലായിട്ടുള്ളത്. 2017-ൽ പാലം പുനർനിർമ്മാണത്തിന് മണ്ണ് പര്യവേഷണം പൂർത്തിയാക്കുകയും തുടർന്ന് ഡിസൈൻ തയ്യാറാക്കുകയും ചെയ്തു. 2020-2021-ലെ ബഡ്ജറ്റിൽ പദ്ധതി ഉൾപ്പെടുത്തിയിരുന്നു. ഇതിനുള്ള പദ്ധതി നിർദ്ദേശം ധനകാര്യ വകുപ്പിന് സമർപ്പിച്ചിരുന്നുവെങ്കിലും 2018-ലെ ഡി.എസ്.ആർ. പ്രകാരം എസ്റ്റിമേറ്റ് പുതുക്കി നൽകുവാൻ നിർദ്ദേശിച്ചിരിക്കുകയാണ്. അതോടൊപ്പം കുണ്ടുകടവ് പാലം പുനർനിർമ്മാണം നബാർഡ് സ്കീമിലുൾപ്പെടുത്തുന്നതിന് 29.30 കോടി രൂപയുടെ എസ്റ്റിമേറ്റ് ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

### (6) തുരുത്തി പാലം

ശ്രീമതി കെ. കെ. രമ: സർ, മാഹി പുഴയുടെയും മാഹി കനാലിന്റെയും കുത്തുപറമ്പ്-നാദാപുരം-വടകര മണ്ഡലങ്ങളുടെയും സംഗമ സ്ഥാനമായ തുരുത്തി ഭൂമിശാസ്ത്രപരമായും രാഷ്ട്രീയമായും ഒട്ടേറെ പ്രത്യേകതകളുള്ളതും അനന്തമായ ടൂറിസം സാധ്യതകളുള്ളതുമായ മേഖലയാണ്. രാജ്യാന്തര നിലവാരത്തിൽ വിഭാവന ചെയ്തിട്ടുള്ള മാഹി-വളപട്ടണം ജലപാതയും ഇതിനായി നിർമ്മിക്കപ്പെടാൻ പോകുന്ന ബോട്ട് ജെട്ടിയും കരിയാട് - കിടഞ്ഞി ഭാഗത്തേയ്ക്ക് വരാൻ പോകുന്ന തീരദേശ റോഡും സമീപത്തെ നടുത്തുരുത്തി എന്ന ചെറുതുരുത്തും വൈദേശികമായ ശക്തികളെ തുരത്താൻ സാമൂതിരി രാജാവ് 1766-ൽ നിർമ്മിച്ച ഏറാമല കോട്ടയുടെ ചരിത്രാവശിഷ്ടങ്ങളും, പ്രകൃത്യായുള്ള ഈ പ്രദേശം മൂന്ന് തുരുത്തുകൾ സന്ധിക്കുന്ന രീതിയിൽ തോന്നുംവിധം പരസ്പരം അഭിമുഖമായി കിടക്കുന്ന മനോഹരമായ പ്രകൃതിദത്ത തീരങ്ങളുള്ള, ഭൂപ്രകൃതിയാൽ അനുഗ്രഹീതമായ സ്ഥലമാണ്. വടകര നിയോജകമണ്ഡലത്തിലെ ഏറാമല, നാദാപുരം നിയോജകമണ്ഡലത്തിലെ എടച്ചേരി, കുത്തുപറമ്പ് നിയോജക മണ്ഡലത്തിലെ കരിയാട് എന്നീ പ്രദേശങ്ങളുടെ അടിസ്ഥാന യാത്രാ ആവശ്യങ്ങൾക്കും ദ്രുതഗതിയിലുള്ള വികസനത്തിനുമുതകുന്ന തരത്തിൽ ഒരു എഞ്ചിനീയറിംഗ് വൈദഗ്ധ്യത്തിന് നിദർശനമായി മാറുമായിരുന്ന പദ്ധതിയായിരുന്നു ഇവിടെ നിർമ്മിക്കുന്നതിനായി നിർദ്ദേശിച്ചിരുന്ന ഇംഗ്ലീഷ് അക്ഷരമാല ക്രമത്തിൽ 'Y' ആകൃതിയിലുള്ള പാലം. ഇവയെല്ലാം ഒത്തുചേരുമ്പോൾ കേരളത്തിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങൾ ഒന്നായി മാറുമെന്നതിൽ സംശയമില്ല. നോക്കിയാൽ പരസ്പരം കാണാവുന്ന അത്രയും അടുത്തുള്ള ഈ മൂന്ന് സ്ഥലങ്ങളും തമ്മിൽ പരസ്പരം ബന്ധപ്പെടുത്താൻ

തുരുത്തിപ്പുഴയിലൂടെ തോണി യാത്ര മാത്രമാണ് ഇപ്പോഴുള്ള ആശ്രയം. റോഡുമാർഗ്ഗം പോകുകയാണെങ്കിൽ കിലോമീറ്ററുകൾ ചുറ്റിവളഞ്ഞുവേണം ഓരോ സ്ഥലത്തും എത്തിച്ചേരാൻ. ഈ ദുരിതത്തിന് പരിഹാരമായാണ് ഈ മൂന്ന് ദേശങ്ങളെയും കൂട്ടിയിണക്കാൻ കഴിയുംവിധം ഒരു പാലം എന്ന സ്വപ്നം കാലാകാലങ്ങളായി ഇവിടത്തെ ജനത മുന്നോട്ടുവച്ചത്. ഏറെക്കാലത്തെ കാത്തിരിപ്പിനും സമ്മർദ്ദത്തിനുമൊടുവിൽ 2016-17 വർഷത്തെ പൊതുമരാമത്ത് വകുപ്പിന്റെ പുതിയ അലൈൻമെന്റ് പ്രകാരം Y മോഡൽ പാലം അംഗീകരിക്കുകയും തുടർനടപടികൾ സ്വീകരിക്കുകയുമുണ്ടായി. ദീർഘവീക്ഷണമില്ലാത്ത ചില നിക്ഷിപ്ത താൽപ്പര്യക്കാർ ഈ Y മോഡൽ പാലം എന്ന നേരത്തെ അംഗീകരിക്കപ്പെട്ട അലൈൻമെന്റ് അട്ടിമറിക്കുകയും വടകര മണ്ഡലത്തെ പൂർണ്ണമായും ഒഴിവാക്കി നാദാപുരം മണ്ഡലത്തെയും കണ്ണൂർ ജില്ലയെയും തമ്മിൽ മാത്രം ബന്ധിപ്പിക്കുന്ന ഒരു നേർപാലമാക്കി പദ്ധതിയെ ചുരുക്കുകയുമായിരുന്നു. ഇതോടുകൂടി വടകര മണ്ഡലം ഈ അനന്ത സാധ്യതകളിൽനിന്നും അവഗണിക്കപ്പെടുകയും ഈ പ്രദേശത്തുള്ളവരുടെ അടിസ്ഥാനാവകാശമായ യാത്രാ സൗകര്യങ്ങൾ നിഷേധിക്കപ്പെടുകയും ചെയ്തിരിക്കുകയാണ്. എന്തുകൊണ്ടാണ് വടകര മണ്ഡലത്തെ മാത്രം ഒഴിവാക്കിക്കൊണ്ട് നേരത്തെയുണ്ടായിരുന്ന പദ്ധതി അട്ടിമറിക്കപ്പെട്ടതെന്ന് ഇപ്പോഴും വ്യക്തമല്ല. മാഹി-വളപട്ടണം ജലപാതയിൽ നിന്നും ഏറാമല-കരിയാട് റോഡ് പദ്ധതിയിൽനിന്നും ഒഴിവാക്കപ്പെട്ട വടകര നിയോജകമണ്ഡലത്തോട് കടുത്ത അവഗണനയും ഒറ്റപ്പെടുത്തലുമാണു ണ്ടായിരിക്കുന്നത്. ഈ വിഷയത്തിൽ അങ്ങ് അടിയന്തരമായി ഇടപെടണമെന്നും അങ്ങ് ഈ സ്ഥലം സന്ദർശിക്കണമെന്നും നാദാപുരം-കൂത്തുപറമ്പ് മണ്ഡലങ്ങളിൽ യാത്ര ചെയ്യുന്നതിനുള്ള, ഏറാമല നിവാസികളുടെ അടിസ്ഥാന ആവശ്യവും അവകാശവുമായ യാത്രാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണമെന്നുമാണ് എനിക്ക് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, വടകര മണ്ഡലത്തിലെ ഏറാമലയെയും നാദാപുരം മണ്ഡലത്തിലെ എടച്ചേരിയെയും കൂത്തുപറമ്പ് മണ്ഡലത്തിലെ കരിയാടിനെയും ബന്ധിപ്പിക്കുന്ന പാലം നിർമ്മാണവുമായി ബന്ധപ്പെട്ട പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ശ്രീമതി കെ. കെ. രമ സബ്മിഷനിലൂടെ ഉന്നയിച്ചിട്ടുള്ളത്. 2016-ൽ തുരുത്തിമുക്കിൽ പാലം നിർമ്മിക്കുന്നതിന് തത്വത്തിൽ ഭരണാനുമതി നൽകിയിരുന്നു. Y മോഡൽ പാലത്തിനുള്ള ഡിസൈന് അംഗീകാരം നൽകുകയും ചെയ്തിരുന്നു. എന്നാൽ പാലം ഉൾനാടൻ ജലപാതയിലുൾപ്പെട്ടതിനാൽ സാങ്കേതികമായ ചില പ്രശ്നങ്ങൾ ഉയർന്നുവന്നു. ജലപാതയ്ക്കാവശ്യമായ vertical & horizontal clearance ആവശ്യമാണെന്ന് ഉൾനാടൻ ജലഗതാഗത വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്. Y മോഡൽ പാലം നിർമ്മാണം വിഷമകരമാകുമെന്ന വിലയിരുത്തലിലാണ് വകുപ്പ് എത്തിച്ചേർന്നിട്ടുള്ളത്. അതേത്തുടർന്ന് അന്നത്തെ പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെയും ആരോഗ്യ വകുപ്പുമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ ചേർന്ന

യോഗത്തിൽ നിലവിലുള്ള Y മോഡൽ പാലം എന്നത് ഒഴിവാക്കി എടച്ചേരി-കരിയാട് ഭാഗങ്ങളെ ബന്ധിപ്പിച്ച് പാലം നിർമ്മിക്കുവാൻ തീരുമാനിക്കുകയായിരുന്നു. നിലവിൽ പാലം നിർമ്മാണത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഏറാമലയെയും എടച്ചേരിയെയും ബന്ധിപ്പിക്കുന്ന പുതിയ പാലമെന്ന ആവശ്യം പരിശോധിക്കാവുന്നതാണ്. 140 മണ്ഡലങ്ങളിലും ഒരുപോലെ വികസനം സാദ്ധ്യമാക്കുകയെന്നതാണ് സർക്കാരിന്റെ നയം. പൊതുമരാമത്ത് വകുപ്പും അതേ നിലപാടുമായാണ് മുന്നോട്ടുപോകുന്നത്.

(7) പ്ലാമുടി- ഊരംകുഴി റോഡ് നിർമ്മാണം

ശ്രീ. ആന്റണി ജോൺ: സർ, എന്റെ നിയോജകമണ്ഡലത്തിലെ പ്ലാമുടി-ഊരംകുഴി റോഡിന്റെ അവശേഷിക്കുന്ന നിർമ്മാണ പ്രവൃത്തി വേഗത്തിൽ പൂർത്തീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്. കഴിഞ്ഞ സർക്കാരിന്റെ ആദ്യ ബഡ്ജറ്റിൽ കിഫ്ബി പദ്ധതിയായി ഉൾപ്പെടുത്തിയ ഒരു വർക്കായിരുന്നു ഇത്. അതിനുശേഷം 2018-ൽ എഗ്രിമെന്റുവച്ച് നിർമ്മാണം ആരംഭിച്ചു. ഇപ്പോൾ ഏതാണ്ട് മൂന്നുവർഷക്കാലം പൂർത്തിയാകുകയാണ്. ഈ മൂന്നുവർഷക്കാലം പൂർത്തിയാകുമ്പോഴും കോട്ടപ്പടി പഞ്ചായത്തിൽ വരുന്ന ഏതാണ്ട് 10 കിലോമീറ്റർ പ്രദേശത്ത് ബി.എം. വർക്ക് മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. ഇനി അവശേഷിക്കുന്ന പ്രദേശം നെല്ലിക്കുഴി പഞ്ചായത്തിലൂടെ കടന്നുപോകുന്ന പ്രദേശമാണ്. ഏതാണ്ട് 60,000-ത്തോളം ജനസംഖ്യ വരുന്ന കേരളത്തിലെ ഫർണിച്ചർ വ്യവസായത്തിന്റെ തലസ്ഥാനമെന്ന് അറിയപ്പെടുന്ന പ്രദേശം, നിരവധി ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെ പ്രവർത്തിക്കുന്ന ഒരു പ്രദേശമെന്നുള്ള നിലയിൽ ആ പഞ്ചായത്തിലൂടെ കടന്നുപോകുന്ന 6 കിലോമീറ്റർ പ്രദേശം, ഏതാണ്ട് ആറ് വർഷക്കാലമായി മെയിന്റനൻസ് പോലും നടത്താൻ കഴിയാത്ത ദുരവസ്ഥയിലാണ്. ഇന്ന് കാൽനട യാത്രപോലും ഈ റോഡിലൂടെ സാധ്യമല്ലാത്ത നിലയിൽ റോഡ് തകർന്നിരിക്കുകയാണ്. ആളുകൾ തിങ്ങിപ്പാർക്കുന്ന ഒരു മേഖല എന്നുള്ള നിലയിൽ ഈ റോഡിൽ കൂടുതൽ വീതി കണ്ടെത്തുകയെന്നത് പ്രായോഗികമല്ല. നിലവിലുള്ള വീതിയിൽ കിഫ്ബിയിൽ നിന്നോ പി.ഡബ്ള്യു.ഡി.യിൽനിന്നോ തുക അനുവദിച്ചുകൊണ്ടുതന്നെ ഇതിന്റെ തുടർപ്രവർത്തനം വേഗത്തിൽ പൂർത്തീകരിക്കുന്നതിനുവേണ്ട ഇടപെടലുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കോതമംഗലം മണ്ഡലത്തിലെ പ്ലാമുടി-കോട്ടപ്പടി -ഊരംകുഴി റോഡ് വികസനവുമായി ബന്ധപ്പെട്ടാണ് ബഹുമാനപ്പെട്ട അംഗം ആന്റണി ജോൺ സബ്മിഷൻ ഉന്നയിച്ചിരിക്കുന്നത്. കിഫ്ബി ഫണ്ടിൽനിന്നും പ്രവൃത്തി നടത്തുന്ന റോഡിൽ നെല്ലിക്കുഴി മുതൽ ഊരംകുഴിവരെയുള്ള ഭാഗങ്ങളിൽ മാനദണ്ഡമനുസരിച്ച് വീതിയില്ലാത്തതിനാൽ പ്രവൃത്തി ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. വാട്ടർ അതോറിറ്റി പൈപ്പ്ലൈൻ മാറ്റി സ്ഥാപിക്കുവാനുള്ള

സ്ഥലവും ഇവിടെ ഉണ്ടായിരുന്നില്ല. ഇതേത്തുടർന്ന് 5 മീറ്റർ ഗാര്യേജ് വേ ഇല്ലാത്ത ഭാഗങ്ങൾ പദ്ധതിയിൽനിന്നും ഒഴിവാക്കി. കിഫ്ബി പദ്ധതിയിൽനിന്നും ഒഴിവാക്കിയ ഭാഗം പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ കീഴിലേയ്ക്ക് മാറ്റി പ്രവൃത്തി നടത്തണമെന്ന നിർദ്ദേശമാണ് നിലവിലുള്ളത്. ഇതിനായി 7 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതിന് ഭരണാനുമതി ലഭിച്ചാൽ തുടർനടപടികളിലേയ്ക്ക് കടക്കാം.

## (8) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

ശ്രീ. അൻവർ സാദത്ത്: സർ, കേരളത്തിലെ പാവപ്പെട്ട രോഗികൾ അനുഭവിക്കുന്ന പ്രധാനപ്പെട്ട വിഷയമാണ് ഞാൻ സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്. നമ്മുടെ നാട്ടിൽ ഏറ്റവും കൂടുതൽ ജനങ്ങൾ ബുദ്ധിമുട്ടുന്നത് ഭക്ഷണത്തിനല്ല. തന്റെ ബന്ധുക്കളുടെ, കൂടപിറപ്പുകളുടെ ചികിത്സയ്ക്കുവേണ്ടിയാണ് ഇന്ന് കേരളത്തിലെ ജനങ്ങൾ ഏറ്റവുമധികം പ്രയാസപ്പെടുന്നത്. മാരകമായ അസുഖങ്ങൾ വരുന്നവരുടെ ചികിത്സയ്ക്ക് ആശ്രയമായിരുന്നത് കേരളത്തിലെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായിരുന്നു. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കാരുണ്യ പദ്ധതിയുണ്ടായിരുന്നു. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്ര-സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ സംയുക്തമായി ദേശീയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി Rashtriya Swasthya Bima Yojana (R.S.B.Y) നടപ്പിലാക്കി. എന്നാൽ Pradhan Mantri Jan Arogya Yojana (PM-JAY) പ്രകാരം നൽകിയ ആരോഗ്യ ഇൻഷ്വറൻസ് കാർഡുകൾ കഴിഞ്ഞ മൂന്നുവർഷമായി പുതുക്കി നൽകിയിട്ടില്ല. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ നൽകാനാണ് ഈ പദ്ധതി ലക്ഷ്യമിട്ടിരുന്നത്. പക്ഷെ ഇപ്പോൾ കേരളത്തിൽ ചിയാക് ഏജൻസി മുഖേന നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ Rashtriya Swasthya Bima Yojana പ്രകാരം ഇൻഷ്വറൻസ് ലഭിച്ച ആളുകളുടെ കാർഡുകൾ പുതുക്കി നൽകാത്തത് കാരണം ആയിരക്കണക്കിന് പാവപ്പെട്ടവർക്ക് ഇൻഷ്വറൻസ് നിലച്ച അവസ്ഥയിലാണ്. അതുമൂലം നിരവധിയാളുകൾക്ക് ചികിത്സ ലഭിക്കുന്നില്ല. ഈ പദ്ധതി പ്രകാരം മുപ്പതിനായിരം മുതൽ അഞ്ച് ലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നുവെന്നാണ് മനസ്സിലാക്കുന്നത്. മറ്റുള്ള സംസ്ഥാനങ്ങളിൽ ഈ കാർഡുള്ളവർക്ക് 5 ലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നുണ്ട്. ഇൻഷ്വറൻസ് കാർഡുള്ളവർക്ക് മാത്രമാണ് ഗവൺമെന്റ് ആശുപത്രികളിൽ ചികിത്സ ലഭിക്കുന്നത്. പല പ്രൈവറ്റ് ആശുപത്രികളും ഇതിൽനിന്നും പിന്മാറുന്ന സാഹചര്യമാണുള്ളത്. അതുകൊണ്ട് ഈ പദ്ധതി നടപ്പിലാക്കണം. ഇൻഷ്വറൻസ് കാർഡ് പുതുക്കിക്കൊടുക്കാനുള്ള സാഹചര്യമുണ്ടാകണം. ഇവിടത്തെ പാവപ്പെട്ടവർക്ക് ഒരു ആശ്രയമായിരുന്നു ഈ ഇൻഷ്വറൻസ് പരിരക്ഷയെന്ന് ഞാൻ തുടക്കത്തിൽ സൂചിപ്പിച്ചു. കേന്ദ്ര ഗവൺമെന്റ് 25 ശതമാനവും സംസ്ഥാന ഗവൺമെന്റ് 75 ശതമാനവും തുകയാണ്

ഒടുക്കുന്നതെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. ഇൻഷ്വറൻസ് കാർഡ് പുതുക്കിക്കൊടുക്കാനും സാധാരണക്കാരായ ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ ഈ പദ്ധതി മുന്നോട്ടുകൊണ്ടുപോകാനും സാധിക്കണം. ഗവൺമെന്റ് ആശുപത്രികളിൽ മാത്രമല്ല മറ്റുള്ള ആശുപത്രികളിലും ഈ കാർഡ് സ്വീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് സാധാരണക്കാരന്റെ പ്രശ്നത്തിന് പരിഹാരം കണ്ടെത്തണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഭാരിച്ച ചികിത്സാ ചെലവുകൾ കുടുംബങ്ങളുടെ സാമ്പത്തിക ഭദ്രത ഇല്ലാതാക്കുന്ന സാഹചര്യം മറികടക്കുന്നതിനായാണ് കേന്ദ്ര സർക്കാരിന്റെ പങ്കാളിത്തത്തോടെ കേരള സർക്കാർ നടപ്പിലാക്കുന്ന ചികിത്സാ പദ്ധതിയായ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതിൽ ആർ.എസ്.ബി.വൈ. ഘടകത്തിൽ മാത്രമാണ് കേന്ദ്ര സർക്കാരിന്റെ പങ്കാളിത്തമുള്ളത്. ഈ പദ്ധതിക്ക് രൂപം നൽകുന്നതിനുമുമ്പ് കേരളത്തിൽ നിലവിലുണ്ടായിരുന്ന ആർ.എസ്.ബി.വൈ. ചിസ്, ചിസ് പ്ലസ് എന്നീ പദ്ധതികൾ ഏകീകരിച്ചുകൊണ്ടാണ് സംസ്ഥാനത്ത് 1-4-2019 മുതൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) നടപ്പിലാക്കിയത്. അർഹതയുള്ള കുടുംബങ്ങളിലെ എല്ലാ അംഗങ്ങൾക്കും പ്രായവ്യത്യാസമില്ലാതെ അഞ്ച് ലക്ഷം രൂപ വരെ ദ്വിതീയ/തൃതീയതല പരിചരണത്തിനും ചികിത്സയ്ക്കുമായി ഓരോ വർഷവും പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളിൽനിന്നും സൗജന്യമായി ചികിത്സ ലഭിക്കുന്നതാണ്. 25 സ്പെഷ്യാലിറ്റികളിലായി 1667 പാക്കേജുകൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാർ വിഭാവന ചെയ്ത 89 പാക്കേജുകളിൽനിന്നും സൗജന്യ ചികിത്സ ലഭ്യമാണ്. പാക്കേജുകളിൽ ഉൾപ്പെടുത്താത്ത ചികിത്സകൾക്കായി അൺ സ്പെസിഫൈഡ് പാക്കേജുകൾ ഉപയോഗിക്കാവുന്നതാണ്. നിലവിൽ 193 സർക്കാർ ആശുപത്രികളിലും 574 സ്വകാര്യ ആശുപത്രികളിലും കേരളത്തിലുടനീളം പദ്ധതിയുടെ സേവനം ലഭ്യമാണ്. നടപ്പുസാമ്പത്തിക വർഷം ഇതുവരെ 2,76,348 ഗുണഭോക്താക്കൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്. ഇവർക്ക് 773,22,15,173 രൂപയുടെ ചികിത്സയാണ് നൽകിയത്. ഇതിൽ KASP-ൽ ആർ.എസ്.ബി.വൈ.-യിൽ മാത്രമാണ് കേന്ദ്ര സഹായമുള്ളത്. അത് 60:40 എന്ന അനുപാതത്തിലാണ്. അതിൽ 40 ശതമാനത്തിന്റെ ഭാഗമാണ് കേന്ദ്രം നൽകുന്നത്. അങ്ങനെയാണ് പദ്ധതിയെങ്കിലും ഒരു സാമ്പത്തിക വർഷം കേന്ദ്ര വിഹിതത്തിനർഹമായ ഒരു കുടുംബത്തിന് പരമാവധി ലഭിക്കുന്നത് 631 രൂപയാണ്. പദ്ധതി ആരംഭിച്ച ആദ്യ വർഷം 2018-19-ൽ ഇത് നടപ്പിലാക്കിയത് ഇൻഷ്വറൻസ് മാതൃകയിലാണ്. ഈ സമയത്ത് തൊഴിൽ വകുപ്പിന്റെ കീഴിലുള്ള CHIAK (Comprehensive Health Insurance Agency of Kerala) എന്ന സ്ഥാപനത്തിനായിരുന്നു പദ്ധതി നടത്തിപ്പിന്റെ ചുമതല. നിയമാനുസൃതം ടെണ്ടർ നടപടികളിലൂടെ റിലയൻസ് ജനറൽ

ഇൻഷ്വറൻസ് കമ്പനി പ്രൈവറ്റ് ലിമിറ്റഡിനെ തെരഞ്ഞെടുക്കുകയും ഈ സ്ഥാപനം മുഖാന്തരം കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുകയും ചെയ്തു. 2020 ജൂലൈ 1 മുതൽ പദ്ധതി അഷ്വറൻസ് മാതൃകയിലേയ്ക്ക് മാറുകയും സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ കീഴിൽ പദ്ധതി നടത്തിപ്പിനായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് (S.H.A.K.) രൂപം നൽകുകയും ചെയ്തു. നിലവിൽ 41.71 ലക്ഷം കുടുംബങ്ങൾക്ക് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചുവരുന്നു. നിലവിലെ പദ്ധതി ഗൈഡ് ലൈൻ പ്രകാരം കാർഡ് എടുക്കാത്ത അർഹരായ കുടുംബങ്ങളിലെ അംഗങ്ങൾക്ക് ചികിത്സ ആവശ്യമായി വരുന്ന സമയത്ത് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്ന ആശുപത്രികളിലെ കാസ്പ് കിയോസ്കുകളിൽനിന്ന് കാർഡ് ലഭ്യമാക്കുന്നതാണ്. കാർഡ് എടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ താഴെപ്പറയും പ്രകാരമാണ്. അർഹതപ്പെട്ട കുടുംബമാണെങ്കിൽ ചികിത്സ ആവശ്യമായി വരുന്ന സാഹചര്യത്തിൽ കാസ്പ് പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളിലെ കിയോസ്കുകളിൽനിന്ന് താഴെപ്പറയുന്ന രേഖകൾ ഹാജരാക്കി അംഗത്വം നേടാവുന്നതാണ്. 2018-19-ലെ സാധുവായ രാഷ്ട്രീയ സ്വാസ്ഥ്യ ബീമായോജന ചിസ്, ചിസ് പ്ലസ് കാർഡുകൾ അല്ലെങ്കിൽ 2011 സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് പ്രകാരം പദ്ധതിയിൽ അർഹരായവർ, ആധാർ കാർഡ്, റേഷൻ കാർഡ് എന്നിവ ഹാജരാക്കി കാസ്പ് പദ്ധതിയിൽ അംഗത്വം നേടാവുന്നതാണ്. അംഗത്വം വർഷാവർഷം പുതുക്കേണ്ടതില്ല. ഇതിലെ പ്രധാനപ്പെട്ട കാര്യം കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലുൾപ്പെടാത്തതും 3 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവരുമായ ആളുകൾക്ക് എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ ഒരു കുടുംബത്തിന് ഒറ്റത്തവണത്തേയ്ക്ക് രണ്ട് ലക്ഷം രൂപയുടെ സൗജന്യ ചികിത്സയും വൃക്ക സംബന്ധമായ അസുഖമാണെങ്കിൽ 3 ലക്ഷം രൂപ വരെ ചികിത്സാ സൗജന്യവും എസ്.എച്ച്.എ.കെ.യിൽ എംപാനൽ ചെയ്ത ആശുപത്രികളിൽനിന്നും കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം ലഭ്യമാക്കിവരുന്നു. ബഹുമാനപ്പെട്ടഅംഗം പറഞ്ഞ അർഹതയുണ്ടായിട്ടും ആർ.എസ്.ബി.വൈ.-യിൽ ഉൾപ്പെടാതെ പോയിട്ടുള്ളവരേയും ആർ.എസ്.ബി.വൈ. അംഗത്വം പുതുക്കാതെ നഷ്ടപ്പെട്ടുപോയവരേയും കാസ്പിന്റെ ഡേറ്റ ബേസിൽ ഉൾപ്പെടുത്താൻ കേന്ദ്രത്തിന്റെ അനുവാദംകൂടി ആവശ്യമാണ്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരുമായി ആശയവിനിമയം നടത്തി ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## (9) ഇടമലക്കുടി, ചട്ടമൂന്നാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ

ശ്രീ. എ. രാജ: സർ, കേരളത്തിലെ ഏക ഗോത്രവർഗ്ഗ ഗ്രാമപഞ്ചായത്തായ ഇടമലക്കുടിയിലും ചട്ടമൂന്നാറിലും പ്രാഥമികാരോഗ്യ കേന്ദ്രത്തിനായി 2019-ൽ കെട്ടിടം പണിയുകയും 2020-ൽ ജീവനക്കാരുടെ ക്വാർട്ടേഴ്സ് ഉൾപ്പെടെയുള്ള അനുബന്ധ സൗകര്യങ്ങൾ ഒരുക്കുകയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ

പ്രവർത്തനങ്ങൾക്കായി 15 ലക്ഷം രൂപയുടെ ഉപകരണങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. ദേവികുളം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററും അടിമാലി താലൂക്കാശുപത്രിയുമാണ് നിലവിൽ ഇടമലക്കുടി നിവാസികളുടെ ഏക ആശ്രയം. മഴ സമയങ്ങളിൽ വാഹനങ്ങളടക്കം അവിടെ എത്തിച്ചേരാൻ കഴിയാത്ത അവസ്ഥയാണ്. പെട്ടെന്ന് എന്തെങ്കിലും രോഗം പിടിപെട്ടാൽ ആശുപത്രിയിൽ എത്തിച്ചേരുകയെന്നത് വലിയ ബുദ്ധിമുട്ടുള്ള കാര്യമാണ്. ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിച്ച് സർക്കാർ ഉത്തരവായിട്ടും ജീവനക്കാരെ നിയമിക്കാത്തതുമൂലം ഈ കേന്ദ്രങ്ങളുടെ പ്രവർത്തനം ആരംഭിക്കാത്ത സ്ഥിതിയാണ്. ആയതിനാൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നതാണ് എന്റെ സബ്മിഷൻ.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, വളരെ പ്രധാനപ്പെട്ട വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. ഒരു പഞ്ചായത്തിന് ഒരു പ്രാഥമികാരോഗ്യകേന്ദ്രം എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഇല്ലാത്ത പഞ്ചായത്തുകളിലായി 13 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങാൻ സ്റ്റാഫ് പാറ്റേൺ അടക്കം 2013-ൽ ഉത്തരവായി. ഈ ഉത്തരവിൽ ഇടുക്കി ജില്ലയിലെ ഇടമലക്കുടി, ചട്ടമൂന്നാർ എന്നിവയും ഉൾപ്പെട്ടിരുന്നു. സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച വിവരങ്ങൾ ഞാൻ മേശപ്പുറത്ത് വയ്ക്കുകയാണ്*. അതോടൊപ്പംതന്നെ സ്ഥലവും കെട്ടിടവുമുണ്ടായിരുന്നില്ല. നിലവിൽ ഈ സ്ഥലങ്ങളിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്കാവശ്യമായ കെട്ടിട നിർമ്മാണവും വൈദ്യുതീകരണവും പൂർത്തീകരിക്കുകയും ആവശ്യമായ സാധന സാമഗ്രികളെല്ലാം തന്നെ സജ്ജീകരിക്കുകയും ചെയ്തിട്ടുണ്ട്. രണ്ട് സ്ഥാപനങ്ങളിലേയ്ക്കും സുഗമമായ ഗതാഗത സൗകര്യം ലഭ്യമാണെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ആശുപത്രി പ്രവർത്തിക്കുന്നതിനാവശ്യമായ എല്ലാ സജ്ജീകരണങ്ങളും നിലവിൽ പൂർത്തീകരിച്ചിട്ടുള്ള സാഹചര്യത്തിൽ അനുവദിക്കപ്പെട്ട തസ്തികകളിൽ നിയമനം നടത്തിയാൽ ഈ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തന സജ്ജമാക്കാവുന്നതാണ്. 2013-ൽ തസ്തിക അനുവദിച്ചെങ്കിലും ആശുപത്രി ഇല്ലാത്തതുമൂലം നിയമനം നടത്തിയില്ല. ഇത്രയും വർഷം കഴിഞ്ഞതിനാൽ പുതുക്കിയ അനുമതി ആവശ്യമാണ്. ഇതിന്റെ നടപടികൾ ആരംഭിച്ചിട്ടുണ്ട്. 8 തസ്തികകളിലേയ്ക്ക് നിയമനം നടത്തി ഇടമലക്കുടി, ചട്ടമൂന്നാർ പ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### (10) കൊണ്ടോട്ടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ കഴിഞ്ഞ സഭയിലും കൊണ്ടോട്ടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റലിന്റെ സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്നും

* അനുബന്ധം III ആയി ചേർത്തിട്ടുണ്ട്.

തസ്തികകൾ സൃഷ്ടിക്കണമെന്നുമാവശ്യപ്പെട്ട് സബ്മിഷൻ അവതരിപ്പിച്ചിരുന്നു. ഇത് കോഴിക്കോട് എയർപോർട്ടിന്റെ റഫറൽ ഹോസ്പിറ്റലാണെന്ന് അന്ന് ഞാൻ പറഞ്ഞിരുന്നു. നിർഭാഗ്യവശാൽ 2020 ആഗസ്റ്റ് 7-നുശേഷം കോഴിക്കോട് എയർപോർട്ടിൽ വിമാനദുരന്തം നടന്നുവെങ്കിലും ഒരു രോഗിയേയോ അപകടം പറ്റിയ ഒരാളെയോ ആ ആശുപത്രിയിൽ ചികിത്സിക്കേണ്ടി വന്നിട്ടില്ല. ആ ആശുപത്രിയെ ആ തലത്തിലേയ്ക്ക് വളർത്തിക്കൊണ്ട് വന്നില്ലെന്നതാണ് ഇതിന് കാരണം. 1957-ൽ സ്ഥാപിതമായ ഈ ആരോഗ്യ സ്ഥാപനം 2018-ലാണ് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയായി ഉയർത്തപ്പെട്ടത്. പക്ഷേ ഇപ്പോഴും ഒരു താലൂക്കാശുപത്രിക്കാവശ്യമായ ഡോക്ടർമാരോ അനുബന്ധ ജീവനക്കാരോ ഇവിടെയില്ല. കോവിഡിനുമുമ്പ് ദിനംപ്രതി 25 ഐ.പി. രോഗികളും 1500-ഓളം ഒ.പി. രോഗികളും വരാറുണ്ടായിരുന്നു. ഹജ്ജ് എംബാർക്കേഷൻ പോയിന്റ് കോഴിക്കോട് എയർപോർട്ടിൽ വന്ന എല്ലാ കാലഘട്ടത്തിലും ആയിരക്കണക്കിന് ഹജ്ജ് തീർത്ഥാടകർക്ക് കുത്തിവയ്പുൾപ്പെടെയുള്ള ആരോഗ്യസേവനങ്ങൾ നിർവ്വഹിച്ചുവന്നിരുന്ന ഹോസ്പിറ്റലാണിത്.

കോവിഡ് സമയത്ത് എയർപോർട്ടിലേയ്ക്കാവശ്യമായിട്ടുള്ള കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളും സേവനങ്ങളുമൊക്കെ ഈ ആശുപത്രിയെ കേന്ദ്രീകരിച്ചുകൊണ്ടാണ് നടന്നിട്ടുള്ളത്. എയർപോർട്ടിൽ ദുരന്തങ്ങളോ അത്യാഹിതമോ ഉണ്ടായാൽ ആദ്യം ആശ്രയിക്കേണ്ടത് കൊണ്ടോട്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റലിനെയാണ്. ഈ ആശുപത്രിക്ക് കിഫ്ബിയിൽ നിന്നും 33 കോടി രൂപ പശ്ചാത്തല സൗകര്യവികസനത്തിന് അനുവദിച്ചുതന്നിട്ടുണ്ട്; അതിന്റെ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ആശുപത്രിയും കെട്ടിടങ്ങളുമുണ്ടായിട്ടോ പേര് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി എന്നായതുകൊണ്ടോ കാര്യമില്ല; അവിടെ ആവശ്യമായ ഡോക്ടർമാരും അതുപോലെ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റലെന്ന നിലയ്ക്കുള്ള മെഡിക്കൽ ഓഫീസർ, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ, സീനിയർ കൺസൾട്ടന്റ്സ്, ഗൈനക്ക്, പീഡിയാട്രിക്, ഓർത്തോ, ഇ.എൻ.ടി. സർജറി, അനസ്തേഷ്യ, ഒപ്താൽമോളജി, ഡെർമറ്റോളജി അടക്കം ആവശ്യമായ എല്ലാ തസ്തികകളും സൃഷ്ടിച്ചുകൊണ്ട് അനുബന്ധമായ പാരാമെഡിക്കൽ സ്റ്റാഫിനെയും മറ്റും നൽകണമെന്നതാണ് ആവശ്യം. അതോടൊപ്പം എയർപോർട്ട് അതോറിറ്റി അവരുടെ സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ച് കാൻസർ ഡിറ്റക്ഷൻ സെന്ററിന് വളരെ മനോഹരമായ ഒരു കെട്ടിടം നിർമ്മിച്ചുതന്നിട്ടുണ്ട്. പക്ഷേ അത് കാൻസർ ഡിറ്റക്ഷൻ സെന്ററായി സംസ്ഥാന സർക്കാർ അംഗീകരിക്കുകയും ആരോഗ്യ വകുപ്പ് അംഗീകരിക്കുകയും ചെയ്താൽ അതിനാവശ്യമായിട്ടുള്ള എക്യുപ്മെന്റ്സ് വേണമെങ്കിൽ സംഘടിപ്പിക്കാൻ കഴിയും. ഡോക്ടർമാരുടേതടക്കമുള്ള തസ്തികകൾ സൃഷ്ടിച്ചുതന്നാൽ കാൻസർ രോഗികൾക്കുൾപ്പെടെ ഉപകാരപ്രദമാകുന്ന ഒരു ഹോസ്പിറ്റലാകും. ഈ ആശുപത്രിയെ അതിന്റേതായ രീതിയിൽ ഉയർത്തി തസ്തികകളും അതുപോലെ അനുബന്ധ ജീവനക്കാരെയും സൃഷ്ടിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ 2018-ലാണ് കൊണ്ടോട്ടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയായി ഉയർത്തിയത്. മലപ്പുറത്തെ കൊണ്ടോട്ടി മുനിസിപ്പാലിറ്റി പരിധിയിലാണ് ഈ ആശുപത്രിയുള്ളത്. ഇവിടെ അനുവദിച്ചിട്ടുള്ള കിടക്കകളുടെ എണ്ണം 29 ആണ്. കോഴിക്കോട് അന്താരാഷ്ട്ര വിമാന ത്താവളത്തിന്റെ ഏറ്റവും അടുത്തുള്ള പ്രധാന സർക്കാർ ആശുപത്രി എന്നുള്ള നിലയ്ക്ക് വിമാനത്താവളവുമായി ബന്ധപ്പെട്ട് വേണ്ടിവരുന്ന അടിയന്തര ചികിത്സാ സാഹചര്യങ്ങളിൽ പ്രധാന പങ്കുവഹിക്കുന്ന ആശുപത്രിയാണിത്. ഈ ആശുപത്രിയിൽ കോവിഡിനുമുമ്പ് ശരാശരി 800 മുതൽ 1200 വരെ ഒ.പി.യും 25 ഐ.പി.യുമാണ് ഉണ്ടായിരുന്നത്. ഈ ആശുപത്രിയുടെ ദൈനംദിന ചികിത്സാ സംവിധാനങ്ങൾക്ക് മുടക്കം വരാതെയിരിക്കാൻ കോവിഡിന്റെ കിടത്തി ചികിത്സ, കോവിഡ് ഒ.പി. എന്നിവ എയർപോർട്ടിനടുത്തുള്ള ഹജ്ജ് ഹൗസിലാണ് പ്രവർത്തിച്ചുവരുന്നത്. 10 വരെ ഐ.പി.യും ദിവസേന 500 ഒ.പി.യും ഇവിടെ നടന്നുവരുന്നു. താലൂക്കാശുപത്രിയിൽ നല്ല നിലയിൽ പ്രവർത്തിക്കുന്നൊരു ലാബുമുണ്ട്. പാലിയേറ്റിവ് രോഗികൾക്കുള്ള ഹോം കെയർ പരിചരണ വിഭാഗം മുനിസിപ്പാലിറ്റിയുടെ വാർഷിക വികസന പദ്ധതിയിലുൾപ്പെടുത്തി നടന്നുവരുന്നു. ക്ഷയരോഗ നിയന്ത്രണം, പൊതുജനാരോഗ്യം, മാതൃ-ശിശു സംരക്ഷണാരോഗ്യം, കാഴ്ച പരിശോധന, സെക്കണ്ടറി പാലിയേറ്റീവ് എന്നീ വിഭാഗങ്ങളും മാസത്തിൽ ഒരിക്കൽ മാനസികാരോഗ്യ ഒ.പി.യും ഇവിടെ പ്രവർത്തിക്കുന്നു. എൻ.സി.ഡി. രോഗികൾക്കുള്ള ഒ.പി.യുമുണ്ട്. കൊണ്ടോട്ടി താലൂക്ക് ആശുപത്രിയുടെ അടിസ്ഥാന പശ്ചാത്തല സൗകര്യ വികസനങ്ങൾക്കും ഉപകരണങ്ങൾക്കുമായി കിഫ്ബി ധന സഹായത്തോടുകൂടി 32.34 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. INKEL-നെ പദ്ധതി നടത്തിപ്പിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ചുമതലപ്പെടുത്തുകയും ഈ ഏജൻസി പദ്ധതിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികളാരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ സ്ഥാപനത്തിൽ സിവിൽ സർജൻ - 3, ജൂനിയർ കൺസൾട്ടന്റ് ഫിസിഷ്യൻ - 1, അസിസ്റ്റന്റ് സർജൻ - 3, കാഷ്വാൽറ്റി മെഡിക്കൽ ഓഫീസർ - 4 എന്നിങ്ങനെ 11 ഡോക്ടർമാരുടെ തസ്തികകളും സ്റ്റാഫ് നഴ്സ് - 8, ലാബ് ടെക്നീഷ്യൻ - 2, ഫാർമസിസ്റ്റ് - 2 ഉൾപ്പെടെ 52 ജീവനക്കാരുടെ സ്ഥിരം തസ്തികകളുമുണ്ട്. ഇതുകൂടാതെ ഒരു ഡോക്ടർ ഉൾപ്പെടെ 8 താൽക്കാലിക ജീവനക്കാർ എൻ.എച്ച്.എം. മുഖാന്തരവും 9 ജീവനക്കാർ HSC (Health Science Centre) മുഖാന്തരവും ഇവിടെ ജോലി ചെയ്യുന്നുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ജൂനിയർ കൺസൾട്ടന്റ് മെഡിസിൻ - 1, കാഷ്വാൽറ്റി മെഡിക്കൽ ഓഫീസർ - 4, സ്റ്റാഫ് നഴ്സ് - 4, ലാബ് ടെക്നീഷ്യൻ - 1, ഹോസ്പിറ്റൽ അറ്റന്റൻഡ് ഗ്രേഡ് II - 1 എന്നിങ്ങനെ 11 തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം സ്റ്റാഫ് നഴ്സ് - 2, ഫാർമസിസ്റ്റ് - 1 എന്നീ 3 തസ്തികകൾ അധികമായി സൃഷ്ടിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ സാഹചര്യങ്ങളുടെ പ്രാധാന്യവും കോഴിക്കോട് വിമാനത്താവളത്തിന് ഏറ്റവുമടുത്തുള്ള സർക്കാർ ആശുപത്രിയെന്നതും അതുപോലെ കിഫ്ബി ധനസഹായത്തോടുകൂടി അടിസ്ഥാനസൗകര്യ വികസനത്തിനായുള്ള പദ്ധതി ആവിഷ്കരിച്ച് നടപടികൾ പുരോഗമിച്ചുവരുന്നുവെന്നതും കണക്കിലെടുത്ത് ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും അധിക തസ്തികകൾ ഇവിടെ സൃഷ്ടിക്കാൻ കഴിയുമോ എന്നത് ഇപ്പോഴത്തെ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് ഗൗരവമായി പരിശോധിക്കുന്നതാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

## V റിപ്പോർട്ട് സമർപ്പണം

### 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ റിപ്പോർട്ട്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച വിഷയ നിർണ്ണയ സമിതി VIII-ന്റെ അദ്ധ്യക്ഷനായ ഞാൻ 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

## VI നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കാൻ അനുവാദം

### ശ്രീ. ഉമ്മൻചാണ്ടി, ഡോ. കെ. ടി. ജലീൽ എന്നിവർക്ക് അനുമതി നൽകുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 170(1) അനുസരിച്ച് സഭയുടെ യോഗങ്ങളിൽ ഹാജരാകാതിരിക്കുന്നതിന് അനുവാദം ആവശ്യപ്പെട്ട് ശ്രീ. ഉമ്മൻ ചാണ്ടി ഒരു അവധി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഞാൻ അപേക്ഷ വായിക്കാം.

"Since I am under going Ayurvedic treatment, I am unable to attend assembly session till 22-10-2021. Kindly grant me leave from attending assembly session."

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 170(1) അനുസരിച്ച് സഭയുടെ യോഗങ്ങളിൽ ഹാജരാകാതി രിക്കുന്നതിന് അനുവാദം ആവശ്യപ്പെട്ട് ഡോ. കെ. ടി. ജലീൽ ഒരു അവധി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഞാൻ അപേക്ഷ വായിക്കാം.

"ഒക്ടോബർ 8, 11, 12, 13 തീയതികളിൽ നടക്കുന്ന നിയമസഭാ സമ്മേളനങ്ങളിൽ എനിക്ക് പങ്കെടുക്കാൻ അസൗകര്യമുള്ള കാര്യം അങ്ങയെ വിനയപൂർവ്വം അറിയിക്കുകയാണ്. ഒക്ടോബർ 7-ാം തീയതി ഉച്ചയ്ക്ക് എന്റെ ഒരു സ്വകാര്യ ആവശ്യത്തിന് യു.എ.ഇ.യിലേയ്ക്ക് യാത്ര പോവുകയാണ്. ഒരാഴ്ചത്തെ വിസിറ്റാണ് ഉദ്ദേശിക്കുന്നത്. എന്റെ അനുജനും കുടുംബവും യു.എ.ഇ.യിലാണുള്ളത്. അവരെയും മറ്റ് ബന്ധുമിത്രാദികളെയും സന്ദർശിക്കുക എന്നതാണ് യാത്രയുടെ ഉദ്ദേശ്യം. കൂടെ മലയാളികളുടെ രണ്ടോ മൂന്നോ കൂട്ടായ്മകളിലും പങ്കെടുക്കുന്നുണ്ട്. മേൽ ദിവസങ്ങളിൽ എനിക്ക് ലീവ് അനുവദിക്കാൻ വിനീതമായി അഭ്യർത്ഥിക്കുന്നു."

പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളന കാലയളവിൽ ശ്രീ. ഉമ്മൻ ചാണ്ടിക്ക് 2021 ഒക്ടോബർ 22 വരെയും ഡോ. കെ. ടി. ജലീലിന് 2021 ഒക്ടോബർ 13 വരെയുമുള്ള സഭയുടെ എല്ലാ യോഗങ്ങളിലും ഹാജരാകാതിരിക്കുന്നതിന് അനുവാദം നൽകുന്നതിന് സഭയ്ക്ക് സമ്മതമാണോ?

സഭയുടെ അനുമതിയോടെ ഹാജരാകാതിരിക്കുവാൻ അനുവാദം നൽകിയിരിക്കുന്നു.

ശ്രീ. പി. ടി. തോമസ്: സർ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 303(2) പ്രകാരം ചോദിക്കുകയാണ്. ബഹുമാന്യനായ നിലമ്പൂർ എം.എൽ.എ.യെ കുറേനാളുകളായി ഈ സഭയിൽ കാണുന്നില്ല. എന്നാൽ കഴിഞ്ഞ ദിവസം അദ്ദേഹത്തിന്റെ ഒരു നക്ഷത്രചിഹ്നമിട്ട ചോദ്യം സഭയിൽ വന്നിട്ടുണ്ടായിരുന്നു. അതെങ്ങനെ യാണെന്നുള്ള സംശയം ഞാൻ ഇപ്പോൾ ഉന്നയിക്കുന്നില്ല; അദ്ദേഹം ഇതുപോലൊരു ലീവ് ആപ്ലിക്കേഷൻ ഇവിടെ തന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുമില്ല. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ ഒരു വിശദീകരണം നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ചോദ്യം ഓൺലൈനായി ബഹുമാനപ്പെട്ട അംഗങ്ങൾക്ക് നൽകാവുന്നതാണ്. അദ്ദേഹത്തിന്റെ കാര്യത്തിൽ ചട്ടവിരുദ്ധമായൊന്നും ഉണ്ടായിട്ടില്ല.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, അദ്ദേഹം അവധി അപേക്ഷ നൽകിയിട്ടുണ്ടോ; അക്കാര്യം സഭയ്ക്ക് അറിയണ്ടേ?

മി. സ്പീക്കർ: സഭയെ അറിയിക്കേണ്ട കാര്യങ്ങളെല്ലാം അറിയിച്ച് അനുവാദം വാങ്ങിയിട്ടുണ്ട്.

## VII നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2021-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ

സഹകരണ - രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, 2021-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള ചട്ടം 75(1) പ്രകാരമുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## VIII ക്രമപ്രശ്നം

(1) ബില്ലിന് അവതരണാനുമതി നൽകുന്നത് സംബന്ധിച്ച്

ശ്രീ. യു. എ. ലത്തീഫ്: സർ, 2021-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ അവതരിപ്പിക്കുന്നതിന് മൂന്ന് തടസ്സവാദങ്ങളാണ് ഞാൻ ഉന്നയിക്കുന്നത്. ഒന്ന്, സംസ്ഥാന ഗവൺമെന്റിന്റെ അധികാര പരിധിയിൽപ്പെടാത്ത ബാങ്കിംഗ് റെഗുലേഷൻ ആക്ട് അമന്റ്മെന്റ് 2020 ഇന്ത്യയിലെ സംസ്ഥാന സഹകരണ ബാങ്കുകൾക്കും ജില്ലാ ബാങ്കുകൾക്കും 1-4-2021 മുതൽ ബാധകമാക്കി 23-12-2020-ന് ഗവൺമെന്റ് ഓഫ് ഇന്ത്യ നോട്ടിഫിക്കേഷൻ ഇറക്കി. ബാങ്കിംഗ് റെഗുലേഷൻ ആക്ട് 44(എ) വകുപ്പനുസരിച്ച് ഒരു ഷെയർ ഹോൾഡേഴ്സ് യോഗത്തിന്റെ മൂന്നിൽ രണ്ട് ഭൂരിപക്ഷമുണ്ടെങ്കിൽ മാത്രമേ ബാങ്കിനെ ലയിപ്പിക്കാൻ പാടുള്ളൂവെന്ന് നിയമം അനുശാസിക്കുന്നുണ്ട്. രണ്ട്, ഈ ഓർഡിനൻസിന് എതിരായുള്ള റിട്ട് അപ്പീലിൽ എട്ട് കേസ്സുകളിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിന്റെ ഒരു സ്റ്റേ സ്റ്റാറ്റസ് കോ (Status quo) നിലവിലുണ്ട്. അങ്ങനെ നിലവിലുള്ളപ്പോൾ ഇത് അവതരിപ്പിക്കുന്നത് ശ്ലാഘനീയമല്ല. മൂന്ന്, ഇന്ത്യൻ ഭരണഘടനയുടെ 213-ാം ആർട്ടിക്കിൾ പ്രകാരം immediate action ആവശ്യമായി വന്നിരിക്കുന്നുവെന്ന് ബഹുമാനപ്പെട്ട ഗവർണർക്ക് ബോദ്ധ്യപ്പെടണം. അതുപോലെ ബഹുമാനപ്പെട്ട പ്രസിഡന്റിന്റെ നിർദ്ദേശവും വേണം. അങ്ങനെയുള്ള ഒരു സാഹചര്യവുമുണ്ടായിട്ടില്ല. മാത്രമല്ല, അടുത്ത സഭാ സമ്മേളനത്തിൽ അത് അവതരിപ്പിച്ചിട്ടുമില്ല. ഈ മൂന്ന് കാരണങ്ങളാൽ ഇതിന് അവതരണാനുമതി നിഷേധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(2) ബില്ലിന്റെ പരിഗണന മാറ്റിവയ്ക്കണമെന്നത് സംബന്ധിച്ച്

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ബാങ്കിന്റെ പ്രസിഡന്റുകൂടിയായ മഞ്ചേരി അംഗം ശ്രീ. യു. എ. ലത്തീഫ് ചൂണ്ടിക്കാണിച്ച കാര്യങ്ങളെ ഞാൻ അതുപോലെ അടിവരയിടുകയാണ്. നിലവിൽ ഒരു വ്യവഹാരം നിലനിൽക്കുന്നതും നിയമപരമായി കോടതിയിൽ നിലനിൽക്കുന്നതുമായ പ്രശ്നങ്ങളിൽ യാതൊരുവിധ തത്വദീക്ഷയുമില്ലാതെ ആ നിയമത്തിൽ സർക്കാരിന്റെ ഭാഗത്തിന് വിജയം കിട്ടാൻവേണ്ടി നിയമനിർമ്മാണം നടത്തുകയെന്നതാണ് കഴിഞ്ഞ രണ്ടുദിവസങ്ങളായി കണ്ടുവരുന്നത്. ഇതൊരിക്കലും അംഗീകരിക്കാവുന്നതല്ല. 2021-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബില്ലിന് ആധാരമായ ഓർഡിനൻസിനെതിരായി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് നിലവിലുള്ളതും ഡിവിഷൻ ബെഞ്ച് status quo ഉത്തരവ് നൽകിയിട്ടുള്ളതുമാണ്. ഇക്കാര്യത്തിലുള്ള തുടർനടപടികൾ കോടതി സ്റ്റേ ചെയ്തിട്ടുണ്ട്. കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയങ്ങളെ മറികടക്കുന്നതിനുവേണ്ടി പുതിയ നിയമനിർമ്മാണം നടത്തുന്നത് നിയമവിരുദ്ധവും ഭരണഘടനാ വിരുദ്ധവുമാണ്.

മറ്റൊരു കാര്യം, സംസ്ഥാനത്തെ ജില്ലാ ബാങ്കുകളെ കേരള ബാങ്കിൽ ലയിപ്പിച്ചപ്പോൾ മലപ്പുറം ജില്ലാ ബാങ്ക് സ്വന്തം നിലയിൽ നിലനിൽക്കണമെന്ന ആവശ്യവുമായി കോടതിയെ സമീപിക്കുകയും അതിന് മലപ്പുറം ജില്ലാ ബാങ്കിന് കോടതി അനുമതി നൽകുകയും ചെയ്തു. ആ അനുമതിയെ ബൈപ്പാസ് ചെയ്യാനാണ് ഈ നിയമനിർമ്മാണം നടത്തുന്നത്. കോടതി അനുമതി നൽകിയശേഷം തെരഞ്ഞെടുപ്പ് നടത്താൻ പറഞ്ഞു. കോടതിയുടെ നിർദ്ദേശപ്രകാരം തെരഞ്ഞെടുപ്പ് നടത്തി ഭരണസമിതി രൂപീകരിച്ച് ഇപ്പോൾ മുന്നോട്ടുപോകുകയാണ്. ഈ നടപടികളെ അട്ടിമറിക്കാനാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. കോടതിവിധിയെ അട്ടിമറിക്കാൻ മാത്രമായി നിയമനിർമ്മാണം നടത്തുന്നത് നമ്മുടെ രാജ്യത്തിന്റെ ഭരണഘടനാനുസൃതമായ തത്വങ്ങൾക്ക് വിരുദ്ധമാണ്. ഇവിടെ നമ്മൾ ഭരണഘടന പഠിച്ചിട്ടുണ്ട്. There is a power to legistature, some other power to executive and someother power to judiciary. ഇത് തമ്മിലുള്ള ബന്ധത്തെ പോറലേൽപ്പിക്കുന്ന നീക്കമാണിത്. ഇത്തരം നീക്കങ്ങളെ പ്രോത്സാഹിപ്പിക്കുന്നത് ഭരണഘടനാ തത്വങ്ങൾക്ക് വിരുദ്ധമാണ്. മറ്റൊരു കാര്യം, മൂന്നിൽ രണ്ട് ഭൂരിപക്ഷമുണ്ടെങ്കിൽ മാത്രമേ സഹകരണ നിയമപ്രകാരം രണ്ട് സഹകരണ സ്ഥാപനങ്ങളെ തമ്മിൽ ലയിപ്പിക്കാൻ സാധിക്കുകയുള്ളൂ. നിങ്ങൾ എന്താണ് ചെയ്തത്? ആദ്യത്തെ സഹകരണ ഭേദഗതിയിലൂടെ സർക്കാർ അതിനെ കേവല ഭൂരിപക്ഷമെന്നാക്കി മാറ്റി. എന്നിട്ടും 32-നെതിരെ 97 വോട്ടുകൾക്ക് ഈ നീക്കത്തെ പരാജയപ്പെടുത്തിയ ബാങ്കാണ് മലപ്പുറം ജില്ലാ സഹകരണ ബാങ്ക്. ഇവിടെ ജനാധിപത്യത്തിന് ഒരു വിലയുമില്ല. ജനഹിതത്തിനല്ലേ ജനാധിപത്യത്തിൽ പ്രാധാന്യം നൽകേണ്ടത്? ഈ നിയമത്തിലൂടെ ജനവിധിയെ, ജനാധിപത്യത്തെ അട്ടിമറിക്കുകയാണ്. ശ്രീ. യു. എ. ലത്തീഫ് ചൂണ്ടിക്കാണിച്ചതുപോലെ

2021 ഏപ്രിൽ 1-നുശേഷം പുതിയ ബാങ്കുകളുടെ ലയനമുണ്ടാകുമ്പോൾ മൂന്നിൽ രണ്ട് ഭൂരിപക്ഷം വേണമെന്ന് റിസർവ് ബാങ്കിന്റെ കൃത്യമായ നിർദ്ദേശമുണ്ട്. കേന്ദ്ര നിയമമായ ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ പറയുന്നത്. ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ അടിസ്ഥാനത്തിൽ റിസർവ് ബാങ്ക് പുറപ്പെടുവിച്ച ഒരു ഉത്തരവിനെതിരെ, അതായത് കേന്ദ്ര നിയമത്തിനെതിരെ സംസ്ഥാന നിയമം നിലനിൽക്കുമോ? Where there is a conflict between the Central and the State, the Central will prevail എന്ന് വളരെ കൃത്യമായി ഭരണഘടന പറയുന്നു. കേന്ദ്ര-സംസ്ഥാന നിയമങ്ങൾ തമ്മിൽ ഏറ്റുമുട്ടലുണ്ടായാൽ കേന്ദ്ര നിയമത്തിനാണ് പ്രാമുഖ്യം. മൂന്നിൽ രണ്ട് ഭൂരിപക്ഷത്തിന്റെ പിന്തുണയില്ലാതെ ഒരു സഹകരണ ബാങ്കിനെ മറ്റൊരു സഹകരണ ബാങ്കുമായി 2021 ഏപ്രിൽ 1-നുശേഷം ലയിപ്പിക്കാൻ പാടില്ല. It is a correct law position of the Central. അത് തെറ്റിക്കുകയാണ്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്...

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, നഷ്ടത്തിലേയ്ക്ക് പോകുന്ന കേരള ബാങ്കിലേയ്ക്കാണ് ലാഭത്തിൽ പോകുന്ന മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ ലയിപ്പിക്കുന്നത്. ഇത് ഉത്തമ വിശ്വാസത്തിലുള്ള നിയമനിർമ്മാണമാണെന്ന് ഒരു കാരണവശാലും പറയാൻ സാധിക്കില്ല. ഹൈക്കോടതി നിർദ്ദേശപ്രകാരം നടത്തിയ തെരഞ്ഞെടുപ്പിലൂടെ 18 അംഗങ്ങളെ ഐകകണ്ഠ്യേന തെരഞ്ഞെടുത്ത ഒരു ബോർഡിനെയാണ് നിങ്ങൾ പിരിച്ചുവിടുന്നത്. ഇത് ജനാധിപത്യത്തെ കശാപ്പുചെയ്യലാണ്.

മി. സ്പീക്കർ: അങ്ങേയ്ക്ക് മതിയായ സമയം അനുവദിച്ചു. പ്ലീസ് കൺക്ലൂഡ്...

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇത് നമ്മുടെ അവകാശമല്ലേ? അങ്ങ് ചട്ടം 70(1) പരിശോധിക്കണം. അത് ദുരുപയോഗം ചെയ്യുന്നത് ശരിയല്ല.

മി. സ്പീക്കർ: അങ്ങ് സമയത്തിനകത്തുനിന്ന് സംസാരിക്കണം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഒരു കാര്യം കൂടി പറഞ്ഞ് അവസാനിപ്പിക്കാം. ശ്രീ. അമിത്ഷായും കേന്ദ്രഗവൺമെന്റും സംസ്ഥാനങ്ങളെ വരുതിയിലാക്കാനായി സഹകരണ നിയമം പാർലമെന്റിലെ ഭൂരിപക്ഷം വച്ച് ദുരുപയോഗം ചെയ്യുന്ന രീതി തന്നെയാണ് മലപ്പുറം ജില്ലാ ബാങ്കിനെ പിടിച്ചെടുക്കാൻ നിങ്ങളും ചെയ്തുകൊണ്ടിരിക്കുന്നത്. അതിനാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ശ്രീ. യു. എ. ലത്തീഫ് ചൂണ്ടിക്കാണിച്ചതുപോലെ ഒൻപത് കേസ്സുകളിൽ തീർപ്പുവരുന്നത് വരെയെങ്കിലും ഈ നിയമം അവതരിപ്പിക്കാൻ അനുവാദം നൽകരുതെന്ന് ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷനോട് വളരെ വിനീതമായി ഞാൻ അപേക്ഷിക്കുകയാണ്.

സഹകരണ - രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഭാരതത്തിന്റെ ഭരണഘടനയുടെ ഏഴാം പട്ടികയിലെ ലിസ്റ്റ് II - സംസ്ഥാന ലിസ്റ്റിലെ 32-ാം ഉൾക്കുറിപ്പ് പ്രകാരം 'സഹകരണ സംഘങ്ങൾ' എന്ന വിഷയത്തിൽ നിയമനിർമ്മാണം നടത്താൻ സംസ്ഥാന നിയമസഭയ്ക്ക് സമ്പൂർണ്ണ അധികാരമുണ്ട്. ഇന്ത്യൻ ഭരണഘടനയുടെ 213-ാം അനുച്ഛേദമനുസരിച്ച് സത്വര നടപടികൾ ആവശ്യമായ പരിതസ്ഥിതികളുണ്ടെന്ന് ബഹുമാനപ്പെട്ട ഗവർണർക്ക് ബോദ്ധ്യപ്പെട്ടതിനാലാണ് 2020-ലെ കേരള സഹകരണ സംഘം (ഭേദഗതി) ഓർഡിനൻസ് പുറപ്പെടുവിക്കുകയും പുനഃവിളംബരം ചെയ്യുകയും ചെയ്തിട്ടുള്ളത്. പ്രസ്തുത ഓർഡിനൻസ് പുറപ്പെടുവിച്ചതിനും പുനഃവിളംബരം ചെയ്തതിനുമെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ബോധിപ്പിച്ചിരുന്ന റിട്ട് ഹർജികൾ തീർപ്പാക്കിക്കൊണ്ട് 28-4-2021-ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ ഭരണഘടനാപരമായ ആവശ്യം നിലനിന്നിരുന്നതിനാലാണ് ഇപ്രകാരം ഓർഡിനൻസ് പുറപ്പെടുവിച്ചതെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയും കണ്ടെത്തിയിട്ടുണ്ട്. ഭരണഘടനയുടെ അനുച്ഛേദം 213 പ്രകാരം സംസ്ഥാന ലിസ്റ്റിൽപ്പെട്ട സഹകരണ സംഘങ്ങൾ എന്ന വിഷയത്തിൽ നിയമനിർമ്മാണം നടത്തുന്നതിന് സംസ്ഥാനങ്ങൾക്ക് സമ്പൂർണ്ണ അധികാരമുള്ളതാകുന്നു. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ മൂന്നംഗ ബഞ്ച് യൂണിയൻ ഓഫ് ഇന്ത്യ Vs രാജേന്ദ്ര എൻ. ഷാ എന്ന കേസ്സിൽ 20-7-2021-ൽ പുറപ്പെടുവിച്ച ഭൂരിപക്ഷ വിധിന്യായത്തിൽ ഈ വിഷയവും ഭരണഘടനയുടെ 97-ാം ഭേദഗതിയും വിശദമായി വിശകലനം ചെയ്യുകയും ഭരണഘടനയുടെ 97-ാം ഭേദഗതിപ്രകാരം സഹകരണ സംഘങ്ങളെ സംബന്ധിച്ച് ഭരണഘടനയിലുൾപ്പെടുത്തിയിരുന്ന പാർട്ട് IX ബി (ഭാഗം IX ബി) മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾക്ക് മാത്രമേ ബാധകമാകുവെന്നും സംസ്ഥാനങ്ങളുടെ നിയമനിർമ്മാണ മണ്ഡലത്തിൽപ്പെടുന്ന സഹകരണ സംഘങ്ങൾക്ക് ബാധകമല്ലെന്നും വ്യക്തമാക്കിക്കൊണ്ട് അപ്രകാരം റദ്ദ് ചെയ്തിട്ടുള്ളതുമാകുന്നു. 2019-ലെ കേരള സഹകരണ സംഘം (ഭേദഗതി) ആക്ട് (2019-ലെ 1-ാം ആക്ട്) പ്രകാരം കൂട്ടിച്ചേർത്ത 14 എ വകുപ്പ് പ്രകാരം പ്രസ്തുത ആക്ടിലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും അംഗങ്ങളുടെ പ്രത്യേക പൊതുയോഗത്തിൽ ഹാജരായിട്ടുള്ളതും വോട്ട് ചെയ്യുന്ന അംഗങ്ങളുടെ കേവല ഭൂരിപക്ഷത്തോടെ പാസ്സാക്കുന്ന പ്രമേയം വഴി ജില്ലാ സഹകരണ ബാങ്കുകൾക്ക് അവയുടെ ആസ്തികളും ബാദ്ധ്യതകളും പൂർണ്ണമായും കേരള സഹകരണ ബാങ്കിന് കൈമാറാവുന്നതും പ്രമേയം രജിസ്ട്രാർ അംഗീകരിക്കുന്ന തീയതി മുതൽ അത്തരം കൈമാറ്റം പ്രാബല്യത്തിൽ വരുമെന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് കേരള സഹകരണ സംഘം ആക്ട് 1969 ഭേദഗതി ചെയ്തിട്ടുള്ളതുമാണ്. 03-10-2018-ൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ അനുവാദം നൽകിയത് പ്രകാരമാണ് ഈ നടപടി സ്വീകരിച്ചിട്ടുള്ളത്. 2019-ലെ 1-ാം ആക്ട് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 1969-ലെ കേരള സഹകരണ സംഘം ആക്ടിലെ 14 എ വകുപ്പ് പ്രകാരം കേരള സംസ്ഥാന സഹകരണ ബാങ്കും 13 ജില്ലാ സഹകരണ

ബാങ്കുകളും പരസ്പരം സംയോജിപ്പിച്ച് രൂപംകൊണ്ട കേരള ബാങ്ക് എന്ന് വിളിക്കുന്ന കേരള സംസ്ഥാന സഹകരണ ബാങ്കുമായുള്ള സംയോജനത്തിൽനിന്ന് വിട്ടുനിന്നതായ ഒരു ജില്ലാ സഹകരണ ബാങ്കിനെ ലയിപ്പിക്കുന്നതിനുള്ള നടപടി ക്രമങ്ങളാണ് ഈ ബില്ലിലെ 2(ii), 9 എന്നീ ഖണ്ഡങ്ങളിലൂടെ കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നത്. മാത്രമല്ല, റിസർവ് ബാങ്കുമായി കൂടിയാലോചിച്ചുകൊണ്ടും സംഘാംഗങ്ങൾക്ക് ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ബോധിപ്പിക്കുന്നതിന് അവസരം നൽകിക്കൊണ്ടുമുള്ള നടപടിക്രമങ്ങളാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഈ വ്യവസ്ഥ 15-1-2020 തീയതി മുതൽ പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് 2020-ലെ കേരള സഹകരണ സംഘം ഭേദഗതി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നതും ആയതിനാൽ 1-4-2021 മുതൽ പ്രാബല്യത്തിൽ വരുത്തിയ 2020-ലെ ബാങ്കിംഗ് റെഗുലേഷൻ ആക്ടിലെ വ്യവസ്ഥകൾ ഈ ബില്ലിന്റെ അവതരണത്തെ നിയമപരമായി തടയുന്നതല്ലെന്നും ബോധിപ്പിക്കുന്നു. കൂടാതെ 2020-ലെ 6-ാം നമ്പർ ഓർഡിനൻസിന്റെ ഭരണഘടനാ സാധുത ചോദ്യം ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിക്കപ്പെട്ട റിട്ട് ഹർജികളിൽ പ്രസ്തുത ഭേദഗതി വരുത്തിയ നടപടി ശരിവച്ചുകൊണ്ട് 28-4-2021-ൽ അന്തിമ വിധി പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിധിയെ ചോദ്യം ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ചിൽ സമർപ്പിക്കപ്പെട്ട റിട്ട് അപ്പീലുകളിൽ തൽസ്ഥിതി തുടരാൻ ഉത്തരവായിട്ടുണ്ടെങ്കിലും പ്രസ്തുത ഉത്തരവ് ഇതുസംബന്ധിച്ച് നിയമനിർമ്മാണം നടത്തുന്നതിനുള്ള സംസ്ഥാന നിയമസഭയുടെ നിയമനിർമ്മാണാധികാരത്തെ ഒരു വിധത്തിലും തടയുന്നില്ല. ആയതിനാൽ 2021-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബില്ലിനെതിരെയുള്ള തടസ്സവാദം നിലനിൽക്കുന്നതല്ല. കോഡൂർ സഹകരണ ബാങ്ക് മുതലായവർ ബോധിപ്പിച്ചിരുന്ന റിട്ട് ഹർജികൾ തള്ളിക്കൊണ്ട് സമർപ്പിച്ച വിധി ന്യായത്തിനെതിരെയാണ് ബഹുമാനപ്പെട്ട എം.എൽ.എ. എൻ. ഷംസുദ്ദീൻ തടസ്സവാദം ഉന്നയിച്ചിട്ടുള്ളത്. അതിൽ ബാങ്ക് മുതലായവർ അപ്പീൽവാദികളായി ഡിവിഷൻ ബഞ്ച് മുമ്പാകെ ബോധിപ്പിച്ചിരിക്കുന്ന റിട്ട് അപ്പീൽ 708/2021-ൽ 4-5-2021-ന് ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച Status quo ഉത്തരവ് ഇപ്രകാരമാണ്. "Status quo as on today with respect to the petitioners/ appellants shall be maintained." ആയതിനാൽ ഈ നിയമനിർമ്മാണം നടത്തുന്നതിന് പ്രസ്തുത ഇടക്കാല ഉത്തരവ് തടസ്സപ്പെടുത്തുന്നതല്ലാതാകുന്നു.

അതുകൂടാതെ അദ്ദേഹം സൂചിപ്പിച്ച മറ്റൊരു കാര്യം, ആർ.ബി.ഐ. ഈ കാര്യത്തിൽ തടസ്സം പറഞ്ഞിരിക്കുന്നുവെന്നാണ്. അതുമായി ബന്ധപ്പെട്ട് ആർ.ബി.ഐ. മുന്നോട്ടുവച്ച 19 വ്യവസ്ഥകളുണ്ട്. അതിൽ ഒന്നാമത്തെ വ്യവസ്ഥയായി പറഞ്ഞിരിക്കുന്നത്, "Condition for the grant of 'in principle' approval of amalgamation of 14 DCBs in Kerala with Kerala State Co operative Bank Ltd.

1. The due process as required under the provisions of the State Co-operative Societies Act and the State Co-operative Societies Rules as adopted by the Kerala be followed. At every stage the provisions of Kerala Co-operative Societies Act must be complied with."

ഇതിൽ പ്രധാനമായും എടുത്തുപറഞ്ഞിരിക്കുന്നത് ബി.ആർ. ആക്ടിന്റെ പരിധിയിലല്ല, കേരളത്തിൽ കോ-ഓപ്പറേറ്റീവ് സെക്ടർ എന്ന രൂപത്തിൽത്തന്നെ 97-ാം ഭരണഘടനാ ഭേദഗതിയുടെ വിധിയിലും അതോടൊപ്പംതന്നെ ആർ.ബി.ഐ. നിഷ്കർഷിച്ചിട്ടുള്ള 19 വ്യവസ്ഥകളിൽ ഒന്നാമത്തെ വ്യവസ്ഥ സഹകരണമേഖലയിൽത്തന്നെ നിലനിർത്തിക്കൊണ്ട് ആയിരിക്കണമെന്നു തന്നെയാണ്. ആ കൂട്ടത്തിൽ ഒരു കാര്യം കൂടി സൂചിപ്പിക്കട്ടെ, ബി.ആർ. ആക്ട് വരുമ്പോൾ ഒരു ഡ്യൂവൽ സൂപ്പർവിഷൻ ഉണ്ടാകുമെന്നുള്ള കാര്യം ശരിയാണ്. അതേസമയം ഈ ബാങ്കിന്റെ പ്രധാനപ്പെട്ട കാര്യങ്ങളെല്ലാം സംസ്ഥാന സഹകരണ ബാങ്ക് എന്ന നിലയ്ക്കാണ് നടത്തുന്നത്. 'കേരള ബാങ്ക്' എന്നത് ഒരു ബ്രാൻഡ് നെയിമായി അംഗീകരിച്ചിട്ടുള്ളതാണ്. അതിനാൽ തടസ്സവാദം നിലനിൽക്കുന്നതല്ല.

## റൂളിംഗ്

മി. സ്പീക്കർ: ഓർഡർ........ഓർഡർ............ ഇന്ന് സഭ മുമ്പാകെ വരുന്ന 2021-ലെ 117-ാം നമ്പർ ഓർഡിനൻസിന് പകരമുള്ള 2021-ലെ കേരളാ സഹകരണ സംഘ രണ്ടാം (ഭേദഗതി) ബില്ലിന്റെ ഉദ്ദേശ്യവും ഉള്ളടക്കവും ഇന്ത്യൻ ഭരണഘടനയുടേയും കേന്ദ്ര നിയമമായ ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റേയും വ്യവസ്ഥകൾ ലംഘിക്കുന്നതാകയാൽ അതിന് അവതരണാനുമതി നൽകരുതെന്നാണ് ശ്രീ. യു. എ. ലത്തീഫ് തടസ്സവാദത്തിലൂടെ ഉന്നയിച്ചത്. അതുപോലെ ഈ ബില്ലിന് ആധാരമായ ഓർഡിനൻസ് പുറപ്പെടുവിച്ചതിനെതിരെയുള്ള കേസ് കേരളാ ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ പരിഗണനയിൽ ഇരിക്കുന്നതിനാൽ പ്രസ്തുത കേസ്സിലെ വിധി വരുന്നതുവരെ ബില്ലിന്റെ പരിഗണന മാറ്റിവയ്ക്കണമെന്നാണ് ശ്രീ. എൻ. ഷംസുദ്ദീൻ ഉന്നയിച്ച പ്രധാനപ്പെട്ട തടസ്സവാദം. രണ്ട് തടസ്സവാദങ്ങളേയും സംബന്ധിച്ച് ബഹുമാനപ്പെട്ട സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. ഈ ബിൽ ഇന്ന് സഭയിൽ അവതരിപ്പിക്കുന്നതിനും തുടർ നടപടികളിലേയ്ക്ക് കടക്കുന്നതിനും ഭരണഘടനാപരമോ നിയമപരമോ സഭാ ചട്ടപ്രകാരമുള്ളതോ ആയ എന്തെങ്കിലും തടസ്സമുള്ളതായി പ്രത്യക്ഷത്തിൽ കാണാൻ കഴിയാത്ത സാഹചര്യത്തിൽ അതുസംബന്ധിച്ച തടസ്സവാദങ്ങൾ തള്ളുന്നു.

**നിയമനിർമ്മാണകാര്യം (തുടർച്ച)**

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, 2021-ലെ കേരളാ സഹകരണ സംഘം രണ്ടാം (ഭേദഗതി) ബിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഈ ബില്ലിന്റെ ആദ്യ ഭാഗത്തുവരുന്നത് മിൽമയുടെ ക്ഷീര വ്യവസായ സഹകരണ സംഘവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ്. നിലവിൽ നമ്മുടെ സംസ്ഥാനത്ത് ക്ഷീര വികസന മേഖലയിൽ വന്നിട്ടുള്ള ചില പോരായ്മകൾ പരിഹരിക്കുന്നതിനാണ് ഇതിലെ ആദ്യത്തെ ഭാഗം ചേർത്തിട്ടുള്ളത്. 1980-ലെ ഓപ്പറേഷൻ ഫ്ലഡ്-II എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായാണ് കേരള സഹകരണ ക്ഷീര വിപണന ഫെഡറേഷൻ രൂപീകരിച്ചത്. ഈ ഫെഡറേഷൻ ഒരു ത്രികക്ഷി കരാറിലാണ് തുടക്കംകുറിച്ചത്. സംസ്ഥാന സർക്കാരും ഇന്ത്യൻ ഡയറി കോർപ്പറേഷനും ദേശീയ ക്ഷീര വികസന ബോർഡുമായിരുന്നു പ്രസ്തുത കരാറിലെ മൂന്ന് കക്ഷികൾ. ഇതിന്റെ അടിസ്ഥാനത്തിൽ 1985-ൽ തിരുവനന്തപുരം മേഖലാ ക്ഷീരോൽപ്പാദക യൂണിയൻ നിലവിൽവന്നു. ആ ഘട്ടത്തിൽതന്നെ എറണാകുളം കേന്ദ്രീകരിച്ചുള്ള മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയനും നിലവിൽ വന്നു. എന്നാൽ മലബാർ മേഖലയിൽ, ഈ സംഘത്തിന് ആ കാലഘട്ടത്തിൽ വേണ്ടത്ര പാലുൽപ്പാദനം നടത്താൻ കഴിഞ്ഞില്ലെന്ന കാരണം പറഞ്ഞ് മാറ്റിവച്ചു. പിന്നീട് 1987-ലെ ഇ. കെ. നായനാർ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ മലബാർ മേഖലയിൽ പ്രത്യേകമായി സ്വിറ്റ്സർലാൻഡ് ഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടെ മലബാർ മേഖലാ ക്ഷീര വിപണന സംഘം നിലവിൽവന്നു. ഇങ്ങനെ രൂപംകൊണ്ട സംഘത്തിന്റെ പ്രവർത്തനങ്ങളിൽ കാലോചിതമായ ഒരു മാറ്റമുണ്ടാകണമെന്ന നിലയ്ക്ക് കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ശ്രീമതി ലിഡാ ജേക്കബ് കൺവീനറായി ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിരുന്നു. ഈ മേഖലയിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് രൂപീകരിച്ച ആ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഇന്ന് ആ സംഘത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ക്ഷീര കർഷകർക്ക് പ്രയോജനപ്പെടുന്ന രൂപത്തിലേയ്ക്ക് മാറണമെന്നും അതിന്റെ ജനാധിപത്യപരമായ ഉള്ളടക്കവും ജനകീയാടിത്തറയും വിപുലീകരിക്കേണ്ടതു

ണ്ടെന്നുമുള്ള റിപ്പോർട്ടിന്റെയും ഒരു ഉന്നതതല സമിതി ആ വിഷയം പഠിച്ച് ശിപാർശ ചെയ്തതിന്റെയും അടിസ്ഥാനത്തിൽ, പ്രാഥമിക സംഘങ്ങളുടെ നിലവിലുള്ള ബൈലായിലും മേഖലാ യൂണിയനുകളുടെ ബൈലായിലും ഭേദഗതി വരുത്തി. അതിന്റെ അടിസ്ഥാനത്തിൽ ഒരു നിയമ ഭേദഗതിയും ആവശ്യമായി വന്നു. ആ നിയമ ഭേദഗതിയാണ് ഇപ്പോൾ ഈ ബില്ലിൽ വന്നിട്ടുള്ളത്. അതിൽ പ്രധാനമായും അവർ ചൂണ്ടിക്കാണിച്ച കാര്യം, അന്ന് ഭരണ രംഗത്ത് കടലാസ് സംഘങ്ങൾ ധാരാളമുണ്ടായിരുന്നു. 'ആനന്ദ്' ക്ഷീര സഹകരണ സംഘം മാതൃകയിൽ APCOS സംഘങ്ങൾ നിലവിൽ വന്നപ്പോൾ APCOS-ന് പരിഗണന കിട്ടാനും യഥാർത്ഥ ക്ഷീര കർഷകർ ഇതിൽ അംഗങ്ങളായി വരാനും ആ ക്ഷീര കർഷകരിൽനിന്നും ഭരണസമിതിയിലേയ്ക്ക് ആളുകൾ വരാനുമാണ് പ്രധാനമായും ഈ ഭേദഗതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. അതിൽ വ്യക്തമായി നിഷ്കർഷിക്കുന്നത്, എരുമയെയോ പശുവിനെയോ, ഏതെങ്കിലുമൊന്നിനെ വളർത്തി 180 ദിവസത്തിനുള്ളിൽ 500 ലിറ്റർ പാൽ ഉല്പാദിപ്പിച്ച്, പ്രത്യേക ഡയറി ഫാമുണ്ടാക്കി, ആ തരത്തിൽ ക്ഷീര കൃഷിയിലേർപ്പെടുന്ന ഒരാൾക്കുമാത്രമേ ഈ സംഘത്തിൽ സ്ഥിര മെമ്പർഷിപ്പ് ലഭിക്കുകയുള്ളൂ എന്നാണ്. അങ്ങനെയുള്ള ഒരാൾക്ക് മാത്രമേ മത്സരിച്ച് ഇതിന്റെ ഭരണസമിതിയിലേയ്ക്ക് വരാൻ കഴിയൂ എന്ന രീതിയിൽ ഘടനാപരമായ ഒരു മാറ്റംതന്നെ വരുത്താൻ സാധിച്ചു.

അടുത്ത നിർദ്ദേശം, ക്ഷീര കൃഷിയിൽ ഏർപ്പെടുന്നതിൽ ഏകദേശം അൻപത് ശതമാനത്തോളവും സ്ത്രീകളാണ്. എന്നാൽ സ്ത്രീകൾക്ക് ഇതിലൊരിടത്തും ഭാരവാഹിത്വം നൽകുന്നില്ല, അതുകൊണ്ട് പ്രത്യേകമായി ഒരു തസ്തിക തന്നെയുണ്ടാക്കി ഈ സംഘങ്ങളുടെ വൈസ് പ്രസിഡന്റുമാരായി സ്ത്രീകളെ കൊണ്ടുവരണമെന്ന നിർദ്ദേശം വന്നു. അത് പുതിയതായി വരുന്ന ഭേദഗതിയിൽ ഉൾപ്പെടുത്തുകയാണ്. പിന്നീട് പ്രധാനമായും അതിലുള്ളത് നിലവിലെ ആഡിറ്റ് സംവിധാനം കുറ്റമറ്റതാകണമെങ്കിൽ സ്റ്റാറ്റ്യൂട്ടറി ആഡിറ്റിനോടൊപ്പം പെർഫോമൻസ് ആഡിറ്റുകൂടി നടപ്പിലാക്കണം എന്നതായിരുന്നു. ആ നിർദ്ദേശവും ഈ ഭേദഗതി ബില്ലിൽ കൊണ്ടുവരികയാണ്. അതിനുശേഷം പ്രധാനമായുള്ളത് നിയമനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ്. ആ രംഗത്ത് ഒട്ടനവധി പരാതികളും പോരായ്മകളുമെല്ലാം നിലനിന്നിരുന്നു. അവ പരിഹരിച്ചുകൊണ്ട് കുറ്റമറ്റ നിയമനം നടത്താൻവേണ്ടി ഗവൺമെന്റ് സെക്രട്ടറി ചെയർമാനും മിൽമയുടെ ഡയറക്ടർ കൺവീനറും വിവിധ തലങ്ങളുമായി ബന്ധപ്പെട്ട മറ്റ് അഞ്ച് ഉദ്യോഗസ്ഥരെയും നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡിലെ പ്രതിനിധികളെയും ഉൾപ്പെടുത്തി ഒരു റിക്രൂട്ട്മെന്റ് ബോർഡ് ഈ രംഗത്തുണ്ടാകണമെന്ന് ശിപാർശ ചെയ്തിരുന്നു. അതും ഈ പുതിയ ബില്ലിൽ കൊണ്ടുവരികയാണ്. ചുരുക്കത്തിൽ നമ്മുടെ

സംസ്ഥാനത്ത് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട എന്നീ നാല് ജില്ലകൾ ചേർന്നൊരു മേഖലാ യൂണിയനും എറണാകുളം, തൃശ്ശൂർ, ഇടുക്കി, കോട്ടയം എന്നീ ജില്ലകൾ കേന്ദ്രീകരിച്ച് മറ്റൊരു മേഖലാ യൂണിയനും ബാക്കി ആറ് ജില്ലകൾ കേന്ദ്രീകരിച്ച് നോർത്ത് മേഖലാ യൂണിയനുമാണ് നിലനിന്നിരുന്നത്. അങ്ങനെ നിലനിന്നിരുന്ന യൂണിയനുകളെ സംബന്ധിച്ച് ഘടനാപരമായ മാറ്റം വന്നു. ജില്ലാടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് സംവിധാനങ്ങളുണ്ടാക്കി, ഇപ്പോൾ യഥാർത്ഥ ക്ഷീര കർഷകരുടെ കൈകളിലേയ്ക്ക് ഈ സംഘങ്ങളുടെ ഭരണം വരുന്ന രൂപത്തിലാണ് നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്.

1.00 pm]

മറ്റൊന്ന്, ഈ ഭേദഗതിയിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത് കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ പ്രൊഫ. എം. എസ്. ശ്രീറാം അദ്ധ്യക്ഷനായി ഒരു കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായി. ആധുനിക ബാങ്കിംഗ് സമ്പ്രദായം കേരളത്തിൽ ഫലപ്രദമായി നടപ്പിലാക്കുവാൻ കഴിയുന്ന രൂപത്തിലുള്ള പഠനവും പരിശോധനയും നടത്താൻ വേണ്ടിയാണ് ബാംഗ്ലൂർ ഐ.ഐ.എം. ഡയറക്ടറായിരുന്ന ശ്രീറാം കമ്മീഷനെ നിയോഗിക്കാൻ കഴിഞ്ഞ ഗവൺമെന്റ് തയ്യാറായത്. ഏറ്റവും ആധുനികമായ രീതിയിൽ വികസന രംഗത്ത് കൂടുതൽ മുന്നേറ്റമുണ്ടാകാനും കേരള വികസനം പൂർണ്ണതയിൽ എത്തിക്കാൻ സഹായിക്കുന്ന തരത്തിലുള്ള നിർദ്ദേശങ്ങളും ആ കമ്മിറ്റിയുടെ റിപ്പോർട്ടിൽ വരികയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ 14 ജില്ലാ ബാങ്കുകളെയും യോജിപ്പിച്ചുകൊണ്ട് കേരള ബാങ്കെന്ന ആശയം (കേരള സംസ്ഥാന സഹകരണ ബാങ്ക്) സഹകരണ വകുപ്പിന്റെ കീഴിൽ തന്നെയാണ്; ഇത് പ്രത്യേകമായി സുപ്രീം കോടതിയും ആർ. ബി. ഐ.യും സൂചിപ്പിച്ചിട്ടുണ്ട്; കൃത്യമായും സഹകരണ മേഖലയിൽ തന്നെയായിരിക്കണം ഇത് നടപ്പിലാക്കേണ്ടത്. നിലവിൽ സംസ്ഥാനത്തുണ്ടായിരുന്നത് three-tier system ആണ്. പ്രൈമറി ബാങ്കുകൾ, ജില്ലാ ബാങ്കുകൾ, സംസ്ഥാന ബാങ്കുകൾ എന്നിവയാണ്. Three-tier system നിലനിൽക്കുമ്പോഴുണ്ടായ ചില പ്രശ്നങ്ങൾ ഇടപാടുകാർക്കും സഹകാരികൾക്കും ബുദ്ധിമുട്ടുണ്ടാക്കി. യഥാർത്ഥത്തിൽ ഈ ഇടത്തട്ട് ഒഴിവാക്കിയാൽ ഒന്ന് മുതൽ രണ്ട് ശതമാനം വരെ പലിശയിളവ് ലഭിക്കാൻ സഹായിക്കുമെന്ന ശിപാർശയും അതിലുണ്ട്. അതോടൊപ്പം തന്നെ ന്യൂ ജെൻ ബാങ്കിന്റെ ഇടപാടുകളോട് കോംപീറ്റ് ചെയ്യാൻ കഴിയണമെങ്കിൽ എല്ലാ ആധുനിക സംവിധാനങ്ങളും ഈ ബാങ്കുകളിൽ ഉണ്ടാകണം. ഏതെങ്കിലുമൊരു ബാങ്കിന് മാത്രമായി ഇത്തരം സംവിധാനമുണ്ടാക്കാൻ പരിശ്രമിക്കുമ്പോഴുണ്ടാകുന്ന വലിയ ചെലവുകൾ കണക്കിലെടുത്ത് ഈ കമ്മിറ്റിയുടെ ശിപാർശയനുസരിച്ച് സംസ്ഥാനത്തെ

14 ജില്ലാ ബാങ്കുകളെയും ബന്ധിപ്പിച്ചുകൊണ്ട് കേരള സംസ്ഥാന സഹകരണ ബാങ്ക്, കേരള ബാങ്കെന്ന ബ്രാൻഡ് നെയിം സ്വീകരിച്ചുകൊണ്ടുവരികയെന്ന ആശയമാണ് ഈ രംഗത്തുണ്ടായിരുന്നത്. അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ഗവൺമെന്റ് സംഘടിപ്പിച്ചു. ആദ്യം ലക്ഷ്യമിട്ടതുപോലെ ജില്ലാ ബാങ്കുകൾ അവരുടെ ആസ്തികൾ/ബാദ്ധ്യതകൾ ലയിപ്പിക്കാൻ തീരുമാനിച്ചു, പ്രമേയമെടുത്തു. ഈ സാഹചര്യത്തിലാണ് de-layering മൂലമുള്ള എല്ലാ ആനുകൂല്യങ്ങളും സാങ്കേതിക സൗകര്യങ്ങളും ഉറപ്പാക്കാൻ വേണ്ടിയുള്ള നീക്കങ്ങൾ നടത്തിയിട്ടുള്ളത്. ഇത് മലപ്പുറത്തെ സഹകാരികൾക്കും ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടെയാണ് ജില്ലാ ബാങ്കിനെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുന്നതിനുള്ള വ്യവസ്ഥകളുൾപ്പെടുത്തി ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചത്. ഓർഡിനൻസിലെ വ്യവസ്ഥപ്രകാരം മലപ്പുറം ജില്ലാ ബാങ്കിലെ എല്ലാ അംഗങ്ങളെയും അറിയിച്ചതിനുശേഷം ജനാധിപത്യപരമായ നടപടിക്രമം പാലിച്ചാണ് ലയിപ്പിക്കൽ പ്രക്രിയ പൂർത്തീകരിച്ചത്. ഇതിനെതിരെ മലപ്പുറം ജില്ലാ ബാങ്ക് കോടതിയിൽ പോയി. അതുസംബന്ധിച്ച വിധി ഇവിടെ ഞാൻ വായിച്ചു. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ സിംഗിൾ ബെഞ്ച് ആ ഓർഡിനൻസ് ശരിവയ്ക്കുകയും എത്രയും വേഗം നിയമമാക്കി മാറ്റാനുള്ള ശ്രമം നടത്താൻ നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. അതിനുശേഷമാണ് ഡിവിഷൻ ബെഞ്ചിൽ അവർ അപ്പീൽ പോയിട്ടുള്ളത്. അപ്പീൽ സംബന്ധിച്ച്, status quo പറഞ്ഞിരുന്നുവെന്നുള്ളത് ശരിയാണ്. പക്ഷേ ലയന പ്രക്രിയ എവിടെയെങ്കിലും തടയുകയോ, ബിൽ കൊണ്ടുവരുന്നത് തടയുകയോ ചെയ്തിട്ടില്ല. ഇത്തരത്തിൽ കേരള ബാങ്ക് നിലവിൽ വന്നതിനുശേഷം നഷ്ടമെല്ലാം മലപ്പുറം ബാങ്കിന്റെ പേരിൽ അടിച്ചേൽപ്പിക്കാനാണ് ശ്രമിച്ചതെന്ന് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചു. അദ്ദേഹത്തോട് വിനയപൂർവ്വം അറിയിക്കട്ടെ, കേരള ബാങ്ക് നിലവിൽ വന്നതിനുശേഷം ഒരു വർഷം പൂർത്തീകരിച്ചതിന്റെ നെറ്റ് റിസൽട്ട് കഴിഞ്ഞ ദിവസം വന്നു. 62 കോടി 99 ലക്ഷം രൂപയാണ് ലാഭമെന്ന് അങ്ങയെ അറിയിക്കുന്നു. ഈ വർഷം അറ്റാദായത്തിന്റെ കണക്കുവന്നു. വാർത്താസമ്മേളനത്തിൽ അത് വിശദീകരിച്ചിരുന്നു. 62 കോടി രൂപയുടെ ലാഭമുണ്ടായി. അതുകൊണ്ട് കേരള ബാങ്കിന്റെ നഷ്ടം മലപ്പുറം ബാങ്കിനെ അടിച്ചേൽപ്പിക്കേണ്ട യാതൊരു സാഹചര്യവും നിലവിലില്ല. അതുമാത്രമല്ല കേരള ബാങ്കിൽ വരാൻ പോകുന്ന എല്ലാ സഹായങ്ങളും സൗകര്യങ്ങളും മലപ്പുറം ബാങ്കിനും കൂടി ലഭ്യമാക്കുക എന്നതാണ് ഗവൺമെന്റിന്റെ ലക്ഷ്യം. അതിൽ സഹകരിക്കണമെന്നാണ് വിനയപൂർവ്വം എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇതുപറയുമ്പോൾ ഇക്കാര്യത്തിൽ നിങ്ങൾക്കുണ്ടാകുന്ന നഷ്ടംകൂടി ചൂണ്ടിക്കാണിക്കാം. Real Time Gross Settlement (RTGS), National Electronic Funds Transfer (NEFT) എന്നിവ നടപ്പാക്കണമെങ്കിൽ ന്യൂ ജെൻ

ബാങ്കിന്റെ സഹായം തേടണമെന്ന് നിങ്ങൾക്കറിയാം. ഞാൻ മനസ്സിലാക്കുന്നത് മലപ്പുറം ബാങ്ക് തേടിയിരിക്കുന്നത് IDBI Bank-നെയാണെന്നാണ്. അഞ്ച് കോടി രൂപ നിക്ഷേപിച്ചാൽ മാത്രമേ നിങ്ങൾക്ക് ഈ സൗകര്യം പ്രയോജനപ്പെടുത്താൻ കഴിയുകയുള്ളൂ. അതേസമയം 14 ബാങ്കും ചേർന്ന് കേരള ബാങ്കിന് പുതിയതായി ATM, mobile banking, internet banking, NEFT, RTGS എന്നിവ നടപ്പാക്കുമ്പോൾ 300 കോടി രൂപ മാത്രമാണ് കേരള ബാങ്കിന് വരുന്നത്. അതിൽ മലപ്പുറം ബാങ്കുകൂടി ചേർന്നുകഴിഞ്ഞാലും അത്രമാത്രമേ വരുന്നുള്ളൂ. ഇതിനുപകരം നിങ്ങൾ സ്വതന്ത്രമായാണ് ഇത്തരമൊരു സംവിധാനത്തിലേയ്ക്ക് വരുന്നതെങ്കിൽ ആ 300 കോടിരൂപ നിങ്ങൾക്കും ബാധകമായിരിക്കും. അല്ലെങ്കിൽ നിങ്ങൾ തന്നെ ഉണ്ടാക്കേണ്ടിവരും. അല്ലെങ്കിൽ മറ്റേതെങ്കിലും ബാങ്കിനെ നിങ്ങൾ ആശ്രയിക്കേണ്ടിവരും. അത്തരമൊരു സ്ഥിതി ഒഴിവാക്കിയെടുക്കാനും ഈ രംഗത്ത് സഹകാരികൾക്ക് എല്ലാ രൂപത്തിലുമുള്ള സഹായം, സംരക്ഷണം, സുരക്ഷിതത്വം എന്നിവ ഉറപ്പാക്കാനും സഹായിക്കുന്നതായിരിക്കും ഈ നീക്കമെന്ന് വിനയപൂർവ്വം അറിയിക്കുന്നു. മലപ്പുറം ജില്ലാ ബാങ്കിലെ മുഴുവൻ ജീവനക്കാരും കേരള ബാങ്കിൽ ലയിക്കണമെന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ടെന്നും സഹകാരികൾ ഏതാണ്ട് ആ രൂപത്തിൽ ചിന്തിക്കുന്നുവെന്ന പുതിയ സ്ഥിതിയുണ്ടെന്നതും ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. അതുകൊണ്ട് കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഈ ഭേദഗതി അവതരിപ്പിക്കാനിടവന്ന സാഹചര്യം ഇത്തരത്തിലുള്ളതാണ്. ഈ രണ്ടുവിഷയങ്ങളെ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിക്ക് വിടണമെന്ന പ്രമേയം നേരത്തെ അവതരിപ്പിച്ചിരുന്നു. ഇതാണ് എനിക്ക് ചുരുക്കത്തിൽ ആദ്യം സൂചിപ്പിക്കാനുള്ളത്. മറ്റുകാര്യങ്ങൾ ചർച്ചയ്ക്ക് ശേഷം പറയാം.

Shri K. P. A. Majeed: Sir, I move that- " This House resolves to disapprove The Kerala Co-operative Societies (Second Amendment) Bill, 2021 (Ordinance No.117 of 2021)." ഈ നിയമം കേരളത്തിലെ സകല ജനാധിപത്യത്തെയും കശാപ്പുചെയ്യുന്നതാണെന്ന് പറയേണ്ടി വന്നതിൽ എനിക്ക് ദുഃഖമുണ്ട്. കേരള ബാങ്കിൽ ലയിപ്പിക്കാനാണ് ഈ നിയമത്തിലുള്ള തീരുമാനമെങ്കിലും മിൽമയിൽ വന്നിട്ടുള്ള ഘടനാപരമായ മാറ്റമെല്ലാം സഹകരണ സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ ഇടപെടാനും ജനാധിപത്യ സംവിധാനത്തെ നഷ്ടപ്പെടുത്താനുമുതകുന്ന രീതിയിലാണെന്നുള്ളത് നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. മലപ്പുറം ജില്ലാ സഹകരണ ബാങ്ക് കേരള ബാങ്കിൽ ലയിപ്പിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളുടെ ഭാഗമായാണ് ഈ നിയമനിർമ്മാണം വരുന്നത്. ജില്ലാ സഹകരണ ബാങ്കിൽ തെരഞ്ഞെടുപ്പിലൂടെ വിജയിച്ച് പ്രസിഡന്റായ ശ്രീ. യു. എ. ലത്തീഫ്, എം.എൽ.എ. ഇവിടെയുണ്ട്.

അദ്ദേഹം സംസാരിച്ച് കാര്യങ്ങൾ പറയും. ഞാൻ അതിലേയ്ക്കൊന്നും പോകുന്നില്ല. ഈ ആക്ടിലെ 14-ാം വകുപ്പ് പ്രകാരം രണ്ടോ അതിലധികമോ ഉള്ള സഹകരണ സംഘങ്ങളുടെ ആസ്തികളും ബാദ്ധ്യതകളും സംയോജിപ്പിക്കാനും കൈമാറ്റം ചെയ്യാനും വേണ്ടി സംഘത്തിലെ മൂന്നിൽ രണ്ട് അംഗങ്ങളുടെ ഭൂരിപക്ഷം ആവശ്യമാണ്. അത് പൊതുവായ നിയമമാണ്. പക്ഷെ ഒരു ജനറൽ ബോഡി യോഗം ചേർന്ന് കേരള ബാങ്കിൽ ലയിപ്പിക്കാൻ തയ്യാറല്ലെന്ന് തീരുമാനം എടുക്കുമ്പോൾ അതിനെ മറികടക്കാൻവേണ്ടി കേവല ഭൂരിപക്ഷം മതിയെന്നുള്ള ഭേദഗതി കൊണ്ടുവരികയാണ്. ഒരു സംഘത്തെ സംബന്ധിച്ചിടത്തോളം അവിടത്തെ മെമ്പർമാരുടെ അഭിപ്രായത്തിന് മുൻതൂക്കം ഉണ്ടാകണമല്ലോ; അതാണ് ജനാധിപത്യം. മലപ്പുറം ജില്ലാ സഹകരണ ബാങ്കിലെ ജനറൽ ബോഡി യോഗം ചേർന്ന് കേരള ബാങ്കിൽ ലയിക്കുന്നില്ലെന്ന് പറഞ്ഞാൽ നിർബന്ധമായി ലയിപ്പിക്കണമെന്ന് പറയുന്നതാണോ ജനാധിപത്യം; എനിക്ക് അങ്ങയോട് പറയാനുള്ളത് അങ്ങയുടെ പാർട്ടി കേരള ബാങ്ക് രൂപീകരിക്കാൻ രാഷ്ട്രീയമായി തീരുമാനമെടുത്തു. നിലവിലുള്ള ത്രീ ടയർ സിസ്റ്റം മാറ്റി ടു ടയർ സിസ്റ്റമാക്കുകയാണ്. സഹകരണ മേഖലയുടെ കാര്യത്തിൽ എല്ലാ ആളുകൾക്കും എല്ലാ പാർട്ടികൾക്കും താൽപ്പര്യമുള്ള കാര്യമാണ്. കേരളത്തിലെ സഹകരണ മേഖലയെന്ന് പറയുന്നത് വിവിധ മേഖലകളിൽ നന്നായി പ്രവർത്തിച്ചു വരുന്നതാണ്. അങ്ങനെയുള്ള സംഘത്തെ സംബന്ധിച്ച് ഘടനാപരമായ മാറ്റം വരുത്തുമ്പോൾ എല്ലാവരുമായി കൂടിയാലോചിക്കണ്ടേ; പ്രതിപക്ഷവും ഭരണപക്ഷവുമായി കൂടിയാലോചിക്കണ്ടേ; പ്രധാനപ്പെട്ട സഹകാരികളുമായി കൂടിയാലോചിക്കണ്ടേ? എന്റെ ആരോപണം, അങ്ങ് രാഷ്ട്രീയമായ തീരുമാനം നടപ്പിലാക്കാൻ വരുമ്പോൾ കേരള ബാങ്ക് രൂപീകരിക്കുന്നതിന് മുമ്പായി ബന്ധപ്പെട്ടവരുമായി അർത്ഥപൂർണ്ണമായ ഒരു ചർച്ച നടന്നില്ലെന്നുള്ളതാണ്. അതുകൊണ്ടാണ് ഇങ്ങനെയൊരു ഭേദഗതിയുമായി അങ്ങേയ്ക്ക് വരേണ്ടിവന്നത്. നിയമസഭയിലോ നിയമസഭയിലെ കക്ഷിനേതാക്കൻമാരുമായോ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവുമായോ ഇക്കാര്യം ചർച്ച ചെയ്തിട്ടില്ലെന്നാണ് എന്റെ അറിവ്. അതുകൊണ്ട് സഹകരണ മേഖലയിൽ ഇങ്ങനെയൊരു മാറ്റം വരുത്തുമ്പോൾ കൂടിയാലോചന നിർബന്ധമാണ്. ആരുമായും ചർച്ച ചെയ്യേണ്ടതില്ലെന്ന അഹങ്കാരത്തോടുകൂടി അധികാരം ഉപയോഗപ്പെടുത്തി ജില്ലാ ബാങ്കിനെ കേരള ബാങ്കുമായി ലയിപ്പിക്കാനുള്ള തീരുമാനമാണ് ഗവൺമെന്റ് എടുത്തതെന്നതാണ് എന്റെ ആക്ഷേപം.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജോബ് മൈക്കിൾ]

ബാങ്കുകൾ ലയിപ്പിക്കുന്നതിനെ സംബന്ധിച്ച് എന്താണ് പാർട്ടിയുടെ അഭിപ്രായം; കുറെ നാഷണലൈസ്ഡ് ബാങ്കുകൾ ലയിച്ചല്ലോ. ആ ലയനത്തെ എതിർക്കുന്ന നിലപാടാണ് നിങ്ങൾ സ്വീകരിച്ചിരുന്നത്. എന്നാൽ സഹകരണ മേഖലയിൽ ജില്ലാ ബാങ്കിനെ കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കുമായി ലയിപ്പിക്കാനാണ് ഇപ്പോൾ വരുന്നത്. ഇതുകൊണ്ടുള്ള ഗുണപരമായ മാറ്റം എന്താണെന്നത് ശരിയായി പഠിച്ചിട്ടില്ല. കേരള ബാങ്ക് വരുമ്പോൾ സഹകാരികൾക്കുണ്ടായിട്ടുള്ള ആശങ്ക അകറ്റുവാനുള്ള എന്ത് നടപടിയാണ് അങ്ങ് എടുത്തിട്ടുള്ളത്? കുറെ സംശയങ്ങൾ ബാക്കിയുണ്ട്, ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ധാരാളം ആശങ്കകളുണ്ട്. അതുകൊണ്ട് ആശങ്കകൾ അകറ്റി അർത്ഥപൂർണ്ണമായൊരു ചർച്ച നടത്തിയാൽ ഇങ്ങനെയൊരു ഭേദഗതിയിലേയ്ക്ക് പോകേണ്ടിവരില്ലെന്നാണ് എന്റെ അഭിപ്രായം. ഇതുസംബന്ധിച്ച് ശ്രീ. യു. എ. ലത്തീഫ് ഇവിടെ സൂചിപ്പിക്കും എന്നതുകൊണ്ട് ഞാൻ കൂടുതൽ പറയുന്നില്ല.

ശ്രീ. പി. ഉബൈദുള്ള: സർ, കേരളത്തിലെ സഹകരണ പ്രസ്ഥാനം ഇന്ത്യാ രാജ്യത്തിനാകമാനം അഭിമാനമായി വളർന്ന് പന്തലിച്ച് നിൽക്കുകയാണ്. ഏതെങ്കിലുമൊരു രാഷ്ട്രീയ പാർട്ടി മാത്രമല്ല, എല്ലാ വിഭാഗം ആളുകളും ജനങ്ങൾ ഒന്നായിച്ചേർന്ന് കക്ഷി രാഷ്ട്രീയത്തിനതീതമായി പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണ് ഈ സഹകരണ പ്രസ്ഥാനം രാജ്യത്തിനാകമാനം അഭിമാനകരമായ രീതിയിൽ കേരളത്തിൽ വളർന്ന് പന്തലിച്ചത്. ഇന്ന് കൊമേഴ്സ്യൽ ബാങ്കുകളോടുപോലും കിടപിടിക്കത്തക്ക രീതിയിൽ പ്രവർത്തിക്കുന്ന പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകൾ നമ്മുടെ നാട്ടിലുണ്ട്. ABB, ATM തുടങ്ങി എല്ലാ സൗകര്യങ്ങളുമുള്ള പ്രാഥമിക ബാങ്കുകളുണ്ട്. ഏറ്റവും നന്നായി പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏതാണെന്ന് ചോദിച്ചാൽ അത് സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ മെഡിക്കൽ കോളേജും സഹകരണ എഞ്ചിനീയറിംഗ് കോളേജും സഹകരണ ആർട്സ് ആൻഡ് സയൻസ് കോളേജുമൊക്കെയാണ്. ഏറ്റവും നല്ല ആശുപത്രികൾ ഏതാണെന്ന് ചോദിച്ചാൽ അത് സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രികളാണ്. ബഹുമാനപ്പെട്ട കെ.പി.എ. മജീദ് സാഹിബ് നേരത്തെ ജില്ലാ സഹകരണ ബാങ്കിന്റെ പ്രസിഡന്റായിരുന്നു. ഇപ്പോഴദ്ദേഹം മലപ്പുറം ജില്ലാ സഹകരണ ആശുപത്രിയുടെ പ്രസിഡന്റാണ്. അദ്ദേഹത്തിന് ഇക്കാര്യങ്ങളെ കുറിച്ചൊക്കെ നന്നായി അറിയാം. ജനങ്ങൾ മുഴുവൻ ആശ്രയിക്കുന്ന ഏറ്റവും വലിയ ജനകീയ പ്രസ്ഥാനത്തെ തകർക്കുവാനുള്ള ശ്രമമാണ് ഇപ്പോൾ ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. മലപ്പുറം ജില്ലാ ബാങ്കിലെ മുഴുവൻ ജീവനക്കാരും

ഇതിന് അനുകൂലമാണെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവന ഒട്ടും ശരിയായതല്ല. അത് സഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണ്. അതുപോലെതന്നെ കോടതി വിധിയെത്തുടർന്ന് തെരഞ്ഞെടുപ്പ് നടത്തി ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ട ഒരു ഭരണസമിതിയുണ്ട്. ഇക്കാര്യം നേരത്തെ അഡ്വ. യു. എ. ലത്തീഫ് സാഹിബും അഡ്വ. എൻ. ഷംസുദ്ദീനുമൊക്കെ സൂചിപ്പിച്ചു, ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ട ഒരു ഭരണ സമിതിയെ പിരിച്ചുവിട്ട് ജനാധിപത്യ ധ്വംസനമാണ് യഥാർത്ഥത്തിൽ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. സഹകരണ മേഖലയിലെ ജനാധിപത്യം തകർക്കുവാനുള്ള നീക്കം നേരത്തെയും ഇടതുപക്ഷം നടത്തിയിട്ടുണ്ടെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. പി. എ. മജീദ്: സർ, ബഹുമാനപ്പെട്ട അംഗം വലിയൊരു പ്രസ്താവനയാണ് നടത്തിയത്. അദ്ദേഹം മലപ്പുറം ജില്ലാ സഹകരണ ബാങ്കിലെ ഒരു ജീവനക്കാരനായിരുന്നു. അതുകൊണ്ട് അദ്ദേഹം പറയുന്നതിനെ നമ്മൾ നിരാകരിക്കേണ്ട കാര്യമില്ല. സത്യമായിത്തന്നെയാണ് കാണേണ്ടത്. അതുകൊണ്ട് ഞാൻ അക്കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല. സഹകരണ മേഖലയുടെ പ്രവർത്തനങ്ങളിൽ എല്ലാവരും ആത്മാർത്ഥമായി സഹകരിച്ചിട്ടുണ്ട്. അതിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ല. നോട്ട് നിരോധനം വന്നപ്പോൾ സഹകരണ മേഖല വലിയൊരു പ്രതിസന്ധിയെ നേരിട്ടു. അപ്പോൾ എല്ലാ സഹകരണ സ്ഥാപനങ്ങളിലും എൻഫോഴ്സ്മെന്റും ഇൻകം ടാക്സ് ഉദ്യോഗസ്ഥരും കയറിയിറങ്ങുകയായിരുന്നു. ഇവിടത്തെ ഡെപ്പോസിറ്റുകളെ സംബന്ധിച്ച് നിക്ഷേപകർക്ക് ആശങ്കയുണ്ടാകത്തക്ക വിധത്തിലുള്ള പ്രവർത്തനം നടത്തി. നമ്മളെല്ലാവരും ഒന്നിച്ചല്ലേ അതിനെ നേരിട്ടത്; സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപങ്ങൾ ആ രീതിയിലുള്ളതല്ലെന്ന് വരുത്തിത്തീർക്കാനും അങ്ങനെ ബോദ്ധ്യപ്പെടുത്താനും നമുക്ക് സാധിച്ചതുകൊണ്ട് നോട്ട് നിരോധനത്തിന്റെ ഫലമായി നിക്ഷേപകർക്കുള്ള ആശങ്കകളകറ്റാൻ സാധിച്ചു. എല്ലാ കാര്യങ്ങളും നമ്മൾ അങ്ങനെയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. എല്ലാ മേഖലയിലും സഹകരണ സ്ഥാപനങ്ങളുടെ നടത്തിപ്പിൽ എല്ലാവരും യോജിച്ചുനിന്നു. ഇപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ ചില നിർദ്ദേശങ്ങളും മറ്റും വന്നു. സഹകരണം സംസ്ഥാന വിഷയമാണെങ്കിലും കേന്ദ്ര ഗവൺമെന്റ് അതിൽ ഇടപെടുന്ന ചില നീക്കങ്ങളുണ്ടായി. നമ്മളെല്ലാവരും ഒന്നിച്ചാണ് അതിനെ എതിർക്കുന്നത്. അതിൽ രാഷ്ട്രീയത്തിന്റെ പ്രശ്നമോ കക്ഷിരാഷ്ട്രീയത്തിന്റെ പ്രശ്നമോ ഇല്ലല്ലോ. സഹകരണ മേഖലയെ ബാധിക്കുന്ന ഗുരുതരമായ ഭവിഷ്യത്തുകളും പോരായ്മകളും വരുമ്പോൾ അതിനെതിരെ നമ്മൾ ഒന്നിച്ച് നിൽക്കുകയാണ്. അങ്ങനെ ഒന്നിച്ച്

നിൽക്കുമ്പോഴാണ് ഈ രീതിയിലുള്ളൊരു സ്ഥിതിവിശേഷത്തിലേയ്ക്ക് ഗവൺമെന്റ് നിയമം കൊണ്ടുവരുന്നത്. ഇപ്പോൾ റിസർവ് ബാങ്കിന്റെ നിയന്ത്രണങ്ങൾ വരുന്ന രീതിയിൽ ബാങ്ക് നിയന്ത്രണ ഭേദഗതി ബിൽ കേന്ദ്ര സർക്കാർ കൊണ്ടുവന്നിട്ടുണ്ട്. അത് കേരളത്തെ ബാധിക്കുന്ന പ്രധാനപ്പെട്ട പ്രശ്നമാണ്. അക്കാര്യം നമ്മൾ ചർച്ച ചെയ്യുതാണ്. ഇത് നിയമമായാൽ കേരളത്തിലെ 1635 പ്രാഥമിക സഹകരണ ബാങ്കുകളുടെയും 60 അർബൻ ബാങ്കുകളുടെയും 13,000-ത്തോളം വരുന്ന സഹകരണ സൊസൈറ്റികളുടെയും പ്രവർത്തനത്തെ ബാധിക്കും. പ്രാഥമിക സഹകരണ സംഘങ്ങളും സഹകരണ സൊസൈറ്റികളും ബാങ്ക് എന്ന ബോർഡ് വച്ചാണ് പ്രവർത്തിക്കുന്നത്. ബാങ്ക് എന്ന പദവി ഉപേക്ഷിക്കാൻ കാലങ്ങളായി റിസർവ് ബാങ്ക് ആവശ്യപ്പെട്ടിരുന്നു. നമുക്ക് ബാങ്ക് ഇടപാടുപോലും നടത്താൻ കഴിയാത്ത രീതിയിലുള്ള നിയന്ത്രണങ്ങൾ വരികയാണ്. ബാങ്കിംഗ് റെഗുലേഷൻ ആക്ട് വന്നതോടുകൂടിത്തന്നെ നമുക്ക് അതിന്റേതായ ബുദ്ധിമുട്ടും കാര്യങ്ങളുമുണ്ട്. റിസർവ് ബാങ്കിന്റെ നേരിട്ടുള്ള ഇടപെടൽ വരികയാണ്. അതിനെയൊക്കെ എല്ലാവരും ഫലപ്രദമായ രീതിയിൽ ഒരുമിച്ച് നേരിടുകയാണ്. അങ്ങനെയാണ് സഹകരണ മേഖലയിൽ ഇത്രയും വളർച്ചയുണ്ടായിട്ടുള്ളത്.

സഹകരണ മേഖലയിൽ കുറേയേറെ പ്രശ്നങ്ങളുണ്ടെന്ന് നമുക്കറിയാം. സഹകരണ മേഖലയ്ക്കാവശ്യമായ വിപുലമായൊരു നിയമനിർമ്മാണത്തെക്കുറിച്ച് നമ്മൾ ആലോചിച്ചിട്ടില്ല. നമ്മൾ സാധാരണഗതിയിൽ കുറേ നിയമ ഭേദഗതികൾ കൊണ്ടുവരാറുണ്ട്. സഹകരണ മേഖലയെ ബാധിക്കുന്ന ഒട്ടേറെ പ്രശ്നങ്ങളിൽ സമഗ്രമായ ഒരു സഹകരണ നിയമത്തെക്കുറിച്ച് നമ്മൾ ആലോചിക്കുന്നില്ല. നമ്മൾ ചെയ്യുന്നത് ഓരോ സംഘങ്ങളുടേയും ഭരണം എങ്ങനെ പിടിച്ചെടുക്കാമെന്നാണ്. അതിനാവശ്യമായ ചില ഭേദഗതികൾ കൊണ്ടുവരും. ആ ഭേദഗതി കൊണ്ടുവന്ന് ഓരോ പാർട്ടിയുടെയും കൈവശമുള്ള സംഘങ്ങൾ പിടിച്ചെടുക്കാൻവേണ്ടിയുള്ള നീക്കങ്ങളാണ് കഴിഞ്ഞ കാലത്ത് നടന്നിട്ടുള്ളത്.

<u>ശ്രീ. വി. ജോയി</u>: സർ, സംഘങ്ങളെ പിടിച്ചെടുക്കുന്ന കാര്യമാണ് അങ്ങ് ഇപ്പോഴിവിടെ സൂചിപ്പിച്ചത്. മലപ്പുറം ജില്ലാ സഹകരണ ബാങ്ക് സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുന്നതുകൊണ്ട് സഹകാരികൾക്കുള്ള നഷ്ടമെന്താണ്?

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, നഷ്ടമെന്താണെന്നതല്ല. ഗവൺമെന്റ് നയപരമായ ഒരു തീരുമാനമെടുക്കുമ്പോൾ അത് സഹകാരികൾ അറിയേണ്ടതല്ലേ? അവരുമായി ചർച്ച ചെയ്യേണ്ടതല്ലേ? അധികാരമുണ്ടെന്ന് പറഞ്ഞുകൊണ്ട് എന്ത് നിയമവും കൊണ്ടുവരികയാണോ? പ്രശ്നം അതാണ്. ഇതിന്റെ ഗുണദോഷങ്ങളും

ആശങ്കകളും സഹകാരികളെ ബോദ്ധ്യപ്പെടുത്തേണ്ട ബാദ്ധ്യത ഗവൺമെന്റിനുണ്ടല്ലോ? അതുണ്ടായില്ലെന്നുള്ളതാണ് എന്റെ വാദം. അത് ഉണ്ടായിരുന്നുവെങ്കിൽ ആശങ്കയകറ്റി ഇത് ഗുണപരമാണെങ്കിൽ നമുക്ക് ആലോചിക്കാമായിരുന്നു. അതുണ്ടായില്ല. നിങ്ങളിവിടെ കൊണ്ടുവന്ന നിയമമെന്താണ്?

<u>ശ്രീ. വി. ജോയി</u>: സർ, അങ്ങ് പറയുന്നത് സഹകാരികൾക്ക് നഷ്ടമില്ല. പക്ഷേ ഇക്കാര്യത്തിൽ എല്ലാ തലത്തിലും വിപുലമായൊരു ചർച്ച വേണമായിരുന്നു എന്നാണോ?

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, അതാണ് ഞാൻ പറയുന്നത്. അധികാരം കയ്യിലുണ്ടെങ്കിൽ നിയമത്തിൽ ഭേദഗതി വരുത്തി എന്തും ചെയ്യാമെന്ന നിങ്ങളുടെ നിലപാട് തെറ്റാണ്. അത് ശരിയല്ലെന്നാണ് എന്റെ വാദം. കാരണം സഹകരണ മേഖല എന്നുപറയുന്നത് നമ്മൾ ഒന്ന് രണ്ടാളുകൾ ചേർന്നതല്ലല്ലോ.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ശ്രീ. കെ.പി.എ. മജീദ് ആവർത്തിച്ചാവർത്തിച്ച് സംസാരിക്കുന്നതുകൊണ്ടാണ് ഞാൻ എണീറ്റത്. അങ്ങ് പറയുന്നത് കേരള ബാങ്കിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ഏകപക്ഷീയമായ തീരുമാനമെടുത്തുവെന്നാണ്. വളരെ തെറ്റായിട്ടുള്ളൊരു സ്റ്റേറ്റ്മെന്റാണത്. അങ്ങ് മനസ്സിലാക്കേണ്ടത് സംസ്ഥാനത്തിന്റെ സഹകരണ മേഖലയുടെ ചരിത്രത്തിൽ ഇത്രയും വിപുലമായ ചർച്ചകൾ നടന്നൊരു തീരുമാനമുണ്ടായിട്ടില്ല. സഹകാരികൾ, ജീവനക്കാർ, രാഷ്ട്രീയ കക്ഷിനേതാക്കൻമാർ, സംഘടനാ പ്രതിനിധികൾ എന്നിങ്ങനെ എല്ലാ തലങ്ങളിലും വളരെ വിപുലമായ ചർച്ചകൾ നടത്തി എടുത്തൊരു തീരുമാനമാണ് കേരള ബാങ്കിന്റെ രൂപീകരണം. നിങ്ങളുടെ തീരുമാനത്തെ സംബന്ധിച്ച് നിങ്ങളുടെ ഭാഗത്തുനിന്നും അന്ന് പങ്കെടുത്ത ആളുകൾ പറഞ്ഞത്, 'ഞങ്ങൾ രാഷ്ട്രീയമായി എതിർക്കുന്നു' എന്നാണ്. അങ്ങ് ആ യോഗത്തിൽ പങ്കെടുത്തില്ല എന്നുമാത്രമേയുള്ളൂ. യു.ഡി.എഫ്.ന്റെ പ്രതിനിധികൾ പങ്കെടുത്ത് പറഞ്ഞത് 'കേരള ബാങ്കിന്റെ രൂപീകരണം അങ്ങിപ്പോൾ സൂചിപ്പിച്ചതുപോലെ നല്ലതുതന്നെയാണ്. പക്ഷേ രാഷ്ട്രീയമായിട്ട് ഞങ്ങൾ എതിർക്കുന്നു' എന്നാണ്. ഇത് ചർച്ച ചെയ്യാതെ ഏകപക്ഷീയമായി, അധികാരം കയ്യിലുണ്ടെങ്കിൽ എന്തുമാകാമെന്നുള്ള നില ഒരു ഗവൺമെന്റ് സ്വീകരിച്ചുവെന്നുള്ള കാര്യം അങ്ങയെപ്പോലെ പരിണിത പ്രജ്ഞനായിട്ടുള്ള ഒരു സഹകാരിയോ രാഷ്ട്രീയ നേതാവോ ദയവുചെയ്ത് ആവർത്തിക്കരുത്. അങ്ങ് മുസ്ലീംലീഗിന്റെ തന്നെ നേതാക്കൻമാരോട് ചോദിക്കുക. നിങ്ങളുമായി ചർച്ചയ്ക്ക് തയ്യാറായിട്ടുണ്ടോ എന്നുള്ളകാര്യം ആദരണീയനായ പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിനോടും അന്ന് ഉപനേതാവായിരുന്ന ഡോ. എം. കെ. മുനീർ സാഹിബിനോടുമൊക്കെ അങ്ങേയ്ക്ക് ചോദിക്കാവുന്നതാണ്.

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, ഇത് വളരെ ലാഘവത്തോടുകൂടി എടുക്കേണ്ടൊരു ഭേദഗതിയാണോ; ഇതൊരു ഘടനാപരമായ മാറ്റമാണ്. നിങ്ങൾ ത്രീ ടയറിനെ ടൂ ടയറിലേയ്ക്ക് മാറ്റുകയാണ്. ഇത് വിപുലമായ രീതിയിൽ സഹകരണ കോൺഗ്രസ്സടക്കം ചർച്ച ചെയ്ത് തീരുമാനിക്കേണ്ട കാര്യങ്ങളാണ്. ഇവിടത്തെ കക്ഷിനേതാക്കൻമാരുമായോ നിയമസഭയിലോ പുറത്തോ അങ്ങനെയൊരു ചർച്ച ഉണ്ടായിട്ടില്ലെന്നാണ് എന്റെ അറിവ്. അതുകൊണ്ടാണ് ഞാൻ ഇങ്ങനെ പറയുന്നത്. നമ്മൾ ചെറിയ ഭേദഗതികൾ സാധാരണമായി കൊണ്ടുവരും. മുമ്പ് ജില്ലാ ബാങ്ക് പിടിക്കാൻവേണ്ടി അദർ സൊസൈറ്റികളെ മെമ്പർമാരാക്കി. അങ്ങനെ ചില സംഘങ്ങൾ പിടിക്കാനുള്ള ചില ഭേദഗതികൾ ഇവിടെ വന്നു. ഡയറക്ടർ ബോർഡിന്റെ കാലാവധി 5 വർഷമെന്നുള്ളത് 3 വർഷമാക്കി ചുരുക്കി എല്ലാ സംഘങ്ങളേയും പിരിച്ചുവിട്ട് അവിടെ അഡ്മിനിസ്ട്രേറ്റീവ് ഭരണം കൊണ്ടുവരാനുള്ള ശ്രമങ്ങൾ കഴിഞ്ഞ കാലത്തുണ്ടായി. അതുപോലെ Section 65 inquiry പ്രഖ്യാപിച്ച് അന്വേഷണം നടത്തി അഡ്മിനിസ്ട്രേറ്റർമാരെ വയ്ക്കുന്ന സാഹചര്യമുണ്ടാകുന്നു. സംഘങ്ങളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് പ്രയാസമുണ്ടാക്കുന്ന രീതിയിൽ ഉദ്യോഗസ്ഥന്മാരെ ഉപയോഗിച്ച് ഇടപെടൽ നടത്തുന്നു. ജനറൽ ബോഡിയിൽ തങ്ങളുടെ ഇംഗിതം നടപ്പിലാക്കുന്നതിനുവേണ്ടി ഭൂരിപക്ഷ അഭിപ്രായത്തെ മറികടക്കാൻ നിയമനിർമ്മാണം നടത്തുന്നു. മിൽമ പോലുള്ള സംഘങ്ങളുടെ തെരഞ്ഞെടുപ്പിൽ ജില്ലാതലത്തിൽ ഇടപെട്ട് മിൽമയുടെ ഭരണം പിടിച്ചെടുക്കാനുള്ള ശ്രമങ്ങൾ നടത്തുന്നു. ത്രീ ടയർ സംവിധാനത്തിലുള്ള സഹകരണ മേഖലയെ ടൂ ടയർ സംവിധാനത്തിലേയ്ക്ക് മാറ്റുന്നു. ഭരണസമിതി പ്രസിഡന്റ് രാജിവച്ചാൽ എങ്ങനെയാണ് ബോർഡ് പോകുന്നത്; കാർഷിക സഹകരണ ബാങ്കിൽ എത്ര നാണക്കേടാണ് നിങ്ങൾ ഉണ്ടാക്കിയത്; ഒരു പ്രസിഡന്റ് രാജിവച്ചാൽ ആ ഭരണസമിതി പിരിച്ചുവിടുകയാണോ; അവിടെ അഡ്മിനിസ്ട്രേറ്ററെ വയ്ക്കുകയാണോ വേണ്ടത്? ഞാൻ ഇത് എവിടേയും കേട്ടിട്ടില്ല. ബഹുമാനപ്പെട്ട കടകംപള്ളി സുരേന്ദ്രൻ ഇവിടെയുണ്ടല്ലോ. കാർഷിക സഹകരണ ബാങ്ക് പോലുള്ള അപ്പെക്സ് സംഘങ്ങളെ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിൻ കീഴിലാക്കുന്നത് എങ്ങനെയാണ്? അത് ആർക്കാണ് ഗുണം ചെയ്യാൻ പോകുന്നത്? സഹകരണ മേഖലയിൽ നിങ്ങൾ ചെയ്യുന്ന ഇതുപോലുള്ള കാര്യങ്ങൾ ഈ മേഖലയുടെ വിശ്വാസ്യതയെ തകർക്കാനേ ഉപകരിക്കുകയുള്ളൂ. ഇപ്പോൾ സഹകരണ സംഘങ്ങളെക്കുറിച്ച് ധാരാളം പരാതികൾ വന്നല്ലോ. ലോൺ തട്ടിപ്പ്, നിക്ഷേപ തട്ടിപ്പ് എന്നിവയൊക്കെ അന്വേഷിച്ച് തീരുമാനമെടുക്കേണ്ട കാര്യം തന്നെയാണ്. പക്ഷേ അങ്ങനെയുള്ള ചർച്ചകൾ നടക്കുന്നതിന്റെ ഫലമായി സംഭവിക്കാൻ പോകുന്നത് ഈ മേഖലയിൽ നിക്ഷേപം നടത്തിയ ആളുകൾക്ക് ആശങ്കയുണ്ടാക്കുമെന്നതാണ്. സഹകരണ സ്ഥാപനത്തെക്കുറിച്ചുള്ള വിശ്വാസ്യത

നഷ്ടപ്പെടും. അതുകൊണ്ട് ഇതുപോലുള്ള ആശങ്കകളകറ്റാനാവശ്യമായ കാര്യങ്ങൾ ചെയ്യണം. ഇത് സാധാരണ ജനങ്ങളുടെ ബാങ്കാണ്. അവരുടെ നിക്ഷേപമാണ്. അതനുസരിച്ചാണ് നമ്മൾ പ്രവർത്തിക്കുന്നത്. അതുകൊണ്ട് സഹകരണ സംഘങ്ങളുടെ സുതാര്യത ഉറപ്പുവരുത്തുക, തെറ്റായ രീതിയിലേയ്ക്ക് പോകുന്നുണ്ടെങ്കിൽ അതിനെ ശരിയായ രീതിയിലേയ്ക്ക് കൊണ്ടുവരിക എന്ന രീതിയിലേയ്ക്ക് വരണം. അതെല്ലാം രാഷ്ട്രീയ ഉദ്ദേശ്യംവച്ച് വലിയ ചർച്ചയാക്കി ഈ മേഖലയെക്കുറിച്ച് അവിശ്വാസമുണ്ടാക്കുന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ പോകുന്നത് ഗുണകരമല്ലെന്നതാണ് എന്റെ അഭിപ്രായം. ഇപ്പോൾ മിൽമയുടെ ഭരണ നേതൃത്വം പിടിക്കാൻവേണ്ടി ചെയ്ത ഭേദഗതിയാണ് ഈ സഭയിൽ ഇന്ന് വരുന്നത്. അതിനൊരു വിദഗ്ദ്ധ കമ്മിറ്റിയെ വച്ചു; നല്ലത്. പക്ഷേ വിദഗ്ദ്ധ കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയാൽ ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഭരണ നേതൃത്വവുമായി ആലോചിക്കേണ്ടതല്ലേ; ഈ ഗവൺമെന്റ് സഹകരണ മേഖലയ്ക്ക് അനുകൂലമായ കാര്യങ്ങൾ ചെയ്യുന്നുണ്ട്. എല്ലാ കാര്യങ്ങളിലും സഹകരിക്കുന്നുണ്ട്. ഞാൻ ജില്ലാ സഹകരണ ആശുപത്രിയുടെ പ്രസിഡന്റാണ്. ഞങ്ങൾ മുനിസിപ്പാലിറ്റിയുമായി സഹകരിച്ച് കോവിഡ് രോഗം ബാധിച്ചുവരുന്ന ആളുകളെ ജില്ലാ സഹകരണ ആശുപത്രിയിൽ സൗജന്യമായി ചികിത്സിക്കുകയാണ്. ഗവൺമെന്റ് സഹകരിക്കുകയാണ്. പക്ഷേ നിർഭാഗ്യവശാൽ അങ്ങ് പല സംഘങ്ങൾക്കും സാമ്പത്തിക സഹായം ചെയ്തപ്പോൾ ആ സംഘത്തിനെ സംബന്ധിച്ച് ഞങ്ങൾ നൽകിയ ഹർജിപോലും പരിഗണിക്കാൻ തയ്യാറായില്ല. സഹകരണ മേഖലയെന്നത് അങ്ങനെ കക്ഷിരാഷ്ട്രീയത്തോടുകൂടി നോക്കേണ്ട കാര്യമല്ല. സംസ്ഥാനത്തിന്റെ വിപുലമായ മേഖലകളിൽ പ്രവർത്തിക്കുന്ന ജനകീയ പ്രസ്ഥാനമാണ് സഹകരണ സ്ഥാപനങ്ങൾ. അതുകൊണ്ട് അതിനനുസരിച്ച് കാര്യങ്ങൾ കാണാനും പ്രവർത്തിക്കാനും ഗവൺമെന്റ് മുന്നോട്ടുവരണം. ഇവിടെ വന്നിട്ടുള്ള ഈ ബിൽ ദുരുദ്ദേശ്യപൂർണ്ണമാണെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ചുമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം തെരഞ്ഞെടുക്കപ്പെട്ട മലപ്പുറം ജില്ലാ ബാങ്കിന്റെ പ്രസിഡന്റാണ് ഞാൻ. ആദ്യമായി ഒരു കാര്യം സൂചിപ്പിക്കട്ടെ. ഈ ഗവൺമെന്റുമായി ഏറ്റുമുട്ടാൻ ഞങ്ങളില്ല. ഞങ്ങളുടെ പരാതികൾ പരിഹരിക്കണമെന്നും നിയമപരമായ തടസ്സങ്ങൾ നീക്കണമെന്നുമാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. കേരള ബാങ്ക് ഇപ്പോൾ ലേബൽ മാത്രമാണ്. നിലവിൽ വന്നിട്ടില്ല. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ ലയിപ്പിക്കാനാണ് ഈ ഓർഡിനൻസ് കൊണ്ടുവന്നിട്ടുള്ളത്. ഇതിന്റെ Statement of Objects and Reasons-ൽ പറയുന്നത്,

"In pursuance to the provisions of the said Act, out of 14 District Co-operative Banks, 13 have passed resolution in favour of amalgamation with the Kerala State Co-operative Bank, but one District Co-operative Bank, i.e., Malappuram District Co-operative Bank has not passed the resolution and not adopted the scheme of amalgamation. Therefore, in the above circumstance, Government have decided to merge the District Co-operative Bank which has not passed resolution." മലപ്പുറം ജില്ലാ ബാങ്കിനെ ലയിപ്പിക്കുകയെന്നുള്ളതാണ് ഈ ബില്ലിന്റെ ഉദ്ദേശ്യം.

രണ്ട് പ്രധാനപ്പെട്ട കാരണങ്ങളാണ് ലയിപ്പിക്കുന്നതിനുവേണ്ടി ഈ ബില്ലിൽ പറയുന്നത്. അതുതന്നെയാണ് ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയും സഭയിൽ സൂചിപ്പിച്ചത്. അതായത് Statement of Objects and Reasons-ൽ രണ്ടാമതായി പറയുന്നത്, "The spirit behind the amalgamation of District Co-operative Banks with the State Co-operative Bank is that, on the existence of two higher tiers viz., KSCB at apex level and DCBs at middle level adds to the cost on interest without offering any significant benefit to the lowest tier, viz., Primary Agricultural Co-operative Societies (PACs)."

ഇതാണൊരു പ്രധാനപ്പെട്ട കാരണം. അതായത് ഈ രണ്ട് അപ്പെക്സ് ബാങ്കുകൾ ഉള്ളതുകൊണ്ട് അടിത്തട്ടിലുള്ള പ്രൈമറി കോ-ഓപ്പറേറ്റീവ് ബാങ്കുകൾക്കാവശ്യമായ ഗുണം ലഭിക്കുന്നില്ല. അതുകൊണ്ടാണ് യോജിപ്പിക്കാൻവേണ്ടി ശ്രമിക്കുന്നത്. ഇവിടത്തെ പ്രധാനപ്പെട്ട ഫണ്ട് എന്നുപറയുന്നത് നബാർഡ് നൽകുന്ന ഫണ്ടാണ്. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നബാർഡ് നൽകുന്ന ഫണ്ട് PACs (Primary Agricultural Co-operative Societies)-കൾ നൽകുന്നതാണ്. അത് അതേ ഇന്ററസ്റ്റിൽത്തന്നെ നൽകണമെന്ന് ഭേദഗതി വന്നാൽ ഒന്നാമത്തെ ആശയം അവസാനിച്ചില്ലേ. ഇന്ന് മലപ്പുറം ജില്ലാ ബാങ്കിന് നബാർഡ് 200 കോടി രൂപ തന്നിട്ടുണ്ട്. അത് അവർ പറയുന്ന അതേ rate of interest-ലാണ്. ഒരു ശതമാനംപോലും ഇന്ററസ്റ്റ് മലപ്പുറം ജില്ലാ ബാങ്ക് എടുക്കുന്നില്ല. അതാണ് ലക്ഷ്യമെങ്കിൽ അതിന് ജില്ലാ ബാങ്കിൽ ലയിപ്പിക്കേണ്ടതില്ല. മൂന്നാമതായി പറയുന്നത്,

"As per the provisions of the Kerala Co-operative Societies (Amendment) Act, 2019 (1 of 2019) the District Co-operative Banks will cease to exist, and the members of the said banks i.e., primary co-operative

societies will become the members of the Kerala State Co-operative Bank. There is no provision in the Kerala Co-operative Societies Act, 1969 or any other law to control and regulate the functioning of the District Co-operative Bank." എന്നാണ്. ഞാൻ വളരെ വിനയത്തോടെ ചോദിക്കട്ടേ, ഇപ്പോൾ ഞങ്ങൾക്ക് RBI ലൈസൻസുണ്ട്. പ്രവർത്തനങ്ങളെ റെഗുലേറ്റ് ചെയ്യുന്നത് RBI ആണ്. ഞങ്ങളെ കൺട്രോൾ ചെയ്യുന്നത് നബാർഡ് ആണ്. കൺട്രോൾ ചെയ്യാൻ ഒരു ഏജൻസിയില്ല; അതുപോലെ അതിൽ provision-നും law-യും ഇല്ലെന്ന് പറയുന്നത് ശരിയല്ല. അപ്പോൾ കേരള ബാങ്ക് എന്ന ലേബൽ നിലനിർത്തിക്കൊണ്ട് ഇതിന് പ്രവർത്തിക്കാൻ സാധിക്കും. ഈ രണ്ട് കാരണങ്ങളാണെങ്കിൽ എന്തിനാണ് ഞങ്ങളെ ലയിപ്പിക്കുന്നത്?

അടുത്തതായി ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചത് ആധുനിക സാങ്കേതികവിദ്യകൾ വേണമെന്നുള്ളതാണ്. ഒരു സംശയവുമില്ല. മലപ്പുറം ജില്ലാ ബാങ്കിന് ATM ഉണ്ടോ? ഉണ്ട്. Real-Time Gross Settlement (RTGS) ഉണ്ടോ? ഉണ്ട്. National Electronic Funds Transfer (NEFT) ഉണ്ട്. എല്ലാ ആധുനിക സാങ്കേതികവിദ്യയും ഞങ്ങളിപ്പോൾ പ്രാവർത്തികമാക്കിയിട്ടുണ്ട്. പിന്നെ അദ്ദേഹം പറയുന്നു, മലപ്പുറം ജില്ലാ ബാങ്കിലെ ജീവനക്കാർ ഇതിന് അനുകൂലമാണെന്ന്. ഞാൻ ചോദിക്കട്ടെ, ഈ ആക്ടിൽ പറയുന്നത് ജീവനക്കാരെക്കുറിച്ചാണോ? ഷെയർ ഹോൾഡേഴ്സിനെക്കുറിച്ചല്ലേ; മാത്രവുമല്ല, ലയിപ്പിച്ചാൽ ഇതുപോലെ ഗുണങ്ങളുണ്ടാകുമെന്ന് പറഞ്ഞാൽ ഏത് ജീവനക്കാരനും അതിന് കൂട്ടുനിൽക്കില്ലേ; ഈ രണ്ട് കാരണങ്ങൾ കൊണ്ടാണ് ഇതിൽ ലയിപ്പിക്കാൻ ഉദ്ദേശിക്കുന്നതെങ്കിൽ അത് ശരിയല്ലെന്നാണ് ഞങ്ങൾ പറയുന്നത്. ഇതിന്റെ amalgamation എന്നുപറയുന്നത് Government of India notify ചെയ്ത ആക്ട് പ്രകാരം, "The Banking Regulation (Amendment) Act, 2020 (39 of 2020) has been notified for the State Co-operative Banks (StCBs) and District Central Co-operative Banks (DCCBs) with effect from, April 1, 2021 vide Notification dated December 23, 2020 issued by Government of India." എന്നാണ്. ഇത് റിസർവ് ബാങ്ക് പറയുന്നതാണ്,

"In recent past, a few State Governments approached RBI for amalgamation of DCCBs with the State Co-operative Banks (StCB)." Therefore important criteria are issued. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് "The scheme of amalgamation shall be presented to the shareholders of the StCB/ DCCBs. A resolution shall be passed by 2/3rd of the majority of the shareholders, both in number and value, present and voting..... "

ഈ മലപ്പുറം ജില്ലാ ബാങ്കിനെ സംബന്ധിച്ച് രണ്ട് ജനറൽ ബോഡി യോഗങ്ങളാണ് ബഹുമാനപ്പെട്ട രജിസ്ട്രാർ വിളിച്ചുചേർത്തത്. 7-3-2019-നും 18-7-2019-നും. ആ രണ്ട് ജനറൽ ബോഡി യോഗങ്ങളിലും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം മലപ്പുറം ജില്ലാ കളക്ടർ നിരീക്ഷകനായിരുന്നു. അന്നുണ്ടായ വോട്ടിംഗ് പാറ്റേണിൽ 129 ആളുകൾ പങ്കെടുത്തു. അതിൽ 97 ആളുകൾ ഈ പ്രമേയത്തെ എതിർക്കുകയും 32 ആളുകൾ അതിനെ അനുകൂലിക്കുകയും ചെയ്തു. 29-9-2021-ൽ, ഈ അടുത്തദിവസം ചേർന്ന ജനറൽ ബോഡി യോഗത്തിൽ ഇതിൽ ലയിക്കേണ്ടതില്ലെന്ന് ഞങ്ങൾ ഐകകണ്ഠ്യേന തീരുമാനിച്ചു. അത് ജനാധിപത്യപരമായ അവകാശമല്ലേ? അതിന് ഞങ്ങളെ ലയിപ്പിക്കാൻ സാധിക്കുമോ? ഈ വോട്ടിംഗ് പാറ്റേൺ കണ്ട് മലപ്പുറം ജില്ലയിലെ സഹകാരികൾക്ക് വിവരമില്ലെന്ന് ആരും തെറ്റിദ്ധരിക്കരുത്. വളരെ വിനീതമായൊരു അപേക്ഷയാണ്. അങ്ങനെ ആരൊക്കെയോ തെറ്റിദ്ധരിപ്പിച്ചു കൊണ്ടിരിക്കുന്നു. ഈ വോട്ടിംഗ് പാറ്റേൺ ജില്ലാ ബാങ്കിൽ മാത്രമല്ല അസംബ്ലി തെരഞ്ഞെടുപ്പിലും മലപ്പുറം ജില്ലയിൽ ബാധകമാണ്. അവിടെ 16 സീറ്റിൽ 11-ലും UDF ആണ് ജയിച്ചത്. അതിന്റെ replica മാത്രമാണ് ജില്ലാ ബാങ്കിലും നമ്മൾ കണ്ടത്. അമാൽഗമേഷൻ എന്നുപറയുന്നത് ബാങ്കിംഗ് റെഗുലേഷൻ ആക്ടിലെ വകുപ്പ് 44-A read with Section 56 of the Banking Regulation Act, 1949 അനുസരിച്ച് മൂന്നിൽ രണ്ടിന്റെ ഭൂരിപക്ഷം വേണം. ഇല്ലാത്തപക്ഷം shall not be merged എന്നാണ് അതിൽ പറയുന്നത്. ബഹുമാനപ്പെട്ട മന്ത്രിയോട് വളരെ താഴ്മയായി ഞാൻ ചോദിക്കട്ടെ, അത് ബാധകമല്ലെന്ന് പറയാൻ സാധിക്കുമോ? ഇവിടെ ശ്രീ. എൻ. ഷംസുദ്ദീൻ സൂചിപ്പിച്ചതുപോലെ, സെൻട്രൽ ആക്ട് പാസ്സായി, അപ്പോൾ സംസ്ഥാന ഗവൺമെന്റിന് അങ്ങനെയൊരു നിയമം പാസ്സാക്കാനുള്ള ലെജിസ്ലേറ്റീവ് കോംപീറ്റൻസ് ഉണ്ടോ; അത് ചിന്തിക്കേണ്ടതല്ലേ? അതുകൊണ്ട് സെൻട്രൽ ആക്ടിനെ മാനിച്ചുകൊണ്ട്, മൂന്നിൽ രണ്ടിന്റെ ഭൂരിപക്ഷമില്ലാത്ത, ജനറൽ ബോഡി പാസ്സാക്കാത്ത ഈ ബിൽ അനുവദിക്കരുതെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ സിംഗിൾ ബെഞ്ച് ഒരു വിധി പ്രഖ്യാപിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ആ വിധിയുടെ അവസാന ഭാഗം ഞാൻ വായിക്കട്ടെ, "......However, I direct the respondents to initiate steps to table the Bill to replace the Ordinance....." അത് കറക്ടാണ്, അങ്ങനെ പറഞ്ഞിട്ടുണ്ട്. അവസാനം പറയുന്നത്, "……..will stand disposed of with a direction to the respondents 1 and 2 to expedite the process of merger of the Malappuram District Co-operative Bank……." എന്നാണ്. ഇത് മറച്ചുവയ്ക്കാൻ സാധിക്കുമോ? ഞാൻ സൂചിപ്പിച്ചതുപോലെ എട്ട്, ഒൻപത് കേസ്സുകൾക്ക് ഒരു കോമൺ ഓർഡറാണുള്ളത്.

വളരെ ചുരുക്കി ഞാൻ അത് വായിക്കാം, '...We have heard Sri George Poonthottam, the learned Senior Counsel instructed by various counsels appearing for the petitioners. We are of the view that the prima facie case has been made out, warranting admission of these appeals. These appeals are admitted. The learned Additional Advocate General takes notice on behalf of the official respondents.' ആരാണ് ഒഫിഷ്യൽ റെസ്പോണ്ടന്റ്സ്, ഒന്ന്, ചീഫ് സെക്രട്ടറി ഓഫ് കേരള, രണ്ട്, രജിസ്ട്രാർ ഓഫ് കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്, മൂന്ന്, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്. മൂന്ന് ആളുകളുണ്ട്, '….takes notice on behalf of the official respondents while Sri Millu Dandapani takes notice on behalf of the Reserve Bank of India and Sri Gilbert George learned Standing Counsel takes notice for the Kerala State Co-operative Bank…..." അതിൽ പറഞ്ഞതെന്താണ്, " …… list for further consideration on 20-5-2021 until which day status quo as on today with respect to the petitioners shall be maintained" . അത് മറച്ചുവച്ചിട്ട് എന്തിനാണ് പറയുന്നത്. സിംഗിൾ ബഞ്ചിന്റെ വിധി ഡിവിഷൻ ബെഞ്ച് സ്റ്റേ ചെയ്ത സ്ഥിതിക്ക്, status quo ഓർഡർ ചെയ്ത സ്ഥിതിക്ക് ഇതുപാടുണ്ടോ? ഇത് ടേബിളിൽ വയ്ക്കാൻ പറഞ്ഞതാണ് status quo, മെർജ് ചെയ്യുന്നതിനുള്ള സ്റ്റെപ്പ്സ് തുടരാൻ പറഞ്ഞതിനാണ് status quo. അപ്പോൾ നിയമപരമായി ഇത് നിലനിൽക്കുന്നതല്ല.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, മലപ്പുറം ജില്ലാ ബാങ്കിന്റെ ജനറൽ ബോഡി കൂടി രണ്ടുതവണ മഹാഭൂരിപക്ഷത്തോടുകൂടിയും മൂന്നാമത് ഐകകണ്ഠ്യേനയും കേരള ബാങ്കിൽ ലയിക്കേണ്ടതില്ലായെന്ന് തീരുമാനമെടുത്തു. അതിനെ വിവരമില്ലായ്മയായി, മലപ്പുറത്തുകാരെ ആക്ഷേപിക്കുന്ന കാര്യങ്ങളൊക്കെ നടക്കുന്നുണ്ട്. വിവരമില്ലായ്മ ആർക്കാണ്? അവിടത്തെ ഭൂരിപക്ഷം ജീവനക്കാരും കേരള ബാങ്കിൽ ലയിക്കണമെന്ന് അഭിപ്രായമുള്ളവരാണ്, അതുകൊണ്ട് അത് കേരള ബാങ്കിൽ ലയിപ്പിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. 140 അംഗങ്ങളുള്ള നിയമസഭയ്ക്കകത്ത് നിയമസഭാ സെക്രട്ടറിയുൾപ്പെടെ 140-ലേറെ ജീവനക്കാരുണ്ട്. ബഹുമാന്യനായ പിണറായി വിജയൻ മുഖ്യമന്ത്രിയായ ഈ മന്ത്രിസഭ ഈ 140 ആളുകളുടെ അഭിപ്രായമാണോ അതോ നിയമസഭയ്ക്കകത്തെ വാച്ച് ആൻഡ് വാർഡ് ഉൾപ്പെടെയുള്ള ജീവനക്കാരുടെ ഭൂരിപക്ഷ അഭിപ്രായമാണോ ഭരണപരമായ കാര്യങ്ങൾക്ക് തീരുമാനമെടുക്കാൻ പരിഗണിക്കുന്നത് എന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്. സഹകാരികൾക്ക് എന്താണ് ഇതുകൊണ്ട് നഷ്ടമെന്ന് ഒരു ബഹുമാന്യനായ മെമ്പർ ചോദിച്ചു. ഇന്ത്യാ രാജ്യത്ത് എണ്ണൂറിലേറെ ജില്ലകളുള്ളതിൽ രാജ്യത്തുവച്ച് ഏറ്റവും കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകാൻ മലപ്പുറം ജില്ലാ ബാങ്കിന് കഴിഞ്ഞു. പ്രൈമറി ബാങ്കുകൾ

കർഷകർക്ക് 9 ശതമാനം പലിശയ്ക്ക് വായ്പ നൽകുന്ന സന്ദർഭത്തിൽ മലപ്പുറം ജില്ലാ ബാങ്ക് 6 ശതമാനത്തിന് വായ്പ നൽകുന്ന ചരിത്രമുള്ള ജില്ലയാണ് മലപ്പുറം. ഇതുപോലുള്ള ആനുകൂല്യങ്ങൾ നൽകാൻ കേരള ബാങ്ക് വന്നാൽ കഴിയുമോ? അതുപോലെ 14 കേന്ദ്രങ്ങളിലെ ഭരണസമിതികൾ വികേന്ദ്രീകരിച്ച് അവിടത്തെ സാമ്പത്തിക കാര്യങ്ങളും സഹകരണ മേഖലയിലെ വിഷയങ്ങളും കൈകാര്യം ചെയ്യുന്നിടത്ത് പത്തോ പതിനഞ്ചോ ഭരണസമിതി അംഗങ്ങളിലേയ്ക്ക് കേന്ദ്രീകരിക്കുമ്പോൾ എന്ത് ജനാധിപത്യമാണ് അവിടെയുണ്ടാകുക? എന്ത് നേട്ടമാണുണ്ടാകുക? ഇതിനെക്കുറിച്ചാണ് നമ്മൾ ആലോചിക്കേണ്ടത്. ഇത് ആഗോളവൽക്കരണ സംസ്കാരത്തിന്റെ ഭാഗമാണ്. ഇതൊരു മുതലാളിത്ത സംസ്കാരത്തിന്റെ ഭാഗമാണെന്നുള്ളത് താങ്കൾ മനസ്സിലാക്കിയിട്ടുണ്ടോയെന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

ശ്രീ. യു. എ. ലത്തീഫ്: സർ, ഇത് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, അവസാനമായി പറയാനുള്ളത്, ഇത് കോൺസ്റ്റിറ്റ്യൂഷനിലെ ആർട്ടിക്കിൾ 213-ന് എതിരാണ്. ഇത് വളരെ ഗൗരവകരമായി എടുക്കേണ്ട കാര്യമല്ലേ? ആർട്ടിക്കിൾ 213-ൽ പറയുന്നത്, " Power of Governor to promulgate Ordinances during recess of Legislature:- If at any time, except when the Legislative Assembly of a State is in session, or where there is a Legislative Council in a State, except when both Houses of the Legislature are in session, the Governor is satisfied that circumstances exist which render it necessary for him to take immediate action, he may promulgate such Ordinances as the circumstances appear to him to require: Provided that the Governor shall not, without instructions from the President, promulgate any such Ordinance" എന്നാണ്. എന്താണ് ഇതിന്റെ അർത്ഥം, അത്രമാത്രം അടിയന്തരമായ ഒരു സാഹചര്യമുണ്ടാകുമ്പോൾ മാത്രമാണ് ഗവർണർക്ക് ഓർഡിനൻസ് ഇറക്കാനുള്ള അധികാരമുള്ളത്. If the Assembly is not in session രണ്ട്, അതിന് പ്രസിഡന്റിന്റെ ഇൻസ്ട്രക്ഷൻസും വേണം. 31-3-2020-ന് 20-ാം നമ്പർ ഓർഡിനൻസ്, 9-4-2020-ന് 27-ാം നമ്പർ ഓർഡിനൻസ്, 28-9-2020-ന് 58-ാം നമ്പർ ഓർഡിനൻസ്, 31-12-2020 മറ്റൊരു ഓർഡിനൻസ്, 9-2-2021-ന് 74-ാം നമ്പർ ഓർഡിനൻസ്, 2-4-2021-ന് 97-ാം നമ്പർ ഓർഡിനൻസ് തുടങ്ങി 6 ഓർഡിനൻസുകളാണ് ഇറക്കിയത്. ഒക്കെ മലപ്പുറം ജില്ലാ ബാങ്കിനെ ചേർക്കാനാണ്. അത്രമാത്രം എന്ത് അപകടമാണ് മലപ്പുറത്തുണ്ടായത്? മലപ്പുറം ജില്ലയിൽ സഹകരണ രംഗത്ത് എന്ത് അപകടമുണ്ടായി? എന്ത് അടിയന്തര സാഹചര്യമാണ് അവിടെയുണ്ടായത്? റിസർവ് ബാങ്ക് ഭരിക്കുന്നതും നബാർഡ് നിയന്ത്രിക്കുന്നതുമായ ഒരു ഭരണസമിതി അവിടെയുണ്ടല്ലോ; അങ്ങനെ വരുമ്പോൾ ഞാൻ ചോദിക്കട്ടെ, ഈ ഒരു കാര്യത്തിനുവേണ്ടി എത്ര തവണ മന്ത്രിസഭ തീരുമാനമെടുത്ത് അയയ്ക്കണം? ഒരു

കൊതുകിനെ കൊല്ലാൻ ആരെങ്കിലും എ.കെ. 47 തോക്ക് എടുക്കാറുണ്ടോ? അതല്ലേ ഇവിടെ ചെയ്തുകൊണ്ടിരിക്കുന്നത്? ഇത് ഭരണഘടനയുടെ ആർട്ടിക്കിൾ 14, ആർട്ടിക്കിൾ 19 (1) (c), ആർട്ടിക്കിൾ 43 (b) എന്നിവയ്ക്കെതിരാണ്. നേരത്തെ സൂചിപ്പിച്ച സുപ്രീംകോടതി വിധി 97-ാം ഭരണഘടനാ ഭേദഗതിയെ സംബന്ധിച്ച് അതും ഇതുമായി എന്താണ് ബന്ധം? ഇത് ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽപ്പെടുന്ന കാര്യങ്ങളല്ലേ; അത് സ്റ്റേറ്റ് ഗവൺമെന്റിന് ബാധകമല്ലെന്ന് പറയുന്നത് ശരിയാണോ? Article 14- Equality before law. രാജ്യത്ത് എല്ലാ സഹകാരികൾക്കും മുന്നിൽ രണ്ട് ഭൂരിപക്ഷം ബാധകമാണ്. മലപ്പുറം ജില്ലാ സഹകരണ ബാങ്കിന് മാത്രം അത് ബാധകമല്ലാത്തത് എന്തുകൊണ്ടാണ്? Article 19(1) (c) of the Constitution of India guarantees to all its citizens the right " to form associations, or unions or Co- Operative Societies."

അത് ഭരണഘടനയുടെ മൗലിക അവകാശത്തിൽപ്പെട്ടതാണ്. അത് ഞങ്ങൾക്ക് നിഷേധിക്കുന്നു. Article 43 (b) - Promotion of co-operative societies- The State shall endeavour to promote voluntary formation, autonomous functioning, democratic control and professional management of co-operative societies. അത് മുഴുവൻ ഞങ്ങൾക്ക് നിഷേധിക്കുന്നു. അതുകൊണ്ട് ഇതിന്റെ അവതരണാനുമതി നിഷേധിക്കണമെന്ന് എല്ലാവരോടും അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: അങ്ങ് ഇവിടെ ഇത്രയും നേരം വളരെയേറെ വാചാലമായി പറഞ്ഞുകൊണ്ടിരുന്നതെല്ലാം മലപ്പുറം ബാങ്ക് കേരള ബാങ്കുമായി ലയിക്കുന്നതിനെതിരായുള്ള വാദഗതികളാണ്. കേന്ദ്ര നയങ്ങളും റിസർവ് ബാങ്ക് നിയമങ്ങളുമൊക്കെ സഹകരണ മേഖലയിൽ ബാങ്കിംഗ് പ്രവർത്തനങ്ങൾ നടത്തുന്നതിന് വിപരീതമായിട്ടാണ്. ബാങ്ക് എന്ന പേര് ഉപയോഗിക്കാൻ കഴിയില്ല, ചെക്ക് ഉപയോഗിക്കാൻ കഴിയില്ല, ഈ നിലയിലുള്ള നിയന്ത്രണങ്ങളൊക്കെ വരുന്നത് നമ്മുടെ ബാങ്കിംഗ് മേഖലയെ അപ്പാടെ ന്യൂ ജനറേഷൻ ബാങ്കുകൾക്ക് തീറെഴുതാനുള്ള ഒരു കേന്ദ്ര ശ്രമത്തിന്റെ കൂടി ഭാഗമാണ്. അതിൽനിന്ന് കേരളത്തിലെ സഹകരണ മേഖലയെയും സഹകാരികളെയും സംരക്ഷിച്ചുനിർത്താൻ പര്യാപ്തമായ കാര്യങ്ങളാണ് കേരള ബാങ്കിന്റെ രൂപീകരണത്തിലൂടെ ലക്ഷ്യം വച്ചിരിക്കുന്നത്. സ്വാഭാവികമായും അതിന്റെ ഗുണഫലം മലപ്പുറം ജില്ലയിലെ സഹകാരികൾക്ക് ലഭിക്കാതിരിക്കുന്ന സാഹചര്യമാണ് ഇവിടെയുണ്ടാകുന്നതെന്ന് അങ്ങേയ്ക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ? കേരളത്തിൽ യു.ഡി.എഫ്. ഭരിച്ചുകൊണ്ടിരുന്നതടക്കം 13 ജില്ലാ ബാങ്കുകളിലും ഇല്ലാതിരുന്നൊരു വികാരം മലപ്പുറത്ത് മാത്രം ഉണ്ടാക്കിയെടുക്കുമ്പോൾ അതിന്റെ പിന്നിൽ കൃത്യമായ രാഷ്ട്രീയ ഗൂഢോദ്ദേശ്യമാണെന്ന് ആരെങ്കിലും ആരോപിച്ചാൽ അതിൽ തെറ്റ് പറയാൻ കഴിയുമോ?

ശ്രീ. യു. എ. ലത്തീഫ്: ഇതൊക്കെ ഞാൻ ഉൾക്കൊണ്ടിട്ടുണ്ട്. ഇത് പൊതുജനക്ഷേമത്തിന് പകരം പൊളിറ്റിക്കലി മോട്ടിവേറ്റഡ് ആണ്. ആരാണ് കേരള ബാങ്കിന്റെ തലപ്പത്തിരിക്കുന്നത്? സി.പി.ഐ.(എം)-ന്റെ നേതാക്കന്മാരല്ലേ? ഇനി ലയിപ്പിച്ചാൽ ശരിയാകുമോ? ലോകത്തിലെ ഏറ്റവും വലിയ ധനകാര്യ സ്ഥാപനമായ അമേരിക്കയിലെ ബാങ്ക് പൊട്ടിത്തകർന്ന് തരിപ്പണമായില്ലേ? അത് വലിയ ബാങ്കായിരുന്നു. കെട്ടുറപ്പും ഭരണ സംവിധാനവുമാണ് വേണ്ടതെന്നാണ് സി.പി.ഐ.(എം.) അന്ന് പറഞ്ഞത്. അതുകൊണ്ട് ഞാൻ ഈ നിരാകരണപ്രമേയത്തെ പിന്തുണയ്ക്കുന്നു.

ശ്രീ. എ. എൻ. ഷംസീർ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, 2021-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 1-11-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

നമ്മുടെ രാജ്യത്തെ സഹകരണ മേഖലയുടെ പ്രാധാന്യത്തെയും പ്രസക്തിയെയും സംബന്ധിച്ച് ഏറെ വിശദീകരിക്കേണ്ട കാര്യമില്ല. രാജ്യത്തെ കാർഷിക മേഖലയുടെയും കർഷകരുടെയും ഉന്നമനത്തിനാണ് സഹകരണ സംഘങ്ങൾ രൂപീകരിക്കപ്പെട്ടത്. അത്തരം വ്യവസ്ഥയോടെ രൂപീകരിക്കപ്പെട്ട സഹകരണ നിയമം ആദ്യമായി പ്രാബല്യത്തിൽ വരുന്നത് 1904-ലാണ്. അതുകഴിഞ്ഞ് 117 വർഷം പിന്നിട്ടു. നമ്മുടെ സംസ്ഥാനത്ത് സമഗ്രമായ ഒരു സഹകരണ നിയമം വന്നിട്ട് 50 വർഷമായി. ഈ കാലയളവിൽ വലിയ മാറ്റങ്ങൾ സഹകരണ മേഖലയിലുണ്ടായിട്ടുണ്ട്. അതിനെയെല്ലാം ഉൾക്കൊണ്ടുകൊണ്ട് ബഹുമാനപ്പെട്ട ശ്രീ. കെ. പി. എ. മജീദ് സൂചിപ്പിച്ചതുപോലെ സമഗ്രമായ സഹകരണ നിയമം നമ്മുടെ സംസ്ഥാനത്ത് രൂപപ്പെടുത്തിയെടുക്കാനുള്ള ഉത്തരവാദിത്വം നിശ്ചയമായും ഈ ഗവൺമെന്റിൽ നിക്ഷിപ്തമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അതിനുവേണ്ടിയുള്ള വലിയ പരിശ്രമം നടന്നിട്ടുണ്ടായിരുന്നു. കേരളത്തിലെ സഹകരണ മേഖലയുമായി ബന്ധപ്പെട്ട എല്ലാ സഹകാരികളുമായി യോജിച്ചുകൊണ്ട് കാലോചിതമായ മാറ്റങ്ങൾ സഹകരണ നിയമത്തിൽ വരുത്തുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കിയിരുന്നു. ദൗർഭാഗ്യവശാൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അത് നിയമസഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്ത് പാസ്സാക്കിയെടുക്കാൻ നമുക്ക് സാധിച്ചില്ല. ഇപ്പോൾ ഗവൺമെന്റിന്റെ മുന്നിൽ ആ നിയമവും ഇവിടെ ഉയർന്നുവന്ന പുതിയ വെല്ലുവിളികൾ സംബന്ധിച്ച കാര്യങ്ങളുമുണ്ട്. അതെല്ലാംകൂടി പരിഗണിച്ചുകൊണ്ട് നമുക്ക് സമഗ്രമായൊരു നിയമനിർമ്മാണത്തിലേയ്ക്ക് പോകേണ്ടതായിട്ടുണ്ട്.

കേരള ബാങ്കിന്റെ രൂപീകരണമെന്ന് പറയുന്നത് കേവലമൊരു രാഷ്ട്രീയ തീരുമാനം നടപ്പിലാക്കാൻ വേണ്ടിയുള്ള ഒന്നായിരുന്നില്ല. അഞ്ചാം പഞ്ചവത്സര പദ്ധതിക്കാലത്ത് ആരംഭിച്ച ഒരഭിപ്രായത്തിന് വളരെ വർഷങ്ങളുടെ പഴക്കമുണ്ടെന്ന് കാണാൻ സാധിക്കും. അന്നുതന്നെ സഹകരണ മേഖലയിൽ നിലവിലുള്ള ത്രിതല സംവിധാനത്തിൽനിന്ന് ദ്വിതല സംവിധാനത്തിലേയ്ക്ക് സംസ്ഥാനങ്ങൾ മാറണമെന്ന നിർദ്ദേശം നമ്മുടെ മുന്നിൽ വച്ചിരുന്നു. വിശേഷിച്ച് ചെറിയ സംസ്ഥാനങ്ങൾ ദ്വിതലം തന്നെ സ്വീകരിക്കണമെന്നായിരുന്നു അന്ന് നിർദ്ദേശിച്ചിരുന്നത്. പല കാരണങ്ങളാൽ നമുക്ക് ആ നിർദ്ദേശം അംഗീകരിക്കാൻ സാധിച്ചില്ല. ഇന്ത്യയിലെ ഏതാണ്ട് 14 സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും ദ്വിതല ഘടനയിലേയ്ക്ക് മാറി. കേരളം പോലെയുള്ള ഒരു ചെറിയ സംസ്ഥാനത്തിന് വളരെ നേരത്തെതന്നെ ആ മാറ്റമുണ്ടാകേണ്ടതായിരുന്നു. നിങ്ങൾക്കറിയാം, സെൻട്രൽ ബാങ്ക് എന്ന് വിളിക്കുന്ന ജില്ലാ ബാങ്കിന്റെ ഭരണസമിതി എന്നുപറയുന്നത് ഓരോ ജില്ലയിലെയും വളരെ ഫലപ്രദമായ രാഷ്ട്രീയ നേതൃത്വമാണ്. മലപ്പുറം ജില്ലയുടെ കാര്യമെടുത്താൽ ജില്ലാ ബാങ്കിന്റെ ഭരണ സമിതിയാണ് ജില്ലയിലെ ലീഗിനെ നയിക്കുന്നതെന്ന് പറഞ്ഞാൽ എനിക്ക് വലിയ അഭിപ്രായ വ്യത്യാസമൊന്നുമില്ല. അത് ശരിയാണെന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്. ജില്ലാ ബാങ്കിന്റെ പ്രസിഡന്റും ഭരണസമിതി അംഗങ്ങളും ജില്ലാ ലീഗിനെയും സംസ്ഥാന ലീഗിനെയും നയിക്കുന്നതായി കഴിഞ്ഞ രണ്ടുമൂന്ന് വർഷക്കാലത്തെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ എനിക്ക് തോന്നിയിട്ടുണ്ട്. എല്ലാ ജില്ലകളിലും അതായിരുന്നു സ്ഥിതി. രാഷ്ട്രീയ തീരുമാനങ്ങളെടുക്കുന്നതിന് രാഷ്ട്രീയ നേതൃത്വത്തിനുമേൽ സമ്മർദ്ദം ചെലുത്താൻ കഴിയുന്ന വളരെ ശക്തരായിട്ടുള്ളൊരു കൂട്ടരായിരുന്നു ജില്ലാ ബാങ്കുകളുടെ ഭരണ സമിതിയിലുണ്ടായിരുന്നത്. അതുകൊണ്ടുതന്നെ സഹകാരികളും രാഷ്ട്രീയ നേതൃത്വവും ആഗ്രഹിച്ചാലും ദ്വിതല സംവിധാനത്തിലേയ്ക്ക് വരാനായി നമുക്ക് സാധിക്കാതെ പോയിട്ടുണ്ട്. പക്ഷേ 2016-ൽ ഈ ഗവൺമെന്റ് വരുന്നതിന് കാരണമായ തെരഞ്ഞെടുപ്പിനുമുമ്പ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ജനങ്ങളുടെ മുന്നിൽവച്ച് ജനങ്ങളുടെ അംഗീകാരം വാങ്ങി ദ്വിതല സംവിധാനത്തിലേയ്ക്ക് പോകണമെന്നുള്ള ഒരു രാഷ്ട്രീയ തീരുമാനം സ്വീകരിച്ചു. അതുകഴിഞ്ഞ് അധികാരത്തിൽ വന്ന ഗവൺമെന്റ് ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ കേരള ബാങ്കിന്റെ രൂപീകരണം പ്രഖ്യാപിച്ചു. ആദ്യത്തെ ബഡ്ജറ്റ് അവതരണവേളയിൽ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി കേരള ബാങ്കിന്റെ രൂപീകരണത്തിനാവശ്യമായ നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചു. അതിനെത്തുടർന്നാണ് ബാംഗ്ലൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെ പബ്ലിക് പോളിസി പ്രൊഫസറായ ശ്രീ. എം. എസ്. ശ്രീറാം അദ്ധ്യക്ഷനും അഡീഷണൽ ചീഫ്

സെക്രട്ടറി ശ്രീ. വി. എസ്. സെന്തിൽ ഐ.എ.എസ്., നബാർഡ് റിട്ടയേർഡ് സി.ജെ.എം. ശ്രീ. സി. പി. മോഹൻ, യൂണിയൻ ബാങ്ക് റിട്ടയേർഡ് ജനറൽ മാനേജർ ശ്രീ. ടി. പി. ബാലകൃഷ്ണൻ എന്നിവർ അംഗങ്ങളും സഹകരണ വകുപ്പിന്റെ സ്പെഷ്യൽ സെക്രട്ടറി ശ്രീ. പി. വേണുഗോപാൽ, ഐ.എ.എസ്. മെമ്പർ സെക്രട്ടറിയുമായുള്ള ഒരു വിദഗ്ദ്ധസമിതി രൂപീകരിച്ചത്. ആ സമിതി സംസ്ഥാന സഹകരണ ബാങ്കിന്റെയും 14 ജില്ലാ ബാങ്കുകളുടെയും ഭരണസമിതി അംഗങ്ങൾ, ജീവനക്കാരുടെ സംഘടനകൾ, സഹകരണ മേഖലയിലെ വിവിധ സ്ഥാപനങ്ങളുടെ ചുമതലക്കാർ തുടങ്ങി വിവിധ വിഭാഗങ്ങളുമായി ദീർഘമായുള്ള ചർച്ചകളും കൂടിയാലോചനകളും നടത്തി 2017 ഏപ്രിൽ 28-ന് ഇതുസംബന്ധിച്ച റിപ്പോർട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിച്ചു. കേരളത്തിലെ ഹ്രസ്വകാല സഹകരണ കാർഷിക വായ്പാ മേഖലയിൽ നിലനിൽക്കുന്ന ത്രിതല ഘടന ദ്വിതലമായി ഉടച്ചുവാർക്കുന്നതിന് ശിപാർശ ചെയ്തുകൊണ്ടായിരുന്നു വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് നമ്മൾ മുന്നോട്ടുപോയത്. അതിന് ഇവിടെ അർത്ഥവത്തായ ഒരു ചർച്ച നടന്നില്ലായെന്നാണ് ബഹുമാനപ്പെട്ട കെ. പി. എ. മജീദ് സൂചിപ്പിച്ചത്. ആ വാക്കുകൊണ്ട് അദ്ദേഹം അർത്ഥമാക്കുന്നത് എന്താണെന്ന് എനിക്ക് വേണ്ടത്ര ബോദ്ധ്യമായിട്ടില്ല. ഞാൻ അന്ന് സഹകരണ വകുപ്പുമന്ത്രിയായിരുന്നതിനാൽ എന്റെ അനുഭവത്തിൽനിന്നും പറയുന്നത് 14 ജില്ലകളിലേയും സഹകാരികളുമായി മന്ത്രിയെന്ന നിലയിൽ ഞാൻ തന്നെ കൂടിക്കാഴ്ച നടത്തിയിട്ടുണ്ട്. 14 ജില്ലകളിലുമായി 1600-ലധികം വരുന്ന പ്രാഥമിക ബാങ്ക് പ്രസിഡന്റുമാർ, ജില്ലാ ബാങ്ക് അധികൃതർ, രാഷ്ട്രീയ കക്ഷിനേതാക്കന്മാർ, സംഘടനാ നേതാക്കൾ തുടങ്ങിയവരെ ഞാൻ നേരിട്ട് വിളിച്ച് സംസാരിച്ചു. എന്റെ അനുഭവത്തിൽ പൊതുവെ കേരള ബാങ്ക് വരുന്നത് അനുകൂലിക്കുന്ന സഹകരണ സമൂഹത്തെയാണ് എനിക്ക് കാണാൻ സാധിച്ചത്. രാഷ്ട്രീയമായ കാരണങ്ങളാലോ മറ്റെന്തുകൊണ്ടോ മലപ്പുറം ജില്ലാ ബാങ്ക് ഒറ്റപ്പെട്ട് നിൽക്കുന്നതിനെ ജില്ലയിലെ ലീഗ് നേതൃത്വം അനുകൂലിക്കുന്നുവെന്ന് ഞാൻ കരുതുന്നില്ല. കുറച്ച് വൈകിപ്പോയെങ്കിലും ഒരു ശരിയായ തീരുമാനത്തിലേയ്ക്ക് ലീഗ് നേതൃത്വം വരണമെന്നാണ് എന്റെ വിനയത്തോടുകൂടിയുള്ള അഭിപ്രായം. യു.ഡി.എഫ്. എന്ന് എന്തിനാണ് പറയുന്നത്; യു.ഡി.എഫ്. ഒക്കെ വന്നു. ബാക്കി 13 ജില്ലകളിലെയും യു.ഡി.എഫ്. അനുകൂലിക്കുന്നുണ്ട്. മലപ്പുറം ജില്ലയിൽ ലീഗിന് നേതൃത്വമുള്ളതുകൊണ്ടാണോ വരാൻ സാധിക്കാത്തത്? അങ്ങനെ ലീഗ് ചിന്തിക്കാൻ പാടില്ല. 13 ജില്ലകളുടെയും സവിശേഷമായ സാന്നിദ്ധ്യമുള്ളപ്പോൾ മലപ്പുറം ജില്ലകൂടി ഇതിനോടൊപ്പം സ്വയം സഹകരിച്ച് മുന്നോട്ടുവരുന്ന ഒരു രാഷ്ട്രീയ നേതൃത്വമായി മാറേണ്ടതാണ്. നിങ്ങൾ അങ്ങനെ ചെയ്യണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. എത്ര കേസ്സുകളാണ് നൽകിയിരിക്കുന്നത്? ജില്ലാ

ബാങ്കിന്റെ പണം എത്ര മാത്രമാണ് കേസ്സുകൾക്കായി ചെലവഴിച്ചത്? നിങ്ങളുടെ കയ്യിൽ കണക്കുണ്ടോ? നമുക്ക് വേണമെങ്കിൽ കണക്കെടുപ്പിക്കാം. എല്ലാ കേസ്സുകളും പരാജയപ്പെട്ടില്ലേ? ഇത് ഏകപക്ഷീയമായി തീരുമാനിച്ചതാണോ; ഇതാരംഭിക്കാൻ റിസർവ് ബാങ്കിന്റെ അനുമതിയില്ലേ? നബാർഡിന്റെ അനുമതിയില്ലേ? ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്കും ധനകാര്യ വകുപ്പുമന്ത്രിക്കും ധനകാര്യ വകുപ്പിനും നബാർഡിനും റിസർവ് ബാങ്കിനും എത്ര പെറ്റീഷനുകളാണ് നൽകിയിരിക്കുന്നത്. വളരെ ഉത്തരവാദിത്തമുള്ള നേതാക്കന്മാരുടെ പെറ്റീഷനുകളാണ് കേരള ബാങ്കിനെതിരായി നൽകിയത്. എന്തുകൊണ്ട് കേരള ബാങ്കിന്റെ രൂപീകരണം താമസിച്ചുവെന്ന ചോദ്യത്തിന് ഒരു മറുപടിയേയുള്ളൂ. ആ പെറ്റീഷനുകൾക്ക് മറുപടി നൽകി അത് തള്ളിയതിനുശേഷം മാത്രമേ അടുത്ത ഘട്ടത്തിലേയ്ക്ക് ഇവരൊക്കെ കടക്കുകയുള്ളൂ. അതെടുത്ത് ചവറ്റുകുട്ടയിലേയ്ക്കിടുന്ന സമ്പ്രദായമില്ല. കുറച്ച് എം.പി.മാർ ചേർന്ന് പെറ്റീഷൻ അയയ്ക്കുകയാണ്; പ്രതിപക്ഷ നേതാവ് ഒരു പെറ്റീഷൻ അയയ്ക്കുകയാണ്. ഉത്തരവാദിത്വമുള്ള ഭരണഘടനാ സ്ഥാപനങ്ങൾ ആ പെറ്റീഷനുകൾക്ക് വലിയ വില നൽകാറുണ്ട്. ഇക്കാര്യത്തെക്കുറിച്ചുള്ള ഗവൺമെന്റിന്റെ അഭിപ്രായം അറിയിക്കണമെന്ന് അവർ തിരിച്ച് ഗവൺമെന്റിനോട് ചോദിക്കും. അതുകഴിഞ്ഞ് തീരുമാനം വന്നതിനുശേഷം മാത്രമേ അടുത്ത സ്റ്റെപ്പിലേയ്ക്ക് പോകാൻ സാധിക്കുകയുള്ളൂ. കോടതിയിൽ എത്ര കേസ് നൽകി? സിംഗിൾ ബെഞ്ചിന്റെ വിധി വന്നു. ആ വിധിയെ മാനിക്കാൻ തയ്യാറാകണ്ടേ? എന്തിനാണ് വീണ്ടും സഹകാരികളുടെ പണമെടുത്തുപയോഗിച്ച് നിങ്ങൾ ഡിവിഷൻ ബെഞ്ചിലേയ്ക്ക് പോയത്? അവിടെവച്ചെങ്കിലും നിങ്ങൾ അവസാനിപ്പിക്കണ്ടേ? ഇതൊരു യാഥാർത്ഥ്യമായില്ലേ? കേരള ബാങ്ക് വന്നില്ലെന്ന് ഇപ്പോഴും നിങ്ങൾ പറഞ്ഞുനടക്കുകയാണോ? യാഥാർത്ഥ്യമായിക്കഴിഞ്ഞുവെന്നുള്ള സത്യം അംഗീകരിക്കാൻ നിങ്ങൾ ദയവായി തയ്യാറാകണം. ഇപ്പോഴും ഇരുട്ടാണെന്ന് പറഞ്ഞ് നിൽക്കരുത്. ഇത് പകലാണ്, പകലിനെ പകലായി അംഗീകരിക്കണം.

ശ്രീ. ഡി. കെ. മുരളി: സർ, അങ്ങ് കഴിഞ്ഞ പ്രാവശ്യത്തെ സഹകരണ വകുപ്പുമന്ത്രി എന്ന നിലയിൽ കേരള ബാങ്ക് രൂപീകരിക്കുന്നതിനുവേണ്ടി വളരെ നിർണ്ണായക പങ്കുവഹിച്ച ഒരാളാണ്. ഒറ്റപ്പെട്ടുനിൽക്കുന്ന മലപ്പുറം ബാങ്കിലെ നല്ലൊരു ശതമാനം സഹകാരികളും ജീവനക്കാരും ഈ ഒറ്റപ്പെടലിന് എതിരാണെന്നുള്ള വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഇവിടെ ശ്രീ. യു. എ. ലത്തീഫ് സംസാരിക്കുമ്പോൾ ഇടപെട്ട് ശ്രീ. കുറുക്കോളി മൊയ്തീൻ സംസാരിക്കുന്നുണ്ടായിരുന്നു. 140 എം.എൽ.എ.മാരും പുറത്തുള്ള വാച്ച് ആൻഡ് വാർഡുൾപ്പെടെയുള്ള

ജീവനക്കാരും എന്നിങ്ങനെ എന്തോ ബന്ധപ്പെടുത്തി സംസാരിക്കുന്നുണ്ടായിരുന്നു. വിവരമില്ലായ്മയാണെന്നൊന്നും ഞാൻ പറയുന്നില്ല. യഥാർത്ഥത്തിൽ അദ്ദേഹം അങ്ങനെ സംസാരിക്കാമായിരുന്നോ? അവിടെ പണിയെടുക്കുന്ന ജീവനക്കാർ അഭിപ്രായമില്ലാത്തവരോ മോശക്കാരോ അല്ല. അവിടെ പണിയെടുക്കുന്ന ആറേഴ് ജീവനക്കാരൊഴികെ മുഴുവൻ ജീവനക്കാരും ഒപ്പിട്ടുതന്ന നിവേദനം അന്നത്തെ പ്രതിപക്ഷ നേതാവായിരുന്ന ബഹുമാനപ്പെട്ട രമേശ് ചെന്നിത്തലയ്ക്കും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിക്കും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും നൽകിയിട്ടുണ്ട്. അന്നത്തെ വകുപ്പുമന്ത്രിയെന്ന നിലയിൽ അത് എന്റെ കൈവശവുമുണ്ട്. അവരുടെ അഭിപ്രായവും മാനിക്കപ്പെടേണ്ടതുതന്നെയാണ്. അവർ മോശക്കാരൊന്നുമല്ല, അങ്ങനെ നമ്മൾ വിചാരിക്കരുത്. അവരെല്ലാവരും ഇതിനെ അനുകൂലിക്കുന്നുവെന്നുള്ളത് വാസ്തവമാണ്. ഇപ്പോൾ നമ്മൾ ഇത് കൊണ്ടുവരാൻ എന്തുകൊണ്ടാണ് നിർബന്ധിതമായത്? ഒരു ജില്ലാ സഹകരണ ബാങ്ക് മാത്രം കേരള ബാങ്കിൽ ലയിക്കാതിരിക്കുന്നത് ആ ജില്ലാ സഹകരണ ബാങ്കിലെ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങൾക്കും അർബൻ സഹകരണ ബാങ്കുകൾക്കും മറ്റിടപാടുകാർക്കും ലയനശേഷം ബാങ്ക് വിഭാവനം ചെയ്യുന്ന മെച്ചപ്പെട്ട സേവനങ്ങളും സൗകര്യങ്ങളും ലഭ്യമാകാത്ത സാഹചര്യമുണ്ടാകുമെന്നതിനാലാണ്. ജില്ലാ സഹകരണ ബാങ്കിന്റെയും ബന്ധപ്പെട്ട മറ്റ് സഹകരണ സംഘങ്ങളുടെയും വാദഗതികൾ പരിശോധിച്ച് റിസർവ് ബാങ്കുമായി കൂടിയാലോചിച്ച് മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെക്കൂടി സംസ്ഥാന ബാങ്കുമായി ലയിപ്പിക്കുന്നതിന് സാധ്യമാകുന്ന തരത്തിലുള്ള നിയമ ഭേദഗതി വരുത്തുന്നതിനുവേണ്ടി നിശ്ചയിച്ചിരുന്നു. സഹകരണ തത്വപ്രകാരമുള്ള സ്വയംഭരണാവകാശത്തെക്കുറിച്ചെല്ലാം ഇവിടെ സംസാരിക്കുന്നത് കേട്ടു. നിങ്ങളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള PACS (Primary Agricultural Credit Societies)-കൾക്കും സ്വയംഭരണാവകാശമുണ്ടെന്ന കാര്യം മറക്കരുത്. ആ PACS-കൾ നാളെ കേരള ബാങ്കിൽ അഫിലിയേഷന് തീരുമാനിക്കുകയാണെങ്കിൽ ചീട്ടുകൊട്ടാരം പോലെ തകരാനായിരിക്കും നിങ്ങളുടെ വിധിയെന്ന് നിങ്ങൾ മനസ്സിലാക്കണം. കുറച്ചുപേർ നിങ്ങളുടെ കൂടെ നിൽക്കും. കുറെയാളുകളെങ്കിലും കേരള ബാങ്കിന്റെ ഭാഗമായി അവർക്ക് സ്വയം തീരുമാനിക്കാനുള്ള അവകാശത്തോടുകൂടി മുന്നോട്ടുവന്നാൽ നിങ്ങളുടെ സ്ഥിതി പരമ ദയനീയമായിരിക്കും. നിങ്ങൾ മനസ്സിലാക്കേണ്ട മറ്റൊരു കാര്യം, 2021 മേയ് 24-ന് റിസർവ് ബാങ്ക് സംസ്ഥാനങ്ങൾക്കൊരു സർക്കുലർ നൽകിയിട്ടുണ്ട്. കേരള ബാങ്ക് മാതൃക രാജ്യത്താകമാനം വ്യാപിപ്പിക്കണമെന്നുള്ളതാണ് അതിൽ പറയുന്നത്. സഹകരണ മേഖലയിൽ നമ്മൾ ഏറ്റവും മുന്നിൽ സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ്. ആ സർക്കുലർ ബഹുമാനപ്പെട്ട യു. എ. ലത്തീഫ് വായിക്കണം. എങ്ങനെയാണ്

കേരള ബാങ്ക് രൂപീകരിക്കപ്പെട്ടതെന്ന കാര്യം പഠിക്കാനും മനസ്സിലാക്കാനും ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയുടെ ഓഫീസിലേയ്ക്കും സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെ അടുക്കലേയ്ക്കുമെല്ലാം ഈ കോവിഡ് കാലത്തുപോലും വിവിധ സംസ്ഥാനങ്ങളിൽനിന്ന് പ്രതിനിധി സംഘം വരികയാണ്. വളരെ പെട്ടെന്ന് ദ്വിതല സംവിധാനത്തിലേയ്ക്ക് മാറുന്നതിനുവേണ്ടി ശ്രമിക്കുകയാണ്.

ശ്രീ. വി. ജോയി: സർ, ബഹുമാനപ്പെട്ട അംഗം സംസാരിച്ചപ്പോൾ ത്രീ ടയർ സിസ്റ്റത്തിൽനിന്ന് ടു ടയർ സിസ്റ്റമാക്കി മാറ്റുന്നുവെന്ന് പറഞ്ഞു. ടു ടയർ സിസ്റ്റമാകുമ്പോൾ നമ്മുടെ നാട്ടിൽ സാധാരണക്കാരായിട്ടുള്ള സഹകാരികൾക്ക് ഗുണമല്ലേ ഉണ്ടാകുന്നത്? ജില്ലാ ബാങ്ക് ടു ടയർ സിസ്റ്റത്തിലേയ്ക്ക് മാറുന്നതോടുകൂടി, ജില്ലാ ബാങ്കുകൾക്ക് ഈ ലോണുകളൊക്കെ വരുമ്പോൾ 1.5 ശതമാനം ഷെയർ ലഭിക്കും. അത് സാധാരണക്കാരായിട്ടുള്ള സഹകാരികൾക്ക് ലഭിക്കാൻ സാധ്യതയില്ലേ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, മലപ്പുറം ജില്ലാ ബാങ്ക് കേരള ബാങ്കിൽ ലയിക്കാത്തതുമൂലമുള്ള ഒരു നഷ്ടം മാത്രം ഞാൻ സൂചിപ്പിക്കാം. സമീപ ദിവസങ്ങളിലുണ്ടായ നഷ്ടം സംബന്ധിച്ച് ബഹുമാനപ്പെട്ട മിനിസ്റ്റർ പറയും. PACS-കളെ മൾട്ടി സർവ്വീസ് സെന്ററുകളാക്കുന്നതിന് നബാർഡിലൂടെ നടപ്പാക്കുന്ന ഒരു സ്കീമുണ്ട്. 'PACS as MSCs' (PACS as Multi Service Centres) എന്നാണ് ആ സ്കീമിന്റെ പേര്. സംഘങ്ങൾ കാർഷിക മൂല്യവർദ്ധിത പദ്ധതികൾ നടപ്പിലാക്കുന്നതിന് ഒരു ശതമാനം പലിശയ്ക്ക് വായ്പ ലഭ്യമാക്കുന്ന പദ്ധതിയാണിത്. കേരള ബാങ്കിലൂടെ അപേക്ഷിച്ചാലേ ഒരു ശതമാനം പലിശയ്ക്ക് വായ്പ ലഭിക്കൂ. മറ്റ് ബാങ്കുകളിലൂടെ അപേക്ഷിച്ചാൽ 7.95 ശതമാനത്തിന് മുകളിലാണ് പലിശ. കേരളത്തിൽ ഈ ഇനത്തിൽ 2500 കോടി രൂപ വരെ വായ്പയ്ക്ക് അർഹതയുണ്ട്. ഈ അർഹത മലപ്പുറം ജില്ലയിലെ PACS-കൾക്ക് ഇപ്പോൾ നിഷേധിക്കപ്പെട്ടിരിക്കുകയാണെന്നുള്ള കാര്യം നിങ്ങൾ മറക്കരുത്. ഇവിടെ നോട്ടുനിരോധന കാലത്തെ സംബന്ധിച്ചെല്ലാം ബഹുമാനപ്പെട്ട കെ. പി. എ. മജീദ് പറയുകയുണ്ടായി. അദ്ദേഹം സൂചിപ്പിച്ചൊരു കാര്യം ശരിയാണ്. കേരളത്തിലെ സഹകരണ പ്രസ്ഥാനം കക്ഷി രാഷ്ട്രീയത്തിനതീതമായി ഒരുമിച്ച് നിൽക്കുന്ന പ്രസ്ഥാനം തന്നെയാണ്. കക്ഷി രാഷ്ട്രീയത്തിനതീതമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതാണ്. നോട്ടുനിരോധന കാലത്ത് എന്താണ് സംഭവിച്ചത്? മലപ്പുറം ജില്ലാ ബാങ്കിൽ ഒരു ദിവസം ഇ.ഡി.-യും സി.ബി.ഐ.-യും ഫിനാൻഷ്യൽ ഇന്റലിജൻസ് യൂണിറ്റും കയറി എന്തെല്ലാം ബഹളമാണുണ്ടാക്കിയത്?

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗത്തിന്റെ സമയം കഴിഞ്ഞു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, പെട്ടെന്ന് അവസാനിപ്പിക്കാം. അന്നത്തെ ഗവൺമെന്റിന്റെ ഇടപെടലില്ലായിരുന്നുവെങ്കിൽ മലപ്പുറത്തിന്റെ കാര്യത്തിൽ മാത്രമല്ല സംസ്ഥാനത്തെ സഹകരണ മേഖലയുടെ ദുർബലത എത്ര മാത്രം വലിയതോതിലുണ്ടാകുമെന്ന് നമ്മൾ കാണേണ്ടതായിട്ടുണ്ട്. നോട്ട് നിരോധന കാലയളവിൽ എല്ലാവരും ഒരുമിച്ചുനിന്ന് കേന്ദ്ര ഗവൺമെന്റിന്റെ നിലപാടിനെ എതിർത്തതുകൊണ്ടാണ് നമുക്ക് ഇന്ന് ഇങ്ങനെ നിലനിൽക്കാൻ സാധിക്കുന്നത്. അത് നമ്മുടെ കൂട്ടായ്മയുടെ ഭാഗമാണ്. കേരള ബാങ്കുണ്ടായതിനു ശേഷമുള്ള നേട്ടങ്ങൾ കാണാതെ പോകരുത്. 66,731 കോടി രൂപയാണ് 31-3-2021-ലെ നിക്ഷേപം. നിക്ഷേപത്തിൽ 5,661 കോടി രൂപ ഒരു വർഷംകൊണ്ട് വർദ്ധിച്ചു. നബാർഡിൽനിന്നുള്ള കാർഷിക പുനർവായ്പയാണ് ബാങ്കിന്റെ പ്രധാനപ്പെട്ട കടമെടുപ്പ്. 2021 മാർച്ച് 31 പ്രകാരം 7,000 കോടി രൂപ ഈ ഇനത്തിൽ കടമെടുത്തിരിക്കുകയാണ്. മുൻവർഷത്തെ അപേക്ഷിച്ച് 1634 കോടി രൂപ അതായത് 30.47 ശതമാനം വർദ്ധനവുണ്ടായി. കോവിഡിന്റെ പശ്ചാത്തലത്തിൽ പ്രത്യേകമായി അനുവദിച്ച SLF (Special Liquidity Facility) വായ്പ നല്ല രീതിയിൽ വിനിയോഗിക്കാൻ കേരള ബാങ്കിന് സാധിച്ചു. പ്രവർത്തന ലാഭത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. 61.99 കോടി രൂപയാണ് നടപ്പുസാമ്പത്തിക വർഷത്തെ ലാഭം. യഥാർത്ഥത്തിൽ കഴിഞ്ഞ രണ്ടുവർഷവും പ്രവർത്തന ലാഭം തന്നെയാണ് നേടിയത്. എന്തുകൊണ്ട് ഇപ്പോൾ ലാഭം കുറഞ്ഞുവെന്ന് ചോദിച്ചാൽ മുൻവർഷത്തെ അപേക്ഷിച്ച് ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളുമൊക്കെ നൽകിയപ്പോൾ 428 കോടി രൂപയുടെ വർദ്ധനവുണ്ടായി. ജീവനക്കാരുടെ 2017 മുതലുള്ള ശമ്പളപരിഷ്കരണം നടപ്പിലാക്കി. 2019 മുതലുള്ള ഡി.എ. കുടിശ്ശിക നൽകി. ഇത്രയും വലിയ വർദ്ധനവിന് കാരണമായത് അതാണ്. മുൻ ജില്ലാ സഹകരണ ബാങ്കുകൾ ഈ ആവശ്യങ്ങൾക്കായി തത്തുല്യമായ കരുതൽ സൂക്ഷിച്ചിരുന്നില്ല. ബാങ്കിന്റെ പ്രവർത്തന ലാഭം മുൻവർഷത്തെ അപേക്ഷിച്ച് കുറയാനുള്ള കാരണം ശമ്പളത്തിലും ആനുകൂല്യങ്ങളിലും ഒറ്റത്തവണയായുണ്ടായ ബാദ്ധ്യതയാണ്. NPA (Non-Performing Asset) കുറഞ്ഞിട്ടുണ്ട്. മാർച്ച് 31-ലെ കണക്കുപ്രകാരം ബാങ്കിന്റെ നിഷ്ക്രിയ ആസ്തി 5738 കോടി രൂപയാണ്. അതായത് 14.40 ശതമാനം. മൂലധന പര്യാപ്തത റിസർവ് ബാങ്കിന്റെ മാനദണ്ഡപ്രകാരം 9 ശതമാനമാണ് വേണ്ടത്. ഇപ്പോൾ അത് 10.18 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്.

2.00 pm]

കേരള ബാങ്കിൽ കോർ ബാങ്കിംഗ് ഏകീകരണം തുടങ്ങിയിട്ടുണ്ട്. 2022 ഏപ്രിൽ മാസത്തോടെ ഇത് പ്രവർത്തനക്ഷമമാകും. അംഗസംഘങ്ങൾക്കും പൊതുജനങ്ങൾക്കും എല്ലാവിധ ആധുനിക ബാങ്കിംഗ് സൗകര്യങ്ങളും അതോടെ നൽകാൻ സാധിക്കും. ബാങ്കിന്റെ പ്രവർത്തനത്തിൽ വൻ കുതിച്ചു ചാട്ടമുണ്ടാകുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ജീവനക്കാരുടെ കേഡർ സംയോജന നടപടികൾ പൂർത്തീകരിച്ചുവെന്നുള്ളതാണ് ഇതിനേക്കാൾ വളരെ ശ്രമകരമായ കാര്യം. പുതിയ റിക്രൂട്ട്മെന്റ് റൂൾ പുറത്തിറങ്ങി. ഉടനെ പുതിയ റിക്രൂട്ട്മെന്റുണ്ടാകുമെന്ന് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഈ നിലയിലൊക്കെ വളരെയേറെ മുന്നേറുന്ന ഒരു ബാങ്കിന്റെ ഭാഗമാകാനാണ് സംസ്ഥാനത്തെ പ്രധാനപ്പെട്ട ജില്ലയായ മലപ്പുറം ജില്ലയിലെ സഹകാരി സമൂഹത്തോട് വളരെ വിനയത്തോടുകൂടി അഭ്യർത്ഥിക്കുന്നത്. ബഹുമാനപ്പെട്ട കെ. പി. എ. മജീദ് പറഞ്ഞതുപോലെ അർത്ഥവത്തായ ഏത് തരത്തിലുള്ള ചർച്ചകൾക്കും നിശ്ചയമായും ഗവൺമെന്റ് സന്നദ്ധമാകുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ഇക്കാര്യത്തിൽ നമ്മൾ ഒരുമിച്ച് പോകേണ്ടതാണ്. ക്ഷീരമേഖലയുടെ കാര്യം കൂടി സൂചിപ്പിക്കേണ്ടതായിട്ടുണ്ട്.

<u>മി. ചെയർമാൻ</u>: പ്ലീസ്..... പ്ലീസ്..... സമയമായി.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഒന്നോ രണ്ടോ മിനിട്ടുകൂടി അനുവദിച്ചുകൂടെ?

<u>മി. ചെയർമാൻ</u>: ഇല്ല. സമയം കഴിഞ്ഞു.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ക്ഷീര മേഖലയുടെ കാര്യത്തിൽ ഇവിടെ സൂചിപ്പിച്ചതുപോലെയല്ല, ക്ഷീരമേഖലയിൽ നിലനിന്നിരുന്ന തെറ്റായ പ്രവണതകളെ തിരുത്തുന്നതിനുവേണ്ടി വളരെ ശക്തമായ നടപടികളാണ് യഥാർത്ഥത്തിൽ ഈ മാറ്റത്തിലൂടെ ഉണ്ടാകുന്നത്. ക്ഷീര മേഖലയിലെ കർഷകരിൽ 80 ശതമാനവും സ്ത്രീകളാണ്. പക്ഷേ സ്ത്രീകൾക്ക് പ്രാതിനിധ്യമുണ്ടായിരുന്നില്ല. ഇവിടെ വൈസ് പ്രസിഡന്റ് എന്ന സ്ഥാനം സൃഷ്ടിച്ച് സ്ത്രീകളെ നിയമിക്കുകയാണ്. സംഘത്തിലെ അംഗത്വം ക്ഷീര കർഷകർക്ക് മാത്രമായി പരിമിതപ്പെടുത്തുന്നു. മേഖലാ യൂണിയന്റെ ഭരണ സമിതി അംഗത്തിന് മൂന്ന് ടേം അല്ലെങ്കിൽ പതിനഞ്ച് വർഷം എന്നുള്ള നിലയിൽ നിജപ്പെടുത്തുകയാണ്. ചെയർമാന് രണ്ട് ടേമാണ്. ഇതൊക്കെ ആവശ്യമാണെന്ന് ഈ കാലം നമ്മെ ബോദ്ധ്യപ്പെടുത്തുന്നുണ്ട്.

മി. ചെയർമാൻ: പ്ലീസ്..... കൺക്ലൂഡ്.....

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അങ്ങ് എന്നെ നിർബന്ധിക്കുകയാണെങ്കിൽ ഞാൻ ഇരിക്കാം.

മി. ചെയർമാൻ: അംഗങ്ങളും ചെയറും തമ്മിൽ ഒരു ധാരണയുണ്ട്. ഇനിയും അംഗങ്ങൾ പ്രസംഗിക്കാനുണ്ട്. അവരും ഇതുപോലെ സമയമെടുക്കും.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ക്ഷീരമേഖലയ്ക്ക് ഗുണകരമാകുന്ന ഭേദഗതിയാണ് ഇപ്പോൾ കൊണ്ടുവന്നിട്ടുള്ളത്. അതുകൊണ്ട് വ്യത്യസ്തമായ അഭിപ്രായങ്ങളുണ്ടാകാതെ ഈ ഭേദഗതികളെ നമ്മൾ ഒരുമിച്ചുനിന്ന് പാസ്സാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, 2021-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വളരെക്കാലമായി മിൽമയെ ഇന്നത്തെ നിലയിൽ വളർത്തിയെടുത്ത ചില വ്യക്തികളെ ലക്ഷ്യംവച്ചുകൊണ്ടുള്ള ഭേദഗതിയാണ് ഗവൺമെന്റ് കൊണ്ടുവരുന്നത്. യഥാർത്ഥത്തിൽ മിൽമക്കുടി പിടിക്കണമെന്ന ലക്ഷ്യം മാത്രമാണ് ഇതിന് പിന്നിലുള്ളത്. സി.പി.ഐ.(എം.)-ന്റെ രാഷ്ട്രീയ താൽപ്പര്യങ്ങൾക്കുവേണ്ടി മിൽമക്കുടി വെട്ടിപ്പിടിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് ഈ ഭേദഗതി ബിൽ കൊണ്ടുവന്നിരിക്കുന്നത്. മിൽമയിൽ ത്രീ ടയർ സംവിധാനമാണുള്ളത്. ഒന്ന് പ്രൈമറി സംഘം, അത് 3500 എണ്ണമാണുള്ളത്. രണ്ട്, മേഖലാ യൂണിയൻ - മൂന്നെണ്ണം - മലബാർ, എറണാകുളം, തിരുവനന്തപുരം. മൂന്ന്, കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ. കേരളത്തിലെ മൂന്ന് മേഖലാ യൂണിയനുകൾക്ക് മാത്രമായി ഭരണ സമിതി അംഗത്വ യോഗ്യത മൂന്ന് ടേം അല്ലെങ്കിൽ പതിനഞ്ച് വർഷം ഇടവേളയ്ക്കുശേഷം സാധ്യമല്ല എന്നാക്കി. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും ഇങ്ങനെയൊരു വ്യവസ്ഥയില്ല. ആനന്ദ് മോഡൽ എന്നാണ് ഇതിനെ പറയുന്നത്. ആനന്ദ് മോഡലിനും ഇങ്ങനെയൊരു വ്യവസ്ഥയില്ല. കേരള സംസ്ഥാനത്തെ മൂന്ന് മേഖലാ യൂണിയനുകൾക്ക് മാത്രമേ ഈ വ്യവസ്ഥ കൊണ്ടുവരുന്നുള്ളൂ. പ്രൈമറി സംഘങ്ങൾക്കും കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനിലും ഈ വ്യവസ്ഥയില്ല. കേരളത്തിൽ കയർ സംഘങ്ങളിലോ മറ്റേതെങ്കിലും മേഖലയിലോ ഇങ്ങനെയൊരു വ്യവസ്ഥയില്ല. രണ്ട് ടേം ചെയർമാനായിരിക്കാം. പ്രൈമറി സംഘത്തിനോ അപ്പെക്സ് ഫെഡറേഷനോ ഇത് ബാധകമല്ല. അമേരിക്കൻ പ്രസിഡന്റിന് രണ്ട് ടേം തുടർച്ചയായി ആ സ്ഥാനത്തിരിക്കാം. അതുകഴിഞ്ഞ് ഒരു ഇടവേളയ്ക്കുശേഷം തിരിച്ചുവരാം. പക്ഷേ ജീവപര്യന്തം ശിക്ഷിക്കുന്നതുപോലുള്ള ഒരു ഭേദഗതിയാണ്

കൊണ്ടുവന്നിട്ടുള്ളത്. യഥാർത്ഥത്തിൽ തിരുവനന്തപുരം മേഖലയിൽ ശ്രീ. കല്ലട രമേശനെ ലക്ഷ്യംവച്ചുകൊണ്ടുള്ള ബില്ലാണിത്. വെട്ടിവീഴ്ത്തി. ഇനി അത് നിയമപരമാക്കും. അതുപോലെ ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 14-ന്റെ ലംഘനമാണ് ഈ ബിൽ. ഭരണഘടനയിൽ പറയുന്നത് "It is to be remembered that by the 97th Constitution amendment, the formation of co-operative society became a fundamental right as provided in article 19 (1)(c) of Constitution" എന്നാണ്. ഞാൻ ബാക്കി വായിക്കുന്നില്ല. ഭരണഘടനാ ഭേദഗതിക്ക് വിരുദ്ധമായിട്ടുള്ള ഒരു നിലപാടാണ് ഗവൺമെന്റ് ഈ ഭേദഗതിയിലൂടെ കൊണ്ടുവരുന്നത്. യഥാർത്ഥത്തിൽ ഇത് ഒരു ഡിസ്ക്രിമിനേഷനാണ്. കാരണം മറ്റൊരു മേഖലയിലുമില്ലാത്ത തവണ വ്യവസ്ഥയാണ് ഇവിടെ കൊണ്ടുവരുന്നത്. ഭരണഘടനയുടെ 97-ാം നമ്പർ ഭേദഗതി പ്രകാരം സഹകരണ സംഘം രൂപീകരിക്കാനുള്ള അവകാശം എല്ലാവർക്കുമുള്ളതാണ്. ഇത് യഥാർത്ഥത്തിൽ മൗലികാവകാശ ലംഘനമാണ്. 'കേരളം കണി കണ്ടുണരുന്ന നന്മ'യായി മിൽമ വളർന്നത് ക്ഷീര കർഷകരുടെ കൂട്ടായ്മയും അദ്ധ്വാനവുംകൊണ്ടാണ്. "കേരളം കണികണ്ടുണരുന്ന നന്മ" എന്നതാണ് മിൽമയുടെ പരസ്യം. മിൽമ ഇന്നത്തെ നിലയിലായത് കുറെയധികം ക്ഷീര കർഷകരുടെ കഠിനാദ്ധ്വാനത്താലാണ്. പല തവണകളായി തുടർച്ചയായി നേതൃത്വത്തിലിരുന്നവരുടെ ത്യാഗപൂർണ്ണമായ പ്രവർത്തനം ഇതിന്റെ പിന്നിലുണ്ട്. ഈ ഭേദഗതി വരുന്നതോടുകൂടി തൊണ്ണൂറ് ദിവസംകൊണ്ട് കിട്ടുമായിരുന്ന അംഗത്വത്തിന് നൂറ്റിയെൺപത് ദിവസം വേണ്ടിവരും. കർഷകരെ സംഘങ്ങളിൽനിന്ന് ആട്ടിയോടിക്കുന്ന ഒരു ഭേദഗതിയാണിത്. തൊണ്ണൂറ് ദിവസംകൊണ്ട് കിട്ടിക്കൊണ്ടിരുന്ന അംഗത്വത്തിനായി നൂറ്റിയെൺപത് ദിവസം കാത്തിരിക്കണം. ഒരു പശുവിന്റെ കറവക്കാലം 305 ദിവസമാണ്. ഈ 305 ദിവസത്തിൽ കൂടുതൽ പാൽ അളക്കുന്ന കാലഘട്ടം ആദ്യത്തെ 180 ദിവസമായിരിക്കും. 180 ദിവസം എന്ന വ്യവസ്ഥ വയ്ക്കുമ്പോൾ ഇവർക്ക് ആനുകൂല്യങ്ങൾ നഷ്ടപ്പെടും. ഒരു ലിറ്റർ പാലിന് മൂന്ന് രൂപ വരെ ഉല്പാദന ബോണസ് ലഭിക്കുന്നത് നഷ്ടപ്പെടും. ഒരു ലിറ്റർ പാലിന് പുറത്ത് 50 രൂപ കിട്ടും. പക്ഷേ ഇവിടെ 38-40 രൂപയാണ് കിട്ടുന്നത്. അങ്ങനെ പുറത്ത് കൂടുതൽ വില ലഭിച്ചിട്ടും എന്തുകൊണ്ട് ഇവിടെ പാൽ അളക്കുന്നു എന്ന് ചോദിച്ചാൽ ഇവിടെ പാൽ അളന്നാൽ ഇൻസെന്റീവ് കിട്ടുമെന്നുള്ളതുകൊണ്ടാണ്. ഇങ്ങനെ 180 ദിവസമെന്ന വ്യവസ്ഥ വരുമ്പോൾ ആ ഇൻസെന്റീവിനുള്ള അർഹത നഷ്ടപ്പെടും. അങ്ങനെ പല ക്ഷീരോല്പാദകരെയും ഇതിൽനിന്ന് അകറ്റി നിർത്താനുള്ള ഒരു ഭേദഗതിയായി ഫലത്തിൽ ഇത് മാറും. 500 ലിറ്ററും 180 ദിവസവും എന്ന രണ്ട് വ്യവസ്ഥയാണ് ഇവിടെ വരുന്നത്. ഇത് കർഷകർക്ക് ഈ രംഗത്ത് നിലനിൽക്കാൻ പ്രയാസമുണ്ടാക്കും. പ്രാഥമിക സംഘങ്ങൾക്ക് മേഖലാ

യൂണിയനിൽനിന്നും അഫിലിയേഷൻ ലഭിക്കുവാൻ യോഗ്യതയെന്നത് തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുണ്ടാകണമെന്നതാണ്. ആ സംഘം പാലിന്റെ സംഭരണവും വിൽപ്പനയും നടത്തണം. ഇതാണ് എൽ.ഡി.എഫ്. കൊണ്ടുവന്ന ഇപ്പോഴത്തെ ഭേദഗതി. മുമ്പ് മിൽമയ്ക്ക് പാൽ നൽകുന്ന സംഘങ്ങൾക്ക് മാത്രമേ അഫിലിയേഷൻ ലഭിച്ചിരുന്നുള്ളൂ. എന്നാൽ എൽ.ഡി.എഫ്. ഒരു ഭേദഗതി കൊണ്ടുവന്നത് മിൽമയ്ക്ക് പാൽ അളക്കണമെന്ന് നിർബന്ധമില്ല എന്നുള്ള നിലയിലാണ്. ഇത് മിൽമയെ തകർക്കാനാണ്. മിൽമയിൽ പാൽ അളക്കാതെ പുറത്ത് പ്രത്യേക ബ്രാൻഡിൽ വിൽപ്പന നടത്തുന്നവരെ സഹായിക്കാനും വളഞ്ഞ വഴിയിലൂടെ മിൽമയിൽ കയറിക്കൂടാനുമുള്ള ഒരു വ്യവസ്ഥയാണിത്. കർഷകർക്ക് വില കിട്ടുന്നതും അവർക്ക് അഷ്വേർഡ് മാർക്കറ്റ് ഉറപ്പാക്കുന്നതും മിൽമയാണ്. മിൽമ ഇല്ലാതായാൽ കർഷകർക്ക് വിപണിയില്ലാതാകും. സ്വകാര്യ കമ്പനികൾക്ക് ഈ മേഖലയിൽ കർഷകരെ ചൂഷണം ചെയ്യാനുള്ള വഴിയൊരുക്കും. മലബാർ മേഖലയിൽ 2018-ൽ അഡ്മിനിസ്ട്രേറ്റീവ് ഭരണംകൊണ്ടുവന്ന് ജനാധിപത്യ വിരുദ്ധമായ രീതിയിൽ മലബാർ യൂണിയൻ നിങ്ങൾ പിടിച്ചെടുത്തു. പിന്നീട് പല ദിവസങ്ങളിലും അവിടെ പാൽ അളക്കാൻ പറ്റിയില്ല. മലബാർ മേഖല പിടിച്ചെടുത്തതിന്റെ ഫലം അതായിരുന്നു. കൃഷിക്കാർ വളരെയേറെ പ്രയാസപ്പെട്ടു. പാൽ എടുക്കൽ മുടങ്ങി. ഇവിടെ പാലുൽപ്പാദനവുമായി ബന്ധപ്പെട്ട് ഒന്നുരണ്ട് കാര്യങ്ങൾകൂടി പറയുകയാണ്. പാലുൽപ്പാദകരായ കൃഷിക്കാർ വലിയ പ്രതിസന്ധിയിലാണ്, കാരണം ഉൽപ്പാദന ചെലവ് വളരെ കൂടുതലാണ്. അതുപോലെ പശു, എരുമ എന്നിവയുടെ ചികിത്സാ ചെലവും വളരെ കൂടുതലാണ്. ഡോക്ടർമാർ വീട്ടിലെത്തി ഇവയെ പരിശോധിക്കണമെങ്കിൽ 1,000 രൂപ കൊടുക്കണം. ഒരു പശുവിനോ എരുമയ്ക്കോ ഏതെങ്കിലും തരത്തിലുള്ള അസുഖമുണ്ടായാൽ ക്ഷീരകർഷകന്റെ ആ മാസത്തെ കുടുംബ ബഡ്ജറ്റ് തെറ്റും. കാരണം 1,000 രൂപ ഡോക്ടർക്ക് കൊടുക്കണം. ബന്ധപ്പെട്ട വകുപ്പുമന്ത്രി ഇവിടെയില്ല.

മി. ചെയർമാൻ: സഹകരണ വകുപ്പുമന്ത്രി ഇവിടെയുണ്ടല്ലോ.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ ക്ഷീര വികസന വകുപ്പുമന്ത്രിയുടെ കാര്യമാണ് പറഞ്ഞത്.

മി. ചെയർമാൻ: ബിൽ സഹകരണ വകുപ്പിന്റെയല്ലേ? ബിൽ അവതരിപ്പിച്ച മന്ത്രി ഇവിടെയുണ്ട്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ ക്ഷീര വികസന വകുപ്പുമന്ത്രി ഇവിടെയില്ലെന്നാണ് പറഞ്ഞത്. അതുപോലെ പശുക്കളുടെ കുളമ്പുരോഗം പോലുള്ള

പല രോഗങ്ങളുമുണ്ട്. കാലിത്തീറ്റയുടെ കാര്യം; മിൽമയുടെ 50 കിലോ കാലിത്തീറ്റയ്ക്ക് ഇപ്പോൾ 1240 രൂപയാണ് വില. സ്വകാര്യ കാലിത്തീറ്റയ്ക്ക് നേരത്തെ 950 രൂപ ആയിരുന്നത് ഇപ്പോൾ 1050 രൂപയായി. ഒരു കിലോ കാലിത്തീറ്റയ്ക്ക് 24.80 രൂപയാണ് സർക്കാർ സബ്സിഡി നൽകുന്നത്. പാലിന്റെ വിലയിൽ ചെറിയൊരു വർദ്ധനവുണ്ടായാൽ അതിനേക്കാൾ കൂടുതൽ കാലിത്തീറ്റയുടെ വില വർദ്ധിപ്പിക്കും. അതുകൊണ്ട് കേരള ഫീഡ്സ് ലിമിറ്റഡ് കാലിത്തീറ്റയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. രാജഗോപാലൻ]

അതുപോലെതന്നെ കാലിത്തീറ്റ സബ്സിഡി കുറച്ചുകൂടി വർദ്ധിപ്പിക്കണം. നല്ല ജനുസ്സിലുള്ള പശുക്കളെ കിട്ടുന്നില്ല. കന്നുകുട്ടി പരിപാലന പദ്ധതി സംസ്ഥാനത്തുണ്ടെങ്കിലും വളരെ പരിമിതമായതിനാൽ അതിന്റെ എണ്ണം വർദ്ധിപ്പിക്കണം. പശുക്കുട്ടികളെ കൊടുത്താൽ മാത്രം പോരാ, അതിന്റെ പരിപാലനത്തെ സംബന്ധിച്ച് കൃത്യമായ മോണിറ്ററിംഗ് സംവിധാനം നടത്തണം, ഇപ്പോഴത് കുറവാണ്. അതുപോലെ ക്ഷീര സാന്ത്വനം ഇൻഷ്വറൻസ് പദ്ധതി നിലവിലുണ്ട്. ഒരു പ്രത്യേക കാലഘട്ടത്തിൽ മാത്രമേ ഈ സ്കീമിൽ ചേരാൻ സാധിക്കുകയുള്ളൂ; 365 ദിവസവും ഇൻഷ്വറൻസ് എടുക്കാനുള്ള സൗകര്യമില്ല. അതുകൊണ്ട് വർഷത്തിൽ എല്ലാ ദിവസവും ഇൻഷ്വറൻസ് എടുക്കാനുള്ള സൗകര്യം നിലനിർത്തണമെന്നാണ് സൂചിപ്പിക്കാനുള്ളത്. കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിൽ കൃത്രിമ ബീജോത്പാദനം നടത്തുന്നുണ്ട്. ഇതിന് ചെലവ് വളരെ കൂടുതലാണ്. എന്നുമാത്രമല്ല ഈ സംവിധാനം ഉച്ചയ്ക്ക് ശേഷം ഇല്ലെന്നതാണ് ഒരു പ്രശ്നം. പശുവും എരുമയും ഹീറ്റ് ആകുന്ന സമയത്ത് 8 മണിക്കൂർ മുതൽ 16 മണിക്കൂറിനുള്ളിലാണ് കുത്തിവയ്പ്പ് നടത്തേണ്ടത്. ആ സമയത്താണ് അണ്ഡോത്പാദനമുണ്ടാകുന്നത്. ഉച്ചവരെ മാത്രമായതിനാൽ കൃത്യസമയത്ത് കുത്തിവയ്പ്പ് നടത്താൻ കൃഷിക്കാർക്ക് പ്രായോഗിക ബുദ്ധിമുട്ടുണ്ട്. ഉച്ച കഴിഞ്ഞും ഈ സൗകര്യം ഏർപ്പെടുത്തിയാൽ അത് കൃഷിക്കാർക്ക് വളരെ പ്രയോജനകരമാകും. ഇപ്പോൾ പശുക്കളുടെ ഗർഭധാരണ നിരക്ക് വളരെ കുറവാണ്. അതിന് കാരണം കൃത്യസമയത്ത് കുത്തിവയ്പ്പ് നടത്താൻ സാധിക്കാത്തതുകൊണ്ടാണ്. അതുകൊണ്ട് അതിനുള്ള ക്രമീകരണം ആവശ്യമാണ്. ക്ഷീര സംഘത്തിലെ ജീവനക്കാർക്ക് കുത്തിവയ്പിനുള്ള പരിശീലനം കൊടുത്തുകഴിഞ്ഞാൽ ഉച്ച കഴിഞ്ഞും കുത്തിവയ്പ്പ് നടത്താൻ സാധിക്കും. അത് ക്ഷീര കർഷകർക്ക് പ്രയോജനപ്പെടും. മൃഗാശുപത്രിയിൽ പോകണം അല്ലെങ്കിൽ മൃഗഡോക്ടർ വീട്ടിൽ വന്ന് കുത്തിവയ്ക്കണം എന്നത് കൃത്യമായി പാലിക്കപ്പെടാൻ സാധിക്കാത്ത സാഹചര്യമുണ്ട്.

ഡോ. മാത്യു കുഴൽനാടൻ: സർ, അങ്ങ് നേരത്തെ സൂചിപ്പിച്ചത് വളരെ സുപ്രധാനമായ കാര്യമാണ്. സാധാരണഗതിയിൽ ഒരു ബിൽ കൊണ്ടുവരുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഏറ്റവും പ്രധാനപ്പെട്ടതാണ്. ഒരു ജനാധിപത്യ സംവിധാനത്തിൽ നിയമനിർമ്മാണം നടത്തുമ്പോൾ ഒരു വ്യക്തിയെ കേന്ദ്രീകരിച്ച് അല്ലെങ്കിൽ ഏതെങ്കിലും ദുരുദ്ദേശ്യത്തിന് മാത്രം നിയമസഭയിൽ ഒരു ബിൽ കൊണ്ടുവന്ന് പാസ്സാക്കുന്നത് എന്ത് വികൃതമാണെന്ന് നമ്മൾ ചിന്തിക്കണം. ഈ ബില്ലിന്റെ 11-ാമത്തെ പേജിൽ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ച് പറഞ്ഞിട്ടുള്ള 14-ാമത്തെ ഖണ്ഡികയിൽ പറയുന്നത്

14. There exists two types of Primary Dairy Co-operative Societies i.e., traditional Dairy Co-operative Societies and Anand Pattern Co-operative Societies (APCOS). As per G.O(P)No.183/79/AD dated 27th April, 1979, it was directed to take necessary steps to amend the Kerala Co-operative Societies Act, 1969 with regard to the establishment and functioning of Anand Pattern Dairy Co-operative Societies, Regional Co-operative Milk Producers' Unions and State Federation.

15. The expert committee under the Chairmanship of former Dairy Development Commissioner Smt. Lida Jacob, IAS (Rtd.) constituted to conduct a comprehensive study on the three-tier Dairy Co-operative structure in the Kerala State recommended for limiting the term of members of the managing committee to a maximum of 3 terms, women participation etc. എന്നാണ്. ഈ റെക്കമെന്റേഷൻ പ്രകാരം മൂന്ന് ടയറിലും ഇതേ മാറ്റം കൊണ്ടുവരാനാണ് അവർ ശിപാർശ ചെയ്തത്. ഇത് എന്തുകൊണ്ടാണ് ഒരു ടയറിൽ മാത്രം കൊണ്ടുവന്നത്?

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, എനിക്ക് ഡോ. മാത്യു കുഴൽനാടൻ പറഞ്ഞ കാര്യം മനസ്സിലായി. Three-tier സിസ്റ്റത്തിലെ ഒരു ഘട്ടത്തിൽ മാത്രമാണ് ഈ ഭേദഗതി. അതുമാത്രമല്ല ഇന്ത്യയിൽ ഒരു സ്ഥലത്തും ഇതില്ല എന്നാണ് ഞാൻ പറഞ്ഞത്. ആനന്ദ് മോഡൽ എന്നാണ് ഈ സംഘങ്ങളെ പറയുന്നത്, അവിടെയൊന്നും ഇത്തരമൊരു സംവിധാനമില്ല. അതുകൊണ്ട് 180 ദിവസം പാൽ അളക്കണം, 500 ലിറ്റർ പാൽ അളക്കണമെന്നുള്ള ഈ ഇരട്ട വ്യവസ്ഥ തീർച്ചയായും ക്ഷീരോൽപ്പാദകരായ കൃഷിക്കാരെ ഈ മേഖലയിൽനിന്നും ആട്ടിയോടിക്കുന്നതിന് വേണ്ടിയുള്ളതാണ്. രാഷ്ട്രീയ ലക്ഷ്യത്തിനുവേണ്ടി ഈ സംഘങ്ങൾ വെട്ടിപ്പിടിക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ്. അതുകൊണ്ട് ഈ ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്നാണ് എന്റെ അഭിപ്രായം. ഇതിൽ അംഗങ്ങളുടെ എണ്ണം വളരെ കുറയാനുള്ള സാധ്യതയുണ്ട്.

ഇവിടെ മുൻമന്ത്രിയായ ശ്രീ. കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു, കേരള ബാങ്ക് ഒരു യാഥാർത്ഥ്യമായിക്കഴിഞ്ഞുവെന്ന്. എന്റെ അറിവില്ലായ്മകൊണ്ട് ചോദിക്കുകയാണ്, എന്തിനാണ് പിന്നെ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് എന്നുകൂടി ബോർഡ് വയ്ക്കുന്നത്. 'കേരള ബാങ്ക് എന്ന് ഇന്ന് കേരളത്തിൽ എല്ലായിടത്തും ബോർഡ് വച്ചിട്ടുണ്ട്. അതിന്റെ കൂടെ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് എന്നുകൂടി വച്ചിരിക്കുകയാണ്. യാഥാർത്ഥ്യമായെങ്കിൽപ്പിന്നെ അത് വേണ്ടല്ലോ. അപ്പോൾ അത് യാഥാർത്ഥ്യമായിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കേരള ബാങ്ക് രൂപീകരിച്ചപ്പോൾ നിങ്ങൾ പറഞ്ഞതെന്താണ്? എസ്.ബി.ടി. എസ്.ബി.ഐ.-യിലേയ്ക്ക് ലയിച്ചപ്പോഴുള്ള കുറവ് കേരള ബാങ്ക് നികത്തുമെന്നും മാതൃകാ ബാങ്കായി കേരള ബാങ്കിനെ മാറ്റുമെന്നുമാണ് പറഞ്ഞത്. ഇപ്പോൾ എന്താണ് സ്ഥിതി? ഇതിൽ അഫിലിയേറ്റ് ചെയ്ത ജില്ലാ ബാങ്കുകൾക്കോ സഹകരണ ബാങ്കുകൾക്കോ പ്രൈമറി ബാങ്കുകൾക്കോ 10 വർഷത്തിനുള്ളിൽ ഡിവിഡന്റ് കൊടുക്കുമോ? കൊടുക്കാൻ സാധിക്കില്ല. കാരണം എൻ.പി.എ. ഇപ്പോഴും 40 ശതമാനമാണ്. യഥാർത്ഥത്തിൽ പ്രൈമറി സംഘങ്ങളെ കടക്കെണിയിലേയ്ക്ക് തള്ളിവിടുകയാണ് ചെയ്യുന്നത്. സഹകരണ ബാങ്കിൽ ഇതുവരെ കോമൺ സോഫ്റ്റ്‌വെയർ ആയോ? കോമൺ സോഫ്റ്റ്‌വെയർ ഇതുവരെ ആയിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. രണ്ട് വർഷമായില്ലേ; എൻ.ആർ.ഐ. നിക്ഷേപം സ്വീകരിക്കാനാകുമോ? "എൻ.ആർ.ഐ. നിക്ഷേപം ലഭിച്ചുകഴിഞ്ഞാൽ ബാങ്കിന്റെ ഡെപ്പോസിറ്റ് അടിത്തറ ഇരട്ടിയായി ഉയരും" എന്നിവിടെ 2019-ൽ നിങ്ങൾ പ്രസംഗിച്ചതാണ്. ഞാൻ അന്ന് സഭയിലില്ല. ആരാണ് പ്രസംഗിച്ചതെന്ന് എനിക്ക് ഓർമ്മയില്ല. എൻ.ആർ.ഐ. നിക്ഷേപം സ്വീകരിക്കാൻ സാധിക്കുമോ? സാധിക്കില്ല. കോമൺ സോഫ്റ്റ്‌വെയർ നാളിതുവരെയായിട്ടില്ല. ഇവിടെ സിംഗിൾ മെജോറിറ്റി ഭേദഗതി കൊണ്ടുവരികയാണല്ലോ? ആർ.ബി.ഐ. സെക്ഷൻ 44(എ) പ്രകാരം ജില്ലാ ബാങ്കുകളെ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കായി ലയിപ്പിക്കുന്നതിന് മൂന്നിൽ രണ്ട് ഭൂരിപക്ഷമാണ് ഇന്ത്യയിൽ എവിടെയും വേണ്ടത്. എന്നാൽ അതിന് വിപരീതമായാണ് കേരളത്തിൽ ജില്ലാ ബാങ്കുകളെ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ ലയിപ്പിച്ചിട്ടുള്ളത്. ലയനത്തിനുശേഷം സഹകരണ മേഖലയ്ക്കുണ്ടായ നഷ്ടവും സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ കാര്യക്ഷമതക്കുറവും കൂടുതലായി. മൂന്നിൽ രണ്ട് ഭൂരിപക്ഷം വേണമെന്നാണ് ആർ.ബി.ഐ.യുടെ നിർദ്ദേശം. നിങ്ങൾ സിംഗിൾ മെജോറിറ്റിയെന്നുള്ള നിലപാടെടുത്തു. ബഹുമാനപ്പെട്ട കടകംപള്ളി സുരേന്ദ്രന് നന്നായി അറിയാൻ സാധിക്കുമായിരിക്കും. അന്ന് ബോംബെയിൽ റിസർവ് ബാങ്കിന്റെ ഡെപ്യൂട്ടി ഗവർണ്ണറായ വിശ്വനാഥൻ എന്നയാൾ ഉണ്ടായിരുന്നു. ഇന്ന് അദ്ദേഹം അവിടെയില്ല. ഇത് അവിടെ കൊണ്ടുചെല്ലുമ്പോൾ എങ്ങനെയാകുമെന്നുള്ളത് നിങ്ങൾ ആലോചിച്ചാൽ മതി. അന്ന് വളഞ്ഞ വഴിയിലൂടെ റിസർവ് ബാങ്കിലെ ചില ഉദ്യോഗസ്ഥരുടെ സഹായത്തോടുകൂടി ഇത് സാധിച്ചെടുത്തു. പക്ഷേ അദ്ദേഹം അവിടെയില്ലെന്നുള്ള കാര്യം ഓർക്കണം.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, റിസർവ് ബാങ്കിനെ സംബന്ധിച്ച് വളരെ ഗുരുതരമായ ആക്ഷേപമാണ് അങ്ങ് മുന്നോട്ടുവയ്ക്കുന്നത്. റിസർവ് ബാങ്കിലെ ഉദ്യോഗസ്ഥർ ഏതെങ്കിലും രാഷ്ട്രീയ നേതാക്കൻമാർ പറയുന്നതനുസരിച്ച് വളഞ്ഞ വഴിയിൽ കാര്യങ്ങൾ തീരുമാനിക്കുന്നവരാണെന്നുള്ള അങ്ങയുടെ വിലയിരുത്തൽ വളരെ തെറ്റാണ്. അങ്ങ് അങ്ങനെ ധരിക്കരുത്. അവരൊക്കെ സത്യസന്ധരായി പ്രവർത്തിക്കുന്നവരാണ്. അന്ന് കേരള ഗവൺമെന്റെടുത്ത നിലപാടുകൾ ശരിയാണെന്ന് ഇപ്പോൾ റിസർവ് ബാങ്ക് പറഞ്ഞില്ലേ? ഞാനൊരു സർക്കുലർ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയല്ലോ? കേരള ബാങ്കിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവൺമെന്റ് ഇപ്പോൾ എടുത്ത തീരുമാനം എല്ലാ സംസ്ഥാനങ്ങളും അനുകരിച്ചാൽ നന്നായിക്കും എന്നുപറഞ്ഞുകൊണ്ട് റിസർവ് ബാങ്ക് കത്തയച്ചിരിക്കുകയാണ്. അത് ഏതെങ്കിലും വിശ്വനാഥൻ എന്നുപറയുന്ന ഒരാൾ സ്ഥാനത്തിരുന്നുകൊണ്ട് ചെയ്ത കാര്യമല്ല. ദയവുചെയ്ത് അങ്ങ് അത് മനസ്സിലാക്കണം.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ അത് പറഞ്ഞത് തന്നെയാണ്. എന്നെ തൂക്കിക്കൊല്ലുന്നെങ്കിൽ കൊല്ലട്ടേ; 22 കോടി രൂപയുടെ ലാഭമുണ്ടെന്ന് പറഞ്ഞല്ലോ. അവർ യഥാർത്ഥത്തിൽ നിങ്ങളുടെ ഈ ഡിപ്പാർട്ടുമെന്റിൽനിന്നുള്ള ആഡിറ്റേഴ്സ് അല്ലേ; അവരെ ഉപയോഗിച്ചൊരു കണക്കുണ്ടാക്കി. യഥാർത്ഥത്തിൽ 1000 കോടി രൂപയുടെ നഷ്ടമാണ് ഇപ്പോൾ കേരള ബാങ്കിനുള്ളത്. ഒരു ബാങ്കിന് ബാങ്കിംഗ് റെഗുലേഷൻ ആക്ട് അനുസരിച്ച് പൂർണ്ണ അർത്ഥത്തിൽ ലൈസൻസ് ലഭിക്കണമെങ്കിൽ എൻ.പി.എ. 5 ശതമാനത്തിന് താഴെയാകണം. ഇവിടെ കേരള ബാങ്കിന്റെ എൻ.പി.എ. 40 ശതമാനമാണ്. ലയനത്തിന് തൊട്ടുമുമ്പ് 20 കോടി രൂപ ആയിരുന്നു പത്തനംതിട്ട ജില്ലാ ബാങ്കിനുണ്ടായിരുന്ന നഷ്ടം. 60 കോടി രൂപയായിരുന്നു തിരുവനന്തപുരം ജില്ലാ ബാങ്കിനുണ്ടായിരുന്നത്. ബാക്കി എല്ലാ ജില്ലാ ബാങ്കുകളും ലാഭത്തിലായിരുന്നു. ഇപ്പോൾ എല്ലാം കൂടി നശിച്ചിരിക്കുകയാണ്. ആകെ നഷ്ടം 1000 കോടി രൂപയാണ്. യഥാർത്ഥത്തിൽ ഇതിന്റെ ഉത്തരവാദിത്വം കേരള സർക്കാരിന് മാത്രമാണ്. നല്ല നിലയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ജില്ലാ ബാങ്കുകളെ കേരള ബാങ്കുമായി ലയിപ്പിച്ച് വലിയ മോഹങ്ങൾ നൽകി കുഴപ്പത്തിലാക്കിയെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മറ്റൊരു കാര്യം, കേന്ദ്ര ഗവൺമെന്റ് കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളിലെ ബാങ്കുകളെ നിയന്ത്രിക്കാൻ പുതിയ നിയമം കൊണ്ടുവരാൻ പോകുകയാണ്. കേന്ദ്രത്തിന്റെ ഇടപെടൽ വലിയ തോതിൽ ഈ മേഖലയിൽ നടക്കുന്നുണ്ട്. ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ ഭേദഗതിയിലൂടെ നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിന് സർവ്വീസ് സഹകരണ ബാങ്കുകളെവരെ ആർ.ബി.ഐ.യുടെ

ചൊൽപ്പടിയിൽ നിർത്താൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ആർ.ബി.ഐ.യുടെ നിലപാടിനെതിരെ കേരള സർക്കാർ ചെറുവിരൽ പോലും അനക്കിയിട്ടില്ല. കേന്ദ്ര ഗവൺമെന്റ് നിയമം കൊണ്ടുവരാൻ പോകുന്നതിന് എതിരായി പറഞ്ഞു. പക്ഷേ ആർ.ബി.ഐ.യുടെ നിലപാടിനെതിരെ ഒന്നും പറഞ്ഞതായി കേട്ടില്ല. കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള മൾട്ടി സ്റ്റേറ്റ് കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ മാത്രമേ കേന്ദ്രത്തിന്റെ അധികാര പരിധിയിൽ വരികയുള്ളൂ. പക്ഷേ അർബൻ ബാങ്കുകളുടെ നിയന്ത്രണം ആർ.ബി.ഐ. ഏറ്റെടുത്തുകഴിഞ്ഞുവെന്ന് നമുക്കറിയാം. അതുപോലെ സംസ്ഥാന സർക്കാർ ഇതിലും കാര്യമായി പ്രതികരിച്ച് കണ്ടില്ല. കേന്ദ്ര സർക്കാരിന്റെ ജനാധിപത്യ വിരുദ്ധമായ, റിസർവ് ബാങ്കിനെക്കൊണ്ട് നമ്മുടെ ബാങ്കിനെ നിയന്ത്രിക്കാനുള്ള നിലപാടിനെ ഗവൺമെന്റ് കാണാതെ പോകുന്നുവെന്ന കാര്യം ഞാൻ സൂചിപ്പിക്കുകയാണ്. കേരള ബാങ്കിൽ ലയിപ്പിക്കുന്നതിനുമുമ്പ് ജില്ലാ ബാങ്കുകളിൽ വൻ ക്രമക്കേട് നടന്നതായി മാധ്യമങ്ങളെല്ലാം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മി. ചെയർമാൻ: പ്ലീസ്..... പ്ലീസ്.... ഇതും കൂടി പറഞ്ഞ് അങ്ങ് അവസാനിപ്പിക്കൂ. സമയം ഏറെയായി. അങ്ങ് 24 മിനിറ്റ് എടുത്തു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഏതായാലും ലയനത്തിനുമുമ്പ് ജില്ലാ ബാങ്കുകളിൽ വൻക്രമക്കേട് നടന്നതായ വാർത്തകൾ വന്നിട്ടുണ്ട്. അതിനെക്കുറിച്ച് പരിശോധിക്കണം. അവസാനത്തെ പോയിന്റ് പറഞ്ഞ് നിർത്തുകയാണ്. കേരള ബാങ്കിന്റെ സാങ്കേതിക പിഴവുമൂലം എ.ടി.എം.-ൽ നിന്ന് ലക്ഷക്കണക്കിന് തുക നഷ്ടപ്പെട്ടു. കേരള ബാങ്ക് വന്നതിനുശേഷം നടന്ന സംഭവമാണ്. എന്താണ് കാരണം? ഇ.എം.വി. ചിപ്പ് സംവിധാനം ഏർപ്പെടുത്തണമെന്ന് റിസർവ് ബാങ്ക് നിർദ്ദേശിച്ചിരുന്നു. എന്നാൽ ബാങ്ക് അത് നടപ്പാക്കിയില്ല. നിങ്ങൾക്ക് ഭൂരിപക്ഷമുണ്ട്, നിങ്ങളാണ് ഭരിക്കുന്നത്. ആ ഭൂരിപക്ഷം ഉപയോഗിച്ച് കാലങ്ങളായി മിൽമ-ക്ഷീര സഹകരണ മേഖലയിൽ പ്രവർത്തിച്ചിരുന്ന ആളുകളെ ഒഴിവാക്കി ഇത് വെട്ടിപിടിക്കാനുള്ള ശ്രമത്തിൽനിന്നും പിന്മാറണം. അത് ആത്യന്തികമായി ക്ഷീരമേഖലയുടെ തകർച്ചയിലേയ്ക്കാണ് എത്താൻ പോകുന്നത്. അതുപോലെ തന്നെ മലപ്പുറം ബാങ്ക് പിടിക്കാനുള്ള നിങ്ങളുടെ നീക്കം ഉപേക്ഷിക്കണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ബില്ലുമായി ബന്ധപ്പെട്ട് നടന്ന ചർച്ചകളിൽ വന്ന ക്രിയാത്മക നിർദ്ദേശങ്ങളെയും നല്ല വിമർശനങ്ങളെയും ഞാൻ സന്തോഷപൂർവ്വം സ്വാഗതം ചെയ്യുന്നു. സഹകരണ

മേഖലയ്ക്ക് എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം കഴിഞ്ഞ കാലഘട്ടങ്ങളിൽ നല്ല സംഭാവനകൾ നൽകിയിട്ടുണ്ടെന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ ഇന്ന് ഭേദഗതികളും നിരാകരണ പ്രമേയവും അവതരിപ്പിച്ചുകൊണ്ട് സംസാരിച്ച ബഹുമാന്യനായ കെ. പി. എ. മജീദ് പറഞ്ഞ വാദങ്ങളിൽ അംഗീകരിക്കാൻ കഴിയുന്ന രണ്ട് കാര്യങ്ങളുണ്ട്. ഒന്ന്, നമുക്ക് കൂടുതൽ ചർച്ച നടത്തിയാൽ യോജിച്ചുപോകാം. ഏതുതരത്തിലുള്ള ചർച്ച നടത്തുന്നതിനും ഗവൺമെന്റ് തയ്യാറാണെന്ന് സൂചിപ്പിക്കുകയാണ്. സമഗ്രമായ നിയമ ഭേദഗതി വേണമെന്നുള്ളതാണ് അദ്ദേഹത്തിന്റെ രണ്ടാമത്തെ ക്രിയാത്മക നിർദ്ദേശം. അതും സ്വാഗതം ചെയ്യുന്നു. ഞങ്ങൾ അതിന്റെ അണിയറ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. അടുത്ത നിയമസഭാ സമ്മേളനത്തിൽ കൃത്യമായി അത് അവതരിപ്പിക്കുമെന്ന് അങ്ങേയ്ക്ക് ഉറപ്പ് നൽകുകയാണ്. അങ്ങയുടെ ആ നിർദ്ദേശവും സ്വാഗതം ചെയ്യുന്നു. അതേസമയം ഈ പ്രവർത്തനമാകെ ജനാധിപത്യപരമായ സഹകരണ മേഖലയിലെ ഉള്ളടക്കം തകർക്കാനാണെന്ന അങ്ങയുടെ വാദം ശരിയല്ല. ഗവൺമെന്റ് നടത്തിയ നല്ല രൂപത്തിലുള്ള ഇടപെടൽ സംബന്ധിച്ച് ബഹുമാനപ്പെട്ട മുൻ സഹകരണ വകുപ്പുമന്ത്രി വിശദീകരിച്ചതുകൊണ്ട് ഞാൻ അതിലേയ്ക്ക് പോകുന്നില്ല. ഏതെല്ലാം തരത്തിലുള്ള ചർച്ച നടത്തി എന്നതിനെപ്പറ്റി അദ്ദേഹം പറഞ്ഞു. ജില്ലാടിസ്ഥാനത്തിലും സംസ്ഥാനാടിസ്ഥാനത്തിലും നടത്തിയ ചർച്ചകളും എല്ലാവരെയും യോജിച്ചുകൊണ്ടുപോകാൻ നടത്തിയ പരിശ്രമങ്ങളെ സംബന്ധിച്ചും അദ്ദേഹം വിശദീകരിച്ചു. അത് കൂട്ടിച്ചേർക്കുകയാണ്. ഈ രംഗത്ത് ഭരണം പിടിച്ചെടുത്തെന്നും പ്രസിഡന്റ് രാജിവച്ചാൽ എങ്ങനെയാണ് അവിടെ അഡ്മിനിസ്ട്രേറ്റീവ് ഭരണം വരികയെന്നതുമാണ് അങ്ങ് സൂചിപ്പിച്ച മറ്റൊരു പ്രധാനപ്പെട്ട കാര്യം. പ്രസിഡന്റ് രാജിവച്ചതുകൊണ്ട് മാത്രമല്ല അവിടെ അഡ്മിനിസ്ട്രേറ്റീവ് ഭരണം വന്നത്. സഹകരണ നിയമം പരിശോധിച്ചാൽ, ജനാധിപത്യത്തിൽ അങ്ങ് വിശ്വസിക്കുന്നുണ്ടെങ്കിൽ, ഭരണ സമിതി അവതരിപ്പിക്കുന്ന വാർഷിക റിപ്പോർട്ടും വരുംകാല ഭരണത്തിനുവേണ്ടിയുള്ള ബഡ്ജറ്റും ഒരു ജനറൽ ബോഡിയിൽ അവതരിപ്പിച്ച് പാസ്സാക്കിയില്ലെങ്കിൽ ഭരണഘടനാ സ്തംഭനമാണെന്നാണ് നമ്മുടെ ആക്ടിൽ പറയുന്നത്. അങ്ങ് അത് വായിക്കണം. അങ്ങനെ വരുമ്പോൾ ഒരു സ്തംഭനമുണ്ടാകും. കൃത്യമായി നോക്കിയാൽ അത് ശരിയാണ്. അതേ അവിടെയും നടന്നുള്ളൂ. പിടിച്ചെടുക്കൽ നടന്നില്ലായെന്ന് അങ്ങയെ അറിയിക്കുകയാണ്. നോട്ട് നിരോധനവുമായി ബന്ധപ്പെട്ട സമയത്ത് എല്ലാവരും ചേർന്ന് നടത്തിയ പരിശ്രമങ്ങൾ വളരെ ശരിയാണ്. കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവ് ഉൾപ്പെടെയുള്ള ആളുകളും അന്ന് ആർ.ബി.ഐ.യുടെ മുമ്പിൽ നടത്തിയ വലിയ സമരം, ഏതാണ്ട് ഒരു മാസക്കാലത്തോളം സഹകരണ മേഖലയിലടക്കം ആർ.ബി.ഐ.യുടെ ലൈസൻസുള്ള ബാങ്കുകളിൽപ്പോലും സ്തംഭനാവസ്ഥയുണ്ടായിരുന്നു. അത് പരിഹരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ആർ.ബി.ഐ.യുടെ

മുന്നിൽ സമരവും പ്രഖ്യാപനവും നടത്തി. സഹകരണ മേഖലയിലുള്ള സഹകാരികളുടെ ഒരു രൂപപോലും നഷ്ടപ്പെടാൻ ഈ ഗവൺമെന്റ് അനുവദിക്കില്ലായെന്ന് അദ്ദേഹം പ്രഖ്യാപിച്ചപ്പോൾ എല്ലാ സഹകാരികളുടെയും കർണ്ണപുടങ്ങളിൽ രോമാഞ്ചജനകമായ ഒരു അനുഭൂതിയുണ്ടായി. ആ നിലയിൽ സഹകരണ മേഖലയുടെ ശക്തമായ തിരിച്ചുവരവുണ്ടായെന്നത് നമ്മൾ കണ്ടതാണ്. അത് യോജിച്ച സമരമായിരുന്നുവെന്നതിൽ സംശയമില്ല. തുടർന്നും കേന്ദ്രവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വരുന്നിടത്ത് അങ്ങനെ നമുക്ക് നീങ്ങേണ്ടിവരും. ഈ വിഷയത്തിൽ മലപ്പുറം ബാങ്കിനോട് ഏതെങ്കിലും വിവേചനപരമായ സമീപനമോ വൈരനിര്യാതന ബുദ്ധിയോടുകൂടിയ സമീപനമോ സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചില്ലെന്ന് മാത്രമല്ല, മലപ്പുറം ജില്ലാ ബാങ്കുൾപ്പെടെ ആ ജില്ലയിലെ മുഴുവൻ സഹകാരികളുടെയും ക്ഷേമത്തിനും നാടിന്റെ വികസനത്തിനും സഹായകരമായ രൂപത്തിലാണ് കേരള ബാങ്ക് രൂപകൽപ്പന ചെയ്തത്. അത് അതിന്റെ പൂർണ്ണ അർത്ഥത്തിൽ വന്നിരിക്കും. ബഹുമാനപ്പെട്ട യു. എ. ലത്തീഫ് സാഹിബ് ആദ്യം ഉന്നയിച്ച വാദങ്ങൾക്കെല്ലാമുള്ള മറുപടി ഞാൻ ക്രമപ്രശ്നത്തിന്റെ മറുപടിയിൽ പറഞ്ഞതാണ്. ഞാൻ അത് ആവർത്തിക്കുന്നില്ല. കോടതി ഉത്തരവിനെ സംബന്ധിച്ച് സൂചിപ്പിച്ചു. കോടതി ഉത്തരവ് അദ്ദേഹം പൂർണ്ണമായി ശ്രദ്ധിച്ചോയെന്ന് എനിക്ക് സംശയമുണ്ട്. 'However, I direct the respondents to initiate steps to table the Bill to replace the Ordinance and fulfill the constitutional mandate.' എന്ന് വ്യക്തമായാണ് കോടതി ഉത്തരവിൽ പറഞ്ഞിരിക്കുന്നത്. അതിൽ ഒരു തർക്കവും വരേണ്ട കാര്യമില്ല. രണ്ടാമത് ഒരു വിഷയം കൂടി അദ്ദേഹം ഉന്നയിച്ചു. ഡിവിഷൻ ബെഞ്ചിന്റെ മുമ്പിൽ വന്നപ്പോൾ ആ വിഷയത്തിൽ status quo ഓർഡർ ചെയ്തത്, with respect to the petitioners and appellants shall be maintained എന്നാണ്. ഇവിടെ appellants എന്നാൽ മലപ്പുറം ജില്ലാ ബാങ്ക് മുതലായവരും petitioners എന്നാൽ ഗവൺമെന്റുമാണ്. അപ്പോൾ യഥാർത്ഥത്തിൽ status quo എങ്ങനെ വന്നുവെന്ന കാര്യം വ്യക്തമാണ്. അത് അങ്ങ് മനസ്സിലാക്കിയിരിക്കുന്നത് നല്ലതാണ്. ഇവിടെ മലപ്പുറം ജില്ലാ ബാങ്കിന്റെ പ്രശ്നം ചർച്ച ചെയ്തുകൊണ്ടിരിക്കുമ്പോൾ ബഹുമാനപ്പെട്ട കുറുക്കോളി മൊയ്തീൻ ഒരു ഉദാഹരണം സൂചിപ്പിച്ചു. ആ ഉദാഹരണവും ഇതും തമ്മിൽ എന്താണ് ബന്ധം? ബാങ്കിംഗ് മേഖല സർവ്വീസ് സെക്ടറാണെന്ന് അങ്ങ് മനസ്സിലാക്കണം. അവിടെ ഒരു ഉൽപ്പാദനമുണ്ട്, ആ പ്രക്രിയയിൽ പ്രസിഡന്റിന്റെ നേതൃത്വത്തിലുള്ള ഭരണസമിതി അല്ലെങ്കിൽ ജനറൽ മാനേജർ/ചീഫ് എക്സിക്യൂട്ടീവിന്റെ നേതൃത്വത്തിലുള്ള ജീവനക്കാർ കൂട്ടായി നടത്തുന്ന പരിശ്രമത്തിന്റെ നെറ്റ് റിസൾട്ടാണ് അതിന്റെ പ്രോഫിറ്റ്. അവിടെ ജീവനക്കാർക്ക് പറയാൻ ഒരു അവകാശവുമില്ലായെന്ന് അങ്ങ് പറഞ്ഞത്, യഥാർത്ഥത്തിൽ തൊഴിലാളി വിരുദ്ധ സമീപനം സ്വീകരിക്കുന്നവർക്ക് മാത്രമേ അങ്ങനെ പറയാൻ കഴിയുകയുള്ളൂ. ഇത്തരം സ്ഥാപനങ്ങളെല്ലാം പ്രവർത്തിച്ച് പോകുമ്പോൾ ഭരണസമിതി എന്ത് തീരുമാനമെടുത്താലും, 'വല്ലവൻ വച്ചാലും നല്ലവൻ

വിളമ്പണം' എന്നാണല്ലോ, ആ തരത്തിലുള്ള പ്രവർത്തനം നടത്തുമ്പോഴാണ് ഈ റിസൾട്ട് ബാങ്കിനുണ്ടാകുക. അവർക്ക് അഭിപ്രായം പറയാൻ അവകാശമില്ലെന്ന് സ്ഥാപിക്കുന്നത് എത്ര നിരർത്ഥകമാണെന്നും ഇത്തരത്തിലുള്ള കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചത് തെറ്റാണെന്നും എടുത്തു പറയുകയാണ്. കേരള ബാങ്കിനെ ആർ.ബി.ഐ. ഇതുവരെ അംഗീകരിച്ചിട്ടില്ലായെന്ന സംശയം ഇവിടെ പ്രകടിപ്പിച്ചു. കേരള ബാങ്കിന്റെ 769 ശാഖകൾക്കും ആർ.ബി.ഐ.യുടെ അംഗീകാരം കിട്ടിയെന്ന കാര്യം സന്തോഷപൂർവ്വം സഭയെ അറിയിക്കുകയാണ്. ആ സംശയം ഇവിടെ തീരണം. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ഇക്കാര്യം കേൾക്കേണ്ടതായിരുന്നു, എന്നാൽ അദ്ദേഹം ഇപ്പോൾ സഭയിലില്ല. കേരള ബാങ്കിന് 1000 കോടി രൂപ നഷ്ടമാണെന്ന് അദ്ദേഹം പറഞ്ഞു. ഇതുവരെ അങ്ങനെ ഒരു ഫിഗർ ഞങ്ങളുടെയോ ബാങ്കിന്റേയോ മുന്നിൽ വന്നിട്ടില്ല. സഹകരണ മേഖലയിലെ ഓഡിറ്റർമാരാണ് ഓഡിറ്റ് ചെയ്ത് കണക്കുണ്ടാക്കിയതെന്ന് അദ്ദേഹം പറഞ്ഞു. അദ്ദേഹത്തിന് അതിനെക്കുറിച്ച് അറിയാത്തതുകൊണ്ടാണ്. ആർ.ബി.ഐ.യുടെ നിയന്ത്രണമുള്ള ഒരു കേരള സംസ്ഥാന സഹകരണ ബാങ്കിന്, യഥാർത്ഥത്തിൽ ആ ബാങ്കിന്റെ കൺകറന്റ് ഓഡിറ്ററോ അല്ലെങ്കിൽ ഡിപ്പാർട്ടുമെന്റ് നിർദ്ദേശിക്കുന്ന ഓഡിറ്ററോ മാത്രമല്ല, അവിടെ Chartered Accountant (CA) ഉൾപ്പെടെയുള്ള ബോർഡിൽ ഒരു പ്രത്യേക ബോർഡ് ഓഫ് മാനേജ്മെന്റുണ്ട്. അതിലെ CA-ക്കാർ അല്ലെങ്കിൽ ഈ രംഗത്ത് അക്കൗണ്ടിംഗ് സിസ്റ്റം അറിയാവുന്ന പ്രൊഫഷണലുകൾ ഉൾപ്പെടെയാണ് ഈ പ്രവർത്തനം നടത്തുന്നത്. ഈ രംഗത്തെ ഓഡിറ്റ് സിസ്റ്റത്തിൽ അദ്ദേഹത്തിന് ഒരു സംശയവും വേണ്ട. കൃത്യമായും സത്യസന്ധമായും നടക്കുന്ന ഓഡിറ്റാണ്. അത് ആർ.ബി.ഐ. അംഗീകരിച്ചതാണ്. അതനുസരിച്ച് തൻവർഷം 61 കോടി 99 ലക്ഷം രൂപയുടെ ലാഭമാണുണ്ടായത്. രണ്ടാമതായി അദ്ദേഹം ഇവിടെ പറഞ്ഞത് 40 ശതമാനം Non-Performing Asset (NPA) ആണെന്നാണ്. അത് തെറ്റാണ്. 14.40 ശതമാനമാണ് ഇപ്പോഴത്തെ NPA. കൃത്യമായ കണക്ക് പ്രസിദ്ധീകരിച്ചു കഴിഞ്ഞു. നിക്ഷേപങ്ങളിലും ബിസിനസ്സിലും വലിയ വർദ്ധനവുണ്ടായി. അതോടൊപ്പം അദ്ദേഹം സൂചിപ്പിച്ചത് കേന്ദ്രം പറഞ്ഞ രൂപത്തിൽ കേരള ബാങ്കിന്റെ ആധുനിക സംവിധാനങ്ങളൊന്നും ആരംഭിച്ചില്ലെന്നാണ്. കേരള ബാങ്കിന് എല്ലാ ന്യൂജെൻ ബാങ്കിനോടും കോംപീറ്റ് ചെയ്യാൻ കഴിയുന്ന രൂപത്തിലുള്ള ആധുനിക സംവിധാനം ഒരുക്കിക്കൊണ്ട് ഇപ്പോൾ കരാറായിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. അടുത്ത മൂന്ന് മാസത്തിനുള്ളിൽ ATM, Internet banking, Core banking, Mobile banking, National Electronic Funds Transfer (NEFT), Real-Time Gross Settlement (RTGS) തുടങ്ങിയവയെല്ലാം കേരള ബാങ്കിൽ സുലഭമായി ലഭിക്കും. അതിന്റെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അതോടെ പറഞ്ഞ കാര്യങ്ങളെല്ലാം പൂർത്തീകരിക്കപ്പെടും. അതിന്റെ ബോർഡുകൾ കൃത്യമായി തെരഞ്ഞെടുക്കപ്പെട്ടുവരുന്നതാണ്. ആ കാര്യത്തിലും ഒരു തർക്കവും വേണ്ട. പിന്നെ ഇവിടെ സൂചിപ്പിക്കപ്പെട്ടത് മിൽമയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ്. അത് ഞാൻ

ആമുഖത്തിൽത്തന്നെ സൂചിപ്പിച്ചു. മുമ്പ് കുറേ കടലാസ് സംഘങ്ങളുണ്ടായിരുന്നു. യഥാർത്ഥത്തിൽ പാൽ എന്തെന്നറിയാത്ത, പാൽ ഒരിക്കൽപ്പോലും മിൽമയിൽ കൊടുക്കാത്ത ആളുകൾ ഈ രംഗത്ത് ഭരണം നടത്തിയിരുന്നു. ഏറ്റവും കൃത്യമായി ക്ഷീരകൃഷിക്കാരുടെ കയ്യിൽ ഇത് എത്തണമെന്നാണ് ലിഡാ ജേക്കബ് കമ്മീഷൻ ചൂണ്ടിക്കാണിച്ചത്. അതുകൊണ്ടാണ് ഇതിനകത്തെ ഭേദഗതിയിൽ 180 ദിവസങ്ങൾക്കുള്ളിൽ 500 ലിറ്റർ പാൽ അളക്കുന്ന ഒരാൾക്ക് ഒരു എരുമ അല്ലെങ്കിൽ ഒരു പശു, അതിനെ കൃത്യമായി പരിപാലിക്കുന്ന സംവിധാനമൊക്കെ അറിയണം, അത് കൃത്യമായി ബോദ്ധ്യപ്പെടുത്തിക്കൊണ്ടുവരുന്ന ഒരാളിന് ഈ Anand Pattern Co-operative Societies (APCOS)-ൽ മെമ്പർഷിപ്പ് കിട്ടുമെന്നാണ് പറയുന്നത്. യഥാർത്ഥ ക്ഷീരകൃഷിക്കാരൻ വരുമെന്നാണ് അതിന്റെ അർത്ഥം. കടലാസ് സംഘങ്ങളെല്ലാം പോയി യഥാർത്ഥ കൃഷിക്കാരുടെ കയ്യിൽ മിൽമ എത്തിച്ചേരുമെന്നതാണ് ഇതിന്റെ രത്നച്ചുരുക്കമായി ചൂണ്ടിക്കാണിക്കാനുള്ളത്. പിന്നെ അദ്ദേഹം ചൂണ്ടിക്കാണിച്ച ചില പ്രശ്നങ്ങൾ പാലിന്റെ വിലയും കാലിത്തീറ്റയുടെ വിലയും വെറ്ററിനറി ഡിപ്പാർട്ടുമെന്റിന്റെ സേവനം ഉറപ്പാക്കുന്ന കാര്യങ്ങളും ക്രിയാത്മക നിർദ്ദേശങ്ങളാണ്. അത് നമുക്ക് ചർച്ച ചെയ്ത് പരിഹാരം കാണാവുന്നതാണ്. കേരള ബാങ്കിന് എന്തിനാണ് ഇങ്ങനെ പേരിട്ടിരിക്കുന്നതെന്നാണ് അദ്ദേഹം ചോദിച്ചത്. അദ്ദേഹത്തിന് മനസ്സിലാകാത്ത ഒരു കാര്യം കൂടി വിശദീകരിക്കുകയാണ്. മിൽമ എന്ന പേര് എങ്ങനെയാണ് വന്നത്? കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന്റെ ബ്രാൻഡ് നെയിമാണ് 'മിൽമ'. ബിസിനസ്സ് രംഗങ്ങളിലേയ്ക്ക് വരുമ്പോൾ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ ബ്രാൻഡ് നെയിമാണ് 'കേരള ബാങ്ക്'. ആ രൂപത്തിൽ അതിനെ കാണുന്നതിനുപകരം കേരള ബാങ്ക് എന്ന് പേരിട്ടിരിക്കുന്നത് ഇതുവരെ ആർ.ബി.ഐ. ലൈസൻസ് ലഭിക്കാത്തതു കൊണ്ടാണെന്ന് വാദിക്കുന്നത് തെറ്റായ ധാരണയാണ്. അത് തിരുത്തണമെന്ന കാര്യം ബഹുമാനപ്പെട്ട അംഗത്തോട് സൂചിപ്പിക്കുകയാണ്. ഞാൻ കൂടുതലായി മറ്റ് കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല. കേന്ദ്ര ഇടപെടലുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ മുൻ സഹകരണ വകുപ്പുമന്ത്രിയായിരുന്ന ബഹുമാനപ്പെട്ട കടകംപള്ളി സുരേന്ദ്രന്റെ നേതൃത്വത്തിൽ ആദ്യം തന്നെ രണ്ട് പ്രാവശ്യം നിവേദനങ്ങൾ സമർപ്പിച്ചിരുന്നു. ഈ കാലഘട്ടത്തിലും ആർ.ബി.ഐ.യുടെ മുമ്പിൽ ഇത്തരം പ്രശ്നങ്ങൾ ഉന്നയിച്ചിരുന്നു. ഇതിനെല്ലാം പുറമേ 97-ാം ഭരണഘടന ഭേദഗതിയുമായി ബന്ധപ്പെട്ട് വീണ്ടുമൊരു റിവ്യൂ പെറ്റീഷൻ നൽകുന്നതിനുവേണ്ടി ബഹുമാനപ്പെട്ട സുപ്രീം കോടതിയെ വീണ്ടും സമീപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതുകൊണ്ട് നിയമപരമായും ജനാധിപത്യപരമായും തെറ്റായ നയങ്ങൾക്കെതിരായിട്ടുള്ള പോരാട്ടം കൃത്യമായി തുടരുന്ന നിലപാടാണ് സഹകരണ വകുപ്പിനും ഗവൺമെന്റിനുമുള്ളത്.

ശ്രീ. വി. ജോയി: സർ, നിയമ നടപടികളിലേയ്ക്ക് പോകുമെന്നതിനെ സംബന്ധിച്ച് അങ്ങ് പറഞ്ഞിരുന്നു. അത് എന്താണെന്ന് വിശദമാക്കാമോ;

ശ്രീ. വി. എൻ. വാസവൻ: സർ, ഞാൻ ഇവിടെ സൂചിപ്പിച്ച വിഷയം അതുകൂടി കൂട്ടിച്ചേർത്തതാണ്. അതായത് 97-ാം ഭരണഘടനാ ഭേദഗതിയിൽ മൂന്നംഗ ബെഞ്ചിന്റെ സുപ്രധാന വിധിയുണ്ടായി. അതിൽ പറയുന്നത് ഈ വിഷയത്തിൽ ആർട്ടിക്കിൾ 7th ഷെഡ്യൂൾ 32 എൻട്രി - കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് സ്റ്റേറ്റ് സബ്ജക്ടാണ്. അത് അഭംഗുരം തുടരണം. അതേസമയം മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് സംരക്ഷണം നൽകിക്കൊണ്ടാകണമെന്നാണ്. എന്നാൽ ബഹുമാന്യനായ ജസ്റ്റിസ് കെ. എം. ജോസഫ് ആ കാര്യത്തെ സംബന്ധിച്ച് ഒബ്സർവേഷൻ എഴുതിയിട്ടുണ്ട്. ആ ഒബ്സർവേഷനിൽ പറയുന്നത് ഈ കാര്യത്തിൽ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രൊട്ടക്ഷൻ കൂടി റദ്ദ് ചെയ്തെങ്കിലേ ഇത് പൂർണ്ണമാകുവെന്നാണ്. അതിനാൽ അങ്ങ് സൂചിപ്പിച്ച ഈ വിഷയത്തെ ഉൾപ്പെടുത്തി ഞങ്ങൾ റിവ്യൂ പെറ്റീഷൻ നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്. അടുത്ത ദിവസം അത് ഫയൽ ചെയ്യും.

ശ്രീ. അൻവർ സാദത്ത്: സർ, ഈ ബില്ലുമായി ബന്ധപ്പെട്ട വിഷയമല്ല. അങ്ങയുടെ ശ്രദ്ധയിൽപ്പെട്ട വിഷയം തന്നെയാണ് ഞാൻ ചോദിക്കുന്നത്. സഹകരണ മേഖലയുമായി ബന്ധപ്പെട്ട് സഹകരണ ബാങ്കുകളിൽ പലപ്പോഴും പ്രോഗ്രാമുകൾ നടത്താറുണ്ട്. ചില സ്ഥലങ്ങളിൽ പൊളിറ്റിക്കലായിട്ടുള്ള പ്രശ്നങ്ങളുണ്ടാകും, അതിൽ ജനപ്രതിനിധികളെ കക്ഷിയാക്കുക, പ്രോട്ടോകോൾ ലംഘിച്ച് ചെയ്യുക തുടങ്ങിയ വിഷയങ്ങളൊക്കെയുണ്ട്. പ്രോഗ്രാമുകൾ നടത്തുന്നതുമായി ബന്ധപ്പെട്ട് തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും മറ്റുള്ള ജനപ്രതിനിധികൾക്കും ഒരു പ്രോട്ടോകോൾ ഉണ്ടോ; അങ്ങനെയുണ്ടെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ ഇൻഷ്യേറ്റീവെടുത്ത് സഹകരണ ബാങ്കുകളിലേയ്ക്ക് അതിനുള്ള നിർദ്ദേശം നൽകുമോ എന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് ചോദിക്കാനുള്ളത്.

ശ്രീ. വി. എൻ. വാസവൻ: സർ, സ്റ്റാറ്റ്യൂട്ടറി പവറുള്ള ഒരു ബോർഡും ഗവൺമെന്റിന്റെ വിഹിതമില്ലാത്ത സംഘങ്ങളുമൊക്കെയാണെങ്കിൽ അവർക്ക് തീരുമാനിക്കാൻ അവകാശമുണ്ട്. എന്റെ വ്യക്തിപരമായ അഭിപ്രായം, ഒരു മന്ത്രി പങ്കെടുക്കുന്ന പരിപാടിയിൽ കൃത്യമായി അവിടത്തെ എം.എൽ.എ.യെ അദ്ധ്യക്ഷനായി വിളിക്കണമെന്നാണ്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റോ അതുപോലെയുള്ള ജനപ്രതിനിധികളോ ഉണ്ടെങ്കിൽ അവരെയും വിളിച്ച് ആ മര്യാദ കാണിക്കണം. ഇതുസംബന്ധിച്ച് റൂളിംഗ് നടത്തേണ്ടത് ബഹുമാനപ്പെട്ട സ്പീക്കറാണ്. ഞാനല്ല. ഈ രംഗത്ത് സർക്കാരിന് ഒരു ഷെയറുമില്ലാത്ത ഒരു സംഘം നിലവിലുണ്ട്. അവർ തന്നെ രൂപീകരിച്ച ഒരു സ്വാശ്രയ സംഘമാണ് എങ്കിൽ അവർക്ക് അത് തീരുമാനിച്ച് പോകാനുള്ള അവകാശമുണ്ട്. ഇതാണ് എനിക്ക് പൊതുവിൽ സൂചിപ്പിക്കാനുള്ളത്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ചെയർമാൻ: ശ്രീ. കെ. പി. എ. മജീദ്, 2021-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) സംബന്ധിച്ച ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. പി. എ. മജീദ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ചെയർമാൻ: പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ, അങ്ങയുടെ '1 എ' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ചെയർമാൻ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), അങ്ങയുടെ '2 ബി' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(ഭേദഗതി അവതരിപ്പിച്ച അംഗം സീറ്റിൽ ഇല്ലായിരുന്നു)

മി. ചെയർമാൻ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2021-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി XI-ന്റെ പരിഗണനയ്ക്കയയ്ക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

(ii) 2021-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, 2021-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വരനിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള ചട്ടം 75 (1) പ്രകാരമുള്ള സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

# IX ക്രമപ്രശ്നം

## ഓർഡിനൻസുകൾ നിയമമാക്കുന്നതിലെ കാലതാമസം

ശ്രീ. രമേശ് ചെന്നിത്തല: സർ, സഭയിൽ അവതരിപ്പിക്കുന്ന 2021-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ 2021-ലെ 119-ാം നമ്പർ ഓർഡിനൻസിന് പകരമുള്ള ബില്ലാണ്. ഭരണഘടനയുടെ ആർട്ടിക്കിൾ 123 അനുസരിച്ചാണ് ഓർഡിനൻസ് പുറപ്പെടുവിക്കാനുള്ള അധികാരം എക്സിക്യൂട്ടീവിന് ലഭിക്കുന്നത്. ലെജിസ്ലേച്ചറിനെ ബൈപ്പാസ് ചെയ്തുകൊണ്ട് എക്സിക്യൂട്ടീവ് അടിയന്തരഘട്ടങ്ങളിൽ ചെയ്യുന്നൊരു നടപടിയാണിത്. 2019 ഡിസംബർ 21-ാം തീയതി 2019-ലെ 41-ാം നമ്പർ ഓർഡിനൻസായിട്ടാണ് ആദ്യം ഇത് പുറപ്പെടുവിക്കുന്നത്. അതിനുശേഷം 8 പ്രാവശ്യം പ്രസ്തുത ഓർഡിനൻസ് re-promulgate ചെയ്തിട്ടുണ്ട്. ഇങ്ങനെ ചെയ്യുന്ന നടപടി അസാധാരണമാണ്. 2019-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് (ഭേദഗതി) ഓർഡിനൻസ്, 2019-ലെ 41-ാം നമ്പർ ഓർഡിനൻസ്, 2020-ലെ 5-ാം നമ്പർ ഓർഡിനൻസ്, 2020-ലെ 14-ാം നമ്പർ ഓർഡിനൻസ്, 2020-ലെ 19-ാം നമ്പർ ഓർഡിനൻസ്, 2020-ലെ 53-ാം നമ്പർ ഓർഡിനൻസ്, 2021-ലെ 1-ാം നമ്പർ ഓർഡിനൻസ്, 2021-ലെ 87-ാം നമ്പർ ഓർഡിനൻസ്, 2021-ലെ 119-ാം നമ്പർ ഓർഡിനൻസ് എന്നിവയാണ് അവ. ഓർഡിനൻസിലൂടെ കൊണ്ടുവന്ന ഈ ഭേദഗതിയെ നിലനിർത്താൻ 8 തവണ re-promulgate ചെയ്ത നടപടിയാണ് ഇവിടെയുണ്ടായിരിക്കുന്നത്. ഈ നടപടി Dr. D.C. Wadhwa & Ors vs State Of Bihar & Ors എന്ന കേസ്സിലെ 20.12.1986-ലെ ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയുടെയും Krishna Kumar Singh vs State of Bihar എന്ന കേസ്സിലെ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 7 അംഗ ഭരണഘടനാ ബഞ്ചിന്റെ 2-1-2017-ലെ വിധിയുടെയും അന്ത:സത്തയ്ക്ക് കടകവിരുദ്ധമാണ്. Dr. D.C. Wadhwa & Ors vs State Of Bihar & Ors എന്ന കേസ്സിലെ 20-12-1986-ലെ സുപ്രീം കോടതി വിധിയുടെ പ്രധാന ഭാഗം ഇതാണ്. 'The power to promulgate an ordinance as exercised under the Indian Constitution should be used only when extraordinary emergency circumstances exist and not to meet the political needs and agendas of any individual. The court further held that re-promulgation of an ordinance is a fraud and misuse of the power granted to the executive under constitutional provisions and also a subversion of the democratic process.' ഇത് വളരെ വ്യക്തമായിത്തന്നെ

ചൂണ്ടിക്കാണിക്കുന്ന ഒരു കാര്യമാണ്. Krishna Kumar Singh Vs State of Bihar എന്ന കേസ്സിലെ കോൺസ്റ്റിറ്റ്യൂഷണൽ ബഞ്ചിന്റെ അന്ത:സത്ത, 2-1-2017-ൽ 7 മെമ്പർമാർ അടങ്ങിയ കോൺസ്റ്റിറ്റ്യൂഷണൽ ബഞ്ച്, 5:2 എന്ന മെജോറിറ്റിയിൽ unfettered re-promulgation of ordinance is unconstitutional എന്ന് വളരെ വ്യക്തമായി പറയുന്നുണ്ട്. ഇവിടെ എന്ത് അടിയന്തര പ്രാധാന്യമാണ് ഉണ്ടായത്; ഒരു വ്യക്തിക്ക് രണ്ടാം തവണയും അധികാരത്തിലിരിക്കാനുള്ള അവസരം കൊടുക്കുന്നു. ഈ ഓർഡിനൻസ് എന്നുപറയുന്നത് ഒരു വരിയാണ്. അദ്ദേഹത്തിനും മെമ്പർമാർക്കും രണ്ട് തവണ ഇരിക്കാനുള്ള അധികാരം കൊടുക്കുന്നു. അതിനുവേണ്ടി നിയമസഭയെ ബൈപ്പാസ് ചെയ്ത് ഒരു ഓർഡിനൻസ് 8 തവണ ഗവർണറെക്കൊണ്ട് ഒപ്പിട്ടുവാങ്ങി ഇറക്കുകയാണ്. ഇത് എന്ത് ന്യായമാണ്? അങ്ങ് രണ്ട് പ്രാവശ്യം പാർലമെന്റ് അംഗമായിരുന്ന ആളാണല്ലോ; എക്സിക്യൂട്ടീവിന് നൽകിയിരിക്കുന്ന ഈ അധികാരം പാർലമെന്റിനെയോ അസംബ്ലിയെയോ ബൈപ്പാസ് ചെയ്തുകൊണ്ട് ചെയ്യുകയാണോ? അടിയന്തര ഘട്ടത്തിൽ മാത്രമാണ് ഓർഡിനൻസ് പുറപ്പെടുവിക്കേണ്ടത്. Otherwise it is fraud on the Constituion. It is bypassing the Legislature. ഒരു വ്യക്തിക്ക് രണ്ട് തവണ അധികാരത്തിലിരിക്കാൻവേണ്ടി ഈ നിയമസഭയുടെ വിലപ്പെട്ട സമയം ഇല്ലാതാക്കുന്നു. ഗവർണ്ണറെക്കൊണ്ട് 9 തവണ ഓർഡിനൻസ് ഇറക്കിക്കുകയാണ്. കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ചെയർമാനും അംഗങ്ങൾക്കും പുനർനിയമനം നൽകുന്നതിനുവേണ്ടി മാത്രം കൊണ്ടുവന്ന ഓർഡിനൻസാണിത്. ഇതിൽ എന്ത് പൊതുതാൽപ്പര്യമാണുള്ളത്? ഇരിക്കുന്ന വ്യക്തി മാറി വേറൊരു വ്യക്തി വന്നാൽ പൊതുതാൽപ്പര്യം ഹനിക്കപ്പെടുന്നുണ്ടോ? വ്യക്തി താൽപ്പര്യവും പാർട്ടി താൽപ്പര്യവും മാത്രമാണ് ഇക്കാര്യത്തിലുള്ളത്. അതാണ് കോൺസ്റ്റിറ്റ്യൂഷണൽ ബഞ്ചും കോടതികളും വളരെ വ്യക്തമായി പറഞ്ഞിട്ടുള്ളത്. ഇത് ഭരണഘടനാ തത്വങ്ങളോടും ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയോടുമുള്ള അവഹേളനവും അവഗണനയുമാണ്. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് ഞാൻ പ്രതീക്ഷിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല ഇവിടെ ചൂണ്ടിക്കാണിച്ച ക്രമപ്രശ്നത്തിനുള്ള മറുപടിയായി ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. ഓർഡിനൻസ് പുനഃവിളംബരം ചെയ്യാനുണ്ടായ സാഹചര്യത്തെ സംബന്ധിച്ച് ഈ സഭയിൽത്തന്നെ നേരത്തെ സൂചിപ്പിച്ചിട്ടുണ്ട്. ഈ ഓർഡിനൻസ് 2019 ഡിസംബർ 21-നാണ് പുറപ്പെടുവിച്ചത്.

അത് 8 പ്രാവശ്യം പുനഃവിളംബരം ചെയ്തുവെന്നും അത് ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിക്കെതിരാണെന്നുമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച ക്രമപ്രശ്നം. അത് ശരിയാണ്. 2019 ഡിസംബർ 21-നാണ് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഭേദഗതി ഓർഡിനൻസ് പുറപ്പെടുവിച്ചത്. അത് പിന്നീട് 2020-ലെ 5-ാം നമ്പറായും 2020-ലെ 14-ാം നമ്പറായും 2020-ലെ 19, 2020-ലെ 53, 2021-ലെ 1, 2021-ലെ 87, 2021-ലെ 119 എന്നീ നമ്പർ ഓർഡിനൻസുകളായി പുനഃവിളംബരം ചെയ്തിരുന്നു. പ്രസ്തുത ഓർഡിനൻസ് പ്രസിദ്ധീകരിച്ചതിനുശേഷം 8 നിയമസഭാ സമ്മേളനങ്ങൾ ചേരുകയുണ്ടായി. 30-12-2019-ലും 24-8-2020-ലും 31-12-2020-ലും നിയമസഭാ സമ്മേളനം പ്രത്യേക സമ്മേളനമായി ഒരു ദിവസത്തേയ്ക്ക് മാത്രമാണ് ചേർന്നത്. പ്രസ്തുത സമ്മേളനങ്ങളിൽ രണ്ട് സമ്മേളനങ്ങൾ നിയമനിർമ്മാണത്തിന് വേണ്ടിയായിരുന്നില്ല. ഒരു സമ്മേളനം 2020-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കുന്നതിനുവേണ്ടി മാത്രമായിരുന്നു. അതുകൂടാതെ 29.01.2020 മുതൽ 12-2-2020 വരെയും 2-3-2020 മുതൽ 03-3-2020 വരെയും 8-1-2021 മുതൽ 22-1-2021 വരെയും 24-5-2021 മുതൽ 10-6-2021 വരെയും 22-7-2021 മുതൽ 13-8-2021 വരെയും 5 നിയമസഭാ സമ്മേളനങ്ങളാണ് ചേർന്നത്. കോവിഡ്-19-മായി ബന്ധപ്പെട്ടുകൊണ്ട് നിലനിൽക്കുന്ന പ്രത്യേക സാഹചര്യത്തിലാണ് നിയമസഭാ സമ്മേളനങ്ങളെല്ലാം വിളിച്ചുകൂട്ടുകയും നമ്മൾ മുൻകൂട്ടി നിശ്ചയിച്ച സമയപരിധിക്കുള്ളിൽ അവസാനിപ്പിക്കേണ്ടിവരികയും ചെയ്തിട്ടുള്ളതെന്ന് നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. അതുപോലെ നിയമസഭാ സമ്മേളനങ്ങൾ നിശ്ചയിച്ച തീയതിക്ക് മുമ്പ് അവസാനിപ്പിക്കേണ്ടിവന്ന സാഹചര്യം സഭയിലെ എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. കോവിഡ്-19-നെത്തുടർന്നുണ്ടായ ലോക്ഡൗൺ പശ്ചാത്തലത്തിൽ കഴിഞ്ഞകാല സഭാസമ്മേളന ദിനങ്ങളിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. ഇത്രയധികം ഓർഡിനൻസുകൾ നിലനിൽക്കുന്ന സാഹചര്യത്തിൽ അത് കുറച്ചുകൊണ്ടു വരണമെന്ന കാര്യം ഇവിടെ ചർച്ച ചെയ്യപ്പെടുകയുണ്ടായി. 2021 ഒക്ടോബർ-നവംബർ മാസങ്ങളിൽ സഭയുടെ പ്രത്യേക സമ്മേളനം ചേർന്നുകൊണ്ട് എല്ലാ ഓർഡിനൻസുകളെയും റീപ്ലേസ് ചെയ്യുന്ന നിയമങ്ങൾ പാസ്സാക്കുവാൻ അവസരമൊരുക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ തന്നെയാണ് കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ അതായത് 2-8-2021-ൽ നിർദ്ദേശിച്ചിരുന്നത്. ആ നിർദ്ദേശംകൂടി കണക്കിലെടുത്തുകൊണ്ടാണ് ഗവൺമെന്റ് മുഴുവൻ ഓർഡിനൻസുകളും പരമാവധി ഈ നിയമസഭാ സമ്മേളനത്തിൽ പാസ്സാക്കാൻ വേണ്ടിയുള്ള നടപടി സ്വീകരിച്ചത്. ഈ ഗവൺമെന്റ് എല്ലാക്കാലത്തും ഓർഡിനൻസ് ഇറക്കി ഭരിക്കണമെന്ന് ആഗ്രഹിക്കുന്നൊരു ഗവൺമെന്റല്ല. ഞാൻ ഈ ഓർഡിനൻസുകളുടെ ചരിത്രമെല്ലാമെടുത്ത് പരിശോധിക്കുകയുണ്ടായി. ആരെയും കുറ്റപ്പെടുത്താൻ വേണ്ടിയല്ല, കേരളത്തിലെ 7-ാം നിയമസഭ കേരള ചരിത്രത്തിൽ

ഏറ്റവും കൂടുതൽ ഓർഡിനൻസ് ഇറക്കിയ ഒരു നിയമസഭയായിരുന്നു. അന്ന് 324 ഓർഡിനൻസുകളാണ് നമ്മുടെ സംസ്ഥാനത്ത് ഇറക്കിയത്. അത്രയേറെ ഓർഡിനൻസ് ഇറക്കിയ സന്ദർഭത്തിലാണ് ഓർഡിനൻസ് ഗവൺമെന്റ് എന്നുപോലും പറയേണ്ടൊരു അവസ്ഥയുണ്ടായത്. അങ്ങനെയൊരു ഓർഡിനൻസ് ഗവൺമെന്റായി ഈ ഗവൺമെന്റ് ഒരിക്കലും പറയപ്പെടാൻ ആഗ്രഹിക്കുന്നില്ല. എല്ലാ ഓർഡിനൻസുകളും എത്രയുംവേഗം നിയമമാക്കാൻ വേണ്ടിയുള്ള പരിശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് ഇവിടെ ചൂണ്ടിക്കാണിച്ച കാര്യം ശരിയാണ്. ഓർഡിനൻസ് പുനഃവിളംബരം ചെയ്തുപോകുന്നത് ശരിയല്ല. അത്യാവശ്യ ഘട്ടത്തിൽ മാത്രമേ ഓർഡിനൻസ് ഇറക്കാൻ പാടുള്ളൂവെന്ന അഭിപ്രായമാണ് ഗവൺമെന്റിനുള്ളത്. അതുകൊണ്ട് അദ്ദേഹത്തിന്റെ ഒബ്ജക്ഷൻ ശരിയാണെങ്കിലും അത് ഈ ബിൽ അവതരിപ്പിക്കുന്നതിന് തടസ്സമാകാൻ പാടില്ലെന്നാണ് സൂചിപ്പിക്കാനുള്ളത്.

## റൂളിംഗ്

മി. സ്പീക്കർ: 2021ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബില്ലിന് ആധാരമായി 2019 ഡിസംബറിൽ ഒരു ഓർഡിനൻസ് പുറപ്പെടുവിക്കുകയും തുടർന്ന് ഏഴ് പ്രാവശ്യം അത് വീണ്ടും പുറപ്പെടുവിക്കേണ്ടിവരികയും ചെയ്ത സാഹചര്യത്തെയാണ് ശ്രീ. രമേശ് ചെന്നിത്തല ഒരു ക്രമപ്രശ്നത്തിലൂടെ സഭ മുമ്പാകെ കൊണ്ടുവന്നത്. ഇത്തരത്തിൽ ഓർഡിനൻസുകൾ പുറപ്പെടുവിക്കാനുണ്ടായ സാഹചര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. സഭയുടെ കഴിഞ്ഞ സമ്മേളനകാലത്ത് അനിയന്ത്രിതമായി ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് 2021 ആഗസ്റ്റ് 2-ാം തീയതി ബഹുമാനപ്പെട്ട അംഗം ശ്രീ. അനൂപ് ജേക്കബ് സഭയിൽ ഉന്നയിച്ച ഒരു ക്രമപ്രശ്നം തീർപ്പാക്കിക്കൊണ്ട് ചെയർ വിശദമായ റൂളിംഗ് നൽകിയിരുന്നു. ഇന്ന് സഭ മുമ്പാകെ വന്നിരിക്കുന്ന 2021-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ഓർഡിനൻസ് ഉൾപ്പെടെ 44 ഓർഡിനൻസുകൾക്കും പകരമായി സഭയിൽ നിയമം പാസ്സാക്കുന്നതിന് പ്രത്യേക ക്രമീകരണം ഏർപ്പെടുത്തണമെന്ന ചെയറിന്റെ നിർദ്ദേശംകൂടി പരിഗണിച്ചാണ് നിയമനിർമ്മാണത്തിനായി സഭയുടെ ഈ സമ്മേളനം ചേർന്നുവരുന്നത്. ഈ സാഹചര്യത്തിൽ വീണ്ടും ഒരു ക്രമപ്രശ്നമായി ഇക്കാര്യം ഉന്നയിച്ച് തീർപ്പാക്കേണ്ട ആവശ്യകതയുള്ളതായി കാണുന്നില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ അങ്ങയുടെ റൂളിംഗിനെ ചോദ്യം ചെയ്യുന്നതല്ല. പക്ഷേ ഭരണഘടനയുടെ 123-ാം അനുച്ഛേദമനുസരിച്ച് ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിന് ഒരു അർജൻസി വേണം. ഈ ബിൽ പരിശോധിച്ചാൽ ഒരു വരിയാണ് ഉള്ളത്. ഒരാൾക്ക് രണ്ടാം തവണയും അധികാരത്തിലിരിക്കാൻ വേണ്ടിയുള്ള കാര്യം മാത്രമാണുള്ളത്. എന്ത് അർജൻസിയാണ്; എന്ത് നയപരമായ അടിയന്തര കാര്യമാണ് ഇതിലുള്ളത്? ഓർഡിനൻസ് പുറപ്പെടുവിക്കുമ്പോൾ ഗവൺമെന്റിന് അക്കാര്യത്തിൽ ഒരു വ്യക്തതയുണ്ടാകണം. എല്ലാത്തിനും ഓർഡിനൻസ് ഇറക്കുന്നു. ആർട്ടിക്കിൾ 123 എന്നുപറയുന്നത് എന്താണ്? ഭരണഘടനാ ബഞ്ചിന്റെ വിധിയിൽ പറയുന്നത് it is a fraud on the constitution എന്നാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച പ്രശ്നത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി വിശദീകരിച്ചു. അങ്ങ് ഉന്നയിച്ച പ്രശ്നം അപ്രസക്തമാണെന്ന അഭിപ്രായമല്ല മന്ത്രി പറഞ്ഞത്. പക്ഷേ ഈ ബിൽ അവതരിപ്പിക്കുന്നതിന് തടസ്സമില്ല എന്നുള്ളതാണ്.

**നിയമനിർമ്മാണകാര്യം (തുടർച്ച)**

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, 2021-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

3.00 pm]

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഈ ഓർഡിനൻസ് ബില്ലാക്കുന്നതിനെ സംബന്ധിച്ചുള്ള പ്രമേയത്തിൽ പറയുന്ന കാര്യങ്ങൾ ഞാൻ വീണ്ടും ആവർത്തിക്കാൻ ആഗ്രഹിക്കുന്നില്ല. കേരളത്തിലെ വിവിധ ദേവസ്വം ബോർഡുകളിലെ ജീവനക്കാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട തീരുമാനത്തിന്റെ ഭാഗമായിട്ടാണ് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നിലവിൽ വന്നത്. ഒട്ടേറെ കാലമായി ചർച്ച ചെയ്തിട്ടുള്ളൊരു കാര്യമാണിത്. ദേവസ്വം ബോർഡിലെ നിയമനവുമായി ബന്ധപ്പെട്ട് ഒട്ടേറെ ആക്ഷേപങ്ങൾ ഉയർന്നുവരികയുണ്ടായി. ആ

ആക്ഷേപങ്ങൾ ബഹുമാനപ്പെട്ട കോടതിയുടെ മുമ്പിലെത്തുകയും കോടതി ഇക്കാര്യങ്ങളെല്ലാം പരിശോധിക്കുകയുമുണ്ടായി. അതിന്റെ അടിസ്ഥാനത്തിലാണ് 1985 മുതൽ ദേവസ്വം ബോർഡുകളുടെ നിയമനവുമായി ബന്ധപ്പെട്ട് ചില നിർദ്ദേശങ്ങൾ ബഹുമാനപ്പെട്ട കോടതികൾ മുന്നോട്ടുവച്ചത്. അതിനെ അടിസ്ഥാനമാക്കി ഒട്ടേറെ ചർച്ചകൾ നടക്കുകയുണ്ടായി. ദേവസ്വം ബോർഡിലെ നിയമനങ്ങളെയും കെടുകാര്യസ്ഥതയേയും സ്വജനപക്ഷപാതത്തെയും സംബന്ധിച്ച് ചർച്ചകൾ നടക്കുകയാണ്. അതിന്റെയെല്ലാം പരിണിതഫലമായാണ് ദേവസ്വം ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടണമെന്നുള്ള ചർച്ചകൾ ഉയർന്നുവന്നത്. മുൻ ചീഫ് സെക്രട്ടറിയായിരുന്ന ശ്രീ. രാമചന്ദ്രൻ നായർ 1991-ൽ ഒരു കമ്മീഷനെ വച്ച് അതുസംബന്ധിച്ചുള്ള റിപ്പോർട്ട് എടുത്തിരുന്നു. അതിനുശേഷം ജസ്റ്റിസ് കെ. എസ്. പരിപൂർണ്ണന്റെ നേതൃത്വത്തിലുള്ള കമ്മീഷൻ ഇക്കാര്യത്തെ സംബന്ധിച്ച് വ്യക്തത വരുത്താൻവേണ്ടിയുള്ള ഒരു നിർദ്ദേശം മുന്നോട്ടുവച്ചതിന്റെ അടിസ്ഥാനത്തിൽ 2007-ൽ ദേവസ്വം റിക്രൂട്ട്മെന്റ് പി.എസ്.സി.ക്ക് വിടണമെന്നുള്ള നിയമം നിയമസഭയിൽ പാസ്സാക്കി. ദൗർഭാഗ്യവശാൽ ആ നിയമം നടപ്പിലാക്കാൻ നമുക്ക് കഴിയാതെപോയി. സ്പെഷ്യൽ റൂളുണ്ടാക്കാനുള്ള നടപടികൾ സ്വീകരിച്ചെങ്കിലും അത് പൂർത്തീകരിക്കാത്തതിനാൽ ആ നിയമം നമുക്ക് നടപ്പിലാക്കാൻ കഴിഞ്ഞില്ല. അതിനുശേഷമാണ് 2014-ൽ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചുകൊണ്ട് സർക്കാർ ഓർഡിനൻസ് പുറപ്പെടുവിച്ചത്. ആ ഓർഡിനൻസാണ് 16-3-2015-ൽ നിയമമാക്കി കൊണ്ടുവന്നത്. ആ നിയമമനുസരിച്ച് ആറംഗങ്ങളാണ് റിക്രൂട്ട്മെന്റ് ബോർഡിലുണ്ടായിരുന്നത്. 29-11-2016-ൽ ആ ആക്ടിൽ ഭേദഗതി കൊണ്ടുവരാനായി 2016-ൽ അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റ് നിയമന കാലാവധി അഞ്ചുവർഷമെന്നുള്ളത് മൂന്നുവർഷമായി നിജപ്പെടുത്തുകയും ബോർഡിൽ മെമ്പർമാരായും ചെയർമാനായും വരുന്ന ആളുകളുടെ യോഗ്യത പുനർ നിർണ്ണയിക്കുകയും ചെയ്തു. മൂന്നംഗങ്ങളുള്ള പുതിയ ബോർഡാണ് പിന്നീട് ചുമതലയേറ്റത്. മൂന്നുവർഷക്കാലമായിരുന്നു ആ ബോർഡിന്റെ കാലാവധി. ആ കാലാവധി പൂർത്തീകരിക്കുന്നതിനുമുമ്പായി കാലാവധി നീട്ടിക്കൊടു ക്കേണ്ടതുണ്ടെന്ന് ഗവൺമെന്റിന് ബോദ്ധ്യപ്പെട്ടു. ആറംഗങ്ങൾ അടങ്ങിയ ദേവസ്വം ബോർഡ് ഒരു വർഷത്തിലധികം നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്നുവെങ്കിലും ആ കാലഘട്ടത്തിൽ ബോർഡിന്റെ പ്രവർത്തനത്തിലൂടെ ഒരാളെപ്പോലും കേരളത്തിലെ ദേവസ്വം ബോർഡുകളിൽ നിയമിക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ പിന്നീട് വന്ന ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് കുറ്റമറ്റ രീതിയിലാണ് അതിന്റെ പ്രവർത്തനങ്ങൾ കാഴ്ചവച്ചത്. പുതിയ ബോർഡ് ചുമതലയേറ്റതിനുശേഷം റിക്രൂട്ടുമെന്റുമായി ബന്ധപ്പെട്ട് നിരവധി

കാര്യങ്ങൾ ചെയ്തുതീർക്കുകയുണ്ടായി. ബോർഡിൽ ആറംഗങ്ങൾ ഉണ്ടായിരുന്നിട്ടും ഒന്നും ചെയ്യാതിരുന്നിടത്ത് മൂന്നംഗങ്ങൾ വന്നപ്പോൾ ഒട്ടേറെ കാര്യങ്ങൾ റിക്രൂട്ട്മെന്റ് ബോർഡ് വഴി ചെയ്തുകൊടുക്കാനുള്ള നടപടി സ്വീകരിച്ചു. നിയമന നടപടികൾ വേഗത്തിലും സുതാര്യവുമായി നടപ്പിലാക്കുന്നതിനായി സി-ഡാക്കിന്റെ സഹായത്തോടുകൂടി സ്വന്തമായി ഒരു റിക്രൂട്ട്മെന്റ് മാനേജ്മെന്റ് സോഫ്റ്റ്വെയർ സംവിധാനം വികസിപ്പിച്ചു. ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നത് മുതൽ റാങ്ക് പട്ടിക തയ്യാറാക്കി നിയമന ശിപാർശ നൽകുന്നതുവരെയുള്ള എല്ലാ പ്രവർത്തനങ്ങളും ഈ സോഫ്റ്റ്വെയർ സംവിധാനത്തിലൂടെയാണ് ചെയ്തുവരുന്നത്. ദേവസ്വം നിയമനങ്ങളിൽ പട്ടികജാതി/പിന്നാക്ക വിഭാഗങ്ങൾക്ക് സംവരണം ഏർപ്പെടുത്താനുള്ള ചട്ടങ്ങൾ നിർദ്ദേശിച്ച് ഗവൺമെന്റിന്റെ അംഗീകാരം നേടിയെടുക്കുകയും ചെയ്തു. നേരത്തെ ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല. അതുകൊണ്ടാണ് കേരള ചരിത്രത്തിൽ ആദ്യമായി ക്ഷേത്രങ്ങളിലെ പൂജാരികളായി പട്ടികജാതി/ പട്ടികവർഗ്ഗ/പിന്നാക്ക വിഭാഗത്തിൽപ്പെട്ട ആളുകളെ നിയമിക്കാൻ കഴിഞ്ഞത്. ഒരുകാലത്ത് ക്ഷേത്രങ്ങളിലെ മതിൽക്കെട്ടിൽ കടക്കാൻപോലും അവകാശമില്ലാതിരുന്ന ജനതയെയാണ് പൂജാരികളായി നിയമിച്ചത്. ആകെ 44 പേരെ നിയമിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൃത്യമായ കാഴ്ചപ്പാടോടുകൂടിയാണ് ബോർഡ് പ്രവർത്തിച്ചത്. പട്ടികജാതി വിഭാഗത്തിനും ഈഴവ വിഭാഗത്തിനും മറ്റ് പിന്നാക്ക വിഭാഗങ്ങൾക്കും ദേവസ്വം നിയമനങ്ങളിൽ കൃത്യമായ സംവരണം ഏർപ്പെടുത്തി നിയമനം നടത്താനാണ് ശ്രമിച്ചത്. അതോടൊപ്പം സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മുന്നോക്ക ജനവിഭാഗങ്ങളടക്കമുള്ള ആളുകൾക്ക് 10 ശതമാനം സംവരണം ഏർപ്പെടുത്താൻ ബോർഡ് ശ്രമിക്കുകയും അത് നടപ്പിലാക്കുകയും ചെയ്തു. ചുരുങ്ങിയ കാലയളവിൽത്തന്നെ അഞ്ച് ദേവസ്വം ബോർഡുകളിലായി 69 തസ്തികകളിലേയ്ക്ക് അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ഇതിൽ 47 തസ്തികകൾക്കുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തു. ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. ഇതുവരെ ഉദ്യോഗാർത്ഥികൾക്കുവേണ്ടി 2518 റാങ്ക് ലിസ്റ്റുകളാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽനിന്നും 1088 ഉദ്യോഗാർത്ഥികളെ നിയമിക്കാനും കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ കാലഘട്ടങ്ങളിൽ നിന്നും വ്യത്യസ്തമായി ബോർഡ് കാര്യക്ഷമതയോടുകൂടി പ്രവർത്തിക്കുന്നത് ഈ ബോർഡിന്റെ കാലാവധി നീട്ടിക്കൊടുക്കാനുള്ള ഒരു കാരണമായി ഗവൺമെന്റ് കാണുകയില്ല. തീർച്ചയായും ഇനിയും ഒട്ടേറെ കാര്യങ്ങൾ ചെയ്തുതീർക്കാനുണ്ട്. ദേവസ്വം ബോർഡുകളിലെ റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട് ഇനിയും നിരവധി കാര്യങ്ങൾ ചെയ്തുതീർക്കാനുണ്ടെന്നാണ് ഗവൺമെന്റ് കാണുന്നത്. അതുകൊണ്ടാണ് ഈ ബോർഡിന്റെ കാലാവധി മൂന്നുവർഷം കൂടി

നീട്ടിക്കൊടുക്കാനുള്ള തീരുമാനമെടുക്കുകയും അതിനനുസരിച്ചുള്ള നിയമ നിർമ്മാണമുണ്ടാക്കാൻ തയ്യാറാകുകയും ചെയ്തത്. ഇതാണ് നിയമനിർമ്മാണവുമായി ബന്ധപ്പെട്ട് ഇവിടെ പ്രാഥമികമായി സൂചിപ്പിക്കാനുള്ളത്. ഇതിൽ ഒരു ഭേദഗതി മാത്രമാണുള്ളത്. നിലവിലുള്ള മൂന്ന് ബോർഡ് അംഗങ്ങളിൽ ഒരാൾ ചെയർമാനും രണ്ട് അംഗങ്ങളിൽ ഒരാൾ വനിതയും മറ്റൊരാൾ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടയാളുമാണ്. അംഗങ്ങളുടെ കാലാവധി മൂന്ന് വർഷം കൂടി നീട്ടുകയെന്നുള്ള ഒരു ഭേദഗതി മാത്രമാണ് ഈ ബില്ലുകൊണ്ട് ഉദ്ദേശിക്കുന്നത്. തീർച്ചയായും ചർച്ചകൂടാതെ ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

Sri. A. P. Anil Kumar: Sir, I move that-“ This House resolves to disapprove The Kerala Devaswom Recruitment Board (Amendment) Ordinance, 2021 (Ordinance No. 119 of 2021)” . ബഹുമാനപ്പെട്ട മന്ത്രി യഥാർത്ഥത്തിൽ വളരെ ശാന്തമായി പറഞ്ഞ് സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ് ചെയ്തതെന്ന് ആമുഖമായി പറയുകയാണ്. അതിനാൽ ഞാനും വളരെ ശാന്തമായിത്തന്നെയാണ് പറയുന്നത്. നാറാണത്തുഭ്രാന്തന്റെ പണിയാണ് ഈ ഗവൺമെന്റ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. യു.ഡി.എഫ്. ഗവൺമെന്റ് ഈ നിയമം കൊണ്ടുവന്നപ്പോൾ അഞ്ച് വർഷമായിരുന്നു കാലാവധി. അത് മൂന്നുവർഷമാക്കി ചുരുക്കാനൊരു താൽപ്പര്യമുണ്ടായിരുന്നത് അന്ന് ചെയർമാനായിരുന്ന ആളെയൊന്ന് താഴെയിറക്കാനായിരുന്നു. അന്നുണ്ടായിരുന്ന ചെയർമാനെ മാറ്റാനായി അഞ്ച് വർഷമെന്ന കാലാവധി മൂന്ന് വർഷമാക്കി ചുരുക്കി. ഇപ്പോൾ മൂന്നുവർഷം കഴിഞ്ഞപ്പോൾ നിലവിലുള്ള ആളുകളുടെ കാലാവധി മൂന്നുവർഷം കൂടി തുടരാനായി അതേ നിയമം ഭേദഗതി ചെയ്ത് ആറ് വർഷമാക്കി മാറ്റി. എന്താണ് ഈ നിയമം? ഇത്തരം നിയമനങ്ങളൊക്കെ നിയമസഭയെ പരിഹസിക്കുന്നതിന് തുല്യമാണ്. ഇതുരണ്ടും ഗവൺമെന്റ് കൊണ്ടുവന്നതാണ്. 2014-ലാണ് ഓർഡിനൻസ് കൊണ്ടുവരുന്നതെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. 2015-ലാണ് യു.ഡി.എഫ്. ഗവൺമെന്റ് നിയമമാക്കുന്നത്, മാർച്ചിലോ ഏപ്രിലിലോ ആണെന്നാണ് ഞാൻ ഓർക്കുന്നത്. 2015-ൽ നിയമമാക്കിക്കഴിഞ്ഞിട്ടും ബോർഡ് ഒന്നും ചെയ്തില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അതാണ് തെറ്റിദ്ധരിപ്പിക്കുന്നുവെന്ന് ഞാൻ പറഞ്ഞത്. 2015 കഴിഞ്ഞ് ബോർഡ് ചെയർമാനെയും ഗവൺമെന്റ് അംഗങ്ങളെയും നിയമിച്ച് ഓഫീസ് തുടങ്ങിയതുമാത്രമല്ല ആദ്യഘട്ടമെന്ന നിലയിൽ ഒഴിവുള്ള നിയമനങ്ങളിലേയ്ക്ക് ജീവനക്കാരെ വയ്ക്കുന്നതിന് അപേക്ഷ വരെ ക്ഷണിച്ചു. 2015 മൂന്നാം മാസം പാസ്സാക്കിയ നിയമംവച്ച് അതിലെ നടപടിക്രമങ്ങളുമായി മുന്നോട്ടുപോയി. പക്ഷെ ഇത്രയും കാര്യങ്ങൾ ചെയ്തപ്പോൾ

2016-ൽ തെരഞ്ഞെടുപ്പ് വിജ്ഞാപനം വന്നു. അങ്ങനെയാണ് ഒന്നും ചെയ്യാൻ പറ്റാതിരുന്നത്. അതല്ലാതെ ഓർഡിനൻസ് കൊണ്ടുവന്ന് നിയമം പാസ്സാക്കിയിട്ട് ഒന്നും ചെയ്യാതെ ഗവൺമെന്റ് ഇരുന്നിട്ടില്ല. അത് അങ്ങ് പറഞ്ഞത് തെറ്റിദ്ധാരണകൊണ്ടാകും. ഇത്തരം കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് അങ്ങയെ ബോദ്ധ്യപ്പെടുത്തുകയാണ്. പട്ടികജാതി വിഭാഗങ്ങൾക്ക് വലിയ രീതിയിലുള്ള സംവരണം കൊണ്ടുവന്നുവെന്ന് മന്ത്രി പറഞ്ഞപ്പോൾ ഇവിടെ കയ്യടിച്ചു. എങ്ങനെയാണ് കൊണ്ടുവന്നത്? ചട്ടമുണ്ടാക്കിയിട്ടാണെന്ന് പറഞ്ഞു. ചട്ടമുണ്ടാക്കുന്നതിന് നിയമം വേണ്ടേ. ചട്ടമുണ്ടാക്കിയവർക്കാണോ നിയമം കൊണ്ടുവന്നവർക്കാണോ കയ്യടി കൊടുക്കേണ്ടത്? നിയമം കൊണ്ടുവന്ന യു.ഡി.എഫ്. ഗവൺമെന്റിന് കയ്യടി ഇല്ല. ആ നിയമത്തിന്റെ പുറത്താണ് അങ്ങ് പറഞ്ഞ പട്ടികജാതി/പട്ടികവർഗ്ഗ/ഒ.ബി.സി. വിഭാഗങ്ങൾക്ക് ദേവസ്വം ബോർഡിൽ നിയമനം ലഭിക്കാൻ ശാന്തിക്കാരെവരെ നിയമിക്കാൻ അവസരമുണ്ടായത്. വിപ്ലവകരമായ, പുരോഗമനപരമായ നിയമമാണ് യു.ഡി.എഫ്. കൊണ്ടുവന്നത്. ഇടതുപക്ഷ നിയമമെന്ന് ഞാൻ പറയുന്നില്ല. പറഞ്ഞാൽ അപകടമാണെന്ന് എനിക്കറിയാം. യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന നിയമത്തിന്റെ അടിസ്ഥാനത്തിൽ, തീർച്ചയായും പിന്നെ അടുത്തുവരുന്ന ഗവൺമെന്റിന് അതുമായി മുന്നോട്ട് പോകുന്നെങ്കിൽ ആ നിയമത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കണം, സംവരണം പാലിക്കണം. സംവരണമെന്നുള്ളത് യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന നിയമത്തിലുള്ളതാണ്. അതുവരെ ഇല്ലാതിരുന്ന സംവരണം ഈ നിയമത്തിന്റെ ഭാഗമായി ഉണ്ടായി. അങ്ങനെ ആ നിയമത്തിന്റെ ഭാഗമായി 40 പേർ എസ്.സി. വിഭാഗത്തിൽപ്പെട്ടവരും അല്ലാത്തവരും ശാന്തിക്കാരായിയെന്നു പറഞ്ഞു. ഞാൻ ചോദിക്കട്ടെ. ഇങ്ങനെ ജനങ്ങളെ വിഡ്ഢികളാക്കാൻ പാടുണ്ടോ? യു.ഡി.എഫ്. ഗവൺമെന്റിന് അർഹതപ്പെട്ടതെങ്കിലും നൽകണ്ടേ? അപ്പോൾ നിങ്ങൾ പറഞ്ഞു ചട്ടം ഉണ്ടാക്കിയതുകൊണ്ടാണ് ഇത്രയും പേർക്ക് ജോലി കിട്ടിയതെന്ന്. ഞാൻ പറഞ്ഞുവരുന്നത് നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് ഇത്രയും പേർക്ക് വിവിധ മേഖലകളിലായി ജോലിയിൽ പ്രവേശിക്കാൻ അവസരമുണ്ടായതും പാവപ്പെട്ട പട്ടികജാതിക്കാരനെയും പിന്നാക്കക്കാരനെയും സമൂഹത്തിന്റെ അരികുചേർന്ന് നടക്കുന്നവരെയുമൊക്കെ ഇതിന്റെ ഭാഗമാക്കി മാറ്റാൻ കഴിഞ്ഞതും യു.ഡി.എഫ്. നിയമം പാസ്സാക്കിയതുകൊണ്ടാണ്. അതിൽ ചാരിതാർത്ഥ്യമാണ് ഞങ്ങൾ യു.ഡി.എഫ്.കാർക്കുള്ളത്. മൂന്നുവർഷം ഇരുന്നവർക്കാണ് വീണ്ടും ഒരവസരം കൂടി നൽകുന്നത്. ഇപ്പോഴത്തെ സാഹചര്യത്തിൽ ഒരാൾക്കൊഴികെ മറ്റൊരാൾക്കും ഗുണമില്ലാത്ത ഒരു ഭേദഗതിയാണ്. ഈ പറയുന്ന ഒരാൾക്ക് മാത്രമേ ഗുണം കിട്ടുന്നുള്ളൂ. ഇന്നത്തെ ദേവസ്വം ബോർഡുകളുടെ സ്ഥിതിയെന്താണ്? ചരിത്രത്തിലില്ലാത്ത പ്രതിസന്ധിയാണ് ദേവസ്വം ബോർഡുകൾ അഭിമുഖീകരിക്കുന്നത്. ക്ഷേത്രങ്ങളുടെ

ഇന്നത്തെ അവസ്ഥയ്ക്ക് സമാനമായ അവസ്ഥ എവിടെയാണുള്ളത്? ക്ഷേത്രത്തിലെ ജീവനക്കാർക്ക് ശമ്പളംപോലും മുടങ്ങിക്കിടക്കുന്നു. ക്ഷേത്രത്തിലെ കഴകക്കാരന് അല്ലെങ്കിൽ ശാന്തിക്കാരന് ഗുണമുള്ള ഒരു നിയമ ഭേദഗതിയാണ് കൊണ്ടു വരുന്നതെങ്കിൽ ഞങ്ങൾ അംഗീകരിക്കുമായിരുന്നു. ഈ പ്രതിസന്ധി കാലഘട്ടത്തിലും നിങ്ങളോടൊപ്പം നിൽക്കുന്ന നിങ്ങളുടെ പാർട്ടിക്കാരന് ഒരു മൂന്നു വർഷംകൂടി സൗകര്യം ചെയ്തുകൊടുക്കുന്നതിനുവേണ്ടി കൊണ്ടുവരുന്ന ഒരു ഭേദഗതിയായതുകൊണ്ടാണ് ഞങ്ങൾ ഇതിനെ ശക്തമായി എതിർക്കുന്നത്. ഇന്നത്തെ സാഹചര്യത്തിൽ കോവിഡ് പ്രതിസന്ധിയും അതുപോലെ ശബരിമലയിലെ പ്രശ്നങ്ങളും - ശബരിമലയുടെ പ്രശ്നങ്ങൾ കോവിഡ് കാലത്ത് തുടങ്ങിയതല്ല അതിനുമുമ്പ് യുവതീ പ്രവേശനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കാരണം ശബരിമലയിൽ അന്യസംസ്ഥാനങ്ങളിൽനിന്ന് ആളുകൾ വരുന്നത് വളരെയധികം കുറഞ്ഞിരുന്നു. അതോടൊപ്പംതന്നെ കോവിഡ് കൂടി ആയിക്കഴിഞ്ഞപ്പോൾ ഏറ്റവും കൂടുതൽ വരുമാനമുള്ള ശബരിമലയിൽനിന്ന് നമ്മുടെ വരുമാനം നാലിലൊന്നായി ചുരുങ്ങിയെന്നുള്ളത് എല്ലാവർക്കും ബോദ്ധ്യമുള്ള കാര്യമാണ്. മറ്റ് ആരാധനാലയങ്ങളുടെ കാര്യം പറയേണ്ടതില്ല. എല്ലായിടവും കോവിഡ് കാരണം അടച്ചുപൂട്ടിയിരിക്കുന്ന സാഹചര്യമാണ്. വരുമാനം തീരെയില്ല. മുൻകാലത്ത് നമ്മൾ അനുഭവിക്കാത്ത പ്രയാസങ്ങൾ ഇന്ന് ദേവസ്വം മേഖലയിൽ അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. അത്തരം സന്ദർഭത്തിൽ ജീവനക്കാരെ സഹായിക്കാനല്ലേ ശ്രമിക്കേണ്ടത്? സർക്കാർ സഹായമില്ലാതെ ജീവനക്കാർക്ക് ശമ്പളം നൽകാൻപോലും സാധിക്കാതെ കുടിശ്ശികയുള്ള സമയത്താണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് അഞ്ചു കോടി രൂപ നൽകിയത്. ഗുരുവായൂർ ഉൾപ്പെടെയുള്ള ദേവസ്വം ബോർഡുകൾ വരുമാനം കുറഞ്ഞ് വളരെ പ്രതിസന്ധി അനുഭവിക്കുന്ന സമയമാണ്. ഒടുവിൽ കേരള ഹൈക്കോടതി ഇടപെട്ടുകൊണ്ട് ഗുരുവായൂർ ദേവസ്വത്തോട് അത് നൽകരുതെന്ന് പറഞ്ഞു. ക്ഷേത്രങ്ങൾ നിലനിർത്താൻ ജീവനക്കാരോട് ഒരു മാസത്തെ ശമ്പളം നൽകണമെന്ന് ആവശ്യപ്പെട്ടവരാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ്. യാതൊരു മാനദണ്ഡവുമില്ലാതെ വിത്തെടുത്തു കുത്തുക എന്നുപറയാറില്ലേ അതുപോലെയുള്ള കാര്യങ്ങളാണ് ചെയ്തുകൊണ്ടിരിക്കുന്നത്. സാലറി ചലഞ്ചിലൂടെ ഈ പാവപ്പെട്ട ദേവസ്വം ബോർഡിലെ ജീവനക്കാരിൽനിന്നും പണം വാങ്ങിയിട്ടുണ്ട്. ആർക്കെങ്കിലും ഇതുവരെ തിരിച്ചുകൊടുത്തോ? ഒരാൾക്കും ഒരു രൂപപോലും തിരിച്ച് കൊടുത്തിട്ടില്ല. അതാണ് അവിടത്തെ സാഹചര്യം. മറ്റു മേഖലയിലെ ജീവനക്കാരുമായി താരതമ്യം ചെയ്യുമ്പോൾ ദേവസ്വം ബോർഡ് ജീവനക്കാർക്ക് ലഭിക്കുന്നത് തുച്ഛമായ ശമ്പളമാണ്. അതോടൊപ്പംതന്നെ ദേവസ്വം ബോർഡിന് പ്രതിമാസം ശമ്പളം നൽകാൻ ഏതാണ്ട് 30 കോടി രൂപയും പെൻഷൻ നൽകാൻ 10 കോടി രൂപയും കണ്ടെത്തണം. 40

കോടി രൂപ ഇത്തരം കാര്യങ്ങൾക്ക് ആവശ്യമുണ്ടെന്ന് പറയുന്നു. വ്യക്തമായ തുക അങ്ങേയ്ക്കറിയാം. ഇന്ന് യഥാർത്ഥത്തിൽ ഇത്രയും തുക ലഭ്യമാകാത്ത സാഹചര്യമാണ്. ക്ഷേത്രത്തിലെ വരുമാനം നന്നായി ലഭിച്ചിരുന്ന കാലഘട്ടത്തിൽപ്പോലും ശബരിമലയിലെ വരുമാനംകൂടി വേണമായിരുന്നു കാര്യങ്ങൾ നടന്നുപോകുവാൻ. ഇപ്പോൾ ശബരിമലയിലും മറ്റുള്ള ക്ഷേത്രങ്ങളിലും വരുമാനമില്ല. ക്ഷേത്രങ്ങളിലെ നിത്യാരാധനയ്ക്ക് ഉപയോഗിക്കുന്ന പൗരാണികമായ വളരെ മൂല്യമുള്ള സ്വർണ്ണാഭരണങ്ങൾ ഉരുക്കി ശുദ്ധീകരിച്ച് റിസർവ് ബാങ്കിൽ ബോണ്ടായി വച്ചുകൊണ്ട് പലിശയിനത്തിൽ പണം കണ്ടെത്തുന്നതിനെക്കുറിച്ച് ദേവസ്വം ബോർഡ് ആലോചിക്കുന്നുവെന്നാണ് വാർത്തയിൽ കണ്ടത്. ആ രീതിയിൽ ക്ഷേത്രങ്ങളും ക്ഷേത്രജീവനക്കാരും പ്രയാസപ്പെടുന്ന ഒരു സാഹചര്യത്തിൽ എങ്ങനെയെങ്കിലും അവർക്ക് നൽകേണ്ട ആനുകൂല്യങ്ങളും മറ്റും നൽകാനുള്ള ശ്രമമല്ലേ അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടാകേണ്ടത്? പത്രത്തിൽ കണ്ട മറ്റൊരു കാര്യം, ക്ഷേത്രത്തിലെ ജീവനക്കാർക്ക് വാക്സിനേഷൻ ലഭിക്കാൻ ഹൈക്കോടതിയെ സമീപിക്കേണ്ടതായിവന്നു. ക്ഷേത്രത്തിൽ നിരന്തരം ഭക്തജനങ്ങൾ വന്നു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ക്ഷേത്രജീവനക്കാർക്ക് വാക്സിനേഷൻ നൽകാൻ മുൻഗണന കൊടുക്കേണ്ടതല്ലേ! മുൻഗണന കൊടുത്തില്ലായെന്ന് മാത്രമല്ല അവർ ഹൈക്കോടതിയിൽ പോയി വാക്സിനേഷൻ എടുക്കുന്നതിനുള്ള മുൻഗണന വാങ്ങിച്ചുവെന്ന് പത്രത്തിൽ കണ്ടു. ഇങ്ങനെയുള്ളവർക്ക് ആദ്യം വാക്സിനേഷൻ എടുക്കാനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കേണ്ടതല്ലേ. ഇത്തരം കാര്യങ്ങൾ ചെയ്യാൻപോലും ദേവസ്വം ബോർഡോ ഗവൺമെന്റോ തയ്യാറാകാത്ത സാഹചര്യമാണ് നിലവിലുള്ളത്. മലബാർ ദേവസ്വം ബോർഡിലെ അവസ്ഥ വളരെ ദയനീയമാണ്. ദേവസ്വം ബോർഡുകളുടെ കാര്യത്തിൽ ഏറ്റവും കൂടുതൽ പ്രയാസം അനുഭവിച്ചുകൊണ്ടിരിക്കുന്നത് മലബാർ ദേവസ്വം ബോർഡാണ്. മലബാർ ദേവസ്വം ബോർഡിൽ 12 വർഷങ്ങൾക്കുശേഷം പ്രഖ്യാപിച്ച ശമ്പളപരിഷ്കരണം ഇതുവരെ നടപ്പിലാക്കിയിട്ടില്ല. ഇക്കഴിഞ്ഞ 2021 ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ കളക്ടറേറ്റിന് മുന്നിൽ സമരം നടത്തേണ്ട അവസ്ഥ ഈ പാവപ്പെട്ട ജീവനക്കാർക്കുണ്ടായി. പറയാൻ ഒരുപാട് കാര്യങ്ങളുണ്ട്, ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി ക്ഷേത്രങ്ങളുടെ ഗ്രേഡ് പുനർനിർണ്ണയം ചെയ്യുന്നത് മുൻകാലങ്ങളിൽ പതിവില്ല. ഗ്രേഡിനായുള്ള ക്ഷേത്രങ്ങളുടെ വരുമാന പരിധി ഉയർത്തിയതിനാൽ ക്ഷേത്രങ്ങൾ മിക്കതും നിലവിലുള്ള ഗ്രേഡിൽനിന്നും താഴേയ്ക്ക് വരുന്നു. അതുമൂലം ജീവനക്കാർക്ക് പരിഷ്കരണത്തിന്റെ ഗുണഫലം ലഭിക്കാതെയായി. ആയതിനാൽ ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി ക്ഷേത്രങ്ങളുടെ ഗ്രേഡ് പുനർനിർണ്ണയം ഒഴിവാക്കണമെന്നതാണ് ജീവനക്കാരുടെ പ്രധാന ആവശ്യം. ഗ്രേഡ് കൂട്ടിക്കഴിഞ്ഞാൽ ഗ്രേഡിനനുസരിച്ചാണ് ശമ്പളം

കൊടുക്കുന്നത്. അങ്ങനെ വന്നാൽ ശമ്പളം ജീവനക്കാർക്ക് കുറയുവാൻ സാധ്യതയുണ്ട്. ഇത്തരം കാര്യങ്ങളിൽ ഗവൺമെന്റ് കൂടുതൽ ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ബഹു. മന്ത്രിയോടും ഗവൺമെന്റിനോടും എനിക്ക് പറയാനുള്ളത് ഈ സഭയിൽ ഞാൻ മുമ്പ് സൂചിപ്പിച്ച കാര്യമാണ്. ഈ നിയമം കൊണ്ടുവന്നത് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. അത് വിപ്ലവകരമായ തീരുമാനമായിരുന്നു. വർഷങ്ങളോളം പാവപ്പെട്ടവന് ക്ഷേത്രങ്ങളിൽ ജീവനക്കാരാകാൻ കഴിയാത്ത സാഹചര്യമാണ് ഉണ്ടായിരുന്നത്. കാലം മുമ്പോട്ടുപോയിട്ടും പട്ടികജാതി/ പട്ടികവർഗ്ഗ/പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്ക് ക്ഷേത്രങ്ങളിൽ ജീവനക്കാരാകാൻ അവസരം ലഭിക്കാത്ത സാഹചര്യമാണ്. പക്ഷേ സംവരണതത്വം പൂർണ്ണമായും നിയമത്തിന്റെ ഭാഗമായി വന്നതുകൊണ്ട് അത് നടപ്പാക്കാൻ യു.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞുവെന്ന അഭിമാന ബോധം ഞങ്ങൾക്കുണ്ട്. അതുകൊണ്ടാണ് ശാന്തിക്കാരായി വച്ചവരുടെ എണ്ണം, മറ്റു ജീവനക്കാരുടെ എണ്ണം എന്നൊക്കെ പറഞ്ഞു വളരെ വലിയ പ്രചാരണം നടത്താനുള്ള സാഹചര്യം എൽ.ഡി.എഫ്-നുണ്ടായത്.

ശ്രീ. സണ്ണി ജോസഫ്: സർ, ഇന്ന് സഭയിൽ വന്ന രണ്ട് ബില്ലുകളിൽ, കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബില്ലിൽ സഹകരണ സംഘത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന ഒരു ഭരണ സമിതിയുടെ പ്രസിഡന്റിനെ രണ്ടുവർഷത്തിൽ കൂടുതൽ തെരഞ്ഞെടുക്കപ്പെടാൻ പാടില്ലായെന്ന നിബന്ധനയാണ് കൊണ്ടു വന്നതെങ്കിൽ ദേവസ്വം നിയമത്തിൽ നോമിനേറ്റ് ചെയ്യപ്പെടുന്ന ഒരംഗത്തെ വീണ്ടും നോമിനേറ്റ് ചെയ്യാനുള്ള നിയമമാണ് കൊണ്ടുവരുന്നത്. ഇത് രണ്ടും ദുരുദ്ദേശ്യത്തിന്റെ അടിസ്ഥാനത്തിലാണെന്ന് അങ്ങ് മനസ്സിലാക്കിയിട്ടുണ്ടോ; ഇത് രാഷ്ട്രീയ ദുഷ്ടലാക്കാണ്; mutually contradictory ആയിട്ടുള്ള ഉദ്ദേശ്യ ലക്ഷ്യങ്ങളാണെന്ന് അങ്ങ് മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, നൂറ് ശതമാനവും മനസ്സിലാക്കിയിട്ടുണ്ട്. നമുക്ക് ആർക്കെങ്കിലും കാലാവധി നീട്ടിക്കൊടുക്കണമെങ്കിൽ നീട്ടിക്കൊടുക്കാം. അവിടെ താഴെയിറക്കേണ്ട ആരെങ്കിലുമുണ്ടെങ്കിൽ അതിന്റെ സൗകര്യാർത്ഥം നമുക്ക് ചുരുക്കുകയും ചെയ്യാം. ഞാൻ അതിലേയ്ക്ക് വരുന്നില്ല. അതൊക്കെ ഈ ഗവൺമെന്റിന്റെ നിലപാടുകളുടെ ഭാഗമായിട്ടേ കാണാൻ സാധിക്കൂ. ഞാൻ ചോദിക്കട്ടെ, ബഹുമാനപ്പെട്ട ചെയറും ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ്. ഇത്രയും വലിയ നിയമം കൊണ്ടുവന്നപ്പോൾ എല്ലായിടത്തും കാരായ്മ വിഭാഗത്തിൽ പ്പെട്ടവരൊഴികെ ബാക്കിയെല്ലാവർക്കും ഈ നിയമം ബാധകമാണ്. അതുകൊണ്ട് ശാന്തിക്കാർ വരെ ആയിക്കഴിഞ്ഞു. പക്ഷെ, ദേവസ്വം ബോർഡിനുകീഴിൽ

ദേവസ്വം ബോർഡ് കോളേജുകളുണ്ട്. 2015-ൽ ഈ നിയമം കൊണ്ടുവന്ന യു.ഡി.എഫ്-ഉം അത് ചേർത്തിട്ടില്ല. അന്നത്തെ ചില സാഹചര്യം കൊണ്ടാണ് ചേർക്കാൻ കഴിയാതിരുന്നത്. ദേവസ്വം ബോർഡിനുകീഴിലുള്ള എയ്ഡഡ് കോളേജുകളാണെങ്കിലും എസ്.സി. വിഭാഗം അല്ലെങ്കിൽ സംവരണ വിഭാഗങ്ങൾക്ക് ആനുകൂല്യം കൊടുക്കുവാൻ കഴിയുന്നില്ല. നിങ്ങൾ പുരോഗമനപരമായ കാര്യങ്ങൾ പറയുന്നു. പക്ഷെ പ്രവർത്തിക്കുന്നത് ഇപ്പുറത്തുള്ളവരാണ്. ഞങ്ങൾ കൊണ്ടുവന്ന ഈ നിയമത്തിൽ വീഴ്ചകളുണ്ടെങ്കിൽ അത് പരിഹരിച്ചുകൊണ്ട് മുന്നോട്ടുപോകേണ്ട ബാദ്ധ്യത നിങ്ങൾക്കില്ലേ? ദേവസ്വം ബോർഡ് നിയമനങ്ങളിലും എയ്ഡഡ് കോളേജ് നിയമനങ്ങളിലും എസ്.സി/ എസ്.ടി. സംവരണം വേണമെന്ന് പറയുമ്പോൾ, അതിന്റെ പരിമിതികളെക്കുറിച്ചൊക്കെ എല്ലാവർക്കും നല്ല ബോദ്ധ്യമുണ്ട്. ഹൈക്കോടതി പറയുന്ന കാര്യങ്ങളുണ്ട്. സുപ്രീംകോടതി കഴിഞ്ഞ ദിവസം ഇറക്കിയ ജഡ്ജ്മെന്റ് വളരെ പ്രതീക്ഷ നൽകുന്നതാണ്. ഭിന്നശേഷിക്കാർക്ക് എയ്ഡഡ് കോളേജുകളിൽ സംവരണം കൊടുക്കണമെന്ന കാര്യമാണത്. ഞാൻ എയ്ഡഡ് കോളേജുകളെക്കുറിച്ചൊന്നും പറയുന്നില്ല. കാരണം അതിന്റെ പരിമിതികളെക്കുറിച്ചൊക്കെ എനിക്ക് ബോദ്ധ്യമുണ്ട്. അത് ആവശ്യമാണ്. അതിൽ തർക്കമില്ല. ദേവസ്വം ബോർഡ് എന്നുപറയുന്നത് ഗവൺമെന്റിന്റെ കീഴിലുള്ളതല്ലേ; ദേവസ്വം ബോർഡിന്റെ കീഴിലുള്ള എയ്ഡഡ് കോളേജുകളിൽ നടക്കുന്ന നിയമനങ്ങളിൽ എന്തുകൊണ്ട് എസ്.സി./എസ്.ടി./ഒ.ബി.സി വിഭാഗങ്ങൾക്ക് സംവരണം ഏർപ്പെടുത്തുവാൻ നിങ്ങൾ മുന്നോട്ടുവരുന്നില്ല? ഇടതുപക്ഷ സമീപനം പുരോഗമനപരമാണ്; വ്യത്യസ്തമാണ് എന്നൊക്കെ നിങ്ങൾ പറഞ്ഞു കൊണ്ടിരിക്കുന്നതല്ലാതെ പ്രവർത്തിക്കുന്നത് മുഴുവൻ ഞങ്ങളാണ്. ഈ നിയമം കൊണ്ടുവന്നത് ഞങ്ങളാണ്. അതുപോലെ സഹകരണ ബാങ്കുകളിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടത് ശ്രീ. എ. കെ. ആന്റണിയുടെ കാലത്ത് യു.ഡി.എഫ്. ഗവൺമെന്റാണ്. നിങ്ങൾ പാവപ്പെട്ടവരുടെ കാര്യത്തിൽ, പ്രത്യേകിച്ച് ദളിത് വിഭാഗങ്ങളുടെ കാര്യത്തിൽ നിങ്ങൾ അവരെ എപ്പോഴും കൊടിപിടിച്ച് സമരത്തിന് കൊണ്ടുപോകുന്ന ആളുകളാക്കി മാറ്റുന്നു. അതിനപ്പുറത്ത് അവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് എന്ത് സമീപനമാണെടുക്കുന്നത്? എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, ഇതിനകത്ത് ഒരു നിയമ ഭേദഗതിയാണ് നിങ്ങൾ കൊണ്ടുവരേണ്ടത്. നിലവിൽ 100 ശതമാനത്തോളം വരുന്ന എല്ലാ തലങ്ങളിലും അതായത്, ദേവസ്വം ബോർഡിന് കീഴിലുള്ള അമ്പലങ്ങളിൽ മാത്രമല്ല, ദേവസ്വം ബോർഡിന് കീഴിലുള്ള കോളേജുകൾ ഉൾപ്പെടെ ഈയൊരു

സംവരണതത്വം എക്സ്റ്റന്റ് ചെയ്യണം. അതിന് എന്തുകൊണ്ട് നിങ്ങൾ തയ്യാറാകുന്നില്ല; അതിനല്ലേ നിങ്ങൾ പ്രയോറിറ്റി കൊടുക്കേണ്ടത്? നിലവിലുള്ള ചെയർമാന് മൂന്നുകൊല്ലം നീട്ടിക്കൊടുക്കുന്നതിനുപകരം നിലവിലുള്ള കോളേജുകൾക്ക് കൂടി സംവരണതത്വം കൊണ്ടുവന്നാൽ അതൊരു നല്ല തീരുമാനമെന്ന് നമുക്ക് പറയാൻ കഴിയും. അത്തരം തീരുമാനങ്ങൾ കഴിഞ്ഞ 5 വർഷം എടുത്തില്ല എന്നുള്ളത് ഇടതുപക്ഷ ഗവൺമെന്റിന് ഭൂഷണമല്ലായെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന നിയമത്തിന്റെ പുറത്ത് നേടിയ നേട്ടങ്ങൾ നിങ്ങളുടെ പുറത്തുവച്ച് കെട്ടേണ്ട കാര്യമില്ല. നിങ്ങൾ ഈ നിയമത്തിനകത്ത് ഇത്തരം കാര്യങ്ങൾകൂടി ഉൾപ്പെടുത്തുകയാണെങ്കിൽ തീർച്ചയായും അത് അംഗീകരിക്കാവുന്ന ഒരു കാര്യമായിരിക്കുമെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഞാൻ നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. ബഹുമാനപ്പെട്ട മന്ത്രി ഒരു ചർച്ചയും കൂടാതെ ഈ ബിൽ പാസ്സാക്കിത്തരണമെന്നുള്ള ഒരു റിക്വസ്റ്റ് നടത്തി. ഞാൻ ഒരു നിമിഷം ചിന്തിക്കാതിരുന്നില്ല. അദ്ദേഹത്തിന്റെ അഭ്യർത്ഥന മാനിച്ച് ഈ ചർച്ചയിൽ പങ്കെടുക്കാതിരുന്നാലോ എന്ന് ഞാൻ ഒരു നിമിഷം ചിന്തിച്ചു. പക്ഷെ, ഞാൻ അങ്ങനെ ചെയ്താൽ ദുരിതങ്ങളുടെ മാറാപ്പ് ചുമക്കുന്ന ഒരുകൂട്ടം ആളുകളുണ്ട് കാസർഗോഡ്. ഞാൻ ഈ സഭയിൽ എന്ത് പറയുന്നുവെന്ന പ്രതീക്ഷയോടെ കാത്തിരിക്കുന്ന എന്റെ ജില്ലയിൽ വിശിഷ്യാ എന്റെ മണ്ഡലത്തിൽ ഒരുപാട് ആളുകളുണ്ട്. ഞാൻ ഈ ചർച്ചയിൽ പങ്കെടുക്കാതിരുന്നാൽ അവരോട് ചെയ്യുന്ന ഏറ്റവും വലിയ നന്ദികേടായിരിക്കുമെന്ന് കരുതിയാണ് ഈ ചർച്ചയിൽ പങ്കെടുക്കുന്നത്. 'സപ്തഭാഷ സംഗമഭൂമി' എന്നറിയപ്പെടുന്ന കാസർഗോഡ് നിന്നാണ് ഞാൻ വരുന്നത്. കാസർഗോഡിലെ നിരവധി ക്ഷേത്രങ്ങളിൽ സാമൂഹിക പ്രതിബദ്ധതയോടെ സേവനം ചെയ്യുന്ന ആചാരസ്ഥാനികളിൽപ്പെടുന്ന അന്തിത്തിരിയൻ, വെളിച്ചപ്പാട്, കോമരം, കർമ്മി, അച്ചൻ, ക്ഷേത്രങ്ങളിൽ കോലം കെട്ടിയാടുന്ന വണ്ണാൻ, മലയൻ, വേലൻ സമുദായത്തിലെ കോലധാരികൾ എന്നിവരുടെ പ്രയാസങ്ങളോട് താദാത്മ്യം പ്രാപിക്കുവാനും അവരുടെ സങ്കടങ്ങൾ ഈ സഭയിൽ അവതരിപ്പിക്കുവാനും കഴിഞ്ഞതിൽ എനിക്ക് വളരെയധികം ചാരിതാർത്ഥ്യമുണ്ട്. അതിന് അവസരം നൽകിയ ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ നന്ദി പറയുന്നു. ഈ ബില്ലിന് പ്രസക്തിയില്ലായെന്ന് ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് ഇവിടെ സൂചിപ്പിച്ചു. അതിനോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. ഈ പറഞ്ഞ ആചാരസ്ഥാനികർ മതമൈത്രിയുടെ

പ്രതീകങ്ങളാണ്. ഞാനും എന്റെ പ്രിയപ്പെട്ട സഹപ്രവർത്തകൻ ശ്രീ. എ. കെ. എം. അഷ്റഫും ഈ സഭയിലെത്തിയത് അവരുടെ പ്രാർത്ഥനകൊണ്ടാണ്. കാസർഗോഡാകുന്ന കപ്പൽ പലപ്പോഴും വർഗ്ഗീയതയുടെ കൊടുങ്കാറ്റിൽ ആടിയുലയുമ്പോൾ അത് തകരാതെ കാത്തുസൂക്ഷിക്കുന്നതിൽ ടി പറഞ്ഞ സ്ഥാനികർ വഹിക്കുന്ന പങ്ക് നിസ്തുലമാണ്. അവരുള്ളതുകൊണ്ടാണ് കാസർഗോഡ് മേഖലയിൽ സൗഹാർദ്ദം പൂത്തുലയുന്നതെന്ന കാര്യത്തിൽ സംശയമില്ല. അവരുടെ പ്രശ്നങ്ങൾ ഈ സഭയിൽ അവതരിപ്പിക്കേണ്ടതുണ്ട്.

എന്റെ നാട്ടിൽ ഒരു ഉറൂസ് നടക്കാറുണ്ട്; തങ്ങളുപ്പാപ്പാ ഉറൂസ്. ഉറൂസിന് പതാക ഉയരണമെങ്കിൽ തൊട്ടടുത്ത അമ്പലത്തിൽനിന്നുള്ള സ്ഥാനികർ അവിടെ വരണം. എങ്കിൽ മാത്രമേ ആ ഉറൂസിന് കൊടി ഉയരുകയുള്ളൂ. ചരിത്രപ്രസിദ്ധമായ മാലിക് ദിനാർ ജുമാ മസ്ജിദിനെക്കുറിച്ച് നമുക്കറിയാം. പതിനാല് നൂറ്റാണ്ടുകൾക്കുമുമ്പ് ഇസ്ലാമിന്റെ സന്ദേശവുമായി കേരളത്തിലെത്തിയ മാലിക് ദിനാറും സംഘവും സ്ഥാപിച്ചതാണ് കാസർഗോഡ് മാലിക് ദിനാർ ജുമാ മസ്ജിദ്. ആ മാലിക് ദിനാർ ജുമാ മസ്ജിദിന്റെ ഏറ്റവുമടുത്ത് ഒരു തറവാട് ക്ഷേത്രമുണ്ട്. 80 വർഷത്തിലൊരിക്കലാണ് അവിടെ ഉത്സവം നടക്കാറുള്ളത്. കഴിഞ്ഞ വർഷം ഉത്സവം നടത്തിയപ്പോൾ ആ മാലിക് ദിനാർ ജുമാ മസ്ജിദിന്റെ പരിസരത്തുനിന്നാണ് കലവറ നിറയ്ക്കൽ ഘോഷയാത്ര പുറപ്പെട്ടത്. അതാണ് കാസർഗോഡിന്റെ മണ്ണെന്ന് പറയുന്നത്. കാസർഗോഡിന്റെ മണ്ണിൽനിന്ന് വർഗ്ഗീയത ഉന്മൂലനം ചെയ്യുവാൻ ഈ സ്ഥാനികർ വഹിക്കുന്ന പങ്ക് വളരെ നിസ്തുലമാണ്. അവരുടെ പ്രശ്നങ്ങൾ ഈ സഭയിൽ പറയാൻ കഴിഞ്ഞില്ലെങ്കിൽ ഒരു ജനപ്രതിനിധിയെന്ന നിലയിൽ പൂർണ്ണ പരാജയമായിരിക്കുമെന്നതുകൊണ്ടാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ അഭ്യർത്ഥന മാനിക്കാത്തതെന്ന് ഞാൻ വളരെ വിനയത്തോടുകൂടി അറിയിക്കുകയാണ്.

മി. സ്പീക്കർ: അത് ബോദ്ധ്യപ്പെട്ടു. അങ്ങ് വിഷയത്തിലേയ്ക്ക് വരണം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, നാടിന്റെ നന്മയും ആ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ സുഗമമായ നടത്തിപ്പും ജീവനക്കാരുടെ ക്ഷേമവുമാണ് ഒരു ബിൽ അല്ലെങ്കിൽ നിയമംകൊണ്ട് ഉദ്ദേശിക്കുന്നത്. കേരളത്തിലെ 15000-ത്തിലധികം ക്ഷേത്രങ്ങൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധിയേയും പ്രസ്തുത ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുകയും ജീവിക്കുകയും ചെയ്യുന്നവരുടെ ദുരിതത്തെയും കുറിച്ച് നമുക്കെല്ലാവർക്കും നല്ല ബോദ്ധ്യമുണ്ട്. ഓർഡിനൻസ് promulgate ചെയ്തതിന്റെയും re-promulgate ചെയ്തതിന്റെയും കഥയല്ലാതെ ഈ

ബില്ലിൽ മറ്റൊന്നുമില്ലെന്ന് ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് ഇവിടെ സൂചിപ്പിച്ചു.2007-ൽ കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് ശ്രീ. വി. കെ. ബാലിയുടെ ഡിവിഷൻ ബഞ്ച് ജസ്റ്റിസ് കെ. എസ്. പരിപൂർണ്ണൻ ചെയർമാനായി മൂന്നംഗ ഹൈ പവർ കമ്മിറ്റിയെ നിയോഗിച്ചത് നമുക്കെല്ലാവർക്കുമറിയാം. " A High Power Recruitment Board headed by a retired Judge of the High Court or Administrator of high efficiency and integrity may be appointed to select the right people for various posts" എന്നായിരുന്നു ജസ്റ്റിസ് കെ. എസ്. പരിപൂർണ്ണൻ കമ്മീഷന്റെ പ്രധാനപ്പെട്ട ശിപാർശ. ഇതേത്തുടർന്നാണ് 2014-ൽ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓർഡിനൻസ് promulgate ചെയ്തത്. ബഹുമാനപ്പെട്ട രമേശ് ചെന്നിത്തല സൂചിപ്പിച്ചതുപോലെ പ്രസ്തുത ഓർഡിനൻസ് മൂന്ന് പ്രാവശ്യം re-promulgate ചെയ്തു. പ്രസ്തുത ഓർഡിനൻസിലെ സെക്ഷൻ 3(1)(3) പ്രകാരം ചെയർപേഴ്സണും നാല് അംഗങ്ങളുമുൾക്കൊള്ളുന്ന കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപവൽക്കരിച്ചു. പ്രസ്തുത ഓർഡിനൻസ് പിന്നീട് റദ്ദ് ചെയ്യുകയും കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്ട്, 2015-ൽ നിയമമാകുകയും ചെയ്തു. ഈ ആക്ട് പ്രകാരം അംഗങ്ങളുടെ എണ്ണം നാലിൽനിന്ന് അഞ്ചായി. അതിലെ സെക്ഷൻ 5(1)-ൽ പറയുന്നത്, " The Chairperson and other members may continue in office till the completion of a period of five years from the date on which they assume office or till they attain the age of 65 years, whichever is earlier" എന്നാണ്. സെക്ഷൻ 5(6) -ലെ " A person once appointed as Chairperson or Member is not eligible for re-appointment" എന്ന വ്യവസ്ഥയിൽ മാറ്റം വരുത്തുന്നതിനുവേണ്ടി മാത്രമാണ് ഇപ്പോൾ ഈ ബിൽ അവതരിപ്പിക്കുന്നത്. " A person appointed as Chairperson or Member is eligible for re-appointment: Provided that such person shall not be eligible for appointment for more than two terms" എന്നാണ് 2021-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബില്ലിൽ പറയുന്നത്. കേരളത്തിൽ തിരുവിതാംകൂർ, കൊച്ചി, ഗുരുവായൂർ, കൂടൽമാണിക്യം, മലബാർ എന്നിങ്ങനെ അഞ്ച് ദേവസ്വം ബോർഡുകളാണുള്ളത്. ഈ അഞ്ച് ദേവസ്വം ബോർഡുകൾക്കും അഞ്ച് നിയമങ്ങളാണുള്ളത്. 1994-ലെ പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ ഹൈക്കോടതി സ്വമേധയാ കേസ്സെടുത്ത് കേരളത്തിൽ ഒരു ഏകീകൃത ദേവസ്വം ബോർഡ് കൊണ്ടുവരണമെന്ന് ഉത്തരവിട്ടിരുന്നു. എന്നാൽ നമ്മുടെ സംസ്ഥാനത്ത് ഇതുവരെ അത് നിയമമാക്കാൻ കഴിഞ്ഞിട്ടില്ല.

മലബാർ ദേവസ്വം ബോർഡിനെക്കുറിച്ച് ശ്രീ. എ. പി. അനിൽ കുമാർ സൂചിപ്പിച്ചു. മറ്റു ദേവസ്വം ബോർഡുകൾക്ക് പൊതുഫണ്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന് അതില്ല. മലബാറിൽ ഓരോ ക്ഷേത്രത്തിനും വ്യത്യസ്ത നിയമങ്ങളാണ്. ഏകീകൃത ദേവസ്വം ബോർഡ് എന്ന ഹൈക്കോടതി ഉത്തരവ് സുപ്രീംകോടതി ശരിവച്ചതുമാണ്. നിരവധി കമ്മീഷനുകളെ നിയമിച്ചെങ്കിലും ഇതുവരെ നിയമമായില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിയമിച്ച അഡ്വക്കേറ്റ് ഗോപാലകൃഷ്ണന്റെ നേതൃത്വത്തിലുള്ള കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചെങ്കിലും ഇതുവരെ നടപടിയുണ്ടായില്ല. കേരള സംസ്ഥാനം രൂപീകരിച്ചിട്ട് 65 വർഷം കഴിഞ്ഞെങ്കിലും മലബാർ ദേവസ്വം ബോർഡിൽ പഴയ മദ്രാസ് നിയമമാണ് ഇപ്പോഴും പിന്തുടരുന്നത്. മലബാർ ദേവസ്വം ബോർഡിന് ഏകീകൃത നിയമമില്ലാത്തതുകൊണ്ട് മലബാറിലെ ക്ഷേത്ര ജീവനക്കാർ ദേവസ്വം ബോർഡ് ജീവനക്കാർ ആകുന്നില്ല. ഈ ബില്ലുമായി ബന്ധപ്പെട്ട് സംസാരിക്കേണ്ട കാര്യമാണെന്ന പൂർണ്ണ ബോദ്ധ്യമുള്ളതുകൊണ്ടാണ് ഞാൻ ഇതൊക്കെ പറയുന്നത്. മലബാർ ദേവസ്വം ബോർഡ് രൂപീകരിച്ച് വർഷങ്ങളായെങ്കിലും അതിന് കീഴിലുള്ള പാലക്കാട് മുതൽ കാസർഗോഡ് വരെയുള്ള 1400-ഓളം ക്ഷേത്രങ്ങളിൽ ഭൂരിഭാഗം ക്ഷേത്രങ്ങളുടെയും സ്ഥിതി പരിതാപകരമാണെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് നല്ലതുപോലെ അറിയാമെന്ന് ഞാൻ വിശ്വസിക്കുന്നു. വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ക്ഷേത്രങ്ങളെ അഞ്ച് ഗ്രേഡുകളായി തരംതിരിച്ചിട്ടുണ്ട്. ജീവനക്കാരുടെ ശമ്പളം നിശ്ചയിക്കുന്നതും അങ്ങനെതന്നെ. സ്പെഷ്യൽ ഗ്രേഡ്, എ, ബി, സി, ഡി എന്നിങ്ങനെയാണ് ഗ്രേഡുകൾ. ഇതിൽ സ്പെഷ്യൽ ഗ്രേഡ് ക്ഷേത്രങ്ങൾ ഒഴികെ മറ്റ് ഗ്രേഡിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശരിയായ രീതിയിൽ ശമ്പളം ലഭിക്കുന്നില്ലെന്നത് ഒരു പരമാർത്ഥമാണ്. സി, ഡി ഗ്രേഡ് ജീവനക്കാരുടെ ശമ്പളം ക്ഷേത്ര വരുമാനത്തിന്റെ 50 ശതമാനവും ബാക്കി തുക സർക്കാരുമാണ് നൽകിവരുന്നത്. ഒട്ടുമിക്ക ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ 2021 ജനുവരി മുതലുള്ള ശമ്പളം ഇപ്പോഴും കുടിശ്ശികയായി കിടക്കുകയാണ്.

ബോർഡിന്റെ കീഴിലല്ലാത്ത സ്വകാര്യ ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ കാര്യം ഞാനിവിടെ വിവരിക്കേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. 1995-ൽ ശ്രീ. കെ. സി. വേണുഗോപാൽ ദേവസ്വം വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ് ക്ഷേത്രങ്ങളിലെ ആചാര്യസ്ഥാനികർക്കും കോലധാരികൾക്കും പ്രതിമാസ വേതനം 575 രൂപയായി നിശ്ചയിച്ചത്. പല വർഷങ്ങളായി പുതുക്കി ഇപ്പോഴത് 1400 രൂപയാക്കിയിട്ടുണ്ട്. അവരുടെ 2021 ജൂൺ മാസം മുതലുള്ള വേതനം ഇപ്പോൾ കുടിശ്ശികയായി കിടക്കുകയാണ്. ഇങ്ങനെയുള്ള അവസ്ഥയിലാണ് ബഹുമാനപ്പെട്ട

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ഈ വകുപ്പിൽനിന്നും തുക നൽകിയത്. ക്ഷേത്ര ജീവനക്കാരുടെയും ആചാര്യസ്ഥാനികരുടെയും വേതനമല്ലേ ആദ്യം നൽകേണ്ടത്; കൊറോണ കാലത്ത് സ്വകാര്യ ക്ഷേത്രങ്ങളിലെ ജീവനക്കാർ എത്രമാത്രം ദുരിതപൂർണ്ണമായ ജീവിതമാണ് നയിച്ചതെന്ന് നമുക്കെല്ലാവർക്കുമറിയാം. നയാപൈസയുടെ വരുമാനം അവർക്കില്ലായിരുന്നു. അവരെ സഹായിക്കേണ്ടതായിരുന്നെങ്കിലും നമുക്കതിന് സാധിച്ചില്ല. ആചാര്യസ്ഥാനികരുടെയും കോലധാരികളുടെയും വേതനം ലഭിക്കുവാനുള്ള അപേക്ഷ 2016-നുശേഷം ഇതുവരെയും മലബാർ ദേവസ്വം ബോർഡ് ക്ഷണിച്ചിട്ടില്ല. ഒരു വലിയ വിഭാഗം ആചാര്യസ്ഥാനികർക്കും കോലധാരികൾക്കും വേതനം ലഭിക്കുന്നില്ല. 1400 രൂപ കൊണ്ട് ഇവർ എങ്ങനെ ജീവിക്കും; ആചാര്യസ്ഥാനികർ ഇടുന്ന മേൽമുണ്ടിൽ ഒളിപ്പിച്ചുവച്ച വേദനകളുണ്ട്. ആ വേദനകൾ നമ്മൾ മനസ്സിലാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അവരുടെ പ്രശ്നങ്ങൾ അവർ തുറന്നുപറയുന്നില്ല. അവരുമായി നിത്യവും ബന്ധപ്പെടുന്ന ഒരു ജനപ്രതിനിധി എന്ന നിലയിലാണ് അവരുടെ സങ്കടങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പിൽ അവതരിപ്പിക്കുന്നത്. അവരുടെ സങ്കടങ്ങളും വികാരങ്ങളും പ്രശ്നങ്ങളും നമുക്ക് മനസ്സിലാക്കാൻ സാധിക്കണം. ഞാൻ പള്ളിയിലാണ് നിസ്കരിക്കാൻ പോകുന്നത്. എന്നെ സംബന്ധിച്ചിടത്തോളം പള്ളിയും അമ്പലവും ഒരുപോലെ തന്നെയാണ്. ജനപ്രതിനിധി എന്ന നിലയിൽ പ്രത്യേകിച്ച് മുസ്ലീംലീഗിന്റെ ജനപ്രതിനിധി എന്ന നിലയിൽ ഈ പ്രശ്നം സഭയുടെ മുമ്പിൽ അവതരിപ്പിക്കാൻ കഴിഞ്ഞതിൽ എനിക്ക് അങ്ങേയറ്റം ചാരിതാർത്ഥ്യമുണ്ടെന്ന കാര്യംകൂടി പറയാൻ ആഗ്രഹിക്കുകയാണ്. ഈ അടുത്ത കാലത്താണ് മലബാർ ദേവസ്വം ബോർഡ് ശമ്പളം പരിഷ്കരിച്ച് ഉത്തരവിറക്കിയത്.

ശ്രീ. എ. എൻ. ഷംസീർ: സർ, പള്ളിയും അമ്പലവും ഒന്നാണെന്ന നിങ്ങളുടെ ലൈനൊക്കെ ഞങ്ങൾ അംഗീകരിക്കുന്നു. സിന്ദൂരക്കുറി തൊട്ടതിനെയും ക്ഷേത്രത്തിൽ പോയതിനെയും വിമർശിച്ചുകൊണ്ട് പാണക്കാട് തങ്ങൾമാർ നടത്തിയ പരാമർശം നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, അങ്ങനെ ഒരു പരാമർശവും നടത്തിയിട്ടില്ല. എനിക്ക് ഒരുപാട് സുഹൃത്തുക്കളുണ്ട്. ഒരേ മതത്തിൽപ്പെട്ട ആളുകളെയല്ല ഞാൻ സുഹൃത്തുക്കളായി സ്വീകരിക്കുന്നത്. എന്റെ മതത്തിൽപ്പെടാത്ത സുഹൃത്തുക്കളുടെ വീട്ടിൽ ചെന്നാൽ നിസ്കരിക്കുന്ന സമയമായാൽ അവിടെ എനിക്ക് അവർ മുസല്ല ഇട്ടുതരും. അവരുടെ വീട്ടിൽ മുസല്ല

ഇല്ലെങ്കിൽ നിസ്കരിക്കാനുള്ള സൗകര്യം എനിക്ക് അവർ ചെയ്തുതരും. അതുപോലെ എന്റെ വീട്ടിൽ ഒരു അമുസ്ലീം സുഹൃത്ത് വന്നാൽ പൂജ ചെയ്യുന്ന സമയമാണെങ്കിൽ അവർക്ക് പൂജ ചെയ്യാനുള്ള സൗകര്യം എന്റെ വീട്ടിൽ ഞാൻ ഒരുക്കിക്കൊടുക്കും. അതാണ് മതമൈത്രി എന്നുപറയുന്നത്. നമ്മുടെ മതത്തിൽനിന്നും മാറി മറ്റൊരു മതം സ്വീകരിക്കുന്നതല്ല മതമൈത്രി എന്നുപറയുന്നത്.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, കാസർഗോഡ് ജില്ലയിലെ അതിർത്തി പ്രദേശങ്ങളിലെ അമ്പലങ്ങളും പള്ളികളുമായി ബന്ധപ്പെട്ട മതേതര കാര്യങ്ങൾ അയവിറക്കിക്കൊണ്ടാണ് ദേവസ്വം ബോർഡ് ഭേദഗതി ബില്ലുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം സംസാരിച്ചത്. കാസർഗോഡ് ജില്ല തെയ്യങ്ങളുടെ നാടാണ്. തെയ്യം കലാകാരന്മാർ വലിയ പ്രയാസം അനുഭവിക്കുന്നുണ്ട്. വർഷത്തിൽ എപ്പോഴെങ്കിലും ആ കല അവതരിപ്പിക്കാൻ കഴിയുന്ന ഘട്ടത്തിൽ മാത്രമാണ് അവർക്ക് വേതനം ലഭ്യമാകുന്നത്. ഈ സന്ദർഭത്തിലാണ് കാസർഗോഡ് അതിർത്തിക്ക് തൊട്ടപ്പുറത്ത് കർണ്ണാടകയിൽ ആർ.എസ്.എസ്.-ഉം ബി.ജെ.പി.-യും നാഴികയ്ക്ക് നാൽപ്പത് വട്ടം കപട ഹിന്ദുത്വത്തിന്റെ കഥകൾ പറയുകയും ഭരിക്കുകയും വർഗ്ഗീയ പ്രചരണങ്ങൾ നടത്തുകയും ചെയ്യുന്നത്. മംഗലാപുരത്ത് ധാരാളം ക്ഷേത്രങ്ങളുണ്ട്. ആ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് നൽകുന്ന വേതനം കേരളത്തിൽ നൽകുന്നതിനേക്കാൾ വളരെ തുച്ഛമാണ്. അക്കാര്യങ്ങളിൽ കേരളം ഇന്ത്യയ്ക്ക് മാതൃകയായി നിൽക്കുന്നുവെന്ന് നമുക്ക് അഭിമാനത്തോടുകൂടി പറയാൻ കഴിയും. കാസർഗോഡ് ജില്ലയിലെ ചില സാമുദായിക ക്ഷേത്രങ്ങളിൽ സ്ഥാനികനായി നിയമിക്കാൻ തീരുമാനിച്ചാൽ അവർക്ക് മതപരമായി മറ്റൊരു ജോലിയും ചെയ്യാൻ സാധിക്കാത്ത സ്ഥിതിവിശേഷം ഇപ്പോഴും നിലനിൽക്കുന്നുണ്ട്. അങ്ങനെയൊരു തീരുമാനത്തിലേയ്ക്ക് ആചാരപരമായി എത്തുമ്പോൾ അവർക്ക് വേതനവും ജോലിയുമില്ലാത്ത അവസ്ഥ വരുന്നുണ്ട്. കേരളത്തിന്റെ അതിർത്തി പ്രദേശമായ കാസർഗോഡ് ജില്ലയിൽ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ ഉത്സവം നടക്കുമ്പോൾ മുസ്ലീം ജമാ അത്ത് കമ്മിറ്റിയിലെ ഭാരവാഹികളും ക്ഷേത്രം ഭാരവാഹികളും പരസ്പരം ഇരുന്ന് ചർച്ച ചെയ്താണ് തീരുമാനമെടുക്കുന്നത്. അത്തരം പല മതേതര കേന്ദ്രങ്ങളും കാസർഗോഡ് ജില്ലയിലുണ്ട്. തെയ്യം കാലാകാരന്മാരുടെ വേതനത്തിന്റെ കാര്യവും സാമുദായിക ക്ഷേത്രങ്ങളിലേയ്ക്ക് വരുന്ന സ്ഥാനികരുടെ കാര്യവും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഒരു കാര്യത്തിലും ഉത്കണ്ഠ വേണ്ടെന്നാണ് എന്റെ പ്രിയപ്പെട്ട സുഹൃത്തായ ശ്രീ. എ. കെ. എം. അഷ്റഫിനോട്

എനിക്ക് പറയാനുള്ളത്. ബി.ജെ.പി. ഹിന്ദുക്കളുടെ പാർട്ടിയല്ല. ബി.ജെ.പി. പറയുന്നത് ഹിന്ദുക്കൾ വിശ്വസിച്ചിരുന്നെങ്കിൽ ഞാനും നിങ്ങളും ഈ സഭയിൽ എത്തുമായിരുന്നില്ല. അക്കാര്യത്തിൽ ഒരു ഉത്കണ്ഠയും എനിക്കില്ല. നിങ്ങൾക്കും ഒരു ഉത്കണ്ഠയും വേണ്ടെന്നാണ് എനിക്ക് പറയാനുള്ളത്. കാസർഗോഡ് ജില്ലയിലെ ക്ഷേത്രങ്ങളുടെ കാര്യമൊക്കെ പറഞ്ഞു. പള്ളിയെ എങ്ങനെ നോക്കിക്കാണുന്നുവോ അതുപോലെതന്നെ ക്ഷേത്രങ്ങളെയും നോക്കിക്കാണണം. ജനപ്രതിനിധി എന്ന നിലയിൽ ക്ഷേത്രങ്ങളുടെ പുനർനിർമ്മാണത്തിലും അറ്റകുറ്റപ്പണികൾ ചെയ്യുന്ന കാര്യത്തിലും എല്ലാവരെക്കാളും മുൻപന്തിയിൽ നമ്മൾ ഉണ്ടായിരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഞാൻ പറഞ്ഞ കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രി അനുഭാവപൂർവ്വം പരിഗണിക്കണം. സാമൂഹിക പ്രതിബദ്ധതയോടുകൂടി പ്രവർത്തിക്കുന്ന, നമ്മളെല്ലാവരും ആഗ്രഹിക്കുന്ന, മതസൗഹാർദ്ദം കെടാതെ കാത്തുസൂക്ഷിക്കുന്ന മതസ്ഥാനികർക്കും അവരോടൊപ്പം നിൽക്കുന്ന ക്ഷേത്ര ജീവനക്കാർക്കും വേണ്ടിയുള്ളതായതിനാൽ ബഹുമാനപ്പെട്ട മന്ത്രി ഇത് അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. ഡി. പ്രസേനൻ: സർ, 2021-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 01-11-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. നിരാകരണപ്രമേയം അവതരിപ്പിച്ച യു.ഡി.എഫ്.-ന്റെ മുൻ മന്ത്രി കൂടിയായിരുന്ന അംഗം വളരെ നിഷ്കളങ്കമാണെന്ന് തോന്നുന്ന രൂപത്തിൽ ചില ചോദ്യങ്ങൾ ചോദിച്ചു. 5 വർഷം കാലാവധിയുണ്ടായിരുന്ന യു.ഡി.എഫ്.-ന്റെ റിക്രൂട്ട്മെന്റ് ബോർഡ് എന്തിനാണ് 3 വർഷമാക്കിയത്; 3 വർഷത്തെ ബോർഡിന്റെ കാലാവധി വീണ്ടും നീട്ടുന്നത് എന്തിനാണ് എന്നൊക്കെയുള്ള ചോദ്യം കേട്ടാൽ വളരെ നിഷ്കളങ്കമായി തോന്നും. അതിന്റെ വസ്തുതയെന്താണെന്ന് മന്ത്രിയുടെ വിശദീകരണത്തിനിടയിൽ നമ്മളെല്ലാം കേട്ടതാണ്. യു.ഡി.എഫ്.-ന്റെ ആറ് ഘടകകക്ഷി നേതാക്കളെ റിക്രൂട്ട് ചെയ്തുണ്ടാക്കിയ ബോർഡായിരുന്നു അത്. ആ റിക്രൂട്ട്മെന്റ് ബോർഡിന്റെ കാലത്ത് ഒറ്റ ജീവനക്കാരെപ്പോലും അവർ റിക്രൂട്ട് ചെയ്തില്ല. എന്നാൽ ബോർഡിന് വല്ലാത്ത ചെലവുണ്ടായിരുന്നു. ചെലവ് വന്നതെങ്ങനെയെന്ന് പരിശോധിച്ചപ്പോൾ ബോർഡ് മെമ്പർമാരുടെ ആമാശയത്തിലേയ്ക്ക് റിക്രൂട്ട് ചെയ്തതിന്റെ കണക്കാണ് അക്കാലത്ത് പറയാനുണ്ടായിരുന്നത്. അത്തരത്തിലുള്ള ഒരു റിക്രൂട്ട്മെന്റ് ബോർഡിനെ അഞ്ചു വർഷമല്ല അരനിമിഷം നിർത്താൻ പാടില്ല. അത് പാവങ്ങളോട്, വിശ്വാസികളോട്,

ക്ഷേത്രങ്ങളോട് ചെയ്യുന്ന അതിപാതകമായിരിക്കും എന്നതുകൊണ്ടാണ് എൽ.ഡി.എഫ്. അതിന്റെ കർത്തവ്യം നിർവ്വഹിച്ചത്. ഞങ്ങളാണല്ലോ റിക്രൂട്ട്മെന്റ് നിയമം കൊണ്ടുവന്നത്, നിയമം കൊണ്ടുവന്ന ഞങ്ങൾക്കൊന്നും പ്രശംസയില്ല, ചട്ടം കൊണ്ടുവന്നതിന് നിങ്ങളിത്ര പ്രമാണിത്വം നടിക്കണോ എന്ന് അദ്ദേഹം മന്ത്രിയോട് ചോദിക്കുന്നത് കേട്ടു. നടക്കാത്ത നിയമം ആർക്കുവേണമെങ്കിലും പ്രഖ്യാപിക്കാമല്ലോ? കോൺഗ്രസ്സിന്റെ പ്രകടന പത്രികയിലെ ന്യായ് പദ്ധതിപോലെ നടപ്പാകാത്ത നിയമം പ്രഖ്യാപിച്ച യു.ഡി.എഫ്.-നെ ആരെങ്കിലും പ്രശംസിക്കുമോ? ഇവിടെ നടത്തിയ നിയമനങ്ങളെ സംബന്ധിച്ചാണ് പ്രമേയം അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. മൂന്ന് വർഷക്കാലം സംവരണതത്വങ്ങൾ പാലിച്ച് നൂറുകണക്കിന് നിയമനങ്ങൾ നടപ്പാക്കിയ റിക്രൂട്ട്മെന്റ് ബോർഡിനെ അഭിനന്ദിച്ചുകൊണ്ട് അവർക്ക് ഒരവസരംകൂടി കൊടുക്കുന്നതിനുള്ള ഭേദഗതിയാണ് ഇവിടെ അവതരിപ്പിച്ചത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ദേവസ്വം ബോർഡുകൾ സംഭാവന കൊടുത്തതാണ് യു.ഡി.എഫ്.-ന്റെ രണ്ട് മെമ്പർമാർ സങ്കടത്തോടുകൂടി ആവർത്തിച്ച മറ്റൊരു വിമർശനം. സത്യത്തിൽ ദേവസ്വം ബോർഡുകൾ വളരെ സന്തോഷത്തോടുകൂടിയാണ് ആ സംഭാവനകൾ കൊടുത്തത്. അതിന് കാരണമുണ്ട്; 2016 മുതൽ 2020 വരെയുള്ള എൽ.ഡി.എഫ്. സർക്കാരിന്റെ 4 വർഷക്കാലംകൊണ്ട് ശബരിമല തീർത്ഥാടനത്തിനുമാത്രം 1255.32 കോടി രൂപ ചെലവാക്കി. അതേ സമയം വലിയ ഭക്തർ, വിശ്വാസികൾ, ദൈവത്തിന്റെ സ്വന്തം ആളുകൾ എന്നൊക്കെ പറയുന്ന യു.ഡി.എഫ്. 5 വർഷക്കാലവും അതിനുമുമ്പും ഭരിച്ചിരുന്നപ്പോൾ 341 കോടി രൂപ മാത്രമാണ് ശബരിമലയ്ക്ക് കൊടുത്തത്. മലബാർ ദേവസ്വം ബോർഡിന്റെ സങ്കടങ്ങൾ ഇവിടെയെല്ലാവരും നിരത്തുന്നത് കണ്ടു. എന്തായിരുന്നു മലബാർ ദേവസ്വം ബോർഡിനോട് ഇവരെടുത്ത സമീപനം? യു.ഡി.എഫ്. അഞ്ച് വർഷംകൊണ്ട് മലബാർ ദേവസ്വം ബോർഡിന് കൊടുത്ത സഹായം 71.45 കോടി രൂപ മാത്രമാണ്. എന്നാൽ എൽ.ഡി.എഫ്. നാല് വർഷക്കാലംകൊണ്ട് 121.48 കോടി രൂപ നൽകിയെന്ന കണക്ക് ഇവിടെയുണ്ട്. ഇതുകൂടാതെ കേരളത്തിലെ വിവിധ ക്ഷേത്രങ്ങൾക്ക് വിവിധ കാര്യങ്ങൾ നിർവ്വഹിക്കുന്നതിലേയ്ക്കായി കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ 4 കൊല്ലംകൊണ്ട് 386,97,69,086 രൂപ നൽകിയിട്ടുണ്ട്. ഇതെല്ലാം വ്യക്തമായ കണക്കാണ്. അത്രമാത്രം പ്രാധാന്യത്തോടുകൂടിയാണ് ഈ ഗവൺമെന്റ് ക്ഷേത്രങ്ങളെ കാണുന്നതും അതിനെ പരിരക്ഷിക്കാനുള്ള നിലപാടുകളെടുക്കുന്നതും. അമ്പലത്തിന്റെ കാര്യത്തിൽ ഒരു ദിവസം ചെലവാക്കി നിയമമൊക്കെ ഭേദഗതി വരുത്തണോ എന്നൊക്കെ ചോദിക്കുന്നുണ്ടല്ലോ. കേരളത്തിലെ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് ഞങ്ങളുടെ അഭിപ്രായം വളരെ പ്രധാനപ്പെട്ടതാണ്.

കേരളത്തിലെ ചില പ്രമാണി വിഭാഗത്തിന്റെ സ്വകാര്യ സ്വത്തായിരുന്ന ആരാധനാലയങ്ങളെയും ആരാധനാ മൂർത്തികളെയും പൊതുസ്വത്താക്കി മാറ്റാൻ പോരാട്ടം നയിച്ച പുരോഗമന പ്രസ്ഥാനങ്ങളുടെ പിൻമുറക്കാരാണ് എൽ.ഡി.എഫ്. എന്നതാണ് ഒരു പ്രധാനപ്പെട്ട കാര്യം. നമ്മുടെ നാട്ടിലെ ക്ഷേത്രങ്ങൾ വിശ്വാസത്തിന്റെ ശരണഗീതങ്ങൾ മാത്രമല്ല നാടിന്റെ പൈതൃക സമ്പത്തും സാംസ്കാരിക ബിംബങ്ങളുമാണ്. കേരളീയ വാസ്തുശില്പവിദ്യയുടെ ചാരുത ആവോളം നിറഞ്ഞുതുളുമ്പുന്ന ചരിത്ര സാക്ഷ്യങ്ങളാണ് അമ്പലങ്ങൾ. അതുപോലെ ക്ഷേത്ര പരിസരങ്ങൾ പാരിസ്ഥിതിക സംരക്ഷണത്തിന്റെ പൈതൃക ഉദാഹരണങ്ങളാണെന്ന് പറയാതിരിക്കാൻ കഴിയില്ല. അന്തരീക്ഷത്തിൽ അടിഞ്ഞുകൂടുന്ന കാർബൺഡയോക്സൈഡിനെ സ്വാംശീകരിച്ച് മാനവരാശിക്ക് ആവശ്യമായ ജീവശ്വാസം പ്രദാനം ചെയ്യുന്ന ആൽമരങ്ങളും അവയുടെ സംരക്ഷണത്തിന് തീർത്ത ആൽത്തറകളും ആൽത്തറകളിലിരുന്ന് ആനുകാലിക സംഭാഷണം നടത്തുകയും അത് ആവർത്തിച്ചുകൊണ്ടിരിക്കുന്ന ആളുകളുമെല്ലാം നമ്മുടെ സംസ്കാരത്തിന്റെ അടയാളങ്ങൾ കൂടിയാണെന്ന് നമ്മളോർക്കണം. കാവുകളും കാവ് പറമ്പുകളിൽ ഇടതൂർന്ന് വളരുന്ന വള്ളിപ്പടർപ്പുകളും വൻമരങ്ങളും അവയ്ക്കിടയിൽ ഒളിഞ്ഞും തെളിഞ്ഞും ജീവിക്കുന്ന പക്ഷിമൃഗാദികളും മറ്റ് സൂക്ഷ്മജീവികളുമെല്ലാം മണ്ണിന്റെയും മനുഷ്യന്റെയും ഇഴയടുപ്പം കൂട്ടുന്നവയാണെന്നത് ഒരു വസ്തുതയാണ്. വിശാലമായ അമ്പലപ്പറമ്പുകൾ പുതിയ തലമുറയുടെ കായിക വിനോദവേദികളായി ഇന്ന് എല്ലാവരുടെയും ശ്രദ്ധയിലുണ്ട്. പക്ഷേ അത് മാത്രമല്ല പഴമക്കാരുടെ സല്ലാപ കേന്ദ്രങ്ങളും അത്തരം അമ്പലപ്പറമ്പുകളാണെന്ന് കാണാൻ കഴിയും. അവിടെ ഒത്തുകൂടുന്ന മനുഷ്യരുടെ കരുത്ത് ചോർന്നുപോകാതിരിക്കാൻ ഭരണനിർവ്വഹണത്തിന് കഴിയേണ്ടതുണ്ട്. അതിനൊരു നാഥനുണ്ടാകേണ്ടതുണ്ട്. ക്ഷേത്രത്തിന്റെ ശ്രീകോവിലിനകത്തുള്ള ആരാധനാ മൂർത്തികളെ കാണാൻ നിഷ്കളങ്കരായ വിശ്വാസികളെത്തിച്ചേരുമ്പോൾ മതവർഗ്ഗീയവാദികൾ അവിടെ പതുങ്ങിയിരുന്ന് അവരെ വഴിതെറ്റിക്കാൻ ശ്രമിക്കുന്നുണ്ട്. അതിനെ നേരിടേണ്ട ഒരു കാലത്തിലൂടെയാണ് നമ്മൾ ജീവിക്കുന്നതെന്ന് മനസ്സിലാക്കണം. ഇക്കാലത്ത് വിശ്വാസികളെ വഴിതെറ്റിക്കാൻ നോക്കുന്നവർ പഴയകാലത്ത് ഭൂരിപക്ഷം വരുന്ന വിശ്വാസികളെയും അമ്പലങ്ങളിൽ കയറ്റാതെ വഴിതടഞ്ഞവരുടെ പിന്മുറക്കാരാണെന്നത് കേരളം ഓർത്തിരിക്കാൻ ഇത്തരം നിയമങ്ങളും ഭേദഗതികളുമെല്ലാം പൊതുസമൂഹത്തിന്റെ ചർച്ചയ്ക്ക് വിധേയമാക്കണം. തങ്ങളുടെ പട്ടിണിയും പരിവട്ടവും പരിഹരിക്കാൻ പ്രാർത്ഥനയുമായി ദൈവത്തെ കാണാൻ കൊതിച്ച പതിനായിരങ്ങൾക്ക് അമ്പലങ്ങളിലേയ്ക്ക് പ്രവേശനം നിഷേധിക്കപ്പെട്ട കാലമായിരുന്നു പൂർവ്വകേരള കാലം. അക്കാലത്ത് നവോത്ഥാന നായകരും ജന്മികുടുംബാംഗങ്ങളിലുൾപ്പെട്ട ഉത്പതിഷ്ണുക്കളായ മനുഷ്യസ്നേഹികളും

കമ്മ്യൂണിസ്റ്റുകാരുമെല്ലാം പാവപ്പെട്ട വിശ്വാസികൾക്ക് ദൈവത്തെക്കാണാൻ വൈവിദ്ധ്യമാർന്ന പോരാട്ടങ്ങൾക്ക് നേതൃത്വം നൽകിയത് കേരള ചരിത്രത്തിന്റെ, സംസ്കാരത്തിന്റെ ഭാഗം കൂടിയാണ്. അന്ന് ജന്മികൾ പറഞ്ഞത് ഞങ്ങൾക്കുള്ള സമ്പത്തും നിങ്ങൾക്കുള്ള പട്ടിണിയും ദൈവനിശ്ചയമാണ്. അതനുസരിച്ചേ പാടുള്ളൂ എന്നാണ്. അത്തരത്തിലുള്ള തിട്ടൂരങ്ങൾക്കെതിരെ കേരളത്തിന്റെ എക്കാലത്തെയും പ്രണയ കവിയായി അറിയപ്പെടുന്ന ചങ്ങമ്പുഴ തന്റെ തൂലികകൊണ്ട് എഴുതിയ മറുപടിയുണ്ട്. ആ കവിതാശകലം കഴിഞ്ഞദിവസം ഞാൻ സഭയിൽ പറഞ്ഞതാണ്. അതിൽ ഇങ്ങനെയാണ് പറയുന്നത്.

" വിത്തനാഥന്റെ 'ബേബി'യ്ക്കു പാലും,
നിർദ്ധന'ച്ചെറുക്ക'ന്നമിനീരും,
ഈശ്വരേച്ഛയ,ല്ലാകി,ലമ്മട്ടു-
ള്ളീശ്വരനെച്ചവിട്ടുക നമ്മൾ!"

വിത്തനാഥൻ എന്നാൽ സമ്പത്തിന്റെ നാഥൻ അതായത് പണക്കാരൻ, ബേബി എന്നത് പണക്കാരന്റെ പട്ടിക്കുട്ടിയാണ്. ഇത്തരത്തിൽ ചങ്ങമ്പുഴയ്ക്കുപോലും പറയേണ്ടിവന്ന ഒരു കാലമായിരുന്നു അതെന്ന് നാം ഓർക്കണം. ഒരേ മതത്തിൽ വിശ്വസിക്കുന്നവർ, ഒരേ ദൈവത്തെ പ്രാർത്ഥിക്കുന്നവർ, ഒരേ ആചാരങ്ങൾ അനുഷ്ഠിക്കുന്നവർ, ഒരേ നാട്ടിൽ ജീവിക്കുന്നവർ മറ്റൊരു നാട്ടിലും കാണാത്ത അനാചാരങ്ങൾ നടപ്പാക്കുന്നത് കണ്ടപ്പോൾ സഹിക്കവയ്യാതെയാണ് ഇതൊരു ഭ്രാന്താലയമാണെന്ന് വിശ്വമാനവികനായ വിവേകാനന്ദ സ്വാമികൾ വിലപിച്ചത്. ആ വിലാപത്തിന് അറുതിവരുത്തി "ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാ സ്ഥാനമാണിത്" എന്ന് പ്രഖ്യാപിച്ച ലോകഗുരു ശ്രീനാരായണ ഗുരുദേവന്റെ മനുഷ്യ ദേവാലയമാണ് കേരളം. ആ കേരളത്തിന്റെ ഔന്നിത്യം ഉയർത്തിക്കാണിക്കുന്ന രൂപത്തിലായിരിക്കണം നമ്മുടെ അമ്പലങ്ങളുടെ നടത്തിപ്പ്, അവിടേയ്ക്കുള്ള ആളുകളുടെ അവസരം. അതിനുവേണ്ടിയാണ് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിനെ ശാക്തീകരിക്കാൻ തീരുമാനിച്ചത്. ക്ഷേത്രങ്ങളുടെ പടിപ്പുറത്ത് നിൽക്കാൻ വിധിക്കപ്പെട്ടവരും അമ്പലക്കുളങ്ങളിൽ കുളിക്കാനോ അമ്പലവഴികളുമായി ബന്ധിപ്പിക്കുന്ന പൊതുവഴികളിലൂടെ നടക്കാനോ സ്വാതന്ത്ര്യമില്ലാതിരുന്ന കേരളത്തിലെ മഹാഭൂരിപക്ഷം ദൈവവിശ്വാസികൾക്കും അവരുടെ ഇഷ്ടപ്പെട്ട ആരാധനാമൂർത്തികളെ കണ്ട് സങ്കടം പറയാൻ അവസരമുണ്ടാക്കിയ ഇടതുപക്ഷം ഇന്ന് ശ്രീകോവിലിനകത്തും അത്തരക്കാർക്കുള്ള സ്ഥാനം ഉറപ്പിച്ചു. അതിന് കാർമ്മികത്വം വഹിച്ച റിക്രൂട്ട്മെന്റ് ബോർഡിന്റെ കാലാവധിയാണ് ഇപ്പോൾ നീട്ടാൻ തീരുമാനിക്കുന്നതെന്നോർക്കുന്നത് നന്നായിരിക്കും. ശ്രീകോവിലിനകത്ത്

പട്ടികജാതിക്കാരനായ യദുകൃഷ്ണ ദൈവത്തെ പൂജിക്കുന്ന ശാന്തിക്കാരനായി മാറിയത് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്താണ്. ക്ഷേത്ര നിയമനങ്ങളിൽ കണ്ടുവന്നിരുന്ന തെറ്റായ പ്രവണതകളെല്ലാം ഒഴിവാക്കി കഴിവും സംവരണതത്വവും പാലിച്ച് മിടുക്കരായ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാൻ തീരുമാനിച്ചപ്പോൾ തിരുവിതാംകൂർ ദേവസ്വത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 29 പാർട്ട് ടൈം ശാന്തിക്കാരെയും പട്ടികവർഗ്ഗ വിഭാഗത്തിൽ ഒരാളെയും നിയമിക്കുന്നതിന് കുറഞ്ഞ കാലംകൊണ്ട് റിക്രൂട്ട്മെന്റ് ബോർഡിന് കഴിഞ്ഞു. കൊച്ചിൻ ദേവസ്വത്തിൽ 14 പട്ടികജാതിക്കാരെ ശാന്തിക്കാരായി നിയമിച്ചതും ഇതേ കാലത്താണ്. ഈ രാജ്യത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്ന ഒരു സംസ്ഥാനത്തിലാണ് നമ്മൾ ജീവിക്കുന്നത്. എന്നാൽ ഇന്ത്യയിൽ എന്താണ് സ്ഥിതി? ഇന്ത്യയിലെ ഭൂരിപക്ഷം സംസ്ഥാനങ്ങളിലും പട്ടികജാതിക്കാരായ മനുഷ്യരെ ക്ഷേത്രമതിൽക്കെട്ടിന് പുറത്ത്, ഗേറ്റിനുപുറത്തെ കാവൽക്കാരന്റെ ജോലിക്കുപോലും അർഹതയില്ലാത്ത, അതിനുപോലും പരിഗണിക്കപ്പെടാത്ത ഒരു കാലത്താണ് കേരളം ഈ സാമൂഹിക വിപ്ലവത്തിന് നേതൃത്വം കൊടുക്കുന്നത്. അതിനുവേണ്ടിയാണ് ഈ റിക്രൂട്ട്മെന്റ് ബോർഡിനെ ശാക്തീകരിക്കുന്നത്. ക്ഷേത്രങ്ങൾക്ക് ജീവനക്കാരെ നൽകുക മാത്രമല്ല, അവരുടെ എല്ലാ കാര്യങ്ങളും നിർവ്വഹിക്കാൻ നേതൃത്വം കൊടുത്ത ഗവൺമെന്റാണിത് എന്നതിന്റെ കണക്കാണ് ഈ പ്രസംഗത്തിന്റെ തുടക്കത്തിൽ പറഞ്ഞത്. കോടിക്കണക്കിന് രൂപയുടെ ധനസഹായം ഇക്കാലത്ത് നൽകിയതിന്റെ കണക്കാണ് ഞാൻ വിശദമാക്കിയത്. ഇവിടെ യു.ഡി.എഫ്. അംഗങ്ങൾ സംസാരിച്ചപ്പോൾ മലബാർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട് ഓർമ്മപ്പെടുത്തിയ ഒരു വിഷയമുണ്ട്. അതിനോട് ഞാനും യോജിക്കുകയാണ്. 1400-ലധികം വരുന്ന മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ എ ക്ലാസ് ക്ഷേത്രങ്ങൾ എന്നറിയപ്പെടുന്നത് നാമമാത്രമാണ്. 1000-ത്തിലധികം വരുന്ന ബി, സി, ഡി ക്ലാസുകളിൽപ്പെട്ട ദേവസ്വം ബോർഡ് ക്ഷേത്രങ്ങൾ സർക്കാർ ഗ്രാന്റ് കൊണ്ടുമാത്രം നിലനിൽക്കുന്നവയാണ്. എൽ.ഡി.എഫ്. സർക്കാരിന്റെ ശക്തമായ സഹായം കോവിഡ് കാലത്ത് മലബാർ ദേവസ്വം ബോർഡിന് ലഭിച്ചതുകൊണ്ട് മാത്രമാണ് ഇന്ന് അവരുടെയെല്ലാം ജീവൻ നിലനിൽക്കുന്നതെന്ന വസ്തുത കാണേണ്ടതുണ്ട്. അതേസമയം 2021-ലെ അവശേഷിക്കുന്ന ശമ്പള കുടിശ്ശികയുണ്ട്. അത് എത്രയും വേഗം നൽകാൻ സാധിക്കണം. മലബാർ ദേവസ്വം ബോർഡിന് കീഴിൽ ആകെ 7000-ത്തോളം ജീവനക്കാരുള്ളതിൽ സർക്കാരിന്റെ ഗ്രാന്റോടുകൂടി ശമ്പളം പറ്റുന്നവരാണ് മഹാഭൂരിപക്ഷവും. എന്നാൽ 5500 മുതൽ 6500 വരെയുള്ള ജീവനക്കാർ നാമമാത്ര ശമ്പളമായ 6000-ഉം 7000-ഉം രൂപ പറ്റുന്നവരാണ്. അവർക്കാവശ്യമായ ശമ്പള പരിഷ്കരണം കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ

പ്രഖ്യാപിച്ചതാണ്. അതിൽവന്ന അപാകതകൾ പരിഹരിക്കാൻ ഇപ്പോൾ സമയമെടുത്തുകൊണ്ടിരിക്കുകയാണ്. അവ എത്രയും പെട്ടെന്ന് പരിഹരിച്ച് ശമ്പള പരിഷ്കരണം വേഗത്തിൽ നടപ്പാക്കണമെന്ന അഭ്യർത്ഥന ഈ ബില്ലിന്റെ ഭാഗമായി ഞാൻ മുന്നോട്ടുവയ്ക്കുകയാണ്. അതോടൊപ്പം മലബാർ ദേവസ്വം സമഗ്ര നിയമ പരിഷ്കരണ ബിൽ എത്രയും വേഗം സഭയിൽ കൊണ്ടുവരാനും അത് പാസ്സാക്കാനും നേതൃത്വം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും ഭേദഗതി അവതരിപ്പിച്ചുകൊണ്ടും എന്റെ വാക്കുകൾ ചുരുക്കുന്നു.

മി. സ്പീക്കർ: അങ്ങ് സമയപരിധിക്കുള്ളിൽനിന്ന് സംസാരിച്ചതിന് നന്ദി.

ശ്രീ. റോജി എം. ജോൺ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. രമേശ് ചെന്നിത്തല: സർ, 2021-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വളരെ നിസ്സാരമായ കാര്യത്തിനുവേണ്ടിയാണ് ഈ നിയമം ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. രാഷ്ട്രീയമായ തീരുമാനമാകാം, ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ കുറ്റപ്പെടുത്തുന്നില്ല. എന്നാൽ ഇങ്ങനെയുള്ള നിയമ നിർമ്മാണങ്ങൾ പാസ്സാക്കുന്നതുകൊണ്ട് പൊതുജനങ്ങൾക്കോ സമൂഹത്തിനോ പ്രത്യേകിച്ച് എന്തെങ്കിലും പ്രയോജനമുണ്ടെന്ന് അവതരിപ്പിച്ച മന്ത്രിപോലും പറയില്ലെന്ന് എനിക്കറിയാം. ദേവസ്വം ബോർഡുകളുടെ സ്ഥിതി ഇന്ന് വളരെ ദയനീയമാണ്. തിരുവിതാംകൂർ, കൊച്ചി, മലബാർ, ഗുരുവായൂർ, കൂടൽമാണിക്യം എന്നീ അഞ്ച് ദേവസ്വം ബോർഡുകൾ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതുമൂലം ജീവനക്കാരും വലിയ പ്രതിസന്ധി നേരിടുകയാണ്. പ്രളയം, ശബരിമല പ്രശ്നം, കോവിഡ് തുടങ്ങിയ പ്രതിസന്ധികൾ നേരിട്ട സന്ദർഭത്തിൽ ഏറ്റവും കൂടുതൽ പ്രയാസങ്ങൾ നേരിട്ട വിഭാഗമാണ് ക്ഷേത്രജീവനക്കാർ. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ കരിംതിരി എരിയാതിരിക്കണമെങ്കിൽ ശബരിമലയിൽനിന്നുള്ള വരുമാനം വേണമെന്നതാണ് വസ്തുത. ശബരിമലയിലെ വരുമാനംകൊണ്ടാണ് മറ്റ് തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ക്ഷേത്രങ്ങൾക്ക് പ്രവർത്തിക്കാനുള്ള സാഹചര്യമൊരുക്കുന്നത്. ശബരിമല പ്രശ്നം കാരണം മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള തീർത്ഥാടകരുടെ എണ്ണം കുറഞ്ഞതുകൊണ്ട് ശബരിമലയിലെ നടവരുമാനത്തിൽ ഗണ്യമായ കുറവാണ് സംഭവിച്ചത്. അത് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങളെ ബാധിച്ചുവെന്നത് സത്യമാണ്. ഒരിക്കലും വരുമാനം കുറയാത്ത ഗുരുവായൂർ ക്ഷേത്രത്തിൽപോലും വരുമാനം കുറഞ്ഞുകൊണ്ടിരിക്കുന്നു. മലബാർ

ദേവസ്വം ബോർഡ് വലിയ സാമ്പത്തിക പ്രതിസന്ധിയാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. വലിയ വരുമാനങ്ങളുള്ള ക്ഷേത്രങ്ങളൊന്നും ദേവസ്വം ബോർഡിന്റെ കീഴിലില്ല. മലബാറിൽ വരുമാനമുള്ള സ്വകാര്യ ക്ഷേത്രങ്ങൾ ധാരാളമുണ്ടെങ്കിലും അതൊന്നും ദേവസ്വം ബോർഡിന്റെ കീഴിലുള്ളതല്ല. സർക്കാരിന്റെ സഹായം കൊണ്ടുമാത്രം പ്രവർത്തിക്കുന്നതാണ് മലബാർ ദേവസ്വം ബോർഡ്. അവിടെ ശ്രീ. കെ. ഡി. പ്രസേനൻ ചൂണ്ടിക്കാണിച്ചതുപോലെ ജീവനക്കാരുടെ ശമ്പള കുടിശ്ശിക ഇപ്പോഴും നിലനിൽക്കുകയാണ്. ദേവസ്വം ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ മുടങ്ങാൻ അനുവദിക്കില്ലെന്ന് 2018-ൽ മുഖ്യമന്ത്രി പത്തനംതിട്ടയിൽ വച്ച് പ്രഖ്യാപനം നടത്തിയിട്ടുണ്ട്. ഇന്നത്തെ സ്ഥിതി എന്താണ്? സംസ്ഥാനത്ത് സാമ്പത്തികമായി നല്ല നിലയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഇന്നത്തെ സ്ഥിതി പരിതാപകരമാണ്. ക്ഷേത്രങ്ങളുടെ കൈവശമുള്ള പുരാവസ്തുക്കൾപോലും വിറ്റ് കാശാക്കാനുള്ള തീരുമാനം പത്രത്തിൽ വന്നയുടൻ, കേരളത്തിന്റെ പൈതൃകത്തിന്റെ ഭാഗമായ വിളക്കുകളുൾപ്പെടെ ചരിത്ര പ്രാധാന്യമർഹിക്കുന്ന പുരാതന വസ്തുക്കൾ ഭണ്ഡാരത്തിൽ സൂക്ഷിക്കേണ്ടവയാണെന്നും ദേവസ്വം ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ ഇതൊന്നും വിൽക്കാൻ പാടില്ലെന്നും ദേവസ്വം ബോർഡ് പ്രസിഡന്റിനെ ഞാൻ വിളിച്ചുപറഞ്ഞു. കഴിഞ്ഞ നാലുവർഷമായി തിരുവിതാംകൂർ ദേവസ്വം ബോർഡിന് സർക്കാർ ധനസഹായമായി നൽകിയ തുകയിൽ 50 കോടി രൂപയും കരാറുകാർക്കാണ് കൊടുക്കേണ്ടിവന്നത്. ഇനിയും കരാറുകാർക്ക് 40 കോടി രൂപ ബാക്കി കൊടുക്കണമെന്നാണ് അറിയാൻ സാധിച്ചത്. തിരുവിതാംകൂർ ദേവസ്വം ബോർഡ് കരുതൽ ഫണ്ട് എടുത്ത് ചെലവഴിക്കാറില്ല. വളരെ അടിയന്തര ഘട്ടങ്ങളിലൊഴികെ കരുതൽ ഫണ്ട് ചെലവ് ചെയ്ത ചരിത്രവുമില്ല. ഇപ്പോൾ കരുതൽ ഫണ്ടിൽനിന്നും ശമ്പളവും പെൻഷനും നൽകുകയാണ്. ചരിത്രത്തിലാദ്യമായി ഓണത്തിന് തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാർക്ക് ഓണം അഡ്വാൻസ് കൊടുത്തില്ല. ചില ദേവസ്വം ബോർഡുകൾ ശമ്പളത്തിന്റെ 30 ശതമാനം വരെ വെട്ടിക്കുറച്ചു. ജീവനക്കാരുടെ നിലവിലുള്ള ആനുകൂല്യങ്ങൾ ഒന്നൊന്നായി വെട്ടിക്കുറച്ചുകൊണ്ടിരിക്കുന്നു. വാർഷിക സറണ്ടർ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളിൽ കുറവുവരുത്തിയിരിക്കുകയാണ്. നിലവിലുള്ള ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻ പറ്റാത്ത സാഹചര്യത്തിൽ പുതിയ നിയമനങ്ങൾ നടത്തുന്നതിൽ ജാഗ്രത കാണിക്കണമെന്ന് അങ്ങയോട് ആവശ്യപ്പെടുകയാണ്.

4.00 pm]

തിരുവിതാംകൂർ ദേവസ്വം ബോർഡിൽനിന്നും പെൻഷൻ പറ്റിയ ജീവനക്കാർക്ക് ഒന്നര വർഷമായിട്ടും ആനുകൂല്യം ലഭിക്കാത്തതിനാൽ ആ പാവങ്ങൾ അലയുകയാണ്. തുച്ഛമായ ശമ്പളമാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാർക്ക് നൽകുന്നത്. ജീർണ്ണാവസ്ഥയിലുള്ള ക്ഷേത്രങ്ങളുടെ അറ്റകുറ്റപ്പണികൾക്കുപോലും പണമില്ലാതെ പ്രയാസപ്പെടുകയാണ്. അവിടെ കുറെ നിയമനങ്ങൾ മാത്രമാണ് ആകെ നടക്കുന്നത്. ഈ നിയമനങ്ങൾ മാത്രമാണോ ദേവസ്വം ബോർഡിൽ നടക്കേണ്ടത്? മരാമത്തുപണികളും അറ്റകുറ്റപ്പണികളും സ്തംഭിക്കുന്നു; ജീവനക്കാർക്ക് ശമ്പളവും പെൻഷൻ ആനുകൂല്യങ്ങളും കൊടുക്കാൻ കഴിയുന്നില്ല, ഇത്തരം പ്രശ്നങ്ങൾ നിലനിൽക്കുമ്പോൾ പോലും നിയമനങ്ങൾ നടത്തണമെന്ന വാശി മാത്രമാണോ നമ്മൾ സ്വീകരിക്കേണ്ടത്? ദേവസ്വം ബോർഡുകളുടെ ഇന്നത്തെ സ്ഥിതി വളരെ പരിതാപകരമാണ്. ഇഷ്ടക്കാർക്ക് നിയമനങ്ങൾ തരപ്പെടുത്തിക്കൊടുക്കുന്നതിന്റെ പ്രതിഫലമായിട്ടാണോ ബോർഡംഗങ്ങളുടെ കാലാവധി നീട്ടിക്കൊടുക്കാൻ സർക്കാർ വ്യഗ്രത കാണിക്കുന്നതെന്ന് വ്യക്തമാക്കണം. അല്ലാതെ എന്ത് കാരണമാണ് ഇതിനുള്ളത്; കാര്യപ്രാപ്തിയുള്ള വേറെ ആളുകളെ എന്തുകൊണ്ട് നിയമിച്ചുകൂട? 2013 മുതൽ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ വിഹിതംപോലും അടയ്ക്കാൻ ബോർഡിന് ഇതുവരെ കഴിഞ്ഞിട്ടില്ല. പുറത്തുനിന്നും പരമാവധി നിയമനങ്ങൾ നടത്താൻ കഴിയുന്ന വിധത്തിലുള്ള വ്യവസ്ഥകൾ തിരുകിക്കയറ്റിക്കൊണ്ടുള്ള സ്പെഷ്യൽ റൂൾ തയ്യാറാക്കാനുള്ള നീക്കങ്ങൾ നടന്നുവരുന്നുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്.

ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽക്കൊണ്ടുവരാൻ ആഗ്രഹിക്കുന്ന മറ്റൊരു കാര്യം, ശബരിമലയിൽ നടപ്പാക്കിയിരിക്കുന്ന വെർച്വൽ ക്യൂവുമായി ബന്ധപ്പെട്ടാണ്. നിലവിലുള്ള വെർച്വൽ ക്യൂ സമ്പ്രദായം ശബരിമലയിൽനിന്നും ഭക്തരെ അകറ്റുന്നുവെന്ന പരാതി വ്യാപകമായി ഉയരുകയാണ്. ബാറുകളിലും മാളുകളിലുമെല്ലാം നിയന്ത്രണങ്ങൾ മാറ്റിയിട്ട് ശബരിമലയിൽ മാത്രം വെർച്വൽ ക്യൂ പിന്തുടരുന്നതിന്റെ യുക്തി എനിക്ക് മനസ്സിലാകുന്നില്ല. അതുകൊണ്ട് ബന്ധപ്പെട്ടവരുമായി കൂടിയാലോചിച്ച് പ്രസ്തുത നടപടി പുനഃപരിശോധിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുന്നത്.

ഡോ. മാത്യു കുഴൽനാടൻ: സർ, വെർച്വൽ ക്യൂവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി സ്വമേധയാ ഒരു കേസ്സെടുക്കുകയും അതിന്റെ

പരിഗണനാവേളയിൽ ഈ നടപടി അങ്ങേയറ്റം അശാസ്ത്രീയവും കേരള പോലീസിന് ഭക്തരുടെമേൽ ഇങ്ങനെയൊരു നടപടി അടിച്ചേൽപ്പിക്കാനുള്ള അവകാശമില്ലെന്നും അതുസംബന്ധിച്ച് സർക്കാരിനോട് വിശദീകരണം ആവശ്യപ്പെട്ടെന്നുമുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതുമാത്രമല്ല, ഈ വെർച്വൽ ക്യൂവിൽ പോലീസ് ഡാറ്റാ കളക്ട് ചെയ്യുന്നത് പ്രൈവസിയുടെ ലംഘനമാണെന്ന് ഹൈക്കോടതി നടത്തിയ പരാമർശം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഇതുസംബന്ധിച്ച് മാധ്യമങ്ങളിലെല്ലാം വാർത്ത വന്നതിന്റെ അടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട ഹൈക്കോടതി സ്വമേധയാ കേസ് എടുത്തത്. വെർച്വൽ ക്യൂവിന്റെ അശാസ്ത്രീയത ഭക്തജനങ്ങളെ ക്ഷേത്രങ്ങളിൽനിന്നും അകറ്റുകയാണ്. പ്രത്യേകിച്ച് തെക്കെ ഇന്ത്യൻ സംസ്ഥാനങ്ങളായ ആന്ധ്രാപ്രദേശ്, കർണ്ണാടക, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്ന് ശബരിമലയിൽ എത്തുന്ന ഭക്തർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളെല്ലാം ബഹുമാനപ്പെട്ട ഹൈക്കോടതി പരിഗണിച്ച ഒരു വിഷയമാണ്. അതിന് ഗവൺമെന്റ് നൽകിയ വിശദീകരണമെന്താണെന്ന് എനിക്കറിയില്ല. ബഹുമാനപ്പെട്ട മന്ത്രി അതിന് മറുപടി പറയുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഏതായാലും ആ കാര്യത്തിൽ സർക്കാർ പുനർവിചിന്തനത്തിന് തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ദേവസ്വം ബോർഡുകൾക്ക് പിടിച്ചുനിൽക്കാൻ സർക്കാർ അടിയന്തരമായി 300 കോടി രൂപയെങ്കിലും അനുവദിച്ചില്ലെങ്കിൽ ബോർഡുകളുടെ ദൈനംദിന പ്രവർത്തനം പോലും സ്തംഭിക്കുമെന്ന നിലയിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്, പ്രത്യേകിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡ്. സർക്കാരിന്റെ സഹായമില്ലാതെ ദേവസ്വം ബോർഡുകൾക്ക് പിടിച്ചുനിൽക്കാൻ കഴിയാത്ത അവസ്ഥ സംജാതമായിരിക്കുകയാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് പണം കൊടുത്തതിനെ ആരും എതിർത്തിട്ടില്ല, കൊടുക്കുന്നതുകൊണ്ട് തെറ്റൊന്നുമില്ല. പക്ഷെ സ്വന്തം കയ്യിലെ പണമാണ് അത്തരം പ്രവർത്തനങ്ങൾക്ക് കൊടുക്കേണ്ടത്. പണമില്ലാത്തതുകൊണ്ട് ജീവനക്കാർക്ക് ശമ്പളം കൊടുക്കാനോ പെൻഷൻ കൊടുക്കാനോ കഴിയുന്നില്ല, പങ്കാളിത്ത പെൻഷന്റെ ഗഡു അടയ്ക്കാൻ കഴിയുന്നില്ല, ഒന്നിനും പണമില്ലാത്തപ്പോൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ഒരു കോടി രൂപയും രണ്ടുകോടി രൂപയും കൊടുക്കുന്നതിന്റെ സാംഗത്യത്തെപ്പറ്റിയാണ് ചോദിക്കുന്നത്. ഗുരുവായൂർ ദേവസ്വം ബോർഡ് കോടിക്കണക്കിന് രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് കൊടുത്തുവെന്ന് പറഞ്ഞ് ആരോ പരാതി കൊടുത്തതിന്റെ പേരിൽ ബഹുമാനപ്പെട്ട ഹൈക്കോടതിതന്നെ ചോദിച്ചത് നിങ്ങളിങ്ങനെ എല്ലാ തവണയും ഗവൺമെന്റിന് സംഭാവന കൊടുക്കുന്നതിന്റെ

കാരണമെന്താണ് എന്നാണ്? കാരണം ഇത് ഭക്തജനങ്ങളുടെ പണമാണ്. അത് കാര്യക്ഷമതയോടെ വിനിയോഗിക്കേണ്ടത് ദേവസ്വം ബോർഡിന്റെ ഉത്തരവാദിത്വമാണ്. ദേവസ്വം ബോർഡിലെ ജീവനക്കാർക്കുപോലും ശമ്പളം കൊടുക്കാൻ നിവൃത്തിയില്ലാത്ത പരിതാപകരമായ സാമ്പത്തിക സ്ഥിതി നിലനിൽക്കുമ്പോൾ ഇത്തരം സംഭാവനകൾ കൊടുക്കുന്നതിനെപ്പറ്റി, ബോർഡ് അധികൃതർ ഗൗരവമായി ചിന്തിക്കണം. ഇപ്പോഴത്തെ ബോർഡ് പ്രസിഡന്റ് വർഷങ്ങളായി ബോർഡിന്റെ സെക്രട്ടറിയായിരുന്ന, പരിണിതപ്രജ്ഞനായ വ്യക്തിയാണ്. അതുകൊണ്ട് ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുകയെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ബോർഡിന്റെ ചെയർമാനായി ആര് ഇരുന്നാലും നിയമമനുസരിച്ച് മാത്രമേ പ്രവർത്തിക്കാൻ കഴിയൂ. നമ്മളോടെല്ലാം വളരെ വ്യക്തിപരമായ അടുപ്പമുള്ളയാളാണ് ഇവരെല്ലാം. ഒരു ചെയർമാന്റേയും നിഷ്പക്ഷതയെ ഞാൻ ചോദ്യം ചെയ്യുന്നില്ല. ഒരു മെമ്പർ എന്റെ കോളേജ് മേറ്റാണ്. വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങളുടെ അടിസ്ഥാനത്തിൽ പറയുന്നതല്ല. ഇങ്ങനെയൊരു നിയമം പാസ്സാക്കുമ്പോൾ ആ നിയമം സമൂഹത്തിലുണ്ടാക്കുന്ന ഇംപാക്ടാണ് പ്രധാനം. നിങ്ങൾക്ക് നല്ല ആളുകളെ തെരഞ്ഞെടുക്കാം. ഇപ്പോൾ അധികാരത്തിലിരിക്കുന്ന അംഗങ്ങൾക്ക് മൂന്ന് വർഷ കാലാവധി ലഭിച്ചിട്ടുണ്ട്. അടുത്ത ടേമിലേയ്ക്ക് കാര്യക്ഷമതയുള്ള പുതിയ അംഗങ്ങളെ തെരഞ്ഞെടുത്തുകൂടേ? അതിനുപകരം ഇത്തരമൊരു നിയമനിർമ്മാണം കൊണ്ടുവരുന്നതിനകത്ത് യാതൊരു സാംഗത്യവുമില്ല. അങ്ങ് നല്ലൊരു മന്ത്രിയായ ബഹുമാനപ്പെട്ട കെ. രാധാകൃഷ്ണനെക്കൊണ്ടുതന്നെ ഈ നിയമം നടപ്പിലാക്കാൻ തീരുമാനിച്ചത് വളരെ കഷ്ടമായിപ്പോയെന്നാണ് എനിക്ക് പറയാനുള്ളത്. ഏതായാലും ഈ ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് ആവശ്യപ്പെടുകയാണ്.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>) സർ, കേരളത്തിന്റെ മുൻമന്ത്രിയും മുൻപ്രതിപക്ഷ നേതാവുമായ ശ്രീ. രമേശ് ചെന്നിത്തലയുൾപ്പെടെ ബഹുമാന്യരായ നാല് അംഗങ്ങളാണ് ഈ ഭേദഗതി ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ചത്. റിക്രൂട്ട്മെന്റ് ബോർഡിലെ അംഗങ്ങളുടേയും ചെയർമാന്റേയും കാലാവധി മൂന്ന് വർഷംകൂടി വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ടുള്ള ഓർഡിനൻസാണ് ബില്ലാക്കുന്നത്. പൊതുവെ ഈ ബിൽ പാസ്സാക്കുന്നതിനെതിരായി വസ്തുനിഷ്ഠമായ കാര്യങ്ങളൊന്നും പറഞ്ഞിട്ടില്ല, ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷ നേതാവ്, അവസാനം പറഞ്ഞുവച്ചുതന്നെ ഈ ബോർഡ് ചെയർമാനെതിരായും ബോർഡ് മെമ്പർമാർക്കെതിരായും യാതൊരു തരത്തിലുള്ള ആക്ഷേപവും നിലനിൽക്കുന്നില്ലെന്നാണ്. അതിനർത്ഥം കഴിഞ്ഞ മൂന്ന് വർഷം തുടർച്ചയായി അനുവദിച്ചപ്പോൾ അവർ മാന്യമായാണ് പ്രവർത്തിച്ചതെന്നാണ്. അതുകൊണ്ടുതന്നെ ഈ ബോർഡിലെ അംഗങ്ങളുടെയും

ചെയർമാന്റെയും കാലാവധി നീട്ടിക്കൊടുത്തത് ശരിയാണെന്നാണ് മനസ്സിലാക്കുന്നത്. അതുകൂടാതെ ശബരിമലയുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങളും മറ്റ് ക്ഷേത്രങ്ങളുടേയും ദേവസ്വം ബോർഡുകളുടേയും സ്ഥിതിയെ സംബന്ധിച്ചുമാണ് അദ്ദേഹമിവിടെ പറഞ്ഞത്. അക്കാര്യങ്ങളിൽ യാതൊരു സംശയവുമില്ല, അതുസംബന്ധിച്ച് നമുക്കെല്ലാം അറിയാവുന്നതാണ്. 2018-ലെ പ്രളയം, അതിനുശേഷം വന്ന കോവിഡ് മഹാമാരി എന്നിവ ക്ഷേത്രങ്ങളിൽനിന്നും ഭക്തർ അകന്നുപോകാൻ ഇടയാക്കിയിട്ടുണ്ട്. അതിനാൽ ക്ഷേത്രങ്ങളുടെ വരുമാനം, പ്രത്യേകിച്ച് ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലെ വരുമാനം നല്ല രീതിയിൽ കുറയുന്ന സ്ഥിതിവിശേഷമുണ്ടായി. ആ സന്ദർഭത്തിൽ ക്ഷേത്രങ്ങളോ ദേവസ്വം ബോർഡുകളോ അനാഥമായിപ്പോകുന്ന സ്ഥിതിയിലേയ്ക്ക് എത്തിച്ചേരാൻ ഈ ഗവൺമെന്റ് അനുവദിച്ചില്ലെന്നതിന്റെ തെളിവാണ് നേരത്തെ ബഹുമാനപ്പെട്ട അംഗം കെ. ഡി. പ്രസേനൻ സൂചിപ്പിച്ചതുപോലെ ദേവസ്വം ബോർഡുകളുടെ ഭാഗമായി ചെയ്തുതീർക്കേണ്ട നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് ഗവൺമെന്റ് കൊടുത്തത്. ശബരിമലയിൽ ഒരു കാലത്തുമില്ലാത്ത വികസന പ്രവർത്തനങ്ങളാണ് ഇന്ന് നടന്നുകൊണ്ടിരിക്കുന്നതെന്ന് അങ്ങേയ്ക്ക് അന്വേഷിച്ചാൽ അറിയാൻ കഴിയും. നിരവധി വർഷങ്ങളായി മുടങ്ങിക്കിടന്നിരുന്ന വർക്കുകളെല്ലാം പൂർത്തിയാക്കുന്നതിനുള്ള നടപടി ആരംഭിച്ചുകഴിഞ്ഞു. അതുപോലെ ഏകദേശം 150 കോടിയോളം രൂപ ചെലവഴിച്ചുകൊണ്ടാണ് ശബരിമലയിലേയ്ക്ക് വരുന്ന ഭക്തരുടെ സൗകര്യാർത്ഥം ഇടത്താവളങ്ങളൊരുക്കാൻ ഗവൺമെന്റ് തയ്യാറായത്. അവിടത്തെ മറ്റ് ഭൗതിക സാഹചര്യങ്ങളെല്ലാം മെച്ചപ്പെടുത്താനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു. സാമ്പത്തിക പ്രതിസന്ധിക്കിടയിലും ആ വികസന പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോയി.

അതോടൊപ്പം വിവിധ ദേവസ്വം ബോർഡുകളുടെ സ്ഥിതിയെപ്പറ്റി പറഞ്ഞു. അതിലേറ്റവും പ്രധാനപ്പെട്ട ഒന്നാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഏറ്റവും പ്രധാനപ്പെട്ട വരുമാനം ശബരിമലയിൽനിന്നുതന്നെയാണ്. മൂന്നുനാലുവർഷമായി വേണ്ടത്ര വരുമാന മില്ലാത്തതിന്റെ ഫലമായി ദേവസ്വം ബോർഡിന്റെ പ്രവർത്തനത്തിൽ അത് വലിയ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. മറ്റ് ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നതടക്കമുള്ള ആവശ്യങ്ങൾക്ക് പണം ലഭ്യമാക്കുന്നതിൽ പ്രധാനപ്പെട്ട പങ്കാണ് ശബരിമല വഹിക്കുന്നതെന്ന് നമുക്കെല്ലാവർക്കുമറിയാം. തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാർക്ക് ശമ്പളം കൊടുക്കുകയെന്ന ലക്ഷ്യം മാത്രം വച്ചുകൊണ്ടാണ് ഈ പ്രതിസന്ധി കാലത്ത് 100.80 കോടി രൂപ അനുവദിച്ചിട്ടുള്ളത്, വീണ്ടും ആവശ്യപ്പെടുന്നുണ്ട്. സംസ്ഥാനത്തിന്റെ ഖജനാവിൽനിന്നുമാണ് ശമ്പളം കൊടുക്കുന്നതിനുവേണ്ടി മാത്രം ഈ തുക തിരുവിതാംകൂർ ദേവസ്വം ബോർഡിന് അനുവദിച്ചത്. മലബാർ ദേവസ്വം

ബോർഡിന്റെ സ്ഥിതിയെ സംബന്ധിച്ചും ഇവിടെ സൂചിപ്പിച്ചു. മലബാർ ദേവസ്വം ബോർഡിന് ശമ്പളം കൊടുക്കാൻ വേണ്ടിമാത്രം ഏകദേശം 49.12 കോടി രൂപയാണ് കൊടുത്തത്. ഉത്തര മലബാർ ദേവസ്വം ബോർഡിനെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം എൻ. എ. നെല്ലിക്കുന്ന് പറഞ്ഞതും പ്രധാനപ്പെട്ട കാര്യമാണ്. സ്ഥാനീയർക്കും കോലധാരികൾക്കും അനുവദിച്ചുവരുന്ന ശമ്പളം കുറച്ചുകാലമായി കുടിശ്ശികയുണ്ടായിരുന്നു. ഒന്നേകാൽ കോടിരൂപ അനുവദിച്ച് ആ കുടിശ്ശിക മുഴുവനും കൊടുത്തുതീർത്തു. കൊച്ചിൻ ദേവസ്വം ബോർഡിന് 25 കോടി രൂപയാണ് ശമ്പളം കൊടുക്കാൻവേണ്ടി അനുവദിച്ചത്. കൂടൽമാണിക്യ ക്ഷേത്രത്തിന് 15 ലക്ഷം രൂപ കൊടുത്തിട്ടുണ്ട്. 60 ലക്ഷം രൂപകൂടി വേണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് കൊടുക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചു വരികയാണ്. അത്തരത്തിൽ ശമ്പളം കൊടുക്കാൻ വേണ്ടിമാത്രം ഏകദേശം 176.32 കോടി രൂപ കൊടുത്തുകഴിഞ്ഞിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള മറ്റ് സഹായങ്ങളും ചെയ്തുകൊണ്ടിരിക്കുന്നു.

പെൻഷൻകാരുടെ പെൻഷൻ തുക ചെറിയ കാലയളവിൽ മുടങ്ങിയിട്ടുണ്ടെന്ന് അങ്ങിവിടെ സൂചിപ്പിച്ചു. ഇത്രയും വലിയ പ്രതിസന്ധി ഉണ്ടായിട്ടും ശമ്പളത്തിൽ കുറവ് വരുത്താനോ വെട്ടിക്കുറയ്ക്കാനോ ഈ സർക്കാർ തയ്യാറായിട്ടില്ല. ഈ പ്രതിസന്ധിക്കിടയിലും ജീവനക്കാരുടെ താൽപ്പര്യം സംരക്ഷിക്കുകയെന്നത് ഗവൺമെന്റിന്റെ നയമായതുകൊണ്ടാണ് ഖജനാവിൽനിന്ന് ഇത്രയും കാശ് കൊടുത്ത് അവരെ സഹായിക്കാൻ തയ്യാറായത്. പെൻഷൻകാരുടെ പെൻഷൻ നൽകുന്നതിൽ കുറച്ച് കുടിശ്ശിക വന്നിരുന്നു. അത് കൊടുക്കാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ക്ഷേത്രങ്ങളിലെ ഏതെങ്കിലും സ്വത്ത് വിറ്റ് ക്ഷേത്രങ്ങളുടെയോ, ദേവസ്വം ബോർഡുകളുടെയോ പ്രവർത്തനത്തിന് മുതൽ കൂട്ടേണ്ട ആവശ്യമില്ല. പൗരാണികമായ/പൈതൃകമായ ഒന്നും വിറ്റുനശിപ്പിക്കുന്നതിന് ഈ ഗവൺമെന്റ് കൂട്ടുനിൽക്കില്ല, ഒരിക്കലും അത് സമ്മതിക്കില്ലെന്നും ഈ സന്ദർഭത്തിൽ പറയുകയാണ്. അങ്ങ് കഴിഞ്ഞ സമ്മേളനത്തിന്റെ ചർച്ചയിലും വിളക്കുകൾ വിൽക്കുന്നതിനെക്കുറിച്ച് സൂചിപ്പിച്ചിരുന്നു. പൊതുവായ ചർച്ചയില്ലാതെ നമുക്ക് അതുസംബന്ധിച്ച് സംസാരിക്കാം. ചില കാര്യങ്ങളിൽ തീരുമാനങ്ങളെടുത്ത് സമവായത്തിൽ എത്തേണ്ടിവരുമെന്നുള്ളതാണ് ഇതുസംബന്ധിച്ച് പറയാനുള്ളത്. സാമ്പത്തിക പ്രതിസന്ധിയുണ്ടെങ്കിലും പെൻഷനും ആനുകൂല്യങ്ങളും കൊടുത്തുതീർക്കാനുള്ള നടപടിയാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. എന്റെ സുഹൃത്ത് ശ്രീ. എ. പി. അനിൽ കുമാർ കുറച്ച് കാര്യങ്ങൾ ഇവിടെ പറയുകയുണ്ടായി. അദ്ദേഹം പറഞ്ഞ കാര്യങ്ങളെക്കുറിച്ച് മുൻ പ്രതിപക്ഷനേതാവ് ഒന്നും പറഞ്ഞില്ലെന്നുള്ളത് ഞാൻ ശ്രദ്ധിച്ചു. 1-3-2014-ലാണ് ഓർഡിനൻസിലൂടെ

ബോർഡ് നിലവിൽ വന്നത്. 24-12-2016 വരെ ഏകദേശം 32 മാസക്കാലം ബോർഡ് നിലവിലുണ്ടായിരുന്നു. ആ സമയത്ത് ഒരാളെയും നിയമിക്കാൻ ബോർഡിന് സാധിച്ചില്ല. ഓർഡിനൻസിലൂടെ റിക്രൂട്ട്മെന്റ് ബോർഡ് നിലവിൽ വന്നു. അതുകഴിഞ്ഞ് നിയമം വന്നു. 32 മാസക്കാലം പ്രവർത്തിച്ചിട്ട് റൂൾസ് ഫ്രെയിം ചെയ്യാനോ അതനുസരിച്ച് നിയമനം നടത്താനോ ആ ബോർഡിന് കഴിഞ്ഞില്ല. അവിടെയാണ് ഈ ബോർഡിന്റെ പ്രത്യേകത നാം കാണേണ്ടത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അദ്ദേഹം പറഞ്ഞതുകൊണ്ടാണ് ഞാൻ പറയാതിരുന്നത്. ആ കാലത്തെ ബോർഡിന് ഒരാളെയും നിയമിക്കാൻ കഴിയാത്തത് സ്പെഷ്യൽ റൂൾസ് വരാനുണ്ടായ കാലതാമസം കാരണമാണ്. അതിന്റെ നടപടിക്രമങ്ങളെല്ലാം മുന്നോട്ടുകൊണ്ടുപോയതാണ്. അതുകഴിഞ്ഞ് അപേക്ഷ ക്ഷണിച്ചിരുന്നു. പിന്നീട് ഇലക്ഷൻ വന്നു. അതാണ് സംഭവിച്ചത്.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം ശരിയാണ്. 32 മാസത്തിനിടയിൽ ഒരാളെപ്പോലും നിയമിക്കാൻ കഴിയാത്ത ഒരു ബോർഡായിരുന്നു ആ ബോർഡ്. അവിടെയാണ് ഈ ബോർഡിനെ നിയമിച്ചതുസംബന്ധിച്ച് നേരത്തെ സൂചിപ്പിച്ചത്. വലിയ പ്രയാസമുണ്ടായിരുന്നു, പ്രതിസന്ധിയുണ്ടായിരുന്നു, നിയമനമാണോ പ്രധാനമെന്ന് അങ്ങ് ചോദിക്കുകയുണ്ടായി. അത് നല്ലതുപോലെ ശ്രദ്ധിച്ചിട്ടുണ്ട്. ടെസ്റ്റ് എഴുതി റാങ്ക് ലിസ്റ്റിൽ വന്നവർ അങ്ങയുടെ അടുത്തും വന്നുകാണുമല്ലോ; നിരന്തരം അവർ എല്ലാ എം.എൽ.എ.മാരെയും സമീപിച്ചുകൊണ്ടിരിക്കുകയായിരുന്നു. റിക്രൂട്ട്മെന്റ് ബോർഡ് നടത്തിയ പരീക്ഷയെഴുതി റാങ്ക് ലിസ്റ്റിൽ പേരുവന്ന്, അഡ്വൈസ് മെമ്മോ ലഭിച്ചവർ ഞങ്ങളെ സ്ഥിരപ്പെടുത്തണമെന്ന് പറഞ്ഞുകൊണ്ടുവരികയാണ്. ഏകദേശം 1082 ആളുകളെ നിയമിക്കാനാണ് ഉത്തരവുകൊടുത്തത്. 32 മാസം ഭരിച്ചവർ ഒരാളെപ്പോലും നിയമിച്ചില്ല. എന്നാൽ ഇപ്പോൾ 1082 ആളുകളെ നിയമിച്ചുവെന്നത് ഈ ബോർഡിന്റെ പ്രത്യേകതയായി കാണേണ്ടതുണ്ട്.

അതോടൊപ്പം ദേവസ്വം ബോർഡുകളിലെ നിയമനവുമായി ബന്ധപ്പെട്ടുകൊണ്ട് റിസർവേഷൻ പാലിക്കണമെന്ന് ബഹുമാനപ്പെട്ട ഒരു അംഗം പറഞ്ഞു. ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ് അദ്ദേഹം പറഞ്ഞത്. അദ്ദേഹം എസ്.സി/എസ്.ടി. ഡിപ്പാർട്ടുമെന്റിന്റെ ഡിമാൻഡ് ഡിസ്കഷനിലും ഉന്നയിച്ച കാര്യമാണിത്. ഞാൻ അതിനോട് അന്നും പ്രതികരിച്ചതാണ്. 2014-ൽ കൊണ്ടുവന്ന ഓർഡിനൻസിലോ 2015-ൽ കൊണ്ടുവന്ന നിയമത്തിലോ ഇതിനെക്കുറിച്ച് ഒരു കാര്യവും പറയുന്നില്ല. അന്നും പറഞ്ഞത് എയ്ഡഡ് സ്കൂളുകളിലെ/കോളേജുകളിലെ നിയമനവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള റിക്രൂട്ട്മെന്റ് ബോർഡല്ലെന്ന് പറഞ്ഞുകൊണ്ടാണ് അന്ന് നിയമം കൊണ്ടുവന്നത്.

യഥാർത്ഥത്തിൽ എയ്ഡഡ് സ്കൂളുകളിലെയും കോളേജുകളിലെയും നിയമനത്തിൽ റിസർവേഷൻ വേണ്ടതാണെന്നുള്ള വാദത്തോട് തത്വത്തിൽ ഞങ്ങളെല്ലാം യോജിക്കുകയാണ്. അങ്ങനെയൊരു സ്ഥിതിയിലേയ്ക്ക് നമുക്ക് എത്താൻ കഴിയുമോ; പ്രതിപക്ഷത്തിനും ഭരണപക്ഷത്തിനും അക്കാര്യത്തിൽ ഒരു സമവായമുണ്ടാക്കാൻ കഴിയുമോ; അങ്ങനെ സമവായമുണ്ടാക്കാൻ തയ്യാറാകുകയാണെങ്കിൽ അക്കാര്യത്തെക്കുറിച്ച് ആലോചിക്കാം. റിസർവേഷൻ എയ്ഡഡ് മേഖലകളിലും ദേവസ്വം ബോർഡുകളിലും എല്ലാ സ്ഥലത്തും വരണമെന്നുള്ള താൽപ്പര്യമുണ്ടെങ്കിൽ നമുക്ക് അതിനെ സംബന്ധിച്ച് ഒരു സമവായ ചർച്ച നടത്താം. ദേവസ്വം ബോർഡുകളിലെ നിയമനത്തിൽ ഇപ്പോൾ മിനിസ്റ്റീരിയൽ സ്റ്റാഫ്, ശാന്തി തുടങ്ങിയ വിഭാഗങ്ങളുടെ കാര്യത്തിൽ റിസർവേഷൻ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. എയ്ഡഡ് സ്കൂളുകൾ, കോളേജുകൾ എന്നിവിടങ്ങളിൽ നിയമനം നടത്തുന്ന കാര്യത്തെ സംബന്ധിച്ച് തീർച്ചയായും സമവായമുണ്ടാക്കാൻ കഴിയണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതിന്റെ കാര്യകാരണ സഹിതം ഞാൻ നേരത്തെ പറഞ്ഞു. 1957-ലെ ഗവൺമെന്റ് പോകാനുണ്ടായ സാഹചര്യത്തെക്കുറിച്ച് ഞാൻ അന്ന് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പറഞ്ഞു. അതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടന്നുപോകാൻ ആഗ്രഹിക്കുന്നില്ല.

ശ്രീമതി ശാന്തകുമാരി കെ.: സർ, കേരളത്തിലെ നിശബ്ദ വിപ്ലവമെന്നറിയപ്പെടുന്ന, കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ദേവസ്വം ബോർഡുകളിൽ പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക് നടപ്പിലാക്കിയ ശാന്തി നിയമനം ഏറെ ശ്ലാഘനീയമാണ്. സമൂഹം അത് ഏറ്റെടുത്തതുമാണ്. കേരളത്തിലെ ദേവസ്വം ബോർഡിൽ ഹിന്ദുമത വിശ്വാസങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ജനസമൂഹമാണുള്ളത്. സ്വാഭാവികമായും പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ നിയമന-സംവരണ സംവിധാനത്തിൽ അവരുടെ ജനസംഖ്യാനുപാതികമായ സംവരണം ദേവസ്വം ബോർഡിൽ കൊണ്ടുവരണമെന്ന് താങ്കൾക്ക് അഭിപ്രായമുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഒരു പരിധിവരെ കൊണ്ടുവരാൻ ശ്രമിച്ചിട്ടുണ്ട്. അതുകൊണ്ടാണ് ജനസംഖ്യാനുപാതികമായി ഡിവൈഡ് ചെയ്തത്. ആകെയുള്ള ഹിന്ദുമത ജനസംഖ്യ ആനുപാതികമായി ഡിവൈഡ് ചെയ്തുകൊണ്ടാണ് റിസർവേഷൻ പോളിസി നടപ്പിലാക്കിയത്. അതിൽ ചിലപ്പോൾ ഏറ്റക്കുറച്ചിലുകളുണ്ടാകും. എസ്.സി/എസ്.ടി വിഭാഗത്തിന് സാധാരണ 10 ശതമാനമാണ് കൊടുക്കുന്നത്. ഇപ്പോൾ 12 ശതമാനമാണ് കൊടുത്തത്. ഈഴവ സമുദായത്തിന് 17 ശതമാനവും മറ്റ് പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട ആളുകൾക്ക് 6 ശതമാനവും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുന്നോക്ക വിഭാഗക്കാർക്ക് 10 ശതമാനവും കൊടുക്കാൻ തീരുമാനിച്ചു. അങ്ങനെ കൊടുക്കേണ്ടിവന്നപ്പോൾ ചില വിഭാഗത്തിൽനിന്നും എടുക്കേണ്ടിവന്നിട്ടുണ്ട്.

അതുകൊണ്ടാണ് അങ്ങനെ എടുക്കേണ്ടിവന്നത്. ഹിന്ദു ജനസംഖ്യയുടെ അനുപാതം അനുസരിച്ചുകൊണ്ട് അക്കാര്യം ഇനിയും ചർച്ച ചെയ്യേണ്ടതാണ്. അത് പൂർണ്ണമായും നടപ്പിലാക്കാൻവേണ്ടി ഗവൺമെന്റ് ശ്രമിക്കുമെന്നാണ് പറയാനുള്ളത്. ഗുരുവായൂർ, തിരുവിതാംകൂർ ദേവസ്വം ബോർഡുകളുടെയൊക്കെ പണം ദുരിതാശ്വാസ നിധിയിലേയ്ക്ക് കൊടുത്തുവെന്ന് പറഞ്ഞു. അതൊക്കെ നാമമാത്രമായിട്ടാണ് കൊടുത്തത്. അതിനേക്കാൾ ഇരട്ടി പണം ഗവൺമെന്റ് അങ്ങോട്ട് കൊടുത്തിട്ടുണ്ട്. ദേവസ്വം ബോർഡുകളും ക്ഷേത്രങ്ങളും മാത്രമല്ലല്ലോ ദുരിതാശ്വാസനിധിയിലേയ്ക്ക് സഹായിച്ചത്. ഇവിടത്തെ പള്ളിക്കമ്മിറ്റികളും ബിഷപ്പ് ഹൗസുകളും സഹായിച്ചില്ലേ; എല്ലാവരും സഹായിച്ചു. ദുരിതമുണ്ടായപ്പോൾ എല്ലാവരും ഓടിക്കൂടുകയാണ്. അതിനെ വേറെ രീതിയിൽ കാണേണ്ടതില്ല. ഗുരുവായൂർ ദേവസ്വം ബോർഡും തിരുവിതാംകൂർ ദേവസ്വം ബോർഡും കൊച്ചിൻ ദേവസ്വം ബോർഡുമൊക്കെ കൊടുത്തിട്ടുണ്ടാകും. അതുപോലെതന്നെ തൃശ്ശൂർ അരമനയിൽനിന്നും പണം കൊടുത്തു. പല മോസ്കുകളും പള്ളികളും കൊടുത്തു. എല്ലാവരും കൊടുത്തു. അതിനെ ആ രീതിയിൽ കാണുകയാണ് വേണ്ടത്. മറ്റൊരു രീതിയിൽ കാണേണ്ടതില്ല. മതസൗഹാർദ്ദത്തിന്റെയും സാഹോദര്യത്തിന്റെയുമൊക്കെ കാര്യങ്ങൾ ചർച്ച ചെയ്യുമ്പോൾ ഇക്കാര്യങ്ങൾകൂടി അതിൽ പ്രധാനപ്പെട്ടൊരു കാര്യമായി വരണം. നമ്മുടെ സഹോദരങ്ങൾ ദുരിതമനുഭവിക്കുമ്പോൾ സഹായിക്കേണ്ടത് നമ്മുടെ ബാദ്ധ്യതയാണെന്ന് കൃത്യമായി മനസ്സിലാക്കിപ്പോകണം. ഇവിടെ കാസർഗോഡ് ജില്ലയുടെ പ്രത്യേകതകളെല്ലാം പറഞ്ഞു. നമ്മുടെ ക്ഷേത്രങ്ങളിൽ ഇന്നുള്ള ദുരിതങ്ങൾക്ക് പരിഹാരമുണ്ടാക്കാനുള്ള ഇടപെടലുകൾ നടത്താം. പല ഭക്തരും നമ്മെ നല്ലതുപോലെ സഹായിക്കുന്നുണ്ട്. അതെല്ലാം നല്ലതുപോലെ ഉപയോഗപ്പെടുത്താൻ വേണ്ടിയാണ് തീരുമാനിച്ചിരിക്കുന്നത്. നമ്മുടെ ക്ഷേത്ര പരിസരങ്ങൾ കുറേക്കൂടി മെച്ചപ്പെടുത്തണമെന്ന അഭിപ്രായം ഉയർന്നുവന്നിട്ടുണ്ട്. തീർച്ചയായും അതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചുവരികയാണ്. ശ്രീ. കെ. ഡി. പ്രസേനൻ എം.എൽ.എ. ഉൾപ്പെടെയുള്ള അംഗങ്ങൾ മലബാർ ദേവസ്വവുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ പറയുകയുണ്ടായി. മലബാർ ദേവസ്വം ഒരു പ്രത്യേക അവസ്ഥയിലാണെന്ന് ഇവിടെ എല്ലാവരും ചൂണ്ടിക്കാണിച്ചു. അവിടേയ്ക്ക് പ്രത്യേകമായി സമഗ്രമായ ഒരു നിയമം കൊണ്ടുവരേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പറഞ്ഞു. അവിടത്തെ ജീവനക്കാർ ബഹുഭൂരിപക്ഷവും വലിയ പ്രയാസം അനുഭവിക്കുകയാണ്. മലബാർ ദേവസ്വത്തിന്റെ പ്രത്യേകത കൊണ്ടുതന്നെയാണ് അവിടെ ശമ്പള പരിഷ്കരണമടക്കം നടപ്പിലാക്കാൻ കഴിയാതെ പോയത്. കഴിഞ്ഞ 12 വർഷക്കാലം മലബാർ ദേവസ്വം ബോർഡിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ അവസാന ഘട്ടത്തിൽ ഫെബ്രുവരി മാസത്തിലാണ് ശമ്പള പരിഷ്കരണ ഓർഡർ ഇറക്കിയത്. പക്ഷേ ചില അനോമലിയുണ്ടായിരുന്നു, അത് പരിഹരിക്കാനുള്ള ഇടപെടൽ നടത്തിക്കൊണ്ടിരിക്കുകയാണ്. മലബാർ ദേവസ്വത്തിലെ ജീവനക്കാർക്ക് പ്രസ്തുത ശമ്പള പരിഷ്കരണം എത്രയും പെട്ടെന്ന് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. ധനകാര്യ വകുപ്പിൽനിന്നുള്ള കൺകറൻസ് കിട്ടിക്കഴിഞ്ഞാൽ ആ ശമ്പള പരിഷ്കരണം നടപ്പിലാക്കാൻ കഴിയുമെന്നാണ്

പ്രതീക്ഷിക്കുന്നത്. അതുകൊണ്ടുമാത്രം മലബാർ ദേവസ്വത്തിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ പോകുന്നില്ലെന്ന് ഇവിടെ ചൂണ്ടിക്കാണിച്ചു. സമഗ്രമായ മലബാർ ദേവസ്വം നിയമം കൊണ്ടുവരാൻ ഈ ഗവൺമെന്റ് ശ്രമിക്കുമെന്ന കാര്യത്തിൽ ഒരു തർക്കവുമില്ല. നമുക്കത് കൊണ്ടുവരണം. സമഗ്രമായൊരു നിയമം തന്നെ കൊണ്ടുവരണം. അതിനുവേണ്ടി നടപടി സ്വീകരിക്കുന്നതാണ്. അതോടൊപ്പം എല്ലാ ദേവസ്വം ബോർഡുകളിലെയും സ്ഥിതി കൂടുതൽ മെച്ചപ്പെടുത്താനുള്ള ശ്രമവും നടത്തും. അതുമായൊന്നും ബന്ധപ്പെട്ടല്ല ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. റിക്രൂട്ട്മെന്റിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കി മുന്നോട്ടുകൊണ്ടുപോകുന്നതിനാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ശബരിമലയിലെ വെർച്വൽ ക്യൂ ഒരു പ്രശ്നമാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി ഇപ്പോൾ സ്വമേധയാ കേസെടുത്തൊരു വിഷയമുണ്ട്. അതിനെ സംബന്ധിച്ച് ഗവൺമെന്റിന്റെ നിലപാട് എന്താണ്?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഈ 7-ാം തീയതി ഒരു ഉന്നതതല യോഗം ചേരുകയുണ്ടായി. അവിടെ വെർച്വൽ ക്യൂ അവസാനിപ്പിക്കണമെന്നത് സംബന്ധിച്ചുള്ള ആവശ്യം വരികയുണ്ടായി. വെർച്വൽ ക്യൂ ആകട്ടെ മറ്റേതെങ്കിലും ക്യൂ ആകട്ടെ അതൊന്നും നമ്മൾ ബോധപൂർവ്വം വരുത്തിയതല്ല. കോവിഡിന്റെ പശ്ചാത്തലത്തിലാണ് നമുക്കിങ്ങനെ വരുത്തേണ്ടിവന്നതെന്നുള്ളത് അങ്ങേയ്ക്കും അറിയാമല്ലോ; അല്ലാതെ മനഃപൂർവ്വം വെർച്വൽ ക്യൂ കൊണ്ടുവരാൻ ഗവൺമെന്റ് ആഗ്രഹിച്ചതല്ല. കോവിഡിനെ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി പല സ്ഥലത്തും പല നിയന്ത്രണങ്ങളും ഏർപ്പെടുത്തേണ്ടിവന്നു. ഇതര സംസ്ഥാനങ്ങളിൽ നിന്നെല്ലാം ഭക്തർ ഇങ്ങോട്ടുവരുന്നു. അതുപോലെ പല സ്ഥലത്തുനിന്നും വരുന്നു. അതിനാൽ കുറച്ചൊരു നിയന്ത്രണമുണ്ടായില്ലെങ്കിൽ നമ്മുടെ കൺട്രോളിൽനിന്ന് പോകുമെന്നതുകൊണ്ടാണ് അങ്ങനെയൊരു സ്ഥിതി നമ്മൾ സ്വീകരിച്ചത്. കോവിഡ് വ്യാപനം കുറഞ്ഞുവരുന്നതനുസരിച്ച് നമുക്കത് പിന്നീട് തീരുമാനിക്കാമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ യോഗത്തിൽ പറയുകയുണ്ടായി. നിലവിൽ വെർച്വൽ ക്യൂ എന്നത് ആരുടെയെങ്കിലും വ്യക്തിപരമായ കാര്യങ്ങൾ ചോർത്തിയെടുക്കാനുള്ളതല്ല. മറിച്ച്, ജനങ്ങളുടെ സംരക്ഷണത്തിനുവേണ്ടിയാണ് ഇക്കാര്യങ്ങൾ ചെയ്യുന്നതെന്നാണ് അതുസംബന്ധിച്ച് പറയാനുള്ളത്.

ചീഫ് വിപ്പ് (<u>ഡോ. എൻ. ജയരാജ്</u>): സർ, വെർച്വൽ ക്യൂവിൽ രജിസ്റ്റർ ചെയ്ത് സ്ലോട്ട് കിട്ടിയിട്ടും വരാതിരിക്കുന്ന സാഹചര്യം കഴിഞ്ഞ തവണയുണ്ടായിരുന്നു. അതിനകത്ത് എന്തെങ്കിലും അറേഞ്ച്മെന്റ് വരുത്താൻ സാധിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, അതും ആലോചിച്ചു. പലരും ഇത് ബുക്ക് ചെയ്യും. തമാശയ്ക്ക് ബുക്ക് ചെയ്യുന്നവരുണ്ട്. പതിനായിരക്കണക്കിന് ആളുകൾ ബുക്ക് ചെയ്തിട്ട് വരുന്നത് 3000-4000 പേരാണ്. അങ്ങനെ സ്ലോട്ടുകൾ വെറുതെ കിടക്കുന്നൊരു സ്ഥിതി വരുന്നുണ്ട്. അവർക്ക് ഒരു ഫീസ് ഏർപ്പെടുത്തണമെന്നത്

സംബന്ധിച്ച് അഭിപ്രായം വന്നു. ഫീസ് ഏർപ്പെടുത്തുന്നത് ഒരു പ്രശ്നമായി വരുമെന്നതുകൊണ്ട് ഫീസ് ഏർപ്പെടുത്തുന്നില്ല. ആളുകൾക്ക് സത്യസന്ധത കാണിക്കാവുന്നതാണ്. ഭക്തരാണല്ലോ ഇതിൽ രജിസ്റ്റർ ചെയ്യുന്നത്. ഭക്തർക്ക് ഭക്തിയുണ്ടെങ്കിൽ ബോഗസ്സായി രജിസ്റ്റർ ചെയ്ത് ആളുകളെ പറ്റിക്കുന്ന സമീപനം മാറ്റണമെന്ന് നമ്മൾ ആവശ്യപ്പെട്ടിട്ടുണ്ട്. ആരാധനാലയങ്ങളിൽ കൂടുതൽ ആളുകൾ വരിക എന്നതുതന്നെയാണ് ഗവൺമെന്റ് ലക്ഷ്യമാക്കുന്നത്. പക്ഷേ കോവിഡ് വ്യാപനം തടയുക എന്ന ലക്ഷ്യംവച്ചുകൊണ്ടാണ് അത്തരം നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത്. നമ്മുടെ വിശ്വാസങ്ങളെല്ലാം സംരക്ഷിക്കപ്പെടണം. എല്ലാ വിശ്വാസങ്ങളും സംരക്ഷിക്കുകയെന്ന നിലപാട് സ്വീകരിക്കുന്നതിനോടൊപ്പം തന്നെ, നമ്മളെല്ലാം പറയുന്നതുപോലെ, എല്ലാ വിശ്വാസങ്ങളേക്കാളും വലുതാണ് ശ്വാസം എന്ന കാര്യം നമ്മൾ തിരിച്ചറിയണം. ആ ശ്വാസം നിലനിർത്താനുള്ള പ്രവർത്തനമാണ് നമ്മൾ ഏറ്റെടുത്തുകൊണ്ടിരിക്കുന്നത്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ജീവനക്കാരുടെ ശമ്പള പരിഷ്കരണ കാര്യങ്ങളെക്കുറിച്ചും മറ്റും ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. നാട്ടിൻപുറങ്ങളിലുള്ള ചെറിയ അമ്പലങ്ങളും ക്ഷേത്രങ്ങളുമുണ്ട്. പ്രത്യേകിച്ച് കോവിഡ് മഹാമാരികൂടി വന്ന ഈ സന്ദർഭത്തിൽ അതിലെ ജീവനക്കാരുടെ സ്ഥിതി അതിദയനീയമാണ്. അവരെക്കൂടി പ്രത്യേകമായി പരിഗണനയ്ക്കെ ടുക്കുവാനും അവിടെ ഒരു ശമ്പള വർദ്ധനവ് ഉണ്ടാക്കുവാനുമുള്ള ശ്രമങ്ങൾ ഉണ്ടാകേണ്ടതുണ്ട്. തിരൂർ മണ്ഡലത്തിൽ തിരുനാവായയിലെ നാവാമുകുന്ദ ക്ഷേത്രവും വൈരങ്കോട് ക്ഷേത്രവുമുൾക്കൊള്ളുന്ന മണ്ഡലത്തിൽനിന്നാണ് ഞാൻ വരുന്നത്. നാട്ടിൻപുറങ്ങളിൽ ധാരാളം ക്ഷേത്രങ്ങളുണ്ട്. അതിൽ തലക്കാട് അയ്യപ്പൻകാവ് ക്ഷേത്ര ഭരണസമിതിയുടെയും ആലത്തൂർ ശ്രീവൈദ്യൻ തൃക്കോവിൽ ശിവക്ഷേത്ര കമ്മിറ്റി പ്രസിഡന്റിന്റെയും ഒരു ഹർജി ഞാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് സമർപ്പിച്ചിരുന്നു. ഗുരുവായൂർ ദേവസ്വം ബോർഡ് മുഖേന 10000 രൂപ വീതം ധാരാളം അമ്പലങ്ങൾക്കും ക്ഷേത്രങ്ങൾക്കും കൊടുത്തൊരു സാഹചര്യമുണ്ടായിരുന്നു. ഈ രണ്ട് ക്ഷേത്രങ്ങളെക്കൂടി അതിലുൾപ്പെടുത്താനുള്ള ശ്രമമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, അദ്ദേഹം ഇവിടെ ചൂണ്ടിക്കാണിച്ചത് സ്വകാര്യ ക്ഷേത്രത്തിലെ ജീവനക്കാരുടെ പ്രശ്നമാണ്. അത് പരിഹരിക്കാനുള്ള ശ്രമമുണ്ടാകും. മറ്റൊരു കാര്യം പറഞ്ഞത്, സ്വകാര്യ ക്ഷേത്രങ്ങളെ സംബന്ധിച്ചാണ്. വളരെ കഷ്ടപ്പാടും ദുരിതവും സഹിക്കുന്ന ക്ഷേത്രങ്ങളെ സഹായിക്കേണ്ടത് ആവശ്യമാണ്. ഗുരുവായൂർ ദേവസ്വം ബോർഡ് അതിനൊരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഈ വർഷം 1000 സ്വകാര്യ ക്ഷേത്രങ്ങൾക്ക് 10000 രൂപ വീതം കൊടുത്തുകഴിഞ്ഞു. അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ച അങ്ങയുടെ മണ്ഡലത്തിലെ ആ രണ്ട് ക്ഷേത്രങ്ങൾക്ക് ഗുരുവായൂർ ദേവസ്വം ബോർഡ് കൊടുത്ത പണം ഇനി ആരെങ്കിലും വാങ്ങാതിരിക്കുന്നുണ്ടെങ്കിൽ, അതായത് ഒരു വർഷത്തേയ്ക്ക് അതിന്റെ ബഡ്ജറ്റുണ്ട്.

ആ ബഡ്ജറ്റ് അനുസരിച്ചാണ് കൊടുക്കുന്നത്. അതിനായി ഒരു കോടി രൂപയാണ് അവർ മാറ്റിവച്ചത്. തീർച്ചയായും ഗുരുവായൂർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ടുകൊണ്ട് അങ്ങയുടെ മണ്ഡലത്തിലെ രണ്ട് ക്ഷേത്രങ്ങൾക്ക് പണം തരുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. ഈ ഭേദഗതി ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്നുള്ള ആവശ്യം അംഗീകരിച്ചുതരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>മി. സ്പീക്കർ</u>: ശ്രീ. എ. പി. അനിൽ കുമാർ, അങ്ങയുടെ 2021-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) സംബന്ധിച്ച ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ? (പ്രമേയം അവതരിപ്പിച്ച അംഗം സീറ്റിലില്ലായിരുന്നു.)

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2021-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

ഓർഡർ.... ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും ഒക്ടോബർ 20-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ഒക്ടോബർ 20-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.27-ന് പിരിഞ്ഞു.)

## അനുബന്ധം I

നക്ഷത്രചിഹ്നമിട്ട 2(*212)-ാം നമ്പർ ചോദ്യത്തിന്റെ 'എ' പിരിവിന്റെ ഉത്തരത്തിൽ ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സഭയുടെ മേശപ്പുറത്തുവച്ച വിശദാംശങ്ങൾ

| | |
|---|---|
| കേരളത്തിലെ ആകെ ഗ്രാമീണ കുടുംബങ്ങളുടെ എണ്ണം (1-4-2020-ലെ കണക്കനുസരിച്ച്) | 70,68,652 |
| 1-4-2020 വരെ പൈപ്പ് വഴി കുടിവെള്ളം ലഭിച്ചിരുന്ന ഗ്രാമീണ കുടുംബങ്ങളുടെ എണ്ണം | 17,49,567 |
| 1-4-2020-ലെ കണക്കനുസരിച്ച് കുടിവെള്ള കണക്ഷൻ നൽകുവാൻ ബാക്കിയുള്ള ഗ്രാമീണ കുടുംബങ്ങളുടെ എണ്ണം | 53,19,085 |

| വർഷം | വാർഷിക പദ്ധതികളിൽ നൽകുവാൻ ലക്ഷ്യമിട്ടിരുന്ന കുടിവെള്ള കണക്ഷനുകളുടെ എണ്ണം | നൽകുവാൻ കഴിഞ്ഞ കുടിവെള്ള കണക്ഷനുകളുടെ എണ്ണം |
|---|---|---|
| 2019-20 | ---- | ---- |
| 2020-21 | 21,42,028 | 4,04,464 |
| 2021-22 | 29,38,000 (മുൻ വർഷം നൽകുവാൻ കഴിയാതിരുന്ന 17.38 ലക്ഷം കണക്ഷനുകൾ കൂടി ചേർത്ത്) | 4,01,110 (11-10-2021) വരെ) |
| 2022-23 | 10,22,635 | |
| 2023-24 | 9,54,422 | |

| സ്റ്റേറ്റ് വാട്ടർ & സാനിറ്റേഷൻ മിഷൻ യോഗം ചേർന്ന തീയതി | അംഗീകരിച്ച പ്രവൃത്തികൾ മുഖേന നൽകുവാൻ കഴിയുന്ന കുടിവെള്ള കണക്ഷനുകളുടെ എണ്ണം | ഭരണാനുമതി തുക (കോടിയിൽ) |
|---|---|---|
| 5-8-2020 | 16,48,023 | 4,448.68 |
| 22-12-2020 | 5,16,778 | 2,316.57 |
| 14-9-2021 | 13,99,540 | 11,933.56 |
| ആകെ | 35,64,341 | 18,698.81 |

**അനുബന്ധം II**

നക്ഷത്രചിഹ്നമിട്ട 3(*213)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരത്തിൽ മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സഭയുടെ മേശപ്പുറത്തുവച്ച ഭാഗം

(ബി) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കടലിൽ പോകുകയും തിരികെ വരികയും ചെയ്യുന്ന മത്സ്യത്തൊഴിലാളികളുടെ വിവരം രേഖപ്പെടുത്തുന്നതിനായി മത്സ്യബന്ധന വകുപ്പ് നാഷണൽ ഇൻഫോർമാറ്റിക് സെന്ററുമായി ചേർന്ന് 'സാഗര' എന്ന ഒരു മൊബൈൽ ആപ്ലിക്കേഷന് രൂപം കൊടുത്ത് മത്സ്യമേഖലയിൽ പ്രാവർത്തികമാക്കിയിട്ടുണ്ട്. നാളിതുവരെ 17062 മത്സ്യത്തൊഴിലാളികളുടെ മൊബൈൽ നമ്പർ ഉൾപ്പെടെയുള്ള മുഴുവൻ വിവരങ്ങളും 'സാഗര'-യിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അടിയന്തര സന്ദർഭങ്ങളിൽ തീരക്കടലിൽ മുന്നറിയിപ്പുകൾ നൽകാനും സാഗര മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗപ്പെടുത്താൻ കഴിയും. നിലവിൽ സംസ്ഥാനത്തെ കടൽ മത്സ്യഗ്രാമങ്ങളിൽ പ്രവർത്തിക്കുന്ന സാഗർമിത്രകളുടെ സഹായത്താൽ പ്രസ്തുത പ്രവൃത്തി തുടർന്നുവരുന്നുണ്ട്. യന്ത്രവൽകൃത യാനങ്ങളുടെ സഞ്ചാരപഥം നിരീക്ഷിക്കുന്നതിനായി കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ 100 വീതം ആകെ 300 യാനങ്ങളിൽ വെസ്സൽ ട്രാക്കിംഗ് ഉപകരണങ്ങൾ ഘടിപ്പിക്കുകയും അവയെ നിരീക്ഷിക്കുകയും ചെയ്തുവരുന്നു.

നടപ്പുവർഷത്തെ പദ്ധതിയിലുൾപ്പെടുത്തി യാനങ്ങൾ ട്രാക്ക് ചെയ്യാൻ കഴിയുന്ന BSNL/SKYLO തയ്യാറാക്കിയിട്ടുള്ള 200 ട്രാക്കിംഗ് ഉപകരണങ്ങൾ അത്രയും യാനങ്ങളിൽ ഘടിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ പ്രധാന ഹാർബറുകൾ കേന്ദ്രീകരിച്ച് CCTV ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നു. ഇതിനകം മുനമ്പം, പുതിയാപ്പ, ബേപ്പൂർ, നീണ്ടകര എന്നീ 4 ഹാർബറുകളിൽ പദ്ധതി പൂർത്തീകരിച്ചുകഴിഞ്ഞു. പൊന്നാനി, ശക്തികുളങ്ങര, വിഴിഞ്ഞം എന്നീ 3 ഹാർബറുകളിൽ ക്യാമറ സ്ഥാപിക്കുന്ന പ്രവർത്തികൾ അന്തിമ ഘട്ടത്തിലാണ്. നടപ്പുവർഷം കാസർഗോഡ് ജില്ലയിലെ മടക്കര, കണ്ണൂർ ജില്ലയിലെ മാപ്പിളബേ, കൊല്ലം ജില്ലയിലെ അഴീക്കൽ എന്നീ ഹാർബറുകളിൽ ക്യാമറ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(സി) കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി കേരളത്തിലെ തെരഞ്ഞെടുത്ത 60 മത്സ്യഗ്രാമങ്ങളിൽ കടൽ രക്ഷാ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. 60 മത്സ്യഗ്രാമങ്ങളിലും കൂടി 300 യാനങ്ങളും ഒരു യാനത്തിൽ 3 തൊഴിലാളികൾ എന്ന കണക്കിന് 900 മത്സ്യത്തൊഴിലാളികളും കടൽ രക്ഷാ സ്ക്വാഡിലുൾപ്പെടുന്നു. കടൽ രക്ഷാ സ്ക്വാഡിലെ അംഗങ്ങളെ ഗോവയിലെ കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ അയച്ച് കടൽരക്ഷാ പ്രവർത്തനങ്ങളിലും പവർ ബോട്ട് കൈകാര്യം ചെയ്യുന്നതിലും 15 ദിവസത്തെ പരിശീലനം നൽകിവരുന്നു. ഇതുവരെ 15 ബാച്ചുകളിലായി 9 തീരദേശ ജില്ലകളിൽനിന്നുള്ള 612 മത്സ്യത്തൊഴിലാളികൾ പരിശീലനം പൂർത്തീകരിച്ചു. കോവിഡ്-19 ന്റെ സാഹചര്യത്തിൽ ഇപ്പോൾ ട്രെയിനിംഗ് നിർത്തിവച്ചിരിക്കുകയാണ്. ആദ്യഘട്ടം പരിശീലനം പൂർത്തിയാക്കിയ 317 പേർക്ക് യൂണിഫോം, യാനത്തിലേയ്ക്കാവശ്യമായ ജി.പി.എസ്., ടോർച്ച്, ലൈഫ് ബോയ് എന്നിവ വിതരണം ചെയ്തിട്ടുണ്ട്. കടലിൽ അപകടത്തിൽപ്പെടുന്നവരെ വളരെ വേഗം രക്ഷിച്ച് കരയിലെത്തിച്ച് ചികിത്സ ലഭ്യമാക്കുന്നതിനും ജീവൻ രക്ഷിക്കുന്നതിനുമുതകുന്ന 3 മറൈൻ ആംബുലൻസുകൾ 18.24 കോടി രൂപ ചെലവഴിച്ച് കൊച്ചിൻ ഷിപ്‌യാർഡിൽ നിർമ്മിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. പ്രതീക്ഷ, പ്രത്യാശ, കാരുണ്യ എന്നിങ്ങനെ നാമകരണം ചെയ്തിരിക്കുന്ന മറൈൻ ആംബുലൻസുകൾ യഥാക്രമം വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരുന്നു.

## അനുബന്ധം III

ശ്രീ. എ. രാജ, എം.എൽ.എ. അവതരിപ്പിച്ച ഇടമലക്കുടി, ചട്ടമൂന്നാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട സബ്മിഷന് മറുപടി നൽകിയ ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സഭയുടെ മേശപ്പുറത്തുവച്ച സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച വിശദാംശങ്ങൾ:

ഒരു അസിസ്റ്റന്റ് സർജൻ ഉൾപ്പെടെ മൊത്തം 8 തസ്തികകളാണ് ഓരോ ആശുപത്രിക്കുമായി അനുവദിക്കപ്പെട്ടിരുന്നത്. (അസിസ്റ്റന്റ് സർജൻ-1, സ്റ്റാഫ് നേഴ്സ്-1, ഫാർമസിസ്റ്റ്-1, നേഴ്സിംഗ് അസിസ്റ്റന്റ്-1, ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് 2-1, എൽ.ഡി. ക്ലാർക്ക്-1, പ്യൂൺ -1, പാർട്ട് ടൈം സ്വീപ്പർ-1, മൊത്തം - 8 തസ്തികകൾ)